
GOVERNMENT OF KERALA
ജില്ലാപദ്ധതി
DISTRICT COLLECTOR'S OFFICE
ജില്ലാ ആസൂത്രണ സമിതി
കണ്ണൂർ ജില്ല

ജില്ലാ പദ്ധതി

കണ്ണൂർ ജില്ല

22.01.2018 ൽ ചേർന്ന ജില്ലാ ആസൂത്രണസമിതി അംഗീകരിച്ച രേഖ



ജില്ലാ ആസൂത്രണ സമിതി

ജില്ലാ ആസൂത്രണ സമിതി

1.	ശ്രീ. കെ.വി. സുമേഷ്	ചെയർമാൻ
2.	ശ്രീമതി. കെ. ശോഭ	മെമ്പർ
3.	ശ്രീ. അജിത് മാട്ടൽ	മെമ്പർ
4.	ശ്രീമതി. പി. ഗൗരി	മെമ്പർ
5.	ശ്രീമതി. സുമിത്രാ ഭാസ്കരൻ	മെമ്പർ
6.	ശ്രീമതി. പി. ജാനകി	മെമ്പർ
7.	ശ്രീമതി. ടി.ടി. റംല	മെമ്പർ
8.	ശ്രീമതി. പി.പി. ദിവ്യ	മെമ്പർ
9.	ശ്രീ. കെ.പി. ജയപാലൻ	മെമ്പർ
10.	ശ്രീ. വി.കെ. സുരേഷ് ബാബു	മെമ്പർ
11.	ശ്രീമതി. പി.കെ. ശ്യാമള ടീച്ചർ	മെമ്പർ
12.	ശ്രീ. എം. സുകുമാരൻ	മെമ്പർ
13.	കുമാരി. ഇ.പി. ലത	മെമ്പർ
14.	ശ്രീ. കെ.വി. ഗോവിന്ദൻ	ഗവ. നോമിനി
15.	ശ്രീ. മിർ മുഹമ്മദ് അലി ഐ.എ.എസ്.	മെമ്പർ സെക്രട്ടറി
16.	ശ്രീ. കെ. പ്രകാശൻ	പ്ലാനിംഗ് ഓഫീസർ, ജോയിന്റ് സെക്രട്ടറി

അവതാരിക

ജില്ലയുടെ സമഗ്രവികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള ജില്ലാപദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്. 18 ഉപസമിതികളുടെ നിർദേശങ്ങളും കണ്ടെത്തലുകളും ഉൾക്കൊള്ളുന്ന ഈ രേഖ സർക്കാർ വകുപ്പുകളുടേയും തദ്ദേശഭരണ സ്ഥാപനങ്ങളുടേയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഉതകുമെന്ന് വിശ്വസിക്കുന്നു. ജില്ലാപദ്ധതി 2 ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഭാഗം 1 ൽ ജില്ലാ വികസന പരിപ്രേക്ഷ്യമാണ് പ്രതിപാദിച്ചിരിക്കുന്നത്. ജില്ലയുടെ ചരിത്രവും, ജില്ലയുടെ പ്രത്യേക സവിശേഷതകളും ജനസംഖ്യാ വളർച്ചയുടെ പ്രത്യേകതകളും ആമുഖ അധ്യായത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജില്ലയിൽ പ്രകൃതി-ധന-മനുഷ്യ-സ്ഥാപന വിഭവങ്ങളുടെ സ്ഥിതിവിവരം, വരും വർഷങ്ങളിൽ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന വിഭവങ്ങൾ എന്നിവ അധ്യായം രണ്ടിലൂടെ ചൂണ്ടിക്കാണിക്കുന്നു. വികസന പാതയിൽ സഹായകമാകുന്ന സ്ഥാപനങ്ങളെക്കുറിച്ച് ഈ അധ്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ജില്ലയുടെ സ്ഥലപരാസൂത്രണത്തിന്റെ ആവശ്യകത, വളർന്നുവരുന്ന നാഗരികതയുടെ കേന്ദ്രീകൃതത്വം എന്നിവ മൂന്നാം അധ്യായത്തിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. തുടർന്ന് നാലാം അധ്യായത്തിൽ വിവിധ വികസന മേഖലകളിൽ എന്ത് ഉണ്ട്, എത്രത്തോളം ആവശ്യമുണ്ട് എന്നിങ്ങനെ ആവശ്യങ്ങൾ താരതമ്യം ചെയ്യപ്പെട്ടിരിക്കുന്നു. ഓരോ മേഖലയുടേയും നിലവിലെ സ്ഥിതി, ആ മേഖല നേരിടുന്ന വെല്ലുവിളികൾ എന്നിവ ആമുഖത്തിൽ ചേർത്തിരിക്കുന്നു.

രണ്ടാം ഭാഗത്തിലാകട്ടെ ഓരോ മേഖലയുടേയും നിലവിലുള്ള സ്ഥിതി മനസ്സിലാക്കിക്കൊണ്ട് കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനമാണ് നടത്തിയിരിക്കുന്നത്. അതാത് മേഖലയിൽ നടപ്പിലാക്കുന്ന കേന്ദ്ര സംസ്ഥാന പദ്ധതികൾക്ക് മേഖല നേരിടുന്ന പ്രശ്നങ്ങൾ എത്രത്തോളം പരിഹരിക്കാൻ സാധിച്ചുവെന്നാണ് രണ്ടാം ഭാഗത്ത് സൂചിപ്പിക്കുന്നത്. ഇതോടൊപ്പം മുൻ കാലങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടത്തിയ ഇടപെടലുകളും ഈ ഭാഗത്ത് സൂചിപ്പിക്കപ്പെടുന്നു. ചുരുക്കിപ്പറഞ്ഞാൽ എന്തെല്ലാമാണ് ഓരോ മേഖലയിലും ലഭ്യമായിട്ടുള്ളത് എന്നും അവശേഷിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ കേന്ദ്ര/സംസ്ഥാന/പ്രാദേശിക സർക്കാറുകൾ നടത്തിയ ഇടപെടലുകൾ എന്തെല്ലാമെന്നുമാണ് സൂചിപ്പിച്ചിരിക്കുന്നത്. ഓരോ മേഖലയിലും അവശേഷിക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാം, അവ പരിഹരിക്കുന്നതിന് കേന്ദ്ര/സംസ്ഥാന/പ്രാദേശിക സർക്കാരുകൾ ഒരുമിച്ചോ(സംയുക്തം) വെവ്വേറെയോ എങ്ങനെയെല്ലാം ഇടപെടണം എന്ന് കാണിക്കുന്ന രേഖയാണ് ജില്ലാപദ്ധതി. കുറച്ച് സമയം കൊണ്ട് വളരെ ധൃതിപിടിച്ച് തയ്യാറാക്കിയ ഈ രേഖ പൂർണ അർത്ഥത്തിൽ തയ്യാറാക്കാൻ സാധിച്ചില്ലെങ്കിലും ഒരു തുടക്കമെന്ന നിലയ്ക്ക് ഈ രേഖ വളരെയേറെ പ്രയോജനകരമായിരിക്കുമെന്ന് വിശ്വസിക്കാം. വരും വർഷങ്ങളിൽ കൂടുതൽ മെച്ചപ്പെടുത്തി വികസനത്തിന്റെ മാർഗദർശിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഈ രേഖ തയ്യാറാക്കാൻ സഹായിച്ച എല്ലാ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥ ഉദ്യോഗസ്ഥേതര വ്യക്തികൾക്കും നന്ദി അറിയിച്ചുകൊണ്ട് ഈ രേഖ സമർപ്പിക്കുന്നു.

കണ്ണൂർ
തീയ്യതി

മിർ മുഹമ്മദ് അലി ഐ.എ.എസ്.
ജില്ലാ കളക്ടർ ആന്റ് മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതി

ആമുഖം

ജില്ലാ പദ്ധതി തയ്യാറാക്കുകയെന്നത് ഭരണഘടനയുടെ അനുഛേദം 243 ഡി പ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ള ജില്ലാ ആസൂത്രണ സമിതികളുടെ ചുമതലയാണ്. ജില്ലയിൽ ലഭ്യമായ വിഭവ സാധ്യതകൾ മനസിലാക്കിക്കൊണ്ട് ജില്ല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും വെല്ലുവിളികളും തരണം ചെയ്യുന്നതിന് തയ്യാറാക്കുന്ന ഒരു രേഖയാണ് ജില്ലാപദ്ധതി. വികസനത്തിന്റെ മേഖലയിൽ ഉൾപ്പെടുന്ന സർക്കാർ വകുപ്പുകൾ പ്രാദേശിക സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവർക്ക് ദിശാബോധം നൽകുന്ന രേഖയായിട്ടാണ് ജില്ലാ പദ്ധതിയെ കാണുന്നത്. ജില്ലാ പദ്ധതി തയ്യാറാക്കുന്നതിന് മുകൈ എടുത്ത മുഖ്യമന്ത്രിയേയും സർക്കാറിനേയും ആദ്യം തന്നെ അഭിനന്ദിക്കുന്നു.

ആസൂത്രണകാര്യവകുപ്പിന്റെ 23.08.2017ലെ സ.ഉ. (അച്ചടി) നമ്പർ 19/2017/പ്ലാനിംഗ് ഉത്തരവിൽ ജില്ലാപദ്ധതി തയ്യാറാക്കേണ്ടതെങ്ങനെയെന്ന് പ്രതിപാദിക്കുന്നുണ്ട്. സമഗ്രമായ ജില്ലാപദ്ധതി തയ്യാറാക്കുന്നതിന് വിവിധ വകുപ്പുകളുടെയും മിഷനുകളുടെയും ഏജൻസികൾ സർവകലാശാലകൾ വിദ്യാഭ്യാസ, ഗവേഷണ, വികസന സ്ഥാപനങ്ങൾ പ്രാദേശിക സർക്കാരുകൾ എന്നിവയുടെ പങ്കാളിത്തം ഉറപ്പാക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. ഭരണഘടന വിഭാവനം ചെയ്യുന്നതുപോലെ തദ്ദേശഭരണ സ്ഥാപനങ്ങൾ അവയുടെ അധികാരമേഖലകളിൽ സ്വതന്ത്രമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക എന്ന രീതി പ്രാവർത്തികമാക്കുന്നതിന് കേരളം ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയാണെങ്കിലും സമന്വയവും ഏകോപനവും ഉറപ്പാക്കി വികസനപ്രവൃത്തികൾ നടപ്പിലാക്കുന്നതിന് വേണ്ടത്ര കഴിയുന്നില്ല എന്നത് ഒരു പോരായ്മയാണ്. പതിമൂന്നാം പദ്ധതിക്കാലത്ത് ഇത് പരിഹരിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സമഗ്ര വികസനം സാധ്യമാകണമെങ്കിൽ, ലഭ്യമാകുന്ന മനുഷ്യ-പ്രകൃതി-ധന-സ്ഥാപന വിഭവങ്ങളെ ഫലപ്രദമായി ഉപയോഗിക്കുകയും ആവർത്തനങ്ങൾ ഒഴിവാക്കി പരിപാടികളുടെ സമന്വയം പരമാവധി ഉറപ്പാക്കുകയും വേണം. അതുപോലെ വികസന പ്രശ്നങ്ങൾ സംയുക്തമായി പരിഹരിക്കുന്നതിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുകയും വേണം. ഈ കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും ജില്ലാ ആസൂത്രണ സമിതിയുടെ ഭരണഘടനാ ചുമതലകൾ നിറവേറ്റുന്നതിനുമുള്ള ഒരു സുപ്രധാന ഉപാധിയാണ് ജില്ലാപദ്ധതി.

പ്രത്യേക വകയിരുത്തലോ സ്കീമുകളോ പ്രൊജക്ടുകളോ ഇല്ലാത്ത ജില്ലാപദ്ധതി, വിവിധ തട്ടു ഗവൺമെന്റുകൾ വികസനത്തിന്റെ മേഖലയിൽ നടത്തുന്ന ഇടപെടലുകൾക്ക് ദിശാബോധം നൽകുന്നതിനും കോട്ടങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനും ശരികളെയും നേട്ടങ്ങളെയും കൂടുതൽ ബലപ്പെടുത്തുന്നതിനും നല്ല മാതൃകകളെ വ്യാപിപ്പിക്കുന്നതിനും തെറ്റായ രീതികളെ നിരുത്സാഹപ്പെടുത്തുന്നതിനും വിവിധ തട്ടുകൾ ഏറ്റെടുക്കുന്ന വികസന പ്രൊജക്ടുകൾ തമ്മിൽ മെച്ചപ്പെട്ട സംയോജനം ഉറപ്പാക്കുന്നതിനുമുള്ള ഉപാധിയായിട്ടാണ് കാണേണ്ടത്.

കണ്ണൂർ ജില്ലയുടെ ജില്ലാപദ്ധതി തയ്യാറാക്കുന്നതിന് ഡി.പി.സി. അംഗങ്ങളുടെ അധ്യക്ഷതയിൽ 18 ഉപസമിതികളാണ് രൂപീകരിച്ചിരിക്കുന്നത്. ഓരോ ഉപസമിതികളുടെയും കൺവീനറായി അതാതുവകുപ്പിന്റെ ജില്ലാതല ഉദ്യോഗസ്ഥനെയും മറ്റു മേഖലാതല വിദഗ്ധരെയും ഉൾപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. ഓരോ വകുപ്പും അതാതു മേഖലയുടെ സ്ഥിതിയും പ്രശ്നങ്ങളും പരിപ്രേക്ഷ്യത്തിലും, ഓരോ മേഖലയിലും സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാർ നടത്തിയ ഇടപെടലുകൾ അവശേഷിക്കുന്ന പ്രശ്നങ്ങൾ എന്നിവയും സംയോജനസാധ്യതകളും മേൽത്തട്ട കീഴ്ത്തട്ട നിർദേശങ്ങളും ജില്ലാപദ്ധതിയുടെ ഭാഗം രണ്ടിലും ഉൾപ്പെടുത്തിയിട്ടുണ്ട്. പതിമൂന്നാ പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ജില്ലാ പദ്ധതി തയ്യാറാക്കും എന്ന സർക്കാരിന്റെ നയപ്രഖ്യാപന നടപ്പിലാക്കുന്നതിന് നല്ല ശ്രമം ജില്ലയിൽനടത്തിയതിന്റെ ഭാഗമായാണ് ഈ രേഖ രൂപം കൊണ്ടത്.

ജില്ലയ്ക്ക് പൊതുവായ ഒരു പദ്ധതി എന്ന ആശയം ഉൾക്കൊണ്ടുകൊണ്ട് തയ്യാറാക്കിയ ഈ രേഖ സമഗ്രവും പൂർണവുമാണെന്ന് അഭിപ്രായപ്പെടുന്നില്ല. വരും വർഷങ്ങളിൽ കൂടുതൽ ഉൾപ്പെടലുകൾ വരുത്തി മെച്ചപ്പെടുത്താനാവുമെന്ന് വിശ്വസിക്കുന്നു. ജില്ലാ പദ്ധതി തയ്യാറാക്കുന്നതിന് ആത്മാർത്ഥമായ സേവനം നൽകിയ ജില്ലാ ഉപസമിതി അധ്യക്ഷൻമാരെയും ഉപസമിതി കൺവീനർമാരായ ജില്ലാതല ഉദ്യോഗസ്ഥരെയും മറ്റു വകുപ്പ മേധാവികളെയും അഭിനന്ദിക്കുന്നതിനും ഈ അവസരം ഉപയോഗിക്കുന്നു.

കണ്ണൂർ
തീയ്യതി

കെ.വി. സുമേഷ്
ചെയർമാൻ, ജില്ലാ ആസൂത്രണ സമിതി

ഉള്ളടക്കം

ഭാഗം 1

അധ്യായം 1 ആമുഖം 1–30

അധ്യായം 2 വിഭവലഭ്യത 31–68

അധ്യായം 3 സ്ഥലമാനങ്ങൾ 69–112

അധ്യായം 4 വികസന മേഖല : അവസ്ഥയും പരിപ്രേക്ഷ്യവും

ഉത്പാദന മേഖല

- നീർത്തടാധിഷ്ഠിത വികസനം (കൃഷി, ജലസേചനം, മണ്ണ്, ജലസംരക്ഷണം) 113–147
- മൃഗസംരക്ഷണം, ക്ഷീരവികസനം 148–159
- മത്സ്യവികസനം 160–169
- പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, വനവികസനം 170–213
- വ്യവസായം, വാണിജ്യം, സ്വയം തൊഴിൽ സംരംഭങ്ങൾ 214–229

സേവന മേഖല

- ആരോഗ്യം 230–247
- കുടിവെള്ളം 248–255
- ശുചിത്വം 256–266
- പാർപ്പിടം, സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷിതത്വം 266–267
- വിദ്യാഭ്യാസം 268–298
- സഹകരണം 298–302

പശ്ചാത്തലമേഖല

- ഊർജ്ജം 308–311
- ഗതാഗതം, വാർത്താവിനിമയം, വിനോദസഞ്ചാരം 312–328

പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ

- പട്ടികജാതി, പട്ടികവർഗ വികസനം 329–364
- വനിതകൾ, വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷി, ട്രാൻസ്ജെന്റർ, അന്യസംസ്ഥാന തൊഴിലാളികൾ 365–375

ഭാഗം 1

അധ്യായം 1

ആമുഖം

1. ആമുഖം

കേരളത്തിന്റെ വടക്കെ അറ്റത്ത് നിന്നും രണ്ടാമതായി സ്ഥിതിചെയ്യുന്ന ജില്ലയാണ് കണ്ണൂർ. തെയ്യങ്ങളുടെയും തറികളുടെയും നാട്. കണ്ണൂർ നഗരമാണ് ആസ്ഥാനം. വലുപ്പത്തിന്റെ കാര്യത്തിൽ ആറാം സ്ഥാനത്ത് നിൽക്കുന്ന ജില്ല പരമ്പരാഗത ഉത്തര കേരള സംസ്കാരവും, മധ്യകേരളത്തിൽ നിന്നും കുടിയേറിയ തിരുവിതാംകൂർ സംസ്കാരവും പുലർത്തുന്നു. അറുപതുകളിലും എഴുപതുകളിലും ഉണ്ടായ തിരുവിതാംകൂറിൽ നിന്നുമുള്ള കുടിയേറ്റം ഈ ജില്ലയുടെ കാർഷിക വിദ്യാഭ്യാസ മുന്നേറ്റത്തെ വളരെയേറെ സഹായിച്ചിട്ടുണ്ട്.

1957ലാണ് കണ്ണൂർ ജില്ല രൂപം കൊണ്ടത്. അതിന് മുമ്പ് ഈ പ്രദേശം കോഴിക്കോട് കേന്ദ്രമായുള്ള മലബാർ ജില്ലയുടെ ഭാഗമായിരുന്നു. ഭാഷാടിസ്ഥാനത്തിൽ 1956 നവംബർ 1ന് കേരള സംസ്ഥാനം രൂപംകൊണ്ടപ്പോൾ ഏറ്റവും വടക്കേയറ്റത്തുള്ള ജില്ല മലബാർ ആയിരുന്നു. 1957 ജനുവരി 1ന് മലബാർ ജില്ലയെ കണ്ണൂർ, കോഴിക്കോട്, പാലക്കാട് എന്നിങ്ങനെ മൂന്ന് ജില്ലകളായി വിഭജിച്ചു. കാസറഗോഡ്, ഹോസ്ദുർഗ്, തളിപ്പറമ്പ്, കണ്ണൂർ, തലശ്ശേരി, വടക്കെ വയനാട് എന്നീ താലൂക്കുകളായിരുന്നു അന്ന് കണ്ണൂർ ജില്ലയിൽ ഉണ്ടായിരുന്നത്. 1980 നവംബർ 1ന് വടക്കെ വയനാട് താലൂക്കും കോഴിക്കോട് ജില്ലയുടെ ഭാഗങ്ങളും ഉൾപ്പെടുത്തി വയനാട് ജില്ല രൂപീകരിച്ചു. 1984 നവംബർ 1ന് കാസറഗോഡ്, ഹോസ്ദുർഗ് താലൂക്കുകൾ ഉൾപ്പെടുത്തി കാസറഗോഡ് ജില്ലയും രൂപീകരിച്ചു. അങ്ങനെ കണ്ണൂർ ഇന്നത്തെ രൂപത്തിലുള്ള ജില്ലയായി മാറി.

സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ രംഗങ്ങളിൽ ഏറെ സവിശേഷതകൾ സ്വന്തമായുള്ള ജില്ലയാണ് കണ്ണൂർ. വടക്ക് ഭാഗത്ത് കാസറഗോഡ് ജില്ലയും കിഴക്ക് ഭാഗത്ത് കർണാടക സംസ്ഥാനവും വയനാട് ജില്ലയും തെക്ക് ഭാഗത്ത് വയനാട്, കോഴിക്കോട് ജില്ലകളും, പടിഞ്ഞാറ് അറബിക്കടലുമാണ് അതിരുകൾ. ജില്ലയുടെ ആകെ വിസ്തൃതി 2966 ചതുരശ്ര കിലോമീറ്ററാണ്. ഇത് കേരളത്തിന്റെ മൊത്തം വിസ്തൃതിയുടെ 7.6% വരും.

കണ്ണൂർ ജില്ല : ഒറ്റ നോട്ടത്തിൽ

രൂപീകൃതമായ തീയതി	1957 ജനുവരി 1
ജില്ലാ ആസ്ഥാനം	കണ്ണൂർ നഗരം
റവന്യൂ ഡിവിഷൻ ആസ്ഥാനം	തലശ്ശേരി
വിസ്തൃതി	2966 ച.കി.മീ.
അതിരുകൾ	പടിഞ്ഞാറ്- അറബിക്കടൽ വടക്ക്- കാസറഗോഡ് ജില്ല കിഴക്ക്- കർണാടക സംസ്ഥാനം, വയനാട് ജില്ല തെക്ക്- വയനാട്, കോഴിക്കോട് ജില്ലകൾ

	കണ്ണൂർ	കേരളം
ജനസംഖ്യ (2011 സെൻസസ് പ്രകാരം)	25,23,003	3,34,06,061
ജനസാന്ദ്രത (2011 സെൻസസ് പ്രകാരം)	852	860
സ്ത്രീ പുരുഷ അനുപാതം (2011 സെൻസസ് പ്രകാരം)	1136	1084
കുടുംബങ്ങളുടെ എണ്ണം (2011 സെൻസസ് പ്രകാരം)	5,54,298	78,53,754
പട്ടികജാതി ജനസംഖ്യ (2011 സെൻസസ് പ്രകാരം)	83,350	30,39,573
പട്ടികവർഗ ജനസംഖ്യ (2011 സെൻസസ് പ്രകാരം)	41,371	4,84,839
തൊഴിലാളികൾ (2011 സെൻസസ് പ്രകാരം)	8,24,116	1,16,19,063
സാക്ഷരത (2011 സെൻസസ് പ്രകാരം)	95.1%	94%
ജനനനിരക്ക് (2015)	17.59	15.13
മരണനിരക്ക് (2015)	6.87	7.40
ശിശുമരണനിരക്ക് (2015)	4.06	5.91
മാതൃമരണനിരക്ക് (2015)	0.11	0.17
റവന്യു വില്ലേജുകളുടെ എണ്ണം	132	1,532
കോർപറേഷനുകളുടെ എണ്ണം	1	6
മുൻസിപ്പാലിറ്റികളുടെ എണ്ണം	9	87
കന്റോൺമെന്റുകളുടെ എണ്ണം	1	1
ജില്ലാപഞ്ചായത്തുകളുടെ എണ്ണം	1	14
ബ്ലോക്ക് പഞ്ചായത്തുകളുടെ എണ്ണം	11	152
ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം	71	941
അസംബ്ലി നിയോജക മണ്ഡലങ്ങളുടെ എണ്ണം	11	140
പാർലമെന്റ് നിയോജക മണ്ഡലങ്ങളുടെ എണ്ണം	1	20

പയ്യന്നൂർ, തളിപ്പറമ്പ്, ഇരിക്കൂർ, കണ്ണൂർ, എടക്കാട്, തലശ്ശേരി, കൂത്തുപറമ്പ്, ഇരിട്ടി, പാനൂർ, കല്ല്യാശ്ശേരി, പേരാവൂർ എന്നിങ്ങനെ 11 ബ്ലോക്ക് പഞ്ചായത്തുകളാണ് ജില്ലയിലുള്ളത്. 11 ബ്ലോക്കുകളിലായി 71 ഗ്രാമപഞ്ചായത്തുകൾ നിലവിലുണ്ട്. പാനൂർ, തലശ്ശേരി, മട്ടന്നൂർ, പയ്യന്നൂർ, കൂത്തുപറമ്പ്, തളിപ്പറമ്പ്, ഇരിട്ടി, ആന്തൂർ, ശ്രീകണ്ഠാപുരം എന്നീ 9 മുൻസിപ്പാലിറ്റികളും കണ്ണൂർ മുൻസിപ്പൽ കോർപറേഷനും ജില്ലയിൽ ഉൾപ്പെടുന്നു. ജില്ലയുടെ ആകെ വിസ്തൃതി 132 റവന്യൂ വില്ലേജുകളിലായി വിന്യസിക്കപ്പെട്ടിരിക്കുന്നു. തളിപ്പറമ്പ്, കണ്ണൂർ, തലശ്ശേരി, ഇരിട്ടി എന്നിവയാണ് ജില്ലയിലെ താലൂക്കുകൾ. അഞ്ചാമത് താലൂക്കായി പയ്യന്നൂർ കേന്ദ്രമായുള്ള പുതിയ താലൂക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. കണ്ണൂർ ജില്ലാ പഞ്ചായത്തിൽ ആകെ 24 ഡിവിഷനുകളാണുള്ളത്. കേരളത്തിലെ ഏക കന്റോൺമെന്റ് കണ്ണൂരിലാണ്.

ജില്ലയിൽ മൂന്ന് പാർലമെന്റ് നിയോജക മണ്ഡലങ്ങൾ ഉണ്ട്. ഇതിൽ കണ്ണൂർ മണ്ഡലം പൂർണമായും കണ്ണൂർ ജില്ലയിലാണ്. ശേഷിക്കുന്നതിൽ പയ്യന്നൂർ, കല്യാശ്ശേരി നിയമസഭാ മണ്ഡലങ്ങൾ കാസറഗോഡ് ലോകസഭാ മണ്ഡലത്തിലും തലശ്ശേരി, കൂത്തുപറമ്പ് നിയമസഭാമണ്ഡലങ്ങൾ വടകര ലോകസഭാമണ്ഡലത്തിലുമാണ്. ജില്ലയിലെ അസംബ്ലി നിയോജക മണ്ഡലങ്ങളുടെ എണ്ണം 11 ആണ്.

കേരളത്തിൽ ഏറ്റവും കൂടുതൽ കടൽത്തീരമുള്ള ജില്ല, ഏറ്റവും കൂടുതൽ കണ്ടൽക്കാടുകളുള്ള ജില്ല എന്നീ പ്രത്യേകതകളും കണ്ണൂരിന് അവകാശപ്പെട്ടതാണ്. വളപട്ടണം പുഴ, കുപ്പം പുഴ, പെരുമ്പ പുഴ, അഞ്ചരക്കണ്ടി പുഴ, കവ്വായി പുഴ, രാമപുരം പുഴ, മയ്യഴിപ്പുഴ, കാര്യങ്കോട് പുഴ എന്നിവയാണ് ജില്ലയിലെ പ്രധാന നദികൾ.





1.1. ചരിത്രം

കണ്ണൂരിന് ആ പേര് വന്നതിന് പിറകിൽ വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളുണ്ട്. കാനാമ്പുഴ ഒഴുകിയിരുന്ന കാനത്തൂർ ഗ്രാമമാണ് പിന്നീട് കണ്ണൂർ എന്ന പേരിൽ അറിയപ്പെട്ടത് എന്നാണ് ഒരഭിപ്രായം. കണ്ണന്റെ ഊര് കണ്ണൂർ ആയതാണെന്നും വിശ്വസിക്കുന്നവരുണ്ട്. ക്രിസ്തുവിന് ശേഷം രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഗ്രീക്ക് പണ്ഡിതനായ ടോളമി ഇന്ത്യയുടെ പടിഞ്ഞാറൻ തീര തുറമുഖങ്ങളെ പരാമർശിക്കവെ കണ്ണൂറ എന്ന് സൂചിപ്പിച്ചിട്ടുണ്ട്. എ ഡി പതിനാലാം നൂറ്റാണ്ടിൽ മലബാർ സന്ദർശിച്ച ഫ്രിയർ ജോർഡാനസ് ആണ് കനന്തൂർ എന്ന് ആദ്യം രേഖപ്പെടുത്തിയത്.

1819ൽ ജെ.ബബിങ്ങ്ടൺ കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിൽ ഉള്ള ബങ്കാള മൊട്ടപ്പറമ്പിൽ നിന്നും ആദ്യമായി മഹാ ശിലായുഗ കാലത്തെ രണ്ട് കല്ലറകൾ പര്യവേഷണം ചെയ്ത് കണ്ടുപിടിക്കുകയുണ്ടായി. ഇതിനെ ആസ്പദമാക്കി അദ്ദേഹം 1823ൽ മലബാറിലെ പാണ്ഡുകുലികളെ കുറിച്ചുള്ള വിവരണം എന്നൊരു ലേഖനം ബോംബെ ആസ്ഥാനമായുള്ള ലിറ്ററി സൊസൈറ്റിയുടെ പ്രസിദ്ധീകരണത്തിൽ എഴുതുകയുണ്ടായി. ബബിങ്ങ്ടണെ തുടർന്ന് വില്യം ലോഗൻ, എ.റിയ, എ. അയ്യപ്പന്, എം.ഡി. രാഘവൻ തുടങ്ങിയവരും ഈ വിഷയത്തിൽ പഠനം നടത്തിയിട്ടുണ്ട്.

ചെറുകുന്ന്, മാതമംഗലം, പെരിങ്ങോം, കരിവെള്ളൂർ, കവ്വായി, വെള്ളൂർ, കുറ്റ്യാട്ടൂർ, മലപ്പട്ടം, തൃച്ചംബരം, നടുവിൽ, ചിറ്റാരിപ്പറമ്പ്, കല്ല്യാട്, തളിപ്പറമ്പ്, ആലക്കോട്, വായാട്ടുപറമ്പ്, തലവിൽ, ഇരിക്കൂർ, പുഞ്ചൂർ, മാങ്ങാട്, നടുപ്പറം, കുഞ്ഞിമംഗലം, കാഞ്ഞിലേരി, ചെടിക്കുളം, കരപ്പാറ തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് കുടക്കല്ല്, തൊപ്പിക്കല്ല്, നന്നങ്ങാടികൾ, മുനിയറകൾ അഥവാ പാണ്ഡവൻ കുഴികൾ തുടങ്ങിയ പേരിൽ അറിയപ്പെടുന്ന ശവക്കല്ലറകൾ എന്നിവ കണ്ടെത്തിയിട്ടുണ്ട്.

കണ്ണൂരിന്റെ പലഭാഗങ്ങളിൽ നിന്നുമായി വിവിധ തരത്തിലുള്ള റോമൻ നാണയങ്ങളും പഞ്ച് മാർക്ക്ഡ് നാണയങ്ങളും കണ്ടെത്തിയിട്ടുണ്ട്. ഒരു കാലഘട്ടത്തിൽ വ്യാപാര പ്രമുഖമായ തുറമുഖ നഗരമായിരുന്ന കണ്ണൂറ എന്നത് കണ്ണൂർ ആണെന്ന് അനുമാനിക്കുന്നതിന് ഉപോൽബലകമാകുന്ന തെളിവായി ഇത് കണക്കാക്കപ്പെടുന്നു. കണ്ണൂരിലെ പഴയ കോട്ടയം താലൂക്കിൽപ്പെട്ട ഇരിട്ടിക്കടുത്തുനിന്നാണ് കേരളത്തിലാദ്യമായി റോമൻ സ്വർണ നാണയശേഖരം കണ്ടെത്തിയിട്ടുള്ളത്. ബി.സി.ഒന്നാം നൂറ്റാണ്ടിൽ റോമാ സാമ്രാജ്യം ഭരിച്ചിരുന്ന അഗസ്റ്റസ്

ചക്രവർത്തി പുറത്തിറക്കിയ നാണയങ്ങൾ മുതൽ എ.ഡി.നാലാം നൂറ്റാണ്ടിലെ കോൺസ്റ്റാന്റിനസ് ചക്രവർത്തിയുടെ നാണയങ്ങൾ വരെ കോട്ടയം ശേഖരത്തിലുണ്ട്. ഇവ പുരാതന കാലഘട്ടത്തിലെ കണ്ണൂരിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന തെളിവുകളാണ്.

വാസ്തു ശിൽപ്പകലാരംഗത്തെ വ്യതിരിക്തത കണ്ണൂരിന്റെ പ്രത്യേകതയാണ്. കെട്ടിട നിർമാണ രംഗത്ത് ബ്രിട്ടീഷ് വാസ്തുവിദ്യക്ക് മുമ്പേയുള്ള പ്രൗഢമായ വാസ്തു പാരമ്പര്യം ഇവിടെയുള്ള ക്ഷേത്രങ്ങളുടെയും പള്ളികളുടെയും നിർമാണത്തിൽ കാണാവുന്നതാണ്.

കോലത്തിരിയുടെ കൊട്ടാരത്തിലെ കവിയായിരുന്ന ചെറുശ്ശേരിയെപ്പോലെയുള്ള മഹാരഥൻമാരുടെ സാന്നിധ്യം കൊണ്ട് കലാസമൃഷ്ടമായ ചിറക്കൽ ഗ്രാമമടക്കം കലാസാംസ്കാരിക സാന്ദ്രമായ പ്രാക്തന കണ്ണൂരിനെ അടയാളപ്പെടുത്തുന്നു. കോലത്ത് നാട് ഭരിച്ചിരുന്ന ഉദയവർമൻ രാജാവിന്റെ പണ്ഡിത സദസ്സിലെ അംഗമായിരുന്ന ചെറുശ്ശേരിയാണ് കൃഷ്ണകഥയെ അധികരിച്ച് മലയാള ഭാഷയിൽ കൃഷ്ണഗാഥ എന്ന മഹാകാവ്യം രചിച്ചത്. നാടോടിപ്പാട്ടുകളുടെ കേദാരമായ കണ്ണൂരിന്റെ മണ്ണിലാണ് മലയാളത്തിലെ ആദ്യ പാട്ട് കൃതിയായി അറിയപ്പെടുന്ന പയ്യന്നൂർ പാട്ട് രചിക്കപ്പെടുന്നത്.

പുരാതന കാലത്ത് ഇവിടെ ഭരണം നടത്തിയ അറിയപ്പെടുന്ന രാജവംശം മൂഷിക രാജവംശമാണ്. 8, 9 നൂറ്റാണ്ടുകളിലാണ് ഏഴിമല കേന്ദ്രമായുള്ള മൂഷികവംശം പ്രബലമായത്. ഈ രാജവംശം വിശ്വകർമജരായിരുന്നുവെന്ന് പറയപ്പെടുന്നു. കോരപ്പുഴക്കും ചന്ദ്രഗിരി പുഴക്കും ഇടയ്ക്കുള്ള ഭാഗങ്ങൾ മുഴുവൻ മൂഷികവംശത്തിന്റെ കീഴിലായിരുന്നു. ഈ പ്രദേശത്തുള്ള ശിവക്ഷേത്രങ്ങളും ദേവീക്ഷേത്രങ്ങളും മുഴുവനും നിർമിച്ചത് മൂഷികവംശ രാജാക്കന്മരാണത്രെ. മൂഷിക രാജവംശത്തിന്റെ ക്ഷയത്തെ തുടർന്ന് വന്ന രാജവംശമാണ് കോലത്തിരി രംജവംശം. കോലത്തിരിയുടെ ആസ്ഥാനം ചിറക്കലായിരുന്നു. ചെറുചേരി കല്ല് എന്ന പദത്തിൽനിന്നാണ് ചിറക്കൽ എന്ന സ്ഥലനാമമുണ്ടായത്. ചിറക്കൽ ആസ്ഥാനമായതിനാൽ ഈ രാജവംശത്തെ ചിറക്കൽ രാജവംശം എന്നും അറിയപ്പെടുന്നു. കണ്ണൂർ ആസ്ഥാനമായുള്ള മുസ്ലീം രാജവംശമായ അറക്കൽ സ്വരൂപവുമായി ചേർന്ന് കണ്ണൂരിനെ സാധാരണ ഒരു ഗ്രാമം എന്ന നിലയിൽ നിന്ന് വാണിജ്യപ്രധാനമായ ഒരു പട്ടണമായി മാറ്റുന്നതിൽ ഏറ്റവും വലിയ പങ്കുവഹിച്ച ഭരണാധികാരികളായിരുന്നു ചിറക്കൽ രാജാക്കന്മാർ.

കണ്ണൂർ കേന്ദ്രമായി നിലവിലുണ്ടായിരുന്ന കേരളത്തിലെ ഏക മുസ്ലീം രാജവംശമായിരുന്നു അറക്കൽ രാജവംശം. സ്ത്രീ–പുരുഷ ഭേദമില്ലാതെ അറക്കൽ സ്വരൂപത്തിലെ മുതിർന്ന അംഗം ഭരണാധികാരിയാവുന്ന കീഴ്വഴക്കമാണ് ഉണ്ടായിരുന്നത്. പുരുഷനാണ് ഭരണാധികാരിയെങ്കിൽ ആലി രാജ എന്നും സ്ത്രീയാണെങ്കിൽ അറക്കൽ ബീവിയെന്നും അറിയപ്പെട്ടിരുന്നു. കണ്ണൂർനഗരത്തിന്റെ ആധിപത്യവും വടക്കേ മലബാറിലെ കുരുമുളക്, ഏലം, കാപ്പി, വെത്തില, അടക്ക, മരത്തടികൾ, കയർ തുടങ്ങിയവയുടെ വ്യാപാര കുത്തകയും അറക്കൽ രാജകുടുംബത്തിനായിരുന്നു. നാവിക മേധാവിത്വം ഉണ്ടായിരുന്ന അറക്കൽ രാജാക്കന്മാർക്ക് ലക്ഷദ്വീപും മാലിദ്വീപും അധീനതയിൽ ഉണ്ടായിരുന്നു. മിനിക്കോയിയെയും ലക്ഷദ്വീപിനെയും വേർതിരിക്കുന്ന കടലിടുക്കിനെ മമ്മാലി ചാനൽ എന്നാണ് വിളിച്ചിരുന്നത് എന്നത് അറക്കൽ രാജകുടുംബത്തിന്റെ നാവിക മേധാവിത്വത്തിന് തെളിവായി ചൂണ്ടിക്കാണിക്കപ്പെടുന്നു. നാവിക മേഖലയിലെ തങ്ങളുടെ സ്വാധീനം ഉപയോഗിച്ച് ഇവർ കണ്ണൂരിനെ പ്രധാന തുറമുഖ പട്ടണമാക്കി. ഈജിപ്ത്, ആഫ്രിക്ക, അറേബ്യ എന്നീ വിദേശ കമ്പോളങ്ങൾ കയ്യടക്കാൻ സാധിച്ച അറക്കൽ സ്വരൂപത്തിന് മലബാറിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് കച്ചവടക്കാരെയും നാവികരെയും കണ്ണൂരിലേക്ക് ആകർഷിക്കാൻ കഴിഞ്ഞു. പോർച്ചുഗീസുകാരുടെ വരവോടുകൂടി അറക്കൽ രാജവംശത്തിന്റെ നാവിക മേധാവിത്വം ചോദ്യം ചെയ്യപ്പെടുകയും കമ്പോളത്തിനായി വലിയ മത്സരമുണ്ടാവുകയും ചെയ്തു. 1553ൽ പോർച്ചുഗീസുകാർ ലക്ഷദ്വീപ് ആക്രമിച്ച് പിടിച്ചെടുത്തെങ്കിലും താമസിയാതെ സൈനിക നീക്കത്തിലൂടെ അറക്കൽ രാജാക്കന്മാർ ദ്വീപ് തിരിച്ചുപിടിച്ചു. പോർച്ചുഗീസുകാരുമായി ശത്രുതയിലായിരുന്ന ഡച്ചുകാരുമായി അറക്കൽ രാജാക്കന്മാർ സൗഹൃദം സ്ഥാപിക്കുകയും കണ്ണൂർ കോട്ട 1772ൽ ഡച്ചുകാരിൽ നിന്ന് വാങ്ങുകയും ചെയ്തു. അറക്കൽ സ്വരൂപം കോലത്തിരി രാജവംശവുമായി ആദ്യകാലത്ത് അടുത്ത സുഹൃദ് ബന്ധം പുലർത്തിയിരുന്നു. കോലത്തിരിയുടെ വിദേശ വാണിജ്യകാര്യങ്ങളും നാവിക കാര്യങ്ങളും നോക്കിനടത്തിയിരുന്നത് അറക്കൽ സ്വരൂപത്തിലെ മമ്മാലി കിടാവുകളായിരുന്നു. പിന്നീട് മലബാറിൽ ആധിപത്യമുറപ്പിച്ച ബ്രിട്ടീഷുകാരുടെ സാന്നിധ്യം അറക്കൽ രാജവംശത്തിന്റെ വാണിജ്യ കുത്തക ക്ഷയിക്കാൻ കാരണമായി. ഈയവസരത്തിലാണ് മൈസൂരിൽ അധികാരത്തിൽ വന്ന ഹൈദരലിയെ മലബാറിലേക്ക് ആലിരാജ ക്ഷണിക്കുന്നത്. 1766ൽ ഹൈദരലി മലബാർ കീഴടക്കാനെത്തി. അറക്കൽ രാജവംശത്തിന്റെ കാലാൾപ്പടയും നാവികസേനയും ഹൈദരലിയെ സഹായിച്ചു. 1790 വരെ മൈസൂർ സുൽത്താന്റെ ഉറ്റ അനുയായി എന്ന നിലയിൽ മലബാർ ഭാഗത്ത് അപ്രതിരോധ്യ ശക്തിയായി അറക്കൽ രാജവംശം മാറി. മൂന്നാം മൈസൂർ യുദ്ധത്തോടുകൂടി ബ്രിട്ടൻ നേടിയ വിജയം അറക്കൽ രാജവംശത്തിന്റെ മേധാവിത്വവും തകർത്തു. 1790ൽ കണ്ണൂർകോട്ട പിടിച്ചെടുത്ത ബ്രിട്ടീഷുകാർ അറക്കൽ രാജവംശത്തെ കീഴടക്കി. ഈസ്റ്റിന്ത്യാ കമ്പനിയുമായി കരാറിലേർപ്പെട്ട് ബ്രിട്ടീഷ് മേധാവിത്വം അംഗീകരിക്കുന്ന നാട്ടുരാജ്യമായി അറക്കൽ മാറി.

പരിശുദ്ധ ഖുറാൻ മലയാളത്തിൽ ആദ്യമായി പരിഭാഷപ്പെടുത്തിയ മായിൻകുട്ടി അറക്കൽ തറവാട്ടുകാരനായിരുന്നു. കണ്ണൂർ സിറ്റിയിലുള്ള അറക്കൽ കൊട്ടാരത്തിന്റെ ദർബാർ ഹാൾ അറക്കൽ

മ്യൂസിയമായി സംരക്ഷിച്ചുവരുന്നു. 2005ലാണ് അറക്കൽ മ്യൂസിയം ആരംഭിച്ചത്. അറക്കൽ രാജകുടുംബാംഗങ്ങൾ ഉപയോഗിച്ചിരുന്ന പൈതൃകവസ്തുക്കളാണ് ഇവിടെ സംരക്ഷിക്കപ്പെട്ടിട്ടുള്ളത്. ഹൈദരലി, ടിപ്പുസുൽത്താൻ, ബിജാപ്പൂർ സുൽത്താൻ, ഡച്ചുകാർ, ബ്രിട്ടീഷുകാർ തുടങ്ങിയ നിരവധി ഭരണകൂടങ്ങളോട് നടത്തിയ എഴുത്തുകുത്തുകൾ, ആദ്യകാല ടെലിഫോൺ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ, യുദ്ധോപകരണങ്ങൾ, ഖുറാൻ കൈയെഴുത്ത് പ്രതികൾ തുടങ്ങിയവ മ്യൂസിയത്തിൽ സംരക്ഷിക്കപ്പെടുന്നു.

പന്ത്രണ്ടാംനൂറ്റാണ്ടിൽ കണ്ണൂർ പ്രധാന വ്യാപാര കേന്ദ്രമായിരുന്നു. പേർഷ്യൻ, അറേബ്യൻ രാജ്യങ്ങളുമായി സജീവമായ കച്ചവടബന്ധം സ്ഥാപിക്കപ്പെട്ടു. 1887 വരെ ഇന്ത്യയുടെ പടിഞ്ഞാറൻതീരത്തെ ബ്രിട്ടീഷ് സൈനിക ആസ്ഥാനമായിരുന്നു കണ്ണൂർ. സഹോദര നഗരമായ തലശ്ശേരിയുമായി ചേർന്ന് പതിനെട്ടാം നൂറ്റാണ്ടിൽ ബോംബെ, കറാച്ചി എന്നിവിടങ്ങളുമായി വ്യാപാര ബന്ധം തുടങ്ങിയതിന് ശേഷം ബ്രിട്ടീഷുകാരുടെ പടിഞ്ഞാറൻ തീരത്തുള്ള മൂന്നാമത്തെ വലിയ നഗരം കൂടിയായി കണ്ണൂർ മാറി. കണ്ണൂരിലെ പ്രശസ്തമായ സെന്റ് ആഞ്ചലോ കോട്ട 1505ലാണ് നിർമിക്കപ്പെട്ടത്. ഇന്ത്യയുടെ ആദ്യ പോർച്ചുഗീസ് വൈസ്രോയിയായിരുന്ന ഫ്രാൻസിസ്കോ ഡി അൽമേഡയാണ് ഈ കോട്ട നിർമിച്ചത്. 1663ൽ പോർച്ചുഗീസുകാരിൽ നിന്നും ഡച്ചുകാർ ഈ കോട്ട പിടിച്ചടക്കി. 1772ൽ ഡച്ചുകാർ അറക്കൽ അലി രാജാവിന് ഇത് വിറ്റു. ബ്രിട്ടീഷുകാർ 1790ൽ കോട്ട പിടിച്ചെടുക്കുകയും മലബാർ തീരത്ത് അവരുടെ പ്രധാന സൈനിക താവളങ്ങളിൽ ഒന്നായി ഉപയോഗിക്കുകയും ചെയ്തു. 1683ൽ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി തലശ്ശേരിയിൽ പാണ്ടികശാല ആരംഭിച്ചു. തങ്ങളുടെ കച്ചവടത്തിന്റെ സുരക്ഷിതത്വത്തിനായി 1705ൽ ബ്രിട്ടീഷുകാർ തലശ്ശേരിക്കോട്ട പണിതു. ചതുരാകൃതിയിലുള്ള ഭീമാകാരമായ കോട്ടയ്ക്ക് വലിയ മതിലുകളും കടലിലേക്കുള്ള രഹസ്യ തുരങ്കങ്ങളും ഉണ്ട്. ഒരു കാലത്ത് തലശ്ശേരിയുടെ വികസനത്തിന്റെ കേന്ദ്രമായിരുന്ന കോട്ട ഇന്ന് ഒരു ചരിത്ര സ്മാരകമാണ്.

കേരളത്തിൽ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ ഏറ്റവുമാദ്യം യുദ്ധം പ്രഖ്യാപിച്ച നാട്ടുകാരാജാക്കന്മാരിൽ ഒരാളായിരുന്നു കുഞ്ഞുപറമ്പിനടുത്ത് കോട്ടയം കോവിലകത്തെ കേരളവർമ്മ പഴശ്ശിരാജ. ബ്രിട്ടീഷുകാർക്കെതിരെ നടത്തിയ പോരാട്ടം പരിഗണിച്ച് സ്വാതന്ത്ര്യസമര ചരിത്രത്തിൽ വീരകേരളസിംഹം എന്നാണ് ഇദ്ദേഹം അറിയപ്പെടുന്നത്. 1753ൽ ജനിച്ച പഴശ്ശിരാജ 1805ൽ 52-മത്തെ വയസ്സിൽ മരണമടഞ്ഞു. 1766ൽ കോട്ടയം രാജ്യത്തിന്റെ ഭരണം പിടിച്ചെടുത്ത മൈസൂർ സുൽത്താനെതിരെ ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനി രംഗത്ത് വന്നു. നിക്ഷിപ്ത താൽപര്യം മാത്രമുള്ള ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ താൽപര്യങ്ങൾ തിരിച്ചറിഞ്ഞ പഴശ്ശിരാജ ബ്രിട്ടീഷുകാർക്കെതിരെ ജനങ്ങളെ സംഘടിപ്പിച്ചു. കുറിച്യവിഭാഗത്തിൽപ്പെട്ട ഒളിപ്പോരാളികൾ ഉൾപ്പെട്ട പഴശ്ശി സൈന്യത്തെ നേരിടാനാകാതെ ബ്രിട്ടീഷുകാർ പലപ്പോഴും പിൻവാങ്ങി. തലക്കൽ ചന്തു, എടച്ചേന കുങ്കൻ, കണ്ണവത്ത് ശങ്കരൻ നമ്പ്യാർ തുടങ്ങിയവരുടെ നേതൃത്വത്തിൽ പോരാടിയ പഴശ്ശി സൈന്യം പലപ്പോഴും കമ്പനിപ്പടയെ നിലംപരിശാക്കി. ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ സേനാനായകനായി ചുമതലയേറ്റ കേണൽ ആർതർ വെല്ലസ്ലി പഴശ്ശി രാജാവിനെ നേരിടാൻ പുതിയ തന്ത്രങ്ങൾ ആവിഷ്കരിച്ചു. തലക്കൽ ചന്തുവടക്കമുള്ള ധീരദേശാഭിമാനികളെ ബ്രിട്ടീഷ് സൈന്യം പിടിച്ച് തൂക്കിലേറ്റിയപ്പോൾ പഴശ്ശിയും സംഘവും പുരളിമലയിലെ ദുർഘടസങ്കേതത്തിലേക്ക് പിൻവാങ്ങി. മാതൃഭൂമിയെ സംരക്ഷിക്കാൻ അന്ത്യശ്വാസം വരെ പോരാടാൻ ജനങ്ങളോടും സൈനികരോടും ആഹ്വാനം ചെയ്ത വീരപഴശ്ശി 1805ൽ പിടിക്കപ്പെടുകയും വീരചരമം പ്രാപിക്കുകയും ചെയ്തു. ബ്രിട്ടീഷ് പട്ടാളം പഴശ്ശിയെ വെടിവെച്ച് കൊല്ലുകയായിരുന്നുവെന്നും അതല്ല കീഴടങ്ങാതെ പഴശ്ശി ആത്മഹത്യ ചെയ്യുകയായിരുന്നുവെന്നും രണ്ട് അഭിപ്രായങ്ങൾ ഉണ്ട്. ചതിയിലൂടെ കൈണിപ്പെടുത്തിയ പഴശ്ശിരാജയുടെ മൃതശരീരം രാജകീയ ബഹുമതികളോടെ ബ്രിട്ടീഷുകാർ മാനന്തവാടിയിൽ സംസ്കരിച്ചു.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിലാണ് ദേശീയ പ്രസ്ഥാനത്തിന്റെ പ്രവർത്തനം കണ്ണൂരിൽ ആരംഭിച്ചത്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഒരു സമ്മേളനം 1918ൽ ചിറക്കൽ രാജയുടെ നേതൃത്വത്തിൽ തലശ്ശേരിയിൽ നടന്നു. മലബാറിൽ ജന്മിമാരുടെയും സമ്പന്നരുടെയും മാത്രം വേദിയായിരുന്ന കോൺഗ്രസ്സ് പ്രസ്ഥാനം ഗാന്ധിജിയുടെയും നെഹ്റുവിന്റെയും കണ്ണൂർ സന്ദർശനത്തെ തുടർന്ന് സാധാരണ ജനങ്ങളുടെ കൂടി വികാരമായിമാറി. മലബാറിലെ കോൺഗ്രസ് പ്രസ്ഥാനത്തിന്റെ നേതൃത്വം കെ.പി.കേശവമേനോൻ ഏറ്റെടുത്തതോടെ സി.എച്ച്.ഗോവിന്ദൻ നമ്പ്യാർക്ക് കണ്ണൂരിന്റെ ചുമതല നൽകുകയുണ്ടായി. ഖിലാഫത്ത് പ്രസ്ഥാനം ആരംഭിച്ചതോടുകൂടി ഗാന്ധിജിയും ഷൗക്കത്തലിയും കണ്ണൂർ സന്ദർശിച്ചു. സാമുവൽ ആറോൺ, കുഞ്ഞി ഒണക്കൻ തുടങ്ങിയവരാണ് ഗാന്ധിജിക്ക് സ്വീകരണം നൽകുന്നതിന് മുന്നിൽ നിന്ന് പ്രവർത്തിച്ചത്. 1928ൽ മെയ് മാസത്തിൽ ജവഹർലാൽ നെഹ്റുവിന്റെ അധ്യക്ഷതയിൽ കേരള പ്രൊവിൻഷ്യൽ കോൺഗ്രസ് കമ്മിറ്റി പയ്യന്നൂരിൽ വിളിച്ചുചേർത്ത നാലാമത് ഓൾ കേരള പൊളിറ്റിക്കൽ കോൺഫറൻസിലാണ് ചരിത്രപ്രസിദ്ധമായ പൂർണ സ്വരാജ് പ്രമേയം പാസ്സാക്കപ്പെട്ടത്. ഹരിജനോദ്ധാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 1934ൽ വടകരയിലെത്തിയ മഹാത്മാഗാന്ധിക്ക് തന്റെ ആഭരണങ്ങൾ മുഴുവൻ ഊരി നൽകിയ കൗമുദി എന്ന ബാലിക കണ്ണൂർ കാടാച്ചിറ സ്വദേശിനിയായിരുന്നു. പിൽക്കാലത്ത് ഹിന്ദി പ്രചാരണത്തിനായി ജീവിതം ഉഴിഞ്ഞുവെച്ച കൗമുദി ടീച്ചർ ദേശീയ സ്വാതന്ത്ര്യ സമരത്തിലെ ധീരയായ വനിതാ സാന്നിധ്യമായിരുന്നു. പത്തൊൻപതാം വയസ്സിൽ കണ്ണൂർ ഗവ. ഗേൾസ് സ്കൂളിൽ ഹിന്ദി അദ്ധ്യാപികയായി ജോലിയിൽ പ്രവേശിച്ച അവർ 1972ൽ കല്യാശ്ശേരി ഗവ. ഹൈസ്കൂളിൽനിന്നും വിരമിച്ചു. 1930ലെ ഉപ്പ് സത്യഗ്രഹ സമരത്തിന്റെ ഭാഗമായി കെ.കേളപ്പന്റെ നേതൃത്വത്തിൽ കോഴിക്കോട് നിന്നും പയ്യന്നൂരിലേക്ക് മാർച്ച് ചെയ്ത സ്വാതന്ത്ര്യസമര വളണ്ടിയർമാർ പയ്യന്നൂർ ഉളിയത്ത്കടവ് കടപ്പുറത്ത് ഉപ്പ് കുറുക്കി ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ പ്രതിഷേധ സമരം നടത്തി.

1940 സപ്തംബർ 15ന് ബ്രിട്ടീഷ് വിരുദ്ധ കലാപത്തിന്റെ ഭാഗമായി തലശ്ശേരിയിൽ പൊലീസ് വെടിവെപ്പിൽ അബു, ചാത്തുക്കുട്ടി എന്നിവർ രക്തസാക്ഷികളായി. അവർ വെടിയേറ്റ് വീണ സ്ഥലം ജവഹർഘട്ട് എന്നറിയപ്പെടുന്നു. ബ്രിട്ടീഷ് ജന്മിവാഴ്ചക്കെതിരെ രക്തരൂഷിതമായ ഒട്ടനവധി കർഷക സമരങ്ങൾ ഈ മണ്ണിൽ നടന്നിട്ടുണ്ട്. മൊറാഴ, കാവുമ്പായി, കരിവെള്ളൂർ തുടങ്ങി അനേക സമരങ്ങൾ ജില്ലയുടെ സാമ്രാജ്യത്വ വിരുദ്ധ പോരാട്ടങ്ങളുടെ ചരിത്രത്തിലുണ്ട്.

കണ്ണൂർ എന്നും കേരള രാഷ്ട്രീയത്തിൽ നിറഞ്ഞുനിൽക്കുന്ന ഒരു പേരാണ്. സ്വതന്ത്രഭാരതത്തിലെ ആദ്യ പ്രതിപക്ഷനേതാവായിരുന്ന എ.കെ.ജി.യുടെ ജന്മനാടാണ് കണ്ണൂർ. കേരള മുഖ്യമന്ത്രിമാരായിരുന്ന ഇ.കെ.നായനാർ, കെ.കരുണാകരൻ, ഇപ്പോഴത്തെ മുഖ്യമന്ത്രി പിണറായി വിജയൻ എന്നിവരുടെ ജന്മദേശം കൂടിയാണ് കണ്ണൂർ. കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഔപചാരികമായ രൂപീകരണം നടന്ന സ്ഥലം കണ്ണൂർ പിണറായിയിലെ പാറപ്രം ആണ്.

ശ്രീനാരായണ ഗുരു, വാഗ്ഭടാനന്ദൻ, സ്വാമി ആനന്ദതീർത്ഥൻ തുടങ്ങിയ സാമൂഹ്യപരിഷ്കർത്താക്കളുടെ പ്രവർത്തനങ്ങൾ ജില്ലയിലെ സാമൂഹ്യ നവോത്ഥാനത്തിന് വളരെയധികം സഹായിച്ചിട്ടുണ്ട്. ആത്മവിദ്യാസംഘം എന്ന തന്റെ പ്രസ്ഥാനത്തിലൂടെ കേരളമെങ്ങും ജാതി-മതാന്ധതയ്ക്കും അന്ധവിശ്വാസങ്ങൾക്കുമെതിരെ പോരാടിയ വാഗ്ഭടാനന്ദൻ പാട്യം ദേശക്കാരനായിരുന്നു. ജാതി വിവേചനത്തിനെതിരായി കീഴാളജനതക്ക് വേണ്ടി മരണംവരെ പോരാടിയ അനന്ത ഷേണായി എന്ന സ്വാമി ആനന്ദതീർത്ഥൻ തലശ്ശേരിയിലാണ് ജനിച്ചത്.

വർണ-വർഗ ഭേദങ്ങൾക്കതീതമായി എല്ലാ ആൺകുട്ടികൾക്കും ആധുനിക വിദ്യാഭ്യാസം നൽകുന്നതിന് എഡ്വേർഡ് ബ്രണ്ണൻ സായ്പ് വകയിരുത്തിയ തുക ഉപയോഗിച്ച് 1862 സപ്തംബർ 1ന് ആരംഭിച്ച വിദ്യാലയമാണ് പ്രശസ്തമായ ബ്രണ്ണൻകോളജിന്റെ പ്രാഗ്രൂപം. 1890ലാണ് ഇതിന് കലാലയ പദവി ലഭിക്കുന്നത്. 1919ൽ സർക്കാർ ഏറ്റെടുത്ത ബ്രണ്ണൻ കോളജ് കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട കലാലയമാണ്. ചൊക്ലിയിലെ ഊരാച്ചേരി ഗുരുനാഥന്മാരിൽ നിന്ന് മലയാളം പഠിക്കുകയും തലശ്ശേരിയിൽ താമസമാക്കുകയും ചെയ്ത ജർമ്മൻ ഭാഷാ പണ്ഡിതനായിരുന്ന ഡോ. ഹെർമൻ ഗുണ്ടർട്ട്. മലയാളത്തിലെ ആദ്യ പത്രമായ രാജ്യസമാചാരം ആരംഭിച്ച വ്യക്തിയും, മലയാളത്തിലെ ആദ്യ നിഘണ്ടു രചയിതാവുമായ ഗുണ്ടർട്ട് താമസിച്ചിരുന്ന വീട് ഗുണ്ടർട്ട് ബംഗ്ലാവ് എന്ന ചരിത്ര സ്മാരകമായി ഇല്ലിക്കുന്നിൽ സംരക്ഷിച്ചുവരുന്നു.

സാമൂഹ്യ കലാ-സാംസ്കാരിക മേഖലകളിലെ ഒട്ടനവധി അതികായൻമാർക്ക് ജന്മം നൽകിയ ജില്ലയാണ് കണ്ണൂർ. ഗറില്ല യുദ്ധമുറകളിലൂടെ ബ്രിട്ടീഷുകാരോട് പോരാടിയ പഴശ്ശിരാജ, ലോക്സഭയിലെ ആദ്യപ്രതിപക്ഷ നേതാവായ എ.കെ.ജി., സ്വാതന്ത്ര്യസമര സേനാനിയും പ്രമുഖ കമ്മ്യൂണിസ്റ്റ് നേതാവുമായിരുന്ന മൊയ്താരത്ത് ശങ്കരൻ, സ്വാതന്ത്ര്യസമര സേനാനിയും പ്രമുഖ ട്രേഡ് യൂണിയൻ നേതാവുമായ സി.കണ്ണൻ, മലബാറിലെ അധ്യാപക പ്രസ്ഥാനത്തിന്റെ മുന്നണിപ്പോരാളിയായിരുന്ന ടി.സി.നാരായണൻ നമ്പ്യാർ, മലയാളത്തിലെ ആദ്യ ശബ്ദ സിനിമയായ ബാലനിൽ അഭിനയിച്ച സി.ഒ.നാരായണൻ നമ്പ്യാർ, കേന്ദ്രമന്ത്രിയായിരുന്ന ഇ അഹമ്മദ്, സംസ്ഥാന മന്ത്രിയായിരുന്ന എം.വി.രാഘവൻ, സാങ്കേതിക വിദഗ്ധനും വ്യവസായ പ്രമുഖനുമായ കെ.പി.പി.നമ്പ്യാർ, വ്യവസായപ്രമുഖനായ ക്യാപ്റ്റൻ കൃഷ്ണൻ നായർ, സംഗീതസംവിധായകരായ എ.ടി.ഉമ്മർ, കണ്ണൂർ രാജൻ, കെ.രാഘവൻ, കൈതപ്രം ദാമോദരൻ നമ്പൂതിരി, മാപ്പിളപ്പാട്ട് ഗായകൻ എരഞ്ഞോളി മൂസ്സ, ചരിത്രകാരനും ഫോക്ലോർ വിദഗ്ധനുമായ ചിറക്കൽ ടി.ബാലകൃഷ്ണൻനായർ, പ്രശസ്ത ശിൽപ്പി കാനായി കുഞ്ഞിരാമൻ, ഹാസ്യസാമ്രാട്ട് സഞ്ജയൻ, മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത നോവലായ ഇന്ദുലേഖയുടെ കർത്താവ് ഒ.ചന്തുമേനോൻ, മലയാളത്തിലെ ആദ്യ ചെറുകഥാകൃത്ത് വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, പ്രശസ്ത ചെറുകഥാകൃത്തുക്കളായ ടി.പത്മനാഭൻ, എൻ.പ്രഭാകരൻ, മലയാള സാഹിത്യത്തിലെ ഉത്തരാധുനിക കഥാകൃത്തുക്കളായ സി.വി.ബാലകൃഷ്ണൻ, ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്, അനീതിക്കെതിരെ തന്റെ പ്രസംഗങ്ങളിലൂടെ സാഗരഗർജ്ജനം നടത്തിയ പ്രശസ്ത നിരൂപകൻ കൂടിയായ സുകുമാർ അഴീക്കോട്, കണ്ടൽച്ചെടികൾക്ക് വേണ്ടി ജീവിച്ച കല്ലേൻ പൊക്കുടൻ, അന്താരാഷ്ട്ര ജ്യോതിശാസ്ത്ര സംഘടനയുടെ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട പ്രശസ്ത ജ്യോതി ശാസ്ത്രജ്ഞൻ വൈന ബാപ്പു, പ്രമുഖ സസ്യശാസ്ത്രജ്ഞയായിരുന്ന പത്മശ്രീ ഇ.കെ.ജാനകിയമ്മാൾ, ചെണ്ട വിദ്വാൻ മട്ടന്നൂർ ശങ്കരൻകുട്ടി, കായികപ്രതിഭകളായ ജിമ്മി ജോർജ്ജ്, വി.പി.സത്യൻ, മേജർ ജനറൽ സി.കെ.ലക്ഷ്മണൻ, ടിന്റു ലൂക്ക, കേരളത്തിൽ നിന്നുമുള്ള ആദ്യത്തെ ഫൈറ്റർ പൈലറ്റ് മൂർക്കോത്ത് രാമുണ്ണി തുടങ്ങിയ പ്രഗത്ഭരും പ്രശസ്തരുമായ അനേകം പേർ കണ്ണൂരിന്റെ സന്തതികളാണ്.

കേരള സർക്കസിന്റെ പിതാവായി അറിയപ്പെടുന്ന കീലേരി കുഞ്ഞിക്കണ്ണൻ ഗുരുക്കൾ തലശ്ശേരിയിലാണ് ജനിച്ചത്. തലശ്ശേരി ബി.ഇ.എം.പി. സ്കൂളിലെ ജിംനാസ്റ്റിക്സ് അധ്യാപകനായിരുന്ന കീലേരി കുഞ്ഞിക്കണ്ണൻ ഗുരുക്കൾ 1901ൽ ചിറക്കരയിൽ ആണ് കേരളത്തിലെ ആദ്യത്തെ സർക്കസ് പാഠശാല ആരംഭിച്ചത്. സർക്കസ്സിന്റെ കേന്ദ്രമായ തലശ്ശേരിയിൽ 2010ൽ ആരംഭിച്ച സർക്കസ് അക്കാദമി പഠിതാക്കളുടെ അഭാവംമൂലം പ്രവർത്തനരഹിതമായിരിക്കുന്നു. ഇന്ത്യയിൽ ആദ്യമായി ക്രിസ്മസ് കേക്ക് ഉണ്ടാക്കിയത് 1883ൽ തലശ്ശേരിയിലായിരുന്നു. അഞ്ചരക്കണ്ടി കറപ്പത്തോട്ടം ഉടമയായിരുന്ന ബ്രൗൺസായ്പിന് വേണ്ടി പലഹാര നിർമ്മാതാവായ മമ്പള്ളി ബാപ്പുവാണ് കേക്ക് ഉണ്ടാക്കിയത്. ബേക്കറി വ്യവസായവും പലഹാര നിർമാണവും ഇപ്പോൾ ജില്ലയിലെ പ്രധാന സംരംഭ മേഖലയാണ്. കേരളത്തിലെ ക്രിക്കറ്റിന്റെ കേന്ദ്രം കൂടിയായിരുന്ന കണ്ണൂർ

ജില്ലയിലെ തലശ്ശേരി. തലശ്ശേരിയിൽ ആധുനിക ക്രിക്കറ്റ് സ്റ്റേഡിയം നിലവിലുണ്ട്. രഞ്ജിട്രോഫിയടക്കം പ്രധാന മത്സരങ്ങൾ ഇവിടെ അരങ്ങേറുന്നു. സർക്കസ്, ക്രിക്കറ്റ്, കേക്ക് എന്നീ മൂന്ന് സി കളുടെ നാടായി തലശ്ശേരി അറിയപ്പെടുന്നു. മലബാറിലെ ആദ്യ നഗരസഭയായ തലശ്ശേരി 2017ൽ 150 വർഷം പൂർത്തിയാക്കിയിരിക്കുന്നു.

1916ൽ ശ്രീനാരായണഗുരു സ്ഥാപിച്ച കണ്ണൂർ സുന്ദരേശ്വര ക്ഷേത്രം, 1908ൽ സ്ഥാപിച്ച തലശ്ശേരി ജഗന്നാഥ ക്ഷേത്രം തുടങ്ങിയ നിരവധി ആരാധനാലയങ്ങളും മുസ്ലീം, ക്രിസ്ത്യൻ ദേവാലയങ്ങളും ഇവിടെയുണ്ട്. കൊട്ടിയൂർക്ഷേത്രം, പറശ്ശിനിക്കടവ് മുത്തപ്പൻമടപ്പുര, എ.ഡി.1124ൽ സ്ഥാപിക്കപ്പെട്ട മാടായി മുസ്ലീം പള്ളി, കണ്ണവം വെളുമ്പത്ത് മുസ്ലീം പള്ളി, തലശ്ശേരി സെന്റ് ജോൺസ് ദേവാലയം തുടങ്ങിയവ ജില്ലയിലെ പ്രധാന ആരാധനാലയങ്ങളാണ്.

കണ്ണൂർ തെയ്യങ്ങളുടെ നാടായി അറിയപ്പെടുന്നു. ദൈവം എന്ന പദം ലോപിച്ചുണ്ടായതാണ് തെയ്യം. നാട്ടുദൈവങ്ങളും പഴയ കാലത്തെ വീരന്മാരും, വീരാംഗനമാരും തലമുറകളായി വായ്മൊഴികൾ വഴി കൈമാറ്റപ്പെട്ട് തെയ്യങ്ങളായി പുനർജ്ജനിക്കുന്നു. അവരുടെ ഓർമ്മപ്പെടുത്തലുമായി ആണ്ടുതോറും കാവുകളിൽ തെയ്യങ്ങൾ കെട്ടിയാടപ്പെടുന്നു. ഒരോ പ്രദേശത്തിന്റെയും വൈവിധ്യമനുസരിച്ച് ഉടുത്തുകെട്ടിലും അലങ്കാരങ്ങളിലും ആചാരങ്ങളിലും വ്യത്യസ്തതയുള്ള നൂറുകണക്കിന് തെയ്യങ്ങളുടെ നാടാണ് കണ്ണൂർ.

വടക്കൻ കേരളത്തിൽ അഞ്ഞൂറിലേറെ തെയ്യക്കോലങ്ങൾ കെട്ടിയാടുന്നുണ്ട്. എന്നാൽ സ്ത്രീകൾ കെട്ടിയാടുന്ന ഒരേയൊരു തെയ്യമാണ് ദേവക്കൂത്ത്. കണ്ണൂരിലെ മാട്ടൽ തെക്കുമ്പാട് താഴെക്കാവിലാണ് ദേവക്കൂത്ത് രണ്ട് വർഷത്തിലൊരിക്കൽ കെട്ടിയാടുന്നത്. പൂക്കൾ പറിക്കാൻ വന്ന് പ്രകൃതിസൗന്ദര്യം ആസ്വദിച്ച് ദ്വീപിൽ ഒറ്റപ്പെട്ടുപോയ ഒരു പെൺകുട്ടിയെ രാത്രിമുഴുവൻ സംരക്ഷിച്ച കഥ പറയുന്ന ദേവക്കൂത്ത് നാട്ടനന്മയുടെ സ്നിഗ്ധതകളാണ് വെളിപ്പെടുത്തുന്നത്.

ജില്ലയുടെ വടക്ക് കിഴക്കൻ ഭാഗങ്ങൾ അധികവും കുടിയേറ്റ മേഖലകളാണ്. കുടിയേറ്റക്കാരിൽ ബഹുഭൂരിപക്ഷവും ക്രൈസ്തവരും ഹൈന്ദവരുമാണ്. കാടുപിടിച്ച് കിടന്ന മലമ്പ്രദേശങ്ങൾ വെട്ടിത്തെളിച്ച് കപ്പയും റബ്ബറും ഇഞ്ചിയുമെല്ലാം നട്ടുപിടിപ്പിച്ച് ഒരു തികഞ്ഞ കാർഷികമേഖലയാക്കിയത് കുടിയേറ്റക്കാരായിരുന്നു. ഇന്ന് ജില്ലയുടെ മറ്റ് പ്രദേശങ്ങളോടൊപ്പം സാമ്പത്തികമായും വിദ്യാഭ്യാസപരമായും മുന്നിലാണ് ഈ പ്രദേശങ്ങൾ. പ്രശസ്തങ്ങളായ ധാരാളം ക്രൈസ്തവ ദേവാലയങ്ങൾ കുടിയേറ്റ മേഖലയിലുണ്ട്. പേരാവൂർ, ആലക്കോട്, ചെമ്പേരി, മേരിഗിരി, ചെറുപുഴ എന്നിവിടങ്ങളിലെ പള്ളികൾ വളരെ പ്രശസ്തങ്ങളാണ്.

1.2. കൃഷി

സാമ്പത്തികസ്ഥിതിവിവരകണക്ക് വകുപ്പിന്റെ 2016-17 ലെ കണക്കനുസരിച്ച് 296600 ഹെക്ടർ വിസ്തൃതിയുള്ള കണ്ണൂർ ജില്ലയുടെ 48734 ഹെക്ടർ വനപ്രദേശമാണ്. വനവിസ്തൃതി 16.40ശതമാനം ആണ്. ശേഷിക്കുന്ന 248378 ഹെക്ടർ സ്ഥലമാണ് കാർഷിക കാർഷികേതര ഉപയോഗത്തിനായുള്ളത്. 1963 ൽ കേരള ഭൂപരിഷ്കരണ ആക്ട് വന്നതോടുകൂടി ജൻമി കുടിയാൻ വ്യവസ്ഥ അവസാനിക്കുകയും മണ്ണിൽ അധ്വാനിക്കുന്നവൻ ഭൂമിയുടെ ഉടമകളായി മാറുകയും ചെയ്തു. ഒരു വ്യക്തിക്ക് കൈവശം വെക്കാവുന്ന ഭൂമിയുടെ അളവ് പരിമിതപ്പെടുകയും തുടർന്നുണ്ടായ തുണ്ടുവൽക്കരണവും, അണുകുടുംബങ്ങളുടെ ആവിർഭാവവും നെൽകൃഷിയുടെ ലാഭരാഹിത്യവും നാണ്യവിളകളുടെ വ്യാപനവും ഭൂമി വലിയ തോതിൽ നികത്തപ്പെടുന്നതിന് കാരണമായി. 2016-17 കാർഷിക വർഷത്തെ കണക്കനുസരിച്ച് മൂന്ന് സീസണിലുമായി 4671 ഹെക്ടർ സ്ഥലത്ത് നിന്നും 10623 മെടിക് ടൺ നെല്ലാണ് ഉത്പാദിപ്പിക്കപ്പെട്ടത്.

സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് 2010-11 വർഷത്തിൽ നടത്തിയ ഒമ്പതാമത് കാർഷിക സെൻസസ് പ്രകാരം ജില്ലയിൽ 127115 ഹെക്ടർ കൃഷി ഭൂമി 485221 ഭൂവുടമകളുടെ കൈകളിലാണ് ഉള്ളത്.

	കൃഷിഭൂമിയുടെ അളവ് (ഹെക്ടർ)				കൈവശക്കാരുടെ എണ്ണം.			
	പട്ടിക ജാതി	പട്ടിക വർഗം	മറ്റുള്ളവർ	ആകെ	പട്ടിക ജാതി	പട്ടിക വർഗം	മറ്റുള്ളവർ	ആകെ
കേരളം	35247 (2.33%)	34442 (2.28%)	1441127 (95.39%)	1510816 (100%)	532005 (7.79%)	95161 (1.39%)	6203623 (90.82%)	6830789 (100%)
കണ്ണൂർ	1108 (0.89%)	1573 (1.24%)	124434 (97.89%)	127115 (100%)	11972 (2.47%)	6541 (1.35%)	446708 (92.06%)	485221 (100%)
സംസ്ഥാനത്ത് ജില്ലയുടെ പ്രാതിനിധ്യം	3.14%	4.57%	8.63%	8.41%	2.25%	6.87%	7.20%	7.10%

2017 –18 ൽ നടന്നുവരുന്ന പത്താമത് കാർഷിക സെൻസസിന്റെ റിപ്പോർട്ട് വരുന്നതോടെ ഈ മേഖലയിലെ കൂടുതൽ വ്യക്തമായ പുതിയ ചിത്രം നമുക്ക് ലഭ്യമാവും. ജില്ലയിൽ വിരിപ്പ് നെല്ലിന്റെ ഉത്പാദന ക്ഷമത 2016–17ൽ 2,656 കി.ഗ്രാം./ഹെക്ടറും മുണ്ടകൻ നെല്ലിന്റെത് 1,760 കി.ഗ്രാം/ഹെക്ടറും പുഞ്ചനെല്ലിന്റെത് 2,643 കി.ഗ്രാം./ഹെക്ടറുമാണ്. ഭൂമിയുടെ തരംമാറ്റൽ മൂലം നെൽകൃഷിയുടെ വിസ്തൃതി വർഷംതോറും കുറഞ്ഞുവരുന്നുണ്ടെങ്കിലും 2016–17 നെ അപേക്ഷിച്ച് 2017–18 ൽ നെൽകൃഷിയുടെ സ്ഥല വിസ്തൃതി 20 ശതമാനത്തോളം വർദ്ധിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ പഴയങ്ങാടി, ഏഴോം ഭാഗങ്ങളിലുള്ള കൈപ്പാട് നിലങ്ങൾക്ക് അനുയോജ്യമായ ഏഴോം–1, ഏഴോം–2 എന്നീ നെൽ വിത്തിനങ്ങൾ പന്നിയൂർ കുരുമുളക് ഗവേഷണകേന്ദ്രത്തിന്റെ മേൽനോട്ടത്തിൽ വികസിപ്പിച്ചെടുത്തിട്ടുണ്ട്. പടന്നക്കാട് കാർഷിക കോളജിലെ അധ്യാപികയായ ഡോ.ടി.വനജ പ്രാദേശിക കർഷകരുടെ സഹായത്തോടുകൂടി പത്ത് വർഷത്തോളം നീണ്ട പരീക്ഷണങ്ങൾക്കൊടുവിലാണ് ഏഴോം വിത്തിനങ്ങൾ വികസിപ്പിച്ചെടുത്തത്. ഇല്ലാതായിക്കൊണ്ടിരിക്കുന്ന പാടശേഖരങ്ങളെയും പാരമ്പര്യ കൃഷിയെയും തിരിച്ചുപിടിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ് ഏഴോം വിത്തുകളുടെ കണ്ടെത്തൽ. വെള്ളം കയറുന്ന കുട്ടനാടൻ പാടശേഖരങ്ങളിലും ഏഴോം വിത്ത് ഉപയോഗിക്കാനുള്ള ഒരുക്കത്തിലാണ് മങ്കൊമ്പ് കാർഷിക ഗവേഷണകേന്ദ്രം.

റബ്ബർ കഴിഞ്ഞാൽ ജില്ലയിൽ കൃഷി ചെയ്യുന്ന വ്യാവസായിക പ്രാധാന്യമുള്ള കാർഷിക വിളയാണ് കുരുമാവ്. കേരളത്തിൽ ഏറ്റവും കൂടുതൽ കുരുവണ്ടി കൃഷിയുള്ളതും ഏറ്റവും ഗുണമേന്മയുള്ള കുരുവണ്ടി ഉത്പാദിപ്പിക്കുന്നതുമായ ജില്ലയാണ് കണ്ണൂർ. കുരുവണ്ടി ഉത്പാദനം കണ്ണൂർ ജില്ലയിലാണ് കൂടുതലെങ്കിലും കുരുവണ്ടി ഫാക്ടറികൾ കൂടുതലുള്ളത് കൊല്ലം ജില്ലയിലാണ്. ഓരോ സീസണിലും ഉത്പാദിപ്പിക്കപ്പെടുന്ന കുരുമാങ്ങ ഭൂരിഭാഗവും പാഴാക്കപ്പെടുകയാണ്. വളരെയധികം പോഷകമൂല്യമുള്ള കുരുമാങ്ങയുടെ സംഭരണവും സംസ്കരണവും വിവിധ മൂല്യവർദ്ധിത ഉൽപ്പന്ന നിർമാണവും ഉറപ്പാക്കുന്ന യൂണിറ്റുകൾ സ്ഥാപിച്ചാൽ തൊഴിലവസരങ്ങൾ വർദ്ധിക്കും. മാത്രമല്ല പ്രകൃതി കനിഞ്ഞനുഗ്രഹിച്ച പോഷകമൂല്യങ്ങൾ പാഴാക്കപ്പെടുന്ന സ്ഥിതിവിശേഷം ഒഴിവാക്കാനും സാധിക്കും.

ജില്ലയിലെ കുറ്റ്യാട്ടൂർഭാഗത്ത് ഉത്പാദിപ്പിക്കപ്പെടുന്ന പ്രത്യേകയിനം മാങ്ങയാണ് കുറ്റ്യാട്ടൂർ മാങ്ങ. നമ്പ്യാർമാങ്ങ എന്നും നാട്ടുകാർ ഇതിനെ വിളിക്കാറുണ്ട്. പ്രത്യേക മണവും മാധുര്യവും കൂടുതലായുള്ള കാമ്പുമാണ് ഇതിനെ മറ്റ് മാങ്ങകളിൽനിന്ന് വ്യത്യസ്തമാക്കുന്നത്. പ്രത്യേക പരിചരണമോ വളപ്രയോഗമോ കീടനാശിനി പ്രയോഗമോ ഇല്ലാതെ തന്നെ നല്ല വിളവ് തരുന്ന നാട്ടുമാവുകളാണ് കുറ്റ്യാട്ടൂർ മാവുകൾ. അതുകൊണ്ടുതന്നെ വിഷവിമുക്തമായ ജൈവ ഫലമാണ് കുറ്റ്യാട്ടൂർമാങ്ങ. സീസണിൽ ജില്ലയിലും പുറത്തുമുള്ള കമ്പോളങ്ങളിൽ കുറ്റ്യാട്ടൂർ മാങ്ങ ധാരാളമായി എത്തുന്നു. വർഷത്തിൽ 8000 ടൺ മാങ്ങ ഉത്പാദിപ്പിക്കുന്നുണ്ട് എന്നാണ് ഏകദേശ കണക്ക്. കുറ്റ്യാട്ടൂർമാവ് കൃഷി വ്യാപിപ്പിക്കാനും മാങ്ങയിൽ നിന്ന് കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമിക്കാനുമുള്ള പ്രവർത്തന പദ്ധതി ആവിഷ്കരിക്കേണ്ടതുണ്ട്. ഇങ്ങനെ കണ്ണൂരിന്റെ പഴവർഗ ബ്രാന്റായി കുറ്റ്യാട്ടൂർ മാങ്ങയെ മാറ്റാൻ കഴിയും.

സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിന്റെ അഗ്രികൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് 2016–17 പ്രകാരം ജില്ലയുടെ ആകെ സ്ഥലവിസ്തൃതി 2,96,600 ഹെക്ടറാണ്. ഇതിൽ 48,734 ഹെക്ടർ വനവിസ്തൃതിയാണ്. 37,512 ഹെക്ടർ മറ്റ് കാർഷികേതര ഉപയോഗങ്ങൾക്കായി ഉപയോഗിക്കുന്നു. 1,246 ഹെക്ടർ കൃഷിയോഗ്യമല്ലാത്ത പാറപ്രദേശമാണ്. 287 ഹെക്ടർ ഇതര വൃക്ഷങ്ങൾ വളരുന്ന സ്ഥലമാണ്. കൃഷിക്കുപയുക്തമായ തരിശ് 6,405 ഹെക്ടറും തൽക്കാല തരിശ് 3,915 ഹെക്ടറും മറ്റിനം തരിശ് 4,069 ഹെക്ടറുമാണ്. ജില്ലയില് 95 ഹെക്ടർ ചതുപ്പ് നിലവും 6472 ഹെക്ടർ നിശ്ചല ജലപ്രദേശവും 372 ഹെക്ടർ വെള്ളക്കെട്ട് പ്രദേശവും 73 ഹെക്ടർ സാമൂഹ്യ വനവൽക്കരണ പ്രദേശവുമാണ്. ഇവയൊക്കെ കഴിച്ച് 1,87,932 ഹെക്ടർ പ്രദേശമാണ് കൃഷിക്കായി ഉപയോഗിക്കുന്നത്. ഇതിൽ 33,435 ഹെക്ടർ പ്രദേശം വർഷത്തിൽ ഒന്നിൽ കൂടുതൽ പ്രാവശ്യം കൃഷിചെയ്യുന്ന ഭൂമിയാണ്.

ലോകത്തിലെ രണ്ടാമത്തെയും ഏഷ്യയിലെ ഒന്നാമത്തേതുമായ കറപ്പത്തോട്ടം (കുറവ) അഞ്ചരക്കണ്ടിയിലായിരുന്നു. ബ്രിട്ടീഷ് ഭരണകാലത്ത് പ്രൗഢിയോടെ നിലകൊണ്ട ഈ പ്ലാന്റേഷൻ ഇപ്പോൾ നാശത്തിന്റെ വക്കിലാണ്. ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്ന കാസിയ കുറുവപ്പട്ടയ്ക്ക് പകരം നമ്മുടെ മാർക്കറ്റുകളിൽ വിൽക്കപ്പെടുന്നുവെന്ന് വാർത്തകളുണ്ട്. ഈ പശ്ചാത്തലത്തിൽ അഞ്ചരക്കണ്ടി കറപ്പത്തോട്ടം പുനരുജ്ജീവിപ്പിച്ച് ഗുണമേന്മയുള്ള സുഗന്ധദ്രവ്യോത്പാദന കേന്ദ്രമാക്കാനുള്ള സാധ്യതകൾ ആരായേണ്ടിയിരിക്കുന്നു.

രണ്ടാം ലോക മഹായുദ്ധാനന്തരമുണ്ടായ ഭക്ഷ്യക്ഷാമത്തെ തുടർന്ന് മധ്യ തിരുവിതാംകൂറിൽ നിന്നും മലബാർമേഖലയിലേക്ക് വൻതോതിൽ കുടിയേറ്റമുണ്ടായി. ജില്ലയിലെ മലയോരമേഖലയിൽ വനം വെട്ടിത്തെളിച്ച് പുനം കൃഷി എന്ന പേരിൽ കര നെൽകൃഷി ആരംഭിക്കുകയും പിന്നീട് പ്രസ്തുത പ്രദേശങ്ങൾ റബ്ബർ, കുരുവണ്ടി, തെങ്ങ്, കവുങ്ങ്, കുരുമുളക് തുടങ്ങിയ നാണ്യവിളകൾ കൃഷിചെയ്യുന്ന മേഖലകളായി മാറുകയും ചെയ്തു. തേൻ ഉത്പാദനത്തിൽ ജില്ലയെ സ്വയംപര്യാപ്തമാക്കാൻ ഉദ്ദേശിച്ചുള്ള നൂതന പദ്ധതിയായ 'തേൻ' കണ്ണൂർ ജില്ലാ പഞ്ചായത്തും കൃഷി കർഷക ക്ഷേമ വകുപ്പും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

1.3. ജനസംഖ്യ

അന്തിമ സ്ഥിതിവിവര കണക്കുകൾ 2011 എന്ന സെൻസസ് ഡയരക്ടറേറ്റ് പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ 13,41,557 സ്ത്രീകളും (53.17%), 11,81,446 പുരുഷന്മാരും (46.83%) ഉൾപ്പെടെ ജില്ലയിലെ ആകെ ജനസംഖ്യ 25,23,003 ആണ്. 2001ലെ സെൻസസ് പ്രകാരം സ്ത്രീകൾ 12,56,139ഉം (52.15%), പുരുഷന്മാർ 11,52,817ഉം (47.85%) അടക്കം ആകെ ജനസംഖ്യ 24,08,956 ആയിരുന്നു. സ്ത്രീജനസംഖ്യയുടെ അനുപാതം 2011 ൽ വർദ്ധിച്ചതായി കാണാം.

2011ലെ ജനസംഖ്യയെ സംബന്ധിച്ച് കണ്ണൂർ ജില്ല സംസ്ഥാനത്ത് എട്ടാം സ്ഥാനത്താണ്.

0-6 വയസ്സുവരെയുള്ള കുട്ടികളുടെ ജനസംഖ്യ പരിഗണിക്കുമ്പോൾ 2001നെ അപേക്ഷിച്ച് 2011 ൽ എണ്ണത്തിൽ കുറവ് വന്നതായി കാണാം. അതായത് ജില്ലയിലെ കുട്ടികളുടെ ജനസംഖ്യാ വളർച്ചയുടെ നിരക്ക് പൂജ്യത്തിന് താഴെയാണ് (-1.96%). ആകെ ജനസംഖ്യയുമായി താരതമ്യം ചെയ്യുമ്പോൾ കുട്ടികളുടെ ജനസംഖ്യ ഏറ്റവും കൂടുതലുള്ളത് മാട്ടൂൽ പഞ്ചായത്തിലും (14.74%), കുറവ് എരഞ്ഞോളി പഞ്ചായത്തിലും (8.61%) ആണ്.



2001ലെ സെൻസസുമായി താരതമ്യം ചെയ്യുമ്പോൾ 2011ൽ സ്ത്രീ-പുരുഷ അനുപാതം 46ന്റെ വർദ്ധനവോടെ 1,136 ആയിട്ടുണ്ട്. കേരളത്തിലെ സ്ത്രീ-പുരുഷ അനുപാതം 1084 ഉം ഇന്ത്യയിലേത് 943 ആയിരിക്കുമ്പോൾ മേൽ അനുപാതം ഏറെ ശ്രദ്ധേയമാണ്. കേരളത്തിൽ തന്നെ സ്ത്രീ-പുരുഷ അനുപാതം ഏറ്റവും കൂടുതലുള്ള ജില്ല കണ്ണൂർ ആണ്. ജില്ലയിലെ പഞ്ചായത്തുകളിൽ ഉയർന്ന സ്ത്രീ-പുരുഷ അനുപാതം ന്യൂമാഹി പഞ്ചായത്തിലും (1,273) കുറവ് പെരിങ്ങോം-വയക്കര പഞ്ചായത്തിലുമാണ് (984).

2011 ലെ കണക്ക് പ്രകാരം ജില്ലയിലെ ജനങ്ങളിലെ 65.04% പേരും നഗരമേഖലയിലാണ് വസിക്കുന്നത്. 1971 മുതലുള്ള കണക്കുകൾ പരിശോധിക്കുമ്പോൾ ഉയർന്ന നഗരസ്വഭാവം കാണിക്കുന്ന ജില്ലകളിലൊന്ന് കണ്ണൂർ ആണ്. 2001ൽ ജില്ലയിൽ 78 റൂറൽ വില്ലേജുകളും 45

അർബൻ വില്ലേജുകളും ആയിരുന്ന സ്ഥാനത്ത് 2011ൽ 56 റൂറൽ വില്ലേജുകളും 73 അർബൻ വില്ലേജുകളുമായി മാറി.

ജില്ലയിലെ ജനസംഖ്യാ താരതമ്യം (പട്ടികയിൽ) 1901 മുതൽ 2011 വരെ **അനുബന്ധം 1 ൽ** കൊടുക്കുന്നു.

ജില്ലയിലെ ജനസംഖ്യാ താരതമ്യം : 1901 മുതൽ 2011 വരെ



(അവലംബം -സെൻസസ് റിപ്പോർട്ട്)

ജനസംഖ്യ താരതമ്യം : സ്ത്രീ പുരുഷ അനുപാതം.



(അവലംബം -സെൻസസ് റിപ്പോർട്ട്)



(അവലംബം -സെൻസസ് റിപ്പോർട്ട്)

1901 മുതൽക്കു തന്നെ ജില്ലയിൽ സ്ത്രീകളുടെ എണ്ണം പുരുഷൻമാരുടെ എണ്ണത്തേക്കാൾ കൂടുതലാണ് എന്നു കാണാം.

1901 മുതലുള്ള ജില്ലയിലെ നഗര ഗ്രാമ ജനസംഖ്യാ പട്ടിക **അനുബന്ധം 2 ൽ** കൊടുക്കുന്നു.



	1901	1911	1921	1931	1941	1951	1961	1971	1981	1991	2001	2011
URBAN	55694	58215	55281	64585	70969	82471	211193	210975	612659	114547	121289	164098
RURAL	473929	507046	523399	598130	672353	821999	966755	134183	131806	110625	119605	882017

(അവലംബം -സെൻസസ് റിപ്പോർട്ട്)

ഓരോ 10 വർഷം കഴിയുമ്പോഴും നഗരപ്രദേശങ്ങളിൽ ഗ്രാമപ്രദേശങ്ങളേക്കാൾ ജനസംഖ്യ കൂടിവരുന്നതായി കാണാം. ജനസംഖ്യ : ഗ്രാമം/നഗരം (പട്ടികയിൽ) **അനുബന്ധം 3 ൽ** കൊടുക്കുന്നു.

ജനസംഖ്യ : ഗ്രാമം/നഗരം





(അവലംബം-സെൻസസ് റിപ്പോർട്ട്)

1.4. ആഭ്യന്തരോത്പാദനം:- ജില്ലയുടെ 2015-16 ലെ ആഭ്യന്തരോത്പാദനം നടപ്പുവിലയിൽ 37,27,473 ലക്ഷവും, സ്ഥിരവില (2011-12) യിൽ 29,72,726 ലക്ഷവുമാണ്. 2014-15 ൽ ഇത് യഥാക്രമം 33,58,216 ലക്ഷവും 27,57,405 ലക്ഷവുമാണ്. അതായത് 2014-15 നെ അപേക്ഷിച്ച് 2011-12ൽ 11 ശതമാനം വളർച്ച നടപ്പുവിലയിലും, 7.81 ശതമാനം വളർച്ച സ്ഥിരവിലയിലുമുണ്ട്.

2016-17 സാമ്പത്തിക വർഷം കൃഷിയിൽ നിന്നും അനുബന്ധമേഖലകളിൽ നിന്നുമുള്ള ജില്ലയുടെ ആഭ്യന്തരോത്പാദനം 2,545.74 കോടി രൂപയും (9%) നിർമാണ വ്യാവസായിക മേഖലകളിൽ നിന്നുള്ള

ഉത്പാദനം 8,499.21 (31%) കോടി രൂപയും സേവനമേഖലകളിൽ നിന്നുള്ള മൂല്യവർദ്ധനവ് 16,390.96 കോടി രൂപയും (60%) അടക്കം ആകെ ആഭ്യന്തരോത്പാദനം 27,435.91 കോടി രൂപയാണ്.

പ്രതിശീർഷവരുമാനം. 2015-16 ൽ ജില്ലയുടെ പ്രതിശീർഷവരുമാനം (2011-12 അടിസ്ഥാനവില) 1,04,246 രൂപയാണ്. ഇത് 2014-15 (97,178 രൂപ) ലേതിനേക്കാൾ 7.27 % വളർച്ച നിരക്ക് കാണിക്കുന്നു. പ്രതിശീർഷ വരുമാനത്തിന്റെ കാര്യത്തിൽ കണ്ണൂർ, കേരളത്തിലെ മറ്റ ജില്ലകളെ അപേക്ഷിച്ച് ഒമ്പതാം സ്ഥാനത്താണെങ്കിലും വളർച്ചാ നിരക്കിൽ അഞ്ചാം സ്ഥാനത്ത് (7.27%) ആണ്.

1.4.1. വിദ്യാഭ്യാസം:- മാനവ വികസന സൂചികയിൽ ജില്ലക്ക് ഉയർന്ന സ്ഥാനം നേടാൻ സാധിച്ചതിൽ വിദ്യാഭ്യാസ മേഖലക്ക് സുപ്രധാന പങ്കുണ്ട്. സാർവത്രികവും സൗജന്യവുമായ പ്രാഥമിക വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് വിപുലമായ അടിസ്ഥാന സൗകര്യങ്ങൾ ജില്ലയിലുണ്ട്. 281 സർക്കാർ സ്കൂളുകളും 962 എയ്ഡഡ് സ്കൂളുകളും 67 അൺ എയ്ഡഡ് സ്കൂളുകളും അടക്കം ആകെ 1310 സ്കൂളുകൾ ജില്ലയിലുണ്ട്. മലപ്പുറം ജില്ല കഴിഞ്ഞാൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സ്കൂളുകളുള്ള ജില്ലയാണ് കണ്ണൂർ. അതിൽ തന്നെ എയ്ഡഡ് സ്കൂളുകളുടെ എണ്ണത്തിൽ ജില്ല ഒന്നാംസ്ഥാനത്താണ്. ഏറ്റവും കൂടുതൽ അൺ എക്കണോമിക് സ്കൂളുകൾ (723) ഉള്ള ജില്ലയും കണ്ണൂർതന്നെ. 2017-18 വർഷത്തിൽ 1,50,636 ആൺകുട്ടികളും 1,43,992 പെൺകുട്ടികളും ഉൾപ്പെടെ ജില്ലയിലെ ആകെ വിദ്യാർത്ഥികളുടെ എണ്ണം 2,94,628 ആണ്. മുൻവർഷത്തേക്കാൾ 2,438 വിദ്യാർത്ഥികൾ ഈ വർഷം വർദ്ധിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകൽ നിരക്ക് താരതമ്യേന കുറഞ്ഞതാണെങ്കിലും പട്ടികവർഗ തീരദേശ മേഖലകളിൽ കൊഴിഞ്ഞുപോക്ക് പരിശോധിക്കപ്പെടേണ്ടതാണ്. കഴിഞ്ഞ വർഷം ആകെ 496 വിദ്യാർത്ഥികളാണ് കൊഴിഞ്ഞുപോയത് (0.17%). ജില്ലയിൽ 6 കേന്ദ്രീയ വിദ്യാലയങ്ങളും ഒരു നവോദയ വിദ്യാലയവും പ്രവർത്തിക്കുന്നുണ്ട്. ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രമായ 'ഡയറ്റ്' തലശ്ശേരിക്കടുത്ത പാലയാട് പ്രവർത്തിക്കുന്നു. ജില്ലയിൽ സർക്കാർ മേഖലയിൽ 81 ഉം എയ്ഡഡ് മേഖലയിൽ 62 ഉം അൺ എയ്ഡഡ് മേഖലയിൽ 17ഉം ആയി ആകെ 160 ഹയർ സെക്കണ്ടറി സ്കൂളുകൾ പ്രവർത്തിക്കുന്നു. ഇവയിലെല്ലാമായി 267 സയൻസ് ബാച്ചുകളും 114 ഹ്യൂമാനിറ്റീസ് ബാച്ചുകളും 179 കോമേഴ്സ് ബാച്ചുകളും ഉണ്ട്. ഇവ കൂടാതെ 18 ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളും ഒരു എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളും ജില്ലയിലുണ്ട്. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ വിവിധ വിഭാഗങ്ങളിലായി 56 ബാച്ചുകളാണ് ഉള്ളത്. 1996ൽ പ്രവർത്തനം ആരംഭിച്ച കണ്ണൂർ സർവകലാശാലയാണ് ഉന്നത വിദ്യാഭ്യാസ രംഗത്ത് കണ്ണൂരിന്റെ അമരത്തുള്ളത്. 4 ഗവൺമെന്റ് കോളജുകളും 9 എയ്ഡഡ് കോളജുകളും 31 അൺ എയ്ഡഡ് കോളജുകളും അടക്കം 44 ആർട്സ് ആന്റ് സയൻസ് കോളജുകൾ ജില്ലയിൽ ഉണ്ട്. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ഒരു ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളജും 10 അൺ എയ്ഡഡ് എഞ്ചിനീറിംഗ് കോളജുമാണ് ജില്ലയിലുള്ളത്. ഒരു വനിതാ ഐ.ടി.ഐ. ഉൾപ്പെടെ 8 ഇൻഡസ്ട്രിയൽ ടെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും സർക്കാർതലത്തിൽ രണ്ടെണ്ണമുൾപ്പെടെ 4 പോളിടെക്നിക് കോളജുകളുമുണ്ട്.

കാലടി ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റിയുടെ ഒരു റീജിയണൽ ക്യാമ്പസ് 1995 ജൂൺ 18 മുതൽ കണ്ണൂർ ജില്ലയിലെ പയ്യന്നൂരിൽ പ്രവർത്തിച്ചുവരുന്നുണ്ട്. സംസ്കൃത സാഹിത്യം, വേദാന്തം, മലയാളം, ജ്യോതിഷം തുടങ്ങിയ വിവിധ വിഷയങ്ങളിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ ഇവിടെ നടത്തി വരുന്നുണ്ട്.

ആരോഗ്യ വിദ്യാഭ്യാസ മേഖലയെ പരിഗണിക്കുമ്പോൾ സ്വാശ്രയമേഖലയിലുള്ള പരിയാരം, അഞ്ചരക്കണ്ടി മെഡിക്കൽകോളജുകളും രണ്ട് ഫാർമസി കോളജുകളും അൺ എയ്ഡഡ് മേഖലയിൽ 8 നഴ്സിംഗ് കോളജുകളും ഉണ്ട്. അധ്യാപക പരിശീലന സ്ഥാപനങ്ങളിൽ സർക്കാർ മേഖലയിൽ ഒന്നും എയ്ഡഡ് മേഖലയിൽ രണ്ടും അൺ എയ്ഡഡ് മേഖലയിൽ 7ഉം അടക്കം പത്ത് സ്ഥാപനങ്ങൾ കണ്ണൂർ ജില്ലയിൽ ഉണ്ട്. വിദ്യാഭ്യാസ മേഖലയിൽ കാലത്തിനനുസരിച്ച് മാറ്റം ഇനിയും വരേണ്ടതായിട്ടുണ്ട്. സ്മാർട് ക്ലാസ് റൂമുകളടക്കമുള്ള പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിച്ചും തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളായി മാറ്റിയും ഗുണപരമായ വലിയൊരു മാറ്റം ഈ മേഖലയിൽ ഉണ്ടാക്കാൻ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് കഴിയുന്നതാണ്.

1.4.2. ആരോഗ്യം:- ആരോഗ്യമുള്ള ജനത ഏതൊരു നാടിന്റെയും സമ്പത്താണ്. മെച്ചപ്പെട്ട പൊതുജനാരോഗ്യ സംവിധാനത്തിലൂടെ ആരോഗ്യമുള്ള സമൂഹത്തെ സൃഷ്ടിക്കുക എന്നതാണ് ഈ മേഖലയിലെ പൊതുനയം. രോഗചികിത്സയോടൊപ്പം രോഗപ്രതിരോധവും പ്രധാനമാണ്. രോഗപ്രതിരോധ രംഗത്ത് താരതമ്യേന മെച്ചപ്പെട്ട വാക്സിനേഷൻ നിരക്കാണ് ജില്ലയിലുള്ളത്.

അലോപ്പതി മേഖലയിൽ രണ്ട് മെഡിക്കൽ കോളജുകൾ ജില്ലയിലുണ്ട്. സ്വാശ്രയ കോളജുകളായ ഇവ വളർച്ചയുടെ ഘട്ടത്തിലാണ്. ഇതിൽ പരിയാരം മെഡിക്കൽ കോളജ് സഹകരണ മേഖലയിലുള്ള സ്ഥാപനമാണ്. സർക്കാർ മേഖലയിൽ ഒരു ജനറൽ ആശുപത്രിയും ഒരു ജില്ലാ ആശുപത്രിയും ഒരു ടി.ബി. സെന്ററും 7 താലൂക്ക് ആശുപത്രികളും 10 കമ്മ്യൂണിറ്റി ഹെൽത്ത്സെന്ററുകളും 82 പ്രൈമറി ഹെൽത്ത് സെന്ററുകളും മൂന്ന് ഡിസ്പെൻസറികളുമടക്കം 105 സ്ഥാപനങ്ങളാണുള്ളത്. മേൽപറഞ്ഞവ കൂടാതെ ജില്ലയിൽ 414 കുടുംബക്ഷേമ ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. കണ്ണൂർ ജില്ലാ ആശുപത്രിയിൽ 616ഉം തലശ്ശേരി ജനറൽ ആശുപത്രിയിൽ 541ഉം കിടക്കകളുണ്ട്. മറ്റ് സർക്കാർ ആശുപത്രികളിലായി 805 കിടക്കകളാണുള്ളത്. ഇതിന് പുറമെ ജില്ലയിൽ 105

ഓളം സ്വകാര്യ ആശുപത്രികളും നിലവിലുണ്ട്. ആയുർവേദ ചികിത്സാരംഗത്ത് പരിയാരത്ത് ഗവ. ആയുർവേദ മെഡിക്കൽ കോളജും പറശ്ശിനിക്കടവിൽ സ്വാശ്രയ ആയുർവേദ മെഡിക്കൽ കോളജും നിലവിലുണ്ട്. ജില്ലാ ഗവ. ആയുർവേദ ആശുപത്രിക്ക് പുറമെ തലശ്ശേരി, തളിപ്പറമ്പ്, പയ്യന്നൂർ എന്നിവിടങ്ങളിൽ ആയുർവേദ ആശുപത്രികളും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ആയുർവേദ ഡിസ്പെൻസറികളും സർക്കാർ മേഖലയിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ സ്വകാര്യ ആയുർവേദ ആശുപത്രികളും ചികിത്സാലയങ്ങളും ജില്ലയിൽ ധാരാളമായുണ്ട്.

ഹോമിയോ ചികിത്സാ മേഖലയിൽ ഒരു ഗവ. ഹോമിയോ ആശുപത്രിയും 85 ഹോമിയോ ഡിസ്പെൻസറികളും ജില്ലയിൽ പ്രവർത്തിച്ചുവരുന്നു. കണ്ണൂരിലെ സർക്കാർ ഹോമിയോ വന്ധ്യതാ ചികിത്സാ കേന്ദ്രം ഈ മേഖലയിൽ ഇന്ത്യയിൽ തന്നെ വേറിട്ട നേട്ടം കാഴ്ചവെച്ച മികച്ച സ്ഥാപനമാണ്. ഹോമിയോ രംഗത്തെ ഈ മികച്ച വന്ധ്യതാകേന്ദ്രം പുതിയ കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളുമായി ഇപ്പോൾ വികസനത്തിന്റെ പാതയിലാണ്. ഈ സ്ഥാപനത്തെ കേരള സർക്കാർ സെന്റർ ഓഫ് എക്സലൻസായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് പ്രകാരം വികസന പ്രവർത്തനങ്ങൾ പൂർണതയിലെത്തുന്നതോടെ നമ്മുടെ രാജ്യത്തെ ഏറ്റവും മെച്ചപ്പെട്ട ഹോമിയോ വന്ധ്യതാ ചികിത്സാ കേന്ദ്രമായി ഇത് മാറുമെന്നതിൽ സംശയമില്ല. ധാരാളം രോഗികൾ ആശ്രയിക്കുന്ന സ്വകാര്യ ഹോമിയോ ക്ലിനിക്കുകളും ജില്ലയിൽ നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നു. യുനാനി, സിദ്ധ തുടങ്ങിയ വൈദ്യശാസ്ത്ര ചികിത്സാലയങ്ങളും പാരമ്പര്യ ചികിത്സാ കേന്ദ്രങ്ങളും പ്രകൃതി, യോഗ ക്ലിനിക്കുകളും ജില്ലയിലുണ്ട്. പാപ്പിനിശ്ശേരി വിഷചികിത്സാ കേന്ദ്രം ഒന്നിലധികം വൈദ്യശാസ്ത്ര ശാഖകളുൾപ്പെടുത്തി സമഗ്രചികിത്സാ പദ്ധതി പ്രാവർത്തികമാക്കുന്ന ഒരു സ്ഥാപനമാണ്.

ക്യാൻസർ ചികിത്സാരംഗത്ത് സർക്കാർ മേഖലയിലുള്ള സ്വയംഭരണ സ്ഥാപനമായ മലബാർ ക്യാൻസർ സെന്റർ (എം.സി.സി.) സമീപ ജില്ലകളിലെയടക്കം ധാരാളം പേർക്ക് ആശ്രയമാണ്. നിലവിൽ കണ്ണൂർ ജില്ലാ ആശുപത്രിയിൽ ഒരു ഡയാലിസിസ് കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. സർക്കാർ മേഖലയിൽ കണ്ണൂർ ജില്ലാ ആശുപത്രി, തലശ്ശേരി ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ ബ്ലഡ് ബാങ്ക് പ്രവർത്തിച്ചുവരുന്നു.

സാന്ത്വന പരിചരണ രംഗത്ത് സമീപകാലത്ത് കാര്യമായ മുന്നേറ്റമുണ്ടാക്കാൻ ജില്ലക്ക് കഴിഞ്ഞിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളും ഐ.ആർ.പി.സി., സി.എച്ച്.സെന്റർ പോലുള്ള ഈ രംഗത്തെ സന്നദ്ധ സംഘടനകളും നല്ലരീതിയിൽ സാന്ത്വനപരിചരണ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. പാലിയേറ്റീവ് രംഗത്ത് പ്രവർത്തിക്കുന്ന ഐ.ആർ.പി.സി. എന്ന സന്നദ്ധസംഘടന (ഇനീഷ്യേറ്റീവ് ഫോർ റീഹാബിലിറ്റേഷൻ ആന്റ് പാലിയേറ്റീവ് കെയർ, കണ്ണൂർ) ഹോംകെയറിൽ പ്രഥമ പരിഗണന നൽകി പ്രവർത്തിച്ചുവരുന്നുണ്ട്. തയ്യിൽ ഭാഗത്ത്, കിടത്തി പരിചരണം നൽകുന്ന ഐ.ആർ.പി.സി. സാന്ത്വനകേന്ദ്രം ഈ മേഖലയിലെ ഒരു മാതൃകാ സ്ഥാപനമാണ്. ജില്ലയിലെ ഹോംകെയർ ലഭിക്കേണ്ട കിടപ്പിലായവരുടെ ജില്ലാതല റിപ്പോർട്ടിൽ 11,201 പേരുണ്ട്. എന്നാൽ ഐ.ആർ.പി.സി. എന്ന സന്നദ്ധസംഘടന സർവേയിലൂടെ കണ്ടെത്തിയാണ് 12,361 പേർ ഹോംകെയർ ആവശ്യമാണെന്ന് പറയുന്നുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നല്ലരീതിയുള്ള പ്രവർത്തനവും നടക്കുന്നുണ്ട്, സി.എച്ച്. സെന്റർ, പിക്ക്, സഞ്ജീവിനി, മൈത്രി, ആശ്രയ, അഭയ, ഡീപോൾ തുടങ്ങിയ സന്നദ്ധ സംഘടനകളും ജില്ലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

1.4.3. കായികം:- മൈതാനങ്ങളുടെ നാട്, ഫുട്ബോളിന്റെ കളിത്തൊട്ടിൽ എന്നീ വിശേഷണങ്ങളുണ്ടായിരുന്ന ജില്ലയാണ് കണ്ണൂർ. കണ്ണൂർ പട്ടാള ക്യാമ്പിനോട് ചേർന്ന കോട്ട മൈതാനത്ത് ബ്രിട്ടീഷ് പട്ടാളക്കാർ ഫുട്ബോൾ കളിക്കാൻ തുടങ്ങിയത് കാണികളിൽ ആവേശമുണ്ടാക്കുകയും ഫുട്ബോൾ പ്രചാരത്തിലാവാൻ കാരണമാവുകയും ചെയ്തു. 1930ൽ ബർണശ്ശേരിയിൽ രൂപംകൊണ്ട യങ്മെൻസ് ക്ലബ്ബ് ഫുട്ബോളിന്റെ ജനകീയതക്ക് ആക്കം കൂട്ടി. തളാപ്പ് യങ്മെൻസ്, മുസ്ലീം ബ്രദേർസ്, യങ് ചാലഞ്ചേർസ്, സ്പിരിറ്റഡ് യൂത്ത്സ്, ബ്രദേർസ് ക്ലബ്ബ് തുടങ്ങിയവയായിരുന്ന കണ്ണൂരിലെ ആദ്യകാല ഫുട്ബോൾ ക്ലബ്ബുകൾ. 1952ൽ നടന്ന സേഠ് നാഗ്ജി ഫുട്ബോൾ ടൂർണമെന്റിൽ പ്രഗത്ഭ താരങ്ങളെ കളത്തിലിറക്കിയ മോഹൻബഗാനെ സാധാരണക്കാരുടെയും തൊഴിലാളികളുടെയും ക്ലബ്ബായ ലക്കി സ്റ്റാർ കൊക്കേൻ പപ്പുവിന്റെ ഒരു ഗോളിന് പരാജയപ്പെടുത്തിയതോടെ കണ്ണൂരിലെ ഫുട്ബോൾ പുറംനാട്ടിലും ശ്രദ്ധിക്കപ്പെട്ടുതുടങ്ങി. 1957ൽ കണ്ണൂർ ജില്ലാ ഫുട്ബോൾ അസോസിയേഷൻ രൂപംകൊള്ളുകയും കണ്ണൂരിന്റെ ജനകീയ വിനോദമായി ഇത് മാറുകയും ചെയ്തു.

മുൻ ഇന്ത്യൻ ഫുട്ബോൾ ക്യാപ്റ്റൻ വി.പി.സത്യൻ, അന്താരാഷ്ട്ര ഫുട്ബോളറായ പി.കെ.ബാലചന്ദ്രൻ, ഇന്ത്യൻ താരങ്ങളായ കെ.സൂന, പി.കെ.റീത്ത, ഉഷാകുമാരി, റീന, സജിത, പ്രീത, ആശ തുടങ്ങിയവരും യുവതാരം സി.കെ.വിനീതും ഈ രംഗത്ത് കണ്ണൂരിന്റെ സംഭാവനകളാണ്.

ഗ്രാമീണ ജനതയുടെ കായിക വിനോദമായാണ് വോളിബോൾ അറിയപ്പെടുന്നത്. മലയോര മേഖലകളിലും ഏറ്റവും ജനപ്രീതിയാർജ്ജിച്ച ഗെയിം വോളിബോൾ തന്നെ. വൈകുന്നേരങ്ങളിൽ നാട്ടിലെ വോളിബോൾകോർട്ടിൽ കളിക്കാനും കളികാണാനും ഒത്തുകൂടുന്ന ജനങ്ങൾ കണ്ണൂരിലെ ഒരു ഭൂതകാല കാഴ്ചയായിരുന്നു. പേരാവൂർകാരനായ മൺമറഞ്ഞ വോളിബോൾ ഇതിഹാസം ജിമ്മി ജോർജ് ഈ രംഗത്തെ എക്കാലത്തെയും വിസ്മയമാണ്. അർജ്ജുന ജേതാവ് വി.പി.കുട്ടികൃഷ്ണൻ, ഇന്ത്യൻ വോളിബോൾ ടീമിന്റെ മുൻ ക്യാപ്റ്റൻ സലോമി രാമു, ജോസ് ജോർജ് തുടങ്ങിയവർ കണ്ണൂരിന്റെ വോളിബോൾ പാരമ്പര്യത്തിന്റെ മകുടങ്ങളാണ്. കണ്ണൂർ, തലശ്ശേരി, പയ്യന്നൂർ എന്നിവിടങ്ങളിൽ ഹോക്കിയും നല്ല നിലയിൽ ജനകീയതാർജിച്ച

കായികവിനോദമാണ്. കണ്ണൂർകോട്ട മൈതാനി കേന്ദ്രീകരിച്ചായിരുന്നു ഹോക്കി കളി. കണ്ണൂർ ഹോക്കിയിലെ പ്രധാനി ബർണശ്ശേരിക്കാരനായ ഫോഡ് ആണ്. അദ്ദേഹം മരണം വരെ ബർണശ്ശേരിയിലും കണ്ണൂർ എസ്.എൻ. കോളജിലും ഹോക്കി പരിശീലിപ്പിച്ചിരുന്നു. 1972ലെ മ്യൂണിക് ഒളിമ്പിക്സിൽ ഓട്ടുമെഡൽ നേടിയ ഇന്ത്യൻ ടീമിലെ കളിക്കാരൻ മാനുവൽ ഫ്രെഡറിക് ബർണശ്ശേരിക്കാരനാണ്.

കേരളത്തിലെ ക്രിക്കറ്റിന്റെ പിറവി തലശ്ശേരിയിലായിരുന്നു. 1800ൽ കേണൽ വെല്ലസ്ലി പട്ടാള തലവനായി തലശ്ശേരിയിൽ നിയോഗിക്കപ്പെട്ടപ്പോൾ ക്രിക്കറ്റ് ബാറ്റും ബോളും സ്റ്റമ്പും കൊണ്ടായിരുന്നു വന്നത്. വെല്ലസ്ലിയുടെയും സഹപ്രവർത്തകരുടെയും ക്രിക്കറ്റ്കളി കണ്ട് സമീപത്തെ മത്സ്യത്തൊഴിലാളികളും അലക്കുകാരും ക്രിക്കറ്റ് പരിശീലിച്ചുതുടങ്ങി. സർക്കസ് കലപതിയായ കീലേരി കുഞ്ഞിക്കണ്ണൻ ഗുരുക്കൾ അടക്കം പഴയ തലമുറയിലെ ധാരാളം പേർ നല്ല ക്രിക്കറ്റർമാരായി. ഫാസ്റ്റ് ബൗളറായിരുന്ന കീലേരിയുടെ ബൗളിംഗ് പലപ്പോഴും ബാറ്റ്സ്മാൻമാരെ പരിക്കേൽപ്പിച്ചിരുന്നതിനാൽ അദ്ദേഹം തന്നെ ക്രിക്കറ്റിൽനിന്ന് ഒഴിവാകുകയായിരുന്നു. സിക്സർ കുഞ്ഞിപ്പക്കി തലശ്ശേരിയിലെ എന്നത്തെയും മികച്ച ബാറ്റ്സ്മാനായിരുന്നു. ക്രിക്കറ്റിന്റെ കേന്ദ്രമായ തലശ്ശേരിയിൽ ഇപ്പോൾ ഒരു ആധുനിക ക്രിക്കറ്റ് സ്റ്റേഡിയം ഉണ്ട്. നിലവാരമുള്ള മത്സരങ്ങൾ ഇവിടെ അരങ്ങേറുന്നു. പ്രശസ്ത കായിക താരങ്ങളായ പി.ടി.ഉഷ, ബോബി അലോഷ്യസ്, എം.ഡി.വത്സമ്മ, മേഴ്സിക്കുട്ടൻ എന്നിവർ കണ്ണൂർ എ.ആർ. ക്യാമ്പിനോടനുബന്ധിച്ചുള്ള പഴയൊരു ഗ്രൗണ്ടിലാണ് പരിശീലനം നടത്തിയതും കഴിവ് തെളിയിച്ചതും എന്നത് ശ്രദ്ധേയമായ കാര്യമാണ്. ഇവരിൽ എം.ഡി. വൽസമ്മ കണ്ണൂർ ജില്ലക്കാരിയാണ്.

കണ്ണൂർ സ്പോർട്സ് സ്കൂൾ, തലശ്ശേരി സായി സെന്റർ തുടങ്ങിയവ മികച്ച കായിക പരിശീലന കേന്ദ്രങ്ങളാണ്. 16.27 ഏക്കർ സ്ഥലത്ത് പണികഴിപ്പിച്ച മുണ്ടയാട് മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയം ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ ഇൻഡോർ സ്റ്റേഡിയമാണ്. ഒരേസമയം 5000 പേർക്ക് ഇരുന്ന് കാണാനും 500 വാഹനങ്ങൾ പാർക്ക് ചെയ്യാനുമുള്ള സൗകര്യം ഇവിടെയുണ്ട്. അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്വിമ്മിംഗ് പൂൾ, ഷൂട്ടിംഗ് റെയ്ഞ്ച്, മറ്റിനങ്ങൾക്കുള്ള വിവിധ കോർട്ടുകൾ എന്നിവ ഇവിടെ നിർമിക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. മിക്ക പഞ്ചായത്തുകളിലും മിനി സ്റ്റേഡിയം ഉണ്ടെങ്കിലും ഇൻഡോർ സ്റ്റേഡിയങ്ങളും വ്യായാമകേന്ദ്രങ്ങളുമടങ്ങിയ ഗ്രാമീണ കായികകേന്ദ്രങ്ങൾ വന്നാൽ മാത്രമേ കായികരംഗത്ത് കൂടുതൽ മികവുണ്ടാക്കാൻ കഴിയൂ.

1.4.4. വ്യവസായം:– പരമ്പരാഗത വ്യവസായങ്ങളുടെ കാര്യത്തിൽ വളരെ സമ്പന്നമായൊരു ചരിത്രം ജില്ലയ്ക്കുണ്ട്. കയർ, ബീഡി, കൈത്തറി തുടങ്ങിയ ചെറുകിട വ്യവസായങ്ങളാണ് ജില്ലയിൽ അധികവും ഉണ്ടായിരുന്നത്. 1892ൽ സി ആറോൺ ആന്റ് സൺസ് എന്ന പേരിലാരംഭിച്ച നെയ്ത്ത് ശാലയാണ് ജില്ലയിലെ ആദ്യത്തെ വ്യവസായ സംരംഭം. ഒരു കാലത്ത് നാൽപ്പതിനായിരത്തോളം തറികളിൽ എഴുപതിനായിരത്തോളം പേർ ഈ മേഖലയിൽ പ്രവർത്തിച്ചിരുന്നു. പരമ്പരാഗത കൃഷിത്തറികൾക്ക് പകരം ഇന്നുപയോഗിക്കുന്നതരം തറികൾ കൊണ്ടുവന്നത് ബാസൽ മിഷനാണ്. ആധുനികതരം ചായങ്ങളും ഈ മേഖലയിൽ അവർ കൊണ്ടുവന്നു. തറിയിലും ചായംമുക്കലിലും ഉണ്ടായ ഈ മാറ്റം തൊഴിലാളികൾക്ക് ശാരീരികാധ്വാനം കുറച്ചു. കൂടുതൽ ഉത്പാദനത്തിനും വരുമാനവർദ്ധനവിനും ഇത് വഴിവെച്ചു. കുടിൽവ്യവസായം എന്ന നിലയിൽ നിന്നും നെയ്ത്ത് ഫാക്ടറികൾ എന്ന ആശയത്തിലേക്കുള്ള മാറ്റവും കൊണ്ടുവന്നത് ബാസൽമിഷനായിരുന്നു. ഇന്നും കണ്ണൂർ കൈത്തറി വിദേശരാജ്യങ്ങളിൽ ഖ്യാതിയുള്ള ഉൽപ്പന്നമായി തുടരുന്നു. വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കാനുള്ള ശ്രീനാരായണ ഗുരുവിന്റെ ആഹ്വാനം പിൻപറ്റി എസ്.എൻ.ഡി.പി. യോഗത്തിന്റെ ആഭിമുഖ്യത്തിൽ 1905ൽ കണ്ണൂരിൽ ആദ്യമായി ഒരു വ്യാവസായിക പ്രദർശനം നടന്നിരുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദം മുതൽ തന്നെ ജില്ലയിൽ ഉണ്ടായിരുന്ന മറ്റൊരു തൊഴിൽ മേഖലയാണ് ബീഡി നിർമാണം. ആ കാലഘട്ടത്തിൽ ബർമ്മയിലേക്കും മറ്റും ജില്ലയിൽ നിന്നും ഉത്പാദിപ്പിച്ച ബീഡി കയറ്റി അയച്ചിരുന്നതായി പറയപ്പെടുന്നു. 1966 ലെ ബീഡി സിഗാർ വർക്കേർസ് ആക്ട് നടപ്പാക്കുവാൻ 1968–ൽ അന്നത്തെ സംസ്ഥാന ഗവൺമെന്റ് തീരുമാനമെടുത്തതോടെ ഗണേഷ്, പി.വി.എസ്, ദർബാർ ബീഡി കമ്പനികൾ ഈ രംഗത്ത് നിന്നും പിൻവലിയുകയും, തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് 1969 ൽ ആരംഭിച്ച കേരള ദിനേശ് ബീഡി വർക്കേഴ്സ് സഹകരണ സംഘം ഈ രംഗത്ത് വൻ കുതിച്ചുചാട്ടം നടത്തുകയും ചെയ്തു. കേന്ദ്ര–സംസ്ഥാന സർക്കാരുകൾ ബീഡി തൊഴിലാളികൾക്ക് പ്രഖ്യാപിച്ച എല്ലാ വിധ ആനുകൂല്യങ്ങളും നൽകിക്കൊണ്ട് മുന്നോട്ടുപോയെങ്കിലും ഇന്ന് ഈ വ്യവസായം പ്രതിസന്ധിയിലാണ്. പുകവലിക്കെതിരെ രാജ്യമെമ്പാടും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സർക്കാർ നടപടികളും, കോടതി ഉത്തരവുകളും, ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങളും ബീഡി വിപണിയിൽ വൻ ഇടിവു വരുത്തി. ഇത് മനസ്സിലാക്കിക്കൊണ്ട് ഈ മേഖലയിൽ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് ആലോചിക്കുകയും വൈവിധ്യവൽക്കരണത്തിന്റെ പാതയിലേക്ക് നീങ്ങുകയും ചെയ്തു. കുട നിർമാണം, ഭക്ഷ്യസംസ്കരണം, ഇൻഫർമേഷൻ ടെക്നോളജി, അപ്പാരൽസ്, എന്നീ മേഖലകളിലാണ് ഇപ്പോൾ ചുവട് ഉറപ്പിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നവരിൽ 90 ശതമാനത്തോളം സ്ത്രീകളാണ്.

ജില്ലയിലെ മറ്റൊരു പരമ്പരാഗത വ്യവസായമാണ് കയർ നിർമാണം. ഒരു കാലത്ത് നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ഈ മേഖലയിൽ മറ്റ് തൊഴിൽ മേഖലകളെ അപേക്ഷിച്ച് കുറഞ്ഞ കൂലി നിരക്കാണ്

നിലവിലുള്ളത്. പുതിയ തലമുറ ഈ മേഖലയിൽ വരാത്തതും അന്യ സംസ്ഥാനങ്ങളിൽ നിന്ന് ചകിരിയും ഉൽപ്പന്നങ്ങളും കുറഞ്ഞ വിലയ്ക്ക് ഇവിടെ ഒഴുകുന്നതും ഈ വ്യവസായത്തെ ഏറെ തളർത്തിയിട്ടുണ്ട്. 2017-18 ലെ തൊഴിൽ ഉറപ്പ് പ്രവർത്തനങ്ങളുടെ ഭാഗമായി മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾക്കായി കയർ ഭൂവസ്ത്രം ഉപയോഗിക്കുക എന്ന സംസ്ഥാനസർക്കാരിന്റെ പുതിയ നയം ഈ മേഖലയിൽ പുത്തൻ ഉണർവ് ഉണ്ടാക്കിയിട്ടുണ്ട്.

നിരവധിപേർക്ക് ജോലി നൽകിക്കൊണ്ടിരിക്കുന്ന ജില്ലയിലെ പ്രധാന വ്യവസായ സ്ഥാപനമായ വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ്സ് കമ്പനി വളപട്ടണത്ത് അതിന്റെ പ്രവർത്തനം ഇന്നും നല്ല രീതിയിൽ തുടരുന്നു. കുഞ്ഞുപറമ്പ് കേന്ദ്രമായി ബനിയൻ കമ്പനികളും പ്രവർത്തിച്ചുവരുന്നു. കുഞ്ഞുപറമ്പിലെ വലിയവെളിച്ചം വ്യവസായ കേന്ദ്രം, പാലയാട് ഇൻഡസ്ട്രീയൽ എസ്റ്റേറ്റ്, മാങ്ങാട്ടുപറമ്പ് വ്യവസായകേന്ദ്രം, എരഞ്ഞോളി കിൻഫ്ര പാർക്ക് തുടങ്ങിയവ ജില്ലയിലെ ചെറുകിട സംരംഭങ്ങൾക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നു. ഇലക്ട്രോണിക്സ് രംഗത്ത് കേരളത്തിന്റെ യശസ്സുയർത്തിയ പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ മാങ്ങാട്ടുപറമ്പിൽ സ്ഥിതിചെയ്യുന്നു. ചൊവ്വ സഹകരണ സ്പിന്നിംഗ് മിൽ, വെസ്റ്റേൺ ഇന്ത്യ കോട്ടൺസ്, തിരുവേപ്പതി മിൽ, ബലിയപട്ടം ടൈൽ വർക്ക്സ്, ഭാരത് പ്ലൈവുഡ്സ്, ഫൈബർഫോം വളപട്ടണം, റബ്കോ, റെയ്ഡ്കോ എന്നിവ ജില്ലയിലെ പ്രധാന വ്യവസായ സ്ഥാപനങ്ങളാണ്. പിണറായിയിൽ പ്രവർത്തിക്കുന്ന ടാക്കോ കേബിൾസ് എന്ന പൊതുമേഖലാ സ്ഥാപനം ഇലക്ട്രിക് കേബിളുകൾ നിർമിക്കുന്നു. കൈത്തറി വ്യവസായത്തിന്റെ കേന്ദ്രമായ ജില്ലയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്ലൂം ടെക്നോളജി ക്യാമ്പസ് തോട്ടടയിൽ പ്രവർത്തിക്കുന്നു.

പരമ്പരാഗതമായി വെങ്കല പാത്രങ്ങളും വിളക്കുകളും പ്രതിമകളും നിർമിക്കുന്ന സ്ഥലമാണ് പയ്യന്നൂരിലെ കുഞ്ഞിമംഗലം. മൂശാരിമാർ എന്നറിയപ്പെടുന്ന ഇവിടുത്തെ ലോഹപ്പണിക്കാർ ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ അവയുടെ ഗുണമേന്മയും ആകർഷകത്വവും കൊണ്ട് ശ്രദ്ധേയമാണ്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിലും മംഗലാപുരം, കുടക് മേഖലകളിലും ഉള്ള പല ക്ഷേത്രങ്ങളിലും ഇവിടെ നിന്നുള്ള പഞ്ചലോഹ വിഗ്രഹങ്ങളാണ് പ്രതിഷ്ഠിച്ചിട്ടുള്ളത്. പ്രതിമ നിർമാണം കുഞ്ഞിമംഗലത്തുകാരെ സംബന്ധിച്ച് വ്രതാനുഷ്ഠാനത്തോടെയുള്ള ദൈവിക കർമമാണ്. ഹൈന്ദവ ഭവനങ്ങളിൽ ആരാധനക്കുപയോഗിക്കുന്ന നിലവിളക്കുകൾ, കിണ്ടികൾ, ഉരുളികൾ, മറ്റ് കൗതുക വസ്തുക്കൾ തുടങ്ങിയവയും ഇവിടെ നിർമിക്കുന്നു. കൃഷ്ണവിളക്കുകളും ദശാവതാര വിളക്കുകളും ഇവരുടെ കരവിരുതിന്റെ ഉദാഹരണങ്ങളാണ്. യന്ത്രസാമഗ്രികൾ ഉപയോഗിക്കാതെ തികച്ചും കരകൗശല വസ്തുക്കളായി നിർമിക്കപ്പെടുന്ന കുഞ്ഞിമംഗലത്തെ വെങ്കല-പഞ്ചലോഹ ഉൽപ്പന്നങ്ങൾ ലോഹ വ്യവസായ രംഗത്ത് കണ്ണൂരിന്റെ തനത് ഉൽപ്പന്നങ്ങളാണ്. ഏകദേശം നൂറോളം കുടുംബങ്ങൾ ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു. പയ്യന്നൂർ പവിത്ര മോതിരവും സവിശേഷ ശ്രദ്ധ ആകർഷിക്കപ്പെടുന്ന ഒന്നാണ്.

1.4.5. സഹകരണം:- കണ്ണൂർ ജില്ലയിൽ ശക്തമായൊരു സാന്നിദ്ധ്യം സഹകരണ മേഖലയ്ക്കുണ്ട്. കേരള സംസ്ഥാന രൂപീകരണത്തിനുശേഷവും 1932 ലെ മദ്രാസ് സഹകരണ നിയമമാണ് മലബാർ പ്രദേശത്ത് അനുവർത്തിച്ചിരുന്നതെങ്കിലും 1969 ൽ കേരള സഹകരണ നിയമം പാസ്സാക്കിയതോടെ സംസ്ഥാനത്തെ മുഴുവൻ സഹകരണ സ്ഥാപനങ്ങളും ഇതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കാൻ തുടങ്ങി.

ജില്ലയിലെ 2265 സഹകരണ സംഘങ്ങൾ നിലവിലുണ്ടെങ്കിലും ഭൂരിഭാഗവും വായ്പാ മേഖലയിൽ പ്രവർത്തിക്കുന്നവയാണ്. സഹകരണ വകുപ്പ്, വ്യവസായ വകുപ്പ്, കയർ വികസന വകുപ്പ്, ക്ഷീരവികസന വകുപ്പ്, ഫിഷറീസ് വകുപ്പ്, ഖാദി ഗ്രാമവ്യവസായ വകുപ്പ് എന്നീ മേഖലകൾക്ക് കീഴിലായി ഇവ വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നുണ്ടെങ്കിലും ഏറ്റവും കൂടുതൽ സംഘങ്ങൾ (1,405) പ്രവർത്തിക്കുന്നത് സഹകരണവകുപ്പിനു കീഴിൽ തന്നെയാണ്. വായ്പാ സഹകരണസംഘങ്ങൾക്ക് പുറമേ റബ്കോ, റെയ്ഡ്കോ, കേരള ദിനേശ് ബീഡി സഹകരണ സംഘം, പരിയാരം മെഡിക്കൽ കോളേജ് സഹകരണ സംഘം, പയ്യന്നൂർ സഹകരണ ആശുപത്രി, എ.കെ.ജി. സഹകരണ ആശുപത്രി, ഇന്ദിരാഗാന്ധി സഹകരണ ആശുപത്രി, തലശ്ശേരി സഹകരണ ആശുപത്രി, കോഫീ ഹൗസ്, വിസ്മയപാർക്ക്, വെജ്കോ, മിഡ്കോ എന്നിവയും ജില്ലയിൽ നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സഹകരണ സ്ഥാപനങ്ങളാണ്. കഴിഞ്ഞ 5 വർഷത്തെ കണക്ക് പരിശോധിക്കുമ്പോൾ 125 ഓളം സഹകരണസംഘങ്ങൾ ജില്ലയിൽ അധികമായി വന്നിട്ടുണ്ട്. ഈ മേഖലയിൽ വനിതാ പങ്കാളിത്തവും ഏറെ ശ്രദ്ധേയമാണ്. ടൂറിസം മേഖലയിൽ സഹകരണ സംഘങ്ങളുടെ ചുവടുവെപ്പ് ഏറെ പ്രതീക്ഷയോടെ നോക്കിക്കാണാവുന്നതാണ്.

1.4.6. ടൂറിസം:- പടിഞ്ഞാറ് കടൽത്തീരം മുതൽ കിഴക്ക് മലയോര മേഖലകൾ വരെ വ്യത്യസ്ത സ്വഭാവസവിശേഷതകളോടുകൂടിയ മനോഹരങ്ങളായ ധാരാളം വിനോദ സഞ്ചാര കേന്ദ്രങ്ങൾ കണ്ണൂരിലുണ്ട്. കണ്ണൂർ പയ്യാമ്പലം കടപ്പുറം പ്രകൃതി സൗന്ദര്യത്തിന് പേരുകേട്ടതാണ്. പ്രശസ്ത ശിൽപ്പി കാനായി കുഞ്ഞിരാമൻ നിർമിച്ച അമ്മയും കുഞ്ഞും എന്ന മൺ ശിൽപ്പം ഇവിടെയുണ്ട്. ശാന്ത സുന്ദരമായ ഈ കടൽത്തീരത്തോട് ചേർന്നാണ് സ്വദേശാഭിമാനി രാമകൃഷ്ണപിള്ള, എ.കെ.ജി., പാമ്പൻ മാധവൻ, കെ.ജി.മാരാർ, ഇ.കെ.നായനാർ, അഴീക്കോടൻ രാഘവൻ, സി.കണ്ണൻ, ചടയൻ ഗോവിന്ദൻ, സുകുമാർ അഴീക്കോട് തുടങ്ങിയവരുടെ ശവകുടീരങ്ങൾ കുടികൊള്ളുന്നത്.

കണ്ണൂരിലെ സെന്റ് ആഞ്ചലോസ് കോട്ട ചരിത്രപ്രാധാന്യമുള്ള ടൂറിസ്റ്റ് കേന്ദ്രമാണ്. കേരളത്തിലെ ഏക മുസ്ലീം രാജവംശമായ അറക്കൽ രാജകൊട്ടാരത്തിലെ ദർബാർ ഹാൾ ഇപ്പോൾ അറക്കൽ മ്യൂസിയമായി സംരക്ഷിച്ചുവരുന്നു. കണ്ണൂർ സിറ്റിയിലാണ് ചരിത്രത്തിലെ അമൂല്യ രേഖകളും യുദ്ധോപകരണങ്ങളും മറ്റ് വസ്തുക്കളും അടക്കമുള്ള പൈതൃക സ്വത്തുക്കൾ പ്രദർശിപ്പിക്കുന്ന അറക്കൽ മ്യൂസിയം സ്ഥിതിചെയ്യുന്നത്. 1705ൽ ബ്രിട്ടീഷുകാർ സ്ഥാപിച്ച തലശ്ശേരി കോട്ടയും സമീപത്തുള്ള സെന്റ് ജോൺസ് ദേവാലയവും പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളാണ്. ഹെർമൻ ഗുണ്ടർട്ട് താമസിച്ചിരുന്ന ഇല്ലിക്കുന്നിലെ ഭവനം ഗുണ്ടർട്ട് ബംഗ്ലാവായി സംരക്ഷിച്ചുപോരുന്നു.

ഒരുകാലത്ത് തലശ്ശേരിയിൽനിന്നും കടൽമാർഗമുള്ള വാണിജ്യപ്രവർത്തനങ്ങൾക്ക് വേണ്ടി നിർമിക്കപ്പെട്ടതാണ് തലശ്ശേരി കടൽപ്പാലം. അറബിക്കടലിലേക്ക് തള്ളിനിൽക്കുന്ന ഈ കടൽപ്പാലം 1910ൽ ഈസ്റ്റ് ഇന്ത്യാ കമ്പനി നിർമിച്ചതാണ്. സുഗന്ധദ്രവ്യ കയറ്റുമതിക്ക് വേണ്ടി ധാരാളം ചെറുകപ്പലുകൾ ഇവിടെ വന്നടുത്തിരുന്നു. 1971 വരെ കയറ്റിറക്കുമതി നടന്നിരുന്ന കടൽപ്പാലം ഇന്ന് അറബിക്കടലിന്റെ സൗന്ദര്യാസ്വാദന കേന്ദ്രമായി മാറിയിരിക്കുന്നു.

ജില്ലയിലെ അതിമനോഹരമായ കടൽത്തീരമാണ് മുഴപ്പിലങ്ങാട് ബീച്ച്. കണ്ണൂരിനും തലശ്ശേരിക്കും ഇടയിൽ ദേശീയപാതക്ക് സമാന്തരമായാണ് ഈ കടൽത്തീരം സ്ഥിതിചെയ്യുന്നത്. 5 കിലോമീറ്റർ ദൂരമുള്ള ഏഷ്യയിലെ ഏറ്റവും വലിയ ഡ്രൈവ് ഇൻ ബീച്ചാണ് മുഴപ്പിലങ്ങാട് ബീച്ച്. ഇതിനടുത്തുതന്നെ കടലിൽ 200 മീറ്റർ ഉള്ളിലായി പ്രകൃതിമനോഹരമായ ധർമടം തുരുത്ത് സ്ഥിതിചെയ്യുന്നു. ധർമടം തുരുത്തിനടുത്തുള്ള ധർമടം ബീച്ച് കാറ്റാടി മരങ്ങൾ നിറഞ്ഞ മനോഹരമായ കടലോരമാണ്. കണ്ണൂർ അഴീക്കലിലെ മീൻകുന്ന് ബീച്ച്, വെള്ളിക്കീൽകടവ് ടൂറിസ്റ്റ് സെന്റർ എന്നിവയും അറബിക്കടലിന്റെ മനോഹാരിത ആവാഹിച്ച ബീച്ചുകളാണ്.

നടുവിൽ പഞ്ചായത്തിലെ പാലക്കയം തട്ട് മലയോര മേഖലയിലെ ജൈവവൈവിധ്യം നിറഞ്ഞ ടൂറിസ്റ്റ് കേന്ദ്രമാണ്. ജില്ലാ ആസ്ഥാനത്ത് നിന്നും 65 കിലോമീറ്റർ കിഴക്കായി 4500 അടി ഉയരത്തിലുള്ള വിനോദസഞ്ചാര കേന്ദ്രമാണ് പൈതൽ മല. കേരള കർണ്ണാടക അതിർത്തിയിലായി സ്ഥിതിചെയ്യുന്ന പൈതൽമല കുളിർമയുള്ള കാലാവസ്ഥകൊണ്ടും മനോഹരമായ കാഴ്ചകളാലും ധാരാളം വിനോദസഞ്ചാരികളെ ആകർഷിക്കുന്ന ഒരു ട്രക്കിംഗ് കേന്ദ്രമാണ്. ഇതിനടുത്തുതന്നെയുള്ള ജാനുപ്പാറ വെള്ളച്ചാട്ടം അതിമനോഹരവും താരതമ്യേന അപായരഹിതവുമാണ്.

ജില്ലയിൽ മലയോരമേഖലയിലെ പ്രധാന ഇക്കോ ടൂറിസം കേന്ദ്രമാണ് കാഞ്ഞിരക്കൊല്ലി. ശശിപ്പാറയും ഒരു വെള്ളച്ചാട്ടവും ഇവിടുത്തെ പ്രധാന കാഴ്ചയാണ്. തുപ്പങ്ങോട്ടൂർ പഞ്ചായത്തിലെ കുടിയേറ്റ കേന്ദ്രമായ നരിക്കോട്മല മനോഹരമായ കാഴ്ചകളാൽ സമീപകാലത്ത് വിനോദസഞ്ചാരികളെ ഏറെ ആകർഷിച്ച സ്ഥലമാണ്. മാലൂർ പുരളിമല ചിത്രപീഠവും ഉയരക്കാഴ്ചകൾ കൊണ്ട് ആളുകളെ ആകർഷിക്കുന്നു. ജൈവവൈവിധ്യംകൊണ്ട് ശ്രദ്ധേയമായ പ്രകൃതിസുന്ദരമായ കുന്നിൻ പ്രദേശമാണ് മാടായിപ്പാറ. 600 ഓളം ഏക്കറിൽ പരന്നുകിടക്കുന്ന ഈ പ്രദേശത്ത് ഏത് വേനലിലും വറ്റാത്ത കുളങ്ങളുണ്ട്. ജൂതൻമാർ പണിതതിനാൽ ഈ പാറക്കുളങ്ങൾ ജൂതക്കുളമെന്നും അറിയപ്പെടുന്നു. ഭാരതത്തിൽ ആദ്യമായി ജൂത കുടിയേറ്റം നടന്നത് ഇവിടെയാണെന്ന് വിശ്വസിക്കപ്പെടുന്നു. മാടായി കാവ്, വടുകുന്ദ ശിവക്ഷേത്രം, പന്ത്രണ്ടാം നൂറ്റാണ്ടിൽ പണിത മാടായി മുസ്ലീം പള്ളി എന്നിവ ഇവിടെയാണ്. മുണ്ടേരി പക്ഷിനിരീക്ഷണ കേന്ദ്രം പ്രകൃതിയുടെ മറ്റൊരു വരദാനമാണ്.

കണ്ണൂർ നഗരത്തിൽ നിന്നും 16 കിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്ന പറശ്ശിനിക്കടവ് പാമ്പ് വളർത്തുകേന്ദ്രം വിവിധതരം പാമ്പുകളുടെയും ഉരഗവർഗങ്ങളുടെയും പക്ഷികളുടെയും സംരക്ഷണ പ്രദർശന കേന്ദ്രമാണ്. ശീതീകരിച്ച പ്രത്യേക കൂട്ടിൽ സംരക്ഷിക്കപ്പെടുന്ന രാജവെമ്പാലകളടക്കം 150 ഓളം ഇനം പാമ്പുകളിവിടെയുണ്ട്. ധാരാളം സന്ദർശകർ എത്തുന്ന ഇവിടെ ഓരോ മണിക്കൂർ കൂടുമ്പോഴും പാമ്പുകളെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ നടത്തപ്പെടുന്നു.

കണ്ണൂരിലെ പുരാതന രാജവംശമായ മൂഷിക രാജാക്കൻമാരുടെ ആസ്ഥാനമായിരുന്ന ഏഴിമല ജില്ലാ ആസ്ഥാനത്ത് നിന്നും 38 കിലോമീറ്റർ വടക്കായി സ്ഥിതിചെയ്യുന്നു. ഹനുമാൻ മരുത്വാമല കൊണ്ടുവരുമ്പോൾ അതിന്റെ ഒരു ഭാഗം അടർന്ന് വീണ് ഉണ്ടായതാണ് ഏഴിമല എന്ന ഐതിഹ്യമുണ്ട്. ഹനുമാന്റെ 41 അടി ഉയരമുള്ള വലിയ ഒരു പ്രതിമ ഏഴിമലയിലെ ഉയർന്ന പ്രദേശമായ പരുത്തിക്കാട് ഉണ്ട്. വളരെ ഉയരത്തിലുള്ള ദീപസ്തംഭവും ഏഴിമല കടൽത്തീരത്തുണ്ട്. നേവൽ അക്കാദമി പ്രവർത്തിക്കുന്ന സ്ഥലമായതിനാൽ പ്രവേശനത്തിന് അനുമതി ആവശ്യമാണ്.

ജില്ലയിലെ തലശ്ശേരിക്കടുത്ത നൃമാഹി പഞ്ചായത്തിൽ മയ്യഴിപ്പുഴയുടെ തീരത്ത് സ്ഥിതിചെയ്യുന്ന മലയാള കലാഗ്രാമം കലാപഠനത്തിനും സാംസ്കാരിക സംവാദങ്ങൾക്കുമുള്ള ഒരു വേദിയാണ്. മലയാള സാഹിത്യത്തിലെ ആധുനികതയുടെ വക്താവായ എം.ഗോവിന്ദന്റെ ആശയങ്ങൾ കലാഗ്രാമം രൂപപ്പെടുന്നതിൽ ഗണ്യമായ പങ്കുവഹിച്ചിട്ടുണ്ട്. സംഗീതം, നൃത്തം, ചിത്രകല, ശിൽപ്പനിർമാണം തുടങ്ങിയവയെല്ലാം അഭ്യസിപ്പിക്കുന്ന ഇവിടെ നാല് ആർട്ട് ഗ്യാലറികളും കുമാരനാശാന്റെ വെങ്കല ശിൽപ്പവും ഉണ്ട്.

കടക് മലകളിൽനിന്നും വയനാടൻ കാടുകളിൽ നിന്നും ഉത്ഭവിച്ച് അറബിക്കടലിലേക്ക് ഒഴുകുന്ന വളപട്ടണം പുഴക്ക് കുറുകെ മട്ടന്നൂരിൽ ജലസേചനത്തിനായി പണിത പഴശ്ശി അണക്കെട്ട് പ്രധാന വിനോദ സഞ്ചാര കേന്ദ്രമാണ്.

വളപട്ടണം പുഴയോട് ചേർന്ന് സ്ഥിതിചെയ്യുന്ന പറശ്ശിനിക്കടവ് മുത്തപ്പൻ ക്ഷേത്രം ജില്ലയിലെ പ്രധാന തീർത്ഥാടന കേന്ദ്രമാണ്. കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും മുത്തപ്പൻ തെയ്യക്കോലം കാണാൻ നിരവധി വിശ്വാസികൾ പറശ്ശിനിക്കടവിലെത്തുന്നു. ദക്ഷിണ കാശിയെന്നറിയപ്പെടുന്ന കൊട്ടിയൂർ അമ്പലവും കണ്ണൂർ ജില്ലയിലാണ്. മലയോര മേഖലയായ കൊട്ടിയൂരിൽ എല്ലാവർഷവും നടക്കുന്ന വൈശാഖ മഹോത്സവത്തിന് മറ്റ് ജില്ലകളിൽ നിന്നടക്കം ആയിരക്കണക്കിന് ഭക്തരാണ് എത്തിച്ചേരുന്നത്. പഴശ്ശിരാജയുടെ കുലദേവതാ സ്ഥാനമുള്ള മുഴക്കുന്ന് മൂദംഗശൈലേശ്വരി ക്ഷേത്രം സമീപകാലത്ത് വാർത്താപ്രധാന്യം നേടുകയും തീർത്ഥാടനകേന്ദ്രമായി പരിണമിക്കുകയും ചെയ്തിട്ടുണ്ട്. കണ്ണവം തൊടീക്കളം ശിവക്ഷേത്രം ചുവർചിത്ര കലയുമായി ബന്ധപ്പെട്ട് പ്രശസ്തമായ ക്ഷേത്രമാണ്.

കണ്ണവം വെളുമ്പത്ത് മുസ്ലീം പള്ളി, മാടായി പള്ളി, ഇരിക്കൂർ നിലാമുറ്റം പള്ളി, മെരുവമ്പായി പള്ളി, മട്ടന്നൂർ പാലോട്ടുപള്ളി, പുറത്തിൽപള്ളി, നുച്യാട് കോടാറമ്പ് പള്ളി, കണ്ണൂർ അറക്കൽ പള്ളി, തലശ്ശേരി ഓടത്തിൽപള്ളി തുടങ്ങിയവ പൗരാണികതകൊണ്ടും വാസ്തുശിൽപ്പം കൊണ്ടും ചരിത്രപ്രാധാന്യം കൊണ്ടും ശ്രദ്ധേയമായ മുസ്ലീം ആരാധനാലയങ്ങളാണ്.

വള്ളിത്തോട് സെന്റ് ജൂഡ് ദേവാലയം, കോളയാട് വിശുദ്ധ അൽഫോൻസാമ്മയുടെ പള്ളി, ചന്ദനക്കാംപാറയിലെ മദർതെരേസ പള്ളി, മടപ്പുരച്ചാൽ വേളാങ്കണ്ണി ദേവാലയം, തലശ്ശേരി സെന്റ് ജോൺസ് പള്ളി, ഏലപ്പീടിക വിശുദ്ധ സെബാസ്റ്റ്യനോസിന്റെ നാമധേയത്തിലുള്ള ദേവാലയം, ജില്ലയിലെ ആദ്യ ഇംഗ്ലീഷ് പള്ളിയായ ബർണശ്ശേരി പള്ളി തുടങ്ങിയവ ജില്ലയിലെ പ്രശസ്തങ്ങളായ ക്രിസ്ത്യൻ ആരാധനാകേന്ദ്രങ്ങളാണ്.

1.5. തൊഴിലും തൊഴിൽ പങ്കാളിത്തവും:- പരമ്പരാഗത തൊഴിൽ മേഖലകളായ കൈത്തറി ബീഡി നിർമാണം തുടങ്ങിയവ ക്ഷയിക്കുകയും പ്രധാന തൊഴിൽമേഖല നിർമാണ മേഖലയായി മാറുകയും ചെയ്തിട്ടുണ്ട്. നിർമാണ മേഖലയിൽ ധാരാളം ഇതരസംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്നുമുണ്ട്. എങ്കിലും തൊഴിലില്ലായ്മ ഒരു പ്രധാന പ്രശ്നമായി നിലനിൽക്കുന്നു. ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ 2017 സപ്തംബർ വരെയുള്ള കണക്കനുസരിച്ച് 1,93,014 പേർ തൊഴിൽരഹിതരായുണ്ട്. 80,246 പുരുഷൻമാരും 1,12,768 സ്ത്രീകളും. ഇതിൽ 23549 പേർ ബിരുദധാരികളാണ്. കായിക തൊഴിലിനോടുള്ള നമ്മുടെ മനോഭാവവും തൊഴിലില്ലായ്മയിലെ ഒരു വിഷയമാണ്.

2013 ലെ സാമ്പത്തിക സെൻസസ് പ്രകാരം ജില്ലയിൽ 252078 സംരംഭങ്ങളിലായി 483465 പേർ തൊഴിലാളികളായുണ്ട്. ഇത് കേരളത്തിലെ മൊത്തം സംരംഭങ്ങളുടെ 7.51 ശതമാനം വരും. ഈ പറഞ്ഞവയിൽ 71046 എണ്ണം കാർഷിക സംരംഭങ്ങളാണ്. കണ്ണൂർ ജില്ലയിലെ ആകെ സംരംഭകരിൽ 26.53 ശതമാനം സ്ത്രീ സംരംഭകരാണ്. ഇതിൽ തന്നെ 63768 സംരംഭങ്ങൾ മറ്റ് തൊഴിലാളികളില്ലാതെ സ്ത്രീകൾ സ്വയം നടത്തുന്നവയാണ്. 2005 ൽ നിന്നും 2013 ലെത്തുമ്പോൾ ജില്ലയിലെ സംരംഭങ്ങൾ നഗര പ്രദേശത്ത് 80 ശതമാനം വർദ്ധനവ് രേഖപ്പെടുത്തുമ്പോൾ ഗ്രാമ പ്രദേശത്ത് ഇവ 14.78 ശതമാനം കുറവാണ്. കൂടാതെ സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണവും ഈ കാലയളവ് പരിഗണിക്കുമ്പോൾ 2 ശതമാനത്തിലധികം കുറവ് കാണിക്കുന്നു.

ഭാഗ്യക്കുറി:- കേരളത്തിന്റെ സാമൂഹ്യ പുരോഗതിയിൽ കാര്യമായ പങ്കുവഹിക്കുന്ന കേരള സംസ്ഥാന ഭാഗ്യക്കുറിവകുപ്പ് 1967 ൽ പ്രവർത്തനം ആരംഭിച്ചെങ്കിലും 1968 ലാണ്. കണ്ണൂർ ജില്ലാ ഭാഗ്യക്കുറി ഓഫീസ് നിലവിൽ വന്നത്. ആരംഭഘട്ടത്തിൽ ടഷറി വകുപ്പ് വഴിയാണ് ടിക്കറ്റ് വിൽപ്പന നടത്തിവന്നിരുന്നത്. സാധാരണക്കാരും അംഗപരിമിതരും ഉൾപ്പെടെ ജില്ലയിൽ 5200 ഏജന്റുമാർ ഉപജീവനത്തിനായി ഈ മേഖലയെ ആശ്രയിച്ചുപോരുന്നു. കേവലം ടിക്കറ്റ് വിൽപനയും സമ്മാന വിതരണവും ചെയ്യൽ തുടങ്ങിയ ഈ പ്രസ്ഥാനം ഇന്ന് ചരിത്രത്തിന്റെ ഏറ്റവും മികച്ച നേട്ടത്തിലെത്തിയിരിക്കുകയാണ്. വിൽപ്പന, ക്ഷേമനിധി അംഗങ്ങൾക്ക് ആനുകൂല്യം വിതരണം ചെയ്യൽ എന്നിവ കൂടാതെ കാരുണ്യ ചികിത്സാ സഹായ പദ്ധതിയിലൂടെ ജില്ലയിൽ 10,000 ത്തോളം പേർക്ക് പരിയാരം ഹൃദയാലയം വഴി ഹൃദയ ശസ്ത്രക്രിയ ചെയ്യ കൊടുക്കുവാനും മലബാർ കാൻസർ സെന്റർ മുഖേന 9101 രോഗികൾക്ക് ആശ്വാസം നൽകുവാനും ഇതുവഴി സാധിച്ചിട്ടുണ്ട്. 2017-18 സാമ്പത്തികവർഷം 539 കോടി രൂപ സംസ്ഥാന ലജനാവിന് നേടി കൊടുക്കുവാനുള്ള തയ്യാറാടെടുപ്പിലാണ് കണ്ണൂർ ജില്ലാ ഭാഗ്യക്കുറി ഓഫീസ്.

1.6. പട്ടികജാതി-പട്ടികവർഗമേഖല:- ഭരണഘടനയുടെ 341, 342 അനുച്ഛേദങ്ങളിൽ യഥാക്രമം ഉൾപ്പെടുത്തപ്പെട്ടവരാണ് പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾ. ജില്ലയിലെ ആകെ ജനസംഖ്യയുടെ 3 ശതമാനം വരുന്ന പട്ടികജാതിക്കാരിൽ 43.80 ശതമാനം അധിവസിക്കുന്നത് 612 സങ്കേതങ്ങളിലായാണ്. പട്ടികവർഗക്കാരെ പരിഗണിക്കുമ്പോൾ പണിയൻ, കുറിച്യർ, കരിമ്പാലൻ, മാവിലൻ, മലവേട്ടുവൻ, എന്നിവരാണ് ജില്ലയിലെ ഈ വിഭാഗത്തിലെ പ്രബല വിഭാഗങ്ങൾ. ഇവർ 440 കോളനികളിലായി താമസിച്ചുവരുന്നു. കേന്ദ്ര സംസ്ഥാന

സർക്കാറുകൾ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളുടെ സാമൂഹ്യ ഉന്നമനത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 2011ലെ സെൻസസ് അനുസരിച്ച് പട്ടികജാതി ജനസംഖ്യ 83,350ഉം പട്ടികവർഗ ജനസംഖ്യ 41,371ഉം ആണ്. ജില്ലയിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ താരതമ്യേന ഉയർന്ന ജീവിതനിലവാരം പുലർത്തുന്നവരാണ്. എന്നാൽ ഇതര സാമൂഹ്യവിഭാഗങ്ങളുമായി തുലനം ചെയ്യുമ്പോൾ ഇനിയും കുറേകൂടി പുരോഗതി കൈവരിക്കേണ്ടതുണ്ട്. വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് തുടങ്ങിയവയും, സംരംഭകർക്ക് ധനസഹായം, സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർക്ക് അപ്രന്റിസ്ഷിപ്പ്, തൊഴിലാളികൾക്ക് ടൂൾ കിറ്റ്, വിവാഹ ധനസഹായം, ഭ്രൂരഹിത പുനരധിവാസ പദ്ധതി, ഭവനനിർമാണ സഹായം, ഭവന പുനരുദ്ധാരണം, വിദേശത്ത് തൊഴിൽതേടുന്നതിനുള്ള സഹായം തുടങ്ങിയ സാമൂഹ്യക്ഷേമ പരിപാടികളും തനത് കലാസാഹിത്യ പ്രോത്സാഹന പരിപാടികളും പട്ടികജാതിവകുപ്പ് നടത്തുന്നു.

ചരിത്രപരമായ കാരണങ്ങളാൽ സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നിലായ ജനവിഭാഗങ്ങളെ മുഖ്യധാരയിലെത്തിക്കുന്നതിനുള്ള പ്രവർത്തനപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക എന്നത് ഏതൊരു രാജ്യത്തിന്റെയും കടമയാണ്. വിവേചനപൂർണമായ ഭൂതകാലം പിന്നോക്കാവസ്ഥയിലാക്കിയ ജനവിഭാഗങ്ങളുടെ മുന്നേറ്റം സാധ്യമാകുന്നതിന് നാം ഇനിയും ഏറെ ദൂരം സഞ്ചരിക്കേണ്ടതുണ്ട്.

പട്ടികവർഗ വിഭാഗത്തിൽ ചില സമുദായങ്ങൾ അങ്ങേയറ്റം പിന്നോക്കം നിൽക്കുന്നു. ഭൂമിയുടെ ഉടമസ്ഥത, പൊതു ഇടങ്ങളിലെ പങ്കാളിത്തം എന്നതിലെല്ലാം പിന്നോക്കം നിൽക്കുന്ന പട്ടികവർഗമേഖലയിലെ പ്രശ്നങ്ങളും നാളിതുവരെയുള്ള ക്ഷേമപ്രവർത്തനങ്ങൾ കൊണ്ട് പൂർണമായി പരിഹരിക്കപ്പെട്ടിട്ടില്ല. ഈ നാടിന്റെ നേരവകാശികളായ ഗോത്രവർഗ വിഭാഗങ്ങളെ മുഖ്യധാരയിലെത്തിക്കാൻ നാം ഇനിയും പരിശ്രമിക്കേണ്ടതുണ്ട്.



1.7. വനിതാ ശിശുക്ഷേമം:- വനിതാ ശിശുക്ഷേമവുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലയിൽ ഐ.സി.ഡി.എസ്. ഓഫീസ് പ്രവർത്തനം ആരംഭിച്ചത് 1985-86 വർഷത്തിലാണ്. ജില്ലയിൽ ആകെ 2503 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 1861 എണ്ണത്തിന് മാത്രമേ സ്വന്തമായി കെട്ടിടമുള്ളൂ. 362 എണ്ണം വാടക കെട്ടിടത്തിലും 85 എണ്ണം സ്കൂൾ കോമ്പൗണ്ടുകളിലും 195 എണ്ണം മറ്റ് വാടകരഹിത കെട്ടിടങ്ങളിലും പ്രവർത്തിക്കുന്നു. കുട്ടികൾക്കുള്ള പോഷകാഹാര പദ്ധതി, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരക്കാർ എന്നിവർക്കുള്ള ക്ഷേമപദ്ധതികൾ തുടങ്ങിയവയാണ് വനിതാ ശിശുക്ഷേമ പദ്ധതി മുഖേന നടപ്പിലാക്കുന്നത്. 2016-17 വർഷത്തിൽ അംഗൻവാടികളിൽ സോഷ്യൽ ഓഡിറ്റ് നടത്തുകയുണ്ടായി. 2017-18 വർഷത്തിൽ മാതൃവന്ദനാ യോജന പദ്ധതി അതിന്റെ പ്രാരംഭത്തിലാണ്.

1.8. സാമൂഹ്യനീതി:- സാമൂഹ്യനീതി വകുപ്പ് മുഖാന്തിരം ജില്ലയിൽ വിവിധ സാമൂഹ്യസുരക്ഷാ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വയോമിത്രം, പകൽ വിശ്രമകേന്ദ്രങ്ങൾ, വയോഅമൃതം തുടങ്ങിയവ ഇവയിൽ ചിലതാണ്. ജില്ലയിൽ നിലവിൽ 37 പകൽ വിശ്രമകേന്ദ്രങ്ങൾ ഉണ്ട്. അഴീക്കോട് സർക്കാർ ചുമതലയിൽ ഒരു വൃദ്ധസദനവും പ്രവർത്തിച്ചുവരുന്നു. സന്നദ്ധ സംഘടനകളുടെയും മതസംഘടനകളുടെയും ചാരിറ്റബിൾ സൊസൈറ്റികളുടെയും ഉടമസ്ഥതയിലാണ് കൂടുതൽ വൃദ്ധസദനങ്ങൾ ജില്ലയിൽ പ്രവർത്തിക്കുന്നത്. സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് 2013-14 ൽ നടത്തിയ ഓർഫനേജ്, കെയർ ഹോം സർവേ പ്രകാരം ജില്ലയിൽ 154 അഗതി മന്ദിരങ്ങളുള്ളതിൽ 5276 അന്തേവാസികൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.

അംഗപരിമിതർക്ക് സഹായകരമായ ഉപകരണങ്ങൾ, വാഹനങ്ങൾ, ആരോഗ്യ ഇൻഷൂറൻസ്, വിദ്യാർത്ഥി ഇൻഷൂറൻസ് തുടങ്ങിയ വിവിധ പ്രവർത്തനങ്ങളും ഈ വകുപ്പ് വഴി നടപ്പാക്കിവരുന്നു. തെരുവ് കുട്ടികൾക്ക് വേണ്ടിയുള്ള സംയോജിത പദ്ധതി, എച്ച്ഐ.വി. ബാധിതരായ കുട്ടികൾക്കും വനിതകൾക്കും പോഷകാഹാര വിതരണം, തടവുകാരുടെ കുട്ടികൾക്കുവേണ്ടിയുള്ള വിദ്യാഭ്യാസ സഹായപദ്ധതി, കുട്ടികൾക്കും സ്ത്രീകൾക്കുമെതിരെയുള്ള അതിക്രമങ്ങൾ പ്രതിരോധിക്കുന്നതിനുള്ള കൈത്താങ്ങ് പദ്ധതി തുടങ്ങിയവ സാമൂഹ്യനീതിവകുപ്പ് വഴി നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങളാണ്. മേൽപറഞ്ഞ പ്രവർത്തനങ്ങൾ ജില്ലയിൽ നടന്നുവരുന്നുണ്ടെങ്കിലും അൽഷിമേഴ്സ് ബാധിതർ, ട്രാൻസ്ജെൻഡേഴ്സ്, ഓട്ടിസം ബാധിച്ചവർ തുടങ്ങിയവർക്ക് സംരക്ഷണം ലഭ്യമാക്കുന്ന മെച്ചപ്പെട്ട സംവിധാനങ്ങളുടെ അഭാവം ഒരു പോരായ്മയായി നിലനിൽക്കുന്നു. നിർഭയ ഷെൽട്ടറുകൾ പോലെയുള്ള ആശ്രയകേന്ദ്രങ്ങൾ ഉണ്ടാകേണ്ടതാണ്. നിലവിൽ 72 സ്കൂളുകളിൽ നടപ്പിലാക്കിവരുന്ന സൈക്കോ സോഷ്യൽ കൗൺസിലിംഗ് കൂടുതൽ സ്കൂളുകളിലേക്ക് വ്യാപിപ്പിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

ട്രാൻസ്ജെൻഡേഴ്സ്:- ഭിന്നലിംഗക്കാർ എന്ന പൊതു വിളിപ്പേരിൽ അറിയപ്പെടുന്ന ട്രാൻസ്ജെൻഡേഴ്സ് സമൂഹത്തിൽ വളരെയധികം പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നവരാണ്. പൊതു സമൂഹത്തിൽ നിന്നും സ്വന്തം കുടുംബത്തിൽ നിന്നുപോലും അകറ്റി നിർത്തപ്പെടുന്ന അവസ്ഥ നിലവിലുണ്ട്. സമൂഹത്തോടുള്ള ഭയം, വിവേചനം, നിരാശ, അന്തസ്സോടെ സമൂഹത്തിൽ ജീവിക്കാൻ പറ്റാത്ത അവസ്ഥ ഇവയൊക്കെയാണ് പ്രധാനമായും ട്രാൻസ്ജെൻഡേഴ്സ് നേരിടുന്ന പ്രശ്നങ്ങൾ. ഇവരുടെ മുഖ്യധാരാവൽക്കരണം വിജയം കാണണമെങ്കിൽ സമൂഹത്തിന്റെ കൂട്ടായ പ്രയത്നം അനിവാര്യമാണ്. എല്ലാ തലത്തിലുമുള്ള ബോധവൽക്കരണപരിപാടി ഇതിനായി സംഘടിപ്പിക്കേണ്ടതുണ്ട്. കണ്ണൂർ ജില്ലയിൽ ഇരുന്നൂറ്റി എഴുപത്തി ഒമ്പതോളം ട്രാൻസ്ജെൻഡേഴ്സ് ഉണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഇവരിൽ സിംഹഭാഗവും 25 നും 40 നും ഇടയിലുള്ളവരാണ് (266 പേർ). സാമൂഹ്യ നീതി വകുപ്പ് വഴി ജില്ലയിൽ ഇവർക്കായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. 2017-18 വർഷത്തിൽ തൊഴിൽ പരിശീലനം, സ്കോളർ ഷിപ്പ്, ഡ്രൈവിംഗ് പരിശീലനം എന്നീ ഇനങ്ങളിലായി 6,53,500 രൂപയുടെ പദ്ധതികളാണ് ലക്ഷ്യമിടുന്നത്.

ട്രാൻസ്ജെൻഡേഴ്സമാർക്കായുള്ള ക്ഷേമ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ജില്ലാ കലക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതല ട്രാൻസ്ജെൻഡേഴ്സ് കമ്മറ്റി രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ഈ വിഭാഗത്തെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങളോ, പഠന റിപ്പോർട്ടോ നിലവിലില്ല എന്നതും താൻ ട്രാൻസ്ജെൻഡറാണ് എന്ന് സ്വയം വെളിപ്പെടുത്താൻ ആരും തന്നെ ഇഷ്ടപ്പെടാറില്ല എന്നതും ഈ മേഖലയിലെ പോരായ്മയായി നിലനിൽക്കുന്നു. ഭിന്നലിംഗക്കാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും അവരുടെ മുഖ്യധാരാവൽക്കരണം ലക്ഷ്യം വെച്ചും 2017-18 വർഷത്തിൽ കണ്ണൂർ ജില്ലാ പഞ്ചായത്ത് ട്രാൻസ്ജെൻഡർമാരുടെ മുഖ്യധാരാവൽക്കരണം എന്ന ഒരു നൂതന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ട്രാൻസ്ജെൻഡേഴ്സിന് മാത്രമായി ഒരു തദ്ദേശ സ്വയംഭരണസ്ഥാപനം തയ്യാറാക്കുന്ന ഇന്ത്യയിലെ തന്നെ ആദ്യത്തെ പദ്ധതിയായിരിക്കും ഇതെന്നു കരുതുന്നു. ഭിന്നലിംഗക്കാർക്കായി കണ്ണൂർ ജില്ലയിൽ ഒരു കുടുംബശ്രീ യൂണിറ്റ് നിലവിൽ വന്നു എന്നതും ശ്രദ്ധേയമായ കാര്യമാണ്.

1.9. കുടിയേറ്റം:- 1928 ലാണ് ജില്ലയിലേക്കുള്ള കർഷക കുടിയേറ്റം ആരംഭിക്കുന്നത്. തലശ്ശേരിയിൽ നിന്ന് 45 കി.മീ. കിഴക്കുഭാഗത്തുള്ള പേരാവൂരാണ് ആദ്യ കുടിയേറ്റ കേന്ദ്രം. കുടിയേറ്റങ്ങളുടെ ഭാഗമായി പ്രസ്തുത മേഖലകളിൽ കാർഷികരംഗത്തും സാമ്പത്തിക വിദ്യാഭ്യാസ മേഖലകളിലും പല മാറ്റങ്ങളും ഉണ്ടായി. ആദ്യ കാല കുടിയേറ്റക്കാരിൽപ്പെട്ട കുടക്കച്ചിറ കുടുംബത്തിലാണ് ലോകോത്തര വോളിബോൾ താരം യശ:ശരീരനായ ജിമ്മി ജോർജ്ജ് ജനിച്ചത്. കുടിയേറ്റ കാലഘട്ടത്തിന് തൊട്ട് മുമ്പ് 1923 ൽ ഫാ. പോൾറൊസാരിയോ ഫെർണാണ്ടസ് എന്ന മെഷിനറി കോളയാട് പള്ളിയും സ്കൂളും സ്ഥാപിച്ച് ആദിവാസികൾക്കിടയിൽ പ്രവർത്തിച്ചിരുന്നു. ആദ്യ കാലങ്ങളിലുണ്ടായിരുന്ന ചുരുക്കം കുടിയേറ്റ കുടുംബങ്ങൾ ഞായറാഴ്ചകളിൽ പള്ളിയിൽ വെച്ച് കണ്ടുമുട്ടുകയും വിശേഷങ്ങൾ കൈമാറുകയും ചെയ്യുകയായിരുന്നു പതിവ്. കോളയാട് കുടിയേറിയ ഇട്ടിവക്കീൽ എന്ന പുളിങ്കുന്നുകാരൻ ആദ്യം പപ്പായ കൃഷി ആരംഭിക്കുകയും അത് പരാജയപ്പെട്ടപ്പോൾ കപ്പകൃഷി ആരംഭിക്കുകയും ചെയ്തു. ആ കാലഘട്ടത്തിൽ കപ്പ പരിചയമില്ലാത്ത തദ്ദേശവാസികൾ ഉപയോഗിക്കാത്തതിനാൽ വിളവ് വാടക ലോറിയിൽ തലശ്ശേരിയിൽ എത്തിച്ചെങ്കിലും അവിടെയും ആരും വാങ്ങാനില്ലാതെ വന്നു. നിരാശനായ ഇട്ടിവക്കീൽ എല്ലാമുപേക്ഷിച്ച് തിരികെ പോവുകയാണ് ഉണ്ടായത്. ഇന്ന് കപ്പ ഒരു വിശിഷ്ട ഭോജ്യമായ നമുക്ക് ഈ സംഭവം വിചിത്രമായി തോന്നാം.

1964ൽ ഫാ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളി നിർമ്മലഗിരിയിൽ കോളേജ് സ്ഥാപിച്ചതോടുകൂടി വിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റങ്ങൾ ഉണ്ടായി. ഇതോടൊപ്പം തന്നെ ആര്യപ്പറമ്പ്, നെടുമ്പുറംചാൽ, ഇരുണ്ടിയിൽ, കണിച്ചാർ, കേളകം, അടയ്ക്കാത്തോട്, കൊട്ടിയൂർ മുതൽ വയനാട് വരെയുള്ള പ്രദേശങ്ങൾ കുടിയേറ്റകർഷകരെ കൊണ്ട് നിറഞ്ഞു. പേരാവൂർ കുടിയേറ്റത്തോടൊപ്പം ആലക്കോട് മേഖലയിലും കുടിയേറ്റം നടന്നുകൊണ്ടിരിക്കുകയായിരുന്നു. വായാട്ടുപറമ്പ്, മാവുംചാൽ, കരുവഞ്ചാൽ, പോത്തൻപാറ, വിജയഗിരി, കാർത്തികപുരം, മണക്കടവ്, ഉദയഗിരി, അരിവിളഞ്ഞ പൊയിൽ, ചാണോക്കുണ്ട്, താബോർ, മേരിഗിരി, എടൂർ, ചെമ്പേരി, വെള്ളരിക്കുണ്ട്, ചെറുപുഴ തുടങ്ങിയ സ്ഥലങ്ങളിലും വ്യാപകമായി കുടിയേറ്റം നടന്നു. അധ്വാനശീലരായ കുടിയേറ്റ കർഷകർ മണ്ണിനോട് മല്ലിട്ട് മലയോരമേഖലയുടെ മുഖഛായ തന്നെ മാറ്റി. ലോകത്തിൽ ആദ്യത്തെ ജനകീയ വൈദ്യുത പദ്ധതി വന്നത് പോത്തൻപാറയിലായിരുന്നു. അവിടെ ഓടിയിരുന്ന ആദ്യ ജനകീയ ബസ്സും ശ്രദ്ധേയമാണ്. ജില്ലയിലേക്കുള്ള കർഷക കുടിയേറ്റം പോലെ തന്നെ ജില്ലയിൽ നിന്ന് മറ്റ സംസ്ഥാനങ്ങളിലേക്കും വിദേശങ്ങളിലേക്കും ഉപജീവനാർത്ഥമുള്ള കുടിയേറ്റവും വ്യാപകമായി നടന്നു.

വിദേശ രാജ്യങ്ങളിലേക്ക് തൊഴിലിനായി പോകുന്ന മലയാളികളുടെ ഒഴുക്ക് പതിറ്റാണ്ടുകൾക്ക് മുമ്പേ ആരംഭിച്ചതാണ്. അവരിൽ അന്നും ഇന്നും കണ്ണൂരുകാർ ഒട്ടും കുറവല്ല. 2013 ലെ സാമ്പത്തിക സ്ഥിതിവിവര കണക്ക് നടത്തിയ പ്രവാസി സർവെ പ്രകാരം 1,13,336 പുരുഷൻമാരും 9,520 സ്ത്രീകളുമായി 1,22,855 പേർ കണ്ണൂർ ജില്ലയിൽ നിന്ന് പ്രവാസികളായുണ്ട്. ഇതിൽ ഏറ്റവും കൂടുതൽ ആളുകൾ ചേക്കേറിയത് യു.എ.ഇ.യിലാണ്. ഏകദേശം 58,000 പേർ. വിദേശത്തേക്ക് വിമാനം കയറിയവരിൽ ബിരുദധാരികൾ 19,305 പേരുണ്ടെന്ന് കണക്കാക്കുന്നു. വിദേശത്തേക്ക് കടന്നവരുടെ എണ്ണം പറയുന്നതോടൊപ്പം ഏകദേശം 38,636 പേർ ജില്ലയിൽ നിന്നും മറ്റ് സംസ്ഥാനങ്ങളിലേക്ക് കുടിയേറിയിട്ടുണ്ടെന്ന് മേൽ സർവെ വ്യക്തമാക്കുന്നു. ജില്ലയിൽ നിന്നും മറ്റ് രാജ്യങ്ങളിലേക്കും മറ്റ് സംസ്ഥാനങ്ങളിലേക്കും കുടിയേറിയവരുടെ കണക്ക് പറയുമ്പോൾ തന്നെ പരിഗണിക്കേണ്ട മറ്റൊന്നാണ് ഇതര സംസ്ഥാനങ്ങളിൽ നിന്നും ജില്ലയിലേക്കുള്ള തൊഴിലാളികളുടെ ഒഴുക്ക്. 2015ലെ വകുപ്പിന്റെ തന്നെ ഒരു സർവെ റിപ്പോർട്ട് പ്രകാരം ജില്ലയിലെ തട്ടുകടകളിൽ മാത്രം 50 ഓളം ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്നു. ഇതിൽ ഭൂരിഭാഗവും അരുണാചൽ പ്രദേശിൽ നിന്നുള്ളവരാണ്. നിർമാണ മേഖലയിലെ കണക്ക് പരിശോധിക്കുമ്പോഴാണ് ഇതര സംസ്ഥാന തൊഴിലാളികളുടെ ഒഴുക്കിന്റെ വ്യാപ്തി എത്രത്തോളമെന്ന് വെളിവാകുന്നത്. 2015-16 വർഷത്തെ വകുപ്പിന്റെ മറ്റൊരു സർവെ റിപ്പോർട്ട് പ്രകാരം ഈ മേഖലയിലെ നിർമാണ മേഖലയിലെ വിവിധ ഘട്ടങ്ങളിൽ ജോലി ചെയ്യുന്നവരിൽ ഏറിയ പങ്കും ഇതര സംസ്ഥാന തൊഴിലാളികളാണ്. നിർമാണ മേഖലയിലെ പ്രധാന ഘട്ടമായ കോൺക്രീറ്റിംഗ് മാത്രം ഉദാഹരിച്ചാൽ 50 മുതൽ 100 ചതുരശ്ര മീറ്റർ ഗണത്തിൽ വരുന്ന പ്രവൃത്തികളിൽ 33.8 % ആണ് ഇതര സംസ്ഥാന തൊഴിലാളികളുടെ പങ്കാളിത്തം. ഈ മേഖലയിൽ തന്നെ ആയിരം ചതുരശ്രമീറ്ററിന് മുകളിൽ വിസ്തൃതിയുള്ളവയിൽ കോൺക്രീറ്റിംഗ് ജോലി 100% വും ഇതര സംസ്ഥാന തൊഴിലാളികൾ കൈയ്യടക്കുന്നു. ഇത് കേരള സംസ്ഥാനത്തിന്റെ തൊഴിൽ മേഖലയിലെ പൊതു അവസ്ഥയുടെ ഒരു പരിഛേദം കൂടിയാണ്.

1.10. കണ്ണൂർ ഇ-ഡിസ്ട്രിക്ട് പദ്ധതി:- സർക്കാർ സേവനങ്ങൾ പൊതുസേവന കേന്ദ്രങ്ങൾ വഴിയും വെബ്ബ് പോർട്ടൽ വഴി ഓൺലൈനായും നൽകാനുള്ള പദ്ധതിയാണ് ഇ ഡിസ്ട്രിക്ട് പദ്ധതി. ചുവപ്പനാടയിൽ കുരുങ്ങി നട്ടം തിരിയുന്ന ജനങ്ങൾക്ക് സുതാര്യമായും വേഗത്തിലും സേവനം ലഭ്യമാക്കാൻ ഇ-ഡിസ്ട്രിക്ട് പദ്ധതി വഴി കഴിഞ്ഞിട്ടുണ്ട്. ഐ.ടി. അധിഷ്ഠിത സേവന മേഖല എന്ന ഉദ്ദേശത്തോടെ ആരംഭിച്ച ഇ-ഡിസ്ട്രിക്ട് പദ്ധതി ആദ്യമായി നടപ്പാക്കിയ ജില്ലയാണ് കണ്ണൂർ. 2010 ഡിസംബർ 17 ന് തലശ്ശേരി മിനി സിവിൽ സ്റ്റേഷനിൽ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കപ്പെട്ടു. റവന്യൂ വകുപ്പ് നൽകുന്ന ഭൂരിഭാഗം സർട്ടിഫിക്കറ്റുകളും ഇന്ന് ഓൺലൈനായാണ് നൽകുന്നത്. അക്ഷയകേന്ദ്രങ്ങൾ വഴി നിശ്ചിത ഫീസ് നൽകി അപേക്ഷിച്ചാൽ വളരെ വേഗത്തിൽ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്ന രീതി ഇപ്പോൾ കേരളത്തിലെ എല്ലാ ജില്ലകളിലുമായിക്കഴിഞ്ഞു. കൂടുതൽ വകുപ്പുകളും സേവനങ്ങളും ഇ-ഡിസ്ട്രിക്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ സർക്കാർ സേവനങ്ങൾ എത്രയും വേഗം ജനങ്ങൾക്ക് ലഭിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

1.11. മാപ് മൈ ഹോം പദ്ധതി

ജില്ലയിലെ മുഴുവൻ സർക്കാർ ഓഫീസുകളുടേയും സ്ഥാപനങ്ങളുടേയും വിവരങ്ങൾ വിരൽ തുമ്പിൽ ലഭ്യമാക്കാൻ വേണ്ടി ജില്ലാ ഭരണകൂടം നടപ്പാക്കിയ പദ്ധതിയാണ് മാപ് മൈ ഹോം കണ്ണൂർ എന്ന പദ്ധതി. ഓഫീസിന്റെ സ്ഥാനം, ചിത്രം, സ്ഥലം, ഫോൺ നമ്പർ തുടങ്ങിയ വിവരങ്ങളെല്ലാം ഗ്രൂഗിൾ മാപിൽ ലഭ്യമാകും. ഏത് ഓഫീസിലാണോ പോകേണ്ടത് അവിടെ എത്താനുള്ള വഴി, ദൂരം, ഓഫീസ് പ്രവൃത്തി സമയം എന്നിവയും സ്മാർട്ട് ഫോണിലൂടെ അനായാസം മനസ്സിലാക്കാം.

മാപ് മൈ ഹോം കണ്ണൂർ എന്ന പേരിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നടപ്പിലാക്കിയ പദ്ധതിയാണ് പൊതു ജനങ്ങൾക്ക് ഈ സൗകര്യം ലഭ്യമാക്കുന്നത്. ജില്ലയിലെ 1,300 വിദ്യാലയങ്ങൾ, അക്ഷയ കേന്ദ്രങ്ങൾ, ആശുപത്രികൾ, വില്ലേജ് ഓഫീസുകൾ തുടങ്ങി മുഴുവൻ സർക്കാർ സ്ഥാപനങ്ങളും ഇതിൽ ഉൾപ്പെടും. 170 സർക്കാർ വകുപ്പുകൾക്കും കീഴിലെ 2,913 സ്ഥാപനങ്ങളാണ് ഗ്രൂഗിൾ മാപ് ചെയ്തത്. ജില്ലയിലെ കുടുംബശ്രീയുടെ രണ്ടായിരത്തോളം സ്ഥാപനങ്ങൾ അടുത്ത ഘട്ടത്തിൽ ഉൾപ്പെടുത്തും.

സ്മാർട്ട് ഫോണിൽ ഗൂഗിൾ മാപ് വഴി തെരഞ്ഞെടുത്താൽ ഓഫീസുകൾ കണ്ടെത്താനാകും. ഓഫീസിന്റെ വിലാസം, സ്ഥാനം, എന്നിവ ഉള്ളതിനാൽ ജില്ലയിലെ ഏത് ഓഫീസും ഏതൊരാൾക്കും അനായാസം മനസ്സിലാക്കാം. ദൂരവും കണ്ടെത്താനാവും. ഒപ്പം ലാന്റ് ഫോൺ നമ്പറും ലഭ്യമായ സ്ഥലങ്ങളിൽ മൊബൈൽ നമ്പറും നൽകിയിട്ടുണ്ട്. ഗൂഗിൾ മാപ് വഴി ഓഫീസ് നമ്പറിൽ ക്ലിക്ക് ചെയ്താൽ നേരിട്ട് ഫോൺ ഡയൽ ചെയ്യാനാവുമെന്നതാണ് ഏറ്റവും സഹായകരം.

ഇതോടൊപ്പം പൊതുജനങ്ങൾക്ക് ഓഫീസിൽ ലഭിച്ച സേവനങ്ങളെക്കുറിച്ചും പെരുമാറ്റത്തെക്കുറിച്ചും പരാതികളും അഭിപ്രായവും ഓൺലൈനായി രേഖപ്പെടുത്താനുള്ള സൗകര്യവുമുണ്ട്. റേറ്റ് ആൻഡ് റിവ്യൂ എന്ന ലിങ്ക് വഴിയാണ് അഭിപ്രായം, നിർദേശം എന്നിവ രേഖപ്പെടുത്തേണ്ടത്.

സംസ്ഥാനത്തോ വിദേശത്തോ ഇരിക്കുമ്പോഴും നമ്മുടെ കൈയ്യിലെ ഫോണിൽ ജില്ലയിലെ മുഴുവൻ സർക്കാർ ഓഫീസുകളുടേയും വിവരങ്ങളും ഫോൺ നമ്പറും ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. സ്ഥാപനത്തിന്റെ പേര് മലയാളത്തിലോ ഇംഗ്ലീഷിലോ ടൈപ്പ് ചെയ്ത് തിരയാൻ ഇതിൽ സൗകര്യമുണ്ട്. കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ ജില്ലാ വിഭാഗമാണ് നോഡൽ ഏജൻസിയായി പ്രവർത്തിച്ചതും ഓഫീസ് മാപിംഗ് പ്രവർത്തനം നിർവഹിച്ചതും ഏകോപനം നടത്തിയതും. മൂന്ന മാസത്തെ നിരന്തര പ്രവർത്തനത്തിലൂടെയാണ് ജില്ലയിൽ മുഴുവൻ സർക്കാർ ഓഫീസുകളെയും മാപ് ചെയ്തത്. ഇതിന്റെ ഭാഗമായി ജില്ലയുടെ മൊബൈൽ ആപ്ലിക്കേഷനും മറ്റും രൂപകൽപ്പന ചെയ്തും വരുന്നുണ്ട്.

1.12. ശുചിത്വം:– 2016 നവംബർ 1 മുതൽ കേരളം സമ്പൂർണ വെളിയിട വിസർജനവിമുക്ത (ഒ.ഡി.എഫ്.) സംസ്ഥാനമാണ്. തൃശ്ശൂർ ജില്ലക്ക് ശേഷം സംസ്ഥാന തലത്തിൽ രണ്ടാമതായി ഒ.ഡി.എഫ്. ആയ ജില്ലയാണ് കണ്ണൂർ. 2016 ഒക്ടോബർ ഒന്നിനാണ് കണ്ണൂർ ജില്ല ഒ.ഡി.എഫ്. ആയി പ്രഖ്യാപിക്കപ്പെട്ടത്. ഗ്രാമപഞ്ചായത്തുകളിൽ സംസ്ഥാന തലത്തിൽ ഒന്നാമതായി ഒ.ഡി.എഫ്. പ്രഖ്യാപനം നടത്തിയത് ജില്ലയിലെ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്താണ്. പാനൂർ, തലശ്ശേരി, കൂത്തുപറമ്പ്, എടക്കാട് ബ്ലോക്ക് പഞ്ചായത്തുകൾ സംസ്ഥാന തലത്തിൽ ഒ.ഡി.എഫ്. പ്രഖ്യാപനം നടത്തിയ ആദ്യ ബ്ലോക്ക് പഞ്ചായത്തുകളാണ്.

മാലിന്യ നിർമാർജന പ്രവർത്തനങ്ങളിലും നമ്മുടെ ജില്ല മെച്ചപ്പെട്ട നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുക എന്ന നയത്തിലൂന്നിയാണ് പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ഡ്രൈവേസ്റ്റ് ശേഖരിക്കുന്നതിനുള്ള മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (എം.ആർ.എഫ്.) സംവിധാനവും നടപ്പിലാക്കിവരുന്നു. 2014 ലെ ലോകസഭാ തെരെഞ്ഞെടുപ്പ മുതൽ എല്ലാ തെരെഞ്ഞെടുപ്പിലും പ്ലാസ്റ്റിക് വിമുക്തവും പ്രകൃതി സൗഹൃദവുമായി നടത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. പൊതുജനങ്ങൾ രാഷ്ട്രീയ പാർട്ടികൾ, തെരെഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവരെയെല്ലാം സഹകരിപ്പിച്ച് തദ്ദേശ തെരെഞ്ഞെടുപ്പിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കാൻ ജില്ലാ ശുചിത്വ മിഷൻ നേതൃപരമായ പങ്ക് വഹിച്ചിട്ടുണ്ട്. ഗ്രീൻ ഇലക്ഷൻ ക്യാമ്പയിൻ ആദ്യമായി നടപ്പാക്കിയ ജില്ലയാണ് കണ്ണൂർ. 2017 ഏപ്രിൽ മുതൽ ജില്ലയെ പ്ലാസ്റ്റിക് ക്യാരി ബാഗ്- ഡിസ്പോസിബിൾ വിമുക്ത ജില്ലയാക്കി മാറ്റാനുള്ള തീവ്രപ്രയത്നങ്ങൾ ജില്ലാ പഞ്ചായത്തിന്റെയും തദ്ദേശസ്ഥാപനങ്ങളുടേയും ജില്ലാ ഭരണകൂടത്തിന്റെയും നേതൃത്വത്തിൽ നടന്നുവരുന്നു. പൊതു പരിപാടികളിലും ഉത്സവങ്ങളിലും ആഘോഷങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ വ്യവസ്ഥകൾ പാലിച്ചുവരികയാണ്. ക്ലീൻ കണ്ണൂർ എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ ഇനിയും കുറെ ദൂരം നാം മുന്നോട്ട് പോകേണ്ടതുണ്ട്.

1.13. വൈദ്യുതി:– കേരളത്തിൽ മുഴുവൻ വീടുകളിലും വൈദ്യുതി എത്തിക്കുക എന്ന ലക്ഷ്യപ്രാപ്തിക്കായി നടപ്പിലാക്കിയ സമ്പൂർണ വൈദ്യുതീകരണ പദ്ധതിയുടെ ജില്ലാതല പ്രഖ്യാപനം കണ്ണൂരിൽ 28.5.2017 ന് നടത്തുകയുണ്ടായി. 270 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ പുതുതായി വലിച്ച് 11,223 വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. ഇതിൽ 5,908 ബി.പി.എൽ. കുടുംബങ്ങളും 726 പട്ടികജാതി കുടുംബങ്ങളും 188 പട്ടികവർഗ കുടുംബങ്ങളും ഉൾപ്പെടുന്നു. ആറളം ഫാമിലെ 503 കുടുംബങ്ങളടക്കം വിദൂര മേഖലകളിലും വൈദ്യുതി എത്തിക്കാൻ പദ്ധതി വഴി കഴിഞ്ഞിട്ടുണ്ട്. വനത്തിലൂടെ വൈദ്യുതിലൈൻ വലിക്കാൻ കഴിയാത്തവർക്ക് സോളാർ പാനൽ വഴിയാണ് വൈദ്യുതി എത്തിച്ചത്. എം.പി. മാരുടെയും, എം.എൽ.എ.മാരുടെയും പ്രാദേശിക വികസന ഫണ്ട്, ജില്ലാ പഞ്ചായത്ത് ഗ്രാമ പഞ്ചായത്തുകൾ മുൻസിപ്പാലിറ്റികൾ എന്നിവ വകയിരുത്തിയ ഫണ്ട്, ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ വൈദ്യുതീകരണ യോജന ഫണ്ട്, കെ.എസ്.ഇ.ബി. ജീവനക്കാരുടെ സംഘടനകളും മറ്റ് സംഘടനകളും നടത്തിയ സന്നദ്ധ വൈദ്യുതീകരണ പ്രവർത്തനങ്ങൾ എന്നിവ ഈ നേട്ടം കൈവരിക്കാൻ സഹായിച്ചിട്ടുണ്ട്.

1.14. ഗതാഗതമേഖല:– കണ്ണൂർ ജില്ലയിൽ മാഹിപാലം മുതൽ കാലിക്കടവ് വരെയായി 80.600 കിലോമീറ്റർ നീളത്തിൽ ദേശീയപാത 66 കടന്നുപോകുന്നു. മാഹിപാലം മുതൽ രണ്ട് തെങ്ങ് വരെ 72.780 കിലോമീറ്ററാണ് നിർദിഷ്ട തീരദേശ ഹൈവെയുടെ നീളം. പൊതുമരാമത്ത് വകുപ്പിൻ കീഴിൽ ജില്ലയിൽ 135 കിലോമീറ്റർ സംസ്ഥാന പാതയും, 109.530 കി. മീറ്റർ മലയോര പാതയും, 2,020 കി. മീറ്റർ പ്രധാന ജില്ലാ റോഡുകളുമടക്കം ആകെ 2,265 കിലോമീറ്റർ റോഡുകളുണ്ട്. ജില്ലാപഞ്ചായത്തിന് കീഴിൽ 228 കിലോമീറ്റർ റോഡും ഗ്രാമപഞ്ചായത്തുകൾക്ക്

കീഴിൽ 9,063 കിലോമീറ്റർ ഗ്രാമീണ റോഡുകളും ഉണ്ട്. ജില്ലയുടെ എല്ലാ പ്രദേശങ്ങളിലുമുള്ള റോഡുകളുടെ അവസ്ഥ മെച്ചപ്പെട്ടതാണെന്ന് പറയാൻ കഴിയില്ല. കണ്ണൂർ പുതിയതെരു മുതൽ താഴെ ചൊവ്വവരെയും തലശ്ശേരി ധർമടം മുതൽ മാഹിപാലം വരെയും ദേശീയപാതയിൽ വാഹനക്കുരുക്ക് നിത്യസംഭവമാണ്. റോഡിന്റെ വീതിക്കുറവാണ് മുഖ്യകാരണം. എടക്കാട്-മാഹി ബൈപാസ് റോഡിന് സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാക്കി പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഈ റോഡ് പൂർത്തിയാകുന്നതോടെ തലശ്ശേരി നഗരത്തിലെ ഗതാഗതക്കുരുക്കിന് ഒരളവോളം ശമനമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. മതിയായ വീതിയിൽ ജില്ലയിലെ റോഡുകൾ നവീകരിച്ചാൽ മാത്രമേ സമയനഷ്ടവും തേയ്മാനവും ഇന്ധനച്ചെലവും അന്തരീക്ഷ മലിനീകരണവും അപകടങ്ങളും വർദ്ധിപ്പിക്കുന്നതുമായ വാഹനക്കുരുക്കിൽ നിന്ന് മോചനം ലഭിക്കുകയുള്ളൂ.



1.15. ജില്ലയിലെ പ്രധാന സ്ഥാപനങ്ങൾ

അഴീക്കൽതുറമുഖം:- കണ്ണൂരിലെ പ്രധാന തുറമുഖമാണ് അഴീക്കൽ തുറമുഖം. ജില്ലയിലെ 82 കിലോമീറ്റർ നീളം വരുന്ന കടലോരത്ത് ചെറുകിട കപ്പലുകൾക്ക് അടുക്കാവുന്ന നൈസർഗിക കടവുകൾ ഉണ്ടെങ്കിലും നിലവിലെ ലോകസാഹചര്യത്തിനനുസരിച്ച് യാത്രാ-ചരക്ക് നീക്കങ്ങൾക്ക് സഹായകമായ തുറമുഖം അഴീക്കൽ മാത്രമാണ്. രണ്ടര മുതൽ മൂന്നര മീറ്റർ വരെയാണ് അഴീക്കൽ തുറമുഖത്തിന്റെ ആഴം. അതുകൊണ്ടുതന്നെ 40 കണ്ടെയ്നറുകൾ വരെ ഉൾക്കൊള്ളാവുന്ന ചെറിയ കപ്പലുകൾക്ക് മാത്രമേ തുറമുഖത്തേക്ക് അടുക്കാൻ കഴിയൂ. കപ്പൽചാലിന്റെ ആഴം വർദ്ധിപ്പിച്ചാൽ 1,000 കണ്ടെയ്നറുകൾ വരെ വഹിക്കുന്ന വലിയ കപ്പലുകൾക്ക് തുറമുഖത്തെത്താൻ കഴിയും. ഘട്ടംഘട്ടമായി അഞ്ച് മുതൽ 7 മീറ്റർ വരെ കപ്പൽ ചാലിന്റെ ആഴം വർദ്ധിപ്പിക്കാൻ പദ്ധതി തയ്യാറാക്കുകയും നെതർലാന്റിൽ നിന്നുള്ള ഡ്രഡ്ജർ തുറമുഖത്തെത്തിക്കുകയും ചെയ്തിട്ടുണ്ട്. എങ്കിലും മണ്ണ് നീക്കൽ ആരംഭിച്ചിട്ടില്ല. വിദേശ കപ്പലുകളുടെ കസ്റ്റംസ് ക്ലിയറൻസ് സംവിധാനവും അഴീക്കൽ തുറമുഖത്ത് ഏർപ്പെടുത്തേണ്ടതുണ്ട്. നിലവിൽ പ്ലൈവുഡ്, കാപ്പി തുടങ്ങിയവയാണ് പ്രധാന കയറ്റുമതി. മരവ്യവസായത്തിനാവശ്യമായ അസംസ്കൃതവസ്തുക്കളുടെ ഇറക്കുമതിയും ഉണ്ട്. കണ്ണൂർവിമാനത്താവളം കൂടി യാഥാർത്ഥ്യമാവുന്നതോടുകൂടി ചരക്ക് ഗതാഗതം ഇരട്ടിയെങ്കിലുമായി വർദ്ധിക്കും. അതുകൊണ്ട് തന്നെ അഴീക്കൽ തുറമുഖ വികസനം കണ്ണൂരിന്റെ വികസന സ്വപ്നങ്ങൾക്ക് ചിറക് നൽകുന്ന പ്രധാന പദ്ധതിയായിരിക്കും. ചരക്ക് ഗാതാഗതത്തിന് പുറമെ യാത്രാ കപ്പലുകളും കണ്ണൂരിന്റെ മുഖച്ഛായ മാറ്റാൻ കാരണമാകും.

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം:- കണ്ണൂരിലെ മട്ടന്നൂരിനടുത്ത് മൂർഖൻ പറമ്പിലാണ് നിർദിഷ്ട വിമാനത്താവളം പൂർത്തിയായി വരുന്നത്. 1997ലാണ് അന്ന് കർണാടകത്തിൽ നിന്നുള്ള കേന്ദ്രമന്ത്രിയും

മലയാളിയുമായ സി.എം. ഇബ്രാഹിം, അന്നത്തെ മുഖ്യമന്ത്രി ഇ.കെ. നായനാർ എന്നിവർ മുൻകൈയെടുത്ത് വിമാനത്താവള പദ്ധതി ആരംഭിച്ചത്. ഐ.കെ. ഗുജ്റാൾ പ്രധാനമന്ത്രി ആയിരിക്കുമ്പോൾ കേന്ദ്ര അനുമതി ലഭ്യമാക്കുകയും കണ്ണൂരിൽ വിമാനത്താവള സ്പെഷ്യൽ ഓഫീസും ഭൂമിയേറ്റെടുക്കലിനായി ലാന്റ് അക്വിസിഷൻ ഓഫീസും ആരംഭിക്കുകയും ചെയ്തു. 2006-07 കാലഘട്ടത്തിൽ ആകർഷകമായ പാക്കേജ് രൂപീകരിച്ച് ഫാസ്റ്റ് ട്രാക്കിൽ ഭൂമിയേറ്റെടുക്കാൻ കിൻഫ്രയെ ചുമതലപ്പെടുത്തി. മുഖ്യമന്ത്രി ചെയർമാനായി കിയാൽ എന്ന കമ്പനി രൂപീകരിച്ചു. 2010ൽ കിയാൽ പബ്ലിക് ലിമിറ്റഡ് കമ്പനിയായി നിലവിൽ വന്നു. ഘട്ടംഘട്ടമായി വിവിധ ഏജൻസികളുടെ അനുമതി ലഭ്യമാക്കി 2010 ഡിസംബർ 17ന് വിമാനത്താവളത്തിന് തറക്കല്ലിടൽ കർമം നടന്നു. 2016 ഫിബ്രുവരി 29ന് വിമാനത്താവളത്തിൽ ആദ്യ പരീക്ഷണപ്പറക്കൽ നടത്തി. നാലായിരം മീറ്റർ റൺവെയോടുകൂടി ഇന്ത്യയിലെ നാലാമത്തെ ഏറ്റവും വലിയ വിമാനത്താവളമായ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പ്രവൃത്തി 2018ൽ പൂർത്തീകരിക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

കണ്ണൂർ ആകാശവാണി:- കണ്ണൂർ, കാസറഗോഡ് ജില്ലകളും കേന്ദ്രഭരണ പ്രദേശമായ മാഹിയും ഉൾപ്പെടുന്ന പ്രക്ഷേപണ പരിധിയിൽ 1991 മെയ് 4ന് ഔദ്യോഗികമായി പ്രക്ഷേപണം ആരംഭിച്ച സ്ഥാപനമാണ് കണ്ണൂർ ആകാശവാണി. 101.5 മെഗാഹെർട്സ് ആവൃത്തിയിൽ പ്രക്ഷേപണം ചെയ്തുവരുന്ന ഈ സ്ഥാപനം വിവിധ പരിപാടികൾ ജനങ്ങളിലേക്ക് എത്തിച്ചുകൊണ്ടിരിക്കുന്നു. സാഹിത്യം, കൃഷി, സംഗീതം, നാടകം, നാടൻകലകൾ എന്നിവ സംബന്ധിച്ച പരിപാടികളും യുവാക്കൾക്കും കുട്ടികൾക്കും വേണ്ടിയുള്ള പരിപാടികളും കമ്പോള വിലനിലവാര ബുള്ളറ്റിനുകളും സ്വന്തം നിലയിൽ പ്രക്ഷേപണം ചെയ്യുന്ന കണ്ണൂർ നിലയം വാർത്തകൾ മറ്റ് നിലയങ്ങളിൽ നിന്ന് റിലേ ചെയ്യുകയാണ് ചെയ്യുന്നത്. കണ്ണൂർ ആകാശവാണി പ്രക്ഷേപിണിയുടെ സൗകര്യം പ്രയോജനപ്പെടുത്തിക്കൊണ്ട് നാല് സ്വകാര്യ എഫ്.എം. നിലയങ്ങൾ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. ക്ലബ്ബ് എഫ്.എം., റേഡിയോ മാംഗോ, ബെസ്റ്റ് എഫ്.എം., റെഡ് എഫ്.എം. എന്നിവയാണ് നല്ലനിലയിൽ പ്രവർത്തിച്ചുവരുന്ന സ്വകാര്യ എഫ്.എം. നിലയങ്ങൾ.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്ഫാഷൻ ടെക്നോളജി:- കേന്ദ്ര കൈത്തറി മന്ത്രാലയത്തിൻ കീഴിൽ ഫാഷൻ ടെക്നോളജി മേഖലയിൽ ഉത്തേജനം നൽകുന്നതിനും വിദ്യാഭ്യാസ ഗവേഷണ പുരോഗതി ലക്ഷ്യംവെച്ചുകൊണ്ടും പ്രവർത്തിക്കുന്ന സ്ഥാപനമാണ് നിഫ്റ്റ്. ന്യൂഡൽഹി ആസ്ഥാനമായ നിഫ്റ്റിന്റെ കണ്ണൂർ ക്യാമ്പസ്സ് 2008 മുതൽ ധർമശാലയിൽ പ്രവർത്തിച്ചുവരുന്നു. 9ഏക്കർ സ്ഥലത്ത് വ്യാപിച്ചുകിടക്കുന്ന ഈ ക്യാമ്പസ്സിൽ വർക്ക്ഷോപ്പ്, 400 പേർക്കിരിക്കാവുന്ന ഓഡിറ്റോറിയം, 500 വിദ്യാർത്ഥികൾക്ക് താമസിക്കാൻ കഴിയുന്ന രണ്ട് ഹോസ്റ്റലുകൾ എന്നിവയുണ്ട്.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ് ലൂം ടെക്നോളജി:- കേരളത്തിലെ പ്രധാന പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയിൽ ശാസ്ത്രസാങ്കേതികവിദ്യയുടെ സമന്വയം ലക്ഷ്യമിട്ടുകൊണ്ട് 1987 ൽ ഹാന്റ് ലൂം ടെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്ന നിലയിൽ കണ്ണൂർ തോട്ടടയിൽ ആരംഭിച്ച സ്ഥാപനത്തെ 2010-11 വർഷത്തിൽ കേന്ദ്ര സർക്കാർ ഏറ്റെടുക്കുകയും അഖിലേന്ത്യാതലത്തിൽ അപ്ഗ്രേഡ് ചെയ്യുകയും ചെയ്തു. ഐ.ഐ.എച്ച്.ടി.യുടെ 4.13 ഏക്കർ വിസ്തൃതിയുള്ള ക്യാമ്പസിൽ ക്ലാസ് മുറികൾ, ലബോറട്ടറികൾ, ലൈബ്രറി, ഓഡിറ്റോറിയം, ഭരണവിഭാഗം ഓഫീസ്, കാന്റീൻ, ഹോസ്റ്റൽ, ഗസ്റ്റ്ഹൗസ് എന്നിവ ഉൾപ്പെടുന്നു. ഇന്ത്യയിലുള്ള 10 ഐ.ഐ.എച്ച്.ടി.കളിൽ ഒന്നാണ് ഇത്. നിലവിൽ ഏകദിന പരിശീലനം മുതൽ ത്രിവത്സര ഡിപ്ലോമ കോഴ്സുകൾ വരെ നടത്തിവരുന്ന സ്ഥാപനത്തിൽ 2017-18 വർഷം 128 വിദ്യാർത്ഥികൾ പരിശീലനം നേടിവരുന്നു.

കെൽട്രോൺ:- കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് (കെ.സി.സി.എൽ.) എന്ന കപ്പാസിറ്ററുകൾ നിർമിക്കുന്ന സ്ഥാപനം 1974 ഒക്ടോബർ 8നാണ് ബെൽജിയം കമ്പനിയുടെ സാങ്കേതിക സഹകരണത്തോടെ പ്രവർത്തനമാരംഭിച്ചത്. അലുമിനിയം ഇലക്ട്രോലൈറ്റ് കപ്പാസിറ്ററുകൾ നിർമിക്കുന്ന ഇന്ത്യയിലെ ഏറ്റവും വലിയ സ്ഥാപനമാണിത്. 350 ദശലക്ഷം യൂണിറ്റുകൾ നിർമിക്കുന്നതിനുള്ള പ്രവർത്തന ശേഷി കെൽട്രോണിനുണ്ട്. റസിസ്റ്റന്റുകൾ, സെമി കണ്ടക്ടർ ക്രിസ്റ്റലുകൾ തുടങ്ങിയ ഇലക്ട്രോണിക്സ് ഘടകങ്ങളും ഇവിടെ നിർമിക്കുന്നുണ്ട്. 15 ഏക്കറോളം സ്ഥലത്ത് വ്യാപിച്ച് കിടക്കുന്ന കെൽട്രോൺ കോംപ്ലക്സിൽ 11000 സ്ക്വയർ മീറ്റർ സ്ഥലത്ത് വിദേശ നിർമിത മെഷിനറികൾ സ്ഥാപിച്ചിരിക്കുന്നു. കേന്ദ്രസർക്കാറിന്റെ 1988-89ലെ നാഷണൽ പ്രൊഡക്ടിവിറ്റി അവാർഡ്, 1993ലെ എൽസിന അവാർഡ് എന്നിവ ഈ സ്ഥാപനത്തിന് അംഗീകാരമായി ലഭിച്ചിട്ടുണ്ട്. വൈദഗ്ധ്യം നേടിയ 600 ലധികം ജീവനക്കാർ ഇവിടെ ജോലി ചെയ്തുവരുന്നു.

ബാരാപോൾ ഹൈഡ്രോ ഇലക്ട്രിക് പ്രൊജക്ട്:- കേരള ഇലക്ട്രിസിറ്റി ബോർഡ് നേരിട്ട് നിർമാണം നടത്തിയ ജില്ലയിലെ ഏക ചെറുകിട വൈദ്യുത നിലയമാണ് ബാരാപോൾ. 2016 ഫെബ്രുവരി 29 ന് ഉദ്ഘാടനം ചെയ്യപ്പെട്ട ഈ പദ്ധതി അയ്യൻകുന്ന് പഞ്ചായത്തിലാണ് സ്ഥിതിചെയ്യുന്നത്. ട്രഞ്ചിയർ സിസ്റ്റത്തിൽ രൂപകൽപ്പന ചെയ്ത കേരളത്തിലെ ആദ്യത്തെ ഹൈഡൽ പ്രൊജക്ടായ ഇതിന്റെ സ്ഥാപിതശേഷി 15 മെഗാവാട്ടാണ്. വർഷത്തിൽ 36 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിയുടെ കനാലിന് മുകളിലൂടെ മൂന്ന് കിലോമീറ്ററോളം നീളത്തിൽ സ്ഥാപിക്കപ്പെട്ട സോളാർ പാനലിൽ നിന്നും 3 മെഗാവാട്ട് അധികവൈദ്യുതിയും ഉത്പാദിപ്പിക്കപ്പെടുന്നു.

കരിമ്പം ജില്ലാ കൃഷിത്തോട്ടം:- 1905ൽ ബ്രിട്ടീഷ് സസ്യശാസ്ത്രകാരനായ ചാൾസ് ആൽഫ്രഡ് ബാർബറിന്റെ നേതൃത്വത്തിൽ ആരംഭിച്ച കരിമ്പം കൃഷിഫാം കണ്ണൂരിലും പുറംനാടുകളിലും ഉണമേൻമയുള്ള പഴവർഗ നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്ന പ്രമുഖ സ്ഥാപനമാണ്. 141 ഏക്കർ വിസ്തൃതിയുള്ള കരിമ്പം കൃഷിഫാമിൽ ജില്ലാ പഞ്ചായത്ത് പദ്ധതിയിലുൾപ്പെടുത്തി 'ജൈവവൈവിധ്യ കേന്ദ്രം', 'തദ്ദേശ സാങ്കേതിക വിജ്ഞാനകേന്ദ്രം' എന്നീ പ്രൊജക്ടുകൾ അംഗീകരിച്ച് നടപ്പാക്കിവരുന്നു. 1975ലാണ് ഇത് ജില്ലാ കൃഷി ഫാമായി ഉയർത്തപ്പെട്ടത്. 2009ൽ ജില്ലാ പഞ്ചായത്ത് മുഖേന ആരംഭിച്ച വിപണനകേന്ദ്രം ഫാമിന്റെ വളർച്ചയുടെ നാഴികക്കല്ലാണ്. മുൻപ്രധാനമന്ത്രിമാരായ ജവഹർലാൽ നെഹ്റു, ഇന്ദിരാഗാന്ധി എന്നിവരടക്കം ഒട്ടേറെ പ്രമുഖ വ്യക്തികൾ കരിമ്പം ഫാം സന്ദർശിച്ചിട്ടുണ്ട്.

പന്നിയൂർ കുരുമുളക് ഗവേഷണകേന്ദ്രം:- കുരുമുളക് കൃഷിയുടെ വ്യാപനത്തിനായി 1952ൽ കണ്ണൂർ ജില്ലയിലെ പന്നിയൂരിൽ ആരംഭിച്ച ഈ സ്ഥാപനം 1972 ൽ കേരള കാർഷിക യൂണിവേഴ്സിറ്റിയുടെ നേതൃത്വത്തിൽ കുരുമുളക് ഗവേഷണ കേന്ദ്രമായി വികസിപ്പിച്ചു. കുരുമുളക് കൃഷി വ്യാപിപ്പിക്കുക, പുതിയ ഇനം നടീൽവസ്തുക്കൾ ഉത്പാദിപ്പിക്കുക തുടങ്ങിയവയാണ് ഈ സ്ഥാപനത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ.

ഫോക് ലോർ അക്കാദമി:- നാടൻകലകളെ സംരക്ഷിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും വേണ്ടി കേരള സർക്കാർ 1996ൽ കണ്ണൂർ ആസ്ഥാനമായി സ്ഥാപിച്ച സ്വയംഭരണ സ്ഥാപനമാണ് കേരള ഫോക്ലോർ അക്കാദമി. ചിറക്കൽചിറയുടെ കരയിലാണ് നാലുകെട്ട് മാതൃകയിലുള്ള അക്കാദമി കേന്ദ്രം പ്രവർത്തിക്കുന്നത്. ഫോക് ലോർ മ്യൂസിയം, ലൈബ്രറി, പ്രസിദ്ധീകരണ വിഭാഗം എന്നിവ ഇവിടെ പ്രവർത്തിക്കുന്നു. ഉത്തര കേരളത്തിലെ തെയ്യക്കോലങ്ങളുടെ നിരവധി മാതൃകകൾ ഫോക് ലോർ മ്യൂസിയത്തിലുണ്ട്.

ക്ഷേത്രകലാ അക്കാദമി:- ക്ഷേത്രകലകളുടെ സംരംക്ഷണത്തിനും, പ്രോത്സാഹനത്തിനും, പ്രചരണത്തിനുമായി കേരള സർക്കാർ 2015 ൽ രൂപകൽപ്പന ചെയ്ത ക്ഷേത്ര കലാ അക്കാദമി കണ്ണൂർ ജില്ലയിലെ മാടായിക്കാവ് ആസ്ഥാനമായി പ്രവർത്തിച്ചുവരുന്നു. മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ സ്ഥാപനം ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ ജനഹൃദയങ്ങളിൽ എത്തിക്കുന്നതിന്നതിനുള്ള ആദ്യഘട്ട പ്രവർത്തനങ്ങൾ നടത്തിവരികയാണ്. എട്ടംഗ ഭരണസമിതിയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ സ്ഥാപനം ഓട്ടൻ തുള്ളൽ, ചെണ്ട, തെയ്യം മുഖത്തെഴുത്ത് എന്നിവയിൽ എട്ടിനും, പതിനെട്ടിനും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് പരിശീലനം നൽകിവരുന്നു.

സയൻസ് പാർക്ക്:- വിദ്യാർത്ഥികളിലും യുവജനങ്ങളിലും ശാസ്ത്രബോധവും ശാസ്ത്രചിന്തയും വളർത്തുന്നതിനായി കണ്ണൂർ ടൗണിൽ ദേശീയപാതക്കരികിൽ സ്ഥിതിചെയ്യുന്ന സ്ഥാപനമാണ് കണ്ണൂർ സയൻസ് പാർക്ക്. വിദ്യാർത്ഥികളെയും ശാസ്ത്രകുതുകികളെയും ആകർഷിക്കുന്ന ഈ സ്ഥാപനം ജില്ലാ പഞ്ചായത്തിന്റെ കീഴിലാണ്. കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ, ഐ.എസ്.ആർ.ഒ., വിക്രം സാരാഭായ് സ്പെയ്സ് സെന്റർ, വിശേശരയ്യ മ്യൂസിയം ബാംഗ്ലൂർ തുടങ്ങിയ ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പഠനപ്രവർത്തനങ്ങൾക്ക് സയൻസ് പാർക്ക് മുൻകൈയെടുക്കുന്നു. ശാസ്ത്രബോധം വളർത്താനായി സെമിനാറുകളും പ്രതിമാസ പ്രഭാഷണ പരമ്പരകളും സംഘടിപ്പിക്കാൻ തീരുമാനമായിട്ടുണ്ട്.

കേരള സിവിൽ സർവീസ് അക്കാദമി :- മിടുക്കരായ വിദ്യാർത്ഥികൾക്ക് ഭരണ നിർവഹണത്തിന്റെ ഉയർന്ന തലങ്ങളിൽ കഴിവുതെളിയിക്കാവുന്ന മേഖലയാണ് സിവിൽ സർവീസ് രംഗം. സിവിൽ സർവീസ് പരീക്ഷാ പരിശീലന സൗകര്യങ്ങളിൽ മലബാർ താരതമ്യേന പിറകിലാണ്. ഈയൊരു കുറവ് പരിഹരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ജില്ലാ പഞ്ചായത്തിന്റെയും സംസ്ഥാന തുടർ വിദ്യാകേന്ദ്രത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ കല്യാശ്ശേരിയിൽ സിവിൽ സർവീസ് അക്കാദമി

ആരംഭിച്ചിരിക്കുന്നത്. നാന്നൂറോളം വിദ്യാർത്ഥികൾക്ക് പ്രതിവർഷം പ്രവേശനം ലഭിക്കാനുദ്ദേശിക്കുന്ന അക്കാദമിയിലെ 51% സീറ്റുകൾ പട്ടികജാതി, പട്ടികവർഗ വിദ്യാർത്ഥികൾക്കായി ഉറപ്പുവരുത്തിയിട്ടുണ്ട്. കേരള സിവിൽ സർവീസ് അക്കാദമിയുടെ സംസ്ഥാനത്തെ എട്ടാമത്തെയും ഉത്തര മലബാറിലെ ആദ്യത്തെയും സെന്റർ ആണ് കല്യാശ്ശേരിയിലേത്. എട്ടാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കുള്ള പരിശീലന ക്ലാസ്സുകൾ നടന്നുവരുന്നു. നിർദിഷ്ട കല്യാശ്ശേരി സിവിൽ സർവീസ് അക്കാദമിക്ക് വേണ്ടി ക്ലാസ്സ് മുറികൾ, കോൺഫറൻസ് ഹാൾ, ലൈബ്രറി, കമ്പ്യൂട്ടർലാബ്, ഡോർമെട്രി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ കെട്ടിടം ആസൂത്രണം ചെയ്ത് നിർമാണ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്.

കരിമ്പ ഗവേഷണകേന്ദ്രം:- കണ്ണൂർ കോർപറേഷൻ പരിധിയിൽ സ്ഥിതി ചെയ്യുന്ന കരിമ്പഗവേഷണകേന്ദ്രം ഈ രംഗത്തെ ഇന്ത്യയിലെ തന്നെ പ്രധാന സ്ഥാപനമാണ്. 1962 ൽ ആരംഭിച്ച കണ്ണൂർ കരിമ്പഗവേഷണ കേന്ദ്രം 1969ൽ ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചർ റിസർച്ചിൽ അഫിലിയേഷൻ നേടി. 20 ഏക്കർ സ്ഥലത്ത് വ്യാപിച്ചു കിടക്കുന്ന കരിമ്പ ഗവേഷണ കേന്ദ്രത്തിൽ ലോകത്തിന്റെ പല ഭാഗങ്ങളിലുള്ള 3369 കരിമ്പ് ഇനങ്ങൾ സംരക്ഷിച്ചുവരുന്നു. ഇന്ത്യയിലെ ഏറ്റവും വലിയ കരിമ്പ് ജീനോം ബാങ്ക് ആണ് ഇത്. കരിമ്പു കൃഷിക്കും ഗവേഷണ പ്രവർത്തനങ്ങൾക്കും അനുകൂലമായ കാലാവസ്ഥ ഈ കേന്ദ്രത്തിന്റെ വളർച്ചക്ക് ആക്കം കൂട്ടിയിട്ടുണ്ട്. കരിമ്പ് ഇനങ്ങളുടെ ഡി.എൻ.എ. പരീക്ഷണങ്ങളടക്കം നടത്താൻ സൗകര്യമുള്ള സുസജ്ജമായ ഗവേഷണ വിഭാഗമാണിവിടെയുള്ളത്.

ഏഴിമല നേവൽ അക്കാദമി:- ഏഷ്യയിലെ ഏറ്റവും വലിയ നാവിക പരിശീലന കേന്ദ്രമാണ് ഏഴിമല നാവിക അക്കാദമി. 1969-ൽ ആരംഭിച്ച പദ്ധതി 2009 ജനുവരി 8ന് ഉദ്ഘാടനം ചെയ്യപ്പെട്ടു. 2,500 ഏക്കർ വിസ്തൃതിയിലുള്ള നേവൽ ബേസോടുകൂടിയ ഏഴിമല നേവൽ അക്കാദമി ജവഹർലാൽ നെഹ്രു യൂണിവേഴ്സിറ്റി (ജെ.എൻ.യു.), ആൾഇന്ത്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യുക്കേഷൻ എന്നിവയിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്നു. നിലവിൽ അമേരിക്കൻ നാവിക അക്കാദമി ആണ് ലോകത്തിലെ ഏറ്റവും വലിയ നാവിക അക്കാദമി. ഏഴിമല നാവിക അക്കാദമി പൂർണ വികസനം പ്രാപിക്കുന്നതോടെ അമേരിക്കൻ നാവിക അക്കാദമിയെ പിന്തളളി ഒന്നാം സ്ഥാനം നേടുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. മൂന്നുവശവും കടലിനാൽ ചുറ്റപ്പെട്ട ഏഴിമലയുടെ ഭൂമിശാസ്ത്രപ്രത്യേകതകളാണ് അതിനെ മികച്ച നാവിക കേന്ദ്രമാക്കി മാറ്റുന്നത്.

ഡി.എസ്.സി. സെന്റർ:- രാജ്യത്തെ പ്രതിരോധ സ്ഥാപനങ്ങളുടെ സുരക്ഷാ ചുമതലയുള്ള ഡിഫൻസ് സെക്യൂരിറ്റി കോർപ്സിന്റെ ആസ്ഥാനം കണ്ണൂർ ആണ്. പ്രതിരോധ സുരക്ഷാ സേനയുടെ രാജ്യത്തെ എല്ലാ പ്ലാറ്റൂണുകളുടെയും മാതൃകേന്ദ്രമായ കണ്ണൂർ ഡി.എസ്.സി സെന്റർ 1961 നവംബർ 1 നാണ് സ്ഥാപിക്കപ്പെട്ടത്. കണ്ണൂർ കന്റോൺമെന്റിലുള്ള ഡി.എസ്.സി. സെന്റർ പ്രതിരോധ വകുപ്പിന് കീഴിലുള്ള പ്രമുഖ സ്ഥാപനമാണ്.

കണ്ണൂർ കന്റോൺമെന്റിൽ ടെറിട്ടോറിയൽ ആർമിയുടെ ഭാഗമായ 122 ഇൻഫെന്ററി ബറ്റാലിയനും പ്രവർത്തിക്കുന്നു. മറ്റെന്തെങ്കിലും ജോലിയുള്ള ആളുകൾക്ക് സൈനിക സേവനത്തിന് അവസരമൊരുക്കുന്ന സേനാവിഭാഗമാണ് ഇൻഫെന്ററി ബറ്റാലിയൻ. സൈനികരുടെയും ബന്ധുക്കളുടെയും ചികിത്സക്കായുള്ള മിലിട്ടറി ഹോസ്പിറ്റലും കന്റോൺമെന്റിൽ സ്ഥിതിചെയ്യുന്നു.

റൂഡ്സെറ്റ് ഇൻസ്റ്റിറ്റ്യൂട്ട്:- ഇന്ത്യൻ യുവതയെ സ്വയം തൊഴിലിലേക്കും നവസംരംഭങ്ങളിലേക്കും കൈപിടിച്ചുയർത്തുന്നതിനുവേണ്ടി 1982 ൽ കർണാടകയിലെ ഊജിറയിൽ രൂപം കൊണ്ട പ്രസ്ഥാനമായ റൂഡ്സെറ്റിന് കേരളത്തിൽ ഒരു ഇൻസ്റ്റിറ്റ്യൂട്ട് മാത്രമേ നിലവിലുള്ളൂ. അത് കണ്ണൂരിലാണ്. 1985 ൽ ആരംഭിച്ച ഈ സ്ഥാപനം ഇപ്പോൾ പ്രവർത്തിക്കുന്നത് കണ്ണൂർ ജില്ലയിലെ കാഞ്ഞിരങ്ങാട് ആണ്. കഴിവിന്റെ അടിസ്ഥാനത്തിൽ മാത്രം തെരെഞ്ഞെടുക്കപ്പെടുന്ന പരിശീലനാർത്ഥികൾക്ക് താമസം, ഭക്ഷണം, എന്നിവ സൗജ്യമായി നൽകിവരുന്നു. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ പദ്ധതികളുമായി യോജിപ്പിച്ച് വിവിധ ബാങ്കുകളുടെ സഹകരണത്തോടെ സംരംഭത്തിനാവശ്യമായ വായ്പയും ലഭ്യമാക്കികൊടുക്കുന്നു. പരിശീലനത്തിനുശേഷം തുടർച്ചയായ രണ്ട് വർഷത്തേക്ക് പരിശീലനാർത്ഥികളെ സഹായിക്കുന്നതിനായി സൗജന്യ ഫോളോഅപ്പ് സേവനവും നൽകിവരുന്നുണ്ട്. പ്രതിവർഷം 1,500 ലധികം യുവതീയുവാക്കൾക്ക് പരിശീലനം നൽകുന്ന ഈ സ്ഥാപനത്തിൽ 40 സ്ത്രീകൾക്കും 40 പുരുഷൻമാർക്കും താമസിക്കുവാനുളള സൗകര്യം ഒരുക്കിയിട്ടുണ്ട്. 18 നും 45 നും ഇടയിൽ

പ്രായമുള്ളവർക്കായി 6 ദിവസം മുതൽ 45 ദിവസം വരെ ദൈർഘ്യമുള്ള വ്യത്യസ്തങ്ങളായ 19 വിഷയങ്ങളിൽ പരിശീലനം നൽകി വരുന്നു.

നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ :- 1959ൽ സ്വിറ്റ്സർലന്റിലെ ഡോ. ഹെൻട്രിച്ച് ഹെൽസ്റ്റൺ ഇന്തോ-സ്വിസ് സഹകരണത്തോടെ തലശ്ശേരിയിലെ ഗ്രണ്ടർട്ട് ബംഗ്ലാവിനോട് ചേർന്ന് പ്രവർത്തനം തുടങ്ങിയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമാണ് എൻ.ടി.ടി.എഫ്. ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിലായി ഇരുപതോളം പരിശീലനകേന്ദ്രങ്ങളിൽ ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് വിവിധ തൊഴിലധിഷ്ഠിത ട്രേഡുകളിൽ എൻ.ടി.ടി.എഫ്. പരിശീലനം നൽകുന്നു. എൻ.ടി.ടി.എഫ്. തലശ്ശേരി കേന്ദ്രത്തിൽ 1,200 ഓളം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ടൂൾ ആന്റ് ഡൈ മെയ്ക്കിംഗ്, കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്, മെക്കാട്രോണിക്സ് എന്നീ ഡിപ്ലോമ കോഴ്സുകളും ടൂൾഡിസൈനിംഗിൽ പോസ്റ്റ് ഡിപ്ലോമയുമാണ് ഇവിടുത്തെ പ്രധാന കോഴ്സുക ൾ.

സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ വേറിട്ട ഒരുപാട് പ്രത്യേകതകളുള്ള ജില്ലയാണ് കണ്ണൂർ. ഓണവും വിഷുവും പെരുന്നാളും ക്രിസ്തുമസ്സുമെല്ലാം ഒരേ മനസ്സോടെ ആഘോഷിക്കുന്ന ഇവിടത്തുകാർ ഉയർന്ന രാഷ്ട്രീയ പ്രബുദ്ധതയും ഐക്യ മനോഭാവവും പ്രകടിപ്പിക്കുന്നവരാണ്. മനോഹരമായ തീരപ്രദേശങ്ങളും ഹരിതാഭമായ ഇടനാടും നയനാനന്ദകരമായ മലമടക്കുകളും ഉൾച്ചേർന്നുനിൽക്കുന്ന ഭൂമിശാസ്ത്രഘടനയാണ് കണ്ണൂരിന്റേത്. വന വിസ്തൃതി കുറവാണെങ്കിലും വലിയ ജൈവവൈവിധ്യ കലവറയാണ് ജില്ലയിലെ ഭൂഭാഗങ്ങൾ. വിഭവങ്ങൾ ഏറെയുള്ള ജില്ലയെ സുസ്ഥിര വികസന പാതയിലേക്ക് നയിക്കാൻ സമഗ്രമായ പ്രവർത്തനപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കേണ്ടിയിരിക്കുന്നു. നവകേരളം പരിപാടിയുടെ ഭാഗമായി ആറ് വിഷയ മേഖലകളെ ഉൾക്കൊണ്ടുകൊണ്ട് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ലൈഫ് മിഷൻ പദ്ധതി (സാമൂഹ്യ സുരക്ഷാ ഭവന പദ്ധതി), ആർദ്രം മിഷൻ (ജന സൗഹൃദ സർക്കാർ ആശുപത്രികൾ), പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം (പൊതു വിദ്യാലയങ്ങളിലെ പഠന ബോധന പ്രക്രിയ ശക്തിപ്പെടുത്തൽ) ഹരിത കേരളമിഷൻ (വൃത്തിയും, ജല സമൃദ്ധിയും വീണ്ടെടുക്കുക, സുരക്ഷിത ഭക്ഷ്യ വസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുക) എന്നീ നാല് മിഷനുകൾ പ്രാവർത്തികമാവുന്നതോടൊപ്പം കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം, അഴീക്കൽ തുറമുഖം എന്നിവ പൂർണതോതിൽ പ്രവർത്തന സജ്ജമാകുന്നതോടെ ജില്ല വികസന കാര്യത്തിൽ കുതിച്ചുചാട്ടം നടത്തുമെന്നതിൽ സംശയമില്ല. ജില്ലയിലെ ജനസംഖ്യ എസ്റ്റിമേറ്റ് ചെയ്തത് (2017 മുതൽ 2021 വരെ) **അനുബന്ധം 4ൽ കൊടുക്കുന്നു.**

അധ്യായം 2

വിഭവലഭ്യത

(പ്രകൃതി–മനുഷ്യ–ധന–വിഭവങ്ങൾ)

2.1. പ്രകൃതി വിഭവങ്ങൾ

ജീവിതത്തിലെ എല്ലാ മേഖലകളിലും ശീഘ്രപുരോഗതി കൈവരിക്കുവാൻ മനുഷ്യൻ ഭൂമിയിലെ വിഭവങ്ങളെ ചൂഷണം ചെയ്തുകൊണ്ടിരിക്കുകയാണ്. പ്രകൃതി, സസ്യജാലം, മണ്ണ്, ധാതുക്കൾ എന്നീ വിഭവങ്ങളെ നാം ബുദ്ധിയോടെ ഉപയോഗിക്കുകയും പരിരക്ഷിക്കുകയും ചെയ്യേണ്ടതുണ്ട്. മാനവ ജീവിതത്തെ സുഖപ്രദമാക്കുന്നതിനു വേണ്ടി ഉപയോഗിക്കുന്ന പ്രകൃതിയുടെ ഈ ദാനങ്ങളെ പ്രകൃതി വിഭവങ്ങൾ എന്ന് വിളിക്കാവുന്നതാണ്. ആവർത്തനശേഷിയില്ലാത്ത പ്രകൃതിവിഭവങ്ങളായ ധാതുക്കളുടെ നിക്ഷേപങ്ങൾ വർദ്ധിപ്പിക്കാനാവില്ല. അതായത് ധാതുക്കളുടെ ഖനനം കൂടുംതോറും ഭൂമിയിലുള്ള അവയുടെ അളവ് കുറഞ്ഞുവരും. വിഭവങ്ങൾ പരമാവധി സംരക്ഷിക്കുകയെന്നതാണ് ഏറ്റവും ബുദ്ധിപൂർവമായ കാര്യം. മിതവ്യയം ആണ് നാം സ്വീകരിക്കേണ്ട തത്വം. പ്രകൃതിവിഭവങ്ങൾകൊണ്ട് അനുഗ്രഹീതമാണ് നമ്മുടെ ജില്ല. നാം അവയെ ദുരുപയോഗപ്പെടുത്തുകയോ മലിനീകരിക്കുകയോ ചെയ്യാൻപാടില്ല. പ്രകൃതിവിഭവങ്ങളോട് ആരോഗ്യകരമായ മനോഭാവവും വിലമതിപ്പും വളർത്തിയെടുക്കേണ്ടതുണ്ട്. ജില്ലയിലെ പ്രധാന ജൈവ ഭൗതിക വിഭവങ്ങൾ എന്തെല്ലാം അവയെ എങ്ങനെ പരിരക്ഷിക്കാം എന്നതു സംബന്ധിച്ച് വിവിധ സാങ്കേതിക വകുപ്പുകളിൽ നിന്നും സമാഹരിച്ച വിവരങ്ങൾ ജൈവ ഭൗതിക വിഭവങ്ങൾ എന്ന ശീർഷകത്തിൽ തുടർന്ന് പ്രതിപാദിക്കുന്നു.

2.1.1. ജൈവ ഭൗതിക വിഭവങ്ങൾ

ജില്ലാതല ആസൂത്രണത്തിലെ നിർണായക ഘടകം ജില്ലയിലെ പ്രകൃതി വിഭവങ്ങളെക്കുറിച്ചുള്ള ശരിയായതും പൂർണമായതുമായ വിവരങ്ങൾ ഉണ്ടാവുകയെന്നതാണ്. പ്രാദേശിക വിഭവങ്ങളിൽ മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവ പ്രാധാന്യമർഹിക്കുന്നു. പാരിസ്ഥിതിക പ്രശ്നങ്ങൾക്കും മറ്റ് ചൂഷണങ്ങൾക്കും വിധേയമാകുന്ന വിഭവങ്ങൾ എന്ന നിലയിൽ മണ്ണ്, ജലം ജൈവസമ്പത്ത് എന്നിവയെക്കുറിച്ചുള്ള അറിവ് സുപ്രധാനമാണ്.

പ്രകൃതി അനേകം സംവത്സരങ്ങൾ കൊണ്ട് സൃഷ്ടിക്കുന്ന ഒരിഞ്ച് മേൽമണ്ണ് നാം ഒരു നിമിഷം കൊണ്ട് നശിപ്പിക്കുന്നു. വനനശീകരണവും വെള്ളപ്പൊക്കവും മണ്ണൊലിപ്പും ഉരുൾപൊട്ടലുമൊക്കെ ഇതിന് നിദാനമാകുന്നുണ്ടെങ്കിലും ഒരിഞ്ച് മണ്ണ് ഒരൗൺസ് സ്വർണത്തിന് തുല്യമാണ്. (An inch of sod is an ounce of gold) എന്ന തത്വം നാമിവിടെ ഓർമിക്കേണ്ടിയിരിക്കുന്നു. പ്രകൃതിയുടെ ഈ അമൂല്യ സമ്പത്താണ് നാം തെറ്റായ കൃഷിരീതിയിലൂടെയും കീടനാശിനികളുടെയും മറ്റും അമിതപ്രയോഗം മൂലവും വർഷം തോറും പാഴാക്കി കളയുന്നത്. കുന്നിൻചരിവുകളിലെ മണ്ണിടിച്ച് മാറ്റി നിലം നികത്തി കോൺക്രീറ്റ് സമുച്ചയങ്ങൾ ഉയർത്തുമ്പോഴും കുന്നുകൾ നിരപ്പാക്കി വികസന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുമ്പോഴും നാം പരിസ്ഥിതി സന്തുലനത്തെ തകിടംമറിക്കുകയാണ് ചെയ്യുന്നത്. ജീവന്റെ അടിസ്ഥാനമായ മണ്ണും ജലവും സംരക്ഷിക്കുക, അതാകട്ടെ നമ്മുടെ ലക്ഷ്യം. അങ്ങനെ കേരളത്തെ ഒരു ഊഷരഭൂമിയാക്കി മാറ്റാതിരിക്കാം. നമുക്ക് അവശേഷിക്കുന്ന മണ്ണും ജലവും പരിരക്ഷിച്ച് അടുത്ത തലമുറയ്ക്ക് കൈമാറാം.

ഭൂപ്രകൃതി

ഭൂമിശാസ്ത്രപരമായി കണ്ണൂർ ജില്ല ഉത്തര അക്ഷാംശം $11^0$40'മുതൽ $12^0$17' വരെ വടക്കോട്ടും രേഖാംശം $75^0$10' മുതൽ $75^0$56'വരെ കിഴക്കോട്ടും വ്യാപിച്ചുകിടക്കുന്നു. കിഴക്ക് കർണാടക സംസ്ഥാനവും വയനാട് ജില്ലയും, പടിഞ്ഞാറ് അറബിക്കടലും വടക്ക് കാസറഗോഡ് ജില്ലയും തെക്ക് കോഴിക്കോട്, വയനാട് ജില്ലകളുമാണ് അതിർത്തികൾ. ജില്ലയുടെ ഭൂമിശാസ്ത്രപരമായ ആകെ വിസ്തൃതി 2966 ചതുരശ്ര കിലോമീറ്ററാണ്. ഇത് കേരളത്തിന്റെ മൊത്തം വിസ്തൃതിയുടെ 7.6% വരും. ആകെ വിസ്തൃതിയെ പൊതുവെ മൂന്നായി തരംതിരിക്കാം. അറബിക്കടലിനോട് തൊട്ടുകിടക്കുന്ന 157 ച.കി.മീ. വിസ്തീർണ്ണമുള്ള തീരപ്രദേശവും വലിയ കുന്നുകളും കാടുകളും അടങ്ങുന്ന 1594 ച.കി.മീറ്റർ വിസ്തീർണമുള്ള മലനാടും അവയ്ക്കിടയിൽ ചെറിയ കുന്നുകളും ചെരിഞ്ഞതും നിമ്നോന്നതങ്ങളായ സമതല പ്രദേശങ്ങളും അടങ്ങുന്ന 1216.82 ച.കി.മീറ്റർ വിസ്തൃതിയുള്ള ഇടനാടും ചേർന്നതാണ് ജില്ലയിലെ ഭൂവിസ്തൃതി. ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള കാർഷികവിഭവങ്ങളുടെ സ്ഥലവിവരകണക്കുകളുടെ പട്ടിക **അനുബന്ധം (5) ൽ** കൊടുത്തിരിക്കുന്നു.

സമുദ്ര നിരപ്പിൽ നിന്നുള്ള ഉയരത്തിന്റെ അടിസ്ഥാനത്തിൽ തീരപ്രദേശം, ഇടനാട്, മലനാട് എന്നിവ ഉൾപ്പെടെ ജില്ലയെ പൊതുവായി അഞ്ച് മേഖലകളിലായി തരം തിരിച്ചിരിക്കുന്നു. സമുദ്രത്തോട് തൊട്ടുകിടക്കുന്ന തീരപ്രദേശം, പശ്ചിമഘട്ട മേഖലയിലെ കുന്നുകളടങ്ങിയ വനപ്രദേശങ്ങൾ, അതിനോട് തൊട്ടുകിടക്കുന്ന മലനാട്, കുന്നുകളും നിമ്നോന്നത പ്രദേശങ്ങളുമടങ്ങിയ ഇടമലനാട്, തീരപ്രദേശത്തോട് തൊട്ടുകിടക്കുന്ന ഇടനാട് എന്നിവയാണ് അഞ്ച് മേഖലകൾ. ഇവ കൂടാതെ വയലുകൾ, പുഴകൾ, പുഴയോരങ്ങൾ, കടൽത്തീരങ്ങൾ, അഴിമുഖങ്ങൾ, ചതുപ്പുനിലങ്ങൾ, ഉപ്പുവെള്ളം നിറഞ്ഞ കായലുകൾ, ശുദ്ധജലതോടുകൾ എന്നിവ മാറിമാറി കാണുന്ന ജൈവ സമൃദ്ധമായ ഒരു പ്രദേശമാണ് കണ്ണൂർ ജില്ല. ജൈവഭൂമിയുടെ പ്രധാന ഭാഗങ്ങളാണ് വയലുകളും പറമ്പുകളും തോടുകളും.

സംസ്ഥാനത്തിന്റെ പൊതുവായ സവിശേഷതകൾ എല്ലാംതന്നെ ഏറെക്കുറെ കണ്ണൂർ ജില്ലയിലും കാണാം. ജൂൺ മുതൽ ആഗസ്റ്റ് വരെ തെക്കുപടിഞ്ഞാറൻ കാലവർഷവും സെപ്തംബർ മുതൽ നവംബർ വരെ വടക്കു കിഴക്കൻ കാലവർഷവും ലഭിക്കുന്ന മഴക്കാലവും ഡിസംബർ മുതൽ ഫെബ്രുവരി വരെ ശീതകാലവും മാർച്ച് മുതൽ മെയ് അവസാനം ഉഷ്ണകാലവുമാണ് കാലാവസ്ഥ. വിവിധയിനം ഔഷധ സസ്യങ്ങൾ അടങ്ങിയ സസ്യജന്തുസ്സുകളുടെ വൈവിധ്യം താഴ്വാരങ്ങളുടെ സവിശേഷതയാണ്.

ചുവന്ന വെട്ടുകല്ലാൽ സമൃദ്ധമാണ് കണ്ണൂർ ജില്ല. കൂടാതെ ചുവന്ന എക്കൽ മണ്ണും മണലും കൂടുതലായി കാണപ്പെടുന്നു. സംസ്ഥാനത്ത് പൊതുവായി കാണപ്പെടുന്നതുപോലെ കൈവഴികളായി പിരിഞ്ഞുകിടക്കുന്ന ചെറുപുഴകളെ പരസ്പരം ബന്ധിപ്പിക്കുന്ന ഓരുജല കായലുകൾ കണ്ണൂർ ജില്ലയുടെ ഒരു പ്രധാന സമ്പത്താണ്. വിവിധ കാവുകൾ നിലനിൽക്കുന്ന ഹരിതഭൂമികൾ ജില്ലയുടെ പ്രകൃതി സമ്പത്തുകളിൽ പ്രധാനമാണ്. രാമപുരംപുഴ, കുപ്പംപുഴ, പെരുവാമ്പപുഴ, വളപട്ടണം പുഴ അഞ്ചരക്കണ്ടിപ്പുഴ, തലശ്ശേരിപ്പുഴ, മയ്യഴിപ്പുഴ എന്നിവയാണ് ജില്ലയിലെ പ്രധാന ജലസ്രോതസ്സുകൾ. മറ്റൊരു പ്രധാന ജലസ്രോതസ്സായ ഭൂഗർഭജലത്തിന്റെ ജില്ലയിലെ വിഭവശേഷി സംസ്ഥാനത്തിന്റെ 10.41% വരും.

നിമ്നോന്നത സ്ഥിതി

സമുദ്ര നിരപ്പിൽ നിന്നുള്ള ഉയരത്തിന്റെ അടിസ്ഥാനത്തിൽ ജില്ലയെ മൂന്നു മേഖലകളായി തിരിച്ചിരിക്കുന്നു.

1. തീരപ്രദേശം/Lowland: സമുദ്രനിരപ്പിൽ നിന്നും 7.5 മീറ്റർ വരെ ഉയരത്തിൽ കാണപ്പെടുന്ന, നിരപ്പായതും ചരിവ് കുറഞ്ഞതുമായ പ്രദേശങ്ങൾ. മണൽതിട്ടകളും വയലുകളും തുരുത്തുകളും അഴിമുഖങ്ങളുമാണ് ഈ മേഖലയിൽ പ്രധാനമായും കാണപ്പെടുന്നത്.
2. ഇടനാട്/Midland: സമുദ്രനിരപ്പിൽനിന്നും 7.5 മീറ്റർ മുതൽ 75 മീറ്റർ വരെ ഉയരത്തിൽ കാണപ്പെടുന്ന കുന്നുകളും വയലുകളും നിറഞ്ഞ പ്രദേശം.
3. മലനാട്/Upland: സമുദ്രനിരപ്പിൽനിന്നും 75 മീറ്ററിനു മുകളിൽ കാണപ്പെടുന്ന ചെങ്കുത്തായ കുന്നുകൾ നിറഞ്ഞ മലയോര പ്രദേശം.



കേരളത്തിന്റെ വടക്കൻ ജില്ലകളിൽ ഒന്നായ കണ്ണൂരിനെ തലശ്ശേരി, കണ്ണൂർ, തളിപ്പറമ്പ്, ഇരിട്ടി, പയ്യന്നൂർ എന്നിങ്ങനെ 5 താലൂക്കുകളായി വിഭജിച്ചിരിക്കുന്നു.

സമുദ്രനിരപ്പിൽ നിന്നും ഏറ്റവും കുറഞ്ഞ ഉയരം പടിഞ്ഞാറ് തീരപ്രദേശത്തും ഏറ്റവും കൂടിയ ഉയരമായ 1408 മീറ്റർ ജില്ലയിലെ തെക്കുകിഴക്ക് ഭാഗത്തായി സ്ഥിതിചെയ്യുന്ന കൊട്ടിയൂർ മലയിലുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മലകളിലെ വനനശീകരണം മലഞ്ചെരിവുകളിൽ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നു. ഉൾനാടൻ കുന്നുകളുടെ വർദ്ധിതമായ ശോഷണം കാർഷിക പ്രധാനമായ ഇടനാടുകളിൽ പ്രകൃതിദത്തമായിരുന്ന ഫലഭൂയിഷ്ഠത കുറയാൻ കാരണമായിട്ടുണ്ട്.

2.1.2. ഭൂരൂപ വ്യവസ്ഥ (Terrain System)

സാധാരണയായി തീരപ്രദേശം, ഇടനാട്, മലനാട് എന്നിങ്ങനെ മൂന്ന് പ്രദേശങ്ങളാണ് ജില്ലയിലൊട്ടാകെ കാണുന്നത്. കേരളത്തിലെ മറ്റു ജില്ലകളെപ്പോലെ കണ്ണൂരും സസ്യസമ്പത്തുകൊണ്ട് അനുഗ്രഹീതമാണ്. ജില്ലയുടെ കിഴക്കൻ പ്രദേശങ്ങളിൽ പലതരത്തിലുള്ള വനങ്ങളും കുന്നിൻപ്രദേശങ്ങളിൽ നാണ്യവിളകളും കാണപ്പെടുന്നു.

തീരപ്രദേശങ്ങളിൽ മണൽ കലർന്ന പശിമരാശി മണ്ണാണ് സാധാരണ കാണാറുള്ളത്. ഇത് തെങ്ങ് കൃഷിക്ക് വളരെ അനുയോജ്യമാണ്. ചിലയിടങ്ങളിൽ വെട്ടുകല്ലിൻ ശേഖരണവും കാണപ്പെടുന്നു.

കണ്ണൂർ ജില്ലയുടെ അധികഭാഗവും ഇടനാട് എന്ന വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. ചരൽ കലർന്ന കളിമണ്ണും പശിമരാശിമണ്ണും ഇവിടങ്ങളിൽ കാണപ്പെടുന്നു. കൃഷിക്ക് അനുയോജ്യമല്ലാത്ത കട്ടിയേറിയ വെട്ടുകൽ ശേഖരം പലയിടങ്ങളിലും കാണാം. താഴ്ന്ന പ്രദേശങ്ങളിൽ നെല്ല്, വാഴ, കവുങ്ങ് തുടങ്ങിയവ കൃഷിചെയ്യുന്നു. കിഴക്കൻകുന്നിൻ പ്രദേശങ്ങൾ പശ്ചിമഘട്ട നിരയുടെ ഭാഗമാണ്. ഇവിടുത്തെ ഭൂപ്രകൃതി ധാരാളം കുന്നുകളും താഴ്വരകളും ഉള്ളത് കാരണം നിരപ്പായതല്ല. കുന്നുകളുടെ മുകൾ ഭാഗവും വശങ്ങളും കൃഷിക്ക് ഉപയോഗപ്പെടുത്താറുണ്ട്. റബ്ബർ, കശുമാവ്, തെങ്ങ്, കുരുമുളക് എന്നിവയാണ് പ്രധാനമായും ഇവിടെ കൃഷിചെയ്യപ്പെടുന്നത്. ഭൗമശാസ്ത്ര പഠനകേന്ദ്രത്തിന്റെ ഭൂരൂപ വ്യവസ്ഥ ഭൂപടത്തിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിൽ ബീച്ച് (1) തീരദേശകുന്നുകൾ (സി 2) തീരദേശ സമതലങ്ങൾ(സി 3) റെസിഡ്യൂവൽ (ഡി 5) ലാറ്ററൈറ്റിക് മീസ (എം 1) എന്നിങ്ങനെ വിഭജിച്ചിരിക്കുന്നു.

ഭൂഗർഭ (Geology) സവിശേഷതകൾ

അവസാദ ശിലകൾ, കായാന്തര ശിലകൾ എന്നിവയിൽ നിന്നും രൂപാന്തരം കൊണ്ട ശിലകളാണ് കണ്ണൂർ ജില്ലയിൽ പ്രധാനമായും കാണുന്നത്. ഇവ ആർക്കിയൻ, ഫിസ്റ്റ്, ടെറിഷെറി, റീസന്റ് എന്നിങ്ങനെ 4 ഭൂഗർഭ രൂപാന്തരങ്ങളിൽപ്പെടുന്നു. നയിസ്, ചാർണൈകൈറ്റ് എന്നിവ ആർക്കിയൻ വിഭാഗത്തിലും അലുവിയം, ലാറ്ററൈറ്റിംഗ് എന്നിവ റീസെന്റ് വിഭാഗത്തിലും വർക്കല രൂപാന്തരത്തിൽപ്പെടുന്ന ലാറ്ററൈറ്റ് ശിലകൾ ടെറിഷെറി വിഭാഗത്തിലും പെടുന്നു. ആർക്കിയൻ വിഭാഗം ഇടനാട്ടിലും മലനാട്ടിലും വ്യാപകമാണ്. തീരപ്രദേശങ്ങളിൽ അലുവിയം, സമുദ്രതറയിൽ അടിഞ്ഞുകൂടുന്ന അവശിഷ്ടങ്ങൾ ദൃഢീകരിച്ചുണ്ടാകുന്ന ചുണ്ണാമ്പ് കല്ല് എന്നിവ കാണുന്നു. ചാരനിറത്തിലും വെള്ളനിറത്തിലുമുള്ള നയിസ് പാറകൾ ജില്ലയുടെ വടക്കൻ മേഖലയിൽ ധാരാളമായി കണ്ടുവരുന്നു. റീസന്റ് വിഭാഗത്തിൽപ്പെടുന്ന ലാറ്ററൈറ്റ് ശിലകൾ ജില്ലയിൽ ഇടനാട്ടിലും മലനാട്ടിലും ധാരാളമായി കാണുന്നു. ടെറിഷെറി വിഭാഗത്തിൽപ്പെടുന്ന ലാറ്ററൈറ്റ് ശിലകൾ തീരപ്രദേശങ്ങളിൽ കാണുന്നു.

2.1.3. ധാതു നിക്ഷേപങ്ങൾ

ജില്ലയിൽ ചൈനാക്ലേ, ബോക്സൈറ്റ്, ഇൽമനൈറ്റ്, മോണോസൈറ്റ് മുതലായ ധാതുക്കളുടെ നിക്ഷേപങ്ങൾ ധാരാളമായി കണ്ടുവരുന്നു. തളിപ്പറമ്പ്, കണ്ണൂർ താലൂക്കുകളിലായി പട്ടുവം, പെരുമ്പ, കരിവെള്ളൂർ, വടക്കുമ്പാട് എന്നീ സ്ഥലങ്ങളിൽ ചൈനാക്ലേ ധാരാളമായി കാണുന്നു. പിലാത്തറ, തളിപ്പറമ്പ് ഭാഗങ്ങളിലായി ലാറ്ററൈറ്റ് ആവൃതമായ മേഖലകൾക്കിടയിൽ ധാരാളം കയോളിൻ നിക്ഷേപങ്ങൾ കാണുന്നു. ചൈനാക്ലേ മൺപാത്ര വ്യവസായത്തിനാവശ്യമായ അസംസ്കൃത വസ്തു എന്ന നിലയിൽ പ്രാധാന്യമർഹിക്കുന്നു.

വളപട്ടണം പുഴയുടെ തെക്കു ഭാഗത്തും അഴീക്കോട് ഭാഗത്തും ധാരാളമായി ഇൽമനൈറ്റ്, മോണോസൈറ്റ്, സിർക്കോൺ എന്നീ ധാതുക്കൾ കാണുന്നു. പയ്യന്നൂർ, പട്ടുവം എന്നീ പ്രദേശങ്ങളിൽ അലുമിനിയത്തിന്റെ അയിരുകളായ ബോക്സൈറ്റ് നിക്ഷേപം കണ്ടുവരുന്നു. ഗുണമേന്മ കുറഞ്ഞ തരത്തിലായതിനാൽ ഇവ സിമന്റ് നിർമാണത്തിന് ഉപയോഗിക്കുന്നു. ലിഗ്നൈറ്റിന്റെ ചെറിയ തോതിലുള്ള നിക്ഷേപങ്ങൾ കണ്ണൂരിന്റെ തീരപ്രദേശങ്ങളിലായി പഴയങ്ങാടി, മീൻകുന്ന് എന്നിവിടങ്ങളിൽ കാണാം. എരഞ്ഞോളി, ധർമടം, അഞ്ചരക്കണ്ടി എന്നീ പുഴയോരങ്ങളിലും വളപട്ടണം പുഴയോരത്തും ധാരാളമായി കാണുന്ന ചുണ്ണാമ്പ് കല്ല് വെള്ളസിമന്റ്, കുമ്മായം എന്നിവയുടെ നിർമാണത്തിന് ഉപയോഗിക്കുന്നു. ശ്രീകണ്ഠപുരം, പഴശ്ശി, കീഴല്ലൂർ, എടയന്നൂർ എന്നിവിടങ്ങളിൽ ടാൽകിന്റെ നിക്ഷേപങ്ങൾ കണ്ടുവരുന്നു. മറ്റ് ധാതുക്കളായ ഗ്രാഫൈറ്റ് പയ്യാവൂരും ഇൽമനൈറ്റ് ചതിരൂർ ഭാഗത്തും ഇരുമ്പയിരിന്റെ നിക്ഷേപം ചെറുകുന്ന് പ്രദേശത്തും കാണുന്നു.

ധാതു നിക്ഷേപങ്ങളെ ആസ്പദമാക്കിയുള്ള പ്രധാന വ്യവസായം ഓട് നിർമാണമാണ്. പാപ്പിനിശ്ശേരി, പിണറായി, തളിപ്പറമ്പ് എന്നിവിടങ്ങളിലും തീരപ്രദേശങ്ങളിലും ധാരാളം ഓടുഫാക്ടറികളുണ്ട്. കളിമൺ ധാരാളമായി കണ്ടുവരുന്നതിനാൽ മൺപാത്ര വ്യവസായം ചെടിച്ചട്ടി നിർമാണം എന്നിവയുടെ വികസനത്തിനും ജില്ലയിൽ സാധ്യതയുണ്ട്.

2.1.4. കാലാവസ്ഥ

പൊതുവേ ഈർപ്പമേറിയ ഊഷ്മളമായ കാലാവസ്ഥയാണ് ജില്ലയിൽ അനുഭവപ്പെടുന്നത്. ജൂൺ മുതൽ ആഗസ്റ്റ് വരെ തെക്കുപടിഞ്ഞാറൻ കാലവർഷവും സെപ്തംബർ മുതൽ നവംബർ വരെ വടക്കു കിഴക്കൻ കാലവർഷവും ലഭിക്കുന്ന മഴക്കാലവും ഡിസംബർ മുതൽ ഫിബ്രുവരി വരെ മഞ്ഞുകാലവും മാർച്ച് മുതൽ മെയ് അവസാനം വരെ ഉഷ്ണകാലവുമാണ് അനുഭവപ്പെടുന്നത്. പ്രധാനപ്പെട്ട കാലാവസ്ഥാ നിർണയ ഘടകങ്ങളായ താപനില, വർഷപാതം, ആർദ്രത എന്നിവയെക്കുറിച്ച് ചുവടെ പ്രതിപാദിക്കുന്നു.

താപനില

കഴിഞ്ഞ 10 വർഷത്തെ കണക്ക് പരിശോധിച്ചതിൽ നിന്നും കണ്ണൂർ ജില്ലയിലെ ശരാശരി ഉയർന്ന വാർഷിക താപനില 33^0 സെൽഷ്യസും ശരാശരി കുറഞ്ഞ വാർഷിക താപനില 22^0 സെൽഷ്യസും ആണെന്ന് കാണാം. വേനൽ മാസങ്ങളിൽ ശരാശരി കൂടിയ താപനില 35^0 വരെ ഉയരുന്നു. ശരാശരി കുറഞ്ഞ താപനിലയായ 20^0 സെൽഷ്യസ് ഡിസംബർ-ജനുവരി മാസങ്ങളിലാണ് രേഖപ്പെടുത്തുന്നത്. ചില അവസരങ്ങളിൽ രാത്രി താപനില 15^0 സെൽഷ്യസിലും താഴുന്നു. കഴിഞ്ഞ പത്ത് വർഷത്തെ മാസം തിരിച്ചുള്ള കൂടിയ താപനിലയും, കുറഞ്ഞ താപനിലയും **അനുബന്ധം (6) ൽ** കൊടുത്തിട്ടുണ്ട്.

വർഷപാതം

ജൂൺ, ജൂലായ് മാസങ്ങളിലാണ് കണ്ണൂർ ജില്ലയിൽ ഏറ്റവും അധികം മഴ ലഭിക്കുന്നത്. ഇതാകട്ടെ തെക്ക്-പടിഞ്ഞാറൻ കാലവർഷത്തിന്റെ സംഭാവനയാണ്. ജില്ലയിൽ ലഭിക്കുന്ന ആകെ മഴയുടെ 70 ശതമാനവും ഈ മാസങ്ങളിലാണ് ലഭിക്കുന്നത്. വടക്കു-കിഴക്കൻ കാലവർഷം മിക്കപ്പോഴും വളരെ ദുർബലമായാണ് ജില്ലയിൽ അനുഭവപ്പെടുന്നത്. മാർച്ച് മുതൽ ആരംഭിക്കുന്ന വരൾച്ച നദികളും കിണറുകളും ഉൾപ്പെടെ മിക്ക ജലസ്രോതസ്സുകളും വറ്റിപ്പോകുന്ന അവസ്ഥ ഉണ്ടാക്കുന്നു. കഴിഞ്ഞ പത്ത് വർഷത്തെ ശരാശരി വാർഷിക വർഷപാതം 3084 മി.മീറ്ററാണ്. കനത്ത വർഷപാതം ജില്ലയിൽ മിക്കവാറും വെള്ളപ്പൊക്കം സൃഷ്ടിക്കുന്നു. താഴ്ന്ന സ്ഥലങ്ങൾ വെള്ളത്തിനടിയിലാകുകയും തദ്വാരാ പൊതുജീവിതം തടസ്സപ്പെടുകയും ചെയ്യുന്നു. ഉരുൾപൊട്ടലുകൾ വർഷകാലത്ത് നിത്യസംഭവമായി മാറിയിരിക്കുന്നു. വനനശീകരണം തെറ്റായ കൃഷിരീതികൾ, മണ്ണൊലിപ്പ്, മണ്ണ് സംരക്ഷണ മാർഗങ്ങളുടെ അപര്യാപ്തത, തെറ്റായ ഭൂവിനിയോഗം എന്നിവ വെള്ളപ്പൊക്കത്തിനും മറ്റ് കൃഷിനാശങ്ങൾക്കും വഴിതെളിയിക്കുന്നു. കഴിഞ്ഞ 10 വർഷത്തെ മഴ ലഭ്യതയുടെ മാസം തിരിച്ചുള്ള കണക്ക് **അനുബന്ധം (7)ൽ** കൊടുക്കുന്നു.

ആർദ്രത

ജില്ല വർഷം മുഴുവൻ ഈർപ്പമേറിയതായി നിലനിൽക്കുന്നു. ജില്ലയിൽ രേഖപ്പെടുത്തിയിരിക്കുന്ന ശരാശരി ആർദ്രത 85 ശതമാനമാണ്. പക്ഷേ വടക്ക്-കിഴക്കൻ കാലവർഷം ദുർബലമായതിനാൽ ഈ കാലയളവിൽ ആർദ്രത താരതമ്യേന കുറയുന്നു.

ആപേക്ഷിക ആർദ്രത (ശതമാനത്തിൽ)

വർഷം	ജനുവരി	ഫെബ്രുവരി	മാർച്ച്	ഏപ്രിൽ	മെയ്	ജൂൺ	ജൂലായ്	ആഗസ്റ്റ്	സപ്തംബർ	ഒക്ടോബർ	നവംബർ	ഡിസംബർ
2006	83.5	77.5	80.54	82.3	85.4	90.6	92.7	92	92.3	91.8	89.8	84.7
2007	72.70	88.10	89.68	83.27	81.90	86.9	91.51	91.54	91.27	90.56	88.76	87.77
2008	89.58	84.96	84.38	91.1	84.9	90.16	89.45	90.9	90.8	96.35	87.3	89.7
2009	85.64	90.89	91.03	92.6	93.67	92.3	95	93.7	91.9	96	91	92.7
2010	87.5	90.1	87.2	87	87.6	88	92	92.9	92.77	92.12	91	88
2011	85.45	84.85	84.29	86.96	82.70	92.8	94	89.90	93.4	93.4	91.1	87.58

2012	88.84	92.51	90.83	90.76	92.93	88.03	91.84	93.96	92.6	91.97	91.96	92.48
2013	92.03	93.53	91.83	90.3	90.3	93.3	93.09	93.1	94.46	93.29	94.1	93.54
2014	93.58	93.78	93.9	94.97	94.22	94.5	94.45	94	90.4	92.81	93.13	93.54
2015	93.70	94.17	90.96	93.86	92.96	92.66	93.96	93.87	93.86	93.61	94.66	94.67
2016	95.38	94.68	92.81	86.53	91.96	95.53	94.8	94.58	93.76	94.03	94.13	93.74
2017	92.03	91.07	91.26									

(അവലംബം–പന്നിയൂർ കുരുമുളക് ഗവേഷണ കേന്ദ്രം)

ഭൗമകാലാവസ്ഥാ മേഖലകൾ

മഴയുടെ ലഭ്യത, മണ്ണ്, ഭൂപ്രകൃതി എന്നീ അടിസ്ഥാന ഘടകങ്ങളെ ആസ്പദമാക്കി ജില്ലയിലെ പരിസ്ഥിതി പ്രശ്നങ്ങൾ പഠിക്കുന്നതിന് പരിഹാരം നിർദേശിക്കുന്നതിനും വേണ്ടി, ജില്ലയെ ജിയോക്ലൈമാറ്റിക്ക് മേഖലകളായി വിഭജിച്ചിട്ടുണ്ട്.

ഒരേ തോതിലുള്ള മഴ ലഭിക്കുന്ന ഭാഗങ്ങളെ തമ്മിൽ യോജിപ്പിക്കുന്ന രേഖയെ ഐസോഹെറ്റ്സ് എന്ന് പറയുന്നു. ഇവ 400 എം. എം. ഇടവിട്ട് മഴയുടെ തോത് അനുസരിച്ചാണ് നിശ്ചയിക്കുന്നത്. അങ്ങനെ ജില്ലയെ 4 മഴമേഖലകളായി തിരിച്ചിരിക്കുന്നു.

1. 3800 മി.മീറ്ററും കൂടുതലും
2. 3400 മി.മീറ്റർ മുതൽ 3800 മി.മീറ്റർ വരെ
3. 3000 മി.മീറ്റർ മുതൽ 3400 മി.മീറ്റർ വരെ
4. 3000 മി.മീറ്റർ വരെ

2.1.5. ജില്ലയിലെ മണ്ണിനങ്ങളെ 5 മേഖലകളായി വിഭജിച്ചിരിക്കുന്നു

1. ഫോറസ്റ്റ് ലോം മണ്ണുകൾ (വനമണ്ണ്)
2. ലാറ്ററൈറ്റിക് മണ്ണുകൾ (പാരുമണ്ണ്)
3. ഹൈഡ്രോമോർഫിക്ക് മണ്ണുകൾ (ഹൈഡ്രോമോർഫിക്ക് മണ്ണ്)
4. റെഡ്ലോം മണ്ണുകൾ (ചെമ്മണ്ണ്)
5. റിവറൈൻ എക്കൽ മണ്ണുകൾ (നദീതീര എക്കൽമണ്ണ്)

ജിയോക്ലൈമാറ്റിക് മേഖലകൾ നിർണയിക്കുന്നതിനായി മഴമേഖലകളെ സൂചിപ്പിക്കുന്ന ഭൂപടവും മണ്ണിനങ്ങളെ സൂചിപ്പിക്കുന്ന ഭൂപടവും തമ്മിൽ സമന്വയിപ്പിച്ച് ഭൂപടം നിർമിക്കുന്നു. ഭൂപ്രകൃതി, കാലാവസ്ഥ, വിള ആവൃതി എന്നിവ ഒരു ജില്ലയിലെ ഭൂവിനിയോഗത്തെ സാരമായി ബാധിക്കുന്നു. ജില്ലയെ മൊത്തമായി 13 ജിയോക്ലൈമാറ്റിക് മേഖലകളായി വിഭജിച്ചിരിക്കുന്നു.

1. 3800 മി. മീറ്ററിന് മുകളിൽ മഴ ലഭിക്കുന്നു, വനമണ്ണുകൾ കാണപ്പെടുന്ന മലമ്പ്രദേശങ്ങൾ ഉൾപ്പെട്ട ഭൂവിഭാഗം – പയ്യന്നൂർ, തളിപ്പറമ്പ്, ഇരിക്കൂർ, ഇരിട്ടി എന്നീ ബ്ലോക്കുകളിൽ കാണുന്നു.
2. 3400 മി. മീറ്റർ മുതൽ 3800 മി.മീറ്റർ വരെ മഴ ലഭിക്കുന്ന വനമണ്ണുകൾ കാണപ്പെടുന്ന പ്രദേശങ്ങൾ – പയ്യന്നൂർ, തളിപ്പറമ്പ്, ഇരിക്കൂർ, ഇരിട്ടി എന്നീ ബ്ലോക്കുകളിൽ കാണപ്പെടുന്നു.
3. 3400 മി. മീറ്റർ മുതൽ 3800 മി.മീറ്റർവരെ മഴ ലഭിക്കുന്ന പാരമണ്ണുകൾ ചെങ്കൽ പാറകൾ കാണപ്പെടുന്ന പ്രദേശങ്ങൾ – പയ്യന്നൂർ, തളിപ്പറമ്പ്, ഇരിക്കൂർ, ഇരിട്ടി, പേരാവൂർ, കൂത്തുപറമ്പ് എന്നീ ബ്ലോക്കുകളിൽ വ്യാപിച്ചു കിടക്കുന്നു.
4. 3400 മി. മീറ്റർ മുതൽ 3800 മി.മീറ്റർ വരെ മഴ ലഭിക്കുന്ന ഹൈഡ്രോമോർപിക്ക് മണ്ണുകൾ കാണുന്ന പ്രദേശങ്ങൾ പയ്യന്നൂർ ബ്ലോക്കിൽ കാണപ്പെടുന്നു.
5. 3000 മി. മീറ്റർ മുതൽ 3400 മി.മീറ്റർ വരെ മഴ ലഭിക്കുന്ന വനമണ്ണുകൾ കാണപ്പെടുന്ന പ്രദേശങ്ങൾ – ഇരിക്കൂർ, പേരാവൂർ, കൂത്തുപറമ്പ് എന്നീ ബ്ലോക്കുകളിൽ കാണുന്നു.
6. 3000 മി. മീറ്റർ മുതൽ 3400 മി.മീറ്റർ വരെ മഴ ലഭിക്കുന്ന പാരുമണ്ണുകൾ കാണപ്പെടുന്ന പ്രദേശങ്ങൾ – പയ്യന്നൂർ, തളിപ്പറമ്പ്, ഇരിക്കൂർ, ഇരിട്ടി, പേരാവൂർ, കൂത്തുപറമ്പ്, തലശ്ശേരി,

എടക്കാട് എന്നീ ബ്ലോക്കുകളിൽ കാണപ്പെടുന്നു.

7. 3000 മി. മീറ്റർ മുതൽ 3400 മി. മീറ്റർവരെ മഴ ലഭിക്കുന്ന ഹൈഡ്രോമോർഫിക് മണ്ണുകൾ കാണപ്പെടുന്ന പ്രദേശങ്ങൾ പയ്യന്നൂർ, തളിപ്പറമ്പ്, ഇരിക്കൂർ, പേരാവൂർ, കൂത്തുപറമ്പ്, തലശ്ശേരി, എടക്കാട് എന്നീ ബ്ലോക്കുകളിൽ കാണപ്പെടുന്നു.
8. 3000 മി. മീറ്റർ മുതൽ 3400 മി. മീറ്റർ വരെ മഴ ലഭിക്കുന്ന ചെമ്മണ്ണ് കാണപ്പെടുന്ന പ്രദേശങ്ങൾ– പയ്യന്നൂർ, തളിപ്പറമ്പ്, കൂത്തുപറമ്പ്, തലശ്ശേരി എന്നീ ബ്ലോക്കുകളിൽ കാണപ്പെടുന്നു.
9. 3000 മി. മീറ്റർ മുതൽ 3400 മി. മീറ്റർ വരെ മഴ ലഭിക്കുന്ന നദീതീര ഏക്കൽ മണ്ണുകൾ കാണപ്പെടുന്ന പ്രദേശങ്ങൾ – പയ്യന്നൂർ, തളിപ്പറമ്പ്, കണ്ണൂർ, ഇരിക്കൂർ, കൂത്തുപറമ്പ്, തലശ്ശേരി, എടക്കാട് എന്നീ ബ്ലോക്കുകളിൽ കാണപ്പെടുന്നു.
10. 3000 മി. മീറ്റർ വരെ മഴ ലഭിക്കുന്ന നദീതീര ഏക്കൽ മണ്ണുകൾ കാണപ്പെടുന്ന പ്രദേശങ്ങൾ – പയ്യന്നൂർ, തളിപ്പറമ്പ്, കണ്ണൂർ, തലശ്ശേരി, എടക്കാട് എന്നീ ബ്ലോക്കുകളിൽ കാണപ്പെടുന്നു.
11. 3000 മി. മീറ്റർ വരെ മഴ ലഭിക്കുന്ന ചെമ്മണ്ണ് നിറഞ്ഞ പ്രദേശങ്ങൾ – ഇവ പയ്യന്നൂർ ബ്ലോക്കിൽ കാണുന്നു.
12. 3000 മി. മീറ്റർ വരെ മഴ ലഭിക്കുന്ന നദീതീര ഹൈഡ്രോമോർഫിക് മണ്ണുകൾ നിറഞ്ഞ പ്രദേശങ്ങൾ – തലശ്ശേരി, എടക്കാട് എന്നീ ബ്ലോക്കുകളിൽ കാണപ്പെടുന്നു.
13. 3000 മി. മീറ്റർ വരെ മഴ ലഭിക്കുന്ന പാരമണ്ണുകൾ കാണുന്ന പ്രദേശങ്ങൾ – ഇവ പയ്യന്നൂർ, തളിപ്പറമ്പ്, കണ്ണൂർ, തലശ്ശേരി, എടക്കാട് എന്നീ ബ്ലോക്കുകളിൽ കാണപ്പെടുന്നു.

2.1.6. ജലസമ്പത്ത്

ജില്ലയിൽ സംസ്ഥാന ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കുന്നുണ്ടെങ്കിലും വേനൽക്കാലങ്ങളിൽ പലയിടത്തും ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. പടിഞ്ഞാറൻ തീരങ്ങളിൽ ഉപ്പിന്റെ അംശം ജലത്തിൽ അധികരിച്ച് കാണപ്പെടുന്നു. മലയോരങ്ങളിലും വേനൽക്കാലത്ത് ശുദ്ധജലക്ഷാമം നേരിടുന്നു. വെള്ളത്തിന്റെ ഉപയോഗം നിരവധിയാണ്. കുടിവെള്ളമായി ഉപയോഗിക്കുന്നതിനു പുറമെ ജലസേചനം, വ്യവസായം, മത്സ്യബന്ധനം, ഊർജ്ജം, ഗതാഗതം തുടങ്ങി ഇതര മേഖലകളിലും ജലലഭ്യത കൂടിയേ തീരൂ. പക്ഷെ പ്രകൃതിയുടെ വരദാനമായ ഈ സമ്പത്ത് നാൾക്കുനാൾ ക്ഷയിച്ചു വരുന്നു എന്നതാണ് വസ്തുത.

ഉപരിതല ജലം

ജില്ലയുടെ പ്രധാന ജലസ്രോതസ്സ് ഉപരിതല ജലവും ഭൂഗർഭജലവും തന്നെയാണ്. ഉപരിതല ജലം ലഭ്യമാക്കുന്നത് നിരവധി പുഴകളും തോടുകളും കായലുകളും മറ്റുമാണ്. കിഴക്ക് സഹ്യമലനിരകളിൽ ആരംഭിച്ച് അറബിക്കടലിൽ ചെന്ന് ചേരുന്ന കുപ്പംപുഴ, പെരുമ്പപ്പുഴ, വളപട്ടണം പുഴ, അഞ്ചരക്കണ്ടിപ്പുഴ, തലശ്ശേരിപ്പുഴ, മയ്യഴിപ്പുഴ എന്നിവയാണ് ജില്ലയിലെ പ്രധാനപ്പെട്ട പുഴകൾ. ഏറ്റവും നീളം കുറഞ്ഞ രാമപുരം പുഴ(19 കി.മീ.) ഇരിങ്ങൽ കുന്നുകളിൽ നിന്ന് ഉത്ഭവിക്കുന്നു. ജില്ലയിലെ ഏറ്റവും വലിയ പുഴയായ വളപട്ടണം പുഴയ്ക്ക് ഏകദേശം 110 കി.മീ. നീളമുണ്ട്. ഈ പുഴയുടെ പ്രധാനപ്പെട്ട ശാഖകളാണ് ശ്രീകണ്ഠാപുരം പുഴയും ആറളം പുഴയും. ജില്ലയുടെ പകുതിയോളം ഭാഗം ഈ പുഴകളുടെ തടപ്രദേശങ്ങളാണ്. ഏകദേശം 82 കി.മീ. നീളമുള്ള കുപ്പം പുഴയിൽ വേലിയേറ്റ സമയത്ത് കിലോമീറ്ററുകളോളം ഉപ്പുവെള്ളം കയറിച്ചെല്ലുന്നത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

കൈവഴികളായി പിരിഞ്ഞുകിടക്കുന്ന ചെറുപുഴകളെ പരസ്പരം ബന്ധിപ്പിക്കുന്ന ഓരുജല കായലുകൾ ജില്ലയിലെ മറ്റൊരു പ്രധാന ജലസമ്പത്താണ്. ഇവ മത്സ്യവിഭവങ്ങളുടെയും അവയെ സംരക്ഷിക്കുന്ന കണ്ടൽച്ചെടികളുടേയും കേന്ദ്രമാണ്. ഇവ കൂടാതെ നിരവധി തോടുകളും കുളങ്ങളും ഉപരിതലജല സ്രോതസ്സുകളായി വർത്തിക്കുന്നു. ജില്ലയിൽ പ്രൈവറ്റായി ആകെ 1090 ഉം പബ്ലിക്കായി ആകെ 157 ഉം അടക്കം ആകെ 1247 കുളങ്ങൾ/പുഴകൾ ഉണ്ട്. ഇവ വിശദമായി **അനുബന്ധം (8) ൽ** കൊടുക്കുന്നു.

2.2. മനുഷ്യവിഭവങ്ങൾ

ഒരു പ്രദേശത്തിന്റെ സാമ്പത്തിക വികസനം സമ്പന്നമായ പ്രകൃതി വിഭവങ്ങളെയും അവ ഉപയോഗിക്കാൻ സമർത്ഥമായ മനുഷ്യശക്തിയേയും ആശ്രയിച്ചാണിരിക്കുന്നത്. പ്രകൃതി വിഭവങ്ങൾ സാമ്പത്തികവികസനത്തിന് അവസരം സൃഷ്ടിക്കുമെങ്കിലും മനുഷ്യനാണ് അവയെ അറിവിന്റെയും കഴിവിന്റെയും പരമാവധി ഉപയോഗപ്പെടുത്തുന്നത്. മനുഷ്യൻ ഉത്പാദനത്തിന്റെ കർത്താവും മനുഷ്യന്റെ വിവിധ ആവശ്യങ്ങൾ ലക്ഷ്യവുമാണ്. സാമ്പത്തിക വളർച്ച മനുഷ്യവിഭവങ്ങളുടെ വലിപ്പത്തെ ആശ്രയിച്ചല്ല; മറിച്ച് അതിന്റെ ഗുണത്തേയും കാര്യക്ഷമതയേയും ആശ്രയിച്ചാണിരിക്കുന്നത്.

2011 ലെ സെൻസസ് പ്രകാരം കണ്ണൂർ ജില്ലയിലെ ജനസംഖ്യ 25,23,003 ആണ്. ഇത് സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെ 7.56% വരും. ഇതിൽ പുരുഷന്മാർ 11,81,446 ഉം സ്ത്രീകൾ 13,41,557 ഉം ആണ്. കേരളത്തിലെ സ്ത്രീ-പുരുഷാനുപാതം 1084 ആണെങ്കിൽ കണ്ണൂരിലേത് 1136 ആണ്. കണ്ണൂർ ജില്ലയിൽ ഏറ്റവും കൂടുതൽ ആളുകൾ (3,54,208 പേർ) അധിവസിക്കുന്നത് തളിപ്പറമ്പ് ബ്ലോക്കിലാണ്. 1,36,313 പേർ താമസിക്കുന്ന പേരാവൂർ ബ്ലോക്കിലാണ് ഏറ്റവും കുറവ് ജനസംഖ്യ ഉള്ളത്. കേരളത്തിലെ ജനസാന്ദ്രത 859 ആണെങ്കിൽ കണ്ണൂരിലേത് 852 ആണ്. കണ്ണൂർ ജില്ലയിലെ ജനസംഖ്യ സംബന്ധമായ സ്ഥിതി വിവരങ്ങൾ താഴെകൊടുക്കുന്നു.

കണ്ണൂർ ജില്ലയിലെ ജനസംഖ്യ സംബന്ധമായ സ്ഥിതി വിവരങ്ങൾ

ക്രമ നമ്പർ	വിഭാഗം		ആകെ	ആൺ	പെൺ
1	ആകെ ജനസംഖ്യ	ആകെ	25,23,003	11,81,446	13,41,557
		ഗ്രാമം	8,82,017	4,25,682	4,56,335
		നഗരം	16,40,986	7,55,764	8,85,222
2	ശിശുക്കൾ (0 to 6 years)	ആകെ	2,74,318	1,39,159	1,35,159
		ഗ്രാമം	95,223	48,428	46,795
		നഗരം	1,79,095	90,731	88,364
3	എസ്.സി	ആകെ	83,350	40,260	43,090
		ഗ്രാമം	23,562	11,505	12,057
		നഗരം	59,788	28,755	31,033
4	എസ്.ടി	ആകെ	41,371	20,141	21,230
		ഗ്രാമം	36,302	17,699	18,603
		നഗരം	5,069	2,442	2,627
5	സാക്ഷരർ	ആകെ	21,38,434	10,12,956	11,25,478
		ഗ്രാമം	7,36,967	3,63,030	3,73,937
		നഗരം	14,01,467	6,49,926	7,51,541
6	നിരക്ഷരർ	ആകെ	3,84,569	1,68,490	2,16,079
		ഗ്രാമം	1,45,050	62,652	82,398
		നഗരം	2,39,519	1,05,838	1,33,681
7	കുടുംബങ്ങൾ	ആകെ	5,54,298		
		ഗ്രാമം	2,02,229		
		നഗരം	3,52,069		
8	ജനസാന്ദ്രത (per sq. km.)	ആകെ	852		

കണ്ണൂർ ജില്ലയിലെ ജനസംഖ്യ കണക്ക് തരംതിരിച്ച് **അനുബന്ധം (9)ൽ** കൊടുക്കുന്നു.

2.2.1. ജനസാന്ദ്രത

കണ്ണൂർ ജില്ലയിലെ ജനസാന്ദ്രത 1991 ൽ 752 ആയിരുന്നത് 2011 ൽ അത് 852 ആയി ഉയർന്നു. കണ്ണൂരിലെ ജനസാന്ദ്രത 1951 മുതൽ വർദ്ധിച്ച് വരുന്നതാണ് കാണുന്നത്.

കണ്ണൂർ ജില്ലയിലെ വിവിധ കാലഘട്ടത്തിലെ ജനസാന്ദ്രത

Year	Density of population (per sq. km.)
1991	752
2001	812
2011	852

(അവലംബം- സെൻസസ് റിപ്പോർട്ട്)

2.2.2. നഗരവൽക്കരണം

2011 ലെ സെൻസസ് പ്രകാരം കണ്ണൂർ ജില്ലയിലെ 3,52,069 കുടുംബങ്ങൾ നഗര പ്രദേശങ്ങളിലും 2,02,229 കുടുംബങ്ങൾ ഗ്രാമപ്രദേശങ്ങളിലുമാണ് ഉള്ളത്. 2001 ൽ ഇത് യഥാക്രമം 2,19,436 ഉം 2,37,932 ഉം ആയിരുന്നു. എന്നാൽ, 1991 ൽ നഗര പ്രദേശങ്ങളിൽ 1,78,135 കുടുംബങ്ങളും ഗ്രാമപ്രദേശങ്ങളിൽ 1,93,086 കുടുംബങ്ങളുമാണ് ഉണ്ടായിരുന്നത്.

കണ്ണൂർ ജില്ലയിലെ കുടുംബങ്ങളുടെ എണ്ണം

	വർഷം		
	1991	2001	2011
ആകെ കുടുംബങ്ങൾ	3,71,221	4,57,368	5,54,298
ഗ്രാമം	1,93,086	2,37,932	2,02,229
നഗരം	1,78,135	2,19,436	3,52,069

(അവലംബം- സെൻസസ് റിപ്പോർട്ട്)

കണ്ണൂർ ജില്ലയിലെ മൊത്തം കുടുംബങ്ങളിൽ ഏതാണ്ട് 63.51% കുടുംബങ്ങൾ നഗരപ്രദേശങ്ങളിലും 36.49% കുടുംബങ്ങൾ ഗ്രാമപദേശങ്ങളിലുമാണ് താമസിക്കുന്നത്. എന്നാൽ 2001ലെ സെൻസസ് പ്രകാരം മൊത്തം കുടുംബങ്ങളിൽ 47.98% മാത്രമാണ് നഗരപ്രദേശങ്ങളിൽ താമസിച്ചിരുന്നത്. ഗ്രാമങ്ങളിൽ 52.02% പേർ താമസിച്ചിരുന്നു. 1991 മുതൽ നഗരവൽക്കരണത്തോത് കൂടിവരുന്നതായാണ് ഇത് സൂചിപ്പിക്കുന്നത്. ഗ്രാമപദേശങ്ങളിൽ തൊഴിലവസരങ്ങൾ കുറഞ്ഞതിനാലും മെച്ചപ്പെട്ട ജീവിതസൗകര്യം തേടി നഗരങ്ങളിലേക്ക് ജനങ്ങൾ കുടിയേറിപ്പാർക്കുന്നതിനാലുമാണ് നഗര ജനസംഖ്യ വർദ്ധിച്ചു കാണുന്നത്.

2.2.3. പട്ടികജാതി/പട്ടികവർഗക്കാർ

2011 ലെ സെൻസസ് അനുസരിച്ച് കണ്ണൂർ ജില്ലയിലെ പട്ടികജാതി ജനസംഖ്യ 83,350 ആണ്. ഇത് മൊത്തം ജനസംഖ്യയുടെ 3.30% വരും. സ്ത്രീകൾ 43,090 ഉം പുരുഷൻമാർ 40,260 ഉം ആണ്. 2011 ലെ സെൻസസ് കണക്കനുസരിച്ച് ജില്ലയിലെ മൊത്തം പട്ടികവർഗ ജനസംഖ്യ 41,371 ആയിരുന്നു. ഇതിൽ 20,141 പുരുഷൻമാരും 21230 സ്ത്രീകളുമായിരുന്നു. പട്ടികവർഗക്കാർ ജില്ലയിലെ മൊത്തം ജനസംഖ്യയുടെ 1.64% വരും.

2.2.4. പ്രായ ഘടന

ജനങ്ങളുടെ പ്രായഘടന ഒരു പ്രദേശത്തിന്റെ ആസൂത്രണ പ്രക്രിയയിൽ വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു ഘടകമാണ്. ഒരു പ്രദേശത്തെ തൊഴിൽ ചെയ്യാൻ പ്രാപ്തിയുളളവരുടെ എണ്ണവും അവരെ ആശ്രയിച്ച് കഴിയുന്നവരുടെ എണ്ണവും ആ പ്രദേശത്തെ ശിശുക്കൾ, ബാലൻമാർ, യുവാക്കൾ, വൃദ്ധർ എന്നിവരുടെ എണ്ണത്തെ ആശ്രയിച്ചാണ് ഇരിക്കുന്നത്. പ്രായഭേദമനുസരിച്ച് ഓരോരുത്തർക്കും ആവശ്യമുളള വിഭവങ്ങളും സേവനങ്ങളും വ്യത്യസ്തമായത് കൊണ്ട് ഓരോ പ്രായത്തിലുളളവരുടെയും ആനുപാതികമായ എണ്ണം വളരെയധികം സാമ്പത്തികവും സാമൂഹികവുമായ അനന്തരഫലം ഉളവാക്കുന്നവയാണ്. കണ്ണൂരിൽ 2011 സെൻസസ് പ്രകാരം ബാലൻമാരുടെ (0-14 വയസ്സ്) എണ്ണം 5,94,411 ഉം മുതിർന്ന പൗരന്മാരുടെ (60 വയസ്സിൽ കൂടുതൽ) എണ്ണം 3,21,999ഉം അധ്വാനശേഷിയുളള ജനവിഭാഗത്തിലുള്ളവർ (15-59 വയസ്സ്) 16,06,599 ഉം ആണ്. കണ്ണൂരിലെ ജനസംഖ്യയുടെ 36.32% കുട്ടികളും മുതിർന്ന പൗരന്മാരും ഉൾപ്പെടുന്നതാണ്. 63.367% ജനങ്ങൾ മാത്രമാണ് അധ്വാനശേഷിയുള്ള വിഭാഗത്തിൽപ്പെടുന്നത്.

2.2.5. തൊഴിലാളികളും തൊഴിൽ അന്വേഷകരും

ജനസംഖ്യയുടെ തൊഴിൽപരമായ വിതരണം ഒരു പ്രദേശത്തിന്റെ സാമ്പത്തിക പുരോഗതിയുടെ പ്രധാനഘടകങ്ങളിലൊന്നായി കണക്കാക്കാം. 2011-ലെ സെൻസസ് കണക്കനുസരിച്ച് കണ്ണൂർ ജില്ലയിൽ തൊഴിൽ ചെയ്യുന്നവരുടെ മൊത്തം എണ്ണം 8,24,116 ആണ്. ഇതിൽ 6,09377 പേർ പുരുഷന്മാരും 2,14739 പേർ സ്ത്രീകളുമാണ്. മൊത്തം ജനസംഖ്യയുടെ 32.66% പേരാണ് കണ്ണൂർ ജില്ലയിൽ തൊഴിൽ ചെയ്യുന്നത്.

ജില്ലയിൽ തൊഴിൽ ചെയ്യുന്നവരുടെ കണക്ക് **അനുബന്ധം (10) ൽ** കൊടുക്കുന്നു.

2012-13 ൽ കണ്ണൂർ ജില്ലയിൽ പൊതുമേഖലയിൽ തൊഴിൽ ചെയ്തിരുന്നവരുടെ എണ്ണം 38,151 ആയിരുന്നെങ്കിൽ 2016-17 ൽ ഇത് 39,294 ആയി ഉയർന്നിട്ടുണ്ട്. ഇതേ കാലയളവിൽ സ്വകാര്യമേഖലയിൽ ജോലി ചെയ്യുന്നവരുടെ എണ്ണം 33,108ൽ നിന്ന് 40,690 ആയും ഉയർന്നു.

തൊഴിൽ ഘടന

മേഖല	2012–13	2013–14	2014–15	2015–16	2016–17
പൊതു മേഖല	38,151	39,332	39,108	39,323	39,294
സ്വകാര്യ മേഖല	33,108	34,358	37,696	38,003	40,690
ആകെ	71,259	73,690	76,804	77,326	79,984

2016–17 ൽ പൊതുമേഖലയിൽ തൊഴിൽ ചെയ്യുന്നവരിൽ 6.22% ആളുകൾ കേന്ദ്രസർക്കാർ സ്ഥാപനങ്ങളിലും 56.94% ആളുകൾ കേരള സർക്കാർ സ്ഥാപനങ്ങളിലും 32.97% ആളുകൾ അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും 3.88% ആളുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും തൊഴിൽ ചെയ്യുന്നു. ഇത് താഴെ കൊടുക്കുന്ന പട്ടികയിൽ വിശദമാക്കുന്നു.

കണ്ണൂർ ജില്ലയിൽ പൊതുമേഖലയിലും സ്വകാര്യമേഖലയിലും തൊഴിൽ ചെയ്യുന്നവർ

മേഖല	2012–13	2013–14	2014–15	2015–16	2016–17
കേന്ദ്ര സർക്കാർ	2,302	2,459	2,482	2,368	2,443
സംസ്ഥാന സർക്കാർ	21,307	21,988	21,968	22,041	22,373
അർദ്ധ സർക്കാർ	12,973	13,203	13,032	13,258	12,955
തദ്ദേശ സ്ഥാപനം	1,569	1,682	1,626	1,656	1,523
ആകെ	38,151	39,332	39,108	39,323	39,294

(അവലംബം: ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കണ്ണൂർ)

കണ്ണൂർ ജില്ലയിൽ പൊതുമേഖലയിലും സ്വകാര്യമേഖലയിലും തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്. താഴെ കൊടുക്കുന്ന പട്ടികയിൽ ഇത് വിശദമാക്കുന്നു.

ജില്ലയിലെ വനിതാ തൊഴിലാളികളുടെ കണക്ക്

മേഖല	2013–14	2014–15	2015–16	2016–17
പൊതു മേഖല	13,582	13,535	13,505	13,394
സ്വകാര്യ മേഖല	18,503	18,692	20,409	20,349
ആകെ	32,085	32,227	33,914	33,743

(അവലംബം: ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കണ്ണൂർ)

തൊഴിൽ അന്വേഷകർ

31.03.2016 ൽ കണ്ണൂർ ജില്ലയിൽ തൊഴിൽ അന്വേഷകരുടെ (എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ) എണ്ണം 1,89,298 ആയിരുന്നെങ്കിൽ 31.03.2017 ൽ ഇത്, 1,95,990 ആയി ഉയർന്നു. ജില്ല നേരിടുന്ന തൊഴിലില്ലായ്മ പ്രശ്നത്തിലേക്ക് ഇത് വിരൽ ചൂണ്ടുന്നു.

ഉയർന്ന വിദ്യാഭ്യാസ യോഗ്യതയും കണ്ണൂരിൽ വിദഗ്ധ തൊഴിൽ സ്ഥാപനങ്ങളുടെ ദൗർലഭ്യതയും കാരണം സമർത്ഥരായ ഉദ്യോഗാർത്ഥികൾ അന്യരാജ്യങ്ങളിൽ തൊഴിൽ അവസരങ്ങൾ തേടി പോകാൻ ഇടയായിട്ടുണ്ട്.

മൊത്തം അധ്വാനശേഷിയുള്ള ജനവിഭാഗത്തിലുള്ളവരിൽ (15-59 വയസ്സ്) 12.2% പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്ത് തൊഴിലിന് വേണ്ടി കാത്തിരിക്കുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലന്വേഷകരുടെ വിദ്യാഭ്യാസനിലവാരവും എണ്ണവും താഴെ പട്ടികയിൽ കൊടുക്കുന്നു.

എംപ്ലോയ്മെന്റ് ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലന്വേഷകരുടെ കണക്ക്

വിദ്യാഭ്യാസ നിലവാരം	രജിസ്റ്റർ ചെയ്തവരുടെ എണ്ണം(31.03.2016)				ആകെ
	ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കണ്ണൂർ	ടൗൺ എൺപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തളിപ്പറമ്പ്	ടൗൺ എൺപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തലശ്ശേരി	ടൗൺ എൺപ്ലോയ്മെന്റ് എക്സ്ചേഞ്ച്, മട്ടന്നൂർ	
പത്തിനു താഴെ	3,184	1,789	2,086	3,101	10,160
പത്താം തരം	24,868	46,259	29,210	17,175	1,17,512
പി.ഡി.സി./ ഇന്റർമീഡിയറ്റ്	18,734	12,073	9,176	13,994	53,977
ബിരുദം	6,002	2,692	2,506	2,725	13,925
ബിരുദാനന്തര ബിരുദം	299	59	32	26	416
ആകെ	53,087	62,872	43,010	37,021	1,95,990

(അവലംബം: ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കണ്ണൂർ)

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ ശരാശരി 60% ആളുകൾ എസ്.എസ്.എൽ.സി.ക്കാരാണ്. ഏകദേശം 5.18 ശതമാനത്തോളം ആളുകൾ എസ്.എസ്.എൽ.സി.ക്ക് താഴെയും 34.86 ശതമാനത്തോളം ആളുകൾ എസ്.എസ്.എൽ.സി.ക്ക് മുകളിലുമുള്ളവരാണ്. ഇതിൽ പോസ്റ്റ് ഗ്രാജ്വേഷൻ ഉള്ളവരിൽ 416 പേർ തൊഴിലന്വേഷകരിൽപ്പെടുന്നു.

ഇത്രയും രൂക്ഷമായ തൊഴിലില്ലായ്മ പ്രശ്നം നേരിടുമ്പോഴും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ താഴെ പറയുന്ന വിഭാഗങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ ആവശ്യത്തിന് തികയുന്നില്ലെന്ന വസ്തുതയും എടുത്തുപറയേണ്ടതാണ്

1. ആയുർവേദ ഫാർമസിസ്റ്റ്
2. ആയുർവേദ നഴ്സ്
3. ഹോമിയോ ഫാർമസിസ്റ്റ്
4. ഹോമിയോ നഴ്സ്
5. മൈൻ ഫോർമാൻ
6. മൈൻ മേറ്റ്
7. ഡെന്റൽ ഹൈജീനിസ്റ്റ്
8. ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ
9. ബോയിലർ അറ്റന്റ്

മുകളിൽ പറഞ്ഞ തസ്തികകളിലേക്കും ആവശ്യമായ ഉദ്യോഗാർത്ഥികളെ ലഭ്യമാക്കുന്നതിന് വേണ്ട കോഴ്സുകൾ നമ്മുടെ ജില്ലയിൽ ആരംഭിക്കേണ്ട ആവശ്യകത എടുത്തുപറയേണ്ടതാണ്.

എന്നാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ താഴെ പറയുന്ന വിഭാഗങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ ആവശ്യത്തിൽ കൂടുതലാണുള്ളത്.

1. അദ്ധ്യാപകർ
2. ടൈപിസ്റ്റ്
3. ഡ്രൈവർ
4. കണ്ടക്ടർ
5. കംപ്യൂട്ടർ സർട്ടിഫിക്കറ്റ് ഉള്ളവർ
6. ബീ. ടെക് ബിരുദധാരികൾ

അധ്യാപനശേഷിയുള്ള വിഭാഗത്തിൽപ്പെട്ട 16,06,599 ജനങ്ങളിൽ 8,24,116 പേർ മാത്രമാണ് വിവിധ തൊഴിലിൽ ഏർപ്പെട്ടിട്ടിട്ടുള്ളത്. എന്നാൽ, ഈ വിഭാഗത്തിൽ അവശേഷിക്കുന്ന 7,82,477 പേർ തൊഴിൽരഹിതരാണ്. ആകെ ജനസംഖ്യയുടെ 32.66% പേർ മാത്രമാണ് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നത്. കണ്ണൂർ ജില്ലയിൽ (വിദ്യാഭ്യാസം ഉള്ളവർ ഉൾപ്പെടെ) 67.34% പേർ തൊഴിൽ രഹിതരാണ്.

2.2.6. അസംഘടിത തൊഴിലാളികൾ

സംഘടിതമേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ കണക്കുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. അസംഘടിതമേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ കൃത്യമായ കണക്കുകൾ ഇപ്പോൾ ലഭ്യമല്ല. തമിഴ്നാട്, ബംഗാൾ തുടങ്ങിയ ഇതര സംസ്ഥാനങ്ങളിൽ നിന്നും ഒരു നല്ല വിഭാഗം ആളുകൾ കണ്ണൂർ ജില്ലയിലെത്തി തൊഴിൽ ചെയ്യുന്നുണ്ട്. കഠിനാധ്വാനം ചെയ്യുന്ന ഇവരുടെ സേവനം പ്രധാനമായും നിർമാണമേഖലയിലാണ്. ഇവർ ഒരു സ്ഥലത്തും സ്ഥിരമായി താമസിക്കാത്തതിനാൽ ഇവരെപ്പറ്റിയുള്ള കൃത്യമായ കണക്കുകൾ ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല.

മൊത്തം സംഭവിച്ചതുപോലെ കണ്ണൂർ ജില്ലയിലും എല്ലാ വിഭാഗം തൊഴിലാളികളുടേയും വേതനത്തിൽ ഗണ്യമായ വർദ്ധനയുണ്ടായിട്ടുണ്ട്. രാഷ്ട്രീയപ്രബുദ്ധതയും തൊഴിൽ സംഘടനകളുടെ സജീവ പങ്കാളിത്തവും ഇതിന് വഴിയൊരുക്കി എന്ന് പ്രത്യേകം പറയേണ്ടിയിരിക്കുന്നു.

2.2.7. കുടിയേറ്റക്കാർ/അന്യ സംസ്ഥാന തൊഴിലാളികൾ

ബ്രിട്ടീഷുകാരുടെ ആഗമനത്തിന് മുമ്പ് ഈ പ്രദേശം സമ്പൽ സമൃദ്ധമായിരുന്നു എന്നാണ് ചരിത്ര രേഖകൾ പറയുന്നത്. ഇക്കാലത്ത് നല്ല ചുറ്റുപാടുകൾ തേടിയുള്ള പുറംലോകത്തേക്കുള്ള യാത്ര ആവശ്യമായിരുന്നില്ല. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ കുടിയാൻ സമ്പ്രദായം ദുസ്സഹമായിത്തീരുകയും ഭൂമി, വരുമാനത്തിന്റെ ഉറവിടമായിരുന്നത് കൊണ്ട് വരുമാനത്തിന്റെ വിതരണത്തിൽ അസമത്വം ഉണ്ടാവുകയും ചെയ്തു. ഭൂപ്രഭുക്കന്മാരുടെ ചൂഷണത്തിൽ നിന്നും രക്ഷപ്പെടാൻ വേണ്ടി ചില പാവപ്പെട്ട കർഷകരും തൊഴിലാളികളും പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യത്തോടെ ബ്രിട്ടീഷുകാരുടെ ഉടമസ്ഥതയിലുള്ള നാണ്യവിള തോട്ടങ്ങളിൽ പണി എടുക്കുന്നതിനായി മറ്റ ഉഷ്ണമേഖല രാജ്യങ്ങളിലേക്ക് കുടിയേറി പാർത്തു. എന്നാൽ വിദ്യാ സമ്പന്നരുടെ കുടിയേറ്റം 1930 കൾക്ക് ശേഷമാണ് ആരംഭിച്ചത്. ഇന്ന് കണ്ണൂർ ജില്ലക്കാരായ നിരവധിപേർ ഗൾഫ് നാടുകളിലും മറ്റ് രാജ്യങ്ങളിലുമായി തൊഴിൽ ചെയ്യുന്നുണ്ട്.

1920 കളുടെ തുടക്കം മുതൽ പഴയ തിരുവിതാകൂർ പ്രദേശങ്ങളായ തൊടുപുഴ, പാല, കോട്ടയം, ചങ്ങനാശ്ശേരി തുടങ്ങിയവിടങ്ങളിൽ നിന്ന് വമ്പിച്ച തോതിൽ ജനങ്ങൾ കണ്ണൂർ ജില്ലയിലേക്ക് കുടിയേറി പാർത്തു തുടങ്ങി. ജന്മി സമ്പ്രദായത്തിന് കീഴിൽ കൃഷി ചെയ്യാവുന്ന തരിശ് ഭൂമി ധാരാളം ലഭ്യമായിരുന്നത് കുടിയേറ്റ പ്രക്രിയയെ പോഷിപ്പിച്ചു. കുടിയാൻ സമ്പ്രദായപ്രകാരം വലിയ ബുദ്ധിമുട്ടൊന്നുമില്ലാതെ കുടിയേറ്റക്കാർക്ക് ഭൂമി പാട്ടത്തിന് ലഭിച്ചു. 1957ൽ കേരള ഭൂപരിഷ്കരണ ബില്ല് അവതരിപ്പിക്കപ്പെട്ടതോടുകൂടി ജന്മിമാരും വൻകിട കുടിയേറ്റക്കാരും അവരുടെ നിയന്ത്രണത്തിലുള്ള ഭൂമിയും വനഭൂമിയും വൻതോതിൽ വിറ്റഴിക്കാൻ തുടങ്ങി. തത്ഫലമായി 60 കളിൽ കുടിയേറ്റം പരമകാഷ്ടയിലെത്തി. കൃഷിയുടെ വാണിജ്യവൽക്കരണ പ്രക്രിയ ത്വരിതപ്പെടുത്തുന്നതിൽ കുടിയേറ്റത്തിന്റെ സംഭാവന വലുതാണ്.

ഇപ്പോൾ കേരളത്തിൽ പ്രത്യേകിച്ച് കണ്ണൂർ ജില്ലയിൽ അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. കൃത്യമായ കണക്ക് ലഭ്യമല്ല എങ്കിലും 2013 ൽ "Gulatti Institute of Finance and Taxation for the Development of Labour and skills of the Govt. of Kerala" ക്ക് വേണ്ടി ശ്രീ.എം.പി.ജോസഫ്, ഐ.എ.എസ്., ഡോ.ഡി.നാരായണ, ഡോ: സി.എസ്.വെങ്കിടേശ്വര എന്നിവർ നടത്തിയ പഠനമനുസരിച്ച് കേരളത്തിൽ 25 ലക്ഷത്തിൽ കൂടുതൽ അന്യസംസ്ഥാന തൊഴിലാളികൾ, ബംഗ്ലാദേശ്, നേപ്പാൾ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുൾപ്പെടെയുള്ളവർ ജോലി ചെയ്യുവരുന്നു. 2016 ൽ ഈ സംഖ്യ 40 ലക്ഷത്തിൽ കൂടുതലായി ഉയർന്നിട്ടുണ്ട്.

ഇതിന്റെ ഫലമായി ഓരോ വർഷവും ഏകദേശം 25,000 കോടി രൂപ ഇവരുടെ വേതനമായി കേരളത്തിന് പുറത്തേക്ക് പോകുന്നുണ്ട്. 2023 ൽ അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണം 48 ലക്ഷത്തിൽ കൂടതലാകും എന്നാണ് കണക്കാക്കുന്നത്. കേരളത്തിൽ നിന്ന് പുറത്ത് ജോലിചെയ്യുന്ന മലയാളികളുടെ എണ്ണം 16 ലക്ഷം ആണ്.

അന്യസംസ്ഥാന തൊഴിലാളികളെ കേരളത്തിലേക്ക് ആകർഷിക്കുവാനുള്ള പ്രധാന കാരണം അസംഘടിത മേഖലകളിൽ ഉയർന്ന വേതനം, സമാധാനപരമായ രാഷ്ട്രീയ-സാമൂഹിക അന്തരീക്ഷം തുടങ്ങിയ അനുകൂല സാഹചര്യങ്ങളാണ്.

എന്നാൽ 2011-12 ൽ വരുമാനത്തിന്റെ നടത്തിയ സർവെ അനുസരിച്ച് കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് (7.4%) മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളകെ കൂടുതലാണ്. മറ്റു സംസ്ഥാനങ്ങളിൽ ഈ നിരക്ക് 4% ൽ താഴെയാണ്.

2016 ൽ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ (2017-2022) കുടിയേറ്റക്കാരുടെ ക്ഷേമത്തിനായി കേരള സംസ്ഥാന ആസൂത്രണ ബോർഡ് ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. ഇന്ത്യയിൽ ആദ്യമായിട്ടാണ് കുടിയേറ്റക്കാരുടെ ക്ഷേമത്തിനായി പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുന്നത്.

കണ്ണൂർ ജില്ലയിലെ മനുഷ്യവിഭവങ്ങളെ അവയുടെ കഴിവിന്റെയും അറിവിന്റെയും പരമാവധി ഉപയോഗപ്പെടുത്തേണ്ടത് ഈ നാടിന്റെ വികസനത്തിന് അനിവാര്യമാണ്.

2.2.8. പ്രവാസികൾ

6.12.1996 ലെ സർക്കാർ ഉത്തരവു നമ്പർ 413/96 ജി.എ.ഡി. പ്രകാരം രൂപീകൃതമായതാണ് പ്രവാസി (കേരളീയ കാര്യ) വകുപ്പ് (നോർക്ക). ഈ വകുപ്പിന്റെ പ്രധാന പ്രവർത്തന മേഖലകൾ കേരളത്തിനു പുറത്തും രാജ്യത്തിനകത്തും അന്യരാജ്യങ്ങളിലും താമസിക്കുന്ന കേരളീയരുടെ ക്ഷേമ പ്രവർത്തനങ്ങളാണ്. അവർക്കുവേണ്ട സഹായങ്ങൾ ഉറപ്പവരുത്തുക, വിദേശത്ത് ജോലിക്കായി വിവിധ ട്രേഡുകളിൽ അവശ്യം വേണ്ട പരിശീലനം നൽകുക, വിദേശ മലയാളികൾ നേരിടുന്ന വിദേശ ശിക്ഷാ നടപടികളിൽ നിന്നും മോചിതമാക്കുന്നതിന് നടപടികൾ സ്വീകരിക്കുക, വിദേശത്തു നിന്നും തിരിച്ചു വരുന്നവരുടെ പുനരധിവാസം, വിദേശ കേരളീയരെക്കൊണ്ട് സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിന് പ്രേരിപ്പിക്കുക എന്നിവയാണവ.

പ്രവാസി കേരളം

- 16,25,653 പ്രവാസി മലയാളികളിൽ 14,26,853 പേർ വിവിധ ജോലികളിൽ ഏർപ്പെട്ടിട്ടുള്ളവർ
- കേരളത്തിൽ ഏകദേശം 50 ലക്ഷം പേർ പ്രവാസിമലയാളിയെ ആശ്രയിക്കുന്നവർ
- തൊഴിൽ ചെയ്യുന്ന പ്രവാസി മലയാളികളിൽ 78% പേരും യുവാക്കൾ
- ആകെയുള്ള പ്രവാസികളിൽ 90% പേരും ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവ
- ഏറ്റവും കൂടുതൽ പ്രവാസി മലയാളികളുള്ള രാജ്യം യു.എ.ഇ.(35%), രണ്ടാംസ്ഥാനത്ത് സൗദി അറേബ്യ. (28%)
- കോട്ടയം ജില്ലയിൽ നിന്നും തൊഴിൽ തേടി വിദേശ രാജ്യങ്ങളിൽ പോയവരിൽ 30% പേരും നഴ്സുമാർ
- വനിതാ പ്രവാസി മലയാളികളിൽ കൂടുതൽ പേരും കോട്ടയം (33%), ജില്ലയിൽ നിന്നും കുറവ് കാസറഗോഡ് (1%)
- തൊഴിൽ തേടി വിദേശത്തു പോയിട്ടുള്ള വനിതകൾ 7% ൽ താഴെ മാത്രം
- സംസ്ഥാനത്തെ ജില്ലകളിൽ വനിതാ പ്രവാസി മലയാളി പ്രാതിനിധ്യത്തിൽ മുന്നിൽ ഇടുക്കിയും (33%) കോട്ടയവും (32%)
- യു.കെ. യിലുള്ള പ്രവാസികളിൽ 70% പേരും കുടുംബമായി താമസിക്കുന്നവർ. യു.എസ്.എ. യിൽ(61%)
- പ്രവാസി മലയാളികൾ ഏറ്റവും കൂടുതലുള്ളത് മലപ്പുറം (18%)ജില്ലയിൽ. കുറവ് ഇടുക്കിയിൽ(1%)
- സംസ്ഥാനത്ത് ഇടുക്കി ജില്ലയിലെ ഇടമലക്കുടി പഞ്ചായത്തൊഴികെ എല്ലാ പഞ്ചായത്തുകളിലും പ്രവാസി മലയാളികൾ

- ഏറ്റവും കൂടുതൽ കുടുംബങ്ങളിൽ നിന്നും പ്രവാസികളുള്ളത് മലപ്പുറം ജില്ലയിലെ തിരുരങ്ങാടി ബ്ലോക്കിലെ മുനിയൂർ പഞ്ചായത്ത്
- ഏറ്റവും കൂടുതൽ പ്രവാസികളുള്ള മുൻസിപ്പാലിറ്റി കോട്ടയം
- ഏറ്റവും കൂടുതൽ പ്രവാസികളുള്ളത് കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി ബ്ലോക്കിൽ മാടായി പഞ്ചായത്തിൽ
- പ്രവാസി മലയാളി വനിതകളിൽ 59% വും നഴ്സുമാർ
- ഗൾഫ് മേഖലയിൽ ജോലിചെയ്യുന്ന പ്രവാസി മലയാളികളിൽ 39% പേരും യു.എ.ഇ. യിൽ 33% പേർ സൗദി അറേബ്യയിൽ.
- സൗദി അറേബ്യയിലെ പ്രവാസി മലയാളികളിൽ 96% പേരും പുരുഷൻമാർ, കുവൈറ്റിൽ 13% സ്ത്രീകൾ
- ജോലിയുള്ള പ്രവാസികളിൽ സ്ത്രീ–പുരുഷ അനുപാതം ഏറ്റവും കൂടുതൽ ന്യൂസീലാന്റിൽ(37.63)
- പ്രവാസി മലയാളി പുരുഷൻമാരിൽ 58% പേരും സാധാരണ തൊഴിലാളികൾ
- പ്രവാസി മലയാളി ഡോക്ടർമാരിൽ 25% പേർ യു.എസ്.എ യിലും 20% പേർ യു.എ.ഇ. യിലും
- ഗൾഫിലെ പ്രവാസി അധ്യാപകരിൽ 46% പേർ വനിതകൾ
- കേരളത്തിൽ നിന്നുള്ള പ്രവാസി അധ്യാപകരിൽ 17% പേർ പത്തനംതിട്ടയിൽ നിന്നും 16% പേർ ആലപ്പുഴ ജില്ലയിൽ നിന്നും ഉള്ളവർ
- കേരളത്തിൽ നിന്നുള്ള പ്രവാസി ഡ്രൈവർമാരിൽ 27% പേരും മലപ്പുറം ജില്ലക്കാർ
- സംസ്ഥാനത്തു നിന്നുള്ള പ്രവാസി ഡോക്ടർമാരിൽ 41% പേരും 35 വയസിനും 44 വയസിനും ഇടയിൽ പ്രായമുള്ളവർ
- കുടുംബത്തോടെ അല്ലാതെ വിദേശത്തു താമസിച്ചു ജോലി ചെയ്യുന്ന പ്രവാസികളിൽ 3% പേർ വനിതകൾ
- ജോലിയുള്ള പ്രവാസി മലയാളികളിൽ 7% സ്ത്രീകൾ 93% പുരുഷൻമാർ
- പ്രവാസി മലയാളികളിൽ 46% പേർ 35 വയസിൽ താഴെ പ്രായമുള്ളവർ, 55 വയസിനു മുകളിൽ പ്രായമുള്ളവർ 5% ൽ താഴെ മാത്രം
- നഴ്സുമാരായ പ്രവാസി വനിതകളിൽ 20% പേർ സൗദി അറേബ്യയിൽ, 13 % പേർ യു.കെ. യിൽ
- നഴ്സുമാരായ പ്രവാസി പുരുഷൻമാരിൽ 30% പേർ യു.എ.ഇ. ൽ 8 % പേർ യു.കെ. യിൽ
- പ്രവാസി ഡ്രൈവർമാരിൽ 39% പേരും സൗദി അറേബ്യയിൽ
- 10 വർഷത്തിനുള്ളിൽ പ്രവാസ ജീവിതം നയിച്ചിട്ടുള്ളവരിൽ 24% പേരും മലപ്പുറം ജില്ലയിൽ നിന്നുള്ളവർ
- വനിതാ പ്രാതിനിധ്യം കൂടുതലുള്ള പ്രവാസി മലയാളികളുള്ള രാജ്യം ന്യൂസീലാന്റ് (37%)ഉം, യു.കെ. യും(34%)

പ്രവാസി മലയാളി സെൻസസ് 2013 പ്രകാരം കേരളത്തിൽ ആകെ 16,25,653 പ്രവാസികളുള്ളതായാണ് പറയുന്നത്. അതിൽ ജോലി ഉള്ളവർ 14,26,853 ആണ്. ജോലിയുള്ളവരുടെ കൂടെ താമസിക്കുന്നവർ 1,98,800 പേരാണ്. പ്രവാസികളുള്ള വീടുകളുടെ എണ്ണം 11,61,306. ജില്ലയിൽ ആകെ പ്രവാസികൾ 1,62,514 ആണ്. അതിൽ ജോലി ഉള്ളവർ 1,43,688 ഉം ജോലി ഉള്ളവരുടെ കൂടെതാമസിക്കുന്നവർ 18,826ഉം ആണ്. ജില്ലയിൽ നിന്നുള്ള പ്രവാസി വീടുകളുടെ എണ്ണം 1,07,822 ആണ്.

പ്രവാസികളുടെ എണ്ണം ജില്ലതിരിച്ച്

ക്രമ നമ്പർ	ജില്ലയുടെ പേര്	പ്രവാസികൾ ഉള്ള വീടുകളുടെ എണ്ണം	ജോലി ഉള്ളവർ	ജോലിയുള്ളവരുടെ കൂടെ താമസിക്കുന്നവർ	ആകെ പ്രവാസികൾ
1	കാസറഗോഡ്	46235	60570	4639	65209
2	കണ്ണൂർ	107822	143688	18826	162514
3	വയനാട്	13442	15660	1453	17113

4	കോഴിക്കോട്	124448	147996	13240	161236
5	മലപ്പുറം	228706	278396	14357	292753
6	പാലക്കാട്	69745	83777	7737	91514
7	തൃശ്ശൂർ	125702	149814	24633	174447
8	എറണാകുളം	62718	79526	24982	104508
9	ഇടുക്കി	8154	10959	3616	14575
10	കോട്ടയം	48989	71299	29326	100625
11	ആലപ്പുഴ	66954	80480	13674	94154
12	പത്തനംതിട്ട	60185	77802	20552	98354
13	കൊല്ലം	102667	116466	9880	126346
14	തിരുവനന്തപുരം	95539	110420	11885	122305
	ആകെ	1161306	1426853	198800	1625653

(അവലംബം-പ്രവാസി മലയാളി സെൻസസ് 2013)

വിവിധ രാജ്യങ്ങളിലായി ജോലി ചെയ്യുന്ന പ്രവാസികളുടെ എണ്ണം 1426853 ആണ്. അതിൽ 1327527 പുരുഷന്മാരും 99326 സ്ത്രീകളും ഉൾപ്പെടുന്നു. ഏറ്റവും കൂടുതൽ മലയാളികൾ ജോലി ചെയ്യുന്നത് യു.എ.ഇ. യിലും (507087), കുറവ് ഇറാൻ (473) ലുമാണ്. ഏറ്റവും കൂടുതൽ പ്രവാസികളുള്ള രണ്ടാമത്തെ രാജ്യം സൗദ്യ അറേബ്യ (421313) ആണ്. ഏറ്റവും കൂടുതൽ വനിതാ പ്രവാസികളുള്ളത് യുഎ.ഇ.(22839)ലും ഏറ്റവും കുറവ് ഇറാനിലും(45) ആണ്.

ജോലി ചെയ്യുന്ന പ്രവാസികളുടെ എണ്ണം (രാജ്യം തിരിച്ച്)

ക്രമ നമ്പർ	രാജ്യത്തിന്റെ പേര്	പെൺ	ആൺ	ആകെ
1	യു.എസ്.എ.	13292	40350	53642
2	കാനഡ	2096	4254	6350
3	യു.കെ.	10362	19929	30291
4	ജർമ്മനി	595	1325	1920
5	മറ്റ യൂറോപ്യൻ രാജ്യങ്ങൾ	1086	2723	3809
6	നൈജീരിയ	76	774	850
7	ലിബിയ	253	558	811
8	മറ്റ ആഫ്രിക്കൻ രാജ്യങ്ങൾ	422	3700	4122
9	സൗദി അറേബ്യ	16540	474773	421313
10	യു.എ.ഇ.	22839	484248	507087
11	കുവൈത്ത്	11664	80116	91780
12	ഒമാൻ	4318	84920	89238
13	ഖത്തർ	4196	109199	113395
14	ബഹറിൻ	3513	57895	61408
15	ഇറാഖ്	84	679	763
16	ഇറാൻ	45	428	473
17	സിങ്കപ്പൂർ	1137	4794	5931
18	മലേഷ്യ	255	5291	5546
19	മറ്റ ഏഷ്യൻ രാജ്യങ്ങൾ	1049	7938	8987
20	ന്യൂസീലാന്റ്	808	1381	2189
21	ആസ്ത്രേലിയ	3939	6770	10709
22	മറ്റ രാജ്യങ്ങൾ	757	5482	6239
	ആകെ	99326	1327527	1426853

(അവലംബം-പ്രവാസി മലയാളി സെൻസസ് 2013)

ജില്ലയിൽ നിന്നുള്ള ജോലി ചെയ്യുന്ന പ്രവാസികളുടെ എണ്ണം 143688 ആണ്. അതിൽ 139269 പേർ പുരുഷന്മാരും 4419 സ്ത്രീകളുമാണ്. സംസ്ഥാന ശരാശരിയിലും(6.9%)താഴെയാണ് ജില്ലയിലെ വനിതാ പ്രവാസികളുടെ കണക്ക്(3.07%).

ജോലി ചെയ്യുന്ന പ്രവാസികളുടെ എണ്ണം (ആൺ-പെൺ തിരിച്ച്)

ക്രമ നമ്പർ	ജില്ലയുടെ പേര്	പെൺ	ആൺ	ആകെ
1	കാസറഗോഡ്	1240	59330	60570
2	കണ്ണൂർ	4419	139269	143688
3	വയനാട്	1332	14328	15660
4	കോഴിക്കോട്	3413	144583	147996
5	മലപ്പുറം	1751	276645	278396
6	പാലക്കാട്	2169	81608	83777
7	തൃശ്ശൂർ	6433	143381	149814
8	എറണാകുളം	16322	63204	79526
9	ഇടുക്കി	3598	7361	10959
10	കോട്ടയം	22585	48714	71299
11	ആലപ്പുഴ	8731	71749	80480
12	പത്തനംതിട്ട	14395	63407	77802
13	കൊല്ലം	6871	109595	116466
14	തിരുവനന്തപുരം	6067	104353	110420
	ആകെ	**99326**	**1327527**	**1426853**

(അവലംബം-പ്രവാസി മലയാളി സെൻസസ് 2013)

ഏറ്റവും കൂടുതൽ പ്രവാസികൾ താമസിക്കുന്ന രാജ്യം യു.എ.ഇ. (573289) യും രണ്ടാമത്തെ രാജ്യം സൗദി അറേബ്യ (450229)യും ആണ്. ഏറ്റവും കുറവ് പ്രവാസികൾ താമസിക്കുന്ന രാജ്യം ഇറാൻ(522)ആണ്. ജില്ലയിൽ നിന്നുള്ള പ്രവാസികൾ കൂടുതലായി താമസിക്കുന്ന രാജ്യവും യു.എ.ഇ. യാണ്(76421). ജില്ലയിൽ നിന്നും ഏറ്റവും കുറവ് പ്രവാസികൾ താമസിക്കുന്നത് ലിബിയ(32) യിൽ ആണ്.

പ്രവാസികൾ താമസിക്കുന്ന രാജ്യം- ജില്ല തിരിച്ച്

ക്രമനം	ജില്ലയുടെ പേര്	1	2	3	4	5	6	7	8	9	10	11
1	കാസറഗോഡ്	1168	125	480	31	331	13	9	334	7927	42031	4111
2	കണ്ണൂർ	4858	517	1666	152	396	91	32	453	30096	76421	9171
3	വയനാട്	279	133	246	14	162	8	3	83	6671	4062	1138
4	കോഴിക്കോട്	2362	262	768	91	272	51	26	431	36443	49141	12567
5	മലപ്പുറം	1853	153	1000	62	171	33	50	247	154246	93294	9897
6	പാലക്കാട്	2897	207	833	67	233	77	16	309	33197	31093	4548
7	തൃശ്ശൂർ	6548	732	3848	269	474	114	44	480	24331	81177	10159
8	എറണാകുളം	12265	1813	10164	415	419	151	131	471	18727	26504	9319
9	ഇടുക്കി	1740	432	1746	66	420	16	55	187	2689	2530	1432
10	കോട്ടയം	17048	2457	14399	760	504	88	178	402	14645	21092	9543
11	ആലപ്പുഴ	5918	707	2219	175	383	117	115	335	23375	29889	9056
12	പത്തനംതിട്ട	9178	1106	4033	259	446	90	120	464	18701	30095	11669
13	കൊല്ലം	6652	381	1513	116	450	122	106	447	46755	36599	7597
14	തിരുവനന്തപുരം	5591	604	2349	176	309	59	55	250	32426	49361	5926
	ആകെ	**78357**	**9629**	**45264**	**2653**	**4970**	**1030**	**940**	**4893**	**450229**	**573289**	**106133**

(അവലംബം-പ്രവാസി മലയാളി സെൻസസ് 2013)

1. യു.എസ്.എ
2. കാനഡ
3. യു.കെ.
4. ജർമ്മനി
5. മറ്റ് യൂറോപ്യൻ രാജ്യങ്ങൾ
6. നൈജീരിയ
7. ലിബിയ
8. മറ്റ് ആഫ്രിക്കൻ രാജ്യങ്ങൾ
9. സൗദി അറേബ്യ
10. യു.എ.ഇ.
11. കുവൈത്ത്

ക്രമനം	ജില്ലയുടെ പേര്	12	13	14	15	16	17	18	19	20	21	22	ആകെ
1	കാസറഗോഡ്	1751	3095	1951	23	19	158	661	600	26	159	206	65209
2	കണ്ണൂർ	11657	15210	8094	67	34	611	939	542	95	874	538	162514
3	വയനാട്	1411	1328	626	8	4	73	87	227	54	218	278	17113
4	കോഴിക്കോട്	10853	26384	18768	44	33	367	310	792	83	556	641	161236
5	മലപ്പുറം	10209	14409	4462	44	25	140	896	814	39	231	478	292753
6	പാലക്കാട്	5736	6721	2712	40	11	424	475	999	81	355	483	91514
7	തൃശ്ശൂർ	13463	20615	7590	124	75	732	889	706	211	1335	531	174447
8	എറണാകുളം	4810	6914	3887	82	51	1383	296	874	885	4130	817	104508
9	ഇടുക്കി	505	714	337	15	5	125	67	293	194	705	302	14575
10	കോട്ടയം	3870	4460	2680	51	33	895	169	963	795	4827	766	100625
11	ആലപ്പുഴ	7354	6224	4821	78	35	505	444	913	129	844	519	94154
12	പത്തനംതിട്ട	6762	6150	5208	68	79	826	198	1049	199	1253	401	98354
13	കൊല്ലം	10811	7238	4956	107	77	615	255	533	88	412	516	126346
14	തിരുവനന്തപുരം	10779	6041	4206	44	41	974	422	1039	94	787	772	122305
	ആകെ	**99971**	**125503**	**70298**	**795**	**522**	**7828**	**6099**	**10344**	**2973**	**16685**	**7248**	**1625653**

(അവലംബം-പ്രവാസി മലയാളി സെൻസസ് 2013)

12. ഒമാൻ
13. ഖത്തർ
14. ബഹറിൻ
15. ഇറാഖ്
16. ഇറാൻ
17. സിംഗപ്പൂർ
18. മലേഷ്യ
19. മറ്റ് ഏഷ്യൻ രാജ്യങ്ങൾ
20. ന്യൂസീലാന്റ്
21. ആസ്ട്രേലിയ
22. മറ്റ് രാജ്യങ്ങൾ

വിദേശത്ത് ജോലിചെയ്യുന്നതിൽ ഡ്രൈവർമാരാണ് കൂടുതൽ (169097) രണ്ടാമത് സെയിൽസ്മാൻമാരാണ് (156797). ഏറ്റവും കുറവ് ഡോക്ടർമാരാണ് (7524). സ്ത്രീകളിൽ നഴ്സുമാരാണ് കൂടുതൽ (58559).

കേരളത്തിലെ പ്രവാസികൾ ചെയ്യുന്ന ജോലി തരംതിരിച്ച്

ക്രമ നമ്പർ	ജോലി തരം	പെൺ	ആൺ	ആകെ
1	ഡോക്ടർ	2535	4989	7524
2	നഴ്സ്	58559	32339	90898
3	എഞ്ചിനീയർ	5375	48501	53876
4	ബാങ്ക്	1327	8684	10011
5	ഐ.ടി.	2890	28944	31834
6	അധ്യാപകർ	5278	6482	11760
7	മാനേജർ	988	19879	20867
8	ഡ്രൈവർ	0	169097	169097
9	ബിസിനസ്	1488	77920	79408
10	സെയിൽസ്മാൻ	1147	155650	156797
11	മറ്റുള്ള തൊഴിലാളികൾ	19739	705042	794781
	ആകെ	99326	1327527	1426853

(അവലംബം–പ്രവാസി മലയാളി സെൻസസ് 2013)

ഏറ്റവും കൂടുതൽ പ്രവാസികൾ താമസിക്കുന്നത് ഗൾഫ് രാജ്യങ്ങളിലും (1426740) ഏറ്റവും കുറവ് ആഫ്രിക്കൻ രാജ്യങ്ങളിലുമാണ്. മലപ്പുറം ജില്ലയിൽ നിന്നാണ് ഏറ്റവും കൂടുതൽ ഗൾഫ് മലയാളികൾ ഉള്ളത് (286586). കണ്ണൂർ ജില്ലയിൽ ഏറ്റവും കൂടുതൽ പ്രവാസികളുള്ളതും ഗൾഫ് രാജ്യങ്ങളിലാണ്(150750). ജില്ലയിൽ ഏറ്റവും കുറവ് പ്രവാസികൾ താമസിക്കുന്ന മേഖല കാനഡ (517) ആണ്.

പ്രവാസികൾ താമസിക്കുന്ന മേഖല ജില്ല തിരിച്ച്

ക്രമ നമ്പർ	ജില്ലയുടെ പേര്	യു.എസ്.എ.	കാനഡ	യൂറോപ്യൻ രാജ്യങ്ങൾ	ആഫ്രിക്കൻ രാജ്യങ്ങൾ	ഗൾഫ് രാജ്യങ്ങൾ	മറ്റു രാജ്യങ്ങൾ	ആകെ
1	കാസറഗോഡ്	1168	125	842	356	60908	1810	65209
2	കണ്ണൂർ	4858	517	2214	576	150750	3599	162514
3	വയനാട്	279	133	422	94	15248	937	17113
4	കോഴിക്കോട്	2362	262	1131	508	154233	2740	161236
5	മലപ്പുറം	1853	153	1233	330	286586	2598	292753
6	പാലക്കാട്	2897	207	1133	402	84058	2817	91514
7	തൃശ്ശൂർ	6548	732	4591	638	157534	4404	174447
8	എറണാകുളം	12265	1813	10998	753	70294	8385	104508
9	ഇടുക്കി	1740	432	2232	258	8227	1686	14575
10	കോട്ടയം	17048	2457	15663	668	56374	8415	100625
11	ആലപ്പുഴ	5918	707	2777	567	80832	3353	94154
12	പത്തനംതിട്ട	9178	1106	4738	674	78732	3926	98354
13	കൊല്ലം	6652	381	2079	675	114140	2419	126346
14	തിരുവനന്തപുരം	5591	604	2834	364	108824	4088	122305
	ആകെ	78357	9629	52887	6863	1426740	51177	1625653

(അവലംബം–പ്രവാസി മലയാളി സെൻസസ് 2013)

കേരളത്തിൽ ആകെ ജോലിചെയ്യുന്ന ഗൾഫ് പ്രവാസികളുടെ എണ്ണം 1285457 ആണ്. ഇത് ജില്ലയിൽ 134610 ആണ്. ജില്ലയിൽ ഏറ്റവും കൂടുതൽ പേർ ജോലിചെയ്യുന്ന ഗൾഫ് രാജ്യം യു.എ.ഇ.യും (67442) ഏറ്റവും കുറവ് ഇറാൻ (32) ഉം ആണ്. ഏറ്റവും കൂടുതൽ ഗൾഫ് പ്രവാസികൾ ജോലിചെയ്യുന്ന ജില്ല മലപ്പുറം (272969)ഉം ഏറ്റവും കുറവ് ഇടുക്കി (6796) ഉം ആണ്.

ജോലി ചെയ്യുന്ന ഗൾഫ് പ്രവാസികളുടെ എണ്ണം (ജില്ല തിരിച്ച്)

ക്രമ നമ്പർ	ജില്ലയുടെ പേര്	സൗദി അറേബ്യ	യു.എ.ഇ.	കുവൈത്ത്	ഒമാൻ	ഖത്തർ	ബഹറിൻ	ഇറാഖ്	ഇറാൻ	ആകെ
1	കാസറഗോഡ്	7,497	39,238	3,837	1,598	2,882	1,808	20	19	56,899
2	കണ്ണൂർ	27,641	67,442	8,234	10,287	13,805	7,103	66	32	1,34,610
3	വയനാട്	6,381	3,699	1,055	1,279	1,221	580	8	4	14,227
4	കോഴിക്കോട്	34,007	44,680	11,583	10,033	24,681	17,446	40	33	1,42,503
5	മലപ്പുറം	1,47,452	88,457	9,460	9,673	13,698	4,160	44	25	2,72,969
6	പാലക്കാട്	31,769	28,085	4,248	5,233	6,195	2,370	38	11	77,949
7	തൃശ്ശൂർ	22,260	69,518	8,859	11,785	18,164	6,535	121	72	1,37,314
8	എറണാകുളം	16,126	20,807	7,217	3,819	5,597	2,870	78	40	56,554
9	ഇടുക്കി	2,326	2,025	1,158	426	578	264	14	5	6,796
10	കോട്ടയം	12,235	15,673	7,118	2,962	3,449	1,964	46	27	43,474
11	ആലപ്പുഴ	21,588	25,496	7,693	6,413	5,554	4,058	77	31	70,910
12	പത്തനംതിട്ട	16,332	24,159	9,111	5,654	5,180	4,069	62	66	64,633
13	കൊല്ലം	44,569	33,331	6,901	10,049	6,798	4,463	105	67	1,06,283
14	തിരുവനന്തപുരം	31,130	44,477	5,306	10,027	5,593	3,718	44	41	1,00,336
	ആകെ	**4,21,313**	**5,07,087**	**91,780**	**89,238**	**1,13,395**	**61,408**	**763**	**473**	**12,85,457**

(അവലംബം–പ്രവാസിമലയാളിസെൻസസ് 2013)

ഗൾഫ് പ്രവാസികളിൽ നഴ്സിംഗ് മേഖലയിലാണ് വനിതകൾ ഏറ്റവും കൂടുതൽ ജോലിചെയ്യുന്നത് (35859). 164750 പുരുഷന്മാരും ഡ്രൈവർമാരാണ്. ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്ന മലയാളികളിൽ ഡോക്ടർമാരാണ് ഏറ്റവും കുറവ് (3550).

കേരളത്തിലെ ഗൾഫ് പ്രവാസികൾ തൊഴിൽ തരം തിരിച്ച്

ക്രമ നമ്പർ	ജോലി തരം	പെൺ	ആൺ	ആകെ
1	ഡോക്ടർ	1,032	2,518	3,550
2	നഴ്സ്	35,859	24,475	60,334
3	എഞ്ചിനീയർ	2,588	34,536	37,124
4	ബാങ്ക്	920	7,253	8,173
5	ഐ.ടി.	1,550	22,568	24,118
6	അധ്യാപകർ	3,888	4,642	8,530
7	മാനേജർ	666	16,677	17,343
8	ഡ്രൈവർ	0	1,64,750	1,64,750
9	ബിസിനസ്	1,069	71,811	72,880
10	സെയിൽസ്മാൻ	945	1,50,360	1,51,305
11	മറ്റുള്ള തൊഴിലാളികൾ	14,682	7,22,668	7,37,350
	ആകെ	**63,199**	**12,22,258**	**12,85,457**

(അവലംബം–പ്രവാസി മലയാളി സെൻസസ് 2013)

വിദേശത്ത് കുടുംബത്തോടെ താമസിക്കുന്ന പ്രവാസികളുടെ എണ്ണം 519569ഉം കുടുംബത്തോടെ അല്ലാതെ താമസിക്കുന്നവരുടെ എണ്ണം 907284ഉം ആണ്. ഇത് ജില്ലയിൽ യഥാക്രമം 66547, 77141 ആണ്. കുടുംബത്തോടെ താമസിക്കുന്നവരിൽ ഏറ്റവും കൂടുതൽ മലപ്പുറം ജില്ലക്കാരും (94076), രണ്ടാമത് കണ്ണൂർ ജില്ലക്കാരുമാണ് (66547).

എന്നാൽ ഏറ്റവും കുറവ് വയനാട് (4427)ആണ്. കുടുംബത്തോടെ അല്ലാതെ താമസിക്കുന്നവരിലും മലപ്പുറം ജില്ലക്കാരാണ് കൂടുതൽ (184320) ഇടുക്കിയിൽ നിന്നുമുള്ളവരാണ് ഏറ്റവും കുറവ് (5574).

വിദേശത്ത് കുടുംബമായി താമസിക്കുന്ന പ്രവാസികൾ (ജില്ല തിരിച്ച്)

ക്രമ നമ്പർ	ജില്ലയുടേ പേര്	കുടുംബത്തോടെ താമസിക്കുന്നവർ	കുടുംബത്തോടെ അല്ലാതെ താമസിക്കുന്നവർ	ആകെ
1	കാസറഗോഡ്	26,180	34,390	60,570
2	കണ്ണൂർ	66,547	77,141	1,43,688
3	വയനാട്	4,427	11,233	15,660
4	കോഴിക്കോട്	46,689	1,01,307	1,47,996
5	മലപ്പുറം	94,076	1,84,320	2,78,396
6	പാലക്കാട്	27,710	56,067	83,777
7	തൃശ്ശൂർ	50,261	99,553	1,49,814
8	എറണാകുളം	35,617	43,909	79,526
9	ഇടുക്കി	5,385	5,574	10,959
10	കോട്ടയം	42,747	28,552	71,299
11	ആലപ്പുഴ	26,967	53,513	80,480
12	പത്തനംതിട്ട	34,450	43,352	77,802
13	കൊല്ലം	28,072	88,394	1,16,466
14	തിരുവനന്തപുരം	30,441	79,979	1,10,420
	ആകെ	**5,19,569**	**9,07,284**	**14,26,853**

(അവലംബം-പ്രവാസി മലയാളി സെൻസസ് 2013)

കുടുംബത്തോടെ അല്ലാതെ താമസിച്ച് ജോലിചെയ്യുന്നവരിൽ 879420 പേർ പുരുഷന്മാരും 27864 സ്ത്രീകളുമാണ്. ഇത് ജില്ലയിൽ യഥാക്രമം 75814, 1327 ആണ്. ജില്ലയിൽ ആകെ താമസിച്ച് ജോലിചെയ്യുന്നവരുടെ എണ്ണം 77141 ആണ്.

കുടുംബത്തോടെ അല്ലാതെ താമസിച്ച് ജോലി ചെയ്യുന്ന പ്രവാസികളുടെ എണ്ണം ജില്ല തിരിച്ച്

ക്രമ നമ്പർ	ജില്ലയുടേ പേര്	പെൺ	ആൺ	ആകെ
1	കാസറഗോഡ്	359	34,031	34,390
2	കണ്ണൂർ	1,327	75,814	77,141
3	വയനാട്	650	10,583	11,233
4	കോഴിക്കോട്	1,344	99,963	1,01,307
5	മലപ്പുറം	624	1,83,696	1,84,320
6	പാലക്കാട്	592	55,475	56,067
7	തൃശ്ശൂർ	1,579	97,974	99,553
8	എറണാകുളം	4,342	39,567	43,909
9	ഇടുക്കി	1,370	4,204	5,574
10	കോട്ടയം	5,473	23,079	28,552
11	ആലപ്പുഴ	2,230	51,283	53,513
12	പത്തനംതിട്ട	3,369	39,983	43,352
13	കൊല്ലം	2,543	85,851	88,394
14	തിരുവനന്തപുരം	2,062	77,917	79,979
	ആകെ	**27,864**	**8,79,420**	**9,07,284**

(അവലംബം-പ്രവാസി മലയാളി സെൻസസ്

പ്രവാസി വനിതകൾ ഏർപ്പെടുന്ന ജോലിയുടെ കണക്ക് പരിശോധിക്കുകയാണെങ്കിൽ നഴ്സിംഗ് (58559) മേഖല കഴിഞ്ഞാൽ എഞ്ചിനീയർ (5375), അധ്യാപകർ (5278) എന്നീ തൊഴിലുകളിലാണ് കൂടുതൽ സ്ത്രീകൾ ഏർപ്പെട്ടിരിക്കുന്നതെന്ന് മനസിലാക്കാം. ജില്ലയിലെ വനിതകളുടെ സേവനം കൂടുതൽ ലഭ്യമാകുന്നതും നഴ്സിംഗ് മേഖലയിൽ തന്നെയാണ്(1873). അധ്യാപകർ(271), എഞ്ചിനീയർ(262), ഐ.ടി.(141) കഴിഞ്ഞാൽ ജില്ലയിൽ നിന്നുള്ള പ്രവാസി ഡോക്ടർമാരുടെ എണ്ണവും (118) ശ്രദ്ധേയമായ കാര്യമാണ്.

പ്രവാസി വനിതകൾ ജോലി ചെയ്യുന്ന തരംതിരിച്ചുള്ള വിവരം (ജില്ല തിരിച്ച്)

ക്രമനം	ജില്ലയുടേ പേര്	ഡോക്ടർ	നഴ്സ്	എഞ്ചിനീയർ	ബാങ്ക്	ഐ.ടി.	അധ്യാപകർ	മാനേജർ	ഡ്രൈവർ	ബിസിനസ്	സെയിൽസ് മാൻ	മറ്റുള്ള തൊഴിലാളികൾ	ആകെ
1	കാസറഗോഡ്	31	467	76	11	35	53	11	0	37	63	456	1,240
2	കണ്ണൂർ	118	1,873	262	67	141	271	55	0	71	91	1,470	4,419
3	വയനാട്	12	647	30	10	13	28	11	0	13	43	525	1,332
4	കോഴിക്കോട്	119	795	218	45	110	223	34	0	69	83	1717	3,413
5	മലപ്പറം	52	422	75	16	59	249	12	0	45	81	740	1,751
6	പാലക്കാട്	76	495	197	58	151	247	62	0	41	39	803	2,169
7	തൃശ്ശൂർ	212	3,978	490	137	268	517	97	0	117	75	602	6,433
8	എറണാകുളം	361	11,579	972	183	485	680	171	0	236	123	1,532	16,322
9	ഇടുക്കി	38	2,575	70	13	49	75	16	0	26	20	716	3,598
10	കോട്ടയം	460	15,722	809	163	409	679	141	0	151	107	3,944	22,585
11	ആലപ്പുഴ	195	5,716	485	147	237	576	73	0	111	68	1,123	8,731
12	പത്തനംതിട്ട	311	9,921	696	234	395	803	145	0	160	145	1,585	14,395
13	കൊല്ലം	174	2,456	358	93	183	406	72	0	205	132	2,792	6,871
14	തിരുവനന്തപുരം	376	1,913	697	150	355	471	88	0	206	77	1,734	6,067
	ആകെ	2,535	58,559	5,375	1,327	2,890	5,278	988	0	1,488	1,147	19,739	99,326

(അവലംബം–പ്രവാസി മലയാളി സെൻസസ് 2013)

പ്രവാസി പുരുഷൻമാർ ജോലി ചെയ്യുന്ന തരംതിരിച്ചുള്ള വിവരം (ജില്ല തിരിച്ച്)

ക്രമനം	ജില്ലയുടേ പേര്	ഡോക്ടർ	നഴ്സ്	എഞ്ചിനീയർ	ബാങ്ക്	ഐ.ടി.	അധ്യാപകർ	മാനേജർ	ഡ്രൈവർ	ബിസിനസ്	സെയിൽസ് മാൻ	മറ്റുള്ള തൊഴിലാളികൾ	ആകെ
1	കാസറഗോഡ്	98	217	934	211	721	128	485	5012	5,604	12590	33,330	59,330
2	കണ്ണൂർ	270	741	4137	859	2,747	574	1,912	13,387	10,746	25016	78,880	1,39,269
3	വയനാട്	19	209	373	70	237	57	189	2,505	603	3832	6,234	14,328
4	കോഴിക്കോട്	366	409	2,938	514	1,923	385	1,217	20,401	10,846	22087	83,497	1,44,583
5	മലപ്പറം	269	380	2,924	630	2,723	576	1,518	44,848	16,661	42,283	1,63,833	2,76,645
6	പാലക്കാട്	214	233	2,356	451	1,595	255	1,375	14,272	3,624	11,201	46,032	81,608
7	തൃശ്ശൂർ	505	1,484	6,699	1315	3,542	369	2,886	21,292	8,756	13,570	82,963	1,43,381
8	എറണാകുളം	718	4,826	6,283	847	3,112	405	2,136	6129	3,318	3,140	32,190	63,204
9	ഇടുക്കി	66	713	571	80	369	69	253	676	349	379	3,836	7,361
10	കോട്ടയം	622	5,849	4,636	759	2,358	467	1,630	2,477	2,247	2,018	25,651	48,714
11	ആലപ്പുഴ	329	5,798	4,239	650	2,234	1,304	1,440	4,918	2,650	3,859	44,328	71,749
12	പത്തനംതിട്ട	434	8,936	4,273	793	2,419	1,160	1,418	4,072	2,581	2,505	34,816	63,407
13	കൊല്ലം	372	618	3,672	668	2,738	356	1,918	14,479	5,494	7,603	71,677	1,09,595
14	തിരുവനന്തപുരം	707	1,826	4,466	837	2,226	377	1,502	14,629	4,441	5,567	67,775	104,353
	ആകെ	**4,989**	**32,339**	**48,501**	**8,684**	**28,944**	**6,482**	**19,879**	**1,69,097**	**77,920**	**1,55,650**	**7,75,042**	**1327527**

(അവലംബം–പ്രവാസി മലയാളി സെൻസസ് 2013)

ഒരാളുടെ ജോലിയെ മാത്രം ആശ്രയിച്ച് വിദേശത്ത് താമസിക്കുന്ന ആകെ കുടുംബങ്ങൾ 43487 ആണ്. ഇത് ജില്ലയിൽ 4257 ആണ്.

ഒരാളുടെ ജോലിയെ മാത്രം ആശ്രയിച്ച് വിദേശത്ത് താമസിക്കുന്ന കുടുംബങ്ങളുടെ എണ്ണം

ക്രമ നമ്പർ	ജില്ലയുടെ പേര്	അംഗങ്ങളുടെ എണ്ണം				
		2	3	4	4ൽ കൂടുതൽ	ആകെ
1	കാസറഗോഡ്	355	281	265	127	1,028
2	കണ്ണൂർ	1,323	1,249	1221	464	4,257
3	വയനാട്	134	101	81	42	358
4	കോഴിക്കോട്	1,020	1023	1,015	520	3,578
5	മലപ്പുറം	1,488	799	865	714	3,866
6	പാലക്കാട്	624	718	643	154	2,139
7	തൃശ്ശൂർ	1,854	1,899	1,963	486	6,202
8	എറണാകുളം	1,550	1,651	1778	345	5,324
9	ഇടുക്കി	161	154	160	39	514
10	കോട്ടയം	1,302	1,139	1,359	343	4,143
11	ആലപ്പുഴ	742	860	913	208	2,723
12	പത്തനംതിട്ട	990	950	1213	248	3,401
13	കൊല്ലം	980	715	806	195	2,696
14	തിരുവനന്തപുരം	1057	989	1012	200	3,258
	ആകെ	**13,580**	**12,528**	**13,294**	**4,085**	**43,487**

(അവലംബം-പ്രവാസി മലയാളി സെൻസസ് 2013)

10 വർഷത്തിനു മുകളിൽ പ്രവാസ കാലയളവിൽ വിദേശത്ത് താമസിക്കുന്നവരുടെ കണക്ക് പരിശോധിക്കുകയാണെങ്കിൽ മലപ്പുറം (72097), തൃശ്ശൂർ(34720), കോഴിക്കോട്(31297) എന്നീ ജില്ലകൾക്ക് തൊട്ടു പിന്നിൽ കണ്ണൂർ (31287) ഉള്ളതായി കാണാം.

ആകെ പ്രവാസ കാലയളവ് ജില്ല

ക്രമ നമ്പർ	ജില്ലയുടെ പേര്	1 വർഷത്തിൽ താഴെ	1 മുതൽ 3 വരെ	4 മുതൽ 7 വരെ	8 മുതൽ 10 വരെ	10 ന് മുകളിൽ	ആകെ
1	കാസറഗോഡ്	4,611	19,632	15,246	8,588	12,493	60,570
2	കണ്ണൂർ	10,505	42,986	38,655	20,255	31,287	1,43,688
3	വയനാട്	1,797	6,565	3,932	1,493	1,873	15,660
4	കോഴിക്കോട്	12,028	47,251	37,200	20,220	31,297	1,47,996
5	മലപ്പുറം	12,409	84,470	68,240	41,180	72,097	2,78,396
6	പാലക്കാട്	5,442	28,554	21,797	11,078	16,906	83,777
7	തൃശ്ശൂർ	8,819	44,887	39,993	21,395	34,720	1,49,814
8	എറണാകുളം	4,564	28,176	24,256	10,808	11,722	79,526
9	ഇടുക്കി	680	4,449	3,493	1,221	1,116	10,959
10	കോട്ടയം	3,743	23,971	22,309	10,164	11,112	71,299
11	ആലപ്പുഴ	5,292	26,095	23,184	11,113	14,796	80,480
12	പത്തനംതിട്ട	3,275	23,325	22,779	12,105	16,318	77,802
13	കൊല്ലം	4,366	39,839	33,882	16,359	22,020	1,16,466
14	തിരുവനന്തപുരം	6,898	35,176	29,146	14,977	24,223	1,10,420
	ആകെ	**84,429**	**4,55,376**	**38,4112**	**2,00,956**	**3,01,980**	**14,26,853**

(അവലംബം-പ്രവാസി മലയാളി സെൻസസ് 2013)

2.3. ധനവിഭവങ്ങൾ

ജില്ലയിൽ ലഭ്യമായ ധനവിഭവങ്ങൾ പ്രധാനമായും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വകയിരുത്തലുകൾ, തദ്ദേശഭരണസ്ഥാപനങ്ങളുടെ വകയിരുത്തലുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓൺ ഫണ്ട്, എം.പി. ലാഡ്സ്, എം.എൽ.എ. എസ്.ഡി.എഫ്., എം.എൽ.എ.മാരുടെ ആസ്തിവികസന ഫണ്ട്, പട്ടികവർഗ വികസനത്തിന് വേണ്ടിയുള്ള അധിക ധനസഹായം, ബാങ്കിംഗ് മേഖലയിലെ ഡപ്പോസിറ്റുകൾ തുടങ്ങിയവയാണ്.

2017-18 വാർഷിക പദ്ധതിയിൽ കേന്ദ്രസഹായമടക്കം പ്രതീക്ഷിക്കുന്നത് 34566.95 കോടി രൂപയാണ്. ഇതിൽ 28 കോടി രൂപ പട്ടികജാതി/പട്ടികവർഗ വികസനത്തിന് വേണ്ടി കേന്ദ്രം പ്രത്യേകം അനുവദിക്കുമെന്ന് പ്രതീക്ഷിക്കുന്ന തുകയാണ്. ബാക്കി തുകയായ 34538.95 കോടി രൂപയിൽ 8038.98 കോടി രൂപ കേന്ദ്രസഹായമായാണ് പ്രതീക്ഷിക്കുന്നത്. ഇത് പദ്ധതി വിഹിതത്തിന്റെ 23.28 ശതമാനമാണ്. കേന്ദ്രസഹായം കഴിഞ്ഞ് ബാക്കി തുകയായ 26500 കോടി രൂപയുടെതാണ് സംസ്ഥാന പദ്ധതി വിഹിതം. ഈ 26500_കോടി രൂപയിൽ നിന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 6227.50 കോടി രൂപ പദ്ധതി വിഹിതമായി മാറ്റി വച്ചിരിക്കുന്നു. ബാക്കി തുകയായ 20272.5 കോടി രൂപ 4 കാറ്റഗറിയായി വിനിയോഗിക്കപ്പെടുന്നു. ഇതിൽ കാറ്റഗറി **I** എന്നത് കൊണ്ട് അർത്ഥമാക്കുന്നത് വകുപ്പുകളുടെ ഹെഡ് ഓഫീസ് വഴി ചെലവാക്കുന്ന തുകയാണ്. ഈ തുകയുടെ പ്രയോജനം എല്ലാ ജില്ലകൾക്കും ലഭ്യമാണ്. 2017-18 വാർഷിക പദ്ധതിയിൽ ഈ ഇനത്തിൽ ആകെ വകയിരുത്തിയ തുക 11772.68 കോടി രൂപയാണ്. ഇത് ആകെ പദ്ധതി വിഹിതം ഡിപ്പാർട്ട്മെന്റ് വഴി ചെലവഴിക്കുന്നതിന്റെ 58.07 ശതമാനമാണ്. കാറ്റഗറി **II** എന്നത് കൊണ്ട് അർത്ഥമാക്കുന്നത് ഫണ്ട് ഏതെങ്കിലും ജില്ലയിൽ ചെലവഴിക്കുകയും അതിന്റെ പ്രയോജനം മറ്റെല്ലാ ജില്ലകൾക്കും ലഭിക്കുകയും ചെയ്യുന്നു. കാറ്റഗറി 2 ഇനത്തിൽ 2103.41 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. അതായത് മൊത്തം തുകയുടെ 10.38 ശതമാനം. കാറ്റഗറി **III** എന്നത് കൊണ്ട് അർത്ഥമാക്കുന്നത് ഫണ്ട് ഏതെങ്കിലും ജില്ലയിൽ ചെലവഴിക്കുകയും പ്രയോജനം ആ ജില്ലയ്ക്ക മാത്രം ലഭിക്കുകയും ചെയ്യുന്നു. ഈ ഇനത്തിൽ 933.26 കോടി രൂപ വകയിരുത്തിയിരിക്കുന്നു. ഇത് മൊത്തം തുകയുടെ 4.60 ശതമാനമാണ്. ബാക്കി തുകയായ 5463.15 കോടി രൂപ കാറ്റഗറി **IV** ഇനത്തിൽ വിവിധ ജില്ലകളിലെ വകുപ്പുകൾ വഴി ചെലവഴിക്കുന്നു. ഇത് മൊത്തം തുകയുടെ 26.95 ശതമാനം മാത്രമാണ്.

സംസ്ഥാന പദ്ധതി 2017-18 കാറ്റഗറിയായി തിരിച്ച വിതരണം **അനുബന്ധം 11 ൽ** കൊടുക്കുന്നു

സംസ്ഥാന പദ്ധതി 2017-18 കാറ്റഗറി II, III, IV ൽ ഉൾപ്പെടുത്തി ജില്ലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം 12 ൽ** നൽകിയിരിക്കുന്നു.

ജില്ലയിൽ 2017-18 year കാറ്റഗറി II,III,IV എന്നീ ഇനങ്ങളിൽ ജില്ലയിൽ ആകെ ലഭ്യമായ തുക 460.19 കോടി രൂപയാണ്.

ജില്ലയിൽ സംസ്ഥാന ബജറ്റിൽ ലഭ്യമായ ആകെ തുക 460.19 കോടിയാണ്. ഇത് കാറ്റഗറി **II,III,IV** വിഭാഗത്തിൽ സംസ്ഥാനത്ത് വകയിരുത്തിയ തുകയുടെ 5.41 ശതമാനം മാത്രമാണ്. ഓരോ വർഷവും ബജറ്റ് വിഹിതത്തിൽ 10 ശതമാനം വർദ്ധനവ് ഉണ്ടാകുമെന്ന കണക്കിൽ ജില്ലയ്ക്ക് അടുത്ത വർഷം ലഭിക്കുന്ന തുകയുടെ കണക്ക് ചുവടെ കൊടുക്കുന്നു.

(തുക കോടിയിൽ)

വർഷം	കാറ്റഗറി II	കാറ്റഗറി III	കാറ്റഗറി IV	ആകെ
2017-18	113.61	32.25	314.33	**460.19**
2018-19	124.97	35.47	345.76	**506.21**
2019-20	137.47	39.02	380.34	**556.83**
2020-21	151.22	42.92	418.37	**612.51**
2021-22	166.34	47.21	460.21	**673.76**

2.3.1. വികസനഫണ്ട് : തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

സംസ്ഥാന ബജറ്റിൽ തദ്ദേശഭരണ സ്ഥാപനങ്ങൾവഴി 6227.50കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് വിതരണം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ നാലാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരമാണ് ക്രമപ്പെടുത്തിയത്. ഈ മാനദണ്ഡാടിസ്ഥാനത്തിലാണ് 2017-ലെ ഫണ്ട് വിതരണം ചെയ്തിരിക്കുന്നത്. അവ ചുവടെ ചേർക്കുന്നു.

(എ) പൊതുവിഭാഗത്തിനുള്ള മൊത്തം പദ്ധതി വിഹിതത്തിൽ കേന്ദ്രധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തതുകയും ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന കേരളത്തിലെ പ്രാദേശിക സർക്കാരുകളുടെ സേവനപ്രദാന പ്രൊജക്ടുകൾക്കുള്ള ധനസഹായവും കൂടാതെ പ്രത്യേകം ഗ്രാന്റും ഉൾപ്പെടുത്തിയിരിക്കുന്നു

(ബി) ഗ്രാമപ്രദേശങ്ങളിലെയും നഗരപ്രദേശങ്ങളിലെയും പട്ടികവർഗക്കാരൊഴിച്ചുള്ള ജനസംഖ്യാനുപാതത്തിൽ (2001 സെൻസസ് പ്രകാരം) പൊതു വിഭാഗം പദ്ധതി വിഹിതം ത്രിതല പഞ്ചായത്തുകൾക്കും നഗരസഭാ സ്ഥാപനങ്ങൾക്കും 80:20 എന്ന അനുപാതത്തിൽ വിഭജിക്കുകയും തുടർന്ന് ത്രിതല പഞ്ചായത്തുകൾക്കുള്ള വിഹിതം 70:15:15 എന്ന അനുപാതത്തിൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കുമായി വിഭജിച്ചു നൽകുകയും ചെയ്യുന്നു.

(സി) ഗ്രാമപ്രദേശങ്ങളിലെയും നഗരപ്രദേശങ്ങളിലെയും പട്ടികജാതി ജനസംഖ്യയുടെ അടിസ്ഥാനത്തിൽ പ്രത്യേക ഘടകപദ്ധതി വിഹിതം 86:14 എന്ന അനുപാതത്തിൽ ത്രിതല പഞ്ചായത്തുകൾക്കും നഗരസഭാസ്ഥാപനങ്ങൾക്കുമായി വിഭജിച്ചുനൽകുന്നു.

(ഡി) പട്ടികവർഗ ഉപപദ്ധതി വിഹിതം ഗ്രാമപ്രദേശങ്ങളിലെയും നഗരപ്രദേശങ്ങളിലെയും പട്ടികവർഗ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ത്രിതല പഞ്ചായത്തുകൾക്കും നഗരസഭാസ്ഥാപനങ്ങൾക്കും 98.61:1.39 എന്ന അനുപാതത്തിൽ വിഭജിച്ചു നൽകുന്നു. ത്രിതല പഞ്ചായത്തുകൾക്കു ലഭിച്ച ആകെ വിഹിതത്തെ 60:20:20 എന്ന അനുപാതത്തിൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കുമായി വിഭജിച്ചു നൽകുന്നു.

(ഇ) പട്ടിക ഒന്നിൽ കൊടുത്തിരിക്കുന്ന മാനദണ്ഡ പ്രകാരമുള്ള വെയ്റ്റേജിന്റെ അടിസ്ഥാനത്തിലാണ് പൊതുവിഭാഗം പദ്ധതി വിഹിതം വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി വിഭജിച്ചിരിക്കുന്നത്.

ക്രമ നമ്പർ	സൂചനകൾ	വെയിറ്റേജ്(ശതമാനം)			
		ഗ്രാമ പഞ്ചായത്ത്	ബ്ലോക്ക് പഞ്ചായത്ത്	ജില്ലാ പഞ്ചായത്ത്	മുൻസിപ്പാലിറ്റി/ കോർപറേഷൻ
1	ജനസംഖ്യ (പട്ടികജാതി/ പട്ടികവർഗക്കാർ ഒഴിച്ചുള്ളത്)	50	50	50	50
2	ഇല്ലായ്മയുടെ തോത്	30	30	30	30
3	നികുതിപിരിവിന്റെ കാര്യക്ഷമത	10	–	–	10
4	വിസ്തീർണ്ണം	10	20	20	10
	ആകെ	**100**	**100**	**100**	**100**

ജില്ലയിൽ ആകെ 93 തദ്ദേശസ്ഥാപനങ്ങളാണുള്ളത്. 71 ഗ്രാമപഞ്ചായത്തുകൾ, 11 ബ്ലോക്ക് പഞ്ചായത്തുകൾ, 9 മുൻസിപ്പാലിറ്റികൾ, 1 കോർപറേഷൻ, 1 ജില്ലാപഞ്ചായത്ത്.

ജില്ലയിലെ പദ്ധതി വിഹിതം താഴെ കൊടുക്കുന്ന പട്ടികപ്രകാരമാണ് ക്രമപ്പെടുത്തിയിരിക്കുന്നത്.

പദ്ധതി വിഹിതം (രൂപ ലക്ഷത്തിൽ)

ക്രമ നമ്പർ	തദ്ദേശസ്വയംഭരണ സ്ഥാപനം	ജനറൽ ഫണ്ട്	14-മത് ധനകാര്യ കമ്മീഷൻ ഗ്രാന്റ്	പട്ടികജാതി വിഭാഗ ഫണ്ട്	പട്ടികവർഗ വിഭാഗഫണ്ട്	ആകെ
1	ഗ്രാമപഞ്ചായത്തുകൾ(71)	9,594.89	5,289.51	1,596.01	564.10	17,044.51
2	ബ്ലോക്ക് പഞ്ചായത്ത് (11)	3,870.67	–	626.26	196.65	4,693.58
3	മുൻസിപ്പാലിറ്റികൾ(9)	3,464.01	3,505.41	474.79	23.95	7,468.16
4	കോർപറേഷൻ (1)	1,233.48	946.81	358.83	1.91	2,541.03
5	ജില്ലാപഞ്ചായത്ത് (1)	3,869.21	–	626.27	196.65	4,692.13
	ആകെ	22,032.26	9,741.73	3,682.16	983.26	36,439.41

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം, പരമ്പരാഗത ചെലവുകൾക്കുള്ള വകയിരുത്തലുകൾ, റോഡ് ആസ്തികളുടെ മെയിന്റനൻസ്, റോഡിതര ആസ്തികളുടെ മെയിന്റനൻസ് എന്നീ ഇനങ്ങളിൽ ഫണ്ട് ലഭിക്കുന്നു. കൂടാതെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് തനത് ഫണ്ട് ലഭ്യമാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി ലഭിക്കുന്നത് ജനറൽ, എസ്.ഇ.പി., ടി.എസ്.പി. എന്നീ ഹെഡുകളിലാണ്. ജനറൽ ഫണ്ട്, പൊതു വിഭാഗങ്ങളുടെ ജനറൽ, പട്ടികജാതി, പട്ടികവർഗം എന്നീ വകതിരിവുകളില്ലാതെ വികസനാവശ്യത്തിന് ലഭിക്കുന്ന തുകയാണ്. എന്നാൽ എസ്.സി.പി. ഹെഡിൽ ലഭിക്കുന്ന തുക പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിന് ലഭിക്കുന്ന തുകയാണ്. ഇതുപോലെ ടി.എസ്.പി. ഹെഡിൽ ലഭിക്കുന്ന തുക പട്ടികവർഗ വിഭാഗങ്ങളുടെ പൊതു ഉന്നമനത്തിന് ലഭിക്കുന്ന തുകയാണ്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരമ്പരാഗത ചുമതലകൾ നിർവഹിക്കുന്നതിന് സംസ്ഥാന സർക്കാർ ജനറൽ പർപ്പസ് ഗ്രാന്റ് എന്ന ഹെഡിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക അനുവദിക്കുന്നുണ്ട്. ഈ തുക ദൈനംദിന ചെലവുകൾ നടത്തുന്നതിനും മിച്ചമുള്ള തുക വികസനാവശ്യത്തിനും വിനിയോഗിക്കാവുന്നതാണ്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കെട്ടിട ആസ്തികൾ സംരക്ഷിക്കുന്നതിന് നോൺ റോഡ് മെയിന്റനൻസ് എന്ന ശീർഷകത്തിൽ തുക അനുവദിക്കുന്നുണ്ട്. 2001 ൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ റിപ്പോർട്ട് ചെയ്ത റോഡ് ആസ്തികളുടെ അടിസ്ഥാനത്തിലാണ് ഈ തുക അനുവദിക്കുന്നത്. കൂടാതെ തദ്ദേശഭരണസ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡ് ആസ്തികളുടെ പുനരുദ്ധാരണത്തിനും സംസ്ഥാന സർക്കാർ തുക അനുവദിക്കുന്നു. റോഡ് പുനരുദ്ധാരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കാണ് മേൽ തുക വിനിയോഗിക്കേണ്ടത്.

സംസ്ഥാനത്ത് പരമ്പരാഗത ചുമതലകൾ നിർവഹിക്കുന്നതിന് 2017-18 വാർഷിക ബജറ്റിൽ വകയിരുത്തിയ തുക 1364.65 കോടി രൂപയാണ്. ഇത് കോർപറേഷനുകൾക്ക് 184.74 കോടിയും, മുൻസിപ്പാലിറ്റികൾക്ക് 169.35 കോടിയും, ജില്ലാ പഞ്ചായത്തുകൾക്ക് 38.28 കോടിയും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 54.44 കോടിയും, ഗ്രാമപഞ്ചായത്തുകൾക്ക് 917.84 കോടിയുമാണ്.

കണ്ണൂർ ജില്ലയിൽ ഗ്രാമപഞ്ചായത്തുകൾക്ക് 63.42 കോടി, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 39.4 കോടി, മുൻസിപ്പാലിറ്റികൾക്ക് 16.34 കോടി, ജില്ലാ പഞ്ചായത്തിന് 2.73 കോടി, കോർപറേഷന് 8.53 കോടി എന്നിവ കൂടാതെ റോഡിതര ആസ്തിവക സംരക്ഷിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്താകെ 2017-18 വാർഷിക പദ്ധതിയിൽ 655.03 കോടി രൂപയാണ് വകയിരുത്തിയത്. കോർപറേഷനുകൾക്ക് 54.07 കോടി രൂപയും മുൻസിപ്പാലിറ്റികൾക്ക് 69.48 കോടി രൂപയും, ജില്ലാപഞ്ചായത്തുകൾക്ക് 102.59 കോടി രൂപയും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 70.57 കോടി രൂപയും, ഗ്രാമപഞ്ചായത്തുകൾക്ക് 358.31 കോടി രൂപയുമാണ്. ഇത് കണ്ണൂർ ജില്ലയിൽ 24.52 കോടി രൂപ ഗ്രാമപഞ്ചായത്തുകൾക്കും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 4.98 കോടി രൂപയും, മുൻസിപ്പാലിറ്റികൾക്ക് 6.96 കോടി രൂപയും, ജില്ലാ പഞ്ചായത്തിന് 7.23 കോടി രൂപയും, കോർപറേഷന് 2.65 കോടി രൂപയുമാണ്

റോഡ് ആസ്തികളുടെ കാര്യത്തിൽ സംസ്ഥാനത്ത് 2183.45 കോടി വകയിൽ 2017-18 വാർഷിക പദ്ധതിയിൽ കോർപ്പറേഷനുകൾക്ക് 111.72 കോടിയും മുൻസിപ്പാലിറ്റികൾക്ക് 159.45 കോടിയും ജില്ലാ പഞ്ചായത്തിന് 361.48 കോടിയും ഗ്രാമപഞ്ചായത്തുകൾക്ക് 895.76 കോടിയുമാണ്. ഇത് ജില്ലയിൽ ഗ്രാമപഞ്ചായത്തുകൾക്ക് 56.07 കോടിയും മുൻസിപ്പാലിറ്റികൾക്ക് 14.45 കോടിയും ജില്ലാപഞ്ചായത്തിന് 37.72 കോടിയും കോർപറേഷൻ 8.80 കോടിയുമാണ്.

അടുത്ത 5 വർഷം മേൽ ഇനത്തിൽ ലഭിക്കാവുന്ന തുകയുടെ ഏകദേശ കണക്ക് ചുവടെ കൊടുക്കുന്നു.

(രൂപ കോടിയിൽ)

വർഷം	പരമ്പരാഗത ചുമതല	റോഡിതര മെയിന്റനൻസ്	റോഡ് മെയിന്റനൻസ്	ആകെ
2017-18	94.96	46.35	117.04	258.35
2018-19	104.45	50.99	128.74	284.19
2019-20	114.89	56.09	141.61	312.61
2020-21	126.38	61.70	155.77	343.87
2021-22	139.02	67.87	171.28	372.76

സംസ്ഥാനത്ത് ആകെ 1200 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 6227.50 കോടി രൂപയാണ് പദ്ധതി വിഹിതമായി 2017-18 വാർഷിക പദ്ധതിയിൽ അനുവദിച്ചിരിക്കുന്നത്. കോർപറേഷനുകൾക്ക് 673.20 കോടിയും മുൻസിപ്പാലിറ്റികൾക്ക് 900.95 കോടിയും ജില്ലാ പഞ്ചായത്തുകൾക്ക് 787.45 കോടിയും ബ്ലോക്ക് പഞ്ചായത്തിന് 787.45 കോടിയും ഗ്രാമപഞ്ചായത്തുകൾക്ക് 3078.43 കോടിയുമാണ്. ഇത് ജില്ലയിൽ 71 ഗ്രാമപഞ്ചായത്തുകൾക്ക് 170.44 കോടിയും 11 ബ്ലോക്ക് പഞ്ചായത്തുകൾക്ക് 46.94 കോടിയും 9 മുൻസിപ്പാലിറ്റികൾക്ക് 74.68 കോടിയും കോർപറേഷന് 25.41 കോടിയും ജില്ലാപഞ്ചായത്തിന് 46.92 കോടിയുമാണ്.

അടുത്ത 5 വർഷക്കാലം ജില്ലയ്ക്ക് ലഭിക്കാവുന്ന പദ്ധതി വിഹിതം ചുവടെ കൊടുക്കുന്നു

(രൂപ കോടിയിൽ)

വർഷം	ഗ്രാമപഞ്ചായത്ത്	ബ്ലോക്ക് പഞ്ചായത്ത്	മുൻസിപ്പാലിറ്റി	കോർപറേഷൻ	ജില്ലാ പഞ്ചായത്ത്	ആകെ
2017-18	170.45	46.94	74.68	25.41	46.92	**361.39**
2018-19	187.80	51.63	82.15	27.95	51.61	**400.83**
2019-20	206.25	56.79	90.37	30.75	56.77	**440.91**
2020-21	226.88	62.47	99.41	33.83	62.45	**485.00**
2021-22	249.57	68.72	109.35	37.21	68.70	**533.50**

കൂടാതെ ജില്ലയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ഓൺ ഫണ്ട് വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നുണ്ട്. നികുതി നികുതിയിതര വരുമാനത്തിൽ നിന്ന് ദൈനംദിന ചെലവ് കഴിച്ച് വികസനാവശ്യത്തിന് ഉപയോഗിക്കുന്നത്. 2017-18 വാർഷിക പദ്ധതിയിൽ ജില്ലയ്ക്ക് ലഭ്യമായ തുക 103.59 കോടി രൂപയാണ്..

തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള വിവരം **അനുബന്ധം(13) ൽ** ചേർക്കുന്നു.

2.3.2. എം.പി.മാരുടെ പ്രാദേശിക വികസന ഫണ്ട്

1993 ഡിസംബർ 23 ന് അന്നത്തെ പ്രധാനമന്ത്രി പാർലമെന്റിൽ പ്രഖ്യാപിച്ചതോടെ എം.പി.മാരുടെ പ്രാദേശിക വികസന ഫണ്ട് നിലവിൽ വന്നു. 1993-94 സാമ്പത്തിക വർഷം 5 ലക്ഷം രൂപയായിരുന്നു എം.പി.ഫണ്ടിനത്തിൽ ഓരോ എം.പി.ക്കും അനുവദിച്ചത്. 1994-95 വർഷം മുതൽ ഇത് ഒരു കോടി രൂപയായും 1998-99 ൽ രണ്ട് കോടി രൂപയായും 2011-12 മുതൽ 5 കോടി രൂപയായും ഉയർത്തി.

കുടിവെള്ളം, പ്രാഥമിക വിദ്യാഭ്യാസം, പൊതുജനാരോഗ്യം, ശുചിത്വം, ഗതാഗത സൗകര്യങ്ങളുടെ വിപുലീകരണം എന്നിങ്ങനെ മുൻഗണനാ മേഖലകളിൽ പ്രാദേശിക ആവശ്യങ്ങളെ മുൻനിർത്തി ഈട് നിൽക്കുന്ന സ്ഥാവര ആസ്തികൾ നിർമിച്ചുകൊണ്ട് വികസന വിടവുകൾ നികത്തുക എന്നതാണ് എം.പി.മാരുടെ പ്രാദേശിക ഫണ്ട് അനുവദിക്കുന്നതിലൂടെ സർക്കാർ ലക്ഷ്യം വെക്കുന്നത്.

പദ്ധതി മാർഗരേഖ പ്രകാരം, ബഹു. എം.പി.മാർക്ക് പദ്ധതികൾ നിർദേശിക്കാൻ അധികാരം നൽകുന്നു. എന്നാൽ ഭരണാനുമതി നൽകുന്നതും പ്രവൃത്തികളുടെ പുരോഗതി നിരീക്ഷിക്കുന്നതും ഫണ്ട് കൈകാര്യം ചെയ്യുന്നതും ബന്ധപ്പെട്ട ജില്ലാകളക്ടർമാരാണ്. അനുവദിക്കപ്പെട്ട ഫണ്ടിന്റെ **15%** പട്ടികജാതി വിഭാഗത്തിന്റെ ക്ഷേമത്തിനും **7.5%** പട്ടികവർഗവിഭാഗത്തിന്റെ ക്ഷേമത്തിനും വിനിയോഗിക്കണമെന്ന് മാർഗരേഖ വ്യവസ്ഥ ചെയ്യുന്നു. ലോകസഭ എം.പി.മാർ ബന്ധപ്പെട്ട മണ്ഡലപരിധിക്കുള്ളിൽ മാത്രം പദ്ധതി നിർദേശിക്കുമ്പോൾ രാജ്യസഭാ എം.പി.മാർക്ക് തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാനത്ത് എവിടെയും പദ്ധതി നിർദേശിക്കാൻ അധികാരമുണ്ട്.

രാജ്യസഭയിലെ എം.പി.മാരുടെ ഫണ്ടുവിവരങ്ങൾ, ലോകസഭ മണ്ഡലത്തിൽ നിന്നും ഫണ്ട് അനുവദിച്ച വിവരങ്ങൾ എന്നിവ **അനുബന്ധം (14) ൽ** കൊടുക്കുന്നു.

കണ്ണൂർ ജില്ലയുടെ ഭാഗങ്ങളായ വടകര, കാസറഗോഡ് പാർലമെന്റ് നിയോജക മണ്ഡലത്തിൽ 1994 മുതൽ 2017 വരെ ജില്ലയ്ക്ക് ലഭിച്ച തുക വിശദമായി പട്ടിക **അനുബന്ധം (15) ൽ** കൊടുക്കുന്നു.

2.3.3. എം. എൽ.എ.യുടെ പ്രത്യേക വികസന നിധി

എം. എൽ.എയുടെ പ്രത്യേക വികസന നിധി എന്ന പദ്ധതി 2001 മുതലാണ് ആരംഭിച്ചത്. ഈ പദ്ധതി പ്രകാരം കേരളത്തിലെ ഓരോ എം.എൽ.എ. മാർക്കും അവരവരുടെ മണ്ഡലത്തിൽ വർഷങ്ങളോളം നിലനിൽക്കുന്ന റോഡ്(പഞ്ചായത്ത്), ഗവ.വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കെട്ടിടങ്ങൾ, ഗവ. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ബസ് അനുവദിക്കൽ, ബസ് സ്റ്റോപ്പ്, എയ്ഡഡ് സ്കൂളുകളിലടക്കം കമ്പ്യൂട്ടർ, പാചകപ്പുര, ടോയിലറ്റ് തുടങ്ങിയവ അനുവദിക്കൽ, ഗവ. ആശുപത്രികളിൽ ആംബുലൻസ് തുടങ്ങിയവ അനുവദിക്കൽ പൊതുകുടിവെള്ള സ്രോതസ്സുകൾ ഉണ്ടാക്കൽ, ജലസേചനം, ഓവുചാൽ നിർമാണം, തടയണ നിർമാണം, ഫുട്പാത്തുകൾ പൊതു ടോയിലറ്റുകൾ, ബാത്ത്റൂമുകൾ തുടങ്ങിയ ആസ്തികൾ പൊതുജനങ്ങൾക്കായി ഉണ്ടാക്കിയെടുക്കാം. ഇതിൽ ഉൾപ്പെടുത്താവുന്ന പ്രവൃത്തികൾക്ക് സർക്കാർ ഉത്തരവ് നമ്പർ 247/2004/ഫിൻ തീയ്യതി 27/05/2004 പ്രകാരവും വേറെ അനുബന്ധ ഉത്തരവുകൾ പ്രകാരവും മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽ ആദ്യകാലം ഓരോ എം.എൽ.എ. മാർക്കും ഇരുപത്തിയഞ്ച് ലക്ഷവും (2001) പിന്നീട് അൻപത് ലക്ഷവും (2003-04) അതിനുശേഷം എഴുപത്തിയഞ്ച് ലക്ഷവും(2005) ഇപ്പോൾ ന്യറു ലക്ഷവുമാണ് അനുവദിച്ചിട്ടുള്ളത്. ഈ പദ്ധതി പ്രകാരം ശുപാർശ ചെയ്യുന്ന പ്രവൃത്തി അതാത് എം.എൽ.എ. മാരുടെ ജില്ലയിലെ ജില്ലാ കളക്ടർ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. എം.എൽ.എ. മാർ ശുപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് അതാത് പ്രവർത്തികൾക്ക് അനുയോജ്യമായ നിർവഹണ ഉദ്യോഗസ്ഥൻ ഭരണാനുമതി നൽകുകയും പൂർത്തിയാക്കുകയുമാണ് ചെയ്യുന്നത്.

ഈ ജില്ലയിൽ പതിനൊന്ന് എം.എൽ.എ. മാരാണ് ഉള്ളത്. അവർക്ക് ഓരോരുത്തർക്കും ഒരു കോടി വീതം പതിനൊന്ന് കോടി രൂപ ഓരോ വർഷവും ലഭിക്കുകയും അത് പല പ്രവൃത്തികൾക്കായി ചെലവഴിക്കുകയും ചെയ്യുന്നുണ്ട്.

സർക്കാർ ഉടമസ്ഥതയിൽ ദീർഘകാലം നിലനിൽക്കുന്ന സ്ഥിരം ആസ്തികൾ സൃഷ്ടിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായാണ് സംസ്ഥാനത്ത് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി നടപ്പിലാക്കുന്നത്. വിദ്യാഭ്യാസം, ആരോഗ്യം, ജലവിതരണം, ജലസേചനം, ശുചിത്വ പരിപാലനം, റോഡുകളുടെയും പാലങ്ങളുടെയും നിർമാണം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനം, കൃഷി, മൃഗപരിപാലനം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് ഓരോ നിയോജകമണ്ഡലത്തിലേയും അടിസ്ഥാനസൗകര്യവികസനത്തിന് ആവശ്യമായ തുക വകയിരുത്തുന്നതിനായാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. സർക്കാർ ഉടമസ്ഥതയിൽ ദീർഘകാലം നിലനിൽക്കുന്ന സ്ഥിരം ആസ്തികൾ സൃഷ്ടിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി ഓരോ എം.എൽ.എ.യ്ക്കും പ്രതിവർഷം 5 കോടി രൂപ വീതം ആകെ 705 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. 2017-18 സാമ്പത്തിക വർഷം മുതൽ എം.എൽ.എ.മാർ ശുപാർശ ചെയ്യുന്ന പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും ഭരണാനുമതി പുറപ്പെടുവിക്കുന്നതിനും ജില്ലാകളക്ടർമാരെ നിയോഗിച്ച് ഉത്തരവായിട്ടുണ്ട്. അതിനായി നിയോജക മണ്ഡല ആസ്തി വികസന പദ്ധതിയിൻ കീഴിലെ ശുപാർശകൾക്ക് അതാത് ജില്ലാ കളക്ടർക്ക് കീഴിലുള്ള അസി. ഡവലപ്മെന്റ് കമ്മീഷണർ മുഖേനയായിരിക്കണം ഭരണാനുമതി പുറപ്പെടുവിക്കേണ്ടത്.

പ്രതിവർഷം അനുവദിക്കുന്ന 5 കോടി രൂപയിൽ ഓരോ എം.എൽ.എ.യ്ക്കും തങ്ങളുടെ മണ്ഡലത്തിൽ 10 ലക്ഷം രൂപയ്ക്ക് മുകളിൽ എസ്റ്റിമേറ്റ് തുകയുള്ള പരമാവധി 20 പ്രവൃത്തികൾ ശുപാർശ ചെയ്യാവുന്നതാണ്. ശുപാർശകൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്കാണ് നൽകേണ്ടത്. ശുപാർശ ചെയ്യുന്ന പ്രവൃത്തികളിൽ ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക ഒരു കോടി രൂപയോ അതിൽ കൂടുതലോ ആണെങ്കിൽ ആയതിന് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള ധനാനുമതി ലഭിക്കുന്നതിനായി ജില്ലാ കളക്ടർമാർ ധനകാര്യ വകുപ്പിലേക്ക് അയക്കേണ്ടതും അനുമതി തേടിയിരിക്കേണ്ടതുമാണ്.

ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക ഒരു കോടി രൂപയിൽ താഴെയാണെങ്കിൽ ജില്ലാതലത്തിൽ ഭരണാനുമതി നൽകാവുന്നതാണ്. എന്നാൽ പ്രതിവർഷം 5 കോടി രൂപയിൽ കൂടുതലുള്ള പ്രവൃത്തികൾ നിർദേശിക്കുവാനോ ഭരണാനുമതി നൽകുവാനോ പാടുള്ളതല്ല. നോമിനേറ്റഡ് എം.എൽ.എ.യ്ക്ക് സംസ്ഥാനത്തിന്റെ ഏതുഭാഗത്ത് വേണമെങ്കിലും പ്രവൃത്തികൾ ശുപാർശ ചെയ്യാമെന്നുള്ളതിനാൽ നോമിനേറ്റഡ് എം.എൽ.എ.യുടെ ജില്ലയിലെ കളക്ടർക്ക് കത്ത് നൽകേണ്ടതും മറ്റ ജില്ലകളിലേക്കുള്ള ശുപാർശകളാണെങ്കിൽ ആയത് പ്രതിവർഷം 5 കോടിയിൽ അധികരിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തിക്കൊണ്ട് ബന്ധപ്പെട്ട കളക്ടർമാർക്ക് (മറ്റ ജില്ലകളിലെ കളക്ടർമാർക്ക്) അനന്തര നടപടികൾക്കായി എം.എൽ.എ.യുടെ കത്ത് കൈമാറേണ്ടതാണ്.

ഓരോ സാമ്പത്തിക വർഷത്തിലും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് അതാത് വർഷം തന്നെ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതാണ്. അതിനായി എം.എൽ.എ.മാർ തങ്ങളുടെ ശുപാർശകൾ ഓരോ സാമ്പത്തിക വർഷത്തിലും സെപ്തംബർ 30ന് മുമ്പായി ബന്ധപ്പെട്ട കളക്ടർമാരെ ഏൽപ്പിക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തിലും തങ്ങൾക്ക് അനുവദിച്ച 5 കോടി രൂപയ്ക്കുള്ള പ്രവൃത്തി നർദേശങ്ങൾ എം.എൽ.എ.മാർ അതാത് വർഷം തന്നെ ശുപാർശ ചെയ്യേണ്ടതാണ്. അപ്രകാരം ശുപാർശ സമർപ്പിച്ചിട്ടില്ലെങ്കിൽ പ്രസ്തുത തുക ലാപ്സാവുന്നതാണ്.

പൊതുവായ നിർദേശങ്ങൾ

നിയോജക മണ്ഡല ആസ്തി വികസന പദ്ധതിയുടെ പ്രവൃത്തി നിർവഹണം പൂർത്തിയായി കഴിഞ്ഞാലുടൻ തന്നെ ആയത് പൊതുജനങ്ങളുടെ ഉപയോഗത്തിനായി വിട്ടുനൽകേണ്ടതാണ്. പദ്ധതി നിർവഹണത്തിനിടയിൽ ഏതെങ്കിലും കാരണങ്ങളാൽ ഈ മാർഗനിർദേശങ്ങളിൽ ഉൾപ്പെടാത്ത വിശദീകരണങ്ങളോ സ്പഷ്ടീകരണങ്ങളോ ആവശ്യമാണെന്ന് തോന്നുന്ന പക്ഷം എം.എൽ.എ.മാർക്ക്/ജില്ലാ കളക്ടർമാർക്ക് ധനകാര്യ (നോഡൽ സെന്റർ ബി) വകുപ്പിനെ സമീപിക്കാവുന്നതാണ്.

2.3.4. കണ്ണൂർ ജില്ലയുടെ സാമ്പത്തിക വിഭവശേഷിയിൽ, ബാങ്കിംങ്ങ് മേഖലയിലെ നിക്ഷേപസമാഹരണവും ഇതുവഴി ലഭ്യമാക്കുന്ന വായ്പാ വിതരണവും വഹിക്കുന്ന പങ്ക്

കേന്ദ്ര – സംസ്ഥാന സർക്കാരുകൾ വഴിയും മറ്റു വിവിധ വികസന ഏജൻസികൾ വഴിയും കണ്ണൂർ ജില്ലയിൽ നടപ്പാക്കിവരുന്ന വികസനോന്മുഖമായ പ്രവൃത്തികളിൽ വേണ്ടിവരുന്ന സാമ്പത്തിക വിഭവ സമാഹരണത്തിന് ജില്ലയിൽ പ്രവർത്തിച്ചുവരുന്ന 40ൽ പരം വാണിജ്യ, ഗ്രാമീണ, സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ അവരുടെ 591 പരം ശാഖകൾ വഴി വർഷങ്ങളായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ചുവരുന്നു. ജില്ലയുടെ വികസന പ്രക്രിയയിൽ ബാങ്കുകൾ വഴി ലഭ്യമാക്കുന്ന സാമ്പത്തിക വിഭവങ്ങൾ ജില്ലയുടെ 5 വർഷത്തെ സ്ഥിതിവിവരകണക്കുകൾ പരിശോധിക്കുകയാണെങ്കിൽ വർഷംതോറും, ബാങ്കിങ്ങ് സ്ഥാപനങ്ങൾ ജില്ലയിൽ സ്വരൂപിക്കപ്പെടുന്ന നിക്ഷേപങ്ങളുടെ സിംഹഭാഗവും ജില്ലയിലെ വികസനോന്മുഖപദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കുന്നതിന് വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും വേണ്ടിവരുന്ന സാമ്പത്തിക വിഭവങ്ങൾക്ക് ഒരു മുതൽക്കൂട്ടാണെന്ന് വ്യക്തമാകുന്നു.

കഴിഞ്ഞ 5 വർഷത്തെ ജില്ലയിലെ ബാങ്കിംഗ് മേഖലയിലെ വാർഷിക വായ്പാ ബഡ്ജറ്റ്, കൈവരിച്ച നേട്ടങ്ങളും താഴെ വിവരിക്കുന്നു, (സംഖ്യ , കോടിയിൽ)

വർഷം	ബഡ്ജറ്റ്	കൈവരിച്ച നേട്ടം	ശതമാനം
2012-13	4,528	6,477	143.00
2013-14	5,825	6,561	113.00
2014-15	6915	8,006	117.00
2015-16	8,235	8,244	100.12
2016-17	1,070	7,598	73.00

ജില്ലയിൽ കഴിഞ്ഞ 5 സാമ്പത്തിക വർഷങ്ങളിൽ ബാങ്കിംഗ് മേഖലയിൽ ഉണ്ടായ നിക്ഷേപ സമാഹരണവും അത് വഴി വായ്പ ഇനത്തിൽ ചെലവുചെയ്ത സംഖ്യയും താഴെ പ്രതിപാദിക്കുന്നു

വർഷം	നിക്ഷേപ നില	നിക്ഷേപ വർദ്ധനവ് %	വായ്പാ സ്ഥിതി	വായ്പാ വർദ്ധനവ് %	വായ്പാ നിക്ഷേപ അനുപാതം	വായ്പാ നിക്ഷേപ ശതമാനം വളർച്ച
2012-13	13711	14.39	9765	16.27	71.22	+1.22
2013-14	17695	29.22	10838	11.00	61.21	-10.02
2014-15	21158	19.57	11048	1.94	52.22	-9.02
2015-16	23808	12.52	12470	12.87	52.38	+0.14
2016-17	35671	33.25	18902	34.02	52.99	+0.61

കഴിഞ്ഞ 5 സാമ്പത്തിക വർഷത്തിൽ ബാങ്കിംങ്ങ് മേഖലയിൽ നിന്നും കൃഷി, വ്യവസായം മറ്റ ഉത്പാദന മേഖലകളിൽ വിതരണം ചെയ്ത വായ്പയുടെ ലഭ്യമായ കണക്കുകൾ താഴെ പ്രതിപാദിക്കുന്നു

വർഷം	കൃഷി അനുബന്ധ മേഖല	വളർച്ചാ നിരക്ക്	വ്യവസായം	വളർച്ചാ നിരക്ക്	മറ്റ ഉത്പാദന മേഖല	വളർച്ചാ നിരക്ക്
2012- 13	2698	68	233	80	3546	18.47
2013-14	2404	-10	168	27.68	3988	12.47
2014-15	2655	1042	1072	538	4279	7.29
2015-16	3967	49.43	757	-29.30	3519	-17.74
2016-17	3778	-4.51	973	28.49	2847	-19.11

2.3.5. പശ്ചിമഘട്ട വികസന പരിപാടി

രാജ്യത്തെ പ്രകൃതിവിഭവ സമ്പത്തിൽ അതീവ പ്രാധാന്യമുള്ള മേഖലയാണ് പശ്ചിമഘട്ടം. മഹാരാഷ്ട്ര, കർണാടക, തമിഴ്നാട്, കേരളം, ഗോവ എന്നീ സംസ്ഥാനങ്ങളിലായി വ്യാപിച്ചുകിടക്കുന്ന പശ്ചിമഘട്ട മലനിരകളിലെ പ്രകൃതിവിഭവ സമ്പത്തിന്റെ പരിപാലനത്തിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ മുന്തിയ പ്രാധാന്യം നൽകി വരുന്നു. മണ്ണ്, ജലം, ജൈവസമ്പത്ത് എന്നീ വിഭവ ത്രയങ്ങളുടെ സംരക്ഷണവും പരിപാലനവും ഈ മേഖലയിലെ ജനങ്ങളുടെ പങ്കാളിത്തത്തോടെ നിർവഹിക്കുക എന്നതാണ് മുഖ്യലക്ഷ്യം.

6- ാമത് പഞ്ചവത്സര പദ്ധതിയിൽ പശ്ചിമഘട്ടത്തിലെ ചില മേഖലകൾ തിരഞ്ഞെടുത്ത് അവിടെ പരിസ്ഥിതി സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിന് തുടക്കം കുറിച്ചു. അവയിൽ കൂടുതലും വനം അടിസ്ഥാനമാക്കിയുള്ള പദ്ധതികളായിരുന്നു. 7-ാമത് പഞ്ചവത്സര പദ്ധതിയിൽ പ്രകൃതി വിഭവങ്ങളായ മണ്ണ്, ജലം, വനം, ധാതുക്കൾ ഇവയുടെ സംരക്ഷണത്തിന് ഊന്നൽ നൽകി പദ്ധതികൾ ആവിഷ്കരിച്ചു. വൻകിട പദ്ധതികൾക്കായിരുന്നു (Large projects)പ്രാധാന്യം. 8-ാമത് പഞ്ചവൽസര പദ്ധതിയിലും 7-ാമത് പദ്ധതിയിലെ കാഴ്ചപ്പാട് തുടരുകയായിരുന്നു. 9-മത് പദ്ധതിയിലാണ് പശ്ചിമഘട്ട വികസന പദ്ധതി നീർത്തടാധിഷ്ഠിതമായി നടപ്പിലാക്കപ്പെടുന്നത്. പ്രകൃതിദത്ത വികസനയൂണിറ്റുകളായി നീർത്തടങ്ങളെ വേർതിരിക്കുകയും സുസ്ഥിര വികസനത്തിന്റെ അടിസ്ഥാനഘടകങ്ങളാണെന്ന കാഴ്ചപ്പാട് രൂപീകരിക്കുകയും ചെയ്തു. 10-മത് പദ്ധതിമുതൽ നാളിതുവരെ, നീർത്തടാധിഷ്ഠിത വികസന കാഴ്ചപ്പാടിൽ WGDP പദ്ധതികൾ തുടർന്നു വരുന്നു. 12-മത് പദ്ധതിയിൽ മുഖ്യപ്രാധാന്യം പങ്കാളിത്താധിഷ്ഠിത വികസന പ്രക്രിയയ്ക്കാണ്. പശ്ചിമഘട്ട മേഖലയിലെ പ്രകൃതി വിഭവങ്ങളുടെ പരിപാലനം ഈ മേഖലയിൽ വസിക്കുന്ന ജനങ്ങളുടെ ദൗത്യമാണെന്ന ബോധം വളർത്തി എടുക്കാനും, ഉത്പാദനം വർദ്ധിപ്പിക്കുകവഴി ദാരിദ്ര്യം ലഘൂകരിക്കുവാനും ജനജീവിതം കൂടുതൽ മെച്ചപ്പെടുത്തുവാനും നീർത്തടാധിഷ്ഠിത വികസന പദ്ധതികൾ വഴി സാധ്യമാകുന്നു.

പശ്ചിമഘട്ട വികസന പദ്ധതിക്കായി ജില്ലയിൽ 2002-03 മുതൽ 2016-17 വരെ അനുവദിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെ പട്ടികയിൽ കൊടുത്തിരിക്കുന്നു

പദ്ധതിയുടെ പേര്	ആകെ പദ്ധതികൾ	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവ് (ലക്ഷത്തിൽ)
2002-03 to 2016-17			
Watersheds	44	2174.60	1846.82
Foot Bridge	65	129.84	102.04
SC-ST	95	143.78	73.34
Entry Point	11	35.30	28.49
Gender Devpt	65	87.47	65.52
Maintenanace of Assets	4	6.65	6.65
Total	**284**	**2,577.64**	**2,122.86**

2.3.6. സ്ഥാപന വിഭവങ്ങൾ

1. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം

കണ്ണൂരിലെ മട്ടന്നൂരിനടുത്ത് മൂർഖൻ പറമ്പിലാണ് നിർദിഷ്ട വിമാനത്താവളം പൂർത്തിയായി വരുന്നത്. കണ്ണൂർ, തലശ്ശേരി പട്ടണത്തിൽ നിന്ന് 25 കിലോമീറ്റർ കിഴക്കായും ഇരിട്ടി, പേരാവൂർ പട്ടണത്തിൽ നിന്ന് 17കിലോമീറ്റർ പടിഞ്ഞാറായും ഈ വിമാനത്താവളം നിലകൊള്ളുന്നു. നാലായിരം മീറ്റർ റൺവെയോടുകൂടി കേരളത്തിലെ ഏറ്റവും വലുതും നാലാമത്തെതുമായ ഈ വിമാനത്താവളം രാജ്യത്തെ നാലാമത്തെ വലിയ വിമാനത്താവളം കൂടിയാണ്.

1996 ജനുവരി 19-ന് അന്നത്തെ കേന്ദ്ര വ്യോമയാന മന്ത്രിയും മലയാളിയുമായ സി.എം. ഇബ്രാഹിമാണ് കണ്ണൂർ വിമാനത്താവളത്തെക്കുറിച്ച് ആദ്യമായി പ്രഖ്യാപിക്കുന്നത്. 2005 ഏപ്രിൽ 29-ന് കേന്ദ്ര മന്ത്രിസഭ വിമാനത്താവളത്തിനു തത്ത്വത്തിൽ അംഗീകാരം നൽകി. 2006-ൽ അന്നത്തെ സർകാർ, ഭൂമി ഏറ്റെടുക്കലിനു കിൻഫ്രയെ ഏൽപ്പെടുത്തി. 2008 ഫെബ്രുവരിയിൽ എയർപോർട്ടിന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചു.

വിമാനത്താവളത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി 2008 ജൂലായിൽ മുൻ എയർ ഇന്ത്യ ചെയർമാനായിരുന്ന വി. തുളസീദാസിനെ വിമാനത്താവളം സ്പെഷൽ ഓഫീസറായി നിയമിച്ചു. അതോടൊപ്പം തന്നെ മുഖ്യമന്ത്രി ചെയർമാനായി കിയാൽ (KIAL, Kannur International Airport Limited) എന്നൊരു കമ്പനിയും രൂപീകരിച്ചു. 2010 ഡിസംബർ 17ന് വി എസ് അച്യുതാനന്ദൻ വിമാനത്താവളത്തിന് തറക്കല്ലിട്ടു. 2016 ഫെബ്രുവരി 29 ന് ആദ്യ പരീക്ഷണ പറക്കൽ നടത്തി.

മറ്റു വിമാനത്താവളങ്ങളിൽ നിന്നു വ്യത്യസ്തമായി കണ്ണൂർ രാജ്യാന്തര വിമാനത്താവളം പരിസ്ഥിതി സൗഹൃദമാണെന്ന പ്രത്യേകതയുണ്ട്. പദ്ധതി പ്രദേശത്തിന്റെ പരിസ്ഥിതി ഘടനനിലവാരം തിട്ടപ്പെടുത്തുന്നതിന് ന്യൂഡൽഹിയിലെ എൻവയോൺമെന്റൽ എൻജിനീയേഴ്സ് ആൻഡ് കൺസൾട്ടന്റ്സും തിരുവനന്തപുരത്തെ സെൻട്രൽ എൻവയോൺമെന്റൽ സയൻസ് സ്റ്റഡീസും ചേർന്ന് പരിസ്ഥിതി സർവേ നടത്തി. പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകാത്ത വിധത്തിൽ ഗ്രീൻഫീൽഡ് എയർപോർട്ട് എന്ന നിലയിലാണ് കണ്ണൂർ വിമാനത്താവളം വിഭാവനം ചെയ്തിട്ടുള്ളത്. ഇതിന്റെ ഭാഗമായി, മലനിരകളും കൊച്ചു വനപ്രദേശവുമായിരുന്ന മൂർഖൻപറമ്പിലെ മരങ്ങൾ മുറിച്ചുമാറ്റിയതിനാൽ പരിസ്ഥിതിക്കു കോട്ടം തട്ടാതിരിക്കാൻ സമീപപ്രദേശങ്ങളിൽ മൂന്നു ലക്ഷത്തോളം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുകയുണ്ടായി.

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പ്രവൃത്തി 2018ൽ പൂർത്തീകരിക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

2. ഫോക്‌ലോർ അക്കാദമി

നാടൻ കലകളെ സംരക്ഷിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും വേണ്ടി കേരള സർക്കാർ കണ്ണൂർ ആസ്ഥാനമായി 1996 ജനുവരി 20ന് പ്രവർത്തനമാരംഭിച്ച സ്വയംഭരണ സ്ഥാപനമാണ് കേരള ഫോക്‌ലോർ അക്കാദമി. ഏഷ്യയിലെ ഏറ്റവും വലിപ്പമേറിയ രണ്ടാമത്തെ ശുദ്ധജല ചിറയായ ചിറക്കൽ ചിറയുടെ കരയിലാണ് കേരള ഫോക്ലോർ അക്കാദമി കേന്ദ്രം സ്ഥിതി ചെയ്യുന്നത്. കേരള വാസ്തുകലാ മാതൃകയായ നാലുകെട്ട് രീതിയിലാണ് ആസ്ഥാനകേന്ദ്രം നിർമിച്ചിരിക്കുന്നത്

കേരള സാംസ്കാരിക വകുപ്പിന്റെ കീഴിൽ 1995 ജൂൺ 28-നാണ് "കേരള ഫോക്‌ലോർ അക്കാദമി" രൂപീകരിക്കപ്പെട്ടത്. നാടൻ കലകളെക്കുറിച്ചുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക, മാസികകൾ പ്രസിദ്ധപ്പെടുത്തുക, പഠനങ്ങൾ നടത്തുക, സെമിനാറുകളും പ്രഭാഷണങ്ങളും സംഘടിപ്പിക്കുക, ഈ രംഗത്ത് പ്രവർത്തിക്കുന്ന കലാകാരൻമാരെ കണ്ടെത്തി അവർക്ക് പ്രോത്സാഹനവും ധനസഹായവും നൽകുക തുടങ്ങിയവയാണ് ഈ അക്കാദമിയുടെ പ്രധാന ചുമതലകൾ. ഫോക്‌ലോർ നിഘണ്ടുവിന്റെ പ്രസിദ്ധീകരണം, ഫോക്‌ലോർ എൻസൈക്ലോപീഡിയയുടെ പ്രസിദ്ധീകരണം എന്നിവയും സ്ഥാപനത്തിന്റെ ലക്ഷ്യങ്ങളാണ്.

ഫോക്‌ലോർ മ്യൂസിയം, ലൈബ്രറി, പ്രസിദ്ധീകരണ വിഭാഗം എന്നിവ ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. നിരവധി തെയ്യക്കോലങ്ങളുടെ മാതൃകകൾ ഇവിടത്തെ മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

3. ഏഴിമല നാവിക അക്കാദമി

ഇന്ത്യൻ നാവികസേനയുടെ ഏറ്റവും വലിയ പരിശീലന കേന്ദ്രമാണ് കണ്ണൂർ ജില്ലയിൽ ഏഴിമലയിൽ സ്ഥിതി ചെയ്യുന്ന ഏഴിമല നാവിക അക്കാദമി. മൂന്നുവശവും കടലിനാൽ ചുറ്റപ്പെട്ട ഏഴിമലയ്ക്ക് ഇന്ത്യൻ നാവിക സേനയുടെ ഭൂപടത്തിൽ ഒരു പ്രധാന സ്ഥാനമുണ്ട്. കേന്ദ്ര പ്രതിരോധ സെക്രട്ടറിയായിരുന്ന കെ.പി. അച്യുതമേനോനാണ് നാവിക അക്കാദമിക്കുവേണ്ടി ഏഴിമല തിരഞ്ഞെടുത്തത്. ഇന്ത്യൻ പടക്കപ്പലായ ഐ.എൻ.എസ്. സമോറിൻ ഇവിടെ നിന്നാണ് കടലിലേക്ക് ഇറക്കിയത്. ഇത് ഏഴിമല നാവിക അക്കാദമിയുടെ ഒന്നാം ഘട്ടം കുറിച്ചു. ഇന്ത്യൻ പ്രധാനമന്ത്രി മൻമോഹൻസിങ് 2009 ജനുവരി 8ന് നാവിക അക്കാദമി രാജ്യത്തിന് സമർപ്പിച്ചു.

പഴയങ്ങാടി റെയിൽവേ സ്റ്റേഷനിൽ നിന്നും 6 കിലോമീറ്ററും പയ്യന്നൂരിൽ നിന്നും 8 കിലോമീറ്ററും അകലെയാണ് ഏഴിമല. ഏഷ്യയിലെ ഏറ്റവും വലിയ നാവിക പരിശീലന കേന്ദ്രം കൂടിയാണിത്. അക്കാദമിക്ക് 2,452 ഏക്കറോളം വിസ്തൃതിയുണ്ട്. 720 കോടി രൂപയാണ് പദ്ധതിയുടെ ഇതുവരെയുള്ള നിർമാണച്ചെലവ്.

നിലവിൽ ലോകത്തിലെ ഏറ്റവും വലിയ നാവിക അക്കാദമി പത്തൊമ്പതാം നൂറ്റാണ്ടിൽ ആരംഭിച്ച അമേരിക്കൻ നാവിക അക്കാദമി ആണ്. എന്നാൽ പദ്ധതി പൂർണമായി വികസിക്കുമ്പോൾ ലോകത്തെ ഏറ്റവും വലിയ നാവിക അക്കാദമിയായി ഏഴിമല നാവിക അക്കാദമി മാറും.

4. കേരള സിവിൽ സർവീസ് അക്കാദമി

കേരള സിവിൽ സർവീസ് അക്കാദമിയുടെ സംസ്ഥാനത്തെ എട്ടാമത്തെയും ഉത്തര മലബാറിലെ ആദ്യത്തെയും സെന്ററാണ് കല്യാശ്ശേരിലെ സിവിൽ സർവീസ് അക്കാദമി. സിവിൽ സർവീസ് പരീക്ഷാ പരിശീലന സൗകര്യങ്ങളിൽ മലബാർ മേഖല പിറകിൽ നിൽക്കുന്ന സാഹചര്യത്തിൽ ആ കുറവ് പരിഹരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ജില്ലാ പഞ്ചായത്തിന്റെയും സംസ്ഥാന ഉടർവിദ്യാകേന്ദ്രത്തിന്റെയും സംയുക്താഭിമുഖ്യത്തിലാണ് കണ്ണൂർ ജില്ലയിൽ സിവിൽ സർവീസ് അക്കാദമി സ്ഥാപിച്ചിരിക്കുന്നത്.

പ്രതിവർഷം 400 കുട്ടികൾക്കാണ് അക്കാദമിയിൽ പ്രവേശനം ലക്ഷ്യമിടുന്നത്. അതിൽ 51 ശതമാനം സീറ്റ് പട്ടികജാതി, പട്ടികവർഗ വിദ്യാർത്ഥികൾക്കായി സംവരണം ഉറപ്പുവരുത്തിയിട്ടുണ്ട്. പ്രസ്തുത വിഭാഗത്തിൽ കുട്ടികളുടെ എണ്ണത്തിൽ കുറവ് വരികയാണെങ്കിൽ മാത്രം പൊതു വിഭാഗത്തിന് പ്രവേശനം നൽകുന്നതാണ്.

കല്ല്യാശ്ശേരി സിവിൽ സർവീസ് അക്കാദമിക്ക് വേണ്ടി ക്ലാസ്സ് മുറികൾ, കോൺഫറൻസ് ഹാൾ, ലൈബ്രറി, കമ്പ്യൂട്ടർലാബ്, ഡോർമെട്രി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ കെട്ടിടം ആസൂത്രണം ചെയ്ത് നിർമാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

5. ബാരാപോൾ ഹൈഡ്രോ ഇലക്ട്രിക് പ്രൊജക്ട്

കണ്ണൂർ ജില്ലയിലെ ആദ്യത്തെ മിനി ജലവൈദ്യുത പദ്ധതിയാണ് കണ്ണൂർ ജില്ലയിലെ അയ്യൻകുന്ന് പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ബാരാപോൾ ഹൈഡ്രോ ഇലക്ട്രിക് പദ്ധതി. കർണാടക-കണ്ണൂർ അതിർത്തിയിലുള്ള ബാരാപോൾ പുഴയിലാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. കേരള ഇലക്ട്രിസിറ്റി ബോർഡ് നേരിട്ട് നിർമാണം നടത്തിയ ജില്ലയിലെ ഏക ചെറുകിട വൈദ്യുത നിലയമായ ബാരാപോൾ 2016 ഫിബ്രുവരി 29 ന് ഉദ്ഘാടനം ചെയ്യപ്പെട്ടു. ടഞ്ച് വിയർ സംവിധാനം ഏർപ്പെടുത്തിയ ദക്ഷിണേന്ത്യയിലെ ആദ്യത്തെ പദ്ധതിയാണിത്. ഇതിന്റെ സ്ഥാപിതശേഷി 15 മെഗാവാട്ടാണ്. വർഷത്തിൽ 36 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ജലവൈദ്യുതിയും സൗരോർജ വൈദ്യുതിയും ലഭിക്കുന്ന പദ്ധതി എന്ന പ്രത്യേകതയും ബാരാപോളിന് സ്വന്തമാണ്. കേന്ദ്ര പാരമ്പര്യേതര ഊർജ്ജമന്ത്രാലയത്തിന് കീഴിൽ നടപ്പാക്കുന്ന സൗരോർജ്ജപദ്ധതിപ്രകാരം സൗരോർജ്ജവും ഉത്പാദിപ്പിച്ചുതുടങ്ങി. ബാരാപോൾ പദ്ധതിയുടെ മൂന്ന് കിലോമീറ്ററോളം വരുന്ന കനാലുകളുടെ ഇരുവശങ്ങളിലും സൗരോർജ്ജ പാനലുകൾ സ്ഥാപിച്ചാണ് വൈദ്യുതി ഉത്പാദിപ്പിക്കുന്നത്.

പൂർണമായും പുഴയിലെ നീരൊഴുക്കിനെ ആശ്രയിച്ചാണ് പദ്ധതി. ഈ പദ്ധതിയുടെ കനാലിന് മുകളിലൂടെ മൂന്ന് കിലോമീറ്ററോളം നീളത്തിൽ സ്ഥാപിക്കപ്പെട്ട സോളാർ പാനലിൽ നിന്നും 3 മെഗാവാട്ട് അധികവൈദ്യുതിയും ഉത്പാദിപ്പിക്കപ്പെടുന്നു.

കടക് മലനിരകളിൽനിന്നും ഉദ്ഭവിക്കുന്ന ബാരാപോൾ പുഴയിലെ വെള്ളത്തിന്റെ 30 ശതമാനം മാത്രമാണ് ഉപയോഗിക്കുന്നത്. പുഴയുടെ അടിത്തട്ടിൽ നിർമിച്ചിരിക്കുന്ന രണ്ട് ചാലുകളിലൂടെ വെള്ളത്തെ വഴിതിരിച്ചുവിട്ട് ജനറേറ്റർ പ്രവർത്തിപ്പിക്കുന്നു. വൈദ്യുതി ഉത്പാദനത്തിനു ശേഷമുള്ള ജലം തിരിച്ച് ബാരാപോൾ പുഴയിൽത്തന്നെ

എത്തുന്നു. കർണാടക സർക്കാരിന്റെയും പരിസ്ഥിതിവകുപ്പിന്റെയും ഏറെ എതിർപ്പുകളെ മറികടന്നാണ് പദ്ധതി സ്ഥാപിച്ചത്. 138.22 കോടിയാണ് നിർമാണച്ചെലവ്.

6. അഴീക്കൽതുറമുഖം

ഏറ്റവും കൂടുതൽ തീരപ്രദേശമുള്ള (82 കിലോമീറ്റർ) ജില്ലയായ കണ്ണൂരിലെ പ്രധാന തുറമുഖമാണ് അഴീക്കൽ തുറമുഖം. രണ്ടര മുതൽ മൂന്നര മീറ്റർ വരെയാണ് അഴീക്കൽ തുറമുഖത്തിന്റെ ആഴം. അതുകൊണ്ടുതന്നെ 40 കണ്ടെയ്നറുകൾ വരെ ഉൾക്കൊള്ളാവുന്ന ചെറിയ കപ്പലുകൾക്ക് മാത്രമേ തുറമുഖത്തേക്ക് അടുക്കാൻ കഴിയൂ. കപ്പൽചാലിന്റെ ആഴം വർദ്ധിപ്പിച്ചാൽ 1000 കണ്ടെയ്നറുകൾ വരെ വഹിക്കുന്ന വലിയ കപ്പലുകൾക്ക് തുറമുഖത്തെത്താൻ കഴിയും. ഘട്ടംഘട്ടമായി അഞ്ച് മുതൽ 7 മീറ്റർവരെ കപ്പൽ ചാലിന്റെ ആഴം വർദ്ധിപ്പിക്കാൻ പദ്ധതി തയ്യാറാക്കുകയും നെതർലന്റിൽ നിന്നുള്ള ഡ്രഡ്ജർ തുറമുഖത്തെത്തിക്കുയും ചെയ്തിട്ടുണ്ട്. വിദേശ കപ്പലുകളുടെ കസ്റ്റംസ് ക്ലിയറൻസ് സംവിധാനവും അഴീക്കൽ തുറമുഖത്ത് ഏർപ്പെടുത്തേണ്ടതുണ്ട്. നിലവിൽ പ്ലൈവുഡ്, കാപ്പി തുടങ്ങിയവയാണ് പ്രധാന കയറ്റുമതി. മരവ്യവസായത്തിനാവശ്യമായ അസംസ്കൃതവസ്തുക്കളുടെ ഇറക്കുമതിയും ഉണ്ട്. കണ്ണൂർവിമാനത്താവളം കൂടി യാഥാർത്ഥ്യമാവുന്നതോടുകൂടി ചരക്ക് ഗതാഗതം ഇരട്ടിയെങ്കിലുമായി വർദ്ധിക്കും. ചരക്ക് ഗാതാഗതത്തിന് പുറമെ യാത്രാ കപ്പലുകളും കണ്ണൂരിന്റെ മുഖഛായ മാറ്റാൻ കാരണമാകും.

7. കണ്ണൂർ ആകാശവാണി

1991 മെയ് 4നാണ് കണ്ണൂർ ആകാശവാണി ഔദ്യോഗികമായി പ്രക്ഷേപണം ആരംഭിച്ചത്. കണ്ണൂർ, കാസറഗോഡ് ജില്ലകളും കേന്ദ്രഭരണ പ്രദേശമായ മാഹിയും ഉൾപ്പെടുന്നതാണ് പ്രക്ഷേപണപരിധി. 101.5 മെഗാഹെർട്സ് ആവൃത്തിയിലാണ് പരിപാടികൾ പ്രക്ഷേപണം ചെയ്യുന്നത്. സാഹിത്യം, കൃഷി, സംഗീതം, നാടകം, നാടൻകലകൾ എന്നിവ സംബന്ധിച്ച പരിപാടികളും യുവാക്കൾക്കും കുട്ടികൾക്കും വേണ്ടിയുള്ള പരിപാടികളും കമ്പോളവിലനിലവാര ബുള്ളറ്റിനുകളും ഇവിടെ നിന്നും പ്രക്ഷേപണം ചെയ്യുന്നുണ്ട്. എന്നാൽ വാർത്തകൾ മറ്റു നിലയങ്ങളിൽ നിന്നാണ് റിലേ ചെയ്യുന്നത്. ക്ലബ്ബ് എഫ്.എം., റേഡിയോ മാംഗോ, ബെസ്റ്റ് എഫ്.എം, റെഡ് എഫ്.എം എന്നീ സ്വകാര്യ എഫ്.എം. നിലയങ്ങൾ കണ്ണൂർ ആകാശവാണി പ്രക്ഷേപിണിയുടെ സൗകര്യം പ്രയോജനപ്പെടുത്തിക്കൊണ്ടാണ് ജില്ലയിൽ പ്രവർത്തിക്കുന്നത്.

8. കെൽട്രോൺ

അലൂമിനിയം ഇലക്ട്രോലൈറ്റ് കപ്പാസിറ്ററുകൾ നിർമിക്കുന്ന ഇന്ത്യയിലെ ഏറ്റവും വലിയ സ്ഥാപനമായ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് (കെ.സി.സി.എൽ.) 1974 ഒക്ടോബർ 8നാണ് പ്രവർത്തനമാരംഭിച്ചത്. കപ്പാസിറ്ററുകൾ നിർമിക്കുന്ന ഈ സ്ഥാപനത്തിന് ആവശ്യമായ സാങ്കേതിക സഹകരണം നൽകിയത് ബെൽജിയം കമ്പനിയാണ്. 15 ഏക്കറോളം സ്ഥലത്ത് വ്യാപിച്ച് കിടക്കുന്ന കെൽട്രോൺ കോംപ്ലക്സിൽ 11000 സ്കയർ മീറ്റർ സ്ഥലത്ത് വിദേശനിർമിത മെഷിനറികൾ സ്ഥാപിച്ചിരിക്കുന്നു. 350 ദശലക്ഷം യൂണിറ്റുകൾ നിർമിക്കുന്നതിനുള്ള പ്രവർത്തന ശേഷി കെൽട്രോണിനുണ്ട്. റസിസ്റ്റന്റുകൾ, സെമി കണ്ടക്ടർ ക്രിസ്റ്റലുകൾ തുടങ്ങിയ ഇലക്ട്രോണിക്സ് ഘടകങ്ങളും ഇവിടെ നിർമിക്കുന്നുണ്ട്. വിദഗ്ധരായ 600ലധികം ജീവനക്കാർ ഇവിടെ ജോലി ചെയ്യുവരുന്നു. കേന്ദ്രസർക്കാറിന്റെ 1988-89ലെ നാഷണൽ പ്രൊഡക്ടിവിറ്റി അവാർഡ്, 1993ലെ എൽസിന അവാർഡ് എന്നിവ ഈ സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ട്.

9. കരിമ്പം ജില്ലാ കൃഷിത്തോട്ടം

കണ്ണൂരിലും പുറംനാടുകളിലും ഗ്രണമേൻമയുള്ള പഴവർഗ നടീൽവസ്തുക്കൾ വിതരണം ചെയ്യുന്ന പ്രമുഖ സ്ഥാപനമാണ് കരിമ്പം ജില്ലാ കൃഷിത്തോട്ടം. 1905ൽ ബ്രിട്ടീഷ് സസ്യശാസ്ത്രകാരനായ ചാൾസ് ആൽഫ്രഡ് ബാർബറിന്റെ നേതൃത്വത്തിലാണ് സ്ഥാപനം ആരംഭിച്ചത്. 1975ലാണ് ഇത് ജില്ലാ കൃഷി ഫാമായി ഉയർത്തപ്പെട്ടത്. 2009ൽ ജില്ലാ പഞ്ചായത്ത് മുഖേന ആരംഭിച്ച വിപണനകേന്ദ്രം ഫാമിന്റെ വളർച്ചയുടെ നാഴികക്കല്ലാണ്.

141 ഏക്കർ വിസ്തൃതിയുള്ള കരിമ്പം കൃഷിഫാമിൽ ജില്ലാ പഞ്ചായത്ത് പദ്ധതിയിലുൾപ്പെടുത്തി 'ജൈവവൈവിധ്യ കേന്ദ്രം', 'തദ്ദേശ സാങ്കേതിക വിജ്ഞാനകേന്ദ്രം' എന്നീ പ്രൊജക്ടുകൾ അംഗീകരിച്ച് നടപ്പാക്കിവരുന്നു.

10. സയൻസ് പാർക്ക്

ഉത്തര മലബാറിലെ ജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ശാസ്ത്രാവബോധം ഉളവാക്കുന്നതിനുള്ള ഒരു ശാസ്ത്ര സാങ്കേതിക സ്ഥാപനമാണ് കണ്ണൂർ ടൗണിൽ ദേശീയപാതക്കരികിൽ സ്ഥിതിചെയ്യുന്ന സയൻസ് പാർക്ക്. കേന്ദ്ര-കേരള സർകാരുകളുടെ വിവിധ ശാസ്ത്ര പരിപാടികൾ ഏറ്റെടുത്ത് നടത്തുക, ശാസ്ത്ര വിഷയവുമായി ബന്ധപ്പെട്ട

പരിപാടികൾ സംഘടിപ്പിക്കുക എന്നിവയാണ് ജില്ലാ പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന്റെ ലക്ഷ്യങ്ങൾ.

കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ, ഐ.എസ്.ആർ.ഒ., വിക്രം സാരാഭായ് സ്പെയ്സ് സെന്റർ, വിശ്വേശരയ്യ മ്യൂസിയം ബാംഗ്ലൂർ തുടങ്ങിയ ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പഠനപ്രവർത്തനങ്ങൾക്ക് സയൻസ് പാർക്ക് മുൻകൈയെടുക്കുന്നു. ശാസ്ത്രബോധം വളർത്താനായി സെമിനാറുകളും പ്രതിമാസ പ്രഭാഷണ പരമ്പരകളും സംഘടിപ്പിക്കാൻ തീരുമാനമായിട്ടുണ്ട്. ശാസ്ത്ര വസ്തുതകൾ വിശദമാക്കുന്ന പ്രദർശന വസ്തുക്കൾ, ബ്രഹ്മോസ് മിസൈലിന്റെ മാതൃക, ISRO സ്പേസ്ഷോ, വെയ്സ്റ്റ ബാപ്പുഗാലറി, പരിസ്ഥിതി ഗാലറി, വിവിധ ഔഷധസസ്യങ്ങൾ ഉൾപ്പെട്ട ഉപ്പോട്ട കണ്ണൻ സ്മാരക ഹെർബൽ പാർക്ക്, ടെലസ്കോപ്പ് എന്നിവ സജ്ജമാക്കിയിട്ടുണ്ട്.

11. ക്ഷേത്രകലാഅക്കാദമി

കണ്ണൂർ ജില്ലയിലെ മാടായിക്കാവ് ആസ്ഥാനമായി 2015 ൽ കേരള സർക്കാർ രൂപകൽപ്പന ചെയ്ത സ്ഥാപനമാണ് ക്ഷേത്രകലാഅക്കാദമി. മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനത്തിന്റെ ലക്ഷ്യം ക്ഷേത്രകലകളുടെ സംരംക്ഷണവും പ്രോൽസാഹനവും പ്രചാരണവുമാണ്.

എട്ടിനും പതിനെട്ടിനും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് ഓട്ടൻതുള്ളൽ, ചെണ്ട, തെയ്യംമുഖത്തെഴുത്ത് എന്നിവയിൽ ഇവിടെ പരിശീലനം നൽകി വരുന്നു.

12. കരിമ്പ ഗവേഷണകേന്ദ്രം

ഇന്ത്യയിലെ ഏറ്റവും വലിയ കരിമ്പ് ജീനോം ബാങ്ക് ആയ കണ്ണൂർ കരിമ്പുഗവേഷണ കേന്ദ്രം 1962 ലാണ് ആരംഭിച്ചത്. 1969ൽ ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചർ റിസർച്ചിൽ അഫിലിയേഷൻ നേടി. 20 ഏക്കർ സ്ഥലത്ത് വ്യാപിച്ചു കിടക്കുന്ന കരിമ്പ ഗവേഷണ കേന്ദ്രത്തിൽ ലോകത്തിന്റെ പല ഭാഗങ്ങളിലുള്ള 3369 കരിമ്പ് ഇനങ്ങൾ സംരക്ഷിച്ചുവരുന്നു.

കരിമ്പ് ഇനങ്ങളുടെ ഡി.എൻ.എ. പരീക്ഷണങ്ങളടക്കം നടത്താൻ സൗകര്യമുള്ള സുസജ്ജമായ ഗവേഷണ വിഭാഗമാണിവിടെയുള്ളത്. കരിമ്പിന്റെ ഗുണവും സവിശേഷതയും കണ്ടെത്തുന്ന പരീക്ഷണവും നടക്കുന്നു. വൈവിധ്യമാർന്ന ജനിതക ഘടനയുള്ള ഇനങ്ങളെ കൊയമ്പത്തൂരിലെ ഉത്പാദന കേന്ദ്രത്തിലേക്കും ഗവേഷണ ആവശ്യങ്ങൾക്കും നൽകാനായി കൃഷി ചെയ്യുന്നു.

13. പന്നിയൂർ കുരുമുളക് ഗവേഷണകേന്ദ്രം

കുരുമുളക് കൃഷിയുടെ വ്യാപനത്തിനായി 1952ൽ കണ്ണൂർ ജില്ലയിലെ പന്നിയൂരിൽ ആരംഭിച്ച ഈ സ്ഥാപനം 1972ൽ കേരള കാർഷിക യൂണിവേഴ്സിറ്റിയുടെ നേതൃത്വത്തിൽ കുരുമുളക് ഗവേഷണ കേന്ദ്രമായി വികസിപ്പിച്ചു. കുരുമുളക് കൃഷി വ്യാപിപ്പിക്കുക, പുതിയ ഇനം നടീൽവസ്തുക്കൾ ഉത്പാദിപ്പിക്കുക തുടങ്ങിയവയാണ് ഈ സ്ഥാപനത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ.

14. റൂഡ്സെറ്റ് ഇൻസ്റ്റിറ്റ്യൂട്ട്

ഇന്ത്യൻ യുവതയെ സ്വയം തൊഴിലിലേക്കും നവസംരംഭങ്ങളിലേക്കും കൈപിടിച്ചുയർത്തുന്നതിനുവേണ്ടി 1982 ൽ കർണാടകയിലെ ഉജിറയിൽ രൂപം കൊണ്ട പ്രസ്ഥാനമായ റൂഡ്സെറ്റിന്റെ കേരളത്തിലെ ഏക സ്ഥാപനമാണ് കണ്ണൂരിലെ കാഞ്ഞിരങ്ങാട് പ്രവർത്തിക്കുന്നത്.

കഴിവിന്റെ അടിസ്ഥാനത്തിൽ മാത്രം തെരെഞ്ഞെടുക്കപ്പെടുന്ന പരിശീലനാർത്ഥികൾക്ക് താമസം, ഭക്ഷണം, എന്നിവ സൗജന്യമായി നൽകിവരുന്നു. പരിശീലനം വിജയകരമായി പൂർത്തീയാക്കുന്നവർക്ക് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ പദ്ധതികളുമായി യോജിപ്പിച്ച് വിവിധ ബാങ്കുകളുടെ സഹകരണത്തോടെ സംരംഭത്തിനാവശ്യമായ വായ്പയും ലഭ്യമാക്കിക്കൊടുക്കുന്നു. പരിശീലനത്തിനുശേഷം തുടർച്ചയായ രണ്ട് വർഷത്തേക്ക് പരിശീലനാർത്ഥികളെ സഹായിക്കുന്നതിനായി സൗജന്യ ഫോളോ അപ്പ് സേവനവും നൽകിവരുന്നുണ്ട്. പ്രതിവർഷം 1500 ലധികം യുവതീയുവാക്കൾക്ക് പരിശീലനം നൽകുന്ന ഈ സ്ഥാപനത്തിൽ 40 സ്ത്രീകൾക്കും 40 പുരുഷൻമാർക്കും താമസിക്കുവാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. 18 നും 45 നും ഇടയിൽ പ്രായമുള്ളവർക്കായി 6 ദിവസം മുതൽ 45 ദിവസം വരെ ദൈർഘ്യമുള്ള വ്യത്യസ്തങ്ങളായ 19 വിഷയങ്ങളിൽ ഇവിടെ പരിശീലനം നൽകി വരുന്നു.

15. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫ്ഫാഷൻ ടെക്നോളജി

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയുടെ ഉദ്ഘാടനവും കെട്ടിട സമുച്ചയത്തിന്റെ തറക്കല്ലിടലും 2008 ൽ കേന്ദ്ര ടെക്സ്റ്റൈൽസ് മന്ത്രിയായിരുന്ന ശങ്കർസിംങ്വഗേലയാണ് നിർവഹിച്ചത്. കേന്ദ്ര കൈത്തറി മന്ത്രാലയത്തിൻ കീഴിൽ ഫാഷൻ ടെക്നോളജി മേഖലയിൽ ഉത്തേജനം നൽകുന്നതിനും വിദ്യാഭ്യാസ ഗവേഷണ പുരോഗതി ലക്ഷ്യം വെച്ചുകൊണ്ടും പ്രവർത്തിക്കുന്ന സ്ഥാപനമാണ് നിഫ്റ്റ്. ധർമശാലയിൽ 9 ഏക്കർ സ്ഥലത്ത് വ്യാപിച്ചുകിടക്കുന്ന ഈ ക്യാമ്പസ്സിൽ വർക്ക്ഷോപ്പ്, 400 പേർക്കിരിക്കാവുന്ന ഓഡിറ്റോറിയം, 500 വിദ്യാർത്ഥികൾക്ക് താമസിക്കാൻ കഴിയുന്ന രണ്ട് ഹോസ്റ്റലുകൾ എന്നിവയുണ്ട്.

16. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ് ലൂം ടെക്നോളജി

1987ൽ ഹാന്റ് ലൂം ടെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്ന നിലയിൽ കണ്ണൂർ തോട്ടടയിൽ ആരംഭിച്ച ഈ സ്ഥാപനം കേരളത്തിലെ പ്രധാന പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയിൽ ശാസ്ത്ര സാങ്കേതികവിദ്യയുടെ സമന്വയമാണ് ലക്ഷ്യമിടുന്നത്.

2010–11 വർഷത്തിൽ ഈ സ്ഥാപനം കേന്ദ്ര സർക്കാർ ഏറ്റെടുക്കുകയും അഖിലേന്ത്യാതലത്തിൽ അപ്ഗ്രേഡ് ചെയ്യുകയും ചെയ്തു. ഐ.ഐ.എച്ച്.ടി.യുടെ 4.13 ഏക്കർ വിസ്തൃതിയുള്ള ക്യാമ്പസ്സിൽ ക്ലാസ് മുറികൾ, ലബോറട്ടറികൾ, ലൈബ്രറി, ഓഡിറ്റോറിയം, ഭരണവിഭാഗം ഓഫീസ്, കാന്റീൻ, ഹോസ്റ്റൽ, ഗസ്റ്റ്ഹൗസ് എന്നിവ ഉൾപ്പെടുന്നു. ഇന്ത്യയിലുള്ള 10 ഐ.ഐ.എച്ച്.ടി കളിൽ ഒന്നാണ് ഇത്. നിലവിൽ ഏകദിന പരിശീലനം മുതൽ ത്രിവത്സര ഡിപ്ലോമ കോഴ്സുകൾ വരെ നടത്തിവരുന്ന സ്ഥാപനത്തിൽ 2017–18 വർഷം 128 വിദ്യാർത്ഥികൾ പരിശീലനം നേടിവരുന്നു.

17. നെട്ടൂർ ടെക്നിക്കൽ ടെയിനിംഗ് ഫൗണ്ടേഷൻ

1959ൽ സ്വിറ്റ്സർലന്റിലെ ഡോ. ഹെൻട്രിച്ച് ഹെൽസ്റ്റൺ ഇന്തോ–സ്വിസ് സഹകരണത്തോടെ തലശ്ശേരിയിലെ ഗ്രണ്ടർട്ട് ബംഗ്ലാവിനോട് ചേർന്ന് പ്രവർത്തനം തുടങ്ങിയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമാണ് എൻ.ടി.ടി.എഫ്.

ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിലായി ഇരുപതോളം പരിശീലന കേന്ദ്രങ്ങളിൽ ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് വിവിധ തൊഴിലധിഷ്ഠിത ട്രേഡുകളിൽ എൻ.ടി.ടി.എഫ്. പരിശീലനം നൽകുന്നു. എൻ.ടി.ടി.എഫ്. തലശ്ശേരി കേന്ദ്രത്തിൽ 1200 ഓളം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ടൂൾ ആന്റ് ഡൈ മെയ്ക്കിംഗ്, കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്, മെക്കാട്രോണിക്സ് എന്നീ ഡിപ്ലോമ കോഴ്സുകളും ടൂൾ ഡിസൈനിംഗിൽ പോസ്റ്റ് ഡിപ്ലോമയുമാണ് ഇവിടുത്തെ പ്രധാന കോഴ്സുകൾ.

18. ഡി.എസ്.സി. സെന്റർ

കണ്ണൂർ ഡി.എസ്.സി. സെന്റർ 1961 നവംബർ 1 നാണ് സ്ഥാപിക്കപ്പെട്ടത്. ഭാരതത്തിൽ പ്രതിരോധവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾക്ക് അട്ടിമറികളിൽനിന്നും മോഷ്ടാക്കളിൽനിന്നും സംരക്ഷണം നൽകാനായി പ്രത്യേകം രൂപീകരിച്ച അർദ്ധസൈനിക വിഭാഗമാണ് ഡിഫൻസ് സെക്യൂരിറ്റി കോർപ്സ്. ഡിഫൻസ് സെക്യൂരിറ്റി കോർപ്സിന്റെ ആസ്ഥാനം കണ്ണൂർ ആണ്. കണ്ണൂർ കന്റോൺമെന്റിലുള്ള ഡി.എസ്.സി. സെന്റർ പ്രതിരോധ വകുപ്പിന് കീഴിലുള്ള പ്രമുഖ സ്ഥാപനമാണ്.

ടെറിട്ടോറിയൽ ആർമിയുടെ ഭാഗമായ 122 ഇൻഫെന്ററി ബറ്റാലിയനും ഇവിടെ പ്രവർത്തിക്കുന്നു. മറ്റെന്തെങ്കിലും ജോലിയുള്ള ആളുകൾക്ക് സൈനിക സേവനത്തിന് അവസരമൊരുക്കുന്ന സേനാവിഭാഗമാണ് ഇൻഫെന്ററി ബറ്റാലിയൻ. സൈനികരുടെയും ബന്ധുക്കളുടെയും ചികിത്സക്കായുള്ള മിലിട്ടറി ഹോസ്പിറ്റലും കന്റോൺമെന്റിൽ സ്ഥിതിചെയ്യുന്നു.

19. ആറളം ഫാം

കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിൽ ആറളം ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ആറളം ഫാം 1970ൽ കേന്ദ്ര സർക്കാരിന്റെ കീഴിൽ ആരംഭിക്കുകയും ആയതിലേക്ക് റഷ്യൻ ഗവൺമെന്റിന്റെ യന്ത്രസാമഗ്രികൾ നൽകി പ്രവർത്തനമാരംഭിക്കുകയും ചെയ്തു. തുടർന്ന് കേന്ദ്ര പൊതുമേഖല സ്ഥാപനമായി രൂപംകൊണ്ട സ്റ്റേറ്റ് ഫാംസ് കോർപറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡിന്റെ കീഴിൽ, ആധുനിക യന്ത്രവൽകൃത കൃഷിഫാമായ ആറളം ഫാമിൽ അത്യുത്പാദനശേഷിയുള്ള നടീൽ വസ്തുക്കൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുക എന്നതായിരുന്നു ഫാമിന്റെ മുഖ്യപ്രവർത്തനം. ഭൂരഹിതരായ പട്ടികവർഗ വിഭാഗത്തിന് ഭൂമി നൽകുന്നതിലേക്കായി 1530 ഹെക്ടർ ഭൂമി പതിച്ചു നൽകുവാനും, പകുതിഭാഗം ഫാം ആയി നിലനിർത്തുവാനും കേരള സർക്കാർ തീരുമാനിച്ചു. അതനുസരിച്ച് 21.06.2004 ൽ തുകക്ഷി ഉടമ്പടിയുടെ ഭാഗമായി കേരള സർക്കാരിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടതോടൊപ്പം അന്നു

നിലവിലുണ്ടായിരുന്ന ക്ലാസ് 3,4 വിഭാഗത്തിൽപ്പെട്ട 122 ജീവനക്കാരെയും, 630 മസ്റ്റർ തൊഴിലാളികളെയും കൂടി ഒപ്പം കൈമാറ്റം ചെയ്യുകയുണ്ടായി. 2010 മുതൽ പട്ടികജാതി പട്ടികവർഗ വികസന വകുപ്പിന്റെ കീഴിലുള്ള കമ്പനിയായി ഫാം നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ടെങ്കിലും കേരള സർക്കാരിന്റെ പട്ടികജാതി പട്ടികവർഗ വികസന വകുപ്പിന്റെ കീഴിലുള്ള ആറളം ഫാമിൽത്തന്നെയാണ് ആസ്തികളെല്ലാം നിലകൊള്ളുന്നത്.

സംസ്ഥാന പട്ടികവർഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന ആറളം ഫാമിംഗ് കോർപറേഷൻ (കേരള) ലിമിറ്റഡിന് 1466.07 ഹെക്ടർ ഭൂമി സ്വന്തമായിട്ടുണ്ട്. റബ്ബർ, കശുമാവ്, തെങ്ങ്, കമുക്, കുരുമുളക്, കൊക്കോ തുടങ്ങിയ വിളകൾ ഫാമിൽ കൃഷി ചെയ്ത് വരുന്നുണ്ട്. വിവിധ വിളകൾ ലാഭകരമാക്കി കൃഷിചെയ്യുന്നതോടൊപ്പം ഗുണമേന്മയും അതുത്പാദനശേഷിയുള്ള നടീൽ വസ്തുക്കൾ ഉത്പാദിപ്പിച്ചു, വിപണനം നടത്തുന്നതാണ് ഫാമിന്റെ പ്രധാന പ്രവർത്തന മേഖല. മേൽ പറഞ്ഞ പ്രവർത്തനങ്ങളിലൂടെ ആറളം പട്ടികവർഗ പുനരധിവാസ മേഖലയിലെ കുടുംബങ്ങളിലുള്ളവർക്ക് പരമാവധി തൊഴിലവസരം നൽകി അവരുടെ ജീവിതനിലവാരം ഉയർത്തുക എന്നത് ഫാമിന്റെ പ്രവർത്തന ലക്ഷ്യമാണ്. പുനരധിവാസ മേഖലയിലുള്ളവരുടെ സാമൂഹ്യവും സാമ്പത്തികവും, സാസ്കാരികപരവുമായ സ്ഥായിയായ ഉന്നമനത്തിനുവേണ്ടി സാധ്യമായ എല്ലാ സഹായങ്ങളും പിന്തുണയും നൽകുക എന്നുള്ളതും ഫാമിന്റെ ലക്ഷ്യമാണ്.

ഫാമിൽ കൃഷിചെയ്യുന്ന വിളകളെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

തെങ്ങ്	315.35 ഹെക്ടർ
കശുമാവ്	614.79 ഹെക്ടർ
റബ്ബർ	345.87 ഹെക്ടർ
കൊക്കോ	65.60 ഹെക്ടർ
കുരുമുളക്	76 ഹെക്ടർ
കമുക്	20.51 ഹെക്ടർ
മാവ്	9.90 ഹെക്ടർ
മറ്റുള്ളവ	7.15 ഹെക്ടർ

ഫാമിന്റെ സുഗമമായ നടത്തിപ്പിനായി ഫാമിനെ 7 ബ്ലോക്കുകളായി ക്രമീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ സെൻട്രൽ നഴ്സറിയും പ്രവർത്തിക്കുന്നുണ്ട്. ഫാമിൽ താഴെ പറയും പ്രകാരം വിവിധ സെക്ഷനുകൾ പ്രവർത്തിക്കുന്നു.

1. അഗ്രിക്കൾച്ചർ സെക്ഷൻ
2. അഡ്മിനിസ്ട്രേറ്റീവ് സെക്ഷൻ
3. അക്കൗണ്ട്സ് സെക്ഷൻ
4. മാർക്കറ്റിംഗ് സെക്ഷൻ
5. സെക്യൂരിറ്റി സെക്ഷൻ
6. മെക്കാനിക്കൽ സെക്ഷൻ
7. സിവിൽ സെക്ഷൻ

31.05.2015 ൽ ആറളം ഫാമിൽ നിലവിൽ ജോലിചെയ്യുന്ന ജീവനക്കാരുടേയും തൊഴിലാളികളുടേയും എണ്ണം താഴെ പറയും പ്രകാരമാണ്.

മസ്റ്റർ തൊഴിലാളികൾ	–	259
കാഷ്വൽ തൊഴിലാളികൾ	–	125
പ്ലാന്റേഷൻ തൊഴിലാളികൾ	–	32
ജീവനക്കാരൻ	–	19
കരാർ ജീവനക്കാരൻ	–	5
പീസ്റേറ്റ് തൊഴിലാളികൾ	–	2

2017 സീസണിൽ ആറളം ഫാം നഴ്സറിയിൽ ഉത്പാദിപ്പിച്ച് വിപണനം നടത്തിയ നടീൽ വസ്തുക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. അടക്ക തൈകൾ
2. ആര്യവേപ്പ് തൈകൾ
3. കശുവണ്ടി തൈകൾ
4. കൊക്കോ തൈകൾ
5. തെങ്ങിൻ തൈകൾ
6. ഫാഷൻഫ്രൂട്ട് തൈകൾ
7. പ്ലാവിൻ തൈകൾ
8. ലെമൺ ലെയർ തൈകൾ
9. മാവിൻ തൈകൾ
10. കുരുമുളക് തൈകൾ
11. മാതളം തൈകൾ
12. റോസ് ആപ്പിൾ തൈകൾ
13. സപ്പോട്ട തൈകൾ
14. കണിക്കൊന്ന തൈകൾ
15. പപ്പായ തൈകൾ
16. റെമ്പൂട്ടാൻ തൈകൾ
17. തേക്ക് തൈകൾ
18. കാന്താരി തൈകൾ
19. മാങ്കോസ്റ്റിൻ തൈകൾ
20. എല്ലാ സുഗന്ധവ്യജ്ഞന തൈകൾ

കണ്ണൂർ ജില്ലയിലെ എഞ്ചിനീയറിംഗ് കോളജുകൾ

കണ്ണൂർ ജില്ലയിൽ എട്ട് എഞ്ചിനീയറിംഗ് കോളജുകളിലായി 2224 സീറ്റുകളാണുള്ളത്. അതിൽ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് വിഭാഗത്തിൽ 480ഉം, കമ്പ്യൂട്ടർ സയൻസിൽ 354 ഉം, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷനിൽ 558 ഉം, ഇലക്ട്രോണിക് എഞ്ചിനീയറിംഗിൽ 354 ഉം, മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ 474 ഉം ഇൻഫർമേഷൻ ആന്റ് ടെക്നോളജിയിൽ 54 ഉം, ഓട്ടോ മൊബൈൽ എഞ്ചിനീയറിംഗിൽ 60 ഉം സീറ്റുകളാണുള്ളത്.

കോഡ്	കോളജ്	യൂണിവേഴ്സിറ്റി	കോഴ്സുകൾ സീറ്റുകൾ	ആകെ സീറ്റുകൾ	ഫോൺ നമ്പർ
കെ.എൻ.ആർ.	ഗവൺമെന്റ് കോളജ് ഓഫ് എഞ്ചിനീയറിംഗ് കണ്ണൂർ	കെ.ടി.യു.	സി.ഇ–60, സി.എസ്.–60, ഇ.സി.–90, ഇ.ഇ.–60, എം.ഇ.–60	220	,2780226 0497 2781226
ടി.എൽ.വൈ.	കോളജ് ഓഫ് എഞ്ചിനീയറിംഗ്, തലശ്ശേരി, കണ്ണൂർ	കെ.ടി.യു.	സി.എസ്.–54, ഇ.സി.–108. ഇ.ഇ.–54, ഐ.ടി.–54, എം.ഇ.–54, സി.ഇ.–60	384	,2388930 0490 2307190
വി.എം.എൽ.	വി.എം.എൽ. വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളജ്, ചെമ്പേരി പി.ഒ., കണ്ണൂർ–670 632109	കെ.ടി.യു.	എ.ഇ.–60, സി.ഇ.–120, സി.എസ്.–60, ഇ.സി.–120. ഇ.ഇ.–60, എം.ഇ.–120	540	,2212240 0460 2213399
എസ്.ടി.എം.	സെന്റ് തോമസ് കോളജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി ശിവപുരം പി.ഒ ,. മട്ടന്നൂർ ,കണ്ണൂർ	കെ.ടി.യു.	സി.ഇ.–60, സി.എസ്.–60, ഇ.സി.–60, എം.ഇ.–60	240	3000600 0490
എസ്.എൻ.സി.	ശ്രീനാരായണഗുരു കോളജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി, പയ്യന്നൂർ, കണ്ണൂർ	കെ.ടി.യു.	സി.ഇ.–60, സി.എസ്.–60, ഇ.സി.–60, ഇ.ഇ.–60, എം.ഇ.–60	300	,201987 04985 201988

എം.എൽ.ടി.	മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി അഞ്ചരക്കണ്ടി, കണ്ണൂർ	കെ.ടി.യു.	സി.ഇ.-60, സി.എസ്.-60, ഇ.സി.-60, ഇ.ഇ.-60, എം.ഇ.-60	300	,2856400 0497 2855005
സി.ഇ.എൻ.	കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി, പയ്യന്നൂർ, കൈതപ്രം, മാതമംഗലം പി.ഒ., കണ്ണൂർ	കെ.ടി.യു.	സി.ഇ.-60, ഇ.സി.-60, ഇ.ഇ.-60, എം.ഇ.-60	240	,279842 04985 277842

മെഡിക്കൽ കോളേജ് , കണ്ണൂർ

ജില്ലയിലാകെ രണ്ട് മെഡിക്കൽ കോളജുകളും, രണ്ട് ദന്തൽകോളജുകളും, രണ്ട് ആയുർവേദ മെഡിക്കൽ കോളജുകളുമാണുള്ളത്. ഇവിടെ യഥാക്രമം 250, 160, 100 സീറ്റുകളാണുള്ളത്.

കോഡ്	കോളേജ്	യൂനിവേഴ്സിറ്റി	ആകെ സീറ്റ്	ഫോൺ നം
കെ.എൻ.എം	അക്കാദമി ഓഫ് മെഡിക്കൽ സയൻസ്, പരിയാരം ,കണ്ണൂർ	കെ യു എച്ച് എസ്	100	2808111-0497 2808112
കെ.എൻ.സി	കണ്ണൂർ മെഡിക്കൽ കോളേജ്, അഞ്ചരക്കണ്ടി, കണ്ണൂർ	കെ യു എച്ച് എസ്	150	2856400-0497
ദന്തൽ മെഡിക്കൽ കോളേജ് , കണ്ണൂർ				
കോഡ്	**കോളേജ്**	**യൂനിവേഴ്സിറ്റി**	**ആകെ സീറ്റ്**	**ഫോൺ നം**
കെ എൻ ഡി	പരിയാരം ദന്തൽ കോളേജ്, പരിയാരം, കണ്ണൂർ	കെ യു എച്ച് എസ്	60	,2808217-0497 2808111
കെ എ ഡി	കണ്ണൂർ ദന്തൽ കോളേജ്, അഞ്ചരക്കണ്ടി, കണ്ണൂർ	കെ യു എച്ച് എസ്	100	2855010-0497 2856400
ആയുർവേദ മെഡിക്കൽ കോളേജ്, കണ്ണൂർ				
കോഡ്	**കോളേജ്**	**യൂനിവേഴ്സിറ്റി**	**ആകെ സീറ്റ്**	**ഫോൺ നം**
കെ എൻ എ	ഗവ.ആയുർവേദ, കോളേജ്, മെഡിക്കൽ കോളേജ്, പി.ഒ പരിയാരം, കണ്ണൂർ - 670503	കെ യു എച്ച് എസ്	40	,280016-0497 2801688
പി ആർ കെ	എം.വി.ആർ. ആയുർവേദ മെഡിക്കൽ കോളജ്, പറശിനിക്കടവ് പി.ഒ. കണ്ണൂർ 670563	കെ യു എച്ച് എസ്	60	,2780250-0497 2783322

അധ്യായം 3

വികസനത്തിന്റെ സ്ഥലമാനങ്ങൾ

വികസനത്തിന്റെ സ്ഥലമാനങ്ങൾ

ഏതൊരു വികസന പ്രവർത്തനത്തിനും ഭൂമി അത്യാവശ്യമാണ്. ജനസംഖ്യ വർധിച്ചുവരികയും, വികസന ആവശ്യങ്ങൾക്ക് ഭൂമി അധികമായി ആവശ്യം വരികയും ചെയ്യുമ്പോൾ ലഭ്യമായ ഭൂമിയുടെ ഉപയോഗം ഏറ്റവും ഉദാത്തമായ രീതിയിൽ നിർവഹിക്കേണ്ടതുണ്ട്. അതിനാൽ പരിമിത വിഭവമെന്നുകണ്ട് ഭൂമിയുടെ ഉപയോഗം ശാസ്ത്രീയമായ രീതിയിൽ മുൻകൂട്ടി പ്ലാൻചെയ്യേണ്ടതുണ്ട്. അങ്ങനെ ഓരോ ഭൂമിയും ഏതാവശ്യത്തിനുപയോഗിക്കുന്നതാണ് ഉത്തമം എന്നു കണ്ടെത്തലാണ് സ്ഥലപരാസൂത്രണം.

കേരളത്തിന്റെ ആകെ വിസ്തൃതിയിൽ 7.6% മാത്രമാണ് കണ്ണൂർജില്ലയുടെ ആകെ വിസ്തീർണം (2,96,600 ഹെക്ടർ). ആയതില് 48,734 ഹെക്ടർ വനമേഖലയും 7,962 ഹെക്ടർ ജലാശയങ്ങളും ആണ്. നെൽവയലുകളുടെ വിസ്തൃതി 7,523 ഹെക്ടറും കാർഷികാവശ്യങ്ങൾക്കും ജനവാസത്തിനും യോഗ്യമായ സ്ഥല വിസ്തൃതി 1,73,425 ഹെക്ടറുമാണ്. ജലലഭ്യത താരതമ്യേന കൂടുതലുള്ള തീരദേശ മേഖലയിലാണ് ജനസാന്ദ്രത കൂടുതലായിട്ടുള്ളത്. നഗരവൽക്കരണം കൂടുതലായി കാണപ്പെടുന്നതും ഈ പ്രദേശങ്ങളിലാണ്. കേരളത്തിൽ നിലനിന്നുപോരുന്ന നഗര-ഗ്രാമ നൈരന്തര്യത്തിനു ഉത്തമോദാഹരണമാണ് കണ്ണൂർ ജില്ല. 1866 ൽ രൂപംകൊണ്ട തലശ്ശേരി നഗരസഭയും 1867ൽ രൂപം കൊണ്ട കണ്ണൂർ നഗരസഭയും ഇപ്പോഴും കൂടുതൽ വിസ്തൃതിയോടെ നഗരപ്രദേശങ്ങളായി നിലകൊള്ളുന്നു. ഈ നഗരസഭകളിൽ ജനസംഖ്യാടിസ്ഥാനത്തിൽ കൗൺസിലർമാരെ നിശ്ചയിച്ചത് 1920 ലാണ്. ഇതിൽ 75% തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും 25% ന്യൂനപക്ഷങ്ങളുൾപ്പെടെയുള്ള വിഭാഗത്തിൽ നിന്നും നോമിനേറ്റ് ചെയ്യപ്പെട്ടവരുമായിരുന്നു. ചെയർമാനെയും, വൈസ്ചെയർമാനെയും തെരഞ്ഞെടുക്കണമായിരുന്നു. സ്റ്റാൻഡിംഗ് കമ്മിറ്റികളുമുണ്ടായിരുന്നു.

1930-ലാണ് എല്ലാ കൗൺസിലർമാരേയും തെരഞ്ഞെടുക്കപ്പെടണമെന്ന് നിഷ്കർഷിച്ചത്. 1956ൽ ഐക്യകേരളം നിലവിൽ വന്നതോടെ നഗരസഭകളുടെ ആധുനിക ഘട്ടം ആരംഭിച്ചു. 1961 സെപ്റ്റംബർ ഒന്നിന് പ്രാബല്യത്തിൽ വന്ന മുൻസിപ്പാലിറ്റി ആക്ട് പ്രകാരം തിരുവിതാംകൂറിലെയും കൊച്ചിയിലെയും മലബാറിലെയും മുൻസിപ്പാലിറ്റികളുടെ ഭരണം ഏകീകരിച്ചു. നിലവിൽ ജില്ലയിൽ 9 മുൻസിപ്പാലിറ്റികളും ഒരു മുൻസിപ്പൽ കോർപറേഷനും ഒരു കന്റോൺമെന്റ് ബോർഡും 71 പഞ്ചായത്തുകളും 11 ബ്ലോക്കുകളുമാണുള്ളത്.

3.1 കണ്ണൂർ ജില്ലയുടെ സ്ഥാനീയ പ്രത്യേകതകൾ

$11^0$40' നും $12^0$48' ഉത്തര അക്ഷാംശത്തിലും $75^0$10' നും $75^0$57' കിഴക്ക് രേഖാംശത്തിലുമായി കേരളത്തിന്റെ വടക്ക് ഭാഗത്തായി കണ്ണൂർജില്ല സ്ഥിതി ചെയ്യുന്നു. 2,966 ചതുരശ്ര കിലോമീറ്ററിൽ വ്യാപിച്ചു കിടക്കുന്ന ഈ ജില്ല ഒന്നിലധികം സ്ഥാനീയമായ പ്രത്യേകതകളാൽ സമ്പന്നമാണ്. വടക്ക് കാസറഗോഡ് ജില്ലയും, തെക്ക് കോഴിക്കോട്-വയനാട് ജില്ലകളും, പടിഞ്ഞാറ് അറബിക്കടലും, കിഴക്ക് കർണാടക സംസ്ഥാനവും അതിർത്തി പങ്കിടുന്നു. തിരുവനന്തപുരം, കൊച്ചി, ചെന്നൈ, മംഗലാപുരം, ബാംഗളൂരു പോലുള്ള മഹാ നഗരങ്ങളുമായി യോജിപ്പിക്കുന്ന തരത്തിൽ ഉള്ള റോഡ്, റെയിൽ ശൃംഖല എന്നിവ ജില്ലയുടെ പ്രത്യേകതയാണ്. കോഴിക്കോടിൽ നിന്ന് 91 കി.മീ. വടക്കു ഭാഗത്തായും മംഗലാപുരത്തു നിന്ന് 140 കി.മീ. തെക്ക് ഭാഗത്തായുമാണ് കണ്ണൂർ ജില്ലയുടെ സ്ഥാനം. കൂടാതെ തലസ്ഥാന നഗരിയായ തിരുവനന്തപുരത്തു നിന്ന് ഏകദേശം 500 കി.മീ. ഉം കേരളത്തിന്റെ വ്യവസായ തലസ്ഥാനമായ കൊച്ചിയിൽ നിന്ന് 250 കി.മീ. ഉം ബാംഗളൂരുവിൽ നിന്ന് 250 കി.മീ. ആണ് കണ്ണൂർ ജില്ലയിലേക്കുള്ള ദൂരം. കണ്ണൂർ ജില്ലയുടെ ഭൂപടം താഴെ കൊടുത്തിരിക്കുന്നു.


INDIA
Pakistan
Nepal
Bhutan
Myanmar (Burma)
Sri Lanka
KERALA
KARNATAKA STATE
TAMILNADU STATE
Kasaragod
Kannur
Wayanad
Kozhikkode
Malappuram
Palakkad
Thrissur
Ernakulam
Idukki
Kottayam
Alappuzha
Pathanamthitta
Kollam
Thiruvananthapuram
KASARAGOD DISTRICT
KANNUR DISTRICT
KARNATAKA STATE
LAKSHA DWEEP SEA
WAYANAD DISTRICT
KOZHIKKODE DISTRICT
To Kasaragod
To Kanhangad
To Mananthavadi
To Kuttyadi
To Nadapuram
Cherupuzha
Payyannur Municipality
Alakkode
Kankole-Alapadamba
Eramam-Kuttur
Naduvil
Eruvassery
Peringome-Vayakkara
Peringathur
Chengalayi
Kuttiyattoor
Iritty Municipality
Aralam
Kelakom
Kottiyoor
Kanichar
Malur
Koleyad
Patyam
Thriprangott
Thalassery Municipality
Dharmadom
Peralassery
Kolacheri
Narath
Mundayi
Reezhallur
Angarakandy
Mangattidom
Chittariparamba
Kuthuparamba Municipality
Ezhome
Pattuvam
Cheruthazham
Kannapuram
Mattool
Pappinisseri
Valapattanam
Azhikode
Kannur Corporation
Chembilode
Vengad
Peringathur
Payam
Padiyur
Mayyil
Irikkur
Ulikkal
Aryankunnu
Muzhakkunnu
Thillankeri
Mallassery
Kuttiyattoor
Koodali
Pinarayi
Kadambur
Muzhappilangad
Ezhimala
Kunhimangalam
Pariyaram
Chapparapadavu
Payyannur Municipality
Padannapalli-Ponpuzha
Kankole-Alapadamba
Karivellur-Peralam
Eramam-Kuttur
Alakkode
Ulikkal
Payyaboor
Sreekandapuram Municipality
Ezhome Taliparamba Municipality
Anthur Municipality
Mayyil
Irikkur
Padiyur
Payam
Iritty Municipality
Aralam
Kelakom
Kottiyoor
Kanichar
Malur
Koleyad
Patyam
Thriprangott
Chittariparamba
Kuthuparamba Municipality
Mangattidom
Reezhallur
Angarakandy
Mundayi
Narath
Kolacheri
Peralassery
Dharmadom
Thalassery Municipality
Kottayam
Vengad
Chembilode
Kannur Corporation
Azhikode
Valapattanam
Pappinisseri
Mattool
Kannapuram
Cheruthazham
Ezhome
Pattuvam
Kunhimangalam
Pariyaram
Chapparapadavu
Naduvil
Eruvassery
Peringome-Vayakkara
Peringathur
Kankole-Alapadamba
Karivellur-Peralam
Cherupuzha
Vellyaglil
Alakkode
Payyannur Municipality
Padannapalli-Ponpuzha
Mallassery
Muzhappilangad
Ezhimala
Pinarayi
Kadambur
Koodali
Kuttiyattoor
Irikkur
Mayyil
Anthur Municipality
Chengalayi
Kunhimangalam
Pariyaram
Sreekandapuram Municipality
Payyaboor
Ulikkal
Aryankunnu
Muzhakkunnu
Thillankeri
Mallassery



ചിത്രം 3.2 : ഗതാഗത ശൃഖലകൾ– ജില്ലക്കകത്ത്

മറ്റൊരു പ്രധാന റോഡായ കൂത്തുപറമ്പ്–മാനന്തവാടി റോഡ് കണ്ണൂർ ജില്ലയെ വയനാട് ജില്ലയുമായും അതു വഴി തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങളിലേക്കുള്ള പ്രധാന ഗതാഗത മാർഗമായും വർത്തിക്കുന്നു.

ജില്ലയിലെ മൂന്ന് പ്രധാന റെയിൽവേ സ്റ്റേഷനുകളാണ് തലശ്ശേരി, കണ്ണൂർ, പയ്യന്നൂർ. തീരദേശത്തിനു സമാന്തരമായി കടന്നു പോകുന്ന റെയിൽവേ കണ്ണൂർ ജില്ലയെ കൊങ്കൺ റെയിൽവേയുടെ ഭാഗമാക്കുന്നു. തീരദേശത്തിനു സമാന്തരമായി പോകുന്ന റെയിൽവേ ജില്ലയുടെ മറ്റു ഭാഗങ്ങളിലേക്കില്ലയെന്നത് റെയിൽവേ ശൃംഖലയുടെ പ്രധാന പോരായ്മയാണ്. കണ്ണൂർ ജില്ലയിൽ നിലവിലുള്ള റോഡ് ശൃംഖല എല്ലാ പഞ്ചായത്തുകളിലൂടെയും നഗരങ്ങളിലൂടെയും കടന്നു പോകുന്നതു വഴി സുഗമമായ ഗതാഗത സൗകര്യം ജില്ലയ്ക്കകത്ത് നൽകുന്നു.

ജില്ലയെ രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും മറ്റു ഭാഗങ്ങളുമായി യോജിപ്പിക്കാൻ ഇപ്പോഴുള്ള റോഡ്, റെയിൽ ശൃംഖലയാൽ സാധിക്കുന്നു. ജില്ലയിൽ നിന്നും മറ്റു പ്രധാനപ്പെട്ട നഗരങ്ങളിലേക്കുള്ള ദൂരം താഴെ കാണിച്ചിരിക്കുന്ന ചിത്രത്തിൽ കൊടുത്തിരിക്കുന്നു.



ചിത്രം 3.3 : പ്രാദേശിക ക്രമീകരണം

ജില്ലയിൽ നിന്ന് 250 കി.മീ. അകലത്തിനുള്ളിൽ ബാംഗ്ളുരു, കൊച്ചി, കോയമ്പത്തൂർ എന്നീ നഗരങ്ങളും 150കി.മീ. അകലത്തിനുള്ളിൽ മംഗലാപുരം, മൈസൂർ, ഊട്ടി, കോഴിക്കോട്, കൂർഗ്, കാസറഗോഡ് എന്നിവയും സ്ഥിതി ചെയ്യുന്നു. റെയിൽവേയുടെയും റോഡ് ശൃംഖലയുടെയും ലഭ്യത കണ്ണൂർ ജില്ലയിലെ ചരക്കു നീക്കത്തിനും മറ്റു തൊഴിൽ അവസരങ്ങൾക്കും എളുപ്പത്തിൽ ഈ നഗരകേന്ദ്രങ്ങളുമായി ബന്ധപ്പെടാൻ സഹായിക്കുന്നു. ഇതു വഴി വാണിജ്യ വ്യവസായ മേഖലയിലും വിവര സങ്കേതിക മേഖലകളിലും ജില്ലയിൽ പുരോഗതി സാധ്യമാകുന്നു. തലശ്ശേരി-മൈസൂർ റെയിൽവെ പാത കണ്ണൂർ ജില്ലയുടെ സ്വപ്നപദ്ധതിയാണ്. ഈ പദ്ധതി പ്രാവർത്തികമായാൽ അതു കണ്ണൂർ ജില്ലയുടെ സാമ്പത്തിക വളർച്ചയെ ഒന്നുകൂടി ഉയർത്തും. ഈ പുതിയ റെയിൽവേ പാതയും കണ്ണൂർ വിമാനത്താവളവും ടൂറിസം മേഖലയുടെ പുതിയ സാധ്യതകൾക്ക് വഴി ഒരുക്കുന്നു. തീരദേശത്തിന്റെയും ടൂറിസം സാധ്യതകൾ കണ്ണൂർ ജില്ലയിൽ ഉപയോഗപ്പെടുത്തേണ്ടതുണ്ട്.

ജില്ലയെ മലനാട്, ഇടനാട്, തീരദേശം എന്നിങ്ങനെ മൂന്നായി തരംതിരിച്ചിരിക്കുന്നു. കേരളത്തിന്റെ തീരദേശ വിസ്തൃതിയുടെ 14% കണ്ണൂർ ജില്ലയിൽ സ്ഥിതി ചെയ്യുന്നു. 82 ചതുരശ്ര കിലോമീറ്റർ വ്യാപിച്ചു കിടക്കുന്ന തീരദേശം കണ്ണൂർ ജില്ലയിലെ മത്സ്യബന്ധന മേഖലയെ പരിപോഷിപ്പിക്കുന്നു. മലനാട്, ഇടനാട് പ്രദേശങ്ങളിലെ നാണ്യവിളകളും മറ്റു കാർഷിക ഉത്പന്നങ്ങളും ജില്ലയുടെ സമ്പദ്ഘടനയിൽ പ്രമുഖസ്ഥാനം വഹിക്കുന്നു. കണ്ണൂർ ജില്ലയിലെ പ്രധാന മത്സ്യബന്ധന ഇറമുഖങ്ങൾ ന്യൂ മാഹി, തലായി (തലശ്ശേരി), മാപ്പിള ബേ, അഴീക്കോട് എന്നിവയാണ്. തീരപ്രദേശങ്ങളിൽ മത്സ്യബന്ധനവും ഇടനാടുകളിൽ നെല്ല്, നാളികേരം, അടക്ക, കുരുമുളക്

തുടങ്ങിയ വിഭവങ്ങളും മലയോര പ്രദേശങ്ങളിൽ റബ്ബർ, ഇഞ്ചി, കുരുമുളക് എന്നീ നാണ്യവിളകളും കൃഷി ചെയ്യുന്നു. ജില്ലയുടെ ഭൂപ്രകൃതി താഴെ കാണിച്ചിരിക്കുന്നു.



ചിത്രം 3.4 : ഭൂപ്രകൃതി

സമുദ്രനിരപ്പിൽനിന്നും 7.5 മീറ്റർ വരെ ഉയർന്ന പ്രദേശങ്ങളെയാണ് തീരപ്രദേശത്തുൾപ്പെടുത്തിയിട്ടുള്ളത്. 7.5 മീറ്റർ മുതൽ 75 മീറ്റർ വരെയുള്ള പ്രദേശങ്ങളെ ഇടനാടായും, സമുദ്രനിരപ്പിൽനിന്ന് 75 മീറ്ററിലധികം ഉയർന്ന പ്രദേശങ്ങളെ മലനാടായും കണക്കാക്കിയിരിക്കുന്നു. കടലോരം വരെ ഇറങ്ങി വരുന്ന ഇടനാടും കടലിനോടു ചേർന്ന് ഉയർന്നു കിടക്കുന്ന ഏഴിമലയും കണ്ണൂർ ജില്ലയുടെ ഭൂപ്രകൃതിയുടെ സവിശേഷതകളാണ്.

3.2 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിന്യാസം

2011ലെ സെൻസസ് പ്രകാരം, 81 ഗ്രാമപഞ്ചായത്തുകളും 6 മുൻസിപ്പാലിറ്റികളുമാണ് കണ്ണൂർ ജില്ലയിലുണ്ടായിരുന്നത്. പക്ഷേ 2017ൽ അവ 71 ഗ്രാമപഞ്ചായത്തുകളായും 9 മുൻസിപ്പാലിറ്റികളായും 1 കോർപറേഷനായും രൂപീകരിക്കപ്പെട്ടു. നാലു ദശകങ്ങളിൽ ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടായ വ്യത്യാസം താഴെ പട്ടികയിൽ കാണിച്ചിരിക്കുന്നു

തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിന്യാസം–വിവിധ സെൻസസുകളിൽ

വർഷം	കോർപറേഷൻ	മുൻസിപ്പാലിറ്റി	പഞ്ചായത്ത്	കന്റോൺമെന്റ്
1991	0	6	79	1
2001	0	6	81	1
2011	0	6	81	1
2017	1	9	71	1

നിലവിലുള്ള ജില്ലയുടെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സ്ഥാനം, തരം എന്നിവ താഴെയുള്ള മാപ്പിൽരേഖപ്പെടുത്തിരിക്കുന്നു.



ചിത്രം 3.5 : നിലവിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിന്യാസം

3.3 സ്ഥലപരാസൂത്രണം (Spatial Planning)

ഒരു പ്രദേശത്തിന്റെ വികസനം അതു ഒരു പഞ്ചായത്തായാലും ജില്ലയായാലും ഒറ്റപ്പെട്ടല്ല നിൽക്കുന്നത്. ഒരു പഞ്ചായത്തിന്റെ വികസനം സമീപ പഞ്ചായത്തുകളുമായി ബന്ധപ്പെട്ടിരിക്കുന്നു. അതുപോലെ ജില്ലയുടെ വികസനം പഞ്ചായത്തുകളെ മറന്നുകൊണ്ടു ചിന്തിക്കാനുമാവില്ല. കൂടാതെ ഒരു പ്രദേശത്തിന്റെ വികസനം വിവിധ വികസന മേഖലകളുടെ സംയോജനത്തിലൂടെയാണ് കൈവരുന്നത്. വികസന മേഖലകളുടെ സംയോജനം പ്രദേശത്തിന്റെ പ്രത്യേകതകൾക്കനുസൃതമായിരിക്കുകയും വേണം. ചുരുക്കത്തിൽ പ്രാദേശിക പ്രത്യേകതകൾക്കു മുൻതൂക്കം നൽകി വിവിധ തലങ്ങളിലെ, വിവിധ മേഖലകളുടെ സംയോജനത്തിലൂടെയാണ് ഒരു പ്രദേശത്തിന്റെ യഥാർത്ഥ വികസനം കൈവരിക്കാൻ സാധിക്കുന്നതെന്നർത്ഥം.

ഇതിനായി പ്രദേശത്തെ മർമപ്രധാനമായ ചില മേഖലകളെയെങ്കിലും ഏകോപിപ്പിച്ച് അവയ്ക്ക് അനുപൂരകമായി മറ്റു മേഖലകളെ സ്ഥലപരമായി സംയോജിപ്പിക്കേണ്ടതുണ്ട്. ഒരു പ്രദേശത്തിന്റെ പ്രത്യേകതയ്ക്ക് മുൻതൂക്കം നൽകി വികസനം ആസൂത്രണം ചെയ്യുമ്പോൾ, സമഗ്ര പ്രാദേശിക വികസനത്തിന് എല്ലാ വികസന മേഖലകളിലും മുതൽ മുടക്കേണ്ട ആവശ്യമില്ല. മറിച്ച് ഏറ്റവും അനുയോജ്യമായ വികസന മേഖലകൾകണ്ടെത്തി അവിടെ മുതൽ മുടക്കിയാൽമതി. ഇതു മൂലമുണ്ടാകുന്ന വികസന പ്രചോദനങ്ങൾ മറ്റ് വികസന മേഖലകളുടെ വളർച്ചയ്ക്ക് കാരണമാവുകയും ആ പ്രദേശത്തിന്റെ സ്ഥലപരക്രമത്തില് (Spatial order) മാറ്റമുണ്ടാകുകയും ചെയ്യുന്നു.

അനുയോജ്യ വികസന മേഖലകളിൽ വേണ്ടവിധം മുതൽ മുടക്കുന്നതിനാവശ്യമായ നയങ്ങളും തന്ത്രങ്ങളും രൂപീകരിക്കുകയും അതുമൂലമുണ്ടാകാവുന്ന ഭൗതിക മാറ്റങ്ങൾ മുൻകൂട്ടി മനസ്സിലാക്കി സ്ഥലപരക്രമത്തിന് അനുയോജ്യമായ തരത്തിൽ നിയന്ത്രിക്കുകയും ചെയ്യാം. ഇത്തരത്തിലുള്ള ഒരു സമഗ്ര ആസൂത്രണ രീതിയെ സ്ഥലപരാസൂത്രണ രീതി എന്നു പറയുന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം അമൂല്യമെന്ന് പറയാവുന്ന സ്ഥലത്തിന്റെ ഏറ്റവും അനുയോജ്യമായ ഉപയോഗം ഇതുമൂലം സാധ്യമാകുന്നു. സംസ്ഥാനത്തിന്റെ തീരദേശം, ഇടനാട്, മലനാട് എന്നിങ്ങനെയുള്ള തരംതിരിവിൽ തീരദേശം, തീരദേശ പരിപാലനനിയമം മൂലവും മലനാട് ചരിവോടുകൂടിയ പരിസ്ഥിതി ലോല പ്രദേശങ്ങളാലും വികസനത്തിന് ഉപയുക്തമാകുന്നതിനു പരിമിതികളുണ്ട്.

ഇതുമൂലം വികസനത്തിന് പ്രയോജനപ്പെടുത്താവുന്ന സ്ഥലം സംസ്ഥാനത്ത് പരിമിതമാണ്. സ്ഥലപരാസൂത്ര ണത്തിനു സംസ്ഥാനത്ത് വർദ്ധിച്ച പ്രാധാന്യമാണുള്ളത്.

3.3.1 നിലവിലെ അവസ്ഥ

സംസ്ഥാനത്ത് സ്ഥലപരാസൂത്രണത്തിന്റെ അടിസ്ഥാനത്തിൽ ആദ്യമായി തയ്യാറാക്കിയ ജില്ലാ പദ്ധതിയാണ് കൊല്ലം ജില്ലയുടെത്. കൊല്ലം ജില്ലയിലെ ജില്ലാ ആസൂത്രണസമിതിയുടെ നേതൃത്വത്തിൽ ജില്ലാ പഞ്ചായത്തിന്റെയും ജില്ലാ നഗരാസൂത്രണ ഓഫീസിന്റെയും സഹായത്തോടെ തയ്യാറാക്കി 'സ.ഉ(സാധ) നം. 2577/2010/തസ്വഭവ. തീയതി, തിരുവനന്തപുരം, 4-8-2010' പ്രകാരം പ്രസിദ്ധീകരിക്കുകയുണ്ടായി. ആയതിന്റെ തുടർച്ചയായി തൃശ്ശൂർ, വയനാട്, പാലക്കാട്, ഇടുക്കി, ആലപ്പുഴ ജില്ലകളിലേക്ക് മേൽപദ്ധതി വ്യാപിക്കുകയുണ്ടായി. സ്ഥലപരാസൂത്രണത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ തലത്തിൽ തയ്യാറാക്കുന്ന പദ്ധതിയാണ് മാസ്റ്റർപ്ലാൻ. 1961-66 കാലഘട്ടത്തിലെ പഞ്ചവത്സര പദ്ധതിയുടെ പ്രധാന നിർദേശങ്ങളിലൊന്നു ഇന്ത്യയിലെ എല്ലാ പ്രധാനപ്പെട്ട നഗരങ്ങളുടെയും വികസനം ഒരു അംഗീകൃത മാസ്റ്റർപ്ലാനിനു വിധേയമായിട്ടായിരിക്കണം എന്നതായിരുന്നു. കേരളത്തിലെ പ്രധാന നഗരപ്രദേശങ്ങൾക്ക് മാസ്റ്റർപ്ലാനും/ഡെവലപ്പ്മെന്റ് പ്ലാനും ഉണ്ടാക്കുന്ന നടപടികൾ ആ കാലഘട്ടത്തിൽ തന്നെ ആരംഭിച്ചിരുന്നു. ആയതിൽ കണ്ണൂർ ജില്ലയിൽ തലശ്ശേരി നഗരസഭയ്ക്ക് അംഗീകൃത മാസ്റ്റർപ്ലാൻ നിലവിൽ വന്നു. ശേഷം 2012ൽ അന്നത്തെ കണ്ണൂർ മുൻസിപ്പാലിറ്റിയും 2017ൽ മട്ടന്നൂർ മുൻസിപ്പാലിറ്റിയും മാസ്റ്റർ പ്ലാനുകൾ പ്രസിദ്ധീകരിക്കുകയുണ്ടായി.

ഇതോടൊപ്പം തന്നെ കണ്ണൂർ, തലശ്ശേരി നഗരങ്ങളിലെ പ്രധാന കേന്ദ്രങ്ങൾക്കും പയ്യന്നൂർ, രാമന്തളി പ്രദേശങ്ങൾക്കും വിശദ നഗരാസൂത്രണ പദ്ധതികൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും ഗവണ്മെന്റ് അംഗീകാരം നേടുകയും ചെയ്തു. മുകളിൽ പറഞ്ഞത് കൂടാതെ പയ്യന്നൂർ, കൂത്തുപറമ്പ്, ആന്തൂർ, തളിപ്പറമ്പ്, ഇരിട്ടി, ശ്രീകണ്ഠപുരം, പാനൂർ മുൻസിപ്പാലിറ്റികൾക്ക് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന പദ്ധതികൾ അന്തിമ ഘട്ടത്തിലാണ്.

3.4 ഭൂവിനിയോഗത്തിന്റെ വിന്യാസം, കേന്ദ്രീകരണം

കേരള ലാൻഡ്യൂസ് ബോർഡിൽ നിന്നും ലഭ്യമായ ലാൻഡ് യൂസ് മാപ് പ്രകാരം കണ്ണൂർജില്ലയിലെ ഭൂരിഭാഗം പ്രദേശങ്ങളും വാസ-കാർഷിക യോഗ്യതാ മേഖലയിൽപ്പെടുന്നു. ഓരോ മേഖലയിലും ഉൾപ്പെടുന്ന ഭൂവിനിയോഗത്തിന്റെ വിസ്തൃതി താഴെ കാണിച്ചിരിക്കുന്ന പട്ടികയിൽ കൊടുത്തിരിക്കുന്നു. ഏറ്റവും കൂടുതലുള്ള ഭൂവിനിയോഗം വാസ-കാർഷിക മേഖലയാണ്(45.52%).

ഭൂവിനിയോഗത്തിന്റെ വിസ്തൃതി, ശതമാനം

മേഖലകൾ	വിസ്തൃതി(ച.കി.മീ.)	ശതമാനം
വാസ-കർഷക മേഖല	1351	45.52
തോട്ട വിളകൾ	634.4	21.38
നെൽവയൽ	75.26	2.54
നെൽവയൽ നികത്തിയത്	124.8	4.18
മിശ്ര വിളകൾ	150.8	5.09
കണ്ടൽകാടുകൾ	2.44	0.08
വനം	275.4	9.31
കെട്ടിട വ്യാപനം (Builtup land)	113	3.81
ജലസ്രോതസ്സുകൾ	79.63	2.69
തരിശ്ശു ഭൂമി	159.6	5.39



ചിത്രം 3.6 : ഭൂവിനിയോഗത്തിന്റെ അപഗ്രഥനം

കണ്ണൂർജില്ലയുടെ ഭൂവിനിയോഗ ക്രമം കാണിക്കുന്ന മാപ്പ് താഴെ കൊടുത്തിരിക്കുന്നു. ഓരോ തദ്ദേശഭരണ പ്രദേശങ്ങളുടെ അടിസ്ഥാനത്തിൽ അവിടത്തെ ഗതാഗത ശൃംഖലകളും ഓരോ ഭൂവിന്യാസത്തിന്റെ മേഖലകളും രേഖപ്പെടുത്തിയിരിക്കുന്നു.



(അവലംബം: കേരള സ്റ്റേറ്റ് ലാൻഡ്യൂസ് ബോർഡ്)

വാസമേഖലയെ ഒഴിവാക്കിയാൽ പിന്നീടുള്ള പ്രധാന ഭൂവിനിയോഗം തോട്ട വിളകൾ ആണ്. ഏകദേശം മൊത്തം വിസ്തൃതിയുടെ 21.38%. ജില്ലയിലെ വനവിസ്തൃതി ഏകദേശം 10% വും കൃഷിയോഗ്യമായ ഭൂവിസ്തൃതി 2.5% ആണ്. ജില്ലയുടെ ഭൂവിനിയോഗത്തിന്റെ 4.2% നെൽവയലുകൾ നികത്തിയതിൽ ഉൾപ്പെടുന്നു. വാസമേഖല ഒഴിവാക്കിയാൽ പിന്നീടുള്ള വികസിത കേന്ദ്രങ്ങൾക്കായുള്ള ഭൂ ഉപയോഗം വെറും 3.8 ശതമാനമേ വരുന്നുള്ളൂ.

3.4.1 ഭൂവിനിയോഗ കേന്ദ്രീകരണ സൂചിക

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വിവിധ ഭൂവിനിയോഗങ്ങളുടെ കേന്ദ്രീകരണം കണ്ടെത്തുന്നതിനായി ജില്ലയുടെ വിവിധ ഭൂവിനിയോഗങ്ങളുടെ കേന്ദ്രീകരണ സൂചിക സഹായിക്കും. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മറ്റുള്ളവയെ അപേക്ഷിച്ച് ഒരു പ്രത്യേക ഭൂവിനിയോഗം എത്രത്തോളം കേന്ദ്രീകൃതമാണ് എന്ന് ഇതിൽ നിന്നും മനസ്സിലാക്കാം. ഈ സൂചിക കണ്ടെത്തുന്നതിനായി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ഉള്ള ഒരു പ്രത്യേക ഭൂ ഉപയോഗത്തിന്റെ ശതമാനത്തിനെ മുഴുവൻ ജില്ലയിലും ആ ഭൂ ഉപയോഗ ശതമാനം കൊണ്ട് ഹരിച്ചാൽ മതി. ഉദാഹരണത്തിന്, ഒരു പഞ്ചായത്തിലെ കൃഷി ഭൂമിയുടെ സൂചിക കാണുന്നതിന് ഉള്ള സൂത്രവാക്യം താഴെ ചേർക്കുന്നു.

പഞ്ചായത്തിന്റെ കൃഷി ഭൂമിയുടെ കേന്ദ്രീകരണ സൂചിക = (പഞ്ചായത്തിലെ കൃഷി ഭൂമിയുടെ വിസ്തീർണ്ണം / പഞ്ചായത്തിന്റെ വിസ്തീർണം / (ജില്ലയിലെ ആകെ കൃഷി ഭൂമിയുടെ വിസ്തീർണം / ജില്ലയുടെ വിസ്തീർണം)

ഇപ്രകാരം വിവിധ ഭൂ ഉപയോഗങ്ങളുടെ സൂചികകൾ തയ്യാറാക്കി അപഗ്രഥിച്ചത് ചുവടെ ചേർക്കുന്നു. ഇതിൽ നിന്നും ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഏതു ഭൂ ഉപയോഗത്തിലാണ് കൂടുതൽ കേന്ദ്രീകരിച്ചിട്ടുള്ളത് എന്ന് മനസ്സിലാക്കാൻ സാധിക്കും. ആയതു പ്രസ്തുത പ്രദേശത്തിന്റെ ഭാവി ഭൂ വിനിയോഗം ഏതു തരത്തിൽ വേണം എന്നതിന്റെ തീരുമാനമെടുക്കുന്നതിൽ വളരെ നിർണായകമായ പങ്കു വഹിക്കുന്നുണ്ട്.

3.4.1.1 വികസിത കേന്ദ്രങ്ങൾക്കായുള്ള ഭൂവിനിയോഗം

തദ്ദേശ ഭരണസ്ഥാപനങ്ങളുടെ അടിസ്ഥാനത്തിലുള്ള വികസിത കേന്ദ്രങ്ങൾക്കായുള്ള ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണ രീതി ചുവടെയുള്ള ഭൂപടത്തിൽ കാണിച്ചിരിക്കുന്നു. കണ്ണൂർകോർപറേഷനിലും തലശ്ശേരി മുൻസിപ്പാലിറ്റിയിലുമാണ് കൂടുതൽ വികസിത കേന്ദ്രങ്ങൾക്കായുള്ള ഭൂവിനിയോഗം കേന്ദ്രീകരിച്ചിരിക്കുന്നത്. കണ്ണൂർ കോർപറേഷനെ ചുറ്റിപറ്റി കിടക്കുന്ന ഗ്രാമപഞ്ചായത്തുകളിലും, മറ്റ് പല മുൻസിപ്പാലിറ്റികളിലും വലിയ വികസിത കേന്ദ്രങ്ങളുടെ ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണം കാണാവുന്നതാണ്. പക്ഷേ ശ്രീകണ്ഠപുരം, പാനൂർ എന്നീ മുൻസിപാലിറ്റികൾ ചില പഞ്ചായത്തുകളുടെ ഭൂവിനിയോഗത്തെക്കാൾ പിന്നിലാണ്. അഞ്ചരക്കണ്ടി, മുണ്ടേരി, വളപട്ടണം പഞ്ചായത്തുകൾ വികസിത കേന്ദ്രങ്ങൾക്കായുള്ള ഭൂവിനിയോഗ കേന്ദ്രീകരണം കൂടുതലുള്ള ഗണത്തിൽ ഉൾപ്പെടുന്നു.



ചിത്രം 3.8 : വികസിത കേന്ദ്രങ്ങളുടെ കേന്ദ്രീകരണം



ചിത്രം 3.9 : വികസിത കേന്ദ്രങ്ങളുടെ വിന്യാസം

3.4.1.2 സമ്മിശ്ര അധിവാസ മേഖല.

വാസ കാർഷിക യോഗ്യമായ ഭൂവിനിയോഗമാണ് താഴെ കൊടുത്തിരിക്കുന്നത്. പടിഞ്ഞാറു തീരദേശത്തോട് ചേർന്ന് കിടക്കുന്ന തദ്ദേശ ഭരണ സ്ഥാപങ്ങളിൽ വലിയ കേന്ദ്രീകരണ വിന്യാസവും തെക്ക്-കിഴക്ക് മേഖലകളിൽ പ്രത്യേകിച്ച കൊട്ടിയൂർ, കോളയാട്, ആറളം മുതലായ പഞ്ചായത്തുകളിൽ ചെറിയ ഭൂവിന്യാസവും കാണിക്കുന്നു. വിവിധ പ്രദേശങ്ങൾ തമ്മിലുള്ള ഭൂ വിനിയോഗ സൂചികയുടെ വ്യത്യാസം ഇവിടെ വളരെ കുറവാണ്. ആയതിന്റെ അളവ് മിക്കയിടത്തും 0.5 നും 1.5 നും ഇടയിലാണ്. എല്ലാ പ്രദേശങ്ങളിലും ഈ ഭൂ ഉപയോഗം ഏറെ കൂറെ തുല്യമായി വ്യാപിച്ചു കിടക്കുന്നു എന്നാണ് ഇതിൽ നിന്നും അനുമാനിക്കേണ്ടത്.



ചിത്രം 3.10 : സമ്മിശ്ര അധിവാസ മേഖലയുടെ കേന്ദ്രീകരണം

3.4.1.3 വനഭൂമി

കിഴക്കും, തെക്ക്-കിഴക്കൻ ഭാഗത്തുള്ളതുമായ തദ്ദേശ ഭരണ സ്ഥാപനങ്ങളിലാണ് കൂടുതലായും വന ഭൂവിന്യാസം കാണപ്പെടുന്നത്. അതിൽ ആറളം, കൊട്ടിയൂർ, കേളകം എന്നിവടങ്ങളിൽ കൂടുതൽ വിന്യാസം കാണാം. ഈ പ്രദേശങ്ങളിലാണ് ജില്ലയിലെ റിസെർവ് വനഭൂമി പ്രധാനമായും ഉള്ളത്. വനഭൂമിയുടെ വിന്യാസത്തിന്റെ മാപ്പും ആയതിന്റെ കേന്ദ്രീകരണ സൂചികയുടെ മാപ്പും താഴെ ചേർത്തിരിക്കുന്നു. ആയതിൽ സൂചികയുടെ മാത്രം ഒന്നിന് മുകളിൽ വരുന്ന പഞ്ചായത്തുകളിൽ മറ്റുള്ളവയെ അപേക്ഷിച്ച് വനഭൂമിയുടെ പ്രഭാവം കാണിക്കുന്ന സാഹചര്യത്തിൽ, ചില പഞ്ചായത്തുകളിൽ ആറിനു മുകളിൽ വരുന്നത് അവിടങ്ങളിൽ വനഭൂമി വളെരെ അധികമായിട്ടുണ്ട് എന്നതിന് തെളിവാണ്.



3.4.1.4 കാർഷിക മേഖലകളും പരിസ്ഥിതി ലോല പ്രദേശങ്ങളും

നെൽവയലുകൾ കേന്ദ്രീകരിച്ചിരിക്കുന്നത് പ്രധാനമായും ജില്ലയുടെ വടക്ക്-പടിഞ്ഞാറൻ മേഖല കളിലാണ്. എന്നാൽ തോട്ടവിളകൾ പ്രധാനമായും വടക്കു കിഴക്കൻ, തെക്ക്-കിഴക്കൻ മേഖലകളിലും കാണപ്പെടുന്നു.



ചിത്രം 3.13 : നെൽവയലുകളുടെ കേന്ദ്രീകരണം



ചിത്രം 3.14 : നെൽവയലുകളുടെ വിന്യാസം

പട്ടുവം, ചെറുകുന്ന്, കണ്ണപുരം, കുഞ്ഞിമംഗലം, ചെറുതാഴം തുടങ്ങിയ പഞ്ചായത്തുകളിൽ നെൽ വയലുകളുടെ കേന്ദ്രീകരണം അവിടുത്തെ മറ്റു ഭൂ ഉപയോഗങ്ങളെക്കാൾ കൂടുതലാണെന്ന് കാണാം. എന്നാൽ ആന്തൂർ, പയ്യന്നൂർ മുൻസിപ്പാലിറ്റികളിലും ഈ ഭൂ ഉപയോഗത്തിന്റെ പ്രഭാവം ഉണ്ടെന്നത് സൂചികാ പഠനത്തിൽ നിന്നും വെളിപ്പെടുന്നു.



ചിത്രം 3.15 : തോട്ടവിളകളുടെ കേന്ദ്രീകരണം

നെൽവയലുൾ നികത്തുന്ന പ്രവണത ജില്ലയുടെ എല്ലാ ഭാഗത്തും കണ്ടു വരുന്നു. ആയതിന്റെ മാപ്പും, സൂചികാ മാപ്പും ചുവടെ ചേർക്കുന്നു. നെൽവയലുകളുടെ കേന്ദ്രീകരണം കൂടുതലുള്ള പഞ്ചായത്തുകളുടെ സമീപ പഞ്ചായത്തുകളായ മാട്ടൂൽ, അഴീക്കോട്, മാടായി തുടങ്ങിയ പഞ്ചായത്തുകളിൽ നെൽവയൽ നികത്തലിന്റെ കേന്ദ്രീകരണം കൂടുതലുള്ളത് സത്വര ശ്രദ്ധ പതിക്കേണ്ട ഒരു വിഷയമാണെന്ന് കാണാം.



ചിത്രം 3.16 : നെൽവയലുകൾനികത്തിയ പ്രദേശങ്ങളുടെ കേന്ദ്രീകരണം



ചിത്രം 3.17 : നെൽവയലുകളുടെയും പരിവർത്തനം നടത്തിയ പ്രദേശങ്ങളുടെയും വിന്യാസം



ചിത്രം 3.18 : കണ്ടൽകാടുകളുടെ വിന്യാസം



ചിത്രം 3.19 : നെൽവയലുകളുടെയും കണ്ടൽകാടുകളുടെയും കേന്ദ്രീകരണം

കണ്ണൂർ ജില്ല കണ്ടൽ കാടുകൾക്ക് പേര് കേട്ടതാണ്. വളപട്ടണം പുഴയും അതിനോടനുബന്ധിച്ചുള്ള കണ്ടൽ കാടുകളും കണ്ടൽ പോക്കുടനുമെല്ലാം ഇന്ത്യക്ക് വെളിയിലേക്കും ശ്രദ്ധ പിടിച്ചു പറ്റിയവയാണ്. കണ്ടൽ കാടുകളുടെ വിന്യാസം ചിത്രം 3.18 ൽ കാണിച്ചിരിക്കുന്നു. പാരിസ്ഥിതിക ലോല പ്രദേശങ്ങളായ കണ്ടൽക്കാടുകളെയും നെൽ വയലുകളെയും കൂട്ടി ചേർത്ത് ജില്ലയിലെ തണ്ണീരധിഷ്ഠിതമായ പരിസ്ഥിതി ലോല പ്രദേശങ്ങളുടെ ഭൂ വിനിയോഗ കേന്ദ്രീകരണ സൂചികാ മാപ്പ് 3.19 ൽ ചേർത്തിരിക്കുന്നു. എഴോം, പട്ടുവം പഞ്ചായത്തുകളിലും ആയവയുടെ സമീപ പഞ്ചായത്തുകളിലും ആണ് ഇത്തരം ഭൂ വിനിയോഗം കൂടുതലായി കേന്ദ്രീകരിച്ചിട്ടുള്ളത് എന്നു കാണാം.

അനുമാനങ്ങളും നിർദേശങ്ങളും :

- ജില്ലയുടെ തീരപ്രദേശങ്ങളിലും അതിനെ ചേർന്നു കിടക്കുന്ന തദ്ദേശ ഭരണ പ്രദേശങ്ങളിലുമാണ് വാസകർഷക മേഖലകളുടെ ഭൂവിനിയോഗം കൂടുതലായും കാണപ്പെടുന്നത് .
- അവിടങ്ങളിൽ പുരയിട കൃഷിയുടെയും ഗ്രോബാഗിന്റെയും സാധ്യത വളർത്തിയെടുക്കാനുള്ള പദ്ധതികൾ പ്രാദേശിക അധികൃതർ ആവിഷ്കരിക്കണം.
- ഇവിടെ നെൽവയലുകളുടെ വിന്യാസം പല പഞ്ചായത്തുകളിലും കൂടുതലാണെന്ന് കാണാം. അവയെ സംരക്ഷിക്കാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.
- കൃഷിയെ പിൻതുണക്കാനായി വിത്തും വളവും മറ്റു ആനുകൂല്യങ്ങളും കർഷകർക്ക് നൽകേണ്ട പദ്ധതികളും നടത്തേണ്ടതാണ്.

മേൽത്തട്ട് നിർദേശങ്ങൾ

- ഇടനാടുകളിലും മലനാടുകളിലും കേന്ദ്രീകരിച്ചിരിക്കുന്ന തോട്ടവിളകളുടെ വിപണനത്തെ സുഗമമാക്കാൻ ഗവണ്മെന്റ് അംഗീകൃത മാർക്കറ്റുകൾ കൊണ്ടു വരാനുള്ള നടപടികൾ ആവിഷ്കരിക്കേണ്ടതാണ്.
- വളപട്ടണം പുഴയും അതോടനുബന്ധിച്ചുള്ള കണ്ടൽക്കാടുകളും സംരക്ഷിക്കേണ്ടത് വളരെ അത്യന്താപേക്ഷിതമാണ്.

3.5 ജനസംഖ്യാപഠനം

2011 സെൻസസ് പ്രകാരം കണ്ണൂർജില്ലയുടെ ജനസംഖ്യ 2523003 ആണ്, ഇതു കേരളത്തിന്റെ മൊത്തം ജനസംഖ്യയുടെ 7.55% ആകുന്നു. 1991ലെയും 2001ലെയും 2011 ലെയും സെൻസസ് പ്രകാരം എട്ടാമത്തെ സ്ഥാനമാണ് കണ്ണൂർജില്ലക്കുള്ളത്. കേരളത്തിലെ എല്ലാ ജില്ലകളുടെയും 2011 ലെ ജനസംഖ്യ ചുവടെ കൊടുത്തിരിക്കുന്നു.



ചിത്രം 3.20 : ജില്ലകളുടെ ജനസംഖ്യാ താരതമ്യം

(അവലംബം: സെൻസസ് ഓഫ് ഇന്ത്യ 2011)

ജില്ലാതലത്തിൽ ഉള്ള 2011 സെൻസസ് ജനസംഖ്യ താരതമ്യപ്പെടുത്തുമ്പോൾ മലപ്പുറം ജില്ല കൂടുതല് ജനസംഖ്യയുള്ളതും വയനാട് ജില്ല കുറഞ്ഞ ജനസംഖ്യ ഉള്ളതുമായി കാണപ്പെടുന്നു. മൂന്ന് ദശകങ്ങളിലെ ജനസംഖ്യ താരതമ്യ പഠനത്തിൽ കണ്ണൂർ ജില്ലക്കു 1991 ൽ ഉണ്ടായിരുന്നത് 2001 ലായും പിന്നിട് 2011 ലായും കൂടി വരുന്നതായി കാണാം.

ചിത്രം 3.21 : 2011 ലെ സെൻസസിലെ ജില്ലകളുടെ ജനസാന്ദ്രത

(അവലംബം: സെൻസസ് ഓഫ് ഇന്ത്യ 2011)



ജനസാന്ദ്രതയെ അപഗ്രഥിക്കുമ്പോൾ ഒമ്പതാം സ്ഥാനമാണ് കണ്ണൂർജില്ലക്കുള്ളത്, ഇതു കേരളത്തിന്റെ ജനസാന്ദ്രതയ്ക്ക് (860) സമാനമാണ്.

കേരള-കണ്ണൂർ ജനസംഖ്യ താരതമ്യം

	കേരളം	കണ്ണൂർ	ശതമാനം(കേരളത്തിന്റെ ജനസംഖ്യയില്)
മൊത്ത ജനസംഖ്യ	33406061	2523003	7.55
ആൺ	16027412	1181446	7.37
പെൺ	17378649	1341557	7.72
നാഗരിക ജനസംഖ്യ	15934926	1640986	10.30
ആൺ	7619358	755764	9.92
പെൺ	8315568	885222	10.65
ഗ്രാമീണ ജനസംഖ്യ	17471135	882017	5.05
ആൺ	8408054	425682	5.06
പെൺ	9063081	456335	5.04

(അവലംബം: സെൻസസ് ഓഫ് ഇന്ത്യ 2011)

കണ്ണൂർജില്ലയിലെ പുരുഷ ജനസംഖ്യ സംസ്ഥാന പുരുഷ ജനസംഖ്യയുടെ 7.37% ഉം സ്ത്രീകളുടെ ജനസംഖ്യ 7.72% ആണ്. കേരളത്തിന്റെ നാഗരിക ജനസംഖ്യയുടെ 10.3% കണ്ണൂർജില്ലയുടെ സംഭാവനയാണ്.

3.5.1 വളർച്ചാ നിരക്ക്

കേരളത്തിന്റെയും കണ്ണൂർജില്ലയുടെയും വളർച്ചാ നിരക്ക് ചിത്രം. 3.22ൽ കാണിച്ചിരിക്കുന്നു. സംസ്ഥാന വളർച്ചാ നിരക്കിനു ആനുപാതികമായ കുറഞ്ഞു വരുന്ന പ്രവണത തന്നെയാണ് ജില്ലയിലും പ്രതിഫലിക്കുന്നത്.

പട്ടിക 3.4 : വളർച്ചാനിരക്ക്

	വളർച്ചാ നിരക്ക്(%)		
	1981-91	1991-01	2001-11
കേരളം	14.32	9.43	4.91
കണ്ണൂർ	16.63	6.98	4.73



ചിത്രം 3.22: വളർച്ചാനിരക്ക് കേരളത്തിന്റെയും കണ്ണൂരിന്റെയും പഠനം

(അവലംബം: സെൻസസ് ഓഫ് ഇന്ത്യ 2011)

3.5.2 സ്ത്രീ പുരുഷാനുപാതം

സ്ത്രീ പുരുഷാനുപാതത്തിൽഒരു വലിയ വളർച്ച കണ്ണൂർ ജില്ലയിൽ കാണാം. 2011 ലെ സെൻസസ് പ്രകാരം മറ്റു ജില്ലകളെ താരതമ്യപ്പെടുത്തുമ്പോൾ കണ്ണൂർ ജില്ലക്കു സ്ത്രീ പുരുഷാനുപാത'ത്തിൽ ഒന്നാം സ്ഥാനമാണുള്ളത് (1000 പുരുഷന്മാർക്ക് 1136 സ്ത്രീ എന്ന അനുപാതം). എന്നാൽ ജില്ലക്കു 1991 ലെ സെൻസസ് പ്രകാരം ആറാം സ്ഥാനവും 2001ലെ സെൻസസ് പ്രകാരം മൂന്നാം സ്ഥാനവും ആയിരുന്നു. 2011 ലെ സെൻസസ് അപഗ്രഥിക്കുമ്പോൾ കേരളത്തിന്റെ സ്ത്രീ പുരുഷാനുപാതം 1000 പുരുഷന്മാർക്ക് 1084 സ്ത്രീ എന്നതാണ്. സംസ്ഥാനത്തിന്റെ ശരാശരി സ്ത്രീ പുരുഷാനുപാതത്തെക്കാൾ കൂടുതലാണ് കണ്ണൂർജില്ലയുടെ അനുപാതം. എന്നാൽ 2011ലെ സെൻസസ് പ്രകാരം 6 വയസ്സുവരെയുള്ള കുട്ടികളിലെ സ്ത്രീപുരുഷ അനുപാതം കണ്ണൂർ ജില്ലയിൽ971 ഉം കേരളത്തിൽ 964 ഉം ആണ്.

3.5.3 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ജനസംഖ്യാവിന്യാസം

താഴെ കൊടുത്തിരിക്കുന്ന ചിത്രത്തിൽതദ്ദേശ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽഉള്ള ജനസംഖ്യാ വിന്യാസം കാണിച്ചിരിക്കുന്നു.



ചിത്രം 3.23 : തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ജനസംഖ്യാവിന്യാസം

ദേശീയ പാതയ്ക്കും സംസ്ഥാന പാതയ്ക്കും ചേർന്നു കൊണ്ടാണ് കൂടുതൽ ജനസംഖ്യ കേന്ദ്രീകരിച്ചിരിക്കുന്നത്. ഗതാഗത ശൃംഖലയുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും ലഭ്യതയാണ് ജനസംഖ്യ വിന്യാസത്തിന്റെ പ്രധാന ഘടകം. ആ ഒരു പ്രവണത ജില്ലയിലും കാണാവുന്നതാണ്.

ഭൂവിസ്തൃതിയിൽ കണ്ണൂർ ജില്ലയിൽ ഏറ്റവും വലിയ തദ്ദേശ സ്വയംഭരണ പ്രദേശം ആറളം പഞ്ചായത്തും കുറവ് വളപട്ടണവും ആണ്. ജനസംഖ്യയുടെ കാര്യത്തിൽ മുന്നിട്ട് നിൽക്കുന്നത് കണ്ണൂർകോർപറേഷനും കുറവ് വളപട്ടണവും ആണ്.

ജനസംഖ്യയും തദ്ദേശഭരണ പ്രദേശങ്ങളുടെ എണ്ണവും

ജനസംഖ്യ	തദ്ദേശഭരണ പ്രദേശങ്ങളുടെ എണ്ണം
20000 കുറവ് ജനസംഖ്യ	20
20000 നും 30000നും ഇടയിലുള്ള ജനസംഖ്യ	30
30000 നും 40000നും ഇടയിലുള്ള ജനസംഖ്യ	22
40000 നും 50000നും ഇടയിലുള്ള ജനസംഖ്യ	5
50000 നും 100000നും ഇടയിലുള്ള ജനസംഖ്യ	3
100000 മുകളിലുള്ള ജനസംഖ്യ	1

3.5.4 ജനസാന്ദ്രത

കണ്ണൂർജില്ലയുടെ ശരാശരി ജനസാന്ദ്രത 2011 സെൻസസ് പ്രകാരം ച.കി.മീ.ന് 852 പേർ ആണ്. ഏറ്റവും ഉയർന്ന ജനസാന്ദ്രത തീരദേശ പ്രദേശങ്ങളിലും ഏറ്റവും കുറവ് മലയോര മേഖലകളിലും ആണ്. കണ്ണൂർജില്ലയിലെ തദ്ദേശ സ്വയം ഭരണ പ്രദേശങ്ങളുടെ മൊത്ത ജനസാന്ദ്രതയുടെ വിന്യാസം ചിത്രം 3.24 ൽകാണിച്ചിരിക്കുന്നു.



ചിത്രം 3.24: തദ്ദേശഭരണ സ്ഥാപന തലത്തിലുള്ള ജനസാന്ദ്രത

തദ്ദേശഭരണ സ്ഥാപന തലത്തിലുള്ള ജനസാന്ദ്രത അപഗ്രഥിച്ചാൽ തീരദേശ തദ്ദേശ ഭരണ സ്ഥാപനങ്ങളും അവയോട് ചേർന്നു കിടക്കുന്നവയും ഉയർന്ന ജനസാന്ദ്രതയുള്ള വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത് (ച.കി.മീന് 1500 പേരിൽ കൂടുതൽ). ഇടനാട്ടിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ജനസാന്ദ്രത പൊതുവെ ച.കി.മീന് 500–1500 പേർ എന്ന പരിധിയിലാണെന്നും മലനാട്ടിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ കുറഞ്ഞ ജനസാന്ദ്രത ച.കി.മീന് 500 പേരിൽതാഴെയാണെന്നും കാണാവുന്നതാണ്.

ജനസാന്ദ്രതയുടെ വിന്യാസം ജില്ലയുടെ പടിഞ്ഞാറു ഭാഗത്ത് അതായത് തീരദേശ മേഖലയില് കൂടുതലും കിഴക്കൻ മേഖലയിലേക്ക് കുറഞ്ഞു വരുന്നതായുമുള്ള പ്രവണത കാണാവുന്നതാണ്. കൂടാതെ ദേശീയ പാതയും റെയിൽവേ പാതയും അരികിലായും ജനസാന്ദ്രത കൂടുതൽ ഉള്ളതായും കാണാവുന്നതാണ്.

3.5.5 ജനസംഖ്യ കേന്ദ്രീകരണ വിന്യാസം

2011ലെ സെൻസസ് പ്രകാരം കണ്ണൂർജില്ലയുടെ ജനസംഖ്യയുടെ കൂടുതൽ ഭാഗവും കേന്ദ്രീകരിച്ചിരിക്കുന്നത് പടിഞ്ഞാറു ഭാഗത്തായി തീരദേശ പ്രദേശങ്ങളോടു ചേർന്നിട്ടാണ്. താഴെയുള്ള ഭൂപടത്തിൽജനസംഖ്യ കേന്ദ്രീകരിച്ചിരിക്കുന്ന രീതി കാണിച്ചിരിക്കുന്നു.



ചിത്രം 3.25 : ജനസംഖ്യ കേന്ദ്രീകരണ വിന്യാസം

19 തദ്ദേശ ഭരണ സ്ഥാപനങ്ങൾ ചേർന്ന ജില്ലയുടെ മൂന്നിലൊന്ന് ജനസംഖ്യയും 32 തദ്ദേശ ഭരണ സ്ഥാപനങ്ങൾ ചേർന്ന ജില്ലയുടെ പകുതി ജനസംഖ്യയും കേന്ദ്രീകരിച്ചിരിക്കുന്നു. ഈ 19 തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ 18 എണ്ണവും തീരദേശത്തോട് ചേർന്ന കിടക്കുന്നവയാണ്. ജില്ലയുടെ ജനസംഖ്യയുടെ 33% വും വിന്യസിച്ചിരിക്കുന്നത് മൊത്തം വിസ്തൃതിയുടെ **10.46%** ഭൂഭാഗങ്ങളിലാണ്. അതുപോലെ ജില്ലയുടെ 50% ജനസംഖ്യയും **20.23%** വിസ്തൃതിയിലും 66% ജനസംഖ്യ **42.94%** വിസ്തൃതിയിലും വിന്യസിച്ചിരിക്കുന്നു.

3.5.6 തൊഴിൽപങ്കാളിത്തം

2011 ലെ സെൻസസ് പ്രകാരം കണ്ണൂർ ജില്ലയിൽ 32.6% തൊഴിലാളികളുണ്ട്. അതിൽ.4% മെയിൻ തൊഴിലാളികളും 5.2%മാർജിനൽ തൊഴിലാളികളുമാണ്. കണ്ണൂർജില്ലയുടെ 2001ലെ സെൻസസ് പ്രകാരം 31.9% തൊഴിലാളികൾ ഉണ്ടായിരുന്നു. അതിൽ 26.02% തൊഴിലാളികൾ മെയിൻ തൊഴിലാളി ഗണത്തിലും 5.8 % തൊഴിലാളികൾ മാർജിനൽ തൊഴിലാളി ഗണത്തിലും പെടുന്നു. നഗരപ്രദേശങ്ങളെ താരതമ്യപെടുത്തുമ്പോൾ ഗ്രാമപ്രദേശങ്ങളിലാണ് കൂടുതൽ തൊഴിൽപങ്കാളിത്ത നിരക്ക്. മൊത്തം തൊഴിലിൽ ഏർപ്പെട്ടവരിൽ പുരുഷ തൊഴിലാളികളുടെ ശതമാനമാണ് നഗരപ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലും സ്ത്രീ തൊഴിലാളികളുടെ ശതമാനത്തെക്കാൾ കൂടുതൽ.



ചിത്രം 3.26 : തൊഴിലാളികളുടെ വിന്യാസം



ചിത്രം 3.27 : ജില്ലയുടെ സാക്ഷരത–

2011ലെ സെൻസസ് പ്രകാരം കണ്ണൂർ ജില്ല 96.1% സാക്ഷരത കൈവരിച്ചിട്ടുണ്ട്. പുരുഷന്മാരുടെ സാക്ഷരത 97.19%വും സ്ത്രീകളുടെത് 93.29%വും ആകുന്നു. പക്ഷേ തൊഴിൽപങ്കാളിത്ത നിരക്കു നോക്കിയാൽ അതിൽ സ്ത്രീകളുടെ പങ്ക് വളരെ കുറവാണെന്ന് മനസ്സിലാക്കാം. പുരുഷന്മാരുടെ തൊഴിൽപങ്കാളിത്ത നിരക്ക് 51.6% വും സ്ത്രീകളുടെത് 16% ആണ്.

പട്ടിക 3.6 : തൊഴിലാളികളുടെ വിന്യാസം

വർഷം	1981	1991	2001	2011
മൊത്തം	549273	650056	764619	821068
മെയിൻ	493742	590387	624394	688494
മാർജിനല്	55351	59669	140225	129874

(അവലംബം : സെൻസസ് ഓഫ് ഇന്ത്യ 2011)



ചിത്രം 3.28 : തൊഴിലാളികളുടെ വിന്യാസം

നാലു പതിറ്റാണ്ടുകളിലെ സെൻസസ് താരതമ്യപ്പെടുത്തുമ്പോൾ ജനസംഖ്യയോടൊപ്പം തൊഴിലാളികളുടെ എണ്ണവും ക്രമേണ കൂടി വരുന്നതായി കാണാം. പക്ഷേ മാർജിനൽ തൊഴിലാളികളുടെ എണ്ണം 2011ൽ കുറഞ്ഞു വന്നതായി കാണാം.

3.5.7 തൊഴിലാളി– വിഭാഗങ്ങളുടെ വിന്യാസം

തൊഴിൽപങ്കാളിത്ത നിരക്ക് കൂടുതൽ മലയോര മേഖലയിലും കുറവ് തീരദേശപ്രദേശങ്ങളിലും ആണ്. തീരദേശ മേഖലയിലെ തൊഴിൽപങ്കാളിത്ത നിരക്ക് 25ൽ കുറവും 25നും 30നും ഇടയിലുമാണ്, എന്നാൽ മലയോര മേഖലകളിൽ 35ന മുകളിലാണ് ഈ നിരക്ക്.



ചിത്രം 3.29 : തൊഴിലാളി– വിഭാഗങ്ങളുടെ വിന്യാസക്രമം

ഓരോ മേഖലയിലും ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ വിന്യാസം താഴെ കൊടുത്തിരിക്കുന്നു.



ചിത്രം 3.30 : 2001 ലെയും 2011 ലെയും തൊഴിലാളികളുടെ വിന്യാസം

2001ലെയും 2011ലെയും സെൻസസ് പരിശോധിക്കുമ്പോൾ മറ്റു തൊഴിലാളികളുടെ എണ്ണം കൂടിവരുന്നതായും കർഷകർ, കർഷകതൊഴിലാളികൾ, കുടിൽവ്യവസായ തൊഴിലാളികൾ എന്നിവരുടെ ശതമാനം ജില്ലയിൽ കുറഞ്ഞും വരുന്നതായി കാണാം. വിദ്യാഭ്യാസ മേഖലയിലുള്ള പുരോഗതിയും മറ്റുമാണ് ഈ മാറ്റത്തിനു കാരണം. യോഗ്യതക്കനുസരിച്ചുള്ള ജോലികൾക്കായി മറ്റു പ്രദേശങ്ങളെ ആശ്രയിക്കുന്നു. ആയതിനാൽ പരമ്പരാഗത തൊഴിലുകൾ അന്യം നിന്നു പോകുന്ന പ്രവണത നമുക്ക് കാണാവുന്നതാണ്. ജില്ലയിൽവിവിധ തൊഴിൽ മേഖലകളിൽ ഉൾപ്പെട്ടവരുടെ വിന്യാസം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ താഴെ കൊടുത്തിരിക്കുന്നു.



ചിത്രം 3.31 : കർഷകരുടെ വിന്യാസം



ചിത്രം. 3.32 : കർഷകതൊഴിലാളികളുടെ വിന്യാസം

മലനാട്ടിലാണ് കൂടുതലായും കർഷകരുടെ വിന്യാസം. ഭൂമിയുടെ ലഭ്യതയും ഭൂപ്രദേശവും ഇതിനെ അനുകൂലിക്കുന്ന ഘടകങ്ങളാണ്. മലനാടുകളിൽ കർഷകരുടെ എണ്ണം 1500ൽ കൂടുതലും തീരദേശങ്ങളില് 500ൽ താഴെയുമായി കേന്ദ്രീകരിച്ചിരിക്കുന്നു. കർഷകർക്കനുസൃതമായ ഒരു വിന്യാസം തന്നെയാണ് കർഷക തൊഴിലാളികളുടെ കാര്യത്തിലും പ്രതിഫലിക്കുന്നത്. തൊഴിലാളികളുടെ കുറഞ്ഞ ശതമാനം തീരദേശമേഖലകളിലും (500ൽതാഴെ) കൂടിയത് ഇടനാടിലും മലനാടിലും ആയി കേന്ദ്രീകരിച്ചിരിക്കുന്നു.





ചിത്രം 3.33 : കൂടിൽവ്യവസായ തൊഴിലാളികൾ

ചിത്രം 3.34 : മറ്റുള്ള തൊഴിലാളികൾ

ഗാർഹിക വ്യവസായ തൊഴിലാളികൾ കൂടുതലായും കേന്ദ്രീകരിച്ചിരിക്കുന്നത് തീരദേശ പ്രദേശങ്ങളിലാണ്. ഏറ്റവും കൂടുതൽ കണ്ണൂർകോർപറേഷനിലാണ്. 1000ൽ കൂടുതൽ ഈ മേഖലയിലുള്ള തൊഴിലാളികൾ ഇവിടെ കേന്ദ്രീകരിച്ചിരിക്കുന്നു.

മറ്റുള്ള തൊഴിലാളികളുടെ വിന്യാസം തീരദേശ പ്രദേശങ്ങളിലും ഇടനാടുകളിലുമായി കാണപ്പെടുന്നു. ഈ മേഖലകളിലുള്ള ഗതാഗത ശൃംഖലയുടെ വളർച്ചയും നഗരവൽക്കരണവും ഇതിനു ഒരു പ്രധാന കാരണമാണ്.

3.5.8 പ്രദേശങ്ങളുടെ പ്രവർത്തന സ്വഭാവം

ഒരു പ്രദേശത്തിന്റെ പ്രവർത്തന സ്വഭാവത്തെ നിർണയിക്കുന്ന പ്രധാന ഘടകങ്ങളാണ് പ്രദേശത്തിന്റെ ജനസംഖ്യാ വിന്യാസം, ശരാശരി പുരയിട വിസ്തൃതി, ഭൂവിനിയോഗം എന്നിവ. ഒരു പ്രദേശത്തിന്റെ സ്വഭാവം നിർണയിക്കുന്നത് അവിടത്തെ പ്രധാന പ്രവർത്തന മേഖലയുടെ അടിസ്ഥാനത്തിലാണ്. കാർഷികവും അനുബന്ധ മേഖലകളുമാണ് കൂടുതലായും വിന്യസിച്ചിരിക്കുന്നുവെങ്കിൽ ആ പ്രദേശത്തെ ഗ്രാമപ്രദേശമായും ദ്വിതീയ, സേവന മേഖലയിലാണ് കൂടുതൽ ആളുകൾ വിന്യസിച്ചിരിക്കുന്നുവെങ്കിൽ നഗരപ്രദേശമായും, ഈ രണ്ട് തരത്തിലും ഉൾപ്പെടുന്ന പ്രദേശങ്ങളെ അർദ്ധനഗരങ്ങളായും തരംതിരിച്ചിരിക്കുന്നു.

എന്നാൽ ഭൂവിനിയോഗത്തിന്റെ കാര്യത്തിൽ വാണിജ്യം, വ്യവസായം, ജനവാസ മേഖല, വികസിത കേന്ദ്രങ്ങൾ എന്നിവയാണ് കൂടുതലായി കാണപ്പെടുന്നുവെങ്കിൽ ആ ഭൂവിനിയോഗത്തെ നഗരഭൂവിനിയോഗമായും വാസ-കാർഷികമേഖലയുടെ വിന്യാസമാണ് കൂടുതലെങ്കിൽ അവയെ ഗ്രാമീണ ഭൂവിനിയോഗമായും വേർതിരിച്ചിരിക്കുന്നു. പുരയിട വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു പ്രദേശത്തിന്റെ പ്രവർത്തന സ്വഭാവത്തിന്റെ വിഭജനം താഴെയുള്ള പട്ടികയിൽകാണിച്ചിരിക്കുന്നു.

പുരയിട വിസ്തൃതിയും പ്രദേശത്തിന്റെ പ്രവർത്തന സ്വഭാവവും

ശരാശരി പുരയിട വിസ്തൃതി(സെന്റിൽ)	തരം
25ൽകുറവ്	നഗരം
25-50	അർദ്ധനഗരം
50-75	അർദ്ധഗ്രാമം
75ൽകൂടുതല്	ഗ്രാമം

നഗരങ്ങൾ		അർദ്ധ നഗരങ്ങൾ		
1.കണ്ണൂർ	10.മട്ടന്നൂർ	1.വളപട്ടണം	10.പാപ്പിനിശ്ശേരി	19.അഞ്ചരക്കണ്ടി
2.തലശ്ശേരി	11.ശ്രീകണ്ഠപുരം	2.ചിറക്കൽ	11.കോട്ടയം മലബാർ	20.കണ്ണപുരം
3.ധർമടം		3.മുഴപ്പിലങ്ങാട്	12.പന്നിയന്നൂർ	21.പാട്യം
4.തളിപ്പറമ്പ്		4.നൂമാഹി	13.കല്ല്യാശ്ശേരി	22.തൃപ്പങ്ങോട്ടൂർ
5.പാനൂർ		5.അഴിക്കോട്	14.മുണ്ടേരി	23.ചെറുതാഴം
6.കൂത്തുപറമ്പ്		6.എരഞ്ഞോളി	15.പിണറായി	24.കീഴല്ലൂർ
7.പയ്യന്നൂർ		7.കതിരൂർ	16.ചെമ്പിലോട്	25.മാടായി
8.ആന്തൂർ		8.കടമ്പൂർ	17.നാറാത്ത്	26.രാമന്തളി
9.ഇരിട്ടി		9.ചൊക്ലി	18.പെരളശ്ശേരി	



ചിത്രം 3.35 : പ്രദേശങ്ങളുടെ പ്രവർത്തനസ്വഭാവം

ഈ വ്യത്യസ്ത ഘടകങ്ങൾ അപഗ്രഥിച്ചത്തിലൂടെ മനസിലാക്കാൻ സാധിക്കുന്നത് ജില്ലയുടെ നഗര-അർദ്ധനഗര പ്രദേശങ്ങൾ കൂടുതലായും പടിഞ്ഞാറൻ ഭാഗത്ത് അതായത ദേശീയ പാതയെ ചുറ്റിപ്പറ്റി കിടക്കുന്നു. മാട്ടൂൽ ഒഴികെ ബാക്കി എല്ലാ തീരദേശ പ്രദേശങ്ങളും നഗര- അർദ്ധനഗര സ്വഭാവം പ്രകടിപ്പിക്കുന്നു. മറ്റു നാഗരിക സ്വഭാവമുള്ള പ്രദേശങ്ങൾ സംസ്ഥാന പാതയ്ക്കും അരികിലായി വിന്യസിച്ചിരിക്കുന്നത് കാണാം.

അനുമാനങ്ങളും നിർദേശങ്ങളും :

- ജനസംഖ്യയുടെ കാര്യത്തിൽ എട്ടാമതും സ്ത്രീപുരുഷാനുപാതത്തിൽ ഒന്നാം സ്ഥാനവുമാണ് 2011ലെ സെൻസസ് പ്രകാരം കണ്ണൂർജില്ലക്കുള്ളത്.
- ഉയർന്ന ജനസാന്ദ്രത തീരപ്രദേശങ്ങളിൽ കാണപ്പെടുന്നതിനാൽ അനുയോജ്യമായ പ്ലാനിംഗില്നിന്നു കൊണ്ടുള്ള വികസന പ്രവർത്തനങ്ങളായിരിക്കണം അവിടെ നടപ്പിലാക്കേണ്ടത്.
- തൊഴിൽപങ്കാളിത്ത നിരക്ക് തീരപ്രദേശങ്ങളിൽ വർദ്ധിപ്പിക്കാനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കണം.
- കർഷകരും കർഷക തൊഴിലാളികളും കൂടുതൽ കേന്ദ്രീകരിച്ചിരിക്കുന്ന മലനാടുകളിൽ അവയുടെ വളർച്ചയ്ക്കുതകുന്ന സഹായങ്ങൾ പ്രാദേശിക തലത്തിൽ നടപ്പിലാക്കണം.
- തീരപ്രദേശങ്ങളിൽ വിന്യസിച്ചിരിക്കുന്ന കുടിൽവ്യവസായ തൊഴിലാളികളെയും സഹായിക്കാനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യണം.
- പുതിയ സംരംഭകരെ പ്രോത്സാഹിപ്പിക്കാനായി ട്രെയിനിംഗ് പ്രോഗ്രാമുകളും ലോണുകളും സംഘടിപ്പിക്കാനായി ഗവണ്മെന്റ് തലത്തിൽ സെൽഫ് ഹെൽപ് ഗ്രൂപ്പുകൾ തുടങ്ങണം.

3.6 നഗരവൽകരണം

കേരള സംസ്ഥാനത്തെ നഗരവൽക്കരണത്തിന് പ്രകടമായ സവിശേഷതകളുണ്ട്. നിലവിലെ നഗരങ്ങളിൽ പ്രത്യേകിച്ചും മെട്രോപൊളിറ്റൻ നഗരങ്ങളിൽ, അമിത കേന്ദ്രീകരണം ഉണ്ടാകുന്നതിനെ തുടർന്നാണ് സാധരണയായി നഗര ജനസംഖ്യയാ വളർച്ചാനിരക്കിൽ വർദ്ധനവുണ്ടാകുന്നത്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം ഇതു സത്യമാണ്. എന്നാൽ കേരളത്തിലെ നഗര ജനസംഖ്യയാവളർച്ചയുടെ പ്രധാന കാരണം നിലവിലെ നഗരപ്രദേശങ്ങളിൽ ജനസംഖ്യാ കേന്ദ്രീകരണം ഉണ്ടാകുന്നത് കൊണ്ടല്ല, മറിച്ച് നഗരപ്രദേശങ്ങളുടെ എണ്ണത്തിലുള്ള വർധനവും, നിലവിലെ പ്രധാന നഗരകേന്ദ്രങ്ങളുടെ അതിർത്തി പ്രദേശങ്ങളുടെ നഗരവൽക്കരണവുമാണ്. കേന്ദ്രീകരണത്തിലുപരി നഗരവ്യാപനമാണ് കേരളത്തിൽ നടക്കുന്നത്. സാമൂഹികമോ ഭൗതികമോ സാമ്പത്തികമോ ആയ മാനദണ്ഡങ്ങൾസ്വീകരിച്ച് ഒരു നഗരപ്രദേശത്തെ അനേകം രീതികളിൽ നിർവചിക്കാൻ കഴിയുന്നതാണ്. ജനസംഖ്യ ശാസ്ത്രപരമായ വശങ്ങളെ അടിസ്ഥാനമാക്കിയാണ് ഭാരതീയ സെൻസസ് ഒരു പ്രദേശത്തെ നഗരപ്രദേശമായി നിശ്ചയിക്കുന്നത്.

സെൻസസ് പ്രകാരം, നഗര പ്രദേശങ്ങളുടെ നിർവചനം ചുവടെ പറയുന്നു:

1. മുൻസിപ്പാലിറ്റി, കോർപറേഷൻ, കന്റോണമെന്റ് ബോർഡ് അല്ലെങ്കിൽ നോട്ടിഫൈഡ് ടൗൺ ഏരിയാ കമ്മിറ്റി തുടങ്ങിയ എല്ലാ സ്ഥലങ്ങളും.

2. ഇനിപ്പറയുന്ന മാനദണ്ഡങ്ങൾ തൃപ്തിപ്പെടുത്തുന്ന മറ്റ സ്ഥലങ്ങൾ:

    1. ഏറ്റവും കുറഞ്ഞ ജനസംഖ്യ 5,000;

    2. പുരുഷതൊഴിൽശക്തി 75 ശതമാനം കാർഷികേതര മേഖലകളിൽ ഏർപ്പെട്ടിരിക്കണം.

    3. ഒരു ചതുരശ്ര കിലോമീറ്ററിന് കുറഞ്ഞത് 400 വ്യക്തികളുടെ ജനസാന്ദ്രത.

2001 ൽ നഗരവൽകരണം 26 ശതമാനം ആയിരുന്നു, 2011 ൽ അത് 47 ശതമാനമായി വർധിച്ചു. കേരളത്തിൽ നഗര ജനസംഖ്യ വളർച്ചയുടെ പ്രധാന കാരണം നഗരപ്രദേശങ്ങളുടെ എണ്ണത്തിലുള്ള വർധനവും നിലവിലെ പ്രധാന നഗരകേന്ദ്രങ്ങളുടെ പ്രാന്തങ്ങളിലെ നഗരവൽക്കരണവുമാണ്. കൂടുതൽ സെൻസസ് പട്ടണങ്ങൾ (ക്ലാസ് 3, ക്ലാസ് 4 പട്ടണങ്ങൾ) ഉള്ളതുകൊണ്ട് നഗരങ്ങളിൽ കൂടിയ തോതിലുള്ള വ്യാപനം പ്രകടിപ്പിക്കുന്നു.

2011ലെ ജനസംഖ്യാ കണക്കനുസരിച്ച് കണ്ണൂരിലെ ജനസംഖ്യ 2523003 ആണ്. 2001 ലെ ജനസംഖ്യ അനുസരിച്ച് കേരളത്തിലെ നഗരവൽക്കരണ നിരക്കിൽ കണ്ണൂർജില്ലയായിരുന്നു മുന്നിൽ. എന്നാൽ 2011 ൽ ആയതു നാലാം സ്ഥാനത്തേക്ക് വന്നു. എന്നിരുന്നാലും 2011 ൽ ജനസംഖ്യയുടെ ഏതാണ്ട് 65 ശതമാനവും നഗരത്തിലും നഗരസഞ്ചയങ്ങളിലും കേന്ദ്രീകരിച്ചിരിക്കുന്നു.

കണ്ണൂർജില്ലയിലെയും കേരളത്തിലെയും നഗര ഗ്രാമ ജനസംഖ്യ വിന്യാസം

സെൻസസ് വർഷം	ഗ്രാമീണ %		നഗര %	
	കണ്ണൂർ	കേരളം	കണ്ണൂർ	കേരളം
1901	93	93	7	7
1911	92	93	8	7
1921	93	91	7	8
1931	93	90	7	10
1941	93	89	7	11
1951	91	87	7	13
1961	83	85	17	15
1971	86	84	14	16
1981	77	82	23	18
1991	49	74	51	26
2001	50	74	50	26
2011	35	52	65	48



ചിത്രം 3.36 : 2001–2011 സെൻസസ്പ്രകാരം കണ്ണൂർജില്ല/ കേരളത്തിലെ നഗര പ്രദേശങ്ങളുടെ വിന്യാസം.



ചിത്രം 3.37 : ജില്ലയിലെ 2001ലെ നഗര പ്രദേശങ്ങള്



ചിത്രം 3.38 : ജില്ലയിലെ 2011ലെ നഗര പ്രദേശങ്ങൾ

നഗര ഗ്രാമാസൂത്രണ വകുപ്പ് 2011ൽ നടത്തിയ നഗരവൽക്കരണ പഠനപ്രകാരം കണ്ണൂർകോർപറേഷനും ആയതിനോട് ചേർന്ന വടക്കു കിഴക്ക് ഭാഗങ്ങളിലുമുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ആണ് പ്രധാനമായും നാഗരിക സ്വഭാവം കാണിക്കുന്നത്. ജില്ലയിലെ ആകെയുള്ള രണ്ട് പ്രാഥമിക ഗണത്തിൽവരുന്ന (FIRST ORDER SETTELEMENT) കണ്ണൂർ കോർപറേഷനും തലശ്ശേരിമുൻസിപ്പാലിറ്റിയും അവയോടു ചേർന്നുള്ള അഞ്ചു പഞ്ചായത്തുകളുമാണ് പ്രധാനമായും നാഗരിക സ്വഭാവം വരുന്നവ എന്നാണ് പഠനങ്ങൾസൂചിപ്പിക്കുന്നത്.



ചിത്രം 3.39 : ജില്ലയിലെ നിലവിലെ നഗരചിത്രം

കണ്ണൂരിലും, തലശ്ശേരിയിലും, അവയോടു ചേർന്നുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ആണ് വ്യാപാര വാണിജ്യ വ്യവസായ ദ്വിതീയ മേഖല പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത്. തളിപ്പറമ്പ്, പയ്യന്നൂർ, കൂത്തുപറമ്പ്, മട്ടന്നൂർ എന്നിവിടങ്ങളിലും ദ്വിതീയ മേഖലയുടെ പ്രഭാവം കാണാമെങ്കിലും മറ്റു മുൻസിപ്പാലിറ്റികളിൽ ഇതു താരതമ്യേനെ കുറവാണ്.

2001 ൽ നഗരവൽക്കരണത്തിൽ ഒന്നാമതാണെങ്കിലും പ്രതിശീർഷ വരുമാനത്തിന്റെ കാര്യത്തിൽ ജില്ലകളിൽ പതിനൊന്നാം സ്ഥാനത്താണ് കണ്ണൂർ ജില്ല. എന്നാൽ 2011 ആയപ്പോഴേക്കും നഗരവൽക്കരണത്തിൽ രണ്ടാം സ്ഥാനത്ത് നിന്നിരുന്ന ഏറണാകുളം ജില്ല ഒന്നാമതെത്തുകയും (68.07%) കണ്ണൂർ നാലാം സ്ഥാനത്തേക്കും പിന്തള്ളപ്പെടുകയും ചെയ്തു. എന്നാൽ പ്രതിശീർഷ വരുമാനത്തിൽ സ്ഥാനത്തിൽ ജില്ല നേട്ടമുണ്ടാക്കിയതായി കാണാം. 2001 ൽ കണ്ണൂരിനെ മുന്നിലെത്തിക്കുവാൻ സഹായിച്ചിരുന്ന ഖാദി, ബീഡി തുടങ്ങിയ ചെറുകിടവ്യവസായങ്ങളുടെ തളർച്ച കണ്ണൂരിന്റെ നഗരവൽക്കരണ തോതിന്റെ ഉയർച്ചക്ക് തടസ്സമായതായി കാണാം.

2011 ൽ മാട്ടൂൽ, രാമന്തളി പഞ്ചായത്തുകളൊഴികെ കടലിനോടു ചേർന്നു വരുന്ന പ്രദേശങ്ങളിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും നാഗരിക സ്വഭാവത്തിലേക്കു വന്നു കഴിഞ്ഞു. ജില്ലയുടെ മറ്റു ഭാഗങ്ങൾ പരിശോധിക്കുമ്പോൾ, കിഴക്കു ഭാഗത്ത് 2001ൽ മട്ടന്നൂർ മാത്രം ഒറ്റപ്പെട്ട നഗരപ്രദേശമായി നിലനിന്നിരുന്ന സ്ഥാനത്ത് 10 വർഷം കൊണ്ട് തീരദേശ പഞ്ചായത്തുകൾക്കും മട്ടന്നൂരിനും ഇടയിലുള്ള ഇടം മുഴുവൻനാഗരിക സ്വഭാവത്തിലേക്കു മാറി എന്നും കാണാം. തീരപ്രദേശങ്ങളോട് ചേർന്നു നടന്നിരുന്ന നഗരവൽക്കരണം ജില്ലയുടെ വടക്ക് കിഴക്കൻ പ്രദേശങ്ങളിലേക്കും വ്യാപിക്കുന്നത് മുകളിൽ ചേർത്തിരിക്കുന്ന മാപിൽനിന്നും വ്യക്തമാകുന്നുണ്ട്.

3.6.1 നിലവിലെ നഗരങ്ങളും അർദ്ധ നഗരങ്ങളും

നഗര ഗ്രാമാസൂത്രണ വകുപ്പിന്റെ 2011 ലെ റിപ്പോർട്ട് പ്രകാരം പ്രധാനമായും കണ്ണൂർകോർപറേഷനും 9 മുൻസിപ്പാലിറ്റികളും കണ്ണൂർ കന്റോണ്മെന്റും ഉൾപ്പെട്ടതാണ് കണ്ണൂരിന്റെ നഗര ചിത്രം. ആയതു പ്രകാരമുള്ള നഗരങ്ങളും അർദ്ധ നഗരങ്ങളും ചുവടെയുള്ള പട്ടികയിൽ കാണിച്ചിരിക്കുന്നു.

പട്ടിക 3.9 : കണ്ണൂരിന്റെ നഗരചിത്രം

നമ്പർ	പേര്	ജനസംഖ്യ			നിലവിലെ സ്ഥിതി
		1991	2001	2011	
1	കണ്ണൂർ	214502	226435	232486	നഗരം
2	തലശ്ശേരി മുൻസിപ്പാലിറ്റി	103579	99387	92558	നഗരം
3	പയ്യന്നൂർമുൻസിപ്പാലിറ്റി	64032	68734	72111	നഗരം
4	തളിപ്പറമ്പ് മുൻസിപ്പാലിറ്റി	29794	41576	44247	നഗരം
5	കൂത്തുപറമ്പ് മുൻസിപ്പാലിറ്റി	28907	29532	29619	നഗരം
6	മട്ടന്നൂർ മുൻസിപ്പാലിറ്റി	40506	44313	47078	നഗരം
7	കണ്ണൂർകന്റോണ്മെന്റ്	4820		4798	നഗരം
8	ആന്തൂർ		25931	28218	നഗരം
9	പാനൂർ	50425	53980	57730	നഗരം
10	ധർമടം	26705	29162	30804	നഗരം
11	ഇരിട്ടി	37358	39952	40369	നഗരം
12	ശ്രീകണ്ഠപുരം	30854	33194	33489	നഗരം
13	ചെമ്പിലോട്		331199	34319	അർദ്ധ നഗരം
14	ചിറക്കൽ	39838	43287	45601	അർദ്ധ നഗരം
15	വളപട്ടണം	8920	8370	7955	അർദ്ധ നഗരം
16	പാപ്പിനിശ്ശേരി	30754	33273	35134	അർദ്ധ നഗരം
17	കല്ല്യാശ്ശേരി	25005	28068	31122	അർദ്ധ നഗരം
18	ചെറുതാഴം	23099	26239	29348	അർദ്ധ നഗരം
19	കതിരൂർ	26586	28989	31087	അർദ്ധ നഗരം
20	പന്ന്യന്നൂർ	19312	20863	22308	അർദ്ധ നഗരം

21	ന്യൂ മാഹി	11939	16789	16303	അർദ്ധ നഗരം
22	എരിഞ്ഞോളി	23584	24604	25818	അർദ്ധ നഗരം
23	പെരളശ്ശേരി	15209	27770	29107	അർദ്ധ നഗരം
24	കടമ്പൂർ		17439	18979	അർദ്ധ നഗരം
25	ചൊക്ലി	31642	26214	28415	അർദ്ധ നഗരം
26	മുണ്ടേരി	17358	33433	37029	അർദ്ധ നഗരം
27	പിണറായി	14696	31275	33706	അർദ്ധ നഗരം
28	കണ്ണപുരം	18158	18527	18459	അർദ്ധ നഗരം
29	പാട്യം	19074	29003	30502	അർദ്ധ നഗരം
30	മുഴപ്പിലങ്ങാട്	18812	21949	23709	അർദ്ധ നഗരം
31	നാറാത്ത്		25212	26769	അർദ്ധ നഗരം
32	കോട്ടയം	16526	17501	19176	അർദ്ധ നഗരം
33	അഞ്ചരക്കണ്ടി	20683	21878	230330	അർദ്ധ നഗരം
34	അഴീക്കോട്	42354	45951	47323	അർദ്ധ നഗരം
35	രാമന്തളി		21937	25711	അർദ്ധ നഗരം
36	മാടായി		34979	35888	അർദ്ധ നഗരം
37	കീഴല്ലൂർ		19130	20440	അർദ്ധ നഗരം

(അവലംബം സെൻസസ് ഓഫ് ഇന്ത്യ 2011)

3.6.2 കണ്ണൂർജില്ലയുടെ നഗരവൽക്കരണ പ്രവണത

കണ്ണൂർജില്ലയുടെ നഗരവൽകരണ പ്രക്രിയയിൽ ത്വരിതഗതിയിൽ നിർമാണം പൂർത്തിയായി വരുന്ന അന്തർദേശിയ വിമാനത്താവളം നൽകുന്ന സംഭാവാനകൾ വലുതാണ്. പ്രദേശത്തിന്റെ മൊത്തത്തിലുള്ള വികസനത്തിനും അതു വഴി ടൂറിസം, വ്യവസായം മുതലായ മേഖലകൾക്കും വിമാനത്താവളത്തിന്റ സാന്നിധ്യം മുതൽക്കൂട്ടായി മാറും എന്നത് നിസംശയമാണ്. ഇതേ രീതിയില് സ്വാധിനിക്കുന്ന മറ്റൊരു പദ്ധതി ആണ് അഴിക്കൽ ഉറമുഖം, ഈ രണ്ടു പദ്ധതികളും കണ്ണൂരിന്റെ സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ മേഖലകളിൽ അതിന്റെതായ പരിവർത്തനങ്ങൾ കൊണ്ടുവന്നുകൊണ്ടിരിക്കുന്നു. ഈ മാറ്റങ്ങൾ നഗരവൽക്കരണത്തെ പ്രത്യക്ഷമായും പരോക്ഷമായും സ്വാധീനിക്കുന്നു.

അന്തർദേശിയ നിലവാരത്തിൽ വരുന്ന ഈ പദ്ധതികൾക്ക് അനുബന്ധമായി അടിസ്ഥാന സൗകര്യം വികസനം അത്യന്താപേക്ഷിതമാണ്. മികച്ച റോഡ്, റെയിൽ, വൈദ്യുതി വിതരണം, വിദ്യാഭ്യാസം, ആശുപത്രി, വാർത്താവിനിമയം, ഷോപ്പിംഗ് സൗകര്യങ്ങൾ താമസ സൗകര്യങ്ങൾ തുടങ്ങിയ മേഖലകളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള മാറ്റങ്ങൾ കൊണ്ട് വരേണ്ടത് ഈ പദ്ധതികളുടെ വിജയത്തിന് ആവശ്യമാണ്. അതിനുതകുന്ന തരത്തിലുള്ള മാസ്റ്റർപ്ലാൻ/വികസന വീക്ഷണങ്ങളും വരുന്നത് നഗരവൽക്കരണത്തെ മികച്ച രീതിയിൽ സഹായിക്കുന്നു.

ഈ മേഖലകൾക്ക് പ്രത്യേകമായ ദീർഘവീക്ഷണത്തോടുകൂടിയ മാസ്റ്റർപ്ലാനുകളും അതിന്റെ പ്ലാനിംഗ് നിയന്ത്രങ്ങളും തയാറാക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ ഈ മേഖലയിലെ വികസനവും നഗരവൽക്കരണവും അതിന്റ ഉദ്ദേശിച്ച രീതിയിലുള്ള വിജയത്തിലേക്ക് നയിക്കാൻ സാധിക്കുകയുള്ളു. നഗരവൽക്കരണത്തിൽ സ്വാഭാവികമായും നേരിടാറുള്ള പ്രശ്നങ്ങൾ ഒരു പരിധി വരെ ഒഴിവാക്കുന്നതിനും മാസ്റ്റര് പ്ലാൻ സഹായിക്കും.

പ്രദേശത്തിന്റെ മൊത്തം ഉത്പാദനം ഉയർത്തി കൊണ്ട് സാമൂഹിക സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിനും പ്രത്യക്ഷവും പരോക്ഷവുമായ തൊഴിൽ സാധ്യതകൾ ഉയർത്തിക്കൊണ്ട് വരുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും അതു വഴി പ്രത്യക്ഷമായും പരോക്ഷമായും സംഭവിക്കുന്ന നഗരവൽക്കരണത്തെ അന്തർദേശിയ നിലവാരത്തിലേക്ക് എത്തിക്കുന്നതിനും ഈ രണ്ടു പദ്ധതികളും സഹായിക്കും എന്നത് നിസംശയമാണ്. നഗരവൽക്കരണ തോത് അനിയന്ത്രിതമായി ഉയരുന്നത് ജില്ലയിലെ നഗരാസൂത്രണത്തിന്റെ അനിവാര്യതയെ ചൂണ്ടിക്കാണിക്കുന്നു.

3.6.3 നഗരം നേരിടുന്ന പ്രശ്നങ്ങൾ

നഗരവൽക്കരണത്തിന്റെ ഫലമായി നഗരം നേരിടുന്ന ഭവിഷ്യത്തുകളിൽ പ്രധാനപ്പെട്ട ഒരു കാര്യം

സാമൂഹ്യമായ പ്രശ്നങ്ങളാണ്. ദ്രുതഗതിയിലുള്ള നഗരവൽകരണം, കൂടിയ ജനസാന്ദ്രത, വികസനത്തിനുള്ള ഭൂവിനിയോഗത്തിന്റെ അപര്യാപ്തത, നിർമാണ മേഖലയിലും മറ്റു തൊഴിൽമേഖലകളിലും കൂടുതലായുള്ള മാനവവിഭവശേഷിയുടെ ആവശ്യകതയ്ക്ക് കാരണമായി തീരുന്നു. ഇതിന്റെ ഫലമായി വളരെ ഉയർന്ന തോതിൽ ഇതര സംസ്ഥാനങ്ങളിൽ നിന്നും തൊഴിലാളികൾ ഇവിടെ എത്തിച്ചേരുന്നു. ഇവരുടെ ആരോഗ്യം, ജീവിത പരിസരം എന്നിവ തദ്ദേശീയരായ ആളുകളുടെ ആരോഗ്യത്തെ ബാധിക്കുന്നു. മിക്കപ്പോഴും അനാരോഗ്യരമായ ചുറ്റുപാടുകളിലാണ് ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്നത് എന്നുള്ളത് ആരോഗ്യ മേഖലയിൽ പകർച്ച വ്യാധികളും മറ്റും വ്യാപിക്കുന്നതിന് ഒരു പ്രധാന കാരണങ്ങളിലൊന്നായി മാറുന്നു. അന്യസംസ്ഥാന തൊഴിലാളികളുടെ കണക്കുകൾ പരിശോധിക്കുകയാണെങ്കിൽ അതിലെ തന്നെ മാസങ്ങളായി ഇവിടെ താമസിക്കുന്നവരും വന്നു പോയ്ക്കൊണ്ടിരിക്കുന്നതുമായ രണ്ടു വിഭാഗങ്ങളെ കാണാൻ സാധിക്കുന്നു. ഇതും ആരോഗ്യ മേഖലയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ഘടങ്ങളാണ്.

നഗരവൽക്കരണത്തിന്റെ ഫലമായി ഉണ്ടായ രണ്ടാമത്തെ പ്രശ്നം കുടിവെള്ളവുമായി ബന്ധപ്പെട്ടിരിക്കുന്നു. ശുദ്ധമായ കുടിവെള്ളത്തിന്റെ ലഭ്യത നഗരത്തിന്റെ പല ഭാഗങ്ങളിലും ഇല്ല എന്നുള്ളത് ഒരു വസ്തുതയാണ്. അനിയന്ത്രതമായതും അശാസ്ത്രീയമായതുമായ നിർമാണ പ്രവർത്തനങ്ങൾ കാരണം ആവശ്യത്തിന് ജലസ്രോതസുകൾ ഉണ്ടായിരിക്കുന്ന സാഹചര്യം മാറിയിരിക്കുന്നു. ശുദ്ധമായ കുടിവെള്ളത്തിന്റെ ലഭ്യത നഗരപ്രദേശത്തിന്റ പലഭാഗത്തും ഇല്ല. ഭൂമിശാസ്ത്ര പരമായി നോക്കിയാൽ കണ്ണൂർജില്ല ജലലഭ്യതയ്ക്ക് കുറവുള്ള പ്രദേശങ്ങൾ ആയിരുന്നില്ല. എന്നാൽ വലിയ രീതിയിൽ നീർത്തടങ്ങൾ നികത്തപ്പെടുകയും കുന്നുകൾ ഇല്ലാതാക്കുകയും ചെയ്തത് ജല ലഭ്യതയെ ബാധിച്ചിട്ടുണ്ട്. ശുദ്ധമായ കുടിവെള്ളം ആവശ്യത്തിന് ലഭിക്കാത്ത സാഹചര്യം ഗുരുതര ആരോഗ്യ പ്രതിസന്ധികൾ ഉണ്ടാക്കുന്നു. വേനൽക്കാലം ആരംഭിക്കുന്നതോടെ ഭൂരിപക്ഷം കുടുംബങ്ങളും കുടിവെള്ളത്തിന് പ്രയാസമനുഭവിക്കുന്നവരാണ്. പൊതു ടാപ്പ്, കുഴൽകിണർ, അയൽവീടുകളിലെ കിണറുകൾ ഇവയൊക്കെ ആശ്രയിച്ചാണ് പരിഹാരം കാണുന്നത്

ശാസ്ത്രീയമായരീതിയിലുള്ള മാലിന്യ സംസ്കരണത്തിന്റെ അഭാവം ആണ് മറ്റൊരു പ്രശ്നം. അനുദിനം നഗരവൽക്കരിക്കപ്പെടുന്ന ഒരു ജില്ല എന്ന നിലയിൽ സംസ്കരിക്കപ്പെടാത്ത മാലിന്യങ്ങൾ വലിയ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നു. പൊതുസ്ഥലങ്ങളിലും ജോലിയിടങ്ങളിലും പ്രാഥമികാവശ്യങ്ങൾ നിർവഹിക്കാനുള്ള സൗകര്യങ്ങളുടെ അഭാവം, അശാസ്ത്രീയമായ ഗതാഗത ശൃംഖലകളും ആനുപാതികമല്ലാത്ത റോഡ് ശൃംഖലങ്ങളും നഗരവൽക്കരണത്തിന്റ മറ്റൊരു ഭവിഷ്യത്താണ്. മിക്ക റോഡുകളും ഉൾക്കൊള്ളാവുന്ന അളവിനെനേക്കാൾ കൂടുതൽ വാഹനങ്ങളാൽ നിറഞ്ഞിരിക്കുന്നു. മികച്ച രീതിയിലുള്ള റോഡ്, റെയിൽശൃംഖല, ബൈപാസുകൾ, നിലവിലുള്ള റോഡുകളുടെ നിലവാരവും ശേഷിയും മെച്ചപ്പെടുത്തൽ തുടങ്ങിയവയുടെ ആവശ്യകതകളിലേക്ക് ഇവ വിരൽചൂണ്ടുന്നു.

ഇപ്രകാരം മികച്ചതും ശാസ്ത്രീയവുമായ രീതിയിലുള്ള ആരോഗ്യ രക്ഷാമാർഗങ്ങൾ, കുടിവെള്ളം, മാലിന്യ നിർമാർജനം, ഗതാഗത ശൃംഖലകൾ, തുടങ്ങിയ ഘടകങ്ങൾ നഗരവൽക്കരണത്തെ മികവുറ്റതും ശാസ്ത്രീയവും ആക്കി മാറ്റുന്നു.

പാരമ്പര്യ സൂക്ഷ്മ സംരംഭങ്ങളിലൂടെ ജീവിതം നയിച്ചിരുന്ന ഒട്ടനവധി കുടുംബങ്ങൾ വസിച്ചിരുന്ന ജില്ലയാണ് കണ്ണൂർ. ബീഡി,നെയ്ത്ത്, കള്ള്ചെത്ത്, എണ്ണ ആട്ടൽ, അവിലിടി, മൺപാത്ര നിർമാണം, മുറം, പായ, കുട്ട മടയൽ തുടങ്ങിയ കുടിൽവ്യവസായങ്ങൾ നിലനിന്നിരുന്നു. കൂടാതെ കല്ലുകൊത്ത്, കരിങ്കൽക്വാറി തുടങ്ങിയ വ്യവസായങ്ങളും ഉണ്ടായിരുന്നു. യന്ത്രവൽക്കരണത്തിന്റെ ഭാഗമായി നാമ മാത്രമായ തൊഴിലാളികൾ മാത്രമാണ് ഇപ്പോൾ അവശേഷിക്കുന്നത്.

പ്രത്യേക പരിഗണന കൊടുക്കേണ്ട വിഭാഗമാണ് വൃദ്ധർ. നഗരവൽക്കരണത്തിന്റെ ഭാഗമായി വയോജനങ്ങളിൽ വലിയ ഒരു വിഭാഗം ഒറ്റപ്പെടൽ അനുഭവിക്കുന്നവരാണ്. മറ്റുള്ളവരുമായി ഇടപെടാനുള്ള അവസരം അവർക്ക് ലഭ്യമാക്കണം. മുഴുവൻ വയോജനങ്ങളെയും സാമൂഹ്യ സുരക്ഷ പെൻഷനിൽ ഉൾപ്പെടുത്തി വരുമാനം ഉറപ്പു വരുത്തണം.

ഭവന നിർമാണ മേഖല പരമ്പരാഗതമായ വാസ്തുശില രീതിതന്നെയാണ് തുടരുന്നതെങ്കിലും ഗൾഫ് പണത്തിന്റെ സ്വാധീനവും ഇടത്തരക്കാർക്കിടയിലുണ്ടായ സാമ്പത്തികാഭിവൃദ്ധിയും മൂലം നഗരങ്ങളിൽ ചെറുതായിട്ടുള്ള മാറ്റങ്ങൾ പ്രകടമാണ്. ഉത്പാദന മേഖലയിൽ മുതൽമുടക്കി ക്രിയാത്മകമായി തിരിച്ചുവിടേണ്ട പണം നിഷ്ക്രിയമായി പോകുന്നതിനും മരവിക്കുന്നതിനും ആർഭാടപൂർണമായ കെട്ടിട നിർമാണ രീതി ഇടയാക്കുന്നു.

3.6.4 നഗരവീക്ഷണം 2021

2021 ലെ നഗരവീക്ഷണത്തിൽ ഉൾപ്പെടുന്ന നഗരസമുച്ചയങ്ങൾ ഇടനാഴികളിലൂടെ പിന്നെയും വളരുകയും പ്രധാന ദേശീയപാതയിൽ ഏറ്റവും അടുത്തുള്ള സമുച്ചയങ്ങളെ കൂട്ടിച്ചേർത്ത നഗര ഇടനാഴിക രൂപപ്പെടുകയും ചെയ്യുമെന്ന് അനുമാനിക്കുന്നു. ഭൗതികവികസനവും നഗര സമുച്ചയങ്ങളുമായുള്ള സാമീപ്യവും കണക്കിലെടുത്താണ് നഗര ഇടനാഴികൾ നിർണയിച്ചിരിക്കുന്നത്.

കണ്ണൂ കാസറഗോഡ് ദേശിയ പാതയും കണ്ണൂർ ഇന്റർനാഷണൽ വിമാനത്താവളത്തിന്റെ സാന്നിധ്യം

കൊണ്ട് തലശ്ശേരി-കൂർഗ് സംസ്ഥാന പാത, മട്ടന്നൂ കണ്ണൂർപാത എന്നിവയും കണ്ണൂ ജില്ലയിലെ പ്രധാന നഗര ഇടനാഴികളായി രൂപപ്പെടുന്നു.

അഴിക്കൽ തുറമുഖത്തിന്റെയും മട്ടന്നൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെയും വരവ് ജില്ലയുടെ വികസനത്തിൽ പുത്തനുണർവ് ഉണ്ടാക്കും. അവയോടു ചേർന്ന പ്രദേശങ്ങളിൽ വ്യവസായവൽക്കരണതിനുള്ള സ്ഥലം ലഭ്യമാണെന്നുള്ളതും ഈ പ്രദേശങ്ങളിൽ കാർഷിക മേഖലയോടനുബന്ധിച്ചുള്ള വ്യവസായത്തിന് വേണ്ടുന്ന തേങ്ങ, കശുവണ്ടി, റബ്ബർ, കൈതച്ചക്ക തുടങ്ങിയ അസംസ്കൃത വസ്തുക്കളുടെ സുലഭമായ ലഭ്യതയും കിൻഫ്ര വ്യവസായ പാർക്കുകൾപോലുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതും ജില്ലയുടെ വടക്കു കിഴക്കൻമേഖലയിൽ ഭാവിയിലെ നഗരവൽക്കരണ തോത് ഉയർത്തുമെന്നതിന്റെ സൂചികയാണ്.

കണ്ണൂരിന്റെ മുഖമുദ്രയായ കൈത്തറി വ്യവസായത്തിന്റെ പുനരുദ്ധാനം മേൽവ്യവസായ വളർച്ചക്കൊപ്പം ചേർത്തു വയ്ക്കുമ്പോൾ കേരളത്തിലെ ഏറ്റവും കൂടുതൽ നഗര വളർച്ചയുള്ള ജില്ല എന്ന കണ്ണൂരിന്റെ നഷ്ടപ്പെട്ട സ്ഥാനം വരും ദശകങ്ങളിൽ തിരിച്ചു ലഭിച്ചേക്കുമെന്നു കരുതാം.

3.7 വികസന ശ്രേണിയിലെ ക്രമം

ഒരു തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ലഭ്യമായ മൊത്തം സൗകര്യങ്ങളുടെ സൂചികയുടെ അടിസ്ഥാനത്തിലാണ് ഒരു പ്രദേശത്തിന്റെ വികസന ശ്രേണിയിലെ ക്രമം കണ്ടു പിടിക്കുന്നത്. ഇതിനായി ഓരോ പ്രദേശങ്ങളിലെയും താഴെ പറയുന്ന സൗകര്യങ്ങളുടെ സാന്നിധ്യവും എണ്ണവും കണക്കാക്കപ്പെടുന്നു.

1.വിദ്യാഭ്യാസ സൗകര്യങ്ങൾ
2.ആരോഗ്യ സൗകര്യങ്ങൾ
3.വിപണികളുടെ ലഭ്യത
4.കൃഷിയും അനുബന്ധ മേഖലയും
5.ഭൗതിക-സാമൂഹിക പശ്ചാത്തല സൗകര്യങ്ങൾ
6.ഗതാഗത സൗകര്യങ്ങൾ

ജില്ലയിലെ ലഭ്യമായ സൗകര്യങ്ങൾക്ക് ഓരോ വെയിറ്റെജ് കൊടുത്ത് സൗകര്യങ്ങളുടെ സൂചിക കണ്ടു പിടിക്കുന്നു. ഓരോ തദ്ദേശ ഭരണ സ്ഥാപന പ്രദേശത്തും നിലവിലുള്ള ഭൗതിക-സാമൂഹിക പശ്ചാത്തല സൗകര്യങ്ങളുടെ അടിസ്ഥാനത്തിലാണ് വികസന ശ്രേണിയിലെ ക്രമം നിർണയിക്കുന്നത്. ഒരു ജില്ലയിലെ ഉയർന്ന ഗണത്തിലെ കൂടുതൽ എണ്ണം പശ്ചാത്തല സൗകര്യങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്ന തദ്ദേശ ഭരണ പ്രദേശമായിരിക്കും ഒന്നാം ക്രമത്തിലുള്ളത്. തുടർന്ന് താഴോട്ടു രണ്ടാം ക്രമം, മൂന്നാം ക്രമം എന്നിങ്ങനെ ക്രമം നൽകുന്നു. താഴെ

കൊടുത്തിരിക്കുന്ന ചിത്രത്തിൽ ജില്ലയിലെ ഓരോ ക്രമത്തിലുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ എണ്ണം കാണിച്ചിരിക്കുന്നു.



ചിത്രം 3.40 : ജില്ലയിലെ ഓരോ ക്രമത്തിലുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ എണ്ണം

400ന മുകളിൽ നിരക്കുള്ള പ്രദേശങ്ങളെ ഒന്നാം ക്രമത്തിലും 100നും 400നും ഇടയിലുള്ളതിനെ രണ്ടാം ക്രമത്തിലും 70– 100നും, 45–70നും, 0–45 നും ഇടയിലുള്ളതിനെ മൂന്ന്, നാല്, അഞ്ച് എന്നിങ്ങനെയുള്ള ക്രമത്തിലും രേഖപ്പെടുത്തിയിരിക്കുന്നു. താഴെ കാണിച്ചിരിക്കുന്ന ക്രമങ്ങളിൽ ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളെ തരംതിരിച്ചിരിക്കുന്നു.



ചിത്രം 3.41 : തദ്ദേശ ഭരണ സ്ഥാപനങ്ങളും അവയുടെ ക്രമവും



ചിത്രം 3.42 : ജില്ലയിലെ ജനസാന്ദ്രതയും വികസനക്രമവും

ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ക്രമത്തിന്റെ തരം തിരിച്ചുള്ള പട്ടിക **അനുബന്ധം 16** ൽ നൽകിയിരിക്കുന്നു.

ഒന്നാം ക്രമത്തിലെയും രണ്ടാം ക്രമത്തിലെയും തദ്ദേശ ഭരണ സ്ഥാപനങ്ങൾ ദേശീയ പാതയ്ക്കും സംസ്ഥാന ദേശീയ പാതയ്ക്കും അരികിലായി കാണപ്പെടുന്നു. ഒന്നാം ക്രമത്തിലുള്ള നഗരമായ തലശ്ശേരി കേരളത്തിലെ ഒന്നാം ഗ്രേഡിലുള്ള മുൻസിപ്പാലിറ്റികളിൽ ഉൾപ്പെടുന്നു.

ജില്ലയുടെ വടക്ക്–കിഴക്ക് ഭാഗങ്ങളിലും തെക്ക്–കിഴക്ക് ഭാഗങ്ങളിലും ഒന്ന്, രണ്ട് ക്രമങ്ങളിലുള്ള തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങൾ നിലവിലില്ല. ഈ സാഹചര്യത്തിൽ ആലക്കോട്, പേരാവൂർ എന്നിവയെ രണ്ടാം ക്രമത്തിലേക്ക് ഉയർത്തുന്നതിനാവശ്യമായ വികസന പ്രവർത്തനങ്ങൾ നടത്താവുന്നതാണെന്ന് കാണുന്നു. ധർമടം പഞ്ചായത്ത് രണ്ടാം ക്രമത്തിലേക്ക് ഉയർത്തപ്പെടാനുള്ള കാരണം തലശ്ശേരി നഗരസഭയുടെ സാമിപ്യവും അതുമൂലമുണ്ടായ വികസനവുമാണ്. സമീപഭാവിയിൽ തന്നെ ഈ പഞ്ചായത്ത് നഗരസഭയുടെ ഭാഗമായി മാറാനുള്ള സാധ്യത വളരെയധികമാണ്.

അനുമാനങ്ങളും നിർദേശങ്ങളും:

- ജനസാന്ദ്രതയും വികസന ശ്രേണിയിലെ ക്രമവും തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ കൂടുതൽ ജനസാന്ദ്രതയുള്ള പ്രദേശങ്ങൾ മിക്കതും ആദ്യത്തെ മൂന്ന് ക്രമങ്ങളിൽ ഉൾപ്പെടുന്നു.
- അതിൽനിന്നും വിപരീതമായി കുറച്ച പ്രദേശങ്ങൾ പാപ്പിനിശ്ശേരി, വളപട്ടണം, കടമ്പൂർ, കോട്ടയം മലബാർ, എരഞ്ഞോളി, കതിരൂർ, പന്ന്യന്നൂർ, ചൊക്ലി, ന്യൂമാഹി എന്നിവയെ അവസാന ക്രമങ്ങളിൽ കാണാവുന്നതാണ്.
- ജനസംഖ്യയ്ക്ക് അനുസൃതമായ ഭൗതിക-സാമൂഹിക പശ്ചാത്തല സൗകര്യങ്ങളുടെ ആവശ്യകതയാണ് ഇതിൽ നിന്നും മനസ്സിലാക്കാവുന്നത്.
- ഇരിട്ടി, ശ്രീകണ്ഠപുരം, പാനൂർ എന്നീ നഗരസഭകളിൽ നഗരവൽക്കരണം ഭാഗികമായി മാത്രം നടന്നിട്ടുള്ളൂ എന്നതിനാൽ കാർഷിക മേഖലകൾക്കും കാർഷിക അനുബന്ധ മേഖലകൾക്കും മുൻതൂക്കം നൽകേണ്ടതാണ്.

3.8 ഗതാഗത ശൃംഖല പഠനം

ഏതൊരു പ്രദേശത്തിന്റെയും ചലനാത്മകത ഉറപ്പ് വരുത്തുന്നത് അവിടുത്തെ ഗതാഗത സംവിധാനങ്ങളുടെ കാര്യക്ഷമതയാണ്. ഗതാഗതമേഖലാ വികസനത്തെ അവഗണിച്ചുകൊണ്ട് ഒരു നഗരാസൂത്രണമോ മേഖലാ ആസൂത്രണമോ ചെയ്യുന്നതിന് യാതൊരു ഫലവും ഉണ്ടാവില്ല. ആസൂത്രണ പദ്ധതിയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു മേഖലാ ഗതാഗത മേഖലയാണെന്നത് അവിതർക്കമാണ്.

ഇക്കണോമിക്ക് റിവ്യു 2016 ലെ കണക്ക് പ്രകാരം 2015/16 ൽ കേരളത്തിലെ ആകെ റോഡുകളുടെ നീളം 205545.6 കിലോമീറ്ററാണ്. അതായത് 100 സ്ക്വയർ കിലോ മീറ്റർ സ്ഥലത്ത് 529 കി. മീ. റോഡ് എന്ന റോഡ് സാന്ദ്രത 387/km/100sq.km എന്ന നാഷണൽ ശരാശരിയേക്കാൾ എത്രയോ ഉയരെയാണിത്. എന്നാൽ ഈ റോഡുകളിൽ 90 % വും ഗുണനിലവാരമില്ലാത്ത ഏകവരിപ്പാതകളാണ്. കണ്ണൂർ ജില്ലയും ഇതിൽ നിന്ന് വിഭിന്നമല്ല. എന്നിരുന്നാലും വില്ലേജ് റോഡുകളുൾപ്പെടെയുള്ള പ്രധാന റോഡുകൾ അടങ്ങുന്ന 5100 കി. മീ. ഓളം വരുന്ന ഒരു റോഡ് ശൃംഖല ജില്ലയ്ക്കുണ്ട്. ഇതിന്റെ പലമടങ്ങ് ഏകവരിപാതകളും ഫുട്പാത്തുകളും ജില്ലയ്ക്കുണ്ട്. കണ്ണൂരിലെ റോഡുകൾ ഉൾപ്പെടുത്തിയ ഗതാഗത ശൃംഖലയുടെ മാപ്പ് താഴെ ചേർത്തിരിക്കുന്നു.



ചിത്രം 3.43 : ജില്ലയിലെ ഗതാഗത ശൃംഖലകൾ

81 കിലോമീറ്റർ ദൂരത്തിൽ NH66 ഉം 245 കി.മീ ദൂരത്തിൽ സ്റ്റേറ്റ് ഹൈവേകളും ജില്ലയിലൂടെ കടന്നു പോകുന്നു. തലശ്ശേരി, കണ്ണൂർ, തളിപ്പറമ്പ് തുടങ്ങിയ ജില്ലയിലെ പ്രധാന നഗര കേന്ദ്രങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് തെക്കു വടക്കായി കടന്നുപോകുന്ന NH66 തന്നെയാണ് ജില്ലയിലെ ഏറ്റവും പ്രധാന റോഡ്. ആയതിൽ നിന്ന് തുടങ്ങുന്ന സ്റ്റേറ്റ് ഹൈവേ 30ഉം 36 ഉം ഇരിട്ടിയിൽ വച്ച് സംയോജിച്ച് ജില്ലയ്ക്ക് പുറത്ത് കൂർഗ് വഴി കർണാടകയിലെ വിവിധ സ്ഥലങ്ങളിലേക്കുള്ള യാത്രാ മാർഗമാവുന്നു. കണ്ണൂരിനെയും കുറ്റ്യാടിനേയും ബന്ധിപ്പിക്കുന്ന സ്റ്റേറ്റ് ഹൈവേ 38 ജില്ലയ്ക്ക് പുറത്ത് കോഴിക്കോട് കുറ്റ്യാടി പ്രദേശങ്ങളിലേക്കുള്ള പ്രധാന യാത്രാമാർഗമാണ്. മാനന്തവാടിയേയും കണ്ണൂരിനേയും ബന്ധിപ്പിക്കുന്ന SH-59 കണ്ണൂർ ജില്ലയ്ക്ക് ഒരു മലയോര ഹൈവേയുടെ ഗുണം നൽകുന്നു. ഈ NH, SH കളെ ബന്ധിപ്പിച്ചുകൊണ്ടാണ് പ്രധാന ജില്ലാ റോഡുകൾ നില നിലനിൽക്കുന്നത്. മറ്റ് ജില്ലാ റോഡുകൾ കൂടി ആവുമ്പോൾ ജില്ലയ്ക്ക് ഒരു ശക്തമായ ഗതാഗത ശൃംഖല കൈവരുന്നുണ്ട്. എന്നാൽ ആയതിൽ പലതും റോഡ് ജിയോമെട്രിക് സ്റ്റാൻഡേർഡ് പാലിക്കാത്തവയും വീതി വളരെ കുറഞ്ഞവയുമാകുന്നതിനാൽ പല പ്രദേശങ്ങളിലും ഗതാഗത പ്രശ്നങ്ങൾ അനുഭവപ്പെടാറുണ്ട്.

റോഡുകളെ കൂടാതെയുള്ള പ്രധാന ഗതാഗത മാർഗം റെയിൽവേയാണ്. ഷൊർണൂർ-മംഗലാപുരം റെയിൽവേ ലൈൻ NH നോടു സമാന്തരമായി തെക്ക് വടക്ക് ദിശയിൽ തന്നെയാണുള്ളത്. അന്തർജില്ലാ/സംസ്ഥാന യാത്രക്കൾക്കാണ് റെയിൽവേ പ്രധാനമായും ഉപയോഗിക്കപ്പെടുന്നതെങ്കിലും ജില്ലയുടെ പടിഞ്ഞാറ് ഭാഗത്തുള്ളവർ ജില്ലക്കുള്ളിലെ യാത്രകൾക്കും റെയിൽവേ സൗകര്യം ഉപയോഗപ്പെടുത്തുന്നുണ്ട്.

ഇവ കൂടാതെ വളപട്ടണത്തും കൊറ്റിയിലും മറ്റും നാമമാത്രമായി ജലഗതാഗത സൗകര്യങ്ങളും നിലനിൽക്കുന്നുണ്ട്. ജില്ലയിലെ പ്രധാന റോഡുകളും റെയിൽവേ ലൈനും പുഴകളും പ്രധാനപ്പെട്ട കേന്ദ്രങ്ങളും കാണിക്കുന്ന മാപ് ചുവടെ ചേർക്കുന്നു



ചിത്രം 3.44 : ജില്ലയിലെ വികസന കേന്ദ്രങ്ങളും ഗതാഗത ശൃംഖലകളും

വിവിധ ത.സ്വ.ഭ. സ്ഥാപനങ്ങളിലൂടെ കടന്നു പോവുന്ന പ്രധാന റോഡുകളുടെ നീളം ഉൾപ്പെടുത്തിയ പട്ടിക താഴെ ചേർക്കുന്നു. ഏറ്റവും കൂടുതൽ റോഡ് നീളം വരുന്നത് കണ്ണൂർ കോർപറേഷനിലാണ്. ഏറ്റവും കുറവ് വരുന്നത് വളപട്ടണം പഞ്ചായത്തിലാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെ കടന്നു പോകുന്ന പ്രധാന റോഡുകളുടെ നീളം **അനുബന്ധം 17** ൽ കൊടുക്കുന്നു

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിസ്തൃതി ഇതിനു ഒരു പ്രധാന ഘടകം ആണ് എന്ന് കാണാം. എന്നാൽ വളപട്ടണത്തിന്റെ കാര്യത്തിൽ, കുറഞ്ഞ വിസ്തൃതിക്കൊപ്പം ഉയർന്ന ജനസാന്ദ്രതയും ഈ കുറവിന് കാരണമാണെന്ന് കാണാം. ഇതിൽ ഏറ്റവും ശ്രദ്ധേയമായ ഒരു കാര്യം, റോഡ് സാന്ദ്രതയിൽ ഏറ്റവും മുൻപിൽ നിൽക്കുന്ന വളപട്ടണം പഞ്ചായത്ത് പ്രധാന റോഡുകളുടെ ആകെ നീളത്തിന്റെ കാര്യത്തിൽ ഏറ്റവും പിന്നിലാണ് എന്ന വസ്തുതയാണ്. എന്നാൽ മുഴപ്പിലങ്ങാട്, കടമ്പൂർ തുടങ്ങി പല പഞ്ചായത്തുകളും റോഡ് സാന്ദ്രതയിലും നീളത്തിലും വളരെ പിന്നോക്കം നിൽക്കുന്നു എന്നും കാണാം.

വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റോഡ് സാന്ദ്രത മാപ് ചുവടെ ചേർക്കുന്നു. മലയോര പ്രദേശങ്ങളിൽ റോഡുകളുടെ ശൃംഖല വളരെ കുറവാണെന്ന കാര്യം ആയതിൽനിന്ന് വ്യക്തമാവുന്നുണ്ട് .



ചിത്രം 3.45 : ജില്ലയിലെ ഓരോ തദ്ദേശ പ്രദേശത്തുമുള്ള റോഡിന്റെ വിന്യാസം

പ്രധാന റോഡുകളുടെ സാന്ദ്രതയിൽ ഏറ്റവും മുൻപിൽ നിൽക്കുന്നത് വളപട്ടണം പഞ്ചായത്താണ്. ഒരു സ്കയർ കിലോമീറ്ററിന് 3.27 കീ.മീ ആണ് ഇവിടുത്തെ റോഡ് സാന്ദ്രത. ശേഷം തലശ്ശേരി കോർപറേഷനും മാടായി പഞ്ചായത്തും വരുന്നു. ആദ്യത്തെ പത്തു സ്ഥാനങ്ങളിൽ കണ്ണൂർകോർപറേഷനും, തളിപ്പറമ്പ്, ആന്തൂർമുൻസിപ്പാലിറ്റികളും ഉൾപ്പെടുന്നു. ഏറ്റവും കുറവ് റോഡ്സാന്ദ്രത വരുന്നത് കൊട്ടിയൂർ, കേളകം, അയ്യൻകുന്ന്, കീഴല്ലൂർ, ആറളം എന്നീ പഞ്ചായത്തുകളിലാണ്. എന്നാൽ ഈ പഞ്ചായത്തുകളെല്ലാം തന്നെ ധാരാളം വന പ്രദേശങ്ങളും കാർഷിക മേഖലകളും അടങ്ങിയിട്ടുള്ളവയാണ്.

എന്നാൽ ജനസംഖ്യാനുപാതികമായി പ്രധാന റോഡുകളുടെ കാര്യം പരിശോധിക്കുമ്പോൾ ഉദയഗിരി പഞ്ചായത്താണ് മുൻപന്തിയിൽ. ഇവിടെ 1000 ജനങ്ങൾക്ക് 5.62 കി.മീ റോഡ് എന്ന അനുപാതത്തിൽ വരുന്നുണ്ടെന്ന് കാണാം. പെരിങ്ങോം-വയക്കര, എരമം-കുറ്റൂർ, അയ്യൻകുന്ന്, കണിച്ചാർ തുടങ്ങിയ പഞ്ചായത്തുകളാണ് മുൻനിരയിൽ വരുന്നത്. ഈ രീതിയിൽ പരിഗണിക്കുപ്പോൾ കണ്ണൂർ കോർപറേഷൻ ആസ്ഥാനത്തും തലശ്ശേരി മുൻസിപ്പാലിറ്റി 70 സ്ഥാനത്തുമാണ് വരുന്നത്. ഏറ്റവും കുറവ് വരുന്നത് മുഴപ്പിലങ്ങാട് പഞ്ചായത്തിലാണ് എന്നു കാണാം.

ഗതാഗത ശൃംഖലയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ക്രമവും പരിശോധിക്കുമ്പോൾ എല്ലാ Ist ഓർഡർ, IInd ഓർഡർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പ്രധാന റോഡുകളാൽ ബന്ധപ്പെട്ടിട്ടുണ്ടെന്ന് കാണാം.



ചിത്രം 3.46 : റോഡ് ശൃംഖലകളും പ്രദേശത്തിന്റെ വികസനക്രമവും

ജില്ലയുടെ ഗതാഗത ശൃംഖലയിൽ സ്വാധീനം ചെലുത്താനും ഭാവിയിൽ മാറ്റങ്ങൾ വരുത്താനും ഉതകുന്ന

ചില പ്രോജക്ടുകളുടെ പഠനം കൂടി ഗതാഗത ശൃംഖല പഠനത്തിൽ ഉൾപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. കണ്ണൂർ അന്തർദേശീയ വിമാനത്താവളം, അഴീക്കൽ തുറമുഖം, മലയോര ഹൈവേ, തീരദേശ ഹൈവേ, ജലപാതകൾ തുടങ്ങിയ പ്രോജക്ടുകൾ ജില്ലയിലെ ഗതാഗത ശൃംഖലയെ സ്വാധീനിക്കുന്നതാണ്.

അന്തർദേശീയ നിലവാരത്തിൽ മട്ടന്നൂരിൽ പണിപൂർത്തിയായി വരുന്ന വിമാനത്താവളം, സമീപ ജില്ലകളുമായും കൂടാതെ തുടങ്ങിയ സമീപ സംസ്ഥാനത്തെ പ്രദേശങ്ങളുമായും മികച്ച ഗതാഗത ശൃംഖലകളുമായും ബന്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതകളിലേക്ക് വിരൽചൂണ്ടുന്നു. പ്രസ്തുത പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് സ്റ്റേറ്റ് ഹൈവേയുടെ നിലവാരത്തിലുള്ള റോഡുകളും കണ്ണൂർനഗരവും മട്ടന്നൂരും മറ്റു സമീപ പ്രദേശങ്ങളും റെയിൽവേ സ്റ്റേഷനുകളിലേക്കും ബന്ധിപ്പിക്കുന്നതിനാവശ്യമായ പ്രധാന റോഡുകളും ഭാവിയിൽ രൂപപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ ആവശ്യമാണ്.

വിമാനത്താവളവുമായി ബന്ധപ്പെട്ട പഠനങ്ങൾ വെളിവാക്കുന്നത് 50% ആൾക്കാർ കണ്ണൂരിരിൽ നിന്നും ബാക്കി 50% ആൾക്കാർ സമീപ ജില്ലകളിലെ പ്രദേശങ്ങളായ വടകര, കാഞ്ഞങ്ങാട്, കാസറഗോഡ്, കൂടാതെ തുടങ്ങിയിടങ്ങളിൽ നിന്നും ആണെന്നുള്ളതാണ്. അതിനാൽ ഈ പ്രദേശങ്ങളെയൊക്കെ വിമാനത്താവളവുമായി ബന്ധിപ്പിക്കുന്ന അന്താരാഷ്ട്ര നിലവാരത്തിലുള്ള ഗതാഗത ശൃംഖല ഭാവിയുടെ ആവശ്യമാണ്.

കണ്ണൂർ നഗരത്തിൽനിന്നും 10 കി.മീ. മാറി വളപട്ടണം പുഴയ്ക്കും മാട്ടൂൽപുഴയ്ക്കും ഇടയിലാണ് നിർദിഷ്ട അഴീക്കൽതുറമുഖം സ്ഥിതിചെയ്യുന്നത്. ഇവിടെ നിന്നും 2 കി.മീ. ദൂരത്തിൽ നാഷണൽ ഹൈവേയും റെയിൽപാതയും സ്ഥിതിചെയ്യുന്നു. 2020 ഓടുകൂടി അഴീക്കൽ തുറമുഖം കൈകാര്യം ചെയ്യുന്ന തീരദേശഗതാഗതം 1.6 മില്യൺ ടൺ ആയിരിക്കും എന്നുള്ളത് പഠനങ്ങൾ വെളിവാക്കുന്നു. ഈ പഠനങ്ങൾ സമീപ പ്രദേശങ്ങളുമായി തുറമുഖത്തെ ബന്ധിപ്പിക്കുന്ന മികച്ച ഗതാഗത സൗകര്യങ്ങളുടെ ആവശ്യകതയിലേക്ക് വിരൽചൂണ്ടുന്നു.

തീരദേശ മേഖലയിലെ ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നിർദേശിച്ച തിരുവനന്തപുരം പൂവാർ മുതൽ കാസറഗോഡ് തലപ്പാടി വരെയുള്ള നിർദിഷ്ട തീരദേശ ഹൈവേയും, ജില്ലയിലെ ഗതാഗത ശൃംഖലയിൽ മാറ്റങ്ങൾ വരുത്താനുതകുന്ന ഒരു പദ്ധതിയാണ്.

കാസറഗോഡ് നന്ദരപ്പടവ് മുതൽ തിരുവനന്തപുരം പാറശാല വരെ 1267 കി.മീ. നീണ്ട മലയോര ഹൈവേയും, ജില്ലയിലെ വിവിധ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ജലഗതാഗത പാതയും ജില്ലയിൽ ഗതാഗത ശൃംഖലയ്ക്ക് ഭാവിയിൽ മുതൽക്കൂട്ടാവുന്ന പദ്ധതികളാണ്.

ജില്ലയുടെ മുഴുവനായുള്ള ഗതാഗത ശൃംഖല പരിശോധിക്കുമ്പോൾ ചില പ്രദേശങ്ങളിൽ പ്രധാന റോഡുകളുടെ അപര്യാപ്തത കാണാം. ആയതിനാൽ പ്രധാനമായവ താഴെ ചേർക്കുന്നു.

കണ്ണൂർ ചക്കരക്കൽ മട്ടന്നൂർ

ചക്കരക്കൽ മയ്യിൽ ശ്രീകണ്ഠാപുരം–ചെമ്പൻതൊട്ടി

പഴയങ്ങാടി – തളിപറമ്പ്–പെരിങ്ങോം

പ്രസ്തുത പ്രദേശങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് സ്റ്റേറ്റ് ഹൈവേയുടെ നിലവാരത്തിലേക്ക് നിലവിലുള്ള റോഡുകൾ ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ ആവശ്യമാണെന്ന് കാണുന്നു.

അനുമാനങ്ങളും നിർദേശങ്ങളും:

- പര്യാപ്തമായ ഗതാഗത ശൃംഖല ജില്ലയ്ക്കുണ്ടെങ്കിലും ഇന്ത്യൻ റോഡ് സ്റ്റാൻഡേർഡ് പാലിക്കാത്തവയും വീതി കുറഞ്ഞവയുമായ റോഡുകളാണ് ഇവയിൽ മിക്കതും.
- റോഡുകളുടെ നിലവാരം മെച്ചപ്പെടുത്താനുള്ള നടപടികൾ ഓരോ തദ്ദേശ ഭരണ സ്ഥാപനങ്ങളും നടപ്പിലാക്കണം.
- ജില്ലയെ മൊത്തത്തിൽ പരിഗണിച്ച് പ്രധാന റോഡുകളുടെ ശൃംഖല കണ്ടെത്തേണ്ടതും അതിലെ റോഡുകളെല്ലാം SH/MDR നിലവാരത്തിലേക്ക് ഉയർത്തേണ്ടതുമാണ്.
- ജലഗതാഗതത്തിന്റെ സാധ്യത പഠനങ്ങൾനടത്തി അതിനു വേണ്ട അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക.

3.9 ഭൂപ്രകൃതി

സംസ്ഥാന ഭൂപ്രകൃതിയുടെ സവിശേഷതയായ മലനാട്, ഇടനാട്, തീരസമതലം എന്നീ മൂന്നു ഭൂരൂപങ്ങളും കണ്ണൂർജില്ലയിലും ഉൾപ്പെടുന്നുണ്ട്. തീരരേഖയ്ക്കു ഏതാണ്ട് സമാന്തരമായി ജില്ലയുടെകിഴക്കു ഭാഗത്ത് നീണ്ടുകിടക്കുന്ന സഹ്യാദ്രിനിരകൾക്ക് ദക്ഷിണദിശയിൽ ഉയരം വദ്ധിച്ചുകാണുന്നു. പൂർവസീമയിൽ വ്യക്തമായൊരു ജലവിഭാഗമായി വർത്തിച്ചുപോരുന്ന ഈ നിരകളിലുദ്ഭവിച്ച് പടിഞ്ഞാറോട്ടൊഴുകുന്ന നദികളിൽ

തെക്കുള്ളവയ്ക്ക് നീളം കൂടുതലാണ്. തലശ്ശേരി താലൂക്കിലാണ് ഉയരവും വിസ്തൃതിയേറിയ വനപ്രദേശങ്ങളുള്ളത്. വയനാടൻ പീഠപ്രദേശത്തിന്റെ വടക്കോട്ടുള്ള തുടർച്ചയാണ് ഈ മേഖല. തീരസമതലം, ഇടനാട് (7.5 മുതൽ 75 വരെ മീ. ഉയരം), മലനാട് എന്നീ മൂന്നു വിഭാഗങ്ങളും ഉൾക്കൊള്ളുന്നത് ജില്ലയിലെ തളിപ്പറമ്പ് താലൂക്കിൽ മാത്രമാണ്. കണ്ണൂർതാലൂക്ക് തീരസമതലത്തിലും ഇടനാട്ടിലുമായി വ്യാപിച്ചിരിക്കുന്നു. തലശ്ശേരി താലൂക്കിലുൾപ്പെടുന്ന കടൽത്തീരം കഠിനശിലകൾ കൊണ്ട് രൂപം കൊണ്ട പാറക്കെട്ടുകൾ നിറഞ്ഞതാണ്.

കണ്ണൂർ ജില്ലയെ ഭൂപ്രകൃതിയുടെ അടിസ്ഥാനത്തിൽ മൂന്നായി തരം തിരിച്ചിരിക്കുന്നു തീരപ്രദേശം, ഇടനാട്, മലനാട്. ഉയർന്ന കുന്നിൻ തട്ടുകളും, ചെരിവുള്ള പ്രദേശം, താഴ്വാരം, സമതലം എന്നിങ്ങനെയും പ്രദേശത്തെ ഭാഗിക്കപ്പെടുന്നു. ജില്ലയുടെ കിഴക്കൻ മലയോര മേഖല കുന്നുകളും വയലുകളും തോടുകളും അരുവികളും ഇടകലർന്ന ബഹുവിളകൾ കൊണ്ട് ഹരിതാഭമായ പ്രദേശമാണ്. മലകളുടേയും തീരപ്രദേശങ്ങൾക്കിടയിൽ കിടക്കുന്ന മധ്യഭാഗം പുഴകളും താഴ്വരകളും നിറഞ്ഞതാണ്.

നദിതീരങ്ങളൊഴികെ ജില്ലയുടെ ഒട്ടുമിക്ക പ്രദേശങ്ങളിലും ചെങ്കൽ മണ്ണിന്റെ ആവരണമാണുള്ളത്. പലയിടത്തും ചെങ്കൽ കുന്നുകളും ഉറപ്പേറിയ ചെങ്കൽപ്പാളികളും കാണാം. മാടായിപ്പാറ പ്രദേശങ്ങളുമുൾപ്പടെ കണ്ണൂർ കാസറഗോഡ് മേഖലയിലെ ഉറപ്പേറിയ ചെങ്കൽ അനാച്ഛാദനകൾ ശ്രദ്ധേയമാംവിധം വിസ്തൃതമായതാണ്. കിഴക്കോട്ടു പോകുന്തോറും കേരളത്തിന്റെ ഇതര ഭാഗങ്ങളിലേതു പോലെതന്നെ കുന്നുകളുടെയും മലകളുടെയും ഉയരവും വർധിക്കുന്നു.

ജില്ലയിലെ 87കി.മീ. ദൈർഘ്യമുള്ള കടലോരത്ത് ചെറുകിട കപ്പലുകൾക്ക് അടുക്കാവുന്ന ധാരാളം നൈസർഗിക തുറമുഖങ്ങളുണ്ട്. തീരദേശത്തുള്ള ഉറച്ച പരൽശിലകൾ കാരണം തീരത്തോടടുത്തു തന്നെ കടലിന് ആഴം താരതമ്യേന കൂടുതലാണ്.

3.9.1 ഭൂവിജ്ഞാനീയം

കണ്ണൂർജില്ലയിൽ പ്രധാനമായി നാലിനം ശിലാവ്യൂഹങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്.

(i) മലനാടു മേഖലയിൽകാണപ്പെടുന്ന പശ്ചിമദിശയിൽ ലാറ്ററൈറ്റ് അടങ്ങിയ

ആർക്കിയൻനയ്സുകളും ചാർണാക്കൈറ്റും ചേർന്നശിലാവ്യൂഹം;

(ii) സവിശേഷയിനം കായാന്തരിത ശിലാവ്യൂഹത്തിലേതായ ഷിസ്റ്റോസ് ശിലകൾ;

(iii) തീരദേശത്തു സഞ്ചിതമായ അവസാദശിലകൾ;

(iv) ഭൂവിജ്ഞാനപരമായി സമീപകാലത്തു രൂപംകൊണ്ട വെട്ടുകല്ലും (laterite)

നദീജന്യനിക്ഷേപങ്ങളും(alluvium).

ഇവയ്ക്കു പുറമേ കണ്ണൂരിന്റെ പലഭാഗങ്ങളിലും കാണപ്പെടുന്ന ഗാബ്രോ, ഡോളറൈറ്റ് ഡൈക്കുകൾ, ഗ്രാനൊഫൈറിക് ശിലാപിണ്ഡങ്ങൾ എന്നിവയും ധാരാളമായുണ്ട്. കണ്ണൂർജില്ലയിൽ ആധുനിക പര്യവേക്ഷണങ്ങളിലൂടെ കണ്ടെത്തിയ അനോർതൈസൈറ്റ് ശിലകൾ ചന്ദ്രനിൽനിന്നു കൊണ്ടു വന്ന ശിലാശേഖരങ്ങളിൽ കാണപ്പെടുന്ന ഈയിനം ശിലയോടു രാസരചനാപരമായി അസാമാന്യ സാദൃശ്യം പുലർത്തുന്നു എന്നത് സവിശേഷ ശ്രദ്ധയാകർഷിക്കുന്നു.

മയോസീൻ പ്ലയോസീൻ യുഗങ്ങളിൽ മലബാർ മേഖലയിലുണ്ടായ വിവർത്തനിക പ്രക്രിയകളിലൂടെ ഈ ഭൂപ്രദേശം 150മീ. ഓളം ഉയർന്നിട്ടുണ്ടെന്നു കണക്കാക്കപ്പെടുന്നു. **"എ ജേർണി ഫ്രം മദ്രാസ്തു മൈസൂർ, മലബാർ ആൻഡ് കാനറ"** എന്ന ഗ്രന്ഥത്തിൽ ഫ്രാൻസിസ് ബുക്കാനൻ കണ്ണൂർജില്ലയിൽ വ്യാപകമായുള്ള വെട്ടുകല്ലിനെപ്പറ്റി വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. 1807ൽ ഇദ്ദേഹമാണ് ഈയിനം ശിലയ്ക്ക് ഇഷ്ടിക എന്നർഥം വരുന്ന ലാറ്റർ എന്ന ലത്തീൻ പദത്തിൽ നിന്ന് ലാറ്ററൈറ്റ് എന്ന ശിലാനാമം നൽകിയത്.

82 ചതുരശ്ര കിലോമീറ്റർ വ്യാപിച്ചു കിടക്കുന്ന തീരദേശം കണ്ണൂർജില്ലയുടെ പ്രധാനപ്പെട്ട ഭൂസവിശേഷതയാണ്. മുഴപ്പിലങ്ങാട്, പയ്യാമ്പലം, ധർമടം, കിഴുന്ന, തലശ്ശേരി, മീൻകുന്നു, ഏഴിമല എന്നിവ തീരദേശ വിനോദ സഞ്ചാരത്തിന് പ്രസിദ്ധമാണ്.

കണ്ണൂർ ജില്ലയിലെ വിവിധ പ്രദേശങ്ങളുടെ ചെരിവിന്റെ അളവിന്റെ അടിസ്ഥാനത്തിലുള്ള മാപ്പ് ചുവടെ ചേർക്കുന്നു. ആയതിൽ ജില്ലയുടെ കിഴക്കൻ പ്രദേശങ്ങളിൽ ചെരിവിന്റെ കാര്യത്തിൽ മറ്റു പ്രദേശങ്ങളെ അപേക്ഷിചിച്ചു വ്യക്തമായ വ്യത്യാസം ഉണ്ടെന്നു കാണാം. ഇതേ സ്വഭാവം ജില്ലയുടെ തെക്ക് കിഴക്ക് ഭാഗത്തും, വടക്ക് പടിഞ്ഞാറെ മൂലയിലുള്ള ഏഴിമല ഭാഗത്തും കാണാം.



ചിത്രം 3.47 : ജില്ലയുടെ ചെരിവ് സൂചിപ്പിക്കുന്ന ഭൂപടം

ജില്ലയുടെ തദ്ദേശ സ്ഥാപനങ്ങളുടെ ശരാശരി ചെരിവ് താഴെ ചേർക്കുന്നു. ആയതു പരിശോധിച്ചാൽ ഭൂരിഭാഗം പ്രദേശങ്ങളും ശരാശരി 8 ഡിഗ്രി ചരിവിനു കീഴിൽ വരുന്നു എന്ന് കാണാം.

ജില്ലയുടെ തദ്ദേശ സ്ഥാപനങ്ങളുടെ ശരാശരി ചെരിവ് 0 -15 ഡിഗ്രി ക്കിടയിൽ ആണ്. ഈ പ്രദേശങ്ങൾ പ്രധാനമായും മനുഷ്യ ആവാസവ്യവസ്ഥിതിയ്ക്ക് യോജിച്ചതാണെന്നു ഇത് സൂചിപ്പിക്കുന്നു. ചില പ്രദേശങ്ങൾ 15-30 ഡിഗ്രിക്കിടയിലാണ്. ഇവ പ്രധാനമായും കൃഷിക്ക് യോജിച്ചതാണ്, ചില ഒറ്റപ്പെട്ട സ്ഥലങ്ങളിൽ 50 ഡിഗ്രിക്ക് മുകളിലായി ചരിവ് കാണപ്പെടുന്നു.

ജില്ലയിലെ ശരാശരി 8 ഡിഗ്രി ചരിവിൽ നിൽക്കുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിവരങ്ങൾ **അനുബന്ധം 18 ൽ** നൽകുന്നു.

അനുമാനങ്ങളും നിർദേശങ്ങളും:

- മണ്ണൊലിപ്പ് തടയുന്നതിനും ഭൂഗർഭജലം സംരക്ഷിക്കുന്നതിനും ആവശ്യമായ പദ്ധതികൾ LSG തലത്തിൽ നടപ്പിൽവരുത്തണം.
- ഖനന പ്രവർത്തനങ്ങൾ മാപ് ചെയ്ത് അനധികൃത ഖനനം അവസാനിപ്പിക്കണം.
- തീരദേശ മേഖലയിലെ ടൂറിസം സാധ്യതകൾ കണ്ടെത്തി അവ പ്രാദേശിക വികസനത്തിനായി ഉപയോഗപ്പെടുത്തുക.
- അന്താരാഷ്ട്ര നിലവാരമുള്ള മുഴപ്പിലങ്ങാട് ബീച്ച് ആധുനിക സൗകര്യങ്ങളോടെ വികസിപ്പിച്ച് ടൂറിസം പ്രോത്സാഹിപ്പിക്കേണ്ടതാണ്.
- കണ്ണൂർജില്ലയിലെ നിലവിലുള്ള പുഴകളെ ബന്ധിപ്പിച്ച കൊണ്ടു ജലപാതകൾ നിർമിച്ച് അതു വഴിയുള്ള ടൂറിസം സാധ്യതകൾ വികസിപ്പിക്കാവുന്നതാണ്.
- പ്രകൃതിദത്ത ടൂറിസം പ്രദേശങ്ങളായ ആറളം, പൈതൽമല, കനകമല, പാലുകാച്ചിമല എന്നിവയും കണ്ണൂരിലെ പ്രശസ്തമായ മുഴപ്പിലങ്ങാട് മുതൽ അഴീക്കൽ വരെയുള്ള ബീച്ചുകളും സംയോജിപ്പിച്ച കൊണ്ടു ടൂറിസം ശ്രംഖലകൾ നിർമിക്കേണ്ടതാണ്.

3.10 വികസന നിയന്ത്രിത മേഖലകൾ

ജില്ലയുടെ വികസന പ്രവർത്തനങ്ങളെ സ്വാധീനിക്കുന്ന ഒരു അവിഭാജ്യഘടകമാണ് വികസന നിയന്ത്രിത മേഖലകൾ. കണ്ണൂർജില്ലയുടെ വികസന നിയന്ത്രിത മേഖലകൾ ചുവടെ കൊടുത്തിരിക്കുന്ന ഭൂപടത്തിൽ രേഖപ്പെടുത്തിരിക്കുന്നു. പരിസ്ഥിതി ലോല പ്രദേശങ്ങൾ, കണ്ടൽകാടുകൾ, തീരദേശ നിയന്ത്രിത മേഖലകൾ, വനങ്ങൾ, പുഴകൾ, നെൽവയലുകൾ എന്നിവ ഉൾപ്പെടുന്ന പ്രദേശങ്ങളെ വികസന നിയന്ത്രിത മേഖലകളായി കണക്കാക്കാം.

ജില്ലയുടെ പടിഞ്ഞാറൻ ഭാഗം തീരദേശ പ്രദേശങ്ങളായതിനാൽ തീരദേശ നിയന്ത്രിത മേഖലകൾക്ക്

വളരെയേറെ പ്രാധാന്യം ഉണ്ട്. ഈ പ്രദേശങ്ങളുടെ ഓരോ വികസനവും തീരദേശത്തിനു കോട്ടം തട്ടാത്ത വിധമായിരിക്കണം. തീരദേശ പ്രദേശങ്ങളുടെ വികസന നിയമത്തിൽ അനുശാസിക്കുന്ന പോലുള്ള വികസനവും, നിർമാണങ്ങളും മാത്രമേ ഈ പ്രദേശങ്ങളിൽ അനുവദിക്കുകയുള്ളൂ.

കണ്ടൽകാടുകളുടെ വിന്യാസം പാപ്പിനിശ്ശേരി, കുഞ്ഞിമംഗലം, ചെറുകുന്ന്, മാട്ടൂൽ, തലശ്ശേരി, കല്ല്യാശ്ശേരി, വളപട്ടണം, ഏഴോം, ധർമടം, അഴിക്കോട്, എരഞ്ഞോളി, കണ്ണപുരം, മാടായി, മുഴപ്പിങ്ങാട്, നൂമാഹി, പയ്യന്നൂർ, പട്ടുവം, പിണറായി, രാമന്തളി, തളിപ്പറമ്പ് എന്നീ തദ്ദേശ ഭരണ പ്രദേശങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്നു.

കിഴക്കൻ മലയോരമേഖലകളിൽ അതായത് പശ്ചിമഘട്ട പ്രദേശങ്ങളിൽ പരിസ്ഥിതി ലോല പ്രദേശങ്ങളും, വനപ്രദേശങ്ങളും വികസനത്തെ ഗണ്യമായി സ്വാധീനിക്കുന്നു. ഈ പ്രദേശങ്ങളുടെ പാരിസ്ഥിതിക ഘടകങ്ങൾക്കു കോട്ടം തട്ടാതെയുള്ള വികസനങ്ങളാണ് ഇവിടെ പ്രോത്സാഹപ്പിക്കേണ്ടത്. ഓരോ പുതിയ വികസനവും ഇവയെ ദോഷമായി ബാധിക്കാതെ വേണം പ്രാവർത്തികമാക്കാൻ.



ചിത്രം 3.48 : വികസന നിയന്ത്രിത മേഖലകൾ

വ്യാപകമായ കരിങ്കൽക്വാറികളുടെ വിന്യാസം അയ്യൻകുന്ന്, ഏരുവേശ്ശി, പയ്യാവൂർ എന്നീ പ്രദേശങ്ങളിലുണ്ട്. മണ്ണൊലിപ്പിനും, ഉരുൾപൊട്ടലിനും സാധ്യത കൂടിയ പ്രദേശങ്ങൾ ചുവടെയുള്ള മാപിൽ കാണിച്ചിരിക്കുന്നു



ചിത്രം 3.49 : ജില്ലയിലെ ദുരന്ത സാധ്യതാമേഖലകൾ

(അവലംബം: ജില്ലാ ദുരന്ത നിവാരണ പദ്ധതി റിപ്പോർട്ട്)

കണ്ണൂർജില്ലയുടെ തീരപ്രദേശം തീരദേശ നിയന്ത്രണ മേഖലയിൽപ്പെടുന്നു. അവയിൽ നഗര പ്രദേശങ്ങളായ തലശ്ശേരി, കണ്ണൂർ, പയ്യന്നൂർ എന്നിവ കാറ്റഗറി രണ്ടിലും, പൈതൃകങ്ങളായ കണ്ണൂർകോട്ട, തലശ്ശേരി കോട്ട എന്നിവ കാറ്റഗറി ഒന്നിലും മറ്റു പ്രദേശങ്ങൾകാറ്റഗറി മൂന്നിലും പെടുന്നവയാണ്. കടലോരത്തുനിന്നും കിഴക്കോട്ട് ഏതാണ്ട് ജില്ലയുടെ മധ്യഭാഗം വരെയുള്ള പുഴകളിൽ വേലിയേറ്റത്തിന്റെ സ്വാധീനമനുസരിച്ച് ഇരുകരകളിലും തീരദേശ നിയന്ത്രണ നിയമത്തിന്റെ പരിധിയിൽവരുന്നവയാണ്. കൂടാതെ കണ്ടൽകാടുകൾ നിറഞ്ഞു നിൽക്കുന്ന പ്രദേശങ്ങൾ കാറ്റഗറി ഒന്നിൽപ്പെട്ട വികസന നിയന്ത്രിത മേഖലയാണ്. തീരദേശ നിയന്ത്രണ മേഖലയിൽ കാറ്റഗറി മൂന്നിൽ ഉൾപ്പെടുന്ന പഞ്ചായത്തുകളാണ് ന്യൂമാഹി, ധർമടം, മുഴപ്പിലങ്ങാട്, വളപട്ടണം, അഴീക്കോട്, മാട്ടൂൽ, മാടായി, രാമന്തളി, ചൊക്ലി, ഏഴോം, എരഞ്ഞോളി, പിണറായി, വേങ്ങാട്, പെരളശ്ശേരി, ചിറക്കൽ, മയ്യിൽ, പാപ്പിനിശ്ശേരി, കൊളച്ചേരി, നാറാത്ത്, പട്ടുവം, കല്ല്യാശ്ശേരി, കണ്ണപുരം, ചെറുകുന്ന്, കുഞ്ഞിമംഗലം, ചെറുതാഴം എന്നിവ.

അനുമാനങ്ങളും നിർദേശങ്ങളും:

- തീരദേശ പ്രദേശങ്ങളുടെ വികസന പ്രവർത്തനങ്ങൾ തീരദേശ മേഖലാ നിയന്ത്രണങ്ങൾക്ക് വിധേയമായതിനാലവ അനുശാസിക്കുന്ന നിർമാണ പ്രവർത്തങ്ങൾ മാത്രം നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
- പരിസ്ഥിതി ലോല പ്രദേശങ്ങളിലെ നിർമാണ പ്രവർത്തനങ്ങൾ പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിൽ ആസൂത്രണം ചെയ്യേണ്ടതാണ്.
- ഗ്രീൻകെട്ടിടങ്ങൾക്ക് ആവശ്യമായ പ്രോത്സാഹനവും പ്രചോദനവും LSG തലത്തിൽ ഏർപ്പെടുത്തുക.
- തീരപ്രദേശങ്ങളിലെ ഭൂഗർഭജലം മലിനമാക്കുന്നത് തടയാൻ സമഗ്രമായ sewerage network plan കൾ തയ്യാറാക്കി നടപ്പിലാക്കേണ്ടതാണ്.

3.11 പ്രവർത്തന സ്വഭാവം

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയെല്ലാം ഒരു പ്രത്യേക സ്വഭാവത്തിന്റെ ഗണത്തിൽപ്പെടുത്താനാവില്ല എന്നത് കേരളത്തിന്റെ നഗര ഗ്രാമ പ്രദേശങ്ങളുടെ കൃത്യമായ അതിർത്തി തിട്ടപ്പെടുത്താൻ സാധ്യമല്ല എന്ന അവസ്ഥ പോലെ തന്നെ ഉള്ള ഒരു അവസ്ഥാ വിശേഷമാണ്. കണ്ണൂർ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഇതിൽ നിന്നും വിഭിന്നമല്ല. കാർഷിക മേഖലയിലുള്ള ഉന്നമനം കാണിക്കുന്ന പ്രദേശങ്ങൾ തന്നെ വ്യവസായ മേഖലയിലും ത്രിതീയ സർവീസ് മേഖലയിലും ഒരേ സമയം ഉയർച്ച കാണിക്കുന്നുണ്ട്. ആയതിനാൽ ഒരു പ്രദേശത്തെയും ഒരു പ്രത്യേക മേഖലക്കു വേണ്ടി മാത്രമായി മാറ്റി വെക്കാൻ സാധിക്കില്ല. ജില്ലയിലെ പ്രധാന നഗര പ്രദേശങ്ങളായ മുൻസിപ്പാലിറ്റികൾ പരിശോധിച്ചാൽ തന്നെ അവയിൽ കാർഷിക പ്രധാന്യമേറിയതും വ്യവസായ കേന്ദ്രീകൃതമായതുമായ പ്രദേശങ്ങൾ വ്യാപരിച്ചിരിക്കുന്നത് കാണാം. ആന്തൂർ മുൻസിപ്പാലിറ്റി ഇതിനു ഉത്തമോദാഹരണമാണ്. എന്നിരുന്നാലും ഓരോ പ്രദേശത്തിന്റെയും ജനസാന്ദ്രതയും വിഭവങ്ങളുടെ കേന്ദ്രീകരണവും നഗരവൽക്കരണത്തിന്റെ തോതും എല്ലാം പഠന വിധേയമാക്കിയാൽ ഓരോ പ്രദേശത്തിനും ഉചിതമായ ഒരു പ്രവർത്തന സ്വഭാവം കണ്ടെത്താൻ സാധിക്കും. പ്രസ്തുത മേഖലയുടെ വികസനം ആ പ്രദേശത്തിന്റെയും സമീപ പ്രദേശങ്ങളുടെയും ഉയർച്ചയ്ക്കും സർവോപരി ജില്ലയുടെ വളർച്ചക്കും സഹായകരമാവും എന്ന് കാണാം. ഇത്തരത്തിൽ കാർഷിക മേഖലയിലും വ്യവസായ മേഖലയിലും വാണിജ്യ വ്യാപാര മേഖലയിലും വികസന പ്രവർത്തനങ്ങൾക്ക് ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അനുയോഗ്യമാണെന്നുള്ള അപഗ്രഥനം താഴെ ചേർക്കുന്നു.

താഴെ പട്ടികയിൽകാണിച്ചിരിക്കുന്ന ആറു വ്യത്യസ്തമായ ഘടകങ്ങൾ അപഗ്രഥിച്ചാണ് ഓരോ പ്രവർത്തന മേഖലയ്ക്കും ഉചിതമായ പഞ്ചായത്തുകൾ കണ്ടുപിടിച്ചിരിക്കുന്നത്. കാർഷിക മേഖല, വലിയ വ്യവസായ സംരംഭ മേഖല, ചെറുകിട വ്യവസായങ്ങൾക്ക് ഉതകുന്ന മേഖല എന്നിങ്ങനെ മൂന്ന് തരത്തിലുള്ള പഠനത്തിനാണ് വിധേയമാക്കിരിക്കുന്നത്.

അപഗ്രഥനത്തിനുള്ള ഘടകങ്ങൾ

ഭൂവിനിയോഗം	ജനസാന്ദ്രത	പ്രദേശത്തിന്റെ ചെരിവ്	പ്രവർത്തന സ്വഭാവം	വികസന ശ്രേണിയിലെ ക്രമം	വികസന നിയന്ത്രിത മേഖലകൾ
കാർഷികം	കൂടുതൽ	0–15	നഗരം	1	നിയന്ത്രിത മേഖലകൾ
വികസിത കേന്ദ്രങ്ങൾ	ഇടത്തരം	15–30	ഗ്രാമം	2	മറ്റു പ്രദേശങ്ങൾ

വനപ്രദേശം	കുറവ്	30–50		3	
	വളരെ കുറവ്	>50		4	
				5	

താഴെ പറയുന്ന രീതിയിലുള്ള അപഗ്രഥനങ്ങളാണ് പ്രവർത്തന സ്വഭാവത്തെ കണ്ടുപിടിക്കാനായി നടത്തിയിരിക്കുന്നത്.

- ഭൂവിനിയോഗത്തിന്റെ മാനദണ്ഡമായി കാർഷികം, വികസിത കേന്ദ്രങ്ങൾ, വനപ്രദേശം എന്നിവയുടെ കേന്ദ്രീകരണ സൂചിക മാപിന്റെ പഠനം
- ജനസാന്ദ്രതയെ നാലു തട്ടുകളായി വിഭജിച്ചിട്ടുള്ള അപഗ്രഥനം
- ഭൂപ്രദേശത്തിന്റെ ചെരിവിനെ മാനദണ്ഡമാക്കി ജില്ലയിലെ തദ്ദേശപ്രദേശങ്ങളെ നാലു വിഭാഗമായി തരം തിരിച്ച നഗരപ്രദേശങ്ങളുടെ വിന്യാസം
- ജില്ലയിലെ തദ്ദേശ പ്രദേശങ്ങളിലെ അധിവാസ മേഖലയെ അഞ്ച് ക്രമങ്ങളായുള്ള വിഭജനം
- ജില്ലയിലെ വികസന നിയന്ത്രിത പ്രദേശങ്ങളെ കണ്ടെത്തൽ

പട്ടികയിൽ പ്രത്യേകമായി അടയാളപ്പെടുത്തിയിരിക്കുന്ന ഘടകങ്ങളെ പരസ്പരം ബന്ധിപ്പിച്ച കൊണ്ട് കാർഷിക മേഖലയ്ക്ക് അനുയോജ്യമായ ജില്ലയിലെ പ്രദേശങ്ങൾ കണ്ടെത്തുകയും അതു താഴെയുള്ള ഭൂപടത്തിൽ രേഖപ്പെടുത്തിരിക്കുകയും ചെയ്തിരിക്കുന്നു.

കാർഷിക മേഖലയ്ക്ക് അനുയോജ്യമായ ഘടകങ്ങൾ

ഭൂവിനിയോഗം	ജനസാന്ദ്രത	പ്രദേശത്തിന്റെ ചെരിവ്	പ്രവർത്തന സ്വഭാവം	വികസന ശ്രേണിയിലെ ക്രമം	വികസന നിയന്ത്രിത മേഖലകൾ
കാർഷികം	കൂടുതൽ	0–15	നഗരം	1	നിയന്ത്രിത മേഖലകൾ
വികസിത കേന്ദ്രങ്ങൾ	ഇടത്തരം	15–30	ഗ്രാമം	2	മറ്റു പ്രദേശങ്ങൾ
വനപ്രദേശം	കുറവ്	30–50		3	
	വളരെ കുറവ്	>50		4	
				5	



ചിത്രം 3.50 : കാർഷിക മേഖലയ്ക്ക് അനുയോജ്യമായ ജില്ലയിലെ പ്രദേശങ്ങൾ

കിഴക്കൻ മലനാടുകളിൽ വരുന്ന ഒട്ടുമിക്ക പഞ്ചായത്തുകളിലും പ്രധാന വരുമാന മേഖലയായി കൃഷി ഉപയോഗിക്കാമെന്ന് ഇതിൽ നിന്നും മനസിലാക്കാം. അതുപോലെ മുകളിലുള്ള ഘടകങ്ങൾ അപഗ്രഥിച്ച് ജില്ലയിലെ തരിശുഭൂമികൾ കണ്ടെത്തിയപ്പോൾ അയ്യൻകുന്ന്, ആറളം, കണിച്ചാർ, കൂട്ടുപുഴ, ചെങ്ങളായി, ചെറുകുന്ന്, ചെറുതാഴം, കടന്നപള്ളി-പാണപ്പുഴ, ചപ്പാരപ്പടവ്, എരമം-കുറ്റൂർ, ആലക്കോട്, ചെറുപുഴ, പെരിങ്ങോം-വയക്കര എന്നീ പ്രദേശങ്ങളിലെ കൃഷിക്കുതകുന്ന തരിശു പ്രദേശങ്ങൾ ഭാവിയിൽ കാർഷിക സംബന്ധമായ ഉപയോഗത്തിനുത്തമമാണെന്നും ഈ പഠനഫലം ചൂണ്ടിക്കാണിക്കുന്നു. ജില്ലയിലെ തദ്ദേശ ഭരണ പ്രദേശങ്ങളിൽ നിന്ന് വലിയ വ്യവസായത്തിനു അനുയോജ്യമായ പ്രദേശങ്ങൾ കണ്ടെത്താനായി പട്ടികയിൽ കാണിച്ചിരിക്കുന്ന ഘടകങ്ങൾ അപഗ്രഥിച്ചപ്പോൾ ചുവടെയുള്ള ഭൂപടത്തിൽ കാണിച്ചിരിക്കുന്ന ഇടനാടുകളിലുള്ള പ്രദേശങ്ങൾ വലിയ വ്യവസായ സംരംഭത്തിനു ഉതകുന്നതാനെന്നു കണ്ടെത്താനായി. രണ്ടും, മൂന്നും, നാലും പ്രവർത്തന ക്രമങ്ങളിൽ ഉൾപ്പെടുന്ന ഈ പ്രദേശങ്ങളിലെ ജനസാന്ദ്രതയും ഭൂവിനിയോഗവും കണക്കിലെടുത്ത് വൻകിട വ്യവസായങ്ങൾക്ക് പാരിസ്ഥിതികമായി യോജിച്ചതാണെന്ന് അപഗ്രഥിക്കാം.

വൻകിട വ്യവസായത്തിനു യോജിച്ച ഘടകങ്ങൾ

ഭൂവിനിയോഗം	ജനസാന്ദ്രത	പ്രദേശത്തിന്റെ ചെരിവ്	പ്രവർത്തന സ്വഭാവം	വികസന ശ്രേണിയിലെ ക്രമം	വികസന നിയന്ത്രിത മേഖലകൾ
കാർഷികം	കൂടുതൽ	0-15	നഗരം	1	നിയന്ത്രിത മേഖലകൾ
വികസിത കേന്ദ്രങ്ങൾ	ഇടത്തരം	15-30	ഗ്രാമം	2	മറ്റു പ്രദേശങ്ങൾ
വനപ്രദേശം	കുറവ്	30-50		3	
	വളരെ കുറവ്	>50		4	
				5	



ചിത്രം 3.51 : ജില്ലയിലെ വൻകിടവ്യവസായത്തിന് യോജിച്ച പ്രദേശങ്ങൾ

ചെറുകിട വ്യവസായങ്ങൾക്ക് അനുയോജ്യമായ പ്രദേശങ്ങൾ കണ്ടെത്താനായി ചുവടെയുള്ള പട്ടികയിൽ രേഖപ്പെടുത്തിയിരിക്കുന്ന ഘടകങ്ങൾ അപഗ്രഥിച്ചു. ഓരോ തദ്ദേശ പ്രദേശങ്ങളിലെയും അവയുടെ സ്വഭാവത്തെ അനുസരിച്ച് നോക്കുമ്പോൾ പരിസ്ഥിതിക്ക് അനുയോജ്യമായ ചെറുകിട വ്യവസായങ്ങൾക്ക് ജില്ലയിലെ ഒട്ടുമിക്ക പ്രദേശങ്ങളും അനുയോജ്യമാണെന്നു മനസിലാക്കാം. ചുവടെയുള്ള ഭൂപടത്തിൽ ചെറുകിട വ്യവസായങ്ങൾക്ക് പറ്റിയ പ്രദേശങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. മലയോര പഞ്ചായത്തുകളായ അയ്യൻകുന്ന്,

ആറളം, കേളകം, കൊട്ടിയൂർ എന്നിവ വ്യവസായങ്ങൾക്കു യോജിക്കുന്നതല്ലെന്നു മനസിലാക്കാം. ഇതിന്റെ പ്രധാന കാരണമായി ചൂണ്ടിക്കാണിക്കുന്ന ഘടകം ഈ പ്രദേശങ്ങളെല്ലാം തന്നെ പരിസ്ഥിതിലോല പ്രദേശങ്ങളിൽ ഉൾപ്പെടുന്നവയാണ്. അതുപോലെ തീരദേശ പ്രദേശങ്ങളായ മാട്ടൂൽ, അഴിക്കോട്, വളപട്ടണം, കണ്ണൂർ കോർപറേഷൻ, ധർമടം, മുഴപ്പിലങ്ങാട്, തലശ്ശേരി, ന്യൂ മാഹി എന്നിവ വളരെയധികം ജനസാന്ദ്രതയുള്ള പ്രദേശങ്ങളായതിനാൽ അവയും വ്യവസായ സംരംഭങ്ങളെ വലിയ രീതിയിൽ ഭാവിയിൽ പ്രോത്സാഹിപ്പിക്കാൻപറ്റിയവയല്ല.

ചെറുകിട വ്യവസായത്തിനു യോജിച്ച ഘടകങ്ങൾ

ഭൂവിനിയോഗം	ജനസാന്ദ്രത	പ്രദേശത്തിന്റെ ചെരിവ്	പ്രവർത്തന സ്വഭാവം	വികസന ശ്രേണിയിലെ ക്രമം	വികസന നിയന്ത്രിത മേഖലകൾ
കാർഷികം	കൂടുതൽ	0–15	നഗരം	1	നിയന്ത്രിത മേഖലകൾ
വികസിത കേന്ദ്രങ്ങൾ	ഇടത്തരം	15–30	ഗ്രാമം	2	മറ്റു പ്രദേശങ്ങൾ
വനപ്രദേശം	കുറവ്	30–50		3	
	വളരെ കുറവ്	>50		4	
				5	



ചിത്രം 3.52 : ജില്ലയിലെ ചെറുകിട വ്യവസായത്തിന് യോജിച്ച പ്രദേശങ്ങൾ

മേൽ ഗണങ്ങളിലൊന്നും ഉൾപ്പെടാത്ത പ്രദേശങ്ങളായ കണ്ണൂർ കോർപറേഷൻ, തലശ്ശേരി മുൻസിപ്പാലിറ്റി, ധർമടം, മുഴപ്പിലങ്ങാട്, ന്യൂമാഹി, ചിറക്കൽ, വളപട്ടണം, മാടായി പോലുള്ള നഗരങ്ങളിലും അർദ്ധനഗരങ്ങളിലും ദ്വിതീയ മേഖലയും സേവന മേഖലയുമാണ് മുന്നിട്ടു നിൽക്കുന്നത്. ഇത്തരം പ്രദേശങ്ങളിൽ മേൽ മേഖലകളുടെ വികസനം ജില്ലയുടെ സർവതോന്മുഖമായ വികസനത്തിന് നിദാനമാവും. ചുവടെയുള്ള ഭൂപടത്തിൽ ഈ പ്രദേശങ്ങളുടെ വിന്യാസം കാണിച്ചിരിക്കുന്നു.

ദ്വിതീയ, സേവന മേഖലകൾക്ക് യോജിച്ച ഘടകങ്ങൾ

ഭൂവിനിയോഗം	ജനസാന്ദ്രത	പ്രദേശത്തിന്റെ ചെരിവ്	പ്രവർത്തന സ്വഭാവം	വികസന ശ്രേണിയിലെ ക്രമം	വികസന നിയന്ത്രിത മേഖലകൾ
കാർഷികം	കൂടുതൽ	0-15	നഗരം	1	നിയന്ത്രിത മേഖലകൾ
വികസിത കേന്ദ്രങ്ങൾ	ഇടത്തരം	15-30	ഗ്രാമം	2	മറ്റു പ്രദേശങ്ങൾ
വനപ്രദേശം	കുറവ്	30-50		3	
	വളരെ കുറവ്	>50		4	
				5	



ചിത്രം 3.53 : ദ്വിതീയ,സേവന മേഖലകൾക്ക് യോജിച്ച പ്രദേശങ്ങൾ

ഈ പ്രദേശങ്ങൾ വാണിജ്യവ്യവസായ സംരംഭങ്ങൾക്കും സേവന മേഖലക്കൾക്കും യോജിക്കുന്ന താണെന്ന് ഇവയുടെ ജനസാന്ദ്രതയും വികസന മേഖലകളിലെ ക്രമവും അപഗ്രഥിക്കുമ്പോൾ മനസ്സിലാക്കാം.

3.12 വികസന നിർദേശങ്ങൾ

കണ്ണൂർജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന സ്വഭാവവും വികസനശ്രേണിയിലെ ക്രമവും ഗതാഗത ശൃംഖലയും അപഗ്രഥിച്ച് ഓരോ പ്രദേശത്തിന്റെയും സ്ഥലപരഘടന കണ്ടെത്തിയത് ചുവടെ ചേർക്കുന്നു (ചിത്രം3.54). ഓരോ പ്രദേശത്തിനും പാരിസ്ഥിതികമായി ഉതകുന്ന ഭാവിയിലെ വികസന പ്രവർത്തനങ്ങൾ എന്തായിരിക്കണമെന്ന് ചുവടെ പരാമർശിക്കുന്നു.



ചിത്രം 3.54 : ജില്ലയുടെ സ്ഥലപരഘടന

3.12.1 ബഹുതലാസൂത്രണത്തിൽ സ്ഥലപരസൂത്രണത്തിന്റെ നിർദേശങ്ങൾ

സ്ഥലപരാസൂത്രണം അനുസരിച്ചുള്ള ദീർഘ വീക്ഷണത്തോടുള്ള മാസ്റ്റർപ്ലാനുകൾ തയ്യാറാക്കിക്കൊണ്ടാകണം പുതിയ വികസനങ്ങൾ സാധ്യമാകേണ്ടത്. ഓരോ പദ്ധതികളുടെയും സ്ഥാനനിർണയം സ്ഥലപരാസൂത്രണം അനുസരിച്ച് ശാസ്ത്രീയമായി ചെയ്യേണ്ടതുണ്ട്. പുതിയ ഓരോ വികസനവും അതിന്റെ സാധ്യതകളും ആവശ്യകതയും പ്രതിഫലിക്കുന്ന പ്ലാനുകളും അവയുടെ ഓരോ ഘട്ടങ്ങളിലും മുൻതൂക്കം നൽകേണ്ട പദ്ധതികളും അതിൽ പ്രതിഫലിക്കണം.

ഒരു പ്രദേശത്തു ആശുപത്രി സൗകര്യം ആവശ്യമായി വരുമ്പോൾ അതിനു അനുയോജ്യമായ ഒരു ഭൂമി കണ്ടെത്തി അവിടെ ഇപ്പോഴും ഭാവിയിലും ആവശ്യമായി വരുന്ന പദ്ധതികൾ പ്ലാൻചെയ്തു മാത്രമേ നിർമാണങ്ങൾ നടപ്പിലാക്കാവൂ. ഓരോരോ കെട്ടിടങ്ങളും (ആശുപത്രി കെട്ടിടം, ക്വാർട്ടേഴ്സുകൾ, ടീച്ചിംഗ് ബ്ലോക്കുകൾ, ഹോസ്റ്റലുകൾ, കാന്റീൻ, ലാബ് തുടങ്ങിയവ) പദ്ധതി പ്രദേശത്തു എവിടെ നിർമിക്കണം എന്നുള്ളതും ആയതിലേക്കുള്ള റോഡുകളും മറ്റു സൗകര്യങ്ങളും ഏതു രീതിയിൽ ഒരുക്കണമെന്നുള്ളതും ആദ്യമേ തീർച്ചയാക്കേണ്ടതും, ആയതിനു അനുസൃതമായി ഫണ്ട് ലഭ്യതയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിൽ നിർമിതികൾ നടത്തേണ്ടതുമാണ്. എന്നാൽ മാത്രമേ ആ ഭൂമിയുടെ അനുയോജ്യമായ ഉപയോഗം സാധ്യമാവുകയുള്ളു. ഇപ്രകാരം എല്ലാ പൊതു ആവശ്യങ്ങൾക്കുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോളും ജില്ലാതലത്തിൽ ഏറ്റവും അനുയോജ്യമായ സ്ഥലം കണ്ടെത്തി ആയതിൽ സൂക്ഷ്മതലത്തിലുള്ള സ്ഥലപരാസൂത്രണം ചെയ്യേണ്ടതാണ്.

3.12.1 ബഹുതലാസൂത്രണത്തിൽ സ്ഥലപരസൂത്രണത്തിന്റെ നിർദേശങ്ങൾ

സ്ഥലപരാസൂത്രണം അനുസരിച്ചുള്ള ദീർഘ വീക്ഷണത്തോടുള്ള മാസ്റ്റർപ്ലാനുകൾ തയ്യാറാക്കിക്കൊണ്ടാകണം പുതിയ വികസനങ്ങൾ സാധ്യമാകേണ്ടത്. ഓരോ പദ്ധതികളുടെയും സ്ഥാനനിർണയം സ്ഥലപരാസൂത്രണം അനുസരിച്ച് ശാസ്ത്രീയമായി ചെയ്യേണ്ടതുണ്ട്. പുതിയ ഓരോ വികസനവും അതിന്റെ സാധ്യതകളും ആവശ്യകതയും പ്രതിഫലിക്കുന്ന പ്ലാനുകളും അവയുടെ ഓരോ ഘട്ടങ്ങളിലും മുൻതൂക്കം നൽകേണ്ട പദ്ധതികളും അതിൽ പ്രതിഫലിക്കണം.

ഒരു പ്രദേശത്തു ആശുപത്രി സൗകര്യം ആവശ്യമായി വരുമ്പോൾ അതിനു അനുയോജ്യമായ ഒരു ഭൂമി കണ്ടെത്തി അവിടെ ഇപ്പോഴും ഭാവിയിലും ആവശ്യമായി വരുന്ന പദ്ധതികൾ പ്ലാൻചെയ്തു മാത്രമേ നിർമാണങ്ങൾ നടപ്പിലാക്കാവൂ. ഓരോരോ കെട്ടിടങ്ങളും (ആശുപത്രി കെട്ടിടം, ക്വാർട്ടേഴ്സുകൾ, ടീച്ചിംഗ് ബ്ലോക്കുകൾ, ഹോസ്റ്റലുകൾ, കാന്റീൻ, ലാബ് തുടങ്ങിയവ) പദ്ധതി പ്രദേശത്തു എവിടെ നിർമിക്കണം എന്നുള്ളതും ആയതിലേക്കുള്ള റോഡുകളും മറ്റു സൗകര്യങ്ങളും ഏതു രീതിയിൽ ഒരുക്കണമെന്നുള്ളതും ആദ്യമേ തീർച്ചയാക്കേണ്ടതും, ആയതിനു അനുസൃതമായി ഫണ്ട് ലഭ്യതയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിൽ നിർമിതികൾ നടത്തേണ്ടതുമാണ്. എന്നാൽ മാത്രമേ ആ ഭൂമിയുടെ അനുയോജ്യമായ ഉപയോഗം സാധ്യമാവുകയുള്ളു. ഇപ്രകാരം എല്ലാ പൊതു ആവശ്യങ്ങൾക്കുള്ള പദ്ധതികൾ നടപ്പിലക്കുമ്പോളും ജില്ലാതലത്തിൽ ഏറ്റവും അനുയോജ്യമായ സ്ഥലം കണ്ടെത്തി ആയതിൽ സൂക്ഷ്മതലത്തിലുള്ള സ്ഥലപരാസൂത്രണം ചെയ്യേണ്ടതാണ്.

അധ്യായം4

വികസന മേഖലകൾ അവസ്ഥയും പരിപ്രേക്ഷ്യവും

4.1 ഉത്പാദന മേഖല

4.1 (എ) നീർത്തടാധിഷ്ഠിത വികസനം

ജില്ലയിൽ 'Humid Tropical' കാലാവസ്ഥയാണ് അനുഭവപ്പെടുന്നത്. വാർഷിക ശരാശരിതാപം 28 ഡിഗ്രി സെൽഷ്യസ് ആണ്. ശരാശരി കൂടിയ താപനില 32 ഡിഗ്രിസെൽഷ്യസും, കുറഞ്ഞ താപനില 24 ഡിഗ്രിസെൽഷ്യസും ആണ്. ഇടവപ്പാതി, തുലാവർഷം, വേനൽമഴ എന്നിവയിലായി വർഷം ശരാശരി 3438 മി.മീ. മഴ ജില്ലയിൽ ലഭിക്കുന്നുണ്ട്. ജില്ലയുടെ ശരാശരി ആപേക്ഷിക ആർദ്രത (Relative Humidity) 76% ആണ്. മാഹിപ്പുഴ, തലശ്ശേരിപ്പുഴ, അഞ്ചരക്കണ്ടിപ്പുഴ, വളപട്ടണംപുഴ, രാമപുരം പുഴ, പെരുമ്പപ്പുഴ, കാര്യംകോട്പുഴ എന്നിവ കണ്ണൂരിലെ ജലസമ്പത്തിനെയും നീർവാർച്ചയെയും നിയന്ത്രിക്കുന്നു. 110 കി.മീ. നീളമുള്ള വളപട്ടണം പുഴയാണ് വലുപ്പത്തിൽ ഒന്നാമത്.

അന്തരീക്ഷ താപനിലയും മഴയും സംബന്ധിച്ച വിവരങ്ങൾ

മാസം	മഴയുടെ അളവ് (മി.മീ.)	മഴ ദിനങ്ങൾ എണ്ണം	ആപേക്ഷിക ആർദ്രത	താപനില (ഡിഗ്രി സെൽഷ്യസിൽ)	
				കൂടിയത്	കുറഞ്ഞത്
ജനു. 2013	0	0	92.03	34.27	23.15
ഫെബ്രു. 2013	27.0	4	93.53	35.50	24.35
മാർച്ച്. 2013	46.01	3	91.83	36.522	25.59
ഏപ്രി. 2013	3.40	2	90.3	37.04	26.55
മെയ്. 2013	162.70	7	90.3	35.6	27.2
ജൂൺ. 2013	1457.00	30	93.3	29.1	24.6
ജൂലൈ. 2013	1332.00	30	93.09	28.3	24.4
ആഗ. 2013	496.30	28	9301	29.5	24.9
സെപ്തം. 2013	277.60	22	94.46	31.01	25.08
ഒക്ടോ. 2013	281.50	18	93.29	31.74	24.87
നവം. 2013	93.80	5	94.11	34.17	24.82
ഡിസം. 2013	11.60	2	93.54	34.42	22.21

കൃഷി

ജില്ലാതല ആസ്ഥാനമായ പ്രിൻസിപ്പൽ കൃഷി ഓഫീസിനു കീഴിലായി 11 കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളും താഴെ തട്ടിലായി 89 കൃഷിഭവനുകളും പ്രവർത്തിച്ചുവരുന്നു. കൂടാതെ തളിപ്പറമ്പിലുള്ള ജില്ലാ കൃഷിത്തോട്ടം, വേങ്ങാട്, കാങ്കോൽ എന്നിവിടങ്ങളിലെ വിത്തുത്പാദന കേന്ദ്രങ്ങൾ, പാലയാടുള്ള നാളികേര നഴ്സറി, ചാലോടുള്ള ടി X ഡി പോളിനേഷൻ യൂണിറ്റ്, കണ്ണൂരുള്ള അഗ്മാർക്ക് ലബോറട്ടറി, കരിമ്പത്തുള്ള മണ്ണ് പരിശോധന കേന്ദ്രം, സഞ്ചരിക്കുന്ന മണ്ണ് പരിശോധന കേന്ദ്രം, കാർഷിക എഞ്ചിനീയറിംഗ് വിഭാഗം, പ്രാദേശിക കൃഷി പരിശീലന കേന്ദ്രം എന്നിവയും വകുപ്പിനു കീഴിൽ പ്രവർത്തിച്ചുവരുന്നു.

	സ്ഥാപനങ്ങൾ	സേവനങ്ങൾ	
1	പ്രിൻസിപ്പൽ കൃഷി ഓഫീസ്	ഭരണ നിർവഹണം, വിജ്ഞാന വ്യാപനം, ജില്ലാതല എകോപനം	1
2	കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്	പദ്ധതി നിർവഹണം	9
3	കൃഷിഭവൻ	വിജ്ഞാന വ്യാപനം	89
4	സർക്കാർ കൃഷിത്തോട്ടം	നടീൽവസ്തുക്കളുടെ ഉത്പാദനം, വിപണനം	4
5	പ്രാദേശിക കാർഷിക പരിശീലന കേന്ദ്രം	കർഷകർക്കും ഉദ്യോഗസ്ഥർക്കും പരിശീലനം	1
6	ജില്ലാ മണ്ണ് പരിശോധനാ ലബോറട്ടറി	മണ്ണ് പരിശോധന	2
7	സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ ലബോറട്ടറി		
8	സംസ്ഥാന അഗ്മാർക്ക് ഗ്രേഡിങ്ങ് ലാബ്	കാർഷികോൽപ്പന്നങ്ങളുടെ ഗ്രേഡിങ്ങ്	1

9	കാർഷിക എഞ്ചിനീയറിംഗ് വിഭാഗം	കാർഷിക എഞ്ചിനീയറിംഗ് സേവനം	1
10	ജില്ലാ മണ്ണ് സംരക്ഷണ ഓഫീസ്	മണ്ണ് സംരക്ഷണം	1
11	ജില്ലാ മണ്ണ് പര്യവേഷണ ഓഫീസ്	മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ	1
12	വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ	പഴം, പച്ചക്കറി കൃഷി സംബന്ധിച്ച വിജ്ഞാന വ്യാപനം, സംഭരണം, സംസ്കരണം, വിപണനം	1

ഭൂവിസ്തൃതിയിൽ മുമ്പനായ ആറളം ഫാമും കുരുമുളകിൽ ആദ്യമായി സങ്കരയിനം വികസിപ്പിച്ച പന്നിയൂരിലെ കുരുമുളക് ഗവേഷണകേന്ദ്രവും കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രവും നമ്മുടെ ജില്ലയ്ക്കത്താണ്. ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ സാമ്പത്തിക സഹായത്തോടെ കേരള കാർഷികസർവകലാശാലയുടെ കീഴിൽ കണ്ണൂർ തളിപ്പറമ്പിനു സമീപം പന്നിയൂർ ആസ്ഥാനമായി 2004ൽ സ്ഥാപിതമായ **കൃഷി വിജ്ഞാനകേന്ദ്രം** ജില്ലയിലെ കൃഷി അനുബന്ധ മേഖലകൾക്കാവശ്യമായിട്ടുള്ള ഗവേഷണം, വിജ്ഞാന വ്യാപന പ്രവർത്തനം, പരിശീലനം എന്നിവ നടത്തി വരുന്നു. ഇതിനു പുറമെ പ്രാദേശികാടിസ്ഥാനത്തിൽ ഉത്പാദനമേഖലയുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികൾ രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും ആവശ്യമായിട്ടുള്ള സാങ്കേതിക സഹായവും നൽകുന്നു

ക്രമ നമ്പർ	**കൃഷി വിജ്ഞാനകേന്ദ്രം – സേവനങ്ങൾ /അടിസ്ഥാന സൗകര്യങ്ങൾ**	**ക്രമ നമ്പർ**	**കൃഷി വിജ്ഞാനകേന്ദ്രം – സേവനങ്ങൾ/ അടിസ്ഥാന സൗകര്യങ്ങൾ**
1	മുൻനിര കൃഷിയിട പ്രദർശനങ്ങൾ	2	കർഷക ഉത്പാദക സംഘം – നെല്ല്, മാങ്ങ, തേൻ, പച്ചക്കറി, തെങ്ങ് – സാങ്കേതിക സഹായം
3	പരിശീലനങ്ങൾ – കർഷകർ, വിദ്യാർത്ഥികൾ, കൃഷി ഉദ്യോഗസ്ഥർ, വികസന വകുപ്പുകളിലെ വിജ്ഞാന വ്യാപന ഉദ്യോഗസ്ഥർ, യുവതി യുവാക്കൾ	4	കുരുമുളക് സാങ്കേതിക സേന – ചെറുതാഴം പഞ്ചായത്ത്
5	മുൻനിര കൃഷിയിട പ്രദർശനങ്ങൾ	6	മണ്ണ ജല ആരോഗ്യ പരിശോധന ലാബോറട്ടറി
7	തൊഴിലധിഷ്ഠിത പരിശീലനങ്ങൾ (കൃഷി, മൃഗ സംരക്ഷണം, ക്ഷീര വികസനം, മത്സ്യ കൃഷി, തേനീച്ച കൃഷി, കൂൺ കൃഷി, ഗൃഹ ശാസ്ത്രം, ഉൽപ്പന്ന വൈവിധ്യവൽക്കരണം– മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ മുതലായവ)	8	മൂല്യവർദ്ധിത ഉൽപ്പന്ന പ്രദർശന വിൽപ്പന കേന്ദ്രം
9	സംരംഭകത്വ വികസന പരിശീലനം	10	കർഷക ശാസ്ത്ര മ്യൂസിയം
11	സാങ്കേതിക ഉപദേശങ്ങളും നിർദേശങ്ങളും	12	ഭക്ഷ്യ സംസ്കരണ യൂണിറ്റ്
13	പങ്കാളിത്ത കാർഷിക വികസന പരിപാടികൾ–വിവിധ പഞ്ചായത്തുകൾ	14	കാർഷിക നഴ്സറി, ബയോ ഫാർമസി യൂണിറ്റ്

കൃഷി വകുപ്പ് ഫാമുകളും നൽകുന്ന സേവനങ്ങളും			
ക്രമ നം	**ഫാമിന്റെ പേര്**	**നൽകുന്ന സേവനങ്ങൾ**	**സ്ഥിതി ചെയ്യുന്ന സ്ഥലം, ഫോൺനമ്പർ**
1	ജില്ലാ കൃഷിത്തോട്ടം, കരിമ്പം	ടൈക്കോഡർമ, സ്യൂഡോമൊണാസ്, മണ്ണിര കമ്പോസ്റ്റ്, ഫിറമോൺട്രാപ്പ്, എല്ലാതരം നടീൽവസ്തുക്കൾ, അലങ്കാര ചെടികൾ, ഔഷധ സസ്യങ്ങൾ, ടിഷ്യുകൾച്ചർ വാഴകൾ	കരിമ്പം, തളിപ്പറമ്പ് 04602203154
2	കോക്കനട്ട് നഴ്സറി, പാലയാട്	തെങ്ങിൻതൈകൾ, കുരുമുളക് തൈകൾ, അലങ്കാര ചെടികൾ, മണ്ണ് നിറച്ച ഗ്രോബാഗ്	പാലയാട് 04902345766
3	സംസ്ഥാന വിത്തുത്പാദന കേന്ദ്രം, കാങ്കോൽ	പച്ചക്കറി വിത്ത്, തൈകൾ, കുരുമുളക് തൈകൾ	കാങ്കോൽ, പയ്യന്നൂർ 04985280050

4	സംസ്ഥാന വിത്തുത്പാദന കേന്ദ്രം, വേങ്ങാട്	പച്ചക്കറി വിത്ത്, കുരുമുളക് തൈകൾ, മറ്റ് നടീൽവസ്തുക്കൾ	വേങ്ങാട് അങ്ങാടി 04902308047
5	ടി x ഡി പോളിനേഷൻ യൂണിറ്റ്, ചാലോട്	പച്ചക്കറി തൈകൾ, ഫിഷ് അമിനോ ആസിഡ്, ട്രൈക്കോഡെർമ സമ്പുഷ്ട ജൈവവളം	ചാലോട്, കണ്ണൂർ 04902486220

ജില്ലയിൽ ആകെ 10 അഗ്രോസർവീസ് സെന്ററുകളും 11 സസ്യാരോഗ്യ ക്ലിനിക്കുകളും ഒരു റഫറൽ ക്ലിനിക്കും 19 കാർഷിക കർമസേനകളും ഉണ്ട്. ഏഴ് ഇക്കോഷോപ്പുകളും ഏഴ് ബയോഫാർമസികളും തളിപ്പറമ്പ് ജില്ലാ കൃഷി തോട്ടത്തിൽ ഒരു ടിഷ്യുകൾച്ചർ ലാബും നല്ല രീതിയിൽ കർഷകർക്ക് ഉപയോഗപ്പെട്ടു വരുന്നു.

വളം കീടനാശിനി ഡിപ്പോകൾ		
വളം ഡിപ്പോ	രാസവളങ്ങൾ	198
കീടനാശിനി ഡിപ്പോ	കീടനാശിനികൾ	70

ജൈവകീടനിയന്ത്രണത്തിനുള്ള വസ്തുക്കൾ ലഭിക്കുന്ന കേന്ദ്രങ്ങൾ		
ക്രമ നമ്പർ	**ഇനം**	**സഹകരണ സ്ഥാപനങ്ങൾ**
1.	സ്യൂഡോമോണാസ്, ട്രൈക്കോഡർമ മുതലായവ	ജില്ലാ കൃഷിത്തോട്ടം, കരിമ്പം, തളിപ്പറമ്പ്
2.	സ്യൂഡോമോണാസ്, ട്രൈക്കോഡർമ മുതലായവ	കൃഷിവിജ്ഞാന കേന്ദ്രം, പന്നിയൂർ
3.	സ്യൂഡോമോണാസ്, ട്രൈക്കോഡർമ മുതലായവ	കുരുമുളക് ഗവേഷണ കേന്ദ്രം, പന്നിയൂർ

കാർഷിക യന്ത്രോപകരണങ്ങളുടെ ലഭ്യത			
ക്രമ നമ്പർ	**കേന്ദ്രത്തിന്റെ പേര്**	**ലഭ്യമാകുന്ന പ്രധാന യന്ത്രങ്ങൾ**	**ഫോൺനമ്പർ**
1.	കൃഷി എഞ്ചിനീയറുടെ ഓഫീസ്, കണ്ണൂർ	ട്രാക്ടർ, പവർ ടില്ലർ, കാട് വെട്ട് യന്ത്രം, ഗാർഡൻ ടില്ലർ, മിനി ട്രാക്ടർ, കംബയിൻ ഹാർവെസ്റ്റർ, ട്രാൻസ്പ്ലാന്റർ മുതലായവ	04972725225
2.	അഗ്രോസർവീസ് സെന്റർ, ചെറുവാഞ്ചേരി, കൂത്തുപറമ്പ്	ട്രാക്ടർ, പവർ ടില്ലർ, കംബയിൻ ഹാർവെസ്റ്റർ, നടീൽ യന്ത്രം, ട്രാൻസ്പ്ലാന്റർ, മെതിയന്ത്രം മുതലായവ	9496761333
3.	അഗ്രോസർവീസ് സെന്റർ, ശ്രീകണ്ഠാപുരം, ഇരിക്കൂർ	ട്രാക്ടർ, പവർ ടില്ലർ, കംബയിൻ ഹാർവെസ്റ്റർ, നടീൽ യന്ത്രം, ട്രാൻസ്പ്ലാന്റർ, മെതിയന്ത്രം മുതലായവ	8281055936
4.	അഗ്രോസർവീസ് സെന്റർ, മുണ്ടേരി, എടക്കാട്	ട്രാക്ടർ, പവർ ടില്ലർ, കംബയിൻ ഹാർവെസ്റ്റർ, നടീൽ യന്ത്രം, ട്രാൻസ്പ്ലാന്റർ, മെതിയന്ത്രം, ട്രി പ്രൂണർ, ഫ്രൂട്ട് പ്ലക്കർ മുതലായവ	944661150
5.	കാർഷിക സേവന കേന്ദ്രം, കാങ്കോൽ	ട്രാക്ടർ, പവർ ടില്ലർ, കംബയിൻ ഹാർവെസ്റ്റർ, നടീൽ യന്ത്രം, ട്രാൻസ്പ്ലാന്റർ, മെതിയന്ത്രം, ട്രി പ്രൂണർ, ഫ്രൂട്ട് പ്ലക്കർ മുതലായവ	9946751875
6.	അഗ്രോസർവീസ് സെന്റർ, ഏഴോം, കല്ല്യാശ്ശേരി	ട്രാക്ടർ, പവർ ടില്ലർ, കംബയിൻ ഹാർവെസ്റ്റർ, നടീൽ യന്ത്രം, ട്രാൻസ്പ്ലാന്റർ, മെതിയന്ത്രം, ട്രി പ്രൂണർ, ഫ്രൂട്ട് പ്ലക്കർ മുതലായവ	9946751663

7.	അഗ്രോസർവീസ് സെന്റർ, ബക്കളം, തളിപ്പറമ്പ്	ട്രാക്ടർ, പവർ ടില്ലർ, കംബയിൻ ഹാർവെസ്റ്റർ, നടീൽ യന്ത്രം, ട്രാൻസ്പ്ലാന്റർ, മെതിയന്ത്രം, ട്രി പ്രൂണർ, ഫ്രൂട്ട് പ്ലക്കർ മുതലായവ	8281200063
8.	അഗ്രോസർവീസ് സെന്റർ, പിണറായി, തലശ്ശേരി	ട്രാക്ടർ, പവർ ടില്ലർ, കംബയിൻ ഹാർവെസ്റ്റർ, നടീൽ യന്ത്രം, ട്രാൻസ്പ്ലാന്റർ, മെതിയന്ത്രം, ട്രി പ്രൂണർ, ഫ്രൂട്ട് പ്ലക്കർ മുതലായവ	9747863546
9.	അഗ്രോസർവീസ് സെന്റർ, ന്യൂമാഹി, തലശ്ശേരി	ട്രാക്ടർ, പവർ ടില്ലർ, കംബയിൻ ഹാർവെസ്റ്റർ, നടീൽ യന്ത്രം, ട്രാൻസ്പ്ലാന്റർ, മെതിയന്ത്രം, ട്രി പ്രൂണർ, ഫ്രൂട്ട് പ്ലക്കർ മുതലായവ	9995974502

വായ്പ സംബന്ധിച്ച വിവരം

പൊതുമേഖല, സഹകരണ ബാങ്കുകൾ	2014-15 വർഷം നൽകിയ വായ്പ തുക	2015-16 വർഷം നൽകിയ വായ്പ തുക	2016-17 വർഷം നൽകിയ വായ്പ തുക
	2,654.84 കോടി	4,244.46697 കോടി	3,779 കോടി

വിള ആരോഗ്യപരിപാലന ക്ലിനിക്കുകൾ		
ക്രമ നമ്പർ	കൃഷി ഭവന്റെ പേര്	സേവനങ്ങൾ
1.	കടന്നപ്പള്ളി-പാണപ്പുഴ	വിളകളിലെ കീടരോഗ നിരീക്ഷണത്തിനുള്ള സംവിധാനവും കീടരോഗനിർണയത്തിനുള്ള ഉപാധികളും സജ്ജമാക്കുന്നു. മണ്ണ് പരിശോധിക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്നു. വിള നിരീക്ഷണ പത്രികകൾ എല്ലാ മാസവും പ്രസിദ്ധീകരിക്കുന്നു. വിളകളിലെ കീടരോഗബാധ സംബന്ധിച്ച് കർഷകർക്ക് മുന്നറിയിപ്പ് നൽകുന്നു.
2.	മാലൂർ	
3.	പയ്യന്നൂർ	
4.	ചിറ്റാരിപ്പറമ്പ്	
5.	ചെറുതാഴം	
6.	മലപ്പട്ടം	
7.	കീഴൂർ ചാവശ്ശേരി	
8.	കൊളച്ചേരി	
9.	പിണറായി	
10.	കരിയാട്	
11.	ചിറക്കൽ	
12.	പട്ടുവം	

❖ കണ്ണൂർ ജില്ലാ മണ്ണ് പരിശോധന കേന്ദ്രത്തിൽ ജില്ലാതല റഫറൽ ക്ലിനിക്ക് പ്രവർത്തിക്കുന്നു.

ഇക്കോഷോപ്പ്					
ക്രമ നമ്പർ	ബ്ലോക്ക്	കൃഷിഭവൻ	കൃത്യമായ സ്ഥാനം	ഏജൻസി	ഫോൺനമ്പർ
1	കല്ല്യാശ്ശേരി	കല്ല്യാശ്ശേരി	ഇരിണാവ്	ഹരിത ക്ലസ്റ്റർ	9947013746
2	കുഞ്ഞുപറമ്പ്	പാന്തർ	പാന്തർ മുൻസിപ്പാലിറ്റി	ജൈവശ്രീ ഇക്കോഷോപ്പ് സൊസൈറ്റി	9495617462
3	പയ്യന്നൂർ	പയ്യന്നൂർ	പെരുമ്പ	മണിയറ ക്ലസ്റ്റർ	9961616727
4	പേരാവൂർ	പേരാവൂർ	കണ്ണൂർ	BLFO	9605015596
5	തളിപ്പറമ്പ്	ആന്തൂർ	ബക്കളം	ബക്കളം വയൽ	9446165885
6	കല്ല്യാശ്ശേരി	കണ്ണപുരം	കണ്ണപുരം കൃഷിഭവനു സമീപം	BLFO	9447735163
7	കണ്ണൂർ	പാപ്പിനിശ്ശേരി	പഞ്ചായത്ത് ഓഫീസിനു സമീപം	പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് കാർഷിക കർമസേന	

കൃഷിയിടങ്ങളുടെ വലുപ്പം	ഭൂവിവരം		വിസ്തീർണം	
	എണ്ണം	ആകെ (%)	ഹെക്ടർ	ആകെ (%)
1 ഹെക്ടറും 1 ഹെക്ടറിൽ താഴെ	379800	90	78911	50
1 ഹെക്ടർ മുതൽ 2 ഹെക്ടർവരെ	27500	7	36789	23
2 ഹെക്ടറിന് മുകളിൽ	13700	3	42821	27
ആകെ	**421000**	**100**	**158521**	**100**

കണ്ണൂർ ജില്ലയുടെ ആകെയുള്ള ഭൂവിസ്തൃതിയായ 296600 ഹെക്ടറിൽ 213082 ഹെക്ടറിലും വിവിധ വിളകൾ കൃഷിചെയ്തു വരുന്നു. പ്രധാന നാണ്യവിളയായ തെങ്ങിനെ അടിസ്ഥാനമാക്കിയുള്ള ദീർഘകാല വിളകളും വാർഷിക വിളകളും ഹ്രസ്വകാല വിളകളും നെൽകൃഷിയും ഒക്കെ ചേർന്നുള്ള വൈവിധ്യങ്ങളായുള്ള വിളകൾ ചേർന്നുള്ള മാതൃക പുരയിടങ്ങൾ കണ്ണൂരിന്റെ മുഖമുദ്രയാണ്. മലയോരമേഖലയിൽ ഒറ്റ വിളയായി റബ്ബറിന്റെ സാന്നിധ്യം ശക്തമാണ്.



ഭൂവിനിയോഗം സംബന്ധിച്ച പട്ടിക				
ക്രമ നമ്പർ	ഭൂവിനിയോഗം	വിസ്തൃതി ഹെക്ടറിൽ		
		നിലം	കര	ആകെ
1	കെട്ടിടങ്ങൾ	2,088.11	2,2131.60	24,219.72
2	കാർഷികേതര ഉപയോഗം	797.35	9,855.80	10,653.14
3	കൃഷി ചെയ്യാത്ത തരിശ്	6.93	1,238.15	1,245.07
4	മറ്റ് വൃക്ഷങ്ങൾ	171.42	103.52	274.95
5	കൃഷി യോഗ്യമായ തരിശ് സ്ഥലം (>5 വർഷം)	2,350.56	3,024.84	5,375.40
6	മറ്റ് തരിശ് സ്ഥലം (1–5 വർഷം)	2,148.55	1,081.83	3,230.38
7	നിലവിലുള്ള തരിശ് സ്ഥലം (<ഒരു വർഷം)	1,673.76	1,122.49	2,796.25
8	സാമൂഹ്യ വനവൽക്കരണം (യഥാർത്ഥ വിസ്തീർണം)	0.00	68.00	68.00
9	വെള്ളം കെട്ടിനിൽക്കുന്ന സ്ഥലം	427.21	251.27	678.47
10	സ്ഥിരമായി വെള്ളം കെട്ടിനിൽക്കുന്ന സ്ഥലം	0.00	6,042.11	6,042.11
11	ചതുപ്പുനിലം	15.51	79.37	94.88
12	നെൽകൃഷി –	2,515.55	16.36	2,531.91
13	നെൽകൃഷി – മുണ്ടകൻ	1,974.02	12.62	1,986.64
14	നെൽകൃഷി – പുഞ്ച	14.21	0.00	14.21

വിഭവ സ്രോതസ്സുകളുടെ ഉത്പാദന നിലവാരം				
ക്രമ നമ്പർ	വിള	വിസ്തൃതി (ഹെക്ടർ)	ഉത്പാദനം (ടൺ)	ഉത്പാദന ക്ഷമത (കി.ഗ്രാം/ഹെ.)
1.	നെല്ല്	5255	19049	3625
2.	പച്ചക്കറി	2341	27768	12000
3.	തെങ്ങ്	78747	562.2(മില്യൺ)	7139
4.	കുരുമുളക്	22780	23782	1044
5.	കൊക്കോ	510	424	830
6.	റബ്ബർ	46250	67062	1450
7.	കുരുമുളക്	7410	2904	392
8.	ഇഞ്ചി	92	464.6	5050
9.	മഞ്ഞൾ	140	679	4850

കാർഷിക മേഖലയിൽ വിത്ത് മുതൽ വിപണനം വരെയുള്ള ഉത്പാദന പ്രക്രിയകളുടെ സമന്വയം ഉറപ്പാക്കിയുള്ള സമഗ്ര കാർഷിക വികസനം പ്രായോഗികമാക്കുക എന്ന വികസന നയം ലക്ഷ്യം വെച്ചുള്ള പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. പ്രാദേശിക വിഭവ ഉറവിടങ്ങളും വികസന സാധ്യതകളും ഉപയോഗപ്പെടുത്തി കാർഷികവിളകളുടെ ഉത്പാദനക്ഷമതയും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. അതോടൊപ്പം വിപണി സാധ്യതകളും വിപുലീകരിക്കണം. കൃഷി മുഖ്യ ഉപജീവനമാർഗമായുള്ള ജനതയുടെ ജീവിത ഭദ്രതയും മുഖ്യമാണ്.

കാർഷികവികസനവും കർഷകക്ഷേമവും ലക്ഷ്യമാക്കി വിവിധ കോണുകളിൽ നിന്നും ഇതിനകം നിരവധി നിർദേശങ്ങളും അഭിപ്രായങ്ങളും ഉയർന്നുവരികയുണ്ടായി. മുൻഗണനാക്രമത്തിൽ വരും പദ്ധതികാലത്ത് നടപ്പാക്കുന്നതിനായി നല്ല മുന്നൊരുക്കം ആവശ്യമാണ്. പദ്ധതി ആസൂത്രണത്തിലും നിർവഹണത്തിലും ഉണ്ടായ പിഴവുകൾ വിലയിരുത്തി സമൂലമായ വികസനം സാധ്യമാക്കുവാൻ ഇതിലൂടെ കഴിയും. കാലാവസ്ഥാ വൈവിധ്യം, മണ്ണിന്റെയും ജലത്തിന്റെയും സംരക്ഷണം തുടങ്ങി വിത്ത് മുതൽ വിപണനം വരെയുള്ള കാര്യങ്ങൾ പരസ്പര പൂരകങ്ങളായി കണക്കിലെടുത്തുള്ള പദ്ധതികൾ തന്നെയാണ് നമുക്കാവശ്യം. തരിശുഭൂമിയുടെ പുനരുദ്ധാരണവും കാർഷികവിളകളുടെ വിസ്തൃതി വ്യാപനവും സാധ്യമാക്കുന്ന പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്ത് വരികയാണ്.

മണ്ണ് ജല സംരക്ഷണവും സമകാലീനകാലത്തെ പ്രധാന മുൻഗണനാ വിഷയം തന്നെയാണ്. പരിസ്ഥിതി സംരക്ഷണവും ആരോഗ്യസുരക്ഷയും ലക്ഷ്യമാക്കിയുള്ള കർമപദ്ധതികൾ നടപ്പാക്കി വരികയാണ്. ജലസേചന സൗകര്യങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനും ജലലഭ്യത ഉറപ്പാക്കുന്നതിനും ദീർഘകാല പദ്ധതികൾ ആവശ്യമാണ്. കാര്യക്ഷമമായ ജല വിനിയോഗം നാമോരോരുത്തരുടെയും കാഴ്ചപ്പാടായി മാറേണ്ടിയിരിക്കുന്നു. ഭക്ഷ്യസുരക്ഷ എന്നതിനപ്പുറം ഭക്ഷ്യസ്വയംപര്യാപ്തത കൈവരിക്കുവാൻ ഉതകുന്ന പ്രവർത്തനങ്ങൾ കൂടുതൽ ആവശ്യമാണ്. മണ്ണ് ജല സംരക്ഷണം, ജൈവകൃഷി, മാലിന്യ സംസ്കരണം തുടങ്ങിയവ ലക്ഷ്യം വെച്ചുള്ള ഹരിതകേരളം പദ്ധതി കാർഷിക മേഖലക്ക് വലിയ മുതൽ കൂട്ടാണ് .

ചില പ്രധാന വിളകളുമായി ബന്ധപ്പെട്ട വികസന കാഴ്ചപാടുകൾ താഴെ ചേർക്കുന്നു.

നെൽകൃഷി

നിലവിലുള്ള ഉത്പാദനക്ഷമത ഹെക്ടറിന് 3.1 ടൺ എന്നതിൽ നിന്ന് ഹെക്ടറിന് 4.5 ടൺ എന്ന ലാഭകരമായ ലക്ഷ്യത്തിലാക്കാനുള്ള പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്നു .

നെൽകൃഷി വിവരങ്ങൾ				
വർഷം	**വിസ്തീർണം (ഹെക്ടർ)**	**ഉത്പാദനം (ടൺ)**	**ഉത്പാദനക്ഷമത (ടൺ/ഹെക്ടർ)**	**റിമാർക്സ്**
2012-13	6684	14,238	2.13	2016-17 വർഷത്തിൽ നിലവിലുള്ള 2350 ഹെക്ടർ തരിശുവയൽ 2022-23 വർഷത്തിലേക്ക് പൂർണമായും കൃഷിയോഗ്യമാക്കുന്നു.
2017-18	5300	16,430	3.1	
2022-23	6000	27,000	4.5	

പ്രധാന വിളകളുടെ ഉത്പാദനവും ലക്ഷ്യവും						
ക്രമ നമ്പർ	**വിളവ്**	**നിലവിലുള്ള അവസ്ഥ**		**ലക്ഷ്യമിടുന്ന ഉത്പാദനം**	**ഉത്പാദനത്തിലെ വിടവ്**	**ലക്ഷ്യമിടുന്ന ഉത്പാദനക്ഷമത വർധനവ്**
		വിസ്തീർണം (ഹെക്ടർ)	**ഉത്പാദനം**			
1	തെങ്ങ്	71831.83	47.76 കോടി നാളികേരം	75.42 കോടി നാളികേരം	27.66 കോടി നാളികേരം	38 നാളികേരം എന്നത് 60 നാളികേരം
2	കുരുമാവ്	16665.72	19432.22 ടൺ	26665.15 ടൺ	7232.93 ടൺ	ഒരു മരത്തിൽനിന്നും 5.8 കിലോ എന്നത് 8 കിലോ

3	കുരുമുളക്	1724.6	853.67 ടൺ	1897.06 ടൺ	1043.39 ടൺ	ഒരു താങ്ങു കാലിൽനിന്നും 450 ഗ്രാം എന്നത് 1 കിലോ
4	വാഴ	4733.48	47334.8 ടൺ	82835.9 ടൺ	35501.1 ടൺ	4 കിലോ എന്നത് 7 കിലോ
5	പച്ചക്കറി	1520.14	12161.12 ടൺ	18241.68 ടൺ	6080.56 ടൺ	8 ടൺ/ ഹെക്ടർ എന്നത് 12 ടൺ/ഹെക്ടർ
6	പയർ വർഗങ്ങൾ	541.67	436 ടൺ	595 ടൺ	159 ടൺ	805 കിലോ എന്നത് 1100 കിലോ
7	കിഴങ്ങ് വർഗം	2385.28	85870 ടൺ	107337 ടൺ	21467 ടൺ	36 ടൺ/ ഹെക്ടർ എന്നത് 45 ടൺ/ഹെക്ടർ
8	പഴവർഗം	12683.95	60400 ടൺ	63419 ടൺ	3019 ടൺ	4.7 ടൺ/ ഹെക്ടർ എന്നത് 5 ടൺ/ ഹെക്ടർ

കണ്ണൂർ ജില്ലയ്ക്ക് 4 കാർഷിക പാരിസ്ഥിതിക മേഖലകളാണ് ഉള്ളത്. സസ്യവൈവിധ്യവും പാരിസ്ഥിതിക പ്രത്യേകതകളും കാർഷിക പാരിസ്ഥിതിക യൂണിറ്റുകളുടെ സവിശേഷതയാണ്.

കാർഷിക പാരിസ്ഥിതിക മേഖലകൾ			
ക്രമ നമ്പർ	**കാർഷിക പാരിസ്ഥിതിക യൂണിറ്റ്**	**വിസ്തീർണം (ച.കി.മീ.)**	**ആകെ വിസ്തീർണത്തിന്റെ ശതമാനം**
1	കണ്ണൂർ വടക്ക് തീര പ്രദേശം	246.33	8.33
2	കണ്ണൂർ കൈപ്പാട് നിലങ്ങൾ	117.1	3.96
3	കണ്ണൂർ ചെങ്കൽ പ്രദേശം (Northern Laterites)	1501.32	50.79
4	കണ്ണൂർ മലനാട് (Northern Hills)	1091.47	36.92
	ആകെ വിസ്തീർണം	**2956.22**	**100**

കാട്ടാമ്പള്ളി കൈപ്പാട് നെൽകൃഷി

കേരളത്തിലെ പ്രധാനപ്പെട്ട തീരദേശ നെൽകൃഷി മേഖലയാണ് ഉത്തര കേരളത്തിലെ കൈപ്പാട്. വേലിയേറ്റത്തിലൂടെയും വേലിയിറക്കത്തിലൂടെയും ഓരുജലം കയറിയിറങ്ങുന്ന ഈ മേഖലയിലെ മണ്ണും ഉപ്പും ലവണാംശമുള്ളതായിരിക്കും. കണ്ടൽ വനത്താൽ ചുറ്റപ്പെട്ട ഈ നെൽകൃഷി മേഖല പ്രകൃത്യാ ജൈവക്കൃഷി ഭൂമിയാണ്. ഒന്നാം വിള നെൽകൃഷിയും രണ്ടാം വിള മത്സ്യകൃഷിയും സാധ്യമായ സസ്യജന്തുക്കളുടെ വൈവിധ്യത ഏറെയുള്ള ഈ തണ്ണീർത്തടങ്ങൾ ഭക്ഷ്യ സുരക്ഷയോടൊപ്പം പോഷകാഹാര സുരക്ഷയും ഉറപ്പുവരുത്തുന്ന പ്രകൃതി വരദാന ഭൂമിയാണ്. കൈപ്പാട് മേഖലയിൽ വികസനം വളരെ മന്ദഗതിയിലാണ്.

ജൈവ കൃഷിക്ക് പ്രാധാന്യമേറിവരുന്ന വർത്തമാന കാലഘട്ടത്തിൽ, പ്രകൃത്യാ ജൈവ കൃഷി ചെയ്യുന്ന ഉത്തര കേരളത്തിലെ കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിലായി കിടക്കുന്ന കൈപ്പാട് കൃഷി മേഖല നിലനിർത്തേണ്ടതും സംരക്ഷിക്കേണ്ടതും ഉത്പാദനം വർദ്ധിപ്പിക്കേണ്ടതും കാലഘട്ടത്തിന്റെ ആവശ്യമാണ്. യഥാർത്ഥ കൈപ്പാട് കൃഷിരീതി അറിയാത്ത കാസറഗോഡ്, കോഴിക്കോട്, കാട്ടാമ്പള്ളി കൈപ്പാട് കർഷകർക്ക് ലഭിക്കുന്ന വിളവും കണ്ണൂരിലെ പരമ്പാരഗത കൈപ്പാട് കർഷകർക്ക് ലഭിക്കുന്ന വിളവും തമ്മിൽ വളരെ അന്തരമുണ്ട്. കാട്ടാമ്പള്ളി കൈപ്പാട് നെൽകൃഷി 1267 ഹെക്ടർ സ്ഥലത്ത് കാട്ടമ്പള്ളി പുഴയുടെ ഇരുകരകളിലുമായി 9 പഞ്ചായത്തുകളിൽ വ്യാപിച്ചു കിടക്കുന്നു. മയ്യിൽ, കൊളച്ചേരി, നാറാത്ത്, ചിറക്കൽ, പുഴാതി, കുറ്റ്യാട്ടൂർ, ചേലോറ, എളയാവൂർ എന്നീ പഞ്ചായത്തുകളിലാണ് മുൻ വർഷങ്ങളിൽ കൃഷി ചെയ്തു വന്നിരുന്നത്. 1966ൽ വിവിധോദ്ദേശ്യ ലക്ഷ്യങ്ങളുമായി കമ്മീഷൻ

ചെയ്യപ്പെട്ട കാട്ടാമ്പള്ളി പദ്ധതി രണ്ട് വിളയെങ്കിലും ഈ പ്രദേശത്ത് സാധ്യമാക്കാനുള്ള ഉദ്ദേശ്യത്തോടുകൂടി ആരംഭിച്ചതാണ്. കാട്ടാമ്പള്ളി റെഗുലേറ്റർ കം ബ്രിഡ്ജ് നിർമിച്ചതിനു ശേഷം ഉദ്ദേശിച്ച ഫലം ലഭിച്ചിരുന്നില്ല. മഴക്കാലത്ത് രൂക്ഷമായ വെള്ളപ്പൊക്കവും, ഷട്ടറിന്റെ കേടായ ഭാഗങ്ങളിലൂടെ കയറി വരുന്ന ഉപ്പ് വെള്ളം നെൽകൃഷി നശിപ്പിക്കുന്നതും ജലത്തിന്റെ ലവണാംശം വർദ്ധിപ്പിക്കുന്നതും ഇതിന്റെ പ്രധാന കാരണമാണ്.

2016-17 ലെ നെൽകൃഷി വിസ്തീർണമായ 43 ഹെക്ടർ 120 ഹെക്ടറായി വർദ്ധിപ്പിക്കുകയാണ് ലക്ഷ്യം. കർഷകർക്ക് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും കർഷകർക്ക് വലിയ മൂലധന ചെലവുള്ള കൃഷി ചെയ്യുന്നതിനുള്ള സാമ്പത്തിക സഹായം നൽകുകയും ചെയ്യുകവഴി മാത്രമേ ഇത് സാധ്യമാകുകയുള്ളു. കാട്ടാമ്പള്ളി പദ്ധതി നടപ്പിലാക്കുന്നത് വഴി നെൽകൃഷിയുടെ ഉത്പാദനവും ഉത്പാദന ക്ഷമതയും വരും വർഷങ്ങളിൽ വർദ്ധിപ്പിക്കുവാൻ കഴിയും. കൂടാതെ ഈ പ്രദേശത്ത് ടൂറിസം വികസനത്തിനുള്ള അനന്ത സാധ്യതകൾ ചൂഷണം ചെയ്യാനും കഴിയും.

കാട്ടാമ്പള്ളിയിൽ നെൽകൃഷി നടപ്പിലാക്കുന്നതിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ ഇവയാണ്.

1. നിലമൊരുക്കാനുള്ള വർദ്ധിച്ച ചെലവ്
2. ഉപ്പ് വെള്ളം കയറിവരുന്നത് നിയന്ത്രിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത
3. വിദഗ്ധ തൊഴിലാളികളുടെ അഭാവം
4. ശരിയായ ഭൂ ഉടമകളെ തിരിച്ചറിയാനുള്ള ബുദ്ധിമുട്ട്

കൈപ്പാട് കൃഷി

പരമ്പരാഗത കൈപ്പാട് 1120 ഹെക്ടറിൽ ഏഴോം, കണ്ണപുരം, ചെറുകുന്ന്, പട്ടുവം എന്നിവിടങ്ങളിലായി സ്ഥിതി ചെയ്യുന്നു. ഇതിൽ 130 ഹെക്ടർ ഈ വർഷം കൃഷിയിറക്കിയിട്ടുണ്ട്. 250 ഹെക്ടർ വരെ നെൽകൃഷി ഇവിടെ സാധ്യമാണ്. ഉപ്പ് ലവണത്തെ അതിജീവിക്കുന്ന ജൈവ നെല്ലിനങ്ങളായ ഏഴോം 1, ഏഴോം 2, ഏഴോം 3, ഏഴോം 4 എന്നിവ ഇവിടെ കൃഷി ചെയ്തുവരുന്നു.

കണ്ണൂർ, കാസറഗോഡ്, കോഴിക്കോട് ജില്ലകളുടെ പ്രവർത്തന പരിധിയിൽ വരുന്ന മലബാർ കൈപ്പാട് ഫാർമേഴ്സ് സൊസൈറ്റി രൂപീകരിച്ച് സൊസൈറ്റിയുടെ മാനേജ്മെന്റിൽ പ്രവർത്തിക്കേണ്ട ഭക്ഷ്യ സുരക്ഷാസേന രൂപീകരിച്ച് പരിശീലനം നൽകിയിട്ടുണ്ട്. 2014-ൽ കൈപ്പാട് അരിക്ക് പേറ്റന്റിന്റെ വകഭേദമായ ഭൗമ സൂചിക പദവി നേടിയെടുത്തു.

കൈപ്പാടിന്റെ പരമ്പരാഗത നെല്ലിനങ്ങളായ കുതിര്, ഓർക്കയമ, കുട്ടസൻ, ഒടിയൻ, ഒറീസ, ഓർപ്പാണ്ടി, പുഞ്ചക്കയമ എന്നിവയെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഇവയുടെ വിത്ത് സാമ്പിൾ ദീർഘകാല സൂക്ഷിപ്പിനായി എൻ.ബി.പി.ജി.ആർ. ന്യൂഡൽഹിക്ക് നൽകിയിട്ടുണ്ട്. 2017-ൽ കെ.എൽ.ഡി.സി. 10 കോടി രൂപയുടെ പ്രൊജക്ട് ഏറ്റെടുത്ത് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

തെങ്ങാണ് ഏറ്റവും കൂടുതൽ കൃഷി ചെയ്തുവരുന്ന നാണ്യവിള. റബ്ബർ, കശുമാവ്, കുരുമുളക്, നെല്ല്, പച്ചക്കറി മുതലായവയും പ്രധാന വിളകൾതന്നെ. കാലി വളർത്തൽ, കോഴിവളർത്തൽ, മത്സ്യക്കൃഷി എന്നിവയിലും കർഷകർ ഏർപ്പെട്ടുവരുന്നു. നൂതന കൃഷി സമ്പ്രദായങ്ങളായ സംരക്ഷിത കൃഷി മേഖലകളിലും കഴിവ് തെളിയിച്ച കർഷകർ നമുക്ക് ഇടയിലുണ്ട്.

ഉത്പാദനക്ഷമത കുറഞ്ഞതും രോഗം ബാധിച്ചതുമായ തെങ്ങുകൾ നിലവിലുണ്ട്. അത്യുത്പാദനശേഷിയുള്ള സങ്കരയിനം തെങ്ങിൻ തൈകൾ കൃഷിഭവനുകളിലൂടെ വർഷാവർഷം കർഷകർക്കായി വിതരണം ചെയ്യുന്നുണ്ട്. നെൽകൃഷിയിൽ പ്രത്യേകിച്ച് തരിശ് കൃഷി, കരകൃഷി മേഖലകളിൽ നല്ല മുന്നേറ്റമുണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. നെൽകൃഷി ഉണർവിന്റെ പാതയിലാണ്. ജനസംഖ്യാ നിരക്കിനേക്കാളും പാർപ്പിടങ്ങളുടെ വളർച്ചാ നിരക്ക് കൂടിയത് നെൽകൃഷിയുടെ വിസ്തൃതി ശോഷണത്തിന്റെ അനേകം കാരണങ്ങളിൽ ഒന്നാണ്.


KANNUR DISTRICT
DISTRIBUTION OF COCONUT CULTIVATION
N
W
E
S
CHERUPUZHA
UDAYAGIRI
PERIGNOME
ALAKKODE
KANKOLE-ALAPADAMBA
KARIVELLUR-PERALAM
ERAMAM-KUTTUR
CHAPPARAPADAVU
NADUVIL
PAYYANNUR MUNICIPALITY
KADANNAPALLI-PANAPUZHA
PAYYAVUR
ERUVASSERY
KUNJIMANGALAM
PARIYARAM
CHERUTHAZHAM
SREEKANDAPURAM MUNICIPALITY
ULIKKAL
KURUMATHUR
CHENGALAYI
RAMANTHALI
AYYANKUNNU
EZHOME
TALIPARAMBA MUNICIPALITY
MADAYI
PATTUVAM
MALAPATTAM
PAYAM
PADIYUR
CHERUKUNNU
IRIKKUR
MAYYIL
KANNAPURAM
ANTHUR MUNICIPALITY
MATTOOL
KUTTIYATTOOR
IRITTY MUNICIPALITY
ARALAM
KALYASSERI
KOLACHERRY
KOODALI
PAPPINISSERI
NARATH
MUZHAKKUNNU
VALAPATTANAM
MATTANNUR MUNICIPALITY
THILLANKERI
AZHIKODE
KEEZHALLUR
MUNDERI
KELAKOM
CHIRAKKAL
PERAVOOR
MALUR
ANJARAKANDY
KANICHAR
KOTTIYOOR
KANNUR CORPORATION
CHEMBILODE
KOLAYAD
MANGATTIDOM
VENGAD
CHITTARIPARAMBA
PERALASSERY
KAIAMBOOR
KUTHUPARAMBU MUNICIPALITY
PATYAM
KOTTAYAM
PINARAYI
MUZHAPPILANGAD
KUNNOTHUPARAMBA
ERANJOLI
DHARMADOM
MOKERI
KATHIRUR
THRIPANGOTTUR
THALASSERY MUNICIPALITY
PANNIYANNUR
PANOOR MUNICIPALITY
CHOKLI
MAHE
Area In Ha
< 500
500.1 - 1000.0
1000.1 - 1500.0
1500.1 - 2000.0
2000.1 - 2500.0



കാർഷിക വിപണന കേന്ദ്രങ്ങൾ ആരംഭിക്കുകയും വിപണന രംഗത്തെ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുവാൻ കർഷകരെ പ്രാപ്തരാക്കുകയും ചെയ്യേണ്ടതുണ്ട്. ഉത്പാദനച്ചെലവിന്റെ ഏറിയപങ്കും കൂലി ഇനത്തിലാണ്. കാർഷികമേഖലയിലെ യന്ത്രവൽക്കരണം ഒരു പരിധി വരെ ഉപകാരപ്പെട്ടിട്ടുണ്ടെങ്കിലും അവയുടെ ചെറിയ റിപ്പയറിങ്ങിനു പോലും സൗകര്യമില്ലാത്തത് വിവിധ പദ്ധതികളിൽ നൽകിയ യന്ത്രങ്ങൾ ഉപയോഗശൂന്യമായി കിടക്കുവാൻ കാരണമായിട്ടുണ്ട്. ഇതിനായി അഗ്രോ സർവീസ് സെന്ററുകളും കർമസേനകളും ശക്തിപ്പെടുത്തേണ്ടതുണ്ട്. കാർഷിക യന്ത്രങ്ങളുടെ സ്പെയർ പാർട്സുകൾ ലഭ്യമാക്കുന്നതിനും റിപ്പയറിങ്ങ് നടത്തുന്നതിനും ജില്ലാ തലത്തിലെങ്കിലും ഒരുവർക്ക്ഷോപ്പ് അനിവാര്യമാണ്.

ജില്ലയിൽ നടീൽ വസ്തുക്കളും മറ്റും തയ്യാറാക്കുവാൻ പ്രാപ്തമായ അഞ്ച് ഫാമുകൾ ഉണ്ടെങ്കിലും അവയുടെ സാധ്യത പൂർണമായും ഉപയോഗപ്പെടുത്തുവാൻ സാധിക്കേണ്ടതുണ്ട്. കൈപ്പാട്, കാട്ടാമ്പള്ളി തുടങ്ങിയ മേഖലകളിൽ അഭിമാനാർഹമായ മുന്നേറ്റം നെൽകൃഷിയിൽ ഉണ്ടായിട്ടുണ്ട്. ഭൗമസൂചിക പദവിയും നേടിയെടുക്കുവാൻ കഴിഞ്ഞത് ഈ അടുത്ത കാലത്താണ്. കൃഷി ചെയ്തെടുത്ത നെല്ല് അരിയാക്കി വിപണനം ചെയ്യുന്നതിനായി ആദ്യത്തെ ഫാർമർ പ്രൊഡ്യൂസർ കമ്പനി രൂപീകരിച്ചതും മയ്യിൽ കൃഷിഭവൻ പരിധിയിലാണ്.

പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

ക്രമ നം	പ്രശ്നങ്ങൾ	പ്രശ്ന ബാധിത പ്രദേശം, വിഭാഗം	പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ	പ്രശ്നത്തിനുള്ള കാരണങ്ങൾ/വെല്ലുവിളികൾ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന/ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം		
				ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിൽ	മുകൾത്തട്ട് പഞ്ചായത്ത് തലത്തിൽ	സർക്കാർ തലത്തിൽ
1	കാർഷിക മേഖലയിൽ തൊഴിലാളി ക്ഷാമം	കണ്ണൂർ ജില്ല മുഴുവനും	പുതുതലമുറക്കാർ കാർഷിക മേഖലയിലേക്ക് വരുന്നില്ല, അനാകർഷണീയത, ജീവിത ശൈലിയിൽ ഉണ്ടായമാറ്റം	യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നില്ല	യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കൽ തൊഴിൽസേന	മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ സേവനം ഉപാധികളില്ലാതെ കാർഷിക മേഖലയിൽ ലഭ്യമാക്കണം, കർഷകർക്ക് അനുയോജ്യമായ ചെറുയന്ത്രങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമാകണം
2	നെൽകൃഷിയുടെ വിസ്തൃതി ശോഷണവും തരിശിടലും	ജില്ല മുഴുവനും	പശ്ചാത്തല സൗകര്യക്കുറവ് (ജലസേചനം, വെള്ളക്കെട്ട്, ഉപ്പുവെള്ളം കയറൽ)	ബോധവൽക്കരണം, ധനസഹായവും ഉത്പാദനോപാധികളുടെ വിതരണം	യന്ത്രവൽക്കരണം കരാർകൃഷി വ്യാപനം (ഭൂവുടമകളുടെ ആനുകൂല്യം)	സർക്കാർ തലത്തിൽ ആനുകൂല്യം വർദ്ധിപ്പിക്കുക, കൂലിചെലവും ഉത്പാദന ബോണസ്സും
3	കാർഷികോൽപ്പന്നങ്ങളുടെ വിലക്കുറവ്	ജില്ല മുഴുവനും	ഇടത്തട്ടുകാരുടെ ചൂഷണവും അനിയന്ത്രിതമായ ഇറക്കുമതിയും	പ്രാദേശിക ചന്തകൾ ഒരുക്കി കർഷകർക്ക് നേരിട്ട് വിപണനത്തിനുള്ള സാഹചര്യമൊരുക്കണം	ഭക്ഷ്യസംസ്കരണ യൂണിറ്റുകൾ ആരംഭിക്കണം, മൂല്യവർദ്ധിത ഉൽപ്പന്ന നിർമാണ മേഖലയുടെ വികാസം	തറവില നിശ്ചയിച്ച് ഉൽപ്പന്നങ്ങൾ സംഭരിക്കണം
4	ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത	ജില്ല മുഴുവനും	ഭൂമിയുടെ കിടപ്പ്, ഭൂപ്രദേശത്തിന്റെ പ്രത്യേകത	തൊഴിലുറപ്പ് പദ്ധതിയിൽ മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം	ആവശ്യമുള്ള ഇടങ്ങളിൽ പുതിയ തടയണകൾ സ്ഥാപിക്കുകയും നിലവിൽ പ്രവർത്തന ക്ഷമമല്ലാത്തവ റിപ്പയർ ചെയ്യുകയും വേണം, പദ്ധതി ആസൂത്രണത്തിൽ കർഷകർക്ക് പങ്കാളിത്തം വേണം	സൂക്ഷ്മ ജലസേചന പദ്ധതി കൂടുതൽ ആകർഷകമാക്കണം
5	ജൈവവള ലഭ്യത കുറവ്	ജില്ല മുഴുവനും	കാലിവളർത്തൽ കുറഞ്ഞു, പരിശോധന സംവിധാനങ്ങളുടെ അപര്യാപ്തത	പ്രാദേശികമായി ജൈവവള നിർമാണ യൂണിറ്റുകൾ ആരംഭിക്കണം	മണ്ണിന്റെ പരിപോഷണം സാധ്യമാക്കുക	1.പശു, ആട്, കോഴി തുടങ്ങിയവയെ വളർത്തുന്നവർക്ക് സർക്കാരിന്റെ എല്ലാ പദ്ധതികളിലും മുൻഗണന നൽകണം 2.മാനദണ്ഡങ്ങൾ കർഷകസൗഹൃദമാക്കണം 3.സംയോജിത കൃഷി പ്രോത്സാഹിപ്പിക്കണം

6	കീടരോഗബാധ	ജില്ല മുഴുവനും	പരിപാലനത്തിലെ പോരായ്മയും തൊഴിലാളി ക്ഷാമവും, കാലാവസ്ഥാ മാറ്റവും	കർഷകർക്ക് സൗജന്യ നിരക്കിൽ സസ്യ സംരക്ഷണ മരുന്നുകൾ നൽകണം	സസ്യരോഗ ക്ലിനിക്കുകളുടെ ശാക്തീകരണം, പരിശീലനം ലഭിച്ച വിദഗ്ധരുടെ സംഘം ബ്ലോക്ക്തലത്തിൽ രൂപീകരിക്കുക	മുന്നറിയിപ്പ് സംവിധാനങ്ങളുടെ ശാക്തീകരണം
7	ജൈവ ഉത്പാദന ഉപാധികളുടെ ഗുണനിലവാരത്തകർച്ച	ജില്ല മുഴുവനും	പരിശോധിക്കുന്നതിലെ കാര്യക്ഷമതയുടെയും സൗകര്യങ്ങളുടെയും കുറവ്	കർഷകരിൽ ജൈവവള നിർമാണത്തിൽ സ്വയംപര്യാപ്തത ഉണ്ടാക്കുക	ഇക്കോഷോപ്പുകൾ, ബയോ ഇൻപുട്ട് സെന്റർ ഇടങ്ങിയ സർക്കാർ നിയന്ത്രണ സംവിധാനങ്ങളിലൂടെ ലഭ്യമാക്കൽ	ഗുണനിലവാര പരിശോധന സംവിധാനങ്ങൾ വ്യാപകമാക്കൽ
8	വന്യമൃഗങ്ങളുടെ ശല്യം	ജില്ല മുഴുവനും	വന്യജീവികളുടെ സ്വാഭാവികമായ വാസസ്ഥലത്തിന്റെ നാശം	സമ്പൂർണ വിള ഇൻഷുറൻസ് പദ്ധതികൾ ഗ്രാമപഞ്ചായത്ത് സഹകരണത്തിലൂടെ പ്രോത്സാഹിപ്പിക്കൽ	1.തൊഴിലുറപ്പ് പദ്ധതി ഉപയോഗിച്ച് ടഞ്ചുകൾ നിർമിക്കൽ, സൗരോർജ്ജവേലി സ്ഥാപിക്കൽ 2. കൃഷി യോഗ്യമായ സ്ഥലങ്ങൾ തരിശിടാതിരിക്കൽ	
9	വിപണന സംഭരണ സൗകര്യക്കുറവ്	ജില്ല മുഴുവനും	ഇടത്തട്ടുകാരുടെ ചൂഷണവും ഗവൺമെന്റ് ഇടപെടലിലെ പോരായ്മയും	1.എഫ്പിസികളുടെ രൂപീകരണം 2.ദിവസചന്തകൾ വ്യാപിപ്പിക്കുക 3.സംഭരണ വിതരണ കേന്ദ്രങ്ങൾ സംഘടിപ്പിക്കുക	ഇടത്തട്ട് ചൂഷണം ഒഴിവാക്കിപ്പിക്കുക, റഗുലേറ്ററി മാർക്കറ്റ് സാധ്യമാക്കുക	ഇക്കോ ഷോപ്പ് ഗ്രാമീണ ചന്ത വ്യാപിപ്പിക്കുക ആധുനിക സൗകര്യങ്ങളോടുകൂടിയ സംഭരണകേന്ദ്രങ്ങൾ സ്ഥാപിക്കൽ
10	ഗുണമേൻമയുള്ള നടീൽ വസ്തുക്കളുടെ ലഭ്യതക്കുറവ്	ജില്ല മുഴുവനും	ഉത്പാദന കേന്ദ്രങ്ങളുടെ ശേഷിക്കുറവ്	വിത്തും നടീൽവസ്തുക്കളും സമയാസമയങ്ങളിൽ എത്തിക്കൽ	ഗുണമേൻമയുള്ള വിത്തുത്പാദന കേന്ദ്രങ്ങൾ, പ്രാദേശിക കേന്ദ്രങ്ങൾ സ്ഥാപിക്കുക	
11	വർദ്ധിക്കുന്ന കൂലിയുടെയും ഉത്പാദന ഉപാധികളുടെയും ചെലവ്	ജില്ല മുഴുവനും			ആഗ്രോ സർവീസ് സെന്ററുകളും കർമസേനകളും ശക്തിപ്പെടുത്തുക തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെടുത്തുക	
12	യുവജനങ്ങൾക്ക് കാർഷിക മേഖലയോടുള്ള താല്പര്യക്കുറവ്	ജില്ല മുഴുവനും	അനാകർഷണീയത	ബോധവൽക്കരണം ത്വരിതപ്പെടുത്തുക	സ്ഥിരവരുമാനം ലഭ്യമാക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുക	
13	സംസ്കരണവും മൂല്യവർദ്ധനയും പ്രോൽസാഹിപ്പിക്കൽ	ജില്ല മുഴുവനും		നടീലിന്റെയും, ഉൽപ്പന്നവരവിന്റെയും ക്രമീകരിക്കൽ, കൃഷിയിലെ വൈവിധ്യവൽക്കരണം പ്രോത്സാഹിപ്പിക്കൽ	മൂല്യവർദ്ധിത ഉൽപ്പന്ന നിർമാണ യൂണിറ്റുകളുടെ വ്യാപനം സാധ്യമാക്കൽ	
14	യന്ത്രവൽക്കരണം ത്വരിതപ്പെടുത്തൽ	ജില്ല മുഴുവനും	തൊഴിലാളികളുടെ അഭാവം യന്ത്രങ്ങളുടെ ലഭ്യതകുറവ് പാടശേഖരങ്ങളുടെ ശാക്തീകരണ കുറവ്	കർമസേനകളുടെ രൂപീകരണവും ശാക്തീകരണവും പരിശീലന പരിപാടികൾ	യന്ത്രങ്ങൾ സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക, യന്ത്രങ്ങൾക്ക് സർവീസ് സ്റ്റേഷൻ ആരംഭിക്കുക	കൃഷിക്കാർക്ക് ആവശ്യമായ യന്ത്രങ്ങൾ റിപ്പയർ ചെയ്യുന്നതിനുള്ള സർവീസ് സ്റ്റേഷൻ

തുണ്ടുവൽക്കരിക്കപ്പെട്ട കൃഷി ഭൂമി

തുണ്ടുവൽക്കരിക്കപ്പെട്ട കൃഷിഭൂമി കാർഷിക വ്യത്തിയുടെ പ്രാധാന്യത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. പൊതുവെ എല്ലാ വിളകളുടെയും ഉത്പാദനക്ഷമത വർദ്ധിച്ചിട്ടുണ്ട്. അതിനനുസരിച്ച് കർഷകർക്ക് വരുമാന വർദ്ധനവ് ഉണ്ടാകുന്നുമില്ല. ന്യായമായതും സ്ഥിരതയുള്ളതുമായ വില ലഭിക്കാത്തത് കർഷകർ നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. കർഷകന്റെ വരുമാനം ഇടനിലക്കാരാണ് അനുഭവിക്കുന്നത്. ശക്തമായ പൊതു സംഭരണ വിപണന സംവിധാനം കാർഷിക വിളകളുടെ കാര്യത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. ഇതിനായി വിപണന കേന്ദ്രങ്ങൾ ആരംഭിക്കുകയും വിപണന രംഗത്തെ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുവാൻ കർഷകരെ പ്രാപ്തരാക്കുകയും ചെയ്യേണ്ടതാണ്.

ഭൂമി തരിശിടുന്ന പ്രവണത

കണ്ണൂരിന്റെ മൊത്തം ഭൂവിസ്തൃതിയിൽ 4245 ഹെക്ടർ വയൽഭൂമിയും 3310 ഹെക്ടർ നെൽകൃഷി ചെയ്യാവുന്ന കരഭൂമിയും വർഷങ്ങളായി തരിശിട്ടിരിക്കുകയാണ്. ആകെ സ്ഥലത്തിന്റെ 2% തരിശായിട്ടിരിക്കുകയാണ്. ആകെ സ്ഥലത്തിന്റെ 0.93 ശതമാനമാണ് കണ്ണൂരിന്റെ നെൽകൃഷി വിസ്തൃതി എന്നറിയുമ്പോഴാണ് 2% വരുന്ന തരിശു നിലത്തിന് പ്രാധാന്യം കൈവരുന്നത്. വിവിധ കാരണങ്ങളാലാണ് ഭൂമി തരിശിടേണ്ടി വരുന്നത്. പരമ്പരാഗത തൊഴിലാളികളുടെ അഭാവം, പ്രത്യേക ശ്രദ്ധ ആവശ്യമായ കൈപ്പാട്, കാട്ടാമ്പള്ളി പോലുള്ള സ്ഥലങ്ങളിലേക്ക് യോജിച്ച കാർഷിക യന്ത്രങ്ങളുടെ അഭാവം, ഉപ്പ് വെള്ളം കയറൽ, ജലസേചന സൗകര്യമില്ലായ്മ, ജലനിർഗമന സൗകര്യമില്ലായ്മ, സ്ഥലമുടമകളുടെ വിവരങ്ങളുടെ അഭാവം തുടങ്ങി പഠന വിഷയമാക്കേണ്ട ഒരുപാട് കാരണങ്ങൾ ഓരോ തരിശുഭൂമിയോടും ചേർന്നു നിൽക്കുന്നുണ്ട്. കൃഷിക്കനുയോജ്യമായ സ്ഥലങ്ങൾ തരിശിട്ട് മറ്റുള്ളവർക്ക് കൃഷി ചെയ്യുവാൻ സ്ഥലം വിട്ടുകൊടുക്കാത്ത സ്ഥിതി നിലവിലുണ്ട്. ഇതിന് ത്രിതല പഞ്ചായത്തുകളുടെ ഇടപെടൽ അനിവാര്യമാണ്.

കർഷക കൂട്ടായ്മകളെയും സ്വയം സഹായ സംഘങ്ങളെയും പ്രയോജനപ്പെടുത്തി പരമാവധി തരിശുഭൂമി കണ്ടെത്തി കൃഷി യോഗ്യമാക്കാൻ സാധിക്കണം. നിലം കാർഷികേതരാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതും തണ്ണീർത്തടങ്ങൾ നികത്തുന്നതും വ്യാപകമായിട്ടുണ്ട്. തരിശിട്ട സ്ഥലം സർക്കാർ ഏറ്റെടുത്ത് കരാർ അടിസ്ഥാനത്തിൽ കർഷക കൂട്ടായ്മയ്ക്ക് കൃഷി ചെയ്യാൻ നൽകുന്നതിന് നടപടി വേണം.

ജില്ലയിലെ തരിശു നില വിസ്തൃതി (ഹെക്ടറിൽ) സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 19 ൽ** കൊടുത്തിരിക്കുന്നു.



മണ്ണ് പര്യവേഷണ മണ്ണുസംരക്ഷണവകുപ്പ്

ഭൂഘടന, മഴയുടെ പ്രകൃതം, ഭൂവിനിയോഗം, ഇടങ്ങിയവയുടെ അടിസ്ഥാനത്തിൽ ജലത്തെയും മണ്ണിനെയും മറ്റ് വിഭവങ്ങളെയും സംയോജിതമായ രീതിയിൽ സംരക്ഷിക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്ന ഏറ്റവും അനുയോജ്യമായ യൂണിറ്റാണ് വാട്ടർഷെഡ്. ജലത്തെ പ്രദേശികാവശ്യങ്ങൾക്ക് ലഭ്യമാക്കുന്നതിനും ജലസ്രോതസ്സുകളിലേക്കുള്ള നീരൊഴുക്ക് ഉറപ്പ് വരുത്തുന്നതിനും ഭൂഗർഭജല പരിപോഷണത്തിനുമുള്ള ഏറ്റവും സുരക്ഷിതമായ മാധ്യമമാണ് മണ്ണ്. ഈ പ്രകൃതി വിഭവങ്ങളെ നീർത്തട തത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള പദ്ധതി ആസൂത്രണത്തിലൂടെ ഏറ്റവും ക്രിയാത്മകമായി നമുക്ക് കൈകാര്യം ചെയ്യാൻ സാധിക്കുന്നു.

ഭൂമിയുടെ ചരിവ്, ഭൂവിനിയോഗക്രമങ്ങൾ, മണ്ണിന്റെ ഘടന, മഴയുടെ ഘടന, മഴയുടെ അളവ്, തീവ്രത, കാർഷിക പ്രവർത്തനങ്ങൾ, മറ്റു മാനുഷിക ഇടപെടലുകൾ, പാരിസ്ഥിതിക പ്രശ്നങ്ങൾ എന്നിവയെല്ലാം തന്നെ നീർത്തട വികസനത്തെ ബാധിക്കുന്ന ഘടകങ്ങളാണ്.



ഭൂവിനിയോഗം

ജില്ലയുടെ ഭൂവിനിയോഗം താഴെ പറയും പ്രകാരമാണ്.

ആകെ വിസ്തീർണം	296600 ഹെക്ടർ
കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിച്ചത്	34452 ഹെക്ടർ
കൃഷിയോഗ്യമല്ലാത്ത സ്ഥലം	1898 ഹെക്ടർ
മരങ്ങൾ	188 ഹെക്ടർ
കൃഷിയോഗ്യമായ തരിശ്	7,380 ഹെക്ടർ
തരിശ് ഭൂമി	3,177 ഹെക്ടർ
വനം	48,734 ഹെക്ടർ

ജില്ലയുടെ മൊത്തം വിസ്തൃതിയിൽ നിന്നും കൃഷി അനുബന്ധ കാര്യങ്ങൾക്ക് ഉപയോഗിക്കാൻ പറ്റാത്ത സ്ഥലം കുറവ് ചെയ്താൽ ബാക്കി ഏകദേശം 200968 ഹെക്ടർ വരും. ഇതിൽ ഭൂരിഭാഗം പ്രദേശവും രൂക്ഷമായ മണ്ണൊലിപ്പ് നേരിടുന്ന പ്രദേശങ്ങളാണ്. കൂടാതെ മുഴുവൻ സ്ഥലങ്ങളിലും വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ളക്ഷാമവും അനുഭവപ്പെടുന്നു. ആയതിനാൽ മണ്ണ് ജലസംരക്ഷണം ഈ കാലഘട്ടത്തിന്റെ ഏറ്റവും വലിയ ആവശ്യവും വെല്ലുവിളിയുമാണ്.

കണ്ണൂർ ജില്ലയിലെ നീർത്തടങ്ങൾ

ജില്ലയെ മൊത്തം 627 നീർത്തടങ്ങളായി തിരിച്ചിട്ടുണ്ട്. അത് താഴെ പറയും പ്രകാരമാണ്.

ക്രമ നമ്പർ	**മുൻഗണന**	**എണ്ണം**	**വസ്തീർണം**
1	ഉയർന്നത്	1 74	101114 ഹെക്ടർ
2	ഇടത്തരം	395	173328 ഹെക്ടർ
3.	താഴ്ന്നത്	58	21279 ഹെക്ടർ
ആകെ		**627**	**295721 ഹെക്ടർ**



- ❖ ശാസ്ത്രീയമായ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളുടെ അഭാവം.
- ❖ പാരിസ്ഥിതിക ഭദ്രത നഷ്ടപ്പെടുന്നു
- ❖ പ്രദേശിക സൂക്ഷ്മ കാലാവസ്ഥാവ്യതിയാനം

ആയതിനാൽ മഴവെള്ളത്തെ തൽസ്ഥല സംരക്ഷണ പ്രവർത്തനങ്ങളിലൂടെ അതത് സ്ഥലങ്ങളിൽ തന്നെ മണ്ണിലേക്ക് കിനിഞ്ഞിറങ്ങാൻ അനുവദിക്കുകയും എല്ലാ വിഭവങ്ങളെയും നീർത്തടവികസന തത്വങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനത്തോടെ കൈകാര്യം ചെയ്യുകയും ചെയ്യുക എന്നുള്ളതാണ് ഇതിനുള്ള ശാശ്വത പരിഹാരം. വിപുലമായ മുന്നൊരുക്കങ്ങളും ബോധവൽക്കരണ പരിപാടികളും കൂടി ഇതിനായി നടത്തേണ്ടതുണ്ട്.

മണ്ണ് ജല സംരക്ഷണ പദ്ധതികൾ –ഒറ്റ നോട്ടത്തിൽ

മണ്ണ പര്യവേഷണ സംരക്ഷണ വകുപ്പ് മുഖേനയും, മറ്റ് വകുപ്പുകൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയും ജില്ലയിൽ നാളിതുവരെ നടപ്പിലാക്കിയ മണ്ണ് – ജല സംരക്ഷണ പ്രവർത്തനങ്ങൾ താഴെ പറയും പ്രകാരമാണ്.

ക്രമ നം	**പദ്ധതിയുടെ പേര്**	**വിസ്തീർണം (ഹെക്ടർ)**
1.	RIDF	16499
2.	WGDP(പശ്ചിമഘട്ട വികസന പദ്ധതി)	29568
3.	ദേശീയ നീർമറി വികസന പദ്ധതി(NWDPRA)	30910
4.	IWMP	29200
5.	NMSA	940
6	മറ്റുള്ളവ (LSGD/ST etc)	1000
ആകെ		**1,08,117**

എന്നിരുന്നാലും, ജില്ലയുടെ നല്ലൊരു ഭാഗം സ്ഥലങ്ങളിലും ഇനിയും നീർത്തടാടിസ്ഥാനത്തിലുള്ള മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ആയതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, ഏജൻസികൾ, തൊഴിലുറപ്പു പദ്ധതി തുടങ്ങി പ്രകൃതി വിഭവ സംരക്ഷണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മുഴുവൻ വിഭാഗങ്ങളുടേയും കൂട്ടായ പ്രവർത്തനങ്ങളിലൂടെ വാട്ടർഷെഡ് തത്വങ്ങളെ അടിസ്ഥാനപ്പെടുത്തി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

ജലസേചനം

ജില്ലയിലെ പ്രധാന നദികൾ

പെരുമ്പ, രാമപുരം, കുപ്പം, വളപട്ടണം, അഞ്ചരക്കണ്ടി, തലശ്ശേരി, മാഹി, കവ്വായി, കാര്യങ്കോട് പുഴയുടെ കണ്ണൂർ ജില്ലയിൽപ്പെട്ടിരിക്കുന്ന ഭാഗങ്ങൾ.

ജില്ലയിലെ നിലവിലുള്ള ജലസേചന പദ്ധതികൾ

പഴശ്ശിപദ്ധതി

കേരളത്തിലെ ജലസമ്പത്തിനെക്കുറിച്ചും അതിന്റെ വിനിയോഗത്തെക്കുറിച്ചും ആദ്യമായി നടത്തിയ സമഗ്രമായ അന്വേഷണത്തെ തുടർന്നാണ് ഉത്തര കേരളത്തിലെ ആദ്യത്തെ വൻകിട ജലസേചന പദ്ധതിയായ പഴശ്ശി പദ്ധതി രൂപം കൊണ്ടത്. കാർഷിക മേഖലയുടെ സമഗ്രമായ വികസനമായിരുന്നു ഈ പദ്ധതിയുടെ ലക്ഷ്യം. വളപട്ടണം ജലസേചന പദ്ധതി എന്ന് അറിയപ്പെട്ടിരുന്ന ഈ പദ്ധതി കേരളത്തിന്റെ പഴയകാല ചരിത്രം മുൻനിർത്തി പഴശ്ശി ജലസേചന പദ്ധതി എന്ന് നാമകരണം ചെയ്യപ്പെട്ടു.

ഈ പദ്ധതി 1979 ൽ അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ.മൊറാർജി ദേശായി വെളിയമ്പ്രയിൽ ഭാഗികമായി കമ്മീഷൻ ചെയ്തു. 1992 ൽ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചു. ഇപ്പോൾ പദ്ധതിക്ക് 5000 കോടി രൂപ മൂല്യമുള്ള ഭൂമിയും സ്ഥാവര ജംഗമവസ്തുക്കളും ഉള്ളതായി കണക്കാക്കപ്പെടുന്നു.

തലശ്ശേരി, കണ്ണൂർ റെയിൽവെ സ്റ്റേഷനുകളിൽ നിന്ന് 38 കി.മീ.ദൂരെ കുയിലൂർ എന്ന സ്ഥലത്ത് വളപട്ടണം പുഴക്ക് കുറുകെയുള്ള 16 ഷട്ടറോടുകൂടിയ ബാരേജിന് 245 മീറ്റർ നീളമുണ്ട്. 650 ഹെക്ടർ സ്ഥലത്ത് വ്യാപിച്ചുകിടക്കുന്ന ഈ സംഭരണിയുടെ സംഭരണശേഷി 48.973 മില്യൺ ഘന മീറ്ററാണ്. ഈ സംഭരണിയിൽ നിന്ന് സെക്കന്റിൽ 20 ഘന മീറ്റർ വെള്ളം കനാലിലൂടെ വിതരണം ചെയ്യാവുന്നതാണ്. കൂടാതെ കണ്ണൂർ ജില്ലയുടെ പ്രധാന കുടിവെള്ള പദ്ധതികളുടെ സ്രോതസ്സായി ഇത് പ്രവർത്തിക്കുന്നു.

വളപട്ടണം പുഴക്ക് കുറുകെ കുയിലൂരിൽ അണകെട്ടി (ബാരേജ്) പുഴയിലെ ജലവിതാനം 15 മീറ്ററായി ഉയർത്തി പുതുതായി ഉണ്ടാക്കിയ കനാലുകൾ മുഖേന കുപ്പം പുഴക്കും മാഹി പുഴക്കും ഇടയിലുള്ള 16500 ഹെക്ടർ സ്ഥലത്ത് നെൽപ്പാടങ്ങളിലും, തോട്ടങ്ങളിലും ജലസേചനത്തിനാണ് പദ്ധതി ലക്ഷ്യമിട്ടത്. എന്നാൽ നെൽപ്പാടങ്ങൾ നികത്തി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിച്ചതിനാലും കനാലുകളുടെ നീളം കുറച്ചതിനാലും ജലസേചനം 11525 ഹെക്ടറായി കുറയുകയുണ്ടായി.

തളിപ്പറമ്പ് തലശ്ശേരി, കണ്ണൂർ, ഇരിട്ടി താലൂക്കുളിലായി 46.26 കി.മീ. പ്രധാന കനാലും, 75.419 കി.മീ. ശാഖാകനാലും, 165.788 കി.മീ. വിതരണ കനാലും 118.43 കി.മീ നീർച്ചാലുകളുമായി ആകെ 404.387 കി.മീ. നീളമുള്ളതാണ് പഴശ്ശി പദ്ധതിയുടെ ജലവിതരണ ശൃംഖല.

മറ്റ് ഉപയോഗങ്ങൾ

1. കുടിവെള്ള പദ്ധതി: കേരള വാട്ടർ അതോറിറ്റിയുടെ പന്ത്രണ്ടോളം കുടിവെള്ള പദ്ധതി പഴശ്ശിയെ ലക്ഷ്യമിട്ടാണ് പ്രവർത്തിക്കുന്നത്. ജപ്പാൻകുടിവെള്ള പദ്ധതിയും ബാരേജിലെ ജലസ്രോതസ്സ് ഉപയോഗിച്ച്

നടപ്പിലാക്കിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയും വിവിധ ഏജൻസികളും ചേർന്ന് ദിനംപ്രതി 192 മില്യൻ ലിറ്റർ വെള്ളം പമ്പ് ചെയ്യുന്നുണ്ട്.

2. കണ്ണൂർ, തലശ്ശേരി, തളിപ്പറമ്പ്, മാഹി, ഏഴിമല നാവിക അക്കാദമി എന്നിവിടങ്ങളിലേക്ക് ഈ വെള്ളമാണ് ഉപയോഗിക്കുന്നത്. എന്നാൽ ഈ ഏജൻസികളൊന്നും ഒരു തരത്തിലുള്ള സെസ്സും ജലസേചന വകുപ്പിന് നൽകുന്നില്ല. നിർദിഷ്ട കണ്ണൂർ വിമാനത്താവളത്തിനും പഴശ്ശി പദ്ധതിയുടെ ജലം വിനിയോഗിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

3. ടൂറിസം – DTPC യാണ് ഡാം ഏരിയയിലെ ടൂറിസം പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്

4. വൈദ്യുതി ഉത്പാദനം – കേരള ഇലക്ട്രിസിറ്റി ബോർഡിന് 16MW ഉത്പാദന ശേഷിയുള്ള പഴശ്ശി സാഗർ എന്ന മിനി ജലവൈദ്യുത പദ്ധതി പഴശ്ശി ബാരേജിൽ പ്രാവർത്തികമാക്കാൻ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

കാട്ടാമ്പള്ളി പദ്ധതി

1966 ൽ കമ്മീഷൻ ചെയ്ത കാട്ടാമ്പള്ളി പദ്ധതി (റഗുലേറ്റർ കം ബ്രിഡ്ജ്) മുഖേന വിലപ്പെട്ട കൃഷി ഭൂമിയിൽ ഉപ്പുവെള്ളം കയറുന്നത് തടയുവാനും പാലം ഉപയോഗിച്ച് ഇരുകരകളെയും റോഡ് വഴി ബന്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ തന്നെ ചിറക്കൽ പഞ്ചായത്തിലെ കൈപ്പാട് നിലങ്ങളുടെ സംരക്ഷണത്തിനായി 2860 മീറ്റർ നീളത്തിൽ മാർജിനൽ ബണ്ടും നിർമിച്ചിരുന്നു

നാറാത്ത്, കൊളച്ചേരി, മയ്യിൽ, കുറ്റ്യാട്ടൂർ, ചിറക്കൽ, മുണ്ടേരി എന്നീ 6 പഞ്ചായത്തുകളിലും പുഴാതി, എളയാവൂർ, ചേലോറ എന്നീ പഞ്ചായത്തുകൾ ഉൾപ്പെട്ട കണ്ണൂർ കോർപറേഷനിലും വ്യാപിച്ചു കിടക്കുന്ന കാട്ടാമ്പള്ളി നദീതടത്തിലെ 1267 ഹെക്ടർ (3168) പദ്ധതി പ്രദേശത്തിന്റെ സംരക്ഷണമാണ് കാട്ടാമ്പള്ളി പദ്ധതികൊണ്ട് വിഭാവനം ചെയ്തിരുന്നത്. ഇതിൽ 1997-ലെ സ്ഥിതി വിവരകണക്ക് പ്രകാരം 307 ഹെക്ടർ നെൽകൃഷിയും 218 ഹെക്ടർ തെങ്ങ് കൃഷിയുമായി പരിവർത്തനം ചെയ്യപ്പെട്ട നിലവും ബാക്കി 114 ഹെക്ടർ കൈപ്പാടിനോട് ചേർന്ന നിലവുമാണ്.

പദ്ധതി പ്രദേശത്ത് ഇരുകരകളിലും മാർജിനൽ എർത്ത് ബണ്ട് നിർമിച്ച് ആവശ്യമായ ജലനിർഗമന സംവിധാനങ്ങൾ ഏർപ്പെടുത്തുകയും നിലവിലുള്ള ചാനലുകൾ ആഴവും വീതിയും കൂട്ടി സംരക്ഷിക്കുകയും ചെയ്താൽ ഏകദേശം 1000 ഏക്കർ ചതുപ്പ നിലം വീണ്ടെടുത്ത് സംരക്ഷിക്കാൻ സാധിക്കുന്നുവെന്ന് 'കാട്ടമ്പള്ളി പദ്ധതി രണ്ടാം ഘട്ടം' എന്ന നിലയിൽ വിഭാവനം ചെയ്തിട്ടുണ്ട്.

റഗുലേറ്ററുകൾ

ക്രമ നമ്പർ	പേര്	പുഴയുടെ പേര്	പഞ്ചായത്ത്/ മുൻസിപ്പാലിറ്റി	ജലസേചനം സാധ്യമാക്കുന്ന വിസ്തൃതി ഹെക്ടറിൽ
1	മടമ്പം റഗുലേറ്റർകം ബ്രിഡ്ജ്	ശ്രീകണ്ഠാപുരം പുഴ	ശ്രീകണ്ഠാപുരം മുൻസിപ്പാലിറ്റി	1800
2	ചെറുപുഴ വെന്റഡ് ചെക്ക് ഡാം കം ടാക്കർവേ	കാര്യങ്കോട് പുഴ	ചെറുപുഴ പഞ്ചായത്ത്	1038
3	പാണ്ടിക്കടവ് ബ്രിഡ്ജ് കം റഗുലേറ്റർ	ചെറുപുഴ (കാര്യങ്കോട്)	ചെറുപുഴ പഞ്ചായത്ത്	151.29
4	വേളാട്ട് കൊല്ലി റഗുലേറ്റർ കം ബ്രിഡ്ജ്	കുപ്പം പുഴ	ഉദയഗിരി പഞ്ചായത്ത്	200
5	മുടപ്പത്തൂർ വിയർ കം റഗുലേറ്റർ	അഞ്ചരക്കണ്ടി പുഴ	ചിറ്റാരിപ്പറമ്പ് പഞ്ചായത്ത്	219.80

6	നെട്ടപ്പറമ്പ് വി.സി.ബി. കം ബ്രിഡ്ജ്	കാഞ്ഞിരപ്പുഴ (അഞ്ചരക്കണ്ടി)	മാലൂർ പഞ്ചായത്ത്	123.82
7	ചാടാല പുഴ വീയർ	തലശ്ശേരി പുഴ	പന്ന്യന്നൂർ പഞ്ചായത്ത്	104.54
8	കുണ്ടുചിറ അണക്കെട്ട്	തലശ്ശേരി പുഴ	തലശ്ശേരി മുൻസിപ്പാലിറ്റി	61.00

മോന്താൽ റഗുലേറ്റർ കം ബ്രിഡ്ജ് കണ്ണൂർ ജില്ലയിലെ പാനൂർ മുൻസിപ്പാലിറ്റിയെയും കോഴിക്കോട് ജില്ലയിലെ അഴിയൂർ പഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് മാഹിപുഴയ്ക്ക് കുറുകെ മോന്താലിൽ 1973ൽ ആണ് പണി കഴിപ്പിച്ചത്. റഗുലേറ്റർകം ബ്രിഡ്ജായാണ് പ്രവൃത്തി വിഭാവനം ചെയ്തതെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ പാലത്തിന്റെ പ്രവൃത്തി മാത്രമെ അന്ന് പൂർത്തീകരിച്ചിട്ടുള്ളൂ. ഇവിടെ ഉപ്പുവെള്ളം കയറുന്നതിനുവേണ്ടി ഷട്ടർ സ്ഥാപിക്കുകയാണെങ്കിൽ കണ്ണൂർ ജില്ലയിലെയും കോഴിക്കോട് ജില്ലയിലെയും അനേകം ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യാൻ സാധിക്കുന്നതാണ്.

ചെറുകുന്ന് പഞ്ചായത്തിലെ എകദേശം 427 ഹെക്ടർ കൃഷിസ്ഥലത്ത് ഉപ്പുവെള്ളം കയറുന്നത് തടയുന്നതിന്ന് വേണ്ടി 1968 ലാണ് മുട്ടിൽകാപ്പ് റഗുലേറ്റർ നിർമിച്ചത്. കല്ല്യാശ്ശേരി പഞ്ചായത്തിൽ ഏകദേശം 188 ഹെക്ടർ കൃഷി സ്ഥലത്ത് ഉപ്പ വെള്ളം കയറുന്നത് തടയാൻ വേണ്ടി 1964 ലാണ് ഇരിണാവ് റഗുലേറ്റർകം ബ്രിഡ്ജ് നിർമിച്ചത്. കാലപ്പഴക്കത്താലും കൃത്യമായ അറ്റകുറ്റപണികളുടെ അഭാവത്താലും മേൽ രണ്ട് റഗുലേറ്ററുകളും ഇപ്പോൾ പ്രവർത്തനരഹിതമായി കിടക്കുകയാണ്.

പയ്യാവൂർ ഗ്രാമ പഞ്ചായത്തിലെ ചമതച്ചാലും പടിയൂർ കല്ല്യാട് ഗ്രാമ പഞ്ചായത്തിലെ തിരുമ്പും ബന്ധിപ്പിച്ചുകൊണ്ട് ശ്രീകണ്ഠാപുരം പുഴയ്ക്ക് കുറുകെ പാലത്തോടു കൂടിയ ഒരു റെഗുലേറ്ററിന്റെ നിർമാണം പുരോഗമിച്ചു വരുന്നു. ജലക്ഷാമം രൂക്ഷമായ കാലഘട്ടത്തിൽ പുഴയിലെ ജലം അണകെട്ടി തടഞ്ഞ് ഈ പ്രദേശത്തെ ജനങ്ങളുടെ കാർഷികാവശ്യങ്ങൾക്ക് ഉപയുക്തമാക്കുക എന്നതാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. പ്രവൃത്തി പൂർത്തിയാവുന്നതോടുകൂടി കല്ല്യാട്, ഉച്ചിയാട്, വയത്തൂർ, പയ്യാവൂർ വില്ലേജുകളിലായി വ്യാപിച്ചു കിടക്കുന്ന ഏകദേശം 2332 ഹെക്ടർ കൃഷി ഭൂമിയിൽ ജലസേചന സൗകര്യം ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്.

ഉപ്പു വെള്ള പ്രതിരോധ ബണ്ടുകൾ:

കൃഷി സ്ഥലത്ത് ഉപ്പുവെള്ളം കയറുന്നത് തടഞ്ഞ് കൃഷി യോഗ്യമാക്കുന്നതിന് വേണ്ടിയാണ് ഉപ്പുവെള്ള പ്രതിരോധ ബണ്ടുകൾ നിർമിക്കുന്നത്.

ക്രമ നമ്പർ	**പേര്**	**പുഴയുടെ പേര്**	**പഞ്ചായത്ത്/ മുൻസിപ്പാലിറ്റി**	**ജലസേചനം സാധ്യമാക്കുന്ന വിസ്തൃതി ഹെക്ടറിൽ**
1	വയലപ്ര റഗുലേറ്റർകം ബ്രിഡ്ജ്	രാമപുരം പുഴ	ചെറുതാഴം പഞ്ചായത്ത്	432
2	മുപ്പോട് തോട് ഉപ്പുവെള്ള പ്രതിരോധ ബണ്ട്	മുപ്പോട് തോട് (പെരുമ്പ)	പയ്യന്നൂർ മുൻസിപ്പാലിറ്റി	65.72
3	വെള്ളിക്കീൽപഞ്ചലായി ഉപ്പുവെള്ള പ്രതിരോധ ബണ്ട്	വെള്ളിക്കീൽപുഴ (കുപ്പം)	പട്ടുവം പഞ്ചായത്ത്	70.08
4	പോത്താട മുട്ടുകണ്ടി ഉപ്പുവെള്ള പ്രതിരോധ ബണ്ട്	പട്ടുവം പുഴ (കുപ്പം)	പട്ടുവം പഞ്ചായത്ത്	76.41
5	പറന്തൾ ഉപ്പുവെള്ള പ്രതിരോധ ബണ്ട്	പട്ടുവം പുഴ (കുപ്പം)	പട്ടുവം പഞ്ചായത്ത്	52.47
6	മൂലക്കീൽ ഉപ്പുവെള്ള പ്രതിരോധ ബണ്ട്	രാമപുരം പുഴ	മാടായി പഞ്ചായത്ത്	86.33

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി:

പുഴയിൽനിന്ന് വെള്ളം പമ്പ് ചെയ്ത് കനാലിൽകൂടി ഇറന്ന് വിട്ട് കൃഷിക്ക് ജലസേചനം സാധ്യമാക്കുന്ന പദ്ധതികൾ

ക്രമ നമ്പർ	പേര്	പുഴയുടെ പേര്	പഞ്ചായത്ത്/ മുൻസിപ്പാലിറ്റി	ജലസേചനം സാധ്യമാക്കുന്ന വിസ്തൃതി ഹെക്ടറിൽ
1	ഒറ്റപ്പിലാവ് എൽ.ഐ. സ്കീം	ബാവലി പുഴ (വളപട്ടണം പുഴ)	കൊട്ടിയൂർ പഞ്ചായത്ത്	104.00
2	പാവന്നൂർ എൽ.ഐ. സ്കീം	വളപട്ടണം പുഴ	കൂറ്റ്യാട്ടൂർ പഞ്ചായത്ത്	42.00
3	അടിച്ചേരി എൽ. ഐ. സ്കീം	ശ്രീകണ്ഠാപുരം പുഴ (വളപട്ടണം പുഴ)	മലപ്പട്ടം പഞ്ചായത്ത്	41.00
4	മുയ്യം എൽ.ഐ. സ്കീം	കുറ്റിക്കോൽപുഴ (കുപ്പംപുഴ)	കുറുമാത്തൂർ പഞ്ചായത്ത്	44.50

തടയണകൾ

ഇന്ത്യയിലെ കാലവർഷത്തിന്റെ കവാടം എന്നറിയപ്പെടുന്ന കേരളത്തിൽ കഴിഞ്ഞ വർഷങ്ങളിൽ തെക്കുപടിഞ്ഞാറൻ കാലവർഷങ്ങളിൽ ലഭിക്കേണ്ട മഴയുടെ അളവിൽ ഗണ്യമായ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കുറവ് കാർഷിക മേഖലയെയും കുടിവെള്ള ലഭ്യതയെയും നദികളിലെ നീരൊഴുക്കിനെയും ബാധിച്ചിട്ടുണ്ട്. കേരളത്തിലെ നദികളിലും കൈവഴികളിലും താൽകാലിക തടയണകളും സ്ഥിരം തടയണകളും ഉപ്പുവെള്ള പ്രതിരോധ ബണ്ടുകളും നിർമിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

തടയണകൾ കൃഷിക്ക് ഉപയുക്തമാക്കുന്നതിനു പുറമെ അവയുടെ നിർമാണം വഴി ഭൂഗർഭ ജലനിരപ്പ് ഉയർത്തുന്നതിനും കടലിലേക്ക് ഒഴുകിപ്പോകുന്ന ജലത്തെ ഒരു പരിധിവരെ തടഞ്ഞുനിർത്തുന്നതിനും അതുവഴി സംസ്ഥാനത്തിന്റെ ജലസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും കഴിയും. പുഴകളിൽ തടയണകൾ നിർമിക്കുന്നതുവഴി അഴിമുഖത്ത് എത്തുന്ന നിക്ഷേപങ്ങളുടെ അളവ് കുറയ്ക്കുവാനും സഹായിക്കുന്നു.

മഴക്കാലത്ത് നദികളിലേക്കെത്തിച്ചേരുന്ന വെള്ളം നിർബാധം കടലിലേക്ക് വന്ന് ചേരുകയാണ് ചെയ്യുന്നത്. നീർത്തടങ്ങളിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം ഈ നദീ ജലത്തെ നല്ല രീതിയിൽ വിനിയോഗിക്കുവാൻ സാധിക്കുകയാണെങ്കിൽ ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന രൂക്ഷമായ ജലദൗർലഭ്യം പരിഹരിക്കാൻ സാധിക്കും. ആയതിനാൽ നദികളിലും മറ്റു ജലാശയങ്ങളിലും ജലസംരക്ഷണത്തിനുതകുന്ന പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. കുടിവെള്ളത്തിനും കൃഷിക്കും അനുയോജ്യമാംവിധം എല്ലാ നദികളിലും യഥാസ്ഥലങ്ങളിൽ തടയണകൾ പോലുള്ള നിർമാണ പ്രവൃത്തികൾ നടത്തിയാൽ അത് വലിയൊരളവ് വരെ ജലക്ഷാമം പരിഹരിക്കാൻ ഉതകുന്നതാകും.

ജലസേചന വിഭാഗത്തിന്റെ കീഴിൽ കഴിഞ്ഞ പത്തു വർഷത്തിനിടെ ജില്ലയിൽ 8 ചെക്ക് ഡാമുകളും 130 വി.സി.ബി. കളും 30 ഉപ്പുവെള്ള പ്രതിരോധ ബണ്ടും നിർമിച്ചിട്ടുണ്ട്.

പ്രധാന തടയണ/വി.സി.ബി. കളുടെ വിവരങ്ങൾ

ക്രമ നമ്പർ	പേര്	നദീതടത്തിന്റെ പേര്	പഞ്ചായത്ത്/ മുൻസിപ്പാലിറ്റി
1	താഴെ പാൽച്ചുരം ആദിവാസി കോളനിക്ക് സമീപം ബാവലിപ്പുഴയ്ക്ക് കുറുകെ തടയണ	വളപട്ടണം	കൊട്ടിയൂർ പഞ്ചായത്ത്
2	ചരൾപള്ളയിൽ വണ്ണാത്തിപ്പുഴയ്ക്ക് കുറുകെ തടയണ	പെരുമ്പ	എരമം-കുറ്റൂർ പഞ്ചായത്ത്
3	പാറക്കടവിൽ പയ്യാവൂർ പുഴയ്ക്ക് കുറുകെ തടയണ	വളപട്ടണം	പയ്യാവൂർ പഞ്ചായത്ത്
4	ശ്രീകണ്ഠാപുരം കൊക്കായി തോടിനു കുറുകെ വിയർ	വളപട്ടണം	ശ്രീകണ്ഠാപുരം മുൻസിപ്പാലിറ്റി
5	കരേറ്റ തോടിനു കുറുകെ കരേറ്റ പാലത്തിനു സമീപം വി.സി.ബി	അഞ്ചരക്കണ്ടി	മട്ടന്നൂർ മുൻസിപ്പാലിറ്റി
6	കാഞ്ഞിരപ്പുഴക്കു കുറുകെ കാഞ്ഞിരപ്പാലത്തിനു സമീപം വിയർ	വളപട്ടണം	കണിച്ചാർ പഞ്ചായത്ത്
7	നെല്ലാനികടവിൽ പാലത്തോടുകൂടി വിയർ	വളപട്ടണം	കണിച്ചാർ പഞ്ചായത്ത്
8	ഉമയംചാൽ വി.സി.ബി.	കാര്യങ്കോട്	ചെറുപുഴ പഞ്ചായത്ത്

ജില്ലയിൽ ഏകദേശം ആയിരത്തിയൊരുനൂറ്റിമുപ്പത്തിയാറ് കുളങ്ങളുണ്ടെന്നാണ് കണക്കാക്കുന്നത്. ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ 15 കുളങ്ങളുടെ നവീകരണം പൂർത്തിയാക്കിയിട്ടുണ്ട്. ദാരിദ്ര്യ ലഘൂകരണ യൂണിറ്റിന്റെ നേതൃത്വത്തിൽ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ 196 കുളങ്ങൾ നവീകരിച്ചിട്ടുണ്ട്. 67 കുളങ്ങൾ പുതുതായി നിർമിച്ചിട്ടുണ്ട്.

റഗുലേറ്ററുകളും തടയണകളും വഴി നദികളെ തന്നെ ജല സംഭരണികളാക്കിമാറ്റുന്ന ലക്ഷ്യമാണ് ഉദ്ദേശിക്കുന്നത്. ഉപ്പുവെള്ളക്കയറ്റ നിയന്ത്രണത്തിനും വേനൽക്കാലത്ത് വരൾച്ചയുടെ കാഠിന്യം കുറക്കുന്നതിനും ഉതകുന്ന, പെരളശ്ശേരി, പിണറായി, വേങ്ങാട് എന്നീ പഞ്ചായത്തുകളിലെ കർഷകർക്കും പൊതു ജനങ്ങൾക്കും ജലദൗർലഭ്യം പരിഹരിക്കാനുള്ള പദ്ധതിയായ അഞ്ചരക്കണ്ടി റഗുലേറ്റർ, എരഞ്ഞോളി പിണറായി പഞ്ചായത്തുകളിലെ ജനങ്ങൾക്കും പ്രയോജനം ലഭിക്കുന്ന ചേക്കുപാലത്ത് ഉമ്മൻചിറ ആർ.സി.ബി എന്നീ നിർമിതികളുടെ പര്യവേഷണ പ്രവൃത്തി പുരോഗമിച്ചു വരുന്നു. പരിയാരം പഞ്ചായത്തിലെ കുപ്പം പാലത്തിനു മുകൾഭാഗത്തുള്ള ആർ.സി.ബി, മയ്യിൽ പഞ്ചായത്തിലെ വളപട്ടണം പുഴക്ക് കുറുകെയുള്ള അയ്യാർമുനമ്പ് ആർ.സി.ബി. എന്നിവയുടെ പര്യവേഷണ പ്രവൃത്തി ആരംഭിക്കേണ്ടതുണ്ട്. ചെറുതാഴം പഞ്ചായത്തിലെ മൂലക്കടവ് കോട്ടായി (നട്ടിക്കടവ്) യിൽ പെരുമ്പ പുഴക്ക് കുറുകെ റെഗുലേറ്റർകം ബ്രിഡ്ജ്, ചപ്പാരപ്പടവ് പഞ്ചായത്തിലെ കുവേരി കാട്ടാമ്പള്ളി ആർ.സി.ബി എന്നിവ നിർമിക്കുന്നതിന് വേണ്ടി പര്യവേഷണപ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഉദയഗിരി പഞ്ചായത്തിലെ മൂരിക്കടവ്, ചപ്പാരപ്പടവ് പഞ്ചായത്തിലെ മണാട്ടി, കരിവേടകംകുണ്ട് എന്നീ സ്ഥലങ്ങളിലും കുപ്പം പുഴയുടെ കൈവഴികളിലും എരിവേശി പഞ്ചായത്തിലെ കൊന്നക്കൽകടവ് ഏരത്ത് കടവ് എന്നിവിടങ്ങളിലും വളപട്ടണം പുഴയുടെ കൈവഴികളിലും തടയണ നിർമിക്കുന്നതിനുള്ള പര്യവേഷണ പ്രവൃത്തി പൂർത്തികരിച്ചിട്ടുണ്ട്.

പാപ്പിനിശ്ശേരി പഞ്ചായത്തിൽ തട്ടംപുറത്ത് ഒരു മൺചിറ നിർമിച്ചാൽ അവിടെയുള്ള സ്ഥലങ്ങൾ കൃഷിക്കനുയോജ്യമാക്കുന്നതിനും ജനങ്ങളുടെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനും സഹായമാകും. പെരുമ്പ പുഴ, വളപട്ടണം പുഴ, അഞ്ചരക്കണ്ടി പുഴ, കുപ്പം പുഴ, മാഹി പുഴ എന്നിവയുടെ സംരക്ഷണത്തിനായി ദീർഘകാല പദ്ധതി ആവിഷ്കരിക്കേണ്ടതുണ്ട്. പുതിയ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾക്ക് സാധ്യമായ ഇടങ്ങൾ കണ്ടെത്തി പദ്ധതിക്ക് രൂപം കൊടുക്കുക. പഴശ്ശി പദ്ധതി കനാലുകളുടെ അറ്റകുറ്റപണി നടത്തി കനാലിൽകൂടി ജല വിതരണം പുനരാരംഭിക്കേണ്ടതാണ്.

കണ്ണൂർ ജില്ലയിലെ വലിയ കടപ്പുറം, ചൂട്ടാട്, പുതിയങ്ങാടി, മാട്ടൂൽസൗത്ത്, അഴീക്കൽ മീൻകുന്ന് കടപ്പുറം, നീർക്കടവ്, പയ്യാമ്പലം, പാലിശ്ശേരി, തലശ്ശേരി ജനറൽഹോസ്പിറ്റൽ പരിസരം, തലശ്ശേരി മാർക്കറ്റ്, കടൽപ്പാലം ഭാഗം, പരിമഠം പ്രസ്സ് വളപ്പ്, കൊടുവളളി-മണക്കാ ദ്വീപ്, മുഴപ്പിലങ്ങാട് ഡ്രൈവ്ഇൻബീച്ച്, ഏഴരക്കടപ്പുറം, കിഴുന്ന, തയ്യിൽ മൈതാനപ്പളളി എന്നീ പ്രദേശങ്ങളിൽ ശക്തമായ തിരമാലകളാൽ കടൽ വെള്ളം കരഭൂമിയിലേക്ക് ഇരച്ചു കയറുകയും മിക്ക സ്ഥലങ്ങളിലും കടൽഭിത്തി തകരുകയും കേടുപാടുകൾ സംഭവിക്കുകയും ചെയ്തിട്ടുണ്ട്. തൽഫലമായി നിലവിലുള്ള കടൽഭിത്തികൾക്ക് സാരമായ തകരാറ് സംഭവിച്ചിട്ടുണ്ട്. എട്ടിക്കുളം മുതൽ മാഹി വരെ വ്യാപിച്ചു കിടക്കുന്ന തീരപ്രദേശത്തെ കടലാക്രമണം ചെറുക്കാൻ നിലവിൽ തകർച്ച നേരിട്ടുകൊണ്ടിരിക്കുന്ന കടൽഭിത്തികളുടെ പുനരുദ്ധാരണവും കടൽഭിത്തി നിലവിലില്ലാത്ത സ്ഥലങ്ങളിൽ പുതിയ കടൽഭിത്തി നിർമിക്കേണ്ടതും അത്യന്താപേക്ഷിതമാണ്.

കടൽതീരം (സംരക്ഷണ പദ്ധതികൾ)

ജില്ലയിൽ വടക്ക് എട്ടിക്കുളം മുതൽ തെക്ക് മാഹി വരെ 62 കി. മീ. നീളമുള്ള കടൽത്തീരമുണ്ട്. ഇതിൽ 5.46 കി.മീ. നീളത്തിലുള്ള തീരം നേവൽ അക്കാദമി ഉൾപ്പെട്ട സ്ഥലമാണ്. നാളിതുവരെയായി 48.32 കി.മീ.റ്റോളം നീളത്തിൽ കടൽഭിത്തി നിർമിച്ചിട്ടുണ്ട്.

ജലസേചന മേഖലയിലെ പ്രശ്നങ്ങൾ

കടൽതീരം :

ജില്ലയിൽ 13.68 കി.മീ. നീളത്തിൽ കടൽഭിത്തി ഇല്ലാത്ത തീരം ഉണ്ട്. ഇതിൽ 6.3 കി.മീ. നീളത്തിൽ (ഏഴരക്കടപ്പുറം – 255 മീറ്റർ, കടലായി-കപ്പുണ്ണ 75 മിറ്റർ, പുതിയങ്ങാടി-ചൂട്ടാട് – 660 മീറ്റർ, അഴീക്കൽ മീൻകുന്ന് ചാൽ ബീച്ച് – 1082 മീറ്റർ, മീൻകുന്ന് കടപ്പുറം (നീർക്കടവ്) – 72 മീറ്റർ, നേവൽ അക്കാദമി – 4159 മീറ്റർ) പുതിയ കടൽഭിത്തി നിർമിക്കേണ്ടതുണ്ട്. കടൽ ഭിത്തിയുള്ള പരിമഠം, തലായി, മാക്കുട്ടം, പെട്ടിപ്പാലം, തലശ്ശേരി കടൽപ്പാലം, കൊടുവള്ളി, ഏഴരക്കടപ്പുറം, കടലായി, തയ്യിൽ മൈതാനപ്പള്ളി, പള്ളിയാന്മൂല, നീരൊഴുക്കു ചാൽ, കക്കാടൻചാൽ, മീൻകുന്നു കടപ്പുറം, മാട്ടൂൽസൗത്ത്, വാവുവളപ്പ് തോട്, പുതിയങ്ങാടി, പാലക്കോട് കടപ്പുറം എന്നീ സ്ഥലങ്ങളിൽ രൂക്ഷമായ കടലാക്രമണങ്ങൾ ഉണ്ടാവുകയും കടൽഭിത്തിക്ക് നാശനഷ്ടങ്ങൾ ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. കാലാകാലങ്ങളിൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ ആവശ്യമായ മെയിന്റനൻസ് ചെയ്യുവാൻ സാധിക്കാത്തതുകാരണം മേൽ പറഞ്ഞിട്ടുള്ള ഒട്ടുമിക്ക സ്ഥലങ്ങളിലും കടൽ ഭിത്തി തകർന്ന നിലയിലും വളരെയധികം ഭീഷണിയിലുമാണ് ഉള്ളത്.

പഴശ്ശി പദ്ധതി:

ആദ്യകാലങ്ങളിൽ മികച്ച രീതിയിൽ പദ്ധതി പ്രവർത്തിക്കുകയും ജലസേചനം നടത്തുകയും ചെയ്തിരുന്നു. പൂർത്തികരിച്ച പദ്ധതി ആയതിനാൽ ബഡ്ജറ്റിൽ ആവശ്യമായ ഫണ്ട് ഉൾപ്പെടുത്തിയില്ല. ഓഫീസുകൾ നിർത്തലാക്കി. അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പാക്കാൻ ജീവനക്കാരില്ലാതായി. കാലപ്പഴക്കത്താലും യഥാസമയം ചെയ്യേണ്ട അറ്റകുറ്റപ്പണികളുടെ കുറവ് മൂലവും പദ്ധതിയുടെ പ്രവർത്തനത്തിൽ മാന്ദ്യം സംഭവിച്ചു.

2007-2008 കാലയളവിൽ 13/01/2008 മുതൽ 02/02/2008 വരെ ജലവിതരണം നടന്നു. 2008-2009 ൽ 06/12/2008 മുതൽ ജലവിതരണം തുടങ്ങി. മെയിൻ കനാൽ 36.5 കി.മീ. വരെ ജലവിതരണം നടന്നു. 2009 ജനുവരി 4 തീയ്യതി കീച്ചേരിയിൽ മെയിൻ കനാൽ 4.00 കി.മീറ്ററിലുള്ള സർപ്ലസ് എസ്കേയ്പ്പിന്റെ തടികൊണ്ടുള്ള ഷട്ടർ ഭാഗികമായി തകർന്ന് അടുത്തുള്ള തോടിലൂടെയും വയലുകളിലൂടെയും ജലം ഒഴുകുകയുണ്ടായി. ജലവിതരണം നിർത്തിവെയ്ക്കാൻ അധികൃതർ നിർബന്ധിതരായി. 2010 ൽ ബാരേജിലെ റേഡിയർ ഷട്ടർ തകർന്നതിനാൽ ജലവിതരണം നടത്താൻ സാധിച്ചില്ല. 2011 ഒക്ടോബർ മാസം മുതൽ സംഭരണിയിൽ പൂർണ തോതിൽ ജലം സംഭരിച്ചു. എങ്കിലും ഷട്ടറുകളുടെയും കനാലുകളുടെയും ചോർച്ച മൂലം 20 ദിവസം മാത്രമേ കനാലിലൂടെ വെള്ളം നൽകാൻ കഴിഞ്ഞുള്ളൂ. മെയിൻകനാൽ 30.കി.മീ. വരെ വെള്ളമെത്തിയെങ്കിലും കൃഷിക്ക് ഉപയുക്തമാക്കാൻ

കഴിഞ്ഞില്ല. വളയാൽ കീഴല്ലൂർ ഭാഗങ്ങളിൽ കനാലിലുണ്ടായ ചോർച്ച ജനങ്ങളുടെ പ്രക്ഷോഭത്തിന് കാരണമായി. ആയതിനാൽ കാർഷിക ആവശ്യങ്ങൾക്ക് ജലവിതരണം നടത്തുന്നതിന് കനാലുകൾ പുനരുദ്ധീകരിക്കേണ്ടത് അത്യാവശ്യമാണ്.

2012 ഓഗസ്റ്റ് 6 ലുണ്ടായ ഉരുൾപ്പൊട്ടലിലും വെള്ളപ്പൊക്കത്തിലും മെയിൻകനാൽ 0.30 കി.മീറ്ററിലും 1.300 കി.മീറ്ററിലും തകർന്നുപോയി. മെയിൻകനാലിന്റെ തുടക്കത്തിൽ തന്നെയുണ്ടായ തകർച്ച ജലവിതരണം പൂർണമായും ഇല്ലാതാക്കി.

പതിമൂന്നാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി ബാരേജിലെ റേഡിയൽ ഷട്ടറുകൾ മാറ്റി സ്ഥാപിക്കുകയും മെയിൻകനാലിൽ ചോർച്ച അധികമായ ചില സ്ഥലങ്ങളിൽ ലൈനിംഗ് പ്രവൃത്തി നടത്തുകയും ചെയ്തു. DRIP-ൽ ഉൾപ്പെട്ട പ്രവൃത്തികൾ നടന്നുവരുന്നു. ഡാമിനെ ബലപ്പെടുത്തൽ, റിസർവോയർ ഏരിയ അളന്ന് തിട്ടപ്പെടുത്തൽ, കനാൽ ഷട്ടറുകളുടെയും പുതിയ കാര്യാലയങ്ങളുടെയും ക്വാർട്ടേഴ്സുകളുടെയും നിർമാണം എന്നിവ ഇതിൽപ്പെടുന്നു. മെയിൻകനാലിന്റെ തകർച്ച പരിഹരിക്കുന്നതിന് പ്രാഥമിക പരിഗണന നൽകിക്കൊണ്ട് പദ്ധതിക്ക് വേണ്ടി ഓരോ വർഷവും വിവിധ അറ്റകുറ്റപ്പണികൾക്ക് അനുവദിക്കുന്ന തുകയുടെ ഭൂരിഭാഗവും ഉപയോഗിച്ച് മെയിൻ കനാൽ 0.3 കി.മീറ്ററിലുള്ള തകരാറുകൾ പരിഹരിക്കാൻ അനുമതി ലഭിച്ചിട്ടുണ്ട്. 2015 ജനുവരി - 1 മുതൽ മെയ് വരെ ബാരേജിൽ പൂർണതോതിൽ ജലം സംഭരിച്ചു. മാർച്ച് മാസം പകുതി വരെ റിസർവോയറിലേക്ക് നീരൊഴുക്ക് ഉണ്ടായിരുന്നു. കനാലുകൾ തകരാറിലായതിനാൽ ജലസേചനം സാധിച്ചില്ല. എന്നാൽ റിസർവോയറിന് ചുറ്റുമുള്ള പ്രദേശങ്ങളിൽ വേനൽക്കാലത്ത് കിണറുകൾ വറ്റാതെ കുടിവെള്ളം ലഭ്യമായി. 2011-12 ൽ മെയിൻ കനാൽ 30 കി.മീറ്റർ വരെ വെള്ളം എത്തിയപ്പോൾ ചോർച്ച കാണപ്പെട്ട ചിലഭാഗങ്ങളിൽകൂടി ലൈനിംഗ് നടത്താനുണ്ട്. അക്വഡക്ടുകളിലൂടെയുള്ള ചോർച്ചയും തടയേണ്ടതുണ്ട്. സർപ്ലസ് ഷട്ടറുകളും കനാൽ ഷട്ടറുകളും മാറ്റി സ്ഥാപിക്കണം.

കട്ട് ആന്റ് കവറുകളിൽ അടിഞ്ഞുകൂടിയ മണ്ണ് നീക്കണം. കാടുമൂടിയ കനാലുകൾ വൃത്തിയാക്കണം, മെയിൻകനാൽ 1.300 കി.മീറ്ററിലുള്ള തകർച്ച പരിഹരിക്കണം. മെയിൻകനാലിൽ തിരിച്ചറിഞ്ഞ പ്രവൃത്തികൾ പൂർത്തീകരിച്ചു മാത്രമേ ഇനി ജലവിതരണം നടത്താനാവൂ. അല്ലെങ്കിൽ മുൻകാലങ്ങളിലേതുപോലെ ഷട്ടർ തകർച്ചയും ചോർച്ചയും കാരണം ജനങ്ങൾ പ്രക്ഷുബ്ധരാകുകയും ജലവിതരണം നിർത്തിവെയ്ക്കാൻ അധികാരികൾ നിർബന്ധിതരാവുകയും ചെയ്യും. ഈ പ്രവൃത്തികളെല്ലാം അടിയന്തിര പ്രാധാന്യത്തോടെ പൂർത്തീകരിച്ച് 2017-18ൽ കനാലിലൂടെ ജലവിതരണം സാധ്യമാക്കി ജനങ്ങൾക്ക് പദ്ധതിയോടുള്ള മതിപ്പ് വർദ്ധിപ്പിക്കണം.

പഴശ്ശി പദ്ധതി നവീകരണം

പുഴയിൽ ഒഴുകിവരുന്ന ജലം കൃഷി ആവശ്യത്തിന് വേണ്ടി തിരിച്ചു വിടുക എന്നതല്ലാതെ വർഷകാലത്ത് അധികമായി വരുന്ന ജലം സംഭരിച്ച് കൃഷിക്ക് ഉപയുക്തമാക്കാൻ ഉദ്ദേശമില്ല. ഒന്നാം വിളയായ വിരിപ്പ് മെയ് മാസം മുതൽ സെപ്തംബർ മാസം വരെയാണ്. ഇത് തെക്ക് പടിഞ്ഞാറൻ കാലവർഷത്തെ ആശ്രയിക്കുന്നു. അതിനാൽ ആദ്യ വിളക്ക് ജലസേചനം ആവശ്യമില്ല. മൂന്നാം വിളകൃഷിക്ക് ആവശ്യമായ വെള്ളം ലഭിക്കുന്നതിന് ആറളം ഭാഗത്ത് അണകെട്ടേണ്ടതുണ്ടെന്ന് ഈ പദ്ധതിയുടെ രൂപരേഖയിൽതന്നെ വ്യക്തമാക്കുന്നുണ്ട്. പുഴയുടെ ഉയർന്ന വൃഷ്ടി പ്രദേശങ്ങളിൽ ചെക്ക് ഡാമുകളുടെ നിർമിതിക്കുള്ള സാധ്യതകൾ പരിശോധിക്കേണ്ടതാണ്. വേനൽക്കാലത്ത് കനാലുകളിലൂടെ വെള്ളം ഒഴുക്കാനായാൽ കനാൽ കടന്നുപോകുന്ന മുഴുവൻ പ്രദേശങ്ങളിലെയും കുടിവെള്ളക്ഷാമം തീർത്തും ഇല്ലാതാവുന്നതാണ്.

നിലവിൽ 8125 ഹെക്ടറിൽ രണ്ടാം വിള നെൽകൃഷിക്കും 3400 ഹെക്ടറിൽ കിഴങ്ങ്, ധാന്യങ്ങൾ, കവുങ്ങ്, തെങ്ങ്, കുരുമുളക്, പച്ചക്കറികൾ എന്നിവയ്ക്കും ജലസേചനം നടത്താൻ ഈ പദ്ധതിക്ക് സാധ്യമാണ്. അതിന് ബാരേജിന്റെയും അനുബന്ധ നിർമിതികളുടെയും അറ്റകുറ്റപ്പണികൾ നടത്തുക, ശാസ്ത്രീയമായ ജലവിതരണ നിബന്ധനകൾ ഉണ്ടാക്കുക, കമാന്റ് ഏരിയയുടെ വിവിധ സ്ഥലങ്ങളിൽ വ്യത്യസ്ത കൃഷി മാതൃകയുള്ളത് ഏകീകരിക്കുക, ജലവിതരണം കർഷക സമിതികളുമായി ആലോചിച്ച് തീരുമാനിക്കുക തുടങ്ങിയവയാണ്.

മഴക്കാലത്തിന് ശേഷം പുഴയിലെ നീരൊഴുക്ക് കുറഞ്ഞാൽ ജലലഭ്യത കൂട്ടുന്നതിന് പുഴയുടെ ഉയർന്ന വൃഷ്ടി പ്രദേശങ്ങളിൽ ചെക്ക് ഡാമുകൾ നിർമിക്കാനുള്ള സാധ്യതകൾ ആരായേണ്ടതുണ്ട്. ജീവനക്കാരുടെ കുറവും കൃത്യമായ അറ്റകുറ്റപ്പണികൾ നടത്താത്തതുമാണ് ഇന്നത്തെ അവസ്ഥയ്ക്ക് കാരണം. കുടിവെള്ള പദ്ധതികൾക്ക് മാത്രം പ്രാധാന്യം കൊടുക്കാതെ കൃഷിക്കുവേണ്ടി ജലവിതരണത്തിനായി നിർമിച്ചിട്ടുള്ള പദ്ധതിയുടെ കനാൽ ശൃംഖല മുഴുവൻ പുനരുജ്ജീവിപ്പിച്ച് കണ്ണൂർ ജില്ലയിലെ കൃഷി ഊർജ്ജിതമാക്കുന്നതിന് വേണ്ടുന്ന എല്ലാ പ്രോത്സാഹനവും നൽകുന്നതിന് ഓഫീസുകളും ജീവനക്കാരും കൂടിയേ തീരൂ.

ആഗോളതാപനവും, കുറഞ്ഞുവരുന്ന കാലവർഷവും, തുലാവർഷവും, മാറിവരുന്ന കാലാവസ്ഥയും കണക്കിലെടുത്ത് ദീർഘവീക്ഷണത്തോടുകൂടിയുള്ള തീരുമാനങ്ങളാണ് അധികാരികളുടെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടത്. കൃഷിക്ക് വെള്ളം ആവശ്യപ്പെട്ട് വിവിധ കർഷക സമിതികൾ നൽകിയ അപേക്ഷകൾ ഈ പദ്ധതിയുടെ പ്രാധാന്യം വിളിച്ചോതുന്നു.

പദ്ധതികൊണ്ട് പ്രയോജനപ്പെടുന്ന സ്ഥലത്തിന്റെ വിശദവിവരങ്ങൾ

1. മെയിൻകനാൽ	നീളം 46.28 കി.മീ. 559 ഹെക്ടർ
2.മാഹി ബ്രാഞ്ച് കനാൽ	നീളം 23.03 കി.മീ. 2476 ഹെക്ടർ
3.എടക്കാട് ബ്രാഞ്ച് കനാല്	നീളം 11.855 കി.മീ. 1205 ഹെക്ടർ
4.അഴിക്കൽ ബ്രാഞ്ച് കനാൽ	നീളം 18.000 കി.മീ.. 1079 ഹെക്ടർ
5.കാട്ടാമ്പള്ളി ബ്രാഞ്ച് കനാൽ	നീളം 7.78 കി.മീ. 1029 ഹെക്ടർ
6.തളിപ്പറമ്പ് ബ്രാഞ്ച് കനാൽ	നീളം 6.60 കി.മീ.. 344 ഹെക്ടർ
7.മൊറാഴ ബ്രാഞ്ച് കനാൽ	നീളം 8.05 കി.മീ. 1325 ഹെക്ടർ
8.പറശ്ശിനിക്കടവ് ഡിസ്ട്രിബ്യൂട്ടറി	നീളം 2.49 കി.മീ. 108 ഹെക്ടർ

കാട്ടാമ്പള്ളി പദ്ധതി:

പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽതന്നെ ചിറക്കൽ പഞ്ചായത്തിലെ കൈപ്പാട് നിലങ്ങളുടെ സംരക്ഷണത്തിനായി 2860 മീറ്റർ നീളത്തിൽ മാർജിനൽ ബണ്ട് നിർമിച്ചിരുന്നു. 51 വർഷം മുമ്പ് നിർമിക്കപ്പെട്ട ഈ ബണ്ട് തീർത്തും തകർന്ന നിലയിലാണുള്ളത്. ഇതിൽ ചെയ്നേജ് 0 മുതൽ 1300 മീറ്റർ വരെ നീളത്തിൽ ബണ്ടിന്റെ പുനരുദ്ധാരണം 2004 ൽ പൂർത്തിയായിരുന്നെങ്കിലും ടി ബണ്ടും നിലവിൽ തകർന്നിട്ടാണുള്ളത്.

ഇന്ന് കൈപ്പാട് നെൽകൃഷി വളരെ തുച്ഛമായ നിലയിൽ മാത്രമേ നടക്കുന്നുള്ളൂ. പദ്ധതിയുടെ മുകൾ ഭാഗത്തെ പ്രദേശങ്ങളായ മുണ്ടേരി, കുറ്റ്യാട്ടൂർ, ചേലോറ പൂഴാതി എന്നീ പ്രദേശങ്ങളിൽ കൈപ്പാട് കൃഷി നടന്നിരുന്നത്. എന്നാൽ താഴ്ന്ന പ്രദേശങ്ങളായ ചിറക്കൽ നാറാത്ത് എന്നിവിടങ്ങളിൽ വേലിയേറ്റ-ഇറക്കങ്ങൾ കൃഷിയെ സാരമായി ബാധിക്കുന്നുണ്ട്. മാത്രവുമല്ല കുടിവെള്ള പ്രശ്നവും ഇവിടെ വളരെ രൂക്ഷമാണ്. ഇതിന് ശാശ്വത പരിഹാരമെന്ന നിലയിൽ കാട്ടാമ്പള്ളി പദ്ധതി പ്രദേശത്തിന് മുകൾഭാഗത്ത് ചിറക്കൽ പഞ്ചായത്തിൽ നിലവിലുള്ള 1300 മീറ്റർ നീളത്തിലുള്ള ബണ്ടിന്റെ പുനരുദ്ധാരണവും ആയതിന് തുടർച്ചയായുള്ള 1560 മീറ്റർ (ചെ. 1300 മുതൽ ചെ. 2860 വരെ) നീളത്തിലുള്ള ബണ്ടിന്റെ പുനരുദ്ധാരണവും നടക്കേണ്ടതുണ്ട്.

കാട്ടാമ്പള്ളി പദ്ധതി പുനരുദ്ധാരണവും നവീകരണവും

പദ്ധതിപ്രദേശത്ത് ഇരുകരകളിലും മാർജിനൽ എർത്തൺബണ്ട് നിർമിച്ച് ആവശ്യമായ ജലനിർഗമന സംവിധാനങ്ങൾ ഏർപ്പെടുത്തുകയും നിലവിലുള്ള ചാനലുകൾ ആഴം കൂട്ടി/വീതി കൂട്ടി സംരക്ഷിക്കുകയും ചെയ്താൽ

ഏകദേശം 1000 ഏക്കർ ചതുപ്പുനിലം വീണ്ടെടുത്ത് സംരക്ഷിക്കാൻ സാധിക്കുമെന്ന് കാട്ടാമ്പള്ളി പദ്ധതി രണ്ടാംഘട്ടം എന്ന നിലയിൽ വിഭാവനം ചെയ്തിട്ടുണ്ട്. എന്നാൽ കാട്ടാമ്പള്ളി പദ്ധതി പ്രദേശം വ്യത്യസ്ത നിരപ്പുകളിൽ സ്ഥിതിചെയ്യുന്നതിനാൽ റഗുലേറ്ററിന് അകലെയുള്ള ഉയർന്ന പ്രദേശങ്ങളിൽ നിശ്ചിത അളവിൽവെള്ളം നിലനിർത്തിയാൽ റഗുലേറ്ററിനോടടുത്ത് സ്ഥിതി ചെയ്യുന്ന താഴ്ന്ന പ്രദേശങ്ങൾ മുങ്ങിപ്പോകുകയും താഴ്ന്ന പ്രദേശങ്ങൾക്കനുസരിച്ച് ജലനിരപ്പ് ക്രമീകരിച്ചാൽ ഉയർന്ന പ്രദേശങ്ങളിൽ വെള്ളം കിട്ടാതാവുന്ന അവസ്ഥയും സംജാതമാകും. ഇതിന് പരിഹാരമായി, പദ്ധതി പ്രദേശത്തെ Lower Zone, Middle Zone, Upper Zone എന്നിങ്ങനെ മൂന്ന് വ്യത്യസ്ത മേഖലകളായി തിരിച്ച് മാർജിനൽ ബണ്ടുകൾ, ആവശ്യമായ ജലനിർഗമന മാർഗങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് നിർമിച്ചാൽ സാദ്ധ്യമാകുന്നതാണ്. ഈ കാര്യത്തിൽ വിദഗ്ധ പഠനവും പര്യവേഷണവും ആവശ്യമാണ്. നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള സർവെ നടത്തേണ്ടതുണ്ട്. പ്രസ്തുത കാര്യത്തിലേക്ക് ജലസേചന വകുപ്പിന്റെ തൃശ്ശൂർ പീച്ചിയിലുള്ള KERI വിഭാഗത്തെ ചുമതലപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാട്ടാമ്പള്ളി റെഗുലേറ്റർഷട്ടറുകളും, ലോക്ക് ഷട്ടറുകളും തകരാറിലായ അവസ്ഥയിലാണ് ഇപ്പോഴുള്ളത്. ഉപ്പുവെള്ളം പൂർണമായും തടഞ്ഞ് പദ്ധതി പ്രദേശം കൃഷിക്ക് യോഗ്യമാക്കണമെങ്കിൽ ഷട്ടറുകൾ മാറ്റി സ്ഥാപിക്കുകയോ അറ്റകുറ്റപ്പണികൾ നടത്തുകയോ ചെയ്യേണ്ടതുണ്ട്. ചിറക്കൽ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി പത്തായച്ചിറ, തൈക്കണ്ടിച്ചിറ, കല്ല്കെട്ട്ചിറ എന്നീ പ്രദേശങ്ങളിൽ നിലവിലുള്ള വി.സി.ബി.കളോട് ചേർന്ന് സ്ലൂയിസുകൾ നിർമിച്ചാൽ ഉപ്പുവെളളം നിയന്ത്രണ വിധേയമാക്കാൻ സാധിക്കുമെന്ന് കണ്ടെത്തിയിരുന്നു.

കാട്ടാമ്പള്ളി പദ്ധതിയുടെ നാവിഗേഷൻ ലോക്കിന്റെ ഷട്ടറുകൾ മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടി 135 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് മെക്കാനിക്കൽ വിഭാഗം സമർപ്പിച്ചിട്ടുണ്ട്. നിലവിലുള്ള 13 റഗുലേറ്റിംഗ് ഷട്ടറുകൾക്കും കേടുപാടുകൾ സംഭവിച്ചതിനാൽ അവ മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടി 11.00 കോടി രൂപയുടെ എസ്റ്റിമേറ്റ് മെക്കാനിക്കൽ വിഭാഗം തയ്യാറാക്കി വരുന്നുണ്ട്. കൂടാതെ ഷട്ടറുകൾമാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട അനുബന്ധ സിവിൽ പ്രവൃത്തികൾക്ക് വേണ്ടി ഏകദേശം 2.00 കോടി രൂപയുടെ ചിലവ് വരുന്നതാണ്. ഇതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഇതിനു പുറമേ കാട്ടാമ്പള്ളി പദ്ധതിയുടെ ചിറക്കൽ പഞ്ചായത്തിലെ കാട്ടാമ്പള്ളി പാലത്തിനു സമീപമുള്ള ചെയിനേജ് 0 മുതൽ 1300 വരെയുള്ള മാർജിനൽ ബണ്ടിന്റെ പുനരുദ്ധാരണം നടത്തേണ്ടതുണ്ട്. ആയതിന് ഏകദേശം 60 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിലേക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. പ്രസ്തുത ബണ്ടിന്റെ തുടർച്ചയായി ചെയിനേജ് 1300 മുതൽ 2860 വരെ 1560 മീറ്റർനീളത്തിലുള്ള തകർന്ന ബണ്ടിന്റെ പുനരുദ്ധാരണം നടത്തേണ്ടതുണ്ട്. ഇതിന് ഏകദേശം 600 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. കാട്ടാമ്പള്ളി പുഴയുടെ വലതുകരയിൽ കൃഷി ചെയ്യുന്നതിനായി മാർജിനൽ ബണ്ട് ആവശ്യമായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി ഏകദേശം 10.00 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. മേൽപറഞ്ഞ ബണ്ടുകളുടെ നിർമാണത്തിനായി പര്യവേഷണം നടത്തേണ്ടതുണ്ട്. ആയതിലേക്ക് KERI യെ ചുമതലപ്പെടുത്താനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ ഷട്ടറുകളുടെ ഇലക്ട്രിക്കൽ പ്രവൃത്തി, വിംഗ് വാളുകളുടെ അറ്റകുറ്റപ്രവൃത്തി, സ്റ്റാഫ് ക്വാട്ടേർസിന്റെ അറ്റകുറ്റ പ്രവൃത്തി തുടങ്ങി അടിയന്തിരമായും ചെയ്യേണ്ട പ്രവൃത്തികളും ഉൾക്കൊള്ളിച്ച് ആകെ 32.08 കോടി രൂപയുടെ പ്രവൃത്തികൾ കാട്ടാമ്പള്ളി പദ്ധതിയോടനുബന്ധിച്ച് ചെയ്യേണ്ടതുണ്ട്.

ഉപ്പു വെള്ളം ബാധിക്കുന്ന പ്രദേശങ്ങൾ:

കണ്ണൂർ ജില്ലയിൽ പ്രധാനമായും ഉപ്പ് വെള്ളം കയറുന്നത് അഴീക്കൽ, മാട്ടൂൽ അഴിമുഖം, മാട്ടൂൽനോർത്ത്, ചൂട്ടാട്, എട്ടിക്കുളം, ധർമടം, പാലക്കോട്, കൊടുവള്ളി, മാഹി, കടലായി എന്നീ സ്ഥലങ്ങളിലാണ്. ജില്ലയിലെ പ്രധാന നദികളായ വളപട്ടണം, പെരുമ്പ, രാമപുരം, കുപ്പം അഞ്ചരക്കണ്ടി, മാഹി, തലശ്ശേരി എന്നിവയിൽ വേനൽക്കാലങ്ങളിൽ ഉപ്പ് വെള്ളം കയറി കുടിവെള്ളത്തെയും കൃഷിയെയും സാരമായി ബാധിക്കുന്നുണ്ട്. അഞ്ചരക്കണ്ടി പുഴയിൽ തീരങ്ങൾക്കിരുവശത്തുമായി 4 ച. കി. മീറ്റർ വിസ്തീർണത്തിലും, തലശ്ശേരി പുഴയിൽ 0.3 ച. കി. മീറ്റർവിസ്തീർണത്തിലും, മാഹി പുഴയിൽ 3.2 ച. കി. മീറ്റർവിസ്തീർണത്തിലും, കാനാമ്പുഴയിൽ 0.8 ച. കി. മീറ്റർ

വിസ്തീർണത്തിലും ഉപ്പ് വെള്ളം കയറി ഇറങ്ങുന്നുണ്ട്. പല സ്ഥലങ്ങളിലും ഉപ്പ് വെള്ളം കയറി കൃഷി സ്ഥലം ഉപയോഗശൂന്യമായി കിടക്കുകയാണ്. കൂടാതെ മേൽപ്രദേശങ്ങളിലെ ജനങ്ങൾ കുടിവെള്ളത്തിനു വേണ്ടി കിണർ വെള്ളത്തിനു പകരം മറ്റ് മാർഗങ്ങൾ സ്വീകരിക്കേണ്ട അവസ്ഥയാണ് വരുന്നത്.

വളപട്ടണം പുഴയിൽ അഴീക്കൽ അഴിമുഖം മുതൽ ഇരിക്കൂർപാലം വരെ ഏകദേശം 38 കി. മീറ്റർ നീളത്തിലും കൂപ്പം പുഴയിൽ അഴീക്കൽ അഴിമുഖം മുതൽ ചപ്പാരപ്പടവ് ടൗൺവരെ ഏകദേശം 40 കി. മീറ്റർ നീളത്തിലും പെരുമ്പ പുഴയിൽ വലിയപറമ്പ് അഴിമുഖത്തിൽ നിന്ന് 22 കി. മീറ്റർ നീളത്തിൽ മുകൾ ഭാഗത്തായും പാലക്കോട് അഴിയിൽനിന്നും 15 കി. മീറ്റർ നീളത്തിൽ മുകൾ ഭാഗത്തായും രാമപുരം പുഴയിൽ മുകൾ ഭാഗത്തായി 7 കി. മീറ്റർ നീളത്തിലും ഉപ്പ് വെള്ളം കയറുന്നുണ്ട്.

പാപ്പിനിശ്ശേരി പഞ്ചായത്തിൽ പാപ്പിനിശ്ശേരി കടവിന് 500 മീറ്റർ അകലെയായി വളപട്ടണം പാലത്തിന്റെ 1 കി. മീറ്റർ താഴെ ഭാഗം തട്ടുപുറത്ത് താഴ്ന്ന പ്രദേശമായതിനാൽ ഉപ്പ് വെള്ളം കയറി കൃഷി സ്ഥലം കഴിഞ്ഞ കുറെ വർഷങ്ങളായി കൃഷി ചെയ്യാൻപറ്റാത്ത അവസ്ഥയിലാണുള്ളത്.

കണ്ണൂർ ജില്ലയിലെ വടക്ക് പടിഞ്ഞാറ് സ്ഥിതി ചെയ്യുന്നതും കൂപ്പം നദിയുടെ കൈവഴികളാൽ ചുറ്റപ്പെട്ട് കിടക്കുന്നതുമായ തെക്കുമ്പാട് ദ്വീപ് മാട്ടൽ ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെടുന്നു. പ്രസ്തുത ദ്വീപ് അറബിക്കടലിന്റെ അഴിമുഖത്ത് നിന്നും ഉദ്ദേശം 5 കി.മീ. ദൂരത്ത് വ്യാപിച്ചു കിടക്കുന്നു. തെക്കുമ്പാട് ദ്വീപിലെ ഭൂരിഭാഗം ജനങ്ങളും പാരമ്പര്യമായി കർഷകരാണ്. എല്ലാ വർഷങ്ങളിലും ഡിസംബർ മുതൽ ഏപ്രിൽവരെ കൂപ്പം പുഴയിലെ നീരൊഴുക്കിന്റെ കുറവ് കാരണം വേലിയേറ്റ സമയത്ത് കൃഷിസ്ഥലങ്ങളിൽ ഉപ്പ് വെള്ളം കയറുകയും തന്മൂലം പാടങ്ങളിൽ വിളവിറക്കാൻ പറ്റാത്ത അവസ്ഥയുമാണ് സംജാതമാകുന്നത്. സമീപ കാലത്തായി നെൽകൃഷി ഈ പ്രദേശങ്ങളിൽ അന്യം നിന്ന് പോയിക്കൊണ്ടിരിക്കുകയാണ്.

ജില്ലയിലെ ചെറുതാഴം പഞ്ചായത്ത് ഫലഭൂയിഷ്ടമായ മണ്ണാലും പ്രകൃതിദത്തമായ നീരൊഴുക്കിനാലും സമ്പന്നമാണ്. പെരുമ്പ പുഴയിൽ നിന്നും ഉപ്പ് വെള്ളം കയറുന്നത് കാരണം ഇവിടെയുള്ള കൃഷിക്കാർക്ക് പുഴയിൽനിന്നും വളരെ അകലെയുള്ള നിലകളിൽ മാത്രമേ രണ്ടാം വിള നെൽകൃഷി ചെയ്യുവാൻ സാധിക്കുന്നുള്ളൂ. ഉപ്പ് വെള്ളം കയറുന്നത് നെല്ലുത്പാദനത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

ക്രമ നം.	പഞ്ചായത്തിന്റെ/മുൻസിപ്പാലിറ്റിയുടെ പേര്	ഉപ്പ് വെള്ളം കയറുന്ന പ്രദേശത്തിന്റെ വിസ്തീർണം(ഹെക്ടറിൽ)
1.	അഴീക്കോട് പഞ്ചായത്ത്	78.61
2.	ചെറുകുന്ന് പഞ്ചായത്ത്	102.43
3.	ചിറക്കൽ പഞ്ചായത്ത്	90.67
4.	ധർമടം പഞ്ചായത്ത്	170.77
5.	എടക്കാട് പഞ്ചായത്ത്	122.40
6.	എരഞ്ഞോളി പഞ്ചായത്ത്	214.58
7.	കതിരൂർ പഞ്ചായത്ത്	21.00
8.	കണ്ണപുരം പഞ്ചായത്ത്	76.00
9.	കൊളച്ചേരി പഞ്ചായത്ത്	61.44
10.	കൂറ്റ്യാട്ടൂർപഞ്ചായത്ത്	24.31
11.	മാട്ടൂൽപഞ്ചായത്ത്	155.04
12.	മുണ്ടേരി പഞ്ചായത്ത്	20.00
13.	മുഴപ്പിലങ്ങാട് പഞ്ചായത്ത്	13.89
14.	പള്ളിക്കുന്ന് പഞ്ചായത്ത്	60.00
15.	പാപ്പിനിശ്ശേരി പഞ്ചായത്ത്	76.00
16.	പെരളശ്ശേരി പഞ്ചായത്ത്	74.60
17.	പിണറായി പഞ്ചായത്ത്	225.41
18.	തളിപ്പറമ്പ് മുൻസിപ്പാലിറ്റി	130.26
19.	തലശ്ശേരി മുൻസിപ്പാലിറ്റി	145.62
20.	ചൊക്ലി പഞ്ചായത്ത്	29.99
21.	കരിയാട് പഞ്ചായത്ത്	850.00
22.	കുന്നോത്ത് പറമ്പ് പഞ്ചായത്ത്	20.74
23.	പട്ടുവം പഞ്ചായത്ത്	372..00

കുപ്പം, വളപട്ടണം, പെരുമ്പ, അഞ്ചരക്കണ്ടി പുഴകളിൽ വേണ്ടത്ര ചെക്ക്ഡാമുകളോ, റെഗുലേറ്ററുകളോ നിർമിക്കപ്പെട്ടിട്ടില്ല. കാലപ്പഴക്കത്താൽ തോടുകളിൽ നിർമിച്ച വി.സി.ബി.കളുടെ തകർച്ചയും ഷട്ടറുകൾ യഥാസമയം റിപ്പയർ ചെയ്യാത്തതും ചെക്ക് ഡാമുകളിൽ മണ്ണും മാലിന്യങ്ങളും അടിഞ്ഞ് പ്രയോജനപ്രദമാകാത്തതുമായ അവസ്ഥ ഉണ്ട്. ജലസേചന പദ്ധതികളിൽ ജലസേചനത്തിന്നാവശ്യമായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ അഭാവം നിലനിൽക്കുന്നുണ്ട്. കുളങ്ങൾ പലതും ചളിയും പായലും പാഴ് വസ്തുക്കളും നിറഞ്ഞ് നാശോൻമുഖമായിട്ടുണ്ട്.

കഴിഞ്ഞ കുറച്ചു വർഷങ്ങളായി മാർച്ച് മുതൽ ജൂൺ വരെ മാസങ്ങളിൽ പുഴകളും തോടുകളും ജലസംഭരണികളും ജലനിരപ്പ് കുറയുന്നതും വറ്റിപ്പോകുന്നതുമായ അവസ്ഥ നിലവിലുണ്ട്. നീർത്തടത്തിൽ വരുത്തുന്ന മാറ്റങ്ങൾ തോടുകളിലെയും പുഴകളിലെയും ജലാവസ്ഥയെ സാരമായി ബാധിക്കുന്നുണ്ട്.

കാനാമ്പുഴ:

കണ്ണൂർ നിയമസഭാ മണ്ഡലത്തിലെ പ്രധാന ജലസ്രോതസ്സും കാർഷിക മേഖലയുമായ കാനാമ്പുഴയുടെ ഇന്നത്തെ അവസ്ഥ ശോചനീയമാണ്. പണ്ട് സമൃദ്ധമായി ഒഴുകിയിരുന്ന കാനാമ്പുഴ ഇന്നിപ്പോൾ മാലിന്യം നിക്ഷേപിച്ചും കാട് പടർന്നു പിടിച്ചും നാശത്തിന്റെ വക്കിലെത്തിയിരിക്കുന്നു. 10 കി.മീ. ദൈർഘ്യത്തിലുള്ള പുഴ മാച്ചേരി മുതൽ ചേലോറ-എളയാവൂർ വയൽ വരെ മെയ് മാസത്തിൽ നീരൊഴുക്ക് നിലച്ചിരിക്കുകയാണ്. തുടർന്ന് വെള്ളച്ചാലുകൾ അഴിമുഖം വരെ നീണ്ടു കിടക്കുന്നു. അതോടൊപ്പം പുഴയുടെ കരയിടിഞ്ഞ് നീരൊഴുക്ക് തടസ്സപ്പെടുന്നതും മറ്റൊരു പ്രധാന പ്രശ്നമാണ്. പുഴയുടെ അതിരുകൾ മണ്ണിട്ടു നികത്തി കയ്യേറുന്നതും ഗൗരവമായി തന്നെ കാണേണ്ടിയിരിക്കുന്നു. മറ്റൊരു പ്രധാന പ്രശ്നം അഴിമുഖത്ത് മണ്ണിടിഞ്ഞ് പുഴയുടെ ഒഴുക്ക് തടസ്സപ്പെടുന്നതാണ്. ഇത്തരത്തിൽ അടിഞ്ഞുകൂടിയ മണ്ണ് യഥാസമയം എടുത്ത് മാറ്റേണ്ടതും പുഴയുടെ സ്വാഭാവിക ഒഴുക്ക് നിലനിർത്തേണ്ടതും അത്യന്താപേക്ഷിതമാണ്. പുഴയിലേക്ക് വന്ന് ചേരുന്ന നീർച്ചാലുകളും നീർത്തടങ്ങളും പരിപാലിച്ച് കൊണ്ട് മാത്രമേ ഈ പുഴയെ വീണ്ടെടുക്കാൻ കഴിയുകയുള്ളൂ.

കാനാമ്പുഴ പുനരുദ്ധാരണം

കാനാമ്പുഴയെ ഇന്നത്തെ അവസ്ഥയിൽനിന്നും ശുദ്ധീകരിച്ച് പ്രകൃതിദത്തമായ ഒഴുക്കിന് വേണ്ടി വഴിയൊരുക്കിയാൽ നമുക്കും പരിസ്ഥിതിക്കും വേണ്ടി ചെയ്യുന്ന ഏറ്റവും നന്മ നിറഞ്ഞ കർമ്മമായിരിക്കുമത്. ഒപ്പം കാനാമ്പുഴയെയും പരിസര പ്രദേശങ്ങളെയും വിനോദസഞ്ചാര മേഖലയിൽ ഉയർത്തിക്കൊണ്ടുവരികയും വേണം. അതിനായി നമുക്ക് ആദ്യം ഈ പുഴയെ തിരിച്ച് പിടിക്കേണ്ടിയിരിക്കുന്നു. കാനാമ്പുഴയിലേക്ക് എത്തിച്ചേരുന്ന ചെറുനീർച്ചാലുകളിൽ തുടങ്ങി കടലായി അഴിമുഖം വരെയുള്ള സ്ഥലങ്ങളിൽ പുഴയിൽ അടിഞ്ഞുകൂടിയ ചെളിയും മാലിന്യങ്ങളും എടുത്തുമാറ്റി പുഴയുടെ ആഴം കൂട്ടുക എന്നത് വളരെ പ്രധാനപ്പെട്ടതാണ്. കൂടാതെ പുഴയുടെ പാർശ്വഭിത്തികൾ സംരക്ഷിച്ച് നിർത്തി കരയിടിച്ചിൽ നിയന്ത്രിക്കേണ്ടതും പ്രധാനപ്പെട്ടതാണ്. കാനാമ്പുഴയുടെ ഇരുകരകളിലുമായി മിക്കയിടങ്ങളിലും കല്ല് ഉപയോഗിച്ച് മുൻകാലങ്ങളിൽ പാർശ്വഭിത്തി ചെയ്തിട്ടുണ്ട്. ഇവയിൽ ചിലയിടങ്ങളിൽ ഭിത്തികൾ തകർന്നിരിക്കുന്നതായി കാണാം. കല്ലുപയോഗിച്ച് കൊണ്ടുള്ള പാർശ്വഭിത്തി നിർമാണവും കയർഭൂവസ്ത്രം ഉപയോഗിച്ച് ഇരു കരകളിലുമായി ബണ്ട് നിർമാണവും ഈ പ്രദേശത്ത് നടത്തേണ്ടതുണ്ട്. കൃഷിക്ക് വേണ്ടി ജലസേചന ആവശ്യത്തിനായി VCB കള് (Vented Cross Bar), ഒപ്പം Sluiceകളും ആവശ്യാനുസരണം വിഭാവനം ചെയ്യുന്നു. വിനോദ സഞ്ചാരികളെക്കൂടി ലക്ഷ്യമിട്ടുകൊണ്ട് പുഴയെയും തീരത്തെയും മോടിപിടിപ്പിക്കുന്നതിനായി കാനാമ്പുഴയുടെ തീരത്ത് കൂടെ ചൊവ്വാ പാലത്തിന് മുകൾ ഭാഗത്തായി അഞ്ച് കി.മീ. നീളത്തിൽ തറയോട് ഉപയോഗിച്ച് നടപ്പാത നിർമിക്കുവാനും ഒപ്പം ആവശ്യത്തിന് സൗരോർജ്ജ വിളക്കുകളും നിശ്ചിത അകലത്തിൽ ഈ നടപ്പാതയുടെ വശങ്ങളിൽ വെച്ച് പിടിപ്പിക്കുവാനും വിഭാവനം ചെയ്യുന്നു. ആദികടലായി അഴിമുഖത്ത് അടിഞ്ഞുകൂടിയ മണ്ണ് എടുത്തുമാറ്റി ആഴം വർധിപ്പിക്കുന്നു. അഴിമുഖത്ത് വിനോദ സഞ്ചാരികളെ ആകർഷിക്കത്തക്ക വിധത്തിൽ സൗന്ദര്യവൽക്കരിക്കുന്നു. പാർശ്വങ്ങളിൽ ഇപ്പോഴുള്ള കല്ല്

കൊണ്ടുള്ള ഭിത്തിക്ക് മുകളിലായി കയർഭൂവസ്ത്രം ഉപയോഗിച്ച് കരസംരക്ഷിച്ച് നിർത്തുന്നു. കൂടാതെ തീരങ്ങളിൽ ഇന്റർലോക്ക് കട്ട ഉപയോഗിച്ച് നിലം ഒരുക്കുകയും ആവശ്യമായ ഇരിപ്പിടങ്ങളും സൗരോർജ്ജവിളക്കുകളും നൽകിക്കൊണ്ട് സൗന്ദര്യവൽക്കരിക്കുന്നു. ഇത്തരത്തിലൊരു പദ്ധതിയിലൂടെ നമുക്ക് കാനാമ്പുഴയെ സംരക്ഷിച്ച് നിർത്താനും ഒപ്പം വിനോദസഞ്ചാരമേഖലയിൽ വ്യക്തമായ ഒരു സ്ഥാനം കാനാമ്പുഴയ്ക്ക് നേടിയെടുക്കാനും സാധിക്കുന്നതാണ്. കാനാമ്പുഴ പുനരുദ്ധാരണത്തിനായി 49.75 കോടി രൂപയുടെ ഒരു പ്രൊജക്ട് അംഗീകാരത്തിനായി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് ഹരിതകേരളം പദ്ധതിയിലൂടെ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ ഇരുപത്തിയാറ് ചതുരശ്ര കിലോമീറ്റർ വിസ്തീർണമുള്ള നദീതടത്തിന്റെ സമഗ്ര നീർത്തട വികസന റിപ്പോർട്ട് തയ്യാറാക്കാനുള്ള നടപടികൾ ആരംഭിച്ചു.

ഫിബ്രുവരി 8,9 തീയ്യതികളിൽ നീർത്തട നടത്തം നടത്തി വിവരശേഖരണം നടത്തുകയും ഫിബ്രുവരി 20ന് അവയെല്ലാം ക്രോഡീകരിക്കുകയും ചെയ്ത്, കാനാമ്പുഴയിൽ ഉൾക്കൊള്ളുന്ന നാല് ചെറു നീർത്തടങ്ങളിലെ വിവിധ പ്രശ്നങ്ങൾ, ജലസംരക്ഷണ പ്രവർത്തനങ്ങൾ, വിവിധ വകുപ്പുകളുടെ പ്രവൃത്തികൾ എന്നിവ ഉൾപ്പെടുത്തി 24 കോടി രൂപയുടെ അടങ്കൽ തുകയിൽ തയ്യാറാക്കിയ നീർത്തട വികസന റിപ്പോർട്ടും 49.75 കോടി രൂപയുടെ കാനാമ്പുഴ പുനരുജ്ജീവന മാസ്റ്റർപ്ലാനും സംയോജിപ്പിച്ചു കൊണ്ട് 73.75 കോടി രൂപ അടങ്കൽ തുകയിൽ കാനാമ്പുഴ സമഗ്ര നദീതടവികസന റിപ്പോർട്ട് ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ തയ്യാറാക്കി 13/03/2018 ന് കണ്ണൂർ കോർപറേഷൻതല സാങ്കേതിക സമിതിയിലും 22/03/2018 ന് ഹരിതകേരളം കണ്ണൂർ ജില്ലാതല സാങ്കേതിക സമിതിയിലും അവതരിപ്പിച്ചു. 2018 മാർച്ച് 28 ന് തിരുവനന്തപുരത്ത് ഹരിതകേരളമിഷൻ ആസ്ഥാനത്ത് സംഘടിപ്പിച്ച ശിൽപ്പശാലയിൽ കാനാമ്പുഴ സമഗ്ര നീർത്തട വികസനത്തിന്റെ വിശദമായ പദ്ധതി രേഖ ജലസേചനവകുപ്പ് അവതരിപ്പിച്ചു.

മോന്താൽ റഗുലേറ്റർ കം ബ്രിഡ്ജായാണ് പ്രവൃത്തി രൂപകൽപ്പന ചെയ്തതെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ പാലത്തിന്റെ പ്രവൃത്തി മാത്രമേ അന്ന് പൂർത്തീകരിച്ചിട്ടുള്ളൂ. ഇവിടെ ഉപ്പുവെള്ളം കയറുന്നതിനുവേണ്ടി ഷട്ടറുകൾ സ്ഥാപിക്കുകയാണെങ്കിൽ കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ അനേക ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യാൻ സാധിക്കുന്നതാണ്. പാലം ബലപ്പെടുത്തുന്നതിനും ഷട്ടർ സ്ഥാപിക്കുന്നതിനും വേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തുകയും ആയതിന്റെ റിപ്പോർട്ട്, ഡിസൈൻ കിട്ടുന്നതിന് മേലധികാരികൾക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഇപ്പോൾ പ്രവർത്തനരഹിതമായി കിടക്കുന്ന ചെറുകുന്ന് പഞ്ചായത്തിലെ മൂട്ടിൽകാപ്പ് റഗുലേറ്ററിന്റെ ഇരു വശങ്ങളിൽ നിലവിൽ റോഡ് വന്നു ചേരുന്നുണ്ട്. ഈ സ്ഥലത്ത് പുതുതായി റഗുലേറ്റർകം ബ്രിഡ്ജ് വരികയാണെങ്കിൽ ചെറുകുന്ന് പഞ്ചായത്തിൽ ഉപ്പുവെള്ളം കയറുന്നത് തടയാനും കുടിവെള്ളക്ഷാമത്തിനും അതോടൊപ്പംതന്നെ കർഷകരുടെ കാർഷിക ഉൽപ്പന്നങ്ങൾ മാർക്കറ്റിൽ എളുപ്പത്തിൽ എത്തിക്കുന്നതിനും സാധിക്കുന്നു. കല്ല്യാശ്ശേരി പഞ്ചായത്തിലെ ഇരിണാവ് റഗുലേറ്റർകം ബ്രിഡ്ജ് കാലപ്പഴക്കത്താലും കൃത്യമായ അറ്റകുറ്റപണികളുടെ അഭാവത്താലും പ്രവർത്തനരഹിതമായി കിടക്കുകയാണ്. ഇപ്പോൾ ഇതിനോട് ചേർന്ന് പൊതുമരാമത്ത് വകുപ്പ് പാലം നിമിക്കാൻ ആരംഭിച്ചിട്ടുണ്ട്. ആയതിനാൽ നിലവിലുള്ള അണക്കെട്ടിന്റെ തൂണുകൾ ബലപ്പെടുത്തി ഷട്ടർ (മെക്കാനിക്കൽ) സ്ഥാപിക്കുകയാണെങ്കിൽ കൃഷി സ്ഥലത്ത് ഉപ്പുവെള്ളം കയറുന്നത് തടയാനും കുടിവെള്ളക്ഷാമം പരിഹരിക്കാനും സാധിക്കുന്നതാണ്.

മാഹി പുഴ, അഞ്ചരക്കണ്ടി പുഴ, തലശ്ശേരി പുഴ, വളപട്ടണം പുഴ, കുപ്പം പുഴ, പെരുമ്പ പുഴ, രാമപുരം പുഴ, കവ്വായി പുഴ (കണ്ണൂർ ജില്ലയിൽ ഉൾപ്പെടുന്ന ഭാഗം) എന്നിവയുടെയും അവയുടെ കൈവഴികളുടേയും സംരക്ഷണ പ്രവർത്തനമാണ് നടത്തി വരുന്നത്. മഴക്കാലത്ത് നദികളിലേക്കെത്തിച്ചേരുന്ന വെള്ളം നിർബാധം കടലിലേക്ക് വന്ന് ചേരുകയാണ് ചെയ്യുന്നത്. ഈ നദീജലത്തെ നല്ല രീതിയിൽ വിനിയോഗിക്കുവാൻ സാധിക്കുകയാണെങ്കിൽ ഇന്ന് നേരിട്ടു കൊണ്ടിരിക്കുന്ന രൂക്ഷമായ ജലദൗർലഭ്യം പരിഹരിക്കാൻ സാധിക്കും. ആയതിനാൽ നദികളിലും മറ്റു ജലാശയങ്ങളിലും ജലസംരക്ഷണത്തിനുതകുന്ന പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. കുടിവെള്ളത്തിനും കൃഷിക്കും

അനുയോജ്യമാം വിധം എല്ലാ നദികളിലും യഥാസ്ഥലങ്ങളിൽ തടയണകൾ പോലുള്ള നിർമാണ പ്രവൃത്തികൾ നടത്തിയാൽ അത് വലിയൊരളവ് വരെ ജലക്ഷാമം പരിഹരിക്കാൻ ഉതകുന്നതാകും.

ജില്ലയിലെ സമഗ്ര കാർഷിക വികസനം ലക്ഷ്യമാക്കി വിവിധ സ്ഥലങ്ങളിലായി 90 തടയണകളും 5 റെഗുലേറ്റർകം ബ്രിഡ്ജുകളും നിർമിക്കുന്നതിനുവേണ്ടിയുള്ള നിദേശങ്ങളും, കൂടാതെ ജില്ലയിലെ 9 സ്ഥലങ്ങളിൽ മാർജിനൽ ബണ്ടുകളുടെയും 3 സ്ലൂയിസുകളുടെയും 2 ഉപ്പ് വെള്ള പ്രതിരോധ ബണ്ടുകളുടെയും നിർമാണത്തിനും കാനാമ്പുഴയുടെയും ചെറുവാഞ്ചേരി പുഴയുടെയും പുനരുദ്ധാരണത്തിനുമായും ഉള്ള നിർദേശങ്ങളും പ്രാഥമിക പര്യവേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്.

മടമ്പം റഗുൽലേറ്ററിൽ സംഭരിച്ച വെള്ളം ഉപയോഗിച്ച് നെടുങ്ങോം, കാഞ്ഞിലേരി തുടങ്ങി നാലോളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് സാധ്യതയുണ്ട്.

ജില്ലയിലെ വി.സി.ബി.കളായ പിണറായി പഞ്ചായത്തിലെ – വെണ്ടുട്ടായി, പാറത്തോട്, മാങ്ങാട്ടിടം പഞ്ചായത്തിലെ അയ്യപ്പൻതോട്, വേങ്ങാട് പഞ്ചായത്തിലെ പാറോളികാവ്, കോളാപുരത്ത് വി.സി.ബി, കൊളച്ചേരി പഞ്ചായത്തിലെ, കൊളച്ചേരി വയൽതോട് വി.സി.ബി നമ്പർ 3, നമ്പർ 2, എരമം-കുറ്റൂർ പഞ്ചായത്തിലെ വെള്ളക്കാട് വി.സി.ബി., വരുവിചിറ, കുന്നറ, പുല്ലൻചിറ, പെരുമ്പടവ്, നെല്ലിയാട്, കാടാംകുന്ന്, കുളിയപ്രം, പരപ്പവയൽ, മുതിരക്കുന്ന്, കോങ്കണ്ടി, കുറുമുണ്ട, പാറക്കടവ്, കുഞ്ഞിമംഗലം പഞ്ചായത്തിലെ ആനപ്പെട്ടി തോട്, കുറുമാത്തൂർ പഞ്ചായത്തിലെ ഇടുക്കുഴി, പാറത്തോട്, കുളിക്കടവ് കാങ്കോൽ ആലപ്പടമ്പ് പഞ്ചായത്തിലെ ആലയൻകോട്, കണ്ണംകുളം, വടവന്തൂർ, കാഞ്ഞിരംകുറ്റി, മൂളയിൽ, താനിച്ചേരി, കണ്ണങ്കാട്, പുല്ലാഞ്ഞികാട്, കാങ്കോൽതോട്, കരിംങ്കുഴി, കുളവയൽ, കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിലെ-കളരി താഴെ, ചിറ്റാന്തൂർ, പുല്ലാഞ്ഞികാട്, മുക്കുട്ട്, പടിയൂർ പഞ്ചായത്തിലെ എരൻചിറതോട്, കരിവെള്ളൂർ-പെരളം പഞ്ചായത്തിലെ-പരച്ചിറ, വണ്ണച്ചിറ, കല്ലാത്ത് കൈപ്പാട്. പുത്തൂരമ്പലം, ചെങ്ങളായി പഞ്ചായത്തിലെ-പരിപ്പായി, കുടുംക്കുംമൂല, കങ്ങതോട് പെരിങ്ങോം-വയക്കര പഞ്ചായത്തിലെ കക്കാട് താഴെ, വട്ടപ്പാറ, താളംതട്ട, ചേരിക്കൽ, കാനംവിരിപ്പ് വയൽ, പോത്താങ്കണ്ടം, കുപ്പോത്ത്, പൊള്ളവയൽ നീലരിങ്ങ, പാങ്കായം, വാച്ചാൽ പടന്ന, ശ്രീകണ്ഠപുരം മുൻസിപ്പാലിറ്റിയിലെ ഓടക്കുണ്ട് തോട്, കട്ടായി, കൊക്കായി, തോപ്പിലായിതോട്, ഓടക്കുണ്ട്, പയ്യന്നൂർ മുൻസിപ്പാലിറ്റിയിലെ കുട്ട്യോൾപുഴ, ഏഴോം പഞ്ചായത്തിലെ കാനായിതോട്, എരുവശ്ശി പഞ്ചായത്തിലെ കാവനായിതോട്, പാറപ്രത്ത്, പൊൻപുഴ, പയ്യാവൂർ പഞ്ചായത്തിലെ മുത്താറികുളം തോട്, കാക്കതോട് മാടായി പഞ്ചായത്തിലെ വാടിക്കൽ തോട്. ഉദയഗിരി പഞ്ചായത്തിലെ-നെല്ലിക്കുന്നേൽ പാടി, മമ്മുക്കപ്പാടി, തൃപ്പങ്ങോട്ടൂർ പഞ്ചായത്തിലെ പനോളി താഴെ, മലപ്പട്ടം പഞ്ചായത്തിലെ എരിഞ്ഞിവയൽ, ചൂളിയാട് തെക്കെകര, എടച്ചിറ, അടുവാപുറം തൈവളപ്പ്, ചുളിയാട് കടവ്, എന്നിവ റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

ഉപ്പുവെള്ള പ്രതിരോധ ബണ്ടായ പാപ്പിനിശ്ശേരി പഞ്ചായത്തിലെ കല്ലോറിതോട്, പെരളശ്ശേരി പഞ്ചായത്തിലെ കട്ടിപ്രംതോട്, കണ്ണൂർ കോർപറേഷനിലെ കക്കറതോട്, മുഴപ്പിലങ്ങാട് പഞ്ചായത്തിലെ ചിറാലക്കണ്ടി തോട്, കുഞ്ഞിമംഗലം പഞ്ചായത്തിലെ ചെറാട്ട് തോട്, കോയാക്കാട്ട്, പയ്യന്നൂർ മുൻസിപ്പാലിറ്റിയിലെ മുപ്പോട്, മാടായി പഞ്ചായത്തിലെ ലായൻചിറ, പട്ടുവം പഞ്ചായത്തിലെ എടമുട്ട് കുന്നരു, എന്നിവ റിപ്പയർചെയ്ത് പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

കാനാമ്പുഴ നവീകരണ മാതൃകയിൽ കണ്ണൂർ കോർപറേഷനിലെ ചാല തോടും, അഴീക്കോട് പഞ്ചായത്തിലെ കണ്ടനാഴി തോടും നവീകരിച്ച് ആ പ്രദേശത്തെ ജലസമൃഷ്ടമാക്കാൻ സാധിക്കും.

ജില്ലയിലെ വളപട്ടണം പുഴയുടെയും അതിന്റെ കൈവഴികളിലുമായുള്ള വിവിധ പ്രദേശങ്ങളായ കരിമ്പങ്കണ്ടി, ചന്ദ്രഗിരിപ്പള്ളി, മാടക്കൽ, ചാപ്പക്കടവ്, എരുവേശി, കരിവെള്ളരി, പൂവേലിക്കടവ്, പരിപ്പിൻകടവ്, കുടിയാന്മല, കുളത്തിങ്കൽകടവ്, പാടിക്കുറ്റി, മണ്ണങ്കടവ്, ഒടിച്ചുകുന്ന്, കാക്കളുക്കിയിൽ, മൊടയരഞ്ഞി, നീണ്ടുനോക്കി, പെരുമ്പുന്ന, ഒറ്റപ്ലാവ്, ആയിപ്പുഴ, ചിറക്കല്ല്, നിരവൻപാറ, പാർക്കപ്പാലം, ചുങ്കക്കുന്ന്, നിടുമ്പ്രംചാൽ, കിളിയന്തറ,

വാക്കുണ്ട്, കോറമുക്ക്, വളവുപാറ, കൊട്ടിയൂർ ശിവക്ഷേത്രം, പുഴക്കൽ, കാളികേയം, മടപ്പുരച്ചാൽ, അത്തൂർവാഹാനിക്കടവ്, ആനപ്പന്തി, വള്ളിത്തോട്, മുഴക്കുന്ന്, ഓടന്തോട്, മുണ്ടയാപറമ്പ്, ഇരിക്കൂർ, പെരുമണ്ണ്, പാണലാട്, കൂടാളി എന്നിവിടങ്ങളിലും കുപ്പം പുഴയുടെയും അതിന്റെ കൈവഴികളിലുമായുള്ള വിവിധ പ്രദേശങ്ങളായ മങ്കര, മുക്കട, തടിക്കടവ്, പാറപ്പുഴ, മീൻപറ്റി മണ്ണായം, പെരുമളാബാദ്, മടമ്പടി, മണക്കടവ്, കൂവേരി, വിമലശ്ശേരി, സ്റ്റേഡിയം കടവ്, വലിയകുട്ടാപറമ്പ്, വട്ടക്കയം ആറാട്ടുകടവ്, മാമ്പൊഴിൽ, കുറ്റിപ്പുഴ പാലം, ഭീമങ്ങാട്, കുത്താട്ടുകുളം, എന്നിവിടങ്ങളിലും അഞ്ചരക്കണ്ടി പുഴയുടെയും അതിന്റെ കൈവഴികളുടെയും വിവിധ സ്ഥലങ്ങളായ കണ്ടങ്കുന്ന്, ആയിത്തറ, കലിക്കോട്, അണങ്ങോട്, ഏടയാർ, ടിപ്പുപാലം, അത്തൂർ അംഗനവാടി പെരുമ്പ പുഴയുടെയും അതിന്റെ കൈവഴികളിലുമായുള്ള വിവിധ പ്രദേശങ്ങളായ തടിക്കടവ്, പെരുമ്പടവ്, പാച്ചാണി, ഏരിയം സ്കൂൾകടവ്, ചന്തപ്പുര, പാണപ്പുഴ എ.എൽ.പി. സ്കൂളിനു സമീപം, ആലക്കാട്, പറവൂർ, പൊന്നച്ചേരി, ആലക്കാട് വലിയ പള്ളി, ആലക്കാട് ഫാറൂക്ക് നഗർ, ഒതേരംതെന്നക്കുന്ന് ഭാഗം, ഏരിയം, ഏരിയം തെന്നം, ഏരിയം കൊട്ടത്തലച്ചി, തട്ടേരി പൂരക്കടവ്, മൂലവയൽ, പെരുമ്പ അംഗനവാടി, ഭണ്ഡാരപ്പുഴ, പെരുവന്നമാവുള്ള പൊയിൽ, കുറ്റൂർപുളിയൂർ കാളി ക്ഷേത്രത്തിനു സമീപം എന്നിവിടങ്ങളിലും തടയണകൾ ആവശ്യമാണ്.

കൈപ്പാട് സ്ഥലത്തെ കൃഷിയിടങ്ങളിൽ ഓരുവെള്ളം കയറുന്നതുമൂലം കൃഷി നാശം സംഭവിക്കുന്നത് തടയുന്നതിനായി അതിർത്തിയിലുള്ള കണ്ടൽക്കാടുകൾ മാത്രം നിലനിർത്തികൊണ്ട് മാർജിനൽബണ്ട് നിർമിക്കുന്നത് വഴി പ്രസ്തുത സ്ഥലത്ത് കൃഷിക്ക് ഉപയുക്തമാക്കാൻ സാധിക്കുന്നതാണ്. കൂടാതെ ആ സ്ഥലത്ത് ശുദ്ധ ജലക്ഷാമം പരിഹരിക്കാനും കണ്ടൽക്കാടുകൾ വ്യാപിക്കുന്നത് തടയാനും സാധിക്കും.

കണ്ണൂർ ജില്ലയിലെ തെക്കുമ്പാട് ദ്വീപിൽ മൺചിറ നിർമിക്കുകയാണെങ്കിൽ ഉപ്പ് വെള്ളം കയറുന്നത് ഒരു പരിധിവരെ തടയാനാവും. മേൽപ്രവൃത്തി പൂർത്തീകരിച്ചാൽ 50 ഏക്കറോളം വരുന്ന തെക്കുമ്പാട് ദ്വീപിന്റെ പടിഞ്ഞാറേ തീരം ഉപ്പ് വെള്ളത്തിൽ നിന്നും സംരക്ഷിക്കാൻ കഴിയും

കൂടാതെ താഴ്ന്ന പ്രദേശങ്ങളിൽ ഉപ്പ് വെള്ളം തടഞ്ഞ് പാടശേഖരങ്ങൾ സംരക്ഷിക്കുന്നതിലേക്കായി എർത്തേൺ ബണ്ടുകൾ നിർമിക്കേണ്ടത് അത്യാവശ്യമാണ്. തട്ടംപുറം, ഇരുണാവ്, മുതുകുട-കുളുവങ്കണ്ടി, കാട്ടാമ്പള്ളി, കിഴക്കേപ്രം-മുട്ടുകണ്ടി, ചോണോളി, ആനച്ചേരി, മടക്കര, എന്നീ പ്രദേശങ്ങളിൽ എർത്തേൺബണ്ട് നിർമിക്കാൻ ആവശ്യമായ പദ്ധതികൾ ആവശ്യമാണ്.

നിലവിൽ സംസ്ഥാനതലത്തിലുള്ള ജലസേചന പദ്ധതിക്കുള്ള മാനദണ്ഡം ഒരു ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തുന്നതിന് ചെലവഴിക്കുക എന്ന രീതിയിലാണ്, അതു മാറ്റി ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതുകൊണ്ട് ഉത്പാദനത്തിലുള്ള വർദ്ധനവും അതിന്റെ മൂല്യവും പദ്ധതിയുടെ വാർഷിക അറ്റകുറ്റപ്പണിക്കുള്ള ചെലവും കണക്കാക്കിയുള്ള ബെനഫിറ്റ് കോസ്റ്റ് റേഷ്യോ അടിസ്ഥാനത്തിലുള്ള മാനദണ്ഡം നിശ്ചയിക്കുകയും ചെയ്താൽ കൂടുതൽ പദ്ധതികൾ ഏറ്റെടുത്തു നടത്താൻകഴിയും. അതുപോലെ പി.എം.കെ.എസ്.വൈ. പോലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളും ജല വിഭവ മന്ത്രാലയത്തിൻ കീഴിൽവരുന്ന പദ്ധതികൾക്കും (ഉദാ: റിപ്പയർ, റിനോവേഷൻ, റിസ്റ്റോറേഷൻ ഓഫ് പോണ്ട്.) ഉള്ള മാനദണ്ഡങ്ങൾ കേരളത്തിന്റെ ഭൂവിസ്തൃതി അനുസരിച്ച് ഏറ്റെടുത്ത് നടത്താൻ പ്രയാസമുള്ളതാണ്. ആയതിനാൽ കേരളത്തിന്റെ ഭൂപ്രകൃതിയുടെ പ്രത്യേകത പരിഗണിച്ചുകൊണ്ടുള്ള മാനദണ്ഡങ്ങൾ ആവിഷ്കരിച്ചാൽ മാത്രമേ പ്രസ്തുത പദ്ധതികളുടെ പ്രയോജനം ലഭിക്കുകയുള്ളൂ.

മേൽപറഞ്ഞ ജലസേചന ജല സംരക്ഷണ പദ്ധതികളെല്ലാം തന്നെ നീർത്തടാടിസ്ഥാനത്തിൽ മാസ്റ്റർപ്ലാൻ തയ്യാറാക്കി ആവശ്യമായ പഠനം നടത്തി നടപ്പിലാക്കേണ്ടതാണ്. അതിനായി ഹരിത കേരളം മിഷനിലൂടെ നീർത്തട മാസ്റ്റർപ്ലാനും ക്രമേണ നദീതട മാസ്റ്റർ പ്ലാനും തയ്യാറാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

അവിദഗ്ധ കായിക തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള ഏതൊരു ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷം നൂറു ദിവസത്തെ തൊഴിൽ നൽകി അതിലൂടെ അധിക വരുമാനം പ്രദാനം ചെയ്യുതിനുമായി 2005 ൽ കേന്ദ്രസർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. കണ്ണൂർ ജില്ലയിൽ പദ്ധതി 2008 ഏപ്രിൽ 1 ന് ആരംഭിച്ചു.

2016 ഡിസംബർ 1 മുതൽ പദ്ധതിയിൽ ജിയോ ടാഗിംഗ് സംവിധാനം നിലവിലുണ്ട്. പദ്ധതിയിൽ പൂർത്തീകരിക്കപ്പെട്ട എല്ലാ പ്രവർത്തികളുടെയും ചിത്രം ഭുവൻ എൻ.ആർ.ഇ.ജി.എ.എ. പ്രത്യേക മൊബൈൽ ആപ്ലിക്കേഷൻ വഴി പകർത്തുകയും പദ്ധതിയുടെ വെബ്സൈറ്റിലേക്ക് അപ്പ്ലോഡ് ചെയ്യുകയും ചെയ്യുന്ന സംവിധാനമാണ് ജിയോ ടാഗിംഗ്. 28/03/2017 ലെ കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ വിജ്ഞാപന പ്രകാരം 2017-18 സാമ്പത്തികവർഷം മുതൽ ഒരു കുടുംബത്തിന് പരമാവധി 50 ദിവസത്തെ അധിക തൊഴിൽ ദിനം നൽകുവാൻ അനുമതി നൽകിയിട്ടുണ്ട്. അതിനാൽ നടപ്പു സാമ്പത്തികവർഷം മുതൽ ഒരു കുടുംബത്തിന് 150 ദിവസം തൊഴിൽ ലഭിക്കുവാൻ അർഹതയുണ്ട്.

ബ്ലോക്ക് അടിസ്ഥാനത്തിൽ അംഗീകരിക്കപ്പെട്ട തൊഴിൽദിനങ്ങളും പൂർത്തീകരിച്ച തൊഴിൽ ദിനങ്ങളും

ക്രമ നമ്പർ	ബ്ലോക്ക്	ലേബർ ബഡ്ജറ്റ്		
		വാർഷികം	നവംബർ വരെ	
			ബഡ്ജറ്റ്	നേട്ടം
1	എടക്കാട്	101917	49578	64421
2	ഇരിക്കൂർ	308011	149833	201841
3	ഇരിട്ടി	352676	171558	293873
4	കല്ല്യാശ്ശേരി	125325	60966	64712
5	കണ്ണൂർ	43497	21158	24239
6	കുഞ്ഞുപറമ്പ്	192830	93802	109461
7	പാനൂർ	84629	41168	56670
8	പയ്യന്നൂർ	163675	79620	108239
9	പേരാവൂർ	312330	151934	291164
10	തളിപ്പറമ്പ്	342874	166789	230104
11	തലശ്ശേരി	114236	55570	68778
	ആകെ	**1513502**	**1041976**	**1513502**

സാമ്പത്തിക വർഷത്തേയ്ക്കുള്ള ലേബർ ബഡ്ജറ്റും ആക്ഷൻ പ്ലാനും തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് തലത്തിൽ ആരംഭിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങളിൽ കൃഷി, ഇറിഗേഷൻ, എന്നീ വകുപ്പുകളുടെയും ഹരിതമിഷന്റെയും സഹകരണത്തോടെ 71 ഗ്രാമപഞ്ചായത്തുകളുടെയും നീർത്തട മാസ്റ്റർ പ്ലാൻ പുതുക്കുകയും തുടർന്നുള്ള വർഷങ്ങളിൽ നീർത്തട അധിഷ്ഠിതമായിട്ടുള്ള പ്രവൃത്തികൾ കണ്ടെത്തി നടപ്പിലാക്കുകയും ചെയ്താൽ മാത്രമേ കൂറ്റമറ്റ രീതിയിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ സാധിക്കുകയുള്ളു. ഇതിലൂടെ മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ കൂടുതലായി ഉൾപ്പെടുത്തി തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകാൻ കഴിയും.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പൊതുവിവരങ്ങൾ

വിവരം	ജനറൽ	എസ്.സി.	എസ്.ടി.	ആകെ
തൊഴിൽ കാർഡ് നൽകിയിട്ടുള്ള കുടുംബങ്ങളുടെ എണ്ണം	187097	6516	6311	199924
തൊഴിൽ കാർഡിലുള്ള തൊഴിലാളികളുടെ എണ്ണം				299844
സജീവ തൊഴിൽ കാർഡുകളുടെ എണ്ണം				120270
സജീവ തൊഴിലാളികളുടെ എണ്ണം				123278

ലേബർ ബഡ്ജറ്റ്							
വിവരം	**യൂണിറ്റ്**	**2012-13**	**2013-14**	**2014-15**	**2015-16**	**2016-17**	**2017-18**
സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ	എണ്ണം	3467752	3720678	2101079	3293086	2565113	1491943
	ശരാശരി	37	39	29	37	34	24
പട്ടിക ജാതി വിഭാഗത്തിൽ സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ	എണ്ണം	97914	113308	68109	121297	99181	50296
	ശരാശരി	39	42	26	38	35	23
പട്ടിക വർഗ വിഭാഗത്തിൽ സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ	എണ്ണം	116420	121888	103244	152146	135141	96504
	ശരാശരി	50	49	40	49	44	37
വനിതകൾ സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ	എണ്ണം	3324594	2005357	2005357	3115413	2427193	1411926
ആകെ തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം	എണ്ണം	92477	95116	72275	88286	76247	61609
ഒരു കുടുംബത്തിന് ലഭ്യമായ ശരാശരി തൊഴിൽദിനം	എണ്ണം	37	39	29	37	34	24
തൊഴിലാളികൾക്ക് ലഭിച്ച ശരാശരി വേതനം	രൂപ	152	123	172	163	240	257
നൂറ് തൊഴിൽ ദി നങ്ങൾ സൃഷ്ടിച്ച തൊഴിലാളികളുടെ എണ്ണം	എണ്ണം	7888	9518	1252	3969	2610	246
ആകെ തൊഴിൽലഭിച്ച തൊഴിലാളികളുടെ എണ്ണം	എണ്ണം			78466	97914	83795	65559
തൊഴിൽചെയ്ത അംഗപരിമിതരുടെ എണ്ണം	എണ്ണം	90	103	113	130	101	66

ചെലവ് സംബന്ധിച്ച വിവരം	2012-13	2013-14	2014-15	2015-16	2016-17	2017-18
ആകെ ചെലവഴിച്ച തുക (രൂപ)	573300000	503420000	669455000	657943000	720344000	416094000
കൂലിയിനത്തിൽ ചെലവഴിച്ച തുക (രൂപ)	527913000	457721000	616272000	626077000	617088000	382902000
സാധന സാമഗ്രി ഇനത്തിലും, വിദഗ്ധ തൊഴിലാളികൾക്കുമായി നൽകിയ വേതനം (രൂപ)	13522000	9616000	10044000	5949000	51072000	15051000
മെറ്റീരിയൽ ചെലവ് (ശതമാനത്തിൽ)	2.36	1.91	1.5	0.9	7.09	3.62

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - പദ്ധതി വിശകലനം

ജില്ലയിൽ 2016-17 സാമ്പത്തിക വർഷത്തിൽ അംഗീകരിച്ച ലേബർ ബഡ്ജറ്റ് പ്രകാരം 2122344 തൊഴിൽ ദിനങ്ങളാണ് സൃഷ്ടിക്കപ്പെടേണ്ടിയിരുന്നത്. എന്നാൽ കണ്ണൂർ ജില്ല ബഡ്ജറ്റിന്റെ 121% തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. അതിന്റെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	ബ്ലോക്ക്	ബഡ്ജറ്റ് പ്രകാരം സൃഷ്ടിക്കപ്പെടേണ്ട തൊഴിൽ ദിനങ്ങൾ	സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ
1	എടക്കാട്	102235	121606
2	ഇരിക്കൂർ	355838	368334
3	ഇരിട്ടി	293805	415968
4	കല്യാശ്ശേരി	123955	150841
5	കണ്ണൂർ	38100	51766
6	കൂത്തുപറമ്പ്	178310	228818
7	പാനൂർ	104692	99446
8	പയ്യന്നൂർ	144076	198300
9	പേരാവൂർ	303009	372411
10	തളിപ്പറമ്പ്	349353	418283
11	തലശ്ശേരി	128971	139340
	ആകെ	**2122344**	**2565113**

കിണർ നിർമാണം, കിണർ റീചാർജിംഗ്, കുളങ്ങളുടെ നിർമാണം, ഗ്രാമീണ റോഡുകൾ, വി.സി.ബി. കം റഗുലേറ്റർ, തോടുകൾ/കനാൽ എന്നിവയുടെ പുനരുദ്ധാരണം, അംഗൻവാടികളുടെ നിർമാണം, തുടങ്ങിയവ പ്രവർത്തികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ടെങ്കിലും, ആസ്തി നിർമാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ കൂടുതൽ പ്രാധാന്യത്തോടെ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല

4.1 (ബി) മൃഗസംരക്ഷണവും ക്ഷീരവികസനവും

ജില്ലയുടെ സമഗ്രവികസനത്തിൽ പ്രധാനപങ്കുവഹിക്കുന്ന മേഖലയാണ് മൃഗസംരക്ഷണമേഖല. പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനം ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങളും, കൃഷി-മൃഗസംരക്ഷണമേഖലയിലെ പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് സമ്മിശ്ര കൃഷി രീതികളും സംയോജിത കൃഷി രീതികളും നടത്തിവരുന്നവരാണ് ഈ മേഖലയിലെ ഭൂരിഭാഗം പേരും. എന്നാൽ മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിലും, ഉൽപ്പന്നങ്ങളുടെ വിപണനത്തിലും വേണ്ടത്ര താത്പര്യം കാണിക്കുന്നില്ല. 2011 സെൻസസ് പ്രകാരം ജില്ലയിൽ 99,751 പശുക്കളും, 813 എരുമകളും, 56,445 ആടുകളും, 5,09,226 കോഴികളും നിലവിലുണ്ട്.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടേയും ത്രിതല പഞ്ചായത്ത് സംവിധാനത്തിന്റെയും വിവിധ സന്നദ്ധ സംഘടനകളുടേയും സഹായ സഹകരണത്തോടെ, ഈ മേഖലയിൽ പ്രവർത്തിക്കുന്നവരേയും പ്രവർത്തിക്കാൻ താത്പര്യമുള്ളവരേയും ഏകോപിപ്പിച്ച് ലഭ്യമായ വിഭവങ്ങൾ ഫാമിംങ്ങ് സിസ്റ്റം എന്ന കാഴ്ചപ്പാടിൽ ഉപയോഗപ്പെടുത്തിക്കൊണ്ട് സംയോജിത കൃഷിരീതികൾ അവലംബിച്ചാൽ ഭക്ഷ്യസ്വയം പര്യാപ്തതയിലേക്ക് നീങ്ങാൻ കണ്ണൂർ ജില്ലയ്ക്ക് എളുപ്പം സാധിക്കും.



ജില്ലയിലെ മൃഗസമ്പത്തിന്റെ ഭൂരിഭാഗവും ഗ്രാമങ്ങളിലാണ് കേന്ദ്രീകരിച്ചിട്ടുള്ളത്. കർഷകരും കർഷകത്തൊഴിലാളികളുമാണ് പ്രധാനമായും കന്നുകാലി വളർത്തലിലും അനുബന്ധ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്നത്. ആയതിനാൽ ഈ മേഖലയിലുണ്ടാകുന്ന ഏതൊരു വികസനവും ഗ്രാമീണ സമ്പത് വ്യവസ്ഥയെ സമൃഷ്ടമാക്കും.

കന്നുകാലി സമ്പത്ത്

2012ലെ കന്നുകാലി സെൻസസ് പ്രകാരം ജില്ലയിൽ മൊത്തം 1,61,672 കന്നുകാലികളാണ് ഉള്ളത്. ഇതേകാലയളവിൽ സംസ്ഥാനത്തെ മൊത്തം കന്നുകാലികളുടെ എണ്ണം 27,35,162 ആണ്. സംസ്ഥാനത്തെ മൊത്തം കന്നുകാലികളുടെ 6% കണ്ണൂർ ജില്ലയിലാണുള്ളത്.



പശുക്കൾ

2012 ലെ കന്നുകാലി സെൻസസ് പ്രകാരം ജില്ലയിൽ മൊത്തം 1,00,564 കാലികളാണ് ഉള്ളത്. ഇതു ജില്ലയിലെ ആകെയുള്ള കന്നുകാലി സമ്പത്തിന്റെ ഏകദേശം 62% വരും എന്നു കണക്കാക്കപ്പെടുന്നു. കാലികൾ എന്ന വിഭാഗത്തിൽ പശുക്കളും എരുമകളും ഉൾപ്പെടും. ആകെയുള്ള കാലികളിൽ പശുക്കളുടെ എണ്ണം എരുമകളെ അപേക്ഷിച്ച് വളരെ കൂടുതലാണ്. ജില്ലയിലെ കാലികളിൽ 99% (99,751 എണ്ണം) പശുക്കളാണ്. ജില്ലയിൽ മൊത്തം പശുക്കളിൽ സങ്കരയിനം 98.5% വരും. നാടൻ പശുക്കളുടെ എണ്ണം 1.5% മാത്രമാണ്.

എരുമ

ജില്ലയിലെ എരുമകളുടെ ആകെ എണ്ണം 813 ആണ്. ജില്ലയിലെ മൊത്തം കാലികളുടെ എണ്ണത്തിന്റെ 1%ൽ താഴെ മാത്രമാണുള്ളത്.

ആട്

ആട്ടു വർഗങ്ങളിൽ ആടുകളും ചെമ്മരിയാടുകളും ഉൾപ്പെടും, ജില്ലയിലെ ആട്ടുവർഗങ്ങളുടെ എണ്ണം 56,445 ആണ്. ഇത് ജില്ലയിലെ ആകെ കന്നുകാലിസമ്പത്തിന്റെ 35% ആണ്. സംസ്ഥാനത്തെ ഇതര ജില്ലകളെ അപേക്ഷിച്ച് കണ്ണൂർ ജില്ലയിൽ ആടുകളുടെ എണ്ണം കുറവാണ്. മാംസം, പാൽ, തുകൽ എന്നിവയ്ക്ക് വേണ്ടിയാണ് പ്രധാനമായും ജില്ലയിൽ ആടിനെ വളർത്തുന്നത്. ഏറ്റവും പ്രചാരമുള്ള ജനുസ്സ് മലബാറി ആണ്. ഉപതൊഴിൽ എന്ന നിലയിൽ ഇടത്തരക്കാരും പാവപ്പെട്ടവരും ആണ് ആടിനെ വളർത്തുന്നത്.

മറ്റു മൃഗങ്ങൾ

2012ലെ കന്നുകാലി സെൻസസ് അനുസരിച്ച് ജില്ലയിലെ പന്നികളുടെ ആകെ എണ്ണം 4,663 ആണ്. ജില്ലയിലെ മൊത്തം കന്നുകാലി സമ്പത്തിന്റെ 3% മാണിത്. മൃഗസംരക്ഷണ മേഖലയുടെ സമ്പത്ത് വ്യവസ്ഥയിൽ നായകൾക്ക് പങ്കില്ലെങ്കിലും വികസന പ്രശ്നങ്ങൾ പൊതുജനാരോഗ്യ കാഴ്ചപ്പാടിൽ വിശകലനം ചെയ്യുമ്പോൾ അവയുടെ എണ്ണവും വിതരണവും പഠനവിധേയമാക്കേണ്ടത് ആവശ്യമാണ്. 19-മത് സെൻസസ് പ്രകാരം ജില്ലയിലെ നായകളുടെ ആകെ എണ്ണം 62,650 ആണ്. അതിൽ വീട്ടിൽ വളർത്തുന്നവയുടെ എണ്ണം 47,897 മറ്റുള്ളവയുടേത് 14,753 ആണ്.

മറ്റു ചില ജനുസ്സുകളിൽപ്പെട്ട മൃഗങ്ങളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ട്. കന്നുകാലി സെൻസസ് പ്രകാരം ആനകളുടെ എണ്ണം 7 ഉം, മുയലുകളുടേത് 8,526 മാണ്.

കോഴി വർഗങ്ങൾ

കോഴിവർഗങ്ങളിൽ കോഴി, താറാവ്, മറ്റു പക്ഷികൾ എന്നിവ ഉൾപ്പെടുന്നു. 19- മത് സെൻസസ് അനുസരിച്ച് ജില്ലയിലെ കോഴിവർഗങ്ങളുടെ ആകെ എണ്ണം 5,19,827 ആണ്. ജില്ലയിലെ കോഴികളുടെ എണ്ണം 5,09,226 ആണ്.

താറാവുകളുടെ എണ്ണം 10,601 ആണ്. ചില പ്രദേശങ്ങളിൽ മാത്രമേ വ്യാപകമായി താറാവ് വളർത്തുന്നുള്ളു. മറ്റു കാർഷിക പ്രവൃത്തികൾക്കൊപ്പം വീട്ടുവളപ്പിൽ നാമമാത്രമായി വളർത്തുന്നവരുമുണ്ട്.

ഈ മേഖലയിലെ നിലവിലെ അവസ്ഥ വിശകലനം ചെയ്യുന്നതിനും പരിപ്രേക്ഷ്യം തയ്യാറാക്കുന്നതിനും പാലുത്പാദന മേഖല, മുട്ടയുത്പാദന മേഖല, മാംസോത്പാദന മേഖല, സേവനമേഖല, ഓമനപ്പക്ഷി-അരുമ മൃഗ മേഖല എന്നിങ്ങനെ വിഭജിക്കാവുന്നതാണ്.

പാലുത്പാദന മേഖല

പാലുത്പാദനം കണ്ണൂർ ജില്ലയിൽ

വർഷം	പാലുത്പാദനം ('000 ടണ്ണിൽ)
2012-13	148.899
2013-14	136.896
2014-15	139.768
2015-16	166.8
2016-17	165.67



ജില്ലയുടെ സമഗ്രവികസനത്തിൽ പ്രധാന പങ്കുവഹിക്കുന്ന മേഖലയാണ് ക്ഷീരോത്പാദന മേഖല. 2012ലെ കന്നുകാലി സെൻസസ് പ്രകാരം ജില്ലയിൽ 99,751 പശുക്കളും 813 എരുമകളുമുണ്ട്. പശുക്കളിൽ 98,298 എണ്ണം സങ്കരയിനത്തിൽപ്പെട്ടതും 1,483 എണ്ണം നാടൻ ഇനങ്ങളുമാണ്. 2014-15 ലെ സാമ്പിൾ സർവേ റിപ്പോർട്ട് പ്രകാരം ജില്ലയിൽ ആകെ 50,300 കറവയുള്ള പശുക്കളാണുള്ളത്. ജില്ലയിലെ 2016-17 വർഷത്തെ പ്രതിദിന പാലുത്പാദനം 3.51 ലക്ഷം ലിറ്ററാണ്. ഇതിൽ ക്ഷീര സംഘങ്ങൾ വഴി സംഭരിക്കുന്നത് 1.34 ലക്ഷം ലിറ്ററാണ്.

ജില്ലയിൽ 50 ശതമാനം കർഷകരും 2-3 പശുക്കളെ വളർത്തുന്നവരാണ്. വർദ്ധിച്ച തീറ്റച്ചെലവാണ് കർഷകർ നേരിടുന്ന മുഖ്യപ്രശ്നം. ഭൂരിഭാഗം കർഷകരും പശുക്കളുടെ സാന്ദ്രീകൃതാഹാരമായി കാലിത്തീറ്റ ഉപയോഗിക്കുന്നവരാണ്. കൂടാതെ പിണ്ണാക്കുകൾ, അരിത്തവിട്, ഗോതമ്പ് തവിട്, ചോളപ്പൊടി എന്നിവയും ഉപയോഗിച്ചുവരുന്നു. കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിക്കാൻ ജില്ലയിൽ സംവിധാനമില്ല. വൈക്കോലാണ് മുഖ്യ ആഹാരം. മറ്റു സംസ്ഥാനങ്ങളിൽ നിന്നും ലഭിക്കുന്ന വൈക്കോലിനെ ആണ് ഭൂരിഭാഗം കർഷകരും ആശ്രയിക്കുന്നത്.

പുൽക്കൃഷിയും പച്ചപ്പുല്ലിന്റെ ലഭ്യതയും താരതമ്യേന കുറവാണ്. പാരമ്പര്യേതര തീറ്റവസ്തുക്കളായ കായത്തോൽ, മാമ്പ്, പാള, എന്നിവയും കർഷകർ ഉപയോഗിച്ചുവരുന്നു. ശാസ്ത്രീയമായ തൊഴുത്ത് നിർമാണത്തിൽ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. ചാണകം/ഗോമൂത്രം എന്നിവ ശേഖരിക്കുന്നതിനും ഫലപ്രദമായി ഉപയോഗിക്കുന്നതിനും വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. ചുരുക്കം കർഷകർക്ക് മാത്രമേ ബയോഗ്യാസ് പ്ലാന്റുകളുള്ളൂ. ഉത്പാദനക്ഷമത കൂടിയ പശുക്കളിലെ ഉത്പാദനരോഗങ്ങളും, വന്ധ്യതാപ്രശ്നങ്ങളും കർഷകർക്ക് സാമ്പത്തിക നഷ്ടം വരുത്തുന്നുണ്ട്.

കന്നുകാലി സെൻസസ് വിവരങ്ങൾ

സങ്കരയിനം പശുക്കൾ	98,298
തദ്ദേശ ജനുസ്സ്	1,453
ആകെ	**99,751**
എരുമ	813
ആട്	56,445
പന്നി	4,663
നായ	47,897
മുയൽ	8,526
ആന	7
കോഴി	5,09,226
താറാവ്	10,601
തെരുവ് നായ	14,753
കർഷക രജിസ്ട്രേഷൻ	43,740

പാലുത്പാദനം – നിലവിലുള്ള അവസ്ഥ



പ്രതിദിന ഉത്പാദനം	4,70,000 ലിറ്റർ
പ്രതിദിന ആവശ്യകത	6,25,000 ലിറ്റർ
സ്വയം പര്യാപ്തതയ്ക്ക് കൂടുതലായി ഉത്പാദിപ്പിക്കേണ്ടത്	1,55,000 ലിറ്റർ

തീറ്റപ്പുൽക്കൃഷിക്കായുള്ള തരിശുഭൂമിയുടെ വിവരങ്ങൾ

സ്ഥലവിവരം	സ്ഥല വിസ്തൃതി ഏക്കറിൽ	25%
ഗ്രാമപഞ്ചായത്ത് പരിധിയിൽ	8579.24	2144.81
ബ്ലോക്ക്	1716.93	429.23
ആകെ	10296.17	2574.04

ജില്ലയിലെ ഡയറി ഫാമുകൾ

പശുക്കളുടെ എണ്ണം	ഫാമുകൾ
100 ന് മുകളിൽ	1
51–100	4
21–50	16
11–20	59
5–10	366

(അവലംബം : ക്ഷീര വികസന വകുപ്പ്)

തീറ്റപ്പുൽകൃഷി - അവലോകനം

വർഷം	തീറ്റപ്പുൽക്കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ അളവ്	ഉത്പാദനം
2013–14	195 ഹെക്ടർ	13650 ടൺ
2014–15	481 ഹെക്ടർ	33670 ടൺ
2015–16	165 ഹെക്ടർ	11550 ടൺ
2016–17	190 ഹെക്ടർ	13300 ടൺ

(അവലംബം : ക്ഷീര വികസന വകുപ്പ്)

മുട്ടയുത്പാദന മേഖല

ചുരുങ്ങിയ കാലയളവിൽ കുറഞ്ഞ ചിലവിൽ പരിമിതമായ സ്ഥലസൗകര്യം ഉപയോഗപ്പെടുത്തി പോഷക ഗുണമേറിയ രുചികരമായ മാംസ്യാഹാരമായ മുട്ട ഉത്പാദിപ്പിക്കാമെന്നതാണ് ഈ മേഖലയുടെ പ്രത്യേകത. ജില്ലയിലേക്കാവശ്യമായ കോഴിമുട്ടയുടെ പത്തിലൊരു ഭാഗം പോലും ഇവിടെ ഉത്പാദിപ്പിക്കപ്പെടുന്നില്ല എന്നത് വസ്തുതയാണ്. ഈ ഇനത്തിൽ ജില്ലയിൽനിന്നും അന്യ സംസ്ഥാനങ്ങളിലേക്ക് ഭീമമായ സാമ്പത്തിക ചോർച്ചയാണ് സംഭവിക്കുന്നത്. സംഘടിതമായ ശ്രമങ്ങളിലൂടെ മാത്രമേ പ്രതികൂല ഘടകങ്ങളെ തരണം ചെയ്യാനും സ്വയംപര്യാപ്തത എന്ന ലക്ഷ്യത്തിലേക്ക് മുന്നേറാനും സാധിക്കുകയുള്ളൂ. ജില്ലയുടെ ഭൂപ്രകൃതി, കാർഷിക കാലാവസ്ഥാ ഘടകങ്ങൾ, ഉത്പാദനോപാധികളുടെ ലഭ്യതക്കുറവ് എന്നിവ തദ്ദേശീയമായ ഉത്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

ജില്ലയിലെ നിലവിലെ സ്ഥിതി

മുട്ടക്കോഴികളുടെ എണ്ണം	5,32,066
പ്രതിദിന മുട്ട ഉത്പാദനം	2.86 ലക്ഷം
മുട്ടയുടെ പ്രതിദിന ആവശ്യകത	12.62 ലക്ഷം
അധികമായി ഉത്പാദിപ്പിക്കേണ്ടത്	9.76 ലക്ഷം
താറാവുകളുടെ എണ്ണം	13,707

മുട്ടയുത്പാദനം ജില്ലയിൽ

വർഷം	മുട്ടയുത്പാദനം (ലക്ഷത്തിൽ)
2012–13	974.956
2013–14	1,056.894
2014–15	1,044.07
2015–16	1,516.08221
2016–17	1,438.58822



ജില്ലയിൽ കോഴിമുട്ട ഉത്പാദനം പ്രതിദിന ഉപഭോഗത്തിന്റെ മൂന്നിലൊന്നിൽ കുറവാണ്. എങ്കിലും ഈയൊരു ഉത്പാദനവിടവ് വേണ്ട രീതിയിൽ ഉപയോഗപ്പെടുത്താതെ അവഗണിക്കപ്പെട്ടുപോയ ഒരു മേഖലയാണിത്. വ്യാവസായികാടിസ്ഥാനത്തിൽ മുട്ടക്കോഴികളെ വളർത്തുന്ന ഒരു സംരംഭം പോലും സർക്കാർ മേഖലയിലോ സഹകാര്യമേഖലയിലോ ജില്ലയിലില്ല. അടുക്കളമുറ്റത്തെ കോഴിവളർത്തൽ രീതിയാണ് നമുക്കിന്ന് നിലവിലുള്ളത്. ഈ രീതിയിൽ പരമാവധി വളർത്താവുന്ന കോഴികളുടെ എണ്ണം 50 ആണ്. 20ൽ താഴെ മാത്രം കോഴികളുള്ള ചെറു ബാക്യാർഡ് യൂണിറ്റുകളാണ് ജില്ലയുടെ മുഖമുദ്ര. ഇതുതന്നെ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി ചിതറിക്കിടക്കുന്ന നിലയിലാണ്. എങ്കിലും കോഴിവളർത്തലിൽ താൽപര്യമുള്ള ആളുകളുള്ള പ്രദേശങ്ങൾ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ കണ്ടെത്താൻ സാധിക്കും. ഇങ്ങനെയുള്ള പ്രദേശങ്ങളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചാൽ വൻകിട ഫാമുകൾക്ക് സമാനമായ ഉത്പാദനം സാദ്ധ്യമാകും. നമ്മുടെ അയൽസംസ്ഥാനമായ തമിഴ്നാട്ടിൽ നാമക്കലിനെ പ്രത്യേക പരിഗണന നൽകി സർക്കാർതന്നെ കോഴി വളർത്തൽ മുഖ്യതൊഴിലായ പ്രദേശമായി വളർത്തിയെടുത്തതുപോലെ, മേൽപ്പറഞ്ഞ പ്രദേശങ്ങൾക്ക് പ്രത്യേക പരിഗണന നൽകി വികസിപ്പിച്ചെടുക്കണം. നിലവിൽ സർക്കാർ വകുപ്പുകളിലൂടെയായാലും തദ്ദേശ ഭരണസ്ഥാപനങ്ങളിലൂടെയായാലും മുട്ടക്കോഴി വളർത്തലിന് നാമമാത്രമായ പദ്ധതികൾ മാത്രമേ ഉള്ളൂ. പ്രത്യേക പരിഗണന നൽകാവുന്ന സ്ഥലങ്ങൾ (Special Priority Zones) കണ്ടെത്തി ഊർജ്ജിത വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയാൽ മുട്ടയുത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ സാധിക്കും.

മുട്ടയുത്പാദനത്തിനായി താറാവ് വളർത്തൽ മറ്റൊരു പ്രധാനപ്പെട്ട പ്രവർത്തനമാണ്. ജില്ലയിൽ താറാവ് വളർത്തലിനനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി ചെറുകിട യൂണിറ്റുകൾ ആരംഭിക്കാനുള്ള പ്രോത്സാഹനം നൽകണം. അനുയോജ്യമായ സ്ഥലലഭ്യതവച്ച് കണക്കാക്കിയാൽ ഇന്ന് പ്രായോഗിക തലത്തിൽ താറാവ് വളർത്തൽ ഒരു പ്രധാന ഉത്പാദന പ്രവർത്തനമായി വളർത്തിയെടുക്കാവുന്നതേയുള്ളൂ. താറാവ് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും, ലക്ഷ്യബോധത്തോടെ സംഘടിതമായ ഒരു പ്രവർത്തനം ജില്ലയിൽ ആവശ്യമാണ്.

മാംസോത്പാദനം

ശാസ്ത്രീയമായി അറവ് ചെയ്ത സൂക്ഷിച്ച മാംസം ആരോഗ്യത്തിന് വളരെയധികം നല്ലതും കൂടുതൽ ആളുകൾക്ക് പ്രിയപ്പെട്ടതുമാണ്. ആയതിനാൽ ഈ മേഖലയിൽ കൂടുതലായി ഇടപെട്ട് മാംസോത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കേണ്ടത് അത്യാവശ്യമാണ്. അന്യ സംസ്ഥാനത്ത് നിന്നും ജില്ലയിലേക്ക് നല്ലൊരു ശതമാനം ആടുകളേയും കോഴികളേയും ഇറക്കുമതി ചെയ്യുന്നുണ്ട്. ഇത് കുറച്ചുകൊണ്ടുവരുന്നതിനും ക്രമേണ ഇതില്ലാതാക്കുന്നതിനും ശ്രമിക്കേണ്ടതുണ്ട്. നിലവിലുള്ള ഉത്പാദനം പത്തിരട്ടിയെങ്കിലും വർദ്ധിപ്പിച്ചാൽ മാത്രമേ നമുക്ക് ഈ മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കാൻ സാധിക്കുകയുള്ളൂ.

അറവ് ശാലകളുടെ എണ്ണം (അംഗീകാരമില്ലാത്തവ)	**138 (2014-15 Department Data)**
അംഗീകൃത അറവ് ശാല	1
താൽക്കാലിക അറവ് ശാല	60
ബ്രോയിലർ ഫാമുകൾ	220

ജില്ലയിലെ മാംസോത്പാദനം – ഒറ്റനോട്ടത്തിൽ (2014-15 ലെ കണക്കുപ്രകാരം)

ഇനം	എണ്ണം	എണ്ണം	മാംസം (മെട്രിക് ടൺ)
കന്നുകാലികൾ	80206	3219	10.01
പോത്തുകൾ	23159	1015	2.90
ആടുകൾ	52293	3100	0.83
പന്നികൾ	16210	439	1.25
കോഴി			10.81
		ആകെ	**25.81**

മാംസ ഉത്പാദനം കണ്ണൂർ ജില്ലയിൽ		
വർഷം	**മാംസ ഉത്പാദനം കോഴി ഒഴികെ (മെട്രിക് ടണ്ണിൽ)**	**കോഴി മാംസ ഉത്പാദനം (മെട്രിക് ടണ്ണിൽ)**
2012-13	14.457	8.4964
2013-14	14.457	9.9994
2014-15	14.9914	10.8167167
2015-16	13.1	17.99
2016-17	17.97	15.1



മാംസോത്പാദനം കഴിഞ്ഞ 10 വർഷങ്ങളിൽ അഞ്ചിരട്ടിയായും, കോഴിയിറച്ചി ഉത്പാദനം എട്ട് ഇരട്ടിയായും വർദ്ധിച്ചു. 2014-15ൽ ആകെ മാംസോത്പാദനത്തിൽ 37ശതമാനം കോഴിയിറച്ചിയായും 31 ശതമാനം മാടിൽ നിന്നും, 25 ശതമാനം പോത്തിൽ നിന്നും, 4 ശതമാനം ആടിൽ നിന്നും, 3 ശതമാനം പന്നികളിൽ നിന്നുമാണ് ലഭിച്ചിട്ടുള്ളത്.

കോഴിയിറച്ചി ഉത്പാദന മേഖല

ഇറച്ചിക്കോഴികളുടെ എണ്ണം	2,36,501
ഇറച്ചിയുടെ പ്രതിദിന ഉത്പാദനം	1.19 ടൺ
ഇറച്ചിയുടെ പ്രതിദിന ആവശ്യകത	64.4 മെട്രിക് ടൺ
അധികമായി ഉത്പാദിപ്പിക്കേണ്ടത്	63.2 മെട്രിക് ടൺ

ജില്ലയിലെ മാംസാഹാരികളുടെ ഏറ്റവും പ്രിയപ്പെട്ട വിഭവം കോഴിയിറച്ചി തന്നെയാണ്. പ്രതിദിനം ഉപയോഗിക്കുന്ന കോഴിയിറച്ചിയുടെ തീരെ ചെറിയ ഒരു ഭാഗം മാത്രമേ ജില്ലയിൽ ഉത്പാദിപ്പിക്കപ്പെടുന്നുള്ളൂ. ഇന്റഗ്രേഷൻ എന്ന ശൈലിയിലൂടെ അന്യസംസ്ഥാനത്തിലുള്ള കുത്തക കമ്പനികൾ ഈ മേഖലയൊന്നാകെ കൈയടക്കിയിരിക്കുകയാണ്. ഉത്പാദകന് തുച്ഛമായ ആദായം മാത്രം നൽകിക്കൊണ്ട് ഇത്തരം കമ്പനികൾ ലാഭം കൊയ്യുന്നു. ഇന്റഗ്രേഷൻ വ്യവസ്ഥയിൽ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതു മുതൽ വിൽക്കുന്നതുവരേയുള്ള മുഴുവൻ പ്രവർത്തനങ്ങളും കമ്പനികളെ ആശ്രയിച്ചാണ്. അതുകൊണ്ട് തന്നെ വിൽപന വിലയടക്കം വിപണനമേഖലയിലെ മുഴുവൻ കാര്യങ്ങളും അവരുടെ നിയന്ത്രണത്തിലാണ്. ഒരു സ്വകാര്യ സംരംഭം ആരംഭിച്ചാലത് തകർക്കാൻ കമ്പനികൾക്ക് നിഷ്പ്രയാസം സാധിക്കുന്ന സ്ഥിതിയാണ് നിലിവിലുള്ളത്. കൂടാതെ നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള നിയമവ്യവസ്ഥകളനുസരിച്ച് തികച്ചും കാർഷിക പ്രവർത്തനമായ കോഴി വളർത്തലിനെ വ്യവസായമായാണ് കണക്കാക്കുന്നത്. അതുകൊണ്ട് തന്നെ പുതിയ സംരംഭം ആരംഭിക്കാനായി വായ്പയ്ക്ക് ശ്രമിക്കുന്നവർക്ക് വളരെ ഉയർന്ന പലിശ നൽകേണ്ടതായി വരുന്നു. കാർഷിക വായ്പയ്ക്ക് 4% പലിശ നൽകുമ്പോൾ കോഴിവളർത്തൽ വായ്പയ്ക്ക് 12-14 ശതമാനം പലിശ നൽകേണ്ടതായി വരുന്നു. ചെറുകിട സംരംഭങ്ങളെ പുറകോട്ട് വലിക്കുന്ന പ്രധാന പ്രശ്നമാണ് ഇത്. സർക്കാർ നയസമീപനങ്ങളിൽ മാറ്റം

വരുത്തിയാൽ മാത്രമേ ഇത്രയും വികസന സാദ്ധ്യതയുള്ള മേഖല ശരിയായ വിധത്തില് ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ.

194 സ്വകാര്യ ഇറച്ചിക്കോഴി ഫാമുകളാണ് മൃഗസംരക്ഷണ വകുപ്പിന്റെ കണക്കനുസരിച്ച് ജില്ലയിലുള്ളത്. ഇതിൽ 80 ശതമാനവും 500ൽ താഴെ കോഴികളെ വളർത്തുന്ന മൈക്രോ യൂണിറ്റുകളാണ്. സർക്കാർവകുപ്പ് മുഖേനയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയോ യാതൊരുവിധ പദ്ധതികളോ പ്രോത്സാഹനങ്ങളോ ഇറച്ചിക്കോഴി വളർത്തലിന് നൽകുന്നില്ല. ഇത്രയും ഭീമമായ വികസന സാദ്ധ്യതയുള്ള ഈ മേഖലയെ അവഗണിക്കാതെ വ്യക്തമായ നയസമീപനത്തോടെ അനുയോജ്യമായ വികസന പദ്ധതികൾ ആവിഷ്കരിക്കണം.

കോഴി വളർത്തൽ കേന്ദ്രങ്ങൾ

റീജിയണൽ പൗൾട്രി ഫാം	1
ഗവ. അംഗീകൃത എഗ്ഗർ നഴ്സറികൾ	19
സെൻട്രൽ ജെയിൽ ഫാം	1
സ്വകാര്യ ഇറച്ചിക്കോഴി ഫാം	194

ജില്ലയിൽ സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ഒരേയൊരു മുട്ടക്കോഴിക്കുഞ്ഞുത്പാദന കേന്ദ്രമാണ് റീജ്യണൽ പൗൾട്രി ഫാം, മുണ്ടയാട്. കാസറഗോഡ്, കണ്ണൂർ ജില്ലകളിലേക്ക് ആവശ്യമായ മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കേണ്ടത് ഇവിടെയാണ്. ഇവിടുത്തെ പരമാവധി വാർഷിക ഉത്പാദനം 2,00,000 കോഴിക്കുഞ്ഞുങ്ങളാണ്. എന്നാൽ ജില്ലയിൽ മാത്രം പ്രതിവർഷം 6,00,000 ഓളം മുട്ടക്കോഴിക്കുഞ്ഞുങ്ങൾ ആവശ്യമുണ്ട്. നിലവിലുള്ള സാഹചര്യത്തിൽ ഉത്പാദനം മൂന്നിരട്ടിയാക്കിയാൽ മാത്രമേ ജില്ലയുടെ ആവശ്യമെങ്കിലും പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ.

മുണ്ടയാട് ഫാമിൽ ഉത്പാദിപ്പിക്കുന്ന കോഴിക്കുഞ്ഞുങ്ങളെ 45 മുതൽ 60 ദിവസം വരെ വളർത്തുന്നതിനായി ഇപ്പോൾ 19 എഗ്ഗർ നഴ്സറികളാണുള്ളത്. ഇവയുടെ ക്ഷമത കൂട്ടുകയോ നഴ്സറികളുടെ എണ്ണം വർദ്ധിപ്പിക്കുകയോ ചെയ്യേണ്ടതായിട്ടുണ്ട്.

ആട്ടിറച്ചി ഉത്പാദന മേഖല

ആടുവളർത്തൽ മേഖല നിലവിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഇനി പറയുന്നവയാണ്.

1. ആട്ടിൻകുട്ടികളുടെ ലഭ്യതക്കുറവ്
2. തീറ്റപ്പുല്ലിന്റെ കുറവ്
3. പ്രജനന സൗകര്യങ്ങളുടെ അഭാവം
4. ഇടത്തട്ടുകാരുടെ ചൂഷണം
5. സമഗ്രമായ പദ്ധതികളുടെ അഭാവം
6. വിജ്ഞാന വ്യാപനത്തിന്റെ അപര്യാപ്തത

സാധ്യതകൾ

1 വർഗോദ്ധാരണ പദ്ധതികൾ

നാടൻ ജനസ്സുകളുടെ ഉത്പാദനപ്രത്യുത്പാദന ശേഷി പരമാവധി ചൂഷണം ചെയ്യുന്നതോടൊപ്പം അവയുടെ സംരക്ഷണത്തിനും ലക്ഷ്യം വെച്ചുകൊണ്ടുള്ള വർഗോദ്ധാരണ പദ്ധതികൾ ആവിഷ്കരിച്ച് പ്രായോഗിക തലത്തിൽ നടപ്പിലാക്കുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്. ഗുണമേന്മയും വർഗശുദ്ധിയുമുള്ള ആട്ടിൻകുട്ടികളെ ഉത്പാദിപ്പിച്ച് വിതരണം നടത്തുന്നതിനാവശ്യമായ പരിപാടികൾക്ക് മുൻതൂക്കം നൽകേണ്ടതാണ്.

2 ദുർബലജനവിഭാഗങ്ങളുടെ ഉന്നമനം

'പാവപ്പെട്ടവന്റെ പശു' എന്നറിയപ്പെടുന്ന ആടിനെ ഏറ്റവും കുറഞ്ഞ മുതൽ മുടക്കോടെ ചെറിയ കാലയളവിനുള്ളിൽ കൂടുതൽ ലാഭമുണ്ടാക്കുന്ന ഒരു സംരംഭമാക്കി മാറ്റാൻ സാധിക്കുന്നതാണ്.

3 ഗോട്ട് ബ്രീഡിങ്ങ് യൂണിറ്റുകൾ (GBU)

പ്രജനനത്തിനും തദ്വാര വംശവർദ്ധനവിനും ലക്ഷ്യം വച്ച് കൊണ്ട് ആട് പ്രജനന യൂണിറ്റുകൾ അഥവാ ഗോട്ട് ബ്രീഡിംങ്ങ് യൂണിറ്റുകൾ തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ സ്ഥാപിക്കുക. 8 പെണ്ണാടുകളും 2 മുട്ടനാടുകളും ഉൽപ്പെടുന്ന യൂണിറ്റുകളാവുന്നത് അഭികാമ്യമാണ്. തീറ്റപ്പുൽ വളർത്താൻ ആവശ്യമായ സ്ഥലസൗകര്യമുള്ളവരും മൃഗസംരക്ഷണവകുപ്പിൽനിന്ന് ആടുവളർത്തലിൽ ശാസ്ത്രീയ പരിശീലനം ലഭിച്ചവരും ആയിരിക്കണം ഗുണഭോക്താക്കൾ. മുട്ടനാടുകളെ മാറ്റിക്കൊണ്ടിരിക്കൽ പ്രക്രിയ നടപ്പിലാക്കുകയാണെങ്കിൽ അന്തഃപ്രജനനം ഒഴിവാക്കുന്നതിന് സാധിക്കും.

4 കൃത്രിമ ബീജാധാന യൂണിറ്റുകൾ

ആടുകളിൽ കൃത്രിമ ബീജാധാനം വ്യാപകമാക്കുന്നതിനായി നിലവിലുള്ള കേന്ദ്രങ്ങൾക്ക് പുറമെ തിരഞ്ഞെടുത്ത മൃഗാശുപത്രികളിലോ വെറ്റിനറി സബ് സെന്ററുകളിലോ ഇത്തരം കേന്ദ്രങ്ങൾ പുതുതായി തുടങ്ങാവുന്നതാണ്. സഞ്ചരിക്കുന്ന യൂണിറ്റുകൾ തുടങ്ങുകയാണെങ്കിൽ പരിശീലനം ലഭിച്ച യുവജനങ്ങൾക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതിന് ഇതിലൂടെ സാധിക്കും. കെ.എൽ.ഡി. ബോർഡിൽനിന്നും ശാസ്ത്രീയമായി പരിശീലനം ലഭിച്ചവരെ മാത്രമെ ആടുകളിൽ കൃത്രിമ ബീജാധാനം ചെയ്യുന്നതിനായി നിയോഗിക്കാവൂ.

5. ആടു ചികിത്സാകേന്ദ്രം

എല്ലാ ആധുനിക സൗകര്യങ്ങളോടുകൂടിയതും ആടുകളുടെ ചികിത്സയ്ക്ക് മാത്രമുള്ളതുമായ ഒരു കേന്ദ്രം (ആശുപത്രി) ജില്ലയിൽ സ്ഥാപിക്കാവുന്നതാണ്. കൊമ്മേരിയിലുള്ള സർക്കാർ ആടു വളർത്തുകേന്ദ്രത്തോടു ചേർന്ന് ഇത്തരം ഒരു കേന്ദ്രം സ്ഥാപിക്കുകയാണ് കൂടുതൽ ഉചിതം.

6. പരിശീലനകേന്ദ്രം

LMTC മാതൃകയിൽ ആടുവളർത്തലുമായി ബന്ധപ്പെട്ടുള്ള പരിശീലനം നൽകുന്നതിനു വേണ്ടി മാത്രമായി ഒരു പരിശീലനകേന്ദ്രം സ്ഥാപിക്കാവുന്നതാണ്. തദ്ദേശീയമായി ഉരുത്തിരിഞ്ഞിട്ടുള്ള ജനസ്സുകളുടെ സംരക്ഷണത്തിന് ഊന്നൽ നൽകിയിട്ടുള്ള പരിശീലന പരിപാടികൾ നടത്താവുന്നതാണ്. കൊമ്മേരിയിലുള്ള സർക്കാർ ആടുവളർത്തൽ കേന്ദ്രത്തിനോട് ചേർന്ന് ഇതും സ്ഥാപിക്കാവുന്നതാണ്.

7. ഗവേഷണകേന്ദ്രം

ആടുകളിൽനിന്നും ലഭിക്കുന്ന പാല്, മാംസം, കാഷ്ഠം, മൂത്രം എന്നിവയുടെ ശാസ്ത്രീയ സംസ്കരണത്തിലൂടെ അവയിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമിക്കുന്നതിനാവശ്യമായ ഒരു ഗവേഷണകേന്ദ്രം സ്ഥാപിക്കാവുന്നതാണ്. ആട്ടിൻ കാഷ്ഠം സംസ്കരിച്ച് ജൈവവളമാക്കി വിപണനം ചെയ്യുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ കൊമ്മേരി ഫാമിൽ തുടങ്ങിയിട്ടുണ്ട്. കൊമ്മേരി ഫാമിലെ ലഭ്യമായ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ഇത്തരം ഒരു കേന്ദ്രം സ്ഥാപിക്കാവുന്നതാണ്.

8 ഗോട്ട് പ്രൊഡക്ഷൻ യൂണിറ്റുകൾ (GPU)

മാംസാവശ്യത്തിനും പാലിനും വേണ്ടി പ്രത്യേകമായി ആടുകളെ വളർത്തുന്നതിനുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഗുണമേന്മയുള്ള പെണ്ണാടുകളെയും മുട്ടനാടുകളെയും പ്രത്യേകം പ്രത്യേകമായി ഇത്തരം യൂണിറ്റുകൾക്ക് (Milk Production Units)വിതരണം

ചെയ്യേണ്ടതാണ്. മൃഗസംരക്ഷണവകുപ്പിന്റെ സാങ്കേതിക സാമ്പത്തിക സഹായത്തോടെ ആരംഭിക്കുന്ന ഗോട്ട് ബ്രീഡിംങ്ങ് യൂണിറ്റുകളിൽ നിന്നും തിരഞ്ഞെടുത്ത ആട്ടിൻകുട്ടികളെ ഇത്തരം യൂണിറ്റുകൾക്ക് വിതരണം ചെയ്യാവുന്നതാണ്.

9 വിപണന സംഘങ്ങൾ

കർഷകർ ഉത്പാദിപ്പിക്കുന്ന ആട്ടിൻകുട്ടികൾ, പാൽ, ഇറച്ചി തുടങ്ങിയവയുടെ വിപണനത്തിനായി കുടുംബശ്രീ, സ്വാശ്രയ സംഘങ്ങൾ എന്നിവയുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമായി ക്ഷീരസംഘങ്ങളുടെ മാതൃകയിൽ വിപണന സംഘങ്ങൾ (Marketing Society) രൂപീകരിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. കർഷകർക്ക് ന്യായ വില ലഭിക്കുന്നതിനും ഒരു സ്ഥിരം വിപണി ലഭ്യമാക്കുന്നതിനും ഇതുകൊണ്ട് സാധിക്കുന്നതാണ്. മൂല്യവർദ്ധനവിനായി പാല്, ഇറച്ചി, എന്നിവയുടെ ശാസ്ത്രീയ സംസ്കരണത്തിനായുള്ള ചെറുകിട സംരംഭങ്ങൾ (Mini Enterprises) ഇത്തരം സംഘങ്ങളുടെ കീഴിൽ ഭാവിയിൽ തുടങ്ങാവുന്നതാണ്.

10 കൊമ്മേരി ആട് ഫാം

മലബാറി ആടുകളുടെ സംരക്ഷണത്തിനും വർഗോദ്ധാരണത്തിനുമായി സർക്കാർ ഉടമസ്ഥതയിലുള്ള ഏക ഫാം കണ്ണൂർ ജില്ലയിലെ കോളയാട് ഗ്രാമപഞ്ചായത്തിലെ കൊമ്മേരി എന്നസ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. 1965 ൽ സ്ഥാപിതമായ ഈ ഫാം അതിന്റെ സ്ഥാപിത ലക്ഷ്യങ്ങൾ ഏറെക്കുറെ നേടിയെങ്കിലും ജില്ലയിലെ ആടുവളർത്തൽ കർഷകർക്ക് അതിന്റെ പ്രയോജനം പൂർണമായും ലഭിക്കുന്നുണ്ട് എന്ന് പറയാൻ വയ്യ. ജില്ലയിലെ മൃഗസംരക്ഷണവകുപ്പിന്റെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളിൽ ആടുവളർത്തൽ മേഖലയുമായി ബന്ധപ്പെട്ട പദ്ധതികളിലേക്ക് ആവശ്യമായ ആടുകളെ ലഭ്യമാക്കുന്നതിന് മറ്റ് ജില്ലകളേയോ അയൽ സംസ്ഥാനങ്ങളേയോ കർഷക/ഗ്രണഭോക്താക്കൾ ആശ്രയിക്കുന്നുണ്ട്. ഇത്തരം പ്രവണത ആപൽക്കരമാണ്. ആടുകളുടെ ജനിതക മൂല്യം, രോഗപ്രതിരോധശക്തി, പ്രാദേശിക കാലാവസ്ഥ, പരിതസ്ഥിതികളോട് ഇണങ്ങിച്ചേരാനുള്ള കഴിവ് എന്നിവയെക്കുറിച്ച് വ്യക്തമായ ധാരണയില്ലാത്തത് കൊണ്ട് ഇത്തരം പ്രവണതകൾ പ്രോത്സാഹിപ്പിക്കുവാൻ പാടുള്ളതല്ല. (കേരളത്തിലെ പാലുത്പാദനം വർദ്ധിപ്പിക്കുന്നതിനായി 12-മത് പഞ്ചവത്സര പദ്ധതിയിൽ കറവമാടുകളെ അന്യസംസ്ഥാനങ്ങളിൽ നിന്നും വ്യാപകമായി കൊണ്ടുവരികയുണ്ടായി. മുൻപ് സൂചിപ്പിച്ച കാരണങ്ങളിൽ അവയുടെ പാലുത്പാദനം കുറഞ്ഞുവെന്ന് മാത്രമല്ല പുതുതായി പല കാലി രോഗങ്ങളും കേരളത്തിലേക്ക് ഇറക്കുമതി ചെയ്യുന്നതിനും ആയത് കാരണമായി)

വെറ്ററിനറി_സർവീസ്

മൃസംരക്ഷണ സ്ഥാപനങ്ങൾ, സ്ഥാനം, സേവനങ്ങൾ

സ്ഥാപനം	സേവനങ്ങൾ
i) മൃഗാശുപത്രി	മൃഗ ചികിത്സ കൃത്രിമ ബീജാധാനം പഞ്ചായത്ത് പദ്ധതി നിർവഹണം
ii) വെറ്ററിനറി ഉപകേന്ദ്രം	കൃത്രിമ ബീജാധാനം പ്രഥമ ചികിത്സ

ജില്ലയിലെ മൃഗ സംരക്ഷണ - ക്ഷീര വികസന സ്ഥാപനങ്ങള്

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	എണ്ണം
1	ജില്ലാ മൃഗ സംരക്ഷണ ഓഫീസ്, കണ്ണൂർ	1
2	ജില്ലാ വെറ്ററിനറി കേന്ദ്രം, കണ്ണൂർ (DVC)	1
3	മൊബൈൽ വെറ്ററിനറി ഡിസ്പെൻസറി	1
4	റീജിയണൽ ക്ലിനിക്കൽ ലാബ്, കണ്ണൂർ	1
5	മേഖലാ രോഗ നിർണയ ലാബ്, കണ്ണൂർ	1

6	ഊർജ്ജിത കന്നുകാലി വികസന പദ്ധതി, കണ്ണൂർ	1
7	ആനിമൽ ഡിസീസ് കൺട്രോൾ പ്രൊജക്ട്	1
8	സ്പെഷ്യൽ ലൈവ് സ്റ്റോക്ക് ബ്രീഡിഗ് പ്രോഗ്രാം, കണ്ണൂർ	1
9	സർക്കാർ ആടു വളർത്തൽകേന്ദ്രം, കൊമ്മേരി	1
10	പ്രാദേശിക കോഴി വളർത്തൽ കേന്ദ്രം, മുണ്ടയാട്	1
11	പിഗ്ഗറി യൂണിറ്റ്, മുണ്ടയാട്	1
12	റിന്റർപെസ്റ്റ് വിജിലൻസ് യൂണിറ്റ്, കണ്ണൂർ	1
13	മേഖലാ മൃഗ സംരക്ഷണ കേന്ദ്രങ്ങൾ	4
14	വെറ്ററിനറി പോളി ക്ലിനിക്(VPC)	6
15	വെറ്ററിനറി ഹോസ്പിറ്റൽ(VH)	11
16	വെറ്ററിനറി ഡിസ്പെൻസറി (VD)	72
17	വെറ്ററിനറി ഉപകേന്ദ്രങ്ങൾ(VSC)	141

ക്വാളിറ്റി കൺട്രോൾ ഓഫീസ് & ലബോറട്ടറി	1
ക്ഷീരസംരംഭങ്ങൾ	206
പാലുൽപ്പന്ന നിർമ്മാണ യൂണിറ്റ്	10
ഡയറി എക്സ്റ്റൻഷൻ സർവീസ് യൂണിറ്റ്	13

വെറ്ററിനറി സ്ഥാപനങ്ങളുടെ കെട്ടിടം - നിലവിലെ അവസ്ഥ

	DVC	VPC	VH	VD	VSC
സ്വന്തമായി കെട്ടിടമുള്ളവ	1	6	11	69	59
സ്വന്തമായി കെട്ടിടമില്ലാത്തവ	0	0	0	3	82
ആകെ	1	6	11	72	141

ABC പദ്ധതി

തെരുവ് നായ്ക്കളുടെ വന്ധ്യംകരണം പദ്ധതി പാപ്പിനിശ്ശേരി മൃഗാശുപത്രിയോടനുബന്ധിച്ച് കണ്ണൂർ ജില്ലാ പഞ്ചായത്ത്, മൃഗ സംരക്ഷണ വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ പ്രവർത്തിച്ച് വരുന്നു. 2016-17 വർഷം 2290 തെരുവ് നായ്ക്കളുടെ വന്ധ്യംകരണം പൂർത്തിയാക്കിയിരുന്നു. പദ്ധതി കോപ്പാലം, പടിയൂർ എന്നിവിടങ്ങളിൽ പുതിയ കേന്ദ്രങ്ങൾ ഉറന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിരിക്കുന്നു.

4.1 (സി) മത്സ്യവികസനം

കണ്ണൂർ ജില്ല 82 കി.മീ. ദൈർഘ്യമുള്ള കടലോരം, 5 വലിയ പുഴകൾ, കൈവഴികൾ ധാരാളം തോടുകൾ, ഉൾനാടൻ ജലാശയങ്ങൾ എന്നിവയാൽ ജലസമൃദ്ധമാണ്. ജില്ലയിൽ തീരദേശത്താണ് മത്സ്യമേഖലയിലെ മിക്ക പ്രൊജക്ടുകളും നടപ്പിലാക്കി വരുന്നത്. അതോടൊപ്പം തന്നെ ഉൾനാടൻ മേഖലയിലെ മത്സ്യക്കൃഷിക്കും വളരെയധികം പ്രാധാന്യം നൽകി വരുന്നു. ജില്ലയിൽ 11 കടൽ മത്സ്യഗ്രാമങ്ങളിലും ഒരു ഉൾനാടൻ മത്സ്യഗ്രാമത്തിലുമായി 6,623 അംഗീകൃത കടലോര മത്സ്യത്തൊഴിലാളികളും 1,555 ഉൾനാടൻ മത്സ്യത്തൊഴിലാളികളും ഉണ്ട്. ജില്ലയിൽ 1,625 അംഗീകൃത അനുബന്ധ മത്സ്യത്തൊഴിലാളികളുമുണ്ട്. ജില്ലയിൽ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ നിയന്ത്രണത്തിൽ കടൽ ഉൾനാടൻ മേഖലകളിലായി 10 മത്സ്യഭവനുകൾ പ്രവർത്തിച്ചു വരുന്നു. കടൽ പട്രോളിംഗും കടൽ രക്ഷാപ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിനായി ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു ഫിഷറീസ് സ്റ്റേഷനും മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗവും പ്രവർത്തിച്ചു വരുന്നുണ്ട്. മൺസൂൺ കാലങ്ങളിൽ ട്രോളിംഗ് നിരോധനം നടപ്പിലാക്കുന്നതിന് സുസജ്ജമായ മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗവും കടൽരക്ഷാ സേനയും ഫിഷറീസ് സ്റ്റേഷന്റെ ഭാഗമായി പ്രവർത്തിക്കുന്നു. കൂടാതെ മത്സ്യത്തൊഴിലാളികളുടെ സുരക്ഷാർത്ഥം 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾറൂം പ്രവർത്തനവും കണ്ണൂർ ഫിഷറീസ് സ്റ്റേഷനിൽ സജ്ജമാക്കാറുണ്ട്.

ശുദ്ധജല/ഓരുജല മത്സ്യകർഷക ജോലിയിൽ ഏർപ്പെട്ട 5514 ശുദ്ധജല മത്സ്യകർഷകരും 255 ഓരുജല മത്സ്യകർഷകരും ഉണ്ട്. മത്സ്യത്തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി ജില്ലയിൽ 27 സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നു. മത്സ്യകർഷകർക്ക് സാങ്കേതിക സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിനും പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുമായി ജില്ലയിൽ മത്സ്യകർഷക വികസന ഏജൻസി പ്രവർത്തിച്ചു വരുന്നുണ്ട്. കർഷകർക്ക് സാങ്കേതിക പരിജ്ഞാനം നൽകുന്നതിന് ഫിർമ മേഖലാ ഓഫീസും ജില്ലയിൽ പ്രവർത്തിച്ചു വരുന്നു.

ജില്ലയിലെ മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ മത്സ്യത്തൊലാളികളുടെയും രജിസ്ട്രേഷനും മറ്റ് ക്ഷേമപ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിനായി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് (മത്സ്യബോർഡ്) റീജിയണൽ ഓഫീസ് പ്രവർത്തിച്ചു വരുന്നുണ്ട്. മത്സ്യത്തൊഴിലാളികൾക്കുപുറമെ അനുബന്ധ തൊഴിലാളികൾക്കുള്ള ക്ഷേമപ്രവർത്തനങ്ങളും മത്സ്യബോർഡ് വഴി നടപ്പാക്കി വരുന്നു. ജില്ലയിൽ തീരദേശ മേഖലയിലെ നിർമാണപ്രവർത്തനങ്ങൾക്കും പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ഡിവിഷണൽ ഓഫീസ് പ്രവർത്തിച്ചു വരുന്നു. തീരദേശ ഹാർബറുകൾ, ലാന്റിംഗ് സെന്ററുകൾ, റോഡുകൾ, മറ്റ് നിർമാണ പ്രവർത്തനങ്ങൾ എന്നിവ ഏറ്റെടുത്ത് നടത്തി വരുന്നത് ഹാർബർ എഞ്ചിനീയറിംഗ് ഡിവിഷൻ മുഖേനയാണ്.

തീരദേശ മേഖലയിലെ നിർമാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഏജൻസിയാണ് കേരള സംസ്ഥാന തീരദേശ വികസന കോർപറേഷൻ. ഏജൻസിയുടെ ജില്ലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് കോഴിക്കോട് ജില്ലയിലുള്ള കോർപറേഷന്റെ റീജിയണൽ ഓഫീസ് മുഖാന്തിരമാണ്. തീരദേശമേഖലയിലെ മത്സ്യത്തൊഴിലാളി സംഘങ്ങളുടെ മേൽനോട്ടത്തിനും സാമ്പത്തിക സഹായങ്ങൾക്കുമായി മത്സ്യമാർക്കറ്റിംഗ് അപെക്സ് സംഘമായ മത്സ്യഫെഡ് പ്രവർത്തിച്ചു വരുന്നു. മത്സ്യഫെഡ് ജില്ലാ ഓഫീസും അതിനു കീഴിൽ ചെമ്മീൻ വിത്തുത്പാദന ഹാച്ചറിയും വല നിർമാണ ഫാക്ടറിയും നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. സംഘങ്ങളുടെ പരിശോധനയും മറ്റും ഫിഷറീസ് അസിസ്റ്റന്റ് രജിസ്ട്രാറുടെ നേതൃത്വത്തിൽ സഹകരണ വിഭാഗം ജീവനക്കാർ നടത്തി വരുന്നു. വകുപ്പിന് കീഴിൽ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് താമസിച്ച് പഠിക്കുന്നതിനായി അഴീക്കലിൽ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ പ്രവർത്തിച്ചു വരുന്നു. ജില്ലയിൽ വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന വിവിധ പദ്ധതി പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

മത്സ്യ മേഖല – സംഗ്രഹം

1.	ജില്ലയുടെ വിസ്തീർണം	2966 ച.കി.മീ.
2	ആകെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ	5251
3	അംഗീകൃത തീരദേശ മത്സ്യത്തൊഴിലാളികൾ	6623
4	അംഗീകൃത ഉൾനാടൻ മത്സ്യത്തൊഴിലാളികൾ	1555
5	കടൽത്തീരത്തിന്റെ നീളം	82 കി.മീ.

6	വൻകരാ പ്രാന്ത പ്രദേശത്തിന്റെ വിസ്തീർണം	5912 ച.കി.മീ.
7	പുഴകൾ	1 എണ്ണം
8	റിസർവോയർ	(പഴശ്ശി) വിസ്തീർണം: 648 ഹെക്ടർ
9	അഴിമുഖങ്ങൾ	5 (പാലക്കോട്, അഴീക്കല്, ധർമടം, തലശ്ശേരി, മാഹി)
10	കുളങ്ങൾ	2200
11	ഓരു ജലാശയങ്ങൾ	5900 ഹെക്ടർ
12	കടലോര മത്സ്യഗ്രാമങ്ങൾ	11
13	ഉൾനാടൻ മത്സ്യഗ്രാമങ്ങൾ	1
14	മത്സ്യകൃഷി(വിസ്തീർണ്ണം)	325 ഹെക്ടർ
15	മത്സ്യോത്പാദനം	കടൽ: (2015-16) - 23254 മെ.ടൺ ഉൾനാടൻ: (2015-16)- 4787 മെ.ടൺ
16	ഫിഷിംഗ് ഹാർബർ	3 (തലായി, മാപ്പിളബേ, അഴീക്കൽ)
17	മത്സ്യവിത്ത് ഉത്പാദനം	അഡാക്ക്, എരഞ്ഞോളി ഫിഷ് ഫാം - 4 ലക്ഷം മത്സ്യഫെഡ് ഹാച്ചറി - 266 ലക്ഷം
18	ഫിഷ് ലാന്റിംഗ് സെന്റർ	9 (ന്യൂമാഹി, ചാലിൽ ഗോപാലപേട്ട, ധർമടം, മുഴപ്പിലങ്ങാട്, കിഴുന്നപ്പാറ, പുതിയങ്ങാടി, കോട്ടക്കീൽ, പാലക്കോട്, എട്ടിക്കുളം)
19	മത്സ്യഭവനുകൾ	10 (ന്യൂമാഹി, ധർമടം, മുഴപ്പിലങ്ങാട്, കണ്ണൂർ, പട്ടുവം, നാറാത്ത്, അഴീക്കൽ, കണ്ണപുരം, മാടായി, പയ്യന്നൂർ)
20	മത്സ്യബന്ധന യാനങ്ങൾ	ബോട്ട് - 250, ഐ.ബി.എം.- 74, ക്രാഫ്റ്റ് - 1885 നോൺ മെക്കാനൈസ്ഡ് - 189
21	ഫിഷറീസ് ഡിസ്പെൻസറി	4
22	ഫിഷറീസ് സ്കൂൾ	1
23	ഫിഷറീസ് റോഡുകൾ	32
24	ഫിഷറീസ് സഹകരണ സംഘങ്ങൾ	27

(അവലംബം-മത്സ്യവകുപ്പ്)

കേരളത്തിൽ ഏറ്റവും കൂടുതൽ കടൽത്തീരമുള്ള ജില്ലകളിലൊന്നാണ് കണ്ണൂർ ജില്ല (82 കി.മീ.) (13.89%). എന്നിരുന്നാലും ആകെ കർമോൻമുഖ മത്സ്യത്തൊഴിലാളികൾ 6623 മാത്രമാണ് (2.84%). ആകെ അനുബന്ധ മത്സ്യത്തൊഴിലാളികൾ 1625 ആണ് (2.05%). കർമോൻമുഖ മത്സ്യത്തൊഴിലാളികളിൽ 332 സ്ത്രീകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 327 പേരും ഉൾനാടൻ മത്സ്യത്തൊഴിലാളി വനിതകളാണ്.




ഫിഷറീസ് വകുപ്പ് സ്ഥാപന ഘടന
ഫിഷറീസ് ജില്ലാ കാര്യാലയം
പ്രധാന പ്രവർത്തന മേഖലാ വിഭാഗങ്ങൾ
മത്സ്യക്യഷി വ്യാപനം
ക്ഷേമ പ്രവർത്തനങ്ങളും പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങളും
സഹകരണം
KMFR Act നടപ്പിലാക്കൽ, കടൽ രക്ഷാ പ്രവർത്തനങ്ങൾ
നിർമ്മാണ പ്രവർത്തനങ്ങൾ
മത്സ്യകർഷക വികസന എജൻസി/ അഡാക്ക്/ ഹിദ
ഫിഷറീസ് ഇൻസ്പെക്ടർ
മത്സ്യബോർഡ്
സാഫ് നോഡൽ ഓഫീസ്
ഫിഷറീസ് അസി. രജിസ്ട്രാർ ഓഫീസ്
ഫിഷറീസ് സ്റ്റേഷൻ
ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്/ തീരദേശ വികസന കോർപ്പറേഷൻ
മത്സ്യകർഷക ക്ലബ്ബുകൾ
തീരദേശ-ഉൾനാടൻ മത്സ്യ ഭവനുകൾ
ഫിഷറീസ് ഓഫീസർമാർ
തീരദൈത്രി മാനേജ്മെന്റ് കൗൺസിലുകൾ
യൂണിറ്റ് ഇൻസ്പെക്ടർമാർ
മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം
അക്വാകൾച്ചർ പ്രൊമോട്ടർമാർ
കമ്മ്യൂണിറ്റി മോട്ടി വേറ്റർമാർ
മിഷൻ കോ-ഓർഡിനേറ്റർമാർ
മത്സ്യഫെഡ്
സുരക്ഷാ ബോട്ട്/രക്ഷാ സേന
ഡാറ്റാ കലക്ഷൻ എന്യൂമറേറ്റർമാർ
മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ

ജില്ലയിലെ മത്സ്യഗ്രാമങ്ങളും ഉൾക്കൊള്ളുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംബന്ധിച്ച വിവരം **അനുബന്ധം 20 ൽ** നൽകിയിരിക്കുന്നു.

മത്സ്യത്തൊഴിലാളി കുടുംബങ്ങളെയും കർമോന്മുഖ മത്സ്യത്തൊഴിലാളികളെയും സംബന്ധിച്ച വിവരം

ക്രമ നം.	മത്സ്യഗ്രാമം	ഉൾക്കൊള്ളുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങള്	കർമോൻമുഖ മത്സ്യത്തൊഴിലാളികളുടെ എണ്ണം	കർമോൻമുഖ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ എണ്ണം	ക്ഷേമനിധി അംഗത്വമില്ലാത്ത മത്സ്യത്തൊഴിലാളികൾ	ആകെ മത്സ്യത്തൊഴിലാളികളുടെ എണ്ണം
1.	കുറിച്ചിയിൽ	നൃമാഹി	559	388	75	634
2.	ചാലിൽ ഗോപാലപേട്ട	തലശ്ശേരി മുൻസിപ്പാലിറ്റി	629	455	125	754
3.	പാലിശ്ശേരി	ധർമടം, മുഴപ്പിലങ്ങാട്	267	161	32	299
4.	എടക്കാട്	മുഴപ്പിലങ്ങാട്, കണ്ണൂർ കോർപറേഷൻ	257	197	40	297
5.	തയ്യിൽ	കണ്ണൂർ കോർപറേഷൻ	1130	972	78	1208
6.	കണ്ണൂർ സിറ്റി	കണ്ണൂർ കോർപറേഷൻ	404	379	36	440
7.	അഴീക്കോട്	അഴീക്കോട്, വളപട്ടണം, ചിറക്കൽ	723	600	62	785
8.	മാട്ടൽ	മാട്ടൽ	302	285	44	346
9.	പുതിയങ്ങാടി	മാടായി, ഏഴോം, ചെറുതാഴം	412	295	37	449
10.	പാലക്കോട്	രാമന്തളി,	335	286	47	382
11.	കവ്വായി	കുഞ്ഞിമംഗലം, പയ്യന്നൂർ, കരിവെള്ളൂർ	50	33	12	62
12.	കണ്ണൂർ ഉൾനാടൻ		1555	1200	326	1881
	ആകെ		**6623**	**5251**	**914**	**7537**

(അവലംബം: മത്സ്യബോർഡ്–2017)

FISHERMEN GENDER STATISTICS



(അവലംബം:കേരളശാസ്ത്രസാഹിത്യപരിഷത്ത്)

അനുബന്ധ മത്സ്യത്തൊഴിലാളികളെ സംബന്ധിച്ച വിവരം

ക്രമ നമ്പർ	മത്സ്യ ഗ്രാമം	അംഗീകൃത അനുബന്ധ മത്സ്യ ത്തൊഴി ലാളികൾ	ബീച്ച് വർക്കർ	വാഹന ത്തിൽ വിൽപ്പന നടത്തു ന്നവർ	സൈക്കിളിൽ വിൽപ്പന നടത്തു ന്നവർ	ഡ്രൈവർ മാരും ക്ലീനർമാരും (മത്സ്യ വിപണനം)	തലച്ചുമടായി വിൽപ്പന നടത്തു ന്നവർ	മോപ്പെഡിൽ വിൽപ്പന നടത്തു ന്നവർ	മത്സ്യ സംസ്കരണം നടത്തു ന്നവർ	എസ്.സി./എസ്.ടി.	പുരുഷൻ	സ്ത്രീ
1	പുതിയങ്ങാടി	390	9	41	35	58	224	–	23	37	260	130
2	കണ്ണൂർ മൈറൻ	492	74	6	122	12	200	6	72	0	397	95
3	കണ്ണൂർ ഉൾനാടൻ	347	3	9	39	0	264	26	8	0	230	117
4	തലശ്ശേരി	396	17	19	158	3	117	9	73	0	339	57
	ആകെ	**1625**	**103**	**75**	**354**	**73**	**805**	**41**	**176**	**37**	**1226**	399

(അവലംബം:മത്സ്യബോർഡ്–2017)

മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ദാരിദ്ര്യ സൂചികയുടെ അടിസ്ഥാനത്തിലും പശ്ചാത്തല സൗകര്യവും സംബന്ധിച്ച്

ക്രമ നം.	മത്സ്യഗ്രാമം	എ.പി.എൽ.	ബി.പി.എൽ.	കക്കൂസ് സൗകര്യം ഇല്ലാത്തവർ	വൈദ്യുതി ഇല്ലാത്തവർ
1	കുറിച്ചിയിൽ	243	364	64	11
2	ചാലിൽ ഗോപാലപേട്ട	116	239	18	3
3	പാലിശ്ശേരി	79	137	4	2
4	എടക്കാട്	254	215	12	4
5	തയ്യിൽ	408	518	88	4
6	കണ്ണർസിറ്റി	204	153	75	16
7	അഴീക്കോട്	375	340	0	9
8	മാട്ടൂൽ	49	114	14	1
9	പുതിയങ്ങാടി	82	94	9	0
10	പാലക്കോട്	113	127	18	8
11	കവ്വായി	22	34	8	4

(അവലംബം: കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്–2016)

മത്സ്യമേഖലാ പശ്ചാത്തല സൗകര്യങ്ങൾ

ക്രമ നം	മത്സ്യഗ്രാമം	വിപണന കേന്ദ്രം	ഹാർബറുകൾ	കരക്കെട്ടിക്കൽ കേന്ദ്രങ്ങൾ	ഐസ് പ്ലാന്റ്	നെറ്റ് മെന്റിംഗ് യാർഡുകൾ	മത്സ്യബന്ധന സാമഗ്രി വിപണന കേന്ദ്രങ്ങൾ	ലേല കേന്ദ്രങ്ങൾ	മത്സ്യം ഉണക്ക് കേന്ദ്രങ്ങൾ	ഗതാഗത സൗകര്യം	സ്ത്രീ വിശ്രമ കേന്ദ്രം
1	കുറിച്ചിയിൽ	2	0	1	0	1	2	1	0	ഉണ്ട്	ഇല്ല
2	ചാലിൽഗോപാലപേട്ട	2	1	1	0	0	1	1	1	ഉണ്ട്	ഇല്ല
3	പാലിശ്ശേരി	1	0	1	0	1	0	1	0	ഉണ്ട്	ഇല്ല
4	എടക്കാട്	1	0	2	0	1	0	2	0	ഉണ്ട്	ഇല്ല
5	തയ്യിൽ	1	1	0	0	1	1	0	0	ഉണ്ട്	ഇല്ല
6	കണ്ണർ സിറ്റി	0	0	0	0	0	0	0	0	ഉണ്ട്	ഇല്ല
7	അഴീക്കോട്	1	1	0	0	0	0	1	0	ഉണ്ട്	ഇല്ല
8	മാട്ടൂൽ	0	0	0	0	0	0	0	0	ഉണ്ട്	ഇല്ല
9	പുതിയങ്ങാടി	1	0	1	0	0	0	1	0	ഉണ്ട്	ഇല്ല
10	പാലക്കോട്	2	0	2	0	0	0	1	0	ഉണ്ട്	ഇല്ല
11	കവ്വായി	0	0	0	0	0	0	0	0	ഉണ്ട്	ഇല്ല
12	കണ്ണർ ഉൾനാടൻ	1	0	1	0	0	0	0	0	ഉണ്ട്	ഇല്ല

(അവലംബം: ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്–2017)

മത്സ്യബന്ധന യാനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

Name of Base of Operation	ആഴക്കടൽ മത്സ്യബന്ധനം	Motorized non Mechanical	Motorized Mechanical	Non-motorized
ന്യൂമാഹി		107	4	10
തലായി		86	15	8
ഗോപാലപേട്ട		86	6	9
തലശ്ശേരി		122	24	21
ധർമടം		153	12	33
മുഴപ്പിലങ്ങാട്		40		14
എടക്കാട്		23		2
മാപ്പിളബേ		626	73	60
അഴീക്കൽ		199	181	7
അഴീക്കോട്		26	3	10
പുതിയങ്ങാടി		339	20	17
ചൂട്ടാട്		23		2
പാലക്കോട്		141	1	3
എട്ടിക്കുളം		3		2
ആകെ		**1974**	**339**	**198**

(അവലംബം:മത്സ്യവകുപ്പ്-2017)

ഉൾനാടൻ ജലാശയങ്ങളെയും മത്സ്യക്കൃഷിയെയും സംബന്ധിച്ച വിവരങ്ങൾ

ക്രമ നമ്പർ	കർഷകരുടെ എണ്ണം	കൃഷി ചെയ്യുന്ന മത്സ്യഇനം	കൃഷി രീതികൾ	ഉത്പാദനം
1	5514	കാർപ്പ് മത്സ്യങ്ങൾ	ശുദ്ധജലത്തിലെ കാർപ്പ് മത്സ്യക്കൃഷി, പടുതാകുളം സംയോജിത മത്സ്യകൃഷി	1334645 കി.ഗ്രാം
2	113	കരിമീൻ	കൂട്കൃഷി, കുളത്തിലെ കൃഷി, അടുക്കള കുളം	15000 കി.ഗ്രാം
3	110	കല്ലുമ്മേക്കായ	റാഫ്റ്റ് കൾച്ചർ	3530000 കി.ഗ്രാം
4	22	ചെമ്മീൻ	ഓരുജല ചെമ്മീൻകൃഷി	38400 കി.ഗ്രാം

(അവലംബം മത്സ്യവകുപ്പ്:മത്സ്യകർഷക വികസന ഏജൻസി, കണ്ണൂർ-2017)

ഉൾനാടൻ മത്സ്യസമ്പത്തിന്റെ അവസ്ഥ

ജില്ലയിൽ 180 മുതൽ 230 ഓളം ഉൾനാടൻ തദ്ദേശീയ മത്സ്യങ്ങളെ പ്രധാനപ്പെട്ട 5 പുഴകളിലും അവയുടെ കൈവഴികളിലും, പഴശ്ശി റിസർവോയർ പ്രദേശങ്ങളിലും മറ്റ് ഉൾനാടൻ ജലാശയങ്ങളിലുമായി കണ്ടുവരുന്നു. ഉൾനാടൻ മത്സ്യബന്ധന രീതികൾ വ്യത്യസ്തമായതിനാൽ പിടിച്ചെടുക്കുന്ന മത്സ്യങ്ങളുടെ കൃത്യമായ കണക്ക് നിലവിൽ ലഭ്യമല്ല. ഉൾനാടൻ മത്സ്യ ഇനങ്ങളെ ഹാച്ചറിവഴി വിത്തുത്പാദനം നടത്തി നമ്മുടെ ഉൾനാടൻ പൊതുജലാശയങ്ങളിൽ റാഞ്ചിംഗ് നടത്തുകയാണെങ്കിൽ ഇവയുടെ വംശവർദ്ധനവിന് സഹായകമാകും. ജലാശയങ്ങളുടെ മലിനീകരണവും

അശാസ്ത്രീയമായ മത്സ്യബന്ധന രീതികളും ഇവയുടെ വംശനാശത്തിന് കാരണമാകുന്നു. താരതമ്യേന മറ്റ് സമുദ്ര മത്സ്യങ്ങളെ അപേക്ഷിച്ച് വലിപ്പം കുറവാണെങ്കിലും പോഷകസമൃദ്ധമായ ഉൾനാടൻ തദ്ദേശീയ മത്സ്യങ്ങളെ മറ്റ് വളർത്ത് മത്സ്യങ്ങളോടൊപ്പം വളർത്തി വിപണനം സാധ്യമാക്കുകയാണെങ്കിൽ ചെറിയ വിലയ്ക്ക് പോഷകമൂല്യമുള്ള മത്സ്യങ്ങളെ ലഭ്യമാക്കുവാനും ഭക്ഷ്യസുരക്ഷയിൽ പ്രധാന പങ്ക് വഹിക്കുവാനും സാധിക്കും.

മത്സ്യമേഖലയിലെ അവസ്ഥ വിശകലനം

കേരളത്തിലെ ജനസംഖ്യയുടെ കേവലം 2.32 ശതമാനം മാത്രം വരുന്ന ജനവിഭാഗമാണ് മത്സ്യത്തൊഴിലാളികൾ. കടൽത്തീരമുള്ള 9 ജില്ലകളിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ എട്ടാം സ്ഥാനമാണ് ജില്ലയുടേത്. സംസ്ഥാനത്തെ ആകെ 1,49,296 മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ 4808 കുടുംബങ്ങളാണ് ജില്ലയിലുള്ളതെന്ന് 2011 ലെ സെൻസസ് രേഖകൾ വ്യക്തമാക്കുന്നു. ജില്ലയിലെ 12 മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ 11 എണ്ണം തീരദേശ മത്സ്യഗ്രാമങ്ങളാണ്. 60 മുതൽ 800 വരെ കുടുംബങ്ങൾ വസിക്കുന്നതാണ് ഓരോ ഗ്രാമവും. തൊഴിലിന്റെ സവിശേഷത കൊണ്ടും അതുമായി ബന്ധപ്പെട്ട സാമൂഹ്യ അവസ്ഥ കാരണവും വളരെ സങ്കീർണമാണ് മത്സ്യത്തൊഴിലാളികളുടെ ജീവിതാവസ്ഥ. ആചാരങ്ങളിലും വിശ്വാസങ്ങളിലും അധിഷ്ഠിതമാണ് മത്സ്യത്തൊഴിലാളികളുടെ ജീവിതം. അതുകൊണ്ട് തന്നെ മതപരമായ സ്വാധീനമാണ് ഇവരിൽ കൂടുതലായി കാണുന്നത്. പരമ്പരാഗതമായി വിദ്യാഭ്യാസത്തിനും മറ്റ് മേഖലകളിലെ ശേഷീവികസനത്തിനും അവർ പ്രാധാന്യം നൽകിയിരുന്നില്ല. അധ്വാനിക്കാനുള്ള കായിക ശേഷി വന്നാലുടൻ കടലിലേക്ക് പോകുന്ന സ്ഥിതിയാണ്.

അനിശ്ചിതത്വം സർവത്ര പ്രകടമാകുന്ന കടൽ മത്സ്യത്തൊഴിലാളി മേഖലയിൽ ഏറ്റവും ശക്തമായ സാന്നിദ്ധ്യമായി അനുഭവപ്പെടുന്നത് അവരുടെ ദൈനംദിന പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന പ്രാദേശിക സമ്പദ് വ്യവസ്ഥയാണ്. പാരമ്പര്യരീതികളാലും ചിട്ടകളാലും നിയന്ത്രിക്കപ്പെടുന്ന ഈ പ്രാദേശിക സമ്പദ് വ്യവസ്ഥയിൽ മത്സ്യ വ്യാപാര രംഗത്തെ ഇടത്തട്ടുകാരുടെ നിയന്ത്രണമാണ് പ്രധാന ഘടകം. വിളിപ്പുറത്ത് സഹായം നൽകുന്ന ഇക്കൂട്ടരുടെ സ്വാധീന വലയത്തിൽ നിന്ന് മുക്തരാകുക എളുപ്പമല്ല. പ്രാദേശിക മത്സ്യത്തൊഴിലാളി ക്ഷേമവികസന സഹകരണസംഘങ്ങൾ മുഖേന ബദൽ സംവിധാനമുണ്ടെങ്കിലും ആയതിന്റെ നടത്തിപ്പിലുള്ള പോരായ്മകൾ കാരണം ഇത്തരം സംവിധാനങ്ങൾ ദുർബലമാവുന്ന അവസ്ഥയുമാണ്. 2011 ലെ സെൻസസ് അനുസരിച്ച് കേരളത്തിലെ ശരാശരി ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 859 ആണ്. നഗരങ്ങളിൽ ഇത് 5000 ൽ കൂടുതലായി വരും. ഇതിനെയൊക്കെ കവച്ച് വെക്കുന്ന ജനസാന്ദ്രതയാണ് മിക്ക മത്സ്യഗ്രാമങ്ങളിലും. കടൽതീരത്ത് നിന്ന് 200-500 മീറ്റർ അകലത്തിൽ ആളുകൾ തിങ്ങിപ്പാർക്കുന്ന മത്സ്യ ഗ്രാമങ്ങളിൽ പലതിലും ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിൽ 6000 ൽ കൂടുതലാണ്. വർധിച്ച ജനസാന്ദ്രതക്കനുസരിച്ച് ആധുനിക സൗകര്യങ്ങളൊന്നും ഇവിടെയില്ലതാനും.

ജില്ലയിലെ തീരദേശ-ഉൾനാടൻ മത്സ്യത്തൊഴിലാളി ഗ്രാമമേഖലയെ സംരക്ഷിക്കാനും ഇവിടുത്തെ തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനും ഫിഷറീസ് വകുപ്പും അനുബന്ധ സ്ഥാപനങ്ങളും വിവിധ വികസന പദ്ധതികൾ, മറ്റ സാമ്പത്തിക സഹായ പദ്ധതികൾ എന്നിവ വഴി കോടിക്കണക്കിന് രൂപ മുടക്കിയിട്ടും ഈ ഗ്രാമങ്ങളും ഇവിടുത്തെ മത്സ്യത്തൊഴിലാളികളും ദാരിദ്ര്യത്തിലും അനാരോഗ്യകരമായ ജീവിത സാഹചര്യത്തിലും തന്നെ തുടരുന്നു.

ഭൂരഹിത-ഭവനരഹിതരായിട്ടുള്ള മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ജീവിത സാഹചര്യംമൂലം പുറമ്പോക്കിൽ താമസിക്കുകയും ശുചിമുറികളുടെ അഭാവത്തിൽ കടൽത്തീരത്തെ പ്രാഥമിക ആവശ്യങ്ങൾക്കായി ആശ്രയിക്കുകയും ചെയ്യുന്ന പ്രവണത പൂർണമായും ഇല്ലാതായിട്ടില്ല. പലയിടത്തെയും വീടുകൾ ഓലയോ, ഷീറ്റോ ഉപയോഗിച്ച് നിർമിച്ചതും അടച്ചുറപ്പില്ലാത്തതുമാണ്. ഒന്നിലധികം കുടുംബങ്ങൾ ഒരുമിച്ച താമസിക്കുന്ന ഒട്ടേറെ വീടുകൾ കണ്ടെത്താനായിട്ടുണ്ട്. നിരവധി കുടുംബങ്ങൾ വാടകയ്ക്കോ പുറംമ്പോക്കിലോ പട്ടയം കിട്ടാത്ത ഭൂമിയിലോ താമസിക്കുന്നവരാണ്. കടൽക്ഷോഭ ഭീഷണി നേരിടുന്ന ഒട്ടേറെ കുടുംബങ്ങളും ഇവിടെയുണ്ട്. ഇതുകൊണ്ടുതന്നെ സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്ത മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പ്രശ്നം തന്നെയാണ് ഈ മേഖലയിൽ പരിഹരിക്കേണ്ടുന്ന പ്രധാന പ്രതിസന്ധി. വകുപ്പ് കടൽത്തീരത്ത് നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് അടുത്തകാലത്ത് നിർവഹണം തുടങ്ങിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ കാര്യത്തിൽ കടൽമേഖലയിൽ നിന്ന് ദൂരേക്ക് മാറിയുള്ള താമസം അവരുടെ തൊഴിൽ പ്രദേശവുമായുള്ള ബന്ധത്തെ ബാധിക്കും. അതുകൊണ്ടുതന്നെ തീരദേശമേഖലയിൽ നിന്നും ഏറെ ദൂരം മാറികൊണ്ടുള്ള പുനരധിവാസം പ്രായോഗികമല്ല. ഫിഷറീസ് വകുപ്പ് അനുവദിക്കുന്ന ഫണ്ട് മുഖേന കണ്ടെത്തുന്ന ഗുണഭോക്താക്കളുടെ എണ്ണം ഈ മേഖലയിലെ പ്രശ്നപരിഹാരത്തിന് ഉതകാത്ത സാഹചര്യമാണുള്ളത്. ആയതിനാൽ ഫിഷറീസ്, റവന്യൂ, തദ്ദേശ സ്വയം ഭരണ വകുപ്പുകളുടെയും സന്നദ്ധ സംഘടനകളുടെയും സംയുക്ത ആഭിമുഖ്യത്തിൽ ആധുനിക സംവിധാനം ഉപയോഗപ്പെടുത്തി സർവേ നടത്തുകയും കടൽക്ഷോഭമുള്ളതും പുനരധിവാസം നടത്തേണ്ടതുമായ തീരപ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളി-ഇതര കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള ദീർഘവീക്ഷണത്തോട് കൂടിയുള്ള ബൃഹദ്പദ്ധതികൾ ആവിഷ്കരിക്കേണ്ടതുമാണ്.

തീരപ്രദേശങ്ങളിൽ ജീവിത നിലവാരവും ജോലി ആവശ്യാർത്ഥവും സ്വന്തം നിലയിലും സ്ഥലം കണ്ടെത്തുന്ന മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രധാനപ്രശ്നമാണ് തീരദേശ നിയന്ത്രണ നിയമം പ്രകാരമുള്ള തീരപ്രദേശ നിർമാണ പ്രവർത്തന നിരോധനം. നിയമത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ഇളവുകൾ അനുശാസിക്കുന്നുണ്ടെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപന-തീരദേശ വികസന അതോറിറ്റി തലത്തിൽ തീരുമാനങ്ങൾ കൈക്കൊണ്ട് അനുമതി നൽകുന്നതിന് കാലതാമസം നേരിടുന്നുണ്ട്. ഇത് നിമിത്തം ഇത്തരം മേഖലയിൽ നടപ്പാക്കുന്ന ഭവനനിർമാണങ്ങൾ, വകുപ്പ്തലത്തിലും മറ്റും ഒടുക്കുന്ന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ എന്നിവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ പ്രയാസം നേരിടുന്നു.

അതിരൂക്ഷമായ കുടിവെള്ളക്ഷാമമാണ് നേരിടുന്ന മറ്റൊരു പ്രശ്നം. സ്വന്തമായി കിണറോ കുഴൽക്കിണറോ ഇല്ലാത്തതിനാൽ മുഖ്യമായും പൊതു ടാപ്പുകളെയാണ് ആശ്രയിക്കുന്നത്. വകുപ്പ് പ്രാവർത്തികമാക്കി വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ കുടിവെള്ള പദ്ധതികൾ തുടർ നടത്തിപ്പ് കാര്യക്ഷമമല്ലാത്തതിനാൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. തീരദേശ-ഉൾനാടൻ മേഖലയിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെയും മറ്റും കുടിവെള്ളക്ഷാമ പരിഹാരത്തിനായി ഫിഷറീസ് വകുപ്പ്, ജലഅതോറിറ്റി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സംയുക്ത സംരംഭത്തോട് കൂടി ബൃഹത്പദ്ധതികൾ ആവിഷ്കരിച്ച് ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ പോലുള്ള പ്രാദേശിക സംവിധാനങ്ങളുടെ മേൽനോട്ടത്തിൽ തുടർ നടത്തിപ്പ് സാധ്യമാക്കാവുന്നതാണ്.

മാലിന്യ നിർമാർജനത്തിന് പ്രത്യേകം ഉപാധികളൊന്നും ഇല്ല എന്നതുകൊണ്ടുതന്നെ വീടും പരിസരവും മാലിന്യമുക്തമാരങ്ങളുടെ നടുവിലാണ്. നാമമാത്രമായ കുടുംബങ്ങൾ മാത്രമാണ് ഏതെങ്കിലും മാലിന്യനിർമാർജന ഉപാധികൾ സ്വീകരിക്കുന്നത്. വൃത്തിഹീനമായ പരിസരം വിവിധ പകർച്ചവ്യാധികൾക്കും കാരണമാകുന്നുണ്ട്. ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന ശുചിത്വതീരം പദ്ധതിയിൽ ഉൾപ്പെടുത്തി തുടർപ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാവുന്നതാണ്.

തൊഴിൽപരമായ സുരക്ഷിതത്വമില്ലായ്മ ഇവർ നേരിടുന്ന പ്രധാന വെല്ലുവിളിയാണ്. കടലിൽ മത്സ്യസമ്പത്ത് കുറഞ്ഞുവരുന്നു. പട്ടികജാതി കുടുംബത്തേക്കാൾ താഴ്ന്ന വാർഷിക വരുമാനമാണ് മത്സ്യത്തൊഴിലാളി കുടുംബത്തിന്റേത്. മത്സ്യബന്ധന മേഖലയിൽ തീരദേശ-ഉൾനാടൻ മേഖലയിൽ മത്സ്യഫെഡ് മുഖേന സബ്സിഡിയോട് കൂടിയ സാമ്പത്തിക സഹായങ്ങൾ ചെയ്യുവരുന്നു. കൂടാതെ തീരദേശ-ഉൾനാടൻ മേഖലകളിൽ ചെറുകിട മത്സ്യബന്ധനത്തിലേർപ്പെടുന്നതിന് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് ജനകീയാസൂത്രണ പദ്ധതികളിൽ ഉൾപ്പെടുത്തി സഹായങ്ങൾ ചെയ്യ നൽകുന്നു. വകുപ്പ് ആഴക്കടൽ മത്സ്യബന്ധനത്തിന് സാങ്കേതിക-സാമ്പത്തിക സഹായം നൽകുന്നുണ്ട്. കടൽ കേന്ദ്രീകരിച്ചുള്ള വിവിധ മത്സ്യക്കൃഷി പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ കടലിനെ ആശ്രയിച്ചും അല്ലാത്തതുമായ ജീവിതോപാധികൾ കണ്ടെത്തുന്നതിലേക്കായി പരിശീലന പരിപാടികളും നടത്തി വരുന്നുണ്ട്.

പ്രാദേശിക മത്സ്യത്തൊഴിലാളി ക്ഷേമസഹകരണ സംഘങ്ങൾ, വിവിധ ഏജൻസികൾ മുഖേന മത്സ്യത്തൊഴിലാളി ക്ഷേമത്തിനും അവർക്കുള്ള അധിക വരുമാനത്തിനുമായി ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പക്ഷേ ഇവയുടെ കൃത്യമായ പരിശോധനയില്ലായ്മ, മാർക്കറ്റിംഗ് സംവിധാനത്തിന്റെ പോരായ്മ, കമ്പോളത്തിലെ മത്സരങ്ങൾ തുടങ്ങി നിരവധി കാരണങ്ങളാൽ അധിക വരുമാനം ലക്ഷ്യമിട്ടുകൊണ്ടു നടത്തുന്ന പുതിയ തൊഴിൽ സംരംഭങ്ങളിൽ ഭൂരിപക്ഷവും തകർന്നടിയുകയാണ്. മത്സ്യമേഖലയിലെ യന്ത്രവൽക്കരണത്തിന് ഒരു കർമപരിപാടി സമയബന്ധിതമായി നടപ്പാക്കണം. വൻകിട യന്ത്രവൽക്കരണവും അതിനാവശ്യമായ ഉയർന്ന മൂലധനവും നിക്ഷേപകർക്ക് മേലുള്ള തൊഴിലാളികളുടെ ആശ്രിതത്വം വർധിപ്പിക്കുന്നുണ്ട്. ഇത് സാമ്പത്തിക വിധേയത്വത്തിന് കാരണമാകുന്നു. മത്സ്യവിപണന രംഗത്തെ തൊഴിലാളികളുടെ വിശിഷ്യാ സ്ത്രീ തൊഴിലാളികളുടെ ജീവിതഗുണത മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ക്രിയാത്മകമായ പരിപാടികൾ ഉണ്ടാവണം. സുനാമി പുനരധിവാസ പദ്ധതിയുടെ തുടർച്ചയായി നടപ്പിലാക്കിയ തീരമൈത്രി പദ്ധതി മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് സഹായകരമാണ്. അധികവരുമാന വർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടുള്ള വൈവിധ്യങ്ങളായ സംരംഭങ്ങൾക്ക് രൂപംനൽകാതെ മത്സ്യമേഖല കേന്ദ്രീകരിച്ച് ലഭ്യമാകുന്ന വിഭവങ്ങളുടെ സംസ്കരണ യൂണിറ്റുകൾ മാത്രം രൂപീകരിക്കാൻ താൽപര്യപ്പെടുന്നതുകൊണ്ടു തന്നെ ഒരുപ്രദേശത്ത് ഒരേ സ്വഭാവമുള്ള ഗ്രൂപ്പുകളുടെ ആധിക്യം ഉണ്ടാവുകയും വിപണന സാധ്യത കുറഞ്ഞുവരികയും ചെയ്യുന്നു. ഇതിന് പരിഹാരമായി പ്രാദേശിക മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾക്ക് കീഴിലോ, സാഫിന്റെ കീഴിലോ കൺസോർഷ്യം രൂപീകരിച്ച് ഏകീകൃത ഉൽപ്പന്നനാമത്തിൽ വൈവിധ്യവൽക്കരണം നടത്തി ജില്ലമൊത്തമുള്ള വിപണിസാധ്യത കണ്ടെത്താവുന്നതാണ്.

4.1 (ഡി) പരിസ്ഥിതി, കാലാവസ്ഥാവ്യതിയാനം, വനവികസനം

ജില്ലയിൽ " Humid Tropical " കാലാവസ്ഥയാണ് അനുഭവപ്പെടുന്നത്. വാർഷിക ശരാശരി താപം 28 ഡിഗ്രി സെൽഷ്യസാണ്. ശരാശരി കൂടിയ താപനില 32 ഡിഗ്രി സെൽഷ്യസും കുറഞ്ഞ താപനില 24 ഡിഗ്രി സെൽഷ്യസുമാണ്. ഇടവപ്പാതി, തുലാവർഷം, വേനൽമഴ എന്നിവയിലായി വർഷം 3438 മി.മീ. മഴ ജില്ലയിൽ ലഭിക്കുന്നുണ്ട്. ജില്ലയുടെ ശരാശരി ആപേക്ഷിക ആർദ്രത 76% മാണ്.

മഴലഭ്യത സംബന്ധിച്ച വിവരങ്ങൾ 2001-2017 മില്ലീ മീറ്ററിൽ

ക്രമ നമ്പർ	വർഷം	മാസം												
		ജനുവരി	ഫെബ്രുവരി	മാർച്ച്	ഏപ്രിൽ	മെയ്	ജൂൺ	ജൂലായ്	ആഗസ്റ്റ്	സപ്തംബർ	ഒക്ടോബർ	നവംബർ	ഡിസംബർ	ആകെ
1	2001	0	6.4	0	123.4	205.4	1038.8	762	409.8	72.7	267.4	228.4	13.4	3127.7
2	2002	0	39.8	0	20.4	244.6	860	422.4	743.8	172.4	702	184.6	4	3394
3	2003	0	0.6	0	85.6	43.4	1108.6	977.9	559.6	108.2	10.7	27.6	0	2922.2
4	2004	0	0	0	53.6	81.6	1183.6	524.8	696.8	187.2	268.8	242.2	0	3238.6
5	2005	2	0	0	71.86	0	771	980.5	266	381.4	205	96.2	32.8	2806.76
6	2006	0	0	0	0	775.6	855	975.4	616.1	655.8	311.8	116.6	0	4306.3
7	2007	0	0	0	30.6	158	1068.7	1265.5	858.2	755.7	2223.2	94.9	0	6454.8
8	2008	0	0	294.4	33.6	61.9	778.2	581.6	579.6	367.6	408	0	31.2	3136.1
9	2009	0	0	2	80.8	215.5	617.7	1429.9	325.4	307.4	174.4	309.1	67.4	3529.6
10	2010	69	0	0	35.8	98.3	1023.7	1074.1	658.9	292.6	309	393.5	5.6	3960.5
11	2011	0	0	0	121.4	46.4	1193.4	917.4	763.8	459.4	249.4	115.2	0	3866.4
12	2012	0	0	3.2	29.4	48.6	761.8	545.6	883	312	148.4	102.8	2.8	2837.6
13	2013	0	32.4	34.4	0	114	1474.4	1293.4	422	304.4	259.6	43.6	13.4	3991.6
14	2014	7.4	13	0	26.3	200	529.2	1063.8	932.8	395	225	81	41.6	3515.1
15	2015	29.5	0	0	35.8	206.6	759.3	833.4	424.2	341.1	401.4	164.1	12.2	3207.6
16	2016	0	0	0	0	88.8	899.6	637.2	550.6	136.4	48.8	17.4	13.1	2391.9
17	2017	4.8	0	143.1	10.6	175.9	767	625.9	648.1	415.4				2790.8



സസ്യജന്തുജാല വൈവിധ്യംകൊണ്ട് സമ്പന്നമായ പശ്ചിമഘട്ടമലനിരകളുടെ വടക്കൻ മേഖല ഉൾപ്പെടുന്ന കണ്ണൂർ ജില്ലയിൽ ആകെ വിസ്തീർണത്തിന്റെ 8.12% മാത്രമാണ് വനപ്രദേശം. കേരളത്തിലെ മറ്റു ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ ഇത് തുലോം തുച്ഛമാണ്.

കണ്ണൂർ ജില്ലയിലെ വനങ്ങളെ താഴെ പറയുന്ന വിധത്തിൽ തരം തിരിക്കാം

റിസർവ് വനങ്ങൾ	: 8999.58 ഹെക്ടർ
നിക്ഷിപ്ത വനം	: 6038.02 ഹെക്ടർ
പരിസ്ഥിതി ദുർബല പ്രദേശം	: 482.12 ഹെക്ടർ
കണ്ടൽ റിസർവ് വനം	: 236.57 ഹെക്ടർ
കൊട്ടിയൂർ ആറളം വന്യജീവിസങ്കേതം	: 8537.98 ഹെക്ടർ
ആകെ	**: 24384.35 ഹെക്ടർ**

1) സ്വകാര്യ മേഖലയിലുള്ള കാവുകൾ – ഉദ്ദേശം 100 ഹെക്ടർ

2) പുറമ്പോക്കിലുള്ളത്, റെയിൽവെ ലൈനിൽ ഇരുവശത്തുമുള്ളത്, സ്വകാര്യ വ്യക്തികളുടെ കൈവശത്തിലുള്ള കണ്ടൽ വനങ്ങൾ – ഉദ്ദേശം 500 ഹെക്ടർ

ഇതിൽ ഒന്നാമത്തെ ഇനത്തിൽപ്പെട്ട സ്വാഭാവിക വനങ്ങളിൽ 5115.435 ഹെക്ടറിൽ വനം വിവിധ ഇനം തോട്ടങ്ങളാക്കി സംരക്ഷിച്ചുവരുന്നു. രണ്ടാമതു സൂചിപ്പിച്ച സ്വകാര്യ മേഖലയിലുള്ള കാവുകൾ ജൈവവൈവിധ്യ കേന്ദ്രങ്ങൾ എന്ന നിലയിൽ ഏറെ പ്രസക്തിയുള്ളവയാണ്. ചെറുതും വലുതുമായ ഉദ്ദേശ്യം 58 കാവുകൾ ഇന്ന്

ജില്ലയിൽ ഉണ്ട്. ജനങ്ങളുടെ വിശ്വാസവും, ജീവിതരീതിയുമായി അഭേദ്യബന്ധം പുലർത്തുന്ന കാവുകൾ അനുദിനം മലീമസമായിക്കൊണ്ടിരിക്കുന്നു. ആവാസ വ്യവസ്ഥയിലെ അവശേഷിക്കുന്ന ശ്വാസവായു കേന്ദ്രങ്ങളാണ് കാവുകൾ എന്നതും പ്രത്യേകം പ്രസ്താവ്യമാണ്. അന്യം നിന്നുപോകാൻ സാധ്യതയുള്ള ഇവ സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്. മൂന്നാമത്തെതിൽ ഉൾപ്പെടുന്ന കണ്ടൽക്കാടുകൾ അനേകം അപൂർവ ജനുസുകളുടെ കലവറയാണ്. കടലാക്രമണം തടയുന്നതിനും ആവാസ വ്യവസ്ഥയുടെ സംരക്ഷണത്തിനും കണ്ടൽവനത്തിന് നേരെയുള്ള കടന്നാക്രമണം തടയേണ്ടതും അതോടൊപ്പം അനുയോജ്യമായ ഇടങ്ങളിൽ അവ വച്ച് പിടിപ്പിച്ച് വിസ്തൃതി കൂട്ടേണ്ടതുമാണ്.

ജില്ലയിലെ പ്രധാനപ്പെട്ട നദികളെല്ലാം തന്നെ പശ്ചിമഘട്ട മലനിരകളിൽ നിന്നും ഉത്ഭവിക്കുന്നു. ഇവയുടെ സംരക്ഷണംകൊണ്ടു മാത്രം ഈ ജില്ലയിലെ വളരെയധികം സ്ഥലങ്ങൾ കൃഷിക്ക് ഉപയുക്തമാക്കുന്നതിനും വിള വർദ്ധനവിനും ഉത്പാദനക്ഷമത കൂട്ടുവാനും സഹായിക്കും. പുഴസംരക്ഷിക്കുവാൻ അവയുടെ ഉത്ഭവസ്ഥാനമായ കാടുകളുടെ സംരക്ഷണം അത്യന്താപേക്ഷിതമാണ്. മഴക്കാലത്ത് പെയ്യുന്ന വെള്ളം അതിശീഘ്രം കുത്തി ഒഴുകിപ്പോകാതെ മണ്ണിലേക്ക് ഊർന്ന് ഇറങ്ങാനുള്ള വഴി ഒരുക്കി വെക്കുന്നത് പ്രയോജനം ചെയ്യും. ഇതോടൊപ്പം മണ്ണ് സംരക്ഷണത്തിനും, ജല സംരക്ഷണത്തിനും ഊന്നൽ നൽകേണ്ടതുണ്ട്.

ജില്ലയിലെ വനങ്ങളിൽ 5115.435 ഹെക്ടർ വനം വിവിധ കാലഘട്ടങ്ങളിലായി വിവിധതരം തോട്ടങ്ങളാക്കി മാറ്റിയിട്ടുണ്ട്. തന്മൂലം വനങ്ങളുടെ മൂല്യം വർദ്ധിച്ചിട്ടുണ്ട്. നിലവിൽ 372.444 ഹെക്ടർ തേക്ക്, 2409.295 ഹെക്ടർ മൂദുമരം, 237.400 ഹെക്ടർ അക്വേഷ്യ, 73.88 ഹെക്ടർ മഹാഗണി, 107.25 ഹെക്ടർ കുമ്പമാവ്, 102.10 ഹെക്ടർ ചൂരൽ, 84.26 ഹെക്ടർ ഔഷധസസ്യങ്ങൾ. 700 ഹെക്ടർ കുരുമുളക്, 255.919 ഹെക്ടർ മാവുകൾ എന്ന പ്രകാരം വിവിധ തോട്ടങ്ങളാക്കി മാറ്റിയിട്ടുണ്ട്.

ജില്ലയിൽ മഴക്കാടുകൾ കണ്ടുവരുന്നത് കൊട്ടിയൂർ കണ്ണവം മേഖലകളാണ്. ജില്ലയിൽ ഏക Myristica Swamp സ്ഥിതി ചെയ്യുന്നത് കൊട്ടിയൂർ റെയിഞ്ചിൽ മട്ടന്നൂരിനടുത്തുള്ള പൂങ്കോട്ട് കാവ് എന്ന സ്ഥലത്താണ്. കേരളത്തിൽ തന്നെ ഏറ്റവും അധികം കണ്ടൽക്കാടുകൾ കണ്ണൂർ ജില്ലയിലാണ്.

കണ്ണൂർ ജില്ലയിൽ കാണപ്പെടുന്ന പ്രധാന കണ്ടൽ ഇനങ്ങൾ

1. പൂക്കണ്ടൽ/പുഴക്കണ്ടൽ
2. ചെരു ഉപ്പട്ട, ചക്കപ്പ, ചാരക്കണ്ടൽ
3. ഉപ്പട്ടി, ഒറയി, ഉപ്പത്ത, ഉപ്പറ്റി
4. ചെറുക്കണ്ടൽ, പിച്ചളക്കണ്ടൽ
5. പേനക്കണ്ടൽ, കരക്കണ്ടൽ, ഓറഞ്ച് കണ്ടൽ
6. സ്വർണ്ണക്കണ്ടൽ
7. ആനക്കണ്ടൽ, മഞ്ഞക്കണ്ടൽ
8. കമ്പട്ടി, കണ്ണാംപെട്ടി
9. ചില്ലക്കമ്പട്ടി
10. വള്ളിക്കണ്ടൽ, എഴുത്താണി കണ്ടൽ
11. കടക്കണ്ടൽ, പരുതല
12. പീക്കണ്ടൽ
13. ഭ്രാന്തൻക്കണ്ടൽ, പനച്ചിക്കണ്ടൽ
14. നക്ഷത്രക്കണ്ടൽ
15. ചക്കരക്കണ്ടൽ, ബ്ലാത്തി, ആപ്പിൾക്കണ്ടൽ

കണ്ടൽ വൃക്ഷങ്ങൾ കാണപ്പെടുന്ന പഞ്ചായത്ത്/മുൻസിപ്പാലിറ്റി

1. ഏഴോം
2. ചെറുകുന്ന്
3. കണ്ണപുരം
4. പട്ടുവം
5. പാപ്പിനിശ്ശേരി
6. മാടായി
7. കുഞ്ഞിമംഗലം
8. മാട്ടൂൽ
9. രാമന്തളി
10. മേലൂർ
11. കതിരൂർ

12. ധർമടം
13. എടക്കാട്
14. മുഴപ്പിലങ്ങാട്
15. ചൊക്ലി
16. തലശ്ശേരി മുൻസിപ്പാലിറ്റി
17. പയ്യന്നൂർ മുൻസിപ്പാലിറ്റി

ജില്ലയിലെ സ്വാഭാവിക വനങ്ങളിൽ നിത്യഹരിതവനങ്ങൾ, അർദ്ധ നിത്യഹരിതവനങ്ങൾ, ഇലപൊഴിയും കാടുകൾ എന്നിവ ഉൾപ്പെടുന്നു. ഇവയിൽ കൂടുതലും നിത്യഹരിതവനങ്ങളാണ്. ഇതിൽ പ്രധാനമായും കമ്പകം, പാലി, പൂന്ന, വെള്ളപൈൻ, ഞാവൽ, ചുവന്ന അകിൽ, ചോലവേങ്ങ, കുളിർമാവ്, വയനാവ്, വേങ്ങ കരിമരുത്, ഈട്ടി, തേക്ക് ചടച്ചി, കുമിൾ, ചമത, ഇലവ് മരുതി, ഇരുൾ, കരയം, കൊടംപുളി, എണ്ണപൈൻ, കുന്തിക്കപൈൻ, മഞ്ഞകടമ്പ്, നീർകടമ്പ്, ആൽ, വെള്ളകിൽ, ചീനി, നിലി എന്നീ മരങ്ങളും മറ്റ് വനവിഭവങ്ങളായ മുള, ഈറ്റ, ചൂരൽ, മുതലായവയും, കൂടാതെ വിവിധ തരം ഔഷധസസ്യങ്ങളും കാണപ്പെടുന്നു. അപൂർവ ഇനമായ വെള്ളകിൽ, കരിമരം, അശോകം, എന്നിവ പ്രകൃതിദത്തമായി കണ്ണവം വനമേഖലയിൽ കാണപ്പെടുന്നു. കണ്ണവത്ത് ബൾസ, ആന്റമാൻ പഡോക്കിന്റെയും അപൂർവ തോട്ടങ്ങളും കാണാം. കൊട്ടിയൂർ, കുന്നത്തൂർപാടി ക്ഷേത്രങ്ങൾ വനത്തിലുള്ള പ്രധാന തീർത്ഥാടന കേന്ദ്രങ്ങളാണ്.

ആദിവാസികൾ

ജില്ലയിലെ വനപ്രദേശങ്ങളിൽ കണ്ണവം, കൊട്ടിയൂർ എന്നീ റെയിഞ്ചിലെ റിസർവ് വനങ്ങളിൽ ആദിവാസികൾ താമസിച്ചുവരുന്നു. ഇവരിൽ മുഖ്യമായും കുറിച്യ സമുദായത്തിൽപ്പെട്ടവരും ബാക്കിയുള്ളവർ പണിയ സമുദായത്തിൽപ്പെട്ടവരുമാണ്. കുറിച്യ വിഭാഗത്തിൽപ്പെട്ടവർ സാമൂഹികമായും സാമ്പത്തികമായും മുന്നാക്കമാണെങ്കിലും പണിയ സമുദായത്തിൽപ്പെട്ടവർ ഇപ്പോഴും പിന്നാക്കം നിൽക്കുന്നവരാണ്.

വനത്തിലും വനത്തിന് സമീപത്തും താമസിക്കുന്ന പട്ടികവർഗക്കാർക്ക് 14.03.1995 ലെ 12/95 വനം വന്യജീവിവകുപ്പ് ഉത്തരവിൻ പ്രകാരം ഇൻഷൂറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. വന്യജീവി ആക്രമണം ഉൾപ്പെടെയുള്ള അപകടം മൂലം മരണപ്പെടുകയോ, പൂർണമായും അംഗവൈകല്യം സംഭവിക്കുകയോ ചെയ്താൽ 1 ലക്ഷം രൂപയും ആശുപത്രി ചെലവുകൾക്കായി 5000/-രൂപയും ലഭിക്കും. ആശുപത്രിയിലേക്കുള്ള യാത്രചെലവുകൾക്കായി 1000/-രൂപയും നൽകും. പ്രകൃതി ദുരന്തം, കാട്ടുമൃഗങ്ങളുടെ ആക്രമണം എന്നിവ കാരണം പാർപ്പിടം നഷ്ടപ്പെട്ട വനത്തിൽ താമസിക്കുന്നവർക്ക് പ്രതിവർഷം 5000/-രൂപയുടെ ഇൻഷൂറൻസ് പരിരക്ഷയാണ് നൽകുന്നത്.

തണ്ണീർത്തടങ്ങൾ

6 മീറ്റർ താഴ്ചവരെയുള്ള വലിയ ജലാശയങ്ങളും, മറ്റു ഉൾനാടൻ ജലാശയങ്ങളും പൊതുവെ തണ്ണീർത്തടങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നു. കായലുകളും നദികളും, അരുവികളും, വയലുകളും കോൾ നിലങ്ങളും, തണ്ണീർത്തടങ്ങളിൽ ഉൾപ്പെടുന്നതാണ്. ഭൂഗർഭജല ലഭ്യതയിൽ ഇവ നിർണായകമായ സ്വാധീനമാണ് ചെലുത്തുന്നത്. പണ്ട് ശുദ്ധജല ലഭ്യതയിൽ കേരളം ഇതരസംസ്ഥാനങ്ങളെക്കാൾ വളരെ മുന്നിലായിരുന്നു. അതിനുകാരണം അതിസമ്പന്നമായ നമ്മുടെ തണ്ണീർത്തടങ്ങൾ തന്നെയാണ്. എന്നാൽ വീടുവെക്കാനും, കെട്ടിടങ്ങൾ പണിയാനും, വ്യാപാര സമുച്ചയങ്ങൾ തീർക്കാനും മറ്റുമായി തണ്ണീർത്തടങ്ങൾ നികത്തിയതോടെ വേനലിൽ കേരളം ദാഹിച്ചുവലയാൻ തുടങ്ങി. അവശേഷിച്ച തണ്ണീർത്തടങ്ങൾ എങ്കിലും സംരക്ഷിക്കപ്പെട്ടില്ലെങ്കിൽ അരിയും, പച്ചക്കറിയും, ഇറക്കുമതി ചെയ്യുന്നതുപോലെ നമുക്ക് വെള്ളവും ഇറക്കുമതി ചെയ്യേണ്ടുന്ന അവസ്ഥ ഉണ്ടാകുന്നതാണ്. 2006 ലെ രാംസർ കൺവെൻഷൻ അനുസരിച്ച് തണ്ണീർത്തടങ്ങളുടെ പാരിസ്ഥിതികമൂല്യം വളരെ അധികമാണ്.

ഉദാഹരണമായി

Forest	2007 US $
Mangrove	9990 US $
Swamp	14580 US $
Wetland	14786 US $
Estuaries	22830 US $


Watershed Map
Kannur Forest Division
N
75°10'0"E
75°20'0"E
75°30'0"E
75°40'0"E
75°50'0"E
12°30'0"N
12°20'0"N
12°10'0"N
12°0'0"N
11°50'0"N
11°40'0"N
11°30'0"N
Kasargod Division
Karnataka
37 K
36 K
35 P
33 K
34 R
32 V
31 A
30 T
29 M
Aralam Wildlife Sanctuary
Wayanad North Division
Wayanad South Division
Malabar Wildlife Sanctuary
Kozhikkode Division
Arabian Sea
Legend
Division boundary
29 M - Mahe River
30 T - Thalassery River
31 A - Anjarakandi River
32 V - Valapattanam River
33 K - Kuppam River
34 R - Ramapuram River
35 P - Peruvamba River
36 K - Kavvai River
37 K - Karingotte River
Waterbody
1:500,000
1 centimeter = 5,000 meters
Geo Informatics Centre
Kerala Forest Department
Thiruvananthapuram

കണ്ണൂർ ജില്ലയെ 627 തണ്ണീർത്തടങ്ങളായി തിരിച്ചിട്ടുണ്ട്. അവയുടെ പട്ടിക താഴെ നൽകുന്നു

ക്രമ നമ്പർ	മുൻഗണന	എണ്ണം	വിസ്തീർണം
1	High	174	101114 ഹെക്ടർ
2	Medium	395	173328 ഹെക്ടർ
3	Low	58	21279 ഹെക്ടർ

ഉത്തരകേരളത്തിലെ 91 തണ്ണീർത്തടങ്ങളിൽ കണ്ണൂർ ജില്ലയിലെ പ്രധാന തണ്ണീർത്തടങ്ങൾ

1) കുണിയൻ-ചെമ്പല്ലിക്കുണ്ട്-ചെറുകുന്ന് ഗ്രൂപ്പ്

- മടക്കര കണ്ടർകാട്
- അയ്യോത്ത് നെൽവയൽ
- അമ്പലപ്പറം -ചെറുകുന്ന്
- തെക്കുമ്പാട് -ചെറുകുന്ന്
- മുട്ടിൽപ്പാലം-കണ്ടൽക്കാട്
- മുണ്ടപ്പറം -കണ്ടൽക്കാട്
- ചേര-പാന്തോട്ടം
- കീച്ചേരിവയൽ
- നരിക്കോട് തണ്ണീർത്തടങ്ങൾ
- ചെമ്പല്ലിക്കുണ്ട്
- ചെങ്കുരിച്ചാൽ
- പാനവയൽ
- എടാട്ട്- പുള്ളംകണ്ടംവയൽ
- ചെറുതാഴം-ഊക്കര
- പാലക്കോട്-കണ്ടൽപ്പാലം
- കുന്നരു
- കുണിയൻ-എടാട്ടുമ്മൽ
- കീഴറ വയൽ
- ദാലിൽ-കണ്ടൽക്കാട്
- ഏഴോം
- പഴശ്ശി-റിസർവോയർ

കാട്ടാമ്പള്ളി ഗ്രൂപ്പ്

1) കാട്ടാമ്പള്ളി കായൽ (മുണ്ടിരക്കടവ്, പുറത്തിക്കടവ്, വാരംകടവ്, പുല്ലൂപ്പിക്കടവ്)

2) മാപ്പിളബേ

ധർമടം -മുഴപ്പിലങ്ങാട് ഗ്രൂപ്പ്

1) മുഴപ്പിലങ്ങാട് കടൽത്തീരം, ധർമടം, കൊടുവള്ളി

കണ്ണൂർ ജില്ലയിലെ കാവുകൾ

ആരാധനയുടേയും മതപരമായ വിശ്വാസത്തിന്റെയും പേരിൽ മാത്രം നിലനിർത്തപ്പെട്ട നിത്യഹരിതവനങ്ങളുടെ ചെറുതുരുത്തുകളാണ് കാവുകൾ. നാട്ടിൻപുറത്തിന്റെ ശ്വാസകോശങ്ങളായ കാവുകൾ നമ്മുടെ ഗ്രാമപ്രദേശങ്ങൾക്ക് ശുദ്ധവായു പ്രദാനം ചെയ്യുന്നു. കീടങ്ങളെ നശിപ്പിക്കുന്ന നിരവധിയിനം പക്ഷികൾക്കും ഉരഗങ്ങൾക്കും ഉഭയജീവികൾക്കും മറ്റ് ചെറുജീവികൾക്കും അഭയം നൽകിയും ജലത്തെ മണ്ണിനടിയിലേക്ക് ഇറക്കി ചുറ്റുപാടുമുള്ള പ്രദേശത്ത് ശുദ്ധജലവും കാർഷിക ആവശ്യങ്ങൾക്കുള്ള വെള്ളവും നൽകിയും കാവുകൾ പാരിസ്ഥിതിക സേവനം ചെയ്തു വരുന്നു. അപൂർവമായിക്കൊണ്ടിരിക്കുന്ന നിരവധിയിനം

ഔഷധസസ്യങ്ങൾക്കും കാവുകൾ അഭയം അരുളുന്നു. അവശേഷിക്കുന്ന ഈ പച്ചത്തുരുത്തുകളെ സംരക്ഷിക്കുവാനും പരിപോഷിപ്പിക്കുവാനും നാം മുന്നോട്ട് വരേണ്ടതുണ്ട്.

കണ്ണൂർ ജില്ലയിലെ കാവുകളുടെ വിവരങ്ങൾ പഞ്ചായത്ത്-മുൻസിപ്പാലിറ്റി തരംതിരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു

കണ്ണൂർജില്ലയിലെ കാവുകൾ			
ക്രമ നമ്പർ	**കാവിന്റെ പേരും സ്ഥലപ്പേരും**	**പഞ്ചായത്ത്/മുൻസിപ്പാലിറ്റി**	**ഉദ്ദേശ വിസ്തീർണം (ഹെക്ടർ)**
1	അണ്ടലൂർകാവ്, അണ്ടലൂർ	ധർമടം	0.60
2	നാഗത്തടം സർപ്പരാജക്കാവ്, ചേലോറ	ചേലോറ	0.80
3	വേട്ടക്കൊരു മകൻ കാവ്, ചേലോറ	ചേലോറ	0.94
4	ഇരിവേരി പിരി ദേവസ്വം	ചെമ്പിലോട്	2
5	കിഴക്കൻകാവ്, കാട്ടൂർ	കൂറ്റ്യാട്ടൂർ	0.40
6	വരയിൽകാവ് കൊടോളിപ്രം	കൂറ്റയിൽ	1.60
7	ചിറയിൽകാവ്, പട്ടാന്നൂർ	കൂറ്റയിൽ	0.40
8	നീലിയാർകോട്ടം, മൊറാഴ	ആന്തൂർ	4
9	നീലമുറ്റം	ഇരിക്കൂർ	0.80
10	അരമതിയൂട് മാത്ത	കണ്ണൂർ	0.40
11	ശാസ്താംകാവ്, പൂങ്ങോട്ട്	മട്ടന്നൂർ	14
12	കളരിവാതുക്കൽ	വളപട്ടണം	3.6
13	കയ്യത്ത് നാഗം	പട്ടുവം	12
14	പർപ്പർകാവ്	പട്ടുവം	4
15	കരുവാക്കാവ്, കണ്ണപുരം	കണ്ണപുരം	0.40
16	കുന്നുമേലോം, ചെറുകുന്ന്	ചെറുകുന്ന്	2.40
17	താഴെക്കാവ്, തെക്കുമ്പാട്	മാട്ടൂൽ	7.2
18	ചാമക്കാവ്, വെള്ളൂർ	പയ്യന്നൂർ	3.6
19	കോളിച്ചാൽ വീരൻ കോട്ടം, കാനായി	പയ്യന്നൂർ	1
20	തലയന്നേരിക്കാവ്	പയ്യന്നൂർ	0.12
21	കൃഷ്ണമതിലകം മുതിയലം	പയ്യന്നൂർ	0.20
22	മാങ്കുളം നാഗം കോരോം	പയ്യന്നൂർ	0.12
23	കാരായിൽനാഗം കണ്ടോത്ത്	പയ്യന്നൂർ	0.12
24	കണ്ടംവളപ്പിൽ തറവാട് നാഗം കണ്ടോത്ത്	പയ്യന്നൂർ	0.12
25	കോയിക്കനി തറവാട് നാഗം കണ്ടോത്ത്	പയ്യന്നൂർ	0.08
26	വരീക്കരക്കാവ്, കൊഴുമ്മൽ	കരിവെള്ളൂർ-പെരളം	1.2
27	മൂകാംബികക്കാവ്, പാലിയേരി	കരിവെള്ളൂർ-പെരളം	2.40
28	പറമ്പത്ത് നാഗം, കരിവെള്ളൂർ	കരിവെള്ളൂർ-പെരളം	0.40
29	പുഴക്കരമുണ്ടായ നാഗക്കാവ്, പുനയം	കരിവെള്ളൂർ-പെരളം	0.60
30	ഓയിരിത്തറവാട് നാഗം	കരിവെള്ളൂർ-പെരളം	0.80
31	തവിടിശ്ശേരിക്കാവ്	പെരിങ്ങോം-വയക്കര	20
32	ഉപ്പർക്കാവ്, പൊന്നുംപാറ	പെരിങ്ങോം-വയക്കര	1.2
33	അരവഞ്ചാൽകാവ്, അരവഞ്ചാൽ	പെരിങ്ങോം-വയക്കര	2.8
34	ഭ്രതത്താൻകാവ്, അരവഞ്ചാൽ	പെരിങ്ങോം-വയക്കര	0.40
35	വെളളരിയൻകാവ്	കടന്നപ്പള്ളി-പാണപ്പുഴ	0.80
36	നിലൽച്ചാൽകാവ്, കാങ്കോൽ	കാങ്കോൽ	2
37	തെയ്യോട്ട് കാവ്	ആലപ്പടമ്പ്	24
38	കുൽശിനിചാൽക്കാവ് ഇളളവവാക്കും	ആലപ്പടമ്പ്	3.2
39	കൃഷ്ണൻമതിലകം, കരിങ്കുഴി	ആലപ്പടമ്പ്	0.40
40	കുങ്കിൾശിവക്ഷേത്രം നാഗക്കാവ്	ആലപ്പടമ്പ്	0.40
41	മടത്തിക്കാവ്, ചെമ്പല്ലിക്കുണ്ട്	ചെറുതാഴം	0.20
42	ഊക്കണ്ടി നാഗം	ചെറുതാഴം	0.08
43	വാരാനക്കോടില്ലം	ചെറുതാഴം	0.20
44	കിഴക്കെയരക്കാവ്, വെങ്ങര	മാടായി	0.20
45	മാടായിക്കാവ്, എരിപുരം	മാടായി	6
46	ചെണ്ടുക്കുളങ്ങര ഇല്ലം നാഗക്കാവ്	രാമന്തളി	0.04
47	കണിയാർക്കാവ്, ഏഴിമല	രാമന്തളി	0.80
48	പ്രമൽച്ചേരിക്കാവ്, കുന്നര	രാമന്തളി	0.40
49	പാറക്കാവ്, കുന്നരു	രാമന്തളി	0.40

50	പൊങ്കരാട്ട് കാവ് മൂബരിക്കോവിൽ	കുഞ്ഞിമംഗലം	0.40
51	കുഞ്ഞിമംഗലം തറവാട്ട് കാവ്	കുഞ്ഞിമംഗലം	0.08
52	എടാട്ട് നാഗം എടാട്ട്	കുഞ്ഞിമംഗലം	0.20
53	എടാട്ട് കാവ് എടാട്ട്	കുഞ്ഞിമംഗലം	0.12
54	മുതുക്കാട്ട് കാവ്, എരമം	എരമം-കുറ്റൂർ	0.80
55	അടക്കാപറം കാവ്, കുറ്റൂർ	എരമം-കുറ്റൂർ	0.40
56	കരിമൻകാവ് കക്കറ	എരമം-കുറ്റൂർ	0.40
57	കരിപ്പാൽനാഗം	കടന്നപ്പള്ളി-പാണപ്പുഴ	0.08

വനവിഭവങ്ങൾ

തടി, വിറക്, മുള, ഓട, ചൂരൽ, കുന്തിരിക്കം, കക്കുംകായ, എരങ്കോൽ, മരമഞ്ഞൾ, പത്തിരിപ്പൂവ്, ചീനിക്കായ, സോപ്പുകായ, തേൻ, നെല്ലി, മരോട്ടിക്കുരു, ഇഞ്ച, കാഞ്ഞിരക്കുരു മുതലായവയും വിവിധയിനം ഔഷധ സസ്യങ്ങളുമാണ് ജില്ലയിലെ വനങ്ങളിൽ നിന്നും പ്രധാനമായി ലഭിക്കുന്നത്.

കണ്ണൂർ ജില്ലയിൽ വനമേഖലയിൽ വരുന്ന പഞ്ചായത്തുകളുടെ പട്ടിക

1. പെരിങ്ങോം-വയക്കര, 2. നടുവിൽ, 3. ഉദയഗിരി, 4. ആലക്കോട്, 5. എരുവേശ്ശി, 6. പയ്യാവൂർ, 7. പടിയൂർ-കല്യാട്, 8. തൃപ്രങ്ങോട്ടൂർ, 9. ചിറ്റാരിപ്പറമ്പ്, 10. പായം, 11. ആറളം, 2. അയ്യൻകുന്ന്, 13. കണിച്ചാർ, 14. കേളകം, 15. കൊട്ടിയൂർ, 16. മട്ടന്നൂർ മുൻസിപ്പാലിറ്റി

ജില്ലയിലെ വനമേഖലയിൽ കാണപ്പെടുന്ന പ്രധാന വന്യമൃഗങ്ങൾ

ആറളം കൊട്ടിയൂർ വനമേഖലയിൽ കടുവയുടെ സാന്നിധ്യമുണ്ട്. കണ്ണവം-കൊട്ടിയൂർ മഞ്ഞപ്പുല്ല് മേഖലയിൽ രാജവെമ്പാലയും കാണപ്പെടുന്നു. കൂടാതെ ആന, കാട്ടുപോത്ത്, പുലി, മലയണ്ണാൻ, കുരങ്ങ്, കാട്ടുപൂച്ച, കുറുക്കൻ, കുറുനരി, മ്ലാവ്, കാട്ടാട്, കുരൻ, കാട്ടുപന്നി തുടങ്ങിയ നിരവധി മൃഗങ്ങളും കണ്ണൂരിലെ വനമേഖലയിൽ ധാരാളമായി കാണപ്പെടുന്നു.

മാടായിപ്പാറ

ഏകദേശം 50 ഹെക്ടറോളം പുൽമേടുകൾ നിറഞ്ഞ സ്ഥലമാണ് മാടായിപ്പാറ. കണ്ണൂർ ജില്ലയിലെ മാടായി വില്ലേജിൽ സ്ഥിതിചെയ്യുന്നു. അപൂർവങ്ങളായ സസ്യങ്ങളുടേയും ദേശാടനക്കിളികളുടേയും കേന്ദ്രമാണ് ഇവിടം. കൊടിയ വേനലിൽ പോലും വറ്റാത്ത ജലാശയം ഇവിടെയുണ്ട്. അടുത്തകാലം വരെ സമീപത്തുള്ള ചൈനാ ക്ലേ കമ്പനിയുടെ പ്രവർത്തനം മാടായിപ്പാറയ്ക്ക് ഭീഷണി വരുത്തിയിരുന്നു. എന്നാൽ പ്രകൃതി സ്നേഹികളുടെയും ഇടപെടൽ മൂലം ഇപ്പോൾ ഈ ഭീഷണി ഇല്ലാതായിട്ടുണ്ട്. വേനൽക്കാലത്ത് പതിവായി പുൽമേടുകൾ തീപിടിച്ച്, നശിക്കുന്നതിനാലും ജൈവവൈവിധ്യത്തിന് ഭീഷണി നേരിടുന്നുണ്ട്. ദിനംപ്രതി നിരവധി വാഹനങ്ങളുടെ അനിയന്ത്രിതമായ സഞ്ചാരം മാടായിപ്പാറയുടെ ജൈവവൈവിധ്യം ശോഷിക്കാൻ കാരണമായിട്ടുണ്ട്. ഇത് നിയന്ത്രിക്കേണ്ടതാണ്. കൂടാതെ ജൈവവേലി കെട്ടി സംരക്ഷിക്കേണ്ടതും വിനോദസഞ്ചാരികൾക്ക് നിയന്ത്രണമേർപ്പെടുത്തേണ്ടതും ആത്യാവശ്യമാണ്.

മനുഷ്യ വന്യജീവി സംഘർഷത്തിന്റെ പ്രധാനപ്പെട്ട കാരണങ്ങൾ താഴെ പറയുന്നവയാണ്

1. വനഭൂമിയും കൃഷിഭൂമിയും ചേർന്നുകിടക്കുന്നത്
2. ജലദൗർലഭ്യം
3. മുളം കൂട്ടങ്ങൾ പൂർണ്ണമായും നശിച്ചത് മൂലമുള്ള ഭക്ഷ്യ ദൗർലഭ്യം
4. വനത്തിന് പുറത്തെ ഭക്ഷണ ലഭ്യത
5. വനഭൂമികൾ വേർതിരിക്കപ്പെട്ടതും ആനത്താരകൾ മുറിക്കപ്പെട്ടതും
6. കാട്ടുതീ ഉൾപ്പെടെയുള്ള പ്രതിഭാസങ്ങളും കാലാവസ്ഥാ വ്യതിയാനം മൂലമുള്ള വനശോഷണവും
7. വനത്തിനോട് ചേർന്നുള്ള കൃഷി ഭൂമികൾ തെളിക്കപ്പെടാതെ കാടുപിടിച്ച് കിടക്കുന്നത്.
8. വന്യജീവികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്
9. ജലത്തിനും തീറ്റയ്ക്കുമായി ആന ഉൾപ്പെടെയുള്ള വന്യജീവികൾ വേനൽ കാലത്ത് മറ്റ് പ്രദേശങ്ങളിൽ നിന്നു പോലും എത്തി വയനാടൻ കാടുകളിൽ തമ്പടിക്കുന്നു. ഇതിന്റെ ബാഹുല്യം മൃഗങ്ങളെ വനത്തിന് പുറത്തേക്ക് എത്തിക്കുന്നതിന് കാരണമാകുന്നു.

10. കാർഷിക പ്രദേശങ്ങൾ, റോഡുകൾ, കെട്ടിടങ്ങൾ മുതലായവ ആനത്താരകൾ മുറിയുന്നതിനും ആനകളുടേയും മറ്റ് മൃഗങ്ങളുടേയും സ്വതന്ത്രമായ സഞ്ചാരത്തെ തടസ്സപ്പെടുത്തുന്നതിനും കാരണമാകുന്നു.
11. സ്വാഭാവിക വനങ്ങൾ വെട്ടി പ്ലാന്റേഷനുകൾ ആക്കി മാറ്റം വരുത്തിയതും കാരണമാകുന്നു.

മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള പ്രതിരോധ പദ്ധതികൾ

കണ്ണൂർ ഡിവിഷൻ കീഴിൽ വന്യജീവി ശല്യം നേരിടുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ച് വരുന്നു. കണ്ണൂർ ജില്ലയിൽ പ്രധാനമായും ആന, കാട്ടുപന്നി, കാട്ടുപോത്ത് തുടങ്ങിയ മൃഗങ്ങളിൽ നിന്നുള്ള ശല്യമാണ് കൃഷിനാശത്തിന് കൂടുതൽ ഇടവരുത്തുന്നത്. പ്രധാനമായും വനമേഖലകൾ കയ്യേറി വീടുവെയ്ക്കുകയും, കൃഷി നടത്തുകയും ചെയ്ത് വരുന്ന സ്ഥലങ്ങളിലാണ് വന്യജീവി ശല്യം രൂക്ഷമായി ഉള്ളത്. ആയത് നിയന്ത്രിക്കുന്നതിന് വനം വകുപ്പ് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്.

കൊട്ടിയൂർ റെയിഞ്ചിൽ വളയംചാൽ മുതൽ അടക്കാത്തോട് വരെ കേളകം പഞ്ചായത്തിൽ നിർമിക്കുന്ന ആന സംരക്ഷണ മതിലിന്റെ പുരോഗതി സംബന്ധിച്ച്

ഗവൺമെന്റ് ഉത്തരവ് ജി.ഒ.(ആർ.ടി) 106/15 തീയ്യതി 16.3.2015 പ്രകാരം കണ്ണൂർ ജില്ലയിൽ 1360 ലക്ഷം രൂപയുടെ എലിഫന്റ് പ്രൂഫ് വാളിനുള്ള അനുമതി ലഭിക്കുകയും ജി.ഒ.(ആർ.ടി.)83/2016/എഫ് ആന്റ് ഡബ്ല്യു.എൽ.ഡി തീയ്യതി 25.2.2016 പ്രകാരം പ്രസ്തുത പ്രവൃത്തി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിക്കുകയും ജി.ഒ.(ആർ.ടി)89/16/എഫ് എഫ് ആന്റ് ഡബ്ല്യു.എൽ.ഡി തീയ്യതി 26.2.2016 പ്രകാരം സാങ്കേതിക അനുമതി ലഭിക്കുകയുമുണ്ടായി.

3.3.2016 ന് ഊരാളുങ്കൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രസിഡണ്ടും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കണ്ണൂരും എഗ്രിമെന്റ് ഒപ്പിടുകയും പ്രവൃത്തി ആരംഭിക്കുകയുമുണ്ടായി. പ്രസ്തുത പ്രവൃത്തിക്ക് ഇതുവരെയായി 258.4 ലക്ഷം രൂപ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് മൊബലൈസേഷൻ അഡ്വാൻസ് ആയി അനുവദിക്കുകയുണ്ടായി. മൊത്തം 9.25 കി.മീറ്റർ ദീർഘത്തിൽ നിർമിച്ചുവരുന്ന പ്രസ്തുത മതിലിന്റെ പ്രവൃത്തിയുടെ 95% പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്.

തളിപ്പറമ്പ് റെയിഞ്ച്

തളിപ്പറമ്പ് റെയിഞ്ചിന്റെ പരിധിയിൽ വനാതിർത്തിയുമായി ബന്ധപ്പെട്ട് പ്രധാനമായും 6 പഞ്ചായത്തുകളാണ് ഉള്ളത്. ഈ പഞ്ചായത്തുകളിൽ താഴെ പറയുംപ്രകാരം സൗരോർജ്ജ കമ്പിവേലി നിർമാണം നടത്തിയിട്ടുണ്ട്.

ക്രമനമ്പർ	പഞ്ചായത്ത്	ദൂരം (കി.മീറ്റർ)	റിമാർക്സ്
1	ഉദയഗിരി	13 കി.മീ.	ഗവണ്മെന്റ് ഉത്തരവ് ജി.ഒ(എം.എസ്)നമ്പർ/2013 / F&WLD തീയ്യതി പ്രകാരം മേൽ പ്രവൃത്തികളുടെ പരിചരണം നടത്തുന്നതിനായി അതാത പഞ്ചായത്തുമായി എഗ്രിമെന്റ് വെച്ചിട്ടുണ്ട്.
2	പയ്യാവൂർ	4 കി.മീ.	
3	ആലക്കോട്	4 കി.മീ.	
4	ഉളിക്കൽ	11 കി.മീ.	
5	നടുവിൽ	8 കി.മീ.	
6	എരുവേശ്ശി	6.2 കി.മീ.	

കുരങ്ങ് ശല്യം രൂക്ഷമായ ഉദയഗിരി-ആലക്കോട് പഞ്ചായത്തുകളിൽ ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അനുവാദത്തോടുകൂടി കുരങ്ങുകളെ പിടികൂടി ഉൾക്കാട്ടിൽ വിടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അപ്പർചീക്കാട് ഭാഗത്ത് കടുവശല്യം ഉണ്ടായപ്പോൾ ആയതിനെ പിടികൂടുന്നതിനുള്ള കൂടു സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ അപ്പർചീക്കാട് ഭാഗത്ത് സോളാർ ഫെൻസിംഗ് നടത്തുന്നതിനുള്ള പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

കണ്ണവം റെയിഞ്ച്

കോളയാട് പഞ്ചായത്ത്

കണ്ണവം റെയിഞ്ചിൽപെട്ട പെരുവ ചെമ്പുക്കാവ് ഭാഗം കോളയാട് പഞ്ചായത്തിലെ വാർഡ് 13 ൽ പെട്ടതാണ്. കുറിച്യ വിഭാഗത്തിൽപെട്ട ആദിവാസികളാണ് ഇവിടുത്തെ ഭൂരിപക്ഷ വിഭാഗം. പെരുവ, ചെമ്പുക്കാവ്, കൊളപ്പ, ആക്കംമൂല, കടൽകണ്ടം മുതലായവയാണ് പ്രധാനപ്പെട്ട കോളനികൾ. മേൽപറഞ്ഞ വലിയ കോളനികളിൽ നിന്നും മാറി കണ്ണവം പുഴയുടെ കിഴക്കെ കരയിലായും കോളയാട് പഞ്ചായത്തിലെ തന്നെ

ചീക്കേരി കോളനിക്ക് സമീപത്തുമായി പണ്ട് പാട്ടത്തിന് കൊടുത്ത ധാരാളം ചെറിയ ബിറ്റുകൾക്ക് പിന്നീട് വനാവകാശ നിയമപ്രകാരം ടൈറ്റിൽ കൊടുത്തിട്ടുണ്ട്. ഇത്തരം ചെറിയ ബിറ്റുകളിൽ കൃഷിയുണ്ടെങ്കിലും ആളുകൾ താമസിക്കുന്നില്ല. പുഴയോട് ചേർന്ന് കിടക്കുന്ന ഇത്തരം സ്ഥലങ്ങളിൽ വാഴ, തെങ്ങ്, കവുങ്ങ് എന്നിവയാണ് പ്രധാന കൃഷി.

ബിറ്റുകളായി കിടക്കുന്നതിനാൽ തന്നെ ഇത്തരം സ്ഥലങ്ങൾ വൈദ്യുതവേലി കെട്ടി സംരക്ഷിക്കുകയോ വാച്ചർമാരെ നിർത്തുകയോ സാധ്യമല്ല. ഇക്കാര്യം ആളുകളുമായി മുൻപ് തന്നെ ചർച്ച ചെയ്തിരുന്നു. ഒറ്റപ്പെട്ട് കിടക്കുന്ന ആൾത്താമസമില്ലാത്ത കൃഷിയിടങ്ങൾക്ക് പകരം വലിയ കോളനികൾക്ക് സമീപത്തായി ഭൂമി ലഭിക്കുന്ന കാര്യത്തിൽ ആളുകൾക്ക് താത്പര്യമുണ്ട്. ഇക്കാര്യം ഊര് കൂട്ടങ്ങളിൽ ചർച്ച ചെയ്യാൻ നിർദേശം കൊടുത്തിട്ടുണ്ട്.

ചെറിയ ബിറ്റായി ചിതറിക്കിടക്കുന്ന കൃഷിസ്ഥലങ്ങൾ അവിടെ നിന്ന് മാറുന്നത് വന്യമൃഗ സംഘർഷം കുറക്കുന്നതിനും വന്യമൃഗങ്ങൾക്ക് കാട്ടിൽ നല്ല ആവാസ വ്യവസ്ഥ ലഭിക്കുന്നതിനും കാരണമാകും.

വികസന പ്രശ്നങ്ങൾ

വനമേഖലകൾ നേരിടുന്ന പ്രധാനപ്പെട്ട വെല്ലുവിളികൾ

1. മനുഷ്യവന്യജീവി സംഘർഷം
2. വനം കയ്യേറ്റങ്ങൾ
3. കാട്ടുതീ
4. കാലാവസ്ഥാ വ്യതിയാനം മൂലമുള്ള സ്വാഭാവിക വനത്തിന്റെ ശോഷണം
5. ജല സ്രോതസ്സുകളുടെ ശോഷണം
6. ഏകവിള പ്ലാന്റേഷനുകൾ
7. വന്യജീവി വേട്ട
8. തടിയിതര വനവിഭവങ്ങളുടെ അനിയന്ത്രിതമായ ശേഖരണം
9. ജീവനക്കാരുടെ അഭാവം
10. കാലിമേച്ചിൽ
11. വ്യാജ മദ്യ നിർമാണം
12. വനോൽപ്പന്നങ്ങളുടെ അനധികൃത ശേഖരണം

മനുഷ്യവന്യജീവി സംഘർഷം

വനംവകുപ്പിന്റെ അധികാര പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ വനവുമായി അതിർത്തിവരുന്ന എല്ലാ ജനവാസ കേന്ദ്രങ്ങളിലും രൂക്ഷമായ മനുഷ്യ-വന്യജീവി സംഘർഷം നിലനിൽക്കുന്നുണ്ട്. കാട്ടാന, കുരങ്ങ്, കാട്ടുപന്നി, മാൻ, കാട്ടുപോത്ത് മുതലായ വന്യമൃഗങ്ങൾ സ്വകാര്യ കൃഷിയിടങ്ങളിൽ ഇറങ്ങി വ്യാപകമായി കൃഷി നശിപ്പിക്കുകയും സ്ഥാവര ജംഗമ വസ്തുക്കൾ നശിപ്പിക്കുകയും ചെയ്യുന്നത് പതിവായിട്ടുണ്ട്. കൂടാതെ കടുവ, പുലി, എന്നിവ വളർത്തുമൃഗങ്ങളെ ആക്രമിക്കുന്നതും പതിവാണ്. സമീപകാലത്ത് മനുഷ്യന് നേരെയും പല സ്ഥലങ്ങളിലും ആക്രമണം ഉണ്ടാവുകയും മനുഷ്യർക്ക് ജീവഹാനി സംഭവിക്കുകയും ചെയ്തിട്ടുണ്ട്.

കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി നൽകിയ നഷ്ടപരിഹാരം സംബന്ധിച്ച വിവരങ്ങൾ (2012-17)

ക്രമ നമ്പർ	വിഭാഗം	ഗുണഭോക്താക്കൾ	നൽകിയ തുക
2012-13			
1	വിളനാശം	528	35,67,492
2	മരണം	14	14,00,000
3	പരിക്ക്	160	6,89,457
		ആകെ	56,56,949
			2013-14
1	വിളനാശം	446	40,00,412
2	മരണം	12	12,00,000
3	പരിക്ക്	87	16,51,673
4	കാറ്റിൾ ലോസ്	5	92,000

		ആകെ	69,44,085
			2014-15
1	വിളനാശം	467	32,23,000
2	പരിക്ക്	185	48,66,000
3	കാറ്റിൾ ലോസ്	14	2,70,000
4	പ്രോപ്പർട്ടി ഡാമേജ്	1	18,000
		ആകെ	83,77,000
			2015-16
1	വിളനാശം	342	25,02,271
2	പരിക്ക്	126	34,89,152
3	മരണം	10	12,00,000
4	കാറ്റിൾ ലോസ്	9	1,30,975
		ആകെ	73,22,398
			2016-17
1	വിളനാശം	321	21,81,233
2	പരിക്ക്	233	52,96,457
3	മരണം	4	4,00,000
4	കാറ്റിൾ ലോസ്	12	2,25,640
		ആകെ	81,03,330

മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള പ്രതിരോധ പദ്ധതികൾ

പ്രതിരോധ മാർഗങ്ങൾ	
ആനക്കിടങ്ങ്	4 km
ആന പ്രതിരോധ ഭിത്തി	12.5 km
സോളാർ ഫെൻസിങ്ങ്	123.13 km

വനമേഖല നേരിടുന്ന പ്രശ്നങ്ങൾ

നിലവിലുള്ള വനങ്ങളിൽ ഏതാണ്ട് 50% അമിത ഉപഭോഗവും മറ്റ് പല കാരണങ്ങളാലും മൂല്യശോഷണം സംഭവിച്ചവയാണ്. ആയതിനാൽ മേൽപ്പടി വനപ്രദേശങ്ങൾ കണ്ടെത്തി ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും മുൻഗണന നൽകികൊണ്ടിരിക്കുകയാണ്.

വന്യജീവി ശല്യം

വനവിസ്തൃതി കുറഞ്ഞതിനാലും ജനവാസത്താൽ കാടുകൾ തുണ്ടംതുണ്ടമായിപ്പോയതിനാലും ജല സ്രോതസ്സുകൾ പലതും വറ്റിയതിനാലും ചില വന്യജീവികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചതിനാലും വനങ്ങളോട് ചേർന്ന കാർഷിക മേഖലയിലെ കർഷകർക്ക് ബുദ്ധിമുട്ടനുഭവപ്പെടുന്നു. കൊട്ടിയൂർ, അമ്പായത്തോട്, പാൽച്ചുരം, കേളകം, അടക്കാത്തോട്, ആറളം, കാഞ്ഞിരക്കൊല്ലി, ചീക്കേരി, പന്നിയോട്, ചെമ്പുക്കാവ് എന്നിവിടങ്ങളിൽ വന്യജീവി ശല്യം രൂക്ഷമായ പ്രദേശങ്ങളാണ്. ജനവാസം മൂലം മുറിഞ്ഞ് പോയ ആനത്താരകൾ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുകയും മറ്റ് പ്രദേശങ്ങളിൽ വൈദ്യുത കമ്പിവേലി സ്ഥാപിക്കുകയും വനാതിർത്തികളിൽ കിടങ്ങുകൾ കുഴിക്കുകയും ചെയ്താൽ ഒരു പരിധിവരെ വന്യജീവി ശല്യത്തെ നിയന്ത്രിക്കാവുന്നതാണ്.

ഉപഭോഗ വർദ്ധന

ജനസംഖ്യാനുപാതികമായി വനവിസ്തൃതിയും വനവിഭവങ്ങളുടെ ലഭ്യതയും വർദ്ധിക്കുന്നില്ല. ആയത് മൂലം നിലവിലുള്ള വനങ്ങളിൽ അമിത ചൂഷണം നടക്കുന്നു. പ്രധാന വിഭവമായ തടി വിദേശരാജ്യങ്ങളിൽ നിന്ന് പോലും ഇറക്കുമതി ചെയ്യേണ്ട അവസ്ഥയും സംജാതമായിരിക്കുന്നു.

കാട്ടുതീ

വനപ്രദേശത്തിന് ചുറ്റും താമസിക്കുന്നവർ തീറ്റപ്പുല്ലിന് വേണ്ടി വനപ്രദേശങ്ങളിൽ തീയിടുന്നത് പതിവാണ്. ഇത് മൂലം വനങ്ങളിലെ അമൂല്യമായ സസ്യജീവജാല ശേഖരങ്ങൾ ഇല്ലാതായിക്കൊണ്ടിരിക്കുന്നു. ജനങ്ങളെ ബോധവാന്മാരാക്കി ജനപങ്കാളിത്തത്തോടെ കാട്ടുതീ തടയുന്നതിന് വേണ്ട മുൻകരുതലുകൾ വനംവകുപ്പ് ഏറ്റെടുത്ത് വരുന്നു.

വനം കയ്യേറ്റം

ജനസംഖ്യ ക്രമാതീതമായി വർദ്ധിച്ചതിനാൽ കൃഷി ആവശ്യത്തിനും താമസ ആവശ്യത്തിനും തോട്ടം നിർമാണത്തിനുമായി അനധികൃത വനം കയ്യേറ്റങ്ങളും വന നശീകരണവും വർദ്ധിച്ചതിനാൽ വനവിസ്തൃതി കുറയുകയും മൂല്യശോഷണം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. ആദിവാസികൾ പരമ്പരാഗതമായി താമസിച്ച് വരുന്ന കോളനിയുടെ സമീപ പ്രദേശത്തേക്ക് കൃഷിയിടങ്ങൾ കാടുവെട്ടിത്തെളിച്ച് വ്യാപിപ്പിക്കുന്ന പ്രവണത നിലവിലുണ്ട്. അത് കൊണ്ടുതന്നെ വനാതിർത്തികൾ സർവേ ചെയ്ത് സ്ഥിരമായി ജണ്ട നിർമിക്കുന്ന ജോലി മുൻഗണനാടിസ്ഥാനത്തിൽ ചെയ്ത് വരികയാണ്.

കണ്ടൽ വനങ്ങളുടെ നാശം

ജില്ലയിലെ കണ്ടൽവനങ്ങളിൽ മുഖ്യഭാഗവും സ്വകാര്യ വ്യക്തികളുടെ കയ്യിലും റെയിൽവെ പുറമ്പോക്കിലും റവന്യു പുറമ്പോക്കിലുമായി വ്യാപിച്ചു കിടക്കുകയാണ്. അതിന്റെ നിലനിൽപ്പ്, കയ്യേറ്റം, മണ്ണിട്ട് നികത്തൽ, കെട്ടിട നിർമാണം മുതലായവ നിമിത്തം വൻഭീഷണി നേരിടുകയാണ്. ജില്ലയിലെ വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനും കണ്ടൽക്കാടുകളുടെ സംരക്ഷണം ഉറപ്പ് വരുത്തേണ്ടതുണ്ട്. ഇതിനായി പ്രത്യേകം പദ്ധതി തയ്യാറാക്കി ഇതിനകം ആരംഭിച്ചു കഴിഞ്ഞു.

പരിസര മലിനീകരണം

വർദ്ധിച്ചുവരുന്ന ഉപഭോഗ സംസ്കാരത്തിന്റെ ഭാഗമായും ടൂറിസത്തിന്റെ പേരിലും പാഴ്വസ്തുക്കൾ പുഴകളിലും മറ്റ് സ്ഥലങ്ങളിലും അശാസ്ത്രീയമായി നിക്ഷേപിക്കുന്നത് മൂലം പരിസ്ഥിതി പ്രശ്നങ്ങൾ ഉടലെടുത്തിട്ടുണ്ട്.

സാമൂഹ്യവനവൽക്കരണം

വനവിസ്തൃതി കുറഞ്ഞത് മൂലം തടിക്കും വിറകിനും വ്യവസായശാലകൾക്ക് ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾക്കും മറ്റുള്ള ഉപ വനവിഭവങ്ങൾക്കും ക്ഷാമം നേരിട്ട് കൊണ്ടിരിക്കുകയാണ്. ഇത് പരിഹരിക്കാൻ ലഭ്യമായ സർക്കാർ ഭൂമിയിലും മറ്റ് പുറമ്പോക്ക് ഭൂമികളിലും, റോഡുകളുടേയും റെയിൽവെ ലൈനുകളുടെ ഓരങ്ങളിലും സ്വകാര്യഭൂമിയിലും ബഹുജനപങ്കാളിത്തത്തോടെ തോട്ടങ്ങൾ വച്ചുപിടിപ്പിക്കുകയാണ് സാമൂഹ്യ വനവൽക്കരണത്തിന്റെ പ്രധാന ലക്ഷ്യം. വനോന്മൂലനം മൂലം ഉണ്ടായിട്ടുള്ള പരിസ്ഥിതി ക്ഷയം ദൂരീകരിക്കാനും, ലഘൂകരിക്കാനും വനവൽക്കരണം മൂലം സാധിക്കുകയും ചെയ്യും. ജനങ്ങൾക്ക് ആവശ്യമുള്ള നടീൽ വസ്തുക്കൾ വനം വകുപ്പിൽ നിന്ന് സൗജന്യ നിരക്കിൽ നൽകിവരുന്നുണ്ട്. സമൂഹത്തെ വനവിഭവങ്ങളുടെ കാര്യത്തിലും തൊഴിലിന്റെ കാര്യത്തിലും സ്വയംപര്യാപ്തമാക്കുകയാണ് സാമൂഹ്യവനവൽക്കരണ വിഭാഗത്തിന്റെ ലക്ഷ്യം.

നാളിതുവരെ ചെയ്ത പ്രവർത്തനങ്ങൾ/ഭാവി പ്രവർത്തനങ്ങൾ

മണ്ണ പര്യവേഷണ സംരക്ഷണ വകുപ്പ് മുഖേനയും, മറ്റ് വകുപ്പുകൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയും ജില്ലയിൽ നാളിതുവരെ നടപ്പിലാക്കിയ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ താഴെ പറയും പ്രകാരമാണ്.

ക്രമ നം	പദ്ധതിയുടെ പേര്	വിസ്തീർണം(ഹെക്ടർ)
1	ആർ.ഐ.ഡി.എഫ്.	16,499
2	പശ്ചിമഘട്ട വികസന പദ്ധതി	29,568
3	ദേശീയ നീർമറി വികസന പദ്ധതി (NWDPRA)	30,910
4	ഐ.ഡബ്ല്യു.എം.പി.	29,200
5	എൻ.എം.എസ്.എ.	940
6	മറ്റുളളവ (എൽ.എസ്.ജി.ഡി, എസ്.സി, എസ്.ടി മുതലായവ)	1,000
	ആകെ	1,08,117

എന്നിരുന്നാലും, ജില്ലയുടെ നല്ലൊരു ഭാഗം സ്ഥലങ്ങളിലും ഇനിയും നീർത്തടാടിസ്ഥാനത്തിലുള്ള മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തേണ്ടതായിട്ടുണ്ട്. വരും വർഷങ്ങളിൽ ചെയ്യാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ ഒരു ഏകദേശ സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പദ്ധതിയുടെ പേര്	13 മത് പദ്ധതി 2017/22	വർഷം 2030
1	RIDF	4,000 ഹെക്ടർ	10,000 ഹെക്ടർ
2	PMKSY	8,000 ഹെക്ടർ	25,000 ഹെക്ടർ
3	LSGD/MGrREGS	8,000 ഹെക്ടർ	5,000 ഹെക്ടർ

ജില്ലയിൽ ഇപ്പോൾ നടന്നുവരുന്ന പ്രവർത്തനങ്ങൾ

നിലവിൽ ജില്ലയിൽ വകുപ്പുമുഖേനയും നടന്നു വരുന്ന പ്രവർത്തനങ്ങൾ താഴെ പറയും പ്രകാരമാണ്.

ക്രമ നം	പദ്ധതിയുടെ പേര്	ഭൗതികം (ഹെക്ടർ)
1	ആർ.ഐ.ഡി.എഫ്.	5722 ഹെക്ടർ
2	ഐ.ഡബ്ല്യു.എം.പി.	29200 ഹെക്ടർ
	ആകെ	34922 ഹെക്ടർ

ഏറ്റെടുക്കാവുന്ന മറ്റ് പ്രവർത്തനങ്ങൾ

നീർത്തടാധിഷ്ഠിത മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് പുറമെ, താഴെ പറയുന്ന പ്രവർത്തനങ്ങൾ കൂടി ഏറ്റെടുത്ത് നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

1. കിണർ റീചാർജിംഗ്

ഓരോ പ്രദേശത്തും ലഭിക്കുന്ന മഴയുടെ പരമാവധി അളവ് മഴ പതിക്കുന്ന സ്ഥാനത്ത് വെച്ച് തന്നെ മൺപാളികളിലൂടെ ഉള്ളിലേക്ക് ഇറങ്ങാൻ സഹായിക്കുക എന്നതാണ് ജലക്ഷാമം പരിഹരിക്കാനുള്ള അടിസ്ഥാന തത്വം. 100 ചതുരശ്ര മീറ്റർ വരെ വിസ്തൃതിയുള്ള ഒരു ടെറസ്സിൽ നിന്നും ഒരു വർഷം നഷ്ടപ്പെടുന്നത് 3 ലക്ഷം ലിറ്റർ ജലമാണ്. ഇതിന്റെ പകുതിയെങ്കിലും ശരിയായ രീതിയിൽ പ്രയോജനപ്പെടുത്താൻ കഴിഞ്ഞാൽ കുടിവെള്ളക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കും.

ടെറസിൽ നിന്നും വരുന്ന ജലത്തെ ശുദ്ധീകരിച്ച് കിണറ്റിലേക്ക് എത്തിക്കുന്ന പ്രവൃത്തിയാണ് കിണർ റീചാർജിംഗ്. അതിലൂടെ കിണറിലെ ജലവിതാനം ഉയരുന്നതോടൊപ്പം ജലക്ഷാമം ഒരു പരിധിവരെ നിയന്ത്രിക്കുന്നതിനും ഭൂഗർഭ ജല പരിപോഷണത്തിനും സഹായകമാകുന്നു.

DETAILS OF WELL RECHARGE



2. കുളങ്ങളുടെ നവീകരണം/പുതിയ കുളങ്ങൾ

കൃഷി ആവശ്യത്തിനും കുടിവെള്ളത്തിനും നേരിടുന്ന ജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കപ്പെടുന്നു. നിലവിലുള്ള കുളങ്ങളുടെ നവീകരണവും പുതിയ കുളങ്ങളുടെ നിർമാണവും ഏറ്റെടുക്കാവുന്നതാണ്. ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനും ഇത് സഹായകരമാകും.

3. തടയണകൾ

പ്രധാന തോടുകളിലേക്ക് ഒഴുകുന്ന ചെറിയ ചാലുകളിലെ വെള്ളത്തിന്റെ ഒഴുക്ക് നിയന്ത്രിക്കുന്നതോടൊപ്പം ഭൂജല വിതാനം ഉയർത്തുന്നതിനും തടയണകൾ സഹായകരമാണ്. ജലത്തിന്റെ കുത്തൊഴുക്കിൽ ചാലുകളുടെ വശങ്ങൾ ഇടിഞ്ഞ് കൃഷിഭൂമി നഷ്ടപ്പെടുന്നത് ഒരു പരിധിവരെ നിയന്ത്രിക്കാനും ഇത് വഴി സാധിക്കും.

4. പുഴകളുടേയും നീർച്ചാലുകളുടേയും സംരക്ഷണം

റിവർ മാനേജ്മെന്റ് ഫണ്ട്, തൊഴിലുറപ്പ് പദ്ധതി, മുതലായവ ഉപയോഗിച്ച് പുഴകളുടേയും നീർച്ചാലുകളുടേയും സംരക്ഷണത്തിനായി ഈറ്റ, മുള തുടങ്ങിയ മരം വച്ച് പിടിപ്പിക്കൽ, ചെറിയ തടയണകളുടെ നിർമാണം തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താവുന്നതാണ്.

5. സംസ്ഥാന ദുരന്ത നിവാരണ ഫണ്ട് ഉപയോഗിച്ച് കിണർ റീചാർജിംഗ്, കുളങ്ങളുടെ നവീകരണം, തടയണ നിർമാണം, പാർശ്വഭിത്തി സംരക്ഷണം, നിരുറവകളുടെ പുനരുദ്ധാരണം, തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

6. ജലസാക്ഷരത പരിശീലനം

ഏതൊരു പദ്ധതിയുടേയും വിജയത്തിന് ജനപങ്കാളിത്തം അത്യന്താപേക്ഷിതമാണ്. ആയതിന് കൃത്യമായ ബോധവൽക്കരണവും ആവശ്യമാണ്. നമ്മൾ സാക്ഷരതയുടെ കാര്യത്തിൽ ഏറ്റവും മുന്നിലാണെങ്കിലും ജലസാക്ഷരതയുടെ കാര്യത്തിൽ വളരെ പുറകിലാണ്. ജലത്തിന്റെ ദുരുപയോഗം, അമിത ഉപയോഗം, ജല മലിനീകരണം തുടങ്ങിയ കാര്യങ്ങളിൽ നമ്മൾ മുൻപന്തിയിലാണ്. ആയതിനാൽ ജലസാക്ഷരത എന്ന പേരിൽ ബൃഹത്തായ ബോധവൽക്കരണ പരിപാടി ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്.

പരിസ്ഥിതി-മലിനീകരണ നിയന്ത്രണത്തിന്റെ അടിസ്ഥാനത്തിലുള്ള സ്ഥിതിവിവരം

കണ്ണൂർ ജില്ലയിലെ ജല-വായു-പരിസ്ഥിതി മലിനീകരണത്തോത് കേരളത്തിലെ പൊതു അവസ്ഥപോലെ കൂടിവരികയാണ്. ജനസംഖ്യാ വർദ്ധനവും അതോടൊപ്പം ഉണ്ടാകുന്ന മറ്റ് വികസനങ്ങളും ഇതിന് കാരണമാകുന്നു. വ്യവസായങ്ങളുടേയും വാഹനങ്ങളുടേയും വർദ്ധനവ്, അശാസ്ത്രീയമായ മാലിന്യ നിർമാർജന രീതികൾ, ഓരോ മാലിന്യങ്ങളും കൈകാര്യം ചെയ്യേണ്ട മാർഗങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ, അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എന്നിവയെല്ലാം മലിനീകരണത്തിന് കാരണങ്ങളാണ്. ഓരോ വിഭാഗം മാലിന്യങ്ങളും കൈകാര്യം ചെയ്യുന്നതിന് ബോർഡ് വിവിധ നിയമങ്ങൾ നിർമിച്ചിട്ടുണ്ട്. ഇവ ശരിയായ രീതിയിൽ ബന്ധപ്പെട്ട വകുപ്പുകൾ നടപ്പിൽ വരുത്താത്തത് ഒരു പ്രധാന വീഴ്ചയാണ്.

ജില്ലയിലെ വ്യവസായ സ്ഥാപനങ്ങൾ

മലിനീകരണത്തോതിന്റെ അടിസ്ഥാനത്തിൽ വ്യവസായ സ്ഥാപനങ്ങളെ പ്രധാനമായും റെഡ്, ഓറഞ്ച്, ഗ്രീൻ, വൈറ്റ് എന്നീ വിഭാഗങ്ങളിൽപ്പെടുത്തിയിട്ടുണ്ട്. മലീനീകരണം ഏറ്റവും കൂടിയ തോതിൽ ഉണ്ടാകുന്നത് റെഡ് യൂണിറ്റുകളിൽ നിന്നാണ്. വൈറ്റ് വിഭാഗത്തിൽ മലിനീകരണ സാധ്യത തുലോം വിരളമായ സ്ഥാപനങ്ങളും ഗ്രീൻ വിഭാഗത്തിൽ മലിനീകരണത്തോത് താരതമ്യേന കുറഞ്ഞ സ്ഥാപനങ്ങളുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

പ്രധാന വ്യവസായങ്ങളും അവ ഉൾപ്പെടുന്ന കാറ്റഗറിയും

വൈറ്റ്	ഗ്രീൻ	ഓറഞ്ച്	റെഡ്
ലെയിത്ത്, ഗെയിറ്റ് ആന്റ് വെൽഡിംഗ് (സ്പ്രേ പെയിന്റിം ഇല്ലാത്തവ)	എ) ഭക്ഷ്യധാന്യങ്ങൾ, പൊടിക്കുന്ന മില്ലുകൾ, ഇന്റർലോക്ക്, (ബി) ഹോളോബ്രിക്സ്, മരാധിഷ്ഠിത വ്യവസായങ്ങൾ, പക്ഷി, മൃഗപരിപാലനം (കർശന ദൂരപരിധി നിയമങ്ങൾ ബാധകമായിട്ടുള്ളവ, ഇവയ്ക്ക് ഓറഞ്ച് കാറ്റഗറിയിലെ ഫീസ് ആണ് നൽകേണ്ടത്.)	പ്ലൈവുഡ്, സർവീസ് സ്റ്റേഷൻ, ഹോട്ടൽ, വാഹനസംബന്ധിയായ ജോലികൾ, സ്പ്രേ പെയിന്റിംഗ് ഉൾപ്പെടുന്ന ജോലികൾ.	ആശുപത്രി, ഗോൾഡ് കവറിംഗ്, ഡൈയിങ്ങ് ഉള്ള ടെക്സ്റ്റൈൽ

ജില്ലയിലെ വിവിധ വ്യവസായ സ്ഥാപനങ്ങളുടെ വിന്യാസം–താലൂക്ക് തലത്തിൽ



ജില്ലയിലെ വിവിധ വിഭാഗം വ്യവസായ സ്ഥാപനങ്ങളുടെ താലൂക്ക് തല വിന്യാസമാണ് ചിത്രത്തിൽ കാണിച്ചിരിക്കുന്നത്. ഓറഞ്ച് വിഭാഗം വ്യവസായ സ്ഥാപനങ്ങളാണ് എല്ലാ താലൂക്കിലും ഏറ്റവും കൂടുതലായി ഉള്ളത്. എല്ലാ വിഭാഗത്തിലും ഏറ്റവും കൂടുതൽ വ്യവസായ സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്നത് തളിപ്പറമ്പ് താലൂക്കിലും ഏറ്റവും കുറവ് ഇരിട്ടി താലൂക്കിലുമാണ്. റെഡ് വിഭാഗത്തിലുള്ള മലിനീകരണശേഷി കൂടിയ വ്യവസായ സ്ഥാപനങ്ങൾ മറ്റ വിഭാഗങ്ങളെക്കാൾ കുറവാണ്. എല്ലാ വിഭാഗം സ്ഥാപനങ്ങളും എല്ലാ താലൂക്കുകളിലും ഉണ്ട്. ഓറഞ്ച്, ഗ്രീൻ വിഭാഗത്തിൽപ്പെടുന്ന ചെറുകിട സ്ഥാപനങ്ങളാണ് കൂടുതൽ വികസന പ്രവണത കാണിക്കുന്നത്.

ജില്ലയിലെ വിവിധ വ്യവസായ സ്ഥാപനങ്ങളുടെ വിന്യാസം – മൂലധനാടിസ്ഥാനത്തിൽ

വ്യവസായ സ്ഥാപനങ്ങളെ മൊത്ത സ്ഥിര മൂലധനത്തിന്റെ അടിസ്ഥാനത്തിൽ ചെറുകിട (5 കോടിയിൽ താഴെ) ഇടത്തരം (5 മുതൽ 10 കോടിയിൽ താഴെ), വൻകിട (10 കോടിക്ക് മുകളിൽ) എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്



ചിത്രത്തിൽ നിന്നും ചെറുകിട വ്യവസായ സ്ഥാപനങ്ങൾ എറ്റവും കൂടുതൽ തളിപ്പറമ്പ് താലൂക്കിൽ ആണ് എന്ന് കാണാൻ സാധിക്കും. എന്നാൽ വൻകിട സ്ഥാപനങ്ങളും ഇടത്തരം സ്ഥാപനങ്ങളും കൂടുതലായി സ്ഥിതിചെയ്യുന്നത് കണ്ണൂർ താലൂക്കിലാണ്. തലസ്ഥാന നഗരിയാണെന്നതും അസംസ്കൃത വസ്തുക്കൾ എളുപ്പത്തിൽ ലഭ്യമാക്കാവുന്നതും ഉൽപ്പന്നങ്ങൾ വിപണനമുള്ള സൗകര്യങ്ങളും ഇതിന് കാരണമാണ്. താരതമ്യേന വ്യവസായങ്ങൾ കുറവായ ഇരിട്ടി താലൂക്കിൽ വൻകിട വ്യവസായങ്ങൾ ഒന്നും തന്നെ സ്ഥാപിച്ചിട്ടില്ല. അനുബന്ധ ചിലവുകൾ താരതമ്യേന കൂടുതലായിരിക്കും എന്നതാണ് വ്യവസായ സംരംഭങ്ങൾ അധികമായി ഇവിടെ വരാത്തതിന് പ്രധാന കാരണം. ഇവയുടെ താലൂക്കുതല വിന്യാസമാണ് ചുവടെ കാണിച്ചിരിക്കുന്നത്.




തളിപ്പറമ്പ്
ചെറുകിട സ്ഥാപനങ്ങൾ
ഇടത്തരം സ്ഥാപനങ്ങൾ
വൻകിട സ്ഥാപനങ്ങൾ


തലശ്ശേരി
ചെറുകിട സ്ഥാപനങ്ങൾ
ഇടത്തരം സ്ഥാപനങ്ങൾ
വൻകിട സ്ഥാപനങ്ങൾ



ചുവപ്പ വിഭാഗത്തിലുള്ള വ്യവസായങ്ങൾ-താലൂക്കുതല വിന്യാസം



മലിനീകരണശേഷി കൂടിയ ചുവപ്പ് വിഭാഗം വ്യവസായ സ്ഥാപനങ്ങളുടെ താലൂക്ക്തല വിന്യാസമാണ് ചിത്രത്തിൽ കാണിച്ചിരിക്കുന്നത്. കരിങ്കൽ ഖനനം നടത്തുന്ന ക്വാറികൾ, ക്ഷീരോൽപ്പന്നങ്ങൾ, ആശുപത്രികൾ, ഡൈയിംഗ് ഉള്ള ടെക്സ്റ്റൈൽ സ്ഥാപനങ്ങൾ എന്നിവയാണ് ഈ വിഭാഗത്തിൽപ്പെടുന്ന പ്രധാന വ്യവസായങ്ങൾ. കരിങ്കൽ ഖനനം കൂടുതലായി നടക്കുന്നത് തളിപ്പറമ്പ് താലൂക്കിലാണ്. പ്രകൃതി വിഭവങ്ങളുടെ ലഭ്യതയും ഭൂപ്രകൃതിയുമാണ് ഇതിനു കാരണം. ഡൈയിംഗ് സ്ഥാപനങ്ങൾ കണ്ണൂർ തളിപ്പറമ്പ് താലൂക്കുകളിൽ മാത്രമേയുള്ളൂ. നഗരവൽക്കരണം കൂടുതലായി വന്നിട്ടുള്ള കണ്ണൂർ, തലശ്ശേരി, തളിപ്പറമ്പ് താലൂക്കുകളിലാണ് ആശുപത്രികൾ അധികമായിട്ടുള്ളത്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനാനുമതിയോടുകൂടി

പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും മതിയായ മലിനീകരണ നിയന്ത്രണ മാർഗങ്ങൾ കാലാകാലങ്ങളിൽ ഉറപ്പുവരുത്തുന്നു.

ഓറഞ്ച് വിഭാഗത്തിലുള്ള വ്യവസായങ്ങൾ–താലൂക്കുതല വിന്യാസം



വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, സർവീസിംഗ് എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് ഈ വിഭാഗത്തിൽ കൂടുതലായി ഉള്ളത്. കൂടാതെ കരിങ്കൽ ക്രഷറുകൾ, ഹോട്ടലുകൾ, പ്ലൈവുഡ് എന്നിവയും ഈ വിഭാഗത്തിൽ പ്രധാനമായും ഉൾപ്പെടുന്നു. ഈ വിഭാഗത്തിൽപ്പെടുന്ന അനേകം ചെറുകിട സ്ഥാപനങ്ങൾ ബോർഡിന്റെ പ്രവർത്തനാനുമതി നേടാതെ പ്രവർത്തിച്ചു വരുന്നുണ്ട്. ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾ ഇത്തരം സ്ഥാപനങ്ങൾക്കെതിരെ കർശന നടപടികൾ കൈക്കൊണ്ട് അവയെയും ബോർഡിന്റെ നിയമങ്ങൾക്കു കീഴിൽ കൊണ്ടുവന്നാൽ മാത്രമേ ഇത്തരം സ്ഥാപനങ്ങൾ മൂലമുണ്ടാകുന്ന ജല–വായു പരിസ്ഥിതി മലിനീകരണം പൂർണമായി തടയാൻ സാധിക്കുകയുള്ളൂ.

ഗ്രീൻ വിഭാഗത്തിലുള്ള വ്യവസായങ്ങൾ–താലൂക്കുതല വിന്യാസം

ഈ വിഭാഗത്തിൽ ഏറ്റവും കൂടുതലായി കാണുന്നത് ധാന്യങ്ങൾ പൊടിക്കുന്ന മില്ലുകളാണ്. കൂടാതെ മരാധിഷ്ഠിത വ്യവസായങ്ങളും ധാരാളമായുണ്ട്. മരാധിഷ്ഠിത വ്യവസായങ്ങളുടെ വർദ്ധനവിനനുസരിച്ച് വനവൽക്കരണം പ്രോത്സാഹിപ്പിച്ചാൽ മാത്രമേ പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തിക്കൊണ്ടു പോകാനാവുകയുള്ളൂ. പക്ഷി-മൃഗ പരിപാലന കേന്ദ്രങ്ങളും ക്രമാനുഗതമായ വർദ്ധനവ് പോയ വർഷങ്ങളിൽ കാണിക്കുന്നുണ്ട്. ചെങ്കൽ ഖനനം കുറഞ്ഞതും ആയതിന്റെ ലഭ്യതക്കുറവും വിലക്കയറ്റവും ഹോളോബ്രിക്സ് സ്ഥാപനങ്ങൾ കൂടുതലായി ഉയർന്നു വരുന്നതിന് കാരണമായിട്ടുണ്ട്.



വായുമലിനീകരണം

വ്യവസായ സ്ഥാപനങ്ങളോടൊപ്പം വാഹനപ്പെരുപ്പവും ഖര മാലിന്യങ്ങൾ അശാസ്ത്രീയമായി കത്തിക്കുന്നതും അനധികൃത ഖനനങ്ങളുമെല്ലാം വായു മലിനീകരണത്തിന് കാരണമാകുന്നുണ്ട്. വായുവിലെ സൾഫർഡൈഓക്സൈഡ്, നൈട്രജൻ ഓക്സൈഡുകൾ, റെഡ് പയറബിൾ സസ്പെൻഡഡ് പർട്ടിക്കുലേറ്റ് മാറ്റർ (RSPM) എന്നിവ പതിവായി നിരീക്ഷിക്കുന്നത് കണ്ണൂർ, തളിപ്പറമ്പ് താലൂക്കുകളിൽ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. വായു മലിനീകരണത്തിന്റെ വാർഷിക വ്യതിയാനം ചുവടെ ചേർത്തിരിക്കുന്നു.

വായുവിന്റെ ഗുണനിലവാര നിരീക്ഷണം - കണ്ണൂർ താലൂക്ക് 2009-2015 പ്രതിവർഷ വ്യതിയാനം

2009 - 2015 പ്രതിവർഷ വ്യതിയാനം

SO_2 2009 - 2015 പ്രതിവർഷ വ്യതിയാനം

വർഷം മലിനീകരണ സൂചകം	2009	2010	2011	2012	2013	2014	2015	പരിധി
സൾഫർ ഡയോക്സൈഡ് SO_2	2.8	2.04	2.2	2.34	3.75	2.82	2	50
നൈട്രജൻ ഓക്സൈഡുകൾ NO_X	9.8	5.72	6.55	7.46	5.05	4.51	4.56	40
പൊടിപടലം RSPM	52	38.76	42.46	50.65	35.63	87.46	63	60



NOx 2009-2015 പ്രതിവർഷ വ്യതിയാനം



RSPM 2009- 2015 പ്രതിവർഷ വ്യതിയാനം



കണ്ണൂർ താലൂക്കിലെ വായു ഗുണ നിലവാര പരിശോധനാ കേന്ദ്രം സ്ഥിതി ചെയ്യുന്നത് വാഹന ഗതാഗതം കൂടുതലുള്ളതും എന്നാൽ ധാരാളം വീടുകൾ സ്ഥിതിചെയ്യുന്നതുമായ വാണിജ്യമേഖലയിലാണ്.

വായുവിന്റെ ഗുണനിലവാര നിരീക്ഷണം - തളിപ്പറമ്പ് താലൂക്ക്

SO2 2009-2015 പ്രതിവർഷ വ്യതിയാനം

തളിപ്പറമ്പ് താലൂക്കിൽ വായു ഗുണനിലവാര പരിശോധനാ കേന്ദ്രം വ്യാവസായിക കേന്ദ്രത്തിനടുത്ത് വീടുകൾ സ്ഥിതിചെയ്യുന്ന പ്രദേശത്താണ്.

വർഷം മലിനീകരണ സൂചകം	2009	2010	2011	2012	2013	2014	2015	പരിധി
സൾഫർ ഡയോക്സൈഡ് SO_2	2	2.09	2.4	2.21	3.47	2.8	2.8	50
നൈട്രജൻ ഓക്സൈഡുകൾ NO_X	5.4	7.32	5.24	6.87	5.25	4.55	4.5	40
പൊടിപടലം RSPM	41	35.47	43.4	22.27	77.73	55.14	40	60

SO2 2009-2015 പ്രതിവർഷ വ്യതിയാനം



NOx 2009-2015 പ്രതിവർഷ വ്യതിയാനം



RSPM 2009-2015 പ്രതിവർഷ വ്യതിയാനം



S02, N0x എന്നിവയുടെ അളവ് കുറഞ്ഞു വരുന്നതായി കാണാം. ഇവ അനുവദനീയമായ അളവിലും വളരെ കുറവാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളായി ഓരോ മേഖലയിലും RSPM അളവ് കൂടി വരുന്നതായി കാണുന്നു. 2014-2015 വർഷങ്ങളിൽ കണ്ണൂരിൽ ഇത് അനുവദനീയമായ പരിധിയിലും കവിഞ്ഞിരുന്നു. വാഹന ഗതാഗതം മൂലമുള്ള മലിനീകരണം കണ്ണൂർ മേഖലയിൽ ഉയർന്നുകൊണ്ടിരിക്കുന്നു എന്നാണ് ഇത് സൂചിപ്പിക്കുന്നത്. തളിപ്പറമ്പ് മേഖലയിൽ 2013 ൽ RSPM പരിധിയിൽ കവിഞ്ഞിരുന്നു. ഈ പ്രദേശത്തെ വ്യാവസായിക മലിനീകരണം കൂടുന്നതിന്റെ സൂചനയാണിത്. എന്നാൽ 2014 ലെ ക്രമാതീതമായ വർദ്ധനവിനുശേഷം കുറയുന്നു എന്നത് ആശാവഹമാണ്. തളിപ്പമ്പ് താലൂക്കിലും RSPM ക്രമാനുഗതമായി കുറഞ്ഞു വരുന്നതായി കാണാം. പൊതുവായി പറഞ്ഞാൽ വായു ഗുണനിലവാരം താരതമ്യേന നല്ല നിലവാരം പുലർത്തുന്നു. എന്നാൽ ഡൽഹി പോലുള്ള വൻ നഗരങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വായുമലിനീകരണം കണക്കിലെടുത്ത് കൂടുതൽ നിയന്ത്രണ മാർഗങ്ങൾ നടപ്പിൽ വരുത്തേണ്ടതാണ്. മലിനീകരണ നിയന്ത്രണബോർഡ് ഈ ആവശ്യത്തിലേക്ക് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി ഒരു തത്സമയ വായു ഗുണനിലവാര പരിശോധന കേന്ദ്രം കണ്ണൂരിൽ സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ചില നിർദേശങ്ങൾ ചുവടെ ചേർക്കുന്നു.

- ഫോസിൽ ഇന്ധനങ്ങൾ കുറയ്ക്കുക.
- പാരമ്പര്യേതര ഊർജ്ജ ഉപയോഗത്തിന് പ്രോത്സാഹനം നൽകുക.
- പ്ലാസ്റ്റിക്/മറ്റ ഖര മാലിന്യസംസ്കരണത്തിന് ബോധവൽക്കരണം നൽകുക.
- കൂടുതൽ മരങ്ങൾ വച്ചുപിടിപ്പിക്കുക.

ശബ്ദ മലിനീകരണം

ശബ്ദ മലിനീകരണത്തിന് പ്രധാനമായും കാരണമാകുന്നത് മോട്ടോർ വാഹനങ്ങളാണ്. കൂടാതെ ജനറേറ്ററുകൾ, കാറികൾ നിർമാണ പ്രവർത്തനങ്ങൾ മതിയായ ശബ്ദ നിയന്ത്രണോപാധികൾ ഇല്ലാതെ പ്രവർത്തിക്കുന്ന യന്ത്രങ്ങൾ, ക്രഷറുകൾ, പടക്കങ്ങൾ എന്നിവയൊക്കെ ശബ്ദമലിനീകരണത്തിന് കാരണമാകുന്നുണ്ട്. ശബ്ദ മലിനീകരണ നിലവാര നിരീക്ഷണം പ്രത്യേകമായി പരിശോധിക്കുന്നില്ല. പരാതികൾ ഉണ്ടാകുന്ന പക്ഷം പരിശോധന നടത്തുകയും മതിയായ നടപടികൾ സ്വീകരിച്ചുവരികയുമാണ് ചെയ്യുന്നത്.

മുൻസിപ്പൽ ഖരമാലിന്യങ്ങൾ

വൻതോതിൽ മണ്ണ്, ജലാശയ മലിനീകരണത്തിന് കാരണമാകുന്നതാണ് മുൻസിപ്പൽ ഖരമാലിന്യങ്ങൾ, ഇത്തരം മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരം തിരിച്ച് ശേഖരിക്കാനും സംഭരിക്കാനും നിർമാർജനം ചെയ്യാനും ആവശ്യമായ സംവിധാനങ്ങൾ ഒരുക്കുക എന്നത് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും ഉത്തരവാദിത്തമാണ്. പ്ലാസ്റ്റിക് ക്യാരി ബാഗ് മുക്തമായി പ്രഖ്യാപിച്ച ജില്ലയിലെ മറ്റ് പ്ലാസ്റ്റിക്ക് മാലിന്യം കൈകാര്യം ചെയ്യാൻ സ്വകാര്യ മേഖലയിൽ ഏഴ് സ്ഥാപനങ്ങൾ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. ഇത് വളരെ അപര്യാപ്തമാണ്. വലിച്ചെറിയുന്ന സംസ്കാരത്തിൽ നിന്നും പുനരുപയോഗ സംസ്കാരത്തിലേക്ക് ജില്ലയെ മാറ്റുന്നതിന് കൂടുതൽ പ്ലാസ്റ്റിക് റീസൈക്ലിംഗ്/ക്രഷറിംഗ് സ്ഥാപനങ്ങൾ ഉയർന്നു വരേണ്ടത് ആവശ്യമാണ്.

പ്ലാസ്റ്റിക് റീസൈക്ലിംഗ് സ്ഥാപനങ്ങൾ-താലൂക്കടിസ്ഥാനത്തിൽ

താലൂക്ക്	പ്ലാസ്റ്റിക് റീ സൈക്ലിംഗ് സ്ഥാപനങ്ങളുടെ എണ്ണം
തലശ്ശേരി	4
കണ്ണൂർ	-
തളിപ്പറമ്പ്	3
ഇരിട്ടി	-

ആശുപത്രികൾ/ആശുപത്രി മാലിന്യം

മലിനീകരണ നിയന്ത്രണബോർഡിന്റെ കണക്കനുസരിച്ച് ജില്ലയിൽ 112 ആശുപത്രികളാണ് പ്രവർത്തിക്കുന്നത്. ആശുപത്രി മാലിന്യങ്ങൾ ശ്രദ്ധാപൂർവം തരം തിരിച്ച് കൈകാര്യം ചെയ്യേണ്ടതാണ്. ജില്ലയിലെ ആശുപത്രികളും അവയുടെ മാലിന്യ സംസ്കരണ രീതികളും **അനുബന്ധം 22 ൽ** ചേർത്തിരിക്കുന്നു.

പ്രസ്തുത 112 ആശുപത്രികളിൽ മുഴുവൻ ആശുപത്രികളും ബയോമെഡിക്കൽ മാലിന്യം നിർമാർജനം ചെയ്യുന്നത് IMAGE (Indian Medical Association Goes Eco friendly) എന്ന ഏജൻസി വഴിയാണ്.

IMAGE മുഖേന ബ.യോമെഡിക്കൽ മാലിന്യം നിർമാർജനം ചെയ്യുന്ന ആശുപത്രികളുടെ വിവരം താലൂക്ക് തല വിന്യാസം



മലിനജല സംസ്കരണ പ്ലാന്റ്, സെപ്റ്റിക്ക് ടാങ്ക് വഴി മലിന ജല നിർമാർജനം ചെയ്യുന്ന ആശുപത്രിയുടെ വിവരം-താലൂക്ക്തല വിന്യാസം



ഇരിട്ടി താലൂക്ക്



തലശ്ശേരി താലൂക്ക്



കണ്ണൂർ താലൂക്ക്



തളിപ്പറമ്പ് താലൂക്ക്

മലിനജലം നിർമാർജനം ചെയ്യുന്നത് 36 ആശുപത്രികൾ മലിനജല സംസ്കരണ പ്ലാന്റ് ഉപയോഗിക്കുന്നു. 76 ആശുപത്രികൾ സെപ്റ്റിക് ടാങ്ക് വഴിയാണ് മലിനജലം നിർമാർജനം ചെയ്യുന്നത്. 50 ബെഡിൽ കൂടുതലുള്ള ആശുപത്രികളിൽ മലിനജല സംസ്കരണത്തിന് മലിനജല സംസ്കരണ പ്ലാന്റ് നിർമിക്കണമെന്നും 50 ബെഡിൽ കുറവുള്ളവ സെപ്റ്റിക ടാങ്ക് വഴി മലിനജലം നിർമാർജനം ചെയ്യണമെന്നുമാണ് മലിനീകരണ നിയന്ത്രണ ബോർഡിന്റെ പൊതു നിർദേശം. എന്നാൽ ഭാവി വികസനവും ജലസാന്ദ്രതയും കണക്കിലെടുത്ത് എല്ലാ ആശുപത്രികളിലും മലിനജല സംസ്കരണ പ്ലാന്റ് നിർബന്ധമാക്കാവുന്നതാണ്.

കണ്ണൂർ നഗരസഭാ പരിധിയിൽ ആശുപത്രികളുടെ പ്രവർത്തനം മൂലം ഭൂഗർഭജലം മലിനമാകുന്നതിനെക്കുറിച്ച് നിരവധി പരാതികൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. നിലവിൽ എല്ലാ ആശുപത്രികൾക്കും ആവശ്യമായ മലിനജല നിർമാർജന സൗകര്യങ്ങൾ ഉണ്ടെങ്കിലും മുൻകാലങ്ങളിൽ ഇവയുടെ അപര്യാപ്തത ഇത്തരം മലിനീകരണത്തിന് കാരണമായിട്ടുണ്ട്. നഗരത്തിലെ ഉയർന്ന ജനസാന്ദ്രത വീടുകളിൽ നിന്നും വാണിജ്യസ്ഥാപനങ്ങളിൽ നിന്നുമുള്ള കോളിഫോം സാന്നിദ്ധ്യം കൂടുന്നതിന് കാരണമായിട്ടുണ്ട്.

ജില്ലയിലെ ഭൂഗർഭജല കോളിഫോം ബാക്ടീരിയ വിന്യാസം – പൊതുവിൽ

കോളിഫോം ബാക്ടീരിയയുടെ പരിധി	കണ്ണൂർ പൊതുപ്രവണത
മൊത്തം കോളിഫോം സാന്നിധ്യം (സാമ്പിളുകളുടെ ശതമാനം)	92
ഫെക്കൽ കോളിഫോം (സാമ്പിളുകളുടെ ശതമാനം)	69
ആകെ കോളിഫോം 500 cfu / 100 ml (സാമ്പിളുകളുടെ ശതമാനം)	79
ഫെൽ കോളിഫോം 500 Cfu / 100 ml (സാമ്പിളുകളുടെ ശതമാനം)	2
കോളിഫോം ആകെ 50 cfu / 100 ml (സാമ്പിളുകളുടെ ശതമാനം)	12
ഫെൽ കോളിഫോം 50 cfu / 100 ml (സാമ്പിളുകളുടെ ശതമാനം)	69

കണ്ണൂർ ജില്ലയിലെ ഭൂഗർഭജല കോളിഫോം ബാക്ടീരിയയുടെ പൊതു വിന്യാസമാണ് പട്ടികയിൽ കാണിച്ചിരിക്കുന്നത്. കോളിഫോം ബാക്ടീരിയയുടെ അളവ് ക്രമാതീതമായി വർദ്ധിച്ചുവരുന്നതായി കാണാം. വീടുകളിൽ നിന്നും മറ്റു ചെറുകിട സ്ഥാപനങ്ങളിൽ നിന്നുള്ള മാലിന്യമാണ് ഇതിനു പ്രധാന കാരണം. ചെറുകിട സ്ഥാപനങ്ങളിൽ മലിനജല സംസ്കരണ പ്ലാന്റ് സ്ഥാപിക്കുക പ്രായോഗികമല്ലാത്തതിനാൽ എല്ലാ നഗരങ്ങളും പൊതു മലിനജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുക എന്നതാണ് ഇതിനു പരിഹാരം. തളിപ്പറമ്പ് മുൻസിപ്പാലിറ്റിയിൽ ഇത്തരത്തിൽ ഒരു പ്ലാന്റ് നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

ജലമലിനീകരണം – കണ്ണൂർ ജില്ലയിൽ

അനധികൃതമായി പ്രവർത്തിക്കുന്ന വ്യവസായ ശാലകൾ തുറസ്സായ സ്ഥലങ്ങളിലെ വിസർജനം, അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്, വള–കീടനാശിനി പ്രയോഗങ്ങൾ, പൊതുജലാശയങ്ങളിൽ വാഹനങ്ങൾ കഴുകുന്നത് എന്നിവയെല്ലാം ജലമലിനീകരണത്തിന് കാരണമാകുന്നു. ചെറു ജലാശയങ്ങളിലെ ജലം ഒടുവിൽ എത്തിച്ചേരുന്നത് നദികളിലായതിനാൽ നദീജലത്തിന്റെ ഗുണനിലവാരം അപഗ്രഥിച്ചാൽ ജലമലിനീകരണത്തിന്റെ മൊത്തത്തിലുള്ള പ്രവണത മനസ്സിലാക്കാം. ജില്ലയിലെ കുപ്പം, വളപട്ടണം, കവ്വായി, അഞ്ചരക്കണ്ടി, തലശ്ശേരി, രാമപുരം എന്നീ പുഴകളിൽ നിന്നും കൃത്യമായി ജല സാംപിളുകൾ ശേഖരിച്ച് പരിശോധിക്കുന്നുണ്ട്. വിവിധ പുഴകളിലെ ജലമലിനീകരണത്തിന്റെ പൊതു പ്രവണത കാണിക്കുന്നതാണ് ചുവടെയുള്ള ചിത്രങ്ങൾ.

വിവിധ പുഴകളിലെ ജലമലിനീകരണത്തിന്റെ പൊതു പ്രവണത കാണിക്കുന്ന വിവരം

കുപ്പം പുഴ						
സാമ്പിങ് പോയിന്റ് – രയരോം						
	2010	2011	2012	2013	2014	2015
PH	6.5	7.23	7.16	6.82	6.92	7.09
ഡിസോൾവ്ഡ് ഓക്സിജൻ (DO)	7	6.83	7.94	7.92	6.6	7.13
ബയോളജിക്കൽഓക്സിജൻ ഡിമാന്റ് (BOD)	0.8	0.98	1.11	1.37	1.13	1.07
ആകെ കൊളിഫോം(TC)	418	148	845	322.5	145	298.91
ഫീക്കൽ കൊളിഫോം (FC)	123	28	319	121.67	63.67	96.63

സാമ്പിങ് പോയിന്റ് – തളിപ്പറമ്പ്						
	2010	2011	2012	2013	2014	2015
PH	6.8	7.15	6.94	6.68	6.84	6.8
ഡിസോൾവ്ഡ് ഓക്സിജൻ (DO)	6.7	6.58	6.45	5.89	6.04	5.46
ബയോളജിക്കൽഓക്സിജൻ ഡിമാന്റ് (BOD)	1.1	1.1	1.76	1.45	1.48	1.37
ആകെ കൊളിഫോം(TC)	348	1412	1481	378.33	130.83	282.72
ഫീക്കൽ കൊളിഫോം (FC)	173	88	711	144.17	51.17	149




DO
DO (mg/l)
10
8
6
4
2
0
2010
2011
2012
2013
2014
2015
Rayoram
Thaliparamba


BOD
BOD (mg/l)
2
1.5
1
0.5
0
2010
2011
2012
2013
2014
2015
Rayoram
Thaliparamba


Total Coliform
എണ്ണം / 100 ml
1600
1400
1200
1000
800
600
400
200
0
2010
2011
2012
2013
2014
2015
Rayoram
Thaliparamba



തലശ്ശേരി പുഴ						
സാമ്പ്ലിങ് പോയിന്റ് - പാത്തിപ്പാലം						
	2010	2011	2012	2013	2014	2015
PH	5.8	6.75	6.66	6.55	6.58	6.53
ഡിസോൾവ്ഡ് ഓക്സിജൻ (DO)	6.5	6.5	6.49	5.95	5.74	6.01
ബയോളജിക്കൽ ഓക്സിജൻ ഡിമാന്റ് (BOD)	0.4	0.58	0.8	1.45	0.83	1.3
ആകെ കോളിഫോം(TC)	520	1026	464	396.67	146.67	349.27
ഫീക്കൽ കോളിഫോം (FC)	123	303	185	170	63.75	114.72




DO
DO (mg/l)
6.6
6.4
6.2
6
5.8
5.6
5.4
5.2
2010
2011
2012
2013
2014
2015
DO
സാമ്പ്ലിംഗ് പോയിന്റ് – പാത്തിപ്പാലം


BOD
BOD (mg/l)
2
1.5
1
0.5
0
2010
2011
2012
2013
2014
2015
BOD
സാമ്പ്ലിംഗ് പോയിന്റ് – പാത്തിപ്പാലം


Total Coliform
എണ്ണം / 100 ml
1500
1000
500
0
2010
2011
2012
2013
2014
2015
TC
സാമ്പ്ലിങ് പോയിന്റ് – പാത്തിപ്പാലം



അഞ്ചരക്കണ്ടി പുഴ						
സാമ്പ്ലിങ് പോയിന്റ് – മെരുവമ്പായി						
	2010	2011	2012	2013	2014	2015
PH	6	7.13	6.97	6.63	6.95	6.75
ഡിസോൾവ്ഡ് ഓക്സിജൻ (DO)	6.9	6.93	7.06	6.68	6.61	6.77
ബയോളജിക്കൽ ഓക്സിജൻ ഡിമാന്റ് (BOD)	0.55	0.78	0.97	2.92	0.88	1.42
ആകെ കൊളിഫോം(TC)	183	520	538	438.33	179.17	332.72
ഫീക്കൽ കൊളിഫോം (FC)	73	46	170	233.33	71.3	135.54

സാമ്പ്ലിങ് പോയിന്റ് – അഞ്ചരക്കണ്ടി						
	2010	**2011**	**2012**	**2013**	**2014**	**2015**
PH	6.6	6.7	6.65	6.59	6.74	6.65
ഡിസോൾവ്ഡ് ഓക്സിജൻ (DO)	6.2	7.37	6.95	6.99	6.5	6.78
ബയോളജിക്കൽ ഓക്സിജൻ ഡിമാന്റ് (BOD)	0.6	0.68	1.05	1.49	1.25	1.24
ആകെ കൊളിഫോം(TC)	158	556	528	433.33	266.7	417.45
ഫീക്കൽ കൊളിഫോം (FC)	300	91	158	207.5	119.2	165.27


PH
PH
7.5
7
6.5
6
5.5
5
2010
2011
2012
2013
2014
2015
Meruvamba
Anjarakandy


DO
DO (mg/l)
7.5
7
6.5
6
5.5
2010
2011
2012
2013
2014
2015
Meruvamba
Anjarakandy


BOD
BOD (mg/l)
3.5
3
2.5
2
1.5
1
0.5
0
2010
2011
2012
2013
2014
2015
Meruvamba
Anjarakandy





രാമപുരം പുഴ						
സാമ്പ്ലിങ് പോയിന്റ് – രാമപുരം						
	2010	2011	2012	2013	2014	2015
PH	6.3	7	6.54	6.53	6.68	6.72
ഡിസോൾവ്ഡ് ഓക്സിജൻ (DO)	5.6	4.03	4	3.63	4.43	5.61
ബയോളജിക്കൽ ഓക്സിജൻ ഡിമാന്റ് (BOD)	1	0.9	1.41	1.79	1.16	1.44
ആകെ കോളിഫോം(TC)	278	233	528	263.33	165.83	285.09
ഫീക്കൽ കോളിഫോം (FC)	165	98	210	89.17	69.83	106.63


PH
7.2
7
6.8
6.6
6.4
6.2
6
5.8
PH
2010
2011
2012
2013
2014
2015
pH
സാന്റിങ് പോയിന്റ് - രാമപുരം


DO
6
5
4
3
2
1
0
DO (mg/l)
2010
2011
2012
2013
2014
2015
DO
സാന്റിങ് പോയിന്റ് - രാമപുരം


BOD
2
1.5
1
0.5
0
BOD (mg/l)
2010
2011
2012
2013
2014
2015
BOD
സാന്റിങ് പോയിന്റ് - രാമപുരം



കവ്വായി പുഴ						
സാമ്പ്ലിങ് പോയിന്റ് – കുറ്റിയോൾപ്പാലം						
	2010	2011	2012	2013	2014	2015
PH	5.8	6.75	6.67	6.38	6.65	6.5
ഡിസോൾവ്ഡ് ഓക്സിജൻ (DO)	5.9	6.28	7.02	6.03	4.78	5.85
ബയോളജിക്കൽ ഓക്സിജൻ ഡിമാന്റ് (BOD)	0.9	1.2	1.34	2.11	1.09	0.85
ആകെ കൃാളിഫോം(TC)	195	208	248	303.33	121.67	321.27
ഫീക്കൽ കൃാളിഫോം (FC)	73	73	168	87.5	49.17	139.45




DO
DO (mg/l)
8
7
6
5
4
3
2
1
0
2010
2011
2012
2013
2014
2015
DO
സാന്റിങ് പോയിന്റ് – കുട്ടിയോൾപാലം


BOD
BOD (mg/l)
2.5
2
1.5
1
0.5
0
2010
2011
2012
2013
2014
2015
BOD
സാന്റിങ് പോയിന്റ് – കുട്ടിയോൾപാലം


Total Coliform
എണ്ണം / 100 ml
350
300
250
200
150
100
50
0
2010
2011
2012
2013
2014
2015
TC
സാന്റിങ് പോയിന്റ് – കുട്ടിയോൾപാലം



വളപട്ടണം പുഴ						
സാമ്പ്ലിങ് പോയിന്റ് – പറശ്ശിനിക്കടവ്						
	2010	2011	2012	2013	2014	2015
PH			7.06	6.7	7	7
ഡിസോൾവ്ഡ് ഓക്സിജൻ (DO)			6.59	6.6	6.6	6.6
ബയോളജിക്കൽ ഓക്സിജൻ ഡിമാന്റ് (BOD)			1.14	1	0.9	1
ആകെ കോളിഫോം(TC)			810	296	113	218.9
ഫീക്കൽ കോളിഫോം (FC)			125	98	59	104.7

സാമ്പ്ലിങ് പോയിന്റ് – പഴശ്ശി						
	2010	2011	2012	2013	2014	2015
PH	6.5	7.23	7.23	6.87	7	7.16
ഡിസോൾവ്ഡ് ഓക്സിജൻ (DO)	7.3	7.64	7.84	7.81	7.4	7.38
ബയോളജിക്കൽ ഓക്സിജൻ ഡിമാന്റ് (BOD)	0.9	0.71	1.8	1.42	0.7	0.87
ആകെ കോളിഫോം(TC)	0	0	0	327	238	266
ഫീക്കൽ കോളിഫോം (FC)	0	0	265	143	105	143.5

സാമ്പ്ലിങ് പോയിന്റ് – പഴശ്ശി						
	2010	2011	2012	2013	2014	2015
PH	7	7.22	7.31	6.81	7.1	7.34
ഡിസോൾവ്ഡ് ഓക്സിജൻ (DO)	0	7.77	7.65	7.37	7.5	7.18
ബയോളജിക്കൽ ഓക്സിജൻ ഡിമാന്റ് (BOD)	0.97	0.93	1.23	0.84	0.9	0.88
ആകെ കോളിഫോം(TC)	0	0	0	211	168	199.67

ഫീക്കൽ കൊളിഫോം (FC)	0	0	113	85	85	99.27

സാന്റിങ് പോയിന്റ് – ചെങ്ങളായി						
	2010	2011	2012	2013	2014	2015
pH	6.4	7.07	7.08	6.7	6.9	7.23
ഡിസോൾവ്ഡ് ഓക്സിജൻ (DO)	7.02	7.55	7.4	7.08	7.2	6.83
ബയോളജിക്കൽ ഓക്സിജൻ ഡിമാന്റ് (BOD)	0.82	0.85	1.59	1.31	1	0.83
ആകെ കൊളിഫോം(TC)	0	0	0	283	125	190.75
ഫീക്കൽ കൊളിഫോം (FC)	0	0	158	115	65	98.91

സാന്റിങ് പോയിന്റ് – വളപട്ടണം						
	2010	2011	2012	2013	2014	2015
PH	6.9	7.33	7.33	6.99	7.1	7.26
ഡിസോൾവ്ഡ് ഓക്സിജൻ (DO)	6.04	5.82	5.7	5.82	6.06	5.71
ബയോളജിക്കൽ ഓക്സിജൻ ഡിമാന്റ് (BOD)	1.09	1.26	2.16	1.51	1.3	1.27
ആകെ കൊളിഫോം(TC)	0	0	0	240	168	258.67
ഫീക്കൽ കൊളിഫോം (FC)	0	0	305	98	78	122.18




DO
DO (mg/l)
10
8
6
4
2
0
Parassinikada...
Pazhassi
Irikkur
Chengalai
Valapattanam
2012
2013
2014
2015
സാമ്പിങ് പോയിന്റ്


BOD
BOD (mg/l)
2.5
2
1.5
1
0.5
0
Parassinikad...
Pazhassi
Irikkur
Chengalai
Valapattanam
2012
2013
2014
2015
സാമ്പിങ് പോയിന്റ്


Total Coliform
എണ്ണം / 100 ml
1000
800
600
400
200
0
Parassinikadavu
Pazhassi
Irikkur
Chengalai
Valapattanam
2012
2013
2014
2015
സാമ്പിങ് പോയിന്റ്



ജില്ലയിലെ നദീജല മലിനീകരണത്തിന്റെ തോത് പരിശോധിച്ചാൽ നദീജലം ശാസ്ത്രീയമായ ശുദ്ധീകരണത്തിനു ശേഷം കുടിക്കാനും കുളിക്കാനും മറ്റ് ഗാർഹിക ആവശ്യങ്ങൾക്കും കൃഷിയ്ക്കും ഉപയോഗിക്കുന്നതിന് അനുയോജ്യമാണ്.

പരിസ്ഥിതി–മലിനീകരണ നിയന്ത്രണത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിലേക്കുള്ള നിർദ്ദേശങ്ങൾ

- മുൻസിപ്പൽ ഖരമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിച്ച് ശേഖരിക്കാനും സംഭരിക്കാനും നിർമാർജനം ചെയ്യാനും ആവശ്യമായ സംവിധാനങ്ങൾ ഒരുക്കുക.
- കൂടുതൽ പ്ലാസ്റ്റിക് റീസൈക്ലിംഗ്/ക്രഷറിംഗ് സ്ഥാപനങ്ങൾ ആരംഭിക്കുക.
- ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം കുറയ്ക്കുക
- പാരമ്പര്യേതര ഊർജ്ജ ഉപയോഗത്തിന് പ്രോത്സാഹനം നൽകുക
- പ്ലാസ്റ്റിക്ക്/മറ്റ ഖര മാലിന്യസംസ്കരണത്തിന് ബോധവൽക്കരണം നൽകുക.
- കൂടുതൽ മരങ്ങൾ വച്ചുപിടിപ്പിക്കുക.
- ഭാവി വികസനവും ജനസാന്ദ്രതയും കണക്കിലെടുത്ത് എല്ലാ ആശുപത്രികളിലും മലിനജല സംസ്കരണപ്ലാന്റ് നിർബന്ധമാക്കുക.
- എല്ലാ നഗരങ്ങളും പൊതു മലിനജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുക.

ജില്ലയിലെ പുഴകളിൽ കോളിഫോം ബാക്ടീരിയയുടെ ഉയർന്ന സാന്നിദ്ധ്യമാണ് പൊതുവിൽ കാണാൻ കഴിയുന്നത്. ഇതിനു കാരണമാകുന്നതോ വീടുകളിൽ നിന്നും ചെറുകിട സ്ഥാപനങ്ങളിൽ നിന്നുമുള്ള കക്കൂസ് മാലിന്യങ്ങളും മറ്റും ശാസ്ത്രീയമായി സംസ്കരിക്കാത്തതും. എല്ലാ കെട്ടിടങ്ങളിലും ആവശ്യമായ മാലിന്യ നിർമാർജന സംവിധാനങ്ങൾ നിർബന്ധമായും നടപ്പിൽ വരുത്തുക എന്നതാണ് ഇതിനുള്ള പോംവഴി. കക്കൂസ് മാലിന്യവും മറ്റ് ഗാർഹിക മാലിന്യങ്ങളും പ്രത്യേകം സംസ്കരിച്ചതിനുശേഷം മാത്രമാണ് നിർമാർജനം ചെയ്യുന്നതെന്ന് ബന്ധപ്പെട്ട അധികാര കേന്ദ്രങ്ങൾ ഉറപ്പുവരുത്തിയാൽ നമ്മുടെ പുഴകളെ കൂടുതൽ മാലിന്യമുക്തമാക്കാം. **അഴുക്കിൽ നിന്ന് അഴകിലേക്ക്** കണ്ണൂരിനെ വാർത്തെടുക്കാം.

കണ്ണൂർ ജില്ലയിലെ വ്യവസായ മലിനീകരണം

ജില്ലയിൽ നിലവിൽ 4707 വ്യവസായങ്ങളാണ് ഉള്ളത്. ഇതിൽ മൈക്രോ, ചെറുകിട, വൻകിട വ്യവസായങ്ങളും, മലിനീകരണം ഉണ്ടാക്കുന്നതിൽ വ്യവസായങ്ങളോട് സമാനമായ ആശുപത്രികൾ,

ഹോട്ടലുകൾ, ബഹുനില പാർപ്പിട-വാണിജ്യ സമുച്ചയങ്ങൾ, പക്ഷി-മൃഗ ഫാമുകൾ എന്നിവയും ഉൾപ്പെടും. ഇവയെ മലിനീകരണ തോതിന്റെ അടിസ്ഥാനത്തിൽ ചുവപ്പ്, ഓറഞ്ച്, പച്ച എന്നീ വിഭാഗങ്ങളായി തരം തിരിച്ചിട്ടുണ്ട്. യഥാക്രമം കൂടുതൽ, ഇടത്തരം, കുറഞ്ഞ മലിനീകരണം സൃഷ്ടിക്കുന്നവയായി 4707 ൽ ചുവപ്പ്-613, ഓറഞ്ച്-2558, പച്ച-1536 എണ്ണം വീതമാണ്. തുണിവ്യവസായങ്ങൾ, കരിങ്കൽ ക്വാറികൾ, കരിങ്കൽ ക്രഷറുകൾ, ആരൂപത്രികൾ മുതലായവ ചുവപ്പിലും പ്ലൈവുഡ് വ്യവസായം മറ്റ് മര ഉൽപ്പന്ന വ്യവസായങ്ങൾ, പക്ഷി-മൃഗഫാമുകൾ മുതലായവ ഓറഞ്ചിലും, സിമന്റുൽപ്പന്നങ്ങൾ, എഞ്ചിനീയറിംഗ് വർക്ക്ഷോപ്പുകൾ മുതലായവ പച്ചയിലും ഉൾപ്പെടുന്നു. മറ്റ ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ ഇടത്തരം വ്യവസായവൽക്കരണമേ ജില്ലയിൽ നടന്നിട്ടുള്ളൂ. ജലം, വായു, മണ്ണ് എന്നീ പരിസ്ഥിതിയിലെ അടിസ്ഥാന ഘടകങ്ങൾക്ക് ആഘാതം വരാത്ത രീതിയിൽ മലിനീകരണ നിയന്ത്രണ ഉപാധികളോടെ കൂടുതൽ വ്യവസായങ്ങൾ ജില്ലയിൽ ഉണ്ടാകുന്നത് വികസന പരിപ്രേക്ഷ്യത്തിൽ ആവശ്യകത തന്നെയാണ്. വ്യവസായങ്ങൾ മലിനീകരണം കുറവുള്ള ഇന്ധനങ്ങൾ ഉപയോഗിക്കുക, ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക മുതലായവയാണ് ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട നയങ്ങൾ.

എന്നാൽ നിലവിൽ വ്യാവസായിക മലിനീകരണം ജില്ലയിലെ വായുവിനേയോ, ജലസ്രോതസ്സുകളേയോ, രൂക്ഷമായി ബാധിച്ചിട്ടുള്ളതായോ വർഷം കഴിയുന്തോറും മലിനീകരണ സൂചകങ്ങൾ വർദ്ധിക്കുന്നതായോ കണക്കുകൾ കാണിക്കുന്നില്ല. ഒരു വ്യവസായ മേഖലയായ ധർമശാലയിൽ വായുമലിനീകരണ സൂചകങ്ങളുടെ വാർഷിക കണക്കുകൾ സൂചിപ്പിക്കുന്നത് 2009 മുതൽ 2016 വരെയുള്ള വർഷങ്ങളിൽ ഒരു വർഷം മാത്രമാണ് വാർഷിക ശരാശരി അനുവദനീയമായ പരിധിയിൽ കൂടിയിട്ടുള്ളത് എന്നാണ്. എന്നാൽ വാണിജ്യ പ്രവർത്തനങ്ങളുടെയും വാഹന ഗതാഗതത്തിന്റെയും മാത്രം പ്രഭാവം ഉള്ള കണ്ണൂർ നഗരത്തിലെ നിരീക്ഷണ കേന്ദ്രത്തിൽ മലിനീകരണ സൂചകങ്ങൾ 2012 മുതൽ തുടർച്ചയായ 5 വർഷങ്ങളിലും പരിധി ലംഘിച്ചതായി കാണുന്നു. (അപ്പന്റീസ് പി.സി.ബി-എ) ആയതിനാൽ വ്യാവസായിക വായുമലിനീകരണത്തേക്കാൾ വാണിജ്യ-ഗതാഗത മേഖലയിൽ നിന്നുള്ള വായു മലിനീകരണമാണ് കൂടുതൽ ഗുരുതരം എന്നും ഗതാഗത മേഖലയിൽ മലിനീകരണ നിയന്ത്രണത്തിനുതകുന്ന നയരൂപീകരണങ്ങൾ അനിവാര്യമാണെന്നും കാണുന്നു.

പി.സി.ബി-എ

കണ്ണൂർ ജില്ലയിലെ സ്ഥിരം വായുമലിനീകരണ നിരീക്ഷണ കേന്ദ്രങ്ങളിൽ നിന്നുള്ള ഡാറ്റ

സ്ഥാനം : മാങ്ങാട്ടുപറമ്പ് വിഭാഗം : വ്യവസായ മേഖലയ്ക്ക് സമീപമുള്ള ഗാർഹിക രേഖ

വർഷം മലിനീകരണ സൂചകം	2009	2010	2011	2012	2013	2014	2015	2016
SO_2 സൾഫർ ഡയോക്സൈഡ്	2	2	2	2	2	2	2	2
NO_x നൈട്രജൻ ഓക്സൈഡുകൾ	4.5	4.5	4.5	4.5	4.5	4.5	4.5	4.5
RSPM പൊടിപടലം	38.12	40.18	50.44	22.27	36.07	53.52	37.75	40.4

സ്ഥാനം-കണ്ണൂർ വിഭാഗം-വാണിജ്യമേഖല

വർഷം മലിനീകരണ സൂചകം	2009	2010	2011	2012	2013	2014	2015	2016
SO_2 സൾഫർ ഡയോക്സൈഡ്	2	2	2	2	2	2	2	2
NO_x നൈട്രജൻ ഓക്സൈഡുകൾ	4.5	4.5	4.5	4.5	4.5	4.5	4.5	4.5
RSPM പൊടിപടലം	43.38	37.13	36.29	50.02	77.67	96.3	62.53	58.17

നിർദേശങ്ങൾ

വാഹനഗതാഗതം മൂലമുണ്ടാകുന്ന വായു മലിനീകരണം കാലാവസ്ഥാ വ്യതിയാനത്തിന് കാരണ മാകുന്നുണ്ട്. ഫോസിൽ ഇന്ധനങ്ങളിൽ നിന്നുണ്ടാകുന്ന ഗ്രീൻ ഹൗസ് വാതകങ്ങൾ ഹരിത ഗൃഹ പ്രഭാവത്തിന് (Green house effect) വലിയ അളവിൽ കാരണമാകുന്നുണ്ട്. മുൻ റിപ്പോർട്ടിൽ പ്രതിപാദിച്ച പ്രകാരം S02, N02, PM എന്നിവയുടെ അളവിലുള്ള വർദ്ധനവിന് കാരണവും ഫോസിൽ ഇന്ധനങ്ങളുടെ അമിത ഉപഭോഗമാണ്.

വായുമലിനീകരണം മൂലം കാലാവസ്ഥാ വ്യതിയാനം കുറയ്ക്കാനുള്ള നിർദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം പരമാവധി കുറയ്ക്കുക
2. കാലപ്പഴക്കം ക്ലൂതലുള്ള വാഹനങ്ങൾ നിരത്തുകളിൽ ഉപയോഗിക്കാതിരിക്കുക
3. വാഹനങ്ങളിൽ നിന്നും പുറന്തള്ളുന്ന പുക നിശ്ചിത ഗുണ നിലവാരത്തിലെത്തിച്ച് പുറത്തു വിടുന്നതിന് ആവശ്യമായ സംവിധാനങ്ങൾ വാഹനങ്ങളിൽ ഘടിപ്പിക്കുക.

5111 ഹെക്ടർ വനഭൂമിയാണ് കൊട്ടിയൂർ റെയിഞ്ചിലുള്ളത്. ആറ് സെക്ഷനുകളിലായി ചെറിയ ചെറിയ ബിറ്റുകളിലായാണ് വനഭൂമിയുള്ളത്. കീഴ്പള്ളി, മണത്തണ, ഇരിട്ടി, കൊട്ടിയൂർ വെസ്റ്റ് എന്നീ സെക്ഷനുകളിൽ മനുഷ്യ-വന്യജീവി സംഘർഷം കുറക്കുന്നതിനായി വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കൊട്ടിയൂർ റെയിഞ്ചിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ മനുഷ്യ-വന്യജീവി സംഘർഷം കുറക്കുന്നതിന് നടപ്പാക്കിയ പ്രവൃത്തികളും ഇനി ആവശ്യമുള്ള പ്രവൃത്തിയുടേയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

1. അയ്യൻകുന്ന് പഞ്ചായത്ത്

ഇരിട്ടി സെക്ഷനിൽ ഏറ്റവും കൂടുതൽ മനുഷ്യ-വന്യജീവി സംഘർഷം നിലനിൽക്കുന്ന പഞ്ചായത്താണ് അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത്. വനമേഖല കുറവാണെങ്കിലും വളരെ ദൈർഘ്യമേറിയ വനാതിർത്തി ഉള്ളതിനാൽ കാട്ടാന ഉൾപ്പെടെയുള്ള വന്യജീവികളുടെ ആക്രമണം രൂക്ഷമായ മേഖലയാണിത്. ഏകദേശം 32 കി.മീ. വനാതിർത്തിയിൽ 10 കി.മീ. സോളാർ വേലി സ്ഥാപിച്ചിട്ടുണ്ട്. 22 കി.മീ. വനാതിർത്തിയിൽ സോളാർ വേലി പ്രവർത്തനങ്ങൾ ആവശ്യമായി കാണുന്നു. സോളാർ വേലിയുടെ പരിപാലന ചുമതല അയ്യൻകുന്ന് പഞ്ചായത്തിനെ ഏൽപ്പിച്ചിട്ടുണ്ടെങ്കിലും പരിചരണക്കുറവുമൂലം പല സ്ഥലങ്ങളിലും സോളാർ വേലി പ്രവർത്തനരഹിതമായിട്ടുണ്ട്. വന്യജീവി സംഘർഷം കുറയ്ക്കുന്നതിനായി 2 ദിവസവേതന വാച്ചർമാരുടെ സേവനവും ഈ പദ്ധതിയിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

2. ആറളം ഗ്രാമ പഞ്ചായത്ത്

ആറളം വന്യജീവി സങ്കേതത്തോട് ചേർന്ന് കിടക്കുന്ന കീഴ്പള്ളി സെക്ഷന്റെ പരിധിയിൽ വന്യജീവി സംഘർഷം രൂക്ഷമാണ്. വന്യജീവി സംഘർഷം കുറക്കുന്നതിനും ആറളം വന്യജീവി സങ്കേതത്തിന് ചുറ്റും റെയിൽ ഫെൻസിംഗ്, ടെഞ്ച്, ആനമതിൽ എന്നിവ വന്യജീവി സങ്കേതത്തിന്റെ ഭാഗമായി ഇവിടെ നടപ്പാക്കിയിട്ടുണ്ട്. കിഴ്പള്ളി സെക്ഷൻ പരിധിയിൽ 500 മീ. ടെഞ്ച് ഉം 70 മീ. റെയിൽ ഫെൻസിംഗും ചെയ്തിട്ടുണ്ട്. ബാക്കിവരുന്ന വനാതിർത്തിയിൽ 5കി.മീ. ടഞ്ചിന്റെ പ്രവൃത്തി നടന്നുവരികയാണ്. 4 കി.മീ. സോളാർ വൈദ്യുതി വേലി സ്ഥാപിച്ചിട്ടുണ്ടെങ്കിലും അതിന്റെ പരിചരണം ഏൽപ്പിച്ച ആറളം ഗ്രാപഞ്ചായത്ത് പ്രവർത്തനങ്ങളൊന്നും നടത്താത്തതിനാൽ പല സ്ഥലങ്ങളിലും ആയത് പ്രവർത്തനരഹിതമാണ്. വന്യജീവി സംഘർഷം കുറക്കുന്നതിന് നാല് ദിവസവേതന വാച്ചർമാരുടെ സേവനവും ഈ സെക്ഷനിൽ ഏർപ്പെടുത്തിയിട്ടുണ്ട്. വന്യജീവികൾക്ക് കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിന് ചെറിയ കുളങ്ങൾ കുഴിക്കുന്നതിനുള്ള പദ്ധതികളും ഈ മേഖലയിൽ ചെയ്തുവരുന്നുണ്ട്.

3. കേളകം ഗ്രാമ പഞ്ചായത്ത്

ആറളം വന്യജീവി സങ്കേതത്തോട് അതിർത്തി പങ്കിടുന്ന ഈ പഞ്ചായത്തിൽ ആനയുടേയും, ചെന്നായ, കാട്ടുപന്നി തുടങ്ങിയ വന്യജീവികളുടേയും ആക്രമണം രൂക്ഷമാണ്. നിലവിൽ വന്യജീവി സംഘർഷം കുറക്കുന്നതിനായി 13.6 കോടി രൂപ ചെലവു വരുന്ന 9.25 കി.മീ. നീളത്തിൽ ആനമതിലിന്റെ പ്രവൃത്തി പൊതുജനപങ്കാളിത്തത്തോടെ നടന്നുവരുന്നുണ്ട്. മണത്തണ സെക്ഷന്റെ കീഴിൽ ചെറിയ ബിറ്റുകളായി വനമേഖല സ്ഥിതിചെയ്യുന്നതുകൊണ്ട് വന്യജീവി സംഘർഷം നേരിടുവാൻ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. രണ്ട് കിലോമീറ്റർ സോളാർ വൈദ്യുതവേലിയും ഇവിടെ സ്ഥാപിച്ചിട്ടുണ്ട്. വന്യജീവി സംഘർഷം കുറക്കുന്നതിനുവേണ്ടി ഇവിടെ രണ്ട് ദിവസവേതന വാച്ചർമാരുടെ സേവനവും ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പണി

നടന്നുകൊണ്ടിരിക്കുന്ന ആനമതിലിന്റെ പ്രവൃത്തി പൂർത്തിയായാൽ മാത്രമേ മറ്റ് വനാതിർത്തികളിൽ വന്യജീവി സംഘർഷ പ്രതിരോധ മാർഗങ്ങൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

4. കൊട്ടിയൂർ ഗ്രാമപഞ്ചായത്ത്

കൊട്ടിയൂർ ഗ്രാമപഞ്ചായത്ത് മേഖലയിലെ വനാതിർത്തികളിൽ 17 കിലോമീറ്റർ സോളാർ വൈദ്യുതവേലി പൂർത്തീകരിച്ചിട്ടുണ്ട്. ഏകദേശം 9 കി.മീ സോളാർ വൈദ്യുതവേലി കൂടി ഈ പഞ്ചായത്തിൽ അത്യാവശ്യമാണ്. രണ്ട് ദിവസവേതന വാച്ചർമാരുടെ സേവനവും വന്യജീവി സംഘർഷം കുറക്കുന്നതിനുവേണ്ടി ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്. വന്യജീവികൾക്ക് ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും ആവിഷ്കരിച്ചിട്ടുണ്ട്.

5. കണിച്ചാർ ഗ്രാമപഞ്ചായത്ത്

കണിച്ചാർ ഗ്രാമപഞ്ചായത്തിന്റെ വനാതിർത്തിയിൽ 7.500 കി.മീ. സോളാർ വൈദ്യുത വേലി സ്ഥാപിച്ചിട്ടുണ്ട്. വനമേഖല ഇല്ലാത്ത തില്ലങ്കേരി, ചാവശ്ശേരി, ശിവപുരം തുടങ്ങിയ മേഖലകളിലും കാട്ടുപന്നി, മുള്ളൻപന്നു, കുരങ്ങ് എന്നീ വന്യജീവികളുടെ ഇടപെടൽ നിലനിൽക്കുന്നുണ്ട്. ആയത് ലഘൂകരിക്കുന്നതിനായി പ്രത്യേകം പദ്ധതികൾ ഒന്നും തന്നെ ആവിഷ്കരിച്ചിട്ടില്ലാത്തതിനാൽ റാപിഡ് റസ്പോൺസ് ടീമിന്റെയും ഈ റെയിഞ്ചിലെ ജീവനക്കാരുടെ സേവനവും ലഭ്യമാക്കുന്നുണ്ട്.

ജില്ലാ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട അടിയന്തിര ശ്രദ്ധ ചെലുത്തേണ്ട വിഷയങ്ങൾ

വിവിധ തലത്തിൽ നടത്തിയിട്ടുള്ള ശാസ്ത്രീയ പരിശോധനഫലത്തിൽ നിന്നും ഭൂഗർഭജലം വൻതോതിൽ മലിനമാക്കപ്പെട്ടതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഒറ്റപ്പെട്ട സ്ഥലങ്ങളിൽ നിന്നുപോലും ശേഖരിക്കുന്ന സാംപിളുകളിൽ വൻതോതിൽ ഇ-കോളി ബാക്ടീരിയയുടെ സാന്നിധ്യം കാണുന്നുണ്ട്. സെപ്റ്റിക് ടാങ്ക്, സോക്ക്പിറ്റ് എന്നിവയുടെ അശാസ്ത്രീയമായ നിർമാണമാണ് ഇതിനു പ്രധാന കാരണം. ഇതു പരിഹരിക്കാൻ ഖര ദ്രാവക മാലിന്യങ്ങൾ (വ്യവസായ മാലിന്യങ്ങൾ ഉൾപ്പെടെ) ശാസ്ത്രീയമായി സംസ്കരിക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. കൂടാതെ നിർമാണ മേഖലയിൽ ബിൽഡിംഗ് റൂൾസ് കർശനമായി നടപ്പിലാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

മറ്റൊരു പ്രധാന പ്രശ്നം മുൻസിപ്പൽ സോളിഡ് വേസ്റ്റ് ആണ്. ഇവയുടെ ശാസ്ത്രീയമായ സംസ്കരണത്തിനും പുനരുപയോഗത്തിനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കാര്യക്ഷമമായ പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്. Solid Waste Rules 2016 അനുസരിച്ച് എല്ലാ തദ്ദേശ സ്ഥാപനങ്ങളും അവയുടെ പരിധിയിൽ ഉണ്ടാകുന്ന ഖരമാലിന്യങ്ങൾ തരംതിരിച്ച് ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കേണ്ടതാണ്. ഇവയ്ക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയും ആവശ്യമാണ്. എന്നാൽ ബോർഡിന്റെ അനുമതിയുള്ള ഖരമാലിന്യ സംസ്കരണ കേന്ദ്രങ്ങളൊന്നും ജില്ലയിൽ നിലവിലില്ല. ഇത് വലിയൊരു ന്യൂനതയാണ്. തദ്ദേശ സ്ഥാപനങ്ങൾ സ്വന്തമായി മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ നിർമിച്ച് കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ പ്ലാസ്റ്റിക് മാലിന്യങ്ങൾ പ്ലാസ്റ്റിക് റൂൾസ്സ് 2016 പ്രകാരം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനാവശ്യമായ സംസ്കരണകേന്ദ്രങ്ങൾ നിർമിക്കേണ്ടതും അത്യാവശ്യമാണ്. പുനരുപയോഗ പ്ലാന്റുകൾ സ്ഥാപിച്ച് കുടുംബശ്രീ/സ്വയം സഹായ സംഘങ്ങളെ ഏൽപിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കാര്യത്തിൽ മാതൃകയാകാവുന്നതാണ്. പ്രധാന വെല്ലുവിളിയുയർത്തുന്ന മറ്റൊരു വിഷയം അറവുശാലാ മാലിന്യങ്ങളാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ ബോർഡിന്റെ പ്രവർത്തനാനുമതിയോടെ അംഗീകൃത അറവുശാലകളൊന്നും പ്രവർത്തിക്കുന്നില്ല. ഇത് അനധികൃത അറവുശാലകളുടെ ഉത്ഭവത്തിന് കാരണമാണ്. ഇത്തരം സ്ഥാപനങ്ങളിൽ നിന്നുമുള്ള മാലിന്യങ്ങൾ തികച്ചും അശാസ്ത്രീയമായാണ് കൈകാര്യം ചെയ്യപ്പെടുന്നത്. ഇത് വൻതോതിലുള്ള പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുന്നു. ഇത് പരിഹരിക്കുന്നതിന് ശാസ്ത്രീയമായ അറവുശാലകൾ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

ഭൂജല ലഭ്യതയും ഉപഭോഗവും സംബന്ധിച്ച റിപ്പോർട്ട്

കേരള സംസ്ഥാന ഭൂജലവകുപ്പും കേന്ദ്രഭൂജലബോർഡും സംയുക്തമായി കേന്ദ്രഗവൺമെന്റ് നിയോഗിച്ച ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റി (Groundwater Estimation Committee)യുടെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി കേരളത്തിലെ ഡയനാമിക് ഗ്രൗണ്ട് വാട്ടർ റിസോഴ്സ് (Dynamic Groundwater) കാലാനുസാരിയായി നിർണയിച്ച് വരുന്നുണ്ട്. ഏറ്റവും ഒടുവിൽ ലഭ്യമായിട്ടുള്ളതും 2013 മാർച്ച് വരെയുള്ള ഡാറ്റാ ആധാരമായി തയ്യാറാക്കിയിട്ടുള്ളതുമായ കേരളത്തിലെ ഡയനാമിക് ഗ്രൗണ്ട് വാട്ടർ റിസോഴ്സ് Dynamic Groundwater Resources of Kerala (as on march 2013)എന്ന റിപ്പോർട്ട് പ്രകാരം കണ്ണൂർ ജില്ലയിലെ ആകെ ജലലഭ്യത 459.01 എം.സി.എം. ഉം എല്ലാ ആവശ്യങ്ങൾക്കുമായുള്ള ആകെ ഭൂജല ഉപഭോഗം 185.79 എം.സി.എം ഉം ആയിട്ടാണ് കണക്കാക്കിയിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ടിൽ കണ്ണൂർ, പാനൂർ, തലശ്ശേരി എന്നീ മൂന്ന് ബ്ലോക്കുകളെ (സെമിക്രിട്ടിക്കൽ) വിഭാഗങ്ങളിലും മറ്റെല്ലാ ബ്ലോക്കുകളേയും സുരക്ഷാ വിഭാഗത്തിലുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

2013 ഏപ്രിൽ മാസം (പ്രീ മൺസൂൺ) മുതൽ കഴിഞ്ഞ പത്തു വർഷങ്ങളിലേയും, 2017 ഒക്ടോബർ മാസം മുതൽ കഴിഞ്ഞ പത്തു വർഷത്തേയും, കണ്ണൂർ ജില്ലയിലെ നിരീക്ഷണ കിണറുകളിലെ (ഉറന്ന കിണർ) ഭൂജല വ്യതിയാനത്തിന്റെ ടെൻഡ് പരിശോധിച്ചതിൽ നിന്നും ഒരു ഉറന്ന കിണറിൽപോലും പരിഗണിക്കത്തക്ക താഴ്ച കാണാൻ സാധിച്ചിട്ടില്ല. അതുപോലെ തന്നെ 1989 മുതൽ ലഭ്യമായിട്ടുള്ള ഭൂജലനിരപ്പിലെ ദീർഘകാല വ്യതിയാനം പരിശോധിച്ചപ്പോഴും ഒരു ഉറന്ന കിണർ പോലും പരിഗണിക്കത്തക്ക താഴ്ച കാണാൻ സാധിച്ചിട്ടില്ല.

മഴയിലെ വ്യതിയാനം, സമുദ്ര നിരപ്പിന്റെ ഉയർച്ച, അന്തരീക്ഷ താപനിലയിലെ വർദ്ധനവ്, എന്നിവയാണ് ആഗോള താപനവും കാലാവസ്ഥാ വ്യതിയാനവുമായി ബന്ധിപ്പിച്ച് ജലവിഭവങ്ങളെ ബാധിക്കാൻ ഇടയുള്ള പ്രധാന പ്രശ്നങ്ങൾ.

കാലാവസ്ഥാ വ്യതിയാനങ്ങളുമായി ബന്ധപ്പെട്ട് മഴയുടെ തീവ്രതയിലുണ്ടാകുന്ന വർദ്ധനവ് ടോപ്പിക്കൽ പ്രദേശങ്ങളിൽ ഭൂജല സംപോഷണത്തിൽ വർദ്ധനവ് ഉണ്ടാക്കുമെന്നാണ് വിവിധ ഗവേഷണ റിപ്പോർട്ടുകൾ സൂചന നൽകുന്നത്. മഴയുടെ തീവ്രതയിലെ വ്യതിയാനവും മഴയുടെ ലഭ്യതയുടെ വ്യതിയാനവും വരൾച്ച, വെള്ളപ്പൊക്കം, വെള്ളക്കെട്ട്, മണ്ണിടിച്ചിൽ തുടങ്ങിയ പ്രതിഭാസങ്ങൾക്ക് കാരണമായേക്കാം.

സമുദ്രനിരപ്പിലെ ഉയർച്ച തീരപ്രദേശത്തുള്ള ശുദ്ധജല അകിഫറുകൾക്ക് ഉപ്പുവെള്ളത്തിന്റെ കടന്നുകയറ്റത്തിനും നദിയിലേക്കുള്ള ഉപ്പ് വെള്ളത്തിന്റെ കടന്ന് കയറ്റത്തിനും കാരണമായേക്കാം. അന്തരീക്ഷ താപനിലയിലെ വർദ്ധനവ് ഇവാപ്പോട്രാൻസ്പിറേഷന്റെ വർദ്ധനവിനും അഗ്രിക്കൾച്ചറൽ വരൾച്ചയ്ക്കും കാരണമാകാവുന്നതും ആയതിന്റെ ഫലമായി ഭൂജലവിഭവത്തിൽ മേൽ സമ്മർദ്ദം അനുഭവപ്പെടാവുന്നതുമാണ്.

ജില്ലയിലെ ഭൂഗർഭജലം സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 23 ൽ** നൽകിയിരിക്കുന്നു

മറ്റ് വകുപ്പുകളെ സംയോജിപ്പിച്ച് ചെയ്യാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ജില്ലയിലെ ചിറയ്ക്കൽ ചിറയെ തിരഞ്ഞെടുത്ത് പഠനങ്ങൾ നടത്തിവരുന്നു. ബോർഡും വാട്ടർ അതോറിറ്റിയും ചേർന്ന് ചിറയിലെ ജലഗുണനിലവാര പരിശോധന നടത്തി. ചിറയുടെ നവീകരണം പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ വാട്ടർ അതോറിറ്റി, ജലസേചനവകുപ്പ് എന്നിവരെക്കൂടി ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു. കൂടാതെ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റുമായി ചേർന്ന് കിണർവെള്ളത്തിന്റെ മലിനീകരണവും കാരണങ്ങളും എന്ന വിഷയത്തിൽ വിശദമായ പഠനം നടത്താൻ ഉദ്ദേശിക്കുന്നു.

വനം വകുപ്പും ഗ്രാമപഞ്ചായത്തും സംയോജിതമായി നടപ്പിലാക്കുന്ന പദ്ധതികൾ

വന്യജീവി സംഘർഷം രൂക്ഷമായ ഇരിട്ടി പേരാവൂർ ബ്ലോക്കിൽ പ്രത്യേക ശ്രദ്ധ നൽകുന്നതിനായി റാപ്പിഡ് റെസ്പോൺസ് തളിപ്പറമ്പിന്റെ ആസ്ഥാനം ഇരിട്ടിയിൽ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. വന്യജീവികൾ കാരണമുള്ള നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള പ്രവർത്തികളും നടപ്പാക്കിവരുന്നുണ്ട്.

ക്രമ നമ്പർ	പഞ്ചായത്ത്	സെക്ഷൻ	നടപ്പാക്കിയ പദ്ധതികൾ	നടപ്പാക്കേണ്ടുന്ന പദ്ധതികൾ	റിമാർക്സ്
1	അയ്യൻകുന്ന്	ഇരിട്ടി	10 കി മീ. സോളാർ ഫെൻസിംഗ്	22 കി.മീ. സോളാർ ഫെൻസിംഗ്. 2 കി.മീ. ട്രഞ്ച് (കരിയിൽ ഭാഗം)	പരിചരണം ഗ്രാമ പഞ്ചായത്ത് വഴി നടപ്പാക്കേണ്ടതാണ്.
2	ആറളം	കീഴ്പ്പള്ളി	500 മീറ്റർ ട്രഞ്ച്, 500 റയിൽ ഫെൻസിംഗ്, 5 കി.മീ. ട്രഞ്ച് പ്രവർത്തി നടന്നുകൊണ്ടിരിക്കുന്നു. 4 കി.മീ. റെയിൽ അല്ലെങ്കിൽ ട്രഞ്ച്	5 കി.മീ. Trench എടുക്കണം	
3	കേളകം	മണത്തണ	2 കി.മീ. സോളാർ ഫെൻസിംഗ്, 9.25 കി.മീ. ആനമതിൽ പ്രവർത്തി നടന്നുകൊണ്ടിരിക്കുന്നു.		
4	കൊട്ടിയൂർ	മണത്തണ/കൊട്ടിയൂർ വെസ്റ്റ്	17 കി.മീ. സോളാർ ഫെൻസിംഗ്	13 കി.മീ. സോളാർ ഫെൻസിംഗ് or റെയിൽ ഫെൻസിംഗ്	പരിചരണം ഗ്രാമപഞ്ചായത്ത് വഴി നടപ്പാക്കേണ്ടതാണ്.
5	കണിച്ചാർ	കൊട്ടിയൂർ വെസ്റ്റ്	7.5 കി.മീ. സോളാർ ഫെൻസിംഗ്		

4.1 (ഇ) വ്യവസായം, വാണിജ്യം, സ്വയംതൊഴിൽ സംരംഭങ്ങൾ

വ്യാവസായികമായി വളർന്നു കൊണ്ടിരിക്കുന്ന ജില്ലയാണ് കണ്ണൂർ. കേരളത്തിന്റെ വ്യവസായ ഭൂപടത്തിൽ കണ്ണൂർ ജില്ലയ്ക്ക് ഗണനീയമായ സ്ഥാനമുണ്ട്. തുണി, വസ്ത്ര നിർമാണം, ഭക്ഷ്യ സംസ്കരണം, കെട്ടിട നിർമാണ സാമഗ്രികൾ, പ്ലാസ്റ്റിക്, എൻജിനീയറിംഗ്, മരാധിഷ്ഠിത വ്യവസായങ്ങൾ, പ്ലൈവുഡ്, കൂപ്പിവെള്ളം, പേപ്പർ ഉൽപ്പന്നങ്ങൾ, അച്ചടി എന്നീ ആധുനിക മേഖലയും, കൈത്തറി, കയർ, വെങ്കല ഉൽപ്പന്നങ്ങൾ, കളിമൺ തുടങ്ങിയ പരമ്പരാഗത മേഖലയും ജില്ലയിൽ ശ്രദ്ധേയമായി പ്രവർത്തിക്കുന്നു. കണ്ണൂർ കൈത്തറി ലോക ശ്രദ്ധയാകർഷിച്ച ഉൽപ്പന്നമാണ്. കണ്ണൂർ ഹോം ഫർണിഷിങ് ഉൽപ്പന്നങ്ങൾക്ക് ഭൗമ സൂചിക സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. കൃഷി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തൊഴിൽ നൽകുന്ന മേഖല സൂക്ഷ്മ, ചെറുകിട, ഇടത്തരം, വ്യവസായ മേഖലയാണ്. ഇത് കൂടാതെ ചില പൊതുമേഖലാ സ്ഥാപനങ്ങളും ജില്ലയിൽ പ്രവർത്തിക്കുന്നു.

വ്യവസായ മേഖലയിൽ 9,181 സംരംഭങ്ങൾ ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ നിന്നായി ഏതാണ്ട് 819.10 കോടി രൂപയുടെ നിക്ഷേപമുണ്ട്. അതുവഴി 43,451 പേർക്കു തൊഴിൽ നൽകുകയും ചെയ്യുന്നുണ്ട്.

വ്യവസായ വാണിജ്യ വകുപ്പ്

ജില്ലയിൽ 3 തലത്തിലാണ് വ്യവസായ വാണിജ്യ വകുപ്പിന്റെ പ്രവർത്തനങ്ങൾ നടന്നു വരുന്നത്. ജില്ലാ വ്യവസായ കേന്ദ്രമാണ് മുഖ്യ സ്ഥാപനം. കണ്ണൂർ, തലശ്ശേരി, തളിപ്പറമ്പ് താലൂക്കുകളാണ് രണ്ടാമത്തെ തലം. ഇരിട്ടി താലൂക്ക് നിലവിൽ വന്നെങ്കിലും വ്യവസായ വാണിജ്യ വകുപ്പിന്റെ ഇരിട്ടി താലൂക്ക്തല പ്രവർത്തനങ്ങൾ തലശ്ശേരി താലൂക്ക് കേന്ദ്രീകരിച്ചാണ് നടക്കുന്നത്. മുൻസിപ്പൽ കോർപറേഷൻ/ബ്ലോക്ക് തലമാണ് മൂന്നാമത്തേത്. കണ്ണൂർ മുൻസിപ്പൽ കോർപറേഷനിലും 11 ബ്ലോക്കുകളിലുമായി വകുപ്പിന്റെ താഴെ തട്ടിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നു. കണ്ണൂർ മുൻസിപ്പൽ കോർപറേഷൻ ഒഴികെ ബാക്കിയുള്ള 9 മുൻസിപ്പാലിറ്റികളിലുമുള്ള വികസന പ്രവർത്തനങ്ങൾ അനുബന്ധ ബ്ലോക്ക് പഞ്ചായത്തിലെ വ്യവസായ വികസന ഓഫിസർമാരാണ് നടത്തുന്നത്. വ്യവസായം ആരംഭിക്കുന്നതിനും നിലനിർത്തുന്നതിനും വികസനം/ആധുനിക വൽക്കരണം /വൈവിധ്യ വൽക്കരണം എന്നിവയ്ക്ക് ആവശ്യമായ കൈത്താങ്ങ് സഹായങ്ങൾ വ്യവസായ വികസന ഓഫിസർമാർ നൽകുന്നു.

സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭങ്ങൾ (MSME) 2016-17 വരെയുള്ള കണക്കുകൾ പരിശോധിച്ചാൽ ജില്ലയിൽ വ്യവസായ വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സംരംഭങ്ങളുടെ എണ്ണം 9181 ആണ്. ഗണ്യമായ വ്യവസായ സംരംഭങ്ങൾ വ്യവസായ വകുപ്പിൽ രജിസ്റ്റർ ചെയ്യാതെയും പ്രവർത്തിക്കുന്നുണ്ട്.

5 വർഷത്തെ നിക്ഷേപവും തൊഴിലും

ലഘു സൂക്ഷ്മ ഇടത്തരം സംരംഭ മേഖലയിലെ നിക്ഷേപവും തൊഴിലും

ക്രമ നം.	കാറ്റഗറി	2012-13	2013-14	2014-15	2015 -16	2016-17
1	സംരംഭങ്ങളുടെ എണ്ണം	646	946	1024	325	520
2	നിക്ഷേപം (കോടി രൂപയിൽ)	70	97.91	117.93	37.52	76.48
3	തൊഴിൽ എണ്ണം	3398	3765	3862	1430	1642

5 വർഷത്തെ നിക്ഷേപം പരിശോധിച്ചാൽ വളർച്ചാ നിരക്ക് കുറയുന്നതായി കാണാം

ലഘു സൂക്ഷ്മ ഇടത്തരം സംരംഭ മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീ-പുരുഷ തൊഴിലാളികൾ

ക്രമ നം.	ലിംഗം	2012-13	2013-14	2014-15	2015 -16	2016-17
1	പുരുഷൻ	504	757	778	232	371
2	സ്ത്രീ	142	189	246	93	149
ആകെ		646	946	1024	325	520

പട്ടിക പരിശോധിച്ചാൽ 2014-15 നെ അപേക്ഷിച്ച് 2015-16ൽ തൊഴിലാളികളുടെ എണ്ണം ഗണ്യമായി കുറയുന്നതായി കാണാം. 2016-17 ൽ നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ലഘു സൂക്ഷ്മ സംരംഭങ്ങൾ – പ്രവർത്തന ശൈലിയുടെ അടിസ്ഥാനത്തിൽ (2016-17)

ക്രമ നം.	വിഭാഗം	ഉത്പാദന സംരംഭങ്ങൾ	സേവന സംരംഭങ്ങൾ	ആകെ
1	സൂക്ഷ്മ സംരംഭങ്ങൾ	409	53	462
2	ചെറുകിട സംരംഭങ്ങൾ	34	20	54
3	ഇടത്തരം സംരംഭങ്ങൾ	2	2	2
	ആകെ	445	75	520

(അവലംബം-ജില്ല വ്യവസായ കേന്ദ്രത്തിലെ പൊട്ടൻഷ്യൽ സർവേ റിപ്പോർട്ട്)

സൂക്ഷ്മ സംരംഭ മേഖലയിലാണ് കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതെന്ന് കാണാം.

പ്രത്യേക കുറിപ്പ്

നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും ചെറുകിട വ്യവസായ മേഖലയെ നിയമപരിധിയിൽ കൊണ്ടുവരുന്നതിനുമായി കേന്ദ്ര സർക്കാർ 2006 ഒക്ടോബർ മാസത്തിൽ മൈക്രോ, സ്മോൾ, മീഡിയം എന്റർപ്രൈസ് ഡവലപ്മെന്റ് ആക്ട് 2006 പ്രാബല്യത്തിൽ വരുത്തി.

വ്യവസായ മേഖല സംരംഭക സൗഹൃദമാക്കുന്നതിന്റെ ഭാഗമായി 2015 സെപ്തംബർ മുതൽ ഉദ്യോഗ് ആധാർ മെമ്മോറാണ്ടം ഫയൽ ചെയ്യുന്ന രീതി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചു. ആധാർ നമ്പർ, മൊബൈൽ ഫോൺ, ഇമെയിൽ വിലാസം, ബാങ്ക് അക്കൗണ്ട് നമ്പർ (ഐ.എഫ്.എസ്.സി. കോഡ് സഹിതം) എന്നിവ അടിസ്ഥാനമാക്കിയാണ് മെമ്മോറാണ്ടം ഫയൽ ചെയ്യുന്നത്. ഇത് ഫയൽ ചെയ്യുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം സംരംഭകർക്ക് സഹായം നൽകുന്നുണ്ടെങ്കിലും ആഫീസുകളെ സമീപിക്കാതെ ഇന്റർനെറ്റ് സംവിധാനം ഉപയോഗിച്ച് ഉദ്യോഗ് ആധാർ മെമ്മോറാണ്ടം ഫയൽ ചെയ്യുവാൻ സാധിക്കും. വ്യവസായ വാണിജ്യ വകുപ്പ് സാമ്പത്തിക/സേവന ആനുകൂല്യങ്ങൾ നൽകുമ്പോൾ മാത്രമാണ് സ്ഥാപനം പരിശോധിക്കുന്നത്. ബ്ലോക്ക്തല ഉദ്യോഗസ്ഥർ ശേഖരിച്ച കണക്കു പ്രകാരം മെമ്മോറാണ്ടം ഫയൽ ചെയ്യാതെ പ്രവർത്തിക്കുന്ന 18000 സംരംഭങ്ങൾ ജില്ലയിലുണ്ട്.

സംരംഭ മേഖലകൾ

ജില്ലയിലെ സംരംഭ നിക്ഷേപ മേഖലകൾ ഇനം തിരിച്ചു ചേർക്കുന്നു

ക്രമ നം.	മേഖല	എണ്ണം
1	ഭക്ഷ്യ സംസ്കരണം	1075
2	സോഡ/കുടിവെള്ളം	206
3	കോട്ടൺ തുണികൾ	300
4	ഇലക്ട്രോണിക്സ്	350
5	റെഡിമെയ്ഡ് വസ്ത്രങ്ങൾ	1401
6	മര ഉരുപ്പടികൾ	801
7	പേപ്പർ ഉൽപ്പന്നങ്ങൾ	99
8	തുകൽ ഉൽപ്പന്നങ്ങൾ	78
9	രാസവസ്തു അധിഷ്ഠിത ഉൽപ്പന്നങ്ങൾ	28
10	റബ്ബർ, പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ	274
11	ധാതു അധിഷ്ഠിത ഉൽപ്പന്നങ്ങൾ	23
12	ലോഹ ഉൽപ്പന്നങ്ങൾ	520
13	എഞ്ചിനീയറിംഗ് സ്ഥാപനങ്ങൾ	1048
14	ഇലക്ട്രിക്കൽ ഉപകരണങ്ങൾ	9
15	റിപ്പയറിംഗ്/സർവീസ് സ്ഥാപനങ്ങൾ	956
16	ഫാഷൻ ഡിസൈനിംഗ്	24
17	മറ്റുളവ	1964
18	കരകൗശല മേഖല	25
	ആകെ	9181

ജില്ലയിലെ പൊതു, സഹകരണ, സ്വകാര്യ മേഖലയിലെ വ്യവസായ സ്ഥാപനങ്ങൾ സംബന്ധിച്ച വിവരം **അനുബന്ധം 21 ൽ** നൽകുന്നു

ജില്ലയിലെ സുപ്രധാന വ്യവസായ മേഖലകൾ

1. തുണി നെയ്ത്ത്(യന്ത്രത്തറി, കൈത്തറി മേഖല)
2. പ്ലൈവുഡ്, ബ്ലാക്ക് ബോർഡ് നിർമാണം
3. മര ഉരുപ്പടികൾ
4. കെട്ടിട നിർമാണ സാമഗ്രികൾ
5. ലഘു എഞ്ചിനീയറിംഗ്
6. വസ്ത്ര നിർമാണം
7. പുനരുപയോഗമില്ലാത്ത ഗ്ലാസുകൾ, പ്ലേറ്റുകൾ, പ്ലാസ്റ്റിക് സഞ്ചികൾ
8. കുടിവെള്ള വിൽപ്പന
9. ഇലക്ട്രോണിക്സ്
10. ഐ.ടി സേവനങ്ങൾ

(വ്യവസായ ആവശ്യത്തിന് നിലവിൽ ലഭ്യമായ ഭൂമിയുടെ വിവരങ്ങൾ) അടിസ്ഥാന സൗകര്യങ്ങൾ

ക്രമ നമ്പർ	പേര്	ഉടമസ്ഥത	നിലവിലെ അവസ്ഥ
1	ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് പ്ലോട്ട്, ആന്തൂർ	വ്യവസായ വകുപ്പ്	169 വ്യവസായ യൂണിറ്റുകൾക്ക് സ്ഥല വിതരണം പൂർത്തിയായി 152 യൂണിറ്റുകൾ പ്രവർത്തിക്കുന്നു
2	മിനി വ്യവസായ എസ്റ്റേറ്റുകൾ	കണ്ണൂർ ജില്ലാ മിനി വ്യവസായ എസ്റ്റേറ്റ് സഹകരണ സംഘം	3 എസ്റ്റേറ്റുകളിലായി 27 വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. 1 ഏക്കർ ഭൂമിയിൽ കെട്ടിടം നിർമിക്കാനുണ്ട്
3	വ്യവസായ എസ്റ്റേറ്റ് 3 എണ്ണം	സ്മോൾ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപറേഷൻ	തലശ്ശേരി വളപട്ടണം കൂറ്റിക്കോൽ പൂർണമായും ഉപയോഗപ്പെടുത്തി കഴിഞ്ഞു .
4	വ്യവസായ വളർച്ച കേന്ദ്രം, വലിയ വെളിച്ചം, കുഞ്ഞുപറമ്പ്	കേരള ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപറേഷൻ	വ്യവസായ ആവശ്യത്തിനായി സ്ഥലം ബാക്കിയുണ്ട് 43 വ്യവസായങ്ങൾ പ്രവർത്തിക്കുന്നു
5	ടെക്സ്റ്റൈൽസ് പാർക്ക്, നാടുകാണി, തളിപ്പറമ്പ് തലശ്ശേരി KINFRA	കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപറേഷൻ	ടെക്സ്റ്റയിൽ വ്യവസായത്തിന് വേണ്ടി പ്രത്യേകം അക്വയർ ചെയ്തത് വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. വ്യവസായങ്ങൾ അലോട്ട് ചെയ്യാൻ ഒരു പുതിയ കെട്ടിടം നിർമിച്ചിട്ടുണ്ട്. 877 ഏക്കർ മട്ടന്നൂരിൽ ഏറ്റെടുത്തിട്ടുണ്ട്. ചാവശ്ശേരിയിൽ 222 ഏക്കർ ഏറ്റെടുക്കാൻ സർക്കാരിലേക്ക് ശുപാർശ നൽകിയിട്ടുമുണ്ട്.

പ്രാദേശിക ഗവൺമെന്റുകളുടെ (ത്രിതല പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപറേഷൻ) അധീനതയിലുള്ള വ്യവസായ ഭൂമിയുടെ വിവരങ്ങൾ

ക്രമ നം.	തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര്	ഭൂമിയുടെ വിസ്തൃതി	വില്ലേജ്
1	കണ്ണൂർ മുൻസിപ്പൽ കോർപറേഷൻ 1. പള്ളിക്കുന്ന് 2. ചേലോറ 3. എളയാവൂർ 4. എടക്കാട് 5. കണ്ണൂർ	 40 സെന്റ് 1.54 ഏക്കർ 0.3 ഏക്കർ 1 ഏക്കർ 17.5 സെന്റ്	 പള്ളിക്കുന്ന്, ചേലോറ എളയാവൂർ എടക്കാട് കണ്ണൂർ
II	**ഗ്രാമപഞ്ചായത്ത്**		
1	അഴീക്കോട്	59 സെന്റ്	അഴീക്കോട്
2	ചെമ്പിലോട്	1 ഏക്കർ	ചെമ്പിലോട്
3	മുണ്ടേരി	0.42 ഏക്കർ	മുണ്ടേരി
4	പെരളശ്ശേരി	2 ഏക്കർ	പെരളശ്ശേരി
5	ചെറുകുന്ന്	197.6 സെന്റ്	ചെറുതാഴം
6	മാടായി	2.47 സെന്റ്	മാടായി
7	കല്ല്യാശ്ശേരി	9.88 സെന്റ്	കല്ല്യാശ്ശേരി
8	ഏഴോം	76.57 സെന്റ്	ഏഴോം
9	ചെറുപുഴ	50 സെന്റ്	വയക്കര
10	എരമം-കുറ്റൂർ	2.50 സെന്റ്	എരമം-39
11	കാങ്കോൽ-ആലപ്പടമ്പ്	20 ആർ	ആലക്കാട്, ചൂരൽ, കാങ്കോൽ
12	കരിവെള്ളൂർ-പെരളം	40 ആർ 80 ആർ	കരിവെള്ളൂർ
13	പെരിങ്ങോം - വയക്കര	60 ആർ	
14	രാമന്തളി	.1286 Hector .1296, 1 ഏക്കർ	രാമന്തളി
15	മുഴപ്പിലങ്ങാട്	52.99 Sd.Mt	മുഴപ്പിലങ്ങാട് വില്ലേജ്
16	കതിരൂർ	50 സെന്റ്	കതിരൂർ
17	ചിറ്റാരിപ്പറമ്പ്	20 സെന്റ്	കണ്ണവം
18	തൃപ്പങ്ങോട്ടൂർ	50 സെന്റ്	തൃപ്പങ്ങോട്ടൂർ
19	കുന്നോത്ത്പറമ്പ്	58.71 സെന്റ്	കൊളവല്ലൂർ
20	മാലൂർ	1.10 സെന്റ്	ശിവപുരം
21	മാലൂർ	80 സെന്റ്	ശിവപുരം
22	കൂടാളി	140 സെന്റ്	കൂടാളി
23	കീഴല്ലൂർ	1 ഏക്കർ	കീഴല്ലൂർ
24	തില്ലങ്കേരി	120 സെന്റ്	തില്ലങ്കേരി
25	പായം	127 സെന്റ്	പായം
26	ചിറ്റാരിപ്പറമ്പ്	2.5 സെന്റ്	മാനന്തേരി
III	**ബ്ലോക്ക് പഞ്ചായത്ത്/ മുൻസിപ്പാലിറ്റി**		
1	കണ്ണൂർ ബ്ലോക്ക്	21.7 സെന്റ്	ആലക്കോട്
2	എടക്കാട് ബ്ലോക്ക്	1.87 ആർ	ഇരിവേരി
3	കല്ല്യാശ്ശേരി ബ്ലോക്ക്	104.05 സെന്റ്	കല്ല്യാശ്ശേരി
4	പയ്യന്നൂർ ബ്ലോക്ക്	2.50 ഏക്കർ 40 are 50 sq.m	എരമം കാങ്കോൽ
5	തളിപ്പറമ്പ് ബ്ലോക്ക് 1 കുറുമാത്തൂർ 2 പരിയാരം 3 ആലക്കോട്	 0.404 ഏക്കർ 0.34 ഏക്കർ 0.404 ഏക്കർ	
6	പയ്യന്നൂർ മുൻസിപ്പാലിറ്റി	9 Acre	കോറോം
7	മട്ടന്നൂർ മുൻസിപ്പാലിറ്റി	350 സെന്റ്	കോളാരി
8	തലശ്ശേരി	61 സെന്റ്	പിണറായി

9	പാന്തൂർ	93 സെന്റ്	പന്ന്യന്തൂർ
10	പേരാവൂർ ബ്ലോക്ക്	1 ഏക്കർ	മണത്തണ
11	പേരാവൂർ ബ്ലോക്ക്	102 സെന്റ്	കേളകം
12	ഇരിട്ടി ബ്ലോക്ക്	104 സെന്റ്	ആറളം
13	ഇരിട്ടി ബ്ലോക്ക്	162 സെന്റ്	തില്ലങ്കേരി

അവലംബം – വ്യവസായ വകുപ്പ്

വ്യവസായ അനുബന്ധ ഗവേഷണ സ്ഥാപനങ്ങൾ

1. വീവേഴ്സ് സർവീസ് സെന്റർ, കണ്ണൂർ
2. ടെക്സ്റ്റയിൽസി കമ്മിറ്റി – കണ്ണൂർ
3. പവർലൂം സർവീസ് സെന്റർ, കണ്ണൂർ
4. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ് ലൂം ടെക്നോളജി, കണ്ണൂർ
5. നാഷണൽ ഹാന്റ് ലൂം ഡെവലപ്മെന്റ് കോർപറേഷൻ, കണ്ണൂർ
6. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, കണ്ണൂർ



കൂടിൽ വ്യവസായ തൊഴിലാളികൾ കേന്ദ്രീകരണം



വികസന മേഖല – അവസ്ഥയും പരിപ്രേക്ഷ്യവും

1. വ്യവസായ മേഖല നേരിടുന്ന പ്രധാന പ്രശ്നം വ്യവസായ പ്ലോട്ടുകളുടെ ദൗർലഭ്യമാണ്. നിലവിലുള്ള വ്യവസായ പ്ലോട്ടിലും എസ്റ്റേറ്റുകളിലും പുതിയ വ്യവസായങ്ങൾ ഉൾക്കൊള്ളാൻ പറ്റാത്ത അവസ്ഥയിലാണ്. കിൻഫ്ര, കെ.എസ്.ഐ.ഡി.സി. തുടങ്ങിയ ഏജൻസികളുടെ ഭൂമിക്കുള്ള ഉയർന്ന വിലയും പാട്ട വ്യവസ്ഥകളും ഒരു പ്രധാന തടസ്സമാണ്.

2. പഴം, പച്ചക്കറി ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധന

ജില്ലയുടെ പ്രധാന കാർഷിക വിഭവങ്ങളായ തേങ്ങ, ചക്ക, വാഴപ്പഴം മറ്റ പഴവർഗങ്ങൾ, പച്ചക്കറി തുടങ്ങിയവയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ താരതമ്യേന കുറവാണ്. കൃഷി വിജ്ഞാന കേന്ദ്രം, പ്രാദേശിക ഗവേഷണ കേന്ദ്രങ്ങൾ, കേന്ദ്ര സർക്കാർ സ്ഥാപനമായ CPCRI, Coconut Board മറ്റ ഗവേഷണ സ്ഥാപനങ്ങൾ ഒട്ടേറെ കാർഷിക വിഭവങ്ങളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമിക്കാനുള്ള സാങ്കേതിക വിദ്യകൾ വികസിപ്പിച്ചിട്ടുണ്ട്. ഈ സാങ്കേതിക വിദ്യകൾ വാണിജ്യ വൽക്കരിച്ച ഒട്ടേറെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ മാർക്കറ്റിലെത്തിക്കുവാനും കാർഷികോൽപ്പന്നങ്ങൾ പാഴാവുന്നതു തടയാനും കഴിയും.

3. ലൈസൻസ്

വ്യവസായങ്ങൾക്ക് ലൈസൻസ് ലഭിക്കുവാനുള്ള കാലതാമസം: ജില്ലയിൽ വ്യവസായങ്ങൾക്കുള്ള ലൈസൻസ് സമയബന്ധിതമായി ലഭിക്കുവാനാണ് ഏക ജാലക ക്ലിയറൻസ് ബോർഡ്, ഗ്രീൻ ചാനൽ കമ്മിറ്റി എന്നിവ രൂപീകരിച്ചത്. ലൈസൻസ്/ക്ലിയറൻസ് നൽകുന്ന ഏജൻസികൾ അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പുകൽപ്പിക്കാതെ കാലവിളംബം വരുത്തുന്നുണ്ട്. ഈ അവസ്ഥ പലപ്പോഴും ഏകജാലക സംവിധാനത്തിന്റെ പ്രസക്തി തന്നെ നഷ്ടപ്പെടുത്തുന്നു.

4. മാർക്കറ്റ് സർവേ

ഫലപ്രദമായ മാർക്കറ്റ് സർവേ സംവിധാനങ്ങൾ നിലവിൽ പ്രവർത്തനത്തിലില്ല. ഓരോ വർഷവും സ്വകാര്യ/പൊതുമേഖലാ ഏജൻസികൾ മുഖേന പുതിയതും പഴയതുമായ ഉൽപ്പന്നങ്ങളുടെ മാർക്കറ്റ് സർവേ നടത്തി വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങൾ നിർമിക്കുവാൻ സംരംഭകർക്ക് അറിവ് നൽകാവുന്നതാണ്.

5. വ്യവസായവൽക്കരണത്തിനെതിരെയുള്ള പ്രാദേശിക എതിർപ്പുകൾ

പരിസ്ഥിതി സന്തുലനത്തിനുള്ള ഉയർന്ന അവബോധം കാരണം വ്യവസായ സംരംഭങ്ങൾ വരുന്നതിനെതിരെ പൊതുജനങ്ങളിൽ നിന്നും അല്ലെങ്കിൽ പ്രാദേശികമായും വലിയ എതിർപ്പുകൾ മിക്കവാറും ഉണ്ടാവാറുണ്ട്.

6. ലഘു എഞ്ചിനീയറിംഗ് മേഖലയിലെ പൊതുസേവന കേന്ദ്രങ്ങൾ

ലഘു എഞ്ചിനീയറിംഗ് മേഖലയിൽ പൊതു സേവന കേന്ദ്രങ്ങളുടെ അഭാവം കാരണം ഉത്പാദന ചെലവ് വർദ്ധിക്കുന്നു. ആധുനിക രീതിയിലുള്ള പ്രവർത്തന ശൈലികൾ നടപ്പാക്കാൻ കഴിയുന്നില്ല.

7. ഓട്ടോമൊബൈൽ ബോഡി നിർമാണ മേഘലയിലെ പ്രതിസന്ധി

ജില്ലയിൽ ബസ് ബോഡി നിർമാണ വ്യവസായം തികച്ചും നിശ്ചലമായ അവസ്ഥയിലാണ്. കേന്ദ്ര മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള ഒരു കേന്ദ്രീകൃത പൊതു സംവിധാനത്തിന്റെ അഭാവത്താൽ ബസ് ബോഡി നിർമാണം ഇപ്പോൾ ജില്ലയിൽ നടക്കുന്നില്ല.

8. ടെസ്റ്റിംഗ് ലാബ്, കോൾഡ് സ്റ്റോറേജ് എന്നിവയുടെ അഭാവം

വിമാനത്താവളം പ്രവർത്തന സജ്ജമാകുന്ന സാഹചര്യത്തിൽ കാർഷിക ഭക്ഷ്യോൽപ്പന്നങ്ങൾ വ്യവസായ ഉൽപ്പന്നങ്ങൾ സൂക്ഷിക്കാനും പരിശോധിക്കാനും ആവശ്യമായ സംവിധാനങ്ങൾ ജില്ലയിൽ ഇല്ല.

9. ഉൽപ്പന്ന പ്രദർശന വിപണന കേന്ദ്രത്തിന്റെ അഭാവം.

ജില്ലയിലെ തനത് പരമ്പരാഗത വ്യാവസായിക ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാനുള്ള പൊതുവേദി ജില്ലയിൽ ഇല്ല.

കൈത്തറി മേഖല

ആകെ രജിസ്റ്റർ ചെയ്ത സംഘങ്ങൾ – 43

പ്രവർത്തിക്കുന്ന സംഘങ്ങൾ – 36

പ്രധാന ഉൽപ്പന്നങ്ങൾ

ബെഡ് ഷീറ്റ്, ഫർണിഷിങ് ഉൽപ്പന്നങ്ങൾ, ഷേർട്ട്, സൂട്ടിങ്, സാരി, മുണ്ട്, തോർത്ത്, മാറ്റ് മറ്റു മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ

ആകെ തൊഴിലാളികൾ – 2200

വാർഷിക ഉത്പാദനം – 10,51,162 മീറ്റർ (വിവിധ ഇനം തുണികൾ)

വാർഷിക വിറ്റുവരവ് – 2642.62 ലക്ഷം രൂപ

കണ്ണൂർ ജില്ലയിലെ കൈത്തറി വ്യവസായത്തിൽ ഏറിയ പങ്കും സഹകരണ മേഖലയിലാണ് പ്രവർത്തിക്കുന്നത്. അതോടൊപ്പം സ്വകാര്യ നെയ്ത്ത് ശാലകളിലും ഹാൻവീവിന്റെ കീഴിലും ഒറ്റ തറികളിലുമായി ഇന്ന് വേറെയും നെയ്ത്ത് സ്ഥാപനങ്ങൾ ജില്ലയിലുണ്ട്. 2016–17ലെ കണക്കനുസരിച്ച് സഹകരണ മേഖലയിൽ 1961 തറികൾ പ്രവർത്തിക്കുന്നതായും കൈത്തറി സഹകരണ സ്ഥാപനങ്ങളിലൂടെ 2,200 പേർ നെയ്ത്ത് അനുബന്ധ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നതായി കണക്കാക്കുന്നു. കണ്ണൂർ ജില്ലയിൽ ഉത്പാദിപ്പിക്കപ്പെടുന്ന കൈത്തറി തുണികളിൽ 92% സഹകരണ മേഖലയിൽ നിന്നാണ്. ജില്ലയിലും പുറത്തും വിദേശ രാജ്യങ്ങളിലും കൈത്തറി വസ്ത്രത്തിനു ജനപ്രീതി ഇപ്പോഴും നിലനിൽക്കുന്നുണ്ടെങ്കിലും ടെക്സ്റ്റൈൽ വ്യവസായം പ്രത്യേകിച്ച് വൻ പ്രതിസന്ധി നേരിടുകയാണ്.

അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത

അര നൂറ്റാണ്ടുവരെ പഴക്കമുള്ള കെട്ടിടങ്ങളിലാണ് 90% സംഘങ്ങളുടെയും പണിശാലകൾ പ്രവർത്തിക്കുന്നത്. തൊഴിലാളികൾക്ക് ആവശ്യമായ വായുവും വെളിച്ചവും പോലും ലഭിക്കാത്ത വിധത്തിലാണ് പണിശാലകളുടെ അവസ്ഥ. ഫാക്ടറി നിയമം അനുശാസിക്കുന്ന നിബന്ധനകളും പാലിക്കാൻ കഴിഞ്ഞിട്ടില്ല. ഇവ മെച്ചപ്പെടുത്തണം.

ഉപകരണങ്ങളുടെ പഴക്കം

ഇവിടെ ഉപയോഗിക്കപ്പെടുന്ന തറികളും 'പ്രീലൂം' 'പോസ്റ്റ് ലൂം' ഉപകരണങ്ങളും പുതുക്കി നൽകേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

ഗുണമേന്മയുള്ള നൂലിന്റെ ദൗർലഭ്യം

നിലവിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നും നൂലിനെ ആശ്രയിച്ചാണ് സംഘങ്ങളുടെ നെയ്ത്ത് പ്രവർത്തനങ്ങൾ നടക്കുന്നത്. ഗുണമേന്മയും മെച്ചപ്പെടുത്തേണ്ടതുണ്ട്.

തൊഴിലാളികൾക്ക് ലഭിക്കുന്ന കുറഞ്ഞ കൂലി

ഇപ്പോൾ സംഘങ്ങളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് മറ്റ മേഖലയെ അപേക്ഷിച്ച വളരെ കുറഞ്ഞ വേതനമാണ് ലഭിക്കുന്നത്. സർക്കാരിൽ നിന്നും ലഭിക്കുന്ന ചെറിയ സാമ്പത്തിക ആനുകൂല്യങ്ങളാണ് ഈ മേഖലയിലുള്ള കൊഴിഞ്ഞു പോക്ക് തടയുന്നത്.

പൊതു സേവന കേന്ദ്രങ്ങളുടെ അഭാവം

ജില്ലയിൽ ഉത്പാദിപ്പിക്കുന്ന തുണിത്തരങ്ങൾ അന്തിമ മിനുക്കുപണികൾ നടത്തുന്നത് സ്വകാര്യ സ്ഥാപനങ്ങളിലും അന്യ സംസ്ഥാനങ്ങളിലുമാണ്. തുണിയുടെ ഉത്പാദനച്ചെലവ് വർദ്ധിപ്പിക്കുന്നതിന് ഇതും കാരണമാകുന്നുണ്ട്.

കൈത്തറി തുണിത്തരങ്ങളുടെ മൂല്യവർദ്ധന

നിലവിൽ ഉത്പാദിപ്പിക്കുന്ന തുണി അതേപടി മറ്റ സ്ഥാപനങ്ങൾക്ക്/വ്യക്തികൾക്ക് വിൽക്കുകയാണ് പതിവ്. ഈ മേഖലയിൽ മൂല്യവർദ്ധന താരതമ്യേന കുറവാണ്.

മലിനജല ശുദ്ധീകരണ സംവിധാനം

മലിന ജലം ശുദ്ധീകരിച്ച പുനരുപയോഗത്തിനുള്ള വ്യവസ്ഥാപിത സംവിധാനം സംഘങ്ങളിലില്ല

പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത

സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്ക് അനുവദിക്കുന്ന ക്യാഷ് ക്രഡിറ്റ് പരിധി നിലവിലുള്ള സാഹചര്യത്തിൽ തീർത്തും അപര്യാപ്തമാണ്. ഉയർന്ന തോതിലുള്ള പലിശയും പ്രശ്നമാണ്.

പൊതു വ്യവസായ സഹകരണ സംഘങ്ങൾ

ജില്ലയിൽ ആകെ 200 വ്യവസായ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും ഇതിൽ 92 സംഘങ്ങൾ മാത്രമാണ് പ്രവർത്തിച്ച കൊണ്ടിരിക്കുന്നത്.

മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ

സംഘങ്ങൾക്കുള്ള പ്രധാന വരുമാന മാർഗം സർക്കാർ ആനുകൂല്യങ്ങളായിരുന്നു. എന്നാൽ അടുത്ത കാലത്തായി ഈ മേഖലക്ക് സർക്കാരിൽ നിന്നും സാമ്പത്തിക ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. കാലാനുസൃതമായി മാറാത്ത സാങ്കേതിക വിദ്യകൾ കാര്യപ്രാപ്തിയില്ലാത്ത മാനേജ്മെന്റ്, കുറഞ്ഞ ഉത്പാദനക്ഷമത, കർശനമായ നിയമവ്യവസ്ഥകൾ എന്നീ കാരണങ്ങളാൽ മിക്ക സംഘങ്ങളുടെയും പ്രവർത്തനം മന്ദഗതിയിലാണ്.

കരകൗശല മേഖല

കണ്ണൂർ ജില്ലയിൽ പയ്യന്നൂർ, കോറോം, കുഞ്ഞിമംഗലം, ചെറുതാഴം പ്രദേശങ്ങളിലായി 300 തൊഴിലാളികൾ ഓട് കൊണ്ടുള്ള ഉപകരണങ്ങൾ നിർമിച്ച വരുന്നു. വിവിധയിനം ഓട്ടുപാത്രങ്ങൾ, വിളക്ക്, വിഗ്രഹങ്ങൾ, താഴ് എന്നിവ കരകൗശല വിദ്യ ഉപയോഗിച്ച് നിർമിച്ചുവരുന്നു. ഉൽപ്പന്നങ്ങൾക്ക് ആഭ്യന്തര വിപണിയിൽ പ്രിയമേറിവരുന്നുണ്ട്. പക്ഷെ ഇപ്പോഴും കുടിൽ വ്യവസായമായിട്ടാണ് ഉത്പാദനം നടക്കുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ ക്ലസ്റ്റർ വികസന പദ്ധതിയിൽ ഈ മേഖല ശാക്തീകരിക്കാനാവശ്യമായ നടപടികൾ കണ്ണൂർ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട്.

പയ്യന്നൂർ പവിത്ര മോതിരം

ദേശീയ തലത്തിൽതന്നെ ശ്രദ്ധ നേടിയ ഉൽപ്പന്നമാണ് പയ്യന്നൂർ പവിത്ര മോതിരം. ജില്ലയിലെ പയ്യന്നൂർ പ്രദേശത്തെ കലാവൈഭവമുള്ള തൊഴിലാളികൾ യന്ത്ര സഹായമില്ലാതെയാണ് ഇത് നിർമിക്കുന്നത്.

യന്ത്രത്തറി മേഖല

കേരളത്തിൽ ആകെയുള്ള 1000 യന്ത്രത്തറി വ്യവസായങ്ങളിൽ 600 എണ്ണം കണ്ണൂരിലായിരുന്നു. 15000 തൊഴിലാളികൾ ഈ മേഖലയിൽ ജോലി ചെയ്തിരുന്നു. 2 തറികൾ ഉള്ള സ്വയം തൊഴിൽ സ്ഥാപനങ്ങളാണ് മിക്കവരും. വിദേശ മാർക്കറ്റിലേക്കുള്ള തുണികളാണ് ഓർഡർ അനുസരിച്ച നിർമിച്ചുകൊണ്ടിരുന്നത്. ഇടനിലക്കാർ മുഖേനയാണ് വിൽപ്പന നടത്തുന്നത്.

ജില്ലയിൽ ഇപ്പോൾ 200 സ്ഥാപങ്ങൾ മാത്രമാണ് ഉത്പാദനം നടത്തുന്നത്. 8000 തൊഴിലാളികൾക്കു മാത്രമാണ് തൊഴിൽ ലഭിക്കുന്നത്. ഉത്പാദന ചെലവ് കൂടുതലായതിനാൽ വിദേശ ഓർഡറുകൾ കുറവാണ്.

ഖാദി ഗ്രാമ വ്യവസായ മേഖല

ഖാദി മേഖലയിൽ നൂൽപ്, നെയ്ത്ത് റെഡിമെയ്ഡ് പാവ് നിർമാണം, ഡൈയിംഗ്, ഡിസൈനിംഗ്, റെഡി മെയ്ഡ് വസ്ത്ര നിർമാണം, ഗ്രാമ വ്യവസായ ഉൽപന്നങ്ങളുടെ നിർമാണം മുതലായവ ഈ മേഖലയിൽപ്പെടുന്നു. മേൽപ്പഞ്ഞ മേഖലയിൽ ഖാദിബോർഡ് ഇതിനോടകം തന്നെ വൻമുന്നേറ്റം നടത്തിയിട്ടുണ്ട്.

ഉത്പാദന മേഖല

ഉത്പാദന മേഖലയിൽ നൂൽ നൂൽപ്പും വസ്ത്ര നിർമാണവുമാണ് നടക്കുന്നത്. ഉത്പാദനവും ഉത്പാദനക്ഷമതയും വർധിപ്പിക്കുന്നതിനായി ആയതിനു സഹായകരമായ പശ്ചാത്തലമൊരുക്കുന്നുണ്ട്. റെഡിമെയ്ഡ് പാവ്, ആയാസം കുറഞ്ഞ ചർക്കകൾ, തറികൾ കൂടാതെ തൊഴിലാളികൾക്കു മിനിമം വേതനവും മറ്റാനുകൂല്യങ്ങളും എന്നിവ നൽകിവരുന്നു. നിലവിൽ ഉത്പാദന മേഖലയിൽ രണ്ടായിരത്തിൽപരം തൊഴിലാളികൾ ഈ വ്യവസായത്തിൻ കീഴിൽ ഈ ജില്ലയിൽ ജോലി നോക്കുന്നുണ്ട്. ഉത്പാദന മേഖലയിൽ നൂൽ ഉത്പാദനവും വസ്ത്ര നിർമാണവും തമ്മിലുള്ള സന്തുലനം മെച്ചപ്പെടുത്തേണ്ടതുണ്ട്. (ആഭ്യന്തര ആവശ്യം പരിഗണിച്ച കൂടുതൽ വസ്ത്രനിർമാണം, തൊഴിലാളികൾക്ക് ആയാസം കുറഞ്ഞ ആധുനീകരിച്ച യന്ത്രങ്ങൾ ലഭ്യമാക്കണം.)

ഖാദി പോലെത്തന്നെ ഗ്രാമ വ്യവസായ ഉത്പാദന മേഖലയിലും വികസന വീക്ഷണമുണ്ട് ഖാദി ഗ്രാമവ്യവസായ ബോർഡിന്. പരമ്പരാഗത ഗ്രാമവ്യവസായ മേഖലകളിൽ പണിയെടുക്കുന്നവരുടെ ശേഷി പരമാവധി പ്രയോജനപ്പടുത്തി ഗാർഹിക ആവശ്യത്തിനുള്ള വസ്തുക്കളോടൊപ്പം ആകർഷണീയമായ അലങ്കാര വസ്തുക്കളും നിർമിച്ച് ആയതിന്റെ വിപണി മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിടുന്നു.

സേവന മേഖല

ഖാദി ഗ്രാമ വ്യവസായ മേഖലയിൽ ഏറ്റവും കൂടുതൽ ജോലി നൽകുന്ന ജില്ലയാണിത്. ബോർഡിന്റെ സേവന മേഖല ഇത്തരത്തിലുള്ള തൊഴിലാളികളെ സംരക്ഷിക്കുന്നതിനും അവർക്കു മെച്ചപ്പെട്ട ജീവിത നിലവാരം നൽകുന്നതിനും നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. മിനിമം വേതനം, വരുമാനം താങ്ങൽ പദ്ധതി, ഉത്പാദനത്തിന് ഇൻസെന്റീവ്, ഇ എസ് ഐ, ക്ഷേമനിധി പോലുള്ള ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് നൽകി വരുന്നു. ബോർഡിന് വിപുലമായ വിപണന ശൃംഖലയുണ്ട്. ബോർഡിന്റെ ഉടമസ്ഥതയിലുള്ളത് കൂടാതെ വിവിധ ഖാദി സ്ഥാപനങ്ങൾക്കും വിപണന കേന്ദ്രങ്ങളുണ്ട്. സാധാരണ ജനങ്ങൾക്ക് മിതമായ വിലയിൽ ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ വാങ്ങാനുതകുന്ന തരത്തിൽ വിപണന ശൃംഖല വിപുലപ്പെടുത്തേണ്ടതുണ്ട്.

പശ്ചാത്തല മേഖല

ഖാദി ഗ്രാമ വ്യവസായ മേഖലയിലെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് പശ്ചാത്തല മേഖലയിൽ പരമാവധി സൗകര്യമൊരുക്കാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാ തൊഴിലാളികൾക്കും നൂൽപ്/നെയ്ത്ത് യന്ത്ര സാമഗ്രികൾ, സൗകര്യങ്ങളോടുകൂടിയ തൊഴിൽശാലകൾ, പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ, ആവശ്യാനുസരണം ഉപയോഗിക്കുന്നതിനുള്ള അസംസ്കൃത വസ്തുക്കൾ, തയ്യാർ ചെയ്ത ഉൽപ്പന്നങ്ങൾ യഥാസമയം നീക്കം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ മുതലായവ നിലവിലുണ്ട്. സ്ഥല ലഭ്യത കുറവുള്ളിടങ്ങളിൽ ബഹുനില ഗ്രാമ വ്യവസായ സമുച്ചയങ്ങൾ സ്ഥാപിച്ച ഒരു കുടയ്ക്ക് കീഴിൽ ഒരുമിച്ച് എന്ന നയത്തിലൂന്നി ഗ്രാമ വ്യവസായ കേന്ദ്രങ്ങൾ വികസിപ്പിക്കണം.

പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ

പരമ്പരാഗത തൊഴിലാളികളാണ് ഈ മേഖലയിൽ കൂടുതലും ജോലി ചെയ്യുന്നത്. ആയതിനാൽ അവർ നിർമിക്കുന്ന ഉൽപ്പന്നങ്ങൾക്ക് ഗുണമേന്മ കൂടുതലാകും. ഗ്രാമ വ്യവസായ മേഖലയിൽ മൺ പാത്രവ്യവസായങ്ങൾ പോലുള്ളവ ഇന്ന് ഏറെക്കുറെ അന്യം നിന്ന് പോവുകയാണ്. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും കൂലി കുറവുമാണ് പ്രധാന കാരണം. പുതിയ തലമുറ ഈ മേഖലയിലേക്ക് കടന്നുവരുന്നില്ല. ഉൽപ്പന്നങ്ങൾക്ക് പുതിയ വിപണി കണ്ടെത്തിയാൽ മാത്രമേ മതിയായ വില ലഭിക്കുകയുള്ളൂ. എങ്കിൽ മാത്രമേ ഈ മേഖലയുടെ വികസനം സാധ്യമാക്കി പുതിയ തലമുറയെ ഈ മേഖലയിലേക്ക് ആകർഷിക്കാനാകൂ.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കൂടുതൽ ഉത്പാദന കേന്ദ്രങ്ങൾ ആരംഭിച്ച് കൂടുതൽ തൊഴിലാളികളെ ഈ മേഖലയിലേക്ക് ആകർഷിച്ച് ഉത്പാദന വർധന നേടുന്നതോടൊപ്പം തൊഴിലാളികൾക്ക് കൂലി വർധനയുറപ്പാക്കുന്നതിനും പദ്ധതി ആസൂത്രണം ചെയ്യുന്നുണ്ട്. സ്വാതന്ത്ര്യ പ്രാപ്തിക്കു ശേഷം മദ്രാസ് സർക്കാർ ഖാദിയുടെ വികസനത്തിനായി സ്ഥാപിച്ച ഏഴ് ഖാദി കേന്ദ്രങ്ങളിൽ ഒന്നാണ് പയ്യന്നൂർ ഖാദി കേന്ദ്രം. 1956ൽ കേരള സംസ്ഥാന രൂപീകരണത്തോടെ സംസ്ഥാന വ്യവസായ വകുപ്പിന് കീഴിലും 1957ൽ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് രൂപീകരണത്തെ തുടർന്ന് 01.11.1959 മുതൽ ബോർഡിനു കീഴിലും പ്രവർത്തിച്ചു വരികയാണ്. കണ്ണൂർ, കാസറഗോഡ് ജില്ലകളിലെ ബോർഡിന്റെ ഡിപ്പാർട്ടുമെന്റൽ ഖാദി യൂണിറ്റുകളുടെയും പ്രവർത്തനങ്ങൾ പയ്യന്നൂർ ഖാദികേന്ദ്രത്തിന്റെ നിയന്ത്രണത്തിലാണ് നടക്കുന്നത്. സംസ്ഥാനത്തെ ഖാദി ഉത്പാദന-വിപണനത്തിൽ പ്രഥമ സ്ഥാനമാണ് ഈ കേന്ദ്രത്തിന്.

ബോർഡിന് കീഴിലുള്ള ഒരേ ഒരു മേജർ പരുത്തി സംസ്കരണ കേന്ദ്രം ഏറ്റുകുടുക്കയിൽ പ്രവർത്തിക്കുന്നു. കാസറഗോഡ് ജില്ലയിലെ ഇളമ്പച്ചിയിൽ ഒരു ഉന്നക്കിടക്ക നിർമാണ യൂണിറ്റും യാൺ ഡൈയിംഗ് യൂണിറ്റും ഒരു ഗാർമെന്റ് മേക്കിംഗ് യൂണിറ്റും കുഞ്ഞിമംഗലത്ത് ഒരു തേൻ സംഭരണ സംസ്കരണ യൂണിറ്റും പ്രവർത്തിക്കുന്നു.

പയ്യന്നൂർ ഖാദി ഒറ്റനോട്ടത്തിൽ

നൂൽപ് കേന്ദ്രങ്ങൾ	75 (കണ്ണൂർ ജില്ല - 56) കാസറഗോഡ് ജില്ല -19)
നെയ്ത്ത് കേന്ദ്രങ്ങൾ	63 (കണ്ണൂർ ജില്ലാ - 50) കാസറഗോഡ് ജില്ല -13)

വിൽപ്പന കേന്ദ്രങ്ങൾ

എ. ഖാദിഗ്രാമ സൗഭാഗ്യകൾ നേരിട്ട് നടത്തുന്ന വിൽപ്പനശാല	3 (കണ്ണൂർ ജില്ല - 2) കാസറഗോഡ് ജില്ല -1)
ബി. ഖാദിഗ്രാമ സൗഭാഗ്യകൾ ഏജൻസി ഡിപ്പോകൾ	34 (കണ്ണൂർ ജില്ല - 22) കാസറഗോഡ് ജില്ല -12)
പരുത്തി സംസ്കരണ കേന്ദ്രം	പരുത്തി സംസ്കരണ കേന്ദ്രം ഏറ്റുകുടുക്ക
ഡൈയിംഗ് യൂണിറ്റ്	യാൺ ഡൈയിംഗ് യൂണിറ്റ് എളംബച്ചി

ഗ്രാമ വ്യവസായ ഉൽപ്പന്നങ്ങൾ

1. കിടക്ക നിർമാണ കേന്ദ്രം എളമ്പച്ചി കാസറഗോഡ് ജില്ല
2. റെഡിമെയ്ഡ് വസ്ത്ര നിർമാണ യൂണിറ്റ്, പയ്യന്നൂർ കണ്ണൂർ ജില്ല
3. തേൻ സംസ്കരണ കേന്ദ്രം കുഞ്ഞിമംഗലം, കണ്ണൂർ ജില്ല

നൂൽ നൂൽപു കേന്ദ്രങ്ങൾ

ഈ കേന്ദ്രത്തിനു കീഴിൽ നിലവിൽ 75 നൂൽനൂൽപു കേന്ദ്രങ്ങളാണ് പ്രവർത്തിക്കുന്നത്. നൂൽനൂൽപു മേഖല പയ്യന്നൂർ ഖാദികേന്ദ്രത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ടതാണ്. പയ്യന്നൂർ ഖാദി കേന്ദ്രത്തിന്റെ മുഴുവൻ പ്രവർത്തനവും നൂൽ നൂൽപു മേഖലയെ ആശ്രയിച്ചിരിക്കുന്നു. നിലവിൽ 1280 തൊഴിലാളികളാണ് നൂൽപ് മേഖലയിൽ ഉള്ളത്.

നെയ്ത്തു കേന്ദ്രങ്ങൾ

63 നെയ്ത്തു യൂണിറ്റുകളാണ് നിലവിലുള്ളത്. ഇവയിൽ 47 നെയ്ത്തു കേന്ദ്രങ്ങൾ ഈ കേന്ദ്രത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലും 11 എണ്ണം വാടകരഹിത കെട്ടിടങ്ങളിലും 5 എണ്ണം വാടക കെട്ടിടങ്ങളിലും പ്രവർത്തിക്കുന്നു. ഇവിടങ്ങളിലായി ആകെ 861 തറികളിൽ 1438 പേർ ജോലി ചെയ്യുന്നു.

ഡൈയിംഗ് യൂണിറ്റ്

പയ്യന്നൂർ ഖാദി കേന്ദ്രം പ്രധാനമായും ഉത്പാദിപ്പിക്കുന്ന മനില ഷർട്ടിംഗ്, കളർ മുണ്ടുകൾ എന്നിവയ്ക്ക് ആവശ്യമായ നൂലുകൾ കളർ ചെയ്യുന്നത് ഇളമ്പച്ചിയിൽ പ്രവർത്തിക്കുന്ന ഡൈയിംഗ് യൂണിറ്റിൽ നിന്നാണ്. കൂടാതെ മുണ്ടിന്റെ കരയ്ക്ക് ആവശ്യമായ നൂലുകളും ഇവിടെ നിന്നും കളർ ചെയ്യുന്നു.

കിടക്ക നിർമാണ യൂണിറ്റ്

ഇളമ്പച്ചിയിൽ ഡൈയിംഗ് യൂണിറ്റിനോട് ചേർന്ന് പയ്യന്നൂർ ഖാദി കേന്ദ്രത്തിന്റെ സ്വന്തം കെട്ടിടത്തിലാണ് കിടക്ക നിർമാണ യൂണിറ്റ് പ്രവർത്തിക്കുന്നത്. ഈ യൂണിറ്റിൽ 10 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്.

റെഡിമെയ്ഡ് വസ്ത്ര നിർമാണ യൂണിറ്റ്

39 പേർ ജോലി ചെയ്യുന്ന ഈ യൂണിറ്റ് പയ്യന്നൂർ ഖാദി കേന്ദ്രത്തിന്റെ പഴയ കെട്ടിടത്തിന്റെ രണ്ടാം നിലയിൽ പ്രവർത്തിക്കുന്നു. വസ്ത്ര നിർമാണത്തിന് ശേഷം ബാക്കി വരുന്ന കട്ടിങ് വേസ്റ്റുകൾ ഉപയോഗിച്ച ഫ്ലോർ മാറ്റുകൾ നിർമിച്ച വേസ്റ്റുകൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നു.

വിപണനം

പൂർണമായും ട്രേഡിങ്ങ് ഫണ്ടിനെ ആശ്രയിച്ച പോകുന്ന പയ്യന്നൂർ ഖാദി കേന്ദ്രത്തിന്റെ പ്രവർത്തനത്തിന് വിപണന മേഖല ശക്തിപ്പെടുത്തേണ്ടതുണ്ട്. 37 വിപണന കേന്ദ്രങ്ങളാണ് ഖാദി കേന്ദ്രത്തിനു കീഴിലുള്ളത്. അതിൽ 3 എണ്ണം പയ്യന്നൂർ ഖാദി കേന്ദ്രം നേരിട്ട് നടത്തുന്നു.

തൊഴിൽ, തൊഴിൽ നൈപുണ്യം

മുഖ്യ ആസ്ഥാനമായി കണ്ണൂരിൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും തലശ്ശേരി, തളിപ്പറമ്പ്, മട്ടന്നൂർ എന്നിവിടങ്ങളിൽ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും പ്രവർത്തിച്ചുവരുന്നു. താലൂക്ക് അടിസ്ഥാനത്തിലാണ് നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പ്രവർത്തിക്കുന്നതെങ്കിലും പുതിയതായി രൂപീകരിക്കപ്പെട്ട ഇരിട്ടി താലൂക്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഇതുവരെ സ്ഥാപിതമായിട്ടില്ല. തലശ്ശേരി താലൂക്കിൽ ആണ് രണ്ടു എക്സ്ചേഞ്ചുകൾ പ്രവർത്തിച്ചുവരുന്നത്. കൂടാതെ പയ്യന്നൂർ മേഖലയിലെ ഉദ്യോഗാർഥികളുടെ സൗകര്യാർത്ഥം പയ്യന്നൂർ ബ്ലോക്ക് ഓഫീസിൽ ഒരു എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & അസിസ്റ്റൻസ് ബ്യൂറോ, കണ്ണൂർ യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾക്കുവേണ്ടി പാലയാട് യൂണിവേഴ്സിറ്റി ക്യാമ്പസിൽ ഒരു യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോ എന്നിവയും പ്രവർത്തിച്ചു വരുന്നു.

കയർ മേഖല

കേരള സംസ്ഥാന രൂപീകരണവേളയിൽ കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കാർഷികേതര മേഖല കയർ ആയിരുന്നു. കൃഷി കഴിഞ്ഞാൽ തീരപ്രദേശങ്ങളിൽ ജനങ്ങളുടെ ഏറ്റവും പ്രധാന ഉപജീവനമാർഗം കയർ പണിയായിരുന്നു. നാട്ടിൽനിന്നുള്ള കയറ്റുമതിയുടെ 10% ലേറെ കയറും കയറുൽപ്പന്നങ്ങളുമായിരുന്നു. കഴിഞ്ഞ 10 വർഷമായി കേരളത്തിൽ ആദ്യമായി ഏറ്റവും കൂടുതൽ യന്ത്രവൽകൃത ചകിരി വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുകയും ഒപ്പം ആധുനിക ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻഉപയോഗിച്ച് കയറുപിരി വ്യവസായം ശക്തിപ്പെടുത്തുകയും ഉത്പാദനം വർദ്ധിപ്പിക്കുകയും ചെയ്തു.

പ്രോജക്ട് ഓഫീസ് (കയർ) കണ്ണൂർ

കണ്ണൂർ, കാസറഗോഡ് റവന്യൂ ജില്ലകൾ പ്രവർത്തനപരിധിയായി കണ്ണൂർ കയർ പ്രോജക്ട് ഓഫീസ് നിലകൊള്ളുന്നു. ഈ പ്രോജക്ടിന് കീഴിൽ കണ്ണൂർ ജില്ലയിൽ 2 സർക്കിളുകൾ പ്രവർത്തിച്ചുവരുന്നു.

നിലവിലെ സ്ഥിതി

കണ്ണൂർ ജില്ലയിലെ കയർ വ്യവസായ മേഖലയിൽ ആകെ രജിസ്റ്റർ ചെയ്ത 87 യൂണിറ്റുകളിൽ 31 കയർ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. നിലവിൽ 24 എണ്ണം സഹകരണ സംഘം മേഖലയിലും 6 സ്വകാര്യ യൂണിറ്റുകളിലും കൂടാതെ 1 കുടുംബശ്രീ യൂണിറ്റും പ്രവർത്തിച്ചുവരുന്നു. ഇതിൽ തൊഴിലാളികൾ ജോലി ചെയ്തുവരുന്നതിൽ 99% സ്ത്രീ തൊഴിലാളികളാണ്. കണ്ണൂർ ജില്ലയെ സംബന്ധിച്ച് പൂർണമായും യന്ത്രവൽകൃത യൂണിറ്റുകളാണ്. ചകിരി, കയർ, മാറ്റ് എന്നീ ഉൽപ്പന്നങ്ങൾ മാത്രമാണ് മേൽപ്പറഞ്ഞ യൂണിറ്റിൽ ഉത്പാദിപ്പിക്കുന്നത്.

വിഭവ ലഭ്യത

പ്രോജക്ടിന് കീഴിൽ 24 സഹകരണ സംഘങ്ങൾ സ്വന്തമായ സ്ഥലത്ത് പ്രവർത്തിച്ചുവരുന്നു. 6 സ്വകാര്യ യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ മാറ്റ്, കയർ വൈവിധ്യ ഉൽപ്പന്നങ്ങൾ നിർമിക്കുന്ന ഒരു സംഘവും പ്രവർത്തിച്ചുവരുന്നുണ്ട്.

ചകിരി ഉത്പാദിപ്പിച്ച് വരുന്ന സംഘങ്ങളിൽ നിന്നും ശേഖരിച്ച് അവ കയർപിരി സംഘങ്ങൾക്ക് വിതരണം ചെയ്യുന്ന, ഒരു ഏജൻസിയായ അപെക്സ് സ്ഥാപനം കയർഫെഡ് പ്രവർത്തിച്ചുവരുന്നു. കയർഫെഡിന്റെ ഒരു ചകിരി ഉത്പാദന യൂണിറ്റും പ്രവർത്തിച്ചുവരുന്നു.

വികസനമേഖലയിലെ അവസ്ഥയും പരിപ്രേക്ഷ്യവും

പരമ്പരാഗത തൊഴിലാളികൾ ഈ വ്യവസ്ഥയിൽ നിന്നും വിട്ടു പോകുകയും അവർക്ക് പകരമായി പുതിയ തലമുറയിൽപ്പെട്ടവർ ഈ മേഖലയിൽ കടന്നുവരാൻ മടിക്കുകയും ചെയ്യുന്ന ഒരു അവസ്ഥയാണ് നിലവിലുള്ളത്. അതുപോലെ അസംസ്കൃത വസ്തുവായ തൊണ്ട്/ചകിരി എന്നിവയുടെ വിലവർദ്ധനവും ഉത്പാദനചെലവും ഗണ്യമായി കൂടിക്കൊണ്ടിരിക്കുന്ന സ്ഥിതി വിശേഷമാണ്. നിലവിലുള്ള യന്ത്രവൽകൃത സംഘത്തിൽ യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നിർവഹിക്കുവാൻ വേണ്ടുന്ന സംവിധാനം അപര്യാപ്തമാണ്. സർക്കാരിന് കീഴിലുള്ള കയർ നിർമാണ കമ്പനിയുടെ കീഴിൽ ഒരു വർക്ക്ഷോപ്പ് സ്ഥാപിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

കുടുംബശ്രീ –കണ്ണൂർ ജില്ലയിൽ

സംസ്ഥാനത്തെ കേവലദാരിദ്ര്യം പൂർണമായി ഇല്ലായ്മ ചെയ്യുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാരിന്റെ സ്വർണ ജയന്തി ശഹരി റോസ്ഗാർ യോജന (S.J.S.R.Y) പദ്ധതി പ്രകാരം കേരള സർക്കാർ, ദേശീയ കാർഷിക ഗ്രാമവികസന ബാങ്കിന്റേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും പങ്കാളിത്തത്തോടെ നടപ്പാക്കിയ സമഗ്ര ദാരിദ്ര്യ നിർമാർജന പദ്ധതിയാണ് കുടുംബശ്രീ. "ദരിദ്ര വനിതകളെ സ്വയം സഹായലക്ഷ്യമുള്ള ത്രിതല സമൂഹങ്ങളായി സംഘടിപ്പിച്ച്, ലഭ്യമായ ആശയ- വിഭവസ്രോതസ്സുകളുടെ ആവശ്യാധിഷ്ഠിത സമന്വയത്തിലൂടെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ കേവല ദാരിദ്ര്യത്തിന്റെ സമസ്ത പ്രകടിത ബഹുമുഖരൂപഭാവങ്ങളേയും വരുന്ന ഒരു ദശകത്തിനുള്ളിൽ ഉന്മൂലനം ചെയ്യാനുള്ള ഒരു നൂതന, ഏകോപിത സമൂഹാധിഷ്ഠിത സമഗ്ര ദാരിദ്ര്യ നിർമാർജന സമീപനമാണ് കുടുംബശ്രീ" എന്നതാണ് കുടുംബശ്രീയുടെ മിഷൻ സ്റ്റേറ്റ്മെന്റ്. 1998 മേയ് 17-ന് അന്നത്തെ പ്രധാനമന്ത്രിയായിരുന്ന അടൽ

ബിഹാരി വാജ്പേയി മലപ്പുറത്ത് കുടുംബശ്രീ പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിച്ചു. 1999 ഏപ്രിൽ 1 ന് കുടുംബശ്രീ – സംസ്ഥാന ദാരിദ്ര്യ നിർമാർജന മിഷൻ പ്രവർത്തനമാരംഭിച്ചു.

ആകെ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ – 19,508

ആകെ കുടുംബശ്രീ അംഗങ്ങൾ – 3,45,197

കുടുംബശ്രീ പദ്ധതികൾ

1. മൈക്രോ ഫിനാൻസ് പ്രവർത്തനങ്ങൾ

അയൽക്കൂട്ടങ്ങളിലെ ഏറ്റവും വരുമാനം കുറഞ്ഞ അംഗം നിർദേശിക്കുന്ന തുക പ്രതിവാരം നിക്ഷേപമായി സ്വീകരിക്കുന്നു. ഇങ്ങനെ നിക്ഷേപിക്കുന്ന തുകയിൽ നിന്നും അവരുടെ ആവശ്യങ്ങൾക്കായി തന്നെ വായ്പ അനുവദിക്കുന്നു. ഇങ്ങനെ സ്വരൂപിക്കുന്ന നിക്ഷേപത്തിന് ആനുപാതികമായി ബാങ്ക് ലിങ്കേജ് വായ്പാ അനുവദിക്കുന്നു

2. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (JLG)

അയൽക്കൂട്ട പ്രദേശങ്ങളിലെ കൃഷിയോഗ്യമായ ഭൂമി ഉപയുക്തമാക്കിയുള്ള കൃഷിയിലൂടെ സമൂഹത്തിലെ പാവപ്പെട്ട വനിതകൾക്ക് വരുമാനമാർഗം സൃഷ്ടിക്കുന്ന പ്രവർത്തനമാണ് സംഘകൃഷി. കൃഷിക്കനുസരിച്ചുള്ള ഇൻസെന്റീവ് കുടുംബശ്രീ മിഷനിൽ നിന്ന് ഈ പദ്ധതി പ്രകാരം നൽകുന്നു

3. കുടുംബശ്രീ മൈക്രോ സംരംഭ പദ്ധതി

സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം ലക്ഷ്യമിട്ടുകൊണ്ട് കുടുംബശ്രീയുടെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് മൈക്രോസംരംഭ പദ്ധതി. സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചു വിജയിപ്പിക്കുന്നതിനും അതുവഴി വരുമാനം ആർജിക്കുന്നതിനും ആവശ്യമായ സഹായങ്ങളാണ് ഈ പദ്ധതി വഴി കുടുംബശ്രീ ലക്ഷ്യമിടുന്നത്.

വിവിധ മൈക്രോ സംരംഭ പദ്ധതികൾ

ഗ്രാമീണ ചെറുകിട സൂക്ഷ്മ പദ്ധതി (ആർഎംഇ)

മാനദണ്ഡങ്ങൾ

18–60 വയസ്സ് പ്രായപരിധിയിലുള്ള വനിതകൾ

വ്യക്തിഗതം/ഗ്രൂപ്പ് ആകാം

അയൽക്കൂട്ടത്തിൽ അംഗത്വംനേടി കുറഞ്ഞത് 6 മാസമെങ്കിലും പൂർത്തീകരിച്ചിരിക്കണം.

യുവശ്രീ പദ്ധതി

സ്ത്രീകൾ മാത്രമോ പുരുഷന്മാർ മാത്രമോ പുരുഷന്മാരും സ്ത്രീകളും കൂട്ടു ചേർന്നോ യൂണിറ്റുകൾ ആരംഭിക്കാം. കുടുംബശ്രീ അയൽക്കൂട്ട കുടുംബാംഗം ആയിരിക്കണം

മാനദണ്ഡങ്ങൾ

18–45 വയസ്സ് പ്രായപരിധി

അയൽക്കൂട്ട കുടുംബാംഗങ്ങൾ (സ്ത്രീ/പുരുഷൻ/മിക്സഡ് ഗ്രൂപ്പ്)

വ്യക്തിഗതം/ഗ്രൂപ്പ് ആകാം

അയൽക്കൂട്ടത്തിൽ അംഗത്വം നേടി കുറഞ്ഞത് ആറു മാസമെങ്കിലും പൂർത്തീകരിച്ചിരിക്കണം.

1. പൊതു അവബോധന പരിശീലനം (GOT)

സംരംഭങ്ങളെകുറിച്ചുള്ള പൊതുവായ വിവരങ്ങൾ ആളുകൾക്ക് ലഭ്യമാക്കി ആളുകളെ സ്വയം തൊഴിലിലേക്കു ആകർഷിക്കുന്നതിനാണ് ഈ പരിശീലനം ലഭ്യമാകുന്നത്. ബ്ലോക്ക് തലത്തിൽ 100 പേർ വീതം അടങ്ങുന്ന ബാച്ചുകളായാണ് പരിശീലനം ലഭ്യമാക്കുന്നത്. സംരംഭകരെ സഹായിക്കുന്നതിനും ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നതിനുമായി കുടുംബശ്രീയുടെ കീഴിൽ പരിശീലനം നൽകി തെരഞ്ഞെടുത്തിട്ടുള്ള മൈക്രോ എന്റർപ്രൈസസ് കൺസൽട്ടന്റ് (എം.ഇ.സി.)മാരാണ് പൊതു അവബോധന പരിശീലനം ലഭ്യമാക്കുന്നത്.

2. സംരംഭകത്വ വികസന പരിശീലനവും വൈദഗ്ധ്യ വികസന പരിശീലനം

പൊതു അവബോധന പരിശീലനത്തിൽ (GOT) പങ്കെടുക്കുന്ന അംഗങ്ങൾക്ക് സംരംഭങ്ങളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ മൂന്നു ദിവസം നീണ്ടു നിൽക്കുന്ന സംരംഭകത്വ വികസന പരിശീലനത്തിൽ നൽകുന്നു.

ബാങ്ക് വായ്പയും പദ്ധതി തയ്യാറാക്കലും

സംരംഭം ആരംഭിക്കുന്നതിനാവശ്യമായ പദ്ധതി മൈക്രോ എന്റർപ്രൈസസ് കൺസൽട്ടന്റുമാരുടെ സഹായത്തോടെ തയ്യാറാക്കി സി.ഡി.എസ്. ചെയർപേഴ്സന്റെ മുപാർശയോടെ വായ്പ അനുവദിക്കുന്നതിനായി ബാങ്കിൽ സമർപ്പിക്കുന്നു. ഇങ്ങനെ ലഭിക്കുന്ന വായ്പ ഉപയോഗിച്ചാണ് സംരംഭം ആരംഭിക്കുന്നത്.

പലിശ സബ്സിഡി സഹായം

സംരംഭം ആരംഭിക്കുന്നതിന് ആവശ്യമായ വായ്പ ബാങ്കിൽ നിന്നും എടുക്കുന്നവർക്ക് പലിശ ഇനത്തിൽ ഇളവ് കുടുംബശ്രീ വഴി ലഭ്യമാക്കുന്നു. ബാങ്ക് പലിശ നിരക്കിന്റെ 7% ഗുണഭോക്താക്കൾ അടക്കുകയും ബാക്കി പലിശ കുടുംബശ്രീ മിഷൻ നൽകുകയും ചെയ്യുന്നു. കൃത്യമായ തിരിച്ചടവ് നടത്തുന്ന ഗുണഭോക്താക്കൾക്ക് വീണ്ടും ഒരു 3% പലിശ ഇളവുകൂടി നൽകുന്നു. ഫലത്തിൽ 4% പലിശയ്ക്ക് അംഗങ്ങൾക്ക് ബാങ്ക് വായ്പ ലഭ്യമാകുന്നു.

വിപണന സംവിധാനം

കുടുംബശ്രീ സംരംഭങ്ങൾ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി കുടുംബശ്രീയുടെ നേതൃത്വത്തിൽ വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. മാസ ചന്തകൾ, ഉത്സവ ചന്തകൾ തുടങ്ങിയവ സി.ഡി.എസ്/ജില്ലാതലത്തിൽ സംഘടിപ്പിച്ചു ഉൽപ്പന്നങ്ങളുടെ വിപണി ഉറപ്പാക്കുന്നു. ഹോംഷോപ് പദ്ധതി വഴി ഉൽപ്പന്നങ്ങൾ വീടുകളിൽ എത്തിച്ച് വിപണനം നടത്തുന്ന സംവിധാനം ജില്ലയിൽ വിജയകരമായി പ്രവർത്തിച്ചുവരുന്നു.

3. ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശൽ യോജന (ഡി.ഡി.യു.ജി.കെ.വൈ)

കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന്റെ കീഴിൽ ദേശീയ ഗ്രാമീണ ഉപജീവന മിഷൻ ആവിഷ്കരിച്ച് കുടുംബശ്രീ വഴി നടപ്പിലാക്കുന്ന പദ്ധതിയാണ് ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശൽ യോജന. 18നും 35നും ഇടയിൽ പ്രായമുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരോ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അയൽക്കൂട്ട കുടുംബാംഗങ്ങളോ ആയിട്ടുള്ള തൊഴിൽ രഹിതരായ യുവതീ യുവാക്കൾക്ക് അവരുടെ അഭിരുചിക്കും വിദ്യാഭ്യാസ യോഗ്യതയ്ക്കും അനുസരിച്ചുള്ള മേഖലകളിൽ വിവിധ തൊഴിൽ പരിശീലനങ്ങൾ നൽകി സ്ഥിര വരുമാനം ഉറപ്പാക്കുക എന്ന മഹത്തായ ലക്ഷ്യത്തോടുകൂടിയാണ് ഈ പദ്ധതി ആരംഭിച്ചിട്ടുള്ളത്.

4. കുടുംബശ്രീ സാമൂഹ്യ ശാക്തീകരണം

- ആശ്രയ പദ്ധതി

അടിസ്ഥാനപരമായി അവകാശങ്ങൾ നിഷേധിക്കപ്പെട്ട നിരാലംബരും നിരാശ്രയരും പാർശ്വവത്കരിക്ക പ്പെട്ടവരുമായ ഒരു വിഭാഗം ജനങ്ങൾക്ക് സാമൂഹ്യാധിഷ്ഠിത സംവിധാനത്തിലൂടെ സേവനങ്ങൾ എത്തിച്ചുകൊടുക്കുകയും അതുവഴി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയും ചെയ്യുന്നതിനായി സംസ്ഥാന സർക്കാർ കുടുംബശ്രീ മുഖേന ആവിഷ്കരിച്ച തദ്ദേശഭരണ സ്ഥാപനത്തിലൂടെ നടപ്പിലാക്കിവരുന്ന പദ്ധതി.

- ബാലസഭ

കുട്ടികൾക്ക് അവരുടെ അവകാശങ്ങൾ മനസ്സിലാക്കുവാനും സാമൂഹ്യ പ്രതിബദ്ധത വളർത്തുവാനും സ്വയം ഭരണത്തിന്റെയും നേതൃപാടവത്തിന്റെയും പ്രാഥമിക പാഠങ്ങൾ പഠിക്കുവാൻ സഹായകരമാകുന്ന രീതിയിൽ കുടുംബശ്രീ മിഷൻ നടപ്പിലാക്കുന്ന സംവിധാനമാണ് ബാലസഭകൾ. വാർഡ് തലത്തിൽ ബാലസമിതിയും പഞ്ചായത്ത് തലത്തിൽ ബാലപഞ്ചായത്തും എന്ന രീതിയിലാണ് ഈ സംവിധാനത്തെ ചിട്ടപ്പെടുത്തിയത്.

- ബഡ്സ്

ശാരീരിക ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ ശാസ്ത്രീയമായി പുനരധിവസിപ്പിക്കാൻ പഞ്ചായത്ത്/നഗരസഭാതലത്തിൽ ആരംഭിച്ച പ്രത്യേക സ്കൂൾ ആണ് ബഡ്സ്.

- **പട്ടികവർഗ മേഖലകളിലെ പ്രത്യേക പദ്ധതികൾ**

സ്ത്രീ ശാക്തീകരണം

സ്ത്രീ പദവി സ്വയം പഠനം പ്രക്രിയ.

സ്ത്രീകൾ കൈവരിക്കുന്ന നേട്ടങ്ങളുടെയും നേരിടുന്ന പല പ്രശ്നങ്ങളുടെയും ജീവിത അനുഭവങ്ങളുടെയും ഒരു വിലയിരുത്തലാണ് സ്ത്രീ പദവി സ്വയം പഠനം പ്രക്രിയ. കണ്ണൂർ കുടുംബശ്രീ ജില്ലാ മിഷൻ സ്ത്രീ ശാക്തീകരണം ലക്ഷ്യം വച്ചുകൊണ്ടുള്ള ഒട്ടനവധി മികച്ച പരിപാടികൾ നടപ്പിലാക്കിവരുന്നുണ്ട്.

നോർക്ക വകുപ്പ്

കേരള സർക്കാരിന്റെ നോർക്ക അഥവാ പ്രവാസി കേരളീയ വകുപ്പ് കേരളത്തിന് പുറത്ത് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും താമസിക്കുന്ന/ജോലി ചെയ്യുന്ന കേരളീയരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും അവകാശങ്ങൾ പരിരക്ഷിക്കുന്നതിനും നിയോഗിക്കപ്പെട്ടിരിക്കുന്നു. 1996ൽ രൂപവൽക്കരിക്കപ്പെട്ടതു മുതൽ സാധ്യമായ സകല മാർഗങ്ങളിലൂടെയും എല്ലാവിധ പിന്തുണയും സഹായവും നൽകി പ്രവാസി മലയാളികളുടെ ജീവിതത്തിൽ സുപ്രധാനമായ ഒരു പങ്കാണ് നോർക്ക വഹിച്ചുകൊണ്ടിരിക്കുന്നത്. നോർക്ക റൂട്സ് സംസ്ഥാന വകുപ്പിന്റെ ഫീൽഡ് ഏജൻസിയാണ്. പ്രവാസി മലയാളികളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഒരു നോഡൽ ഏജൻസിയായി പ്രവർത്തിച്ചു വരുന്നു.

- സുരക്ഷിതമായ ദേശാന്തഗമനം ഉറപ്പുവരുത്തുക, വിദേശത്ത് ആദായകരവും നി ലക്ഷ്യങ്ങൾ യമപരവുമായ തൊഴിൽ ലഭ്യമാക്കുക
- മറുനാട്ടിൽ നിന്നു മടങ്ങിയെത്തുന്ന പ്രവാസികളുടെ പുനരധിവാസവും പുനർസമന്വയവും ഏർപ്പാടാക്കുക
- പ്രവാസി മലയാളികൾ/പ്രവാസി മലയാളികളാകാൻ സാധ്യതയുള്ളവരുടെ തൊഴിൽ വൈദഗ്ധ്യം ഉറപ്പാക്കുന്നതിന് പരിശീലനം സംഘടിപ്പിക്കുക.
- അശരണരും രോഗികളുമായ നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസികൾക്ക് ധനസഹായം ലഭ്യമാക്കുക
- നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസികളുടെ ബിസിനസ് സംരംഭങ്ങൾക്ക് മൂലധന സബ്സിഡികൾ ലഭ്യമാക്കുക
- ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുക
- പ്രവാസികളെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുക
- വിദേശഗമനം, പ്രവാസികളുടെ അവകാശങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട നയപരമായ കാര്യങ്ങളിൽ യഥോചിതം ഇടപെടുക
- സാമ്പത്തിക/സാമൂഹിക പരിപാടികൾ/പ്രവാസി മലയാളികളുടെ സമ്മേളനങ്ങൾ എന്നിവ സംഘടിപ്പിക്കുക.

സേവനങ്ങൾ

1. സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ

മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ മാർഗ നിർദേശങ്ങൾ അനുസരിച്ചു വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരോ അധികാരപ്പെടുത്തിയിട്ടുള്ള സംസ്ഥാനത്തെ ഏക സ്ഥാപനമാണ് നോർക്ക റൂട്സ്. പൊതുജന സൗകര്യാർത്ഥം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്ന മൂന്നു അറ്റസ്റ്റേഷൻ സെന്ററുകൾ മുഖേനയാണ് നോർക്ക റൂട്സും സർക്കാരും ഈ കർത്തവ്യം നിർവഹിച്ചു വരുന്നത്.

2. പ്രവാസി ഐ ഡി കാർഡ്

പ്രവാസികൾക്കായുള്ള തിരിച്ചറിയൽ കാർഡ് പദ്ധതി 2008ൽ ആരംഭിച്ചു. 55201 തിരിച്ചറിയൽ കാർഡുകൾ അനുവദിച്ചു. അപകട മരണം, അപകടം മൂലം സ്ഥിരമായ/പൂർണമായ/ഭാഗികമായ വൈകല്യം എന്നിവയ്ക്ക് 2 ലക്ഷം രൂപ വരെയുള്ള ഇൻഷുറൻസ് ആനുകൂല്യം

3. സാന്ത്വന

തിരികെയെത്തിയ പ്രവാസി കേരളീയർക്ക് ചികിത്സ സഹായം, മരണാനന്തര സഹായം, പെണ്മക്കളുടെ വിവാഹ സഹായം, കൃത്രിമ കാൽ, ഊന്നുവടി മുതലായവ വാങ്ങാൻ സഹായം

4. കാരുണ്യം

പ്രവാസികളാ യ കേരളീയരുടെ മൃതശരീരം സ്വദേശത്തു കൊണ്ടുവരുന്നതിനുള്ള പ്രത്യേക നിധി

5. പുനരധിവാസ പദ്ധതി

തിരികെയെത്തിയ പ്രവാസികൾ പുതുതായി സംരംഭം തുടങ്ങുന്നതിനുള്ള സബ്സിഡിയോടുകൂടിയ ബാങ്ക് വായ്പ.

6. തൊഴിൽ വൈദഗ്ധ്യം മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലന പരിപാടി

4.2 സേവനമേഖല

4.2 (എ)ആരോഗ്യം

ജില്ലയിലെ ജനങ്ങൾക്ക് പ്രാഥമികവും ദ്വിതീയവും തൃതീയവുമായ തലങ്ങളിൽ ഗുണനിലവാരമുള്ള ആരോഗ്യ സേവനങ്ങൾ നൽകിക്കൊണ്ടും അവയിൽ കാലാനുസൃതമായ നവീകരണം വരുത്തിക്കൊണ്ടും മാത്രമേ മുഴുവൻ ജനങ്ങളുടേയും ആരോഗ്യപരിരക്ഷ സാധ്യമാവുകയുള്ളൂ. ഇതിന് ദീർഘകാലാടിസ്ഥാനത്തിൽ നല്ല കാഴ്ചപ്പാടും ദിശയുമുള്ള ഒരു വികസന പരിപ്രേക്ഷ്യം മേഖലയിൽ ആവശ്യമാണ്. ഐക്യരാഷ്ട്രസഭ 2030ൽ കൂടി കൈവരിക്കാൻ ലക്ഷ്യം വെച്ചിട്ടുള്ള സുസ്ഥിര വികസനലക്ഷ്യങ്ങൾ എല്ലാവിഭാഗം ജനങ്ങളിലും (പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾ ഉൾപ്പെടെ) ലഭ്യമാക്കി എല്ലാവർക്കും എല്ലാ പ്രായത്തിലും ആരോഗ്യകരമായ ജീവിതം സാധ്യമാക്കാനും അവ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ തുടർന്നങ്ങോട്ട് നിലനിർത്തിക്കൊണ്ട് പോകാനും നമുക്ക് സാധിക്കേണ്ടതുണ്ട്. അതിനായി ഇതര മേഖലകളുടെ കൂടി പ്രവർത്തനങ്ങളും കാഴ്ചപ്പാടുകളും സമന്വയിപ്പിച്ച് കൊണ്ടുള്ള കൂട്ടായ പ്രവർത്തനം ഏറ്റെടുക്കേണ്ടതുണ്ട്.

ആരോഗ്യസൂചികകൾ

സൂചകം	ഇന്ത്യ	കേരളം	കണ്ണൂർ
ജനന നിരക്ക്	21.4	14.7	16.7
മരണ നിരക്ക്	7	6.9	6.87
ശിശു മരണ നിരക്ക്	40	12	4.6
ബാല മരണ നിരക്ക്	69	14	0.97
മാതൃ മരണ നിരക്ക്	178	66	11
ശരാശരി ആയുസ്	64	74	
സാക്ഷരത ശതമാനം	74	94	95.4
ശരാശരി കുട്ടികളുടെ എണ്ണം	2.6	1.7	
കുടുംബാസൂത്രണ നിരക്ക്	52	62	

(അവലംബം-ആരോഗ്യ വകുപ്പ് 2016-17)

കണ്ണൂർ -- 2016 2017

സജീവ ജനനം	41611
ശിശുമരണം	180
ബാലമരണം	188
മാതൃമരണം	15

(അവലംബം- RCH Report 2017)

5 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം : 1,93,315

മാതൃശിശു സംരക്ഷണം

ജില്ലയിൽ കഴിഞ്ഞവർഷം 41611 സജീവ ജനനങ്ങൾ ഉണ്ടായിട്ടുണ്ട്. 21289 ആൺകുട്ടികളും 20305 പെൺകുട്ടികളുമാണ്. ഇതിൽ 17670 പ്രസവങ്ങൾ സിസേറിയനാണ്. ആകെ പ്രസവങ്ങളിൽ 42.5% സിസേറിയനാണ് എന്നത് ഗൗരവത്തോടെ കാണേണ്ടതാണ്. ഇതിൽ ഭൂരിഭാഗവും സ്വകാര്യ ആശുപത്രിയിലാണ് (74%) എന്നതാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 17 പ്രസവങ്ങൾ വീട്ടിൽ നടന്നിട്ടുണ്ട്. നിലവിലെ സർക്കാർ ആശുപത്രികളിലെ സൗകര്യങ്ങൾ ഒന്നുകൂടി മെച്ചപ്പെടുത്തി ജില്ലയിൽ നടക്കുന്ന പ്രസവങ്ങൾ 50 ശതമാനമെങ്കിലും ഇവിടങ്ങളിൽ ആക്കി ഉയർത്താൻ നമുക്ക് സാധിക്കേണ്ടതുണ്ട്.

സജീവ ജനനം	സർക്കാർ	%	സ്വകാര്യം	%	വീട്	%	സിസേറിയൻ	%
41611	10814	26	30780	74	17	0.04	17670	42.5

(അവലംബം- RCH Report 2017)

കണ്ണൂർ ജില്ലാ പഞ്ചായത്ത് കഴിഞ്ഞ വർഷം മുതൽ നടത്തിവരുന്ന ആദിവാസി ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമുള്ള പോഷകാഹാര വിതരണവും വൈദ്യപരിശോധനയും എന്ന പ്രൊജക്ടിലൂടെ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളിലെ മാതൃശിശു സംരക്ഷണ മേഖലയിൽ ഉണ്ടായ ഗുണപരമായ മാറ്റങ്ങൾ മാതൃകാപരമാണ് എന്നത് എടുത്തുപറയേണ്ടതുമാണ്. ഇത്തരം മാതൃകാപരമായ പദ്ധതികൾ ഇനിയും ഉണ്ടാവേണ്ടതാണ്.

പ്രതിരോധ കുത്തിവെപ്പിന്റെ വിശദാംശങ്ങൾ

ജനിച്ചുകഴിഞ്ഞ് എത്രയും വേഗം നൽകേണ്ട ബി സി ജി വാക്സിനേഷൻ ജില്ലയിൽ 98% കുട്ടികൾക്കും നൽകുമ്പോൾ മറ്റ് പ്രതിരോധ കുത്തിവെപ്പുകൾ 90 ശതമാനത്തിൽ താഴെയാണ്. അതുകൊണ്ടുതന്നെ രോഗപ്രതിരോധ കുത്തിവെപ്പുകൾ എല്ലാ കുട്ടികൾക്കും നൽകുന്ന രീതിയിൽ ഈ മേഖല മെച്ചപ്പെടേണ്ടതാണ്.

വർഷം	ജനനം	പ്രതിരോധ കുത്തിവെപ്പ് എടുത്തവർ	ശതമാനം
2014-15`	44596	41200	92%
2015-16	43817	39573	90%
2016-17	41594	38764	93%

(അവലംബം- RCH Report 2017)

കൗമാര ആരോഗ്യ പ്രശ്നങ്ങൾ

ജില്ലയിലെ മൂന്നരലക്ഷത്തോളം വരുന്ന കൗമാരക്കാരുടെ ആരോഗ്യപ്രശ്നങ്ങൾ അവലോകനം ചെയ്യുമ്പോൾ വിളർച്ച, വിരബാധ, ത്വക് രോഗങ്ങൾ, പൊണ്ണത്തടി, കാഴ്ചവൈകല്യങ്ങൾ എന്നിവ പ്രധാന പ്രശ്നങ്ങളായി കാണുന്നു. കുട്ടികൾക്കിടയിലെ മാനസിക പ്രശ്നപരിഹാരത്തിനായി കൗൺസലിംഗ്, WIFS പ്രോഗ്രാം ശാക്തീകരണം എന്നിവയോടൊപ്പം തന്നെ വിദ്യാർത്ഥിനികൾക്ക് സാനിറ്ററി പാഡുകൾ ലഭ്യമാക്കുക, ഗേൾസ് ഫ്രണ്ട്ലി ടോയിലറ്റുകൾ വ്യാപകമാക്കുക എന്നിവ ജില്ലാതലത്തിൽ ഏറ്റെടുക്കേണ്ടി വരുന്ന പ്രവർത്തനങ്ങളാണ്.

ക്രമ നമ്പർ	പ്രശ്നങ്ങൾ	ആകെ
1	അനീമിയ	10479
2	വിരബാധ	255594
3	ഗുബെല്ല	10
4	ഉയർന്ന രക്തസമ്മർദം	26
5	പൊണ്ണത്തടി	2962
6	കാഴ്ചപ്രശ്നങ്ങൾ	11278
7	ദന്തരോഗം	15451
8	ത്വക്ക് രോഗം	14021
9	BMI 18.5 ൽകുറവ്	457
10	BMI 18 ൽ താഴെയുള്ളവർ	2400
11	പഞ്ചായത്തിൽ നിലവിലുള്ള കൗമാരക്ലബ്ബുകൾ	1157
12	സാനിട്ടറി പാഡുകൾ ലഭ്യമാകുന്ന സ്കൂളുകൾ	20
13	ഗേൾസ് ഫ്രണ്ട്ലി ടോയ്ലെറ്റുകൾ ഉള്ള സ്കൂളുകൾ	109

(അവലംബം-RCH Report 2017)

വയോജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ

സെൻസസ് വർഷം	ആകെ ജനസംഖ്യ	60 വയസ്സിനു മുകളിൽ	ശതമാനം
2001	22,51,727	2,48,422	11
2011	25,23,003	3,16,132	12.5

(അവലംബം-സെൻസസ് ഡാറ്റ)

2001 സെൻസസ് പ്രകാരം ജില്ലയിൽ 60 വയസ്സിന് മേൽ പ്രായമുള്ള 248422 പേരുണ്ട്. അത് ആകെ ജനസംഖ്യയുടെ 11 ശതമാനമാണ്. 2011 ലെ സെൻസസ് അനുസരിച്ച് 60 കഴിഞ്ഞവർ 12.5 ശതമാനമാണ്.

ജനസംഖ്യയെ അടിസ്ഥാനമാക്കി പരിശോധിക്കുമ്പോൾ ഈ വർദ്ധനവ് 1.5 ശതമാനം മാത്രമേ ഉണ്ടായിട്ടുള്ളൂ എങ്കിലും 60 വയസ്സിനുമുകളിൽ പ്രായമുള്ള ആളുകളുടെ വർദ്ധനവ് എടുത്തു പരിശോധിക്കുമ്പോൾ അത് 27 ശതമാനമാണെന്ന് കാണാം. 2020 ആകുമ്പോഴേക്കും ജനസംഖ്യയുടെ 20 ശതമാനം 60 വയസിനു മുകളിൽ പ്രായമുള്ളവരായിരിക്കും എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

മാറുന്ന പുതിയ കാലഘട്ടത്തിൽ വയോജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ ഏറെ ഗൗരവമുള്ളതാണ്. പോഷണക്കുറവ്, ശാരീരിക അവശതകൾ, വൈകല്യങ്ങൾ, മാനസിക സംഘർഷങ്ങൾ, ഒറ്റപ്പെടൽ തുടങ്ങി വയോജനങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ പല വിധത്തിലാണ്. ഈ മേഖലയിൽ ഇടപെട്ട് ഇവർക്ക് സുഖകരമായ ജീവിതസാഹചര്യം ഉറപ്പുവരുത്തുക എന്നത് സമൂഹത്തിന്റെ സുപ്രധാനമായ ഉത്തരവാദിത്തമാണ്.

നിലവിൽ ഈ മേഖലയിൽ വിവിധ ഏജൻസികൾ മുഖേന ചില പ്രോജക്ടുകൾ നടപ്പാക്കിവരുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ടവ സാമൂഹ്യ സുരക്ഷാമിഷന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന വയോമിത്രം, ഗ്രാമപഞ്ചായത്തുകൾ വഴി നടത്തുന്ന പകൽ വീടുകൾ, ആരോഗ്യവകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന സായംസന്ധ്യ പദ്ധതി, എൻ സി ഡി ക്ലിനിക്കുകൾ, ആതുരപത്രി സേവനങ്ങളിൽ മുന്തിയ പരിഗണന, സാമൂഹ്യ സുരക്ഷാ പെൻഷനുകൾ എന്നിവയാണ്. ഇവയൊക്കെ ഉണ്ടെങ്കിലും സമൂഹത്തിന്റെ വലിയ വിഭാഗമായിട്ടുള്ള ഇവരുടെ ആരോഗ്യ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാനുതകുന്ന പദ്ധതികൾ ഇനിയും ജില്ലയിൽ ഉണ്ടാകേണ്ടതുണ്ട്.

ഭിന്നശേഷിക്കാരുടെ ശാരീരിക മാനസിക പ്രശ്നങ്ങൾ

കണ്ണൂർ ജില്ലയിലെ ആകെ അംഗപരിമിതരുടെ എണ്ണം 58,535 ആണ്. ഇതിൽ 26227 പേർ സ്ത്രീകളും 32242 പുരുഷന്മാരും 66 പേർ ഭിന്നലിംഗമുള്ളവരുമാണ്. സ്ത്രീ പുരുഷ അനുപാതം 45:55 ആണ്. ജില്ലയിലെ അംഗപരിമിതർ ആകെ ജനസംഖ്യയുടെ 2.32% ആണ്. ഭിന്നശേഷി ഉള്ള 58,535 പേരിൽ 17,754 പേർ ചലനവൈകല്യം ഉള്ളവരാണ്. ഇത് ജില്ലയിലെ മൊത്തം അംഗപരിമിതരുടെ 30.33 ശതമാനമാണ്.

ക്രമ നം	വൈകല്യം	ആളുകളുടെ എണ്ണം	ശതമാനത്തിൽ	10000 ജനസംഖ്യ പ്രകാരം
01	ചലനവൈകല്യം	17754	30.33	65
02	മസ്കുലാർ ഡിസ്ട്രോഫി	145	0.25	1
03	ക്രോണിക് ന്യൂറോളജിക്കൽ ഡിസോഡർ	190	0.32	1
04	മൾട്ടിപ്പിൾ സ്ക്ലീറോസിസ്	40	0.07	0
05	കുന്ന്	266	0.45	1
06	ഹ്യസ്വകായത്വം	576	0.98	2
07	അന്ധത	1529	2.61	6
08	ഗുരുതരമായ കാഴ്ചക്കുറവ്	5719	9.77	21
09	പഠന വൈകല്യം	600	1.03	2
10	സംസാര-ഭാഷാ വൈകല്യം	1536	2.62	6
11	ബുദ്ധിപരമായ വെല്ലുവിളികൾ	5443	9.30	20
12	മാനസികരോഗം	6963	11.90	26
13	ഓട്ടിസം	171	0.29	1
14	കേഴ്വി ഇല്ലായ്മ	4418	7.55	16
15	കുഷ്ഠരോഗ വിമുക്തം	70	0.12	0
16	ഹീമോഫീലിയ	128	0.22	0
17	താലസീമിയ	49	0.08	0
18	അരിവാൾ രോഗം	14	0.02	0
19	സെറിബ്രൽ പാൾസി	647	1.11	2
20	അപസ്മാരം	1519	2.60	6
21	ബധിരാന്ധത	20	0.03	0
22	ബഹുവൈകല്യം	10738	18.34	40
	ആകെ	58535	100	

(അവലംബം-സാമൂഹ്യനീതിവകുപ്പ് 2011)

പ്രധാന പകർച്ചവ്യാധികൾ

ജില്ലയിൽ പകർച്ച വ്യാധികളിൽ മലേറിയ ബാധിതരാണ് കൂടുതലും. മലേറിയ രോഗബാധ മൂലം 2014, 2016 വർഷങ്ങളിൽ ഒരോ മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കാലാസർ രോഗബാധ ആദ്യമായി റിപ്പോർട്ട് ചെയ്തത് 2016ലാണ്. 2013 നു ശേഷം ജില്ലയിൽ ഹെപ്പറ്റൈറ്റിസ് സി റിപ്പോർട്ട് ചെയ്തത് (3പേർക്ക്) 2016 ലാണ്. സ്ക്രബ് ടൈഫസ് രോഗബാധിതരുടെ എണ്ണം മുൻ വർഷങ്ങളിലേതിനേക്കാൾ കൂടിവരുന്നതായും കാണാം (9പേർക്ക്). 2010 നു ശേഷം ഡിഫ്തീരിയ രോഗം റിപ്പോർട്ട് ചെയ്തത് 2016ലാണ്. രോഗം ബാധിച്ച് 3 പേർ ചികിത്സ തേടിയിട്ടുണ്ട്. ജില്ലയിൽ കഴിഞ്ഞ 5 വർഷങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട പകർച്ചവ്യാധികളുടെയും അവ മൂലമുള്ള മരണങ്ങളുടെയും വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

പകർച്ച വ്യാധികളുടെയും അവ മൂലമുള്ള മരണങ്ങളുടെയും പട്ടിക

രോഗം	2011		2012		2013		2014		2015		2016	
	രോഗ ബാധിതർ	മരണപ്പെട്ടവർ	രോഗ ബാധിതർ	മരണപ്പെട്ടവർ	രോഗ ബാധിതർ	മരണപ്പെട്ടവർ	രോഗ ബാധിതർ	മരണപ്പെട്ടവർ	രോഗ ബാധിതർ	മരണപ്പെട്ടവർ	രോഗ ബാധിതർ	മരണപ്പെട്ടവർ
മലേറിയ	239	0	339	0	200	0	186	1	154	0	156	1
ഡെങ്കി	16	0	119	1	161	1	55	0	156	0	97	0
കാലാസർ	0	0	0	0	0	0	0	0	0	0	1	0
ജെ.ഇ./എ.ഇ.എസ്	0	0	0	0	1	1	0	0	0	0	1	0
ലെപ്റ്റോ	29	1	35	0	25	1	8	0	19	0	18	0
ഹെപ്പറ്റൈറ്റിസ് എ	181	1	504	0	215	1	102	0	29	0	30	0
ഹെപ്പറ്റൈറ്റിസ് ബി	23	0	16	0	22	0	10	0	13	0	7	0
ഹെപ്പറ്റൈറ്റിസ് സി	1	0	4	0	1	0	0	0	0	0	3	0
ഹെപ്പറ്റൈറ്റിസ് ഇ	0	0	1	0	0	0	0	0	0	0	0	0
ടൈഫോയിഡ്	145	1	122	0	65	0	65	0	37	0	52	0
എച്ച്1 എൻ1	13	0	67	1	1	0	4	0	69	4	1	0
സ്ക്രബ് ടൈഫസ്	0	0	0	0	2	0	2	0	5	0	9	0
ഡിഫ്തീരിയ	0	0	0	0	0	0	0	0	0	0	3	0

(അവലംബം- IDSP Report)



ജില്ലയിലെ വീടുകളുടെയും കിണറുകളുടെയും വിശദാംശങ്ങൾ **അനുബന്ധം 24 ൽ** നൽകിയിരിക്കുന്നു

ജില്ലയിൽ ജലജന്യരോഗങ്ങളും കൊതുകുജന്യ രോഗങ്ങളും 2011 മുതൽ തുടർച്ചയായി എല്ലാ വർഷവും ഒരേപോലെ തുടരുന്നതായി കാണാം. കുടിവെള്ള ശുചിത്വം, സ്ഥാപനതല ശുചിത്വം എന്നിവ ഇനിയുമേറെ മെച്ചപ്പെടേണ്ടതിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. അതുപോലെ 2012 മുതൽ 2016 വരെ 7,833 ക്ഷയരോഗബാധിതർ ജില്ലയിൽ ചികിത്സയെടുത്തിട്ടുണ്ട്. ജില്ലയിൽ എച്ച് ഐ വി ബാധിതർ 2000 പേരാണ്. ഇതിൽ 1500 പേർ ഇതര ജില്ലകളിലെ എ.ആർ.ഐ. സെന്ററുകളിൽ എ.ആർ.ടി. ചികിത്സയെടുക്കുന്നവരാണ്. (420 പേർ കണ്ണൂർ എഫ്.ഐ. എ.ആർ.ടി.യിൽ അനുബന്ധ ചികിത്സ എടുക്കുന്നവരാണ്. ഇതിൽ 655 പേർ വളരെ ദരിദ്രരും വിധവകളും നിരാലംബരായ കുട്ടികളുമൊക്കെയാണ്). എ.ആർ.ടി. ചികിത്സയെടുക്കുമ്പോൾ അവർക്ക് പോഷകഗുണമുള്ള ആഹാരം കഴിച്ചാൽ മാത്രമേ ഗുണം കൃത്യമായി ലഭിക്കുകയുള്ളൂ. പോഷകാഹാരക്കുറവ് പരിഹരിക്കാൻ വേണ്ടി ജില്ലയിൽ 250 പേർക്കുള്ള പോഷകാഹാര കിറ്റുകൾ വിതരണം ചെയ്ത് വരുന്നു. മറ്റ് ജില്ലകളെ അപേക്ഷിച്ച് എച്ച്.ഐ.വി. അണുബാധിതരുടെ മരണം ജില്ലയിൽ കുറവാണെന്ന് കാണാം. പഴയ കാലങ്ങളിൽ കണ്ടുവരുന്നതുപോലെയുള്ള പ്രകടലക്ഷണങ്ങൾ ഉള്ള കുഷ്ഠരോഗികൾ ഇപ്പോൾ കണ്ടുവരുന്നില്ലെങ്കിലും രോഗാതുരത ഇപ്പോഴും ചെറിയ രീതിയിൽ ജില്ലയിൽ നിലനിൽക്കുന്നുവെന്ന സൂചന താഴെ കൊടുത്തിരിക്കുന്ന പട്ടിക വ്യക്തമാകുന്നു.

കണ്ടെത്തിയ കുഷ്ഠരോഗികളുടെ എണ്ണം

2015-16			2016-17			സൂചകങ്ങൾ	2015-16	2016-17
കുറഞ്ഞ രോഗാണുബാധ ഉള്ളവർ (PB)	അധിക രോഗാണുബാധ ഉള്ളവർ (PB)	ആകെ	കുറഞ്ഞ രോഗാണുബാധ ഉള്ളവർ (PB)	അധിക രോഗാണുബാധ ഉള്ളവർ (PB)	ആകെ	കുഷ്ഠ രോഗാതുരത നിരക്ക്	0.26	0.14
						ആദിവാസി രോഗികളുടെ നിരക്ക്	21%	8%
31	25	56	23	14	37	രോഗബാധിതരായ കുട്ടികളുടെ നിരക്ക്	12.5%	
						വൈകല്യ നിരക്ക്	7%	3%

(അവലംബം-ആരോഗ്യ വകുപ്പ്)

2015-16 വർഷത്തെ അപേക്ഷിച്ച് നടപ്പ് വർഷം കുഷ്ഠരോഗാതുരരുടെ എണ്ണത്തിലും നിരക്കിലും വൻകുറവ് സംഭവിച്ചിട്ടുണ്ട്. അതുപോലെ ആദിവാസി മേഖലയിലെ രോഗാതുരതാ നിരക്കും കുട്ടികളുടെ ഇടയിലെ രോഗാതുരതാനിരക്കും വൈകല്യനിരക്കും കാര്യമായി കുറഞ്ഞിട്ടുണ്ട്. കുഷ്ഠരോഗ നിർമാർജന പരിപാടിയുടെ ശരിയായ ദിശയിലുള്ള പുരോഗതിയാണ് ഇത് വെളിവാക്കുന്നത്. എങ്കിലും രോഗാതുരതാ നിരക്ക് എസ്.ഡി.ജി. ഗോൾ അടിസ്ഥാനത്തിൽ 0.14 ൽ നിന്നും 0.1 ന് താഴേക്ക് കൊണ്ടുവരേണ്ടതുണ്ട്.

മലമ്പനി

കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ പരിശോധിച്ച് കഴിഞ്ഞാൽ ജില്ലയിൽ 1,112 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ അതിൽ 11 കേസുകൾ മാത്രമേ ഇൻഡീജിനിയസ് മലേറിയ കേസുകൾ ഉളളൂ. മാത്രവുമല്ല കഴിഞ്ഞ 2 വർഷമായി ജില്ലയിൽ ഇൻഡീജിനിയസ് മലേറിയ ഒന്നും തന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നാലും നിതാന്തമായ നിരീക്ഷണ പ്രവർത്തനങ്ങളിലൂടെ ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിലുണ്ടാകുന്ന മലമ്പനി കേസുകളെ നേരത്തെ തന്നെ കണ്ടെത്തുകയും സമ്പൂർണ ചികിത്സ നൽകുകയും ചെയ്യേണ്ടതുണ്ട്.

മന്ത് രോഗം

മന്ത് രോഗ നിവാരണ പദ്ധതിയുടെ പ്രവർത്തനാവലോകനം നടത്തിയതിന്റെ അടിസ്ഥാനത്തില് 2006 ൽ കണ്ണൂർ ജില്ലയിലെ മന്ത് രോഗ നിരക്ക് 4.23% ആയിരുന്നത് 2014 ഓട് കൂടി 0.08% ആയി കുറക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്ന് മാത്രമല്ല മെച്ചപ്പെട്ട രീതിയിൽ നടത്തിയ സാമൂഹ്യ ചികിത്സാ പദ്ധതിയുടെ ഫലമായി നമ്മുടെ ജില്ല മന്ത് രോഗനിവാരണ ജില്ലയായി പ്രഖ്യാപിക്കപ്പെട്ട് കഴിഞ്ഞു. ഇപ്പോൾ ജില്ലയിൽ ട്രാൻസ്മിഷൻ അസസ്മെന്റ് സർവെ നടന്നു കൊണ്ടിരിക്കുകയാണ്. അപ്പോഴും ഇതര സംസ്ഥാനക്കാരുടെ ഇടയിൽ കാണുന്ന കൂടിയ രോഗ നിരക്ക് നാം കൈവരിച്ച നേട്ടത്തെ നിലനിർത്താൻ കൂടിയ ജാഗ്രത ആവശ്യപ്പെടുന്നു.

പകർച്ചേതര വ്യാധികൾ

ജീവിതശൈലിയിലെ മാറ്റം, മാറിയ ഭക്ഷണശീലങ്ങൾ, ആയുർ ദൈർഘ്യത്തിലുളള വർദ്ധനവ് മുതലായവ പകർച്ചേതരവ്യാധികളുടെ എണ്ണം വർദ്ധിക്കുവാൻ കാരണമായിട്ടുണ്ട്. കാലേക്കൂട്ടിയുളള രോഗനിർണയത്തിനുളള സംവിധാനം, വിവിധ ഏജൻസികളുടെ പഠനം, ഡിപ്പാർട്ട്മെന്റ് സേവനങ്ങൾ എന്നിവ ഈ മേഖലയിലെ റിപ്പോർട്ടിംഗിനെ മെച്ചപ്പെടുത്താൻ സഹായിച്ചിട്ടുണ്ട്. ജില്ലയിൽ നിന്നും റിപ്പോർട്ട് ചെയ്ത കഴിഞ്ഞ വർഷങ്ങളിലെ പകർച്ചേതര വ്യാധികളുടെ പട്ടിക ചുവടെ ചേർക്കുന്നു.

ജീവിതശൈലീ രോഗങ്ങൾ (2011 – 2015)



ക്രമ നമ്പർ	രോഗം	2011	2012	2013	2014	2015
1.	ഹൃദ്രോഗം	2562	2777	3092	3332	3539
2.	പക്ഷാഘാതം	552	645	618	675	776
3.	കാൻസർ	804	834	1026	1163	1371
4.	COPD	11362	12653	12392	14357	14103
5.	ആസ്ത്മ	7124	6770	9069	9879	10791
6.	ഉയർന്ന രക്ത സമ്മർദം	41370	41922	46774	50582	58882
7.	ഡയബറ്റിസ്	28392	30296	33008	36182	44360
8.	കിഡ്നി രോഗം	164	193	235	229	308
9.	ലിവർസിറോസിസ്	85	99	131	146	145
10.	അയഡിൻപ്രശ്നങ്ങൾ	1006	1370	1416	1448	1582
11.	മാനസിക രോഗങ്ങൾ	2396	2530	2388	2464	2592
	ആകെ	**15860**	**18085**	**18398**	**18292**	**15883**

(അവലംബം-NCD Report, ആരോഗ്യവകുപ്പ് 2015)

ജീവിതശൈലീ രോഗങ്ങളായ രക്താതിമർദം, പ്രമേഹം, ഹൃദ്രോഗം തുടങ്ങിയ രോഗങ്ങളുടെ വ്യാപ്തി നല്ല രീതിയിൽ നിലനിൽക്കുന്നുവെന്നത് ഈ മേഖലകളിലെ ഇടപെടലിന്റെ ആവശ്യകത സൂചിപ്പിക്കുന്നു.

കാൻസർ

വർത്തമാനകാലത്ത് ഏറ്റവും ഗൗരവപൂർണമായി കാണേണ്ടുന്ന ഒരു ആരോഗ്യ പ്രശ്നമാണ് കാൻസർ. 2017 വരെ മലബാർ കാൻസർ സെന്ററിൽ ചികിത്സ തേടിയവരുടെ കണക്ക് പ്രകാരം കണ്ണൂർ ജില്ലയിൽ 4863 പേർ കാൻസർ ബാധിതരാണ്. 2517 പുരുഷൻമാരും 2346 പേർ സ്ത്രീകളുമാണ്. സ്ത്രീകളിൽ സ്തനാർബുദവും (29%) പുരുഷൻമാരിൽ ശ്വാസകോശാർബുദവുമാണ് (20%) കൂടുതലായി കണ്ടെത്തിയിട്ടുള്ളത്. (50 പേർ 15 വയസ്സിൽ താഴെയുള്ള കുട്ടികളാണ്) ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്തിയ ആശ്വാസ് പദ്ധതി പ്രകാരം സ്തനാർബുദവും വായിലെ കാൻസറും കൂടുതലായി കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. ഇതിലൂടെ 329 പ്രീ കാൻസർ കേസുകൾ 66 പുതിയ രോഗികളെയും കണ്ടെത്താൻ കഴിഞ്ഞു. ഇതിന്റെ തുടർച്ചയായി പ്രാഥമിക തലത്തിൽ പരിശോധനക്കും രോഗനിർണയത്തിനുമുള്ള സംവിധാനങ്ങൾ രൂപപ്പെട്ട് വരേണ്ടതുണ്ട്.

ജില്ലയിലെ കാൻസർ രോഗികളുടെ കണക്ക് (പഞ്ചായത്ത തലത്തിൽ) **അനുബന്ധം 25 ൽ** നൽകിയിരിക്കുന്നു

ജില്ലയിലെ കാൻസർ രോഗികളുടെ മാപ്പ് ചിത്രീകരണം





മരണങ്ങളുടെ വിശദാംശങ്ങൾ

പഞ്ചായത്തുകൾ അടിസ്ഥാനത്തിലുള്ള മുൻസിപ്പാലിറ്റിയും കോർപറേഷനും ഒഴികെ മരണങ്ങളുടെ വിശദാംശങ്ങൾ പിശോധിച്ചാൽ ഏറ്റവും കൂടുതൽ ശതമാനം ആളുകൾ മരണപ്പെട്ടത് ഹൃദയസംബന്ധമായ അസുഖങ്ങൾ മൂലവും ശ്വാസകോശസംബന്ധമായ രോഗങ്ങൾ മൂലവും കാൻസർരോഗബാധമൂലവുമാണെന്ന് കാണുന്നു. മൊത്തം മരണങ്ങളുടെ 5% മരണം ആത്മഹത്യയാവുന്നതും 4.8% അപകടമാവുന്നതും വളരെ ഗൗരവത്തോടെ കാണേണ്ടിയിരിക്കുന്നു. ജീവിതശൈലീ രോഗങ്ങളുടെ വർദ്ധനവ്, കാൻസർ, റോഡപകടങ്ങൾ എന്നിവ ശ്രദ്ധാപൂർവം നിരീക്ഷിക്കേണ്ടതാണ്.

ക്രമ നമ്പർ	മരണ കാരണം	മരിച്ചവരുടെ എണ്ണം					ശതമാനം
		2011	2012	2013	2014	2015	
1	ഹൃദ്രോഗം	1191	1106	1274	1356	1305	22.74
2	പക്ഷാഘാതം	223	263	283	288	277	4.8
3	അർബുദം	249	498	640	650	728	11.18
4	സി ഒ പി ഡി	997	875	1007	904	903	17.09
5	അപകടം	180	197	204	217	266	3.88
6	ആത്മഹത്യ	236	262	299	289	280	4.98
7	ന്യുമോണിയ	66	56	68	54	71	1.14
8	ഡെങ്കിപ്പനി	1	2	2	0	2	0.025
9	എലിപ്പനി	4	0	2	3	2	0.04
10	ജലജന്യ രോഗങ്ങൾ/മഞ്ഞപ്പിത്തം	6	2	2	2	5	0.06
11	ടൈഫോയിഡ്	0	0	0	0	0	0
12	ക്ഷയം	2	3	8	10	16	0.14
13	മാതൃമരണം	1	6	5	4	7	0.08
14	ശിശു മരണം	95	90	74	99	87	1.62
15	ഡിഫ്ത്തീരിയ/അഞ്ചാംപനി	8	15	17	13	9	0.22
16	മറ്റുള്ളവ	1689	1667	1818	1699	1865	31.88
	ആകെ	**5248**	**5042**	**5703**	**5588**	**5823**	**100**

(അവലംബം–ആരോഗ്യവകുപ്പ് റിപ്പോർട്ട്)

പാലിയേറ്റീവ് പ്രവർത്തനങ്ങൾ

ജില്ലയിൽ ഏറ്റവും മികവുറ്റ രീതിയിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഗൃഹകേന്ദ്രീകൃത ആരോഗ്യ പദ്ധതി പരിപാലനത്തിനുള്ള പരിചരണ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. 2015-16 വർഷത്തിൽ 14,082 രോഗികളെ പാലിയേറ്റീവ് പരിചരണത്തിൽ രജിസ്റ്റർ ചെയ്യാനും സേവനം നൽകാനും നമുക്ക് സാധിച്ചിട്ടുണ്ട്.

ക്രമ നമ്പർ	വിഭാഗങ്ങൾ	ആകെ എണ്ണം				
		2011–12	2012–13	2013–14	2014–15	2015–16
1	ആകെ രജിസ്റ്റർ ചെയ്തരോഗികൾ	3115	4671	10004	10572	14082
2	ഗൃഹപരിചരണം ആവശ്യമായവർ	1781	3778	6266	7875	11152
3	കാൻസർ രോഗികൾ	368	464	1235	1543	2198
4	ഉരുതരമായ വൃക്കരോഗം ബാധിച്ചവർ	75	105	264	282	401
5	പക്ഷാഘാതം/നട്ടെല്ലിൽ ക്ഷതം	349	508	843	692	937
6	ഹൃദ്രോഗികൾ	153	200	412	396	490
7	അംഗഭംഗം സംഭവിച്ചവർ	113	126	141	176	224
8	കിടപ്പിലായവർ	558	1000	3089	3445	4422
9	മാനസിക രോഗികൾ/ബുദ്ധിമാന്ദ്യം സംഭവിച്ചവർ	92	141	388	197	366

(അവലംബം–ആരോഗ്യവകുപ്പ്)

അപകടങ്ങൾ

സംസ്ഥാനത്ത് റോഡപകടങ്ങൾ ഏറിവരുന്ന സാഹചര്യത്തിൽ ഈയൊരു കാര്യത്തിലേക്ക് ഗൗരവപരമായ സമീപനം സൂക്ഷിക്കേണ്ട ഒരു സാഹചര്യമാണ് ഇന്നുള്ളത് എന്ന് താഴെപറയുന്ന കണക്കുകൾ സൂചിപ്പിക്കുന്നു.

കണ്ണൂർ ജില്ലയിലെ അപകടങ്ങളുടെയും അപകട മരണങ്ങളുടെയും വിശദാംശങ്ങൾ

വർഷം	റോഡ് അപകടങ്ങളുടെ എണ്ണം	മരണം	പരിക്ക്
2010	1671	200	2382
2011	1642	173	2401
2012	1862	218	2536
2013	1867	193	2454
2014	1835	201	2583
2015	1897	218	2397
2016	1432	170	1887

(അവലംബം–കേരള പോലീസ് വെബ് സൈറ്റ്)

ഇതര സംസ്ഥാന തൊഴിലാളികളുടെ വിശദാംശങ്ങൾ

ജില്ലയിൽ ലഭ്യമായ കണക്കുകൾ അനുസരിച്ച് പഞ്ചായത്തുകളിൽ 19,047 ഇതര സംസ്ഥാന തൊഴിലാളികൾ താമസിച്ചു വരുന്നു. ഇതിൽ ഹോട്ടലുകളിലും ഭക്ഷ്യമേഖലകളിലും ഫാക്ടറികളിലുമാണ് ഭൂരിപക്ഷംപേരും ജോലിചെയ്യുന്നത്. ബാക്കിയുള്ളവർ മറ്റ് നിർമാണ/ഫാക്ടറി/ഇതര മേഖലകളിൽ തൊഴിൽ ചെയ്യുന്നു. ഇവരുടെ ആരോഗ്യസംരക്ഷണവും അതോടൊപ്പം ഇവരിൽ നിന്നും മറ്റുള്ളവരിലേക്ക് പകർച്ചവ്യാധികൾ എത്താതിരിക്കാനുമുള്ള ഇടപെടൽ ആവശ്യമാണ്.

ക്രമ നമ്പർ	ഇനം	എണ്ണം
1.	ജില്ലയിലെ ഇതരസംസ്ഥാന തൊഴിലാളികൾ	19047
2.	താമസിക്കുന്ന ഇടങ്ങളുടെ എണ്ണം	2579
3.	തൊഴിലിടങ്ങൾ	1063
4.	നിർമാണ മേഖല ഇടങ്ങൾ	208
5.	നിർമാണ മേഖല ജോലിക്കാർ	2921
6.	മത്സ്യബന്ധനമേഖല ഇടങ്ങൾ	41
7.	മത്സ്യബന്ധനമേഖല തൊഴിലാളികൾ	494
8.	ഫാക്ടറികൾ, ഹോട്ടൽ ക്ലബ്ബാർ, ബാർബർഷോപ്പ് തുടങ്ങി മറ്റുള്ള ഇടങ്ങളിൽ ജോലിചെയ്യുന്നവർ	15632
9.	സ്ത്രീകൾ	2354
10.	അഞ്ച് വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം	696

(അവലംബം–ആരോഗ്യവകുപ്പ് റിപ്പോർട്ട് 2017)

ലഹരി മരുന്നുകളുടെയും മദ്യത്തിന്റെയും ഉപയോഗം

ലഹരി മരുന്നുകളുടെയും മദ്യത്തിന്റെയും ഉപയോഗം മറ്റു ജില്ലകളിലേതു പോലെ കണ്ണൂർ ജില്ലയിലും വലിയ പ്രശ്നം തന്നെയാണ്. മദ്യത്തിന്റെ ഉപയോഗത്തിൽ 2015-16, 2016-17 കാലഘട്ടത്തിൽ നേരിയ കുറവ് കണ്ടുവെങ്കിലും മറ്റ് ലഹരി വസ്തുക്കളു (മയക്കു മരുന്നുകൾ) മായി ബന്ധപ്പെട്ട കേസുകളുടെ എണ്ണം കൂടി വരികയാണ്. വളരെ ഗൗരവമേറിയ ഒരു സമീപനം ഈ മേഖലയിൽ ആവശ്യമാണ് എന്നാണ് ഈ വിശദാംശങ്ങൾ സൂചിപ്പിക്കുന്നത്.

ജില്ലയിൽ വിതരണം ചെയ്ത മദ്യത്തിന്റെ കണക്ക്

വർഷം	ഐ എം എഫ് എൽ	വൈൻ (ലിറ്ററിൽ)	ബിയർ (ലിറ്ററിൽ)
2012-13	1,10,13,328	17898	4322570
2013-14	1,03,89,613	21014	4377157
2014-15	11410466	30859	4814500
2015-16	8277468	63840	6373570
2016-17	8287596	46886	5662787

(അവലംബം-എക്സൈസ് വകുപ്പ്)

മോഡേൺ മെഡിസിൻ ആരോഗ്യസ്ഥാപനങ്ങൾ

ജില്ലയിലെ പ്രധാനപ്പെട്ട ആരോഗ്യസ്ഥാപനങ്ങൾ

ക്രമ നമ്പർ	സ്ഥാപനങ്ങൾ	എണ്ണം	സ്ഥലം
1.	ജില്ലാ ആശുപത്രി	1	കണ്ണൂർ
2.	ജനറൽആശുപത്രി	1	തലശ്ശേരി
3.	സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി	1	മാങ്ങാട്ട്പറമ്പ്
4.	താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി	1	തളിപ്പറമ്പ്
5.	താലൂക്ക് ആശുപത്രികൾ	6	പയ്യന്നൂർ, ഇരിട്ടി, പഴയങ്ങാടി, പെരിങ്ങോം, പേരാവൂർ, കൂത്ത്പറമ്പ്,
6.	സി.എച്ച്.സി.കൾ	11	കരിവെള്ളൂർ, പാപ്പിനിശ്ശേരി, അഴീക്കോട്, മയ്യിൽ, ഇരിക്കൂർ, ഇരിവേരി, പിണറായി, ഒടുവള്ളിത്തട്ട്, കൂട്ടുമുഖം, മട്ടന്നൂർ, പാനൂർ,
7.	പി.എച്ച്.സി.കൾ	71	
8.	പി.എച്ച്.സി.കൾ 24 x 7	13	
9.	മൊബൈൽ യൂണിറ്റ്	4	പഴയങ്ങാടി, തളിപ്പറമ്പ്, പേരാവൂർ, ആറളം
10.	ടിബി സെന്റർ	1	കണ്ണൂർ
11.	നഴ്സിംഗ് സ്കൂൾ	1	കണ്ണൂർ
12.	ഡി.വി.സി. യൂണിറ്റ്	1	തളിപ്പറമ്പ്
13.	ആർ.പി.എച്ച്. ലാബ്	1	കണ്ണൂർ
14.	പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്	1	പിലാത്തറ
15.	കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ	414	
16.	അർബൻ പി.എച്ച്.സി.	5	കണ്ണൂർ, തലശ്ശേരി, തളിപ്പറമ്പ്, മട്ടന്നൂർ, പയ്യന്നൂർ.
17.	ഡിസ്പെൻസറികൾ	2	മാങ്ങാട്ട് പറമ്പ് കെ എ പി, കണ്ണൂർ സെന്ട്രൽ ജയിൽ
18.	മലബാർകാൻസർ സെന്റർ	1	തലശ്ശേരി
19.	മെഡിക്കൽ കോളേജുകൾ (സ്വകാര്യം)	2	പരിയാരം, അഞ്ചരക്കണ്ടി

(അവലംബം-ആരോഗ്യവകുപ്പ് 2017)

ആർദ്രം

നവകേരള മിഷൻപരിപാടിയിൽ ആരോഗ്യരംഗത്ത് സമഗ്രമായ മുന്നേറ്റം ലക്ഷ്യം വെച്ചാണ് ആർദ്രം മിഷൻ രൂപം കൊടുത്തിരിക്കുന്നത്.

താഴെ പറയുന്നവയാണ് ലക്ഷ്യങ്ങൾ

- ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയും സൗഹാർദപരവുമായ സേവനം ഉറപ്പാക്കുക.
- ജില്ലാ/താലൂക്ക് ആശുപത്രികളിൽ സൂപ്പർസ്പെഷാലിറ്റി/ സ്പെഷാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക
- പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുക
- രോഗികൾക്ക് പ്രോട്ടോകോൾ (ചികിത്സ മാർഗരേഖ) പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക
- ആരോഗ്യമേഖലയിൽ ഇടപെടുന്നതോടൊപ്പം അനുബന്ധമേഖലയിലും ഇടപെടുക
- മെഡിക്കൽ കോളേജുകൾ മികവിന്റെ കേന്ദ്രങ്ങളാക്കുക

ആർദ്രം മിഷന്റെ ഭാഗമായി ജില്ലയിൽ 2017-18 വർഷത്തിൽ 12 സ്ഥാപനങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി മാറ്റാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. 4 സ്ഥാപനങ്ങൾ ഇതിനകം ഉദ്ഘാടനം ചെയ്യപ്പെട്ട് കഴിഞ്ഞു.

കണ്ണൂർ ജില്ലയിലെ ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികൾ/ബ്ലോക്ക് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സി. എച്ച്. സി/പി.എച്ച്.സി.കൾ എന്നിവയിലെ 2012 മുതൽ 2016 വരെയുള്ള ഒ. പി/ഐ. പി കണക്കുകൾ **അനുബന്ധം 26ൽ** ചേർക്കുന്നു

പട്ടികയിലെ വിശദാംശങ്ങൾ പരിശോധിച്ചാൽ 2016 വർഷത്തിൽ 40,19,247 പേർ സ്ഥാപനങ്ങളിൽ ഒ.പി വിഭാഗത്തിൽ ചികിത്സ തേടിയിട്ടുണ്ട്. അതുപോലെ 1,14,577 പേർ കിടത്തി ചികിത്സകൾക്കും വിധേയരായിട്ടുണ്ട്. കഴിഞ്ഞവർഷം ഏറ്റവും കൂടുതൽ രോഗികൾ എത്തിയത് തളിപ്പറമ്പ് താലൂക്ക് ആശുപത്രിയിലാണ് (627042). അതുപോലെ ഐ.പി. കണക്കും കൂടുതലാണ് (20799). കിടത്തി ചികിത്സ ഏറ്റവും കൂടുതൽ നടത്തിയ സ്ഥാപനം 2016ൽ തലശ്ശേരി ജനറൽ ആശുപത്രിയിലാണ് (32783).

സി.എച്ച്.സി. ലെവലിൽ കഴിഞ്ഞവർഷം ഏറ്റവും കൂടുതൽ രോഗികൾ എത്തിയിരിക്കുന്നത് സി. എച്ച്.സി. ഇരിവേരിയിലാണ്(208049). അതുപോലെ പാനൂർ, മയ്യിൽ, പാപ്പിനിശ്ശേരി, പിണറായി എന്നീ സ്ഥാപനങ്ങളിലും ഒ.പി.യിൽ എത്തുന്ന രോഗികളുടെ എണ്ണം കൂടുതലാണ്.

ഒ.പി. വിഭാഗത്തിൽ രോഗികൾ കൂടുകയും കിടത്തി ചികിത്സാ രംഗത്ത് ഗവ. സ്ഥാപനങ്ങളെ ആശ്രയിക്കുന്നത് കുറഞ്ഞും വരുന്നതായാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ഇത് നമ്മുടെ സ്ഥാപനങ്ങളിലെ ഐ.പി. സംവിധാനം മെച്ചപ്പെടുത്തേണ്ടതിലേക്ക് വിരൽചൂണ്ടുന്നു. അതുപോലെ ഒ.പി. വർദ്ധിച്ച് കാണുന്ന സി.എച്ച്. സികളിൽ അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. കിടത്തി ചികിത്സാ സൗകര്യങ്ങൾഉള്ള സി.എച്ച്. സികളിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയാൽ സമീപത്തുള്ള താലൂക്ക്, ജനറൽ ആശുപത്രികൾ എന്നിവിടങ്ങളിലെ തിരക്ക് കുറക്കാൻ കഴിയും.

പരിപ്രേക്ഷ്യ സമീപനം (Modern Medicine)

ഒരു സമൂഹത്തിന്റെ പുരോഗതിയുടെ സൂചനകളിൽ ഏറ്റവും പ്രാധാന്യമേറിയ ഘടകമാണല്ലോ ആരോഗ്യം. കേരളത്തിന്റെ സവിശേഷമായ ആരോഗ്യസൂചികകൾക്കൊപ്പമോ ചിലപ്പോൾ മെച്ചമായ രീതിയിലോ എത്തിനിൽക്കുന്നതാണ് കണ്ണൂർ ജില്ലയിലെ ആരോഗ്യമേഖല. എങ്കിലും ചില മേഖലകളിൽ കൂടുതൽ ജാഗ്രതയോടെയുള്ള ഇടപെടലുകൾ ആവശ്യമാണ് എന്ന് മേൽ കൊടുത്ത സ്ഥിതി വിവരകണക്കുകൾ സൂചിപ്പിക്കുന്നു. ഇത്തരം മേഖലകൾക്ക് പ്രത്യേകമായ ഊന്നൽ കൊടുത്തു കൊണ്ടുള്ള സമീപനത്തോടൊപ്പം ദീർഘകാല വീക്ഷണത്തോടെയുള്ള സമഗ്രവും സൂക്ഷ്മവുമായ ആസൂത്രണത്തിലൂടെ മാതൃകാപരമായ ഒരു ആരോഗ്യമേഖല സൃഷ്ടിക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്.

പൊതുജനാരോഗ്യരംഗത്തെ ബേസിക് യൂണിറ്റായ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെല്ലാം ആർദ്രം മിഷന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അവിടുത്തെ അടിസ്ഥാന സൗകര്യങ്ങളും മനുഷ്യവിഭവശേഷിയും വർദ്ധിപ്പിക്കേണ്ടതുണ്ട്. അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന സബ് സെന്ററുകൾ കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങളോടെയും കൂടുതൽ മേഖലകളിൽ ജനോപകാരപ്രദമായ സേവനങ്ങൾ ലഭിക്കുന്ന കേന്ദ്രങ്ങളായും മാറ്റപ്പെടേണ്ടതുണ്ട്. അതിനാവശ്യമായ രീതിയിൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കേണ്ടതാണ്.

2017-18 വർഷം 12 പി.എച്ച്.സി കൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നുണ്ട്. അടുത്ത 3 വർഷത്തിനിടയിൽ ബാക്കി വരുന്ന 71 പി.എച്ച്.സി.കളും കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തണം. ഇതിനാവശ്യമായ പശ്ചാത്തല സൗകര്യ വികസനം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടക്കണം. രോഗപ്രതിരോധ ആരോഗ്യപോഷണ പ്രവർത്തനങ്ങൾക്കായി ജില്ലയിൽ ഏകദേശം 25000 വരുന്ന ആരോഗ്യസേനാ വളണ്ടിയർമാരും 2500 ആശ പ്രവർത്തകരും ഉൾപ്പെടുന്ന ജനകീയ ആരോഗ്യനിര ഉണ്ടാക്കുക. അവർക്കാവശ്യമായ വിദഗ്ധപരിശീലനം നൽകി രോഗപ്രതിരോധത്തിനും ആരോഗ്യപോഷണത്തിനും അവരെ സജ്ജരാക്കേണ്ടതുണ്ട്.

കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ

ജില്ലയിൽ 414 കുടുംബക്ഷേമ ഉപകേന്ദ്രങ്ങളാണ് നിലവിലുളളത് ജില്ലയിലെ ജനസംഖ്യക്ക് ആനുപാതികമായി കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുകയും എല്ലാ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾക്കും പ്രവർത്തിക്കുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യം ഒരുക്കിക്കൊടുക്കുകയും ജനസംഖ്യാനുപാതികമായി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെയും ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരുടെയും തസ്തിക സൃഷ്ടിക്കുകയും വേണം.

അതുപോലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഇന്ത്യൻ പബ്ലിക്ക് ഹെൽത്ത് സ്റ്റാൻഡേർഡ് അനുസരിച്ചുള്ള ഭൗതിക സാഹചര്യങ്ങളും മനുഷ്യ വിഭവശേഷിയും ഏർപ്പെടുത്തേണ്ടതാണ്.

രോഗികളുടെ ആധിക്യം മൂലം വല്ലാതെ വീർപ്പുമുട്ടുന്ന നമ്മുടെ താലൂക്ക് ആശുപത്രികളും ജില്ലാ ആശുപത്രിയും സൗകര്യങ്ങളുടെയും മനുഷ്യ വിഭവശേഷിയുടെയും കാര്യത്തിൽ ഇനിയും ഏറെ മാറേണ്ടതുണ്ട്. ഇന്ത്യൻ പബ്ലിക്ക് ഹെൽത്ത് സ്റ്റാൻഡേർഡ് അനുസരിച്ചുള്ള സൗകര്യങ്ങളും സാഹചര്യങ്ങളും നടപ്പിലാക്കിയാൽ ഈ സേവനരംഗം അടിമുടി മാറുന്നതായിരിക്കും.

ജില്ലാ ആശുപത്രി, കണ്ണൂർ

കണ്ണൂർ ജില്ലാ ആശുപത്രി കന്റോൺമെന്റ് ഏരിയയിലാണ് സ്ഥിതി ചെയ്യുന്നത്. സ്ഥലപരിമിതിയും നിർമാണത്തിലെ പ്രതിരോധവകുപ്പിന്റെ നിബന്ധനകളും ഭൗതിക സാഹചര്യ വികസനത്തിന് വലിയ തടസ്സം സൃഷ്ടിക്കുന്നുണ്ട് എന്നത് ഒരു ഗൗരവമേറിയ വിഷയമാണ്. മാത്രമല്ല കിടത്തി ചികിത്സാ രംഗത്തും ഒ.പി. പരിശോധനാ രംഗത്തും കണക്കുകൾ പരിശോധിക്കുമ്പോൾ മറ്റ് താലൂക്ക് ആശുപത്രികൾ, ജനറൽ ആശുപത്രി എന്നീ സ്ഥാപനങ്ങളിൽ എത്തുന്ന രോഗികളെക്കാൾ കുറഞ്ഞ രോഗികളെ ഇപ്പോൾ എത്തുന്നുള്ളുവെന്നത് ശ്രദ്ധിക്കപ്പെടേണ്ട വിഷയമാണ്.

ഒ. പി. സംവിധാനം

കണ്ണൂർ ജില്ലാ ആശുപത്രിയുടെ വികസനത്തോടൊപ്പം തന്നെ ഏറ്റവും കൂടുതൽ രോഗികൾ വന്നെത്തുന്ന മറ്റ് താലൂക്ക്/ജനറൽ ആശുപത്രികളുടെ വികസനം നടത്തേണ്ടതുണ്ട്.

കഴിഞ്ഞവർഷം ഏറ്റവും കൂടുതൽ രോഗികൾ എത്തിയത് തളിപ്പറമ്പ് താലൂക്ക് ആശുപത്രിയിലാണ്. കിടത്തി ചികിത്സ ഏറ്റവും കൂടുതൽ നടത്തിയത് തലശ്ശേരി ജനറൽ ആശുപത്രിയിലാണ്. അതുപോലെ സി.എച്ച്.സി.കളിൽ ഏറ്റവും കൂടുതൽ ഒ.പി. രോഗികൾ എത്തുന്നത് ഇരിവേരിയിലാണ്. ഒപ്പം ധാരാളം രോഗികൾ വന്നെത്തുന്ന പയ്യന്നൂർ, കൂത്തുപറമ്പ് തുടങ്ങിയ സ്ഥാപനങ്ങളിലെ വികസനം വളരെയേറെ പ്രാധാന്യം കാണേണ്ട വിഷയമാണ്. ഒ.പിയിൽ ധാരാളം രോഗികളെത്തുന്ന പാപ്പിനിശ്ശേരി, മയ്യിൽ, പിണറായി തുടങ്ങിയ സി.എച്ച്.സി.കളിൽ അടിസ്ഥാന സൗകര്യം ഇനിയും ഏറെ ഏർപ്പെടുത്തേണ്ടിയിരിക്കുന്നു.

കിടത്തി ചികിത്സ

കണ്ണൂർ ജില്ലയിൽ ഒ.പി. സംവിധാനത്തിൽ രോഗികൾ ധാരാളമെത്തുമ്പോഴും കിടത്തി ചികിത്സാ സൗകര്യം തേടുന്നവർ കുറഞ്ഞു വരുന്നത് വളരെ ഗൗരവത്തോടെ കാണേണ്ടതാണ്. കിടത്തി ചികിത്സാ സംവിധാനങ്ങളുള്ള സ്ഥാപനങ്ങൾ ഏറെ സൗകര്യങ്ങളോടെ മെച്ചപ്പെടേണ്ടതുണ്ട് എന്നതാണ് സൂചിപ്പിക്കുന്നത്.

ചികിത്സാ സൗകര്യങ്ങളുടെ വികേന്ദ്രീകരണം

താലൂക്ക്, ജില്ലാ ആശുപത്രികളിൽ വല്ലാതെ തിരക്കനുഭവപ്പെടുന്ന സ്ഥാപനങ്ങളുടെ സമീപപ്രദേശത്തുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ അവശ്യ സൗകര്യവും സാഹചര്യങ്ങളും ഒരുക്കിയാൽ ഈ ആശുപത്രികളിലെ തിരക്ക് ഒരുപരിധി വരെ കുറക്കാൻ കഴിയും.

പ്രസവ ചികിത്സ

നമ്മുടെ സ്ഥാപനങ്ങളിലെ അവശ്യ സൗകര്യങ്ങളുടെ കുറവു മൂലം ജില്ലയിലെ നല്ലൊരു വിഭാഗം സ്ത്രീകളും പ്രസവചികിത്സയുമായി ബന്ധപ്പെട്ട് സ്വകാര്യ ആശുപത്രികളെയാണ് ആശ്രയിക്കുന്നത്. ഇത് വലിയൊരു സാമ്പത്തിക ബാധ്യതയ്ക്കും ചൂഷണങ്ങൾക്കും കാരണമാകുന്നു. അതുകൊണ്ട് ഡബ്യു & സി ആശുപത്രി

മാങ്ങാട്ടുപറമ്പ്, മറ്റ് പ്രസവ സൗകര്യമുള്ള ആശുപത്രികൾ എന്നിവിടങ്ങളിൽ മെച്ചപ്പെട്ട ഭൗതിക സൗകര്യവും വിഭവശേഷിയും വർദ്ധിപ്പിക്കേണ്ടതുണ്ട്.

ട്രോമകെയ ർ

റോഡപകടങ്ങൾ വല്ലാതെ കൂടിക്കൊണ്ടിരിക്കുന്ന വർത്തമാനകാല സാഹചര്യത്തിൽ പ്രധാന ആശുപത്രികളിലെല്ലാം ട്രോമകെയർ സംവിധാനം ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. പ്രത്യേകിച്ച് തലശ്ശേരി ജനറൽ ആശുപത്രി, കണ്ണൂർ ജില്ലാ ആശുപത്രി, പയ്യന്നൂർതാലൂക്ക് ആശുപത്രി, തളിപ്പറമ്പ് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി എന്നിവിടങ്ങളിൽ.

കാൻസർ ചികിത്സ

കാൻസർ രോഗികളുടെ വർദ്ധനവ് വല്ലാതെ ആകുലപ്പെടുത്തുന്ന ഈ കാലത്ത് കാൻസർ രോഗികൾക്ക് ഗുണമേന്മയുള്ള ചികിത്സാ സൗകര്യത്തിന് ആർ.സി.സി., എം.സി.സി. പോലുള്ള സ്ഥാപനങ്ങളെയാണ് ജനങ്ങൾ പ്രധാനമായും ആശ്രയിക്കുന്നത്. അതിനാൽ ജില്ലാ ആശുപത്രികളിൽ ഓങ്കോളജി വിഭാഗം എല്ലാ സൗകര്യങ്ങളോടും കൂടി പ്രവർത്തന സജ്ജമാക്കേണ്ടതുണ്ട്. താലൂക്ക് ആശുപത്രികൾ, സി.എച്ച്.സി.കൾ തുടങ്ങിയ സ്ഥാപനങ്ങളിൽ കാൻസറിന്റെ പ്രാഥമിക ചികിത്സാ പരിശോധനക്കുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുണ്ട്.

സൂപ്പർസ്പെഷ്യാലിറ്റി സംവിധാനങ്ങൾ

അതുപോലെ ഹൃദ്രോഗ ചികിത്സ, വൃക്കരോഗ ചികിത്സ തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ജില്ലാ ആശുപത്രിയിൽ ഏർപ്പെടുത്തേണ്ട സാഹചര്യങ്ങളിലേക്കാണ് രോഗികളുടെ കണക്കുകൾ വിരൽചൂണ്ടുന്നത്. ഈയൊരു മേഖലയിലും പഠനം ആവശ്യമാണ്.

രോഗനിർണയ സംവിധാനങ്ങൾ

- റീജിയണൽ പബ്ലിക് ഹെൽത്ത് ലാബ് മികവുറ്റതാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യവും മാനവവിഭവശേഷിയും ലഭ്യമാക്കണം. ജില്ലാ താലൂക്ക് ജനറൽ ആശുപത്രികളിൽ പാത്തോളജി ലാബുകൾ, ജില്ലാടിസ്ഥാനത്തിൽ മരുന്നുകളുടെ ഗുണമേന്മ പരിശോധനാ ലാബുകള്, ഹോർമോൺ ടെസ്റ്റിങ്ങ് സംവിധാനം എന്നിവ അത്യാവശ്യമാണ്.
- ജല ഗുണനിലവാര പരിശോധന, ഭക്ഷ്യ സുരക്ഷാ പരിശോധന എന്നിവ നടത്താനാവശ്യമായ **അനാലിറ്റിക്കൽ ലാബ്** സംവിധാനം ഒരുക്കുക.
- പിന്നാക്ക പ്രദേശങ്ങളിലെ ജനങ്ങളുടെ ആരോഗ്യ പരിശോധനയ്ക്ക് സഞ്ചരിക്കുന്ന ലബോറട്ടറി സ്ഥാപിച്ചാൽ വളരെയേറെ ഗുണപ്രദമായിരിക്കും.
- പുതുതായി വരുന്ന പകർച്ചവ്യാധികളെ തിരിച്ചറിയാനും പ്രതിരോധ പ്രവർത്തനങ്ങൾ മികച്ചതാക്കുന്നതിനും വേണ്ടി ജില്ലയിൽ ഒരു **വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്** സ്ഥാപിക്കുന്നത് ഗുണകരമായിരിക്കും.

ജില്ലാ വെക്ടർകണ്ട്രോൾ യൂണിറ്റ്

പ്രാണിജന്യരോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഫലപ്രദമായി ഇടപെടാൻ പറ്റുന്ന രീതിയിൽ ആവശ്യമായ വിദഗ്ധജീവനക്കാരേയും ആധുനിക ഉപകരണങ്ങളും ലഭ്യമാക്കി പ്രവർത്തനങ്ങൾ വിപുലീകരിക്കണം.

സഞ്ചരിക്കുന്ന മെഡിക്കൽ ടീം – സ്ഥിരം സംവിധാനം

അടിയന്തിര ഘട്ടങ്ങളിൽ (പകർച്ചവ്യാധികൾ, അപകടങ്ങൾ, ദുരന്തങ്ങൾ, മേളകൾ തുടങ്ങിയ സന്ദർഭങ്ങൾ) ജില്ല കേന്ദ്രീകരിച്ച് സഞ്ചരിക്കുന്ന മെഡിക്കൽ ടീം സംവിധാനം ഏർപ്പെടുത്തുക.

പാരാമെഡിക്കൽ കോഴ്സുകൾ

വിവിധ സ്പെഷ്യാലിറ്റികളിൽ പാരാമെഡിക്കൽ വിദഗ്ധന്മാരെ സൃഷ്ടിക്കുന്നതിനായി നിലവിലുള്ള സംവിധാനം ഉപയോഗപ്പെടുത്തിക്കൊണ്ട് പാരാമെഡിക്കൽ കോളേജുകളും ഇൻസ്റ്റിറ്റ്യൂട്ടുകളും സ്ഥാപിക്കണം.

ജില്ല/താലൂക്ക്/ജനറൽ ആശുപത്രികളിൽ ഡയാലിസിസ് സംവിധാനം

വൃക്കരോഗികളുടെ എണ്ണം കൂടിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ രോഗികൾക്ക് ജില്ല/താലൂക്ക്/ജനറൽ ആശുപത്രികളിൽ ഡയാലിസിസ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. ജില്ലാ ആശുപത്രിയിൽ നെഫ്രോളജിസ്റ്റിന്റെ തസ്തിക ഉൾപ്പടെ മാനവവിഭവശേഷി വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

തലശ്ശേരിയിലും കണ്ണൂരിലും ഓരോ അർബൻ സി.എച്ച്.സി.കൾ സ്ഥാപിക്കുക (URBAN CHC)

നഗര പ്രദേശങ്ങളിലെ ആരോഗ്യപരിപാലനത്തിനും ഏകോപനത്തിനുമായി കണ്ണൂർകോർപറേഷൻ പരിധിയിലും തലശ്ശേരി നഗരസഭാ പരിധിയിലും ഓരോ അർബൻ സി. എച്ച്. സി.കൾ സ്ഥാപിക്കേണ്ടതാണ്. ഇതുവഴി ഏറെ ബുദ്ധിമുട്ടനുഭവിക്കുന്ന ഈ പ്രദേശങ്ങളിലെ പൊതുജനാരോഗ്യ പരിപാലനത്തിന് പരിഹാരമാവുന്നതാണ്.

ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ ബ്ലോക്ക് പി. എച്ച്.സി.കൾ ക്രമീകരിക്കുക

ജില്ലയിൽ നിലവിൽ 13 ഹെൽത്ത് ബ്ലോക്കുകളും 11 ബ്ലോക്ക് പഞ്ചായത്തുകളുമാണുള്ളത്. പല ഹെൽത്ത് ബ്ലോക്കുകളും ഒന്നിൽ കൂടുതൽ ബ്ലോക്ക് പഞ്ചായത്ത് പ്രദേശങ്ങളിലായി വ്യാപിച്ച് കിടക്കുന്നതിനാൽ ഫീൽഡ് തലത്തിലെ പൊതുജനാരോഗ്യ പ്രവർത്തനത്തിന്റെ ഏകോപനത്തിനും അവലോകനത്തിനും ഭരണ നിർവഹണത്തിനും പ്രായോഗികതലത്തിൽ ഏറെ ബുദ്ധിട്ടനുഭവിക്കുന്നുണ്ട്. ആയതിനാൽ ബ്ലോക്ക് പി.എച്ച്.സി.കളെ ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ പുനക്രമീകരിക്കുകയും പ്രവർത്തനങ്ങൾ വിഭജിക്കുകയും വേണം.

രോഗപ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ

പകർച്ചേതര വ്യാധികൾ

പകർച്ചവ്യാധികളുടെ നിയന്ത്രണത്തിന് കാണിക്കുന്ന അതേ ജാഗ്രത കാണിക്കേണ്ട ഒരവസ്ഥയാണ് ഇന്ന് പകർച്ചേതരവ്യാധികളുടെ മേഖലയിലുള്ളത്. വ്യായാമക്കുറവും, തെറ്റായ ഭക്ഷണശീലങ്ങളും, മാറിയ ജീവിത ശൈലികളും, മാലിന്യപ്രശ്നങ്ങളും, മലിനീകരണവും ഈ മേഖലയിൽ വലിയ വെല്ലുവിളി ഉയർത്തുന്നു. അതുകൊണ്ടു തന്നെ ജീവിതശൈലീരോഗ നിയന്ത്രണത്തിന് മുന്തിയ പരിഗണന നൽകി പ്രവർത്തനങ്ങൾ പ്ലാൻ ചെയ്യേണ്ടതാണ്.

ശുദ്ധമായ കുടിവെള്ളം, ശുദ്ധവായു, വിഷരഹിത പച്ചക്കറിയും മറ്റ് ഭക്ഷണ സാധനങ്ങളും എന്നിവ ആരോഗ്യത്തിന്റെ അടിസ്ഥാന ഘടകങ്ങളാണല്ലോ. ഇത് ഓരോ പൗരനും ഉറപ്പുവരുത്തേണ്ടതുണ്ട്. വ്യായാമ സൗകര്യങ്ങളും, മാനസികോല്ലാസ സൗകര്യങ്ങളും ലിംഗഭേദമന്യേ എല്ലാവർക്കും ലഭ്യമാക്കേണ്ടതാണ്.

പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ

പകർച്ചവ്യാധികളുടെ കണക്ക് എടുത്ത് പരിശോധിക്കുമ്പോൾ ജില്ലയിൽ എല്ലാ വർഷങ്ങളിലും ജലജന്യ പ്രാണിജന്യ രോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നതായി കാണാം. അത് പോലെതന്നെ പകർച്ചവ്യാധികൾ മൂലമുള്ള മരണങ്ങളും ജില്ലയിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. പകർച്ചവ്യാധികളുടെ നിയന്ത്രണത്തിന് ജാഗ്രത യോടൊപ്പമുള്ള പ്രവർത്തനങ്ങൾ നാം ഏറ്റെടുക്കേണ്ടതുണ്ട്. ഇതിനായി നിയമപരമായ സമീപനങ്ങളും ബോധവൽക്കരണ പ്രവർത്തനങ്ങളും സേവന സമീപനവും ഒരു പോലെ ഉപയോഗിക്കേണ്ടത് അത്യാവശ്യമാണ്. പഞ്ചായത്തുകൾ പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ചുള്ള നിയമനടപടികൾ ശക്തിപ്പെടുത്തുന്നതോടൊപ്പം തന്നെ സംസ്ഥാനത്ത് ഒരു ഏകീകൃത പൊതുജനാരോഗ്യനിയമം ഉണ്ടാകേണ്ടതുമുണ്ട്. പകർച്ചവ്യാധികളും സ്ഥിരമായി റിപ്പോർട്ട് ചെയ്യപ്പെടുന്ന പ്രദേശങ്ങൾ എടുത്ത് പരിശോധിക്കുമ്പോൾ ശുദ്ധജലത്തിന്റെ ദൗർലഭ്യം ഒരു പ്രധാന പ്രശ്നമായികാണുന്നു. ജില്ലയിൽ മുഴുവനാളുകൾക്കും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ഉണ്ടാകേണ്ടതുണ്ട്. പ്രാണിജന്യരോഗങ്ങളുടെ കാര്യത്തിൽ ഉറവിടനശീകരണത്തിൽ ഊന്നിനിന്നുകൊണ്ടുള്ള പദ്ധതികൾ ജനപങ്കാളി ത്തത്തോടെ നടപ്പാക്കേണ്ടതുണ്ട്. അതോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ പ്രദേശത്തെ കൊതുക് നശീകരണത്തിനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്യണം.

കുടിവെള്ളം, ശുചിത്വം, ശാസ്ത്രീയമായ മാലിന്യം സംസ്കരണം, പ്ലാസ്റ്റിക് നിയന്ത്രണം, ശുദ്ധവായു ലഭ്യത എന്നിവയ്ക്ക് മുന്തിയ പരിഗണന നൽകി പുതിയ കാലഘട്ടത്തിൽ നാം നേരിടുന്ന വെല്ലുവിളികളെ നേരിടാൻ വിവിധ വകുപ്പുകളുടെ ഏകോപന പ്രവർത്തനം ആവശ്യമാണ്.

ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യം

ജില്ലയിൽ തൊഴിലെടുക്കുന്ന മുഴുവൻ ഇതര സംസ്ഥാന തൊഴിലാളികളെയും രജിസ്റ്റർ ചെയ്യുകയും അവർക്ക് ആവശ്യമായ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങളും സ്ക്രീനിംഗുകളും നടത്തേണ്ടതുണ്ട്. ഇത് വഴി അവരുടെ ആരോഗ്യ സംരക്ഷണത്തോടൊപ്പം തദ്ദേശീയർക്ക് ഇവിടെയില്ലാത്ത രോഗങ്ങൾ പിടിപെടുന്നത് തടയുന്നതിനും കഴിയും.

പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ആരോഗ്യം

ജില്ലയിൽ ആദിവാസി മത്സ്യത്തൊഴിലാളി മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള ആരോഗ്യം, ആരോഗ്യ അനുബന്ധപ്രവർത്തനങ്ങൾ ഇനിയും ഉണ്ടാകേണ്ടതുണ്ട്. അവർക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യം ഉറപ്പുവരുത്താനാവശ്യമായ പദ്ധതികളും ആവശ്യമാണ്.

ഭിന്നശേഷിക്കാരുടെ ആരോഗ്യസംരക്ഷണം

ഭിന്നശേഷിയുള്ളവരുടെ ജീവിത ഗുണമേന്മ ഉറപ്പാക്കുന്നതിനുള്ള ആരോഗ്യ സംരക്ഷണ പദ്ധതികളും സഹായ ഉപകരണങ്ങൾ നല്കുന്നതിനുള്ള പദ്ധതികളും ഉണ്ടാവേണ്ടതുണ്ട്.

മാനസിക ആരോഗ്യവും ലഹരി ഉപയോഗവും

മാനസിക പ്രശ്നങ്ങളാൽ ബുദ്ധിമുട്ടുന്ന ഒരു വലിയ വിഭാഗം ജനതയെന്നത് വർത്തമാന കേരളത്തിലെ നിലവിലുള്ള ഒരു യാഥാർത്ഥ്യമാണ്. ജീവിത സമ്മർദ്ദം, മറ്റ് സാമൂഹ്യ സാഹചര്യങ്ങൾ, അണുകുടുംബം, ആധുനിക ജീവിതത്തോടുള്ള ആസക്തി, നവമാധ്യമങ്ങളുടെ ഇടപെടൽ ഇങ്ങനെ നിരവധി കാരണങ്ങൾ ഇതിനുണ്ട്. അതുകൊണ്ടുതന്നെ മാനസികാരോഗ്യ രംഗത്ത് കാര്യമായ ഒരു ഇടപെടൽ ആവശ്യമാണ്. ജില്ലയിൽ നിലവിൽ മാനസികാരോഗ്യ ചികിത്സാ സംവിധാനങ്ങൾ വളരെ പരിമിതമാണ്. ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, കിടത്തി ചികിത്സാ സൗകര്യങ്ങളുള്ള മറ്റ് ആശുപത്രികൾ എന്നിവിടങ്ങളിൽ ഐ പി സംവിധാനം ഉൾപ്പെടെയുള്ള ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

അതുപോലെ തന്നെ മദ്യപാനം, പുകവലി, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം യുവാക്കളുടെ ഇടയിൽ വർദ്ധിച്ച് വരുന്നതായി കാണുന്ന സാഹചര്യത്തിൽ ഇവരുടെ ശീലവ്യതിയാനം, കൗൺസലിങ്ങ്, ഡീ അഡിക്ഷൻ എന്നിവയിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

കൗമാര ആരോഗ്യസംരക്ഷണം.

കൗമാരക്കാരുടെ ശാരീരിക മാനസിക പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുവാനുതകുന്ന വൈവിധ്യമാർന്ന പ്രൊജക്ടുകൾ വിവിധ തലങ്ങളിൽ ഉണ്ടാകേണ്ടതുണ്ട്. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ആരോഗ്യപദ്ധതികൾ നടത്തുന്നതോടൊപ്പം പ്രാഥമിക ചികിത്സയും ലഹരിക്കെതിരെയുള്ള ബോധവൽക്കരണവും നൽകേണ്ടതാണ്.

സമ്പൂർണ പാലിയേറ്റീവ് കെയർ

പാലിയേറ്റീവ് രോഗികളുടെ പരിചരണത്തിനും പുനരധിവാസത്തിനും മുന്തിയ പ്രാധാന്യം നൽകിക്കൊണ്ടുള്ള ഒരു പ്രവർത്തന രൂപരേഖ തയ്യാറാക്കണം. 14,082 രോഗികൾ 2016 ൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ സാമൂഹിക പങ്കാളിത്തം ഉറപ്പു വരുത്തണം. പ്രത്യേകിച്ച് പുതിയ തലമുറയിലെ കുട്ടികളെ. ഇവരെ സേവന സന്നദ്ധരാക്കുന്നതിനുള്ള മനോഭാവം വളർത്തിയെടുക്കുക വഴി ഈ മേഖലയിൽ പ്രതീക്ഷാപൂർണമായ ഒരു സാഹചര്യം ഉണ്ടാക്കിയെടുക്കാൻ കഴിയും. ഫിസിയോതെറാപ്പി സംവിധാനങ്ങൾ, കൗൺസിലിങ്ങ് എന്നീ സേവനങ്ങൾ വീടുകളിലെത്തിക്കണം. തൊഴിൽപരിശീലനത്തിനുള്ള സാഹചര്യം, തൊഴിലെടുക്കാനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തണം. അതുവഴി പാലിയേറ്റീവ് രംഗത്ത് കൂടുതൽ മെച്ചപ്പെടുത്താൻ കഴിയും.

പാലിയേറ്റീവ് കെയറിന് ജില്ല, താലൂക്ക്, ജനറൽ ആശുപത്രികളിൽ ടെർമിനൽ കെയർ സെന്റർ സ്ഥാപിക്കണം. പ്രാദേശിക സർക്കാരുകളുടെയും വിവിധ സന്നദ്ധസംഘടനകളുടെയും നേതൃത്വത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന സേവനങ്ങൾ ഏകോപിപ്പിക്കുന്നതിനും വേണ്ട വിദഗ്ധ പരിശീലനം നൽകുന്നതിനുമായി ഒരു കേന്ദ്രം ജില്ലക്ക് ആവശ്യമാണ്. എല്ലാ താലൂക്ക് ആശുപത്രികളിലും സി.എച്ച്.സി. കളിലും സെക്കണ്ടറി കെയർ സംവിധാനം ഒരുക്കണം.

ഇത് വഴി സമ്പൂർണ പാലിയേറ്റീവ് കെയർ ജില്ല എന്ന ലക്ഷ്യം കൈവരിക്കാൻ നമുക്ക് സാധിക്കേണ്ടതുണ്ട്.

ആയുർവേദം

ആയുർവേദ മേഖലയിലെ സ്ഥാപനങ്ങൾ

ക്രമനമ്പർ	സ്ഥാപനം	എണ്ണം	സ്ഥലം
1.	ആയുർവേദ കോളേജ്	1	പരിയാരം
2.	ജില്ലാ ആയുർവേദ ആശുപത്രി	1	കണ്ണൂർ
3.	താലൂക്ക് ആയുർവേദ ആശുപത്രികൾ	2	തളിപ്പറമ്പ്, പയ്യന്നൂർ
4.	ആയുർവേദ ആശുപത്രികൾ	6	ആലക്കോട്, ഇരണാവ്, ചെറുകുന്ന്, തലശ്ശേരി, മാട്ടൽ, പരിയാരം
5.	ഡിസ്പെൻസറികൾ	62	
6.	എൻ എച്ച് എം ഡിസ്പെൻസറികൾ	32	

7.	ഗിരിവർഗ ആശുപത്രി	1	ആറളം
8.	ഗിരിവർഗ ഡിസ്പെൻസറി	2	കണ്ണവം, ആറളം

(അവലംബം–ആരോഗ്യവകുപ്പ് 2017(ആയുർവേദം))

ഭാരതീയ ചികിത്സാ സമ്പ്രദായ പ്രകാരം ആയുർവേദം സർക്കാർ തലത്തിലും സ്വകാര്യ മേഖലയിലും വേരുന്നിയിട്ടുള്ള കണ്ണൂർ ജില്ലയിൽ സർക്കാർ മേഖലയിൽ 9 ആയുർവേദ ആശുപത്രികളും 62 ഡിസ്പെൻസറികളും 32 എൻ.എച്ച്.എം. താൽക്കാലിക ഡിസ്പെൻസറികളും നിലവിലുണ്ട്. ആറളത്ത് ഗിരിവർഗത്തിനായി ഒരു ആശുപത്രിയും പ്രവർത്തിച്ചുവരുന്നു. ചെറുപുഴ, ചെറുതാഴം, മാടായി, കുറുമാത്തൂർ, ഉദയഗിരി, കടന്നപ്പള്ളി, പാണപ്പുഴ, അഴീക്കോട്, അയ്യംകുന്ന്, കൊട്ടിയൂർ എന്നീ പഞ്ചായത്തുകളിൽ ആയുർവേദ സ്ഥാപനങ്ങളില്ല. ഈ സ്ഥലങ്ങളിൽ റൂറൽ ആയുർവേദ ആശുപത്രി തുടങ്ങാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഭൗതീക സാഹചര്യങ്ങളുടെ അപര്യാപ്തതയാണ് സ്ഥാപനങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളി. നിലവിൽ ആയുർവേദ സ്ഥാപനങ്ങളിലെ ഭൗതീക സാഹചര്യം വിപുലമാക്കേണ്ടത് അത്യാവശ്യമാണ്. ആയതിലൂടെ മാത്രമേ കാര്യക്ഷമതയുള്ള സേവനം പൊതുജനങ്ങൾക്ക് ലഭ്യമാവുകയുള്ളൂ. വ്യാധികളും, രോഗങ്ങളും കൂടുന്ന ഈ കാലത്ത് കുറഞ്ഞ ചിലവിൽമെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. പണ്ട് കാലത്തെ ആഹാരരീതിയിൽ വന്ന മാറ്റവും അമിതമായി ടിൻഫുഡിനെ ആശ്രയിക്കുന്നതും വ്യായാമക്കുറവും ഒരു പരിധിവരെ രോഗങ്ങൾക്ക് കാരണമാകുന്നു.

സേവനമേഖലയിലേക്ക് നീക്കിവെക്കുന്ന ഫണ്ടിന്റെ ഭൂരിഭാഗവും അനുബന്ധമേഖലയായ കുടിവെള്ളം, പാർപ്പിടം, കക്കൂസ് എന്നിവയ്ക്കാണ് നീക്കിവെക്കുന്നത്. ഇങ്ങനെ ചെയ്യുന്നതുമൂലം വളരെ ചെറിയ ശതമാനം തുക മാത്രമാണ് ആയുർവേദ വകുപ്പിൽ കൈമാറി വരുന്നത്.

ഭാവി പരിപ്രേക്ഷ്യം

1. പയ്യന്നൂർ ഗവ. ആയുർവേദ ആശുപത്രിക്ക് 1 ഏക്കർ സ്ഥലമുള്ളതിനാൽ ഇപ്പോൾ 30 ബെഡ്ഡിൽ പ്രവർത്തിച്ചു വരുന്ന ആശുപത്രി കൂടുതൽ പേവാർഡുകൾ നിർമിച്ച് 100 ബെഡ്ഡുകളോടുകൂടിയ (ആയുർവേദ ടൂറിസവുമായി ബന്ധപ്പെടുത്തി) ഹൈടെക് ആശുപത്രിയായി ഉയർത്താവുന്നതാണ്.
2. ആയുർവേദ സ്ഥാപനങ്ങളില്ലാത്ത പഞ്ചായത്തുകൾ ചെറുപുഴ, ചെറുതാഴം, മാടായി, കുറുമാത്തൂർ, ഉദയഗിരി, കടന്നപ്പള്ളി, പാണപ്പുഴ, അഴീക്കോട്, അയ്യംകുന്ന്, കൊട്ടിയൂർ എന്നിവയാണ്. ഇവ ഈ സ്ഥലത്ത് റൂറൽ ആയുർവേദ സ്ഥാപനങ്ങൾ തുടങ്ങാൻ നടപടി സ്വീകരിക്കേണ്ടതാണ്.
3. എല്ലാ ആശുപത്രികളിലും കൂടുതൽ സ്പെഷ്യാലിറ്റികൾ ആരംഭിക്കേണ്ടതാണ്. ഫാർമസിസ്റ്റ് ഇല്ലാത്ത ഡിസ്പെൻസറികളായ മുണ്ടല്ലൂർ, ചപ്പാരപ്പടവ്, മാതമംഗലം എന്നിവിടങ്ങളിൽ ഫാർമസിസ്റ്റിനെ നിയമിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. പൊതുവിൽ എല്ലാ ആശുപത്രികളിലും സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പി ക്കേണ്ടതാണ്.
4. പട്ടികവർഗ കോളനികൾ കേന്ദ്രീകരിച്ച് മൊബൈൽ ഡിസ്പെൻസറി ആരംഭിക്കുന്നതിനും സ്റ്റാഫിനെ അനുവദിച്ചു കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ശുപാർശ ചെയ്യുന്നു.
5. കുറ്റ്യാട്ടൂർ ആയുർവേദ ഡിസ്പെൻസറിയിൽ വയോജനങ്ങൾക്കായി 30 കോടി രൂപയുടെ പ്രൊജക്ട് തയ്യാറാക്കി (Center for Excellency and geriatric medicine) എന്ന ഒരു ആയുർവേദ കേന്ദ്രം തുടങ്ങാൻ ശുപാർശ ചെയ്യുന്നു.
6. ജില്ലയിൽ കീഴല്ലൂർ, അഞ്ചരക്കണ്ടി, കണ്ണാടിപ്പറമ്പ്, പയ്യാവൂർ, എന്നീ ഡിസ്പെൻസറികളെ 30 ബെഡ്ഡുകളോടുകൂടിയ ആശുപത്രിയായി ഉയർത്താവുന്നതാണ്. ആയതിനുള്ള സ്ഥല സൗകര്യങ്ങൾ സ്ഥാപനത്തിൽ ലഭ്യമാണ്.
7. പയ്യാവൂർ ഗവ. ആയുർവേദ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തുന്നതിനുള്ള കെട്ടിടം പൂർത്തിയായിട്ടുണ്ട്. 30 ബെഡ്ഡോടുകൂടിയ ആശുപത്രിയായി ഉയർത്താനുള്ള നടപടി സ്വീകരിക്കാ വുന്നതാണ്.
8. ജില്ലാതലത്തിൽ ഔഷധത്തോട്ടം ആരംഭിക്കുന്നതിനായി മിനിമം 5 ഏക്കർ സ്ഥലമെങ്കിലും ലഭിക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.
9. മട്ടന്നൂർ വിമാനത്താവളത്തിനടുത്ത് ആയുർവേദ ടൂറിസവുമായി ബന്ധപ്പെട്ട് ഒരു ആയുർവേദ ഗ്രാമം തുടങ്ങാനുള്ള നടപടിക്ക് ശുപാർശ ചെയ്യുന്നു.
10. തൃശ്ശൂർ ജില്ലയിൽ ആരംഭിച്ച രീതിയിലുള്ള സ്പോർട്സ് ആയുർവേദ ആശുപത്രി കണ്ണൂർ ജില്ലയിൽ ആരംഭിക്കാവുന്നതാണ്.

11. ശിശു സംരക്ഷണത്തിനായി ആയുർവേദവുമായി ബന്ധപ്പെട്ടുത്തി ആശുപത്രി തുടങ്ങാവുന്നതാണ്.

12. ഔഷധ ലഭ്യത കുറയുന്ന അവസരത്തിൽ ഔഷധ കൃഷി വ്യാപകമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുക.

13. സെൻട്രൽ ജയിലിൽ ആശുപത്രി, ഡിസ്പെൻസറി എന്നിവ ആരംഭിക്കാവുന്നതാണ്.

എല്ലാവർക്കും പൊതുവെ പേവാർഡ് ആവശ്യമായതിനാൽ കഴിയുന്നത്ര പേവാർഡുകൾ വർദ്ധിപ്പിക്കുക. ആശുപത്രി വികസന സമിതി എച്ച്.എം.സി. വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്ന മുറയ്ക്ക് തെറാപ്പിസ്റ്റുകളെ നിയമിക്കാനും ആശുപത്രി സ്വയം പര്യാപ്തത നേടാനും കഴിയുന്നതാണ്.

ആയുർവേദ ടൂറിസവുമായി ബന്ധപ്പെട്ട് കൂടുതൽ സൗകര്യമുള്ള കുടുംബസമേതം താമസിച്ച് ചികിത്സിക്കുന്ന ഒറ്റ ഒറ്റയായ പേവാർഡുകളും പരിഗണിക്കാവുന്നതാണ്. ഇത് വിദേശികളും സ്വദേശികളുമായ ടൂറിസ്റ്റുകൾക്ക് ഫലപ്രദമായിരിക്കും. പുതിയ കെട്ടിടങ്ങൾക്ക് KASH നിലവാരം ഉറപ്പുവരുത്തണം.

കെട്ടിടങ്ങളുടെ മുകളിൽ പ്രകൃതി ചികിത്സ (സൂര്യസ്നാനം, മഡ്പാക്കിങ്,) യോഗ തുടങ്ങിയവയ്ക്ക് സൗകര്യമൊരുക്കാവുന്നതാണ്. എല്ലാ ചികിത്സകളുടെയും ഗുണഫലങ്ങൾ ഒന്നിച്ച് ഒരു രോഗിക്ക് ലഭിക്കത്തക്കവിധം ഒരു 'ഹോളിസ്റ്റിക്' ചികിത്സാരീതിയാണ് നാം മുന്നിൽകാണേണ്ടത്. വരുംകാലങ്ങളിൽ ഏവർക്കും വേണ്ടത് ഈ രീതിയിലുള്ള ചികിത്സയാണ്. ജില്ലയിലെ ആയുർവേദ ആശുപത്രികളുടെ വിശദവിവരങ്ങൾ **അനുബന്ധം 27 ൽ** കൊടുത്തിരിക്കുന്നു.

ഹോമിയോപ്പതി

ജില്ലയിലെ സ്ഥാപനങ്ങൾ

ക്രമനമ്പർ	സ്ഥാപനം	എണ്ണം	സ്ഥലം
1.	ജില്ലാ ഹോമിയോ ആശുപത്രി	1	കണ്ണൂർ
2.	ആറളം ഹോമിയോ ആശുപത്രി	1	ആറളം
3.	ഡിസ്പെൻസറികൾ	47	
4.	പ്രാദേശിക മരുന്ന് സംഭരണ കേന്ദ്രം	1	തലശ്ശേരി
5.	ജില്ലയിലെ ആയുഷ് സ്ഥാപനങ്ങൾ	50	

(അവലംബം ആരോഗ്യവകുപ്പ് (ആയുർവേദം))

പൊതുജനാരോഗ്യരംഗത്ത് മികച്ച മുന്നേറ്റം നടത്തിക്കൊണ്ടിരിക്കുന്ന വൈദ്യശാസ്ത്രമാണ് ഹോമിയോപ്പതി. കണ്ണൂർ ജില്ലയിൽ ഹോമിയോപ്പതി രംഗത്ത് ഏറെ മാറ്റങ്ങൾ സൃഷ്ടിക്കാൻ ഇതിനോടകം സാധിച്ചിട്ടുണ്ട്. നിരവധി സ്ഥാപനങ്ങളിലൂടെയും ഔട്ട് റീച്ച് പ്രവർത്തനങ്ങളിലൂടെയും ഈ വൈദ്യശാസ്ത്രത്തിന്റെ സേവനം ലക്ഷക്കണക്കിന് ആളുകൾക്ക് ലഭ്യമാകുന്നുണ്ട്. കണ്ണൂർ ജില്ലയിലെ ഹോമിയോപ്പതി ഫെർട്ടിലിറ്റി സെന്റർ ഇതിനോടകം രാജ്യശ്രദ്ധ നേടിയിട്ടുണ്ട്. 250 ഓളം കുട്ടികൾക്ക് ജന്മം നൽകുവാൻ സഹായകമായ ഈ ചികിത്സാകേന്ദ്രം രാജ്യത്തെ ആദ്യ ഹോമിയോപ്പതി വന്ധ്യതാ ചികിത്സയിലെ മികവിന്റെ കേന്ദ്രമാക്കി കേരള മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുള്ളതുമാണ്.

നടത്തിവരുന്ന പ്രധാന പദ്ധതികൾ

ജില്ലാ ആശുപത്രിയിൽ നടത്തുന്ന സ്പെഷ്യാലിറ്റികൾ

1. ജനനി വന്ധ്യത നിവാരണ കേന്ദ്രം
2. സീതാലയം (സ്ത്രീ സാന്ത്വനം ഹോമിയോപ്പതിയിലൂടെ)
3. സദ്ഗമയ (കൗമാര പ്രായക്കാരുടെ ആരോഗ്യം)
4. പെയിൻപാലിയേറ്റീവ്
5. ആയുഷ്മാൻഭവ (ജീവിതശൈലീ രോഗങ്ങൾ)
6. റീച്ച് (സാംക്രമിക രോഗനിയന്ത്രണം)
7. തൈറോയ്ഡ് സ്പെഷാലിറ്റി

ജില്ലയിലെ സ്വകാര്യ ആശുപത്രികൾ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 28** ൽ നൽകിയിരിക്കുന്നു.

4.2 (ബി) കുടിവെള്ളം

ജില്ലയിൽ 41 ഗ്രാമപഞ്ചായത്തുകളിലും 9 മുൻസിപ്പാലിറ്റികളിലും കണ്ണൂർ കോർപറേഷനിലും കുടിവെള്ള വിതരണത്തിനായി വാട്ടർ അതോറിറ്റിക്ക് ശുദ്ധീകരണ ശാലയോടു കൂടിയുള്ള 9 പ്രധാന പദ്ധതികളാണുള്ളത്. ഇതു കൂടാതെ 90 പ്രാദേശിക ചെറുകിട കുടിവെള്ള പദ്ധതികൾ 21 പഞ്ചായത്തുകളിലായി പ്രവർത്തിക്കുന്നുണ്ട്. പ്രധാന പദ്ധതികളുടെ മൊത്തം ശേഷി പ്രതിദിനം 250 ദശലക്ഷം ലിറ്ററാണ്. ഇതു കൂടാതെ ചെറുകിടപദ്ധതികളുടെ മൊത്തം ശേഷി പ്രതിദിനം 11 ദശലക്ഷം ലിറ്ററാണ്. കേരളാ വാട്ടർ അതോറിറ്റിയുടെ ജില്ലയിലെ പ്രധാനപ്പെട്ട 6 പദ്ധതികളുടേയും സ്രോതസ്സ് പഴശ്ശി പദ്ധതി (വളപട്ടണം പുഴ) യുടെ ജലസംഭരണിയാണ്. മറ്റു സ്രോതസ്സുകൾ കാര്യങ്കോട് പുഴ, അഞ്ചരക്കണ്ടിപ്പുഴ, പാത്തിപ്പാലം പുഴ (തലശ്ശേരി) എന്നിവയാണ്. ഇതിൽ വളപട്ടണം പുഴയിലെ പഴശ്ശി സംഭരണിയെ മാത്രമേ പൂർണതോതിൽ ആശ്രയിക്കാൻ സാധിക്കുകയുള്ളൂ. മറ്റുള്ളവ വേനൽക്കാലങ്ങളിൽ വറ്റുകയോ, ഉപ്പിന്റെ കടന്നുകയറ്റം മൂലം ആശ്രയിക്കാൻ സാധിക്കാത്തവയോ ആണ്.

മിക്ക പ്രാദേശിക പദ്ധതികളുടേയും ജലസ്രോതസ്സ് ചെറിയ പുഴയിലോ/തോടുകളിലോ കരയിലോ ഉള്ള കിണറുകളാണ്. വാട്ടർ അതോറിറ്റിക്ക് കണ്ണൂർ ജില്ലയിൽ 84,000 കുടിവെള്ള കണക്ഷനുകളും 7,550 പൊതു ടാപ്പുകളുമാണ് നിലവിലുള്ളത്. പ്രധാന കുടിവെള്ള പദ്ധതികൾ വഴി 8,50,000 പേർക്കും ചെറുപദ്ധതികൾ വഴി 1,92,000 പേർക്കും കുടിവെള്ള വിതരണം സാധ്യമാകുന്നുണ്ട്. അതായത് ജില്ലയിലെ മൊത്തം ജനസംഖ്യയുടെ 40% പേർക്കു മാത്രമാണ് നിലവിലുള്ള പദ്ധതികളിലൂടെ കുടിവെള്ളം ലഭ്യമാകുന്നത്.

കേരള വാട്ടർ അതോറിറ്റിയെ കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, ജലനിധി, ഭൂഗർഭജലവകുപ്പ് എന്നീ വകുപ്പുകളും അവശ്യമായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. തദ്ദേശവകുപ്പ് 21 പഞ്ചായത്തുകളിലായി 10,280 പേർക്കും ഭൂഗർഭജലവകുപ്പ് 28 പഞ്ചായത്തുകൾ വഴി 39,500 പേർക്കും സ്വജൽധാര പദ്ധതിയിലൂടെ 16 പഞ്ചായത്തുകളിലായി 37,190 പേർക്കും ജലം നൽകിവരുന്നുണ്ട്. കൂടാതെ ജലനിധി 10 പഞ്ചായത്തുകളിലായി 83,715 പേർക്കായി വിതരണം നടത്തുന്നുണ്ട്.

ജില്ലയിൽ പഞ്ചായത്ത് തലത്തിൽ വിവിധ വകുപ്പുകൾ വഴി നടപ്പിലാക്കിയ കുടിവെള്ള പദ്ധതികളുടെ ഗുണഭോക്താക്കളുടെ വിവരം **അനുബന്ധം 29 ൽ** ചേർക്കുന്നു.

ജില്ലയിൽ കുടിവെള്ളം കൂടുതൽ പ്രദേശങ്ങളിലെത്തിക്കുന്നതിനായും നിലവിലുള്ളവ വിപുലീകരിക്കുന്നതിനുമായി വാട്ടർ അതോറിറ്റി 6 പദ്ധതികളുടെ നിർമാണ പ്രവൃത്തികൾ നടത്തിവരുന്നുണ്ട്. ഈ പദ്ധതികൾ പൂർത്തിയാകുന്നതോടെ ജില്ലയിലെ 60% പേർക്കും കുടിവെള്ളമെത്തിക്കാവുന്ന സംവിധാനം നിലവിൽ വരുന്നതാണ്.

ജലസമ്പത്ത്

ജില്ലയിൽ സംസ്ഥാന ശരാശരിയേക്കാൾ കൂടുതൽ മഴലഭിക്കുന്നുണ്ടെങ്കിലും വേനൽക്കാലങ്ങളിൽ പലയിടത്തും ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. പടിഞ്ഞാറൻ തീരങ്ങളിൽ ഉപ്പിന്റെ അംശം ജലത്തിൽ അധികരിച്ച് കാണപ്പെടുന്നു. മലയോരങ്ങളിലും വേനൽക്കാലത്ത് ശുദ്ധജലക്ഷാമം നേരിടുന്നു. വെള്ളത്തിന്റെ ഉപയോഗം നിരവധിയാണ്. കുടിവെള്ളമായി ഉപയോഗിക്കുന്നതിനു പുറമെ ജലസേചനം, വ്യവസായം, മത്സ്യബന്ധനം, ഊർജ്ജം, ഗതാഗതം തുടങ്ങി ഇതര മേഖലകളിലും ജലലഭ്യത കൂടിയേ തീരൂ. പക്ഷെ പ്രകൃതിയുടെ വരദാനമായ ഈ സമ്പത്ത് നാൾക്കുനാൾ ക്ഷയിച്ചു വരുന്നു എന്നതാണ് വസ്തുത.

ഉപരിതലജലം

ജില്ലയുടെ പ്രധാന ജലസ്രോതസ്സ് ഉപരിതല ജലവും ഭൂഗർഭജലവും തന്നെയാണ്. ഉപരിതലജലം ലഭ്യമാക്കുന്നത് നിരവധി പുഴകളും തോടുകളും കായലുകളുമാണ്. കിഴക്ക് സഹ്യമലനിരകളിൽ നിന്ന് ആരംഭിച്ച് അറബിക്കടലിൽ ചെന്ന് ചേരുന്ന കുപ്പംപുഴ, പെരുമ്പപുഴ, വളപട്ടണം പുഴ, അഞ്ചരക്കണ്ടിപ്പുഴ, തലശ്ശേരിപ്പുഴ, മയ്യഴിപ്പുഴ എന്നിവയാണ് ജില്ലയിലെ പ്രധാനപ്പെട്ട പുഴകൾ. ഏറ്റവും നീളംകുറഞ്ഞ രാമപുരം പുഴ (19 കി.മീ.) ഇരിങ്ങൽ കുന്നുകളിൽ നിന്ന് ഉദ്ഭവിക്കുന്നു. ജില്ലയിലെ ഏറ്റവും വലിയ പുഴയായ വളപട്ടണം പുഴയ്ക്ക് ഏകദേശം 110 കി.മീ. നീളമുണ്ട്. ഈ പുഴയുടെ പ്രധാനപ്പെട്ട ശാഖകളാണ് ശ്രീകണ്ഠപുരം പുഴയും ആറളം പുഴയും. ജില്ലയുടെ പകുതിയോളം ഭാഗം ഈ പുഴകളുടെ തടപ്രദേശങ്ങളാണ്. ഏകദേശം 82 കി.മീ. നീളമുള്ള കുപ്പം പുഴയിൽ വേലിയേറ്റ സമയത്ത് കിലോമീറ്ററുകളോളം ഉപ്പുവെള്ളം കയറിച്ചെല്ലുന്നത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

കൈവഴികളായി പിരിഞ്ഞുകിടക്കുന്ന ചെറുപുഴകളെ പരസ്പരം ബന്ധിപ്പിക്കുന്ന ഓരുജല കായലുകൾ ജില്ലയിലെ മറ്റൊരു പ്രധാന ജലസമ്പത്താണ്. ഇവ മത്സ്യവിഭവങ്ങളുടേയും അവയെ സംരക്ഷിക്കുന്ന കണ്ടൽച്ചെടികളുടേയും കേന്ദ്രമാണ്. ഇവ കൂടാതെ നിരവധി തോടുകളും കുളങ്ങളും ഉപരിതലജല സ്രോതസ്സുകളായി വർത്തിക്കുന്നു. ജില്ലയിൽ പ്രൈവറ്റായി ആകെ 1,090ഉം പബ്ലിക്കായി ആകെ 157ഉം അടക്കം ആകെ 1,247 കുളങ്ങൾ/പുഴകൾ ഉണ്ട്. ഇവ വിശദമായി **അനുബന്ധം 30 ൽ** കൊടുക്കുന്നു.

ഭൂജലം

ഇന്ന് നമുക്ക് ലഭ്യമായ ഭൂജല സമ്പത്തിന്റെ അതായത് 5332.44 മില്യൺ ഘനമീറ്ററിൽ (31.3.1992 ലെ കണക്കനുസരിച്ച്) വളരെക്കുറച്ചുമാത്രമാണ് നാം ഉപയോഗപ്പെടുത്തുന്നത്. എന്നിരുന്നാലും തീരെ അശാസ്ത്രീയമായ ഭൂജല ഉപയോഗം മൂലം ജില്ലയിൽ പൊതുവെ ഭൂജലനിരപ്പ് ക്രമാതീതമായി താണുകൊണ്ടിരിക്കുന്ന അവസ്ഥയാണ് ഉള്ളതെന്ന് വകുപ്പ് നടത്തിയ പഠനം തെളിയിക്കുന്നു. ഇതിനു പരിഹാരമായി ഭൂജലപര്യവേഷണവും, ഉപയോഗവും ശാസ്ത്രീയമായിത്തന്നെ ചെയ്യേണ്ടതുണ്ട്.



കുടിവെള്ളം എന്നത് പ്രാഥമിക ഗണത്തിൽപ്പെടുന്ന ആവശ്യങ്ങളിലൊന്നായതിനാൽ സ്ഥലമാനങ്ങളുടെ പ്രസക്തി അല്ലെങ്കിൽ പ്രത്യേക മേഖലകൾ തരംതിരിച്ചുള്ള വികസനം എന്നതിലുപരി ജനവാസമേഖലകളിൽ പൂർണമായും ശുദ്ധജലവിതരണം നടത്തി, പൊതുജനാരോഗ്യം മെച്ചപ്പെടുത്തുകയും ജീവിതനിലവാരം ഉയർത്തുകയും ചെയ്യേണ്ടത് ആവശ്യമാണ്. കുടിവെള്ള വിതരണത്തിനായി പ്രവർത്തിക്കുന്ന കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ രൂപീകരിക്കുമ്പോഴും ലക്ഷ്യമിടുന്നത് ഇതു തന്നെയാണ്. നിലവിലുള്ള പഴയ പദ്ധതികൾ പുനരുദ്ധരിക്കുകയും കുടിവെള്ള പദ്ധതികൾ ഇല്ലാത്ത പഞ്ചായത്തുകളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് അനുയോജ്യമായ സ്ഥലങ്ങളിൽ സംഭരണികളും പൈപ്പ് ലൈനുകളും പമ്പിങ്ങ് സംവിധാനങ്ങളും കുടിവെള്ള വിതരണ ശൃംഖലകളും സ്ഥാപിക്കുകയുമാണ് ഇതിനായി ചെയ്യുന്നത്.

ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ നടപ്പാക്കുന്ന പ്രധാന കുടിവെള്ള പദ്ധതികൾ-വിപുലീകരിക്കുന്നതും /ഭരണാനുമതി ലഭിച്ചവയും

1. കണ്ണൂർ കുടിവെള്ള പദ്ധതി

കണ്ണൂർ കോർപറേഷൻ, ചിറക്കൽ, അഴീക്കോട്, വളപട്ടണം എന്നീ പഞ്ചായത്തുകൾക്കുള്ള പദ്ധതിയാണിത്.

2. കോട്ടയം കുടിവെള്ള പദ്ധതി

കൂത്തുപറമ്പ്–കോട്ടയം–പാട്യം കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള കോട്ടയം പഞ്ചായത്തിൽ കുടിവെള്ളവിതരണം നടത്തുന്നതിനാവശ്യമായ വിതരണ ശൃംഖലസ്ഥാപിക്കുന്ന പ്രവൃത്തിയാണിത്.

3. ധർമടം കുടിവെള്ളപദ്ധതി

ധർമടം പഞ്ചായത്തിലേക്ക് നിലവിലുള്ള തലശ്ശേരി കുടിവെള്ള പദ്ധതിയിൽ നിന്നും ആവശ്യത്തിന് ജലമെത്തിക്കുന്ന പദ്ധതിയാണ് ധർമടം കുടിവെള്ളപദ്ധതി. പ്രവൃത്തി പൂർത്തിയാകുന്നതോടെ പഞ്ചായത്തിൽ പൂർണതോതിൽ കുടിവെള്ള വിതരണം സാധ്യമാകുന്നതാണ്.

4. മട്ടന്നൂർ, ഇരിട്ടി മുൻസിപ്പാലിറ്റികൾക്കുള്ള കുടിവെള്ള പദ്ധതി

മട്ടന്നൂർ മുൻസിപ്പാലിറ്റി, ഇരിട്ടി മുൻസിപ്പാലിറ്റി എന്നിവയ്ക്ക് പൂർണതോതിലും കൊളച്ചേരി കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുന്ന പഞ്ചായത്തുകളായ കീഴല്ലൂർ, കൊളച്ചേരി, നാറാത്ത്, മുണ്ടേരി, കൂറ്റ്യാട്ടൂർ, കൂടാളി, മയ്യിൽ എന്നീ പഞ്ചായത്തുകൾക്കും ആവശ്യമായ ജലലഭ്യത ഉറപ്പുവരുത്തുകയും, കൂടാതെ മാലൂർ പഞ്ചായത്തിനും തില്ലങ്കേരി പഞ്ചായത്തിനും പായം പഞ്ചായത്തിനും ആവശ്യമായ ജലം ശുദ്ധീകരണശാലവരെ എത്തിക്കുകയും ചെയ്യുന്ന പ്രവൃത്തിയാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്.

5. പട്ടുവത്തിനും സമീപപ്രദേശങ്ങൾക്കുമുള്ള കുടിവെള്ള പദ്ധതി

പട്ടുവത്തിനും സമീപപ്രദേശങ്ങൾക്കുമുള്ള കുടിവെള്ളപദ്ധതി 90 MLD (മില്ല്യൺ ലിറ്റർ പർ ഡേ) ശേഷിയുള്ളതും 4 മുൻസിപ്പാലിറ്റികളും 14 പഞ്ചായത്തുകളും ഉൾപ്പെടുന്നതുമാണ്. 2011ൽ കമ്മീഷൻ ചെയ്ത ഈ പദ്ധതിയുടെ പൂർണശേഷി ഉപയോഗപ്പെടണമെങ്കിൽ കൂടുതൽ വിതരണശൃംഖല വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു.

6. പയ്യാവൂർ എരുവേശ്ശി പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി

പയ്യാവൂർ–എരുവേശ്ശി പഞ്ചായത്തുകൾക്കായി ശ്രീകണ്ഠപുരം പുഴ സ്രോതസ്സായിക്കൊണ്ട് തയ്യാറാക്കിയ ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലാ–ഭൂജലസമ്പത്ത്

ഭൂപ്രകൃതി അനുസരിച്ച് ജില്ലയെ മൂന്നായി തരംതിരിക്കാം.

1. 250 അടി ഉയരത്തിൽ കൂടുതലുള്ള മലകളും കുന്നുകളും നിറഞ്ഞ മലയോര പ്രദേശം.
2. 25 അടിക്കും 250 അടിക്കും മധ്യേ ഉയരമുള്ള കുന്നുകളും തടങ്ങളും നിറഞ്ഞ ഇടനാട് പ്രദേശം.
3. 25 അടിക്ക് താഴെ ഉയരമുള്ള മണൽത്തിട്ടയും വയലുകളും തുരുത്തും അഴിമുഖവും അടങ്ങിയ തീരപ്രദേശം.

കാലാവസ്ഥ

തെക്കുപടിഞ്ഞാറൻ കാലവർഷം, വടക്കുകിഴക്കൻ കാലവർഷം എന്നീ പ്രധാന വർഷപാതങ്ങൾ മുഖേന കണ്ണൂർ ജില്ലയ്ക്ക് ഒരു വർഷം ലഭിക്കുന്ന മഴയുടെ അളവ് ഏകദേശം 34.38 മി.മീറ്റർ ആണ്. പൊതുവെ ഊഷ്മളമായ കാലാവസ്ഥയാണ് ജില്ലയിൽ അനുഭവപ്പെടുന്നത്.

പ്രധാനപ്പെട്ട പുഴകൾ

1. **വളപട്ടണം പുഴ** : ഏകദേശം 110 കി.മീറ്റർ നീളമുള്ള ഈ പുഴയുടെ പ്രധാനപ്പെട്ട ശാഖകളാണ് വളപട്ടണം പുഴയും ആറളം പുഴയും. ജില്ലയുടെ പകുതിയോളം ഭാഗം ഈ പുഴയുടെ തടപ്രദേശങ്ങളാണ്.

2. **കുപ്പംപുഴ** : ഏകദേശം 82 കി.മീറ്റർ നീളമുള്ള ഈ പുഴയിൽ വേലിയേറ്റ സമയത്ത് കി.മീറ്ററുകളോളം ഉപ്പുവെള്ളം കയറുന്നത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

ജില്ലയിലെ മറ്റ പ്രധാനപ്പെട്ട പുഴകൾ മാഹി പുഴ, അഞ്ചരക്കണ്ടിപ്പുഴ, തലശ്ശേരിപ്പുഴ, രാമപുരം പുഴ, പെരുമ്പപുഴ എന്നിവയാണ്.



ഭൂവൽക്കങ്ങളും ഭൂജലവും

സമീപകാലത്ത് അടിഞ്ഞുകൂടിയ എക്കൽമണ്ണും ചെങ്കൽമണ്ണും, തീരപ്രദേശങ്ങളിൽ കാണുന്ന ഊറൽപാറകൾ, അവസ്ഥാന്തര ശിലകൾ – പ്രധാനമായും സാർഗ്ഗർ ശിലകൾ, ചാർണക്കൈറ്റ്, ആർക്കിയൻനൈസ് തുടങ്ങിയ കരിങ്കൽ പാറകൾ എന്നിവയാണ് ജില്ലയിലെ ഭൂവൽക്കത്തിന്റെ ഭാഗമായി വരുന്നത്.

തീരപ്രദേശത്തെ എക്കൽമണ്ണ്, ഊറൽപാറകൾ വിള്ളലുകൾ നിറഞ്ഞ കട്ടപ്പാറ കൂടിയ കരിങ്കല്ലുകൾ എന്നിവയിലാണ് പ്രധാനമായും ഭൂജലം കാണപ്പെടുന്നത്. ഈ ജലസ്രോതസ്സുകൾ സാധാരണ കുഴൽക്കിണർ, ഫിൽട്ടർ പോയിന്റ്, തുറന്ന കിണർ, ട്യൂബ് വാൾവ് എന്നിവയിലൂടെ നാം ചൂഷണം ചെയ്യുന്നു. ശാസ്ത്രീയമായ ഭൂജലപര്യവേഷണത്തിലൂടെ സംസ്ഥാന ഭൂജലവകുപ്പ് ഈ സ്രോതസ്സുകളിൽ നിന്നെല്ലാം ഭൂജലം ഉപയോഗിച്ചുകൊണ്ടുള്ള പല പദ്ധതികൾ തയ്യാറാക്കാൻ വേണ്ട സാങ്കേതിക ഉപദേശം നൽകുന്നുണ്ട്. ജില്ലയിലെ ചില പ്രദേശങ്ങളിൽ കാണപ്പെടുന്ന ജലമലിനീകരണ പ്രശ്നങ്ങൾ (പ്രധാനമായി–തീരപ്രദേശങ്ങളിൽ ഉപ്പുവെള്ളത്തിന്റെ കയ്യേറ്റം, ഇരുമ്പിന്റെ അളവ് കൂടുതൽ, ക്ലോറൈറ്റ് ലവണങ്ങളുടെ അംശം) ഗൗരവമായിത്തന്നെ കാണേണ്ടതുണ്ട്.

വിവിധതരം കിണറുകൾക്ക് അനുയോജ്യമായ സ്ഥലങ്ങൾ ഭൂജലവകുപ്പ് ശാസ്ത്രീയമായിത്തന്നെ വിശകലനം ചെയ്തിട്ടുണ്ട്. ജില്ലയിലെ മാട്ടൽ പോലുള്ള പ്രദേശങ്ങൾ 10 മീറ്ററിൽ താഴെയുള്ള ഫിൽറ്റർ പോയിന്റ് കിണറുകൾക്ക് അനുയോജ്യമാണ്. 6 മീറ്റർ വ്യാസമുള്ള ജലസേചന കിണറുകൾ മുഴപ്പിലങ്ങാടിനും നടാലിനും മധ്യേയുള്ള എക്കൽ പ്രദേശങ്ങളിൽ അനുയോജ്യമാണ്. ചെങ്കൽപ്രദേശങ്ങളിൽ പ്രധാനമായും തളിപ്പറമ്പ് ബ്ലോക്കിലെ കുറുമാത്തൂരിലും പരിയാരം പഞ്ചായത്തുകളിലും പയ്യന്നൂർ പുഴയുടെ തടങ്ങളിലും ശാഖാതടങ്ങളിലും 8 മീറ്ററോളം വ്യാസമുള്ള ഇടത്തരം ജലസേചന കിണറുകൾ നിർമിക്കാവുന്നതാണ്. ഇടനാട്ടിലും മലമ്പ്രദേശത്തും ശാസ്ത്രീയ പര്യവേഷണം നടത്തി അതാതു പ്രദേശത്തിന് അനുയോജ്യമായ രീതിയിൽ കുഴൽക്കിണറുകൾ നിർമിക്കാവുന്നതാണ്. മേൽ സൂചിപ്പിച്ച പഠനത്തിന് അനുസൃതമായി ജില്ലയിൽ ഇതുവരെ കുടിവെള്ളത്തിനായി വകുപ്പ് നേരിട്ട് നിരവധി കുഴൽക്കിണറുകൾ സ്ഥാപിച്ചുകഴിഞ്ഞു. എന്നാൽ മുമ്പ് സ്ഥാപിച്ച പല കുഴൽക്കിണറുകളിലും ജലലഭ്യതയുണ്ടെങ്കിലും ജലത്തിന്റെ ഗുണനിലവാരം മോശമാകയാൽ (ഇരുമ്പിന്റെ അംശം കൂടുതൽ) ഇന്ന് ഉപയോഗ ശൂന്യമായിരിക്കുകയാണ്.

ജില്ലയിൽ നിലവിലുള്ള പ്രധാനപ്പെട്ട കുടിവെള്ള പദ്ധതികൾ

കണ്ണൂർ ജില്ലയിൽ നിലവിലുള്ള പ്രധാനപ്പെട്ട ശുദ്ധീകരണ ശാലകളോടുകൂടിയ കുടിവെള്ള പദ്ധതികൾ 9 എണ്ണമാണ്. കണ്ണൂർ ജില്ലയിലെ കണ്ണൂർ കോർപറേഷനും 9 മുൻസിപ്പാലിറ്റികളും 41 ഗ്രാമപഞ്ചായത്തുകളും ഉൾക്കൊള്ളുന്ന വിവിധ പദ്ധതികൾ താഴെ പറയുന്നവയാണ്.

1. കണ്ണൂർ കുടിവെള്ള പദ്ധതി

കണ്ണൂർ കോർപറേഷനും സമീപത്തുള്ള ചിറക്കൽ അഴീക്കോട് വളപട്ടണം എന്നീ പഞ്ചായത്തുകളും ഉൾപ്പെട്ട ഈ പദ്ധതിയുടെ സ്ഥാപിതശേഷി പ്രതിദിനം 30 ദശലക്ഷം ലിറ്ററാണ്. ഇതിന്റെ സ്രോതസ്സ് വളപട്ടണം പുഴയിലെ പഴശ്ശി സംഭരണിയാണ്. നിലവിലുള്ള ജനസംഖ്യയും ഉപഭോഗവും തമ്മിലുള്ള അന്തരം വലുതായതിനാൽ 1971ൽ കമ്മീഷൻ ചെയ്ത ഈ പദ്ധതി, വിപുലീകരണം ആവശ്യമായ ഘട്ടത്തിലാണുള്ളത്. പഴയഗ്രാവിറ്റി പൈപ്പ് ലൈനുകൾ മാറ്റുകയും വിതരണ ശൃംഖല ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനാനുമതി ലഭിച്ചിട്ടുമുണ്ട്. ഇതു പൂർത്തിയാകുന്നതോടെ ഈ പദ്ധതിയിൽ നിന്നും കാര്യക്ഷമതയോടെ കുടിവെള്ള വിതരണം സാധ്യമാകുന്നതാണ്.



കൊളച്ചേരിക്കും സമീപപ്രദേശങ്ങൾക്കുമുള്ള കുടിവെള്ള പദ്ധതി

കണ്ണൂർ ജില്ലയിലെ പഴക്കം ചെന്ന വലിയ പദ്ധതികളിൽ ഒന്നാണ് ഇത്. ഡച്ച് ഗവൺമെന്റിന്റെ സഹായത്തോടെ നിർമിച്ച ഈ പദ്ധതിയിൽ മട്ടന്നൂർ മുൻസിപ്പാലിറ്റിയും, കീഴല്ലൂർ, കൂടാളി, മുണ്ടേരി, നാറാത്ത്, മയ്യിൽ, കുറ്റ്യാട്ടൂർ, കൊളച്ചേരി എന്നീ 7 പഞ്ചായത്തുകളും ഉൾക്കൊള്ളുന്നുണ്ട്. വളപട്ടണം പുഴയിലെ പഴശ്ശി സംഭരണിയാണ് ഇതിന്റെ സ്രോതസ്സ്. 1996ൽ കമ്മീഷൻ ചെയ്ത ഈ പദ്ധതി 55 ലിറ്റർ പ്രതിശീർഷ ഉപഭോഗം കണക്കാക്കി പ്രതിദിനം 13.7 ദശലക്ഷം ലിറ്റർ സ്ഥാപിതശേഷിയോടെയാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഉത്പാദനവും ഉപഭോഗവും ഒരു തരത്തിലും യോജിക്കാത്ത അവസ്ഥയാണ് നിലവിൽ ഈ പദ്ധതിയുടേത്. പഴകിയ പമ്പിംഗ് സംവിധാനവും വിതരണ ശൃംഖലയും പദ്ധതിയുടെ കാര്യക്ഷമതയെ ബാധിക്കുന്നതിനാൽ ജനങ്ങളുടെ പരാതിക്കിടയാക്കുന്നുണ്ട്. എത്രയും വേഗം പുനരുദ്ധാരണം വേണ്ട ഒരു പദ്ധതിയാണിത്. കേരള സർക്കാരിന്റെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ മട്ടന്നൂർ, ഇരിട്ടി മുൻസിപ്പാലിറ്റികൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതിയിൽ ഇതിനാവശ്യമായ ജലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. ഇതോടൊപ്പം വിതരണശൃംഖല കൂടി ശക്തിപ്പെടുത്തേണ്ടതുണ്ട്.

1. തലശ്ശേരി കുടിവെള്ള പദ്ധതി

തലശ്ശേരി മുൻസിപ്പാലിറ്റി, ധർമടം, ന്യൂമാഹി എന്നീ പ്രദേശങ്ങൾ ഉൾക്കൊള്ളുന്നതാണ് ഇതിന്റെ പദ്ധതി പ്രദേശം. ഇതോടൊപ്പം മാഹിക്കുള്ള 2 ദശലക്ഷം ലിറ്റർ കുടിവെള്ളവും ഇതിന്റെ ശുദ്ധീകരണ ശാലയിൽ നിന്നും പ്രത്യേക ലൈൻ വഴി പ്രതിദിനം വിതരണം ചെയ്യുന്നുണ്ട്. 1971 ൽ കമ്മീഷൻ ചെയ്ത 36 ദശലക്ഷം ലിറ്റർ ശേഷിയുള്ള പദ്ധതിയുടെ മൈലാടി ജലശുദ്ധീകരണശാലയിലെ സംഭരണി മുതൽ തലശ്ശേരിയിലെ കൊടുവള്ളി സംഭരണിവരെയുള്ള പൈപ്പ് ലൈൻ UIDSSMTൽ ഉൾപ്പെടുത്തി മാറ്റി സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ സ്രോതസ്സ് അഞ്ചരക്കണ്ടിപ്പുഴയാണ്. കീഴല്ലൂരിൽ സ്ഥാപിച്ച പമ്പിംഗ് സ്റ്റേഷനിൽ വേനൽക്കാലമാകുമ്പോൾ ആവശ്യത്തിന് വെള്ളം ലഭിക്കാത്തത് പമ്പിങ്ങിനെ സാരമായി ബാധിക്കുകയും ജനങ്ങളിൽ നിന്നും വ്യാപകമായ പരാതിക്കിടയാക്കുകയും ചെയ്യുന്നുണ്ട്. ഇതിന് പരിഹാരമായി പഴശ്ശി സംഭരണിയിൽ സ്ഥാപിച്ചിട്ടുള്ള പെരളശ്ശേരി കുടിവെള്ള പദ്ധതിയുടെ ഇൻടേക്ക് വെൽ മുതൽ മൈലാടി പ്ലാന്റ് വരെ പുതിയ പൈപ്പ് ലൈൻ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. കൂടാതെ പമ്പ് സെറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തി നടക്കുന്നുമുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തിയാകുന്നതോടെ പ്രശ്ന പരിഹാരമാവുന്നതാണ്.

2. പെരളശ്ശേരിക്കും സമീപപ്രദേശങ്ങൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി

അഞ്ചരക്കണ്ടി, പെരളശ്ശേരി, ചെമ്പിലോട്, കടമ്പൂർ, മുഴപ്പിലങ്ങാട്, പിണറായി, വേങ്ങാട്, എരഞ്ഞോളി, എന്നീ പഞ്ചായത്തുകളിലും കണ്ണൂർ കോർപറേഷനിലെ ചേലോറ ഡിവിഷനിലും പൂർണ തോതിൽ ഈ പദ്ധതിയിൽ നിന്നും കുടിവെള്ള വിതരണം ചെയ്യുന്നുണ്ട്. ഇതുകൂടാതെ ഇരിട്ടി മുൻസിപ്പാലിറ്റിയ്ക്ക് പ്രതിദിനം 2.20 ദശലക്ഷം ലിറ്റർ കുടിവെള്ളം നൽകാവുന്ന വിധത്തിൽ ആരംഭിച്ച പദ്ധതിയാണിത്. 2011 വർഷം കമ്മീഷൻ ചെയ്ത ഈ പദ്ധതിയുടെ സ്ഥാപിത ശേഷി പ്രതിദിനം 46 ദശലക്ഷം ലിറ്ററാണ്. ഇരിട്ടി മുൻസിപ്പാലിറ്റി ഒഴികെ പ്രതിശീർഷ ഉപഭോഗം കണക്കാക്കിയിരിക്കുന്നത് 70 ലിറ്റർ ആണ്.

കീഴൂർ-ചാവശ്ശേരി ഉൾക്കൊള്ളുന്ന ഇരിട്ടി മുൻസിപ്പാലിറ്റിക്ക് 40 ലിറ്റർ പ്രതിശീർഷ ഉപഭോഗം കണക്കാക്കിയാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. മട്ടന്നൂർ, ഇരിട്ടി മുൻസിപ്പാലിറ്റിക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതോടെ ഈ പ്രദേശത്തേക്ക് പൂർണ തോതിൽ കുടിവെള്ള വിതരണം സാധ്യമാകുന്നതാണ്.

3. പട്ടുവത്തിനും സമീപപ്രദേശങ്ങൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി

കണ്ണൂർ ജില്ലയിലെ ഏറ്റവും വലിയ കുടിവെള്ള പദ്ധതിയായ ജപ്പാൻ സഹായത്തോടെ പൂർത്തിയാക്കിയ പട്ടുവത്തിനും സമീപ പ്രദേശങ്ങളായ ഏഴോം, മാട്ടൂൽ, കടന്നപ്പള്ളി-പാണപ്പുഴ, ചെറുകുന്ന്, കണ്ണപുരം, കല്ല്യാശ്ശേരി, കുറുമാത്തൂർ, ചപ്പാരപ്പടവ്, മലപ്പട്ടം, മാടായി, പരിയാരം, പാപ്പിനിശ്ശേരി, തളിപ്പറമ്പ് (മുൻസിപ്പാലിറ്റി), ആന്തൂർ, (മുൻസിപ്പാലിറ്റി) എന്നീ പ്രദേശങ്ങൾക്ക് പൂർണതോതിൽ വിതരണം ചെയ്യുന്നതിന് ലക്ഷ്യമിട്ടുള്ള ഇതിന്റെ ശേഷി പ്രതിദിനം 90 ദശലക്ഷം ലിറ്ററാണ്. ഇതിന്റെ സ്രോതസ്സ് പഴശ്ശി പദ്ധതിയുടെ ജല സംഭരണിയാണ്. 2011 ൽ കമ്മീഷൻ ചെയ്ത ഈ പദ്ധതി വഴി വളരെ നല്ലരീതിയിൽ ജലവിതരണം നടത്തിക്കൊണ്ടിരിക്കുന്നു. വിതരണ ശൃംഖല വിപുലീകരിക്കുന്ന പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നുണ്ട്. കൂടുതൽ പ്രദേശങ്ങളിൽ കുടിവെള്ള മെത്തിക്കുന്നതിനും പദ്ധതിയുടെ ശേഷി പൂർണമായും ഉപയോഗപ്പെടുത്തുന്നതിനും ഇതുകൊണ്ട് സാധിക്കും. പ്രതിശീർഷ ഉപഭോഗം 70 ലിറ്റർ ആണ്.

4. കുഞ്ഞുപറമ്പ് കുടിവെള്ള പദ്ധതി

കുഞ്ഞുപറമ്പ് മുൻസിപ്പാലിറ്റി, കോട്ടയം, പാടൂം എന്നീ പ്രദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പഴശ്ശി പദ്ധതിയിലെ എടക്കാനം ഭാഗത്ത് പമ്പിംഗ് സംവിധാനം ഒരുക്കിയാണ് ജലം പദ്ധതി പ്രദേശങ്ങളിലെ ശുദ്ധജല സംഭരണികളിൽ എത്തിക്കുന്നത്. ഇതിന്റെ ശേഷി പ്രിതിദിനം 15 ദശലക്ഷം ലിറ്റർ ആണ്. പുതിയ ഈ പദ്ധതിയുടെ പ്രവൃത്തികൾ മിക്കവാറും പൂർത്തിയായിട്ടുണ്ട്. കമ്മീഷൻ ചെയ്യുന്ന മുറയ്ക്ക് പൂർണതോതിൽ കുടിവെള്ളവിതരണം സാധ്യമാകുന്നതാണ്. പ്രതിശീർഷ ഉപഭോഗം 70 ലിറ്റർ ആണ് കണക്കാക്കിയിരിക്കുന്നത്.

5. പാന്തർ-മൊകേരി കുടിവെള്ള പദ്ധതി

പാന്തർ, മൊകേരി, പന്ന്യന്തർ പഞ്ചായത്തുകൾക്കായി തലശ്ശേരിപ്പുഴ (പാത്തിപ്പാലം) സ്രോതസ്സായി പ്രതിദിനം 6.50 ദശലക്ഷം ലിറ്റർ ശേഷിയുള്ള കുടിവെള്ള പദ്ധതിയാണ് ഇത്. ഇതിന്റെ സ്രോതസ്സ് അപര്യാപ്തമാണ്. ആയതിനാൽ വിപുലീകരണം ആവശ്യമാണ്.

6. നേവൽ അക്കാദമിക്കും രാമന്തളിക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി

കാര്യങ്കോട്ട് പുഴ സ്രോതസ്സായി രാമന്തളി പഞ്ചായത്തും നാവിക അക്കാദമിയും ഉൾപ്പെടെ കുടിവെള്ളമെത്തിക്കുന്നതിനായുള്ള പദ്ധതിയാണിത്. ഇതിന്റെ സ്ഥാപിതശേഷി പ്രതിദിനം 8 ദശലക്ഷം ലിറ്റർ ആണ്.

7. ഇരിക്കൂറിനും സമീപപ്രദേശങ്ങൾക്കുമുള്ള കുടിവെള്ള പദ്ധതി

ഇരിക്കൂർ, പടിയൂർ എന്നീ പഞ്ചായത്തുകൾക്കായി പ്രതിദിനം 5.50 ദശലക്ഷം ലിറ്റർ ശേഷിയോടു കൂടിയുള്ള പദ്ധതിയാണ് ഇത്. ഇതിന്റെ സ്രോതസ്സ് വളപട്ടണം പുഴയിലെ പൂവം എന്ന സ്ഥലത്താണ്. 2017 ലാണ് ഈ

പദ്ധതി കമ്മീഷൻ ചെയ്തിട്ടുള്ളത്. 70 ലിറ്ററാണ് ഇതിന്റെ പ്രതിശീർഷ ഉപഭോഗം. മേൽ സൂചിപ്പിക്കുന്ന പദ്ധതികളുടെ വിശദ വിവരം താഴെ പട്ടികയായി നൽകിയിരിക്കുന്നു.

കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ശുദ്ധീകരണ ശാലയോടുകൂടിയുള്ള കുടിവെള്ള പദ്ധതികൾ

ക്രമ നമ്പർ	പദ്ധതിയുടെ പേര്	പഞ്ചായത്തുകൾ	പ്രതിദിന ശേഷി (എം.എൽ.ഡി.)	യഥാർത്ഥ ഉത്പാദനം (എം.എൽ.ഡി.)
1	കണ്ണൂർ കുടിവെള്ള പദ്ധതി (KWSS)	കണ്ണൂർ കോർപറേഷൻ, ചിറക്കൽ, അഴീക്കോട്, വളപട്ടണം	30	30
2	തലശ്ശേരി മുൻസിപ്പാലിറ്റിക്കു വേണ്ടിയുള്ള UWSS (TWSS)	തലശ്ശേരി മുൻസിപ്പാലിറ്റി, ന്യൂമാഹി, ധർമടം	36	20
3	പന്ന്യന്നൂർ, പാനൂർ, മൊകേരി എന്നീ പഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതി	പാനൂർ മുൻസിപ്പാലിറ്റി, മൊകേരി, പന്ന്യന്നൂർ	6.5	2.5
4	കൊളച്ചേരി പഞ്ചായത്തിനുള്ള കുടിവെള്ള പദ്ധതി	കൊളച്ചേരി, കുറ്റ്യാട്ടൂർ, മയ്യിൽ, മട്ടന്നൂർ മുൻസിപ്പാലിറ്റി, നാറാത്ത്, മുണ്ടേരി, കൂടാളി	13.7	13.7
5	അഞ്ചക്കണ്ടി, പെരളശ്ശേരി, സമീപ പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതി	അഞ്ചരക്കണ്ടി, പെരളശ്ശേരി, ചെമ്പിലോട്, കടമ്പൂർ, മുഴപ്പിലങ്ങാട്, പിണറായി, വേങ്ങാട്, എരിഞ്ഞോളി, ധർമടം, ചേലോറ, കീഴ്ർ-ചാവശ്ശേരി	46	20
6	കൂത്തുപറമ്പ് പഞ്ചായത്തിനു വേണ്ടിയുള്ള RWSS	കൂടുപറമ്പ മുൻസിപ്പാലിറ്റി, കോട്ടയം, പാട്യം	15	5
7	പട്ടുവം പഞ്ചായത്തിനും സമീപ പ്രദേശങ്ങൾക്കുമായുള്ള കുടിവെള്ള പദ്ധതി(JICA)	ചെറുകുന്ന്, കല്യാശ്ശേരി, മാട്ടൂൽ, കണ്ണപുര, പാപ്പിനിശ്ശേരി, പട്ടുവം, പരിയാരം, ചപ്പാരപ്പടവ്, കുറുമാത്തൂർ, കടന്നപ്പള്ളി-പാണപ്പുഴ, ഏഴോം, തളിപ്പറമ്പ് മുൻസിപ്പാലിറ്റി, അട്ടൂർ മുൻസിപ്പാലിറ്റി	90	22
8	ഇരിക്കൂറിനും സമീപപ്രദേശങ്ങൾക്കുമായുള്ള കുടിവെള്ള പദ്ധതി	പടിയൂർ	5.5	1
9	നേവൽ അക്കാദമി, രാമന്തളിക്കായുള്ള കുടിവെള്ള പദ്ധതി	രാമന്തളി	8	5

ജില്ലയിലെ കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ശുദ്ധീകരണശാലയില്ലാത്ത പദ്ധതികളുടെ വിവരങ്ങൾ **അനുബന്ധം 31 ൽ** നൽകിയിരിക്കുന്നു.

ജില്ലയിൽ കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങൾ

കേന്ദ്ര-സംസ്ഥാന-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും കണ്ണൂർ ജില്ലയിലെ പല പ്രദേശങ്ങളിലും ഇന്നും രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്നു. ജലക്ഷാമം രൂക്ഷമായ അത്തരം പ്രദേശങ്ങളിൽ വേനൽക്കാലത്തു ലോറി വഴിയാണ് കുടിവെള്ള വിതരണം നടത്തി വരുന്നത്. ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നു. ജില്ലയിൽ ജലക്ഷാമം കൂടുതലായി അനുഭവപ്പെടുന്ന പ്രദേശങ്ങൾ പ്രധാനമായും താഴെ പറയുന്നവയാണ്. ജില്ലയിലെ കണ്ണൂർ കോർപറേഷൻ പരിധിയിലുള്ള കൊശോർമൂല, ചാലക്കുന്ന്, കുറ്റിക്കകം മുനമ്പ്, കൊടപ്പറമ്പ്, പുല്ലൂപ്പി എന്നിവിടങ്ങളിലും കാട്ടാമ്പള്ളി, വളപട്ടണം, അഴീക്കോട് പഞ്ചായത്തുകളിലെ ഉയർന്ന പ്രദേശങ്ങൾ, മട്ടന്നൂർ മുൻസിപ്പാലിറ്റിയിലെ വെമ്പടി, മരുതായി, കല്ലൂർപാറേക്കാട്, മേറ്റടി, പയ്യപ്പറമ്പ്,

മണക്കായി, മഞ്ചേരി, എടവേലിക്കൽ, മഞ്ചേരിപ്പൊയിൽ, ശിവപുരം, അയ്യല്ലൂർ, എന്നീ പ്രദേശങ്ങളും കീഴല്ലൂർ പഞ്ചായത്തിലെ എടയന്നൂർ, കാനാട്, കടാങ്കോട്, മൊടക്കണ്ടി, അഞ്ചാംമൈൽ, കുറ്റിക്കര, പനയത്താംപറമ്പ്, തലക്കോട് എന്നീ പ്രദേശങ്ങളിലും ഇരിട്ടി മുൻസിപ്പാലിറ്റിയിലെ മീത്തലെ പുന്നാട്, വികാസ് നഗർ, ഇരിട്ടി ഹൈസ്കൂൾ ഭാഗം, നരിക്കുണ്ടം, നടുവനാട്, നരയൻപാറ, തട്ടുപറമ്പ് തുടങ്ങിയവയും മറ്റു ഉയർന്ന പ്രദേശങ്ങളിലും കടുത്ത ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്.

കൂടാളി പഞ്ചായത്തിലെ ആയിപ്പുഴ, കൂടാളി, നായാട്ടുപാറ, കുറ്റ്യാട്ടൂർ പഞ്ചായത്തിലെ പാവന്നൂർമൊട്ട, ചെക്കിക്കുളം-മാണിയൂർ, വില്ലേജ് മുക്ക്, മുണ്ടേരി പഞ്ചായത്തിലെ മുണ്ടേരിമൊട്ട, പടന്നോത്ത്, ഏച്ചൂർ, അയ്യപ്പൻമല, കാഞ്ഞിരോട്, മായൽമുക്ക്, നാറാത്ത് പഞ്ചായത്തിലെ കാക്കത്തുരുത്തി, ചെടിമാട്, ഓണപ്പറമ്പ്, പാമ്പുരുത്തി, പുല്ലപ്പി, കണ്ണാടിപ്പറമ്പ്, കല്ലുരിക്കടവ്, മയ്യിൽ പഞ്ചായത്തിലെ അരിമ്പ്ര, നണിയൂർ, നമ്പ്രം, മുല്ലക്കൊടി, ഒറപ്പൊടി, കണ്ടക്കൈ, മയ്യിൽ വില്ലേജ് ഓഫീസ് പരിസരം, കൊളച്ചേരി പഞ്ചായത്തിലെ കമ്പിൽ, പള്ളിപ്പറമ്പ്, ചേലേരി, നൂഞ്ഞേരി, കരിങ്കൽക്കുഴി എന്നീ പ്രദേശങ്ങളും രൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്.

പന്ന്യന്നൂർ പഞ്ചായത്തിലെ മിക്കപ്രദേശങ്ങളിലും പാന്നൂർ, മൊകേരി എന്നിവിടങ്ങളിലും പദ്ധതിയുടെ സ്രോതസ്സിന്റെ അപര്യാപ്തമൂലം വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. കൊളച്ചേരി പദ്ധതിയിലുൾപ്പെട്ട ഏഴ പഞ്ചായത്തുകളിലും മട്ടന്നൂർ മുൻസിപ്പാലിറ്റിയിലും ഉള്ള ഒട്ടേറെ പ്രദേശങ്ങൾ, പ്രത്യേകിച്ച് ഉയർന്ന പ്രദേശങ്ങളിലും രൂക്ഷമായ ജലദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. പഴക്കമേറിയ ഈ പദ്ധതിയിലൂടെ ആഴ്ചയിൽ 2 തവണ മാത്രമേ ജലവിതരണം നടത്തുവാൻ സാധിക്കുന്നുള്ളൂ. ഈ കാരണത്താൽ ജനങ്ങളിൽ നിന്ന് ഏറെ പരാതികൾ ലഭിക്കുന്നുണ്ട്. ഈ പദ്ധതി അടിയന്തിരമായി പുതുക്കുകയും വിപുലീകരിക്കുകയും ചെയ്യേണ്ടതുണ്ട്. ഉദയഗിരി, ആലക്കോട്, മലപ്പട്ടം, ശ്രീകണ്ഠപുരം, പയ്യാവൂർ, പടിയൂർ, ചെങ്ങളായി, എരുവേശ്ശി, ഉളിക്കൽ, കുഞ്ഞിമംഗലം, രാമന്തളി, ചെറുതാഴം, എരമം-കുറ്റൂർ എന്നീ പഞ്ചായത്തുകളിലെയും പയ്യന്നൂർ മുൻസിപ്പാലിറ്റിയിലേയും ഉയർന്ന പ്രദേശങ്ങളിലും വേനൽക്കാലത്ത് കുടിവെള്ളക്ഷാമം രൂക്ഷമാണ്. പദ്ധതികളൊന്നും ഇല്ലാത്ത പെരിങ്ങോം-വയക്കര, ചെറുപുഴ, കാങ്കോൽ-ആലപ്പടമ്പ്, കരിവെള്ളൂർ-പെരളം എന്നീ പഞ്ചായത്തുകളിലും കുടിവെള്ളക്ഷാമം രൂക്ഷമാണ്.

കുറുമാത്തൂർ, പരിയാരം, ചപ്പാരപ്പടവ്, പാപ്പിനിശ്ശേരി, പട്ടുവം, ഏഴോം, മാടായി, കടന്നപ്പള്ളി, പാണപ്പുഴ, പഞ്ചായത്തുകളിലും തളിപ്പറമ്പ് ആന്തൂർ മുൻസിപ്പാലിറ്റികളിലും കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെട്ടിരുന്നു. ജില്ല പട്ടുവം കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള ഈ പഞ്ചായത്തുകളിലും മുൻസിപ്പാലിറ്റികളിലും കുടിവെള്ളക്ഷാമം ഉള്ളപ്രദേശങ്ങളിൽ ജലവിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നുണ്ട്. ഇതുപൂർത്തിയാകുന്നതോടെ ഇവിടങ്ങളിൽ കുടിവെള്ളക്ഷാമത്തിന് പൂർണ പരിഹാരമാകുന്നതാണ്. ജില്ലയിൽ പുതിയ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ മേൽ സൂചിപ്പിച്ച പ്രദേശങ്ങൾക്ക് ഊന്നൽ നൽകേണ്ടതാണ്.

4.2 (സി) ശുചിത്വം

അവസ്ഥയും പരിപ്രേക്ഷ്യവും

ഒരു ജനതയുടെ സംസ്കാരത്തിന്റെയും സാമൂഹിക ഉന്നതിയുടേയും പരിഷ്കാരത്തിന്റെയും ചിഹ്നമാണ് ശുചിത്വം. ആരോഗ്യപൂർണമായ ജീവിതത്തിന് ശുചിത്വം കൂടിയേ കഴിയൂ. പക്ഷേ ശുചിത്വത്തെപ്പറ്റി ജനങ്ങൾക്കുള്ള സങ്കൽപ്പങ്ങൾ പലപ്പോഴും വളരെ അപകടവും അപൂർണവും നിലവിലുള്ള സാഹചര്യങ്ങൾക്ക് ഇണങ്ങാത്തവയുമായിരിക്കാം. വ്യക്തി ശുചിത്വം പാലിക്കുകയും മനുഷ്യ വിസർജ്യങ്ങൾ നമ്മുടെ കാഴ്ചയിൽപ്പെടാത്ത വിധം ദൂരീകരിക്കുകയും ചെയ്താൽ ശുചിത്വമായി എന്നാണ് അധികംപേരും ധരിച്ചിരിക്കുന്നത്. അതുപോലെ സമൂഹത്തിന്റെ എല്ലാ തട്ടിലുമുള്ളവരേയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു സമഗ്ര ശുചിത്വപദ്ധതിയുടെ അഭാവം കാണുന്നുണ്ട്. എല്ലാറ്റിനുമുപരി ജനങ്ങൾ സ്വീകരിക്കുന്ന ശുചിത്വസംവിധാനങ്ങൾ പ്രദേശത്തെ പ്രത്യേക സാഹചര്യങ്ങൾക്ക് ഇണങ്ങുന്നവയാണോ എന്ന് ആരും ചിന്തിക്കാറില്ല. ഇത്തരം ചുറ്റുപാടിൽ വ്യക്തികൾ തനിച്ച് ആത്മാർത്ഥമായി ആഗ്രഹിച്ചാൽ പോലും ആരോഗ്യപൂർണമായ ജീവിതം ഇവിടെ സാധ്യമാവുമെന്ന് തോന്നുന്നില്ല. അത്രയ്ക്കും രൂക്ഷമായിരിക്കുന്നു ഇവിടുത്തെ പരിസ്ഥിതി മലിനീകരണം.

വ്യക്തി ശുചിത്വത്തിനു പുറമേ ഗാർഹിക ശുചിത്വവും സമൂഹ ശുചിത്വവും കൈവരിച്ചാലേ സമ്പൂർണ ശുചിത്വവും അതുവഴി ജനങ്ങൾക്കെല്ലാം ആരോഗ്യപൂർണമായ ജീവിതവും പ്രാപ്യമാവുകയുള്ളൂ. കൂടാതെ നാം ശ്വസിക്കുന്ന വായുവും കുടിക്കുന്ന വെള്ളവും കഴിക്കുന്ന ഭക്ഷണവുമെല്ലാം ശുദ്ധവും ആരോഗ്യദായകവുമായിരിക്കണം. സമൂഹത്തെ മൊത്തം ഒരു യൂണിറ്റായി കരുതി അതിനുവേണ്ട ശുചിത്വ പ്രവർത്തനങ്ങളെ സമഗ്രവീക്ഷണത്തോടെ ആവിഷ്കരിക്കുകയും ജനങ്ങളുടെ പൂർണ പങ്കാളിത്തത്തോടും, സഹകരണത്തോടും കൂടി അവ നടപ്പാക്കുകയും ചെയ്താലേ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കാനാവൂ. ഈ ലക്ഷ്യം കൈവരിക്കുന്നതിനാണ് സംസ്ഥാന ഗവൺമെന്റ് ഹരിത കേരളമിഷൻ രൂപീകരിച്ച് നടപ്പിലാക്കിവരുന്നത്. കണ്ണൂർ ജില്ല 2016 ഒക്ടോബര് 1ന് സമ്പൂർണ വെളിയിട വിസർജ്ജ്യമുക്ത ജില്ലയായി പ്രഖ്യാപിച്ചിരുന്നു. അതുകൊണ്ടു തന്നെ 100% വീടുകൾക്കും കക്കൂസ് സംവിധാനം നിലവിലുണ്ട്. എന്നാൽ പൊതു ശൗചാലയങ്ങളുടെ കുറവും, കക്കൂസ് മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ജില്ലയിൽ സംവിധാനമില്ല എന്നതും വലിയ പോരായ്മയായി നിലനിൽക്കുന്നു.

ജില്ലയിലെ മനുഷ്യവിസർജ്ജ്യ സംസ്കരണത്തിന്റെ നിലവിലെ അവസ്ഥ

ആകെ വീടുകളുടെ എണ്ണം	ആകെ ജനസംഖ്യ	കക്കൂസ് ഉള്ളവ	സെപ്റ്റിക് ടാങ്ക് ഉള്ളവ	സംസ്കരണം നടത്തുന്നവ
5,54,298	25,23,003	5,54,298	58902	651

മേൽ പട്ടികയിൽ നിന്നും ശാസ്ത്രീയ സംസ്കരണമില്ലാത്തതിനാൽ നാം നിത്യേന കുടിക്കുന്ന ഭൂഗർഭ ജലത്തിലെ സൂക്ഷ്മാണുക്കളുടെ സാന്നിധ്യം എത്ര ഭീകരണമാണെന്ന് മനസ്സിലാക്കാമല്ലോ.

വിസർജ്ജ്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതും കുഴികൾ നിറയുമ്പോൾ നാം അവലംബിക്കുന്ന രീതിയും സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

കുഴി നിർമിച്ച് അതിലേക്ക് മാറ്റുന്നത്	പ്രൈവറ്റ് ടാങ്കർ ലോറിയിലേക്ക് പമ്പ് ചെയ്തു കൊണ്ടു പോകുന്നത്	ഓടയിലോ തോട്ടിലോ ഒഴുക്കുന്നത്	ഇതു വരെ കുഴി നിറഞ്ഞിട്ടില്ല
58502	3808	121	335418

മേൽപ്രസ്താവിച്ച പട്ടികയിൽ നിന്നും കക്കൂസ് മാലിന്യം സംസ്കരിക്കുന്ന യഥാർത്ഥചിത്രം മനസിലാക്കാം. ഇനിയും നാം അനുഭവിച്ചുക്കൊണ്ടിരിക്കുന്ന രൂക്ഷമായ ഈ മാലിന്യ പ്രശ്നത്തിനു നേരെ കണ്ണു തുറന്നില്ലെങ്കിൽ വരാൻ പോകുന്ന പുതിയ തലമുറയോട് നാം ചെയ്യുന്ന ഏറ്റവും വലിയ അനീതിയാകുമെന്നതിൽ സംശയമില്ല. അതുകൊണ്ടു തന്നെ സ്ഥിരമായും ശാസ്ത്രീയമായതുമായ ഒരു സംസ്കരണ രീതിയെക്കുറിച്ച് ഇവിടെ നമുക്ക് ചിന്തിച്ച് തുടങ്ങാം.

അവലംബിക്കേണ്ട പരിഹാര മാർഗങ്ങൾ

- ജില്ലയിൽ കക്കൂസ് മാലിന്യ സംസ്കരണ കേന്ദ്രം (സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ്) സ്ഥാപിക്കുക.
- പുതിയ വീടുകൾ, ഫ്ലാറ്റുകൾ ഉൾപ്പെടെയുള്ള സമുച്ചയങ്ങൾ എന്നിവയ്ക്ക് നിർബന്ധമായും സെപ്റ്റിക് ടാങ്ക് ഉറപ്പ് വരുത്തുക. ഇത് നിയമം മൂലം കർശനമായും നടപ്പിലാക്കുകയും പരിശോധനക്ക് വിധേയമാക്കുകയും വേണം
- നിലവിൽ സെപ്റ്റിക് ടാങ്ക് ഇല്ലാത്ത വീടുകൾ ടാങ്കുകൾ നിറയുന്ന മുറയ്ക്ക് സംസ്കരണ കേന്ദ്രത്തിലേക്ക് മാറ്റാനുള്ള സംവിധാനം ഒരുക്കണം
- കുടിവെള്ള സ്രോതസ്സുകളും സെപ്റ്റിക് ടാങ്കും തമ്മിലുള്ള അകലം 7.5 മീറ്റർ ഉണ്ടെന്ന് ഉറപ്പാക്കണം
- ഐ.ഇ.സി. ക്യാമ്പയിൻ

കമ്മ്യൂണിറ്റി ടോയിലറ്റ്

ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടേയും കമ്മ്യൂണിറ്റി ടോയിലറ്റുകളുടേയും എണ്ണം താഴെ പറയും പ്രകാരമാണ്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ എണ്ണം	നിലവിൽ കമ്മ്യൂണിറ്റി ടോയിലറ്റുകളുടെ എണ്ണം	ഉപയോഗപ്രദമായവയുടെ എണ്ണം
81	47	32

പൊതു ടോയിലറ്റ്

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ എണ്ണം	നിലവിൽ പൊതു ടോയിലറ്റുകളുടെ എണ്ണം	ഉപയോഗ പ്രദമായവയുടെ എണ്ണം
81	123	83

ജില്ലയിലെ നിലവിൽ ഉപയോഗപ്രദമല്ലാത്ത പൊതു ടോയിലറ്റുകളും കമ്മ്യൂണിറ്റി ടോയിലറ്റുകളും ഉപയോഗ പ്രദമാക്കിയാലും ആവശ്യത്തിന് എണ്ണം തികയില്ല എന്നതാണ് വസ്തുത. ദിനംപ്രതി നഗരവൽക്കരണം നടന്നുകൊണ്ടിരിക്കുന്ന ജില്ലയായതിനാൽ പൊതു ടോയിലറ്റുകളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധന ഉണ്ടായേ മതിയാവൂ.

ജില്ലയിൽ 2017-18 വർഷത്തിൽ ശുചിത്വമിഷൻ (അർബൻ) ഫണ്ട് ഉപയോഗിച്ച് താഴെ പറയും പ്രകാരം മുൻസിപ്പാലിറ്റികളിൽ പൊതു ശൗചാലയം നിർമിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുള്ളത് ആശാവഹമാണ്.

ക്രമ നം	കോർപ്പറേഷ ൻ/ മുൻസിപ്പാലിറ്റി	ടോയിലറ്റുകളുടെ എണ്ണം	സീറ്റുകളുടെ എണ്ണം
1	കണ്ണൂർകോർപറേഷൻ	53	107
2	തലശ്ശേരി	12	42
3	പാനൂർ	3	6
4	ഇരിട്ടി	7	19
5	ആന്തൂർ	3	9
6	ശ്രീകണ്ഠാപുരം	4	16
7	തളിപ്പറമ്പ്	8	26
8	പയ്യന്നൂർ	5	20

താഴെ പറയുന്ന പരിഹാര മാർഗങ്ങൾ അവലംബിച്ചാൽ പൊതു ടോയിലറ്റുകളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവ് വരുത്താൻ സാധിക്കും.

1) നിലവിൽ പി..ബ്ലു.ഡി., റവന്യൂ തുടങ്ങിയ വകുപ്പുകളുടെ സ്ഥലം പൊതു ടോയിലറ്റ് നിർമിക്കുന്നതിന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

2) നിലവിൽ സ്ഥലം ലഭ്യമില്ലാത്തിടങ്ങളിൽ വ്യാപാരി വ്യവസായികളിൽ നിന്നോ പൊതു ജനങ്ങളിൽ നിന്നോ സ്ഥലം സൗജന്യമായി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുക.

3) ജലലഭ്യത ഉറപ്പുവരുത്തേണ്ടതാണ്.

4) പൊതു ടോയിലറ്റുകൾ നിർമിക്കുമ്പോൾ ഷീ ടോയിലറ്റുകൾക്ക് പ്രാധാന്യം നൽകേണ്ടതാണ്.

ഒ.ഡി.എഫ്. സുസ്ഥിരത

ഒ.ഡി.എഫ്. ജില്ല എന്ന നിലയിൽ എല്ലാവീടുകളിലും സ്ഥാപനങ്ങളിലും കക്കൂസ് നിർമിച്ച് നൽകിയെങ്കിലും സുസ്ഥിരമായി ഒ.ഡി.എഫ്. നില നിർത്തുക എന്നുള്ളത് വലിയവെല്ലുവിളിയാണ്. തീരദേശ പ്രദേശങ്ങളിലും ആദിവാസികൾ കൂടുതലുള്ള പ്രദേശങ്ങളിലും ഒ.ഡി.എഫ്. സ്റ്റാറ്റസ് നിലനിർത്തുവാൻ നിരന്തരമായി വിവരവിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. വാർഡുതലത്തിലുള്ള ആരോഗ്യശുചിത്വ പോഷണസമിതിയുടെ നേതൃത്വത്തിൽ മാസംതോറും അവലോകനം ചെയ്യുകയും പരിഹാര മാർഗങ്ങൾ കണ്ടെത്തുകയും വേണം. കുടുംബശ്രീ, അയൽക്കൂട്ടം, ആശാവർക്കർമാർ, ആർ.ഡി. എജന്റുമാർ തുടങ്ങിയവരുടെ സേവനം കൂടി ഉപയോഗപ്പെടുത്താൻ സാധിച്ചാൽ നിരന്തരമായ ഐ.ഇ.സി. പ്രവർത്തനങ്ങളിലൂടെ ഒ.ഡി.എഫ്. സുസ്ഥിരത നിലനിർത്താൻ കഴിയും. ജില്ലാതലത്തിൽ വിവിധ മാധ്യമങ്ങളിലൂടെ ബോധവൽക്കരണ ക്യാമ്പയിൻ സംഘടിപ്പിക്കേണ്ടതാണ്.

ജൈവ – അജൈവ മാലിന്യ പരിപാലനം

മാലിന്യ പരിപാലന രംഗത്ത് മാതൃകാപരമായ പ്രവർത്തനങ്ങളും അനുകരണീയമായ ഒട്ടേറെ മാതൃകകളും സൃഷ്ടിക്കുവാൻ കണ്ണൂരിന് സാധിച്ചിട്ടുണ്ട്. വ്യക്തി ശുചിത്വത്തിനും സാമൂഹ്യാവബോധത്തിലും ജില്ലയുടെ ഔന്നത്യം സാമൂഹ്യ ശുചിത്വത്തിലും ഉറവിടമാലിന്യ പരിപാലനത്തിലും കൈവരിച്ചിട്ടില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങളുടെ വലിയൊരു ഭാഗം പൊതുസ്ഥലങ്ങളിലും ജലസ്രോതസ്സുകളിലും വലിച്ചെറിയപ്പെടുന്നു. പൊതു ശുചിത്വത്തിൽ നാം കാട്ടുന്ന അലസതയും നിസ്സംഗതയും ഭീകരമായ ആരോഗ്യ-പാരിസ്ഥിതിക സാമൂഹ്യ പ്രശ്നങ്ങളാണ് സൃഷ്ടിക്കുന്നത്. ത്വരിതഗതിയിലുള്ള ജനസംഖ്യാ വർദ്ധനവും നഗരവൽക്കരണവും മാലിന്യങ്ങളുടെ അളവ് പതിൻമടങ്ങ് വർദ്ധിക്കുവാൻ കാരണമായി.

ജില്ലയിൽ പ്രതിദിനം ഉണ്ടാകുന്ന ജൈവ-അജൈവ മാലിന്യങ്ങളുടെ ശരാശരി കണക്ക് താഴെ ചേർത്ത പ്രകാരമാണ്.

	ജൈവ മാലിന്യങ്ങൾ		അജൈവമാലിന്യങ്ങൾ
ക്രമ നം.	ഉറവിടങ്ങൾ	അളവ്	അളവ്
1	ഗാർഹികം	744 ടൺ	166 ടൺ
2	മാർക്കറ്റ്	145 ടൺ	25 ടൺ
3	ആശുപത്രികൾ	28 ടൺ	12 ടൺ
4	വിദ്യാഭ്യാസ സ്ഥാപനങ്ങൾ	2 ടൺ	1 ടൺ
5	വ്യാപാര സ്ഥാപനങ്ങൾ	100 ടൺ	22 ടൺ
6	അറവ് മാലിന്യങ്ങൾ	255 ടൺ	6 ടൺ
7	കല്ല്യാണ മണ്ഡപങ്ങൾ	30 ടൺ	2 ടൺ
8	ഹോട്ടലുകൾ	100 ടൺ	5 ടൺ
9	ആരാധനാലയങ്ങൾ	2 ടൺ	0.1 ടൺ
10	കോഴി മാലിന്യങ്ങൾ	60 ടൺ	1 ടൺ
11	ഓഫീസുകൾ	5 ടൺ	1 ടൺ
	ആകെ	**1471 ടൺ**	**241.1 ടൺ**

നിലവിലെ ജൈവമാലിന്യ സംവിധാനങ്ങൾ പൂർണമായും പ്രവർത്തന സജ്ജമാകയാൽ 821ടൺ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കാം. ഗ്രാമീണ മേഖലയിലെ ജൈവമാലിന്യങ്ങളുടെ വലിയൊരു ഭാഗം വളർത്തുമൃഗങ്ങൾക്ക് തീറ്റയായി നൽകുന്നുണ്ട്. കുറച്ചു ഭാഗം കാർഷിക വിളകൾക്ക് വളമായും ഉപയോഗിക്കുന്നു. എങ്കിലും ഉത്പാദിപ്പിക്കപ്പെടുന്ന ജൈവമാലിന്യങ്ങളുടെ 60% ശതമാനം മാത്രമേ ഏതെങ്കിലും തലത്തിൽ ശാസ്ത്രീയമായി സംസ്കരിക്കപ്പെടുന്നുള്ളൂ. ബാക്കി പൊതുസ്ഥലങ്ങളിലും, ജലാശയങ്ങളിലും എത്തിപ്പെടുന്നു.

അശാസ്ത്രീയമായ ജൈവ-അജൈവ മാലിന്യ പരിപാലനം നമ്മുടെ ആവാസ വ്യവസ്ഥയെതന്നെ പ്രതികൂലമായി ബാധിക്കുന്നു. വായു, മണ്ണ്, ജലം എന്നിവ ഇനിയും മലിനമാക്കുകയാണെങ്കിൽ അത് ഭൂമിയിലെ ജീവന്റെ നിലനിൽപ് തന്നെ അപകടത്തിലാക്കും. അതിനാൽ

1) എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം എന്ന ആശയം പ്രവൃത്തി പഥത്തിലെത്തിക്കുക.

2) ഉറവിടമാലിന്യ സംസ്കരണ മനോഭാവവും ശീലവും വളർത്തിയെടുക്കുക

3) ഹരിത പെരുമാറ്റചട്ടം വീടുകൾക്കും, ഓഫീസുകൾക്കും, സ്ഥാപനങ്ങൾക്കും ബാധകമാക്കുക

4) മാലിന്യപരിപാലന നിയമങ്ങൾ പൂർണമായും യഥാവിധി നടപ്പിലാക്കുക.

5) വിവരവിജ്ഞാന വ്യാപന പ്രവർത്തനങ്ങളിലൂടെ ജനങ്ങളിൽ ശാസ്ത്രീയ മാലിന്യ പരിപാലനത്തിന്റെ അവബോധം സൃഷ്ടിക്കുക.

6) ശാസ്ത്രീയമായ രീതിയിൽ മാർക്കറ്റുകൾ പുന:സംഘടിപ്പിക്കുക.

2019-ഓടുകൂടി ശുദ്ധമായ ജലവും വായുവും, മണ്ണുമുള്ള നിർമൽ ജില്ലയായി കണ്ണൂരിനെ മാറ്റി എടുക്കേണ്ടതുണ്ട്. അതിനായി നിലവിൽ ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഇല്ലാത്ത വീടുകൾ, സ്ഥാപനങ്ങൾ, മാർക്കറ്റുകൾ, സ്കൂളുകൾ, ആശുപത്രികൾ എന്നിവയ്ക്ക് അനുയോജ്യമായ ഏതെങ്കിലും ഒരു ശാസ്ത്രീയമാലിന്യ സംസ്കരണ സംവിധാനം ഉണ്ടാകേണ്ടതുണ്ട്.

സ്വന്തമായി ജൈവമാലിന്യ പരിപാലന യൂണിറ്റുകൾ സ്ഥാപിക്കുവാൻ സ്ഥലമില്ലാത്ത കച്ചവട സ്ഥാപനങ്ങൾ, ഫ്ലാറ്റുകൾ, കോളനികൾ, ചെറു പട്ടണങ്ങൾ എന്നിവയ്ക്ക് തുമ്പൂർമുഴി (എയ്റോബിക് ബിൻകമ്പോസ്റ്റിംഗ് യൂണിറ്റ്), ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയവ നിർമിച്ചു നൽകണം.

ജൈവ മാലിന്യപരിപാലനത്തിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, വകുപ്പുകൾ, സർക്കാർ ഏജൻസികൾ എന്നിവയുടെ സഹായത്തോടെ വീടുകൾക്കും, സ്കൂളുകൾക്കും മറ്റ് സ്ഥാപനങ്ങൾക്കും നിർമിച്ചു നൽകിയ ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ വിവരം **അനുബന്ധം 32 ൽ** ചേർക്കുന്നു.

ഗാർഹിക ഖര-ദ്രവ മാലിന്യ സംസ്കരണത്തിന് പ്രധാനമായും ശുചിത്വ മിഷന്റെ ധനസഹായത്തോടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളാണ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. എന്നാൽ കൃഷിവകുപ്പ് മുഖേന സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്.

ജില്ലയിലെ നഗരസഭകളിലും കോർപറേഷനിലുമായി ജൈവമാലിന്യം സംസ്കരിക്കുന്നതിന് ചെറുതെങ്കിലും കേന്ദ്രീകൃതസംസ്കരണ സംവിധാനമാണുള്ളത്. നിലവിൽ ഇത്തരം സംവിധാനങ്ങളുടെ പരിപാലനം നടത്തുന്നത് അതാത് നഗരസഭകളിലെ ശുചീകരണ തൊഴിലാളികളാണ്. ഹരിതകേരളമിഷന്റെ ഭാഗമായി എല്ലാ നഗരസഭകളിലും ഹരിത കർമ സേന നിലവിൽ വന്ന സാഹചര്യത്തിൽ ഇത്തരം സംവിധാനങ്ങളുടെ പരിപാലനം ഹരിതകർമ സേനയിലൂടെ ഉറപ്പുവരുത്തുവാൻ കഴിയും. മാത്രമല്ല വീടുകളിലും, സ്ഥാപനങ്ങളിലും സ്ഥാപിച്ച ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ അറ്റകുറ്റ പണികളും ഹരിതകർമ സേനകളെ ഉപയോഗിച്ച് പരിഹരിക്കാൻ കഴിയും.

അജൈവമാലിന്യ സംസ്കരണ ഉപാധികൾ

കണ്ണൂർജില്ല പരിപൂർണമായും മാലിന്യരഹിതമാക്കുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള ദ്രുദഗതിയിയുള്ള പരിപാടികൾ കണ്ണൂർജില്ലാ ഭരണ കൂടത്തിന്റെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടേയും നേതൃത്വത്തിൽ നടപ്പിലാക്കിവരികയാണ്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 2017 ഏപ്രിൽ 2 ന് കണ്ണൂർജില്ല ഇന്ത്യയിലെ ആദ്യത്തെ പ്ലാസ്റ്റിക് ക്യാരിബാഗ് ഡിസ്പോസിബിൾ മുക്ത ജില്ലയായി പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ തുടർച്ചയെന്നോണം പി.വി.സി. ഫ്ലക്സിന്റെ ഉത്പാദനവും, ഉപയോഗവും ഇല്ലാതാക്കുന്നതിന് ജില്ലാ ഭരണകൂടം തീരുമാനിച്ചിട്ടുണ്ട്.

അജൈവമാലിന്യ പരിപാലനത്തിന് എം.സി.എഫ്., റീസൈക്ലിംഗ് യൂണിറ്റ്, പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് തുടങ്ങിയ അനുയോജ്യ അജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ ആരംഭിക്കേണ്ടതുണ്ട്. ജില്ലയിൽ 20-ഓളം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ അജൈവമാലിന്യ ശേഖരണത്തിന് എം.സി.എഫ്. നിലവിൽ ഉണ്ട്. പ്ലാസ്റ്റിക് സംസ്കരണത്തിന് രണ്ട് റീസൈക്കിൾ യൂണിറ്റും, അഞ്ച് ഷ്രെഡ്ഡിംഗ് യൂണിറ്റും നിലവിൽ ഉണ്ട്.

തദ്ദേശ സ്വയം ഭരണ സ്ഥാപനതലം	മെറ്റീരിയൽ റിക്കവറി സെന്റർ	റീ-സൈക്ലിംഗ് യൂണിറ്റ്	ഷ്രഡ്ഡിംഗ് യൂണിറ്റ്	സ്വാപ് ഷോപ്പ്	ഇൻസനറേറ്റർ
	20	1	5	–	–
സ്വകാര്യ സ്ഥാപനതലം	–	3	–	–	23

ക്രമ നം	തദ്ദേശ സ്വയം ഭരണ സ്ഥാപനം	മെറ്റീരിയൽ റിക്കവറി സെന്റർ	റീ-സൈക്ലിംഗ് യൂണിറ്റ്	ഷ്രഡ്ഡിംഗ് യൂണിറ്റ്
1	ചെമ്പിലോട്		√	
2	കൂറ്റ്യാട്ടൂർ	√		
3	മയ്യിൽ	√		
4	പടിയൂർ-കല്ല്യാട്	√		
5	പയ്യാവൂർ	√		
6	ചെറുകുന്ന്	√		
7	ഏഴോം	√		
8	കണ്ണപുരം	√		
9	മാടായി	√		
10	ചിറ്റാരിപ്പറമ്പ്	√		
11	കതിരൂർ	√		
12	കാങ്കോൽ-ആലപ്പടമ്പ്	√		
13	കേളകം	√		
14	ചപ്പാരപ്പടവ്	√		
15	ധർമടം	√		
16	എരഞ്ഞോളി	√		
17	കൂത്തുപറമ്പ് നഗരസഭ	√		√
18	മട്ടന്നൂർ	√		√
19	ശ്രീകണ്ഠാപുരം	√		
20	പയ്യന്നൂർ	√		√
21	തളിപ്പറമ്പ്			√
22	തലശ്ശേരി			√
23	പയ്യന്നൂർ ബ്ലോക്ക്		√	√

അജൈവ മാലിന്യ പരിപാലന രംഗത്ത് ആക്രി കച്ചവടക്കാരുടെ പ്രവർത്തനം വളരെ പ്രധാനപ്പെട്ടതാണ്. 260 ഓളം ആക്രി കച്ചവടക്കാർ ശുചിത്വമിഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവർക്ക് ഐഡിന്റിറ്റി കാർഡ് നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്. പ്ലാസ്റ്റിക് ക്യാരിബാഗ് ഉൾപ്പെടെയുള്ള സാധനങ്ങൾ 'കളക്ടർ അറ്റ് സ്കൂൾ' എന്ന പദ്ധതി പ്രകാരം സ്കൂളുകളിൽ നിന്നും ആക്രിക്കച്ചവടക്കാർ ശേഖരിക്കുന്നുണ്ട്. ജി.എസ്.ടി. നിലവിൽ വന്നത് മൂലം ഇത്തരം വ്യാപാരത്തിന് മാന്ദ്യം സംഭവിച്ചിട്ടുണ്ട്.

കിസാൻപോലുള്ള സന്നദ്ധ സംഘടനകൾ, പ്ലാസ്റ്റിക് ശേഖരണത്തിന് മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. പ്ലാസ്റ്റിക് ശേഖരണത്തിന് കണ്ണൂരിന്റെ ഹൃദയഭാഗത്ത് എം.ആർ.എഫ്. സ്ഥാപിച്ചുകൊണ്ട് പ്ലാസ്റ്റിക്ക് ശേഖരിച്ചുവരുന്നുണ്ട്.

ശുചിത്വമിഷന്റെ ധന സഹായത്തോടുകൂടി ജില്ലയിലെ മുഴുവൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും 2017-18 വാർഷിക പദ്ധതിയിൽ എം.സി.എഫ്. സ്ഥാപിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത് ഈ രംഗത്ത് വൻ മുന്നേറ്റമായി മാറും. ചില സ്ഥലങ്ങളിൽ ഇത്തരം പദ്ധതികൾക്കെതിരെ ജനകീയ പ്രതിഷേധം ഉയർന്നു വന്നിട്ടുണ്ട്. പ്രാദേശിക സർക്കാറുകളുടേയും കൃത്യമായ ബോധവൽക്കരണ പരിപാടികളിലൂടേയും ഇത്തരം പ്രതിഷേധ സ്വരങ്ങളെ മാറ്റേണ്ടതുണ്ട്.

ആർ.ആർ.എഫ്. കേന്ദ്രങ്ങ ൾ

ക്രമ നം	ത.സ്വ.ഭ. സ്ഥാപനം	നിലവിലെ അവസ്ഥ	പ്രവർത്തന പരിധി
1	മട്ടന്നൂർ മുൻസിപ്പാലിറ്റി	ഷ്രെഡ്ഡിംഗ് പ്രവർത്തനം നല്ല രീതിയിൽ നടന്നു വരുന്നു	മട്ടന്നൂർ മുൻസിപ്പാലിറ്റി
2	പയ്യന്നൂർ മുൻസിപ്പാലിറ്റി	ഷ്രെഡ്ഡിംഗ് പ്രവർത്തനം നല്ല രീതിയിൽ നടന്നു വരുന്നു	പയ്യന്നൂർ മുൻസിപ്പാലിറ്റി
3	തളിപ്പറമ്പ് മുൻസിപ്പാലിറ്റി	നവം.1 ന് ഉദ്ഘാടനം നടത്തിയെങ്കിലും 3-ഫേസ് കണക്ഷൻ ലഭ്യമല്ലാത്തതിനാൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല	തളിപ്പറമ്പ് മുൻസിപ്പാലിറ്റി
4	തലശ്ശേരി മുൻസിപ്പാലിറ്റി	നവം.1 ന് ഉദ്ഘാടനം നടത്തിയെങ്കിലും 3-ഫേസ് കണക്ഷൻ ലഭ്യമല്ലാത്തതിനാൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല	തലശ്ശേരി മുൻസിപ്പാലിറ്റി
5	പയ്യന്നൂർ ബ്ലോക്ക് (മാതമംഗലം)	റീസൈക്ലിംഗ് പ്രവർത്തനം നല്ല രീതിയിൽ നടന്നു വരുന്നു	പയ്യന്നൂർബ്ലോക്ക് പരിധിയിൽ
6	ചെമ്പിലോട് ഗ്രാ.പ.	റീസൈക്ലിംഗ് പ്രവർത്തനം നല്ല രീതിയിൽ നടന്നു വരുന്നു	ചെമ്പിലോട് ഗ്രാ.പ. പരിധി

ആർ.ആർ.എഫ്. കേന്ദ്രങ്ങൾ (2017-18) പ്രൊപ്പോസൽസ്

ക്രമ നം	ത.സ്വ.ഭ. സ്ഥാപനം	നിലവിലെ അവസ്ഥ	പ്രവർത്തന പരിധി
1	ചെറുതാഴം ഗ്രാ.പ.	ആർ.ആർ.എഫ് ബിൽഡിംഗ് ടെണ്ടർ ചെയ്തു.	കല്ല്യാശ്ശേരി ബ്ലോക്ക് പരിധി
2	കല്ല്യാശ്ശേരി ഗ്രാ.പ.	ആർ.ആർ.എഫ് ബിൽഡിംഗ് ടെണ്ടർ ചെയ്തു.	
3	പെരളശ്ശേരി ഗ്രാ.പ.	ആർ.ആർ.എഫ് ബിൽഡിംഗ് ടെണ്ടർ ചെയ്തു.	എടക്കാട് ബ്ലോക്ക് പരിധി
4	അഴീക്കോട്	ഷ്രെഡ്ഡിംഗ് മെഷീൻ സ്ഥാപിച്ചെങ്കിലും പ്രവർത്തനം തുടങ്ങിയിട്ടില്ല	കണ്ണൂർ ബ്ലോക്ക് പരിധി
5	എരഞ്ഞോളി	ആർ.ആർ.എഫ് ബിൽഡിംഗ് സ്ഥാപിച്ചു. ഷ്രെഡ്ഡിംഗ് മെഷീനുള്ള പർച്ചേസ് ഓർഡർ നൽകി.	തലശ്ശേരി ബ്ലോക്ക് പരിധി
6	പരിയാരം	ആർ.ആർ.എഫ് ബിൽഡിംഗ് ടെണ്ടർ ചെയ്തു.	തളിപ്പറമ്പ് ബ്ലോക്ക് പരിധി
7	കതിരൂർ	ആർ.ആർ.എഫ് ബിൽഡിംഗ് ടെണ്ടർ ചെയ്തു.	പാനൂർ ബ്ലോക്ക് പരിധി
8	കേളകം	ആർ.ആർ.എഫ് ബിൽഡിംഗ് സ്ഥാപിച്ചു. ഷ്രെഡ്ഡിംഗ് മെഷീനുള്ള പർച്ചേസ് ഓർഡർ നൽകി	പേരാവൂർ ബ്ലോക്ക് പരിധി
9	പടിയൂർ	നടപടികൾ ആരംഭിച്ചു	ഇരിക്കൂർ ബ്ലോക്ക് പരിധി
10	മാങ്ങാട്ടിടം	ആർ.ആർ.എഫ് ബിൽഡിംഗ് നിർമാണം ആരംഭിച്ചു	കൂത്തുപറമ്പ് ബ്ലോക്ക് പരിധി
11	പയ്യന്നൂർബ്ലോക്ക്	ടെണ്ടർ നടപടികൾ ആരംഭിച്ചു	പയ്യന്നൂർ ബ്ലോക്ക് പരിധി
12	ശ്രീകണ്ഠാപുരം മുൻസിപ്പാലിറ്റി	ടെണ്ടർ നടപടികൾ ആരംഭിച്ചു	ശ്രീകണ്ഠാപുരം മുൻസിപ്പാലിറ്റി
13	ആന്തൂർമുൻസിപ്പാലിറ്റി	ടെണ്ടർ നടപടികൾ ആരംഭിച്ചു	ആന്തൂർ മുൻസിപ്പാലിറ്റി

സാനിട്ടറി ലാന്റ് ഫിൽ

ശാസ്ത്രീയ മാലിന്യ സസ്കരണത്തിന് ഒടുവിൽ അവശേഷിക്കുന്ന റിജെക്ടുകൾ (സാനിട്ടറി നാപ്കിൻ തുടങ്ങിയവ) ശാസ്ത്രീയമായി നിമഞ്ജനം ചെയ്യുന്നതിന് സാനിട്ടറി ലാന്റ് ഫില്ലിനുള്ള സ്ഥല ലഭ്യത ജില്ലയിൽ കണ്ടെത്തേണ്ടതുണ്ട്.

കൺസ്ട്രക്ഷൻ & ഡിമോളിഷിംഗ് വെയ്സ്റ്റ്

ജില്ല അഭിമുഖീകരിക്കുന്ന മറ്റൊരു മാലിന്യപ്രശ്നമാണ് കൺസ്ട്രക്ഷൻ & ഡിമോളിഷിംഗ് വെയ്സ്റ്റ്. ഇത്തരം മാലിന്യങ്ങൾ പ്രത്യേകം തരംതിരിക്കാനും, റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്.) മുഖേന ശേഖരിച്ച് ഉപഉൽപ്പന്നങ്ങളാക്കിമാറ്റുന്നതിനുമുള്ള സംരംഭങ്ങൾക്കും രൂപം കൊടുക്കേണ്ടതുണ്ട്.

ദ്രവമാലിന്യ സംസ്കരണം

ജില്ലയിൽ വിവിധ മാലിന്യ പ്രശ്നങ്ങൾക്ക് ചെറുതും വലുതുമായ പരിഹാര മാർഗങ്ങൾ നടപ്പിലാക്കപ്പെട്ടിട്ടുണ്ടെങ്കിലും നമ്മുടെ ശ്രദ്ധ പതിയാത്തതും, അവഗണിക്കപ്പെട്ടതുമായ മറ്റൊരു മാലിന്യപ്രശ്നമാണ് ദ്രവമാലിന്യ സംസ്കരണം. താഴെ പട്ടികയിൽ വിവരിക്കുന്ന സ്ഥിതി വിവര പട്ടികയിൽ നിന്നും ഇതിന്റെ രൂക്ഷത നമുക്ക് മനസ്സിലാക്കാം.

ആകെ കുടുംബങ്ങൾ	പാഴ് ജലക്കുഴി	സ്വീവേജ് പൈപ്പ്	മരങ്ങളുടെ തടത്തിൽ ഒഴുക്കുന്നത്	കൃഷിക്ക് നനക്കുന്നത്	കോമ്പൗണ്ടിന് പുറത്ത് ഒഴുക്കുന്നത്
5,54,298	2,03,404	15,083	1,48,812	58,444	25,634

മേൽപട്ടികയിൽ നിന്നും ശാസ്ത്രീയമായ രീതിയിലും അല്ലാതെയും മലിനജലം കൈകാര്യം ചെയ്യുന്ന കുടുംബങ്ങളുടെ എണ്ണം മനസ്സിലാവുമല്ലോ. പാഴ്ജല കുഴിയിൽ ഒഴുക്കിവിടുന്ന മലിന ജലത്തിന്റെ തോത് വളരെ വലുതാണ്. അതോടൊപ്പം നാം ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യമാണ് സ്വന്തം വീട്ടിന്റെ കോമ്പൗണ്ടിന്റെ പുറത്തേക്ക് ദ്രവമാലിന്യം ഒഴുക്കിവിടുന്നത്. ഇതൊരു വലിയ സാമൂഹ്യ പ്രശ്നവും അസാംസ്കാരിക പ്രവർത്തനവുമാണ്. ഇത് കേവലം ഒരു ബോധവൽക്കരണ പ്രവർത്തനംകൊണ്ട് മാത്രം നികത്താവുന്ന ഒന്നല്ല. ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പിഴയടക്കമുള്ള നിയമ നടപടികൾ നടപ്പിലാക്കി കൈകാര്യം ചെയ്യേണ്ട വിഷയമാണ്.

പരിഹാര മാർഗങ്ങൾ

- മുഴുവൻ വീടുകൾക്കും ശാസ്ത്രീയ രീതിയിലുള്ള സോക്കേജ്പിറ്റ് സംവിധാനം ഒരുക്കുക.
- ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് കൊണ്ട് ഇത് നടപ്പിലാക്കാൻ സാധിക്കും.
- മലിനജലം ശാസ്ത്രീയമായ രീതിയിൽ സംസ്കരിക്കുന്നില്ലെങ്കിൽ ഉണ്ടാകാവുന്ന ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്തേണ്ടാണ്. ഇതിനായി റസിഡൻസ് അസോസിയേഷൻ പോലുള്ള സംവിധാനങ്ങളെ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയണം

സ്ഥാപന ശുചിത്വം

1) **സ്കൂൾ:** ഏറ്റവും വൃത്തിയായി സൂക്ഷിക്കേണ്ട സ്ഥാപനം. ശുചിത്വത്തിന്റെ പാഠങ്ങൾ വിദ്യാർത്ഥികൾ സ്കൂളിൽനിന്നു പഠിക്കണം. ശുദ്ധമായ കുടിവെള്ളം, സുരക്ഷിതമായ മലമൂത്ര നിർമാർജന സംവിധാനങ്ങൾ, ഖരദ്രവമാലിന്യ നിർമാർജനം, വൃത്തിയുള്ള കഞ്ഞിപ്പുര, ക്ലാസ്സ് മുറികളുടെയും, സ്കൂൾപരിസരത്തിന്റെയും ശുചിത്വം എന്നിവയെല്ലാം സ്കൂളിൽ നിർബന്ധമായും പാലിച്ചിരിക്കണം. ഇത്തരം സംവിധാനങ്ങളുടെ ഉപയോഗം മനസ്സിലാക്കുന്ന വിദ്യാർത്ഥികൾ സ്വന്തം വീട്ടിലും സമൂഹത്തിലും പകർത്തുവാൻ ശ്രമിക്കുന്നത് സമ്പൂർണ ശുചിത്വം നേടാൻ ഏറെ സഹായിക്കും. അതുകൊണ്ട് സ്കൂൾ ശുചിത്വം വിദ്യാർത്ഥികളും, അദ്ധ്യാപകരും, രക്ഷിതാക്കളും ചേർന്ന് നടപ്പിലാക്കേണ്ടതുണ്ട്. ജില്ലയിലെ 281 ഗവൺമെന്റ് സകൂളുകളിലും 962 എയ്ഡഡ് സ്കൂളുകളിലും 67 അൺഎയ്ഡഡ് സ്കൂളുകളിലും സുരക്ഷിതമായ മലമൂത്ര നിർമാർജന സംവിധാനങ്ങൾ ഉണ്ടെങ്കിലും ശരിയായി പരിപാലിക്കാത്തത് ശുചിത്വരംഗത്ത് വലിയ വെല്ലുവിളിയാണ്. സ്കൂളുകളിൽ ശരിയായ രീതിയിലുള്ള ഖര-ദ്രവ മാലിന്യ നിർമാർജനത്തിന് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

ജില്ലയിലുള്ള 2503 അംഗൻവാടികളിൽ അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം ഇല്ലാത്തത് ശുചിത്വ സൗകര്യങ്ങൾ ഒരുക്കുന്നതിന് വിഘാതം സൃഷ്ടിക്കുന്നു. 2913 ഗവൺമെന്റ് ഓഫീസുകളിലും ഗ്രീൻപ്രോട്ടോക്കോൾ പാലിക്കേണ്ടതുണ്ട്.

2) **ആശുപത്രികൾ:** രോഗം ചികിത്സിച്ച് ഭേദമാക്കുന്ന ആശുപത്രികൾ ശുചിത്വത്തിന്റെ കാര്യത്തിൽ മാതൃക കാണിക്കാൻ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ശുചിത്വമില്ലായ്മയാണ് 80% രോഗങ്ങളുടേയും കാരണമെന്നതെന്നാൽ ഇക്കാര്യം ഏറെ പ്രാധാന്യം അർഹിക്കുന്നു. ജൈവ-അജൈവമാലിന്യങ്ങളെ അശാസ്ത്രീയമായി കൈകാര്യം ചെയ്യുന്ന ആശുപത്രികൾ ജില്ലയിലെ മറ്റൊരു വെല്ലുവിളിയാണ്. ഏതാനും ഹോസ്പിറ്റലുകളിലെ ബയോമെഡിക്കൽ മാലിന്യം നിലവിൽ ഐ.എം.എ. യുടെ നേതൃത്വത്തിൽ 'ഇമേജ്' എന്ന സംഘടന സംസ്കരിച്ചുവരുന്നുണ്ട്. എല്ലാം ഹോസ്പിറ്റലുകളിലേയ്ക്കും ഈ രീതി അവലംബിക്കേണ്ടതുണ്ട്.

3) **വ്യവസായ സ്ഥാപനങ്ങൾ:** ആപത്കരമായ മാലിന്യങ്ങൾ ഉത്പാദിപ്പിക്കുന്ന 136-ഓളം വ്യവസായ സ്ഥാപനങ്ങൾ കണ്ണൂർജില്ലയിൽ നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഭൂരിഭാഗം വ്യവസായ സ്ഥാപനങ്ങളിലും പൂർണമായും ശാസ്ത്രീയമായ സംസ്കരണ സംവിധാനങ്ങളില്ല എന്നത് വസ്തുതയാണ്. കണ്ണൂർയൂണിവേഴ്സിറ്റി കാലാവസ്ഥ പഠനവിഭാഗം നടത്തിയ പഠനത്തിൽ ആന്ധ്രർമുൻസിപ്പാലിറ്റിയിലെ ധർമശാല പ്രദേശത്ത് വായു മലിനീകരണ തോത് ഏറ്റവും കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ വ്യവസായശാല കേന്ദ്രീകരിച്ചും അല്ലാതെയുമുള്ള മേഖലകളിൽവായു മലിനീകരണത്തെക്കുറിച്ച് പഠിക്കുന്നതിന് വിദഗ്ധ സമിതി രൂപീകരിക്കേണ്ടതും സമഗ്ര പഠനം നടത്തേണ്ടതും അത്യാവശ്യമാണ്. ഓരോ വ്യവസായ സ്ഥാപനത്തിലും ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം ഉറപ്പുവരുത്തേണ്ടതാണ്. നിയമ ലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചാൽ മാത്രമേ വളരെ ആപൽക്കരമായ ഇത്തരം മാലിന്യ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. ത.സ്വ.ഭ. സ്ഥാപനങ്ങൾ വ്യവസായ സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കി നൽകുമ്പോൾ ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4) **ടൂറിസ്റ്റ് കേന്ദ്രങ്ങൾ:** ജില്ലയിൽ 25-ഓളം ടൂറിസ്റ്റ് കേന്ദ്രങ്ങളുണ്ട്. എന്നാൽ ഇത്തരം കേന്ദ്രങ്ങളിൽ ആവശ്യത്തിന് ടോയിലറ്റുകളോ, മാലിന്യ ശേഖരണ സംവിധാനങ്ങളോ നിലവിലില്ല. ത.സ്വ.ഭ. സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഇത്തരം സംവിധാനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്. പയ്യാമ്പലം ബീച്ചിൽ 'ദിശ' എന്ന പേരിലുള്ള സന്നദ്ധ സംഘടന മാലിന്യ ശേഖരണ സംസ്കരണ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെങ്കിലും ഇത് ശരിയായ രീതിയിൽ പരിപാലിക്കാത്തതും, ജനങ്ങളുടെ അവബോധക്കുറവും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

5) **തീർത്ഥാടന കേന്ദ്രങ്ങൾ:** കണ്ണൂർജില്ലയിൽ ചെറുതും വലുതുമായ 15 തീർത്ഥാടന കേന്ദ്രങ്ങൾ നിലവിലുണ്ട്. ദക്ഷിണകാശി എന്നറിയപ്പെടുന്ന കൊട്ടിയൂർ വൈശാഖ മഹോത്സവത്തിൽ ലക്ഷക്കണക്കിനാളുകളാണ് പങ്കെടുത്തുവരുന്നത്. കഴിഞ്ഞ 2 വർഷമായി ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കുന്നതുവഴി മാലിന്യത്തിന്റെ അളവ് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. എങ്കിലും ഉത്സവ സമയത്തുണ്ടാകുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കാൻ സുസ്ഥിരമായ മാലിന്യ സംസ്കരണ പദ്ധതി തയ്യാറാക്കേണ്ടതുണ്ട്. പ്രശസ്തമായ പറശ്ശിനി മഠപ്പുര, ഇരിക്കൂർ മാമാനം അമ്പലം എന്നിവിടങ്ങളിലെല്ലാം ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങളുണ്ട്.

ഹരിതകേരള മിഷന്റെ ഭാഗമായി 2016 ഡിസംബർ 8 മുതൽ പൊതുസ്ഥലങ്ങളിലെ മാലിന്യങ്ങൾ നീക്കം ചെയ്തിട്ടുണ്ട്. പൊതു സ്ഥലങ്ങളിൽ മാലിന്യം കുമിഞ്ഞ് കൂടുന്ന അവസ്ഥയ്ക്ക് വലിയ മാറ്റങ്ങളുണ്ടായിട്ടുമുണ്ട്. കോർപറേഷൻ പരിധിയിൽ ചില സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നുണ്ടെങ്കിലും ദിവസേന കോർപറേഷന്റെ നേതൃത്വത്തിൽ മാലിന്യങ്ങൾ നീക്കം ചെയ്തുവരുന്നുണ്ട്.

ശവസംസ്കാരവും മലിനീകരണവും

ജില്ലയിൽ പ്രതിവർഷം ശരാശരി 15,000 നും 16000-ത്തിനുമിടയിൽ ആളുകൾ മരണപ്പെടുന്നതായി കണക്കുകൾ രേഖപ്പെടുത്തുന്നു. നിലവിൽ ശവസംസ്കാരം നടത്തുന്നത് മതാടിസ്ഥാനത്തിലും, സമുദായാടിസ്ഥാനത്തിലും, പൊതു ശ്മശാനങ്ങളിലുമായാണ്. പൊതു ശ്മശാനങ്ങൾ പൊതുവേ കുറവാണ്. ഇവിടങ്ങളിൽ ശവങ്ങൾ സംസ്കരിക്കുന്നതിനുള്ള സൗകര്യങ്ങൾ പരിമിതമാണ്. ജില്ലയിൽ ശാസ്ത്രീയമായി ശവസംസ്കാരം നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയത് വിരലിലെണ്ണാവുന്ന ത.സ്വ.ഭ. സ്ഥാപനങ്ങൾ മാത്രമാണ്. അശാസ്ത്രീയമായ ശവസംസ്കാരം വഴി പാരിസ്ഥിതിക പ്രശ്നങ്ങൾ ജലമലിനീകരണം, വായു മലിനീകരണം തുടങ്ങിയ പ്രശ്നങ്ങളുണ്ടാകുന്നു. ശവങ്ങൾ മണ്ണിൽ കുഴിച്ചിടുന്നത് വൻതോതിലുള്ള ജലമലിനീകരണത്തിന് കാരണമാവുന്നുണ്ട്. ജനസാന്ദ്രത കൂടുതലും പ്രതിശീർഷ ഭൂമിയുടെ അളവ് കുറവും കൂടിവെള്ള കിണറുകളുടെ എണ്ണം കൂടുതലുമുള്ള ജില്ലയിൽ വരും കാലങ്ങളിൽ ശവസംസ്കാരത്തിന് ശാസ്ത്രീയ മാർഗങ്ങൾ അവലംബിച്ചില്ലെങ്കിൽ മലിനീകരണം രൂക്ഷമാകാനാണ് സാധ്യത. അതിനാൽ

1) ശാസ്ത്രീയമായി ശവം സംസ്കരിക്കപ്പെടുന്നതിന് ആധുനിക രീതിയിലുള്ള ഗ്യാസ് ക്രിമറ്റോറിയങ്ങൾ ബ്ലോക്ക് അടിസ്ഥാനത്തിൽ സ്ഥാപിക്കുക.

2) വീട്ടുവളപ്പിലുള്ള അശാസ്ത്രീയമായ ശവസംസ്കാരം കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങളെ ബോധവൽക്കരിക്കുക.

നിലവിലുള്ള പൊതു ശ്മശാനങ്ങളുടെ കണക്ക്

നിലവിൽ പൊതുശ്മശാനങ്ങളുള്ള ഗ്രാമപഞ്ചായത്തുകൾ	43
നിലവിൽ പൊതു ശ്മശാനങ്ങളുള്ള നഗരസഭകൾ	9
നിലവിൽഗ്യാസ് ക്രിമറ്റോറിയം ഉള്ള ത.സ്വ.ഭ. സ്ഥാപനങ്ങൾ	2
ഗ്യാസ് ക്രിമറ്റോറിയം 2017-18 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയ ത.സ്വ.ഭ.സ്ഥാപനങ്ങൾ	7

അറവുമാലിന്യ സംസ്കരണം

ജില്ല അഭിമുഖീകരിക്കുന്ന മറ്റൊരു വലിയ വെല്ലുവിളിയാണ് അനുദിനം വർദ്ധിച്ചു കൊണ്ടിരിക്കുന്ന അറവ് മാലിന്യങ്ങൾ. യാതൊരുവിധ ശാസ്ത്രീയ പാശ്ചാത്തലവുമില്ലാതെ ഇവ പൊതുയിടങ്ങളിലും, ജല സ്രോതസ്സുകളിലും റോഡിന്റെ വശങ്ങളിലുമായി നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. ഇത് വഴി നമ്മുടെ പ്രകൃതി വിഭവങ്ങളായ മണ്ണിനേയും ജലത്തെയും സാരമായി ബാധിക്കുന്നത് വഴി പരിസ്ഥിതി നശീകരണത്തിന് വഴിവെക്കുന്നു. ഇതിന്റെ പ്രധാന കാരണം നമ്മുടെ ജില്ലയിൽ ഇത്തരത്തിലുള്ള മാലിന്യങ്ങളെ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള സംവിധാനം ഇല്ല എന്നതുതന്നെയാണ്.

നിലവിലെ കോഴിമാലിന്യ സംസ്കരണത്തെ അടിസ്ഥാനമാക്കി സർവെ നടത്തിയപ്പോൾ ഭീതിപ്പെടുത്തുന്ന വിവരങ്ങളാണ് നമുക്ക് ലഭ്യമായത്. ജില്ലയിലെ വിവിധ പ്രദേശങ്ങളിലായി 1880 കോഴി കശാപ്പ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ കേന്ദ്രങ്ങൾക്കൊന്നും കശാപ്പ് ചെയ്യാനുള്ള സർക്കാർ അനുമതി ലഭ്യമായിട്ടില്ല എന്നുള്ളതാണ് വാസ്തവം. മുകളിൽ പറഞ്ഞ കശാപ്പ് കേന്ദ്രങ്ങളിൽ 524 എണ്ണം മാത്രമാണ് കോഴി വിൽപ്പന നടത്തുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കാവുന്ന ലൈസൻസോടുകൂടി പ്രവർത്തിക്കുന്നത്. ലൈസൻസോടുകൂടി ആരംഭിക്കുന്ന ഇത്തരം കേന്ദ്രങ്ങൾ പിന്നീട് സമയാസമയങ്ങളിൽ ഗവൺമെന്റ് പുറപ്പെടുവിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാതെയാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

ജില്ലയിൽ ഒരു ദിവസം ഉത്പാദിപ്പിക്കുന്ന കോഴി മാലിന്യത്തിന്റെ ഏകദേശ കണക്ക്.

ഒരു ദിവസം കശാപ്പ് ചെയ്യുന്ന കോഴികളുടെ എണ്ണം	കി.ഗ്രാം.	ഉണ്ടാക്കുന്ന മാലിന്യത്തിന്റെ കണക്ക്	ഒരു മാസം ഉണ്ടാകുന്ന മാലിന്യം
120000	244000 കി.	80 ടൺ	2480 ടൺ

കോഴി മാലിന്യത്തെപോലെ വെല്ലുവിളി നേരിടുന്ന ഒന്നാണ് ഭക്ഷണാവശ്യത്തിനായി കശാപ്പ് ചെയ്യുന്ന ആടുമാടുകളിൽ നിന്നുണ്ടാകുന്ന അറവ് മാലിന്യങ്ങൾ. ജില്ലയിൽ ഇത്തരം മൃഗങ്ങളെ ശാസ്ത്രീയമായി കശാപ്പ് ചെയ്യുന്നതിനും കശാപ്പിലൂടെയുണ്ടാകുന്ന മാലിന്യത്തെ സംസ്കരിക്കുന്നതിനും യാതൊരുവിധ സംവിധാനങ്ങളും നിലവിലില്ല. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനപരിധിയിലും ഇത്തരത്തിലുള്ള നിരവധി കശാപ്പ് കേന്ദ്രം പ്രവർത്തിക്കുന്നുണ്ടെങ്കിലും ജില്ലയിൽ ത.സ്വ.ഭ. സ്ഥാപന ലൈസൻസോടു കൂടി പ്രവർത്തിക്കുന്ന ഒരു സ്ഥാപനം പോലും ഇല്ല എന്നുള്ളതാണ് വസ്തുത.

ഒരു വർഷം കശാപ്പ് ചെയ്യുന്ന ആട്/മാട് എന്നിവയുടെ വിവരങ്ങൾ

ഒരു വർഷം കശാപ്പ് ചെയ്യുന്ന ആട്/മാട് എന്നിവ	എണ്ണം	മാലിന്യത്തിന്റെ അളവ്
പോത്ത്	10589	232 ടൺ
കാള	54896	988 ടൺ
ആട്	38692	154 ടൺ
പന്നി	11252	101 ടൺ

നമ്മുടെ ജില്ലയിലെ അറവുശാലകളുടെ അശാസ്ത്രീയമായ പ്രവർത്തനത്തിന്റെയും സംസ്കരണത്തിന്റെയും ഫലമായി ഉണ്ടാകുന്ന മാലിന്യത്തിന്റെ അളവ് നമ്മൾ ഊഹിക്കുന്നതിലും അപ്പുറമാണ് എന്ന കാര്യം മുകളിൽ പറഞ്ഞ കണക്കുകളിൽ നിന്നും വ്യക്തമാണ്.

ജില്ലയിൽ അറവ് മാലിന്യത്തിന്റെ ശാശ്വത പരിഹാരമായിട്ടാണ് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ചട്ടുകപ്പാറയിൽ നിർമിക്കാനുദ്ദേശിക്കുന്ന ആധുനിക അറവ് ശാല. ഈ പദ്ധതി പ്രവർത്തനക്ഷമമാകുന്നതോടു കൂടി ജില്ലയിലെ അറവുമാലിന്യങ്ങൾ ആധുനിക രീതിയിൽ ശാസ്ത്രീയമായി സംസ്കരിക്കാൻ സാധിക്കുന്നതാണ്. അതുപോലെതന്നെ സ്വകാര്യ മേഖലയിൽ കുത്തുപറമ്പ്, പയ്യന്നൂർ, പാപ്പിനിശ്ശേരി എന്നിവിടങ്ങളിൽ ആരംഭിക്കുന്ന കോഴി മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാകുന്നതോടെ നമ്മുടെ ജില്ല നേരിടുന്ന പ്രധാന വെല്ലുവിളിയായ കോഴി മാലിന്യവും ശാസ്ത്രീയമായി സംസ്കരിക്കപ്പെടും.

ശീലങ്ങൾ മാറ്റിയെടുക്കുക എന്നുള്ളത് ഏതൊരു പ്രവർത്തനത്തിന്റെയും പോലെ ജയപരാജയം നിർണയിക്കുന്ന ഒരു പ്രധാന ഘടകമാണ്. പ്രത്യേകിച്ച് മാലിന്യ സംസ്കരണത്തിന്റെ കാര്യത്തിൽ. അതുകൊണ്ടുതന്നെ വിവര വിജ്ഞാന വ്യാപന പ്രവർത്തനത്തിന്റെ പങ്ക് വളരെ വലുതാണ്. ജില്ലയിലുണ്ടാകുന്ന മുഴുവൻ അറവ് മാലിന്യങ്ങളും പൂർണമായും മുകളിൽപറഞ്ഞ കേന്ദ്രത്തിൽ എത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ചുമതലയായിരിക്കും. ഇത് ലംഘിക്കുന്നവർക്ക് ശക്തമായ ശിക്ഷാ നടപടികളുമായി ത.സ്വ.ഭ. സ്ഥാപനങ്ങൾ മുന്നോട്ട് പോയാൽ മാത്രമേ നമ്മുടെ ജില്ലയെ മാലിന്യമുക്ത കണ്ണൂരാക്കിമാറ്റാൻ നമുക്ക് സാധ്യമാവുകയുള്ളൂ.

ഇ-മാലിന്യം

പ്രകൃതി നൽകുന്ന സൗഭാഗ്യങ്ങളെ ആദരവോടെ കണ്ടുപോന്ന സംസ്കൃതിയുടെ ഉടമകളാണ് മലയാളികൾ. പ്രകൃതിക്ക് കോട്ടം തട്ടാത്തവിധം ആരോഗ്യകരമായ ജീവിതശൈലിയും ശ്രുചിത്വശീലങ്ങളും നമ്മുടെ പൂർവികൻമാരുടെ കൈമുതലായിരുന്നു. ആഗോളീകൃത സാഹചര്യത്തിൽ സകലനാടുകളേയും ആവേശിച്ച ഉപഭോഗതൃഷ്ണ മലയാളി യുടേയും പാരിസ്ഥിതിക ബോധത്തിൽ അനാരോഗ്യകരവും അനഭികാമ്യവുമായ മാറ്റങ്ങൾ വരുത്തി. ഒറ്റത്തവണ മാത്രം ഉപോയോഗിച്ച് ഉപേക്ഷിക്കുന്ന സാധനസാമഗ്രികളുടെ എണ്ണം അനുദിനം വർദ്ധിക്കുന്നു. പുന:ചക്രമണം ചെയ്യാവുന്നവപോലും ഇടംവലം നോക്കാതെ വലിച്ചെറിയുന്ന ശീലം മലയാളികളിൽ ഒഴിയാബാധയായി പടർന്നിരിക്കുന്നു.

സാങ്കേതിക വിദ്യയുടെ അനന്തഭ്രമം മനുഷ്യനിൽ ഉടലെടുത്തിരിക്കുന്നു. അനുദിനം മാറിമറിയുന്ന സാങ്കേതികവിദ്യയുടെ കൂടെ അവനും മാറുന്നു. വിപണിയിലെത്തുന്ന നൂതന സാങ്കേതികവിദ്യ ഉൾക്കൊള്ളുന്ന ഉപകരണങ്ങൾ സ്വന്തമാക്കുകയും, നിലവിൽ ഉപയോഗിച്ച് കൊണ്ടിരിക്കുന്നവയെ ഭ്രമിയിലേക്ക് വലിച്ചെറിയുകയും ചെയ്യുന്ന പ്രവണത മനുഷ്യനിൽ ഏറി വരികയാണ്. ഇത്തരം പ്രവൃത്തികളാൽ പൊതു ഇടങ്ങളിൽ കുമിഞ്ഞുകൂടുന്ന ഇലക്ട്രോണിക് മാലിന്യങ്ങൾ അഥവാ ഇ-മാലിന്യങ്ങൾ കാഴ്ചയിൽ അലോസരം സൃഷ്ടിക്കാത്ത തലത്തിലേക്ക് നമ്മുടെ പാരിസ്ഥിതികാവബോധം പരുവപ്പെട്ടിട്ടുണ്ടെന്ന് പറഞ്ഞാൽ അതിശയോക്തിയാവില്ല.

ഉപയോഗശൂന്യമായ കമ്പ്യൂട്ടറുകൾ, ഓഫീസുകളിലെ ഇലക്ട്രോണിക് ഉപകരണങ്ങൾ, ഫോണുകൾ, ടെലിവിഷനുകൾ, റഫ്രിജറേറ്ററുകൾ, വിനോദത്തിനുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ മുതലായവയാണ് ഇ-മാലിന്യങ്ങൾ. മേൽപ്പറഞ്ഞ ഇ-മാലിന്യങ്ങൾ അലക്ഷ്യമായ് വലിച്ചെറിയപ്പെടുന്നത് വഴി അതിൽ അടുക്കിയിരിക്കുന്ന മാരകവിഷവാതകങ്ങളും ദ്രവ്യങ്ങളും നമ്മുടെ ഭ്രഗർഭജലത്തിലും, മണ്ണിലും, തടാകങ്ങളിലും, വായുവിലും ചേരുകയും ഭക്ഷണ പദാർത്ഥങ്ങളിലൂടെ മനുഷ്യനിലേക്കെത്തി മാരക ആരോഗ്യപ്രശ്നങ്ങൾക്ക് ഇടയാക്കുകയും ചെയ്യുന്നു. ശാസ്ത്രീയമായി ഇ-മാലിന്യം കൈകാര്യം ചെയ്യേണ്ടതിന്റെ ആവശ്യകതയാണ് ഇതു നമുക്ക് മനസ്സിലാക്കിതന്നത്.

സോളിഡ് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾ 2016 പ്രകാരം ഇലക്ട്രിക്/ഇലക്ട്രോണിക്സ് വസ്തുക്കളുടെ നിർമാതാക്കൾ അവരവരുടെ പ്രൊഡക്ട്സ് അതിന്റെ കാലാവധിക്ക് ശേഷം തിരിച്ചെടുക്കേണ്ടതും, പുന:ചംക്രമണത്തിന് വിധേയമാക്കേണ്ടതുമാണ്. ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള ക്ലീൻകേരള കമ്പനിക്കാണ് ഈ-മാലിന്യം ശേഖരിച്ച് സംസ്കരിക്കാനുള്ള ചുമതല. ഹരിതകേരള മിഷന്റെ ഭാഗമായി വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ശേഖരിക്കപ്പെടുന്ന ഇ-മാലിന്യം ക്ലീൻകേരള കമ്പനി ശേഖരിച്ച് പുന:ചക്രമണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. കണ്ണൂർ കളക്ടേറ്റിലെ 176 ടൺ ഇ-മാലിന്യം ക്ലീൻകേരള കമ്പനിക്ക് പുന:ചക്രമണത്തിനായി നൽകിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി ജില്ലയിലെ മുഴുവൻ സ്ഥാപനങ്ങളിലും, വീടുകളിലും ഇ-മാലിന്യം ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് അവബോധം ഉണ്ടാക്കിയെടുത്ത് ത.സ്വ.ഭ. സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി ശരിയായ ഒരു മാലിന്യസംസ്കരണ സംവിധാനം നമുക്ക് രൂപപ്പെടുത്താൻ സാധിക്കണം.

ഇ.പി.ആർ. നെപ്പറ്റി ദൃശ്യ-പത്ര ദൃശ്യ മാധ്യമങ്ങൾ, ലഘുലേഖകൾ മറ്റു വിവരവിജ്ഞാന വ്യാപന പ്രവൃത്തികൾ എന്നിവയിലൂടെ ഉപഭോക്താവിനെ അറിയിച്ച് അവരെ ബോധവാന്മാരേക്കണ്ടതാണ്.

മനുഷ്യമനസ്സുപോലും മലിനമാക്കിക്കൊണ്ടിരിക്കുന്ന വർത്തമാനകാലത്ത് വായു, ജലം, മണ്ണ് ഇവ കേവലം സ്വപ്നമായി മാറിക്കൊണ്ടിരിക്കുകയാണ്. കല്ലും, മണ്ണും, കരിയിലകളും, ചവുട്ടികടന്നുപോയ പൂർവികരുടെ ഗ്രാമപാതകൾ നാം ഉന്മൂലനം ചെയ്ത് നഗരപാതകളാക്കി ഓരങ്ങളിൽ മാലിന്യക്കൂമ്പാരങ്ങൾ തീർത്തു. പുഴക്കളും, ഈച്ചയും, കൊതുകും, പട്ടികളും ആർത്തു പുളച്ചവിടെ ദുർഗന്ധപൂരിതമായി. വയലുകളും, തണ്ണീർത്തടങ്ങളും നികത്തി, കുന്നുകൾ ഇടിച്ചു നികത്തി ഫ്ലാറ്റുകളും, വിമാനത്താവളങ്ങളും നിർമിച്ചു. പക്ഷെ, കുടിവെള്ളത്തിനായി നെട്ടോട്ടമോടി വെയിലിന്റെ കനലുകളേറ്റുവാടി മണ്ണും ജലവും വായുവും വിഷലിപ്തമാക്കി, രോഗാതുരമായ ഒരു സമൂഹത്തെ സൃഷ്ടിച്ചു. നാളെയുടെ നിഷ്കളങ്ക ബാല്യങ്ങൾക്കു സമ്മാനിക്കുവാൻ ശ്രദ്ധമായത് എന്താണ് നമുക്കുള്ളത്- സമയമായി... ഒരു പുനർവിചിന്തനത്തിന്... മാലിന്യ വിമുക്ത കണ്ണൂരിനായ് നമുക്ക് കൈകോർക്കാം.

4.2 (ഡി) പാർപ്പിടം, സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിലൊന്നാണ് സുരക്ഷിതവും അവശ്യ സൗകര്യങ്ങളടങ്ങിയതുമായ പാർപ്പിടം. സാമൂഹ്യവും സാമ്പത്തികവുമായി പിന്നാക്കം കിടക്കുന്നവർക്ക് സ്വന്തമായ വീടെന്ന സ്വപ്നം സാക്ഷാത്കരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും നേതൃത്വത്തിൽ ഒട്ടേറേ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കി വരുന്നുണ്ട്.

കണ്ണൂർ ജില്ലയിൽ 71 ഗ്രാമ പഞ്ചായത്തുകളും 9 നഗരസഭകളും ഒരു കോർപറേഷനുമാണുള്ളത്. കേരളത്തിലെ തന്നെ ജനസാന്ദ്രത കൂടിയ ഗ്രാമപഞ്ചായത്തുകളാണ് നമ്മുടേത്. കൂട്ടുകുടുംബങ്ങളിൽ നിന്ന് അണുകുടുംബങ്ങളിലേക്കുള്ള പരിവർത്തനം നാടിന്റെ വികസന രംഗത്ത് കൂടുതൽ പ്രശ്നങ്ങളും വെല്ലുവിളികളും സൃഷ്ടിച്ചിരിക്കുകയാണ്. അണുകുടുംബങ്ങളുടെ വ്യാപനം ഭവന നിർമാണരംഗത്ത് ആവശ്യങ്ങൾ അധികരിക്കുവാൻ ഇടയാക്കി. ഭൂമിയുടെ ലഭ്യതക്കുറവും വർദ്ധിച്ച വിലയും ബിപിഎൽ കുടുംബങ്ങൾക്കൊപ്പം പൊതു വിഭാഗത്തിനും പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. ഭൂമിയുടെ തുണ്ടുവൽക്കരണത്തിനും ഇത് വഴിതെളിച്ചിരിക്കുന്നു. ഭവന നിർമാണത്തിന് അനുയോജ്യമായ ഭൂമി ലഭിക്കാത്തതും വിഭവങ്ങളുടെ ലഭ്യതക്കുറവും നിർമാണസാമഗ്രികളുടെ വിലവർദ്ധനവും വലിയപ്രശ്നമാണ്.

2011 സെൻസസ് പ്രകാരം കണ്ണൂർ ജില്ലയിൽ ഉള്ള വീടുകളുടെ എണ്ണം **അനുബന്ധം 33 ൽ** കാണിച്ചിരിക്കുന്നു.

സ്ഥലമാന വിശകലനം

തങ്ങളുടെ പരിധിയിലെ എല്ലാവർക്കും സുരക്ഷിതവും അടിസ്ഥാന സൗകര്യങ്ങളുള്ളതുമായ വീടുകൾ ഉണ്ടാവുകയെന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രധാന ഇടപെടൽ മേഖലയാണ്. സാമ്പത്തിക സുരക്ഷയുള്ള എല്ലാവരും അത്യാവശ്യ സൗകര്യങ്ങളുള്ള വീടുകൾ നിർമിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രോത്സാഹിപ്പിക്കണം.

കൂട്ടമറ്റ രീതിയിൽ ഗ്രണഭോക്താക്കളുടെ തെരഞ്ഞെടുപ്പിനും വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടുകളുടെ സംയോജനത്തിനും പറ്റിയ തലം തദ്ദേശ സ്വയംഭരണ സ്ഥാപനമാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ആവശ്യമായ സബ്സിഡികൾ നൽകുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും ഫണ്ട് വകയിരുത്താനും പദ്ധതികൾ തയ്യാറാക്കാനും തദ്ദേശ ഭരണ സ്ഥാപനങ്ങളാണ് കൂടുതൽ ഉചിതമായ തലം.

സാമൂഹ്യക്ഷേമം-സുരക്ഷിതത്വം

സാമൂഹ്യ സുരക്ഷിതത്വ മേഖലയിൽ സംസ്ഥാന സർക്കാരിന്റെ സാമൂഹ്യനീതി വകുപ്പ വഴി തടവുകാർ, ജയിൽ മോചിതർ, പ്രൊബേഷണർമാർ എന്നിവരുടെ കുടുംബങ്ങളെ സഹായിക്കുവാനുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നുണ്ട്. ജയിൽ മോചിതരായവർക്കുവേണ്ടിയുള്ള ആഫ്റ്റർ കെയർ സർവീസ് എന്ന നിലയിൽ അവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി ഒരാൾക്ക് 10,000 (പതിനായിരം രൂപ മാത്രം) രൂപ നിരക്കിൽ തുക അനുവദിക്കുന്നുണ്ട്. കൂടാതെ അർഹതപ്പെട്ടവർക്ക് ഇതേ ആവശ്യത്തിനുള്ള ബാങ്ക് ലോണുകളും നൽകി വരുന്നുണ്ട്. 2016-17 അഞ്ചു പേർക്കായി 75,000 (എഴുപത്തി അഞ്ചായിരം രൂപ മാത്രം) 2017-18 ൽ ഒരാൾക്കും കണ്ണൂർ ജില്ല ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ തടവുകാരുടെ ആശ്രിതരെ പുനരധിവസിപ്പിക്കൽ, തടവുകാരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം, വനിതാ ഗൃഹനാഥയായിട്ടുള്ളവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം, ഗാർഹിക പീഡനത്തിനിരയായവർക്കുള്ള

ധനസഹായ പദ്ധതികൾ എന്നിവയും (വിക്ടിം റീഹാബിലിറ്റേഷൻ ഫണ്ട്) എന്ന പേരിൽ ജില്ലയിൽ നടപ്പിലാക്കി വരുന്നുണ്ട്.

മേൽ പദ്ധതികൾക്കായി ജില്ലയിൽ 2016-17 ൽ 15,000 (പതിനഞ്ചായിരം രൂപ മാത്രം) രൂപയും. 2017-18 1,65000 (ഒരുലക്ഷത്തി അറുപത്തിയഞ്ചായിരം രൂപ മാത്രം) രൂപയും ചെലവഴിച്ചിട്ടുണ്ട്. അങ്ങനെ സാമൂഹ്യ സുരക്ഷാ മേഖലയിൽ 1,80000 (വയോജനങ്ങൾ, വനിതകൾ, ശിശുക്കൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡേഴ്സ് എന്നിവയൊഴികെ) 2016-17 ൽ 90000 (തൊണ്ണൂറായിരം രൂപ മാത്രം) 2017-18 ൽ 1,80000 (ഒരു ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) ചെലവഴിച്ചു.

സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവുമായി ബന്ധപ്പെട്ട് പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളായ ശിശുക്കൾ, വനിതകൾ, വൃദ്ധർ, അംഗപരിമിതർ, ട്രാൻസ്ജെൻഡേഴ്സ് തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്രത്യേകം ഉപസമിതി രൂപീകരിച്ചിട്ടുണ്ട്.

4.2 (ഇ) വിദ്യാഭ്യാസം, സംസ്കാരം, കായികം യുവജനകാര്യം

ഗുണമേന്മയുള്ള വിദ്യാഭ്യാസം പഠിതാക്കൾക്ക് നൽകുന്നതിൽ മുൻപന്തിയിലാണ് ആധുനിക സമൂഹം. വിദ്യാഭ്യാസത്തിന്റെ വിവിധതലങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങൾ ഭാവിജീവിതം കരുപ്പിടിപ്പിക്കുന്നതിനും സാമൂഹ്യനിർമിതിക്കും ഉതകുന്നതാകണം. നേടിയ അറിവുകൾ ജീവിതത്തിന്റെ സമസ്തഘട്ടത്തിലും പ്രയോഗിക്കാൻ സാധിക്കണം. അത്തരത്തിൽ ശ്രദ്ധയോടെ പാകപ്പെടുത്തിയ അറിവുകളാണ് എല്ലാതലങ്ങളിലും നൽകേണ്ടത്. പ്രീ സ്കൂൾകാലഘട്ടം മുതൽ ഇതാരംഭിക്കണം. തുടർവിദ്യാഭ്യാസത്തിലൂടെ ജീവിതാന്ത്യം വരെ നൽകാൻ സാധിക്കണം. ഒരാളുടെ ജീവിതത്തിലെ ഏറ്റവും വേഗതയേറിയ ബൗദ്ധിക വികാസ കാലഘട്ടമാണ് ശൈശവം. എല്ലാ വികാസമേഖലകളെയും പരിഗണിച്ച കൊണ്ടുള്ള പ്രവർത്തനങ്ങൾ ഈ കാലഘട്ടത്തിലെ വിദ്യാഭ്യാസ പ്രക്രിയയുടെ സവിശേഷമായ ഘടകമാകണം. അതിനനുസൃതമായ പരിസരം സ്ഥാപനത്തിൽ ഉണ്ടാകണം. ഭൗതികവും മാനസികവുമായ അന്തരീക്ഷം ഒരുക്കുന്നതിൽ ജില്ലയിലെ എല്ലാ ശിശുവിഹാര കേന്ദ്രങ്ങളും (അംഗൻവാടികൾ ഉൾപ്പടെ) രൂപപ്പെടേണ്ടതുണ്ട്. എല്ലാ കുട്ടികൾക്കും ഈയൊരു പ്രായത്തിൽ ആവശ്യമായ പരിചരണം, ശ്രദ്ധ, വിദ്യാഭ്യാസം എന്നിവ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്താൻ സാധിക്കണം. ഭാവിജീവിതത്തിനും വിദ്യാഭ്യാസത്തിനും അടിത്തറപാകും വിധം സന്തോഷകരമായ അനുഭവം ഈ മേഖലയിൽനിന്ന് ലഭിക്കണം. ഇതിന്റെ തുടർച്ചയാകണം പ്രാഥമികഘട്ടം മുതലുള്ള വിദ്യാഭ്യാസം. അടിസ്ഥാനശേഷി വികസനത്തിന് മുൻതൂക്കം നൽകി കൊണ്ടുള്ള പഠനാനുഭവങ്ങൾ നിശ്ചയമായും മാതൃഭാഷയിലൂടെ ഭാഷാശേഷി വികാസം, ചതുഷ്ക്രിയകളിലുള്ള നൈപുണി വികാസം, സ്വന്തം പരിസരത്തെ അടുത്തറിയാനും സാമൂഹികബോധം വളർത്തിയെടുക്കാനും എല്ലാതരം തെറ്റായ പ്രവണതകളെയും വിദ്യാഭ്യാസത്തിലൂടെ പ്രതിരോധിക്കാനുള്ള ശക്തി കൈവരിക്കാനും എല്ലാ ഘട്ടങ്ങളിലും സാധിക്കണം. ഭാവിജീവിതത്തിന്റെ ചെറുപരിച്ഛേദം നൽകാനുള്ള പൊതു ഇടമായി വിദ്യാലയങ്ങൾ മാറണം. ശാരീരിക മാനസിക ആരോഗ്യം രൂപപ്പെടുത്തുന്നതിൽ വിദ്യാലയങ്ങളും വിദ്യാഭ്യാസ പ്രവർത്തനങ്ങളും വലിയ പങ്കു വഹിക്കുന്നുണ്ട്. മാനുഷിക മൂല്യങ്ങൾ, ശാസ്ത്രീയാവബോധം, പരിസ്ഥിതികാവബോധം എന്നിവയുടെ സംസ്ഥാപനം വിദ്യാഭ്യാസ കാലഘട്ടത്തിൽ നടക്കണം.

വിദ്യാലയങ്ങളിലൂടെ ശാരീരിക പോഷണം മാനസികോല്ലാസം എന്നിവ സാധ്യമാകണം. പോഷക സമൃദ്ധമായ ആഹാരം ലഭിക്കണം. വിദ്യാലയങ്ങളുടെ ഭൗതികാന്തരീക്ഷം എല്ലാ സൗകര്യങ്ങളോടും കൂടി ഒരുങ്ങണം. ഘട്ടം ഘട്ടമായി വിദ്യാലയങ്ങൾ ഗ്രന്ഥശാലകൾ, വായനശാലകൾ, കലാകായിക ക്ലബുകൾ, സാംസ്കാരിക പഠനകേന്ദ്രങ്ങള്, വിദ്യാകേന്ദ്രങ്ങൾ ഇത്തരം സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ലക്ഷ്യമിട്ട് പ്രവർത്തിക്കണം. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങള്, എം.ജി.എൽ.സി.കൾ എന്നിവയുടെ പരിതാപകരമായ അവസ്ഥ മാറ്റിയെടുക്കുന്നതിനുള്ള പദ്ധതി രേഖകൾ തയ്യാറാക്കണം. വിഭവസ്രോതസുകൾ കണ്ടെത്തണം. ശാരീരികവും മാനസികവും സാമൂഹികവും ബൗദ്ധികവുമായ വികാസത്തിന് അനുയോജ്യമാംവിധമുള്ള പഠനസാമഗ്രികൾ വിദ്യാലയത്തിൽ ഒരുക്കണം. സാമൂഹ്യമോ സാമ്പത്തികമോ സാംസ്കാരികമോ ആയ കാരണത്താൽ ഒരു കുട്ടിക്കും തുല്യപരിഗണന ലഭിക്കാതിരുന്നുകൂടാ. ആദിവാസി-തീരദേശ പിന്നാക്ക മേഖലയിലെ കുട്ടികളുടെ ഹാജർ ഉറപ്പിക്കാനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കണം. താൻ ജീവിക്കുന്ന ചുറ്റുപാടുമായി നിരന്തരം ഇടപെടുന്നതിനെക്കുറിച്ച് മനസ്സിലാക്കാൻ പാകത്തിൽ വിദ്യാലയപരിസരം ഒരുക്കണം. സ്നേഹവും പരിഗണനയും ആവിഷ്കാരത്തിനുള്ള അവസരം ലഭിക്കുന്നതും അന്വേഷണാത്മകമായ പഠനപരിസരവും നിലപാടുകളും ഒരുക്കുന്നതുമായ വിദ്യാലയമാണ് പഠിതാവിന് ലഭിക്കേണ്ടത്. ശാസ്ത്രീയമായും കാലാനുസൃതമായും സാങ്കേതികത്തികവാർന്ന രീതിയിലും ക്ലാസ് മുറികൾ ഒരുക്കണം. വായനയ്ക്കും പരീക്ഷണ നിരീക്ഷണങ്ങൾക്കുമുള്ള ഭൗതികാന്തരീക്ഷം ഉണ്ടാകണം. ജീവിതനൈപുണി, നേതൃശേഷി തൊഴിൽപരിശീലനങ്ങൾ എന്നിവ ലഭിക്കുന്ന ഇടങ്ങളായി വിദ്യാഭ്യാസത്തിന്റെ ഔപചാരികവും അനൗപചാരികവുമായ സംവിധാനങ്ങൾ മാറണം.

കുട്ടികളുടെ പഠനപ്രവർത്തനങ്ങളിൽ കലാകായിക പ്രവർത്തനങ്ങൾ ഉദ്ഗ്രഥിച്ചിട്ടുണ്ടെങ്കിൽ തന്നെയും ഇന്നത്തെ പുതുതലമുറയ്ക്ക് വേണ്ടത്ര കായികക്ഷമത ഇല്ല എന്നാണ് പഠനങ്ങളിൽ കണ്ടെത്തിയത്. ഈയൊരു പശ്ചാത്തലത്തിൽ ആരോഗ്യമുള്ള വരും തലമുറയെ സൃഷ്ടിക്കേണ്ട ബാധ്യത നമുക്കുണ്ട്. ഈയൊരു ലക്ഷ്യം മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾകൂടി വിദ്യാഭ്യാസരംഗത്ത് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്.

രാജ്യത്തിന്റെ സമഗ്രവികസനത്തിനാവശ്യമായ വിഭവങ്ങളും ഊർജ്ജവുമായി പുതുതലമുറ മാറുന്നതരത്തിൽ വിദ്യാഭ്യാസ കേന്ദ്രങ്ങളെ മാറ്റിയെടുക്കണമെങ്കിൽ അടിസ്ഥാന വിദ്യാലയങ്ങളെ പോലെ തന്നെ ഉന്നത വിദ്യാഭ്യാസ രംഗത്തും കൃത്യമായ ആസൂത്രണവും നടത്തിപ്പും ആവശ്യമാണ്. വിവിധ മേഖലകളിൽ ആവശ്യമായ വിഭവങ്ങള്ക്കനുസരിച്ചുള്ള പരിശീലനവും ലക്ഷ്യമാക്കേണ്ടതുണ്ട്. പ്രാദേശിക ആവശ്യങ്ങളും വിദ്യാർത്ഥികളുടെ കഴിവുകളും പരിഗണിച്ച കൊണ്ടുള്ള കോഴ്സുകളുടെ തെരഞ്ഞെടുപ്പും പരിശീലനവും ആവശ്യമാണ്. എഞ്ചിനീയറിംഗ് പരിശീലനങ്ങളുടെ അപചയവും പുതുതലമുറ കോഴ്സുകളുടെ ഡിമാന്റും മുൻനിർത്തി

ഉന്നതവിദ്യാഭ്യാസരംഗത്ത് ഒരു പുനർചിന്ത ആവശ്യമാണ്. കൂടാതെ ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളുടെ മികവിനെ എഞ്ചിനീയറിംഗ്, മെഡിക്കൽ മേഖലകൾ ഉൾപ്പെടെ പൊതുസമൂഹം സംശയിച്ചു തുടങ്ങിയിരിക്കുന്ന കാലഘട്ടമാണിത്. ഈയൊരു പശ്ചാത്തലത്തിൽ ഇത്തരം കേന്ദ്രങ്ങളുടെ അക്കാദമിക മികവുകൾ ഉറപ്പുവരുത്തേണ്ടതുണ്ട്.

ശാസ്ത്രീയ പരിശീലനം ലഭിച്ചവരും ഗവേഷണോന്മുഖമായി നിത്യ നൂതനമായ മാർഗങ്ങൾ അവലംബിക്കുന്നവരുമായ അധ്യാപക സമൂഹം വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകണം. മതേതര ജനാധിപത്യ മൂല്യങ്ങൾക്ക് വിള്ളൽ പാകുവാൻ ഇതു വഴി സാധിക്കണം. എല്ലാ വിദ്യാർത്ഥികളുടെയും അഭിരുചി നിർണയിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും അവർക്ക് സാധിക്കണം. വിവിധ വകുപ്പുകൾ, വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ പദ്ധതികൾ, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ, എം.എൽ.എ., എം.പി. വികസന ഫണ്ടുകൾ, മറ്റു വിഭവ സ്രോതസ്സുകൾ തുടങ്ങിയവയുടെ ശരിയായ വിധത്തിലുള്ള ഏകോപനവും വിഭവവിനിയോഗവും ഏറ്റെടുക്കാനുള്ള നേതൃനിര വിദ്യാലയത്തിലുണ്ടാകണം. അധ്യാപകർക്കും, വിദ്യാർത്ഥികൾക്കും, വിദ്യാഭ്യാസ പ്രവർത്തകർക്കും പ്രയോജനപ്പെടും വിധം ഗുണനിലവാരമുള്ള പഠന പരിശീലന കേന്ദ്രങ്ങളും ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളും പ്രാദേശികമായും മേഖലാടിസ്ഥാനത്തിലും സ്ഥാപിക്കണം. ജില്ലയുടെ തനതു സംസ്കാരം, കല, സാങ്കേതിക വിദ്യ എന്നിവയുടെ സംസ്ഥാപനം, പരിപോഷണം എന്നിവയ്ക്ക് അനുയോജ്യമായ പ്രതിഭാകേന്ദ്രങ്ങൾ, പ്രദേശത്തിന്റെ ആവശ്യത്തിനും സാധ്യതകൾക്കുമനുസരിച്ചുള്ള പഠനകേന്ദ്രങ്ങൾ, ഗവേഷണകേന്ദ്രങ്ങൾ, സാസ്കാരിക സ്ഥാപനങ്ങൾ എന്നിവ ഉണ്ടാകണം. ഭിന്നശേഷിക്കാർ, ട്രാൻസ്ജെന്റർ, അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ളവർ എന്നിവരുടെ വിദ്യാഭ്യാസവും അവസരസമത്വവും ഉറപ്പാക്കുന്നതോടൊപ്പം ലിംഗസമത്വം സാമൂഹ്യനീതി എന്നിവയിലധിഷ്ഠിതമായ പൊതു ഇടങ്ങളായി വിദ്യാഭ്യാസ കേന്ദ്രങ്ങൾ മാറണം. വിദ്യാർത്ഥികളുടെ കായിക – മാനസിക പരിപോഷണത്തിനുള്ള എൻ.സി.സി., സ്കൗട്ട്, ഗൈഡ്, ജെ.ആർ.സി., എസ്.പി.സി. എന്നിവയുടെ പ്രവർത്തനങ്ങളിലുള്ള പരിമിതി മറി കടക്കാനും ശാക്തീകരിക്കാനും സാധിക്കണം.

'തിറകളുടെയും തറികളുടെയും നാട്' എന്നറിയപ്പെടുന്ന കണ്ണൂർ വിദ്യാഭ്യാസ സാംസ്കാരിക മേഖലകളിൽ തനതായ മുദ്രപതിപ്പിച്ചിട്ടുണ്ട്. കണ്ണൂർ, തളിപ്പറമ്പ്, തലശ്ശേരി, ഇരിട്ടി എന്നീ താലൂക്കുകളാണ് കണ്ണൂർ ജില്ലയിലുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായി 71 പഞ്ചായത്തുകളും, 9 മുൻസിപ്പാലിറ്റിയും, 1 കോർപറേഷനുമാണുള്ളത്. വിദ്യാഭ്യാസ അവകാശ നിയമം അനുശാസിക്കുംവിധം വിദ്യാലയ ലഭ്യതയുണ്ട്. എന്നാൽ വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യം നിയമം അനുശാസിക്കും വിധമില്ല. കുട്ടികളുടെ വിദ്യാലയ പ്രവേശനം 99 ശതമാനത്തിനുമുകളിലാണ്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഓരോ കുട്ടിക്കും ഉറപ്പുവരുത്തുന്നതിനുള്ള ചിട്ടയായ പ്രവർത്തനങ്ങൾ ആവിഷ്കരിക്കേണ്ടതുണ്ട്. ടൈബൽ/പിന്നാക്ക വിഭാഗ മേഖലകളിൽ വിദ്യാർത്ഥികളുടെ ഹാജർ നിലയിൽ വലിയ കുറവ് അനുഭവപ്പെടുന്നുണ്ട്.

പ്രീപ്രൈമറി വിദ്യാഭ്യാസ മേഖലയിൽ നിരവധി പ്രശ്നങ്ങളുണ്ട്. ഭൗതിക സാഹചര്യങ്ങൾ വളരെ പരമിതമാണ്. അൺഎയ്ഡഡ് മേഖലയിൽ പാഠ്യപദ്ധതി, പാഠപുസ്തകങ്ങൾ, പഠന രീതി എന്നിവയിൽ കാര്യമായ പ്രശ്നങ്ങൾ നില നിൽക്കുന്നുണ്ട്. ഹയർസെക്കണ്ടറി മേഖലയിൽ പരിഹരിക്കേണ്ടതായ നിരവധി കാര്യങ്ങളുണ്ട്. കെട്ടിടങ്ങൾ, മൂത്രപ്പുര എന്നിങ്ങനെയുള്ള അടിസ്ഥാന പ്രശ്നങ്ങളുണ്ട്. ഗുണനിലവാരമായി ബന്ധപ്പെട്ടും പ്രശ്നങ്ങളുണ്ട്. എല്ലാ വിഭാഗം കുട്ടികൾക്കും മികച്ച പഠനനേട്ടം ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം ഗുണമേൻയുള്ള വിദ്യാഭ്യാസം ഉറപ്പു വരുത്തണമെങ്കിൽ ഇനിയും മുന്നേറാനുണ്ട്. അധ്യാപകരുടെ പ്രവർത്തന മികവ്, രക്ഷിതാക്കളുടെ പിന്തുണ, പഠന സമയം, കുട്ടികളുടെ ഹാജർ, അധ്യാപകരുടെ വിദ്യാലയ സാന്നിധ്യം, ഭൗതിക സാഹചര്യങ്ങളുടെ മികവ്, ശുചിത്വം, അച്ചടക്കം എന്നിവയെല്ലാം വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ നിർണയിക്കുന്ന ഘടകങ്ങളാണ്. അധ്യാപക പരിശീലന കേന്ദ്രങ്ങളുടെ ഗുണനിലവാരവും പരിശോധിക്കപ്പെടേണ്ട സംഗതിയാണ്. പ്രീ പ്രൈമറി, പ്രൈമറി, സെക്കണ്ടറി, ഹയർസെക്കണ്ടറി അധ്യാപക പരിശീലനകേന്ദ്രങ്ങൾ എന്നിവയുടെ സൂക്ഷ്മതല വിശകലനം നടത്തികൊണ്ട് മാത്രമേ മികവുകളെയും പ്രശ്നങ്ങളെയും കണ്ടെത്താനാകൂ. പ്രശ്നങ്ങളെ വിലയിരുത്തികൊണ്ട് 2020 വരെയുള്ള ജില്ലയുടെ വിദ്യാഭ്യാസ വികസന കാഴ്ചപ്പാട് അവതരിപ്പിക്കുന്നു.

പ്രീ-പ്രൈമറി വിദ്യാഭ്യാസം

ഓരോ കുഞ്ഞും അമ്മയുടെ മടിത്തട്ടിൽ നിന്ന് സാമൂഹ്യവൽക്കരണത്തിന്റെ ആദ്യപാഠങ്ങൾ അറിയുന്നത് പ്രീപ്രൈമറി വിദ്യാഭ്യാസത്തിലൂടെയാണ്. രക്ഷിതാക്കളും പൊതു സമൂഹവും ഏറെ ശ്രദ്ധ നൽകുന്നു എന്നതുകൊണ്ട് കുട്ടികൾ കളിച്ചും ചിരിച്ചും വളരേണ്ട പ്രായത്തിൽ ഔപചാരിക വിദ്യാഭ്യാസം എന്ന നിലയിൽ പ്രീപ്രൈമറി വിദ്യാഭ്യാസം മാറി. അന്താരാഷ്ട്ര തലത്തിൽ പ്രീപ്രൈമറി മേഖലയിൽ അനൗപചാരിക

വിദ്യാഭ്യാസത്തിനാണ് ഊന്നൽ നൽകുന്നത്. കുട്ടികളുടെ സ്വാതന്ത്ര്യവും സന്തോഷവും ഉറപ്പു വരുത്തുന്ന പഠന സമീപനമാണ് പ്രീപ്രൈമറിയിൽ അഭികാമ്യമായിട്ടുള്ളത്. എന്നാൽ കുരുന്നു പ്രായത്തിത്തന്നെ അറിവുകൾ കുത്തിനിറക്കുന്ന ഇടമായാണ് പ്രീപ്രൈമറികൾ മാറുന്നത്. കേരളത്തിലെ പ്രീപ്രൈമറി, വിദ്യാഭ്യാസ വകുപ്പിന്റെയും സാമൂഹ്യക്ഷേമ വകുപ്പിന്റെയും സംയുക്ത ഇടപെടലിലൂടെയാണ് മുന്നോട്ടു പോകുന്നത്. അൺഎയ്ഡഡ് പ്രീപ്രൈമറികളുടെ കടന്നു കയറ്റത്തോടെ കടുത്ത മാനസിക സമ്മർദങ്ങൾക്ക് കുട്ടികൾ അടിമപ്പെടുന്നുണ്ട്. ഈ മേഖലയിൽ ശാസ്ത്രീയവും കൃത്യതയാർന്നതുമായ ഒരു ഏകീകൃത പാഠ്യപദ്ധതിയോ പഠനോപാധികളോ ഉണ്ടായിരുന്നില്ല. ഇത് മറി കടക്കുന്നതിന് എസ് സി ഇ ആർ ടി കേരള പാഠ്യപദ്ധതി രൂപീകരിക്കുകയും അധ്യാപികമാർക്ക് കൈപ്പുസ്തകം, കുട്ടികൾക്ക് വർക്ക് ബുക്കുകൾ എന്നിവ തയാറാക്കിയിട്ടുമുണ്ട്. ജില്ലയിലെ 60 സ്കൂളുകളിലെ അധ്യാപികമാർക്ക് ഡയറ്റും എസ് സി ഇ ആർ ടിയും ചേർന്ന് ത്രിദിന പരിശീലനം രണ്ടുഘട്ടങ്ങളിലായി നൽകിയിട്ടുണ്ട്. ലൈബ്രറി കൗൺസിലിന്റെ ആഭിമുഖ്യത്തിലും അംഗീകാരത്തോടെയും നടക്കുന്ന ബാലകൈരളി നഴ്സറിസ്കൂൾ മയ്യിൽ വേളം പൊതുജനവായനശാലയോട് ചേർന്ന് പ്രവർത്തിക്കുന്നുണ്ട്. കണ്ണൂർജില്ലയിലെ ഏക ടൈബൽനഴ്സറി സ്കൂൾ കണ്ണവത്ത് സ്ഥിതി ചെയ്യുന്നു. പട്ടികജാതി വകുപ്പിന്റെ നിയന്ത്രണത്തിൽ കാട്ടാമ്പള്ളിയിൽ നഴ്സറി സ്കൂൾ പ്രവർത്തിക്കുന്നുണ്ട്.

കണ്ണൂർജില്ലയിൽ അണ്എയ്ഡഡ് ഇംഗ്ലീഷ് മീഡിയം പ്രീപ്രൈമറികളുടെ തള്ളിക്കയറ്റത്തിനിടയിലും മികച്ച പ്രവർത്തനം കാഴ്ചവെക്കുന്ന അംഗൻവാടികളും പ്രീപ്രൈമറി സ്ഥാപനങ്ങളുമുണ്ട്. ജില്ലയിലെ പ്രീപ്രൈമറി, അംഗൻവാടി വിഭാഗങ്ങളുടെ പട്ടിക ചുവടെ കൊടുക്കുന്നു.

പ്രീപ്രൈമറി, അംഗൻവാടികൾ

ക്രമ നമ്പർ	വിഭാഗം	എണ്ണം
•	ഗവ.പ്രീ പ്രൈമറി	7
•	ഗവ. അംഗീകൃത പ്രീപ്രൈമറി	53
•	വിദ്യാലയങ്ങളോട് ചേർന്നു പ്രവർത്തിക്കുന്ന പ്രീപ്രൈമറി	1521
•	അംഗൻവാടികൾ	1888
•	വിദ്യാലയങ്ങളോട് ചേർന്ന് പ്രവർത്തിക്കുന്ന അംഗൻവാടികൾ	282

(അവലംബം.- വിദ്യാഭ്യാസ ഉപഡയരക്ടറുടെ സ്ഥിതിവിവരകണക്ക്)

പ്രീ-പ്രൈമറി കുട്ടികളുടെ എണ്ണം ആൺ / പെൺ

ആകെ	25676	24377	50053

(അവലംബം: സാമൂഹ്യ നീതി വകുപ്പ്)

അംഗൻവാടി അവസ്ഥാ വിശകലന പട്ടിക

സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികളുടെ എണ്ണം	വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയുടെ എണ്ണം	വാടകരഹിത /സ്കൂൾ കോമ്പൗണ്ടിൽ / പൊതുകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവ
1909	326	268

(അവലംബം: സാമൂഹ്യ നീതി വകുപ്പ്)

ഭൗതിക സൗകര്യങ്ങ ൾ

ജില്ലയിൽ പ്രവർത്തിക്കുന്ന 7 സർക്കാർ പ്രീപ്രൈമറി കേന്ദ്രങ്ങൾക്കും സൗകര്യപ്രദമായ കെട്ടിടങ്ങൾ നിലവിലുണ്ട്. എന്നാൽ ഈ കെട്ടിടങ്ങളെയെല്ലാം കുട്ടികൾക്ക് അനുയോജ്യമായ തരത്തിൽ കളിയിടങ്ങളായും പഠന ഇടങ്ങളായും ക്രമീകരിക്കേണ്ടതുണ്ട്. തറ ടൈൽചെയ്ത് വൃത്തിയാക്കേണ്ടതും, കളിയുപകരണങ്ങൾ ഒരുക്കേണ്ടതുമാണ്. വിദ്യാലയങ്ങളോടനുബന്ധിച്ച് നടക്കുന്ന പ്രീപ്രൈമറി ക്ലാസുകൾക്ക് മിക്കവയ്ക്കും നിർദേശിക്കപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഇല്ല. ഈ വിദ്യാലയങ്ങളിലെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനോ വിലയിരുത്തുന്നതിനോ കൃത്യമായ സംവിധാനങ്ങളില്ല. ഇവയിൽ പലതും സമാന്തര ഇംഗ്ലീഷ് മീഡിയങ്ങളായാണ് പ്രവർത്തിക്കുന്നത്, ജില്ലയിലെ പ്രീ പ്രൈമറി മേഖലയിൽ അൺ എയിഡഡ് ഒഴികെ ഒരു ലക്ഷത്തോളം കുട്ടികൾ ഉണ്ട്. 60% അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടമില്ല. വാടക കെട്ടിടത്തിലും, വിദ്യാലയങ്ങളോട് ചേർന്നുള്ള കെട്ടിടങ്ങളിലുമാണ് ഇവ പ്രവർത്തിക്കുന്നത്. ഒട്ടും സുരക്ഷിതത്വമില്ലാത്ത അംഗൻവാടികളും പ്രീ പ്രൈമറികളുമുണ്ട്. വൃത്തിഹീനമായ ചുറ്റുപാടുകളിലും ഇടുങ്ങിയ മുറികളിലുമാണ് കുട്ടികളുള്ളത്. ആവശ്യമായ പഠനോപകരണങ്ങളില്ല. അക്ഷര-അക്ക പഠനമാണ് പ്രധാനമായും നടക്കുന്നത്. സമഗ്രമായ മാറ്റങ്ങൾ വരുത്തുന്നതിന് എസ് സി ഇ ആർ ടി കളിപ്പാട്ടം എന്ന കൈപ്പുസ്തകവും വർക്ക് ഷീറ്റും തയ്യാറാക്കി നൽകിയിട്ടുണ്ട്. ഇതു ഈ രംഗത്തുള്ള അവ്യവസ്ഥിതിക്ക് പരിഹാരമാകും.

നിർദേശങ്ങൾ

- വിദ്യാഭ്യാസ അവകാശ നിയമം ലക്ഷ്യം വെക്കുന്നതുപോലെയുള്ള പഠനാനുഭവങ്ങൾ അംഗൻവാടിയിൽ ഉണ്ടാകണം. കുട്ടികളുടെ മാനസികവും, ശാരീരികവുമായ വളർച്ച ഉറപ്പാക്കേണ്ടത് ഈ ഘട്ടത്തിലാണ്.

- മൂന്നു മുതൽ അഞ്ചു വയസ്സുവരെയുള്ള കുട്ടികൾക്കായി അനൗപചാരിമായ രീതിയിലുള്ള പഠന പ്രവർത്തനമാണ് നടക്കേണ്ടത്. അറിവുകൾ കുത്തി നിറക്കുന്ന പ്രവണത തീർത്തും ഒഴിവാക്കപ്പെടേണ്ടതാണ്.

എല്ലാ അംഗൻവാടികൾക്കും സ്വന്തം കെട്ടിടം ലഭ്യമാക്കുക, എല്ലാ അംഗൻവാടികളും ശിശു സൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റുക, ആവശ്യമായ കളിസ്ഥലം ലഭ്യമാക്കുക, കളിയുപകരണങ്ങളുടെ ലഭ്യത (ബുദ്ധി വികാസത്തിനും, മാനസിക വികാസത്തിനും അനുയോജ്യമായത്) ഉറപ്പാക്കുക, വൈവിധ്യമാർന്ന പോഷകാഹാരങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക, വായു സഞ്ചാരമുള്ളതും പൊടി രഹിതവും സുരക്ഷിതവുമായ മുറികൾ ഒരുക്കുക, ശിശു സൗഹൃദ ശുചിമുറികൾ ഒരുക്കുക.

- എല്ലാ വിദ്യാലയങ്ങളിലും പ്രീപ്രൈമറി ക്ലാസ് മുറികൾ നിർമിക്കണം.
- പരിശീലനം ലഭിച്ച ആയമാരുടെ സേവനം ഉറപ്പാക്കണം.
- അംഗൻവാടികൾക്കും പ്രീപ്രൈമറികൾക്കും ഏകീകൃത പാഠ്യപദ്ധതി നിശ്ചയിക്കണം.
- മാതൃഭാഷമാത്രമേ ഉപയോഗിക്കാൻപാടുള്ളൂ.
- കൃത്യമായ യോഗ്യതയുള്ളവരെമാത്രമേ അധ്യാപകരായി നിയമിക്കാവൂ.
- ജില്ലാ കേന്ദ്രത്തിൽ Early childhood care and learning center സ്ഥാപിക്കുക
- ആദിവാസിയിലെ പ്രീ സ്കൂൾ പ്രായത്തിലുള്ള കുട്ടികൾക്കു വേണ്ടി പ്രത്യേകപാക്കേജ് തയ്യാറാക്കണം.

പ്രൈമറി വിദ്യാഭ്യാസം

കണ്ണൂർ ജില്ലയിൽ എയ്ഡഡ്, ഗവൺമെന്റ് വിദ്യാലയങ്ങളിലായി 1665 പ്രൈമറി വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. മുഴുവൻ പഞ്ചായത്ത് വാർഡുകളിലും മുൻസിപ്പൽ കോർപറേഷൻ വാർഡുകളിലും പ്രൈമറി വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

ജില്ലയിൽ 17-2016വർഷം പ്രൈമറി മുതൽ 2+വരെ നടന്ന പ്രവേശന വിവരം **അനുബന്ധം 34 ൽ** ചേർക്കുന്നു.

വിദ്യാലയ വിവരം

വിദ്യഭ്യാസ അവകാശ നിയമമനുസരിച്ച് ജില്ലയിലെ എല്ലാ കുട്ടികൾക്കും പ്രാപ്യമായ സ്ഥലത്തു തന്നെ പ്രാഥമിക വിദ്യാലയങ്ങൾ ലഭ്യമാണ്. പ്രൈമറി മാത്രമായും, ഹൈസ്കൂൾ, ഹയർസെക്കണ്ടറി എന്നിവയോട് ചേർന്നും പ്രാഥമിക വിദ്യാലങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

അധ്യയന വർഷം	പ്രൈമറി	പ്രൈമറിയും അപ്പർ പ്രൈമറിയും	പ്രൈമറി, അപ്പർ പ്രൈമറി, സെക്കന്ററി, ഹയർസെക്കന്ററി	അപ്പർ പ്രൈമറി	അപ്പർ പ്രൈമറി, സെക്കന്ററി, ഹയർസെക്കന്ററി	ആകെ സ്കൂളുകൾ
2016–17	852	439	201	35	138	1665
2015–16	856	453	175	31	139	1654

പ്രൈമറി വിദ്യാലയങ്ങൾ

ഗവൺമെന്റ് എയ്ഡഡ് അൺഎയ്ഡഡ് മേഖലയിലാണ് പ്രൈമറി വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നത്. ഗവൺമെന്റ് വിദ്യാലയങ്ങൾ സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലും എയ്ഡഡ് വിദ്യാലയങ്ങൾ സർക്കാരിന്റെ സാമ്പത്തിക സഹായത്താലും അൺഎയ്ഡഡ് വിദ്യാലയങ്ങൾ സ്വകാര്യ മാനേജ്മെന്റുകളുടെ കീഴിലും പ്രവർത്തിക്കുന്നു.

വിദ്യാലയങ്ങൾ മാനേജ്മെന്റ്

അധ്യയന വർഷം	വിദ്യാഭ്യാസ വകുപ്പ്	ആദിവാസി ക്ഷേമം	തദ്ദേശ സ്ഥാപനം	എയ്ഡഡ്	MGLCs	കേന്ദ്ര സർക്കാർ	അൺ എയ്ഡഡ്	പ്രൈവറ്റ് റെക്കഗ്നൈസ്ഡ്	ആകെ
2016–17	284	1	0	963	14	7	226	170	1665
2015–16	285	1	0	962	15	7	219	165	1654

വിദ്യാലയ പ്രവേശനം–നിലനിർത്തൽ

വിദ്യഭ്യാസ അവകാശ നിയമമനുസരിച്ചാണ് പൊതു വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നത്. വിദ്യാലയ പ്രവേശനത്തിന് ജാതി–മത ലിംഗ വ്യത്യാസം വിദ്യാർത്ഥികൾ നേരിടുന്നില്ല. ഉയർന്ന എൻറോൾമെന്റ് റേഷ്യോ ഉള്ള ജില്ലയാണ് കണ്ണൂർ.

വിദ്യാലയ പ്രവേശനനിരക്ക്

അധ്യയന വർഷം	GER			NER		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
2016–17	99.12	97.53	98.32	78.64	78.30	78.47
2015–16	100	99.55	100	80.79	80.50	80.65

പ്രൈമറി വിദ്യാലയങ്ങളിൽ എത്തിച്ചേരുന്ന വിദ്യാർത്ഥികളിൽ കൊഴിഞ്ഞു പോക്കില്ല എന്നതന്നെ പറയാം. ടൈബൽ മേഖലയിൽ ചുരുക്കം ചില കുട്ടികളുടെ ഹാജർ നിലയിൽ പ്രശ്നങ്ങളുണ്ട്. മികച്ച നിലനിർത്തൽ സൂചികയാണ് ജില്ലക്കുള്ളത്.

വർഷം	ആൺ	പെൺ	ആകെ
2016–17	98.90	99.16	99.01
2015–16	100	100	100

	GER			NER		
അധ്യയന വർഷം	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
2016-17	100.34	100.24	100.29	80.86	81.41	81.13
2015-16	103.03	102.82	102.91	81.61	82.16	81.88

അടിസ്ഥാന സൗകര്യങ്ങൾ - ഗവൺമെന്റ് വിദ്യാലയങ്ങൾ

ഗവൺമെന്റ്, പ്രൈമറി വിദ്യാലയങ്ങളിൽ തൃപ്തികരമായ രീതിയിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണ്. സർവശിക്ഷാ അഭിയാനും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും പൊതു വിദ്യാഭ്യാസ മേഖലയിൽ സാമ്പത്തിക സഹായം നൽകുന്നുണ്ട്. മികച്ച കെട്ടിടങ്ങൾ, ആവശ്യത്തിന് ഫർണിച്ചറുകൾ, വൈദ്യുതി, കുടിവെള്ളം, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമളള പ്രത്യേക ശുചിമുറികൾ, പൊടിവിമുക്തമായ ക്ലാസ് മുറികൾ എന്നിവയെല്ലാം ഗവൺമെന്റ് വിദ്യാലയങ്ങളുടെ പ്രത്യേകതയാണ്.

അടിസ്ഥാന സൗകര്യങ്ങൾ - എയ്ഡഡ് വിദ്യാലയങ്ങൾ

ഗവൺമെന്റ് വിദ്യാലയങ്ങളെ അപേക്ഷിച്ച് എയ്ഡഡ് വിദ്യാലയങ്ങൾ ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിൽ നിരവധി പരിമിതികൾ നേരിടുന്നുണ്ട്. മാനേജർമാരുടെ താൽപര്യം എയ്ഡഡ് വിദ്യാലയങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്രധാനമാണ്. നിർദേശ പ്രകാരമുളള കെട്ടിട സൗകര്യങ്ങൾ, ക്ലാസ് മുറി, ലാബ്, ലൈബ്രറി, പാചകപ്പുര, ശുചിമുറികൾ, കളിസ്ഥലം എന്നിവയിലെല്ലാം വലിയ പ്രശ്നങ്ങൾ നില നിൽക്കുന്നുണ്ട്.

ഭൗതിക സൗകര്യങ്ങൾ ഇല്ലാത്തവ

ക്രമനമ്പർ	ഇനം	ഗവ.	എയിഡഡ്	ആകെ
1	ചുറ്റമതിൽ	19	389	408
2	കളിസ്ഥലം	124	265	469
3	റാമ്പ്	45	162	207
4	കുടിവെളളം	1	5	6
5	ടോയിലറ്റ് -ആൺ	12	11	23
6	ടോയിലറ്റ് പെൺ	1	7	8
7	വൈദ്യുതി	0	3	3

പഠന സമയം

വിദ്യാഭ്യാസ അവകാശനിയമത്തിന്റെ വെളിച്ചത്തിൽ കുട്ടികൾക്ക് ലഭ്യമാക്കേണ്ട പഠന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിൽ വിദ്യാലയങ്ങൾ നിയമ പ്രകാരമുളള ബാധ്യത നിറവേറ്റുന്നുണ്ട്. എന്നാൽ വിദ്യാലയത്തിൽ നടത്തുന്ന മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ പഠന സമയം കുറയ്ക്കുന്നുണ്ട്. അധ്യാപകന്റെ വിദ്യാലയ സാന്നിധ്യവും ഉറപ്പുവരുത്തേണ്ടതുണ്ട്.

ഭൗതിക സാഹചര്യങ്ങൾ

ജില്ലയിലെ 25% വിദ്യാലയങ്ങളിൽ മാത്രമാണ് അനുയോജ്യമായ രീതിയിലുളള കളിസ്ഥലമുളളത്. എയ്ഡഡ് വിദ്യാലയങ്ങളാണ് ഇക്കാര്യത്തിൽ ഏറ്റവും പിറകിൽ. പാചകപ്പുര പരിമിതമായ തോതിൽ എല്ലാ സ്കൂളിലും ഉണ്ടെങ്കിലും ഭോജന ശാലകളില്ല. ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നതിനുളള സുരക്ഷിതമായ ഇടവും പരമിതമാണ്. ശുചിമുറികൾ എല്ലാ വിദ്യാലയത്തിലും ഉണ്ടെങ്കിലും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും എണ്ണത്തിനനുസരിച്ചില്ല. ഉളളതുതന്നെ ശുചിത്വമുളളതല്ല. എയ്ഡഡ് വിദ്യാലയങ്ങളിലാണ് ഇത്തരം പ്രശ്നങ്ങൾ കൂടുതലുളളത്. അതുപോലെ വൈദ്യുതിയുടെ കണക്ഷൻ എല്ലാ വിദ്യാലയങ്ങളിലുമുണ്ടെങ്കിലും ഹൈടെക് സംവിധാനങ്ങളോ, ഐ സി ടി ഉപകരണങ്ങളോ മിക്ക വിദ്യാലയങ്ങളിലുമില്ല. കുടിവെളളം കിണറിനെ ആശ്രയിച്ചാണ്. ചുരുക്കം ചില വിദ്യാലയങ്ങൾ കുടിവെളള പ്രശ്നം നേരിടുന്നുണ്ട്. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 22 വിദ്യാലയങ്ങളുണ്ട്. എം.ജി.എൽ.സികൾ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെയും പ്രവർത്തിക്കുന്നുണ്ട്.

വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ

ക്രമ നമ്പർ	വാടകകെട്ടിടത്തിലുള്ള സ്കൂളുകളുടെ വിവരം	പഞ്ചായത്ത്
1	ജി.യുപിഎസ് കരിയാട്	കരിയാട്
2	ഗവ എൽ പി.സ്കൂൾ ചൊവ്വ	കണ്ണൂർ കോർപറേഷൻ
3	ജി.യുപിഎസ് ദേവതാർകണ്ടി	
4	ജി.എം യുപിഎസ് തെക്കുമ്പാട്	മാട്ടൽ
5	ജി.എം എൽ.പിഎസ് മടക്കര	
6	ജി.എം എൽ.പിഎസ് മാട്ടൽ	
7	ജി.എം യുപിഎസ് മാടായി	മാടായി
8	ജി.എൽ.പിഎസ് കുഞ്ഞിമംഗലം	കുഞ്ഞിമംഗലം
9	ജി.എംഎൽ.പിഎസ് കുഞ്ഞിമംഗലം	
10	ജി.എംഎൽ.പിഎസ് ഏഴോം	ഏഴോം
11	ജി.എൽ.പിഎസ് കൊളവല്ലൂർ	പാനൂർ
12	ജി.എൽ.പിഎസ് പുത്തൂർ	
13	ജി.എംഎൽ.പിഎസ് പാപ്പിനിശ്ശേരി	പാപ്പിനിശ്ശേരി
14	ജി.യുപിഎസ് ചാലാട്	കണ്ണൂർ കോർപറേഷൻ
15	ജി.എംഎൽ.പിഎസ് ചാലാട്	
16	ജി.എംഎൽ.പിഎസ് പാലക്കോട്	രാമന്തളി
17	ജി.യുപിഎസ് പാലക്കോട്	
18	ജി.എം യുപിഎസ് രാമന്തളി	
19	ജി.എംഎൽ.പിഎസ് വെള്ളൂർ	കരിവെള്ളൂർ-പെരളം
20	ജി.എം യുപിഎസ് പെരുമ്പ	പയ്യന്നൂർ
21	ജി.എൽ.പിഎസ് പട്ടുവം	പട്ടുവം
22	ജി.യുപിഎസ് കതിരൂർ	കതിരൂർ

(അവലംബം- എസ്.എസ്.എ. കണ്ണൂർ)

കുട്ടികളുടെ ഹാജർ

ഭൂരിഭാഗം ഗവൺമെന്റ് എയ്ഡഡ് വിദ്യാലയങ്ങളിലും കുട്ടികളുടെ ഹാജർ തൃപ്തികരമാണെങ്കിലും ആദിവാസി/പിന്നാക്ക മേഖലകളിൽ ഹാജർ നിലയിൽ പ്രശ്നങ്ങളുണ്ട്. ഇത്

കുട്ടികളുടെ പഠന നിലവാരത്തെ സാരമായി ബാധിക്കുന്നു. ഹർത്താലുകൾ, മറ്റ് സമരങ്ങൾ എന്നിവയെല്ലാം വിദ്യാലയത്തിലെ ഹാജർ കുറക്കുന്ന ഘടകങ്ങളാണ്.

അധ്യാപക ഗുണനിലവാരം

നിശ്ചിത യോഗ്യതയുള്ളവരാണ് ജില്ലയിലെ എല്ലാ അധ്യാപകരും. എന്നാൽ ഐ ടി പരിജ്ഞാനം പരിമിതമാണ്. അതുപോലെ പരിശീലനങ്ങളുടെ അഭാവവും അധ്യാപകന്റെ ഗുണനിലവാരത്തെ സ്വാധീനിക്കുന്നുണ്ട്.

ലാബ്/ലൈബ്രറി

മിക്കവിദ്യാലയങ്ങളിലും ലാബ്/ലൈബ്രറി പ്രവർത്തനങ്ങൾ സജീവമല്ല. ക്ലാസ് ലൈബ്രറി പ്രവർത്തനങ്ങളിൽ നേരിയ പുരോഗതി ഉണ്ടെങ്കിലും ലഭ്യമായ പുസ്തകങ്ങൾ തന്നെ ഉചിതമായി വിദ്യാലയങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല

സ്കൂൾ ഉച്ചഭക്ഷണ പദ്ധതി 2017-18

1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രാദേശിക സാഹചര്യങ്ങൾ കണക്കിലെടുത്ത് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകുന്നതാണ് ഈ പദ്ധതി.

ഗുണഭോക്താക്കൾ

സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിലെ 1 മുതൽ 8 വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾ, സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിലെ പി ടി എ നടത്തുന്ന 2011-12 വർഷം വരെ അംഗീകാരം ലഭിച്ച പ്രീപ്രൈമറി ക്ലാസ്സുകളിലെ കുട്ടികൾ, എം ജി എൽസി/ബദൽസ്കൂൾ കുട്ടികൾ, ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കായുള്ള സർക്കാർ അംഗീകൃത സ്കൂളുകളിലെ കുട്ടികൾ, ടെക്നിക്കൽ ഹൈസ്കൂളുകളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥികൾ.

സ്കൂൾ ഉച്ചഭക്ഷണ പദ്ധതി

സ്കൂളുകളുടെ എണ്ണം	ഗുണഭോക്താക്കൾ
എം ജി എൽസി -15	178
സ്പെഷ്യൽസ്കൂൾ	1527
എൽപി സ്കൂൾ	60,094
യു പി സ്കൂൾ	95,058
ഹൈസ്കൂള് 165	60,555
ആകെ - 1281	**2,17,412**

ഉച്ചഭക്ഷണം ഫണ്ട് വിനിയോഗം

		മുൻബാക്കി	2017-18		
			വരവ്	ചെലവ്	ബാക്കി
എ	ഭക്ഷ്യ ധാന്യം 100%കേന്ദ്ര വിഹിതം		1,66,75,410	64,34,490	1,02,40,920
ബി	കണ്ടിജന്റ് ചാർജ്	7,69,06,580	8,84,28,998	16,83,33,340	-
സി	പാചക തൊഴിലാളിയുടെ വേതനം	2,77,33,550	8,96,63,870	6,96,88,365	4,47,13,545

(അവലംബം - വിദ്യാഭ്യാസ ഉപഡയറക്ടറുടെ സ്ഥിതി വിവരകണക്ക്)

സ്കൂൾ ഉച്ചഭക്ഷണ വിതരണം പൊതുവിൽ നല്ല രീതിയിൽതന്നെ ജില്ലയിൽ നടന്നു വരുന്നുണ്ട്. വൈവിധ്യമുള്ളതും പോഷകപ്രദവുമായ സമീകൃതാഹാരം കുട്ടികളുടെ അഭിരുചിക്കനുസരിച്ച് ഓരോ ദിവസത്തേക്കും ക്രമപ്പെടുത്തുന്ന രീതിയിൽ മെനു നിശ്ചയിച്ചാണ് ഉച്ചഭക്ഷണം തയ്യാറാക്കുന്നത്. ഓരോ കുട്ടിക്കും ആഴ്ചയിൽ 2 ദിവസം 150 മില്ലീ ലിറ്റർ പാലും ഒരു ദിവസം ഒരു മുട്ടയും നൽകി വരുന്നു. മുട്ട കഴിക്കാത്ത കുട്ടികൾക്ക് പ്രസ്തുത വിലക്കുള്ള നേന്ത്രപ്പഴവും നൽകുന്നു. ഉച്ചഭക്ഷണത്തിൽ കഴിവതും പ്രാദേശികമായി ശേഖരിക്കാവുന്ന വിഷരഹിത പച്ചക്കറികളും മറ്റ് കാർഷികോൽപ്പന്നങ്ങളും ഉപയോഗിക്കുവാനാണ് നിർദേശിച്ചിട്ടുള്ളത്. ഇതിനായി സ്ഥലസൗകര്യം ലഭ്യമായ സ്കൂളുകളിൽ അടുക്കള പച്ചക്കറിത്തോട്ടം നിർമിക്കുന്നതിനും അവയിൽനിന്നും ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ ഉച്ചഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കണമെന്നും നിർദേശിച്ചിട്ടുണ്ട്.

ഉച്ചഭക്ഷണ പദ്ധതിയുടെ മേൽനോട്ടത്തിനായി ഉപജില്ല കേന്ദ്രമാക്കി ജൂനിയർ സൂപ്രണ്ട് കേഡറിലുള്ള 15 നുൺമീൽ ഓഫീസർമാർ പ്രവർത്തിക്കുന്നു. അവർ മാസം 15ൽ കുറയാത്ത സ്കൂളുകൾ സന്ദർശനം നടത്തുകയും ആവശ്യമായ മേൽനോട്ടം വഹിക്കുകയും ചെയ്തു വരുന്നു. കൂടാതെ ജില്ലാ തലത്തിൽ സീനയർ സൂപ്രണ്ട് കേഡറിലുള്ള നുൺഫീഡിംഗ് സൂപ്പർവൈസർ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ചു വരുന്നു. കൂടാതെ ഉപജില്ലാ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും വിദ്യാഭ്യാസ ഉപ ഡയറക്ടറും സ്കൂൾസന്ദർശന വേളയിൽ കുട്ടികളോടൊപ്പം ഉച്ചഭക്ഷണം കഴിക്കുകയും ഉച്ചഭക്ഷണത്തിന്റെ ഗുണനിലവാരം പരിശോധിക്കുകയും പോരായ്മകൾ പരിഹരിക്കുവാൻ ആവശ്യമായ മാർഗ നിർദേശങ്ങൾ നൽകുകയും ചെയ്യുന്നു.

20.02.2017 ന് നടന്ന ഉച്ചഭക്ഷണ പദ്ധതിയുടെ ജില്ലാതല അവലോകന യോഗത്തിൽ ജില്ലയിലെ പല സ്കൂളുകൾക്കും ആവശ്യമായ കിച്ചൺ സൗകര്യവും ഭക്ഷ്യധാന്യങ്ങൾ സൂക്ഷിച്ച് വയ്ക്കുന്നതിനുള്ള സ്റ്റോർ സൗകര്യവും ഇല്ലായെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്കൂളുകളിൽ കിച്ചൺ കം സ്റ്റോർ നിർമിക്കുന്നതിനുള്ള ഒരു പ്രൊജക്ട് നിർമിതി കേന്ദ്ര മുഖേന തയ്യാറാക്കി ബഹുമാനപ്പെട്ട എം പി ശ്രീമതി പി കെ ശ്രീമതി ടീച്ചർക്ക് സമർപ്പിച്ചിരുന്നു. കൂടാതെ പൊതു വിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെട്ട പ്രകാരം കിച്ചൺകം സ്റ്റോർ നിർമിക്കുന്നതിനുള്ള ഫണ്ട് അനുമതിക്കായി 376 സ്കൂളുകളുടെ ലിസ്റ്റ് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

150 കുട്ടികൾ വരെ ഫീഡിംഗ് സ്പെഷ്യൽ ഉള്ള സ്കൂളുകളിൽ കുട്ടി 1 ന് പ്രതിദിനം 8 രൂപയാണ് കണ്ടിജന്റ് ചാർജ്. 100 ൽ കുറവ് കുട്ടികളുള്ള സ്കൂളുകളിൽ പ്രസ്തുത തുക തികയുന്നില്ല എന്നു പരാതിയുണ്ട്. കുട്ടികൾ കൂടുതലുള്ള സ്കൂളുകളിൽ സാമ്പത്തിക പ്രതിസന്ധി ഇല്ല.

എം എൽ എ മാരുടെ പ്രത്യേക വികസന നിധിയിൽ നിന്ന് ബഹുമാനപ്പെട്ട മട്ടന്നൂർ എം എൽ എ ശ്രീ ഇ പി ജയരാജൻ മട്ടന്നൂർ നിയോജക മണ്ഡലത്തിലെ പ്രീ പ്രൈമറി തലം മുതൽ പത്താം ക്ലാസ്സ് വരെയുള്ള എല്ലാ കുട്ടികൾക്കും ഉച്ചഭക്ഷണ പദ്ധതി പ്രകാരം പാലും മുട്ടയും നൽകാത്ത ദിവസങ്ങളിൽ പാലും മുട്ടയും നൽകുന്നതിനായി 60 ലക്ഷം രൂപ അനുവദിച്ചിരുന്നു. രണ്ട് ഘട്ടങ്ങളായുള്ള പ്രസ്തുത പദ്ധതിയിൽ ഒന്നാം ഘട്ടത്തിൽ 30 ലക്ഷം രൂപ പ്രധാനാധ്യാപകർക്ക് നൽകിക്കഴിഞ്ഞു. മട്ടന്നൂർനിയോജക മണ്ഡലത്തിന്റെ പരിധിയിലുള്ള മട്ടന്നൂർ, ഇരിട്ടി, ഇരിക്കൂർ, കൂത്തുപറമ്പ് ഉപജില്ലകളിൽപ്പെട്ട സ്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

നിർദേശങ്ങൾ

- എല്ലാ വിദ്യാലയങ്ങളിലും കെട്ടിടം RTE ACT/Rule അനുശാസിക്കും വിധം ഉണ്ടെന്ന് ഉറപ്പുവരുത്തണം. റാംപ് & റെയിൽ സൗകര്യങ്ങൾ വിദ്യാലയങ്ങളിലെ എല്ലാ കെട്ടിടങ്ങളിലും ഉണ്ടാക്കണം. എല്ലാ വിദ്യാലയങ്ങളിലും കുട്ടികൾക്ക് അനുയോജ്യമായ കളിസ്ഥലം ഉണ്ടാക്കണം. അവ ചുറ്റുമതിൽകെട്ടി സംരക്ഷിക്കണം. പാചകപ്പുര, ഭോജനശാല, എന്നിവ ഉചിതമായ രീതിയിൽ എല്ലാ വിദ്യാലയങ്ങളിലും ഉണ്ടാക്കണം.

- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും അവരുടെ എണ്ണത്തിന് ആനുപാതികമായി ശുചിമുറികൾ ഉണ്ടാക്കണം. ഭിന്നശേഷിക്കാരായ കുട്ടികൾക്കും, പെൺകുട്ടികൾക്കും പ്രത്യേക സൗകര്യങ്ങൾ ഒരുക്കിയ ടോയിലറ്റുകൾ നിർമിക്കണം. ടോയിലറ്റുകൾ ശുചിയായി സൂക്ഷിക്കണം.

- എല്ലാ വിദ്യാലയങ്ങളിലും അധ്യയന വർഷം മുഴുവൻ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തണം. പോഷക സമൃദ്ധമായ ഉച്ചഭക്ഷണം, പ്രഭാത-സായാഹ്ന ഭക്ഷണം ലഭ്യമാകണം.

- ആദിവാസി-പിന്നാക്ക മേഖലയിലെ വിദ്യാലയങ്ങൾ കുട്ടികളുടെ ഹാജർ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. വാഹനസൗകര്യം ഉറപ്പാക്കണം. അധ്യാപകന്റെ വിദ്യാലയ സാന്നിധ്യം ഉറപ്പാക്കണം. കലോത്സവം, മേളകൾ, മറ്റ് അനുബന്ധ പരിപാടികൾ എന്നിവ അധ്യാപകരുടെ വിദ്യാലയ സാന്നിധ്യം തടസ്സപ്പെടുത്തുന്നുണ്ട്. അതിന് ഉചിതമായ പരിഹാരം കണ്ടെത്തേണ്ടതുണ്ട്.

- സ്കൂളുകളിൽ മറ്റ് വകുപ്പുകളുടെയും മാധ്യമങ്ങളുടെയും സ്വകാര്യ ഏജൻസികളുടെയും പ്രവർത്തനങ്ങൾ കർശനമായി നിയന്ത്രിക്കണം. നിർദേശിക്കപ്പെട്ട പഠന സമയം കുട്ടികൾക്ക് ലഭിക്കുന്നുണ്ടെന്ന് പ്രധാനാധ്യാപകൻ ഉറപ്പുവരുത്തണം.

- അധ്യാപകർക്കാവശ്യമായ പരിശീലനങ്ങൾ നൽകണം. ഇംഗ്ലീഷ്, ഐ സി ടി പരിശീലനങ്ങൾ അടിയന്തിരമായി നൽകണം.

- ലൈബ്രറി, ലാബ് പ്രവർത്തനങ്ങൾ സജീവമാക്കണം. ക്ലാസ് ലൈബ്രറികൾ കൃത്യമായി ഉപയോഗപ്പെടുത്തണം.

സെക്കണ്ടറി വിദ്യാഭ്യാസം

ജില്ലയിൽ ഗവൺമെന്റ്, എയ്ഡഡ്, അൺഎയ്ഡഡ് മേഖലയിൽ ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും ഒരു ഹൈസ്കൂളെങ്കിലുമുണ്ട്. സ്കൂളുകളെ സംബന്ധിച്ച വിശദ വിവരം ചുവടെ കൊടുക്കുന്നു.

സെക്കണ്ടറി സ്കൂൾ വിവരങ്ങൾ

SCHOOL DETAILS											
	School categories										
School Management	Primary Only	Up. with Primary Primary	Primary with U.Pr.&Sec/H.Sec	Upper Primary Only	With Up. Primary Sec./H. Sec	Primary with up. pri. & Sec.	Up. Pri. With Sec.	Secondary Only	Sec. with Hr. Sec.	Hr. Sec. only	All Schools
Department of Education	116	66	33	1	25	9	0	1	29	2	282
Tribal Welfare Dept.	0	0	0	0	1	0	0	0	0	0	1
Government Aided	605	252	7	27	26	4	4	9	29	0	963
Private Un aided	28	58	51	2	1	78	0	0	3	5	226
Central Govt.	0	0	5	0	1	1	0	0	0	0	7
Un Recognised	89	63	6	5	0	7	0	0	0	0	170
MGLC	14	0	0	0	0	0	0	0	0	0	14
TECHINICAL	0	0	0	0	0	0	0	2	0	0	2
Total	852	439	102	35	54	99	4	12	61	7	1665

(അവലംബം–ആർ.എം.എസ്.എ സ്ഥിതിവിവരകണക്ക്)

അവസ്ഥാ വിശകലനം

വിദ്യാലയ പ്രവേശനം, നിലനിർത്തൽ

ജില്ലയിലെ വിദ്യാലയ പ്രവേശനത്തിന് കുട്ടികൾ യാതൊരു വിവേചനവും നേരിടുന്നില്ല. എന്നാൽ ചില അൺഎയ്ഡഡ് വിദ്യാലയങ്ങളിൽ പ്രവേശന പരീക്ഷ നടത്തി കുട്ടികളെ ചേർക്കുന്ന രീതി നിലവിലുണ്ട്. കുട്ടികളുടെ വിദ്യാലയ പ്രവേശനത്തിന് ജില്ലയ്ക്ക് അഭിമാനിക്കാൻ വകയുണ്ട്. പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളിൽ 99% വിദ്യാർത്ഥികളും ഹൈസ്കൂളിൽ പ്രവേശനം നേടുന്നുണ്ട്. എട്ടാം ക്ലാസിൽ പ്രവേശനം നേടുന്ന എല്ലാ വിദ്യാർത്ഥികളും പത്താം ക്ലാസ് വരെ പഠനം തുടരുന്നുണ്ട്.

അടിസ്ഥാന സൗകര്യങ്ങൾ

ഗവൺമെന്റ് ഹൈസ്കൂളുകളിൽ പൊതുവിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്ഥാപനങ്ങൾ, വകുപ്പ് നൽകുന്ന ഫണ്ടുകൾ ജനകീയമായി സമാഹരിച്ച തുകകൾ എന്നിവ ഉപയോഗിച്ച് അവശ്യം വേണ്ട ഭൗതീക സൗകര്യങ്ങൾ

ഒരുക്കിയിട്ടുണ്ട്. എന്നാൽ ആർ എം എസ് എ സ്കൂളുകൾ ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിൽ പരമിതികൾ നേരിടുന്നുണ്ട്. മിക്കവാറും എയിഡഡ് വിദ്യാലയങ്ങൾക്ക് നല്ല അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെങ്കിലും ചില വിദ്യാലയങ്ങൾ പരിതാപകരമായ അവസ്ഥയിലാണ്.

പഠനസമയം

വിദ്യാഭ്യാസ അവകാശ നിയമം അനുശാസിക്കും വിധം പഠന സമയം ഉറപ്പു വരുത്താൻ ഹൈസ്കൂൾ പ്രയാസം നേരിടുന്നുണ്ട്. സ്കൂൾ കലോത്സവം, മേളകൾ, അധ്യാപകരുടെ വിദ്യാഭ്യാസേതര പ്രവർത്തനങ്ങൾ എന്നിവ കുട്ടികളുടെ പഠന സമയം അപഹരിക്കുന്നു. ചില വിദ്യാലയങ്ങളിലെങ്കിലും സമരങ്ങളും, പ്രാദേശിക പ്രശ്നങ്ങളും കുട്ടികളുടെ പഠന സമയത്തെ ബാധിക്കുന്നുണ്ട്.

അക്കാദമിക നിലവാരം

പത്താം ക്ലാസിലെ വിജയ ശതമാനത്തെ അടിസ്ഥാനപ്പെടുത്തിയാണ് പൊതുവെ ഹൈസ്കൂളുകളിലെ അക്കാദമിക നിലവാരം അളക്കുന്നത്. കഴിഞ്ഞ ഏതാനും വർഷങ്ങളിലെ എസ് എസ് എൽസി ഫലം പരിശോധിക്കുമ്പോൾ കണ്ണൂർ ജില്ലക്ക് മികച്ച മുന്നേറ്റം ഉണ്ടാക്കാൻ സാധിച്ചതായി കാണാം. മുകുളം പദ്ധതിയും ഇതിന് സഹായിച്ചിട്ടുണ്ട്. എന്നാൽ 8,9 ക്ലാസുകളിലെ അക്കാദമിക നിലവാരം തൃപ്തികരമായ നിലയിലല്ല.

കണ്ണൂർ ജില്ലയിലെ യൂണിറ്റുകളും അംഗങ്ങളും– ജൂനിയർറെഡ്ക്രോസ്/എസ്.പി.സി/എൻഎസ് എസ് /എൻസി സി /സ്കൗട്ട്

	ഹൈസ്കൂൾ	പ്രൈമറി (യു.പി)
യൂണിറ്റുകൾ	155	55
കേഡറ്റുകൾ	9300	2750
ജെ.ആർ.സി. അധ്യാപകർ	155	55
എസ്.പി.സി.	36	0
എൻ.എസ്.എസ്.	110 HSS	
എൻ.സി.സി.	61	
സ്കൗട്ട്	168 HS	864 LP UP

പ്രധാന വെല്ലുവിളികൾ

ജില്ലയിലെ ഹൈസ്കൂളുകളിലെ അവസ്ഥ പരിശോധിച്ചാൽ അവ പല വെല്ലുവിളികളും നേരിടുന്നതായി മനസ്സിലാക്കാവുന്നതാണ്. പ്രധാന വെല്ലുവിളികൾ ഇവിടെ പരാമർശിക്കുന്നു.

I.അടിസ്ഥാന സൗകര്യങ്ങൾ

- കെട്ടിടം:– ഗവൺമെന്റ് ഹൈസ്കൂളുകളിൽ കെട്ടിടത്തിന്റെ കാര്യത്തിൽ നല്ല മുന്നേറ്റമുണ്ടായിട്ടുണ്ടെങ്കിലും വിവിധ സ്കൂളുകളിലെ ചില ബ്ലോക്കുകൾക്ക് നല്ല കെട്ടിടങ്ങൾ ലഭ്യമല്ല. പല എയ്ഡഡ് വിദ്യാലയങ്ങൾക്കും നല്ല കെട്ടിടമില്ല. ആർ എം എസ് എ വിദ്യാലയങ്ങളും കെട്ടിട സൗകര്യത്തിന്റെ കാര്യത്തിൽ പരമിതികൾ നേരിടുന്നുണ്ട്.

- **പാചകപ്പുര, ഭോജനശാല:–** എല്ലാ ഗവൺമെന്റ് ഹൈസ്കൂളുകൾക്കും ഏറെക്കുറെ നല്ല പാചകപ്പുരകൾ ഉണ്ടെങ്കിലും കുട്ടികൾക്ക് ഇരുന്ന് ഭക്ഷണം കഴിക്കാനുള്ള ഇടമില്ല. ചില എയ്ഡഡ് സ്കൂളുകളിൽ പാചകപ്പുര ശോച്യാവസ്ഥയിലാണ്. എയ്ഡഡ് സ്കൂളുകളിൽ മിക്കയിടങ്ങളിലും ഭോജന ശാല ഇല്ല.

- **സ്മാർട്ട് ക്ലാസ് മുറികൾ:–** സർക്കാർ ഹൈടെക് സ്കൂൾ എന്ന സ്വപ്ന പദ്ധതി നടപ്പാക്കുന്ന ഈ സമയത്ത് ഗവൺമെന്റ് വിദ്യാലയങ്ങളിലോ എയ്ഡഡ് വിദ്യാലയങ്ങളിലോ ആവശ്യമായ എണ്ണം സ്മാർട്ട് ക്ലാസ് മുറികൾ ഇല്ല.

- **ലാബ്, ലൈബ്രറി :–** ലാബ്, ലൈബ്രറി പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ നടത്താനാവശ്യമായ മുറികളോ, സാമഗ്രികളോ പല വിദ്യാലയങ്ങളിലും ലഭ്യമല്ല.

- **ശുചിമുറികൾ:–** ഭൂരിഭാഗം ഹൈസ്കൂളുകളിലും ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും പ്രത്യേകമായി ശുചിമുറികൾ ഉണ്ടെങ്കിലും 'പെൺ സൗഹൃദ ശുചിമുറികൾ' (GIRLS FRIENDLY) കുറവാണ്. ഭിന്ന ശേഷി വിദ്യാർത്ഥി

സൗഹൃദ ശുചിമുറികൾ കുറവാണ്. പല സ്കൂളുകളിലും ആൺകുട്ടികളുടെ ശുചി മുറികൾക്ക് മേൽക്കൂര ഇല്ല. ധാരാളം കുട്ടികളുള്ള എയ്ഡഡ് ഹൈസ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ശുചിമുറികളില്ല. ജലലഭ്യതയുമില്ല.

- **വൈദ്യുതി, കുടിവെള്ളം:**- എല്ലാ ഹൈസ്കൂളുകളും വൈദ്യുതീകരിച്ചതാണെങ്കിലും പല വിദ്യാലയങ്ങളിലും മുഴുവൻ ബ്ലോക്കുകളും വൈദ്യുതീകരിച്ചിട്ടില്ല. മിക്ക വിദ്യാലയങ്ങളിലും ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ കുടിവെള്ളം ലഭ്യമല്ല.

II.പഠന സമയം

കലോത്സവങ്ങൾ, മേളകൾ, ബാഹ്യ ഏജൻസികളുടെ പ്രവർത്തനങ്ങൾ, മറ്റ് വകുപ്പുകളുടെ പരിപാടികൾ, പ്രാദേശിക പ്രശ്നങ്ങൾ തുടങ്ങിയവ കുട്ടികളുടെ പഠന സമയം അപഹരിക്കുന്നു.

III.കുട്ടികളുടെ ഹാജർ

ഭൂരിഭാഗം ഗവൺമെന്റ് എയ്ഡഡ് വിദ്യാലയങ്ങളിലും കുട്ടികളുടെ ഹാജർ തൃപ്തികരമാണെങ്കിലും ആദിവാസി/പിന്നാക്ക മേഖലകളിൽ ഹാജർ നിലയിൽ പ്രശ്നങ്ങളുണ്ട്. ഇത് കുട്ടികളുടെ പഠന നിലവാരത്തെ സാരമായി ബാധിക്കുന്നു. ഹർത്താലുകൾ, മറ്റ് സമരങ്ങൾ എന്നിവയെല്ലാം വിദ്യാലയത്തിലെ ഹാജർ കുറക്കുന്ന ഘടകങ്ങളാണ്.

IV.അക്കാദമിക പ്രശ്നങ്ങൾ

എസ് എസ് എൽ സി പരീക്ഷയിൽ ചില വിദ്യാലയങ്ങളിൽ മികച്ച വിജയമില്ല. 8,9 ക്ലാസുകളിലെ വിദ്യാർത്ഥികളിൽ ഭൂരിഭാഗത്തിനും നിർദേശിക്കപ്പെട്ട എല്ലാ പഠന നേട്ടങ്ങളും സ്വായത്തമാക്കാനാകുന്നില്ല. അടിസ്ഥാന ഭാഷാശേഷിയിലും, ഗണിത ശേഷിയിലും പല കുട്ടികളും പിന്നിലാണ്.

നിർദേശങ്ങൾ

- ജില്ലയിലെ ചില ഗവൺമെന്റ് ഹൈസ്കൂളുകളിൽ നവീകരിക്കപ്പെടാത്ത ബ്ലോക്കുകളുണ്ട്. അവ നവീകരിക്കണം. ആർഎം എസ് എ സ്കൂളുകൾക്ക് ആവശ്യമായ കെട്ടിടങ്ങൾ ഉറപ്പാക്കണം. എയ്ഡഡ് വിദ്യാലയങ്ങളിലെ ശോച്യാവസ്ഥയിലുള്ള കെട്ടിടങ്ങൾ നവീകരിക്കണം. എല്ലാ ഹൈസ്കൂളുകളിലും ഭോജനശാല നിർമിക്കണം. പാചകപ്പുരയുടെയും, സാധനങ്ങൾ സൂക്ഷിക്കുന്ന മുറിയുടെയും സുരക്ഷിതത്വവും ഉറപ്പാക്കണം. ഹൈടെക് പഠനം സാധ്യമാക്കുന്നതിന് വിദ്യാലയങ്ങളിൽ സ്മാർട്ട് ക്ലാസ് മുറികളും അനുബന്ധ സാമഗ്രികളും സജ്ജമാക്കണം. ലാബ്, ലൈബ്രറി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം. അധ്യാപകർക്ക് ഐ ടി മേഖലയിലും, വിഷയബന്ധിതമായും പരിശീലനം നൽകണം. വായനയുടെ സാഹചര്യം ഉറപ്പാക്കണം.

- കുട്ടികൾ നേരിടുന്ന പഠന വൈകാരിക പ്രശ്നങ്ങൾ, കൗമാര പ്രശ്നങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിന് ആ മേഖലയിൽ പരിജ്ഞാനമുള്ളവരെ നിയമിക്കണം.

- ആദിവാസി മേഖലകളിലെ കുട്ടികൾ ദിവസം സ്കൂളിൽ എത്തുന്നുണ്ടെന്ന് ഉറപ്പാക്കണം. വാഹന സൗകര്യം അനുവദിക്കണം. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ആവശ്യമായ ഭൗതീക സാഹചര്യങ്ങൾ ഒരുക്കണം.

- എസ് എം സി /പി ടി എ എന്നിവ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

- കുട്ടികളുടെ പഠന നിലവാരം ഉറപ്പാക്കുന്ന തരത്തിൽ സൂക്ഷ്മതയോടെ സ്കൂൾവികസന പദ്ധതി തയ്യാറാക്കണം. അതിൽ അക്കാദമിക മാസ്റ്റർപ്ലാൻ സമയബന്ധിത പരിപാടിയായി രൂപീകരിക്കണം.

- ഒമ്പതാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്കു തന്നെ ഉന്നത പഠനത്തിനുള്ള ദിശാബോധം നൽകണം. കുട്ടികളുടെ അഭിരുചി കണ്ടെത്തുകയും, അവരെ അനുയോജ്യമായ മേഖലയിലേക്ക് തിരിച്ചു വിടുന്നതിനുള്ള സംവിധാനം (Diversification to Vocational or Non Vocational Stream) ഒരുക്കുകയും വേണം.

- വിവിധ മേളകൾ ഉദ് ഗ്രഥിച്ച് ഒറ്റ പരിപാടിയായി നടത്തണം. എല്ലാ മേളകളും അവധി ദിവസങ്ങളിൽ നടത്തണം.

- ടാലെന്റ് ക്യാമ്പുകൾ സ്കൂൾ തലത്തിൽ നടത്തണം. എസ് എസ് എൽസി പരീക്ഷ എപ്രിൽമാസം നടത്തികൊണ്ട് ഹൈസ്കൂൾ ക്ലാസുകളിലെയും ഹൈസ്കൂൾ അറ്റാച്ച്ഡ് പ്രൈമറി ക്ലാസുകളിലെയും പഠനസമയം വർദ്ധിപ്പിക്കുക.

- മലയോര മേഖല കേന്ദ്രീകരിച്ച് സ്പോർട്സ് സ്കൂളുകൾ (ചെറുപുഴ, മണത്തണ) സ്ഥാപിക്കണം. കുട്ടികളുടെ കായികക്ഷമത നിർണയിച്ച് തുടർനടപടികൾ നടത്തണം.

ഹയർസെക്കന്ററി

അവസ്ഥാവിശകലനം

പാഠ്യപദ്ധതി

ആകെ 161 ഹയർസെക്കന്ററി സ്കൂളുകളുണ്ട്. ഗവ. 8 , എയ്ഡഡ് 60, അൺഎയ്ഡഡ് 19, സ്പെഷ്യൽ സ്കൂൾ 1 ഇന്നത്തെ സെക്കന്ററി മേഖലയിലെ പാഠ്യപദ്ധതി സമയത്തിനുള്ളിൽ പൂർത്തിയാക്കാവുന്നതിലും അധികമാണ്. ആനുകാലിക പ്രസക്തമായ കാര്യങ്ങളുടെ അഭാവം പാഠ്യപദ്ധതിയിൽ കാണാൻ സാധിക്കും. അതോടെ വൊക്കേഷണൽ ഹയർസെക്കന്ററി മേഖലയിൽ പുതിയ തൊഴിലവസരങ്ങളെ ഉൾപ്പെടുത്തിയതായി കാണുന്നില്ല. പണ്ട് മുതലേയുള്ള അഗ്രിക്കൾച്ചർ, എം എൽ ടി പോലുള്ള തൊഴിലുകൾ മാത്രമാണ് ഇന്നും വിഷയങ്ങളായി നൽകിയിരിക്കുന്നത്. വിദ്യാർത്ഥികളുടെ കലാ-കായിക മേഖലകളിലെ കഴിവുകളെ പരിപോഷിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ഹയർസെക്കന്ററി തലത്തിൽ വിരളമാണ്. വ്യക്തിത്വ വികാസത്തിനായി സൗഹൃദ എൻഎൻഎസ് നാചറൽക്ലബ്ബ്, കരിയർഗൈഡൻസ് എന്നിങ്ങനെയുള്ള ക്ലബ്ബ് പരിപാടികൾ നടത്തുന്നുണ്ടെങ്കിലും കൃത്യമായ മോണിറ്ററിംഗ് ഇല്ലാത്തതിനാൽ പല വിദ്യാലയങ്ങളിലും ഇത്തരം പ്രവർത്തനങ്ങളുടെ നടത്തിപ്പ് ഉണ്ടാകുന്നില്ല. ആധുനിക സാങ്കേതികവിദ്യയുടെ കടന്നുകയറ്റവും തിരക്ക് പിടിച്ച ജീവിത സാഹചര്യങ്ങളും കാരണം വിദ്യാർത്ഥികളിൽ മൂല്യച്യുതി സംഭവിച്ചുകൊണ്ടിരിക്കുകയാണ്ന്ന്. മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിയാൽ മാത്രമേ ഈ അവസ്ഥക്ക് മാറ്റം വരുത്താൻ സാധിക്കുകയുള്ളൂ. ജീവിത നൈപുണി (ലൈഫ് സ്കിൽ) ഇന്നത്തെ കുട്ടികൾക്ക് കുറഞ്ഞുവരുന്ന ഈ സാഹചര്യത്തിൽ അവയെ തിരിച്ച് പിടിക്കാനുള്ള പ്രവർത്തനങ്ങളും പാഠ്യപദ്ധതിയുടെ ഭാഗമാക്കേണ്ടിയിരിക്കുന്നു.

പഠനസമയം

ഹയർസെക്കന്ററി തലത്തിൽ പഠനദിവസങ്ങളുടെ എണ്ണം കുറച്ചു കൊണ്ട് പഠനസമയത്തിൽ വരുത്തിയ മാറ്റം അനിവാര്യമാണോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. തുടർച്ചയായി മണിക്കൂറുകളോളം ഒരേ പഠനാന്തരീക്ഷത്തിലുള്ള പഠനം കുട്ടികളിൽ വിരസത സൃഷ്ടിക്കുന്നു. അധ്യാപകർക്ക് പാഠ്യപദ്ധതി സമയപരിധിക്കുള്ളിൽ തീർക്കാൻ സാധിക്കുന്നതായി കാണാം. ദിവസത്തിൽ കുറവ് വരുത്തിയിട്ടും പാഠ്യപദ്ധതി ചുരുക്കാത്തതിനാൽ അധ്യാപകർക്ക് ഇത് അമിത ഭാരം തന്നെയാണ്.

അധ്യാപക-വിദ്യാർത്ഥി അനുപാതം

ഇന്നത്തെ ഹയർസെക്കന്ററി ക്ലാസുകളിൽ 60 കുട്ടികൾക്ക് ഒരു അധ്യാപകൻ എന്ന നിലയിലാണ് പ്രവർത്തിക്കുന്നത്. കൗമാരക്കാരായ 60 കുട്ടികളെ ഒരധ്യാപകൻ നിയന്ത്രിച്ച് പഠനത്തിലേക്ക് എത്തിക്കുന്നത് ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്ന കാര്യമാണ്. ഇത്തരം സാഹചര്യത്തിൽ ക്ലാസിലെ കുട്ടികളുടെ എണ്ണത്തിൽ കുറവ് വരുത്തുകയാണ് വേണ്ടത്.

അധ്യാപക – വിദ്യാർത്ഥി അനുപാതം

ക്രമനമ്പർ	വിദ്യാർത്ഥികൾ	കുട്ടികളുടെ എണ്ണം	
		ആൺ	പെൺ
1	ഗവ.എയ്ഡഡ്, അൺ എയിഡഡ്, (പ്ലസ് വൺ)	16904	17457
2	ഗവ.എയ്ഡഡ്, അൺ എയിഡഡ്, (പ്ലസ് ടു)	15712	17295

പഠനനിലവാരം

കണ്ണൂർ ജില്ലയിലെ 2017 മാർച്ചിലെ ഹയർസെക്കന്ററി മേഖലയിലെ വിജയശതമാനം 76.15 ആണ്. എല്ലാ വിഷയങ്ങളിലും എ പ്ലസ് ലഭിച്ചവർ 1909 വിദ്യാർത്ഥികളാണ്. എങ്കിലും ഇംഗ്ലീഷ്, സയൻസ് പോലുള്ള വിഷയങ്ങളിൽ കുട്ടികൾക്ക് അടിസ്ഥാന ആശയങ്ങളിൽ ധാരണക്കുറവ് ഉള്ളതായി കാണുന്നു. പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ എൻറിച്ച്മെന്റ് പരിപാടികൾ നൽകണം. ഇന്നത്തെ നമ്മുടെ ഹയർസെക്കന്ററി മേഖലയിൽ ഇത്തരത്തിൽ അധ്യാപകരുടെ ശേഷികൾ മെച്ചപ്പെടുത്തുന്നതിനായുള്ള ക്ലാസുകളുടെ അഭാവം കാണുന്നുണ്ട്. ഉയർന്ന അധ്യാപക വിദ്യാർത്ഥി അനുപാതം പഠനത്തെ ബാധിക്കും.

മൂല്യനിർണയം

പരീക്ഷ ഇംഗ്ലീഷിലും മലയാളത്തിലും എഴുതാം എന്നതിനാൽ വിദ്യാർത്ഥികളിൽ ഭാഷാ പ്രശ്നം ഉണ്ട്. ഭാഷാ കൈകാര്യം ചെയ്യുന്നതിൽ പല പോരായ്മകളും ഉണ്ടാകുന്നു. പുതിയ ചോദ്യരീതി എല്ലാ വിഭാഗക്കാരെയും പരിഗണിക്കുന്ന രീതിയിലാണ് എന്നത് എടുത്തു പറയേണ്ടിയിരിക്കുന്നു. സി ഇ (നിരന്തര മൂല്യനിർണയം) വിഭാഗത്തിൽ നൽകുന്നത് 20 മാര്ക്കാണ്. അതിൽ മികച്ച പ്രകടനം കാഴ്ചവെച്ചവർക്കും ഒന്നും കാഴ്ചവെക്കാത്തവർക്കും നൽകുന്ന സ്കോറുകൾ ഏകദേശം 17 മുതൽ 20 വരെയാണ്. നന്നായി പഠിക്കുന്ന വിദ്യാർത്ഥികൾക്കും പഠനത്തിൽ പിറകിലായ കുട്ടികൾക്കും ഏകദേശം ഒരേ സ്കോറാണ് നൽകുന്നത്. ഈ രീതി മാറേണ്ടിയിരിക്കുന്നു.

ഭൗതികമേഖല (അവസ്ഥാ വിശകലനം)

ലാബ്, ലൈബ്രറി സൗകര്യങ്ങൾ

ഹയർസെക്കന്ററി തലത്തിൽ നിലവിൽ മിക്ക സ്കൂളിലും അടിസ്ഥാനപരമായ ഭൗതിക സാഹചര്യങ്ങൾ ഉണ്ടെങ്കിലും കുറച്ചുകൂടി മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. മിക്ക വിദ്യാലയങ്ങളിലെയും ലൈബ്രറി ഉപയോഗപ്രദമാകുന്നില്ല.

ബിൽഡിംഗ്, ടോയിലറ്റ്, കുടിവെള്ള ലഭ്യത

നമ്മുടെ ഭൂരിഭാഗം വിദ്യാലയങ്ങൾക്കും മെച്ചപ്പെട്ട ബിൽഡിംഗ് സൗകര്യമുണ്ട്. അതുപോലെ ടോയിലറ്റ്, കുടിവെള്ള ലഭ്യത എന്നിവ എല്ലാ വിദ്യാലയങ്ങളിലും ഉറപ്പുവരുത്തേണ്ടതുണ്ട്.

ഓഫീസ് സൗകര്യം

ഹൈസ്കൂളിനും ഹയർസെക്കന്ററിക്കും പ്രത്യേകം ഓഫീസ് സൗകര്യങ്ങൾ നിലവിലില്ല. ഹയർസെക്കന്ററി വിഭാഗത്തിന് മാത്രമായി ഓഫീസ് പ്രവർത്തിക്കേണ്ടതുണ്ട്. ഓഫീസ് പ്രവർത്തനത്തിന് പര്യാപ്തരായ ആളുകളെ ജോലിയിൽ പ്രവേശിപ്പിക്കുകയും വേണം.

ഡിജിറ്റൽമേഖല

ഭൂരിഭാഗം വിദ്യാലയങ്ങളിലും ഹൈടെക് സാങ്കേതികവിദ്യ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ടെങ്കിലും എല്ലാ വിദ്യാലയങ്ങളിലും ഇത് നടപ്പിലാക്കുകയും പ്രവർത്തന കാര്യക്ഷമത ഉറപ്പ് വരുത്തുകയും വേണം. ശാസ്ത്ര സാങ്കേതിക വിദ്യയും ഉയർച്ചക്കൊപ്പം ഉയർത്തിക്കൊണ്ടുവരേണ്ടതുണ്ട് .

നിർദേശങ്ങൾ (അക്കാദമിക മേഖല)

പാഠ്യപദ്ധതി

- **പാഠ്യപദ്ധതി സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാവുന്ന രീതിയിൽ രൂപീകരിക്കണം.**

തൊഴിലധിഷ്ഠിത വിദ്യാഭ്യാസ മേഖലയിൽ ആനുകാലികമായുള്ള തൊഴിലുകളെ (പുത്തൻ തൊഴിലുകൾ) ഉൾപ്പെടുത്തുക. പുത്തൻ സാങ്കേതിക വിദ്യകളെയും ആനുകാലിക പ്രസക്തമായ കാര്യങ്ങളെയും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക(വൊക്കേഷണൽ ഹയർ സെക്കന്ററി). മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുക. ജീവിത നൈപുണി (ലൈഫ് സ്കിൽ) യോഗാ, കലാ – കായിക പ്രവർത്തനങ്ങൾ എന്നിവ പാഠ്യ പദ്ധതിയുടെ ഭാഗമാക്കുക. നിലവിലുള്ള വ്യക്തിത്വവികസന പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുക. പഠനഭാരം കുറക്കാൻ സെമസ്റ്റർ സമ്പ്രദായം കൊണ്ട് വരാം.

പഠനസമയം

- ഹയർസെക്കന്ററി തലത്തിൽ ദിവസം കുറച്ച് നിലവിലെ സമയക്രമം വർദ്ധിപ്പിച്ച് ഇടവേളകളില്ലാതെ തുടർച്ചയായുള്ള പഠനം വിദ്യാർത്ഥികളിൽ വിരസത ഉണ്ടാക്കുന്നു. ക്ലാസിലെ വിദ്യാർത്ഥികളുടെ എണ്ണം 60 ൽ നിന്ന് കുറച്ചുകൊണ്ട് വരാം. അധ്യാപക വിദ്യാർത്ഥി അനുപാതം പരിഷ്കരിക്കണം. അല്ലെങ്കിൽ അധ്യാപകരുടെ എണ്ണത്തിൽ വർദ്ധനവ് വരുത്താം. പഠനത്തിൽ ഇടവേളകൾ നൽകി ശനിയും പ്രവൃത്തി ദിവസമാക്കാം.

പഠനനിലവാരം

ഇംഗ്ലീഷ്, സയൻസ് പോലുള്ള വിഷയങ്ങളിൽ വിദ്യാർത്ഥികൾക്കുള്ള ആശയധാരണക്കുറവ് മാറ്റി എടുക്കാൻ പരിപാടികൾ ആസൂത്രണം ചെയ്യണം. അധ്യാപകർക്ക് ശേഷി വർദ്ധിപ്പിക്കാനും വളർച്ചക്കുമാവശ്യമായ എൻറിച്ച്മെന്റ് പരിപാടികൾ നൽകുക. അധ്യാപക-വിദ്യാർത്ഥി അനുപാതത്തിൽ മാറ്റം വരുത്തേണ്ടതുണ്ട്. സമൂഹത്തിലെ ഒരു Earning Member എന്ന നിലയിൽ പ്രവർത്തിക്കാൻ കഴിയും വിധം കുട്ടികൾ നൈപുണ്യം നേടിയിരിക്കണം. ഏതെങ്കിലും ഒരു തൊഴിലിൽ പ്രാവീണ്യം നേടിയിരിക്കണം. പഠനം കഴിഞ്ഞാൽ വ്യത്യസ്ത ശ്രേണികൾ കണ്ടെത്താനും, തൊഴിൽ നേടിയെടുക്കാനും സ്വയം പ്രാപ്തരാകണം.

പരീക്ഷ മൂല്യനിർണയം

- പരീക്ഷ ഏതെങ്കിലും ഒരു ഭാഷയിൽ മാത്രം എഴുതാവുന്ന രീതിയിലാക്കുക. സി ഇ (നിരന്തര വിലയിരുത്തൽ) നടപ്പിലാക്കുന്നതിന് ശാസ്ത്രീയ മാനദണ്ഡങ്ങൾ തയ്യാറാക്കുക.

ബദൽ അധ്യാപക സംഘങ്ങൾ

- നിലവിലെ വിദ്യാലയങ്ങളിലെ അധ്യാപകരുടെ അവധിയിൽ ബദൽ അധ്യാപകർക്ക് എൽഎസ് ജി (ലോക്കൽസെൽഫ് ഗവൺമെന്റ്) മുഖാന്തിരം ജോലി നൽകാം.

നിർദേശങ്ങൾ (ഭൗതികമേഖല)

ലാബ് – ലൈബ്രറി സൗകര്യങ്ങൾ

- ലാബ്, ലൈബ്രറി സൗകര്യങ്ങൾ എല്ലാ വിഷയത്തിലും മെച്ചപ്പെടുത്തണം.

ലൈബ്രറി ഉപയോഗം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകാം. ലാബിൽ അനിവാര്യമായ വസ്തുക്കളുണ്ടോ എന്ന് ഉറപ്പ് വരുത്തണം. എല്ലാ വിദ്യാലയങ്ങളിലും ബിൽഡിംഗ്, ടോയിലറ്റ്, കുടിവെള്ള ലഭ്യത ഉറപ്പു വരുത്തുക.

ഓഫീസ് സൗകര്യം

- ഹയർസെക്കന്ററി വിഭാഗത്തിന് മാത്രമായി പ്രത്യേക ഓഫീസ് സൗകര്യങ്ങൾ ഒരുക്കുക. ഓഫീസ് പ്രവർത്തനങ്ങൾക്ക് പര്യാപ്തമായ ആളുകളെ (പ്യൂൺ, സ്റ്റാഫ്, ക്ലർക്ക്) ജോലിയിൽ പ്രവേശിപ്പിക്കുക.

- ജില്ലയിലെ ഹയർസെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികളുടെ കായികക്ഷമത ഉയർത്താനുള്ള പദ്ധതി സ്പോർട്സ് സ്കൂളുകൾ, തൊഴിൽനൈപുണി വികസനത്തിനുള്ള കേന്ദ്രങ്ങൾ, പരിശീലനങ്ങൾ

- ജില്ലയിലെ പന്ത്രണ്ടാം ക്ലാസ് പരീക്ഷ എഴുതുന്ന എല്ലാ കുട്ടികളെയും ഉയർന്ന ഗ്രേഡോടെ (C+ & Above) വിജയിപ്പിക്കാനുള്ള പദ്ധതി, എല്ലാ വിദ്യാർത്ഥികൾക്കും നേതൃപരിശീലന ക്യാമ്പുകൾ.

അധ്യാപക വിദ്യാഭ്യാസം

വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം നിർണയിക്കുന്ന ജീവനാഡികളാണ് അധ്യാപകർ. അധ്യാപകന്റെ ഗുണനിലവാരം വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ സ്വാധീനിക്കുന്നു. കേവലം പഠന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ഒരാൾമാത്രമല്ല അധ്യാപകൻ. രക്ഷിതാവും മാർഗദർശിയും സുഹൃത്തും കൂടിയാണ്. കുട്ടികളുടെ ശാരീരികവും, മാനസികവും വൈകാരികവും ഭൗതീകവുമായ വ്യത്യാസങ്ങളെ മനസ്സിലാക്കി പ്രവർത്തിക്കുന്ന വ്യക്തിയാണദ്ദേഹം. മികച്ച അധ്യാപകനെ സൃഷ്ടിക്കുക എന്ന ലക്ഷ്യം നിറവേറ്റാനാണ് അധ്യാപക പരിശീലന കേന്ദ്രങ്ങൾ രൂപീകൃമായത്. കണ്ണൂർജില്ലയിൽ ആകെ 10 അധ്യാപക പരിശീലന കേന്ദ്രങ്ങളാണുള്ളത് (മാഹി ഉൾപ്പെടെ). അതിലൊന്ന് ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രത്തിൽ പ്രവർത്തിക്കുന്നു (ഡയറ്റ്). ഗവൺമെന്റ് മേഖലയിൽ 4 ഉം, എയിഡഡ് മേഖലയിൽ 1 ഉം, അൺഎയിഡഡ് മേഖലയിൽ 5ഉം ഐ ടി ഇ കളാണുള്ളത്. പ്രീപ്രൈമറി മേഖലയിൽ സ്വാശ്രയ ഗവൺമെന്റ് എയിഡഡ് സ്ഥാപനങ്ങൾ ഒന്നുമില്ല.

ഡയറ്റ് കണ്ണൂർ പ്ലാൻ

ക്രമനമ്പർ	ജില്ലയിലെ ഐ.ടി.ഇ.കൾ	കുട്ടികളുടെ എണ്ണം	
		ഒന്നാം വർഷം	രണ്ടാം വർഷം
1	ഡയറ്റ്, കണ്ണൂർ	36	36
2	പാലയാട്	24	19
3	മാതമംഗലം, ഐ ടി ഇ	25	25
4	ഐ ടി ഇ, മെൻ, കണ്ണൂർ	24	23
5	ഐ ടി ഇ, വിമെൻ, കണ്ണൂർ	40	38
6	സെന്റ് തെരേസാസ് ആംഗ്ലോ ഇന്ത്യൻ ഐ ടി ഇ, കണ്ണൂർ	50	47
7	തളിപ്പറമ്പ് ഐ ടി ഇ	100	81
8	മലബാർ ഐ ടി ഇ, ചക്കരക്കൽ	50	48
9	പെരിങ്ങത്തൂർ ഐ ടി ഇ	100	89

(അവലംബം ഡയറ്റ് കണ്ണൂർ (പ്ലാന് 2017–18))

എല്ലാ ഐ ടി ഇ കളുടെയും അക്കാദമിക മേൽനോട്ടം ഡയറ്റാണ് നിർവഹിക്കുന്നത്. ക്ലസ്റ്റർപരിശീലനങ്ങൾ, പ്രാക്ടിക്കൽബോർഡ് സംഘടിപ്പിക്കൽ, മോണിറ്ററിംഗ് എന്നിവയെല്ലാം ഡയറ്റിന്റെ മേൽനോട്ടത്തിലാണ് നടക്കുന്നത്. ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർക്കാണ് കുട്ടികളുടെ പ്രവേശനത്തിനുള്ള ചുമതല.

സ്ഥിതിവിവരങ്ങൾ

മാറുന്ന സാഹചര്യങ്ങൾക്കും മനോഭാവങ്ങൾക്കും അഭിരുചികൾക്കും അനുസരിച്ച് ചലനാത്മകമായി പ്രവർത്തിക്കേണ്ട സ്ഥാപനങ്ങളാണ് ടീച്ചർ എഡ്യുക്കേഷൻ സെന്ററുകൾ. പഠനരീതി, വിഷയ സമീപനം, കുട്ടികളോടുള്ള സമീപനം എന്നിവയെല്ലാം മാറിക്കൊണ്ടിരിക്കുന്നു. ഏറ്റവും പുതിയ രീതി ശാസ്ത്രങ്ങളിൽ പ്രാവീണ്യം നേടും വിധം ഐ ടി ഇ കൾ ഉയർന്ന പ്രവർത്തിക്കേണ്ടതുണ്ട്. എൻസി ടി ഇ യുടെ കീഴിലാണ് എല്ലാ ഐ ടി ഇ കളും പ്രവർത്തിക്കുന്നത്. അധ്യാപക പരിശീലന കേന്ദ്രങ്ങൾക്ക് കൃത്യമായ മാനദണ്ഡങ്ങൾ എൻസി ടി ഇ പ്രഖ്യാപിച്ചിട്ടുണ്ട്. കെട്ടിടം, ലാബ്, ലൈബ്രറി, കളിസ്ഥല സൗകര്യങ്ങൾ എന്നീ ഹൈടെക് സംവിധാനങ്ങളും നിർദേശ പ്രകാരം ഒരുക്കേണ്ടതുണ്ട്. എന്നാൽ എൻസി ടി ഇയുടെ മാനദണ്ഡങ്ങൾക്കും കാഴ്ചപ്പാടിനും അനുസരിച്ച് പ്രവർത്തിക്കുന്ന ഐ ടി ഇകൾ ചുരുക്കമാണ്. ക്ലാസ് മുറികൾ, കെട്ടിടങ്ങൾ എന്നിവയുടെ അപര്യാപ്തതയുണ്ട്. ടീച്ചർ എഡ്യുക്കേറ്ററുടെ അഭാവമുണ്ട്.

പ്രശ്നങ്ങൾ

കുട്ടികളുടെ പ്രവേശനം ജൂൺമാസം നടക്കേണ്ടതാണ്. എന്നാൽ പലപ്പോഴും പ്രവേശന നടപടികൾ പൂർത്തിയാക്കുന്നത് ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിലാണ്. ഈ കാലയളവ് കുട്ടികൾക്ക് വലിയ സമ്മർദമാണ് ഉണ്ടാക്കുന്നത്. മറ്റൊരു കാര്യം, ഗവൺമെന്റ് ഐ ടി ഇ കളിൽ ടീച്ചർ എഡ്യുക്കേറ്റർമാർ ആവശ്യത്തിനില്ല എന്നുള്ളതാണ്. ഇംഗ്ലീഷ്, സയൻസ്, സാമൂഹ്യശാസ്ത്രം, ഗണിതം എന്നീ വിഷയങ്ങൾക്ക് പ്രത്യേകം അധ്യാപകരില്ല എന്നുള്ളത് വലിയ പ്രശ്നമാണ്. എച്ച് എം അടക്കം നാല് പേരാണുള്ളത്. അൺഎയ്ഡഡ് ഐ ടി ഇ കളിൽ എൻ സി ടി ഇ മാനദണ്ഡപ്രകാരം നിയമനങ്ങൾ നടക്കുന്നുണ്ട്. എന്നാൽ ആവശ്യത്തിനുള്ള ഇൻ സർവീസ് പരിശീലനങ്ങൾ ടീച്ചർ എഡ്യുക്കേറ്റർമാർക്ക് ലഭിക്കാറില്ല അതിനാൽ പുതിയ രീതിയിലുള്ള പഠന രീതിയിൽ വേണ്ടത്ര പരിജ്ഞാനം ലഭിക്കുന്നില്ല. പ്രീ സർവീസ് പരിശീലനത്തിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാവണം. അഭിരുചി നിർണയം നടത്തി മാത്രമേ അധ്യാപ വിദ്യാർത്ഥികളെ കണ്ടെത്താവൂ. പ്രീ സർവീസ്, ഇൻ സർവീസ് തമ്മിലുള്ള ബന്ധം ശക്തമാക്കണം. ബി എഡ് സെന്ററുകൾ യൂണിവേഴ്സിറ്റിയുടെ ടീച്ചർ എഡ്യുക്കേഷൻ സെന്ററുകൾ, ഐ ടി ഇ കൾ, പ്രീ പ്രൈമറി ടെയിനിങ്ങ് സെന്ററുകൾ, എന്നിവ തമ്മിലുള്ള ഏകോപനം സാധ്യമാക്കണം. പ്രീ പ്രൈമറി രംഗത്ത് സർക്കാർ/എയിഡഡ്/സ്വാശ്രയ മേഖലകളിൽ ഒന്നു പോലും അധ്യാപക പരിശീലന സ്ഥാപനങ്ങളില്ല.

നിർദേശങ്ങൾ

വിദ്യാർത്ഥികളുടെ പ്രവേശനം ജൂൺമാസം തന്നെ പൂർത്തിയാക്കണം. അതിന് ഡി ഡി ഇ തലത്തിൽ ഒരു ഉപസമിതി ഉണ്ടാകണം. ഗവൺമെന്റ് ഐ ടി ഇ കളിൽ ഭൗതീക സാഹചര്യങ്ങളുടെ അപര്യാപ്തതയുണ്ട്. കെട്ടിടം, ലാബ്, ലൈബ്രറി, ഹൈടെക് സംവിധാനങ്ങൾ എന്നിവ മെച്ചപ്പെടുത്തണം. പഠനഭാരം ലഘൂകരിക്കണം, സെമസ്റ്റർ സമ്പ്രദായത്തിലേക്ക് മാറിപ്പോയപ്പോൾ പഠന പ്രവർത്തനങ്ങൾ നടത്താനും വിഷയങ്ങൾ പഠിപ്പിച്ചു തീർക്കാനും വലിയ പ്രയാസമാണ് അനുഭവിക്കുന്നത്. ടീച്ചിങ്ങ് പ്രാക്ടീസ് ദിവസങ്ങളുടെ എണ്ണവും

പുന:പരിശോധനയ്ക്ക് വിധേയമാക്കണം. കൃത്യമായ അക്കാദമിക പ്ലാനും കലണ്ടറും ഉണ്ടാകണം. അധ്യാപകവിദ്യാർത്ഥികൾക്കായി ജില്ലാതല കായികമേള നടത്തണം. ജില്ലയിലൊരു പെഡഗോഗിക് പാർക്ക്, പ്രീപ്രൈമറി മേഖലയിൽ അധ്യാപക പരിശീലന കേന്ദ്രങ്ങൾ എന്നിവ ജില്ലയിൽ സ്ഥാപിക്കണം.

പട്ടികജാതി പട്ടികവർഗ വിദ്യാഭ്യാസം

പട്ടികജാതി പട്ടികവർഗ വിഭാഗത്തിന്റെ ശാക്തീകരണവും പുരോഗതിയും നമ്മുടെ സമൂഹത്തിന്റെ ചുമതലയാണ്. സ്വാതന്ത്ര്യം കിട്ടി 70 വർഷം കഴിഞ്ഞെങ്കിലും ഇന്നും ഇവർ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗമായി തുടരുകയാണ്. ഇപ്പോഴും രക്ഷിതാക്കളെ ജോലിയിൽ സഹായിക്കുവാനും കുട്ടികളെ നോക്കുവാനും വേണ്ടി സ്കൂളിൽ പോകാതെ നിൽക്കുന്ന കുട്ടികളെ നമുക്ക് കാണാൻ സാധിക്കും. മദ്യവും പുകവലിയും ഇന്നും ഇവരുടെ ഇടയിൽ വില്ലൻമാരായി തുടരുന്നു. ഒറ്റപ്പെട്ട നിൽക്കുന്ന കോളനികളിൽ ഗവൺമെന്റ് നൽകുന്ന സഹായങ്ങളെക്കുറിച്ച് വേണ്ടത്ര ധാരണയില്ലാത്തതിനാൽ അവ ഉപയോഗപ്പെടുത്താൻ സാധിക്കാതെയും ഇടത്തട്ടുകാരുടെ ചൂഷണത്തിനു വിധേയമായും ഇവർ മുഖ്യധാരയിൽ നിന്നും ഏറെ അകലെയാണ്.

പട്ടികവർഗ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ പഠനപുരോഗതി ലക്ഷ്യം വെച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ വകുപ്പും സർവശിക്ഷാ അഭിയാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പട്ടികവർഗ വകുപ്പും ധാരാളം പരിപാടികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും ഇപ്പോഴും നാം ലക്ഷ്യത്തിൽ നിന്നും വളരെ അകലെയാണ്. ഈ അവസ്ഥ മാറ്റിയെടുക്കുവാൻ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി കുട്ടികളിൽ പഠനത്തോട് ആഭിമുഖ്യം വളർത്തേണ്ടതുണ്ട്. ഈയൊരു ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് ഡയറ്റുകളുടെ നേതൃത്വത്തിൽ പട്ടികവർഗ വിദ്യാർത്ഥിക്കൾക്കും രക്ഷിതാക്കൾക്കും വേണ്ടി പ്രത്യേക വിദ്യാഭ്യാസ പദ്ധതി സംസ്ഥാന വ്യാപകമായി നടത്തുവാൻ വിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചത്.

പരിശീലന പരിപാടികൾ

ജില്ലയിലേറ്റവും കൂടുതൽ പട്ടികവർഗ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകളാണ് ഈ പരിശീലന പരിപാടിക്ക് വേണ്ടി തെരഞ്ഞെടുത്തത്. പരിശീലന പരിപാടിയുടെ ഉള്ളടക്കം തീരുമാനിക്കുന്നതിനുവേണ്ടി പട്ടികവർഗ വിഭാത്തിലെ ജില്ലാതല ഉദ്യോഗസ്ഥൻമാർ, മോഡൽ റസിഡൻഷ്യൽ സ്കൂൾ അധ്യാപകർ, പട്ടികവർഗ പ്രമോട്ടർമാർ, തുടങ്ങിയവരുമായി ചർച്ച നടത്തുകയുണ്ടായി. ഇതിൽനിന്നും ഉരുത്തിരിഞ്ഞ ധാരണയനുസരിച്ച് പിന്നീട് രണ്ട് ദിവസത്തെ ഒരു ശിൽപശാല നടത്തുകയും പ്രൈമറി വിഭാഗത്തിനും ഹൈസ്കൂൾ വിഭാഗത്തിനുമായി പ്രത്യേകം മൊഡ്യൂളുകൾ രൂപപ്പെടുത്തുകയും ചെയ്തു

ജില്ലയിലെ പ്രധാനപ്പെട്ട കോളനികൾ

1	മണ്ണേരി	14	മൂന്നാം കുറ്റി
2	ഉത്തൂർ	15	അമ്പലക്കി
3	കാനം വയൽ	16	കോട്ടയംതട്ട
4	ചട്ടച്ചിക്കം	17	മുണ്ടയാംപറമ്പ്
5	ഇല്ലം കോളനി	18	മാടത്തിൽ വെള്ളാർവയൽ
6	പൂക്കുണ്ട് കോളനി	19	എരിയക്കൊല്ലി
7	കൈതക്കൊല്ലി	20	എടയാർ
8	പുതിയങ്ങാടി	21	അമ്പായത്തോട്
9	തുത്തുമ്മൽ കോളനി	22	ആറളം
10	വീർപ്പാട് കോളനി	23	ശങ്കരൻകണ്ടി
11	പോത്തുകുണ്ട്	24	പാടത്തുംപാറ
12	എരത്തുംകരി	25	രാമച്ചി
13	110 കോളനി		

പട്ടികവർഗ വിദ്യാർത്ഥികളുടെ ക്ലാസ്സ് തിരിച്ചുള്ള എണ്ണം

കണ്ണൂർജില്ലയിൽ പട്ടികവർഗ വിഭാഗം കുട്ടികളിൽ ഈ വർഷം 6408 കുട്ടികൾ ഒന്നു മുതൽ പത്ത് വരെ ക്ലാസുകളിലായി പഠനം നടത്തുന്നു. കഴിഞ്ഞ വർഷം (2016-17) 6590 വിദ്യാർഥികളായിരുന്നു. വിവിധ സർക്കാർ സംവിധാനങ്ങളുടെ പിന്തുണയും ഹോസ്റ്റൽ സൗകര്യങ്ങളും ഉപയോഗപ്പെടുത്തി വിദ്യാലയ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. ഓരോ വർഷവും ഒന്നാംതരത്തിൽ അഡ്മിഷൻ നേടുന്ന കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് ശ്രദ്ധേയമാണ്. കൊഴിഞ്ഞു പോക്കിന്റെ ശതമാനം കുറക്കാനും സാധിച്ചിട്ടുണ്ട്.

കോളനികൾ കേന്ദ്രീകരിച്ച് വിദ്യാലയ പ്രവേശനം നേടിയ കുട്ടികളെ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പ്രചാരണ പ്രവർത്തനങ്ങൾ ഈമേഖലയ്ക്ക് കൂടുതൽ ഉണർവ് നൽകും.

ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

- വീടുകളിൽ പഠന സൗകര്യം ഉറപ്പാക്കൽ
- ആവശ്യമായ പഠനസാമഗ്രികൾ എത്തിക്കൽ
- രക്ഷാകർതൃ ക്യാമ്പുകൾ
- തനത് സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കൽ
- ആരോഗ്യ ക്യാമ്പുകൾ
- കുട്ടികളുടെ പഠനക്കളരി (ക്യാമ്പുകൾ) സംഘടിപ്പിക്കൽ
- കലാകായിക മേളകൾ കോളനിതലത്തിൽ സംഘടിപ്പിക്കൽ
- വിവിധ മേഖലകളിൽ മികവു പുലർത്തുന്നവരെ കണ്ടെത്തൽ, അംഗീകരിക്കൽ

പട്ടികവർഗ വിഭാഗത്തിൽപെട്ട കുട്ടികളുടെ സ്കൂൾ പ്രവേശനവുമായി ബന്ധപ്പെട്ട വിവരങ്ങൾ **അനുബന്ധം 35 ൽ** നൽകിയിരിക്കുന്നു.

സാക്ഷരത/തുടർവിദ്യാഭ്യാസം, അനൗപചാരിക വിദ്യാഭ്യാസം

കോഴിക്കോട് മാനാഞ്ചിറയിൽ ലക്ഷക്കണക്കിന് പഠിതാക്കളെയും പ്രവർത്തകരെയും സാക്ഷിയാക്കിയാണ് ചരിത്ര പ്രസിദ്ധമായ സാക്ഷരതാ പ്രഖ്യാപനം നടന്നത്. കേരളം സമ്പൂർണ സാക്ഷരത നേടുന്നതിനു മുമ്പ് തന്നെ കണ്ണൂർജില്ല സമ്പൂർണ സാക്ഷരത നേടുകയുണ്ടായി. സമ്പൂർണ സാക്ഷരതാ യജ്ഞത്തിൽ ആയിരക്കണക്കിന് യുവജനങ്ങളെ അണിനിരത്തുവാൻ ജില്ലയ്ക്ക് സാധിച്ചു. 1991 ൽ ജില്ലയുടെ സാക്ഷരതാ നിരക്ക് 90.92% വും 2001 ൽ 93.8%വും 2011 ൽ ജില്ലയിലെ സാക്ഷരതാ നിരക്ക് 95.41%വും ആയി വർദ്ധിക്കുകയുണ്ടായി.

സമ്പൂർണ സാക്ഷരതായജ്ഞത്തിനു ശേഷം നടന്ന തുടർസാക്ഷരതാ പ്രവർത്തനങ്ങളും തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങളുമാണ് ജില്ലയുടെ സാക്ഷരത ശതമാനം വർദ്ധിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും സഹായിച്ചത്.

2007 മുതൽ നടന്ന കിരൺ പദ്ധതിയിലൂടെ സമ്പൂർണ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന ഇന്ത്യയിലെ ആദ്യജില്ലയായി കണ്ണൂർജില്ല മാറുകയുണ്ടായി. അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് എന്നും പുതിയ പരിപാടികളിലൂടെ മാർഗദർശനമായി ജില്ല മാറിയിട്ടുണ്ട്. എങ്കിലും ഇനിയും നിരക്ഷരതയുടെ തുരുത്തുകൾ അവശേഷിക്കുന്നുണ്ട്. ആദിവാസി മേഖലകളിലും പട്ടികജാതി കോളനികളിലും തീരദേശമേഖലകളിലും ഈ തുരുത്തുകൾ കാണാം. ഈ തുരുത്തുകൾ നിർമാർജനം ചെയ്യുന്നതിനൊപ്പം ഹയർസെക്കന്ററി വരെയുള്ള തുല്യതാപഠനം കാംക്ഷിക്കുന്ന ലക്ഷക്കണക്കിന് പഠിതാക്കളെയും ഇതര സംസ്ഥാന തൊഴിലാളികളെയും, പാർശ്വവൽക്കരിക്കപ്പെട്ട ട്രാൻസ്ജെൻഡർ വിഭാഗങ്ങളെയും നമുക്ക് മുഖ്യധാരാ വിദ്യാഭ്യാസത്തിലേക്ക് നടത്തേണ്ടതുണ്ട്. ഇതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് വലുതാണ്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കൊപ്പം സാക്ഷരതാപ്രവർത്തകരും അണി ചേർന്നാൽ അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് കണ്ണൂർജില്ലയ്ക്ക് വലിയ മാതൃകകൾ സൃഷ്ടിക്കുവാൻ സാധിക്കും.

1950 കളിൽ പഞ്ചവത്സര പദ്ധതികളുടെ ഭാഗമായി വയോജനവിദ്യാഭ്യാസ പരിപാടികൾ ആവിഷ്കരിക്കപ്പെട്ടു. തുടർന്ന് ഗ്രാമവികസന വകുപ്പിന്റെ നേതൃത്വത്തിൽ ഫിക്ഷണൽ ലിറ്ററസി പ്രോഗ്രാമും ആരംഭിച്ചു. പി.എൻ.പണിക്കരുടെ നേതൃത്വത്തിൽ ആരംഭിച്ച കാൻഫെഡും സാക്ഷരതാ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.

സമ്പൂർണ സാക്ഷരതാപ്രവർത്തനങ്ങൾ ജില്ലയിലും സംസ്ഥാനത്തും വലിയ ചലനങ്ങൾ ഉണ്ടാക്കി. സാക്ഷരതാ രംഗത്ത് ലക്ഷക്കണക്കിന് യുവജനങ്ങൾ അവരുടെ ക്രിയാത്മക ശേഷിയുമായി മുന്നോട്ട് വന്നു. അതിനൊപ്പം സ്ത്രീശാക്തീകരണത്തിന്റെ പ്രതീകമായി സാക്ഷരതായജ്ഞം മാറി.

1988 - ലാണ് തുടർവിദ്യാഭ്യാസ പദ്ധതികൾ ജില്ലയിൽ ആരംഭിക്കുന്നത്, പദ്ധതിയുടെ ഭാഗമായി വികസന കേന്ദ്രങ്ങളും വിദ്യാകേന്ദ്രങ്ങളും സ്ഥാപിക്കപ്പെട്ടു. പ്രവർത്തകരായി പ്രേരക്മാരെ തിരഞ്ഞെടുത്തു. ജില്ലയിൽ ഇപ്പോൾ ആകെ 26 വികസനകേന്ദ്രങ്ങളും 134 തുടർവിദ്യാകേന്ദ്രങ്ങളും പ്രവർത്തിച്ചു വരുന്നു. തുടർവിദ്യാഭ്യാസപദ്ധതിയുടെ ഭാഗമായി വന്ന സമ്പൂർണ പ്രാഥമിക വിദ്യാഭ്യാസം എന്ന ആശയം സർവ്വാത്മന സ്വീകരിച്ച ജില്ലയാണ് കണ്ണൂർ. 2007 ൽ സമ്പൂർണ പ്രാഥമിക വിദ്യാഭ്യാസം നേടിയ ആദ്യ നഗരസഭയായി പയ്യന്നൂർ മാറി. 2010 സെപ്തംബർ 9 ന് സമ്പൂർണ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന ആദ്യജില്ലയായി കണ്ണൂർമാറി.

2011 ലെ സെൻസസ് പ്രകാരം കണ്ണൂർജില്ലയിലെ സാക്ഷരതാ ശതമാനം 95.41% ആണ്. എന്നാൽ ഇപ്പോളിത് വർദ്ധിച്ച് 97% ആയിട്ടുണ്ടാകാം എന്നാണ് സാക്ഷരതാരംഗത്തുള്ളവർ വിലയിരുത്തുന്നത്. ആദിവാസി മേഖലകളിലും പട്ടികജാതി മേഖലകളിലുമാണ് അധികമായി നിരക്ഷരത നിലനിൽക്കുന്നത്. അതിനൊപ്പം തീരദേശത്ത് ഉള്ളവരും നിരക്ഷരതയിൽ മുമ്പിലാണ്. കേരളത്തിൽ വന്ന് താമസിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളാണ് നിരക്ഷരത പേറുന്ന മറ്റൊരു പ്രധാന വിഭാഗം.

തുല്യതാപഠനത്തിന് വർദ്ധിച്ച പ്രസക്തിയാണ് ജില്ലയിലുള്ളത്. ധാരാളം പഠിതാക്കൾ ഓരോ വർഷവും തുല്യതാ പഠനം നടത്തിവരുന്നു.

തുല്യതാപഠിതാക്കൾ

വർഷം	നാലാംതരം	ഏഴാംതരം	പത്താംതരം	ഹയർസെക്കന്ററി തുല്യത
2010	25544	1250	1850	-
2011	1200	850	1910	
2012	510	612	1200	
2013	340	823	2140	
2014	950	830	1750	
2015	1977	780	1980	1469
2016	158	485	2272	1049
2017	0	0	1887	1469

(അവലംബം-സാക്ഷരതാ മിഷൻ)

നിലവിലുള്ള പ്രധാന വിടവുകൾ

ആദിവാസി മേഖലയിൽ നിരക്ഷരർ 16% മാണ്, പട്ടികജാതി വിഭാഗങ്ങളിൽ നിരക്ഷരത നിലനിൽക്കുന്നു, തീരദേശമേഖലകളിൽ നിരക്ഷരത അവശേഷിക്കുന്നു, ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിൽ നിരക്ഷരതയോടൊപ്പം, മലയാളവും അസ്പർശ്യമായി നിൽക്കുന്നു.

നാലാം തരം മുതൽ ഹയർ സെക്കണ്ടറി വരെയുള്ള പഠനത്തിന് ലക്ഷക്കണക്കിന് പഠിതാക്കൾ അവശേഷിക്കുന്നു, പരിസ്ഥിതി സാക്ഷരതാരംഗത്തു വലിയ തിരിച്ചടികളുണ്ട്. ജലസാക്ഷരത ഇന്നും വേണ്ടത്ര ഇല്ല, ആരോഗ്യസാക്ഷരതയിൽ നാം പിന്നോക്കം പോകുന്നതിന്റെ സൂചനകൾ കണ്ടു തുടങ്ങിയിരിക്കുന്നു, ഡിജിറ്റൽ സാക്ഷരതയും കമ്പ്യൂട്ടർസാക്ഷരതയും പലർക്കും എത്താനാവാത്ത മേഖലയായി തുടരുന്നു, തൊഴിലുറപ്പും തൊഴിൽ മേഖലകളും മാറുന്നു. ആയതിനനുസരിച്ച് സമൂഹത്തെ മാറ്റുന്നതിന് സാധിക്കുന്നു. ട്രാൻസ്ജെൻഡർ പോലുള്ള വിഭാഗങ്ങളുടെ പ്രശ്നങ്ങൾ വേണ്ടത്ര പരിഗണിക്കപ്പെടുന്നില്ല.

പരിഹാര നിർദേശങ്ങൾ

എല്ലാ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിലും പ്രേരക്മാറില്ല, പ്രേരക്മാരെ നിയമിക്കണം. പ്രേരക്മാരുടെ വേതനം കാലാനുഗതമായി പരിഷ്കരിക്കപ്പെടുന്നില്ല. വേതനം സമയബന്ധിതമായി പരിഷ്കരിക്കപ്പെടണം. ജില്ലയിലെ 8% ൽതാഴെ മാത്രം വിദ്യാകേന്ദ്രങ്ങൾക്ക് മാത്രമേ സൗകര്യപ്രദമായ സ്വന്തം കെട്ടിടമുള്ളൂ. വിദ്യാകേന്ദ്രങ്ങൾക്ക് സൌകര്യപ്രദമായ കെട്ടിടങ്ങൾ നിർമിച്ചു നൽകണം. നിരക്ഷരർ ക്ലാസുകളിൽ

എത്തിച്ചേരുന്നതിന് മടി കാണിക്കുന്നു. നിരക്ഷരരെ ക്ലാസുകളിൽ എത്തിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കണം. തുല്യതാ പഠനപ്രവർത്തനങ്ങളുടെ ഫീസ് നൽകുന്നതിന് തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ പ്രൊജക്ടുകൾ നൽകണം. നൈപുണി വികസന പരിശീലനങ്ങൾ ബോധവൽക്കരണ പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്ക് ഫണ്ട് ആവശ്യമാണ്. തുല്യതാ ഇൻസ്പെക്ടർമാരെ കാലാകാലങ്ങളിൽ ശാക്തീകരിക്കുന്നതിന് ഫണ്ട് നീക്കി വയ്ക്കപ്പെടണം. സാക്ഷരതാ തുല്യതാ കോഴ്സുകളിൽ പഠിക്കുന്നവർക്കുള്ള പുസ്തകങ്ങൾ പഠന ഉപകരണങ്ങൾ എന്നിവ നൽകുന്നതിനുള്ള പ്രൊജക്ടുകൾ ആവശ്യമാണ്. ഇതര സംസ്ഥാന തൊഴിലാളികൾക്കായി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കപ്പെടണം. ട്രാൻസ്ജെൻഡേഴ്സിനെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിന് പദ്ധതികളാവശ്യമാണ്. ആരോഗ്യ സാക്ഷരതാ, പരിസ്ഥിതി സാക്ഷരതാ, നിയമ സാക്ഷരത തുടങ്ങി പൊതുജനങ്ങൾക്കാവശ്യമായ എതൊരു കാര്യങ്ങളും ജനങ്ങളിലെത്തിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുവാൻ സാധിക്കണം. വികസിത രാജ്യങ്ങളിൽ അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ഔപചാരിക വിദ്യാഭ്യാസത്തോളമോ അതിലധികമോ പ്രാധാന്യവും അതിനൊത്ത സാമ്പത്തിക വിഭവങ്ങളും ലഭിക്കുന്നു. എന്നാൽ ഇന്ത്യയിലും, കേരളത്തിലും അനൗപചാരിക വിദ്യാഭ്യാസത്തിന് വളരെ പരിമിതമായ പ്രാധാന്യം മാത്രമാണ് ലഭിക്കുന്നത്. അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളത്തിലെ 60 ലക്ഷത്തിൽ പരം വിദ്യാർത്ഥികളുടെ പഠന ആവശ്യങ്ങൾ മാത്രം നിറവേറ്റുമ്പോൾ കേരളത്തിലുള്ള മുഴുവനാളുകൾക്കും പൊതുപഠനാവശ്യങ്ങൾ നിറവേറ്റുന്നത് അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. ഇത്രയും ബൃഹത്തായ പദ്ധതികൾ മാതൃകാപരമായി ഏറ്റെടുക്കുന്നതിന് ആവശ്യമായ വ്യത്യസ്തമായ പദ്ധതികൾ ആവിഷ്കരിക്കുവാൻ നമുക്ക് സാധിക്കണം.

സാക്ഷരതാ പ്രവർത്തനങ്ങൾ

1. ജില്ലയിലെ വികസന വിദ്യാഭ്യാസ വിദ്യാകേന്ദ്രം പ്രേരക്മാർ (NCEC)

ആകെ	കോർപറേഷൻ	ബ്ലോക്ക് പഞ്ചായത്ത്	നഗരസഭ
25	01	15	9

2. ജില്ലയിലെ തുടർവിദ്യാകേന്ദ്രം പ്രേരക്മാർ (CEC)

ആകെ	കോർപറേഷൻ	നഗരസഭ	ഗ്രാമപഞ്ചായത്ത്
135	10	23	102

3. ജില്ലയിൽ പ്രേരക്മാരില്ലാത്ത തദ്ദേശ സ്ഥാപനങ്ങൾ

1. കുഞ്ഞിമംഗലം, 2. പരിയാരം, 3. രാമന്തളി, 4. കാങ്കോൽ- ആലപ്പടമ്പ്

പ്രേരക്മാരുടെ/അസി. പ്രേരക്മാരുടെ പ്രവർത്തനങ്ങൾ

വികസന വിദ്യാകേന്ദ്രം പ്രേരകിനും, അസി.പ്രേരകിനും തുടർവിദ്യാകേന്ദ്രങ്ങളിലെ പ്രേരകിനും/അസി.പ്രേരകിനും ഒരേ ഉത്തരവാദിത്തമാണുള്ളത്. അവ ചുവടെ ചേർക്കുന്നു.

1. നിരക്ഷരരെയും ഔപചാരിക വിദ്യാഭ്യാസം നേടാൻ കഴിയാത്തവരെയും ഔപചാരിക വിദ്യാഭ്യാസത്തിൽനിന്ന് കൊഴിഞ്ഞ്പോയവരെയും പഠനത്തിന് പ്രേരിപ്പിക്കുകയും സാക്ഷരതാ മിഷൻ നടപ്പിലാക്കുന്ന തുടർവിദ്യാഭ്യാസ അവസരങ്ങൾ അവർക്ക് ലഭ്യമാക്കുകയുമാണ് പ്രേരകിന്റെ പ്രഥമവും പ്രധാനവുമായ ചുമതല
2. സാക്ഷരതയെന്നാൽ അക്ഷരങ്ങളും അക്കങ്ങളും എഴുതാനും വായിക്കാനുമുള്ള അറിവ് നേടുകയെന്നത് മാത്രമല്ല എന്നും അത് പൗരബോധവും മനുഷ്യാവകാശബോധവുമുള്ള ഒരു സാമൂഹ്യജീവിതത്തിന് മനുഷ്യരെ പ്രാപ്തമാക്കുന്ന പ്രക്രിയയാണെന്നുമുള്ള അടിസ്ഥാനപരമായ വസ്തുത ഒരു പ്രേരക് ഉൾക്കൊണ്ടിരിക്കണം.

3. സാമൂഹ്യ പുരോഗതി ലക്ഷ്യമാക്കി സർക്കാർ ആവിഷ്കരിക്കുന്ന വിവിധ പദ്ധതികൾ സമൂഹത്തിന്റെ താഴെത്തലത്തിൽ പ്രാവർത്തികമാക്കുവാനും ജനങ്ങളിലെത്തിക്കുവാൻ ഉള്ള ചുമതല പ്രേരകിനുണ്ട്.

4. സാക്ഷരതാ മിഷന്റെ വാർഡ് /ഗ്രാമ പഞ്ചായത്ത് /ബ്ലോക്ക്/ മുനിസിപ്പൽ/കോർപറേഷൻ തലത്തിൽ സാക്ഷരതാ സമിതികൾ രൂപീകരിക്കുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനും അതത് വാർഡ് മെമ്പർമാരെ / പ്രസിഡണ്ടുമാരെ പ്രേരിപ്പിക്കുകയും ഈ സമിതികളെ സജീവമാക്കി നിലനിർത്തുകയും ചെയ്യേണ്ട ഉത്തരവാദിത്വം പ്രേരകിനാണ്.

5. മാസത്തിലൊരിക്കൽ സാക്ഷരതാ സമിതികൾ വിളിച്ചുചേർക്കാൻ ശ്രദ്ധിക്കണം.

6. സാക്ഷരതാ മിഷൻ നിർദേശിക്കുന്ന എണ്ണം പഠിതാക്കളെ (സാക്ഷരത/നാല്/ഏഴ്/പത്ത്/ ഹയർസെക്കണ്ടറി, സർട്ടിഫിക്കറ്റ് കോഴ്സുകൾ) അതത് സമയം പ്രേരക്മാർ കണ്ടെത്തണം.

7. പഠിതാക്കൾക്കും പൊതുജനങ്ങൾക്കും സേവനം പ്രയോജനപ്പെടുത്തുന്നതിനായി തുടർ വിദ്യാകേന്ദ്രം എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10.30 മുതൽ വൈകുന്നേരം 5.30 വരെ തുറന്നു പ്രവർത്തിപ്പിക്കേണ്ടതാണ്.

8. എല്ലാ പ്രേരക്മാരും തിങ്കളാഴ്ചകളിൽ പ്രതിവാര റിപ്പോർട്ട് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് സമർപ്പിച്ച് സാക്ഷ്യപ്പെടുത്തി നൽകണം.

എല്ലാവർക്കും ഇ – സാക്ഷരത

സമൂഹത്തിലെ എല്ലാവരെയും ഇ–സാക്ഷരരാവുന്നതിനും അവ ഉചിതമായ രീതിയിൽ പ്രയോജനപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ വേണം. അറിവുകൾ നൽകുന്നതിനും പുതിയകാലത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുമായി മുതിർന്നവർക്കുള്ള ഇ–സാക്ഷരത പരിശീലനപരിപാടികൾ സംഘടിപ്പിക്കണം.

ഉന്നതവിദ്യാഭ്യാസം

ഉന്നതവിദ്യാഭ്യാസരംഗത്ത് ആവശ്യമായ സൗകര്യങ്ങളില്ലാത്ത ജില്ലയാണ് കണ്ണൂർ. കണ്ണൂർ യൂണിവേഴ്സിറ്റിയും അതിന്റെ കീഴിലുള്ള ഗവൺമെന്റ്, എയ്ഡഡ്, അൺഎയ്ഡഡ് വിഭാഗങ്ങളിൽപ്പെടുന്ന അൻപതിലധികം സ്ഥാപനങ്ങളുമാണ് ജില്ലയിലുള്ളത്. അഖിലേന്ത്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി എന്ന സ്ഥാപനവും കണ്ണൂർജില്ലയിലാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ

സ്ഥാപനങ്ങൾ	എണ്ണം
യൂണിവേഴ്സിറ്റി	1
ആർട്സ് ആന്റ്, സയൻസ് കോളജുകൾ	ഗവൺമെന്റ്–4 എയ്ഡഡ്–9 അൺ–എയ്ഡഡ്–31
എഞ്ചിനീയറിംഗ് മറ്റു വിഷയങ്ങളും	ഗവൺമെന്റ് –1 അൺ–എയ്ഡഡ്–10
ഫാർമസി കോളജുകൾ	അൺ–എയ്ഡഡ് –2
നേഴ്സിംഗ്	അൺ–എയ്ഡഡ് –8
ഓറിയന്റൽ കോളജുകൾ	എയ്ഡഡ് –2 അൺ–എയ്ഡഡ് –2
മെഡിക്കൽ കോളജുകൾ	ഗവൺമെന്റ്–1 അൺ–എയ്ഡഡ്–3
ഡെന്റൽ കോളജുകൾ	അൺ–എയ്ഡഡ് –31
ടെയിനിംഗ് കോളജുകൾ	ഗവൺമെന്റ് –1 എയ്ഡഡ് –2 അൺ–എയ്ഡഡ് –7

മുഖ്യമായും കണ്ണൂർ സർവകലാശാലയുടെ അധീനതയിൽവരുന്ന കോഴ്സുകളാണ് ജില്ലയിലുള്ളത്. ഇന്ത്യയിലെ മികച്ച ഗ്രേഡിങ്ങുകളുള്ള സർവകലാശാലകളോട് കിടപിടിക്കാൻ തക്കവണ്ണമുള്ള വിവിധോദ്ദേശ കോഴ്സുകൾ ലഭ്യമല്ല. ആർട്സ്-സയൻസ് കോഴ്സ് വിഷയങ്ങളിൽ അടിസ്ഥാന ബിരുദകോഴ്സുകളോടൊപ്പം കാലാനുസൃതമായ വഴക്കങ്ങളോടെ നൂതനകോഴ്സുകൾ ആരംഭിക്കേണ്ടതുണ്ട്. മറ്റു സർവകലാശാലകൾ, അയൽസംസ്ഥാനങ്ങൾ എന്നിവയെ ആശ്രയിക്കുന്നതിന് ഇത് വഴി ഒരളവോളം അറുതിവരുത്താനുമാകും. ഇഗ്നോ അടക്കമുള്ള സർവ്വകലാശാലകളുടെ കോഴ്സുകൾ സുഗമമായി ലഭ്യമാകുന്നതിനും സംവിധാനമുണ്ടാകണം. കണ്ണൂർ ജില്ലയുടെ പ്രദേശിക സവിശേഷതകൾ പഠനവിധേയമാക്കുന്നതിനുള്ള കോഴ്സുകൾ അതതു പ്രദേശത്തെ കോളെജുകളിൽ ആരംഭിക്കണം.

കണ്ണൂർ ജില്ലയിലെ വിവിധ കോളേജുകളിൽ നിലവിലുള്ള കോഴ്സുകൾ

- Bed (വിവിധ വിഷയങ്ങള്), Med (വിവിധ വിഷയങ്ങൾ) BDS, MBBS, BAMS, MD, Bsc Nursing, Bsc MLT, B Pharm

- Btech, Mtech, BA (വിവിധ വിഷയങ്ങൾ) Bcom, MA(വിവിധ വിഷയങ്ങൾ), MSc(വിവിധ വിഷയങ്ങൾ), Mcom, MBA

പുതുതായി ജില്ലയിലാരംഭിക്കാൻ നിർദേശിക്കുന്ന കോഴ്സുകൾ

- Dental –BDS/MDS, Medical – Msc Nursing, സമുദ്രശാസ്ത്രപഠനം, ടൂറിസം ആൻഡ് ട്രാവൽമാനേജ്മെന്റ് കോഴ്സ്, നിയമപഠനം, ലൈബ്രറി സയൻസ്, സൈബർഫോറൻസിക്, സി.എ പരിശീലനം, റേഡിയേഷണൽഫിസിക്സ്, പോളിമർകെമിസ്ട്രി, ഹോട്ടൽമാനേജ്മെന്റ്, ഓട്ടോ മൊബൈൽകോഴ്സുകൾ

-

ഭാവി വികസന ആവശ്യങ്ങൾ

• ഐ.ടി.ഇൻസ്റ്റിറ്റ്യൂട്ട്

ഐ.ടി വികസനകാര്യങ്ങൾ ഒട്ടേറെ കേരളത്തിലുണ്ട്. ഈ മേഖലയിൽ മലബാറിൽ പൊതുവെയും കണ്ണൂരിൽ വിശേഷിച്ചും ഉള്ള നിരവധി പേർ ബാംഗ്ലൂരിലും അന്യരാജ്യങ്ങളിലും ജോലി ചെയ്യുന്നുണ്ട്. കണ്ണൂർ ജില്ലയിൽ യാത്രാ ബുദ്ധിമുട്ടുകൾ ഏറെയുണ്ടായിരുന്നതിനാൽ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്താനായിട്ടില്ല. എന്നാൽ കണ്ണൂർ വിമാനത്താവളം അടുത്ത വർഷത്തോടെ യാഥാർത്ഥ്യമാവുകയാണ്. നാല് വരിപ്പാതകളും അനുബന്ധമായി വികസിച്ചു വരുന്നു. തലശ്ശേരി – മൈസൂർ റെയിൽപ്പാതയും സജീവ പരിഗണനയിലാണ്. ഈ സാഹചര്യത്തിൽ ഇന്ത്യയിലെ ഏറ്റവും പ്രധാന ഐ.ടി. വ്യവസായ നഗരമായ ബാംഗ്ലൂരിൽനിന്നും കണ്ണൂരിൽ എത്തിച്ചേരുന്നതിന് ബുദ്ധിമുട്ടുകളില്ലാത്ത സാഹചര്യം സംജാതമാവുകയാണ്. ഇതോടനുബന്ധിച്ച് കണ്ണൂരിന്റെ ഐ.ടി.വികസന സാധ്യതകൾ വരും വർഷങ്ങളിൽ പൂർണാവസ്ഥയിൽ എത്തിച്ചേരാനുള്ള സാധ്യതകൾ വളർന്നു വന്നിട്ടുണ്ട്.

ഈ മേഖലയിലുള്ള പഠനഗവേഷണ കേന്ദ്രങ്ങൾ കേരളത്തിൽ ഇന്ന് നിലവിലില്ല. ഇനിയുണ്ടാക്കാൻ പോകുന്ന ഐ.ടി വികസന സാധ്യതയുടെ കൂടി പാശ്ചാത്തലത്തിൽ കണ്ണൂരിൽ ഒരു ഐ.ടി അനുബന്ധ പഠന വികസന ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നത് വളരെയെറെ ഉപകാരപ്പെടുന്നതാണ്. കോഴിക്കോട് കുന്നമംഗലത്ത് ആരംഭിച്ച കേരള സ്കൂൾഓഫ് മാത്തമാറ്റിക്സ് പോലെയുള്ള ഒരു ഐ.ടി ഗവേഷണകേന്ദ്രം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി കണ്ണൂരിലാരംഭിക്കേണ്ടതാണ്. ബിരുദ ബിരുദാന്തര കോഴ്സുകളല്ലാതെ ഉന്നതപഠന ഗവേഷണത്തിന് ഉതകുന്ന രീതിയിലായിരിക്കണം സ്ഥാപനം. ഐ.ടി, ഫിസിക്സ്, ഗണിതം ഇവയിൽ സ്വതന്ത്രമായി ഗവേഷണവും പഠനവും നടത്താനും തുടർന്ന് ആവശ്യമാണെങ്കിൽ സംയുക്തമായി ഗവേഷണ പഠനങ്ങൾ നടത്താനും പറ്റുന്നതരത്തിലുള്ള സംവിധാനം അഭികാമ്യമാണ്. ഇതിനുതകുന്ന റസിഡൻഷ്യൽ ക്യാമ്പുകളായിരിക്കും നല്ലത്.

• ടൂറിസം & ട്രാവൽമാനേജ്മെന്റ് കോഴ്സ്

കേരളാ ടൂറിസം ലോക പെരുമയുള്ളതാണെങ്കിലും ഇപ്പോഴും അത് തെക്കൻ കേരളത്തിൽമാത്രം ഒതുങ്ങിയിരിക്കുകയാണ്. അടുത്തകാലത്തായി മലബാറിന്റെ ടൂറിസം വികസനത്തിന് സർക്കാർ ഊന്നൽ നൽകുന്നുണ്ട്. കണ്ണൂരിലിനിയും ധാരാളം സാധ്യകളുണ്ട്. എന്നാൽ ഈ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്താൻ പറ്റുന്നതരത്തിലുള്ള കോഴ്സുകൾ കേരളത്തിലില്ല. Indian Institute of Tourism & Travel management ഇപ്പോൾ നോയിഡ, ഗ്വാളിയാർ, ഭുവനേശ്വർ, ഗോവ, നെല്ലൂർ എന്നിവടങ്ങളിലുണ്ട്. ഇത്തരമൊരു

സ്ഥാപനം കണ്ണൂരിന്റെ ഇനിയും ചൂഷണം ചെയ്യപ്പെടാത്ത, ടൂറിസം വികസന സാധ്യതകളുടെ പശ്ചാത്തലത്തിൽ കണ്ണൂരിൽ ആരംഭിക്കേണ്ടതാണ്. ഇതിൽ ബിരുദാനന്തര ഗവേഷണ കോഴ്സുകളായിരിക്കണം ഉണ്ടാകേണ്ടത്. കേന്ദ്ര സംസ്ഥാന സംയുക്ത സംരഭമായി തുടങ്ങിയാൽ കേന്ദ്ര ഫണ്ടും ലഭ്യമാകും.

നിർദേശങ്ങൾ

കോളെജുകളിൽ അടുത്തകാലത്ത് നടത്തിയ സെമസ്റ്ററൈസേഷൻ സംബന്ധിച്ച് വ്യത്യസ്ത അഭിപ്രായങ്ങൾ നിലവിലുണ്ട്. 90 പ്രവൃത്തി ദിവസങ്ങൾ ഓരോ സെമസ്റ്ററിലും വേണമെന്നാണ് സങ്കൽപമെങ്കിലും പല സെമസ്റ്ററുകളിലും 45 മുതൽ 60 ദിവസം വരെയെ ലഭിക്കുന്നുള്ളൂ എന്ന പരാതി ഉന്നയിക്കുന്നുണ്ട്. അതിനാൽ കൃത്യമായി പഠിപ്പിച്ചു തീർക്കാനാവാതെ അടുത്ത സെമസ്റ്ററിലേക്ക് കുട്ടികൾ എത്തപ്പെടുന്നു എന്ന ആക്ഷേപവുമുണ്ട്. സെമസ്റ്ററൈസേഷൻ നടപ്പിലാക്കിയത് മൂലമുള്ള നേട്ടകോട്ടങ്ങൾ സംബന്ധിച്ച് സമഗ്രമായ ഒരുപഠനം ഗുണകരമാകും. ഡിഗ്രി കോഴ്സുകൾക്ക് പഠിക്കുന്ന റൂറലർവിദ്യാർത്ഥികൾക്കും ഇന്ന് ജോലിക്കായുള്ള കാമ്പസ് സെലക്ഷന്റെ ഗുണം അനുഭവിക്കാൻ കഴിയുന്നുണ്ട്. ന്യൂ ജനറേഷൻ ബാങ്കുകൾ മാത്രമല്ല മറ്റ് സ്ഥാപനങ്ങളും കുട്ടികളെ റിക്രൂട്ട് ചെയ്യുകയും കുറെയേറെ പേർ ആ ജോലിയിൽ തന്നെ തുടരുകയും ചെയ്യുന്നുണ്ട്. എന്നാൽ റിക്രൂട്ട്മെന്റിന് വരുന്ന നല്ല കമ്പനികൾ കുട്ടികൾക്ക് ആവശ്യമായ സോഫ്റ്റ് സ്കിലുകളും ഇംഗ്ലീഷ് ഭാഷ പ്രാവീണ്യവും ഇല്ലായെന്നുള്ള പോരായ്മ ചൂണ്ടിക്കാട്ടുന്നുണ്ട്.

ആസാപ് പദ്ധതിയിലൂടെ ഈ കഴിവുകൾ കുറെകൂടി മെച്ചപ്പെടുത്താൻ കഴിയുമോയെന്ന് പരിശോധിക്കണം. യഥാർത്ഥത്തിൽ ഉന്നത വിദ്യാഭ്യാസമോ ഗവേഷണമോ നടത്താൻ ഉദ്ദേശിക്കുന്നവർക്കല്ല ആസാപ് പദ്ധതി വിഭാവനം ചെയ്യുന്നത്. മറ്റ് തൊഴിൽസാധ്യത അന്വേഷിക്കുന്നവർക്കാണ്. എന്നാൽ ഉന്നത പഠനത്തിന് പോകുന്നവർ തന്നെയാണ് ആസാപിലും ചേരുന്നത്.

നിലവിലുള്ള പദ്ധതിയിൽ അർഹരായ കുട്ടികളെ എത്തിക്കാനും മറ്റുള്ളവർക്ക് Softskill, English language എന്നിവ മെച്ചപ്പെടുത്താനും പറ്റുന്ന വിധത്തിൽ ആസാപ് പുന:ക്രമീകരിക്കാൻ ശ്രമിക്കാവുന്നതാണ്.

- സമുദ്രശാസ്ത്രപഠനം (Oceanography) ജില്ലയുടെ സമൃദ്ധമായ സമുദ്രതീരത്തിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്താൻ കഴിയുന്നത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാമ്പത്തിക വളർച്ചയ്ക്കും ഉപകരിക്കും. ജില്ലയിലെ മനുഷ്യവിഭവശേഷിയുടെ ഫലപ്രദമായ പ്രയോഗം ഈ മേഖലയിലും ഉണ്ടാവണം. ഈ മേഖലയിലെ പഠനത്തിനായി സമുദ്രശാസ്ത്രപഠനകേന്ദ്രം ജില്ലയിൽ സ്ഥാപിക്കാവുന്നതാണ്.

- മുഴുവൻസമയവും തുറന്ന് പ്രവർത്തിക്കുന്ന അന്തർദേശീയ നിലവാരത്തിലുള്ള ഒരു ജനകീയ ലൈബ്രറിയായി താവക്കരയിലെ സെൻട്രൽ ലൈബ്രറിയെ മാറ്റാനാകണം.

- സാമൂഹിക വിഷയങ്ങളിൽ പൊതു സമൂഹത്തിന് ദിശാബോധം നൽകുന്ന മാർഗനിർദേശങ്ങളും അഭിപ്രായ പ്രകടനങ്ങളും നൽകുന്ന ചെയറുകളും പഠന ഗവേഷണ സ്ഥാപനങ്ങളും വളർന്നു വരേണ്ടതുണ്ട്.

- സെനറ്റ്, അക്കാദമിക് കൗൺസിൽ എന്നിവ തെരഞ്ഞെടുപ്പിലൂടെ പുന:സംഘടിപ്പിക്കേണ്ടതുണ്ട്. ജനപക്ഷ അറിവിന്റെ ഉത്പാദനവും വ്യാപനവും കാര്യക്ഷമമായി നടക്കേണ്ടതുണ്ട്.

- ഐടി ഇൻസ്റ്റിറ്റ്യൂട്ട്, ടൂറിസം ആൻഡ് ട്രാവൽ, മാനേജ്മെന്റ് കോഴ്സ്, നിയമപഠന കേന്ദ്രം, കണ്ണൂർ യൂനിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്ത് ആരംഭിക്കേണ്ട പുതിയ കോഴ്സുകൾ, സൈബർ ഫോറൻസിക് കോഴ്സുകൾ, റേഡിയേഷൻ ഫിസിക്സ്, പോളിമർ കെമിസ്ട്രി, ഹോട്ടൽമാനേജ്മെന്റ്, ഓട്ടോ മൊബൈൽഎഞ്ചിനിയറിംഗ്, പ്രകൃതി ചികിത്സ, Kerala school of Mathematics, ഫിനിഷിംഗ് സ്കൂളുകൾ, ഉന്നതപഠനത്തിനുള്ള എൻട്രസ് കോച്ചിംഗ് സെന്റർ, സി.എ. പരിശീലന കേന്ദ്രം.

യുവജനകാര്യം, കല, കായികം, സംസ്കാരം

യുവജന കാര്യ മേഖല അതീവ പ്രാധാന്യമുള്ളതാണ്. എന്നാൽ സർക്കാർ ഇടപെടലിനും പദ്ധതിക്കുമപരിയായി സമൂഹത്തിന്റെ സന്നദ്ധ പ്രവർത്തനം വഴിയാണ് ഈ മേഖലകൾ വികസിക്കുന്നത്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി കേരളത്തിൽ ഗ്രാമീണ വായനശാലകളും ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളും വളരെ സജീവമാണ്. സർക്കാർധന സഹായത്തിനുപരിയായി ഈ സംഘടകൾ സമൂഹത്തിൽനിന്ന് ശേഖരിക്കുന്ന പണം ഉപയോഗിച്ചാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. കേരളത്തിന്റെ സാസ്കാരിക പാരമ്പര്യം പരിപോഷിപ്പിക്കുന്നതിനും കലാ കായിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും വിദ്യാഭ്യാസ തൊഴിൽമാർഗ നിർദേശങ്ങൾ നൽകുന്നതിനും വളരെയേറെ പരിശ്രമിക്കുന്ന വായനശാലകൾക്കും ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾക്കും അർഹമായ പരിഗണന സർക്കാരിൽ നിന്ന് ലഭിച്ചിട്ടില്ല. ജാതി മത രാഷ്ട്രീയ ഭേദമന്യേ യുവജനങ്ങളെ സംഘടിപ്പിക്കുന്ന വായനശാലകൾക്കും ആർട്സ് ആന്റ് സ്പോർട്സ്

ക്ലബ്ബുകൾക്കും പ്രാധാന്യം നൽകി സന്നദ്ധ പ്രവർത്തനവും സർക്കാർപദ്ധതികളും ഏകോപിപ്പിക്കുന്ന ഒരു വികസന പരിപ്രേക്ഷ്യം അത്യാവശ്യമാണ്.

രണ്ടു തലങ്ങളിലായാണ് യുവജന ക്ഷേമ പദ്ധതികൾ ജില്ലയിൽ നടപ്പിലാക്കുന്നത്. കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തൊഴിൽവകുപ്പ് എന്നിവ നേരിട്ട് നടത്തുന്ന പദ്ധതികൾ

ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ നേരിട്ടും കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, നെഹ്റു യുവകേന്ദ്ര എന്നിവയുടെ സഹായത്തോടെയും നടപ്പിലാക്കുന്ന പദ്ധതികൾ.

യുവജന ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾക്ക് വലിയ പങ്കാണുള്ളത്. സർക്കാരിന്റെ ധന സഹായം കൂടാതെ തന്നെ സമൂഹത്തിൽനിന്ന് ശേഖരിക്കുന്ന ധനമുപയോഗിച്ച് പ്രവർത്തിക്കുന്ന സംഘടനകളാണിവ. കേരളത്തിന്റെ സംസ്കാരം സംരക്ഷിക്കുന്നതിനും കലാ – കായിക പ്രതിഭകളെ വാർത്തെടുക്കുന്നതിലും മതേതരത്വം, ജനാധിപത്യം തുടങ്ങിയ കാര്യങ്ങൾ സംരക്ഷിക്കുന്നതിലും ആന്റ് സ്പോർട്സ് ക്ലബ്ബുകളുടെ പങ്ക് വളരെ വലുതാണ്.

ഗ്രാമീണ യുവജനങ്ങളുടെ കലാ–കായിക മികവ് പ്രകടിപ്പിക്കാനുള്ള വേദിയായ കേരളോൽസവങ്ങൾ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ വേണ്ടത്ര ഗൗരവത്തോടെയെടുത്തിട്ടില്ല.

കായിക മേഖലയിൽ നിലവിൽ രണ്ടു വിധത്തിലുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ആദ്യത്തേത് വിനോദത്തിനായും ആരോഗ്യത്തിനായും ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളുടെ നേതൃത്വത്തിൽ നടക്കുന്ന മത്സരങ്ങളും ടൂർണമെന്റുകളുമാണ്. ഈ മേഖലയിൽ കബഡ്ഡി, വോളീബോൾ, ഫുട്ബോൾ, വടംവലി, ക്രിക്കറ്റ്, ചെസ്സ്, കാരംസ്, തുടങ്ങിയ ഗെയിമുകളുടെ അനൗദ്യോഗിക ടൂർണമെന്റുകൾ സംഘടിപ്പിക്കുന്നുണ്ട്. കിളിത്തട്ട്, തലപ്പന്ത്, തുടങ്ങിയ നാടൻകളികളുടെയും മത്സരങ്ങൾ ക്ലബ്ബുകൾ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ദിവസവും ക്ലബ്ബുകളുടെ നേതൃത്വത്തിൽ യുവജനങ്ങൾ ഈ ഗെയിമുകളിലേർപ്പെടുന്നുണ്ട്.

കണ്ണൂർജില്ലയിലെ 71 പഞ്ചായത്തുകളിലും 9 മുൻസിപ്പാലിറ്റികളിലും കോർപറേഷനിലുമായി 1000 ലേറെ ആട്സ് & സ്പോട്സ് ക്ലബ്ബുകളും വായനശാലകളും പ്രവർത്തിക്കുന്നു. ഇതിൽ 100 ൽ അധികം ക്ലബ്ബുകളുടെ പ്രവർത്തനം ഏറ്റവും മികച്ചതാണ്. പല ക്ലബ്ബുകളും കലാ കായിക സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കാറുണ്ട് എങ്കിലും യുവതലമുറകളെ ഉത്പാദന വികസന മേഖലകളിലേക്ക് നയിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ഇനിയും സംഘടിപ്പിക്കേണ്ടതായുണ്ട്. നാടിന്റെ വികസന പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്ന ഗ്രാമസഭകൾ, വികസന സെമിനാറുകൾ തുടങ്ങിയവയിൽ നമ്മുടെ യൂത്ത് ക്ലബ്ബുകളുടെ ഇടപെടലുകൾ നല്ല രീതിയിലുണ്ടാകുന്നില്ല.

സംസ്ഥാന യുവജനക്ഷേമ ബോർഡ് നിലവിൽ നടത്തുന്ന പ്രവത്തനങ്ങൾ പദ്ധതികൾ ബ്ര്യാക്കറ്റിൽ നടപ്പിലാക്കുന്ന ഏജൻസികൾ

1 കലാ കായിക മത്സരങ്ങൾ (കേരളോൽസവം) (കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ), നീന്തൽപരിശീലനം (കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്), പി എസ് സി പരീക്ഷ പരിശീലനം (കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ, വായനശാലകൾ), യുവ ക്ലബ്ബ് രൂപീകരണം, പട്ടിക ജാതി, പട്ടിക വർഗത്തിൽപ്പെട്ടവർക്കുള്ള ആർട്സ്, ആന്റ് സ്പോർട്സ് ക്ലബ്ബുകൾ (കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ, വായനശാലകൾ), സിവിൽ സർവീസ് പരീക്ഷാ പരിശീലനം (കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്), യുവതീ ക്യാമ്പുകൾ (കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, ആർട്സ് ആന്റ്, സ്പോർട്സ് ക്ലബ്ബുകൾ, വായനശാലകൾ), സംരംഭകത്വ വികസന പരിശീലനം (കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ, വായനശാലകൾ, വ്യവസായ വകുപ്പ്), സ്വയം തൊഴിൽവായ്പ (തൊഴിൽവകുപ്പ്), സ്വയം തൊഴിൽ പരിശീലനം (കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ, വായനശാലകൾ, തൊഴിൽവകുപ്പ്, നെഹ്റു യുവ കേന്ദ്ര), മദ്യം മയക്കു മരുന്ന് ബോധവൽക്കരണ പ്രവർത്തനം (കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, എക്സൈസ് വകുപ്പ്), യുവജനങ്ങളുടെ സന്നദ്ധ പ്രവർത്തനങ്ങൾ (കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ, വായനശാലകൾ, കോളേജ് യൂണിയനുകൾ)

- ജൈവ കൃഷി കൃഷി വകുപ്പ് (കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ, വായനശാലകൾ), പാലിയേറ്റീവ് കെയർ (മെഡിക്കൽവകുപ്പ്, ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകള്), കുളം, നദി, തോട് സംരംക്ഷണം (കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ, വായനശാലകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മണ്ണ് സംരക്ഷണ വകുപ്പ്), വർക്ക് ക്യാമ്പ് (നെഹ്റു യുവകേന്ദ്ര), ഫുട്ബോൾ, വോളിബോൾ, കബഡ്ഡി, വടംവലി ടൂർണമെന്റുകൾ (കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകള്, വായനശാലകൾ, നെഹ്റു യുവകേന്ദ്ര).

വ്യക്തിത്വ വികസന ക്യാമ്പ് (കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, നെഹ്റു യുവകേന്ദ്ര), അഡ്വഞ്ചർസ്പോർട്സ് (കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്), സ്പോർട്സ് കിറ്റ് നൽകൽ (കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, നെഹ്റു യുവകേന്ദ്ര, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ) ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളുടെ പ്രോത്സാഹനം, (കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, നെഹ്റു യുവകേന്ദ്ര, ഗ്രാമ പഞ്ചായത്ത്, മുൻസിപ്പാലിറ്റി)

യുവജന ക്ഷേമം – അഞ്ചു വർഷത്തെ വികസന കാഴ്ചപാട്

യുവജന ക്ഷേമ പ്രവർത്തനങ്ങളിലേറെയും നടത്തുന്നത് യുവജന കൂട്ടായ്മകളായ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളാണ്. ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ കേരളത്തിന്റെ സാമൂഹ്യ സാംസ്കാരിക കായിക മേഖലകളിലും. മതേതരത്വം നില നിർത്തുന്നതിനും വലിയ സംഭാവനകൾ നൽകുന്നവയാണ്. എന്നാൽ സർക്കാരിൽ നിന്ന് ധനസഹായം വാങ്ങി പ്രവർത്തിക്കുന്ന ചാരിറ്റബിൾ സൊസൈറ്റികളും ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളും ഒരേ നിയമമനുസരിച്ചാണ് രജിസ്റ്റർചെയ്യേണ്ടത്. വലിയ തുക രജിസ്ട്രേഷനു വേണ്ടി വരുമെന്ന് മാത്രമല്ല ഓഡിറ്റ് ചെയ്ത കണക്കുകൾ സമർപ്പിച്ചാൽ മാത്രമേ വർഷംതോറും രജിട്രേഷൻ പുതുക്കി ലഭിക്കുകയുള്ളൂ. ഇതു മൂലം ക്ലബ്ബുകൾ രജിസ്റ്റർ ചെയ്യാൻ മടിക്കുകയോ പുതുക്കാതിരിക്കുകയോ ചെയ്യുന്നു.

കരിയർഗൈഡൻസ്, വിദ്യാഭ്യാസ മാർഗ നിർദേശങ്ങൾ എന്നീ സേവനങ്ങൾ യുവജനങ്ങൾക്ക് ലഭ്യമാകുന്നില്ല. കനത്ത ഫീസ് കൊടുക്കാൻ കഴിയുന്നവരിലേക്ക് മാത്രം സേവനങ്ങൾ പരിമിതപ്പെടുന്നു.

വിവിധ വകുപ്പുകളിൽനിന്നും യുവജനങ്ങൾക്ക് ലഭിക്കുന്ന തൊഴിൽ പരിശീലനമടക്കമുള്ള സേവനങ്ങളെപ്പറ്റി ജനങ്ങൾക്ക് അറിവ് ലഭിക്കുന്നില്ല. ഗ്രാമ പഞ്ചായത്തു തലത്തിൽ ഇത്തരം വിവരങ്ങൾ ലഭിക്കുന്ന കേന്ദ്രങ്ങളില്ല .

യുവജനങ്ങളുടെ കലാ-കായിക മികവ് തെളിയിക്കുന്നതിനുള്ള കേരളോൽസവങ്ങൾ നടക്കുന്നുണ്ടെങ്കിലും കലാ-കായിക പരിശീലനങ്ങൾക്കുള്ള സൗകര്യങ്ങൾ ഗ്രാമ പഞ്ചായത്ത് മുൻസിപ്പൽ തലങ്ങളിൽ നിലവിലില്ല. പണം കൊടുത്ത് പഠിക്കാൻ കഴിയുന്നവർക്ക് മാത്രമായി ഇത്തരം പരിശീലനങ്ങൾ ഒതുങ്ങി പോകുന്നു. ഗ്രാമ മുൻസിപ്പൽതല കേരളോൽസവത്തിന് ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ തമ്മിലുള്ള മത്സരങ്ങളായി മാറാൻ കഴിഞ്ഞിട്ടില്ല.

ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളുടെ ശേഷി പ്രയോജനപ്പെടുത്താനുള്ള ശ്രമം സമ്പൂർണ സാക്ഷരതാ യജ്ഞത്തിനു ശേഷം ഉണ്ടായിട്ടില്ല. ക്ലബ്ബുകളെ ഗവൺമെന്റ് മിഷനുകളുമായി ബന്ധിപ്പിക്കുവാനും ക്ലബ്ബുകളുടെ പ്രവർത്തന മികവ് അനുസരിച്ച് അവയെ സഹായിക്കാനുമുള്ള പ്രവർത്തനങ്ങളുണ്ടായിട്ടില്ല.

വിവാഹ പൂർവ കൗൺസിലിംഗ് കുടുംബജീവിത പരിശീലനം, സാമ്പത്തിക സാക്ഷരത പരിപാടി, തുടങ്ങിയ സേവനങ്ങൾ യുവജനങ്ങൾക്ക് ലഭ്യമാക്കാൻ സാധിച്ചില്ല.

യുവജന ശാക്തീകരണത്തിനായുള്ള അനൗപചാരിക വിദ്യാഭ്യാസം, ജീവിത നൈപുണ്യ പരിശീലനങ്ങൾ, വ്യക്തിത്വ വികസന പദ്ധതികള്, തൊഴിൽവിദ്യാഭ്യാസ മാർഗരക്ഷാ നിർദേശം, പി എസ് സി, യു പി എസ് സി സൗജന്യ പരീക്ഷാ പരിശീലനം, എന്നീ ചുമതലകൾ ഏറ്റെടുക്കാൻ സർക്കാർ ഏജൻസികൾക്കോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ കഴിഞ്ഞിട്ടില്ല.

ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളുടെ പങ്കാളിത്തത്തോടെ നടത്താവുന്ന രക്തദാനം, സമ്പൂർണ ശുചിത്വ പദ്ധതി, ജൈവ പച്ചക്കറി കൃഷി, സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സൗജന്യ ട്യൂഷൻ, പാലിയേറ്റീവ് കെയർപ്രവർത്തനം തുടങ്ങിയ സന്നദ്ധ പ്രവർത്തനങ്ങൾ നടത്താൻ കഴിയുമെങ്കിലും ക്ലബ്ബുകളെ ഈ പ്രവർത്തനങ്ങളിലേക്ക് ആകർഷിക്കാനോ ഏകോപിപ്പിക്കാനോ കഴിഞ്ഞിട്ടില്ല. യുവജനങ്ങളുടെ സാഹിത്യാഭിരുചി, ചിത്ര രചന, പെയിന്റിംഗ് എന്നിവ പ്രോത്സാഹിപ്പിക്കുന്ന ക്യാമ്പുകൾ നടത്താൻ കഴിഞ്ഞിട്ടില്ല.

സംസ്കാരം യുവജന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച പദ്ധതികൾ നടപ്പിലാക്കുന്നത് ഈ പ്രവർത്തനങ്ങളുമായി ബന്ധമുള്ള ഇംപ്ലിമെന്റിംഗ് ഓഫീസർമാരല്ല.

യുവജന കാര്യം-യുവജനങ്ങൾക്കാവശ്യമായ താഴെ പറയുന്ന സേവനങ്ങൾ ഗ്രാമ തലത്തിൽ നൽകുക

തൊഴിൽ വിദ്യാഭ്യാസ മാർഗനിർദേശം, സ്കിൽഡവലപ്മെന്റ്, മത്സര പരീക്ഷാ പരിശീലനം, കൗൺസിലിംഗ്, വിവാഹ പൂർവ കൗൺസിലിംഗ്, വിദ്യാർത്ഥികൾക്ക് സൗജന്യ ട്യൂഷന്, കലാ-കായിക പരിശീലനം, വിവിധ വകുപ്പുകളുടെ യുവജന ക്ഷേമ പദ്ധതികളെ കുറിച്ചുള്ള ഇൻഫർമേഷൻസെന്റർ, അപേക്ഷകൾ അയക്കാനും റിസൽട്ട് അറിയാനും വിവരശേഖരണത്തിനും ഓൺലൈൻ സൗകര്യം, സ്വയം തൊഴിൽസംബന്ധിച്ച വിവരങ്ങളും സഹായവും

സാമൂഹ്യ പ്രവർത്തനങ്ങൾക്ക് യുവജനങ്ങളെ പ്രാപ്തരാക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾക്ക് ഊന്നൽ നൽകുക.

പാലിയേറ്റീവ് കെയർ, പൊതു വിദ്യാഭ്യാസ സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, ലഹരി വരുദ്ധ പ്രവർത്തനങ്ങൾ, ആരോഗ്യ സംരക്ഷണത്തിനും ജീവതശൈലീ രോഗങ്ങൾക്കെതിരെയും യുവജനങ്ങളെ പ്രവർത്തന നിരതരാക്കുന്നതിനായുള്ള പദ്ധതികള്, ഗ്രാമീണ കായിക ഇനങ്ങൾ (കിളിത്തട്ട്, കബഡി) തുടങ്ങിയവ പ്രചരിപ്പിക്കുക, ഗ്രാമ തലങ്ങളിൽ ടൂർണമെന്റുകൾ, കളരിപ്പയറ്റ്, കരാട്ടെ തുടങ്ങിയവയുടെ പ്രോത്സാഹനം, ശ്രമദാന പ്രവർത്തനങ്ങളുടെ പ്രോത്സാഹനം, കലാ-കായിക മൽസരങ്ങളുടെ പരിശീലനം, യുവക്ഷേമ പ്രവർത്തനങ്ങൽ ശക്തിപ്പെടുത്തുക, കേരളോത്സവം ശക്തിപ്പെടുത്തുക, ഗ്രാമ തലത്തിൽ കലാ-കായിക പരിശീലനം നടത്തുക, ക്ലബ്ബ് കോ -ഓർഡിനേഷൻ കമ്മിറ്റിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുക, ഒരു പഞ്ചായത്തിൽ രണ്ട് ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളെ വീതം എ ഗ്രേഡ് ആക്കി ഉയർത്തുക.

കായിക മേഖല

ഒളിമ്പിക്സിൽ പങ്കെടുക്കുന്നതിന് ജില്ലയിലെ യുവജനങ്ങളെ പ്രാപ്തരാക്കുകയും പരിശീലനം ശക്തിപ്പെടുത്തുകയും ചെയ്യുക. ഗ്രാമ തലത്തിൽ കായിക പരിശീലനം ശക്തിപ്പെടുത്തുക. ഗ്രാമ ടൂർണമെന്റുകൾ ശക്തിപ്പെടുത്തുക

സ്കൂൾ കോളേജ് തല മത്സരങ്ങളിൽ നിന്നും കേരളോത്സവ മത്സരങ്ങളിൽ നിന്നും പ്രതിഭകളെ കണ്ടത്തി പരിശീലനം നൽകി ഒളിമ്പിക്സ് സ്വർണം എന്ന സ്വപ്നം സാക്ഷാൽക്കരിക്കുക. ഒരു പഞ്ചായത്തിൽ ഒരു ഗ്രൗണ്ടും ഒരു നീന്തൽകുളവും സാക്ഷാൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക. ക്ലബ്ബ് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പങ്കാളിത്തത്തോടെ വിവിധ സർക്കാർ ഏജൻസികളുടെ സഹായത്തോടെ സംസ്കാരം യുവജന കാര്യം കായികം എന്നീ മേഖലകളിൽ ഗ്രാമം മുതൽ ജില്ലാ തലം വരെ പ്ലാൻ തയ്യാറാക്കി അഞ്ചു വർഷം കൊണ്ട് മുൻ പറഞ്ഞ ലക്ഷ്യങ്ങൾ നേടാവുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അർഹമായ പ്രാതിനിധ്യം ഈ മേഖലകൾക്ക് നൽകണം.

ജില്ലയിൽ നടപ്പാക്കാവുന്ന പ്രവർത്തനങ്ങൾ

1) യുവജന പരിശീലന കേന്ദ്രം

യുവജനങ്ങൾക്കായി ജില്ലയിൽ കേന്ദ്രങ്ങളിൽ സ്ഥിരമായ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക. ഇത്തരം കേന്ദ്രങ്ങളിൽ വിവിധ മേഖലകളെ ബന്ധപ്പെടുത്തി പരിശീലനം സംഘടിപ്പിക്കുക. ഉദാഹരണമായി പി എസ് സി പരിശീലനം, സംരഭകത്വ പരിശീലനം, തൊഴിൽപരിശീലനം, നേതൃത്വ പരിശീലനം.

2) ക്ലബ്ബുകളെ ഉപയോഗപ്പെടുത്തി കായിക പരിശീലനം

യുവജനക്ഷേമബോർഡിൽ അഫിലിയേറ്റ് ചെയ്ത ക്ലബ്ബുകളെ ഉപയോഗപ്പെടുത്തി വിവിധ ക്ലബ്ബുകൾക്ക് വിവിധ കളിസ്ഥലങ്ങൾ ശാസ്ത്രീയമായി ഉണ്ടാക്കി സംരക്ഷിക്കുന്നതിനുള്ള പദ്ധതി. കളിസ്ഥലങ്ങൾ പുതുതലമുറക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സഹചര്യത്തിൽ ക്ലബ്ബുകളുടെ ഉത്തരവാദിത്വത്തിൽ കളിസ്ഥലങ്ങൾ സംരക്ഷിക്കുക വഴി കായികരംഗത്ത് പുതിയ താരങ്ങളുടെ ഉദയത്തിന് പ്രചോദനമാകും.

3) വകുപ്പുകൾ നടപ്പാക്കുന്ന യുവജനക്ഷേമ പ്രവർത്തനങ്ങളിൽ ഏകോപനം

വിവിധ വകുപ്പുകൾ നടപ്പാക്കുന്ന യുവജനക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള കോർ ഗ്രൂപ്പ് രൂപീകരിക്കുക. തൊഴിൽ, വ്യവസായം, പട്ടികജാതി - പട്ടികവർഗ വകുപ്പ്, സ്പോർട്സ് കൗൺസില്, ലൈബ്രറി കൗൺസിൽ, യുവജനക്ഷേമ ബോർഡ്, എൻവൈ കെ, എന്നിവയുടെ യുവജനക്ഷേമ പ്രവർത്തനങ്ങളിൽ ഏകോപനമുണ്ടാക്കുക.

4) കളിസ്ഥലം, നീന്തൽകുളം

ഗ്രാമതലങ്ങളിൽ കായിക താരങ്ങളെ വളർത്തിയെടുക്കുന്നതിൽ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെയും മറ്റ് സർക്കാർ ഏജൻസികളുടെയും ജനപ്രതിനിധികളുടെ വികസന ഫണ്ടിൽ നിന്നും ഉൾപ്പെടെ കൂട്ടായ പരിശ്രമത്തിന്റെ ഭാഗമായി ഓരോ പഞ്ചായത്തിലും മാതൃകാ കളിസ്ഥലങ്ങൾ ഉണ്ടാക്കുക. ജില്ലയിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ മികച്ച നീന്തൽകുളങ്ങൾ നിർമിക്കുക.

5) ബ്ലോക്ക്തലങ്ങളിൽ റിസോഴ്സ് സെന്ററുകൾ ആരംഭിക്കുക.

പി എസ് സി, എസ് എസ് സി പരീക്ഷകൾ എന്നിവയ്ക്ക് ഉപയോഗപ്പെടുന്ന രീതിയിൽ ബ്ലോക്ക്തലത്തിൽ ഇന്റർനെറ്റ് സൗകര്യങ്ങളോടുകൂടിയ റിസോഴ്സ് സെന്ററുകളാരംഭിക്കുക. ജില്ലയിലെ വിദൂര മേഖലകളിലുള്ള സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന മേഖലകളിലെ ഉദ്യോഗാർത്ഥികൾക്ക് ഓൺലൈൻ അപേക്ഷകളും മറ്റും അയക്കാനും പരീക്ഷകളെക്കുറിച്ച് അറിയാനും വളറെയേറെ ബുദ്ധിമുട്ടുകളുണ്ട്. ഇത് പരിഹരിക്കാൻ റിസോർസ് സെന്റർ അത്യാവശ്യമാണ്.

6) കേരളോത്സവത്തിൽ യുവജനപങ്കാളിത്തം ഉറപ്പുവരുത്തുക.

യുവജനങ്ങളുടെ കലാ കായികപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാന യുവജനക്ഷേമ ബോർഡ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റ് വകുപ്പുകളുടെയും സഹകരണത്തോടെ സംഘടിപ്പിക്കുന്ന കേരളോത്സവത്തിൽ ജില്ലയിലെ ഭൂരിഭാഗം വരുന്ന യുവജനങ്ങളിലും (നഗര-ഗ്രാമ വ്യത്യാസമില്ലാതെ) പങ്കെടുപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക. കേരളോത്സവത്തിൽ പങ്കെടുക്കുന്ന ക്ലബ്ബുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും മറ്റ് സർക്കാർ ഏജൻസികളിൽ നിന്നും ഫണ്ടുകളും മറ്റ് ആനുകൂല്യങ്ങളും നൽകുക. മത്സരാർത്ഥികൾക്ക് ആവശ്യമായിട്ടുള്ള പരിശീലനം നൽകുക. ഇതുവഴി കേരളോത്സവം ഗ്രാമോത്സവമാക്കി മാറ്റുക.

7) അഡ്വഞ്ചർ പ്രവർത്തനങ്ങൾ, ടൂറിസം പ്രോത്സാഹിപ്പിക്കുക.

യുവജനങ്ങളിൽ സാഹസിക മനോഭാവം ഉണ്ടാക്കുന്നതിനും അവരുടെ കായിക ശേഷി വർദ്ധിപ്പിക്കുന്നതിനും ജില്ലയിൽ ഭൂപ്രദേശങ്ങളെ ഉൾപ്പെടുത്തി യുവജനങ്ങൾക്ക് സാഹസിക പരിപാടികളും മൗണ്ടനറിംഗ്, അഡ്വഞ്ചർടക്കിംഗ്, ദുരന്ത നിവാരണ പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിക്കാവുന്നതാണ്. മുഴപ്പിലങ്ങാട് ബീച്ച്, പൈതൽമല, പയ്യാമ്പലം ബീച്ച്, മീൻകുന്ന് ബീച്ച് എന്നിവിടങ്ങളിൽ ടൂറിസം പദ്ധതികളും നടപ്പാക്കാവുന്നതാണ്.

നെഹ്റു യുവ കേന്ദ്രയിൽ അഫിലിയേഷനുള്ള ക്ലബുകളുടെ എണ്ണം (ബ്ലോക്ക് തലത്തിൽ)

ക്രമ നമ്പർ	ബ്ലോക്ക്	Fw
1	ഇരിട്ടി	25
2	ഇരിക്കൂർ	19
3	തളിപ്പറമ്പ്	44
4	പയ്യന്നൂർ	39
5	കല്ല്യാശ്ശേരി	40
6	എടക്കാട്	35
7	കണ്ണൂർ	28
8	തലശ്ശേരി	24
9	പാനൂർ	6
10	കുത്തുപറമ്പ്	29
11	പേരാവൂർ	19

(അവലംബം-നെഹ്റു യുവ കേന്ദ്ര)

സ്ഥാപനങ്ങൾ അഫിലിയേഷൻ എണ്ണം

ലൈബ്രറി കൗൺസിൽ 927, സംഗീതനാടക അക്കാദമി 164, ഫോക് ലോർ അക്കാദമി 240, നെഹ്റു യുവ കേന്ദ്ര 1315, യുവജനക്ഷേമ ബോർഡ് 1110 എന്നിങ്ങനെയാണ്.

- ഒരു സ്ഥാപനത്തിലും അഫിലിയേഷൻ ഇല്ലാത്ത നിരവധി ക്ലബ്ബുകളുമുണ്ട്. കലാകായിക സാംസ്കാരിക പ്രവർത്തനങ്ങളാണ് ഇവർ നടത്തുന്നത്. വിവിധ ഏജൻസികൾ തമ്മിൽ ഏകോപനമില്ലാത്ത അവസ്ഥയുണ്ട്. അത്യാവശ്യം വേണ്ടകാര്യങ്ങൾ പോലും ചെയ്യുകൊടുക്കാൻ സാധിക്കുന്നില്ല. വിവിധ ബോധവൽക്കരണപ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകേണ്ടതുണ്ട്. (മദ്യം, മയക്കുമരുന്ന് പോലുള്ളവ) വായന പ്രോത്സാഹിപ്പിക്കാനുള്ള പരിപാടികൾ ആവിഷ്കരിക്കേണ്ടതുണ്ട്. യുവാക്കളുടെ കായികക്ഷമത ഉയർത്താനുള്ള പരിപാടികൾ സംഘടിപ്പിക്കണം സർക്കാർ സംവിധാനങ്ങളുടെ ഇപ്പോഴത്തെ പ്രവർത്തനങ്ങളിൽ വലിയ മാറ്റം ആവശ്യമാണ്. ലൈബ്രറി കൗൺസിൽ മാത്രമാണ് പ്രവർത്തനത്തിന് സാമ്പത്തിക സഹായം നൽകുന്നത്. ദൈനംദിനപ്രവർത്തനങ്ങൾക്ക് സാമ്പത്തികസഹായം അനുവദിക്കേണ്ടതുണ്ട്. ഫിസിക്കൽ ഫിറ്റ്നെസ് നേടുന്നതിനാവശ്യമായ പരിശീലനങ്ങൾ സംഘടിപ്പിക്കണം. കലാകാരമാരെയും കായികപ്രതികളെയും ആദരിക്കണം, അനുമോദിക്കണം

സാംസ്കാരിക മേഖല

സാംസ്കാരിക മേഖലയിൽ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട സംഘടനയാണ് ഗ്രന്ഥശാലാ പ്രസ്ഥാനം. ലൈബ്രറികളുടെ പ്രവർത്തനത്തിനാവശ്യമായ സഹായം നൽകുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്യുന്നത് ലൈബ്രറി കൗൺസിലാണ്. താലൂക്ക്, ജില്ലാ, സംസ്ഥാന ലൈബ്രറി കൗൺസിലാണ് നിയമത്തിൽ വിഭാവനം ചെയ്തിട്ടുള്ളത്. അതിന് പുറമെ പഞ്ചായത്തുകൾ കൂട്ടി ചേർത്തുള്ള മേഖലാ കമ്മിറ്റിയും പഞ്ചായത്ത് മുൻസിപ്പൽ നേതൃസമിതികളും പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത് 8200 ലൈബ്രറികളുണ്ട്. ഓരോ മാസത്തിലും പുതിയ ലൈബ്രറികൾക്ക് അഫിലിയേഷൻ നൽകുന്നുണ്ട്. കണ്ണൂർജില്ലയിൽ 920 ലൈബ്രറികൾക്കാണ് ഇപ്പോൾ അഫിലിയേഷനുള്ളത്. സംസ്ഥാനത്ത് അഫിലിയേഷനുള്ള ലൈബ്രറികളില് 11.2 ശതമാനം കണ്ണൂർ ജില്ലയിലാണുള്ളത്.

അറിവിനും വായനയ്ക്കും പ്രാഥമിക പരിഗണന നൽകുകയും, നവോത്ഥാന മൂല്യങ്ങളുടെ പിൻതുടർച്ച ഏറ്റുപിടിക്കാനും, നമ്മുടെ വായനശാലകൾക്ക് സാധിച്ചിട്ടുണ്ട്. അവ നാടിന് നൽകിയ സംഭാവന വളരെ വലുതാണ്. സാമൂഹിക സാംസ്കാരിക പുരോഗതിക്കായി സംഘടിത ശ്രമങ്ങളിലൂടെ ആവിഷ്കരിക്കപ്പെട്ട പ്രസ്ഥാനങ്ങളുടെ പട്ടികയിൽ ഒന്നാം സ്ഥാനം കേരളത്തിലെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിനുണ്ട്.

1956 ൽ ഭാഷാ സംസ്ഥാനം എന്ന നിലയിൽ കേരളം രൂപം കൊള്ളുമ്പോൾ മലബാറിൽ മാത്രമായി 500 ലധികം ഗ്രന്ഥശാലകൾ ഉണ്ടായിരുന്നതായി രേഖകൾ വ്യക്തമാക്കുന്നു. ഇന്ന് കേരളത്തിലാകെ 8020 അംഗീകൃത ഗ്രന്ഥശാലകളാണുള്ളത്. അഫിലിയേഷനില്ലാത്ത വേറേയുമുണ്ട്.

ഗ്രന്ഥശാലകൾ കേരളത്തിന്റെ സാമൂഹിക സാംസ്കാരിക പൊതുമണ്ഡലങ്ങളിൽ ചെലുത്തിയ സ്വാധീനത്തെപ്പറ്റി കൂടുതൽ പഠനങ്ങൾ നടക്കേണ്ടതായുണ്ട്. ഈ പ്രസ്ഥാനത്തെ മാറ്റി നിർത്തി രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക ചരിത്രങ്ങളൊന്നും പറയാൻ പറ്റില്ല. അത്ര വിപുലമായ അടിത്തറ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന് കേരളത്തിലുണ്ട്.

എല്ലാ വാർഡിലും ഒരു ഗ്രന്ഥശാല എന്ന ആശയം നമുക്ക് നടപ്പാക്കാനാവണം. നിലവിൽ ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത 920 ലൈബ്രറികളുണ്ട്. ഇതിന് പുറമെ 634 ലൈബ്രറികൾ പുതുതായി സ്ഥാപിക്കണം. 1554 വാർഡുകളാണ് ജില്ലയിൽ നിലവിലുള്ളത്. 71 പഞ്ചായത്തുകളിലായി 1210 വാർഡ്, 11 മുൻസിപ്പാലിറ്റിയിൽ, കണ്ണൂർ കോർപറേഷനിൽ 55 ഡിവിഷൻ. ഈ തരത്തിൽ 634 ലൈബ്രറികൾക്ക് പുതുതായി അഫിലിയേഷൻ നൽകണം. പ്രദേശത്തെ എൽപി, യുപിസ്കൂൾ ലൈബ്രറികളെ ഇവരുമായി ബന്ധിപ്പിക്കാനും സാധിക്കണം. നിലവിൽ ലൈബ്രേറിയൻമാർക്ക് നൽകുന്ന വേതനം വർധിപ്പിച്ച് സ്കൂൾ ലൈബ്രറികളുടെ ചുമതല കൂടി നൽകണം. ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂളുകളിൽ ലൈബ്രേറിയൻമാരുടെ നിയമനം നടത്തണം. വാർഡടിസ്ഥാനത്തിൽ കളി സ്ഥലവും നിർമിക്കണം. പഞ്ചായത്തിലെ മൂന്നോ നാലോ ലൈബ്രറികളെ ജനസേവന കേന്ദ്രങ്ങളാക്കി മാറ്റണം.

ജില്ലയിലുള്ള എല്ലാം സാംസ്കാരിക സംഘടനകളുടെയും ഏകോപനം നടത്തണം. ദിവസവും സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്ന ഇടമായി കണ്ണൂർ ടൗൺസ്ക്വയറിനെ മാറ്റണം. വിവിധ ഏജൻസികൾക്ക് ഇതിനുള്ള ഉത്തരവാദിത്തം നൽകണം. ഇവിടെ സ്ഥിരം മൈക്ക് സംവിധാനം എംഎൽഎ ഫണ്ടിൽ നിന്നോ ഡിടിപിസിയോ തയ്യാറാക്കി നൽകണം. ലൈബ്രറി കൗൺസിൽ, ഫോക് ലോർ അക്കാദമി, ചലച്ചിത്ര അക്കാദമി, യുവജനക്ഷേമ ബോർഡ്, നെഹ്റു യുവ കേന്ദ്ര, ടൂറിസം പ്രമോഷൻ കൗൺസിൽ,

ക്ഷേത്രകലാ അക്കാദമി, പൂരക്കളി അക്കാദമി തുടങ്ങിയ ജില്ലയിൽ പ്രവർത്തിക്കുന്ന സംഘടനകളുടെ ഏകോപനമാണ് ഉണ്ടാകേണ്ടത്. പരീക്ഷാ പരിശീലനം, തൊഴി പരിശീലനം എന്നിവ നടത്തുന്നതിന് യൂത്ത് സെന്റർ ജില്ലാ ആസ്ഥാനത്തും താലൂക്ക് കേന്ദ്രങ്ങളിലും നിർമിക്കണം. ക്ഷേത്രകലാ അക്കാദമിയെ കൽപ്പിത സർവകലാശാലയായി മാറ്റി ക്ഷേത്രകലാ കോഴ്സുകൾ പഠിപ്പിക്കുകയും ഗവേഷണം നടത്തുന്ന കേന്ദ്രമായി ഉയർത്തുകയും വേണം. ആദിവാസി മേഖലകളിലെ ജനങ്ങൾക്കായി സാംസ്കാരിക മേഖലയിൽ പ്രത്യേക പാക്കേജ് ഉണ്ടാക്കണമെന്നും ആവശ്യമുയർന്നു. സർക്കാരിന്റെ പ്രഥമ ബജറ്റിൽ അനുവദിച്ച സാംസ്കാരിക സമുച്ചയ നിർമാണം ഉടൻ ആരംഭിക്കണമെന്നും ഇതിന് വേണ്ടി ടിടിഐ മൈൻ ലുള്ള സ്ഥലം ഉപയോഗിക്കാവുന്നതാണെന്നും നിർദേശമുയർന്നു.

ഗ്രന്ഥശാലകളുടെ എണ്ണം താലൂക്ക് അടിസ്ഥാനത്തിൽ ഗ്രേഡ് തിരിച്ചതും പഞ്ചായത്ത്, നഗരസഭാ അടിസ്ഥാനത്തിൽ വായനശാലകളുടെ വിവരങ്ങളും **അനുബന്ധം 36** ൽ നൽകിയിരിക്കുന്നു

സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ ശംഖനാദം കേട്ടുണർന്ന കേരള ജനത സംഘടിക്കാനും പോരാടാനും തുടങ്ങുമ്പോൾ അവർക്ക് കൂടിച്ചേരാനുള്ള വേദിയായും കേരളത്തിൽ ഗ്രന്ഥശാലകൾ രൂപപ്പെട്ടു. കേരളത്തിലെ ദേശീയ നേതാക്കന്മാർതന്നെ ഗ്രന്ഥശാലകൾ രൂപീകരിക്കാൻ മുന്നിട്ടിറങ്ങി. ദേശീയബോധവും സ്വാതന്ത്ര്യസമര സന്ദേശവും സാധാരണക്കാരിൽ എത്തിക്കാനവർ ഗ്രന്ഥശാലകളെ വേദിയാക്കി. അതുപോലെ തന്നെ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിൽ ജനങ്ങളെ അണിനിരത്താനും ഗ്രന്ഥശാലാ പ്രവർത്തകരായ ഒട്ടനവധി നേതാക്കളെ സംസ്ഥാന, ദേശീയ രാഷ്ട്രീയ നേതൃനിരയിലേക്ക് കൊണ്ടുവരാനും ഗ്രന്ഥശാലകൾക്ക് കഴിഞ്ഞു.

സ്വാതന്ത്ര്യാനന്തരം കേരളത്തിൽ ശക്തിപ്രാപിച്ച നവോത്ഥാന പ്രസ്ഥാനങ്ങൾ പ്രധാന പ്രവർത്തന കേന്ദ്രങ്ങളായി തെരഞ്ഞെടുത്തത് ഗ്രന്ഥശാലകളെയാണ്. സ്വാതന്ത്ര്യം ലഭിച്ചിട്ടും അടിമത്തവും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും തുടരുകയും അതിന്റെ വക്താക്കൾ തന്നെ സമൂഹത്തിന്റെ അധിശത്വം വഹിക്കുകയും ചെയ്യുമ്പോൾ, അതിനെതിരെയുള്ള പോരാട്ടം രൂപപ്പെടുത്തുന്നതും, നേതൃത്വമേറ്റെടുക്കുന്നതും ഗ്രന്ഥശാലകൾ തന്നെയാണ്. കേരളത്തിലേറ്റവും കൂടുതൽ ഗ്രന്ഥശാലകൾ രൂപപ്പെടുന്നതും പ്രവർത്തന സജ്ജമാകുന്നതും ഈ കാലഘട്ടത്തിലാണ്. കലയിലും സാഹിത്യത്തിലും പൊതുവേദികളിലും നിലനിന്നിരുന്ന ഉച്ചനീചത്വത്തിനെതിരായ സമരം സമൂഹത്തിലെ തിൻമകൾക്കെതിരായ സമരംപോലെ തന്നെ ഗ്രന്ഥശാലാ പ്രവർത്തകർ ഏറ്റെടുത്തു. ഐക്യ കേരളം രൂപപ്പെടുംമുമ്പേ തന്നെ മൂവായിരത്തിലധികം ഗ്രന്ഥശാലകളുണ്ടായി എന്നത് പ്രത്യേകം ശ്രദ്ധ പതിയേണ്ടുന്ന സംഗതിയാണ്. അതുകൊണ്ട് തന്നെ ഓരോ ഗ്രന്ഥശാലയ്ക്കും വലിയ ദൗത്യത്തിന്റെ ചരിത്രമാണ് പറയാനുണ്ടാവുക.

ദേശീയ പ്രസ്ഥാനത്തിന്റെ അലയൊലികൾ മലബാറിലുണ്ടാക്കിയ സംഘബോധത്തിന്റെ ചൈതന്യ രൂപങ്ങളാണ് മലബാറിലെ ഗ്രന്ഥശാലകൾ. 1901 ൽ തലശ്ശേരിയിൽ സ്ഥാപിക്കപ്പെട്ട വിക്ടോറിയ സ്മാരക ലൈബ്രറിയാണ് ആദ്യ സംരംഭം.

മലബാറിലെ ഗ്രന്ഥശാലകളുടെ വളർച്ചയ്ക്ക് നിദാനമായ പ്രേരക ഘടകങ്ങൾ താഴെ പറയുന്നവയാണ്

പാശ്ചാത്യ മിഷനറിമാർ സംഘടിപ്പിച്ച ഗ്രന്ഥശാലകൾ വായനയോടൊപ്പം വിദ്യാഭ്യാസ സാംസ്കാരിക പ്രവർത്തനത്തിനും പ്രേരകമായി. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി ഉയർന്നുവന്ന ഗ്രന്ഥശാലകൾ. കർഷക പ്രസ്ഥാനത്തിന്റെ ഭാഗമായി ഉയർന്നുവന്ന ഗ്രന്ഥശാലകൾ (സാമ്രാജ്യത്വ – ജന്മിത്വ വിരുദ്ധ സമര വേദികൾ) ഡോ.: എസ്. ആർ. രംഗനാഥന്റെ സ്വാധീനം സൃഷ്ടിച്ച ഗ്രന്ഥശാലകൾ പഞ്ചനിയമങ്ങൾ). നവോത്ഥാന പ്രസ്ഥാനത്തിന്റെ ഭാഗമായി ഉയർന്നുവന്ന ഗ്രന്ഥശാലകൾ. അഭ്യസ്തവിദ്യരായ സാംസ്കാരിക പ്രവർത്തകർ രൂപപ്പെടുത്തിയ ഗ്രന്ഥശാലകൾ. അധ്യാപക സമൂഹത്തിലൂടെ ഉയർന്നുവന്ന ഗ്രന്ഥശാലകൾ. മലബാർ ഗ്രന്ഥശാലാ സംഘത്തിന്റെ പ്രവർത്തനങ്ങൾ (1937) 948 ലെ മദിരാശി ലൈബ്രറി ആക്ടും തുടർപ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങൾ കടന്നുചെല്ലാത്ത ഗ്രാമങ്ങളിൽ പോലും ഗ്രാമീണ വായനശാലകളുടെ സാന്നിദ്ധ്യംകൊണ്ട് സമൃദ്ധമായിരുന്ന കണ്ണൂർജില്ല. ജില്ലയിലെ മുഴുവൻ ഗ്രന്ഥശാലകളുടെയും ചരിത്രം രേഖപ്പെടുത്തുന്നതിനും അവയെല്ലാം ഓരോ ഘട്ടത്തിലും നാടിനുവേണ്ടി ചെയ്ത സേവനങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള ശ്രമം കണ്ണൂർ ജില്ലാലൈബ്രറി കൗൺസിൽ ആരംഭിച്ചിട്ടുണ്ട്. പഠന പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നേ ഉള്ളൂ.

നിർദേശങ്ങൾ

- വാർഡിലൊരു വായനശാല വേണം. ഗ്രന്ഥശാലാ സംഘത്തിൽ അഫിലിയേഷൻ ലഭിക്കാൻ നിയമ നിർമാണം വേണം.

- 1554 വാർഡുകളിലായി 920 ലൈബ്രറികളാണുള്ളത്. പുതുതായി 634 ലൈബ്രറികൾ സ്ഥാപിച്ച് അഫിലിയേഷൻ നൽകണം.

- പ്രദേശത്തെ എൽപി, യുപി സ്കൂൾ ലൈബ്രറികളെ ഇവയുമായി ബന്ധിപ്പിക്കാനും സാധിക്കണം. നിലവിൽ ലൈബ്രേറിയന്മാർക്ക് നൽകുന്ന വേതനം വർധിപ്പിച്ച് സ്കൂൾ ലൈബ്രറികളുടെ ചുമതല കൂടി നൽകണം. ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂളുകളിൽ ലൈബ്രേറിയന്മാരുടെ നിയമനം നടത്തണം.

- വാർഡടിസ്ഥാനത്തിൽ കളി സ്ഥലവും നിർമിക്കണം. കായിക പഠനഗവേഷണകേന്ദ്രം സ്ഥാപിക്കണം.

- ജില്ലയിലുള്ള എല്ലാ സാംസ്കാരിക സംഘടനകളുടെയും ഏകോപനം നടത്തണം.

- ദിവസവും സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്ന ഇടമായി കണ്ണൂർ ടൌൺസ്ക്വയറിനെ മാറ്റണം. വിവിധ ഏജൻസികൾക്ക് ഇതിനുള്ള ഉത്തരവാദിത്തം നൽകണം. ഇവിടെ സ്ഥിരം മൈക്ക് സംവിധാനം എംഎൽഎ ഫണ്ടിൽ നിന്നോ ഡിടിപിസിയോ തയ്യാറാക്കി നൽകണം.

- ലൈബ്രറി കൗൺസിൽ, ഫോക്ലോർ അക്കാദമി, ചലച്ചിത്ര അക്കാദമി, യുവജനക്ഷേമ ബോർഡ്, നെഹ്റു യുവക് കേന്ദ്ര, ടൂറിസം പ്രമോഷൻ കൌൺസിൽ, ക്ഷേത്രകലാ അക്കാദമി, പൂരക്കളി അക്കാദമി തുടങ്ങിയ ജില്ലയിൽ പ്രവർത്തിക്കുന്ന സംഘടനകളുടെ ഏകോപനമാണ് ഉണ്ടാകേണ്ടത്.

- പരീക്ഷാ പരിശീലനം, തൊഴിൽ പരിശീലനം എന്നിവ നടത്തുന്നതിന് യൂത്ത് സെന്റർ ജില്ലാ ആസ്ഥാനത്തും താലൂക്ക് കേന്ദ്രങ്ങളിലും നിർമിക്കണം. പഞ്ചായത്തിലെ മൂന്നോ നാലോ ലൈബ്രറികളെ ജനസേവന കേന്ദ്രങ്ങളാക്കി മാറ്റണം.

- ക്ഷേത്രകലാ അക്കാദമിയെ കൽപ്പിത സർവകലാശാലയായി മാറ്റി ക്ഷേത്രകലാ കോഴ്സുകൾപഠിപ്പിക്കുകയും ഗവേഷണം നടത്തുന്ന കേന്ദ്രമായി ഉയർത്തുകയും വേണം.

- ആദിവാസി മേഖലകളിലെ ജനങ്ങൾക്കായി സാംസ്കാരിക മേഖലയിൽപ്രത്യേക പാക്കേജ് ഉണ്ടാക്കണമെന്നും ആവശ്യമുയർന്നു.

- സർക്കാരിന്റെ പ്രഥമ ബജറ്റിൽ അനുവദിച്ച സാംസ്കാരിക സമുച്ചയ നിർമാണം ഉടൻ ആരംഭിക്കണമെന്നും ഇതിന് വേണ്ടി ടിടിഐ മൈൻ ലുള്ള സ്ഥലം ഉപയോഗിക്കണം.

- യുവജനക്ലബ്ബ് രൂപീകരണം, പട്ടിക ജാതി, പട്ടിക വർഗത്തിൽപ്പെട്ടവർക്കുള്ള ആർട്സ് ആന്റ് സ്പോർട്സ്, സിവിൽ സർവീസ് പരീക്ഷ പരിശീലനം, യുവതീ ക്യാമ്പുകൾ, സംരംഭകത്വ വികസന പരിശീലനം, സ്വയം തൊഴിൽവായ്പ, സ്വയം തൊഴിൽ പരിശീലനം, മദ്യം മയക്കു മരുന്ന് ബോധവൽക്കരണ പ്രവർത്തനം, യുവജനങ്ങളുടെ സന്നദ്ധ പ്രവർത്തനങ്ങൾ, ജൈവ കൃഷി കൃഷി വകുപ്പ്, പാലിയേറ്റീവ് കെയർ, കുളം, നദി, തോട് സംരക്ഷണം, വർക്ക് ക്യാമ്പ്, ഫുട്ബോൾ, വോളിബോൾ, കബഡി, വടംവലി ടൂർണമെന്റുകൾ. വ്യക്തിത്വ വികസന ക്യാമ്പ്,അഡ്വഞ്ചർ സ്പോർട്സ്, സ്പോർട്സ് കിറ്റ് നൽകൽ, ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളുടെ പ്രോത്സാഹനം, യുവജനപരിശീലനകേന്ദ്രം, ക്ലബ്ബുകളെ ഉപയോഗപ്പെടുത്തി കായിക പരിശീലനം ക്ലബ്ബുകളെ ഉപയോഗപ്പെടുത്തി കായിക പരിശീലനം, വകുപ്പുകൾ നടപ്പാക്കുന്ന യുവജനക്ഷേമ പ്രവർത്തനങ്ങളിൽ ഏകോപനം, എല്ലാ പഞ്ചായത്തിലും കളിസ്ഥലം, നീന്തൽകുളം, ബ്ലോക്ക്തലങ്ങളിൽ റിസോഴ്സ് സെന്ററുകൾ ആരംഭിക്കുക, കേരളോത്സവത്തിൽ യുവജനപങ്കാളിത്തം ഉറപ്പുവരുത്തുക, അഡ്വഞ്ചർ പ്രവർത്തനങ്ങൾ, ടൂറിസം പ്രോത്സാഹിപ്പിക്കുക. ജില്ലയിലെ എല്ലാ ലൈബ്രറികളെയും ബന്ധിപ്പിച്ച കൊണ്ട് നെറ്റ് വർക്ക് സംവിധാനം, കണ്ണൂരിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്റ്റേഡിയം, നിലവിലുള്ള സ്റ്റേഡിയങ്ങളുടെ നവീകരണം (സിന്തറ്റിക് ട്രാക് ഉൾപ്പെടെ) എല്ലാ വാർഡിലും ഒരു വായനശാല (പുതുതായി 634 ലൈബ്രറികൾസ്ഥാപിച്ച് അഫിലിയേഷൻ നൽകൽ)

ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക പദ്ധതികൾ

- നിലവിൽ എസ് എസ് എയും ആർ.എം.എസ്.എ.യും ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. അവ ഭിന്നശേഷിക്കാരുടെ ജീവിത പ്രയാസങ്ങൾ കുറയ്ക്കുന്നതിനും പ്രയോഗിക ജീവിതത്തിലേക്ക് സുഗമമായി മുന്നേറുന്നതിനും അവരെ സഹായിക്കുന്നുണ്ട്.

- അവരുടെ തൊഴിൽ നൈപുണിയും ജീവിതനൈപുണിയും വർദ്ധിപ്പിക്കുന്നതിനുള്ള കേന്ദ്രം ജില്ലയിലുണ്ടാവണം. ജില്ലയിലെ ഭിന്നശേഷിക്കാർക്കുള്ള പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്ന കേന്ദ്രമാവണം അത്. ഭിന്നശേഷിക്കാരുടെ ഏതു പ്രയാസത്തിലും തുണയാവാൻ ഈ സ്ഥാപനത്തിന് കഴിയണം. വിദ്യാലയഘട്ടത്തിൽ മാത്രമല്ല തുടർന്നും അവരുടെ ജീവിതത്തെ സഹായിക്കാൻ ഈ കേന്ദ്രത്തിന് ആവണം.

തീരദേശ/ ഗോത്രവർഗ വിഭാഗങ്ങൾക്കുള്ള പ്രത്യേക പിന്തുണാപരിപാടി

- ധാരാളം പ്രവർത്തനങ്ങൾ ഈ മേഖലയിൽ നടക്കുന്നുണ്ടെങ്കിലും ഇനിയും മുന്നേറുന്നതിനുള്ള പ്രവർത്തനങ്ങളുണ്ടാവണം. ഈ രണ്ടു വിഭാഗങ്ങളിലെയും പ്രശ്നങ്ങളറിഞ്ഞു പരിഹരിക്കാനാവണം.

- അവരുടെ സന്തുലിത വികസനം ഉറപ്പാക്കുന്ന പ്രവർത്തനപദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുകയും അവയുടെ ഗുണഫലങ്ങൾ അവരിലെത്തിച്ചേരുന്നുവെന്ന് ഉറപ്പാക്കുകയും വേണം. ജില്ലയിൽ നടക്കുന്ന വിവിധ പ്രവർത്തനങ്ങളുടെ ഏകോപനം ഉണ്ടാവണം.

- ജീവിത നൈപുണികൾ വളർത്താനുള്ള പരിശീലനങ്ങൾ, ആരോഗ്യ കാര്യങ്ങളെക്കുറിച്ചുള്ള അവബോധം നൽകൽ, വിവിധതരം ചൂഷണങ്ങൾ തിരിച്ചറിയാനും പ്രതിരോധിക്കുവാനുമുള്ള കഴിവു നൽകൽ, പഠനത്തിനാവശ്യമായ അഭിപ്രേരണ നൽകാനുള്ള പരിപാടികൾ, ഇനിയും പ്രവേശനം നേടാത്ത കുട്ടികളെ വിദ്യാലയത്തിലെത്തിക്കൽ/ കൊഴിഞ്ഞുപോയ കുട്ടികളുടെ പഠനം, പ്രാദേശിക പ്രതിഭാ കേന്ദ്രങ്ങളുടെ ശാക്തീകരണം, അടിസ്ഥാന പഠനശേഷി ഉറപ്പിക്കാനുള്ള പദ്ധതികള്.

ബദൽ വിദ്യാലയങ്ങൾ

ആദിവാസി മേഖലയിൽ 16 ബദൽ വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സാധാരണ വിദ്യാലയങ്ങളിലേതു പോലെ, യോഗ്യതയുളള അധ്യാപകരല്ല ഇവിടങ്ങളിലെ പഠനപ്രവർത്തനങ്ങൾക്കു നേതൃത്വം വഹിക്കുന്നത്. അതുകൊണ്ടു തന്നെ വിദ്യാലയങ്ങളിൽ ലഭിക്കുന്ന പഠനാനുഭവങ്ങൾ ഇവിടെ ലഭിക്കുന്നതായി കാണുന്നില്ല. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും ഈ വിദ്യാലയങ്ങളിലുണ്ട്. ഈ സ്ഥാപനങ്ങൾ തമ്മിലുളള ദൂരവും കുട്ടികളുടെ എണ്ണവും മറ്റു സാധ്യതകളും കണക്കിലെടുത്ത് അവ പ്രാഥമിക വിദ്യാലയമാക്കി മാറ്റുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്. ഗവ./എയ്ഡഡ് കുട്ടികളെ വിദ്യാലയങ്ങളുടെ സമീപപ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന ബദൽ വിദ്യാലയങ്ങളിലെ കുട്ടികളെ ആ വിദ്യാലയങ്ങളിൽ എത്തിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കണം. അവർ വിദ്യാലയങ്ങളിൽ സ്ഥിരമായി എത്തുന്നുവെന്നും അവരിൽ പഠന പുരോഗതി ഉണ്ടാകുന്നുവെന്നും ഉറപ്പാക്കുന്നതിനുള്ള പ്രാദേശിക സംവിധാനങ്ങൾ ഉണ്ടാവണം.

4.2 (എഫ്) സഹകരണം

കേരള സംസ്ഥാനത്തിന്റെ അതിർത്തി പഴയ തിരുവിതാംകൂർ, കൊച്ചി സംസ്ഥാനങ്ങളും മദ്രാസ് സംസ്ഥാനത്തിലെ മലബാർ പ്രദേശവും ഉൾപ്പെട്ടതായിരുന്നു. മദ്രാസ് പ്രോവിൻസിലെ സഹകരണ സംഘം രജിസ്ട്രാർ ആയി സേവനം അനുഷ്ഠിച്ചിരുന്ന സി.രാജഗോപാലാചാരി കൊച്ചിയിലെ ദിവാനായി നിയമിക്കപ്പെട്ടതിനെ തുടർന്ന് അദ്ദേഹം മുൻകൈയെടുത്ത് 1913 ൽ കൊച്ചിൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പാസാക്കി. തുടർന്ന് അദ്ദേഹം തിരുവിതാംകൂർ ദിവാനായി അവരോധിക്കപ്പെട്ട സാഹചര്യത്തിൽ 1914 ൽ അദ്ദേഹത്തിന്റെ ശ്രമഫലമായി തിരുവിതാംകൂർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിസ് നിയമം പാസാക്കി.

തിരുവിതാംകൂറും കൊച്ചിയും സംയോജിച്ച് തിരുകൊച്ചി സംസ്ഥാനം നിലവിൽ വന്ന സാഹചര്യത്തിൽ 1952ൽ തിരുകൊച്ചി സഹകരണ നിയമം പാസാക്കി. 1956ൽ കേരള സംസ്ഥാനം രൂപീകരിക്കപ്പെട്ടതോടുകൂടി കേരളത്തിൽ രണ്ട് സഹകരണ നിയമം നിലവിൽ ഉണ്ടായിരുന്നു. മലബാർ പ്രദേശത്ത് 1932 ലെ മദ്രാസ് സഹകരണ നിയമവും തിരുകൊച്ചി പ്രദേശത്ത് 1952 ലെ തിരുകൊച്ചി സഹകരണ നിയമവും. തുടർന്ന് പി.ആർ. കുറുപ്പ് സഹകരണ മന്ത്രി ആയിരുന്നപ്പോൾ 1969 ൽ കേരള സഹകരണ നിയമം പാസാക്കുകയും ചെയ്തു. ഈ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിലെ സഹകരണ സ്ഥാപനങ്ങളെല്ലാം ഇപ്പോൾ പ്രവർത്തിച്ചു വരുന്നത്.

കണ്ണൂർ ജില്ലയിൽ ആകെ 2265 സംഘങ്ങളിൽ ഭൂരിഭാഗവും വായ്പാ മേഖലയിൽ പ്രവർത്തിക്കുന്ന സംഘങ്ങളാണ്. സഹകരണവകുപ്പിന് കീഴിൽ വ്യത്യസ്ത മേഖലകളിലായി 1405 സഹകരണ സംഘങ്ങൾ പ്രവർത്തിച്ച് വരുന്നു. വ്യവസായ വകുപ്പിൻ കീഴിൽ 250 ഉം കയർ വികസന വകുപ്പിന് കീഴിൽ 63 ഉം ക്ഷീരവികസന വകുപ്പിൻ കീഴിൽ 225 ഉം ഫിഷറീസ് വകുപ്പിൻ കീഴിൽ 27 ഉം ഖാദി ഗ്രാമവ്യവസായ വകുപ്പിൽ 295 ഉം സഹകരണ സംഘങ്ങളാണ് പ്രവർത്തിച്ചുവരുന്നത്.

കണ്ണൂർ ജില്ലയിലെ സഹകരണ സംഘങ്ങൾ - അവലോകനം

ക്രമ നമ്പർ	വകുപ്പ്	സംഘങ്ങളുടെ എണ്ണം	പ്രവർത്തിക്കുന്നവ	പ്രവർത്തിക്കാത്തവ	ലാഭത്തിൽ പ്രവർത്തിക്കുന്നത്	നഷ്ടത്തിൽ പ്രവർത്തിക്കുന്നത്	ആകെ മെമ്പർമാർ	പട്ടിക ജാതി/പട്ടിക വർഗം	പുരുഷന്മാർ	സ്ത്രീകൾ	ആകെ നിക്ഷേപം (കോടിയിൽ)	ആകെ വായ്പ (കോടിയിൽ)	സ്വന്തമായി സ്ഥലമുള്ളവ	കെട്ടിടമുള്ളവ	കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കിയവ
1	സഹകരണ വകുപ്പ്	1405	1206	199	382	824	5490486	179328	3299984	2190502	11740.2	7760.95	248	220	412
2	വ്യവസായവകുപ്പ്	250	132	118	11	121	3856	53	2016	1840			99	82	35
3	കയർ വികസന വകുപ്പ്	63	24	39		24	5447	927	2498	2949			59	58	1
4	ക്ഷീര വികസന വകുപ്പ്	225	207	18	158	49	87472	2379	62471	25001	1.07	9.64	147	136	196
5	ഫിഷറീസ്	27	23	4	5	18	19322	1400	13804	5518	2.94	25.9	3	3	5
6	ഖാദി	295	20	275	12	8	3144	116	2411	733			36	36	5
ആകെ		2265	1612	653	568	1044	5609727	184203	3383184	2226543	11744.2	7796.49	592	535	654

വായ്പാ സഹകരണ സംഘങ്ങൾക്ക് പുറമെ റബ്ബർ കർഷകരെ സഹായിക്കുന്നതിന് റബ്കോ, കർഷകർക്ക് മിതമായ നിരക്കിൽ കാർഷിക ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് രൂപീകൃതമായ റെയ്ഡ്കോ, കേരള ദിനേശ് ബീഡി സഹകരണ സംഘം, പരിയാരം മെഡിക്കൽകോളേജ് സഹകരണ സംഘം, പയ്യന്നൂർ സഹകരണ ആശുപത്രി, എ.കെ.ജി. സഹകരണ ആശുപത്രി (കണ്ണൂർ), ഇന്ദിരാഗാന്ധി സഹകരണ ആശുപത്രി (തലശ്ശേരി), തലശ്ശേരി സഹകരണ ആശുപത്രി, കോഫീ ഹൗസ്, വിസ്മയ പാർക്ക്, വെജ്കോ, മിറ്റ്കോ എന്നിവയും നല്ലനിലയിൽ പ്രവർത്തിച്ച വരുന്നുണ്ട്. കൂടാതെ വിദ്യാഭ്യാസ മേഖലയിൽ നല്ലനിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ ഉണ്ട്. ജില്ലയിൽ 535 സഹകരണ സംഘങ്ങൾക്ക് മാത്രമാണ് സ്വന്തമായി കെട്ടിടം ഉള്ളത്. കൂടാതെ 654 സംഘങ്ങളിൽ കംപ്യൂട്ടറൈസേഷനും നടപ്പിലാക്കിയിട്ടുണ്ട്.

1. പരിയാരം മെഡിക്കൽകോളേജ്

സഹകരണ മേഖലയിൽ കേരളസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് ആന്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് മെഡിക്കൽ സർവീസസ് ക്ലിപ്തം നമ്പർ 4386 (പരിയാരം മെഡിക്കൽകോളേജ്) ജില്ലയിൽ പ്രവർത്തിച്ച വരുന്ന ഒരു പ്രധാനപ്പെട്ട സ്ഥാപനമാണ്. വ്യക്തിഗത മെമ്പർമാരിൽ നിന്നും 66,50,000/- രൂപയും സഹകരണ സ്ഥാപനങ്ങളിൽ നിന്ന് 4,70,85,000/- രൂപയും സർക്കാരിൽ നിന്ന് 9,01,00000/- രൂപയും ഓഹരി മൂലധനം സമാഹരിച്ചിട്ടുണ്ട്. സാധാരണക്കാരായ രോഗികൾക്ക് മെച്ചപ്പെട്ട ആധുനിക ചികിത്സ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ആശുപത്രിയുടെ കീഴിൽ 8 സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളും 14 സ്പെഷാലിറ്റി ക്ലിനിക്കുകളും പ്രവർത്തിച്ച വരുന്നുണ്ട്. കൂടാതെ എം.ആർ.ഐ. സ്കാൻ , സി.ടി. സ്കാൻ, അൾട്രാ സൗണ്ട് സ്കാൻ, എക്സ് റേ യൂണിറ്റുകൾ, ഇ.സി.ജി., എന്റോസ്കോപ്പി എന്നീ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. കൂടാതെ 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗം, തീവ്ര പരിചരണ വിഭാഗം, ഡയാലിസിസ് യൂണിറ്റ് എന്നിവയും വിവിധ നിലകളിലായി 6 ഫാർമസികളും പ്രവർത്തിക്കുന്നുണ്ട്. ആശുപത്രിയുടെയും മെഡിക്കൽ കോളേജിന്റെയും അടിസ്ഥാന സൗകര്യങ്ങളായ പവർ ലോന്ററി, 10000 കെ.വി. ജനറേറ്റർ, ഇലക്ട്രിക്ക് പവർ സ്റ്റേഷൻ, വണ്ണാത്തിക്കടവ് പുഴയിൽ നിന്ന് ജലം എത്തിച്ച് ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന ശുദ്ധജല വിതരണ പ്ലാന്റ്, 6 മൃതശരീരങ്ങൾ ഒരേസമയം സൂക്ഷിക്കാൻ ശേഷിയുള്ള ശീതീകരണ യൂണിറ്റ് എന്നിവയും പ്രവർത്തിച്ച വരുന്നു. ആശുപത്രിയുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും വിവിധ സൗകര്യങ്ങൾ ഒരുക്കുന്നതിന് ഹഡ്കോ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് നിക്ഷേപങ്ങളായും വായ്പകളായും ഫണ്ട് സ്വരൂപിച്ചിട്ടുണ്ട്. സ്ഥാപനത്തിലിപ്പോൾ 880 ജീവനക്കാർ ജോലിചെയ്തവരുന്നുണ്ട്. 819 പേർ സ്ഥിരം ജീവനക്കാരും 61 പേർ കരാർ അടിസ്ഥാനത്തിലുള്ള ജീവനക്കാരുമാണ്.

2. റബ്കോ

റബ്ബർ കർഷകരെ സഹായിക്കുന്നതിനു വേണ്ടി കണ്ണൂർ ആസ്ഥാനമായി സംസ്ഥാനത്തൊട്ടാകെ പ്രവർത്തന പരിധിയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനമാണ് റബ്കോ. സ്ഥാപനത്തിന്റെ കീഴിൽ ഹവായ് ചപ്പൽ ഫാക്ടറി, കയർമാടസ്സ് ഫാക്ടറി, സൈക്കിൾ ടയർ ട്യൂബ് ഫാക്ടറി, വെർജിൻ കോക്കനട്ട് പ്രോജക്ട് എന്നിവയും പ്രവർത്തിച്ച വരുന്നുണ്ട്. താഴെ പറയുന്നവയാണ് റബ്കോയുടെ പ്രധാന ഉത്പന്നങ്ങൾ

1. ഫർണിച്ചറുകൾ
2. ചെരുപ്പുകൾ

3. കിടക്കകൾ
4. കോക്കനട്ട് ഓയിൽ
5. സൈക്കിൾ ടയർ ട്യൂബുകൾ

റബ്കോ 47,41,87,500/- രൂപ വായ്പാ ഇനത്തിൽ സർക്കാരിന് തിരിച്ചടക്കാനുണ്ട്. കൂടാതെ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് നിക്ഷേപമായും സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും വായ്പയായും ഫണ്ട് സ്വരൂപിച്ചിട്ടുണ്ട്. എന്നാൽ ഏകദേശം 500 കോടിയോളം രൂപ നഷ്ടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. സർക്കാരിന്റെയും ജില്ലാ പഞ്ചായത്തിന്റെയും സഹായത്തോടെ സ്ഥാപനത്തിന്റെ നഷ്ടം ഒഴിവാക്കാൻ സാധിക്കേണ്ടതായിട്ടുണ്ട്. റബ്കോയിൽ 612 പേർ ജോലി ചെയ്തു വരുന്നുണ്ട്.

3. റെയ്ഡ്കോ

കണ്ണൂർജില്ല ആസ്ഥാനമായി സംസ്ഥാനത്തൊട്ടാകെ പ്രവർത്തന പരിധിയിൽ പ്രവർത്തിക്കുന്ന ഒരു പ്രധാന സ്ഥാപനമാണ് റെയ്ഡ്കോ. കാർഷിക ഉപകരണങ്ങളുടെ ഉത്പാദനവും വിതരണവുമാണ് പ്രധാനപ്പെട്ട ഉദ്ദേശ്യം. കേരളത്തിലാകെ മുപ്പത്തേഴോളം വിൽപ്പന കേന്ദ്രങ്ങളും കണ്ണൂർജില്ലയിലെ മാവിലായിയിൽ പ്രവർത്തിക്കുന്ന കറി പൗഡർ ഫാക്ടറി, കണ്ണോത്തും ചാലിൽ പ്രവർത്തിക്കുന്ന അഗ്രിക്കൾച്ചറൽ വർക്ക്ഷോപ്പ്, മട്ടന്നൂരിൽ പ്രവർത്തിക്കുന്ന ഫ്രൂട്ട് കാനിംഗ് യൂണിറ്റ്, പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് പ്രവർത്തിക്കുന്ന പമ്പ്സെറ്റ് മാനുഫാക്ചറിംഗ് യൂണിറ്റ് എന്നിവയും പ്രവർത്തിച്ചു വരുന്നുണ്ട്. ഈ സ്ഥാപനത്തിന് കീഴിൽ 200 ഓളം പേർജോലി ചെയ്തു വരുന്നു.

4. കേരള ദിനേശ് ബീഡി വർക്കേഴ്സ് സഹകരണ സംഘം

കണ്ണൂർ ആസ്ഥാനമായി വ്യവസായ വകുപ്പിൻ കീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്ന പ്രധാനപ്പെട്ട സഹകരണ സ്ഥാപനമാണ് കേരള ദിനേശ് ബീഡി. സ്ഥാപനത്തിന് കീഴിൽ ബീഡി നിർമാണം, ഫുഡ് യൂണിറ്റ്, അമ്പ്രലാ യൂണിറ്റ്, അപ്പാരൽസ് യൂണിറ്റ്, ദിനേശ് ഇൻഫർമേഷൻ ടെക്നോളജി എന്നിവയും പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ ദിനേശ് ഓഡിറ്റോറിയം വിവാഹം, മറ്റ് പരിപാടികൾക്ക് വാടകയ്ക്ക് നൽകുകയും ചെയ്തു വരുന്നുണ്ട്. സ്ഥാപനത്തിൽ ഏകദേശം 300 ഓളം ജീവനക്കാർ ജോലി ചെയ്തു വരുന്നുണ്ട്.

5. വിസ്മയ

ടൂറിസം രംഗത്ത് പറശ്ശിനിക്കടവ് ആസ്ഥാനമായി രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്ന ഒരു സഹകരണ സ്ഥാപനമാണ് മലബാർ ടൂറിസം സഹകരണ സംഘം. ടൂറിസം മേഖലയെ ശക്തിപ്പെടുത്തുന്നതിനു വേണ്ടി സംഘത്തിന്റെ കീഴിൽ മലബാർ പ്ലഷേർസ് (ഇന്ത്യാ) പ്രൈവറ്റ് ലിമിറ്റഡ്, മലബാർ ടൂർസ് & ട്രാവൽസ് എന്നീ സ്ഥാപനങ്ങൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനത്തിന്റെ കീഴിൽ അത്യാധുനിക സജ്ജീകരണങ്ങളോടു കൂടിയുള്ള അമ്യൂസ്മെന്റ് പാർക്ക് പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ ഇന്ത്യക്കകത്തും വിദേശത്തും ടൂർ പാക്കേജുകൾ സംഘടിപ്പിക്കുകയും എയർ, ടെയിൻ ടിക്കറ്റുകളുടെ ഏജന്റായും പ്രവർത്തിച്ചു വരുന്നുണ്ട്.

കഴിഞ്ഞ 5 വർഷക്കാലം സംഘങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്

2012-13	2013-14	2014-15	2015-16	2016-17	ആകെ സംഘങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവ്
32	27	21	27	18	125

സഹകരണ സംഘങ്ങൾ നേരിടുന്ന വെല്ലുവിളികൾ

1. ഘടനാപരമായ ദൗർബല്യങ്ങൾ

തികച്ചും ദുർബലമായ ഘടനാ സംവിധാനമാണ് ഒട്ടുമിക്ക സംഘങ്ങളിലും ഇപ്പോഴും നിലനിൽക്കുന്നത്. സ്വകാര്യ പൊതുമേഖലകളിലെ ശക്തരായ സാമ്പത്തിക ബാങ്കുകൾ, സംരംഭങ്ങളുടെ കടന്നുകയറ്റത്തെ ചെറുത്തുനിൽക്കാനുള്ള സാമ്പത്തിക ശേഷിയില്ലായ്മ, ഭരണപരമായ കഴിവിലെ പോരായ്മ എന്നിവ സഹകരണ സംഘങ്ങളുടെ ഘടനാപരമായ ദൗർബല്യങ്ങളാണ്. കാർഷിക വായ്പാ വിതരണം, ഉപഭോക്തൃ സാധനങ്ങളുടെ സംഭരണ വിതരണം, ഉൽപ്പന്നങ്ങളുടെ സംസ്കരണം, ചെറുകിട കുടിൽ വ്യവസായം തുടങ്ങി ഒട്ടനവധി മേഖലകളിൽ ഈ ദൗർബല്യം പ്രകടമാണ്.

2. പ്രോഫഷണൽ മാനേജ്മെന്റിന്റെ അഭാവം

3. മനുഷ്യ വിഭവശേഷിയുടെ ശാസ്ത്രീയമായ വിനിയോഗം സഹകരണ സംഘങ്ങൾക്ക് ഇന്നും അന്യമാണ്. നിരന്തരമായ പരിശീലനവും നൂതന മാനേജ്മെന്റ് സംവിധാനങ്ങളെ സംബന്ധിക്കുന്ന അവബോധവും സംഘം ജീവനക്കാർക്ക് അന്യമാണ്.

4. നൂതന സാങ്കേതിക സമ്പ്രദായങ്ങളുടെ അഭാവം

സംസ്കരണ സംഭരണ രംഗത്തും ഇന്ന് അഭൂതപൂർവമായ വികസന പരിണാമങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. നൂതന സാങ്കേതിക വിദ്യകൾ സ്വീകരിച്ച് ഗുണനിലവാരം മെച്ചപ്പെടുത്തി മത്സരാധിഷ്ഠിത കമ്പോള രംഗത്ത് മേൽക്കൈ നേടാനുള്ള ശ്രമമാണ് ഈ രംഗത്ത് പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന സ്വകാര്യ സംരംഭകർ നടത്തിക്കൊണ്ടിരിക്കുന്നത്. എന്നാൽ സഹകരണ മേഖലയിലെ ഇത്തരം സംരംഭങ്ങൾ വളരെ കുറവാണ്.

5. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം

സ്വന്തമായി ഓഫീസ് കെട്ടിടമോ സംഭരണ സംസ്കരണ സൗകര്യങ്ങളോ ഇല്ലാത്ത ഒട്ടേറെ സഹകരണ സ്ഥാപനങ്ങൾ പ്രാഥമിക തലത്തിൽ പ്രവർത്തിക്കുന്നു. വിപണന സംസ്കരണ ഉപഭോക്തൃ സംഘങ്ങളിലാണ് ഈ അഭാവം കൂടുതലും പ്രകടമാകുന്നത്.

6. ദുർബലമായ വിവര വിനിമയ സങ്കേതങ്ങളും ആസൂത്രണോപാധികളും

7. ദുർബലമായ വിഭവ സമാഹരണ ശേഷി

കണ്ണൂർ ജില്ലയിലെ ടൂറിസം വികസനത്തിന് സഹകരണ മേഖല

കണ്ണൂർ ജില്ല പ്രകൃതി രമണീയമാണ്. നീളമേറിയ കടൽത്തീരവും, ഉൾനാടൻ ജലാശയങ്ങളും നദികളും, സമതലവും മലനിരകളും ഇടകലർന്ന ഭൂപ്രകൃതിയുള്ള ജില്ലയിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ എണ്ണം ഏറെയാണ്. പുറംലോകം അറിയാതെ നിൽക്കുന്ന ചെറുവെള്ളച്ചാട്ടങ്ങളും നയനാനന്ദകരമായ ദൂരകാഴ്ചകൾ നൽകുന്ന മലനിരകളും അനവധിയുണ്ട്. അറിയപ്പെടുന്നതും അറിയപ്പെടാത്തതുമായ ജില്ലയിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളെ കോർത്തിണക്കിക്കൊണ്ട് ജില്ലാടിസ്ഥാനത്തിലും പ്രാദേശികമായും ടൂറിസത്തെ വളർത്തുന്നതിന് ജില്ലയിലെ സഹകരണ പ്രസ്ഥാനത്തിന് ഏറെ പങ്കുവഹിക്കാനാകും.

നിലവിലുള്ള സ്ഥിതി

ജില്ലയിലെ ടൂറിസം സാധ്യതകളെ മുൻനിർത്തി രൂപീകരിച്ചിട്ടുള്ള സഹകരണ സംഘങ്ങളിൽ ഭൂരിഭാഗവും സംസ്ഥാന, അന്തർ സംസ്ഥാന, വിദേശ യാത്രകൾ സംഘടിപ്പിക്കുന്നതിൽ ശ്രദ്ധിക്കുകയാണ്. മുഴപ്പിലങ്ങാട് സർവീസ് സഹകരണ ബാങ്ക് ഡ്രൈവ് ഇൻബീച്ചിൽ പഞ്ചായത്തുമായി സഹകരിച്ച് ബീച്ച് കാർണിവൽ സംഘടിപ്പിക്കുന്നത് ആയിരങ്ങളെ ആകർഷിക്കുന്നതായി മാറുന്നുണ്ട്.

ഉദ്ദേശ്യം

ജില്ലയിലെ എല്ലാ പഞ്ചായത്തിലും ശക്തമായ സഹകരണ സംഘങ്ങളുടെ അനുബന്ധ സ്ഥാപനമായി, പങ്കാളിത്ത സ്ഥാപനമായി ജില്ലയിലെ ടൂറിസ്റ്റു കേന്ദ്രങ്ങളിൽ വൈവിധ്യമാർന്ന സംരംഭങ്ങൾ ആരംഭിക്കുക. ഉദാ: ബീച്ച് റിസോർട്ട്, ഹൗസ് ബോട്ട് സർവീസ്, വടകര ക്രാഫ്റ്റ് വില്ലേജ് മാതൃകയിലുള്ള സംരംഭങ്ങൾ.

ലക്ഷ്യം

1. ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ആഭ്യന്തര, വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കും വിധമുള്ള സാഹസിക, വിനോദ പരിപാടികൾ ഏറ്റെടുത്തു നടത്തുക.
2. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ താമസ, വിശ്രമ കേന്ദ്രങ്ങൾ ഒരുക്കൽ.
3. സ്ഥലത്തെ ഹോം സ്റ്റേ കേന്ദ്രങ്ങളെ ആധികാരികമായി നിർദേശിക്കൽ.
4. ടൂറിസ്റ്റ് ഗൈഡുകളെ സഹകരണ മേഖലയുടെ പൊതു ചിഹ്നത്തോടെ നൽകൽ.
5. പ്രാദേശിക പൈതൃകങ്ങളെ പരിചയപ്പെടുത്തുന്ന പ്രദർശനവും പ്രാദേശിക ഉൽപ്പന്നങ്ങളുടെ വിൽപ്പന കേന്ദ്രങ്ങൾ ഒരുക്കൽ.
6. ടൂറിസ്റ്റുകളുടെ താമസ, വിശ്രമ കേന്ദ്രങ്ങളിൽ പ്രാദേശിക കലാകാരന്മാരെ ഉൾപ്പെടുത്തി കലാസാംസ്കാരിക പരിപാടികൾ നടത്തൽ.
7. അഭ്യസ്തവിദ്യരായ യുവാക്കൾക്ക് ടൂറിസം മേഖലയിൽ ജോലി സാധ്യതകൾ വർദ്ധിപ്പിക്കുക.

ജില്ലയിൽ നടത്താവുന്ന സംരംഭങ്ങൾ

ഉദാ:1) തലശ്ശേരി സ്റ്റേഡിയം കടൽത്തീരത്തുനിന്ന് ധർമടം തുരുത്ത് – മുഴപ്പിലങ്ങാട് ബീച്ചിലേക്ക് റോപ്പ് വേ

2) ധർമടം തുരുത്ത് അന്താരാഷ്ട്ര നിലവാരമുള്ള ടൂറിസ്റ്റ് കേന്ദ്രമായി മാറ്റൽ. പഞ്ചായത്തിനെ ചുറ്റി സ്പീഡ് ബോട്ട് സർവീസ് നടത്തൽ

3) പയ്യന്നൂർ ഉൾനാടൻ ജലാശയത്തിൽ ഹൗസ് ബോട്ട് സർവീസ് നടത്തൽ

4) കാഞ്ഞിരക്കൊല്ലി ശശിപ്പാറ ടൂറിസം പദ്ധതി

5) മാട്ടൂൽ ഉൾനാടൻ ജലാശയത്തിൽ ഹൗസ് ബോട്ട് സർവീസ് നടത്തൽ

സാമ്പത്തിക അവലോകനം

സഹകരണ ബാങ്കുകളിലെ മിച്ചഫണ്ട് ഉപയോഗിച്ച് പദ്ധതികൾ തുടങ്ങാവുന്നതും പ്രാദേശിക സാധ്യതകൾക്കനുസരിച്ച് നഷ്ടമുണ്ടാകാത്ത സംരംഭങ്ങൾ നടത്താവുന്നതും ടൂറിസം തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ പദ്ധതി നടത്തിപ്പിൽ പങ്കാളിയാകാവുന്നതുമാണ്. സഹകരണനിയമത്തിലെ വകുപ്പ് 14എ, 14ബി പ്രകാരം സംഘങ്ങൾക്ക് ഉപസ്ഥാപനങ്ങളും, സംയുക്ത സംരംഭങ്ങളും നടത്തുന്നതിന് ഫണ്ട് പ്രയോജന പ്പെടുത്താൻ അനുമതി ഉണ്ട്.

4.3 പശ്ചാത്തല മേഖല

4.3(എ) ഊർജ്ജം

ഊർജ്ജമാണ് ജീവന്റെ ഉറവിടം. ഊർജ്ജം വിവിധ രൂപാന്തരങ്ങളിൽ കാണുന്നു. അവയിൽ തന്നെ താപം, വെളിച്ചം, വൈദ്യുതി എന്നിവയാണ് ഏറ്റവും പ്രധാനമായവ. മനുഷ്യ സമൂഹത്തിന്റെ ദൈനംദിന ആവശ്യങ്ങൾക്കും വിനോദത്തിനും വികസനത്തിനും വിവിധ ഊർജ്ജ രൂപങ്ങൾ അനിവാര്യമാണ്. വികസനവുമായി ബന്ധപ്പെടുത്തിയാൽ ഊർജ്ജത്തിന്റെ ലഭ്യത, ആവശ്യകത ഇവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, പ്രശ്നപരിഹാര മാർഗങ്ങൾ എന്നിവയാണ് പ്രാഥമിക പരിഗണന അർഹിക്കുന്ന വിഷയങ്ങൾ. അശാസ്ത്രീയവും, ആസൂത്രണമില്ലാത്തതും നിയന്ത്രണമില്ലാത്തതുമായ ഊർജ്ജ ഉപഭോഗംമൂലം വരും തലമുറയ്ക്ക് കൂടി കരുതിവയ്ക്കേണ്ട ഊർജ്ജ സ്രോതസ്സുകളെ നാം പാഴാക്കിക്കളയുകയാണ്. ഊർജ്ജത്തിന്റെ ആസൂത്രിതമായ പരിരക്ഷണവും ഉപയോഗവുമാണ് ഇന്നത്തെയും വരുംകാലങ്ങളിലേയും ഊർജ്ജ ലഭ്യതയ്ക്ക് ആവശ്യം.

നിലവിൽ ഊർജ്ജോത്പാദനം പ്രധാനമായും ആശ്രയിച്ചിരിക്കുന്നത് പാരമ്പര്യ ഊർജ്ജ സ്രോതസ്സുകളായ കൽക്കരി, പെട്രോളിയം, ഡീസൽ (ഫോസിൽ ഇന്ധനങ്ങൾ) ഇന്ധനങ്ങളെയാണ്. എന്നാൽ ഇത്തരം ഇന്ധനങ്ങളുടെ ക്രമാതീതമായ ഉപയോഗം പ്രകൃതിയിൽ അവയുടെ ലഭ്യത കുറച്ചു കൊണ്ടുവരികയാണ്. വരും തലമുറയ്ക്ക് ഫോസിൽ ഇന്ധനങ്ങൾ എന്നത് ഒരു കേട്ടു കേൾവി മാത്രമാകുന്ന സാഹചര്യമാണ് വരാൻ പോകുന്നത്. അതേ സമയം ഫോസിൽ ഇന്ധനങ്ങൾ ബഹിർഗമിക്കുന്ന കാർബൺ വാതകം അന്തരീക്ഷ മലിനീകരണം കൂട്ടുന്നുമുണ്ട്. എന്നാൽ പാരമ്പര്യേതര ഊർജ്ജ ഉറവിടങ്ങളായ ജലം, സൂര്യപ്രകാശം എന്നിവയെ ശരിയായ രീതിയിൽ ഉപയോഗപ്പെടുത്താൻ നമുക്കു സാധിച്ചിട്ടില്ല. ഫോസിൽ ഇന്ധനങ്ങളുടെ ലഭ്യത കുറഞ്ഞുവരികയും ഇതു മൂലമുണ്ടാകുന്ന അന്തരീക്ഷ മലിനീകരണം നിശ്ചിത ശതമാനമായി കുറയ്ക്കണമെന്ന് അന്താരാഷ്ട്ര തലത്തിൽ സംയുക്തമായ തീരുമാനങ്ങൾ ഏറ്റെടുക്കുകയും ചെയ്ത സാഹചര്യത്തിൽ ജല സ്രോതസ്സുകളേയും സൗരോർജ്ജ സ്രോതസ്സുകളേയും പരമാവധി ഉപയോഗപ്പെടുത്താൻ നാം ബാധ്യസ്ഥരായിരിക്കുകയാണ്.

ഊർജ്ജത്തിന്റെ വിവിധ സ്രോതസ്സുകളെക്കുറിച്ചും, പ്രസരണ വിതരണ ശൃംഖലയെക്കുറിച്ചും, ഊർജ്ജസംരക്ഷണം, ഊർജ്ജസുരക്ഷ, നഗര വികസനത്തിൽ ഊർജ്ജത്തിന്റെ പ്രാധാന്യം എന്നീ വിഷയങ്ങളാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

വൈദ്യുതി

മനുഷ്യനിർമിതമായ ഊർജ്ജരൂപമാണ് വൈദ്യുതി. വിവിധ രൂപങ്ങളിലേക്ക് എളുപ്പത്തിൽ മാറ്റാവുന്നതും ഉപയോഗിക്കുവാനും നിയന്ത്രിക്കുവാനും ഏറ്റവും സൗകര്യപ്രദമായ ഊർജ്ജ രൂപമാണ് ഇത്. അതുകൊണ്ടുതന്നെ മാനവരാശിക്ക് ഒഴിവാക്കാനാകാത്ത ഒരു ഊർജ്ജ രൂപമായി മാറിയിരിക്കുകയാണ് വൈദ്യുതി. ആധുനികവൽക്കരണത്തിന്റെയും വികസനത്തിന്റെയും സൂചകങ്ങളിൽ ഒന്നായി വൈദ്യുതി ഉപഭോഗം കണക്കാക്കപ്പെടുന്നു. ലോകത്തിൽ ആകമാനം മറ്റ് ഊർജ്ജരൂപങ്ങളിലുള്ള ശരാശരി വാർഷിക വർദ്ധന 4% എന്നിരിക്കെ വൈദ്യുതി ഉത്പാദനത്തിന്റെ ശരാശരി വർദ്ധന 7% ശതമാനമാണ്

വൈദ്യുതി ഉത്പാദനം

പദ്ധതിയിനം	സ്ഥാപിത ശേഷി
വൻ കിട	25 MW ന് മുകളിൽ
ചെറുകിട	2 MW up to 25 MW
മിനി	101 കിലോവാട്ട് മുതൽ 2000 kW വരെ
മൈക്രോ	100 കിലോവാട്ട് വരെ

സംസ്ഥാനത്ത ജലവൈദ്യുത പദ്ധതിയുടെ സ്ഥാപിതശേഷി 2052 മെഗാവാട്ട് ആണ്. കണ്ണൂർ ജില്ലയിൽ പ്രധാനമായും ഒരു ചെറുകിട വൈദ്യുതി നിലയമാണ് പ്രവർത്തിക്കുന്നത്. ഇരിട്ടി ബാരാപോളിൽ അയ്യങ്കുന്ന പഞ്ചായത്തിലുള്ള പ്രസ്തുത നിലയത്തിൽ 15 മെഗാവാട്ട് ആണ് സ്ഥാപിതശേഷി. 5 മെഗാവാട്ടിന്റെ മൂന്ന ജനറേറ്ററുകൾ അവിടെ പ്രവർത്തിക്കുന്നുണ്ട്. മഴക്കാലത്തെ ജലസമ്പത്ത് ഉപയോഗപ്പെടുത്തി പരിസ്ഥിതി സൗഹാർദമായ രീതിയിൽ **'ടഞ്ച് വിയർ'** സാങ്കേതിക വിദ്യയിൽ നിർമിച്ചിട്ടുള്ളതാണ് പ്രസ്തുത നിലയം. മൈക്രോ ഇനത്തിൽപ്പെടുത്താവുന്ന ഏതാനും പദ്ധതികൾ പോത്തൻ പാറ, ചപ്പാരപ്പടവ്, കണിച്ചാർ എന്നീ സ്ഥലങ്ങളിൽ നിലവിലുണ്ട്.

കൂടാതെ 7.5 MWന്റെ പഴശ്ശി സാഗർ പദ്ധതി പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ്. ജില്ലയിലെ ജല സ്രോതസ്സുകൾ പരിഗണിക്കുമ്പോൾ വൻകിട ജല വൈദ്യുത പദ്ധതികൾക്ക് സാധ്യതയില്ല. എന്നാൽ ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് വളരെയധികം സാധ്യതയുണ്ട്. 20 ഓളം പദ്ധതികൾക്കുള്ള സാധ്യതാപഠനം പൂർത്തീകരിച്ച് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

Sl No	NAME OF THE PROJECT	CAPACITY (MW)	ENERGY Mu	RIVER	DIST, / VILLAGE / TOWN	TYPE	HEAD in METER	REMARKS
MICRO/MINI/SMALL HYDRO ELECTRIC SCHEMES CAN BE IMPLEMENTED BY 2020								
1	Pazhassi Sagar	7.50	25.16	Valapattanam Basin/ Kuiloor	Kannur/ Kuiloor/ padiyoor	– Do–	14.00	work awarded,Agreement executed,preliminary works in progress. (contractor– R.S.Developers,Chennai.)
2	Moorikkadav SHE scheme	1.50	4.16	Valapattanam Basin/ Perumpuzha	Kannur/ Udayagiri	Run off River	29.00	Revised DIR submitted on Sep 2017. DPR target date 30.12.2017
3	Barapole II	6.00	18.97	Barapole river	Kannur/ Ayankunu	–Do–	10.00	Detailed survey and core boring works completed and report submitted. Preparation of Feasibility report for alternate proposal is in progress.
MICRO/MINI/SMALL HYDRO ELECTRIC SCHEMES ALREADY ALLOTTED TO PRIVATE								
1	Wanchiyam	3.00	9.44	Valapattanam Basin/ Wanchiyam	Kannur/ Payyavoor	Run off River	197.00	Project submitted on 07/1990, then allotted to Ideal projects as PPP on 09/1993, Acquired all land, Executed some work and later cancelled by Board.
2	**Adakkathode** Small HE Scheme	2.50	7.70	Valapattanam Basin /	Kannur/ Kelakam	– Do–	35.40	Detailed survey, Core boring, geological mapping and logging of BHs completed during 5/90, land

								demarcation for land acquisition has done during 7/93 and allotted to PPP
MICRO/MINI/SMALL HYDRO ELECTRIC SCHEMES UNDER INVESTIGATION								
1	Mukkuttathode Small HE Scheme	3.00	6.00	Valapattanam Basin/ Perumpuzha	Kannur/ Manakadavu	–Do–	35.00	Preliminary Investigation completed and report submitted. DIR completed and report submitted during 8/00. Further study in site for collecting details is in progress.
2	Pazhassi Sagar Pumped storage scheme	200.00	264.00	Valapattanam Basin / Kuiloor	Kannur/ Kuiloor/ padiyoor	PSS	166.00	Feasibility survey completed and report submitted on .6/2016
3	**Kalanki** Mini HE scheme	1.00	2.76	Valapattanam Basin / Kalanki River	Kannur/ Vayathur	Run off River	90.35	Detailed survey during 2/95. Land demarcation for acquisition and core boring works completed and report submitted during 8/99.
4	**Peruva** Small HE Scheme	2.50	6.31	Valapattanam Basin / Peruva stream	Kannur/ Kannavam	–Do–	72.00	Detailed survey and core boring works completed and report submitted during 7/89.
5	Bavalipuzha I mini HE Scheme	1.50	2.81	Valapattanam Basin	Kannur/ Kottiyoor	–Do–	35.00	Detailed survey completed and report submitted.
6	Bavalipuzha II mini HE Scheme	7.50	12.88	Valapattanam Basin	Kannur/ Kottiyoor	–Do–	45.00	–do–
7	Bavalipuzha III mini HE Scheme	1.50	2.25	Valapattanam Basin	Kannur/ Kottiyoor	–Do–	53.00	Detailed survey and core boring works completed and report submitted during 7/89.
8	Bavalipuzha IV mini HE Scheme	3.50	8.11	Valapattanam Basin	Kannur/ Kottiyoor	–Do–	10.50	–do– Geotechnical studies completed.
9	Poolakutty Upper Mini HE scheme	0.40	0.92	Valapattanam Basin	Kannur/ Kanichar	–Do–	76.00	Detailed survey and geological mapping completed and report submitted during 3/92
10	Poolakutty Lower Mini HE scheme	0.40	0.97	Valapattanam Basin	Kannur/ Kanichar	–Do–	28.00	–do– during 1/91
11	Chappamala mini HE Scheme	0.35	1.03	Valapattanam Basin	Kannur/ Kottiyoor	–Do–	57.00	–do– during 1/97
12	Pottenthode I Mini HE Scheme	0.80	2.67	Valapattanam Basin	Kannur/ Kottiyoor	–Do–	124.71	Preliminary Investigation completed and Report

								submitted during 3/99
13	Pottenthode II Mini HE Scheme	0.40	0.88	Valapattanam Basin	Kannur/ Kottiyoor	–Do–	60.50	Feasibility Report submitted. Preliminary Investigation completed during 2/200 and report submitted during 8/2000.
14	Edapuzha Mini HE Scheme	0.35	1.03	Valapattanam Basin	Kannur /Ayakkunnu/Aralam	–Do–	74.50	Preliminary Investigation completed and Report submitted during 1/94
15	Kandurpuzha Mini HE Scheme	0.75	2.15	Valapattanam Basin	Kannur/ Uruppumkutty	–Do–	43.00	Detailed Investigation completed and report submitted during 1/94.
16	Odapuzha mini HE Scheme	0.30	0.98	Valapattanam Basin	Kannur/ Kanichar	–Do–	40.81	Detailed Investigation completed and report submitted during 6/93.
17	Uruttipuzha Mini HE Scheme	1.00	3.43	Valapattanam Basin	Kannur/ Aralam	–Do–	30.00	Scheme falls under aralam wild life sanctuary.PIR prepared
18	Kanhirakolly mini HE Scheme	2.70	6.45	Valapattanam Basin / Udumpanpuzha	Kannur/ Payyavoor	–Do–	48.00	Revised DIR submitted on Sep 2015. Detailed report for the alternative study submitted to Division office in the month of MARCH 2016
19	Kalithatumpara Mini HE scheme	0.70	2.06		Kannur/ Ayakkunnu	–Do–	125.00	Revised PIR submitted
20	Randamkadavu Mini HE Scheme	0.30	2.17		Kannur/ Ayakkunnu	–Do–	76.00	Detailed Investigation survey completed. DIR submitted during 9/2000.
21	Kokkamullu Small HE Scheme	2.00	4.05		Kannur/ Eruvassy	–Do–	32.00	Detailed survey, Core boring, geological mapping works completed and report submitted during 4/91. DPR prepared during 93 in the office of CE (Plg & Res). This scheme has been sanctioned for allotment to M/s Harrison Malayalam Ltd for captive generation for 19 yrs. during 7/97 and preliminary agreement executed.
22	Chathamala mini HE Scheme	1.00	2.08		Kannur/ Naduvil	–Do–	63.00	Detailed survey, geological mapping and core boring works completed and report submitted during

								4/94. DPR prepared during 1995 in the office of the CE (Plg & res)
23	Perumpala Mini HE Scheme	0.80	1.57		Kannur/ Udayagiri	–Do–	16.00	Detailed survey and geological mapping completed and report submitted during 93–94.
24	Furlongkara Mini HE Scheme	0.35	1.08		Kannur/ Vellad	–Do–	50.00	–do– during 7/93
25	Haritheerthakara HE Scheme	0.10	0.21		Kannur/Mathil	–Do–	12.50	–do– during 10/92
26	Kozhichal Mini HE Scheme	0.75	1.80		Kannur/ Pulingom	–Do–	108.50	Preliminary Investigation completed and report submitted. Sanction for Detailed Investigation received. Detailed investigation completed and report submitted during 4/2001.
27	Cherupuzha Mini HE Scheme	1.25	3.00		Kannur/ Cherupuzha	–Do–	20.00	Feasibility Report submitted. The scheme falls in project area of Kakadavu irrigation scheme and hence this scheme can taken up only after completion of irrigation project.
28	Ramachi	4.00	9.90	Ramachi Chavachi thodu	Kannur/ Kelekam	–Do–		Feasibility survey completed and report submitted on 6/04
29	Meenmutty	16.00	41.41	Meenmutty thodu	Kannur/ Kakkayangad–Iritty	–Do–		Feasibility survey completed and report submitted on 6/04 it comes under Ecco sensitive area (ESA)
SOLAR PROJECT ALREADY IMPLEMENTED BY KSEB								
1	Barapoe canal top solar project	3 MW						
2	Barapoe canal bank solar project	1 MW						
3	roof top solar project at 220 KV Substation Kanhirode	35 KW						

താപനിലയങ്ങൾ

കണ്ണൂർ ജില്ലയിൽ താപനിലയങ്ങളൊന്നും തന്നെ ഇതുവരെ സ്ഥാപിതമായിട്ടില്ല. താപനിലയങ്ങളിൽ ഉപയോഗിക്കുന്ന ഇന്ധനങ്ങൾ കൽക്കരി, ഡീസൽ, നാഫ്ത, എൽഎസ്എച്ച്എസ്, പ്രകൃതിവാതകം, ജൈവവാതകം തുടങ്ങിയവയാണ്. ആവർത്തിച്ച കൊണ്ടുള്ള ഉപയോഗം കൊണ്ട് ലഭ്യതയിൽ ശോഷണം സംഭവിക്കുകയും ഭാവിയിൽ ഒട്ടും തന്നെ ലഭ്യമല്ലാതെ വരികയും ചെയ്യാവുന്നവയാണ് ഈ ഇന്ധനങ്ങൾ. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് പ്രാദേശികമായ വൈദ്യുതി ആവശ്യകതയ്ക്ക് അനുസരണമായി വൈദ്യുതി ബോർഡുമായി ധാരണയിലെത്തിയതിന് ശേഷം ചെറിയ താപനിലയങ്ങൾ സ്ഥാപിക്കാവുന്നതാണ്. നിലവിൽ ഗെയിൽ വാതക പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ ജില്ലയിൽ നടന്നുവരുന്നുണ്ട്. ഇത് പൂർത്തീകരിക്കുന്നതോടു കൂടി LNG ജില്ലയിൽ സുലഭമാവുന്നതാണ്. ഈ സാഹചര്യത്തിൽ LNG ഉപയോഗിച്ചുള്ള വൈദ്യുതി ഉത്പാദന സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

ആണവനിലയങ്ങൾ

കേരളത്തിൽ ആണവനിലയങ്ങൾ ഒന്നും തന്നെ ഇതുവരെ സ്ഥാപിതമായിട്ടില്ല. ജനസാന്ദ്രത കൂടിയ സ്ഥലങ്ങളിൽ ആണവനിലയങ്ങൾ അഭിലഷണീയവുമല്ല.

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ

സൗരോർജ്ജ സംവിധാനങ്ങൾ, ജൈവോർജ്ജ സങ്കേതങ്ങൾ, തിരമാലകളിൽ നിന്നുള്ള ഊജ്ജം തുടങ്ങിയ സംവിധാനങ്ങൾ ഊർജ്ജത്തിന്റെ ഉറവിടമായി ഉപയുക്തമാക്കാവുന്നതാണ്.

സൗരോർജ്ജം

ആധുനിക കാലഘട്ടത്തിൽ വളരെയധികം സാധ്യതയുള്ളതും, ഏറെ സുലഭമായതും, ഏറെ ചർച്ച ചെയ്യപ്പെടുന്നതുമായ ഒരു ഊർജ്ജ രൂപമാണിത്. ജില്ലയിൽ 100 ഓളം വീടുകളിലും, ഏതാനും വ്യവസായ/വാണിജ്യ സ്ഥാപനങ്ങളിലും സോളാർ വൈദ്യുതി ഉത്പാദനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ സൗരോർജ്ജം ഉപയോഗിച്ച് സൂര്യറാന്തലുകൾ, വഴിവിളക്കുകൾ, പമ്പ്സെറ്റുകൾ, സോളാർ ഡ്രയർ, സോളാർ ഹീറ്റർ, സോളാർ കുക്കർ എന്നിവ പ്രവർത്തിപ്പിക്കാവുന്നതാണ്.

സോളാർ സ്ഥാപിച്ച് സ്വന്തമായി വൈദ്യുതി ഉത്പാദിപ്പിക്കുന്ന ജില്ലയിലെ പ്രധാനപ്പെട്ട ഉപഭോക്താക്കളുടെ സ്ഥിതി വിവരകണക്കുകൾ **അനുബന്ധം 37 ൽ** ചേർത്തിരിക്കുന്നു. ജില്ലയിൽ ആകെ 24 എണ്ണം ഓൺ ഗ്രിഡ് സോളാർ ഉത്പാദക ഉപഭോക്താക്കളാണ് ഉള്ളത്. ഇവരെല്ലാവരും ചേർന്ന് 300 കിലോവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ട്. ഇത് ജില്ലയിലെ ആകെ വൈദ്യുതി ആവശ്യകതയുടെ 0.1% ശതമാനം മാത്രമാണ് ഈ പഠനങ്ങളിൽ നിന്നും വ്യക്തമാക്കുന്നത്. പ്രാരംഭ മുതൽ മുടക്ക് കഴിഞ്ഞാൽ പിന്നെ നിരന്തരമായ വൈദ്യുതി ഉത്പാദനം സാധ്യമാകുന്നു എന്നത് ആശാവഹമാണ്. ബാറ്ററി അടക്കമുള്ള സംവിധാനങ്ങൾ ഉള്ള ഓഫ്ഗ്രിഡ് സോളാർ ഉത്പാദനത്തിലൂടെ വൈദ്യുതി ചാർജ്ജിൽ വലിയ ഒരു കുറവ് വരുത്താൻ സാധിക്കും.

തിരമാലകളിൽ നിന്നുള്ള വൈദ്യുതി

ഇന്ത്യയിൽ ആകെ 7500 കിലോമീറ്റർ ദൂരം കടൽത്തീരം ഉണ്ട് എന്നതാണ് കണക്കുകൾ. നിലവിലുള്ള സാങ്കേതിക വിദ്യയിലൂടെ ഏകദേശം 8000 മെഗാവാട്ട് വൈദ്യുതി തിരമാലകളിൽ നിന്ന് ഉത്പാദിപ്പിക്കാൻ ഇതിലൂടെ സാധിക്കും എന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. എന്നാൽ വളരെ വലിയ മുതൽ മുടക്കും പാരിസ്ഥിതികമായ പ്രത്യാഘാതങ്ങളും ഈ ഊർജ്ജ സ്രോതസ്സിന് ഒരു തടസ്സം നിൽക്കുന്നു. നിലവിൽ ഇന്ത്യയിൽ തിരമാലയിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുന്ന യാതൊരു പദ്ധതിയും നിലവിലില്ല. കേരളത്തിൽ വിഴിഞ്ഞം തീരത്ത് ഇത് സംബന്ധിച്ച് സാധ്യത പഠനം നടത്തിയിരുന്നെങ്കിലും ലാഭകരമല്ലാത്തതിനാൽ ഉപേക്ഷിക്കുകയാണുണ്ടായത്. കണ്ണൂർ ജില്ലയിൽ 82കി.മീ. തീര പ്രദേശം ഉണ്ടെങ്കിലും മേൽപ്പറഞ്ഞ കാരണങ്ങളാൽ നിലവിലെ സാഹചര്യത്തിൽ വൈദ്യുതി ഉത്പാദനം സാധ്യമല്ല.

മിന്നലിൽ നിന്നുള്ള വൈദ്യുതി

വളരെ ഉയർന്ന അളവിൽ ഊർജ്ജമുള്ളതും എന്നാൽ ക്ഷണികവും പ്രവചനാതീതവുമായ ഒരു ഊർജ്ജ സ്രോതസ്സാണ് മിന്നൽ. സെക്കന്റുകൾക്കുള്ളിൽ 30 കിലോ ആമ്പിയർ മുതൽ 400 കിലോ ആമ്പിയർ വരെ കറണ്ട് ഓരോ മിന്നലിലൂടെയും ഉൽഭവിക്കുന്നുണ്ട്. ഇത് ഏത് ദിവസം എവിടെ സംഭവിക്കും എന്നത് പ്രവചനാതീതമാണ്. മിന്നൽ ഊർജ്ജം വൈദ്യുതി ലൈനുമായി ഘടിപ്പിച്ചാൽ പോലും ഇത്രയും ഉയർന്ന അളവിലുള്ള ഊർജ്ജം

ഇത്രയും കുറഞ്ഞ സമയം കൊണ്ട് വൈദ്യുതി ഉപകരണങ്ങളിലേക്ക് പ്രവഹിപ്പിക്കാൻ സാധ്യമല്ല. അത് കേടാകാനിടയുണ്ട്. അതുപോലെ ഇത്രയും വൈദ്യുതി സംഭരിക്കാനുള്ള ബാറ്ററിക്ക് വളരെയധികം ചിലവ് വരും.

ഈ സാഹചര്യത്തിൽ മിന്നലിൽ നിന്നും വൈദ്യുതി ഉത്പാദനം എന്നുള്ളത് നിലവിലെ സാങ്കേതിക വിദ്യയിൽ ലാഭകരമല്ല.

കാറ്റിൽ നിന്നുള്ള വൈദ്യുതി

ഇന്ത്യയിൽ ആകെ 28082 മെഗാവാട്ട് വൈദ്യുതി കാറ്റിൽ നിന്നും ഉത്പാദിപ്പിക്കുന്നുണ്ട് എന്നാണ് കണക്ക്. അതിൽ 7684 മെഗാവാട്ട് ഉത്പാദിപ്പിക്കുന്ന തമിഴ്നാട് മുൻനിരയിലും 55 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള കേരളം പിന്നിലുമാണ്. കേരളത്തിൽ 1997ൽ കഞ്ചിക്കോടാണ് ആദ്യമായി കാറ്റാടിപ്പാടം സ്ഥാപിച്ചിട്ടുള്ളത്.

നിലവിലെ കണക്ക് അനുസരിച്ച് യൂണിറ്റിന് 3 രൂപയിൽ താഴെ മാത്രമാണ് ഇത്തരത്തിൽ ഉത്പാദിപ്പിക്കുന്നതിനുള്ള ചെലവ് എന്നത് ഈ മേഖലയിലെ വികസന സാധ്യതകൾ ഉറന്ന് വയ്ക്കുന്നതാണ്.

ജില്ലയിലെ വൈദ്യുതി പ്രസരണ മേഖല അടിസ്ഥാന വിവരങ്ങൾ

ക്രമ നമ്പർ	സബ് സ്റ്റേഷൻ വിഭാഗം	സബ് സ്റ്റേഷനുകളുടെ എണ്ണം	ആകെ കപ്പാസിറ്റി (MVA) മെഗാ വോൾട്ട് ആമ്പിയർ
1	220 കെ.വി സബ് സ്റ്റേഷൻ	2	608
2	110 കെ.വി സബ് സ്റ്റേഷൻ	13	417.5
3	66 കെ.വി സബ് സ്റ്റേഷൻ	3	42.6
4	33 കെ.വി സബ് സ്റ്റേഷൻ	12	115.0

ജില്ലയിലെ വൈദ്യുതി വിതരണ മേഖല അടിസ്ഥാന വിവരങ്ങൾ

1	സെക്ഷൻ ഓഫീസുകൾ	60 എണ്ണം
2	11 കെ.വി ലൈൻ	4384 കിലോമീറ്റർ
3	ലോ ടെൻഷൻ ത്രീഫേസ് ലൈൻ	8731 കിലോമീറ്റർ
4	ലോ ടെൻഷൻ സിംഗിൾ ഫേസ് ലൈൻ	12499 കിലോമീറ്റർ
5	ട്രാൻസ് ഫോർമറുകൾ	5692 എണ്ണം
6	ആകെ കപ്പാസിറ്റി	653827 kVA
	ഉപഭോക്താക്കളുടെ വിവരം	
1	ഗാർഹികം	683311 എണ്ണം
2	വാണിജ്യം	167086 എണ്ണം
3	വ്യവസായം	9419 എണ്ണം
4	ഹൈടെൻഷൻ ഉപഭോക്താക്കൾ	286 എണ്ണം

അടിസ്ഥാന വിവര കണക്കുകൾ പരിശോധിച്ചതിൽ നിന്നും ജില്ലയിൽ 6,83,311 ഉപഭോക്താക്കൾ ഉണ്ട് എന്ന് മനസ്സിലാക്കാം. ജില്ലയുടെ ആകെയുള്ള വൈദ്യുതി ആവശ്യകത 275 മെഗാവാട്ട് ആണ്. ആളോഹരി പ്രതിദിന ഉപഭോഗം 2.5 യൂണിറ്റാണ്. വരും കാലഘട്ടങ്ങളിൽ വൈദ്യുതി ആവശ്യകതയുടെ തോത് ക്രമാതിതമായി വർദ്ധിക്കാനാണ് സാധ്യത. ജില്ലയിലെ ആകെ വൈദ്യുതി ഉത്പാദനം എന്നത് ആവശ്യകതയുടെ കേവലം 10 ശതമാനത്തിൽ കുറവ് മാത്രമാണ് എന്നത് ഏറെ ഗൗരവകരമായ വിഷയമാണ്. 2017 മാർച്ച് മാസത്തിൽ കേരള സംസ്ഥാനം സമ്പൂർണ വൈദ്യുതീകരണം പൂർത്തിയായതോടുകൂടി ജില്ലയിൽ വൈദ്യുതി എത്താത്ത പ്രദേശങ്ങൾ ഒന്നും തന്നെ ബാക്കിയില്ല. നിലവിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ഡിഡിയുജിജെവൈ പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഈ പദ്ധതിയിലും വൈദ്യുതി ലഭിക്കാത്തവരെ ഉൾപ്പെടുത്തി വൈദ്യുതീകരിക്കാവുന്നതാണ്. കേന്ദ്രസർക്കാർ പ്രഖ്യാപിച്ച സമ്പൂർണ വൈദ്യുതീകരണ പദ്ധതിയായ "സൗഭാഗ്യ' നിലവിൽ വന്നിട്ടുണ്ട്. പുതിയതായി റിപ്പോർട്ട് ചെയ്യുന്ന വീടുകൾക്ക് ഈ സ്കീമുകളിൽ ഉൾപ്പെടുത്തി വൈദ്യുതി നൽകാവുന്നതാണ്.

ജില്ലയിലെ 2016-17 വർഷങ്ങളിൽ നടന്ന വൈദ്യുതാപകടങ്ങൾ സംബന്ധിച്ച വിവരങ്ങൾ

Sl.No.		മനുഷ്യർ		മൃഗങ്ങൾ		ആകെ
		മാരകമായത്	മാരകമല്ലാത്തത്	മാരകമായത്	മാരകമല്ലാത്തത്	
1	Total No. of Victims.	7	11	4	0	22
2	Total no. of person met with accident in Consumer Premises	5	2	0	0	7
3	Total no. of person met with accident from KSEB installation (Excluding accident occurred while using iron rod/ iron ladder)	2	8	4	0	14
4	Total no. of person met with accident from Industrial Premises	0	1	0	0	1
5.	Accident occurred due to the usage of iron rod/iron ladder near electric line	0	0	0	0	0

ഊർജ്ജ സംരക്ഷണം

വരും തലമുറയ്ക്കു കൂടി അനുഭവിക്കേണ്ടുന്ന ഊർജ്ജമാണ് അനിയന്ത്രിതവും അശാസ്ത്രീയവുമായ ഉപയോഗത്തിലൂടെ നാം പാഴാക്കി കളയുന്നത്. ആളോഹരി വൈദ്യുതി ഉപഭോഗം നമ്മുടെ രാജ്യത്ത് മറ്റ് രാജ്യങ്ങളേക്കാൾ കുറവാണ്. ഊർജ്ജക്ഷമത കുറഞ്ഞ ഉപകരണങ്ങൾ ഉപയോഗിക്കുന്നതും ശ്രദ്ധക്കുറവും ഒരു പ്രധാന വെല്ലുവിളിയാണ്. ഊർജ്ജത്തിന്റെ ശരിയായ ഉപയോഗവും സംരക്ഷണവും പുതുതായി ഊർജ്ജം ഉത്പാദിപ്പിക്കുന്നതിന് തുല്യമാണ്.

2006-2007 കാലഘട്ടത്തിൽ അനെർട്ടിന്റെ നേതൃത്വത്തിൽ പഠനം നടത്തി കണ്ടെത്തിയ ചെറുകിട, മിനി മൈക്രോ വിഭാഗത്തിൽ വൈദ്യുതി ഉത്പാദനത്തിന് അനുയോജ്യമായ പദ്ധതികൾ പഞ്ചായത്ത് തിരിച്ചുള്ള റിപ്പോർട്ട്.

പഞ്ചായത്ത്	ബ്ലോക്ക്	കണ്ടെത്തിയ സ്ഥലങ്ങളുടെ എണ്ണം	ഉൽപ്പാദന സാധ്യത (കിലോവാട്ട്)
കൊട്ടിയൂർ	പേരാവൂർ	**13**	**620**
കോളയാട്	പേരാവൂർ	**3**	**40**
കേളകം	പേരാവൂർ	**1**	**10**
കണിച്ചാർ	പേരാവൂർ	**2**	**70**
ആലക്കോട്	തളിപ്പറമ്പ്	**0**	**1040**
നടുവിൽ	തളിപ്പറമ്പ്	**11**	**1185**
ഉദയഗിരി	തളിപ്പറമ്പ്	**5**	**1070**
ചെറുപുഴ	പയ്യന്നൂർ	**9**	**1620**
പെരിങ്ങോം വയക്കര	പയ്യന്നൂർ	**2**	**10**
പയ്യാവൂർ	ഇരിക്കൂർ	**9**	**1700**
പായം	ഇരിട്ടി	**2**	**10**
അയ്യൻകുന്ന്	ഇരിട്ടി	**9**	**2210**

മണ്മറയുന്ന പൈതൃക സംസ്കാരങ്ങൾ വീണ്ടെടുക്കൽ വിറകടുപ്പുകൾ

സാങ്കേതിക വിദ്യയുടെ കുതിച്ചുകയറ്റം മൂലം സമൂഹത്തിൽ അന്യമായിക്കൊണ്ടിരിക്കുന്നത് ഒരു കാലത്ത് ജനജീവിതത്തിൽ ഇടപഴകി നിന്നിരുന്ന ഒരു ജീവിതരീതി തന്നെയാണ്. വിറകടുപ്പ് മാറി ഗ്യാസ്/കരണ്ട് അടുപ്പുകൾ വന്നതും അരക്കല്ല്/അമ്മിക്കല്ല് എന്നിവ മാറി മിക്സി, ഗ്രൈൻഡർ ഉപയോഗിച്ചു തുടങ്ങിയതും, ചിരട്ട കത്തിക്കുന്ന ഇസ്തിരി മാറ്റി ഇലക്ട്രിക്ക് ഇസ്തിരി മുതലായവ ജനജീവിതത്തിൽ സ്ഥാനമുറപ്പിച്ചതും ഇതിന്റെ ഭാഗമായാണ്.

ഇതോടുകൂടി പ്രകൃതിയിൽ സുലഭമായി ലഭിക്കുന്ന ഉണക്ക വിറകുകളും, ചകിരി, ചിരട്ട പോലുള്ള ഇന്ധനങ്ങളും പാഴായി പോകുന്ന അവസ്ഥയാണ്. വിറകടുപ്പുകൾ വ്യാപകമാക്കുന്നതിനുള്ള ഇടപെടലുകൾ പഞ്ചായത്ത് തലത്തിൽ തന്നെ ANERT ന്റെ സഹായത്തോടെ നടത്തേണ്ടതാണ്. വിറകുകൾ ശാസ്ത്രീയമായി ഉപയോഗിക്കുന്നതിനുള്ള സങ്കേതിക വിദ്യകൾ വികസിപ്പിച്ചെടുക്കുന്നത് അന്തരീക്ഷ മലിനീകരണത്തിനു പരിഹാരവുമാകും.

ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ

ബയോഗ്യാസ് പ്ലാന്റുകൾ

ആധുനിക ലോകത്തിന്റെ പ്രധാന വെല്ലുവിളിയാണ് മാലിന്യ നിർമാർജനം. മനുഷ്യർ തിങ്ങിപ്പാർക്കുന്ന നഗരങ്ങളിൽ പലവിധ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. അതുമൂലം പലപ്പോഴും പൊതു സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്ന സാഹചര്യം ഉണ്ടാകാറുണ്ട്. മാർക്കറ്റുകൾ കേന്ദ്രീകരിച്ചും കൂടാതെ പഞ്ചായത്ത് തലത്തിലും ജൈവമാലിന്യങ്ങളുടെ തോത് അനുസരിച്ച് ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുകയാണെങ്കിൽ മാലിന്യത്തിൽ നിന്ന് ശാശ്വതമായ മോചനവും അതോടൊപ്പം ഊർജ്ജം ഉത്പാദിപ്പിക്കുന്നതിനും സാധിക്കുന്നതാണ്.

കൂടാതെ വീടുകൾക്ക് സബ്സിഡി നിരക്കിൽ ബയോഗ്യാസ് പ്ലാന്റുകൾ നിർമിക്കാവുന്ന രീതിയിൽ പദ്ധതികൾ ആവിഷ്കരിക്കണം.

ഇലക്ട്രിക്ക് വാഹനങ്ങൾ

പ്രകൃതിയിൽ ക്ഷയിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രകൃതി വിഭവമാണ് പെട്രോളിയം ഇന്ധനങ്ങൾ. വർദ്ധിച്ചുവരുന്ന ഊർജ്ജ ഉപഭോഗവും വാഹനങ്ങളുടെ വർദ്ധനവും പെട്രോളിയം ഇന്ധനങ്ങളുടെ ഉപയോഗം കൂടി വരുന്നതിന് ഇടയാക്കുന്നു. ഇത് നാളേക്ക് കൂടി കരുതി വയ്ക്കേണ്ട ഊർജ്ജരൂപങ്ങളുടെ ലഭ്യത ക്രമാതീതമായി കുറക്കുന്നു. കൂടാതെ അന്തരീക്ഷ മലിനീകരണം രൂക്ഷമാക്കാനും കാരണമാകും. അന്തരീക്ഷ മലിനീകരണം മൂലം ഡൽഹിയിലെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ നമുക്ക് നേർക്കാഴ്ച്ചയാണ്. അവിടെ വാഹനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയാണ് മലിനീകരണം ഒരു പരിധിവരെയെങ്കിലും നിയന്ത്രിക്കുന്നത്.

ഇലക്ട്രിക്ക്/സോളാർ വാഹനങ്ങളുടെ വരവോടുകൂടി പെട്രോളിയം ഇന്ധനങ്ങളുടെ ഉപയോഗം വലിയ തോതിൽ കുറയ്ക്കാവുന്നതാണ്. പ്രകൃതിയിൽ സുലഭമായി ലഭിക്കുന്ന സൗരോർജ്ജം ഉപയോഗിച്ച് നിരത്തുകളിൽ ചാർജ്ജിംഗ് പോയിന്റുകൾ നിർമിക്കുകയും ഇലക്ട്രിക്ക് വാഹനങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുകയും ചെയ്യുന്ന രീതിയിൽ പദ്ധതികൾ കൊണ്ടുവരേണ്ടതാണ്.

നിഗമനം

അന്തരീക്ഷ മലിനീകരണം നിയന്ത്രിക്കുന്നതിനും ഫോസിൽ ഇന്ധനങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനും വരും തലമുറയ്ക്ക് ആവശ്യമായ പ്രകൃതി വിഭവങ്ങൾ ക്ഷയിക്കാതിരിക്കുന്നതിനും വേണ്ടുന്ന മുൻകരുതലുകൾ നാം സ്വീകരിക്കേണ്ടതുണ്ട്. നമ്മുടെ നാടിന്റെ ശാശ്വത വികസന പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ സാങ്കേതിക വിദ്യകൾ ഉൾക്കൊള്ളുന്നതോടൊപ്പം പ്രകൃതിയിൽ സുലഭമായി ലഭിക്കുന്ന വിഭവങ്ങളെ ശാസ്ത്രീയമായി ഉപയോഗപ്പെടുത്തി നമ്മുടെ ദൈനംദിന ജീവിതത്തിൽ സമന്വയിപ്പിച്ചു പോകേണ്ടതുണ്ട്.

4.3 (ബി) ഗതാഗതം, വാർത്താവിനിമയം, വിനോദസഞ്ചാരം

ഗതാഗതം

റോഡ് ഗതാഗതം

നാടിന്റെ സർവതോന്മുഖമായ വികസനത്തിന് ശക്തി പകരാൻ സുസജ്ജമായ റോഡ് ഗതാഗത സംവിധാനം അത്യന്താപേക്ഷിതമാണ്. കണ്ണൂർ വിമാനത്താവളം പ്രവർത്തന സജ്ജമാകുന്നതോടു കൂടി വിവിധ രാജ്യങ്ങളിലെ വികസന മേഖലകളിൽ നിന്നും സാമ്പത്തിക ക്രയവിക്രിയങ്ങൾ കണ്ണൂരിലേക്ക് എത്തിച്ചേരുന്നതാണ്. വിമാനത്താവളത്തിലേക്കുള്ള അനുബന്ധ റോഡുകളെല്ലാം തന്നെ ആവശ്യമായ നിലവാരത്തിൽ അഭിവൃദ്ധിപ്പെടുത്തേണ്ടതുണ്ട്. ഈ സാഹചര്യത്തിലെല്ലാം താഴെ പറയുന്ന 5 റോഡുകൾ നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് പരിഗണനയിലുണ്ട്.

1. കൂറ്റ്യാടി-നാദാപുരം-പെരിങ്ങത്തൂർ-മേക്കുന്ന്, പാനൂർ-പൂക്കോട്-കൂത്തുപറമ്പ്-മട്ടന്നൂർ റോഡ്
2. മാനന്തവാടി ബോയ്സ് ടൗൺ-കൊട്ടിയൂർ-മണത്തണ-പേരാവൂർ-ശിവപുരം-മട്ടന്നൂർ റോഡ്
3. കൂട്ടുപുഴ പാലം-ഇരിട്ടി-മട്ടന്നൂർ-വായന്തോട് റോഡ്
4. തളിപ്പറമ്പ്-ചൊറുക്കള-ബാവുപ്പറമ്പ്-പൂവ്വം-നണിച്ചേരി- ചെക്യാട്ടുകാവ്-മയ്യിൽ-കൊളോളം-ചാലോട് റോഡ്
5. മേലെ ചൊവ്വ-ചാലോട്-വായന്തോട്-മട്ടന്നൂർ എയർപോർട്ട് റോഡ്

അഴീക്കോട് മുറമുഖം മുതൽ എയർപോർട്ട് വരെയുള്ള സുഗമമായ ചരക്ക് നീക്കത്തിനായി റോഡ് റെയിൽ ജലപാതകൾ വിപുലീകരിക്കേണ്ടതാണ്.

ജില്ലയിലെ റോഡുകളിൽ ഓടുന്ന വാഹനങ്ങളുടെ അനിയന്ത്രിതമായ വർദ്ധനവിനും കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനത്തിനും അനുസരിച്ച് റോഡുകൾ കൂടുതൽ ശാസ്ത്രീയമായി നിർമിക്കേണ്ടതുണ്ട്. കൂടാതെ ഈ ഇനത്തിൽ വകയിരുത്തുന്ന തുകയുടെ വിനിയോഗം കൂടുതൽ ശാസ്ത്രീയമായ രീതിയിലുമാവണം. റോഡുകളുടെ നിർമാണ സമയത്ത് തന്നെ അനുബന്ധ പ്രവൃത്തികളായ കലുങ്ക്, ഓവുചാൽ, റോഡ് സുരക്ഷ ക്രമീകരണങ്ങൾ എന്നിവയ്ക്കുള്ള തുക വകയിരുത്തേണ്ടതാണ്.

ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും കൈമാറി കിട്ടിയതുമായ റോഡുകളുടെ വികസനം കാലാകാലങ്ങളായി ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തി വരുന്നുണ്ട്. ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള മുഴുവൻ റോഡുകളും ഗതാഗതയോഗ്യമാക്കി നിലനിർത്തുന്നതിനാവശ്യമായ തുക ഗ്രാമ പഞ്ചായത്തുകൾക്ക് നിലവിൽ ലഭിക്കുന്നില്ല. ആയതിനാൽ ത്രിതല പഞ്ചായത്തുകളുടെ പദ്ധതികൾ സംയോജിപ്പിച്ച കൊണ്ടുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്. കൂടാതെ പുതിയ റോഡുകൾ ഏറ്റെടുക്കുന്നതിനേക്കാൾ പരിഗണന നിലവിലുള്ള റോഡുകളുടെ അഭിവൃദ്ധിപ്പെടുത്തലിന് നൽകുന്നതായിരിക്കും അഭികാമ്യം.

ജില്ലയിലെ റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസ്, കണ്ണൂർ, സബ് റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസ് തലശ്ശേരി, സബ് റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസ് തളിപ്പറമ്പ് എന്നിവിടങ്ങളിൽ കഴിഞ്ഞ 2006 മുതൽ 2016 വരെ റജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

2006 മുതൽ 2016 വരെ രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ വിവരങ്ങൾ

വർഷം	വാഹനങ്ങളുടെ എണ്ണം			ആകെ
	ആർ.ടി.ഒ കണ്ണൂർ	എസ്.ആർ.ടി.ഒ. തലശ്ശേരി	എസ്.ആർ.ടി.ഒ. തളിപ്പറമ്പ്	
2006	11583	12665	9599	33847
2007	10688	11879	8810	31377
2008	10874	11472	6528	28874
2009	14177	15664	8748	38589
2010	17651	19135	12345	49131
2011	18762	22136	15512	56410
2012	22206	25678	18142	66026
2013	21512	24348	17889	63749
2014	22187	24320	16743	63250
2015	22333	24205	17180	63718
2016	21868	26042	18795	66705
			ആകെ വാഹനങ്ങൾ	**561676**

ഇതിൽ നിന്നും ജില്ലയിൽ കഴിഞ്ഞ പത്ത് വർഷം കൊണ്ട് നിരത്തിലിറങ്ങിയ വാഹനങ്ങൾ നേരെ ഇരട്ടിയായി വർദ്ധിച്ചതായി കണ്ടെത്താം. ഇത്തരത്തിൽ വാഹന വർദ്ധന കൂടി പരിഗണിച്ച് റോഡ് ഗതാഗത സംവിധാനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതും വിപുലീകരിക്കേണ്ടതുമാണ്.

ജില്ലയിലെ ഗതാഗത വ്യവസ്ഥ

ജില്ലയിലെ റോഡ് ശൃംഖലയിൽ ഉൾപ്പെടുന്നത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ദേശീയപാത, സംസ്ഥാനപാത, മലയോര ഹൈവേ, തീരദേശ ഹൈവേ, പ്രധാന ജില്ലാ റോഡുകൾ എന്നിവയും ജില്ലാ പഞ്ചായത്തിന് കീഴിലുള്ള മറ്റ് ജില്ലാ റോഡുകളും വില്ലേജ് റോഡുകളും കോർപറേഷൻ, മുൻസിപ്പാലിറ്റി എന്നിവയുടെ കീഴിലുള്ള ടൗൺ റോഡുകളും പഞ്ചായത്തിന് കീഴിലുള്ള പഞ്ചായത്ത് റോഡുകളുമാണ്.

നിലവിൽ കണ്ണൂർ ജില്ലയിലെ വിവിധ വകുപ്പുകളും ഏജൻസികളും സംരക്ഷിക്കുന്ന റോഡിന്റെ നീളം ഇപ്രകാരമാണ്.

ക്രമ നമ്പർ	വകുപ്പ്/ ഏജൻസി	റോഡിന്റെ തരം	നീളം (കി.മീ.)
1	നാഷണൽ ഹൈവേ	ദേശീയപാത 66- മാഹി പാലം മുതൽ കാലിക്കടവ് വരെ	80.600
		തീരദേശ ഹൈവേ - മാഹി പാലം മുതൽ രണ്ട് തെങ്ങ് വരെ	72.780
2	പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും	സംസ്ഥാന പാതകൾ	135.135
		മലയോരപാത (ചെറുപുഴ മുതൽ അമ്പായത്തോട് വരെ)	109.530
		പ്രധാന ജില്ലാ റോഡുകൾ	2020.577
3	ജില്ലാ പഞ്ചായത്ത്	ജില്ലാ റോഡുകൾ	227.662
4	ഗ്രാമ പഞ്ചായത്ത്	ഗ്രാമീണ റോഡുകൾ	9062.54

നിലവിലുള്ള അവസ്ഥ (സ്ഥിതി വിവരം)

തീരദേശവും സമതലങ്ങളും മലഞ്ചെരുവുകളും അടങ്ങിയ ഭൂപ്രദേശമുള്ള ഈ ജില്ലയിൽ നല്ലൊരു റോഡ് ശൃംഖല നിലവിലുണ്ടെങ്കിലും പല റോഡുകളുടെയും സ്ഥിതി തൃപ്തികരമല്ല. നമ്മുടെ റോഡുകളിൽ ഓടുന്ന വാഹനങ്ങളുടെ അനിയന്ത്രിതമായ വർദ്ധനവ് ഗതാഗതക്കുരുക്കിന് കാരണമാകുന്നു. കുത്തനെയുള്ള കയറ്റങ്ങളും കൊടും വളവുകളും ധാരാളമായി പല റോഡുകളിലുമുണ്ട്. അതുപോലെ ഓവുചാലുകളുടെ അപര്യാപ്തതയും വെള്ളക്കെട്ടിന് കാരണമാകുന്നു. പല സ്ഥലങ്ങളിലും നേരത്തെയുള്ള നീർച്ചാലുകൾ നികത്തി റോഡാക്കുന്ന പ്രവണതയും കണ്ടുവരുന്നു. കൂടാതെ പൊതുവെ റോഡുപയോഗിക്കുന്നതിലും സംരക്ഷിക്കുന്നതിലും ജനങ്ങൾക്ക് വേണ്ടത്ര അവബോധമില്ല.

സ്ഥിതിവിവര കണക്ക് - പാലം

ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ ചെറുതും വലുതുമായ ആകെ 171 റോഡു പാലങ്ങൾ നിലവിലുണ്ട്. ഇതിൽ കാലപ്പഴക്കത്താലും ബലക്ഷയത്താലും 19 പാലങ്ങൾ പുനർ നിർമിക്കേണ്ടതുണ്ട്. ആയതിനുള്ള നിർദേശങ്ങൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതിന് അനുമതി ലഭിക്കുകയും രണ്ടെണ്ണത്തിന്റെ നിർമാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

റെയിൽവേ മേൽപ്പാലം

ജില്ലയിൽ അടിയന്തിര പ്രാധാന്യമുള്ള നാല് മേൽപ്പാലങ്ങൾ ആവശ്യമാണ്. കണ്ണൂർ വിമാനത്താവളത്തിലേക്ക് കോഴിക്കോട് ഭാഗത്തു നിന്നുള്ള പ്രധാന റോഡായ തലശ്ശേരി-ഇരിക്കൂർ റോഡിൽ കൊട്ടവള്ളി മേൽപ്പാലം, ദേശീയപാത 66 ൽ ചൊവ്വ മേൽപ്പാലം, നടാൽ മേൽപ്പാലം, ഏഴിമല നാവിക അക്കാദമിയിലേക്ക് കണ്ണൂർ ഭാഗത്തു നിന്നുള്ള റോഡിലെ വെങ്ങര മേൽപ്പാലം എന്നിവയാണിവ. കെ.എസ്.ടി.പി. യിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പിലാത്തറ-പാപ്പിനിശ്ശേരി റോഡിലെ പാപ്പിനിശ്ശേരി റെയിൽ മേൽപ്പാലം പണി പൂർത്തീകരിച്ചു. താവം റെയിൽ മേൽപ്പാലം പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്.

പ്രധാന പ്രശ്നങ്ങൾ താഴെ പറയുന്നു.

1. സാമ്പത്തിക പരിമിതി, 2. കാലാവസ്ഥാ വ്യതിയാനം, 3. സ്ഥലത്തിന്റെ ദൗർലഭ്യം, 4.ഓവുചാലുകളുടെ അപര്യാപ്തത, 5. സൈൻബോർഡുകളുടെ കുറവ്. 6. നിർമാണത്തിലെ അശാസ്ത്രീയത, 7. നിർമാണ വസ്തുക്കളുടെ ലഭ്യതക്കുറവ്., 8. അനധികൃത കയ്യേറ്റം, 9. അനധികൃത വാഹന പാർക്കിംഗ്

നിലവിലുള്ള അവസ്ഥ

കേരളത്തിൽ ഗ്രാമീണ റോഡുകൾ മറ്റ റോഡുകളുമായി 100% പരസ്പര ബന്ധം നേടിക്കഴിഞ്ഞു. ആരോഗ്യം, കൃഷി, മൃഗസംരക്ഷണം, ടൂറിസം, ചെറുകിട വ്യവസായം എന്നിവ ഉൾപ്പെടുന്ന സംസ്ഥാനത്തിന്റെ സാമൂഹികവികസനത്തിന് റോഡുകളുടെ വികസനം സഹായകമാണ്. പ്രധാന റോഡുകളുമായി ബന്ധപ്പെട്ട് നിൽക്കുന്ന ഗ്രാമീണ റോഡുകൾ ഭൂരിഭാഗവും ഒറ്റവരി പാത മാത്രമാണുളളത്. കൂടാതെ, ആവശ്യമായ ഓവുചാൽ സംവിധാനം ഇല്ലാത്തതുമാണ്. 31.03.2016 വരെയുള്ള ജില്ലയുടെ ഗ്രാമീണ റോഡുകളുടെ കണക്ക് പരിശോധിച്ചാൽ

9290 കിലോമീറ്റർ നീളമുള്ള ഗ്രാമീണ റോഡുകളിൽ 4347 കിലോമീറ്റർ റോഡും മൺറോഡുകളാണ്. 54% ഗ്രാമീണ റോഡുകൾ മാത്രമേ ടാറിംഗ് നടത്തിയിട്ടുള്ളൂ.

പ്രശ്നങ്ങൾ/വെല്ലുവിളികൾ

ഗ്രാമീണ റോഡുകളിൽ ഭൂരിഭാഗവും ഒറ്റവരിപ്പാതയുള്ള റോഡുകളാണ്. ഈ റോഡുകളിൽ കൂടിയുള്ള ഗതാഗത സാന്ദ്രത അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഈ വർദ്ധനവിന് ആനുപാതികമായി നമ്മുടെ നിർമാണരീതികൾ കൂടുതൽ ശാസ്ത്രീയമാക്കേണ്ടതുണ്ട്. വർദ്ധിവച്ചുവരുന്ന വാഹനസാന്ദ്രത, കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനങ്ങൾ തുടങ്ങിയവയെ അതിജീവിക്കുന്നതിന് വേണ്ടി നമ്മുടെ റോഡുകളുടെ നിലവാരം ഉയർത്തപ്പെടേണ്ടതാണ്. ഓവുചാലുകളുടെ അപര്യാപ്തത ഒരു പ്രധാന പ്രശ്നമായി നിലനിൽക്കുന്നുവെങ്കിലും ഇതിനാവശ്യമായ സ്ഥലം ലഭ്യമാകാത്തത് മൂലം ഇത് പരിഹരിക്കാൻ സാധിക്കുന്നില്ല. സമയബന്ധിതമായ അറ്റകുറ്റപ്പണികളുടെ അഭാവവും റോഡ് കയ്യേറ്റം മൂലമുണ്ടാകുന്ന ഗതാഗത തടസ്സങ്ങളും ഈ മേഖലയിലെ പ്രധാന പ്രശ്നങ്ങളാണ്.

ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള മുഴുവൻ റോഡുകളും ഗതാഗത യോഗ്യമാക്കി നിലനിർത്തുന്നതിനാവശ്യമായ ഫണ്ട് ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കുന്നില്ല. സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് എസ്റ്റിമേറ്റുകൾ രൂപപ്പെടുകയാണ് ഇന്ന് ചെയ്യുന്നത്. നമ്മുടെ ജില്ലയിൽ ജനസാന്ദ്രത കൂടിവരുന്നത് മൂലം ആവശ്യമായ ഭൂമി റോഡ് നിർമാണത്തിന് ലഭ്യമാകുന്നില്ല. ആവശ്യത്തിന് ഭൂമി ലഭിക്കാതിരിക്കുന്നത് റോഡുകളുടെ ഗുണനിലവാരത്തെ ദോഷകരമായി ബാധിക്കുന്നു. റോഡിലെ വളവുകൾ, കയറ്റിറക്കങ്ങൾ, ഡ്രൈയിനേജുകളുടെ അഭാവം എന്നിവ ഭൂമി ലഭിക്കാത്തതുകൊണ്ടുണ്ടാകുന്ന പോരായ്മകളാണ്. വാഹനാപകടങ്ങൾക്ക് ഈ പോരായ്മകൾ കാരണമാകുന്നുണ്ട്.

പ്രശ്നപരിഹാരങ്ങൾ

ഗതാഗതമേഖലയിലെ പ്രശ്നങ്ങൾ നിരവധിയാണ്. പ്രശ്നങ്ങളിൽ പ്രധാനമായത് സാമ്പത്തികം തന്നെയാണ്. കേരളത്തിലെ കാലാവസ്ഥ പരിഗണിച്ച് കേടുപാടുകൾ കൂടാതെ റോഡുകൾ കൂടുതൽ കാലം നിലനിൽക്കുന്നതിനാവശ്യമായ തുക വകയിരുത്തേണ്ടതാണ്. വികസനത്തിനായി റോഡ് പദ്ധതികൾ കണ്ടെത്തുമ്പോൾ, പുതിയ നിർമാണത്തിനെക്കാളുപരി നിലവിലുള്ള റോഡുകളുടെ വികസനത്തിനും മെച്ചപ്പെടുത്തലിനും പരമാവധി ശ്രദ്ധകൊടുക്കണം. റോഡ് സൗകര്യം പല സ്ഥലങ്ങളിലും വ്യത്യസ്തമായിരിക്കെ പുതിയ റോഡ് ഏറ്റെടുക്കുന്നത് റോഡ് സൗകര്യം കുറഞ്ഞ സ്ഥലങ്ങളിലായിരിക്കണം. മൊത്തം റോഡ് ശൃംഖല കണക്കിലെടുക്കുമ്പോൾ കൂടുതൽ വാഹന ഗതാഗതം ഉണ്ടാകാനിടയുള്ള റോഡുകൾക്കായിരിക്കണം മുന്തിയ പരിഗണന നൽകേണ്ടത്.

മലയോരമേഖലകളിൽ റോഡ് നിർമാണവുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ നടത്തുന്നതിന് കാലവർഷം ഒരു പ്രധാന തടസ്സമാണ്. അത്തരം മേഖലകളിൽ സമയപരിധി നിശ്ചയിക്കുമ്പോൾ ഈ ഘടകങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന നിർദേശങ്ങൾ കണക്കിലെടുത്തുകൊണ്ട് ഒരു ജില്ലാതല ഗതാഗതവികസന മാസ്റ്റർപ്ലാൻ തയ്യാറാക്കേണ്ടതാണ്. ഇത് സമയബന്ധിതമായി തയ്യാറാക്കിയാൽ പദ്ധതികൾ മൂല്യനിർണയം ചെയ്യാനും സംയോജിപ്പിക്കാനും സാധിക്കും. പദ്ധതി രൂപീകരണത്തിനും നിർവഹണത്തിനുമുള്ള സമയം ഒരു പ്രധാന ഘടകമാണ്. പല ഘടകങ്ങളിൽ നിന്നുള്ള പ്രൊപ്പോസലുകളുടെ രൂപീകരണം നിർദിഷ്ട സമയപരിധിക്കുള്ളിൽ തന്നെ ചെയ്തീർക്കാൻ പരമാവധി ശ്രദ്ധിക്കേണ്ടതാണ്.

ദേശീയപാത വിഭാഗം

ജില്ലയിൽ കാലിക്കടവ് മുതൽ മാഹിപാലം വരെ 80.6 കി.മീ. നീളമുള്ള ദേശീയപാത 66 ന്റെ പരിപാലനമാണ് ഈ വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്നത്. കൂടാതെ കേന്ദ്ര റോഡ് ഫണ്ട് ഉപയോഗിച്ച് അംഗീകാരം ലഭ്യമാകുന്ന മുറക്ക് സംസ്ഥാന റോഡ്/പ്രധാന ജില്ലാ റോഡ് എന്നിവയുടെ നവീകരണവും ഈ വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്നുണ്ട്.

2017-18 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ദേശീയപാതയിൽ വിവിധ റീച്ചുകളിലായി ഉപരിതലം മെച്ചപ്പെടുത്തുന്നതിന് 6 പദ്ധതികൾ നിർദേശിച്ചിരുന്നുവെങ്കിലും ദേശീയപാത 4 വരിയായി വികസിപ്പിക്കുന്നതിനാൽ പ്രസ്തുത പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടില്ല. കേന്ദ്ര റോഡ് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികൾ തയ്യാറാക്കുന്നത് ജില്ലയിലെ ജനപ്രതിനിധികളുടെ നിർദേശങ്ങളുടെ അടിസ്ഥാനത്തിലാണ്.

ഈ വകുപ്പിനു കീഴിൽ തയ്യാറാക്കുന്ന എല്ലാ പദ്ധതികളും റോഡിന്റെ ഉപരിതലം 5 വർഷം വരെ കേടുപാടുകൾ കൂടാതെ നിലനിൽക്കത്തക്ക രീതിയിലാണ്. 50 മി.മീ. കനത്തിൽ ബിറ്റുമിനസ് മെക്കാഡവും 30 മി.മീ. കനത്തിൽ ബിറ്റുമിനസ് കോൺക്രീറ്റും ചെയ്യുന്ന ആധുനിക രീതിയിലുള്ള സാങ്കേതിക വിദ്യയാണ് എല്ലാ

റോഡുകൾക്കും അവലംബിച്ചുവരുന്നത്. ഉയർന്ന ഗുണനിലവാരമുള്ള നാചറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ (എൻ.ആർ.എം.ബി) ഉപയോഗിച്ചാണ് ബിറ്റുമിനസ് കോൺക്രീറ്റ് ചെയ്യുവരുന്നത്. ഭാവിയിൽ ഉപയോഗ്യശൂന്യമായ പ്ലാസ്റ്റിക്, തുണ്ടുകളാക്കി ബിറ്റുമിന്റെ കൂടെ കലർത്തി മെക്കാഡം ചെയ്യുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്യാവുന്നതാണ്.

ജില്ലയിൽ ദേശീയപാതയിൽ ഉണ്ടാകുന്ന ഗതാഗത തടസ്സം ജനങ്ങൾക്ക് വളരെയേറെ പ്രയാസം സൃഷ്ടിക്കുന്നുണ്ട്. ഇതിനു പരിഹാരമായി ദേശീയപാത നാലുവരിയായി വികസിപ്പിക്കുന്ന പദ്ധതി ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ പുരോഗമിച്ചു വരികയാണ്. പ്രധാനപ്പെട്ട എല്ലാ ടൗണുകളിലും ബൈപ്പാസോടുകൂടിയാണ് നിർദിഷ്ട നാലുവരിപ്പാത നിർമാണം. കൂടാതെ മുഴപ്പിലങ്ങാട് മുതൽ കോഴിക്കോട് ജില്ലയിലെ അഴിയൂർ വരെയുള്ള തലശ്ശേരി മാഹി ബൈപ്പാസ് നിർമാണം ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ ടൗണിനടുത്ത് ഗതാഗത തടസ്സം സൃഷ്ടിക്കുന്ന താഴെചൊവ്വയിലെ ഇടുങ്ങിയപാലത്തിനു പകരം പുതിയപാലം നിർമാണം ഈ വകുപ്പിനു കീഴിൽ പുരോഗമിച്ചു വരുന്നുണ്ട്.

കേന്ദ്ര റോഡ് ഫണ്ട് ഉപയോഗിച്ച് ജില്ലയിലെ 7 പ്രധാന റോഡുകൾ ഇതിനോടകം തന്നെ നവീകരിച്ചിട്ടുണ്ട്. നിലവിൽ പ്രധാന റോഡുകളുടെ നവീകരണ പ്രവൃത്തി പുരോഗമിച്ചു വരുന്നുണ്ട്. ഒരു പ്രവൃത്തി ആരംഭിക്കേണ്ടതുമുണ്ട്.

ജില്ലയിലെ മേലേചൊവ്വ-മട്ടന്നൂർ-വളവുപാറ വഴി കർണാടകയിലെ വിരാജ്പേട്ട വരെയുള്ള റോഡ് ദേശീയപാതയായി തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ കണ്ണൂർ ജില്ലയിലെ ഭാഗം പുനരുദ്ധീകരിക്കുന്നതിനുള്ള പ്രൊജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിന് എൽ ആന്റ് ടി ഇൻഫ്രാസ്ട്രക്ച്ചർ എഞ്ചിനീയറിംഗ് ലിമിറ്റഡ്, ചെന്നൈ എന്ന കൺസൾട്ടന്റിനെ ഏൽപ്പിച്ചിട്ടുണ്ട്. ഒരു അന്തർസംസ്ഥാന റോഡും ജില്ലയിലെ വിവിധഭാഗങ്ങളുമായി ബന്ധപ്പെടുത്തുന്നതുമായ ഈ റോഡ് നിർദിഷ്ട അന്താരാഷ്ട്ര വിമാനത്താവളത്തിലേക്കുള്ള ഏറ്റവും പ്രധാനപ്പെട്ട റോഡാണ്.

ജില്ലയിൽ ഗതാഗത പ്രശ്നം പരിഹരിക്കുന്നതിന് തെക്കീബസാറിൽ ഒരു ഫ്ലൈഓവർ നിർമിക്കുന്നതിനും മേലേചൊവ്വ അണ്ടർപാസ് നിർമിക്കുന്നതിനും താഴെചൊവ്വ, നടാൽ എന്നിവിടങ്ങളിൽ റെയിവെ മേൽപ്പാലം നിർമിക്കുന്നതിനും പദ്ധതികൾ വിഭാവനം ചെയ്യുവരുന്നുണ്ട്. കൂടാതെ മുഴപ്പിലങ്ങാടിൽനിന്നും ആരംഭിച്ച് രണ്ടുതെങ്ങു വരെ നീളുന്ന തീരദേശപാത നിർമാണവും പരിഗണനയിലുണ്ട്. വികസനോന്മുഖങ്ങളായ ഈ പദ്ധതികളെല്ലാം യാഥാർത്ഥ്യമാകുന്നതോടുകൂടി ജില്ലയിൽ ഗതാഗതം സുഗമമാകുന്നതാണ്.

കെ.എസ്.ടി.പി.

ലോക ബാങ്കിന്റെ സഹായത്തോടെ കേരള സർക്കാരിന്റെ കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രൊജക്ടിലൂടെ കണ്ണൂർ ജില്ലയിലെ പ്രധാന റോഡുകൾ അഭിവൃദ്ധിപ്പെടുത്തി വരുന്നു.

1. തലശ്ശേരി - വളവുപാറ റോഡ്

സംസ്ഥാന പാത 30 ൽ പെടുന്നും അന്തർസംസ്ഥാനപാതയുമായ, തലശ്ശേരി - കൂർഗ് റോഡിൽ ജില്ലാ അതിർത്തിയായ കൂട്ടുപുഴ വരെയുള്ള 54 കി.മീ. റോഡ് ലോക നിലവാരത്തിൽ അഭിവൃദ്ധിപ്പെടുത്തുന്നതിന് ആകെ 366.01 കോടി രൂപയ്ക്ക് 2 റീച്ചുകളിലായി പ്രവൃത്തി നടപ്പിലാക്കിവരുന്നു.

റോഡ് വികസനത്തിന്റെ ഭാഗമായി 4 വലിയ പാലങ്ങളും 3 ചെറിയ പാലങ്ങളും 141 വിവിധങ്ങളായ കലുങ്കുകളും നിർമിക്കേണ്ടതായിട്ടുണ്ട്. പ്രവൃത്തികളെല്ലാം തന്നെ ദ്രുതഗതിയിൽ നടന്നുവരുന്നു.

2. പിലാത്തറ- പാപ്പിനിശ്ശേരി റോഡ്

ദേശീയ പാത 66 ൽ പിലാത്തറയെയും പാപ്പിനിശ്ശേരിയേയും ബന്ധിപ്പിച്ചു കൊണ്ട് തീരദേശ മേഖലയിൽ കൂടി കടന്നു പോകുന്ന 20.9 കി.മീ. നീളമുള്ള പ്രധാന ജില്ലാ റോഡായ പിലാത്തറ- പാപ്പിനിശ്ശേരി റോഡ് കെ.എസ്.ടി.പി. യുടെ നേതൃത്വത്തിൽ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി അവസാന ഘട്ടത്തിലെത്തി നിൽക്കുകയാണ്. 114 കോടി രൂപ ചെലവിൽ അന്താരാഷ്ട്ര നിലവാരത്തിൽ നിർമിച്ചുകൊണ്ടിരിക്കുന്ന ഈ പദ്ധതിയിൽ താവം, പാപ്പിനിശ്ശേരി റെയിൽവെ മേൽപ്പാലങ്ങൾ, പാപ്പിനിശ്ശേരി റെയിൽവെ അടിപ്പാത, രാമപുരം പാലം തുടങ്ങിയവയുടെ നിർമാണം ഉൾപ്പെടുന്നു. പദ്ധതി യാഥാർത്ഥ്യമാവുന്നതോടുകൂടി ദേശീയപാതയെ അപേക്ഷിച്ച് പയ്യന്നൂരിൽ നിന്നും കണ്ണൂരിലേക്കുള്ള യാത്രാ ദൈർഘ്യം 6കി.മീ. കുറയുകയും അനേകം കയറ്റിറക്കങ്ങളും വളവുതിരിവുകളും ഒഴിവാക്കി സുഗമമായ യാത്രാ സൗകര്യം ഉറപ്പാക്കുകയും ചെയ്യും.

യാത്രാ സൗകര്യം (കെ.എസ്.ആർ.ടി.സി.)

റോഡ് ശൃംഖല മെച്ചപ്പെടുത്തുന്നതോടൊപ്പം പൊതുമേഖലയിലെ യാത്രാ സൗകര്യം കൂടി വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണ്. ജില്ലയിലെ പ്രധാനപ്പെട്ട യാത്രാ സൗകര്യം നൽകുന്നതിൽ കെ.എസ്.ആർ.ടി.സി. ക്ക് വലിയ പങ്കാണുള്ളത്.

കെ.എസ്.ആർ.ടി.സി. യുടെ കണ്ണൂർ, പാനൂർ, തലശ്ശേരി യൂണിറ്റുകളിലെ 245 ഷെഡ്യൂളുകളിലായി പ്രതിദിനം 2,500 ട്രിപ്പുകൾ നടത്തുന്നുണ്ട്. ശരാശരി 1 ലക്ഷം യാത്രക്കാർ പ്രതിദിനം ഈ പൊതുമേഖല യാത്രാ സൗകര്യത്തെ പ്രയോജനപ്പെടുത്തുന്നുണ്ട്. ജില്ലയുടെ വികസന കുതിപ്പിന് കരുത്തേകുവാൻ പുതുമയാർന്ന പ്രവർത്തനങ്ങളാണ് വരും നാളുകളിലേക്കായി കെ.എസ്. ആർ. ടി.സി. വിഭാവനം ചെയ്യുന്നത് .

കണ്ണൂർ നഗര റോഡ് വികസന പദ്ധതി

കണ്ണൂർ നഗര റോഡ് വികസന പദ്ധതിയുടെ ഭാഗമായി കണ്ണൂർ കോർപറേഷൻ പരിധിയിലെ 47.79 കി.മീ. റോഡുകൾ വികസിപ്പിക്കുന്നതിനായി സ്ഥലമെടുപ്പ് അടക്കം 401.467 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ആയത് പൊതുസ്വകാര്യ പങ്കാളിത്തം (പി.പി.പി.) മുഖേന ചെയ്യാൻ വേണ്ടി കേരളാ റോഡ് ഫണ്ട് ബോർഡിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. കണ്ണൂർ നഗരറോഡ് വികസന പദ്ധതിയിൽപ്പെട്ട റോഡുകൾ 5 മീറ്റർ വീതിയിൽ കാര്യേജ് വേയും 2 മീറ്റർ വീതിയിൽ നടപ്പാതയും ഉൾപ്പെട്ടതായിട്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിനാവശ്യമായ സ്ഥലമെടുപ്പ് നടത്തേണ്ടതുണ്ട്. ഇതു കൂടാതെ രണ്ട് ഫ്ലൈ ഓവറുകളും (കാൾടെക്സ് ജംഗ്ഷൻ, മേലേ ചൊവ്വ) മൂന്ന് ആർ.ഒ.ബി.കളും (താഴെ ചൊവ്വ, പന്നേൻപാറ, കണ്ണൂർ സൗത്ത്) ഒരു ചെറിയ പാലവും (താഴെ ചൊവ്വ) ഈ പദ്ധതിയിലുൾപ്പെടുന്നു. കാനാമ്പുഴ പാലത്തിന്റെയും ആയിക്കര പാലത്തിന്റെയും പുനരുദ്ധാരണവും ഇതിന്റെ കൂടെ നടത്തേണ്ടതുണ്ട്. ഈ പദ്ധതിയിൽപ്പെട്ട റോഡുകൾ ഇവയാണ്.

- പുതിയതെരു – ജെ.ടി.എസ്. റോഡ് (10.71 കി.മീ.)
- ചാലാട് – പള്ളിക്കുന്ന് റോഡ് (4.70 കി.മീ.)
- പള്ളിക്കുന്ന് – കുഞ്ഞിപ്പള്ളി റോഡ് (4.70 കി.മീ.)
- പൊടിക്കുണ്ട് – കൊറ്റാളി റോഡ് (1.77 കി.മീ.)
- മിനി ബൈപ്പാസ് റോഡ് (7.04 കീ.മീ.)
- കക്കാട് – മുണ്ടയാട് റോഡ് (2.81 കി.മീ.)
- കണ്ണൂർ മട്ടന്നൂർ റോഡ് (6.75 കി.മീ.)
- പ്ലാസ ജംഗ്ഷൻ ജെ..ടി.എസ്. റോഡ് (6.45 കി.മീ.)
- തയ്യിൽ തെഴുക്കിലെ പീടിക റോഡ് (2.18 കി.മീ.)
- ഇന്നർറിംഗ്സ് റോഡ് (3.1 & .99 കി.മീ.)
- ജയിൽറോഡ് (.96 കി.മീ.)
- കുഞ്ഞിപ്പള്ളി – പുല്ലപ്പി റോഡ് (1.65 കി.മീ.)

ഇതേ രീതിയിൽ പയ്യന്നൂർ നഗര റോഡ് വികസന പദ്ധതിയും തലശ്ശേരി നഗര റോഡ് വികസന പദ്ധതിയും പ്രാരംഭഘട്ടത്തിലാണ്. മറ്റുള്ള പ്രധാന നഗരങ്ങളായ പാനൂർ, കൂത്തുപറമ്പ്, മട്ടന്നൂർ, ഇരിട്ടി, പേരാവൂർ, ഇരിക്കൂർ, ശ്രീകണ്ഠപുരം, തളിപ്പറമ്പ്, പഴയങ്ങാടി, പിലാത്തറ എന്നിവിടങ്ങളിലും ഭാവിയിൽ ഇത്തരം വികസനം നടത്തേണ്ടതാണ്. ഇതോടൊപ്പം തന്നെ നഗരങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് പ്രത്യേക ഗതാഗത ഇടനാഴികളും പ്രാവർത്തിമാക്കേണ്ടതുണ്ട്.

ജലഗതാഗതം

നിലവിലുള്ള അവസ്ഥ

നിരവധി പുഴകളാലും, ജലാശയങ്ങളാലും സമൃദ്ധമായ ജില്ലയിൽ ജലഗതാഗതത്തിന് വലിയ സാദ്ധ്യതകളാണുള്ളത്. വളപട്ടണം മുതൽ നീലേശ്വരം-കോട്ടപ്പുറം വരെയുള്ള ജലപാത നിലവിൽ ഗതാഗത യോഗ്യമാണ്. മാഹി മുതൽ വളപട്ടണം വരെയുള്ള ഭാഗത്ത് ജലപാത പുതുതായി നിർമി ക്കാനുണ്ട്. അഞ്ചരക്കണ്ടി പുഴ, ധർമടം പുഴ, കാട്ടാമ്പള്ളി പുഴ തുടങ്ങിയ പുഴകളും കോർത്തിണക്കിയാണ് ഈ ജലപാത നിർമിക്കുന്നത്. ലാന്റ് കട്ട് വരുന്ന ഭാഗത്ത് ഭൂമി ഏറ്റെടുക്കാനുള്ള പ്രാഥമിക പ്രവർത്തനങ്ങൾ സിയാലിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. വളപട്ടണം പുഴയിൽ വളപട്ടണം പാലം മുതൽ പറശ്ശിനിക്കടവ് വരെയുള്ള ഭാഗം ജലഗതാഗത യോഗ്യമാണ്. നിലവിൽ ജലഗതാഗത വകുപ്പിന്റെ ബോട്ടുകൾ പറശ്ശിനിക്കടവ് മുതൽ മാട്ടൂൽ വരെ സർവീസ് നടത്തുന്നുണ്ട്.

വികസന കാഴ്ചപ്പാട്

1. പുഴകളാൽ സമ്പന്നമായ ജില്ലയിൽ ഭാവിയിൽ ചരക്കുനീക്കത്തിന്റെ പ്രധാന മാർഗം ജലപാതയായി വികസിപ്പിക്കാൻ സാധിക്കണം.
2. ടൂറിസ്റ്റ് സാദ്ധ്യതകൾ മുന്നിൽ കണ്ട് പുഴകളെ തമ്മിൽ ബന്ധിപ്പിച്ച് ബോട്ട് ക്രൂയിസ് ഒരുക്കാവുന്നതാണ്.
3. കണ്ടൽക്കാടുകൾ കൊണ്ടും ഏഴിമലയുടെ സൗന്ദര്യം കൊണ്ടും അനുഗ്രഹീതമായ പാലക്കോട്, പെരുമ്പ, രാമപുരം പുഴകൾ ടൂറിസ്റ്റ് കേന്ദ്രങ്ങളായി വികസിപ്പിക്കാവുന്നതാണ്.
4. കാട്ടാമ്പള്ളി പുഴയുമായി ബന്ധപ്പെട്ട് കക്കാട്, മുണ്ടേരിക്കടവ് ഭാഗങ്ങളെ കോർത്തിണക്കി ജലഗതാഗതം ഉൾപ്പെടെയുള്ള ടൂറിസം സർക്യൂട്ട് ഒരുക്കാവുന്നതാണ്. ഇതിനായി കക്കാട് മുതൽ മുണ്ടേരിക്കടവ് വരെയും നിലവിലുള്ള ഭാഗം ജലപാതയായി വികസിപ്പിക്കേണ്ടതുണ്ട്.
5. പറശ്ശിനിക്കടവിന്റെ പ്രാധാന്യത്തെ മുൻനിർത്തി വളപട്ടണം പുഴയിൽ ബോട്ട് ക്രൂയിസ് ഒരുക്കാവുന്നതാണ്. നിലവിൽ വളപട്ടണം പാലം മുതൽ പറശ്ശിനിക്കടവ് വരെ ഗതാഗതയോഗ്യമാണെങ്കിലും തുടർന്നുള്ള ഭാഗങ്ങൾ പറശ്ശിനിക്കടവ് മുതൽ പാവന്നൂർ വരെയും, മലപ്പട്ടം മുനമ്പ് കടവു മുതൽ ചെങ്ങളായി വരെയും ജലപാത വികസിപ്പിക്കേണ്ടതായുണ്ട്. വളപട്ടണം പുഴയിൽ വളപട്ടണം മുതൽ മലപ്പട്ടം വരെയുള്ള ഭാഗത്തായി സ്ഥിതിചെയ്യുന്ന പ്രകൃതിരമണീയമായ വിശാലമായ തുരുത്തുകളുണ്ട്. ഇവയെ കോർത്തിണക്കി വിവിധ പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതികൾക്ക് വലിയ സാദ്ധ്യതകളുള്ളതിനാൽ അതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.
6. നിലവിലുള്ള ജലഗതാഗത വകുപ്പിന്റെ ബോട്ട് സർവീസ് സുൽത്താൻ കനാൽ വഴി പയ്യന്നൂർ കൊറ്റി വരെ ദീർഘിപ്പിക്കാവുന്നതാണ്.
7. കൂപ്പം പുഴയിൽ കൂപ്പം പാലം മുതൽ പഴയങ്ങാടി വരെയുള്ള ഭാഗവും ജലപാതയായി വികസിപ്പിക്കുന്നതോടൊപ്പം ടൂറിസ്റ്റ് ക്രൂയിസുകളും ഒരുക്കാവുന്നതാണ്.
8. ജലപാതാ വികസനത്തിനോടൊപ്പം സിഗ്നൽ ലൈറ്റോടു കൂടിയ ദിശാസൂചകങ്ങൾ സ്ഥാപിക്കേണ്ടതുണ്ട്.
9. ബോട്ട് ജെട്ടികളിലെ ലൈഫ് ജാക്കറ്റ് ഉൾപ്പെടെയുള്ള സുരക്ഷാ ക്രമീകരണങ്ങളും, പരിശീലനം സിദ്ധിച്ച ലൈഫ് ഗാർഡുമാരുടെ സേവനവും ഉറപ്പുവരുത്തണം.
10. ജലയാനങ്ങളുടെ ലൈസൻസും, ഫിറ്റ്നസ്സും, ഡ്രൈവർമാരുടെ യോഗ്യതയും, പ്രവൃത്തി പരിചയവും കർശനമായി പാലിക്കേണ്ടതുണ്ട്.

ജലഗതാഗതം-പരിഗണിക്കേണ്ട പദ്ധതികൾ

1) കണ്ണൂർ ജില്ലയിൽ നിലവിലുള്ള 14 ബോട്ട്ജെട്ടികളുടെ ആധുനികവൽക്കരണം.
2) വളപട്ടണം – കാട്ടാമ്പള്ളി പുഴകളിലായി 18 പുതിയ ബോട്ട്ജെട്ടികളുടെ നിർമാണം.
3) കൂപ്പം പുഴയിൽ പുതിയ ബോട്ട്ജെട്ടികളുടെ നിർമാണം.
4) പെരുമ്പ പുഴയിൽ പുതിയ ബോട്ട്ജെട്ടികളുടെ നിർമാണം.
5) അഞ്ചരക്കണ്ടി പുഴയിൽ പുതിയ ബോട്ട്ജെട്ടികളുടെ നിർമാണം..
6) മാഹി പുഴയിൽ പുതിയ ബോട്ട്ജെട്ടികളുടെ നിർമാണം.
7) കക്കാട് – കാട്ടാമ്പള്ളി മുണ്ടേരിക്കടവ് നാവിഗേഷൻ സർക്യൂട്ട് നിർമാണം.

8) വളപട്ടണം പുഴയിൽ പറശ്ശിനിക്കടവ് മുതൽ പാവന്നൂർ വരെയും, മലപ്പട്ടം മുനമ്പ് മുതൽ ചെങ്ങളായി വരെയും ജലപാതാ വികസനം.

9) കുപ്പം പുഴയിൽ കുപ്പം പാലം മുതൽ പഴയങ്ങാടി വരെ ജലപാതാ വികസനം.

പരിഹാര നിർദേശങ്ങൾ

നിലവിലുള്ള ബോട്ട്ജെട്ടികൾ പരിമിതവും സൗകര്യം കുറഞ്ഞതുമാണ്. ഇത്തരം സ്ഥലങ്ങളിൽ ആധുനിക രീതിയിൽ ടോയിലറ്റ് സൗകര്യം ഉൾപ്പെടെയുള്ള ബോട്ട്ജെട്ടികൾ നിർമിക്കേണ്ടതുണ്ട്.

നിലവിലുള്ളതും ആധുനിക രീതിയിൽ വികസിപ്പിക്കേണ്ടതുമായ ബോട്ട് ജെട്ടികൾ ഇവയൊക്കെയാണ്.

1) കോറളായി - മയ്യിൽ പഞ്ചായത്ത്
2) മാങ്കടവ് - പാപ്പിനിശ്ശേരി പഞ്ചായത്ത്
3) കല്ലരിക്കടവ് - നാറാത്ത് പഞ്ചായത്ത്
4) പാപ്പിനിശ്ശേരി - പാപ്പിനിശ്ശേരി പഞ്ചായത്ത്
5) വളളുവൻ കടവ് - ചിറക്കൽ പഞ്ചായത്ത്
6) വളപട്ടണം - വളപട്ടണം പഞ്ചായത്ത്
7) അഴീക്കൽ - മാട്ടൂൽ പഞ്ചായത്ത്
8) മാട്ടൂൽ സൗത്ത് - മാട്ടൂൽ പഞ്ചായത്ത്
9) തെക്കുമ്പാട് - മാട്ടൂൽ പഞ്ചായത്ത്
10) മാട്ടൂൽ - മാട്ടൂൽ പഞ്ചായത്ത്
11) അഞ്ചുതെങ്ങ് (മാട്ടൂൽ നോർത്ത്) - മാട്ടൂൽ പഞ്ചായത്ത്
12) വാടിക്കൽ - മാടായി പഞ്ചായത്ത്
13) മുട്ടം - മാടായി പഞ്ചായത്ത്
14) കൊറ്റി - പയ്യന്നൂർ മുൻസിപ്പാലിറ്റി

പുതുതായി ജലപാതകൾ വികസിപ്പിക്കുമ്പോൾ താഴെ പറയുന്ന സ്ഥലങ്ങളിൽ പുതിയ ബോട്ട്ജെട്ടികൾ അത്യാവശ്യമായി നിർമിക്കേണ്ടതുണ്ട്.

എ) വളപട്ടണം-കാട്ടാമ്പളളി പുഴയിൽ

1) കക്കാട് ടെർമിനൽ ബോട്ട്ജെട്ടി - കണ്ണൂർ കോർപറേഷൻ
2) പൂല്ലൂപ്പിക്കടവ് - കണ്ണൂർ കോർപറേഷൻ
3) വാരം കടവ് - കണ്ണൂർ കോർപറേഷൻ
4) മുണ്ടേരിക്കടവ് - കൊളച്ചേരി പഞ്ചായത്ത്
5) കല്ലുകെട്ട് ചിറ - ചിറക്കൽ പഞ്ചായത്ത്
6) കാട്ടാമ്പളളി - ചിറക്കൽ പഞ്ചായത്ത്
7) കമ്പിൽ കടവ് - ആന്തൂർ മുൻസിപ്പാലിറ്റി
8) പാമ്പുരുത്തി - കൊളച്ചേരി പഞ്ചായത്ത്
9) സി.എച്ച്. ദ്വീപ് - കൊളച്ചേരി പഞ്ചായത്ത്
10) എ.കെ.ജി. ദ്വീപ് - ആന്തൂർ മുൻസിപ്പാലിറ്റി
11) മുല്ലക്കൊടി - മയ്യിൽ പഞ്ചായത്ത്
12) ആയാർമുനമ്പ് - ആന്തൂർ മുൻസിപ്പാലിറ്റി
13) തേറളായി - ചെങ്ങളായി പഞ്ചായത്ത്
14) കണ്ടക്കൈ - മയ്യിൽ പഞ്ചായത്ത്
15) ചെക്കിക്കടവ് - മയ്യിൽ പഞ്ചായത്ത്
16) മലപ്പട്ടം മുനമ്പ് കടവ് - മലപ്പട്ടം പഞ്ചായത്ത്
17) പാവന്നൂർ കടവ് - കുറ്റ്യാട്ടൂർ പഞ്ചായത്ത്
18) ചെങ്ങളായി - ചെങ്ങളായി പഞ്ചായത്ത്

ബി) കുപ്പം പുഴയിൽ

1) പഴയങ്ങാടി (റെയിൽവേപാലത്തിനടുത്ത്) - മാടായി പഞ്ചായത്ത്
2) മുട്ടുകണ്ടി - ചെറുകുന്ന് പഞ്ചായത്ത്
3) കാവിൻ മുനമ്പ് - പട്ടുവം പഞ്ചായത്ത്
4) കോട്ടക്കീൽ - ഏഴോം പഞ്ചായത്ത്
5) ഏഴോം - ഏഴോം പഞ്ചായത്ത്
6) വെളളിച്ചാങ്കീൽ - ഏഴോം പഞ്ചായത്ത്
7) കൊട്ടില - ഏഴോം പഞ്ചായത്ത്

8) പാറമ്മൽ കടവ് – ഏഴോം പഞ്ചായത്ത്
9) മംഗലശ്ശേരി – പട്ടുവം പഞ്ചായത്ത്
10) നരിക്കോട് – ഏഴോം പഞ്ചായത്ത്
11) കൂപ്പം – തളിപ്പറമ്പ് മുൻസിപ്പാലിറ്റി

സി) പാലക്കോട്–പെരുമ്പ–രാമപുരം പുഴയിൽ

1) പെരുമ്പ (ടെർമിനൽ) – പയ്യന്നൂർ മുൻസിപ്പാലിറ്റി
2) പാലക്കോട് – രാമന്തളി പഞ്ചായത്ത്
3) വെള്ളച്ചാൽ കടവ് – മാടായി പഞ്ചായത്ത്
4) മൂലക്കീൽ കടവ് – മാടായി പഞ്ചായത്ത്
5) കുന്നരു – രാമന്തളി പഞ്ചായത്ത്
6) പുതിയപുഴക്കര – കുഞ്ഞിമംഗലം പഞ്ചായത്ത്
7) കാരന്താട്/ചങ്കുരിച്ചാൽ – രാമന്തളി പഞ്ചായത്ത്
8) കല്ലേറ്റും കടവ് – രാമന്തളി പഞ്ചായത്ത്
9) പുന്നക്കടവ് – പയ്യന്നൂർ മുൻസിപ്പാലിറ്റി
10) ചൂളക്കടവ് – രാമന്തളി പഞ്ചായത്ത്
11) ചെമ്പല്ലിക്കുണ്ട് – മാടായി പഞ്ചായത്ത്
12) വയലപ്ര – ചെറുതാഴം പഞ്ചായത്ത്
13) മീൻകുഴി – പയ്യന്നൂർ മുൻസിപ്പാലിറ്റി

ഡി) അഞ്ചരക്കണ്ടി പുഴയിൽ

1) മമ്മാക്കുന്ന് – കടമ്പൂർ പഞ്ചായത്ത്
2) പാറപ്രം – പിണറായി പഞ്ചായത്ത്
3) പിണറായി – പിണറായി പഞ്ചായത്ത്
4) കമ്പനിമൊട്ട – പിണറായി പഞ്ചായത്ത്
5) മമ്പറം – വേങ്ങാട് പഞ്ചായത്ത്
6) പെരളശ്ശേരി അമ്പലം – പെരളശ്ശേരി പഞ്ചായത്ത്
7) ഓടക്കടവ് കള്ള്ഷാപ്പ് – വേങ്ങാട് പഞ്ചായത്ത്
8) ചാമ്പാട് പാലം – അഞ്ചരക്കണ്ടി പഞ്ചായത്ത്
9) പടുവിലായി – വേങ്ങാട് പഞ്ചായത്ത്
10) കീഴല്ലൂർ – കീഴല്ലൂർ പഞ്ചായത്ത്

ഇ) മാഹി പുഴ

1) ഒളവിലം പാത്തിക്കൽ – ചൊക്ലി പഞ്ചായത്ത്
2) മോന്താൽ – ചൊക്ലി പഞ്ചായത്ത്
3) കാഞ്ഞിരം കടവ് – കരിയാട് പഞ്ചായത്ത്
4) തുരുത്തി മുക്ക് – ഏറാമല പഞ്ചായത്ത്
5) കയപ്പനച്ചി – എടച്ചേരി പഞ്ചായത്ത്
6) പെരിങ്ങത്തൂർ – പെരിങ്ങളം പഞ്ചായത്ത്
7) കടവത്തൂർ/കല്ലാച്ചേരി – തൃപ്പങ്ങോട്ടൂർ പഞ്ചായത്ത്
8) മുണ്ടേരിത്തോട് – തൃപ്പങ്ങോട്ടൂർ പഞ്ചായത്ത്
9) പാറക്കടവ് – പിണറായി പഞ്ചായത്ത്

ജലപാതാ വികസനം റോഡ് ഗതാഗതത്തിനൊരു ബദൽ മാർഗം എന്നതിലുപരി പരിസ്ഥിതി സൗഹാർദപരമായ ടൂറിസം വികസനത്തിനും തൽഫലമായുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നമ്മുടെ ഗ്രാമങ്ങളുടെയും നഗരങ്ങളുടെയും നവോന്മേഷകരമായ വികസനത്തിനും വഴിതെളിക്കുമെന്നതിൽ സംശയമില്ല.

ജലപാത



Kottappuram 590.53
Perumba river 565.90 - 567.90
Perumba 565.90
Palekode river 559.75-565.90
End of Sulthan's canal 559.75
Sulthan's Canal
Kooyeri 555.90
End of Kuppam river
Sulthan's Canal starts
Kuppam river (544.70-555.90)
Azheekkal 544.70
Kattampally lock 526.78
Kattampally river 520.28- 523.08
Investigation is going on (503.48-520.28, 16.80 km)
Investigation is going on (494.08-497.55, 3.47 km)
Investigation is going on (479.18- 489.33, 10.15 km)
Mahe river ends 479.18
Thuruthi 467.69
(450.08-464.210)
Moozhikkal river ends 450.08
Moozhikkal river starts 444.418
Payyoli lock (443.218-444.418)
Akalappuzha 429.318
401.620 to 403.820 km Work arranged
Beypore Kallai canal ends 399.618
Ch: 590.53 km
State waterway Standard.
Ch: 559.75 km
Sulthan Canal
Ch: 555.90 km
State waterway Standard.
520.28 km Kattampally River.
3rd Cut
Ch: 503.48 km
1st uncut.
Ch: 467.69 km
Formation of Badagara-Mahe Canal.
450.08 KM
Width 6 M to 574 M
Payyoli lock 6 M.
Kunnijikkadavu bridge 574 M.
Ch: 412.82 km.
Width 6m to 25M
E.K Canal
NAVIGABLE
Ch: 401.62
WORKS IN PROGRESS
Width 50-80M
Kallai River
399.62
Width 20M to 40M
PROPOSED/ NOT NAVIGABLE
B.K Canal
390.32 km
PUTHUSSERY STATE
Neeleswaram
Cherupuzha
Vayakkara
Peringom
Alakadu
Karthikapuram
Pythal mala
Chevvattur
Alapadamba
Virarajendrapet
Vellur
Thrikkaripur
Eramamkuttur
Valiyaparamba
Payyavoor
Payyannur
Ettikulam
Ezhimala
Pilathara
Chemberi
Vayathur
Kuttupuza
Tholiparamba
Srikandapuram
Vallithodu
Ayyankunnu
Irikkur
Pazhassi
Aralam
Mattul
Parassinikadavu
Edayannur
Chavasseri
Muzhkunnu
Kakkayangad
Kappad
Mattannur
Peravur
Chirakkal
KANNUR
Kanichar
Kottiyoor
Kannavam
Kolayad
Periya
Kottayam
Kalavallur
Mukkie
Panniyannur
Ponoor
Mokeri
Valayam
Koroth
Peringalam
Kavilumpara
MAHE (PUDUCHERI)
Thuneri
Nadapuram
Moonnamkal
Kuttiyadi
Peruvannamoozhi
Paleri
Vadakara
Mennanyam
Perambra
Attiyadi
Kayanna
Thurayur
Payyoli
Vanmugam
Thikkadi
Pandalayini
Quilandi
Ulliyeri
Balusseri
Chemancheri
Attoli
Thiruvangoor
Elathur
Kannankara
West Hill
Karuvasseri
Kappad
Kallai



വ്യോമ ഗതാഗതം

കണ്ണൂർ ജില്ലയിലെ അന്താരാഷ്ട്ര വിമാനത്താവളം മട്ടന്നൂരിൽ പ്രവർത്തന സജ്ജമായിക്കൊണ്ടിരിക്കുകയാണ്. ജില്ലയിലെ വികസന സാധ്യതയ്ക്ക് മുതൽ കൂട്ടുന്ന ഒരു പദ്ധതിയായിരിക്കുമിത്. സാമ്പത്തിക, വ്യാവസായിക, വിവരസാങ്കേതിക, സാമൂഹിക, വിനോദസഞ്ചാര രംഗങ്ങളിലെല്ലാം വലിയൊരു കുതിച്ചു ചാട്ടത്തിന്റെ മുന്നോടിയായിരിക്കും കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം. 1996 ൽ തുടക്കം കുറിച്ച ഈ സ്വപ്ന പദ്ധതിക്ക് 2010 ഡിസംബറിൽ തറക്കല്ലിടുകയും പൊതു സ്വകാര്യ പങ്കാളിത്ത രീതിയിൽ നിർമാണം നടത്തുകയും ചെയ്തു. 2018 സപ്തംബറോടെ യാത്രാവിമാനങ്ങളുടക്കം കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. 2000 ഏക്കർ സ്ഥലത്ത് വ്യാപിച്ചു കിടക്കുന്നതും നിലവിൽ 3050 മീറ്റർ നീളമുള്ള റൺവെയുള്ളതുമായ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം സ്ഥലവ്യാപ്തികൊണ്ടും റൺവെയുടെ നീളം കൊണ്ടും കേരളത്തിൽ ഒന്നാം സ്ഥാനത്താണ്. 9600 സ്ക്വയർ മീറ്റർ വിസ്താരമുള്ള ഏകീകൃത പാസഞ്ചർ ടെർമിനലോടുകൂടിയ ഈ വിമാനത്താവളം കേരളത്തിലെ രണ്ടാമത്തേതും ഇന്ത്യയിലെ തന്നെ എട്ടാമത്തെതുമായ വലിയ ടെർമിനലാണ്. നിലവിലെ 3050 മീറ്റർ റൺവെ 4000 മീറ്ററിലേക്ക് ദീർഘിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇതു പൂർത്തിയാകുമ്പോൾ വലിയ വീതി കൂടിയ യാത്രാ വിമാനങ്ങൾക്കടക്കം ഇറങ്ങാൻ കഴിയുന്ന കേരളത്തിലെ ഏക വിമാനത്താവളമായി ഇത് മാറും. ഇതൊക്കെ കൊണ്ട് കണ്ണൂരിനെ വടക്കൻ കേരളത്തിലേക്കുള്ള **ടൂറിസം ഗേറ്റ് വേ** എന്ന് വേണമെങ്കിൽ വിശേഷിപ്പിക്കാം

പ്രവൃത്തി പൂർത്തിയാകുന്നതോടെ പ്രതിവർഷം 4.67 ദശലക്ഷം യാത്രക്കാരെയും 60758 ടൺ ചരക്കുനീക്കവും കൈകാര്യം ചെയ്യാൻ പറ്റുന്ന തരത്തിലുള്ള വിമാന സർവീസുകളാണ് ഇവിടെ പ്രതീക്ഷിക്കുന്നത്. നിർമാണം പൊതു സ്വകാര്യ പങ്കാളിത്ത (പി.പി.പി.) മാതൃകയിലാണ് നടക്കുന്നത്. ഈ മാതൃകയെ നമുക്ക് ടൂറിസം പോലുള്ള മേഖലകളിൽ കൂടി ഉപയോഗിക്കാവുന്നതാണ്.

റെയിൽവേ

ജില്ലയുടെ പടിഞ്ഞാറൻ തീരത്തുകൂടി കടന്നുപോകുന്ന റെയിൽവേക്ക് ഗതാഗതത്തിൽ വലിയ പ്രാധാന്യമുണ്ട്.

റെയിൽവെ വികസനം

1. കണ്ണൂർ നഗരത്തിൽനിന്നും എയർപോർട്ട് വരെയുള്ള പുതിയ പാതയുടെ നിർമാണം.
2. തലശ്ശേരി – മൈസൂർ റെയിൽപാത നിർമാണം.
3. റെയിൽവെ മേൽപാലങ്ങളുടെ നിർമാണം.
4. നിലവിലുള്ള റെയിൽവെ സ്റ്റേഷനുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക
5. കണ്ണൂർ റെയിൽവെ സ്റ്റേഷനിൽ മേൽപ്പാലങ്ങളുടെ വീതി അപര്യാപ്തമാണ്. അവ മെച്ചപ്പെടുത്തുക
6. കണ്ണൂർ റെയിൽവെ സ്റ്റേഷനിൽ പുതിയ പ്ലാറ്റ് ഫോം നിർമാണം.

കെട്ടിടങ്ങൾ

1. തലശ്ശേരി കെട്ടിട വിഭാഗം ഓഫീസിന്റെ കീഴിൽ 550600 ചതുരശ്രമീറ്റർ വിസ്തൃതിയിലായി 540 കെട്ടിട സമുച്ചയങ്ങളുണ്ട്. ഇവയെല്ലാം തന്നെ ഉപയോഗിച്ചു വരുന്നവയാണ്.

2. ഇതിൽ തന്നെ 362 കെട്ടിട സമുച്ചയങ്ങൾ 25 വർഷത്തിൽ കൂടുതൽ പഴക്കമുള്ളവയാണ്. ബാക്കി 132 കെട്ടിട സമുച്ചയങ്ങൾ ശരാശരി 18 വർഷം പഴക്കമുള്ളവയും 46 കെട്ടിട സമുച്ചയങ്ങൾ 10 വർഷത്തിൽ താഴെ പഴക്കമുള്ളവയുമാണ്. 25 വർഷത്തിൽ കൂടുതൽ പഴക്കമുള്ള 362 കെട്ടിടങ്ങളും കൂടുതൽ പണം കണ്ടെത്തി അറ്റകുറ്റപ്പണി നടത്തേണ്ടവയാണ്.

3. കണ്ണൂർ ജില്ലയിലെ 4 താലൂക്കുകളിലായി പല സർക്കാർ കെട്ടിടങ്ങളും വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിച്ചു വരുന്നത്. ഈ ഓഫീസുകളെ സ്ഥിരം സർക്കാർ കെട്ടിടങ്ങളിലേക്ക് മാറ്റുവാൻ പുതിയ നിമാണ പ്രവൃത്തികൾ നിർദ്ദേശിക്കാവുന്നതാണ്

4. User friendly/വയോജന സൗഹൃദം /സ്ത്രീപക്ഷ സൗഹൃദം–ജില്ലയിലെ സർക്കാർ കെട്ടിടങ്ങളിൽ റാമ്പ് സൗകര്യം ഏർപ്പെടുത്തുകയും വയോജന സൗഹൃദമാക്കുകയും ചെയ്തിട്ടുണ്ട്. സ്ത്രീപക്ഷ സൗഹൃദമാക്കുന്നതിന് വേണ്ടി ശുചിമുറികൾ, Creche (ശിശു പരിപാലന കേന്ദ്രങ്ങൾ) എന്നിവ നിർദേശിക്കാവുന്നതാണ്. ജില്ലാ ആസ്ഥാനത്തും മറ്റ് താലൂക്ക് ആസ്ഥാനങ്ങളിലും വനിതാ ജീവനക്കാർക്കുള്ള ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്താവുന്നവയാണ്.

5. കണ്ണൂർ ജില്ലയിൽ തലശ്ശേരി, കൂത്തുപറമ്പ്, തളിപ്പറമ്പ്, പയ്യന്നൂർ എന്നീ 4 മിനി സിവിൽ സ്റ്റേഷനുകൾ കാര്യക്ഷമമായി പ്രവൃത്തിക്കുന്നുണ്ട്. കൂടാതെ പിണറായി, പെരളശ്ശേരി, ഇരിട്ടി എന്നിവയ്ക്ക് വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കൽ വിവിധ ഘട്ടങ്ങളിലാണ്.

6. ഒരു കെട്ടിടത്തോട് ചേർന്ന് നിർമിക്കേണ്ട അനുബന്ധ നിർമിതികൾ കെട്ടിട സമുച്ചയങ്ങളോട് ചേർന്ന് വെഹിക്കിൾ ഷെഡ്സ്, ഡ്രൈവർമാരുടെ വിശ്രമമുറി, സ്ത്രീപക്ഷ സൗഹൃദ ശുചിമുറികൾ, Creche (ശിശു പരിപാലന കേന്ദ്രങ്ങൾ) കൾ തുടങ്ങിയവ ആവശ്യമുള്ള ഇടങ്ങളിൽ നിർമിക്കാവുന്നവയാണ്.

7. നിലവിൽ വാടക കെട്ടിടങ്ങളിൽ പ്രവൃത്തിച്ചുവരുന്ന കെട്ടിടങ്ങളെല്ലാം തന്നെ പുതുതായി നിർമിക്കേണ്ടവയാണ്.

8. Green Architectural/ Cost effective പ്രകാരം ചെയ്തിട്ടുള്ളവ പുതുതായി നിർമിച്ചുകൊണ്ടിരിക്കുന്ന കെട്ടിടങ്ങൾ എല്ലാം തന്നെ Green Arechitectural /Cost effective ആയിട്ടാണ് ചെയ്യുവരുന്നത്

ജില്ലയിലെ പൊതുമരാമത്ത്/ഇറിഗേഷൻ വകുപ്പുകളിലെ ആസ്ഥാന മന്ദിരം എന്ന നിലയിൽ പ്രവൃത്തിച്ചു വരുന്ന കോംപ്ലക്സ് വളരെ കാലപ്പഴക്കമുള്ളതാണ്. അതുപോലെ വകുപ്പുകളുടെ കീഴിലുള്ള എല്ലാ കാര്യങ്ങളെയും

ഉൾകൊള്ളിക്കാൻ സൗകര്യക്കുറവുണ്ട്. ആയതിനാൽ നിലവിൽ പൊതുമരാമത്ത് കോംപ്ലക്സ് സ്ഥിതി ചെയ്യുന്ന സ്ഥലം ഉപയോഗപ്പെടുത്തി ഒരു മൾട്ടി സ്റ്റോർഡ് കെട്ടിടത്തിന്റെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ പൂർത്തിയാകുന്നതോടെ പൊതുമരാമത്ത്/ഇറിഗേഷൻ വകുപ്പുകളുടെ എല്ലാ കാര്യാലയങ്ങളും ഒരേ കെട്ടിടത്തിൽ പ്രവർത്തിക്കാൻ സാധിക്കും.

- എൻ.ജി.ഒ. ക്വാട്ടേഴ്സ്– കണ്ണൂർ ആസ്ഥാനമായി സ്ഥിതി ചെയ്യുന്ന എൻ.ജി.ഒ. ക്വാട്ടേഴ്സിന്റെ പല കെട്ടിടങ്ങളും പഴക്കമേറിയതും പൊളിച്ചുകളയേണ്ടതുമാണ്. ആ കെട്ടിടങ്ങൾ പൊളിച്ചു മാറ്റി അവിടെ മെൻസ് ഹോസ്റ്റൽ പണിയുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. അതു പോലെ എല്ലാ പഴക്കമേറിയ ഓട് പാകിയ ക്വാട്ടേഴ്സുകളും പൊളിച്ച് ഫ്ലാറ്റ് മാതൃകയാക്കി മാറ്റേണ്ടത് വളരെ അത്യാവശ്യമാണ്.

- കോടതി സമുച്ചയം – കണ്ണൂർ ആസ്ഥാനമായി ഒരു കോടതി സമുച്ചയത്തിന്റെ പ്രൊപ്പോസൽ തയ്യാറായി വരുന്നുണ്ട്. നിലവിൽ പലയിടത്തായി ചിതറികിടക്കുന്ന കോടതികളെ ഒറ്റ കെട്ടിടത്തിൽ എത്തിക്കുകയാണ് ലക്ഷ്യം. അതോടൊപ്പം പഴകിയതും സൗകര്യമില്ലാത്തതുമായ കെട്ടിടം പൊളിച്ചു നീക്കിയാണ് പുതിയ കോടതി സമുച്ചയം ഉദ്ദേശിക്കുന്നത്. പ്രസ്തുത കെട്ടിടത്തിന്റെ പ്ലാൻ അന്തിമ ഘട്ടത്തിലാണ്.

വാർത്താവിനിമയം

ഓരോ അഞ്ചു വർഷം കഴിയുമ്പോഴേക്കും ടെക്നോളജി കാലഹരണപ്പെടുന്ന രീതിയിലുള്ള ഒരു കുതിച്ച ചാട്ടമാണ് വാർത്താവിനിമയരംഗത്ത് അനുഭവപ്പെടുന്നത്. കേവലം വോയിസ് കോളുകൾക്കായി ഉപയോഗിച്ചിരുന്ന ടെലിഫോൺ എക്സ്ചേഞ്ചുകൾ ഇന്ന് ഡാറ്റ നെറ്റവർക്കുകളിലേക്കു വഴിമാറിയിരിക്കുന്നു. വോയിസ്, വീഡിയോ, ഡാറ്റ ഇത് മൂന്നും കൈകാര്യം ചെയ്യാൻ പറ്റുന്ന ഒരു ശൃംഖല ആണ് ഇന്നത്തെ വാർത്താവിനിമയം.

ടെലികോം രംഗത്തെ രണ്ടു പ്രധാന മേഖലയാണ് വയർലസ്സ് കമ്മ്യൂണിക്കേഷനും വയേർഡ് കമ്മ്യൂണിക്കേഷനും. ഇതു തമ്മിലുള്ള വ്യത്യാസം ഉപഭോക്താവിൽ എത്തുന്ന last mile മാത്രമേ ഉള്ളൂ. ഈ ലാസ്റ്റ് മൈലിൽ ഉണ്ടാക്കുന്ന മേൽക്കൈ ആണ് ഒരു സേവനദാതാവിനെ ഒന്നാമതും രണ്ടാമതും ഒക്കെ എത്തിക്കുന്നത്. മലകളും താഴ്വാരങ്ങളും ചേർന്നുള്ള കണ്ണൂർ ജില്ല പോലുള്ള പ്രദേശത്തു രണ്ടു ടെക്നോളജിയും (wireless & wired) ഒരു പോലെ ആവശ്യമാണ്.

വയർലസ്സ് കമ്മ്യൂണിക്കേഷൻ സേവനദാതാവിനെ സംബന്ധിച്ചിടത്തോളം വളരെ ഭാരിച്ച മുതൽ മുടക്ക് (സ്പെക്ട്രം ലൈസൻസ്) വേണ്ടുന്ന ഒന്നാണ്, മാത്രമല്ല നാലോ അഞ്ചോ സേവനദാതാവിനു മാത്രമേ ഒരു പ്രദേശത്തു ഒരേ സമയത്തു (ലിമിറ്റഡ് ആയുള്ള wireless bandwidth) ഓപ്പറേറ്റ് ചെയ്യാൻ പറ്റുകയുള്ളൂ. വയർലസ്സ് കമ്മ്യൂണിക്കേഷനിൽ 3G, 4G കഴിഞ്ഞു ഇപ്പൊൾ 5Gയെ പറ്റി ഗവർമെന്റ് ആലോചന തുടങ്ങിയിരിക്കുന്നു.

കോപ്പർ കേബിളിൽ വോയിസിനു പകരം ഡാറ്റ കൊടുത്തുകൊണ്ടാണ് 56 Kbps സ്പീഡിൽ ഇന്റർനെറ്റ് സൗകര്യവും BSNL ലഭ്യമാക്കി തുടങ്ങിയത്. പിന്നീട് അത് മെച്ചപ്പെട്ട ADSL സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ട് അതെ കോപ്പർ കേബിളിൽ 24Mbps വരെ ആയി ഉയർത്തി. ഇന്ന് ഒപ്റ്റിക്കൽ ഫൈബർ കേബിളിന് 100 കണക്കിന് Mbps വേഗത കൈവരിക്കാൻ കഴിയും.

300 അടി ദൂരം വരെ 600Mbpsനും മുകളിൽ കവറേജ്കിട്ടുന്ന Wi-Fi ടെക്നോളജി ഇന്ന് വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. വീടുകളിലും ഓഫീസുകളിലും ഉപഭോക്താക്കൾക്ക് ഈ ടെക്നോളോജി വളരെ ഉപകാരപ്രദമാണ്. ഇതിനു പുറമെ ജനങ്ങൾ കൂടിനിൽക്കുന്ന ബസ് സ്റ്റാൻഡ്, റെയിൽവേ സ്റ്റേഷൻ, ആശുപത്രികൾ, മാളുകൾ ഇവിടങ്ങളിൽ സേവനദാതാക്കൾ Wi-Fi Hotspot എന്ന സൗകര്യം ലഭ്യമാക്കി തുടങ്ങിയിട്ടുണ്ട്. ജില്ലയിൽ BSNLന്റെ 159 ഓളം Wi-Fi Hotspotകൾ പ്രവർത്തനക്ഷമമാണ്.

ബ്രോഡ്ബാൻഡ് രംഗത്തുള്ള ലൈസൻസ് നേടൽ താരതമ്യേന ലഘുവായതിനാൽ നൂറുകണക്കിന് സേവനദാതാക്കൾ ആണ് ഇന്ത്യയിൽ ഉള്ളത്. ഈ ലൈസൻസ് ഓൾ ഇന്ത്യ, സംസ്ഥാനം, ജില്ല അടിസ്ഥാനത്തിൽ ലഭ്യമാണ്.

ടെലിവിഷനും ഇന്റർനെറ്റും ഇപ്പോൾ പരസ്പര പൂരകങ്ങൾ ആയുള്ള സർവീസുകൾ ആണ്. ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ വഴി ഈ രണ്ടു സേവനങ്ങളും ഒരേ സമയത്തു കൊടുക്കുവാൻ പറ്റുന്നതാണ്. എല്ലാ ടെലിഫോൺ എക്സ്ചേഞ്ചുകളും BSNLന്റെ നാഷണൽ ഇൻഫർമേഷൻ & ബ്രോഡ്കാസ്റ്റിംഗ് (NIB) നെറ്റ്വർക്കുമായി ബന്ധപ്പെടുത്തിയിട്ടുള്ളതിനാൽ FTTH സംവിധാനം BSNLനു ജില്ലയൊട്ടുക്കും സാധ്യമാണ്. ചെറുകിട കേബിൾ ടിവി

ഓപ്പറേറ്റർമാർക്ക് ഒപ്റ്റിക്കൽ കേബിൾ ശൃംഖലയിലേക്ക് കണക്ട് ചെയ്താൽ വളരെ പെട്ടെന്ന് FTTH സൗകര്യം വീടുകളിൽ എത്തിക്കാൻ പറ്റും.

ജില്ലയിൽ ഇന്നുള്ള പ്രശ്നങ്ങൾ, പോരായ്മകൾ

- സിഗ്നൽ കവറേജ് വേണ്ടരീതിയിൽ കിട്ടുന്നില്ല എന്നുള്ളത് മൊബൈൽ കമ്മ്യൂണിക്കേഷൻ രംഗത്ത് പൂർണമായും പരിഹരിക്കപ്പെടാതെ നിൽക്കുന്ന ഒരു പരാതി ആണ്.
- 3G, 4G സേവനങ്ങളിൽ ഗ്രാമീണ മേഖല ഒഴിവാക്കപ്പെട്ടിരിക്കുകയാണ്.
- റെയിൽവേ പാത, പ്രധാന റോഡുകൾ, വ്യാപാര സമുച്ചയങ്ങൾ എന്നിവ പൂർണമായും മൊബൈൽ കവറേജിൽ വരേണ്ടതാണ്. ഇതിന്റെ കൂടെത്തന്നെ കുറ്റമറ്റ രീതിയിലുള്ള ഇന്റർനെറ്റ് സൗകര്യം എല്ലാ വീടുകളിലും എത്തേണ്ടതുണ്ട്.
- സ്വകാര്യ ടെലികോം സേവനദാതാക്കൾ ഒപ്റ്റിക്കൽ ഇന്റർനെറ്റ് വഴി ടെലിവിഷനും നൽകുമ്പോൾ ഇപ്പോൾ ഉള്ള ചെറുകിട കേബിൾ TV ഓപ്പറേറ്റർമാർ പ്രതിസന്ധിയിലാകാൻ സാധ്യത ഉണ്ട്.
- എല്ലാ സ്കൂളുകളിലും കോളേജുകളിലും അതിവേഗ ഇന്റർനെറ്റിനുള്ള സൗകര്യം ഒരുക്കേണ്ടതാണ്.
- തദ്ദേശഭരണ സ്ഥാപനങ്ങൾ അതിവേഗ ഇന്റർനെറ്റുവഴി കണക്ട് ചെയ്യുന്നത് ഭരണ സംവിധാനത്തിലുള്ള വേഗം കൂട്ടാൻ സഹായിക്കും.
- സർക്കാർ സേവനങ്ങൾ നൽകുന്ന അക്ഷയ കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കണം.
- റോഡുകളിൽ വെള്ളത്തിനായുള്ള പൈപ്പുകൾ, ഇലക്ട്രിസിറ്റി കേബിളുകൾ മറ്റ സേവനദാതാക്കളുടെ കേബിളുകൾ എന്നിവ ഇടുമ്പോൾ വിശിഷ്യ BSNLന്റെ കേബിളുകൾക്കു ധാരാളം തകരാറുകൾ പറ്റുന്നുണ്ട്.
- പുതുതായി വരുന്ന റോഡുകളിൽ ടെലികോം കേബിളുകൾ ഇടാനുള്ള സൗകര്യം ഏർപ്പെടുത്തി കാണുന്നില്ല.

അക്ഷയ പദ്ധതി

ഒരു കുടുംബത്തിലെ ഒരംഗത്തിനെയെങ്കിലും കമ്പ്യൂട്ടർ സാക്ഷരനാക്കുക എന്ന ഉദ്ദേശ്യത്തോടെ സംസ്ഥാന സർക്കാർ തുടക്കം കുറിച്ച അക്ഷയ പദ്ധതി ഇന്ന് വിവിധതരം സർക്കാർ സർക്കാറിതര ഓൺലൈൻ സേവനങ്ങൾ സംസ്ഥാനത്തിന്റെ എല്ലാ പ്രദേശങ്ങളിലും സർക്കാർ നിശ്ചയിച്ച ഏകീകൃത ഫീസ് നിരക്കിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന ഒരു മഹാ പ്രസ്ഥാനമായി വളർന്നു പന്തലിച്ചു നിൽക്കുന്നു. 2002 ൽ മലപ്പുറം ജില്ലയിൽ അന്നത്തെ രാഷ്ട്രപതിയായിരുന്ന യശ്ശശരീരനായ ഡോ. എ.പി.ജെ. അബ്ദുൾ കലാം ആണ് 'അക്ഷയ' ഉദ്ഘാടനം ചെയ്തത്. ഇന്ന് റവന്യൂ, ഭക്ഷ്യ സുരക്ഷ വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, സിവിൽ സപ്ലൈസ്, വിദ്യാഭ്യാസ വകുപ്പ്, ട്രഷറി, തൊഴിൽ വകുപ്പ്, പിന്നാക്ക ക്ഷേമ വകുപ്പ്, ആദായ നികുതി വകുപ്പ്, സാമൂഹ്യ സുരക്ഷ വകുപ്പ്, വാണിജ്യ നികുതി വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, രജിസ്ട്രേഷൻ വകുപ്പ് തുടങ്ങിയ വകുപ്പുകളുടെ വിവിധ സേവനങ്ങൾ അക്ഷയയിൽ ലഭ്യമാണ്.

കണ്ണൂർ ജില്ലയിൽ അക്ഷയ പദ്ധതിക്ക് തുടക്കം കുറിച്ചത് 2005 ഡിസംബറിലാണ്. ഇ-സാക്ഷരത, സമഗ്ര ആരോഗ്യ ഇൻഷൂറൻസ് പദ്ധതിയുടെ രജിസ്ട്രേഷൻ, ആധാർ, ഇ-ഡിസ്ട്രിക്ട്, ബാങ്കിംഗ് സേവനങ്ങൾ, ഭക്ഷ്യ സുരക്ഷ രജിസ്ട്രേഷൻ തുടങ്ങിയ പദ്ധതികളിലെല്ലാം കണ്ണൂർ ജില്ല മികച്ച നേട്ടം കൈവരിച്ചിട്ടുണ്ട്. 2007 സപ്തംബർ 22 ന് കണ്ണൂർ ജില്ല സമ്പൂർണ ഇ-സാക്ഷരത ജില്ലയായി പ്രഖ്യാപിക്കപ്പെട്ടു. ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിലും മുൻസിപ്പാലിറ്റികളിലും ആരംഭിച്ച അക്ഷയ ഇ-കേന്ദ്രങ്ങളിലൂടെയായിരുന്നു ഈ ലക്ഷ്യം പൂർത്തീകരിക്കാനായത്. മാതൃഭാഷയിൽ കമ്പ്യൂട്ടറിനെ ഉപയോഗിക്കാനും അറിയാനും ഉതകുന്ന മലയാളം കമ്പ്യൂട്ടിംഗ് സംസ്ഥാനത്ത് ആരംഭിച്ചത് കണ്ണൂർ ജില്ലയിലാണ്. മാതൃഭാഷയെ കമ്പ്യൂട്ടറുമായി അടുപ്പിക്കുന്നതിനും പ്രചാരം വർദ്ധിപ്പിക്കുന്നതിനുമായാണ് ഈ പദ്ധതിക്ക് തുടക്കം കുറിച്ചത്. നമുക്ക് ജില്ലയിൽ നിലവിൽ 223 അക്ഷയ കേന്ദ്രങ്ങളാണ് പ്രവർത്തിച്ചുവരുന്നത്. കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ തുടങ്ങാനുള്ള പ്രാഥമിക പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ട്.

വിനോദ സഞ്ചാരം

തറികളുടെും തിറകളുടെയും നാടായ കണ്ണൂരിൽ ടൂറിസം മേഖല ഒരു കുതിച്ച ചാട്ടത്തിന് തയ്യാറെടുക്കുകയാണ്. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളവും, അഴീക്കൽ ഇറമുഖവും പ്രവർത്തന സജ്ജമാവുമ്പോൾ സഞ്ചാരികളുടെ ജില്ലയിലേക്കുള്ള ഒഴുക്ക് വർദ്ധിക്കുന്നതാണ്. അടിസ്ഥാന സൗകര്യവികസനവും ടൂറിസം മേഖലയുടെ വികസനവും അത്യന്താപേക്ഷിതമാണ്. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലെല്ലാം തന്നെ ടൂറിസ്റ്റുകൾക്ക്, കേരളത്തിന്റെ തനത സാംസ്കാരികത വിളിച്ചോത്തുന്ന തരത്തിലുള്ള താമസസൗകര്യം ഒരുക്കേണ്ടതാണ്. ഇതിന്റെ നടത്തിപ്പിനായും മറ്റും കുടുംബശ്രീ പോലുള്ള സംഘങ്ങൾക്കോ സഹകരണ സംഘങ്ങൾക്കോ ചുമതല ഏൽപ്പിക്കാവുന്നതാണ്. ആറളം ഫാമിൽ ഫാം ടൂറിസത്തിനുള്ള അനന്ത സാധ്യതകൾ നിലനിൽക്കുന്നുണ്ട്. മലബാർ മേഖല ലോകത്തിലെ തന്നെ ടൂറിസം ഹബ്ബായി മാറ്റാൻ വേണ്ടുന്ന പ്രോത്സാഹനങ്ങൾ ടൂറിസം വകുപ്പിൽ നിന്ന് ലഭിക്കുന്നുണ്ട്

ടൂറിസം

പടിഞ്ഞാറ് കടൽത്തീരം മുതൽ കിഴക്ക് മലയോര മേഖലകൾ വരെ വ്യത്യസ്ത സ്വഭാവസവിശേഷതകളോടുകൂടിയ മനോഹരങ്ങളായ ധാരാളം വിനോദ സഞ്ചാര കേന്ദ്രങ്ങൾ കണ്ണൂരിലുണ്ട്. കണ്ണൂർ പയ്യാമ്പലം കടപ്പുറം പ്രകൃതി സൗന്ദര്യത്തിന് പേരുകേട്ടതാണ്. പ്രശസ്ത ശിൽപ്പി കാനായി കുഞ്ഞിരാമൻ നിർമിച്ച അമ്മയും കുഞ്ഞും എന്ന മൺശിൽപ്പം ഇവിടെയുണ്ട്. സ്വദേശാഭിമാനി രാമകൃഷ്ണപിള്ള, എ.കെ.ജി., പാമ്പൻ മാധവൻ, കെ.ജി.മാരാർ, ഇ.കെ.നായനാർ, അഴീക്കോടൻ രാഘവൻ, സി.കണ്ണൻ, ചടയൻ ഗോവിന്ദൻ, സുകുമാർ അഴീക്കോട് തുടങ്ങിയവരുടെ ശവകുടീരങ്ങൾ കുടികൊള്ളുന്നത് ഇവിടെയാണ്.

കണ്ണൂരിലെ സെന്റ് ആഞ്ചലോസ് കോട്ട ചരിത്രപ്രാധാന്യമുള്ള ടൂറിസ്റ്റ് കേന്ദ്രമാണ്. കേരളത്തിലെ ഏക മുസ്ലീം രാജവംശമായ അറക്കൽ രാജകൊട്ടാരത്തിലെ ദർബാർ ഹാൾ ഇപ്പോൾ അറക്കൽ മ്യൂസിയമായി സംരക്ഷിച്ചുവരുന്നു. കണ്ണൂർസിറ്റിയിലാണ് ചരിത്രത്തിലെ അമൂല്യ രേഖകളും യുദ്ധോപകരണങ്ങളും മറ്റ് വസ്തുക്കളും അടക്കമുള്ള പൈതൃക സ്വത്തുക്കൾ പ്രദർശിപ്പിക്കുന്ന അറക്കൽ മ്യൂസിയം സ്ഥിതിചെയ്യുന്നത്. 1705ൽ ബ്രിട്ടീഷുകാർ സ്ഥാപിച്ച തലശ്ശേരി കോട്ടയും സമീപത്തുള്ള സെന്റ് ജോൺസ് ദേവാലയവും പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളാണ്. ഹെർമൻ ഗുണ്ടർട്ട് താമസിച്ചിരുന്ന ഇല്ലിക്കുന്നിലെ ഭവനം ഗുണ്ടർട്ട് ബംഗ്ലാവായി സംരക്ഷിച്ചുപോരുന്നു.

ഒരുകാലത്ത് തലശ്ശേരിയിൽ നിന്നും കടൽ മാർഗമുള്ള വാണിജ്യ പ്രവർത്തനങ്ങൾക്ക് വേണ്ടി നിർമിക്കപ്പെട്ടതാണ് തലശ്ശേരി കടൽപ്പാലം. അറബിക്കടലിലേക്ക് തള്ളിനിൽക്കുന്ന ഈ കടൽപ്പാലം 1910ൽ ഈസ്റ്റ് ഇന്ത്യാ കമ്പനി നിർമിച്ചതാണ്. സുഗന്ധദ്രവ്യ കയറ്റുമതിക്ക് വേണ്ടി ധാരാളം ചെറുകപ്പലുകൾ ഇവിടെ വന്നടുത്തിരുന്നു. 1971 വരെ കയറ്റിറക്കുമതി നടന്നിരുന്ന കടൽപ്പാലം ഇന്ന് അറബിക്കടലിന്റെ സൗന്ദര്യാസ്വാദന കേന്ദ്രമായി മാറിയിരിക്കുന്നു.

ജില്ലയിലെ അതിമനോഹരമായ കടൽത്തീരമാണ് മുഴപ്പിലങ്ങാട് ബീച്ച്. കണ്ണൂരിനും തലശ്ശേരിക്കും ഇടയിൽ ദേശീയപാതക്ക് സമാന്തരമായാണ് ഈ കടൽത്തീരം സ്ഥിതിചെയ്യുന്നത്. 5 കിലോമീറ്റർ ദൂരമുള്ള ഏഷ്യയിലെ ഏറ്റവും വലിയ ഡ്രൈവ് ഇൻ ബീച്ചാണ് മുഴപ്പിലങ്ങാട് ബീച്ച്. ഇതിനടുത്തുതന്നെ കടലില് 200 മീറ്റർ ഉള്ളിലായി പ്രകൃതിമനോഹരമായ ധർമടം തുരുത്ത് സ്ഥിതിചെയ്യുന്നു. ധർമടം തുരുത്തിനടുത്തുള്ള ധർമടം ബീച്ച് കാറ്റാടി മരങ്ങൾ നിറഞ്ഞ മനോഹരമായ കടലോരമാണ്. കണ്ണൂർ അഴീക്കലിലെ മീൻകുന്ന് ബീച്ച്, വെള്ളിക്കീൽ കടവ് ടൂറിസ്റ്റ് സെന്റർ എന്നിവയും അറബിക്കടലിന്റെ മനോഹാരിത ആവാഹിച്ച ബീച്ചുകളാണ്.

നടുവിൽ പഞ്ചായത്തിലെ പാലക്കയംതട്ട് മലയോര മേഖലയിലെ ജൈവവൈവിധ്യം നിറഞ്ഞ ടൂറിസ്റ്റ് കേന്ദ്രമാണ്. ജില്ലാ ആസ്ഥാനത്ത് നിന്നും 65 കിലോമീറ്റർ കിഴക്കായി 4500 അടി ഉയരത്തിലുള്ള വിനോദസഞ്ചാര കേന്ദ്രമാണ് പൈതൽമല. കേരള കർണാടക അതിർത്തിയിലായി സ്ഥിതിചെയ്യുന്ന പൈതൽമല കുളിർമ്മയുള്ള കാലാവസ്ഥയാലും മനോഹരമായ കാഴ്ചകളാലും ധാരാളം വിനോദസഞ്ചാരികളെ ആകർഷിക്കുന്ന ഒരു ട്രക്കിംഗ് കേന്ദ്രമാണ്. ഇതിനടുത്തുതന്നെയുള്ള ജാനുപ്പാറ വെള്ളച്ചാട്ടം അതിമനോഹരവും താരതമ്യേന അപായരഹിതവുമാണ്.

ജില്ലയിൽ മലയോരമേഖലയിലെ പ്രധാന ഇക്കോടൂറിസം കേന്ദ്രമാണ് കാഞ്ഞിരക്കൊല്ലി. ശശിപ്പാറയും വെള്ളച്ചാട്ടവും ഇവിടുത്തെ പ്രധാന കാഴ്ചയാണ്. തുപ്രങ്ങോട്ടൂർ പഞ്ചായത്തിലെ കുടിയേറ്റ കേന്ദ്രമായ നരിക്കോട്മല മനോഹരമായ കാഴ്ചകളാൽ സമീപകാലത്ത് വിനോദസഞ്ചാരികളെ ഏറെ ആകർഷിച്ച സ്ഥലമാണ്. മാലൂർ പുരളിമല ചിത്രപീഠവും ഉയരക്കാഴ്ചകൾ കൊണ്ട് ആളുകളെ ആകർഷിക്കുന്നു. ജൈവവൈവിധ്യംകൊണ്ട് ശ്രദ്ധേയമായ പ്രകൃതിസുന്ദരമായ കുന്നിൻ പ്രദേശമാണ് മാടായിപ്പാറ. 600 ഓളം ഏക്കറിൽ പരന്നു കിടക്കുന്ന ഈ പ്രദേശത്ത് ഏത് വേനലിലും വറ്റാത്ത കുളങ്ങളുണ്ട്. ജൂതൻമാർ പണിതതിനാൽ ഈ പാറക്കുളങ്ങൾ ജൂതക്കുളമെന്നും അറിയപ്പെടുന്നു. ഭാരതത്തിൽ ആദ്യമായി ജൂതകുടിയേറ്റം നടന്നത് ഇവിടെയാണെന്ന് വിശ്വസിക്കപ്പെടുന്നു. മാടായിക്കാവ്, വടുകുന്ദ ശിവക്ഷേത്രം, പന്ത്രണ്ടാം നൂറ്റാണ്ടിൽപണിത

മാടായി മുസ്ലീം പള്ളി എന്നിവ ഇവിടെയാണ്. മുണ്ടേരി പക്ഷിനിരീക്ഷണ കേന്ദ്രം പ്രകൃതിയുടെ മറ്റൊരു വരദാനമാണ്. കണ്ണൂർ നഗരത്തിൽ നിന്നും 16 കിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്ന പറശ്ശിനിക്കടവ് പാമ്പ് വളർത്തുകേന്ദ്രം വിവിധതരം പാമ്പുകളുടെയും ഉരഗവർഗങ്ങളുടെയും പക്ഷികളുടെയും സംരക്ഷണ പ്രദർശന കേന്ദ്രമാണ്. ശീതീകരിച്ച പ്രത്യേക കൂട്ടിൽ സംരക്ഷിക്കപ്പെടുന്ന രാജവെമ്പാലകളടക്കം 150 ഓളം ഇനം പാമ്പുകൾ ഇവിടെയുണ്ട്. ധാരാളം സന്ദർശകർ എത്തുന്ന ഇവിടെ ഓരോ മണിക്കൂർ കൂടുമ്പോഴും പാമ്പുകളെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ നടത്തപ്പെടുന്നു.

കണ്ണൂരിലെ പുരാതന രാജവംശമായ മൂഷിക രാജാക്കൻമാരുടെ ആസ്ഥാനമായിരുന്ന ഏഴിമല ജില്ലാ ആസ്ഥാനത്ത് നിന്നും 38 കിലോമീറ്റർ വടക്കായി സ്ഥിതിചെയ്യുന്നു. ഹനുമാൻ മരുത്വാമല കൊണ്ടുവരുമ്പോൾ അതിന്റെ ഒരു ഭാഗം അടർന്ന് വീണ് ഉണ്ടായതാണ് ഏഴിമല എന്ന ഐതിഹ്യമുണ്ട്. ഹനുമാന്റെ 41 അടി ഉയരമുള്ള വലിയ ഒരു പ്രതിമ ഏഴിമലയിലെ ഉയർന്ന പ്രദേശമായ പരുത്തിക്കാട് ഉണ്ട്. വളരെ ഉയരത്തിലുള്ള ദീപസ്തംഭവും ഏഴിമല കടൽത്തീരത്തുണ്ട്. നാവിക അക്കാദമി പ്രവർത്തിക്കുന്ന സ്ഥലമായതിനാൽ പ്രവേശനത്തിന് അനുമതി ആവശ്യമാണ്.

ജില്ലയിലെ തലശ്ശേരിക്കടുത്ത നൂമാഹി പഞ്ചായത്തിൽ മയ്യഴിപ്പുഴയുടെ തീരത്ത് സ്ഥിതിചെയ്യുന്ന മലയാള കലാഗ്രാമം കലാപഠനത്തിനും സാംസ്കാരിക സംവാദങ്ങൾക്കുമുള്ള ഒരു വേദിയാണ്. മലയാള സാഹിത്യത്തിലെ ആധുനികതയുടെ വക്താവായ എം.ഗോവിന്ദന്റെ ആശയങ്ങൾ കലാഗ്രാമം രൂപപ്പെടുന്നതിൽ ഗണ്യമായ പങ്കുവഹിച്ചിട്ടുണ്ട്. സംഗീതം, നൃത്തം, ചിത്രകല, ശിൽപ്പനിർമാണം തുടങ്ങിയവയെല്ലാം അഭ്യസിപ്പിക്കുന്ന ഇവിടെ നാല് ആർട്ട് ഗ്യാലറികളും കുമാരനാശാന്റെ വെങ്കല ശിൽപ്പവും ഉണ്ട്. കുടക് മലകളിൽനിന്നും വയനാടൻ കാടുകളിൽ നിന്നും ഉത്ഭവിച്ച് അറബിക്കടലിലേക്ക് ഒഴുകുന്ന വളപട്ടണം പുഴക്ക് കുറുകെ മട്ടന്നൂരിൽ ജലസേചനത്തിനായി പണിത പഴശ്ശി അണക്കെട്ട് പ്രധാന വിനോദ സഞ്ചാര കേന്ദ്രമാണ്.

വളപട്ടണം പുഴയോട് ചേർന്ന് സ്ഥിതിചെയ്യുന്ന പറശ്ശിനിക്കടവ് മുത്തപ്പൻ ക്ഷേത്രം ജില്ലയിലെ പ്രധാന തീർത്ഥാടന കേന്ദ്രമാണ്. കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും മുത്തപ്പൻ തെയ്യക്കോലം കാണാൻ നിരവധി വിശ്വാസികൾ പറശ്ശിനിക്കടവിലെത്തുന്നു. ദക്ഷിണ കാശിയെന്നറിയപ്പെടുന്ന കൊട്ടിയൂർ അമ്പലവും കണ്ണൂർ ജില്ലയിലാണ്. മലയോര മേഖലയായ കൊട്ടിയൂരിൽ എല്ലാവർഷവും നടക്കുന്ന വൈശാഖ മഹോത്സവത്തിന് മറ്റ് ജില്ലകളിൽ നിന്നടക്കം ആയിരക്കണക്കിന് ഭക്തരാണ് എത്തിച്ചേരുന്നത്. പഴശ്ശിരാജയുടെ കുലദേവതാ സ്ഥാനമുള്ള മുഴക്കുന്ന് മൂദംഗശൈലേശ്വരി ക്ഷേത്രം സമീപകാലത്ത് വാർത്താപ്രധാന്യം നേടുകയും തീർത്ഥാടനകേന്ദ്രമായി പരിണമിക്കുകയും ചെയ്തിട്ടുണ്ട്. കണ്ണവം തൊടീക്കളം ശിവക്ഷേത്രം ചുവർചിത്രകലയുമായി ബന്ധപ്പെട്ട പ്രശസ്തമായ ക്ഷേത്രമാണ്.

കണ്ണവം വെളുമ്പത്ത് മുസ്ലീം പള്ളി, മാടായി പള്ളി, ഇരിക്കൂർ നിലാമുറ്റം പള്ളി, മെരുവമ്പായി പള്ളി, മട്ടന്നൂർ പാലോട്ടുപള്ളി, പുറത്തിൽപള്ളി, നുച്യാട് കോടാറമ്പ് പള്ളി, കണ്ണൂർ അറക്കൽ പള്ളി, തലശ്ശേരി ഓടത്തിൽപള്ളി തുടങ്ങിയവ പൗരാണികതകൊണ്ടും വാസ്തുശിൽപ്പം കൊണ്ടും ചരിത്രപ്രാധാന്യം കൊണ്ടും ശ്രദ്ധേയമായ മുസ്ലീം ആരാധനാലയങ്ങളാണ്.

വള്ളിത്തോട് സെന്റ് ജൂഡ് ദേവാലയം, കോളയാട് വിശുദ്ധ അൽഫോൻസാമ്മയുടെ പള്ളി, ചന്ദനക്കാംപാറയിലെ മദർതെരേസ പള്ളി, മടപ്പുരച്ചാൽ വേളാങ്കണ്ണി ദേവാലയം, തലശ്ശേരി സെന്റ് ജോൺസ് പള്ളി, ഏലപ്പീടിക വിശുദ്ധ സെബാസ്റ്റ്യനോസിന്റെ നാമധേയത്തിലുള്ള ദേവാലയം, ജില്ലയിലെ ആദ്യ ഇംഗ്ലീഷ് പള്ളിയായ ബർണശ്ശേരി പള്ളി തുടങ്ങിയവ ജില്ലയിലെ പ്രശസ്തങ്ങളായ ക്രിസ്ത്യൻ ആരാധനാകേന്ദ്രങ്ങളാണ്.

സഞ്ചാരികളെ ആകർഷിക്കുന്ന ജില്ലയിലെ പ്രധാന കേന്ദ്രങ്ങൾ

1. പയ്യാമ്പലം ബീച്ച്
2. സെന്റ് ആഞ്ചലോസ് ഫോർട്ട്
3. അറക്കൽ മ്യൂസിയം
4. മുഴപ്പിലങ്ങാട് ഡ്രൈവിങ്ങ് ബീച്ച്
5. പൈതൽ മല
6. പാലക്കയം തട്ട്
7. കാഞ്ഞിരക്കൊല്ലി
8. കവ്വായി ബാക്ക് ടവർ
9. പറശ്ശിനിക്കടവ് മുത്തപ്പൻ ക്ഷേത്രം
10. ധർമടം അണ്ടല്ലൂർ കാവ്
11. കൊട്ടിയൂർ മഹാശിവക്ഷേത്രം
12. തെയ്യം

കണ്ണൂർ ജില്ലയിലെ ടൂറിസം വളർച്ചയ്ക്കുതകുന്ന പദ്ധതി നിർദേശങ്ങൾ

1. പയ്യാമ്പലം ബിച്ചിന്റെ സമഗ്ര വികസനത്തിന് വേണ്ടിയുള്ള മാസ്റ്റർ പ്ലാൻ
2. ധർമടം തുരുത്തിന്റെ വികസനം
3. പൈതൽമലയിൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുമായി ചേർന്ന് ട്രക്കിങ്ങ് റോപ് വേ
4. പാന്തർ വാഴമലയിൽ ഫോറസ്റ്റുമായി ചേർന്ന് കാട്ടിനുള്ളിലൂടെയുള്ള ട്രക്കിങ്ങ് വ്യൂ പോയന്റ് ഡവലപ്മെന്റും, കുഞ്ഞുപറമ്പ് നിയോജകമണ്ഡലത്തിലെ കനകമലയിൽ കയാക്കിങ്ങ്, സ്കൂബാ ഡൈവിങ്ങ്, പാരാഗ്ലൈഡിംങ്ങ്, പാരാ സെയിലിങ്ങ്, ട്രക്കിങ്ങ് തുടങ്ങിയ അഡ്വഞ്ചർ ആക്ടിവിറ്റീസും
5. മമ്പറം ടൗൺ സ്ക്വയർ
6. പയ്യന്നൂർ ഉളിയടത്ത് കടവ്
7. പൈതൽമല ഏഴരകുണ്ട് വികസനം
8. ആനക്കുളം
9. ചെട്ടിയാർ കുളം
10. കണ്ണൂർ കക്കാടുള്ള പാലക്കാട് സ്വാമി മഠത്തോട് ചേർന്നുള്ള പ്രദേശത്തിന്റെ വികസനം

ടൂറിസ്റ്റ് സെന്ററുകളുടെയും ടൂറിസ്റ്റ് സാദ്ധ്യതയുള്ള പ്രദേശങ്ങളെയും ബന്ധിപ്പിച്ചുള്ള റോഡ് വികസനവും അടിസ്ഥാന സൗകര്യവികസനവും അത്യാവശ്യമാണ്. ആയതിനാൽ അടിയന്തിരമായി വികസനം ആവശ്യമായ റോഡുകളുടെ പട്ടിക ചുവടെ കൊടുക്കുന്നു.

1. പയ്യാമ്പലം ബിച്ച് പാർക്കിലേക്കുള്ള റോഡ്
2. വെള്ളിക്കീൽ എക്കോ ടൂറിസം ഏരിയ റോഡ്
3. മുഴപ്പിലങ്ങാട് ബിച്ച് ആന്റ് സെൻട്രൽ പാർക്കിലേക്കുള്ള വിവിധ റോഡുകൾ
4. ധർമടം ബിച്ച് ടൂറിസം സെന്റർ റോഡ്
5. പൂതിയങ്ങാടി ചൂടാട് ബിച്ച് റോഡ് പാർക്ക് റോഡ്
6. ചൂടാട് ചിൽഡ്രൺസ് പാർക്ക് റോഡ്
7. ചാല് ബീച്ച് പാർക്ക് റോഡ്
8. ഓവർബറീസ് ഫോളി, തലശ്ശേരി റോഡ്
9. വയലപ്ര പരപ്പ് പാർക്ക് റോഡ്
10. പൈതൽമല ഡി.ടി.പി.സി. റിസോർട്ട് റോഡ്
11. നടുവിൽ - പാലക്കയം തട്ട് ടൂറിസം സെന്റർ റോഡ്
12. പഴശ്ശി ഉദ്യാനം റോഡ്
13. വണ്ണാത്തി പുഴ റിവർസൈഡ് പാർക്ക് പദ്ധതി പ്രദേശത്തേക്കുള്ള റോഡ്
14. കാപ്പാട് ബണ്ട്, പയ്യന്നൂർ (പയ്യന്നൂർ ബാക്ക് വാട്ടർ ടൂറിസം പദ്ധതി) റോഡ്
15. പഴയങ്ങാടി റിവർ സൈഡ് പാർക്ക് പദ്ധതി പ്രദേശത്തേക്കുള്ള റോഡ്
16. ഏഴരക്കുണ്ട് വെള്ളച്ചാട്ടം റോഡ്
17. കൊട്ടിയൂർ ക്ഷേത്രം - പാലുകാച്ചി റോഡ്
18. ആനക്കുളം റോഡ് കണ്ണൂർ
19. വ്യൂ പോയന്റ് ഏഴിമല റോഡ്
20. മൂദംഗശൈലേശ്വര ക്ഷേത്രം, മുഴക്കുന്ന്
21. മാടായിപ്പാറ റോഡ്
22. മുണ്ടേരിക്കടവ് പക്ഷി സങ്കേതം റോഡ്
23. ശ്രീ ദക്ഷിണ മൂർത്തി സ്വാമി മൊമെന്റോ മ്യൂസിയം, മക്രേരി റോഡ്
24. കാഞ്ഞിരക്കൊല്ലി ടൗൺ - ശശിപ്പാറ റോഡ്
25. ഫോക് ലോർ അക്കാദമി റോഡ്, ചിറക്കൽ
26. മംഗലശ്ശേരി ബോട്ട് റേസ് പവിലയൻ പദ്ധതി
27. മണത്തണ - ഓടത്തോട് - ചപ്പാത്ത് - ആറളം ഫാം - പാല , ആറളം ഫാം - കീഴ്പ്പള്ളി - ആറളം ഫാം ഓഫീസ്, ആറളം വന്യജീവ സങ്കേതത്തിലേക്കുള്ള റോഡ്
28. തൊടീക്കളം ക്ഷേത്രം, കണ്ണവം റോഡ്
29. പിൽ ഗ്രീം അമിനിറ്റി സെന്റർ വേളം മഹാഗണപതി ക്ഷേത്രം റോഡ്

സി ആർ സെഡ് പ്രശ്നങ്ങൾ-കണ്ണൂരിന്റെ ഭ്രപ്രകൃതിയനുസരിച്ച് പുഴകളും താഴ്വരകളും ആയതിനാലും ഭ്ര വിസ്തൃതി വളരെ കുറവായ പ്രദേശമായതിനാലും പുഴയോരങ്ങളോട് ചേർന്നുള്ള ടൂറിസം വികസനത്തിന് സി ആർ സെഡ് നിബന്ധനകൾ തടസ്സം സൃഷ്ടിക്കുന്നുണ്ട്. പ്രധാനമായും സി.ആർ. സെഡ് അനുമതിക്കുള്ള നിബന്ധനകളിൽ ടൂറിസത്തിന് പ്രത്യേക ഇളവുകൾ ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നത് ഉപകാരപ്രദമായിരിക്കും.

4.4 പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ
4.4(എ) പട്ടികജാതി, പട്ടികവർഗ വികസനം

ഇന്ത്യൻ ഭരണ ഘടനയുടെ 341-മത് അനുച്ഛേദത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന സമുദായങ്ങളിൽപ്പെട്ടവരാണ് പട്ടികജാതി വിഭാഗക്കാർ. നൂറ്റാണ്ടുകളായുള്ള വിവേചനത്തിന്റെ ഇരകളായി പാർശ്വവൽക്കരിക്കപ്പെട്ട പ്രസ്തുത വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്നത് ക്ഷേമരാഷ്ട്ര നിർമാണത്തിലേയ്ക്കുള്ള പ്രധാന ചുവടുവയ്പ്പാണ്. പട്ടികജാതിക്കാരുടെ ക്ഷേമത്തിനായി നിരവധി പദ്ധതികൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും, പ്രാദേശിക ഭരണകൂടങ്ങളുടെയും നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. തൽഫലമായി പട്ടികജാതിക്കാരുടെ പൊതു അവസ്ഥ ഗണ്യമായി മെച്ചപ്പെട്ടിട്ടുണ്ട് എങ്കിലും ഇതര സമുദായങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ലക്ഷ്യത്തിലേക്ക് ഏറെ ദൂരം സഞ്ചരിക്കേണ്ടതുണ്ട് എന്ന് മനസ്സിലാക്കാവുന്നതാണ്.

കണ്ണൂർ ജില്ലയിലെ ആകെ ജനസംഖ്യയിൽ 3.3 ശതമാനം പട്ടികജാതിക്കാരാണ്. സമീപജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ കണ്ണൂർ ജില്ലയിലെ പട്ടികജാതിക്കാർ മെച്ചപ്പെട്ട ജീവിത നിലവാരം പുലർത്തുന്നവരാണ് എന്ന് കാണാൻ കഴിയും. എന്നാൽ സാമൂഹ്യ, വിദ്യാഭ്യാസ, സാമ്പത്തിക രംഗങ്ങളിൽ ജില്ലയിലെ മുഖ്യധാരാ സമൂഹം കൈവരിച്ചിട്ടുള്ള പുരോഗതി ആർജ്ജിക്കുവാൻ പട്ടികജാതി വിഭാഗക്കാർക്ക് കഴിഞ്ഞിട്ടില്ല എന്നത് സത്വര ശ്രദ്ധ പതിയേണ്ടുന്ന വസ്തുതയാണ്.

ജില്ലയിലെ പട്ടികജാതി ജനസംഖ്യാ സംബന്ധമായ വിവരങ്ങൾ

	ആകെ ജനസംഖ്യ			പട്ടികജാതി ജനസംഖ്യ			
പേര്	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	പട്ടികജാതി ശതമാനം
പയ്യന്നൂർ ബ്ലോക്ക്	**307131**	**144121**	**163010**	**14328**	**6911**	**7417**	**4.67**
രാമന്തളി	25711	12526	13185	1208	577	631	4.7
കരിവെള്ളൂർ-പെരളം	21105	9800	11305	921	445	476	4.36
കാങ്കോൽ- ആലപ്പടവ്	19325	9221	10104	1162	559	603	6.01
എരമം-കുറ്റൂർ	27830	13158	14672	670	326	344	2.41
പെരിങ്ങോം-വയക്കര	29374	14809	14565	1198	589	609	4.08
ചെറുപുഴ	30733	15004	15729	790	374	416	2.57
കടന്നപ്പള്ളി-പാണപ്പുഴ	21785	10246	11539	585	273	312	2.69
മാട്ടൂർ	27806	12464	15342	833	396	437	3
കുഞ്ഞിമംഗലം	18965	8438	10527	1103	515	588	5.82
ചെറുതാഴം	29348	13571	15777	1565	751	814	5.33
ഏഴോം	19261	8716	10545	1729	845	884	8.98
മാടായി	35888	16168	19720	2564	1261	1303	7.14
തളിപ്പറമ്പ്	**354208**	**166664**	**187544**	**18084**	**8763**	**9321**	**5.11**
ചപ്പാരപ്പടവ്	31622	15322	16300	1086	534	552	3.43
ആലക്കോട്	34878	17179	17699	846	413	433	2.43
ഉദയഗിരി	18804	9307	9497	196	95	101	1.04
നടുവിൽ	31190	15280	15910	254	126	128	0.81
കുറുമാത്തൂർ	31023	14655	16368	923	473	450	2.98
പരിയാരം	32878	15591	17287	1526	711	815	4.64
പട്ടുവം	15659	7214	8445	1288	627	661	8.23
ചെങ്ങളായി	30559	14609	15950	1923	973	950	6.29
ചെറുകുന്ന്	16111	7153	8958	1158	556	602	7.19
കണ്ണാപുരം	18459	8220	10239	1299	597	702	7.04
നാറാത്ത്	26769	12035	14734	3063	1472	1591	11.44
പാപ്പിനിശ്ശേരി	35134	15988	19146	3025	1460	1565	8.61
കല്ല്യാശ്ശേരി	31122	14111	17011	1497	726	771	4.81
ഇരിക്കൂർ	**239621**	**114952**	**124669**	**7861**	**3907**	**3954**	**3.28**
ശ്രീകണ്ഠാപുരം	33489	16186	17303	1712	832	880	5.11
എരുവേശ്ശി	19216	9519	9697	272	144	128	1.42

പയ്യാവൂർ	22998	11373	11625	203	90	113	0.88
ഉളിക്കൽ	35429	17457	17972	504	248	256	1.42
പടിയൂർ-കല്ല്യാട്	21524	10526	10998	535	260	275	2.49
മലപ്പട്ടം	9628	4497	5131	481	242	239	5
മയ്യിൽ	29649	13810	15839	1433	722	711	4.83
ഇരിക്കൂർ	13820	6690	7130	151	75	76	1.09
കൂറ്റ്യാട്ടൂർ	25925	12174	13751	1082	558	524	4.17
കൊളച്ചേരി	27943	12720	15223	1488	736	752	5.33
കണ്ണൂർ	**163911**	**75982**	**87929**	**9620**	**4548**	**5072**	**5.87**
അഴീക്കോട്	47323	21526	25797	2639	1215	1424	5.58
വളപ്പട്ടണം	7955	3677	4278	184	80	104	2.31
ചിറക്കൽ	45601	21123	24478	2702	1279	1423	5.93
പുഴാതി	35212	16924	18288	2857	1412	1445	8.11
പള്ളിക്കുന്ന്	27820	12732	15088	1238	562	676	4.45
എടക്കാട്	**278804**	**127288**	**151516**	**7995**	**3850**	**4145**	**2.87**
മുണ്ടേരി	37029	17003	20026	1190	578	612	3.21
ചേലോറ	37960	17158	20802	2006	958	1048	5.28
എളയാവൂർ	33853	15484	18369	1268	609	659	3.75
അഞ്ചരക്കണ്ടി	23030	10646	12384	370	174	196	1.61
ചെമ്പിലോട്	34319	15571	18748	483	234	249	1.41
എടക്കാട്	40818	18483	22335	1294	623	671	3.17
കടമ്പൂർ	18979	8698	10281	290	148	142	1.53
പെരളശ്ശേരി	29107	13280	15827	643	308	335	2.21
മുഴപ്പിലങ്ങാട്	23709	10965	12744	451	218	233	1.9
ഇരിട്ടി	**185591**	**89959**	**95632**	**3436**	**1679**	**1757**	**1.85**
കൂടാളി	30239	14251	15988	572	275	297	1.89
കീഴൂർ-ചാവശ്ശേരി	40369	19543	20826	574	282	292	1.42
പായം	28196	13749	14447	879	432	447	3.12
അയ്യങ്കുന്ന്	22436	11255	11181	389	188	201	1.73
ആറളം	29328	14438	14890	388	191	197	1.32
തില്ലങ്കേരി	14583	6967	7616	248	112	136	1.7
കീഴല്ലൂർ	20440	9756	10684	386	199	187	1.89
പേരാവൂർ	**136313**	**66033**	**70280**	**2108**	**1044**	**1064**	**1.55**
കൊട്ടിയൂർ	16768	8273	8495	450	223	227	2.68
കേളകം	16506	8140	8366	238	129	109	1.44
കണിച്ചാർ	15570	7652	7918	263	119	144	1.69
പേരാവൂർ	23558	11319	12239	403	201	202	1.71
മുഴക്കുന്ന്	21807	10532	11275	237	120	117	1.09
മാലൂർ	22314	10667	11647	307	149	158	1.38
കൊളയാട്	19790	9450	10340	210	103	107	1.06
ഇരിഞ്ഞിപറമ്പ്	**256371**	**118569**	**137802**	**3080**	**1519**	**1561**	**1.2**
ചിറ്റാരിപ്പറമ്പ്	23878	11281	12597	231	119	112	0.97
പാട്ട്യം	30502	14105	16397	325	158	167	1.07
കണ്ണോത്ത്പറമ്പ്	39392	18161	21231	403	201	202	1.02
തൃപ്പങ്ങോട്ടൂർ	29911	13644	16267	487	234	253	1.63
വെങ്ങാട്	38606	18101	20505	537	265	272	1.39
മാങ്ങാട്ടിടം	34652	16357	18295	538	266	272	1.55
മൊകേരി	19684	9039	10645	197	103	94	1
പാനൂർ	17438	7834	9604	139	70	69	0.8
പന്നിയന്നൂർ	22308	10047	12261	223	103	120	1
തലശ്ശേരി	**225601**	**102415**	**123186**	**3695**	**1799**	**1896**	**1.64**
കോട്ടയം-മലബാർ	19176	8813	10363	268	134	134	1.4

പിണറായി	33706	15555	18151	562	282	280	1.67
ധർമടം	30804	13987	16817	615	284	331	2
എരഞ്ഞോളി	25818	11741	14077	363	189	174	1.41
കതിരൂർ	31087	13926	17161	366	179	187	1.18
ന്യൂമാഹി	16303	7171	9132	189	77	112	1.16
ചൊക്ലി	28415	12745	15670	573	275	298	2.02
കരിയാട്	20747	9562	11185	439	214	225	2.12
പെരിങ്ങളം	19545	8915	10630	320	165	155	1.64
പഞ്ചായത്ത് ആകെ	**2147551**	**1005983**	**1141568**	**70207**	**34020**	**36187**	**3.27**
തളിപ്പറമ്പ് മുൻസിപ്പാലിറ്റി	72465	33779	38686	2814	1352	1462	3.88
പയ്യന്നൂർ മുൻസിപ്പാലിറ്റി	72111	33405	38706	4018	1921	2097	5.57
കണ്ണൂർ കോർപറേഷൻ	56823	26298	30525	2674	1282	1392	4.71
കണ്ണൂർ കന്റോൺമെന്റ്	4798	3408	1390	194	94	100	4.04
മട്ടന്നൂർ മുൻസിപ്പാലിറ്റി	47078	22658	24420	945	453	492	2.01
ഇരിട്ടി മുൻസിപ്പാലിറ്റി	29619	13454	16165	402	177	225	1.36
തലശ്ശേരി മുൻസിപ്പാലിറ്റി	92558	42461	50097	2096	961	1135	2.26
ആകെ	**2523003**	**1181446**	**1341557**	**83350**	**40260**	**43090**	**3.3**

(അവലംബം: 2011 സെൻസസ് റിപ്പോർട്ട്)

പട്ടികജാതി വികസന വകുപ്പ് തയ്യാറാക്കിയ കണക്കുകൾ പ്രകാരം (2015-16)													
		സങ്കേതങ്ങളിൽ				ഒറ്റപ്പെട്ട കുടുംബങ്ങളിൽ				ആകെ			
			ജനസംഖ്യ				ജനസംഖ്യ				ജനസംഖ്യ		
ക്രമ നമ്പർ	പട്ടികജാതി വിഭാഗം	കുടുംബങ്ങൾ	പുരുഷൻമാർ	സ്ത്രീകൾ	ആകെ	കുടുംബങ്ങൾ	പുരുഷൻമാർ	സ്ത്രീകൾ	ആകെ	കുടുംബങ്ങൾ	പുരുഷൻമാർ	സ്ത്രീകൾ	ആകെ
1	ആദിദ്രാവിഡ	15	26	26	52	20	30	45	75	27	56	71	127
2	അജില	0	0	0	0	2	4	6	10	2	4	6	10
3	അരുന്ധതീയർ	25	31	41	72	10	20	25	45	25	51	66	117
4	അയ്യനവർ	0	0	0	0	1	2	3	5	1	2	3	5
5	ഭാരതർ, പരവൻ	100	227	193	420	555	1301	1286	2587	643	1528	1479	3007
6	ചക്ലിയൻ	348	679	696	1375	204	504	496	1000	507	1183	1192	2375
7	ചെറുമൻ	50	69	71	140	40	90	94	184	75	159	165	324
8	ഡൊബൈൻ	0	0	0	0	1	2	2	4	1	2	2	4
9	കാക്കാലൻ, കാക്കൻ	0	0	0	0	4	8	8	16	4	8	8	16

10	കള്ളാടി	5	4	2	6	5	10	15	25	7	14	17	31
11	കണക്കൻ, പടന്ന, പടന്നൻ	8	15	14	29	53	100	102	202	58	115	116	231
12	കവറ	14	23	21	44	63	120	108	228	72	143	129	272
13	കൊറവൻ, സിദ്ധനർ, കൊറവർ, കൊറവ, സിദ്ധന	132	194	174	368	200	373	390	763	567	531	564	1095
14	മൈല	2	2	2	4	0	0	0	0	1	2	2	4
15	മലയൻ	334	541	564	1105	1207	2630	2790	5420	3171	3071	3354	6425
16	മണ്ണാൻ, പതിയൻ, പെരുമണ്ണാൻ, വണ്ണാൻ, വേലൻ	698	1141	1217	2358	2913	5537	6110	11647	6678	6578	7327	13905
17	മോഗർ	0	0	0	0	5	14	6	20	5	14	6	20
18	പള്ളൻ	3	1	2	3	8	16	17	33	11	17	19	36
19	പുള്ളുവൻ	75	93	112	205	298	605	667	1272	305	698	779	1477
20	പാണൻ	0	0	0	0	15	31	25	56	15	31	25	56
21	പറൈയൻ, പറയൻ, സാംബവൻ, സാബവർ, സാംബവ, പറയ, പറൈയ പറയർ	179	281	273	554	249	507	515	1022	378	788	788	1576

22	പുലയൻ, ചേരമർ, പുലയ, പുലയർ, ചേരമ, ചേരമൻ, വയനാട് പുലയന്, മാത, മാതപുലയൻ	6060	13189	14056	27245	4010	8634	9037	17671	9920	21823	23093	44916
23	തണ്ടാൻ	1	3	2	5	6	18	9	27	7	21	11	32
24	വള്ളുവൻ	581	1184	1225	2409	315	710	705	1415	896	1894	1930	3824
25	വേടൻ	0	0	0	0	1	2	2	4	1	2	2	4
26	വേട്ടുവൻ, പുലയ വേട്ടുവൻ	26	54	62	116	57	120	135	255	83	174	197	371
	ആകെ	**8656**	**17757**	**18753**	**36510**	**10242**	**21388**	**22598**	**43986**	**23460**	**38909**	**41351**	**80260**

ജില്ലയിൽ ആകെ 612 സങ്കേതങ്ങളാണ് ഉള്ളത്. ആകെ പട്ടികജാതി ജനസംഖ്യയുടെ 43.80 ശതമാനത്തോളം സങ്കേതങ്ങൾക്കകത്ത് താമസിക്കുന്നു. ജില്ലയിലെ സങ്കേതങ്ങൾ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 38 ൽ** ചേർത്തിരിക്കുന്നു.

സങ്കേതങ്ങളുടെ സ്ഥലപരമായ വിവരണം

കുടുംബങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ സങ്കേതങ്ങൾ

ക്രമനം	പട്ടികജാതി കുടുംബങ്ങൾ	സങ്കേതങ്ങൾ		ജനസംഖ്യ	
		എണ്ണം	ശതമാനം	എണ്ണം	ശതമാനം
1	5-10 കുടുംബങ്ങൾ	353	57.68	10770	29.5
2	11-20 കുടുംബങ്ങൾ	160	26.14	10817	29.63
3	21-30 കുടുംബങ്ങൾ	49	8.01	5655	15.49
4	31-40 കുടുംബങ്ങൾ	32	5.23	4997	13.69
5	41-50 കുടുംബങ്ങൾ	9	1.47	1874	5.13
6	51-60 കുടുംബങ്ങൾ	5	0.82	1232	3.37
7	61-70 കുടുംബങ്ങൾ	3	0.49	777	2.13
8	71-80 കുടുംബങ്ങൾ	1	0.16	388	1.06
	ആകെ	**612**	**100**	**36510**	**100**

സ്ഥിതിചെയ്യുന്ന പ്രദേശത്തിന്റെ അടിസ്ഥാനത്തിൽ സങ്കേതങ്ങൾ

ക്രമനം	പ്രദേശം	സങ്കേതങ്ങൾ		കുടുംബങ്ങൾ		ജനസംഖ്യ	
		എണ്ണം	ശതമാനം	എണ്ണം	ശതമാനം	എണ്ണം	ശതമാനം
1	കുന്നിൻപ്രദേശം	191	31.21	2587	32.1	11265	3085
2	നിരപ്പായ പ്രദേശം	330	53.92	4364	54.15	20069	5497
3	തുരുത്ത്	5	0.82	75	0.93	394	1.08
4	ആറ്റുവരമ്പ്/ പാടത്തിന്റെ വരമ്പ്	34	5.56	447	5.55	2058	5.64
5	വെള്ളക്കെട്ട്	23	3.76	268	3.33	1211	3.32
6	ചേരിപ്രദേശം	5	0.82	69	0.86	350	0.96
7	മറ്റ് പ്രദേശം	24	3.92	249	3.09	1163	3.19
	ആകെ	**612**	**100**	**8059**	**100**	**36510**	**100**

വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ സങ്കേതങ്ങൾ

ക്രമ നം	സങ്കേതങ്ങളിലേക്കുള്ള വഴി	സങ്കേതങ്ങൾ		കുടുംബങ്ങൾ		ജനസംഖ്യ	
		എണ്ണം	ശതമാനം	എണ്ണം	ശതമാനം	എണ്ണം	ശതമാനം
1	നടപ്പാത/ഫൂട്ട് സ്റ്റെപ്പ്	124	20.26	1404	17.42	6634	18.17
2	ബണ്ട്/നടവരമ്പ്	17	2.78	116	1.44	581	1.59
3	സ്വകാര്യ ഭൂമിയിലെ ഒറ്റയടിപ്പാത	28	4.58	243	3.02	1107	3.03
4	സഞ്ചാര യോഗ്യമല്ലാത്ത വഴി	6	0.98	69	0.86	320	0.88
5	തോണി/കടത്ത്/ബോട്ട്	1	0.16	20	0.25	98	0.27
6	വാഹന സഞ്ചാരയോഗ്യമായ റോഡ്	385	62.91	5723	71.01	25753	70.54
7	വാഹന സഞ്ചാരയോഗ്യമല്ലാത്ത റോഡ്	44	7.19	432	5.36	1772	4.85
8	മറ്റ് മാർഗങ്ങൾ	7	1.14	52	0.65	245	0.67
	ആകെ	**612**	**100**	**8059**	**100**	**36510**	**100**

സങ്കേതങ്ങളിൽ 60 ശതമാനത്തോളം 10ൽ താഴെ കുടുംബങ്ങൾ താമസിക്കുന്ന ചെറു സങ്കേതങ്ങളാണ്.

തൊഴിൽ:– 15-59 വയസ്സുകൾക്കിടയിൽ പ്രായമുള്ളവരിൽ 26,909/ പേർതൊഴിൽ എടുക്കുന്നവരാണ്. വരുമാനദായകമായ തൊഴിലിൽ ഏർപ്പെടുന്ന സ്ത്രീകളുടെ എണ്ണം ഒട്ടും തൃപ്തികരമല്ല. തൊഴിൽ ചെയ്യുന്നവരിൽ ഭൂരിഭാഗവും അസംഘടിത മേഖലയിലാണ്. കാർഷിക മേഖലയിലും, കെട്ടിട നിർമാണ രംഗത്തുമാണ് വലിയൊരു വിഭാഗം ജനങ്ങളും തൊഴിലെടുക്കുന്നത്. കാർഷികേതര മേഖലയിൽ കൂലിവേല ചെയ്ത് ഉപജീവനം നടത്തുന്നവരുടെ എണ്ണം വളരെ കൂടുതലാണ്. സർക്കാർ അർദ്ധ സർക്കാർ സ്ഥാപനത്തിൽ തൊഴിലെടുക്കുന്നവരുടെ എണ്ണം പരിമിതമാണ്. സ്ഥിരവരുമാനം ലഭിക്കുന്ന മറ്റു തൊഴിലുകളിലേർപ്പെടുന്നവരുടെ എണ്ണവും പരിമിതമാണ്. സഹകരണ സ്ഥാപനങ്ങൾക്ക് കാര്യമായ വേരോട്ടം ലഭിച്ചിട്ടുള്ള ജില്ലയാണെങ്കിലും ഈ മേഖലയിൽ തൊഴിലെടുക്കുന്ന പട്ടികജാതിക്കാരുടെ എണ്ണം വളരെ തുച്ഛമാണ് എന്ന് കാണാവുന്നതാണ്. പട്ടികജാതിക്കാരുടെ ഉടമസ്ഥതയിലുള്ള സംരംഭങ്ങളുടെ എണ്ണം 169 ആണ്.

ജില്ലയിലെ പട്ടികജാതിക്കാരുടെ ഉമസ്ഥതയിലുള്ള സൂക്ഷ്മ, ചെറുകിട സംരംഭകരുടെ വിവരങ്ങ ൾ

ക്രമനം	സംരംഭങ്ങളുടെ പേര്	എണ്ണം
1	വസ്തുനിർമാണം, വിതരണം	52
2	ഭക്ഷ്യസംസ്കരണം	14
3	ലഘു എഞ്ചിനീയറിംഗ്, ഓട്ടോമൊബൈൽ	25
4	ഫർണിച്ചർ	11
5	ഐ.ടി.അധിഷ്ഠിത യൂണിറ്റുകൾ	9
6	സോപ്പ്, കെമിക്കൽ ഉത്പാദന യൂണിറ്റുകൾ	5
7	ഹാൻഡി ക്രാഫ്റ്റ് യൂണിറ്റുകൾ	9

8	കെട്ടിട നിർമാണ സാമഗ്രികൾ	8
9	ബ്യൂട്ടി പാർലർ	8
10	ആരോഗ്യ സേവനം	5
11	പരമ്പരാഗത ചെറുകിട വ്യവസായം	4
12	മറ്റുള്ളവ, വാണിജ്യ സ്ഥാപനങ്ങൾ ഉൾപ്പെടെ	19
	ആകെ	**169**

(അവലംബം: ജില്ലാ വ്യവസായ കേന്ദ്രം തയ്യാറാക്കിയ കണക്ക്)

വിദ്യാഭ്യാസം:- നടപ്പുവർഷം 1072 പട്ടികജാതി വിദ്യാർത്ഥികൾ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയിട്ടുണ്ട്. 6 വയസ്സു പൂർത്തിയായ കുട്ടികളിൽ ഏതാണ്ട് മുഴുവൻ പേരും സ്കൂളിൽ പ്രവേശനം നേടുന്നുണ്ട്. പ്രൈമറി, സെക്കണ്ടറി തലത്തിൽ കൊഴിഞ്ഞു പോക്ക് വളരെ കുറവാണ്. എന്നാൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് ആശാവഹമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. പ്രൊഫഷണൽ സ്ഥാപനത്തിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതുണ്ട്. അഖിലേന്ത്യാ പ്രവേശന പരീക്ഷകളിൽ പങ്കെടുക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം കുറവാണ് എന്ന് മാത്രമല്ല, വിജയശതമാനം കുറവാണ് എന്നതും ശ്രദ്ധ പതിയേണ്ട വിഷയമാണ്.

ജില്ലയിലെ പ്രീ-മെട്രിക് ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ

ക്ലാസ്സ്	ബോയ്സ്	ഗേൾസ്	ആകെ കുട്ടികളുടെ എണ്ണം
I	547	525	1072
II	490	458	948
III	508	469	977
IV	516	469	985
V	542	487	1029
VI	570	518	1088
VII	537	501	1038
VIII	513	502	1015
IX	608	552	1160
X	458	498	956
ആകെ	**5289**	**4979**	**10268**

2016-17 വർഷങ്ങളിൽ പോസ്റ്റ്മെട്രിക് കോഴ്സുകളിൽ (സർക്കാർ/എയ്ഡഡ്) പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ

ക്രമ നം	കോഴ്സിന്റെ പേര്	വിദ്യാർത്ഥികളുടെ എണ്ണം
1	ബിരുദ കോഴ്സുകൾ	601
2	മെഡിക്കൽബിരുദ കോഴ്സുകൾ (എം.ബി.ബി.എസ്., ബി.ഡി.എസ് ബി.എ.എം.എസ്, ബി.എച്ച്.എം.എസ്.)	14
3	എഞ്ചിനീയറിംഗ് ബിരുദ കോഴ്സുകൾ	48
4	മെഡിക്കൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ	2
5	എഞ്ചിനിയറിംഗ് ബിരുദ ബിരുദാനന്തര കോഴ്സുക ൾ	10
6	പാരാമെഡിക്കൽ കോഴ്സുകൾ	22
7	മറ്റ് ബിരുദാനന്തര ബിരുദ കോഴ്സുകൾ	198

8	മറ്റ് സാങ്കേതിക കോഴ്സുകൾ (പോളിടെക്നിക് മുതലായവ)	241
	ആകെ	**1136**

സാമ്പത്തിക പ്രയാസങ്ങളും മറ്റും കാരണം പഠനം തുടരാൻ ബുദ്ധിമുട്ടനുഭവിക്കുന്നവർക്കായി പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 7 പ്രീമെട്രിക് ഹോസ്റ്റലുകളും, 1 പോസ്റ്റ്മെട്രിക് ഹോസ്റ്റലും പ്രവർത്തിക്കുന്നു. കൂടാതെ മൂന്ന് നഴ്സറി സ്കൂളുകളും ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്.

ജില്ലയിലെ പട്ടികജാതി വികസന ഓഫീസുകൾ സംബന്ധിച്ച വിവരങ്ങൾ.

ക്രമനം	പട്ടികജാതി വികസന ആഫീസ്	ചുമതലയുള്ള തദ്ദേശ ഭരണസ്ഥാപനങ്ങൾ
1	തളിപ്പറമ്പ് ബ്ലോക്ക്	തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത്, തളിപ്പറമ്പ് നഗരസഭ, ആന്തൂർ നഗരസഭ
2	പയ്യന്നൂർ ബ്ലോക്ക്	പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്, പയ്യന്നൂർ നഗരസഭ
3	കണ്ണൂർ ബ്ലോക്ക്	കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത്, കണ്ണൂർ കോർപറേഷൻ
4	എടക്കാട് ബ്ലോക്ക്	എടക്കാട് ബ്ലോക്ക് പഞ്ചായത്ത്, കൂത്തുപറമ്പ് ബ്ലോക്ക്, കൂത്തുപറമ്പ് നഗരസഭ
5	പാനൂർ ബ്ലോക്ക്	പാനൂർ ബ്ലോക്ക് പഞ്ചായത്ത്, പാനൂർ നഗരസഭ, തലശ്ശേരി ബ്ലോക്ക്, തലശ്ശേരി നഗരസഭ
6	കല്ല്യാശ്ശേരി ബ്ലോക്ക്	കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത്
7	ഇരിക്കൂർ ബ്ലോക്ക്	ഇരിക്കൂർബ്ലോക്ക് പഞ്ചായത്ത്, പേരാവൂർ ബ്ലോക്ക് പഞ്ചായത്ത്, ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത്, ഇരിട്ടി നഗരസഭ ശ്രീകണ്ഠാപുരം നഗരസഭ, മട്ടന്നൂർ നഗരസഭ

ഹോസ്റ്റലുകളുടെ വിവരങ്ങൾ

ക്രമനം	ഹോസ്റ്റലിന്റെ പേര്/സ്ഥലം	തദ്ദേശ ഭരണസ്ഥാപനം	പ്രവേശിപ്പിക്കാവുന്ന കുട്ടികളുടെ എണ്ണം	നിലവിലുള്ള കുട്ടികളുടെഎണ്ണം
1	ഗവ.പ്രീമെട്രിക് ഹോസ്റ്റൽ(ബോയ്സ്)	ശ്രീകണ്ഠാപുരം നഗരസഭ	30	10
2	ഗവ.പ്രീമെട്രിക് ഹോസ്റ്റൽ (ബോയ്സ്) മയ്യിൽ	മയ്യിൽ ഗ്രാമപഞ്ചായത്ത്	30	20
3	ഗവ.പ്രീമെട്രിക് ഹോസ്റ്റൽ (ബോയ്സ്) കതിരൂർ	കതിരൂർ	30	24
4	ഗവ.പ്രീമെട്രിക് ഹോസ്റ്റൽ (ബോയ്സ്) പഴയങ്ങാടി	ചെറുതാഴം	30	21
5	ഗവ.പ്രീമെട്രിക് ഹോസ്റ്റൽ (പെൺ) തളിപ്പറമ്പ്	തളിപ്പറമ്പ് മുൻസിപ്പാലിറ്റി	30	22
6	ഗവ.പ്രീമെട്രിക് ഹോസ്റ്റൽ(പെൺ)അഴീക്കോട്	അഴീക്കോട്	30	19
7	ഗവ.പ്രീമെട്രിക് ഹോസ്റ്റൽ(പെൺ)തലശ്ശേരി	തലശ്ശേരി മുൻസിപ്പാലിറ്റി	30	29
8	ഗവ.പോസ്റ്റ്മെട്രിക് ഹോസ്റ്റൽ, താണ കണ്ണൂർ	കണ്ണൂർ കോർപറേഷൻ	39	34

നഴ്സറി സ്കൂളുകളുടെ വിവരങ്ങൾ

ക്രമ നം	നഴ്സറി സ്കൂളിന്റെ പേര്/സ്ഥലം	തദ്ദേശ ഭരണസ്ഥാപനം	പ്രവേശിപ്പിക്കാവുന്ന കുട്ടികളുടെ എണ്ണം	നിലവിലുള്ള കുട്ടികളുടെ എണ്ണം
1	ഗവ.നഴ്സറി സ്കൂൾ, വാതിൽമട	പയ്യാവൂർ	25	14
2	ഗവ.നഴ്സറി സ്കൂൾ, കാട്ടാമ്പള്ളി	ചിറക്കൽ	25	25
3	ഗവ.നഴ്സറി സ്കൂൾ, വളപട്ടണം	അഴീക്കോട്	25	15

പട്ടികജാതി വികസന വകുപ്പിന് കീഴിൽ മാടായിയിൽ ഒരു ഐ.ടി.ഐ. പ്രവർത്തിക്കുന്നുണ്ട്. ജില്ലയിൽ ഒരു മോഡൽ റസിഡെൻഷ്യൽ സ്കൂൾ തുടങ്ങുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ഇതിനായി 15 കോടി രൂപ ചെലവിൽ ഒരു കെട്ടിടം നിർമിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. മത്സര പരീക്ഷയിൽ പങ്കെടുക്കുന്നതിനായി വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന് ഒരു പ്രീ-എക്സാമിനേഷൻ ടെയിനിംഗ് സെന്റർ കണ്ണൂരിൽ ആരംഭിക്കാനുദ്ദേശിക്കുന്നു. ഇതിനായി 1 കോടി രൂപ ചെലവിൽ കെട്ടിടം നിർമിക്കുന്നതിനുള്ള പദ്ധതി നിർദേശം സമർപ്പിച്ചിട്ടുണ്ട്. കല്ല്യാശ്ശേരിയിൽ സിവിൽ സർവീസ് പരിശീലന കേന്ദ്രം ആരംഭിക്കുന്നതിന് കണ്ണൂർ ജില്ലാ പഞ്ചായത്തും, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യുക്കേഷൻ കേരള എന്ന സ്ഥാപനവും ചേർന്ന് ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ട്.

പട്ടികജാതി സഹകരണ സംഘങ്ങൾ

ജില്ലയിൽ 16 സഹകരണ സംഘങ്ങൾ നിലവിലുണ്ട്. സംഘങ്ങളുടെ വിവരങ്ങൾ താഴെകൊടുക്കുന്നു.

പട്ടികജാതി സഹകരണ സംഘങ്ങൾ

ക്രമ നം	സംഘങ്ങളുടെ പേര്	തദ്ദേശ ഭരണ സ്ഥാപനം	ആകെ അംഗങ്ങൾ
1	തളിപ്പറമ്പ് ബ്ലോക്ക് പട്ടികജാതി സഹകരണ സംഘം	തളിപ്പറമ്പ് നഗരസഭ	2662
2	ശ്രീകണ്ഠാപുരം പട്ടികജാതി സഹകരണ സംഘം	ശ്രീകണ്ഠാപുരം നഗരസഭ	1362
3	പയ്യന്നൂർ പട്ടികജാതി സഹകരണ സംഘം	പയ്യന്നൂർ നഗരസഭ	566
4	മട്ടന്നൂർ പട്ടികജാതി സർവീസ് സഹകരണ സംഘം	മട്ടന്നൂർ നഗരസഭ	654
5	പാപ്പിനിശ്ശേരി പട്ടികജാതി സർവീസ് സഹകരണ സംഘം	പാപ്പിനിശ്ശേരി	1494
6	അഴീക്കോട് പട്ടികജാതി സർവീസ് സഹകരണ സംഘം	അഴീക്കോട്	1169
7	ചാലാട് പട്ടികജാതി സർവീസ് സഹകരണ സംഘം	പള്ളിക്കുന്ന്	694
8	ചിറക്കൽ പട്ടികജാതി സർവീസ് സഹകരണ സംഘം	ചിറക്കൽ	939

9	കണ്ണാടിപ്പറമ്പ് പട്ടികജാതി സർവീസ് സഹകരണ സംഘം	നാറാത്ത്	1093
10	ചെറുകുന്ന് പട്ടികജാതി സർവീസ് സഹകരണ സംഘം	ചെറുകുന്ന്	536
11	പഴയങ്ങാടി പട്ടികജാതി സർവീസ് സഹകരണ സംഘം	മാടായി	576
12	എടക്കാട് പട്ടികജാതി സർവീസ് സഹകരണ സംഘം	എടക്കാട്	362
13	അംബേദ്കർ മെമ്മോറിയൽ പട്ടികജാതി ക്ഷേമ സഹകരണ സംഘം, സൗത്ത് ബസാർ, കണ്ണൂർ	കണ്ണൂർ കോർപറേഷൻ	110
14	കണ്ണൂർ ജില്ലാ പട്ടികജാതി പട്ടികവർഗ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് സഹകരണ സംഘം, കണ്ണൂർ.പി.ഒ	കണ്ണൂർ കോർപറേഷൻ	48
15	കണ്ണൂർ ജില്ലാ പ്രിയദർശിനി പട്ടികജാതി എഞ്ചിനീയറിംഗ് ലേബർ കോൺട്രാക്ട്	കണ്ണൂർ കോർപറേഷൻ	101
16	പള്ളിക്കര പട്ടികജാതി കോളനി കളക്ടീവ് ഫാമിംഗ് സഹകരണ സംഘം	ചെറുകുന്ന്	40

ഭവനം:- പട്ടികജാതി വികസന വകുപ്പും, വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങളും നടത്തിവന്ന നിരന്തര പ്രവർത്തനങ്ങളുടെ ഫലമായി ഭവനരഹിതരായ പട്ടികജാതിക്കാരുടെ എണ്ണത്തിൽ കാര്യമായ കുറവ് വന്നിട്ടുണ്ട്. ഭവനരഹിതരായ ആകെ കുടുംബങ്ങളുടെ എണ്ണം 736 ആണ് ജില്ലയിലെ പൂർത്തിയാകാത്ത ഭവനങ്ങളുടെ എണ്ണം 812 ആണ്. മുൻവർഷങ്ങളിൽ വിവിധ ഏജൻസികൾ മുഖേന ഭവന നിർമാണ ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ വലിയൊരു വിഭാഗം കുടുംബങ്ങൾ നിർമാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. നിർമാണ സാമഗ്രികളുടെ ക്രമാതീതമായ വിലവർദ്ധനവും കൂലിച്ചെലവിലുണ്ടായ വർദ്ധനവും കാരണം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുന്നില്ല. ഗതാഗത സൗകര്യങ്ങളില്ലാത്തിനാൽ നിർമാണ സ്ഥലത്തേയ്ക്ക് നിർമാണ സാമഗ്രികൾ എത്തിക്കുന്നതിന് ഭീമമായ തുക ചെലവഴിക്കേണ്ടിവരുന്നു.

ത്വരിത നഗരവൽക്കരണം കാരണം ഭൂമി വിലയിലുണ്ടായ വർദ്ധനവ് പട്ടികജാതിക്കാർക്ക് വാസയോഗ്യമായ സ്ഥലം കണ്ടെത്തുന്നതിന് തടസ്സം സൃഷ്ടിക്കുന്നു. പട്ടികജാതിക്കാർ പാരമ്പര്യമായി താമസിച്ചിട്ടുള്ള സ്ഥലങ്ങൾ കൂടുതലും വെള്ളക്കെട്ടുള്ള പ്രദേശങ്ങളോ ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളോ ആണ്.

സമ്പൂർണ ശുചിത്വം ലക്ഷ്യമാക്കി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ച പദ്ധതികൾ ഒട്ടൊക്കെ ഫലപ്രദമായി നടപ്പിലാക്കിയത് കാരണം ഈ രംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങൾ സമീപകാലത്ത് കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ഈ മേഖലയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും മാതൃകാപരമാണ്.

2016-17 ൽ ഓരോ പട്ടികജാതി വികസന ആഫീസുകൾക്ക് കീഴിലും വകുപ്പ് അനുവദിച്ച വീടുകളുടെ വിവരം

ക്രമനമ്പർ	ബ്ലോക്ക്	അനുവദിച്ചത്
1	എടക്കാട്	46
2	ഇരിക്കൂർ	59
3	കല്ല്യാശ്ശേരി	46
4	കണ്ണൂർ	75
5	പാനൂർ	21
6	പയ്യന്നൂർ	68
7	തളിപ്പറമ്പ്	76
ആകെ		**391**

ആയുർദൈർഘ്യം:- ശരാശരി ആയുർദൈർഘ്യത്തിൽ വർദ്ധവുണ്ടായിട്ടുള്ള സാഹചര്യത്തിൽ മൊത്തം ജനസംഖ്യയിൽ 60 വയസ്സിനുമേൽ പ്രായമുള്ളവരുടെ ശതമാനം വർദ്ധിച്ചിട്ടുണ്ട്. ജനസംഖ്യയുടെ 10.5 ശതമാനത്തിൻ മുകളിൽ 60 വയസ്സിനുമേൽ പ്രായമുള്ളവരാണ്. താഴ്ന്ന വരുമാനക്കാരായ വൃദ്ധ ജനങ്ങളുടെ പരിപാലനത്തിൽ പ്രത്യേക ശ്രദ്ധ പതിയേണ്ടതുണ്ട്. ജീവിത ശൈലി രോഗങ്ങൾ ഇതര സമുദായങ്ങളേക്കാൾ നേരിയ തോതിൽ കുറവാണ് എന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.

ജില്ലയിൽ ആകെയുള്ള 612 സങ്കേതങ്ങളിൽ 489 സങ്കേങ്ങളുടെയും അഞ്ചു കിലോമീറ്റർ പരിധിക്കുള്ളിൽ ഏതെങ്കിലും ആരോഗ്യ സേവന കേന്ദ്രം സ്ഥിതിചെയ്യുന്നുണ്ട്. ഇതു സംബന്ധിച്ച വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം	സേവന കേന്ദ്രങ്ങൾ സങ്കേതങ്ങൾ	സ്ഥാപനത്തിലേക്കുള്ള ദൂരത്തിന്റെ അടിസ്ഥാനത്തിൽ		
		5 കി.മീ. ൽ കുറവ്	5-25 കി.മീ.	25 കി.മീ. ൽ കൂടുതൽ
1	പ്രൈമറി ഹെൽത്ത് സെന്റർ ഉപകേന്ദ്രം	368	73	171
2	പ്രൈമറി ഹെൽത്ത് സെന്റർ	395	126	91
3	കമ്മ്യണിറ്റി ഹെൽത്ത് സെന്റർ	230	139	243
4	താലൂക്ക് ആശുപത്രി	50	404	158
5	ജില്ലാ ആശുപത്രി	30	327	255
6	ഗവ.ആയുർവേദ ആശുപത്രി/ഡിസ്പെൻസറി	337	227	48
7	ഗവ.ഹോമിയോ ആശുപത്രി/ഡിസ്പെൻസറി	305	172	135
8	മെഡിക്കൽ സ്റ്റോർ	454	102	56
9	സേവനം ഏറ്റവും അടുത്ത ലഭ്യമായിട്ടുള്ള സങ്കേതങ്ങൾ	489	65	58

പട്ടികജാതിക്കാരിൽ ചെറിയൊരു ശതമാനം ഒഴികെയുള്ളവർ ആരോഗ്യ സേവനങ്ങൾക്കായി സർക്കാർ സംവിധാനങ്ങളെയാണ് ആശ്രയിക്കുന്നത്. എന്നാൽ വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങൾ ജില്ലയിൽ അപര്യാപ്തമാണ് എന്ന് കാണാൻ സാധിക്കുന്നതാണ്.

ജില്ലയിലെ ഒട്ടുമിക്ക സങ്കേതങ്ങളിലും കുടിവെള്ള പദ്ധതികൾ നിലവിലുണ്ട്. എന്നാൽ പദ്ധതിയിൽ പലതും പ്രവർത്തനക്ഷമമല്ല. നിരവധി സങ്കേതങ്ങളിൽ വേനൽക്കാലങ്ങളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. കുടിവെള്ള സ്രോതസ്സ് കണ്ടെത്തുവാൻ കഴിയാത്തത് പ്രധാന വെല്ലുവിളിയായി തുടരുന്നു. കുടിവെള്ള പദ്ധതികളുടെ അശാസ്ത്രീയ നിർമാണം കാരണം പല കുടിവെള്ള പദ്ധതിയും ഉപയോഗപ്രദമല്ലാതെ പോവുന്നതായി കാണുന്നു. ഏതാനും സ്ഥലങ്ങളിൽ ഗ്രണഭോക്തൃ വിഭാഗത്തിന്റെ ഉദാസീന മനോഭാവം കാരണം കുടിവെള്ള പദ്ധതികൾ പ്രവർത്തനം നിലച്ചതായി കണ്ടെത്തിയിട്ടുണ്ട്. കുടിവെള്ള പദ്ധതികൾ യഥാസമയം അറ്റകുറ്റപ്പണി നടത്തുന്നതിന് വീഴ്ച്ച സംഭവിച്ചിട്ടുണ്ട്.

ജില്ലയിലെ സങ്കേതങ്ങളിൽ വലിയൊരു ഭാഗം സ്ഥിതി ചെയ്യുന്നത് ഭ്രൂഗർഭ ജലവിതാനം കുറഞ്ഞ പ്രദേശങ്ങളിലാണ്. തീരപ്രദേശങ്ങളിലുള്ള സങ്കേതങ്ങളിൽ ഓരുജലത്തിന്റെ ആധിക്യവും കാണപ്പെടുന്നു. കാലാവസ്ഥാ വ്യതിയാനം കാരണം ഉദ്ധജല ലഭ്യതയിൽ വന്നിട്ടുള്ള കുറവ് ദുർബല വിഭാഗക്കാരായ പട്ടികജാതിക്കാരെ വളരെയേറെ ബാധിച്ചിട്ടുണ്ട്.

കുടിവെള്ള ലഭ്യത കുറഞ്ഞ സങ്കേതങ്ങൾ

ക്രമ നം	കോളനിയുടെ പേര്	തദ്ദേശ സ്വയം ഭരണ സ്ഥാപനം	പുതിയത്/ പുനരുദ്ധാരണം	കുടുംബങ്ങളുടെ എണ്ണം	കുടിവെള്ള സ്രോതസ്
1	ഏച്ചിലാംപാറ	പെരിങ്ങോം-വയക്കര	പുനരുദ്ധാരണം	10	ഭാഗികം
2	കൊരമ്പക്കല്ല്	,,	,,	27	,,
3	വേട്ടവക്കുന്ന്	,,	,,	15	,,
4	പയ്യങ്കാനം	,,	,,	23	,,
5	മടക്കാംപൊയിൽ	,,	,,	53	,,
6	ചിറ്റടി	,,	,,	8	,,
7	കണ്ണങ്കൈ	,,	,,	16	,,

8	കാഞ്ഞിരപ്പൊയിൽ	,,	,,	30	,,
9	മരത്തക്കാട്	കരിവെള്ളൂർ-പെരളം	പുതിയത്	10	,,
10	പ്രാന്തംചാൽ	,,	,,	16	,,
11	പള്ളിക്കുളം	,,	,,	16	,,
12	ആന്തൂർ സങ്കേതം	,,	,,	6	,,
13	മേനോൻകുന്ന്	എരമം-കുറ്റൂർ	പുനരുദ്ധാരണം	40	,,
14	വടശ്ശേരി മുക്ക്	കാങ്കോൽ-ആലപ്പടമ്പ്	പുതിയത്	23	
15	ചൂരൽ	,,	പുനരുദ്ധാരണം	24	,,
16	കുറുക്കുട്ടി	,,	,,	11	,,
17	തെക്കേവയൽ	കുഞ്ഞിമംഗലം	,,	35	,,
18	കൊവ്വപ്പുറം	,,		13	,,
19	പറമ്പത്ത് ലക്ഷം വീട്	,,	,,	18	,,
19	കോഴിച്ചാൽ റവന്യൂ	ചെറുപുഴ	,,	10	ലഭ്യമാണ്
20	കാവുമ്പായി	ശ്രീകണ്ഠാപുരം	,,	35	..
21	ഐച്ചേരി	,,	,,	28	..
22	കോട്ടർവയൽ	,,	,,	22	..
23	പന്നിയോട്ടുമൂല	,,	,,	32	..
24	പഞ്ചാംമൂല	,,	,,	38	..
25	ചാക്യാറ	,,	,,	40	..
23	വയക്കര-മൂലക്കരി	ശ്രീകണ്ഠാപുരം	,,	13	ലഭ്യമാണ്
27	പറമ്പത്തിയൽ	ശ്രീകണ്ഠാപുരം	പുനരുദ്ധാരണം	12	ലഭ്യമാണ്
28	നെല്ലിക്കുന്ന്	ശ്രീകണ്ഠാപുരം	പുനരുദ്ധാരണം	35	ലഭ്യമാണ്.
29	മുണ്ടാന്തൂർ വള്ളുവ കോളനി	ഉളിക്കൽ	,,	37	..
30	എളമ്പാറ എസ്.സി.കോളനി	കീഴല്ലൂർ	,,	5	..
31	പാടിച്ചാൽ എസ്.സി. കോളനി (തെരുർ)	കീഴല്ലൂർ	,,	7	..
32	മുണ്ടകം കോളനി	ആറളം	പുനരുദ്ധാരണം	30	ഭാഗികം
33	മുയ്യേരി കോളനി	പടിയൂർ	,,	24	ലഭ്യമാണ്
34	കല്യാട് പടിഞ്ഞാറെക്കര	പടിയൂർ	,,	12	,,
35	എടയാർ മൈൽ	കോളയാട്	,,	11	,,
36	വായന്തൂർ	കോളയാട്	പുതിയത്	5	ഇല്ല
37	മേനച്ചൊടി	കോളയാട്	,,	5	ലഭ്യമാണ്
38	വള്ളുവ കോളനി	പായം	പുനരുദ്ധാരണം	10	,,
39	മഞ്ചക്കോളനി	മട്ടന്നൂർ നഗരസഭ	പുതിയത്	18	,,
40	മണ്ണർകോളനി	,,	,,	13	,,
41	കല്ലർകോളനി	,,	,,	19	,
42	പള്ളിക്കുന്നമ്പ്രം	അഴീക്കോട്	പുനരുദ്ധാരണം	25	
43	കമ്മാടത്ത്മൊട്ട	പാപ്പിനിശ്ശേരി	,,	28	ഭാഗികം
44	തുരുത്തി	,,	,,	45	,,
45	പാറക്കൽ	,,	,,	50	,,
46	കിഴക്കേമൊട്ട പുനരധിവാസ കോളനി	ചിറക്കൽ	,,	25	,,
47	ചക്കസൂപ്പിക്കടവ്	,,	,,	25	,,
48	കിഴക്കേമൊട്ട കോളനി	,,	,,	28	,,
49	വണ്ണാരപ്പാറ	കുറുമാത്തൂർ	,,	14	,

50	ഏഴുംവയൽ	കടന്നപ്പള്ളി	പുനരുദ്ധാരണം	25	,,
51	പുളിയിലം കുണ്ട്	ആലക്കോട്	,,	33	,,
52	കല്ലംതോട്	ആലക്കോട്	,,	10	,,
53	ഭൂരഹിത കോളനി	വേങ്ങാട്	,,	11	ലഭ്യമാണ്
54	പാളയം കോളനി	അഞ്ചരക്കണ്ടി	,,	7	അല്ല
55	വടക്കുമ്പാട്	എരഞ്ഞോളി	പുതിയത്	8	അതെ
56	പനക്കാടൻ കോളനി	,,	,,	6	,,
57	പട്ടികജാതി പുനരധിവാസ കോളനി	തലശ്ശേരി നഗരസഭ	,,	12	അല്ല
58	മാമ്പയിൽ കോളനി	,,	പുനരുദ്ധാരണം	10	,,
59	സാംബവ കോളനി	,,	,,	10	,,
60	നടമ്മൽകോളനി	തലശ്ശേരി നഗരസഭ	പുനരുദ്ധാരണം	10	ഇല്ല
61	എരുവട്ടി കോളനി	പിണറായി	പുതിയത്	16	,,
62	കയ്യാലി ചിറമ്മൽ	തലശ്ശേരി	പുനരുദ്ധാരണം	10	,,
63	ചെരുകണ്ടിക്കാവ്	കതിരൂർ	പുതിയത്	13	,,
64	വണ്ണാരപ്പാറ	കൂറുമാത്തൂർ	,,	14	ഉണ്ട്
65	ഏഴുംവയൽ	കടന്നപ്പള്ളി	പുനരുദ്ധാരണം	25	ഇല്ല
66	പുളിയിലം കുണ്ട്	ആലക്കോട	പുനരുദ്ധാരണം	33	,,
67	കല്ലംതോട്	,,	,,	10	
68	കട്ടക്കുളം	ചെറുകുന്ന്	,,	21	ഇല്ല
69	അരിയിൽച്ചാൽ	മാട്ടൽ	,,	49	,,
70	ഓണപ്പറമ്പ് ലക്ഷംവീട്	നാറാത്ത്	,,	6	ലഭ്യമാണ്
71	പള്ളേരി 4 സെന്റ് കോളനി	,,	,,	12	,,
72	നാറാത്ത് കോളനി	,,	,,	45	,,
73	മാലോട്ട് ലക്ഷം വീട് കോളനി	,,	,,	22	,,
74	മാതോടം ലക്ഷം വീട് കോളനി	,,	,,	19	,,
75	തെക്ക് അമബേദ്കർ ഗ്രാമം പുല്ലപ്പി	,,	,,	40	,,
76	സൗത്ത് അംബേദ്കർ ഗ്രാമം	,,	,,	40	,,
77	മന്ന ലക്ഷംവീട് കോളനി	,,	,,	10	,,
78	മുണ്ടേരി കോളനി	മുണ്ടേരി	,,	39	,,
79	നിലപ്പനകുന്ന് കോളനി	,,	,,	54	ലഭ്യമാണ് (കിണർ ആഴം കൂട്ടണം)
80	കോളിൻമൂല ലക്ഷം വീട്	,,	,,	18	ലഭ്യമാണ് (കിണർ ആഴം കൂട്ടണം)
81	ഏച്ചൂർ	,,	,,	32	ലഭ്യമാണ്
82	ചെമ്പിലോട്	ചെമ്പിലോട്	,,	10	,,
83	ഐ.എ.വൈ	മാങ്ങാട്ടിടം	പുതിയത്	11	ലഭ്യമാണ്
84	മാങ്കുളത്ത് കാവ്	,,	,,	12	,,
85	കട്ടച്ചേരി	,,	,,	10	,,
86	നണിയൂർ ലക്ഷം വീട്	കൊളച്ചേരി	പുനരുദ്ധാരണം	16	,,
87	പാട്ടയംസെറ്റിൽ മെന്റ് കോളനി	,,	,,	22	,,

88	കൊളച്ചേരി പറമ്പ് ലക്ഷം വീട്	കൊളച്ചേരി	പുനരുദ്ധാരണം	20	ലഭ്യമാണ്.
89	കൊളച്ചേരി പറമ്പ് നാല് സെന്റ്		,,	26	,,
90	ചേലേരി ലക്ഷം വീട്	,,	,,	9	,,
91	ന്യഞ്ഞേരി ലക്ഷം വീട്	,,	,,	36	,,
92	കല്ലിൽസങ്കേതം	മുണ്ടേരി	,,	7	,,
93	കണ്ണോത്ത് വളപ്പ് സങ്കേതം	,,		7	,,
94	വലിയ വളപ്പ് സങ്കേതം	,,	,	5	,,
95	ചെറുവക്കുടി	,,		5	,,
96	മലയൻചാലില്	,,		8	,,
97	ഇല്ലത്ത് വളപ്പ്	മുണ്ടേരി	പുനരുദ്ധാരണം	7	ലഭ്യമാണ്.
98	മാര്യങ്കണ്ടി	,,		6	,,
99	കപ്പണച്ചാലിൽ	,,		7	,,
100	ആമ്പിലാട് സങ്കേതം	കുഞ്ഞുപറമ്പ് നഗരസഭ		5	,,
101	പഴശ്ശി മുക്ക് സങ്കേതം	ചിറ്റാരിപ്പറമ്പ്		7	,,
102	മണ്ടേങ്കാവ്	കോട്ടയം		7	,,
103	കളമുള്ളകണ്ടി മാതുക്കാവ്	,,		7	ലഭ്യമാണ്. വേനൽകാലത്ത് രൂക്ഷമായ കുടിവെള്ളക്ഷാമം
104	ചാലിൽനടുക്കണ്ടി സങ്കേതം	,,		7	,,
105	ആലങ്ങാട്ട്	തൃപ്രങ്ങോട്ടൂർ		5	ലഭ്യമാണ്
106	ഈന്തുള്ള പറമ്പത്ത്	,,		6	,,
107	കല്ലിൽ	,,		6	,,
108	പറമ്പത്ത്	,,		5	,,
109	കുണ്ടത്തിൽ സങ്കേതം	കടമ്പൂർ		14	,,
110	പുത്തൻപുര സങ്കേതം	പെരളശ്ശേരി		7	,,
111	അരയാക്കൂൽ സങ്കേതം	കുന്നോത്ത്പറമ്പ്		6	ലഭ്യമാണ്
112	നഞ്ഞപ്രം സങ്കേതം	,,		8	,,
113	പള്ളിപ്പറമ്പ് സങ്കേതം	കൊളച്ചേരി		8	ലഭ്യമല്ല
114	ചെക്കുന്ന് സങ്കേതം	കൊളച്ചേരി		5	ലഭ്യമാണ്

തൊഴിൽഘടന:- പട്ടികജാതിക്കാരുടെ തൊഴിൽഘടന സംബന്ധിച്ച വിവരങ്ങൾ താഴെപ്പട്ടികയിൽ നിന്നും ലഭ്യമാകുന്നു. (15 മുതൽ 59 വയസ്സ് പ്രായമുള്ളവരുടെ തൊഴിൽ)

ക്രമ നമ്പർ	തൊഴിൽമേഖല	സങ്കേതങ്ങളിൽ താമസിക്കുന്നവർ			ഒറ്റപ്പെട്ട താമസിക്കുന്നവർ			ആകെ		
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	സ്ഥിരം തൊഴിൽ (സർക്കാർ)	630	305	935	1087	704	1791	1717	1009	2726
2	സ്ഥിരം തൊഴിൽ (അർദ്ധസർക്കാർ)	37	29	66	70	48	118	107	77	184
3	സ്ഥിരം തൊഴിൽ (സ്വകാര്യ സ്ഥാപനം)	219	103	322	296	154	450	515	257	772
4	സ്ഥിരം തൊഴിൽസഹകരണ മേഖല	2	2	4	10	5	15	12	7	19
5	താൽക്കാലിക തൊഴിൽ (സർക്കാർ)	47	56	103	37	92	129	84	148	232
6	താൽക്കാലിക തൊഴിൽ (അർദ്ധ സർക്കാർ സ്ഥാപനം)	18	31	49	23	19	42	41	50	91
7	താൽക്കാലിക തൊഴിൽ (സ്വകാര്യ സ്ഥാപനം)	161	101	262	359	184	543	520	285	805
8	താൽക്കാലിക തൊഴിൽ (സഹകരണ മേഖല)	3	1	4	9	4	13	12	5	17
9	സ്വയം തൊഴിൽ (മത്സ്യ ബന്ധനം)	10	3	13	3	0	3	13	3	16
10	സ്വയം തൊഴിൽ (മത്സ്യ വിപണം)	20	7	27	6	2	8	26	9	35
11	സ്വയം തൊഴിൽ (മൃഗ പരിപാലനം)	5	8	13	3	0	3	8	5	16
12	സ്വയം തൊഴിൽ (പരമ്പരാഗത മേഖല)	27	12	29	70	12	82	97	24	121
13	മറ്റ് സ്വയം തൊഴി ൽ	679	300	979	1098	245	1343	1777	545	2322

14	കൂലിപ്പണി - കാർഷികേതര മേഖല	3292	1511	4803	2133	783	2916	5425	2294	7719
15	കൂലിപ്പണി (കൃഷി-അനുബന്ധ മേഖല)	1126	762	1888	1317	785	2102	2443	1547	3990
16	കൂലിപ്പണി (മറ്റ് മേഖല)	1059	448	1507	2008	548	2556	3067	996	4063
17	തൊഴിലാളി-മത്സ്യ ബന്ധനം)	88	35	123	51	14	65	139	49	188
18	തൊഴിലാളി-മത്സ്യ വിപണനം	59	35	94	47	19	66	106	54	160
19	തൊഴിലാളി-മൃഗപരിലാനം	0	6	6	1	2	3	1	8	9
20	തൊഴിലാളി-പരമ്പരാഗത മേഖല	40	27	67	32	2	34	72	29	101
21	തൊഴിലാളി-കെട്ടിട നിർമാണ മേഖല	1398	421	1819	1239	265	1504	2637	686	3323
	ആകെ	**8920**	**4203**	**13113**	**1239**	**3887**	**13766**	**18819**	**8090**	**26909**

വരുമാനത്തിന്റെ നിലവാരം:- നിർമാണ മേഖലയിലുണ്ടായ കൂലി വർദ്ധനവ് പട്ടികജാതിക്കാരുടെ പ്രതിശീർഷ വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാക്കുന്നതിന് സഹായകരമായിട്ടുണ്ട്. സ്ഥായിയായ വരുമാനം പ്രദാനം ചെയ്യാൻ കഴിയുന്ന തൊഴിൽ മേഖലകൾ കണ്ടെത്താൻ സാധിക്കുന്നില്ല എന്നത് പ്രധാന വസ്തുതയാണ്. കെട്ടിട നിർമാണ മേഖലയിലുണ്ടായിട്ടുള്ള മാന്ദ്യവും ഇതര സംസ്ഥാന തൊഴിലാളികളുടെ കടന്നുവരവും തൊഴിൽ മേഖലയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. വനിതകളുടെ തൊഴിൽ പങ്കാളിത്തം ശ്രദ്ധേയമാണ് എന്ന് കാണാവുന്നതാണ്. വിദേശത്ത് തൊഴിൽ ചെയ്യുന്ന പട്ടികജാതിക്കാരുടെ എണ്ണം ഇതര സമുദായങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണ്.

കലാ കായിക വിനോദത്തിനാവശ്യമായ സൗകര്യങ്ങൾ ഒട്ടുമിക്ക സങ്കേതത്തിലും ഇല്ല എന്നത് പ്രധാന പോരായ്മയാണ്. സ്ഥലത്തിന്റെ ലഭ്യതക്കുറവാണ് ഇതിന് പ്രധാന കാരണം. പട്ടികജാതി വിദ്യാർത്ഥികളുടെ കലാഭിരുചികൾ പോഷിപ്പിക്കുന്നതിനുള്ള സമഗ്രമായ സംവിധാനം നിലവിലില്ല.

ഉത്തരകേരളത്തിലെ അനുഷ്ഠാന കലകളിൽ പ്രധാനപ്പെട്ടതാണ് തെയ്യം. തെയ്യം കലാകാരന്മാരിൽ ഏറിയ പങ്കും മണ്ണാൻ, പെരുമണ്ണാൻ, മലയൻ, പാണൻ തുടങ്ങിയ സമുദായത്തിൽപ്പെട്ടവരാണ്. തെയ്യം കലാകാരൻമാരിൽ കൂടുതൽ പേരും കടുത്ത സാമ്പത്തിക പ്രയാസം അനുഭവിക്കുന്നവരാണ്. തെയ്യം കലാകാരൻമാർക്കായി സമഗ്രമായ ഒരു പുനരധിവാസ പദ്ധതി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കാവുന്നതാണ്.

ജില്ലയിലെ പട്ടികജാതിക്കാരുടെ കാവുകൾ/ക്ഷേത്രങ്ങൾ, ജില്ലയിലെ സാംസ്കാരിക നിലയങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 39 ൽ** നൽകിയിരിക്കുന്നു.

പട്ടികജാതി വികസന വകുപ്പിന് കീഴിൽ 7 വിജ്ഞാനവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇന്റർനെറ്റ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ വിജ്ഞാനവാടികളിൽ ഏർപ്പെടുത്തിയിട്ടുണ്ട്.
വിജ്ഞാനവാടികളുടെ വിവരങ്ങൾ താഴെചേർക്കുന്നു.

ക്രമനം	**വിജ്ഞാൻവാടിയുടെ പേര്**	**തദ്ദേശ ഭരണ സ്ഥാപനം**
1	വാണിയങ്കര കോളനി	തളിപ്പറമ്പ് നഗരസഭ
2	പള്ളിപ്രം	കണ്ണൂർ
3	മുല്ലക്കൊടി	മയ്യിൽ
4	അവിഞ്ഞിയിൽ	ചെറുതാഴം
5	കാഞ്ഞിരപ്പൊയിൽ	പെരിങ്ങോം-വയക്കര
6	ഇരിവേരി	ചെമ്പിലോട്
7	പുഞ്ചവയൽ	കണ്ണപുരം

ജില്ലയിൽ നിലവിലുള്ള ശ്മശാനങ്ങളിൽ 72 എണ്ണം ചുറ്റുമതിൽ ഇല്ലാത്തതും, 44 എണ്ണം ഗതാഗത സൗകര്യം ഇല്ലാത്തതുമാണ്. 23 ശ്മശാനങ്ങളിൽ ആചാര പ്രകാരമുള്ള ചടങ്ങുകൾ നടത്തുന്നതിനുള്ള സൗകര്യങ്ങളില്ല.

പ്രശ്നങ്ങൾ

1. പട്ടികജാതിക്കാരിൽ കർഷക തൊഴിലാളികൾ ഏറെയുണ്ടെങ്കിലും കർഷകരുടെ എണ്ണം വളരെ കുറവാണ്. കർഷകരിൽ ഏറിയ പങ്കും ചെറുകിട കർഷകരാണ്. കൃഷി ചെയ്യാനാവശ്യമായ ഭൂമി കൈവശമില്ലാത്തതും,

ജലസേചന സൗകര്യങ്ങളുടെ അഭാവവും പ്രധാന പ്രശ്നമാണ്. ആധുനിക കൃഷി രീതികൾ അവലംബിക്കുന്നതിൽ വിമുഖത കാണിക്കുന്നത് മത്സരക്ഷമത കുറയുന്നതിന് കാരണമായിട്ടുണ്ട്.

2. പട്ടികജാതിക്കാരുടെ ഉടമസ്ഥതയിലുള്ള സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ വിരലിലെണ്ണാവുന്നവ മാത്രമാണ്. സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ മൂലധനം സ്വരൂപിക്കാൻ പ്രയാസം നേരിടുന്നതാണ് പ്രധാന പ്രശ്നം. മത്സരക്ഷമത ആർജ്ജിക്കാൻ കഴിയാത്തതും, നൂതമായ വിപണനതന്ത്രങ്ങൾ ആവിഷ്കരിക്കാൻ സാധിക്കാത്തതും, സംരംഭങ്ങളുടെ വിജയകരമായ നടത്തിപ്പിന് പ്രതിബന്ധം സൃഷ്ടിക്കുന്നു.

3. സാങ്കേതിക, പ്രൊഫഷണൽ സ്ഥാപനങ്ങളുടെ എണ്ണം ജില്ലയിൽ കുറവാണ് എന്നതും, ഉന്നത പഠനം നടത്താനുദ്ദേശിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രശ്നം സൃഷ്ടിക്കുന്നു. പ്രൊഫഷണൽ യോഗ്യത നേടിയവരിൽ വിശിഷ്യാ എഞ്ചിനീയറിംഗ് ബിരുദധാരികളിൽ തൊഴിലില്ലായ്മ കൂടുതലാണ്. ഇത്തരക്കാരെ ജോലിക്ക് പ്രാപ്തരാക്കുന്നതിനായി ഒരു എംപ്ലോയബിലിറ്റി സെന്റർ ജില്ലയിൽ ആരംഭിക്കാവുന്നതാണ്.

4. ബഹുഭൂരിപക്ഷം വീടുകളിലും ഉപയോഗയോഗ്യമായ ടോയിലറ്റ് നിലവിലുണ്ട്. എന്നാൽ സങ്കേതങ്ങളിൽ ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം നിലവിലില്ല എന്നത് പ്രധാന പോരായ്മയാണ്. സങ്കേതങ്ങളിലെ സ്ഥല ദൗർലഭ്യം ഇതിന് പ്രധാന കാരണമാണ്. വീടുകളിൽ അജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ അപര്യാപ്തത നിഴലിക്കുന്നുണ്ട്.

5. ചികിത്സ ആവശ്യമുള്ളവർക്കും കിടപ്പ രോഗികൾക്കും പ്രത്യേക പരിചരണം നൽകുന്നതിനുള്ള സംവിധാനങ്ങൾ ഒന്നും തന്നെ ഇല്ല എന്നത് പ്രധാന പോരായ്മയാണ്.

6. സങ്കേതങ്ങളിൽ പലപ്പോഴും, പകർച്ച വ്യാധികളുടെ ആധിക്യം ദൃശ്യമാകുന്നുണ്ട്. മൺസൂൺ കാലത്ത് ഇത് വളരെ കൂടുതലാണ്. താഴ്ന്ന പ്രദേശങ്ങളിലുള്ള സങ്കേതങ്ങളിൽ താമസിക്കുന്നവരിൽ വർഷ കാലത്ത് ജലജന്യ രോഗങ്ങൾ കൂടുതലായി കണ്ടുവരുന്നുണ്ട്.

7. വിദേശത്ത് ജോലി ലഭിക്കുന്നതിനാവശ്യമായ നൈപുണ്യം നേടാൻ കഴിയാത്തതും വിദേശ ജോലി ലഭിക്കുന്നതിനുള്ള സാമ്പത്തിക ശേഷി ഇല്ല എന്നുള്ളതും ശ്രദ്ധ പതിയേണ്ടുന്ന വിഷയങ്ങളാണ്. പുതുതലമുറ പരമ്പരാഗത തൊഴിലുകൾ ചെയ്യാൻ വിമുഖത കാട്ടുന്നു എന്ന് കാണാവുന്നതാണ്.

8. ഒട്ടുമിക്ക സങ്കേതങ്ങളിലേക്കും റോഡുകൾ നിലവിലുണ്ട്. എന്നാൽ പല റോഡുകളും ഗതാഗത യോഗ്യമല്ല. സങ്കേതങ്ങളിൽ സ്ഥലലഭ്യത കുറവാണ് എന്നത് റോഡ് വികസനത്തിന് പ്രതിബന്ധം സൃഷ്ടിക്കുന്നു.

9. ഒട്ടുമിക്ക പട്ടികജാതി സഹകരണ സംഘങ്ങളുടെയും പ്രവർത്തനം ആശാവഹമല്ല.

പട്ടികവർഗ വികസനം

ഇന്ത്യൻഭരണഘടനയുടെ ആർട്ടിക്കിൾ 342 പ്രകാരം പട്ടികയിൽ ഉൾപ്പെടുത്തപ്പെട്ട സമുദായങ്ങളാണ് പട്ടികവർഗക്കാരെന്ന് ആർട്ടിക്കിൾ 366(25) ൽ പറയുന്നു.

കേന്ദ്ര സർക്കാരിന്റെ മാർഗ നിർദ്ദേശങ്ങൾക്കനുസൃതമായി 1989 ൽ പുന:സംഘടിപ്പിക്കപ്പെട്ട കേരളത്തിലെ 7 സംയോജിത പട്ടികവർഗ വികസന പ്രോജക്ട് ഓഫീസുകളിൽ ഒന്നാണ് കണ്ണൂരിലേത്. കണ്ണൂർ റവന്യൂ ജില്ലയാണ് പ്രവർത്തന പരിധി. ജില്ലയിലെ ഇരിട്ടി, പേരാവൂർ, കൂത്തുപറമ്പ്, തളിപ്പറമ്പ്, പയ്യന്നൂർ ബ്ലോക്കുകളുടെ പരിധിയിൽ വരുന്ന 32 ഗ്രാമപഞ്ചായത്തുകളിലെയും മട്ടന്നൂർ, ശ്രീകണ്ഠാപുരം, ഇരിട്ടി മുൻസിപ്പാലിറ്റികളുടെയും കീഴിൽ വരുന്ന 440 കോളനികളിലായിട്ടാണ് കണ്ണൂർ ജില്ലയിലെ പട്ടികവർഗക്കാർ അധിവസിക്കുന്നത്. പണിയൻ, കുറിച്യർ, കരിമ്പാലൻ മാവിലൻ, മലവേട്ടുവൻ തുടങ്ങിയ വിഭാഗങ്ങളാണ് ജില്ലയിലെ പ്രധാനപ്പെട്ട പട്ടികവർഗ സമുദായങ്ങൾ.

പട്ടികവർഗക്കാർ അധിവസിക്കുന്ന പഞ്ചായത്തുകൾ



കണ്ണൂർ സിവിൽ സ്റ്റേഷൻ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സംയോജിത പട്ടികവർഗ വികസന പ്രോജക്ട് ഓഫീസിന്റെ കീഴിൽ ഇരിട്ടി, പേരാവൂർ, കൂത്തുപറമ്പ്, തളിപ്പറമ്പ് എന്നീ 4 ബ്ലോക്കുകൾ കേന്ദ്രീകരിച്ച് 4 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളും ആറളം ആദിവാസി പുനരധിവാസ മേഖലയും, ആലക്കോട് ആദിവാസി പുനരധിവാസ മേഖലയും കേന്ദ്രീകരിച്ച് ഓരോ സൈറ്റ് മാനേജർമാരുടെ ഓഫീസും ഇരിട്ടി, വെളിമാനം, വയത്തൂർ, മയ്യിൽ നടുവിൽ, കോളയാട്, കേളകം എന്നിവിടങ്ങളിലായി 7 പ്രീമെട്രിക്ക് ഹോസ്റ്റലുകളും തളിപ്പറമ്പ് പട്ടുവത്ത് ഒരു മോഡൽ റസിഡൻഷ്യൽ സ്കൂളും പാട്യം പഞ്ചായത്തിലെ കണ്ണവം കോളനിയിൽ ഒരു നഴ്സറി സ്കൂളും ഒരു ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിയും ആറളത്ത് ഒരു ഗവൺമെന്റ് ആയുർവേദ ആശുപത്രിയും പ്രവർത്തിക്കുന്നുണ്ട്.

ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വരുന്ന ആറളം, അയ്യൻകുന്ന്, കീഴല്ലൂർ, കൂടാളി, പായം, ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിൻ കീഴിൽ വരുന്ന എരുവേശ്ശി, പയ്യാവൂർ, പടിയൂർ ഗ്രാമപഞ്ചായത്തുകളും, ഇരിട്ടി, മട്ടന്നൂർ മുൻസിപ്പാലിറ്റിയുമടങ്ങുന്നതാണ് ഇരിട്ടി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ പ്രവർത്തന മേഖല. പേരാവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വരുന്ന കണിച്ചാർ കേളകം, കൊട്ടിയൂർ, മുഴക്കുന്ന്, മാലൂർ, പേരാവൂർ എന്നീ പഞ്ചായത്തുകൾക്ക് പുറമേ ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന തില്ലങ്കേരി പഞ്ചായത്തും ഉൾപ്പെടുന്നതാണ് പേരാവൂർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ പ്രവർത്തന മേഖല.

കൂത്തുപറമ്പ് ബ്ലോക്ക് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന കൂത്തുപറമ്പ് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ പ്രവർത്തന മേഖലയിൽ തൃപ്പങ്ങോട്ടൂർ, ചിറ്റാരിപ്പറമ്പ്, കന്നോത്ത്പറമ്പ്, മാങ്ങാട്ടിടം, പാട്യം പഞ്ചായത്തുകൾക്ക് പുറമേ പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന കോളയാട് പഞ്ചായത്തും, തലശ്ശേരി ബ്ലോക്കിന് കീഴിൽ വരുന്ന അഞ്ചരക്കണ്ടി പഞ്ചായത്തും, കൂത്തുപറമ്പ്, പാനൂർ മുൻസിപ്പാലിറ്റികളും കണ്ണൂർ കോർപറേഷൻ പരിധിയിൽ വരുന്ന പട്ടികവർഗ സങ്കേതങ്ങളും ഉൾപ്പെടുന്നു. 2016 വർഷം പുതിയതായി അനുവദിക്കപ്പെട്ട തളിപ്പറമ്പ് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ പ്രവർത്തന മേഖലയിൽ തളിപ്പറമ്പ് ബ്ലോക്കിന് കീഴിൽവരുന്ന ആലക്കോട്, ഉദയഗിരി,

നടുവിൽ, ചപ്പാരപ്പടവ്, ചെങ്ങളായി, കടന്നപ്പള്ളി-പാണപ്പുഴ, പെരിങ്ങോം-വയക്കര, കാങ്കോൽ-ആലപ്പടമ്പ്, തുടങ്ങിയ പഞ്ചായത്തുകളും ശ്രീകണ്ഠാപുരം മുൻസിപ്പാലിറ്റിയും ഉൾപ്പെടുന്നു.

2011 ലെ സെൻസസ് പ്രകാരം കണ്ണൂർ ജില്ലയിലെ പട്ടികവർഗ ജനസംഖ്യ

വർഷം	ജനസംഖ്യ	പുരുഷൻമാർ	സ്ത്രീകൾ
2011	41371	20141	21230

2016-ൽ പട്ടികവർഗ വകസന വകുപ്പ് നടത്തിയ സർവേ പ്രകാരം ജില്ലയിലെ പട്ടികവർഗക്കാരുടെ ജനസംഖ്യാ നിരക്ക് ചുവടെ ചേർക്കുന്നു.

ക്രമ നം.	പട്ടികവർഗ വിഭാഗം	കുടുംബം	ജനസംഖ്യ
1	പണിയൻ	4609	16707
2	കരിമ്പാലൻ	2816	9872
3	കുറിച്യൻ	2819	9477
4	മാവിലൻ	1289	5052
5	മലവേട്ടുവൻ	425	1693
6	കുറുമർ	11	35
7	കാട്ട്നായ്കൻ	5	23
8	കാണിക്കാരൻ	6	20
9	അടിയാൻ	1	5
10	മലവേടൻ	1	2
	ആകെ	**11982**	**42886**

ഇതിൽ കുറുമർ, കാട്ടുനായ്കൻ, അടിയാൻ എന്നീ പട്ടികവർഗ വിഭാഗങ്ങൾ ആദിവാസി പുനരധിവാസത്തിന്റെ ഭാഗമായി വയനാട് ജില്ലയിൽ നിന്നും പുനരധിവസിക്കപ്പെട്ടതും, കാണിക്കാരൻ, മലവേട്ടുവൻ തുടങ്ങിയ സമുദായങ്ങൾ ജോലിയുടെ ഭാഗമായി ജില്ലയിൽ കുടിയേറിയവരുമാണ്.

മേൽപരാമർശിച്ച 2 സർവേ റിപ്പോർട്ടുകളും പരിശോധിച്ചാൽ 2016 ൽ പട്ടികവർഗ ജനസംഖ്യാ അനുപാതത്തിൽ 3.7% ത്തിന്റെ വർദ്ധനവ് ഉണ്ടായിട്ടുള്ളതായി മനസ്സിലാക്കുന്നു.

കുറിച്യ സമുദായക്കാരും, 2002 ലെ ഭരണഘടനാ ഭേദഗതിയെത്തുടർന്ന് പട്ടികജാതിയിൽ നിന്നും പട്ടികവർഗത്തിലേയ്ക്ക് ഉൾപ്പെടുത്തപ്പെട്ട കരിമ്പാലൻ, മാവിലൻ തുടങ്ങിയ സമുദായങ്ങളും സാമൂഹ്യമായും, സാമ്പത്തികമായും, വിദ്യാഭ്യാസപരമായും മറ്റ് സമുദായങ്ങളെ അപേക്ഷിച്ച് മുൻപന്തിയിലാണ്. കേന്ദ്ര സംസ്ഥാന വികസന പദ്ധതികളുടെ ഭാഗമായി ഏറെ ഫ്രണം ലഭിച്ചത് ഈ വിഭാഗത്തിനാണ്. എന്നാൽ ജനസംഖ്യാനുപാതത്തിൽ ഏറ്റവും ഉയർന്ന് നിൽക്കുന്ന, ജില്ലയിലെ പ്രധാനപ്പെട്ട ആദിവാസി വിഭാഗമായ പണിയ സമുദായക്കാർക്ക് വേണ്ടത്ര വികസനം ലഭിച്ചിട്ടില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ദാരിദ്ര്യവും, മദ്യം-മയക്ക്മരുന്നിന് വിധേയപ്പെട്ട് പോകുന്നതും, കുറഞ്ഞ സാക്ഷരതാ നിരക്കും അന്ധവിശ്വാസവും ഇവരുടെ എല്ലാ വിധത്തിലുമുള്ള വികസനത്തിനും വിഘാതമായി നിലനിൽക്കുന്നു. പട്ടികവർഗ വികസന വകുപ്പ് പണിയ വിഭാഗക്കാരുടെ ഉന്നമനത്തിനായി പണിയ പാക്കേജുകൾ നടപ്പിലാക്കുന്നുണ്ടെങ്കിലും ആയത് വേണ്ട രീതിയിൽ ഈ വിഭാഗം ഉപയോഗപ്പെടുത്താത്തത് കാരണം ശരിയായ രീതിയിലുള്ള പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടില്ല. ഈ ഒരു സാഹചര്യത്തിൽ, വകുപ്പ് പണിയ സമുദായക്കാർക്ക് മാത്രമായി സ്പെഷ്യൽ പാക്കേജുകൾ നടപ്പിലാക്കേണ്ടതാണ്. ത്രിതല പഞ്ചായത്തുകൾ പദ്ധതികൾ തയ്യാറാക്കുമ്പോൾ ആശ്രയ പദ്ധതിക്ക് ഒരു നിശ്ചിത തുക മാറ്റി വെക്കുന്ന പോലെ പണിയ സമുദായക്കാർ കൂടുതലായി താമസിക്കുന്ന പഞ്ചായത്തുകളിൽ പണിയ പാക്കേജ് പദ്ധതിയ്ക്കായി പ്രത്യേകമായി തുക മാറ്റിവെക്കേണ്ടതാണ്.

ജില്ലയിലെ പുനരധിവാസമേഖലകളും പ്രവർത്തനങ്ങളും.

ആറളം ഫാം, ആലക്കോട് എസ്റ്റേറ്റ്, ചാവശ്ശേരിപ്പറമ്പ് എന്നിവയാണ് ജില്ലയിലെ പ്രധാനപ്പെട്ട ആദിവാസി പുനരധിവാസമേഖലകൾ.

ആറളം ഫാം പുനരധിവാസമേഖല

ഏഷ്യയിലെ തന്നെ ഏറ്റവും വലിയ ആദിവാസി പുനരധിവാസമേഖലയെന്ന് വിശേഷിപ്പിക്കപ്പെടുന്ന ആറളം ഫാം പുനരധിവാസമേഖലയിൽ 3375 കുടുംബങ്ങൾക്കായി 3367 ഏക്കർ ഭൂമി 3 ഘട്ടങ്ങളിലായി അനുവദിച്ചിട്ടുണ്ട്. മേഖലയിലെ പ്രധാനപ്പെട്ട ആദിവാസി വിഭാഗങ്ങൾ ചുവടെ പറയുന്നവയാണ്.

ക്രമ നം.	വിഭാഗങ്ങൾ
1.	പണിയ
2.	കുറിച്യ
3.	കരിമ്പാലൻ
4.	മാവിലൻ
5.	അടിയ
6.	കാട്ടുനായ്ക്ക
7.	കാണിക്കാരൻ
8.	കാടർ
9.	കുറുമർ
10.	മുള്ളക്കുറുമർ
11.	ഊരാളികുറുമർ/വെട്ടകുറുമർ
12.	മലവേട്ടുവൻ
13	ഉള്ളാടൻ

പുനരധിവാസമേഖലയിലെ ഭൂരിഭാഗം കുടുംബങ്ങളും പണിയ സമുദായത്തിൽപ്പെടുന്നവരാണ്.

പുനരധിവാസമേഖലയിൽ നിലവിലുള്ള സ്ഥാപനങ്ങൾ

ക്രമ നം.	സ്ഥാപനങ്ങൾ	എണ്ണം
1.	പുനരധിവാസമിഷൻ സ്പെഷ്യൽ യൂണിറ്റ് ഓഫീസ്	1
2.	ആറളം പബ്ലിക്ക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി	1
3.	റേഷൻകട	1
4.	ഗവ:ഹൈസ്കൂൾ	1
5.	ബേബി ക്രഷ്	1
6.	അംഗൻവാടി	9
7.	എം.ജി.എൽ.സി	4
8.	പി.എച്ച്.സി	1
9.	ഹോമിയോ ആശുപത്രി	1
10	ചെക്ക്പോസ്റ്റ് (കക്കുവ)	1
11.	പോലീസ് എയ്ഡ് പോസ്റ്റ് (വളയഞ്ചാൽ)	1
12.	കേരള ഗ്രാമീൺ ബാങ്ക് സാറ്റലൈറ്റ് ബ്രാഞ്ച്	1
13.	ആറളം വൈൽഡ് ലൈഫ് സാങ്ച്വറി	1

നടപ്പിലാക്കിയ പ്രധാന വികസന പ്രവർത്തനങ്ങൾ

1. സംസ്ഥാന നിർമിതി കേന്ദ്രം മുഖേന 361 വീടുകൾ നിർമിച്ച് നൽകി.
2. ഗുണഭോക്താക്കൾക്ക് നേരിട്ട് ആകെ 1414 വീടുകൾ അനുവദിച്ചു. 894 വീടുകൾ നിർമിച്ചു.
3. മേഖലയിലെ 3 പ്രധാന റോഡുകൾ 8,39,00,000/-രൂപ ചെലവഴിച്ചു നിർമിച്ചു.
4. നാല് ചെറിയ പാലങ്ങൾ 1,60,00,000/-രൂപ ചെലവഴിച്ച് നിർമിച്ചു.
5. ആറളം ഫാം ഗവ:ഹൈസ്കൂളിന് 28,93,755/-രൂപ ചെലവഴിച്ച് ചുറ്റുമതിൽ നിർമിച്ചു.
6. 7 അംഗൻവാടികൾക്ക് 19,25,676/- രൂപ ചെലഴിച്ച് ചുറ്റുമതിൽ നിർമിച്ചു.
7. വളയഞ്ചാൽ തൂക്ക്പാലം 2,60,000/- രൂപ ചെലവഴിച്ച് റിപ്പയർ ചെയ്തു.
8. ജലനിധി പദ്ധതി നടപ്പിലാക്കുന്നതിനായി 1,11,31,127/-രൂപ ചെലവഴിച്ചു.
9. റെയിൽ ഫെൻസിംഗ് നിർമാണം, 3,00,00,000/-രൂപ അനുവദിച്ചു.
10. കിണർ നിർമാണം(വ്യക്തിഗതം) 402 പേർക്ക്- 24,90,250/- രൂപ അനുവദിച്ചു.
11. പുനരധിവാസമേഖലയിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കാൻ വേണ്ടി (16.കി.മീ.) 1,50,68,920/- രൂപ ചെലവഴിച്ചു.
12. ആറളം ഫാം ഗവൺമെന്റ് ഹൈസ്കൂളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണവിതരണം.
13. ആറളം ഫാം ഗവൺമെന്റ് ഹൈസ്കൂളിലെ കുട്ടികൾക്കായി ഗോത്രസാരഥി പദ്ധതി നടപ്പിലാക്കി.

മേൽ പരാമർശിത പദ്ധതികളെല്ലാം നടപ്പിലാക്കിയിട്ടുണ്ടെങ്കിലും പുനരധിവാസമേഖലകളിൽ സമഗ്ര വികസനം കൈവരിക്കാൻ ഇതുവരെ സാധിച്ചിട്ടില്ല.

ആറളം പുനരധിവാസമേഖലയിലെ പ്രധാന വികസന പ്രശ്നങ്ങൾ

1. പുനരധിവാസമേഖലയിൽ ആകെ.1414 വീടുകൾ അനുവദിച്ചിട്ടുണ്ടെങ്കിലും 894 വീടുകൾ മാത്രമാണ് പൂർത്തിയായത്. 520 വീടുകൾ ഇനിയും പൂർത്തിയാക്കാനുണ്ട്. ഇതിൽ 384 വീടുകൾ 2016 മാർച്ച് 31 വരെയുള്ള കാലയളവിൽ അനുവദിച്ചതാണ്. നിർമാണ സാമഗ്രികളുടെ വിലക്കയറ്റവും, ഗുണഭോക്താക്കൾക്ക് അനുവദിച്ച തുക വീട് നിർമാണത്തിന് ഉപയോഗിക്കാതെ മറ്റാവശ്യങ്ങൾക്ക് വേണ്ടി ചെലവഴിക്കുന്ന പ്രവണതയും കാരണമാണ് ഭവനനിർമാണം ഇത്തരത്തിൽ പൂർത്തിയാകാതെ കിടക്കുന്നത്. ഈ വീടുകൾ അടിയന്തിരമായി പൂർത്തിയാക്കാൻ വേണ്ടി ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.
2. ജലനിധി ഉൾപ്പെടെയുള്ള കുടിവെള്ള പദ്ധതി നടപ്പിലാക്കിയെങ്കിലും നിർമാണത്തിലെ അപാകതകൾ കാരണവും ഗുണഭോക്തൃ ഗ്രൂപ്പിന്റെ നടത്തിപ്പിലെ അപാകതകൾ കൊണ്ടും കുടിവെള്ളം മുഴുവൻ കുടുംബങ്ങൾക്കും ലഭിക്കുന്നില്ല. വേനൽക്കാലമായതോടെ കുടിവെള്ളക്ഷാമം രൂക്ഷമാണ്. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് മേഖലയിൽ കൂടുതൽ കിണറുകൾ നിർമിക്കേണ്ടതുണ്ട്.
3. മേഖലയിൽ താമസിക്കുന്നവർക്ക് 1 ഏക്കർ വീതം ഭൂമി അനുവദിച്ചെങ്കിലും, ഈ ഭൂമിയിൽ കൃഷി ചെയ്യാതെ ഭൂരിഭാഗം പേരും തരിശിട്ടിരിക്കുകയാണ്. ഈ ഭൂമിയിൽ കൃഷി ചെയ്ത് തരിശ് ഭൂമി കൃഷിയോഗ്യമാക്കാനും, അതുവഴി കുടുംബങ്ങൾക്ക് ഒരു സ്ഥിരവരുമാനമാർഗം കണ്ടെത്താനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. മേഖലയിൽ താമസിക്കുന്നവരിൽ ചെറിയ ശതമാനം കുടുംബങ്ങൾ ആടിനെയും, പശുവിനെയും വളർത്തുന്നവരാണ്. എന്നാൽ ഇവിടെ ഒരു വെറ്റിനറി ഡിസ്പെൻസറിയില്ലാത്തത് ഇത്തരം കർഷകർക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. വളർത്തു മൃഗങ്ങൾക്ക് രോഗം വരുന്ന പക്ഷം എടൂരിലുള്ള വെറ്റിനറി ഡിസ്പെൻസറി വരെ പോകേണ്ടി വരുന്നത് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്.
5. ക്ഷീരകർഷകർക്ക് അവർ ഉത്പാദിപ്പിക്കുന്ന പാൽ വിൽക്കുന്നതിന് മാർക്കറ്റ് കണ്ടെത്താൻ കഴിയാത്ത സാഹചര്യമാണുള്ളത്. കീഴ്പ്പള്ളിയിലുള്ള ക്ഷീരോത്പാദക സഹകരണ സംഘത്തിന്റെ ഒരു വാഹനം പുനരധിവാസമേഖലയിൽ നിന്ന് പാല് ശേഖരിക്കുന്നുണ്ടെങ്കിലും മുഴുവൻ പ്രദേശങ്ങളിലും എത്തുന്നില്ല. ആയത് ക്ഷീരകർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്.
6. മേഖലയിൽ ഒരു പി.എച്ച്.സി.യും ഒരു ഹോമിയോ ആശുപത്രിയും ഉണ്ട്. കൂടാതെ അത്യാവശ്യഘട്ടങ്ങളിൽ രോഗികളെ താലൂക്ക്, ജില്ലാ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും എത്തിക്കുന്നതിന് ആംബുലൻസ് സൗകര്യവും ഉണ്ട്. നിലവിലുള്ള പി.എച്ച്.സി.യിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് സൗകര്യമില്ല.
7. മേഖലയിലെ ആദിവാസി വിഭാഗത്തിൽപ്പെടുന്നയാളുകൾ ആയുർവേദ ചികിത്സാ രീതിയോട് വളരെയധികം ആഭിമുഖ്യം ഉള്ളവരാണ്. നിലവിൽ ആറളം വീർപ്പാട് എന്ന സ്ഥലത്തും കീഴ്പ്പള്ളിയിലുള്ള ആയുർവേദ ആശുപത്രിയിലെയും, ഡിസ്പെൻസറിയേയുമാണ് ഇവർ ചികിത്സയ്ക്കായി ആശ്രയിക്കുന്നക്കുന്നത്. വാഹനസൗകര്യം കുറഞ്ഞ ഈ പുനരധിവാസമേഖലയിൽ നിന്നും മേൽ പറഞ്ഞ ആശുപത്രികളിലേയ്ക്ക് യാത്രചെയ്ത് പോയി ചികിത്സ

തേടുന്നത് ബുദ്ധിമുട്ടുള്ള കാര്യമായതിനാൽ, രോഗം വന്നാൽ മതിയായ ചികിത്സ തേടുന്നതിന് ഇവർ വൈമുഖ്യം കാണിക്കാറുണ്ട്.

8. മേഖലയിൽ ആകെ ഒരു ഗവ:ഹൈസ്കൂൾ മാത്രമാണുള്ളത്. ഇവിടെ 400 ൽ അധികം കുട്ടികൾ പഠിക്കുന്നുണ്ട്. കൂടാതെ വീർപ്പാട്, മണത്തണ, കണിച്ചാർ, പാല തുടങ്ങിയ സ്ഥലങ്ങളിലെയും സ്കൂളുകളിലും കുട്ടികൾ ചേർന്ന് പഠിക്കുന്നുണ്ട്. എന്നാൽ അദ്ധ്യയന വർഷാരംഭത്തിൽ സ്കൂളുകളിൽ ചേരുന്ന കുട്ടികളിൽ ചെറിയ ശതമാനം കുട്ടികൾ കൊഴിഞ്ഞുപോകാറുണ്ട്. വാസസ്ഥലത്ത് നിന്നും സ്കൂളിലേക്കുള്ള ദൂരക്കൂടുതലും വന്യമൃഗശല്യവും രക്ഷിതാക്കളുടെ ശ്രദ്ധക്കുറവും ഇത്തരത്തിലുള്ള കൊഴിഞ്ഞുപോക്കിന് കാരണമാകാറുണ്ട്.

9. മേഖലയിൽ ആകെ ഒരു ഗവൺമെന്റ് ഹൈസ്കൂൾ ആണുള്ളത്. ഈ സ്കൂളിൽ നിന്നും, തൊട്ടടുത്ത പഞ്ചായത്ത് പരിധിയിൽ വരുന്ന സ്കൂളുകളിൽ നിന്നും എസ്.എസ്.എൽ.സി. പാസാകുന്ന കുട്ടികൾ തുടർവിദ്യാഭ്യാസത്തിനായി വളരെ ദൂരെയുള്ള സ്കൂളിലേക്ക് പോകേണ്ടി വരുന്നുണ്ട്. ഇത് ഇവരുടെ തുടർപഠനത്തിന് വിഘാതം സൃഷ്ടിക്കുന്നുണ്ട്.

10. പുനരധിവാസമേഖലയിൽ താമസിക്കുന്ന പട്ടികവർഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് കലാസാംസ്കാരിക പ്രവർത്തനങ്ങൾ നടത്തുന്നതിനോ, പൊതുവായിട്ടുള്ള വികസന കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിനുള്ള ഔദ്യോഗികകൂട്ടങ്ങൾ ചേരുന്നതിനോ ഒരു വേദി ഇല്ല എന്നത് വളരെയധികം പ്രയാസം സൃഷ്ടിക്കുന്നുണ്ട്.

11. ആറളം പുനരധിവാസമേഖലയോട് ചേർന്ന് കിടക്കുന്ന ആറളം വൈൽഡ് സാങ്ചറിയിൽ നിന്നും പുറത്ത് കടക്കുന്ന ആന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ പുനരധിവാസമേഖലയിലെ ജനങ്ങളുടെ ജീവനും, കൃഷിക്കും ഭീഷണിയാകാറുണ്ട്. ഇതിനകം തന്നെ 4 പേരെ ആന കുത്തിക്കൊന്നിട്ടുണ്ട്. കൂടാതെ ഏക്കർ കണക്കിന് കൃഷിയും നശിപ്പിച്ചിട്ടുണ്ട്. ഇതിന് പരിഹാരമായി വനം വകുപ്പിന്റെയും പട്ടികവർഗ വികസന വകുപ്പിന്റെയും ഫണ്ട് ഉപയോഗിച്ച് കരിങ്കൽ മതിൽ, റെയിൽ ഫെൻസിംഗ് എന്നിവ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും വന്യമൃഗഭീഷണി തുടർക്കഥയാണ്. കരിങ്കൽ മതിൽ തകർത്താണ് ആനകൾ പുനരധിവാസമേഖലയിൽ എത്തുന്നത്. ആയതിനാൽ പുനരധിവാസമേഖലയോട് ചേർന്ന് ചുറ്റുമുള്ള മുഴുവൻ ഭാഗങ്ങളിലും റെയിൽ ഫെൻസിംഗ് നടത്തേണ്ടതാണ്.

12. പുനരധിവാസമേഖലയിൽ ആറളം ഫാമിംഗ് കോർപറേഷൻ ഓഫീസിനോട് ചേർന്നുള്ള എട്ടാം ബ്ലോക്കിൽ ഒരു റേഷൻ ഷോപ്പ് മാത്രമാണുള്ളത്. മേഖലയിലെ 6 ബ്ലോക്കുകളിലെയും ജനങ്ങൾ ഭൂരിഭാഗം പേരും ഈ റേഷൻഷോപ്പിനെയാണ് ആശ്രയിക്കുന്നത്. അത് പോലെ മേഖലയിലെ പാവപ്പെട്ട ജനങ്ങൾ നിത്യോപയോഗ സാധനങ്ങൾ വിലക്കുറവിൽ ലഭിക്കുന്നതിന് കീഴ്പ്പള്ളിയിലുള്ള സപ്ലൈ ഔട്ട് ലെറ്റിനെയാണ് ആശ്രയിക്കുന്നത്. വാഹനസൗകര്യങ്ങളുടെ അപര്യാപ്തത മൂലം വളരെ ദൂരം നടന്ന് പോയി ഈ ഔട്ട് ലെറ്റിൽ നിന്നും സാധനങ്ങൾ വാങ്ങുന്നത് മേഖലയിലെ ജനങ്ങൾക്ക് വളരെയധികം പ്രയാസമുണ്ടാക്കുന്നുണ്ട്.

13. ആറളം പുനരധിവാസമേഖലയിലെ വിവിധ ബ്ലോക്കുകൾ ബന്ധിപ്പിച്ച് കൊണ്ട് നിരവധി മൺറോഡുകൾ നിലവിലുണ്ട്. മഴക്കാലമാകുന്നതോടെ, ഈ റോഡുകളിലെ മണ്ണ് ഒലിച്ചിറങ്ങി കുണ്ടും കുഴിയുമായി കാൽനടയാത്രയ്ക്ക് പോലും പറ്റാത്ത അവസ്ഥയാണുള്ളത്.

14. ആറളം ഫാമിംഗ് കോർപറേഷൻ ഓഫീസ് പരിസരത്ത് നിന്നും മണത്തണയിലേക്ക് പോകുന്ന ഭാഗത്ത് ഒരു ചപ്പാത്തും, ഒമ്പതാം ബ്ലോക്കിലെ വളയഞ്ചാൽ ഭാഗത്ത് ഒരു തൂക്ക്പാലവും നിലവിലുണ്ട്. മഴക്കാലമായാൽ ഈ 2 ഭാഗങ്ങളിൽ കൂടിയുള്ള കാൽനടയാത്രയും, വാഹനയാത്രയും സാധ്യമല്ല. ഈ 2 പ്രദേശങ്ങളിലും കോൺക്രീറ്റ്പാലം നിർമിക്കുകയെന്നത് മേഖലയിലുള്ള ജനങ്ങളുടെ ദീർഘകാലത്തെ ആവശ്യമാണ്.

15. ആറളം ഫാം ഗവൺമെന്റ് ഹൈസ്കൂളിലെ കുട്ടികൾക്ക് നിലവിൽ കളിക്കുന്നതിന് ഒരു ചെറിയ ഗ്രൗണ്ട് മാത്രമാണുള്ളത്. സ്പോർട്സിൽ പൊതുവെ താൽപര്യമുള്ള ഈ സ്കൂളിലെ കുട്ടികൾക്ക് വിവിധയിനം കായിക പരിശീലനത്തിനാവശ്യമായ ഒരു കളിസ്ഥലം ഇല്ല എന്നത് വളരെയധികം പ്രയാസം സൃഷ്ടിക്കുന്നുണ്ട്.

16. തൊഴിലില്ലായ്മ മേഖലയിലെ പ്രധാന പ്രശ്നമാണ്. പൊതുവെ കൂലിപ്പണിയെടുത്താണ് ഉപജീവന മാർഗം കണ്ടെത്തുന്നത്. ആറളം ഫാമിംഗ് കോർപറേഷനിൽ തൊഴിലാളികളായി 221 പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ആളുകൾ ജോലി ചെയ്യുന്നുണ്ട്. മേഖലയിൽ 1124 കുടുംബങ്ങൾക്കും തൊഴിൽ കാർഡ് ഉണ്ടെങ്കിലും 157 പേർ മാത്രമാണ് ജോലിക്ക് പോകുന്നത്. യഥാസമയം വേതനം ലഭിക്കാത്തതിനാലാണ് ആളുകൾക്ക് തൊഴിലുറപ്പ് പദ്ധതിയോട് താൽപര്യം ഇല്ലാത്തത്.

ആലക്കോട് എസ്റ്റേറ്റ് പുനരധിവാസമേഖല

ആലക്കോട്, ഉദയഗിരി പഞ്ചായത്ത് പരിധികളിൽ വരുന്ന ലോവർചീക്കാട്, അപ്പർചീക്കാട്, മധുവനം I, II, III, കോളി, കാരാമരംതട്ട് എന്നീ മേഖലകൾ ഉൾപ്പെടുന്നതാണ് ആലക്കോട് എസ്റ്റേറ്റ് പുനരധിവാസമേഖല. ഇവിടെ 292 കുടുംബങ്ങൾക്ക് ഒരേക്കർ വീതം ഭൂമി നൽകി പുനരധിവസിപ്പിച്ചിട്ടുണ്ടെങ്കിലും നിലിവൽ 70 പേര് മാത്രമാണ് താമസിച്ചുവരുന്നത്. മാവിലൻ, കരിമ്പാലൻ, മലവേട്ടുവൻ എന്നീ സമുദായങ്ങളാണ് ഇവിടെ താമസിക്കുന്നത്. മേഖലയിൽ അടിസ്ഥാനസൗകര്യങ്ങളുടെ കുറവും വന്യമൃഗശല്യവും കാരണവുമാണ് മുഴുവൻ കുടുംബങ്ങളും താമസമാരംഭിക്കാത്തത്. പുനരധിവാസത്തിന്റെ ഭാഗമായി ഇതുവരെ 140 പേർക്ക് വീട് അനുവദിച്ചിട്ടുണ്ടെങ്കിലും 60

പേർ മാത്രമാണ് വീട് പണി പൂർത്തീകരിച്ചത്. ബാക്കി വിവിധ ഘട്ടങ്ങളിലാണ്. 2016 മാർച്ചിന് മുമ്പായി അനുവദിച്ചതും പണി പൂർത്തീകരിക്കാത്തതുമായ 76 വീടുകൾ ലൈഫ് മിഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുനരധിവാസമിഷനും വകുപ്പും ചേർന്ന് ഇതുവരെ നടപ്പിലാക്കിയ വികസന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ആട് വളർത്തൽ പദ്ധതി:- 8,02,000/-രൂപ ഉപയോഗിച്ച് 132 ഗുണഭോക്താക്കൾക്ക് ആടുകളെ വിതരണം ചെയ്തു.
2. റബ്ബർ ടാപ്പിംഗ് പരിശീലനം:- 1,48,500/-രൂപ- 44 ഗുണഭോക്താക്കൾക്ക് പരിശീലനം നൽകി.
3. അപ്പർ, ലോവർ ചീക്കാട് മേഖലകളിൽ സോളാർ ഫെൻസിംഗ് നടത്തുന്നതിനായി 8,72,000/-രൂപ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന് അനുവദിച്ചു.
4. കുരുമുളക് കൃഷി പദ്ധതിക്കായി 2,56,735/-രൂപ അനുവദിച്ച് പദ്ധതി പൂർത്തീകരിച്ചു.
5. ലോവർ, അപ്പർ ചീക്കാട് കോളനികളിൽ 2 കമ്മ്യൂണിറ്റിഹാൾ പണിയുന്നതിന് 73,80,082/-രൂപ ഉദയഗിരി പഞ്ചായത്തിന് കൈമാറി. ഇതിൽ ലോവർ ചീക്കാട് കമ്മ്യൂണിറ്റി ഹാൾ പൂർത്തിയായി., അപ്പർ ചീക്കാട് കമ്മ്യൂണിറ്റിഹാൾ നിർമാണം പുരോഗമിക്കുന്നു.
6. സ്വയംതൊഴിൽ പദ്ധതിയുടെ ഭാഗമായി ചീക്കാട് കോളനിയിൽ വാദ്യസംഘങ്ങൾക്ക് 54,000/-രൂപ ചെലവഴിച്ച് വാദ്യോപകരണങ്ങൾ വിതരണം ചെയ്തു.
7. ചീക്കാട് കോളനിയിൽ കുടുംബശ്രീ യൂണിറ്റ് പലഹാര നിർമാണയൂണിറ്റ് ആരംഭിക്കുന്നതിനായി 3,00,000/-രൂപ അനുവദിച്ചു.
8. കോളി കോളനിയിൽ കെട്ടിട നിർമാണത്തൊഴിൽ ചെയ്യുന്ന ഒരു യൂണിറ്റിന് 98,000/-രൂപ ചെലവഴിച്ച് കെട്ടിടനിർമാണ സാമഗ്രികൾ വിതരണം ചെയ്തു.

ആലക്കോട് എസ്റ്റേറ്റ് പുനരധിവാസമേഖലയുടെ വികസനത്തിനായി മേൽപദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും പൂർണതോതിലുള്ള വികസനം സാധ്യമായിട്ടില്ല.

മേഖലയിലെ പ്രധാനപ്പെട്ട വികസന പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു

1. ലോവർ ചീക്കാട്, അപ്പർ ചീക്കാട് മധുവനം- III, കോളി എന്നിവിടങ്ങളിൽ മൺറോഡ് ഉണ്ടെങ്കിലും എല്ലാ പ്ലോട്ടുകളിലും ഇവ എത്തുന്നില്ല. കൂടാതെ മഴക്കാലത്ത് വാഹനയാത്ര അസാധ്യവുമാണ്. ലോവർ, അപ്പർ ചീക്കാട് കോളനികളിൽ നിലവിലുള്ള മൺറോഡ് വീതി കൂട്ടി താറിംഗ് നടത്തുന്നതിന് 13,97,35,000/-രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടി.ആർ.ടി.എം. ചീഫ് മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.
2. ലോവർ ചീക്കാട്, കോളി മേഖലകളിലെ 5 കുടുംബങ്ങൾക്ക് മാത്രമാണ് ഇതുവരെയായി വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുള്ളൂ. മുഴുവൻ ഗുണഭോക്താക്കൾക്കും വൈദ്യുതി ലഭ്യമാക്കണമെങ്കിൽ. ത്രീഫേസ് ലൈൻ വലിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടതുണ്ട്. നിലവിലുള്ള ചെങ്കുത്തായ റോഡ് താറിംഗ് നടത്തി ഗതാഗതയോഗ്യമാക്കിയാൽ മാത്രമേ പദ്ധതി നടപ്പിലാക്കാൻ കഴിയുകയുള്ളൂ.
3. മേഖലയിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. ജലസ്രോതസ്സുകളിൽ നിന്നും കിലോമീറ്ററുകളോളം ഹോസുകൾ ഇട്ടാണ് ലോവർ ചീക്കാട്, അപ്പർ ചീക്കാട് കോളനികളിൽ കുടിവെള്ളമെത്തിക്കുന്നത്. വേനൽക്കാലത്ത് കുടിവെള്ളക്ഷാമം രൂക്ഷമാണ്. കിണർ നിർമിച്ചാൽ പോലും കുടിവെള്ളം ലഭിക്കാൻ ബുദ്ധിമുട്ടുള്ള ഈ കോളനികളിൽ വലിയ മഴവെള്ളസംഭരണികൾ സ്ഥാപിക്കുന്നത് ഉചിതമായിരിക്കും.
4. തൊഴിലില്ലായ്മ മേഖലയിലെ പ്രധാന പ്രശ്നമാണ്. പൊതുവെ കൂലിപ്പണിയെടുത്താണ് ഉപജീവന മാർഗം കണ്ടെത്തുന്നത്. വകുപ്പ് മുഖേന റബ്ബർ ബോർഡിന്റെ സഹായത്തോടെ, 44 പേർക്ക് റബ്ബർ ടാപ്പിംഗ് പരിശീലനവും 20 വനിതകൾക്ക് തയ്യൽ പരിശീലനവും നൽകിയിട്ടുണ്ട്.
5. മേഖലയിൽ രൂക്ഷമായ വന്യമൃഗശല്യമാണ് നിലവിലുള്ളത്. ഇക്കാരണത്താൽ തന്നെ ജനങ്ങൾ ഇവിടെ താമസിക്കാനും, കൃഷി ചെയ്യാനും ഭയപ്പെടുന്നു.

ചാവശ്ശേരിപ്പറമ്പ് പുനരധിവാസമേഖല

ഇരിട്ടി മുൻസിപ്പാലിറ്റി പരിധിയിൽ വരുന്ന ചാവശ്ശേരിപ്പറമ്പ് പുനരധിവാസമേഖലയിൽ 139 കുടുംബങ്ങൾക്കായി 1 ഏക്കർ വീതം കൃഷി സ്ഥലവും 10 സെന്റ് വീതം ഹൗസിംഗ് പ്ലോട്ടുകളും അനുവദിക്കുകയും 139 വീടുകൾ നിർമിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

പ്രധാന പ്രശ്നങ്ങൾ

1. നിർമിച്ച 130 വീടുകളിൽ 8 വീടുകൾ ജനലുകളും വാതിലുകളും തകർന്ന നിലയിൽ ആൾത്താമസമില്ലാതെ കിടക്കുകയാണ്. ഈ വീടുകൾ ഉൾപ്പെടെ മുഴവൻ വീടുകളും റിപ്പയർ ചെയ്യേണ്ടതുണ്ട്.
2. മേഖലയിൽ താമസിക്കുന്നയാളുകൾക്ക് അവരുടെ കലാസാംസ്കാരിക പ്രവർത്തനങ്ങൾ നടത്തുന്നതിന് ഒരു പൊതുവേദിയല്ല. ആയത് പരിഹരിക്കുന്നതിന് ഒരു സാംസ്കാരിക നിലയം അത്യാവശ്യമാണ്.
3. മേഖലയിൽ താമസിക്കുന്ന സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് ഇവരുടെ പഠനനിലവാരം ഉയർത്തുന്നതിലേക്കായി പ്രത്യേക ട്യൂഷൻ സമ്പ്രദായം ഏർപ്പെടുത്തേണ്ടതുമാണ്. ഇതിനായി പഠനവീട് ഉൾപ്പെടെയുളള സൗകര്യം ഏർപ്പെടുത്തേണ്ടതുണ്ട്.

പരിഹാര മാർഗങ്ങൾ

1. ആറളം, ആലക്കോട് പുനരധിവാസമേഖലകളിൽ ഇനിയും പൂർത്തിയാകാതെ കിടക്കുന്ന വീടുകൾ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുക.
2. കുടിവെളള ക്ഷാമമുളള ആറളം പുനരധിവാസമേഖലയിൽ കൂടുതൽ പൊതുകിണറുകളും വാട്ടർ കണക്ഷനുകളും നിർമിക്കുക.
3. കുടിവെളളക്ഷാമമുളള ആലക്കോട് പുനരധിവാസമേഖലകളിൽ 2000/-ലിറ്റർ ശേഷിയുളള മഴവെളള സംഭരണികൾ സ്ഥാപിക്കുക.
4. ആറളം പുനരധിവാസമേഖലയിൽ കാർഷിക പ്രവൃത്തികൾ പ്രോത്സാഹിപ്പിക്കാൻ പുനരധിവാസമിഷൻ മുഖേനയും കൃഷിവകുപ്പ്, ആറളം ഫാമിംഗ് കോർപറേഷൻ എന്നിവയുടെ സഹായത്തോടെ കാർഷിക പ്രവൃത്തികൾ നടപ്പിലാക്കുകയും പുനരധിവാസമേഖലയിൽ ഒരു കൃഷിഭവൻ ഓഫീസ് സ്ഥാപിക്കുകയും ചെയ്യുക.
5. മൃഗസംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനും ആറളം പുനരധിനവാസമേഖലയിൽ ഒരു വെറ്റിനറി ഡിസ്പെൻസറി സ്ഥാപിക്കുക.
6. ക്ഷീര കർഷകരെ സംരക്ഷിക്കുന്നതിനും ക്ഷീരോത്പാദനം വർദ്ധിപ്പിക്കുന്നതിനും വിപണനത്തിനുമായി പാല് സംഭരണ വിതരണ സെന്ററുകൾ സ്ഥാപിക്കുകയും ആട്, പശു വളർത്തലിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുക.
7. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ആറളം പുനവധിവാസമേഖലയിലെ പി.എച്ച്.സി. യിൽ കിടത്തി ചികിത്സയ്ക്കുളള സൗകര്യങ്ങൾ ഏർപ്പെടുത്തുക.
8. മേഖലയിലെ ജനങ്ങൾക്ക് ആയുർവേദ ചികിത്സ ലഭ്യമാക്കുന്നതിലേക്കായി ആയുർവേദ ഡിസ്പെൻസറി സ്ഥാപിക്കുക.
9. ആറളം ഫാം ഗവൺമെന്റ് ഹൈസ്കൂൾ ഹയർസെക്കണ്ടറി സ്കൂളായി ഉയർത്തുക.
10. ആറളം പുനരധിവാസമേഖലയിൽ എൽ.പി. സ്കൂളുകൾ സ്ഥാപിക്കുക.
11. പുതിയ അംഗൻവാടി സ്ഥാപിക്കുക.
12. കലാസാംസ്കാരിക പ്രവർത്തനങ്ങൾക്കായും ഔരുകൂട്ടം പോലുളള മറ്റ് പരിപാടികൾ സംഘടിപ്പിക്കുന്നതിനും സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കുക.
13. ആറളം പുനരധിവാസമേഖലയിലെ അതിർത്തിയിൽ ബാക്കിയുളള ഭാഗങ്ങളിൽ റെയിൽ ഫെൻസിംഗ് ഏർപ്പെടുത്തി വന്യജീവി ആക്രമണം ചെറുക്കാനുളള നടപടികൾ സ്വീകരിക്കുക.
14. മേഖലയിലെ ജനവിഭാഗങ്ങൾക്ക് ന്യായ വിലയ്ക്ക് സാധനങ്ങൾ ലഭ്യമാക്കാൻ സപ്ലൈകോയുടെ ഔട്ട് ലെറ്റുകൾ ആരംഭിക്കുക.
15. ആറളം, ആലക്കോട് പുനരധിവാസമേഖലയിലെ വിവിധ ബ്ലോക്കുകളും, പ്ലോട്ടുകളും ബന്ധിപ്പിച്ചുകൊണ്ട് റോഡ് നിർമിക്കുക.
16. ആറളം പുനരധവാസമേഖലയിലെ ഓടന്തോടും, വളയഞ്ചാലിലും ഓരോ കോൺക്രീറ്റ് പാലങ്ങൾ നിർമിക്കുക.
17. ആറളം ഫാം ഗവൺമെന്റ് ഹൈസ്കൂളിലെ കുട്ടികൾക്ക് മൾട്ടി പർപ്പസ് പ്ലേ ഗ്രൗണ്ട് നിർമിക്കുക.
18. ആലക്കോട് പുനരധിവാസമേഖലയിൽ വൈദ്യുതി എത്തിക്കുന്നതിനായി ത്രീഫേസ് ലൈനും, ട്രാൻസ്ഫോർമറും സ്ഥാപിക്കുക.
19. ആലക്കോട്, ആറളം പുനരധിവാസമേഖലയിലെ ഗ്രണഭോക്താക്കൾക്കിടയിൽ പരസ്പര സഹകരണമനോഭാവം വളർത്തുന്നതിനും മേഖലയിൽ നടപ്പാക്കുന്ന കാർഷിക പദ്ധതികൾ ഉൾപ്പെടെയുളള വിവിധ പദ്ധതികൾ ഏകീകൃതമായ രീതിയിൽ നടപ്പിലാക്കുന്നതിനും മേഖലയിൽ ഉത്പാദിപ്പിക്കുന്ന കാർഷിക വിളകൾക്ക് ന്യായവില ഉറപ്പ് വരുത്തുന്നതിനും സഹകരണ സ്ഥാപനം സ്ഥാപിക്കാവുന്നതാണ്.
20. ആലക്കോട് മേഖലയിൽ വന്യമൃഗശല്യം തടയുന്നതിന് റെയിൽ ഫെൻസിംഗ് നിർമിക്കുക.

21 ചാവശ്ശേരിപ്പറമ്പിലെ താമസയോഗ്യമല്ലാത്ത വീടുകൾ റിപ്പയർ ചെയ്യുക.
22. ആറളം പുനരധിവാസമേഖലയിൽ സാംസ്കാരികനിലയങ്ങൾ നിർമിക്കുക.

ജില്ലയിലെ പൊതുവായ വികസന പ്രശ്നങ്ങളും പരിഹാര മാർഗങ്ങളും

1. ഭൂമി

കണ്ണൂർ ജില്ലയിൽ ആലക്കോട്, ആറളം, ചാവശ്ശേരിപ്പറമ്പ് പുനരധിവാസ മേഖലകളിൽ നാളിതുവരെയായി 3806 കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ ജില്ലയിലെ ഭൂരഹിത പട്ടികവർഗ കുടുംബങ്ങളുടെ വിവരങ്ങൾ പട്ടികതിരിച്ച് ചുവടെ ചേർക്കുന്നു.

ഭൂരഹിതരുടെ വിവരങ്ങൾ

ക്രമ നമ്പർ	പഞ്ചായത്ത്	0-3 സെന്റ് ഭൂമിയുള്ളവർ	4-5 സെന്റ് ഭൂമിയുള്ളവർ	6-10 സെന്റ് ഭൂമിയുള്ളവർ	ആകെ	ടെബൽ എക്സ്റ്റൻഷൻ ഓഫീസ്
1	നടുവിൽ	9	28	31	188	തളിപ്പറമ്പ്
2	ചെറുപുഴ	26	13	9		തളിപ്പറമ്പ്
3	ആലക്കോട്	6	6	5		തളിപ്പറമ്പ്
4	ഉദയഗിരി	14	9	4		തളിപ്പറമ്പ്
5	പെരിങ്ങോം-വയക്കര	6	0	2		തളിപ്പറമ്പ്
6	കാങ്കോൽ-ആലപ്പടമ്പ്	2	0	0		തളിപ്പറമ്പ്
7	എരമം-കുറ്റൂർ	6	2	5		തളിപ്പറമ്പ്
8	ചപ്പാരപ്പടവ്	1	3	1		തളിപ്പറമ്പ്
9	ശ്രീകണ്ഠാപുരം നഗരസഭ	21	3	7		തളിപ്പറമ്പ്
	ആകെ	70	61	57		
10	കണ്ണൂർ മുൻസിപ്പാലിറ്റി	11	0	0	185	കൂത്ത്പറമ്പ്
11	കോട്ടയംപൊയിൽ	3	1	0		കൂത്ത്പറമ്പ്
12	കണ്ണൂർ കോർപറേഷൻ	0	1	0		കൂത്ത്പറമ്പ്
13	ചിറ്റാരിപ്പറമ്പ്	2	10	2		കൂത്ത്പറമ്പ്
14	പാട്യം	5	0	12		കൂത്ത്പറമ്പ്
15	കോളയാട്	44	71	21		കൂത്ത്പറമ്പ്

16	കൂത്ത്പറമ്പ് മുൻസിപ്പാലിറ്റി	0	2	0		കൂത്ത്പറമ്പ്
	ആകെ	**65**	**85**	**35**		
17	ഇരിട്ടി നഗരസഭ	10	1	1		ഇരിട്ടി
18	പയ്യാവൂർ	68	4	1		ഇരിട്ടി
19	ഉളളിക്കൽ	18	5	13		ഇരിട്ടി
20	പടിയൂർ	7	33	11		ഇരിട്ടി
21	പായം	2	16	3		ഇരിട്ടി
22	ആറളം	8	17	26		ഇരിട്ടി
23	എരുവേശ്ശി	34	4	4		ഇരിട്ടി
24	അയ്യൻകുന്ന്	10	31	31		ഇരിട്ടി
	ആകെ	**178**	**120**	**99**		
25	പേരാവൂർ	2	7	1	349	പേരാവൂർ
26	മുഴക്കുന്ന്	25	42	46		പേരാവൂർ
27	കണിച്ചാർ	42	23	19		പേരാവൂർ
28	കൊട്ടിയൂർ	57	27	15		പേരാവൂർ
29	മാലൂർ	2	4	4		പേരാവൂർ
30	കേളകം	30	2	1		പേരാവൂർ
31	തില്ലങ്കരി	0	6	2		പേരാവൂർ
	ആകെ	158	105	86		പേരാവൂർ
	മൊത്തം	**471**	**371**	**277**	**1119**	

ഭൂരഹിത പട്ടികവർഗ കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭൂമി വാങ്ങി നൽകുന്നതിന് വേണ്ടി ഒരു പദ്ധതി പട്ടികവർഗ വികസനവകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. 25 സെന്റ് മുതൽ 1 ഏക്കർ വരെയുള്ള വാസയോഗ്യമായ ഭൂമി വാങ്ങുന്നതിന് 10 ലക്ഷം രൂപ വരെ ഒരു കുടുംബത്തിന് ഈ പദ്ധതിയിൽ ധനസഹായം അനുവദിക്കുന്നുണ്ട്.

2. **പാർപ്പിടം**

2015-16, 2016-17 സാമ്പത്തിക വർഷം 777 കുടുംബങ്ങൾക്ക് ത്രിതല പഞ്ചായത്തുകൾ മുഖേനയും പട്ടികവർഗ വികസന വകുപ്പ് മുഖേനയും വീടുകൾ അനുവദിച്ചിട്ടുണ്ട്. പട്ടിക ചുവടെ ചേർക്കുന്നു

കഴിഞ്ഞ 2 വർഷം ബ്ലോക്ക് പഞ്ചായത്ത് മുഖേന അനുവദിച്ച വീടുകളുടെ വിവരങ്ങൾ

ക്രമനം	പഞ്ചായത്തിന്റെ പേര്	2015-16 വർഷം അനുവദിച്ച വീടകളുടെ എണ്ണം	നിർമാണം പൂർത്തിയാക്കിയ വീടുകൾ	2016-17 വർഷം അനുവദിച്ച വീടുകൾ	നിർമാണം പൂർത്തീകരിച്ച വീടുകളുടെ എണ്ണം
1	ഇരിക്കൂർ	90	64	3	1
2	ഇരിട്ടി	48	36	1	–
3	കൂത്തുപറമ്പ്	52	36	1	–
4	പയ്യന്നൂർ	47	31	2	1
5	പേരാവൂർ	67	28	6	1
6	തളിപ്പറമ്പ്	81	63	8	4
	ആകെ	385	258	21	7

കഴിഞ്ഞ 2 വർഷം ഗ്രാമപഞ്ചായത്ത് മുഖേന അനുവദിച്ച വീടുകളുടെ വിവരങ്ങൾ

ക്രമ നം	പഞ്ചായത്തിന്റെ പേര്	2015-16 വർഷം അനുവദിച്ച വീടകളുടെ എണ്ണം	നിർമാണം പൂർത്തിയാക്കിയ വീടുകൾ	2016-17 വർഷം അനുവദിച്ച വീടുകൾ	നിർമാണം പൂർത്തീകരിച്ച വീടുകളുടെ എണ്ണം
1	തൃപ്പങ്ങോട്ടൂർ	3	3	–	–
2	കണിച്ചാർ	2	2	–	–
3	കേളകം	2	2	2	2
4	കൊട്ടിയൂർ	16	12	2	–
5	മാലൂർ	1	0	1	–
	ആകെ	**24**	**19**	**5**	**2**

കഴിഞ്ഞ 2 വർഷം പട്ടികവർഗ വികസന വകുപ്പ് മുഖേന അനുവദിച്ച വീടുകൾ

ക്രമ നം	വർഷം	അനുവദിച്ച വീടുകൾ	പൂർത്തിയായ വീടുകൾ
1	2015-16	342	20
2	2016-17	ഇല്ല	ഇല്ല
	ആകെ	342	20

ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾമുഖേനയും വകുപ്പ് മുഖേനയും അനുവദിച്ച ആകെ വീടുകളുടെ ചുരുക്കപ്പട്ടിക ചുവടെ ചേർക്കുന്നു.

ക്രമ നം	സ്ഥാപനങ്ങൾ	2015-16 വർഷം അനുവദിച്ച വീടുകൾ	പൂർത്തിയായത്	2016-17 വർഷം അനുവദിച്ച വീടുകൾ	പൂർത്തിയായത്
1	ഗ്രാമപഞ്ചായത്ത്	24	19	5	2
2	ബ്ലോക്ക് പഞ്ചായത്ത്	385	258	21	7
3	പട്ടികവർഗ വികസന വകുപ്പ്	342	20	–	–
	ആകെ	**751**	**297**	**26**	**9**

2017 വർഷം പട്ടികവർഗ വികസന വകുപ്പ് നടത്തിയ സർവേയിൽ ഭവനരഹിതരായ 646 ഉം, ഭൂരഹിതരായ ഭവനരഹിതർ 697 ഉം ഉൾപ്പെടെ ആകെ 1343 കുടുംബങ്ങൾക്ക് കൂടി ഭൂമിയും വീടും നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

3. കുടിവെള്ളം

ജില്ലയിൽ രൂക്ഷമായ കുടിവെള്ളക്ഷാമമുള്ള കോളനികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

ക്രമ നം	ടൈബൽ എക്സ്റ്റൻഷൻ ഓഫീസ്	കോളനികളുടെ എണ്ണം
1	തളിപ്പറമ്പ്	13
2	ഇരിട്ടി	51
3	പേരാവൂർ	13
4	കൂത്തുപറമ്പ്	2
	ആകെ	**79**

ജില്ലയിലെ കുടിവെള്ളക്ഷാമം രൂക്ഷമായ പട്ടികവർഗ കോളനികളുടെ പട്ടിക **അനുബന്ധം 40 ൽ** നൽകിയിരിക്കുന്നു.

കുടിവെള്ളക്ഷാമം രൂക്ഷമായ കോളനികൾ 79 ആണെങ്കിലും കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി ഏകദേശം പകുതിയോളം കോളനികളിലും വേനൽക്കാലത്തിന്റെ അവസാനമാസങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഇതിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനായി നിലവിലുള്ള കിണറുകളും ശുദ്ധജലസ്രോതസ്സുകളും പുനരുജ്ജീവിപ്പിക്കുകയും മലിനമാകാതെ സൂക്ഷിക്കുകയും ചെയ്യേണ്ടതുണ്ട്. കൂടാതെ കോളനികൾക്ക് സമീപമുള്ള പുഴ/തോട് തുടങ്ങിയവയിലെ ജലം തടയണ കെട്ടി തടഞ്ഞ് നിർത്തുകയും വേണം. ഇതിനായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുകൾ മുൻകൈയെടുത്ത് കുടുംബശ്രീ യൂണിറ്റുകളുടെ സഹകരണത്തോടെ ബോധവൽക്കരണ ക്ലാസ്സുകളും നിർമാണ പ്രവൃത്തികളും നടത്തേണ്ടതും പട്ടികവർഗ മേഖലയിൽ മഴവെള്ള സംഭരണി പ്രോത്സാഹിപ്പിക്കേണ്ടതുമാണ്.

4. ഗതാഗതം

ജില്ലയിലാകെയുള്ള 440 കോളനികളിൽ 397 കോളനികളിലും റോഡ് സൗകര്യമുണ്ടെങ്കിലും മിക്ക റോഡുകളും നിലവിൽ തകർന്ന് കിടക്കുന്നത് കോളനികളിലേയ്ക്കുള്ള വാഹനഗതാഗതത്തിന് ബുദ്ധിമുട്ടുണ്ടാക്കുന്നു. ഇത് രോഗികൾക്കും, സ്കൂൾകുട്ടികൾക്കും വളരെയധികം പ്രയാസം സൃഷ്ടിക്കുകയും ചെയ്യുന്നു. തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന ആലക്കോട്, ഉദയഗിരി പഞ്ചായത്തുകളിലെ ലോവർചീക്കാട്, അപ്പർചീക്കാട്, മധുവനം-1, കോളി തുടങ്ങിയ പുനരധിവാസ പ്രദേശങ്ങളിലെ ജനങ്ങൾ രൂക്ഷമായ ഗതാഗത പ്രശ്നം അനുഭവിക്കുന്നവരാണ്.

5. കാർഷിക മേഖല

കണ്ണൂർ ജില്ലയിലെ പട്ടികവർഗ വിഭാഗങ്ങളിൽ കുറിച്യ സമുദായത്തിൽപ്പെട്ടവർ പൊതുവെ ഭൂവുടമകളും, കൃഷിക്കാരുമാണ്. ആദിവാസി പുനരധിവാസത്തിന്റെ ഭാഗമായി ആറളം ഫാം പുനരധിവാസ മേഖലയില് 3375 പേർക്ക് കൈവശരേഖ നൽകിയിട്ടുണ്ട്. ഇതിൽ 40% പേരും പണിയ സമുദായക്കാരാണ്. ഇവർപൊതുവായി കൃഷിപ്പണിക്കും കൂലിപ്പണിക്കും പോകുന്നവരുമാണ്. കൂടാതെ ആലക്കോട് മേഖലയിൽ 292 പട്ടികവർഗ കുടുംബങ്ങൾക്ക് 1 ഏക്കർ വീതവും ചാവശ്ശേരി ട്രൈബൽഷിപ്പിൽ 1.10 ഏക്കറും ഭൂമി നൽകിയിട്ടുണ്ട്. പച്ചക്കറി, ഭക്ഷ്യവിളകളായ വാഴ, കപ്പ, ചേമ്പ്, കാച്ചിൽ എന്നിവയും നാണ്യവിളകളായ റബ്ബർ, തെങ്ങ്, കവുങ്ങ്, കുരുമുളക് എന്നിവയുമാണ് ആദിവാസി വിഭാഗങ്ങൾ പൊതുവെ കൃഷിചെയ്യുന്നത്. പുനരധിവാസ മേഖലകളിൽ 1 ഏക്കർ വീതം ഭൂമി ലഭിച്ച കുടുംബങ്ങൾ മിക്കവരും കൃഷി ചെയ്യാതെ ഭൂമി തരിശിട്ടിരിക്കുകയാണ്. പഞ്ചായത്തുകളുടെ വാർഷിക പദ്ധതി പുരോഗതി റിപ്പോർട്ട് പരിശോധിച്ചതിൽ മിക്ക പഞ്ചായത്തുകളും ടി.എസ്.പി. പദ്ധതിയിൽ ഉത്പാദന മേഖലയിൽ പദ്ധതികൾ ആവിഷ്കരിക്കുന്നില്ല എന്നും, ഉണ്ടെങ്കിൽതന്നെ ആയത് വളരെ കുറഞ്ഞ ശതമാനമാണെന്നും, മനസ്സിലാക്കുന്നു. നമ്മുടെ ജില്ല പച്ചക്കറികൾക്ക് മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്നവരാണ്. ഈ ഒരു സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തുകൾ ടി.എസ്.പി. പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ഉത്പാദന മേഖലയ്ക്ക് പ്രാധാന്യം കൊടുക്കേണ്ടതും, പച്ചക്കറി കൃഷിയും അതുപോലെ ഭക്ഷ്യ, നാണ്യവിളകളുടെ കൃഷികളും പ്രോത്സാഹിപ്പിക്കേണ്ടതുമാണ്.

6. വിദ്യാഭ്യാസം

പട്ടികവർഗ വിഭാഗങ്ങളുടെ ഇന്നത്തെ പിന്നോക്കാവസ്ഥയ്ക്ക് പ്രധാനപ്പെട്ട ഒരു കാരണം വിദ്യാഭ്യാസ നിലവാരത്തിന്റെ പോരായ്മയാണ്. പ്രൈമറി, ഹൈസ്കൂൾ, ഹയർസെക്കന്ററി തലങ്ങളിൽ കൊഴിഞ്ഞുപോക്ക് ഇപ്പോഴും നിലവിലുണ്ട്. മാത്രമല്ല, പ്രൊഫഷണൽ കോഴ്സ് ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസ രംഗത്ത് വളരെ

നാമമാത്രമായവർക്ക് മാത്രമാണ് എത്തിപ്പെടാൻ കഴിയുന്നത്. 2016-17 വർഷം ജില്ലയിൽ നിന്നും പ്രൊഫഷണൽ കോഴ്സുകൾക്ക് തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ വിദ്യാർത്ഥികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	കോഴ്സ്	വിദ്യാർത്ഥികളുടെ എണ്ണം
1	ബി. എഡ്	7
2	ബി.എസ്.സി.നേഴ്സിംഗ്	7
3	പി.ജി.	16
4	ബി.ഫാം	1
5	എഞ്ചിനിയറിംഗ്	2

പട്ടികവർഗ വിദ്യാർത്ഥികൾക്ക് മെഡിക്കൽ എഞ്ചിനിയറിംഗ് രംഗത്ത് അഡ്മിഷൻ ലഭിക്കുന്നതിന് സഹായിക്കുക എന്ന ലക്ഷ്യത്തോടെ പട്ടികവർഗ വികസന വകുപ്പ് മുൻകൈയെടുത്ത് പാലാ ബ്രില്ല്യന്റ് കോളേജിൽ ഒരു വർഷം 30 കുട്ടികൾക്ക് പരിശീലനം നൽകി വരുന്നുണ്ട്. ഇതിന്റെ ഫലമായി 2017-18 വർഷം ജില്ലയിലെ 4 പട്ടികവർഗ വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്സിന് അഡ്മിഷൻ ലഭിച്ചിട്ടുളളത് ജില്ലയ്ക്ക് തന്നെ അഭിമാനകരമാണ്.

2015-16, 2016-17 വർഷം ജില്ലയിലെ പ്രീമെട്രിക് വിദ്യാർത്ഥികളുടെ എണ്ണം

ക്ലാസ്സ്	**കുട്ടികളുടെ എണ്ണം**	**കുട്ടികളുടെ എണ്ണം 2016-17**	**വർദ്ധനവ് %**
I	723	758	4.8
II	706	732	3.7
III	705	790	12.1
IV	712	769	8.0
V	645	677	5.0
VI	632	673	6.5
VII	666	628	5.7
VIII	683	580	15.1
IX	661	746	12.9
X	573	588	2.6
ആകെ	**6706**	**6941**	3.5

2015-16 വർഷത്തെ അപേക്ഷിച്ച് 2016-17 വർഷം 235 കുട്ടികളുടെ 3.5% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

കുട്ടികളുടെ എണ്ണം താരതമ്യം ചെയ്യുന്ന ഗ്രാഫ്



പട്ടികവർഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2015-16 വർഷം പ്രീമെട്രിക്ക് തലത്തിൽ പഠിക്കുന്ന 6706 വിദ്യാർത്ഥികൾക്ക് 1,12,56,525/- രൂപയും, 2016-17 വർഷം 6941 കുട്ടികൾക്ക് 1,17,21,880/- രൂപയും ലംപ്സംഗ്രാന്റ് സ്റ്റൈപ്പന്റ് ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പട്ടികവർഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക എന്ന ലക്ഷ്യത്തോടെ വിദൂര ദേശത്ത് നിന്നും, ഉൾവനത്തിലുള്ള സങ്കേതങ്ങളിൽ നിന്നും സ്കൂളിലേയ്ക്ക് എത്തിച്ചേരാൻ പ്രയാസപ്പെടുന്ന വിദ്യാർത്ഥികളെ വാഹനങ്ങളിൽ സ്കൂളിൽ എത്തിക്കാനും, തിരികെ വീട്ടിലേയ്ക്ക് കൊണ്ടുപോകാനും പട്ടികവർഗ വികസന വകുപ്പ് ഗോത്രസാരഥി എന്ന പേരിൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഈ ഇനത്തിൽ 2015-16 വർഷം 69,35,835/- രൂപയും 2016-17 വർഷം 80,29,629/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

കൂടാതെ 10,12 ക്ലാസ്സുകളിൽ ഉയർന്ന മാർക്കിൽ വിജയിക്കുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക് പ്രോത്സാഹന ഗ്രാന്റ് നൽകുന്നതിന് വേണ്ടി 2016-17 വർഷം 40,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 1 മുതൽ 8വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വകുപ്പ് മുഖേന സൗജന്യ ഉച്ചഭക്ഷണവും സൗജന്യ കൈത്തറി യൂണിഫോമും നൽകി വരുന്നുണ്ട്. ഇതിന് പുറമെ ആറളം ആദിവാസി പുനരധിവാസ മേഖലയിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ഹൈസ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും പ്രഭാത ഭക്ഷണവും 9,10 ക്ലാസ്സുകളിലെ കുട്ടികൾക്ക് ഉച്ചഭക്ഷണവും പട്ടികവർഗ വികസന വകുപ്പിന്റെ സഹായത്തോടെ നടപ്പിലാക്കുന്നുണ്ട്.

വീട്ടിൽനിന്നും സ്കൂളിൽ പോയി പഠിക്കാൻ ബുദ്ധിമുട്ടുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്കായി 7 പ്രീമെട്രിക്ക് ഹോസ്റ്റലുകളും ഒരു മോഡൽ റസിഡൻഷ്യൽ സ്കൂളും ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. 2016-17 വർഷം പ്രീമെട്രിക്ക് ഹോസ്റ്റലുകളിൽ ചേർന്ന് പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

ക്രമ നം	ഹോസ്റ്റലിന്റെ പേര്	അനുവദനീയമായ എണ്ണം	പഠിക്കുന്ന കുട്ടികളുടെ എണ്ണം	ആൺകുട്ടികൾ/ പെൺകുട്ടികൾ
1	പ്രീമെട്രിക്ക് ഹോസ്റ്റൽ കോളയാട്	60	78	പെൺകുട്ടികൾ
2	പ്രീമെട്രിക്ക് ഹോസ്റ്റൽ, കേളകം	40	42	ആൺകുട്ടികൾ
3	പ്രീമെട്രിക്ക് ഹോസ്റ്റൽ, ഇരിട്ടി	60	72	പെൺകുട്ടികൾ
4	പ്രീമെട്രിക്ക് ഹോസ്റ്റൽ, വെളിമാനം	60	79	പെൺകുട്ടികൾ
5	പ്രീമെട്രിക്ക് ഹോസ്റ്റൽ, വയത്തൂർ	40	37	ആൺകുട്ടികൾ
6	പ്രീമെട്രിക്ക് ഹോസ്റ്റൽ, മയ്യിൽ	60	73	പെൺകുട്ടികൾ
7	പ്രീമെട്രിക്ക് ഹോസ്റ്റൽ, നടുവിൽ	40	49	ആൺകുട്ടികൾ

മോഡൽ റസിഡൻഷ്യൽ സ്കൂൾ (ബോയ്സ്)

ക്ലാസ്സ്	കുട്ടികളുടെ എണ്ണം(2016-17)
V	19
VI	33
VII	31
VIII	35
IX	28
X	20
XI	97
XII	74

പ്രീമെട്രിക്ക് ഹോസ്റ്റലുകളിലെ കുട്ടികളുടെ എണ്ണം പരിശോധിക്കുമ്പോൾ, അനുവദനീയമായ എണ്ണത്തിലും കൂടുതൽ കുട്ടികളാണ് ഇപ്പോൾ ഹോസ്റ്റലുകളിൽ താമസിക്കുന്നത് എന്നു കാണാം. കൂടാതെ നിരവധി കുട്ടികൾക്ക്

ഹോസ്റ്റൽ അഡ്മിഷൻ ലഭിക്കാത്ത സാഹചര്യവുമുണ്ട്. ആയത് പരിഹരിക്കുന്നതിന് ഈ മേഖലയിൽ കൂടുതൽ ഹോസ്റ്റലുകൾ ഉണ്ടാകേണ്ടതുണ്ട്. ആറളം ആദിവാസി പുനരധിവാസ മേഖലയിൽ പെൺകുട്ടികൾക്കായുള്ള ഒരു പ്രീമെട്രിക്ക് ഹോസ്റ്റലിന്റെ നിർമാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഇതേ മേഖലയിൽതന്നെ ഒരു മോഡൽ റസിഡൻഷ്യൽ സ്കൂളിനും അനുമതി ലഭിച്ചിട്ടുണ്ട്.

ഹൈസ്കൂൾ ഹയർ സെക്കന്ററി തലങ്ങൾ പിന്നിടുന്ന വിദ്യാർത്ഥികൾക്ക് ബിരുദബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്നതിന് വേണ്ടി സ്വന്തം കോളനിയിൽ നിന്നും ദൂരെയുള്ള പട്ടണങ്ങളിൽ പോയി പഠിക്കേണ്ട സാഹചര്യമാണുള്ളത്. ഈ വിദ്യാർത്ഥികൾക്ക് താമസിച്ച് പഠിക്കുന്നതിന് ജില്ലയിൽ ഒരു പോസ്റ്റ് മെട്രിക്ക് ഹോസ്റ്റൽ നിലവിലില്ല. കണ്ണൂർ പട്ടണ പ്രദേശങ്ങളിലോ, സമീപ പഞ്ചായത്തുകളിലോ സ്ഥലം ലഭ്യമാക്കി പട്ടികവർഗ വിദ്യാർത്ഥികൾക്കായി ഒരു പോസ്റ്റ് മെട്രിക്ക് ഹോസ്റ്റൽ പണിയേണ്ടത് അത്യാവശ്യമാണ്.

7. സാക്ഷരത

പട്ടികവർഗ മേഖലയിൽ ജില്ലയിലെ സാക്ഷരതാ നിരക്ക് 72.73% മാണ് എന്ന് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സിന്റെ സർവേ റിപ്പോർട്ടിൽ പറയുന്നു. ആദിവാസി മേഖലയിൽ നിരക്ഷരരായ 12,766/- പേരിനിയുമുണ്ട്. ഇവരെ അക്ഷരലോകത്തെന്റെ വെളിച്ചത്തിലേയ്ക്ക് കൈപിടിച്ച് നടത്തുക എന്ന ലക്ഷ്യത്തോടെ സാക്ഷരതാമിഷന്, കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെയും പട്ടികവർഗ വികസന വകുപ്പിന്റെയും സഹായത്തോടെ സമഗ്ര ആദിവാസി സാക്ഷരതാ പ്രവർത്തനം നടത്തി വരുന്നുണ്ട്. മുഴുവൻ പട്ടികവർഗ വിഭാഗക്കാരെയും സാക്ഷരരാക്കുക എന്ന വലിയ യജ്ഞത്തിന്റെ ഭാഗമായി കൂടുതൽ പ്രവർത്തനങ്ങൾ ഈ മേഖലയിൽ തുടരേണ്ടതുണ്ട്.

8. ആരോഗ്യം

കണ്ണൂർ ഐ.ടി.ഡി.പി. ഓഫീസിന്റെ നിയന്ത്രണത്തിൽ ആറളം വീർപ്പാട് എന്ന സ്ഥലത്ത് ഒരു ആയുർവേദ ആശുപത്രിയും, കണ്ണവം കോളനിയിൽ ഒരു ആയുർവേദ ഡിസ്പെൻസറിയുമാണുള്ളത്. ആറളം ആദിവാസി പുനരധിവാസ മേഖലയിലേയും ആറളം പഞ്ചായത്തിലെ മറ്റ് പട്ടികവർഗ കോളനികളിലേയും ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് ആറളത്തെ ഈ ആയുർവേദ ആശുപത്രിയെയാണ്. കിടത്തി ചികിത്സയ്ക്ക് സൗകര്യമുള്ള ആയുർവേദ ആശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിക്കാനുള്ള ഫണ്ട് ഈ വർഷം വകുപ്പിൽ നിന്നും അനുവദിച്ച് കിട്ടിയ സാഹചര്യത്തിൽ ആയതിനുള്ള നടപടികൾ വകുപ്പ് ദ്രുതഗതിയിൽ പൂർത്തിയാക്കി വരികയാണ്. ജില്ലയിലെ രോഗികളായ പട്ടികവർഗക്കാർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കോഴിക്കോട്, പരിയാരം തുടങ്ങിയ മെഡിക്കൽ കോളേജുകളിലും കണ്ണൂർ ജില്ലാ ആശുപത്രി, തലശ്ശേരി താലൂക്ക് ആശുപത്രി, ഇരിട്ടി, പേരാവൂർ, തളിപ്പറമ്പ് സാമൂഹ്യ ആരോഗ്യകേന്ദ്രം എന്നിവിടങ്ങളിലും തലശ്ശേരി മലബാർ ക്യാൻസർ സെന്ററിനും ആവശ്യമായ ഫണ്ട് പട്ടികവർഗ വികസന വകുപ്പ് അനുവദിച്ചു വരുന്നുണ്ട്. കൂടാതെ രോഗികളെ ആശുപത്രിയിൽ എത്തിക്കുന്നതിനുള്ള വാഹന വാടക, മരുന്ന് മറ്റ് മെഡിക്കൽ ചെക്കപ്പുകൾ നടത്തുന്നതിനുമായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സാ ധനസഹായവും നൽകി വരുന്നുണ്ട്. 2015-16 വർഷം 27,99,819/- രൂപയും, 2016-17 വർഷം 18,19,952/- രൂപയും ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. സിക്കിൾസെൽ അനീമിയ രോഗികൾക്കുള്ള സാമ്പത്തിക സഹായ പദ്ധതിയിൽ 2015-16 വർഷം 4 രോഗികൾക്കായി 16,000/- രൂപയും, 2016-17 വർഷം 90,000/- രൂപയും വകുപ്പ് മുഖേന ചെലവഴിച്ചിട്ടുണ്ട്.

പട്ടികവർഗ മേഖലയിൽ നിലവിൽ ജില്ലയിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മാരക അസുഖങ്ങൾ ബാധിച്ചയാളുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു (ആരോഗ്യ വകുപ്പിൽനിന്നും ശേഖരിച്ചത്).

ടി.ബി	17
കുഷ്ഠം	4
ക്യാൻസർ	16

മദ്യം, മയക്കുമരുന്നുകൾ, പുകയില ഉൽപ്പന്നങ്ങൾ തുടങ്ങിയവയുടെ ഉപയോഗം ആദിവാസി മേഖലയിൽ പൊതുവേ കൂടുതലാണ്. അലോപ്പതി ചികിൽസയോടുള്ള വൈമുഖ്യം, അന്ധവിശ്വാസം, അറിവില്ലായ്മ എന്നിവ ഈ മേഖലയിലെ രോഗികളുടെ എണ്ണം വർദ്ധിക്കുന്നതിന് കാരണമാകുന്നു. യഥാസമയമുള്ള ചികിൽസ, പോഷകാഹാരം, ബോധവൽക്കരണം എന്നിവ നൽകുന്നത് വഴി ഇത്തരം പ്രശ്നങ്ങൾ കുറേയേറെ പരിഹരിക്കാൻ കഴിയുന്നതാണ്.

ഇരിട്ടി താലൂക്കിലുൾപ്പെടുന്ന ആറളം ആദിവാസി മേഖലയിലേയും മറ്റ് പഞ്ചായത്തുകളിലെയും ബഹുഭൂരിപക്ഷം പട്ടികവർഗക്കാരും പേരാവൂർ, ഇരിട്ടി എന്നിവിടങ്ങളിലുള്ള സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളെയാണ് ആശ്രയിക്കുന്നത്. മെച്ചപ്പെട്ട ചികിൽസാ സൗകര്യങ്ങളുടെ അഭാവവും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ അഭാവവും കാരണം രോഗികളെ കണ്ണൂർ, തലശ്ശേരി, കോഴിക്കോട്, പരിയാരം തുടങ്ങിയ ആശുപത്രികളിലേയ്ക്ക് റഫർ ചെയ്യേണ്ടി വരുന്നത് രോഗികൾക്കും ബന്ധുക്കൾക്കും വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ഇരിട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തി, ആവശ്യമായ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെയും അനുബന്ധ പാരാമെഡിക്കൽ

ജീവനക്കാരെയും നിയമിച്ച് ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് അടിയന്തിരമായി പരിഗണിക്കേണ്ടുന്ന വിഷയമാണ്.

9. തൊഴിൽമേഖല

കണ്ണൂർ ജില്ലയിലെ പട്ടികവർഗക്കാർ പൊതുവെ കൃഷിപ്പണിയെടുത്ത് ഉപജീവനമാർഗം കണ്ടെത്തുന്നവരാണ്. വളരെ ചെറിയ ശതമാനം പേർ സർക്കാർ /അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നുണ്ട്. ജില്ലയിലെ പട്ടികവർഗക്കാരിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള പണിയ വിഭാഗക്കാർ കൂലിപ്പണിയെ മാത്രം ആശ്രയിക്കുന്നവരാണ്. നിലവിലെ തൊഴിൽ സാഹചര്യത്തിൽ കൂലിപ്പണി കുറവായതിനാൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയാണ് ആശ്രയം. കേരളത്തിൽ ഒരു കുടുംബത്തിന് ഇപ്പോൾ 150 ദിവസം തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ലഭിക്കുന്നുണ്ടെങ്കിലും കൂലി ലഭിക്കാനുള്ള കാലതാമസം (ഇപ്പോൾ 3 മാസമെങ്കിലും കൂലി ലഭിക്കാൻ കാലതാമസം വരുന്നുണ്ട്) കാരണം ഇവർ കൃത്യമായി ജോലിക്ക് പോകാറില്ല. ദാരിദ്ര്യ ലഘൂകരണത്തിനും, തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും വേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഇക്കാരണത്താൽ പട്ടികവർഗക്കാർക്കിടയിൽ ഫലപ്രദമാകുന്നില്ല.

വിദ്യാസമ്പന്നരായ പട്ടികവർഗക്കാർക്ക് പി.എസ്.സി./യു.പി.എസ്.സി./ബാങ്ക് ടെസ്റ്റ് തുടങ്ങിയ മത്സര പരീക്ഷകളിൽ വിജയിക്കുന്നതിന് വേണ്ടി സ്വന്തം നിലയിൽ പരിശ്രമിച്ച് സാധിക്കാത്തതിനാൽ ഈ മേഖലയിൽ പരിശീലനം നൽകുന്നതിന് പ്രത്യേക പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ പട്ടികവർഗ വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കേണ്ടതുണ്ട്. നാഷണൽ റൂറൽ ലൈവ്ലി ഹുഡ് മിഷന്റെ ഭാഗമായി കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന ദീൻദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യയോജന പദ്ധതിയിലുൾപ്പെടുത്തി നൈപുണ്യ വികസനവും തൊഴിൽ ലഭ്യമാക്കലും എന്ന ഒരു പരിശീലന പരിപാടി നടപ്പിലാക്കി വരുന്നുണ്ടെങ്കിലും പട്ടികവർഗ മേഖലയിൽ ഈ ഒരു തൊഴിലവസരം വേണ്ട രീതിയിൽ ഉപയോഗപ്പെടുത്തുന്നില്ല. ആയതിനാൽ ഭാവിയിൽ പ്രത്യേക ശ്രദ്ധ ചെലുത്തി ഇത്തരം പരിശീലന പരിപാടികൾ ഈ മേഖലകളിൽ നടപ്പിലാക്കുന്നതിന് പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

പ്രശ്നങ്ങൾ

പട്ടികവർഗ ഉപ പദ്ധതിയ്ക്കായി സംസ്ഥാന സർക്കാർ വാർഷിക ബഡ്ജറ്റിൽ 50% തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും, 50% തുക പട്ടികവർഗ വികസന വകുപ്പിനും നീക്കിവെക്കാൻ വ്യവസ്ഥ ചെയ്യുന്നു. ഉദ്യോഗസ്ഥ തലത്തിൽ മാത്രം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയത് കൊണ്ട് മാത്രമാണ് ആദിവാസികൾക്കിടയിലുള്ള വികസന പ്രവർത്തനങ്ങൾ യഥാർത്ഥത്തിൽ നടപ്പിലാക്കാൻ കഴിയാതെ പോയതെന്നും ഈ മേഖലയിൽ പ്രതീക്ഷിച്ച പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല എന്നും സർക്കാരിൻ ബോദ്ധ്യപ്പെട്ട സാഹചര്യത്തിലാണ് 9-മത് പഞ്ചവത്സര പദ്ധതിക്കാലം മുതൽ പട്ടികവർഗ ഉപപദ്ധതിയിൽ 50% തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കാൻ തീരുമാനിച്ചത്. തുടർന്ന് ഇപ്പോൾ 13-മത് പഞ്ചവത്സര പദ്ധതിയിലെത്തി നിൽക്കുന്ന ഈ അവസരത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ വിശകലനം ചെയ്തതിൽ ഈ മേഖലയിൽ ഇനിയും പ്രതീക്ഷിച്ച പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല എന്ന് മനസ്സിലാക്കാൻ കഴിയുന്നതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പട്ടികവർഗ വികസന വകുപ്പിന്റെയും പദ്ധതികളെല്ലാം തന്നെ ഊരുക്കൂട്ടങ്ങളിൽ നിന്നും നിർദേശിക്കപ്പെടണമെന്നാണ് വിവക്ഷ. ഓരോ മൂന്ന് മാസം കൂടുമ്പോഴും ഊരുകളിൽ ഊരുക്കൂട്ടം വിളിച്ചു ചേർക്കണമെന്നാണ് സർക്കാർ ഉത്തരവിൽ പറയുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ടൈബൽ എക്സ്റ്റൻഷൻ ഓഫീസറുമായി കൂടിയാലോചിച്ച് പദ്ധതി ആസൂത്രണത്തിന് മുൻപ് തന്നെ ബന്ധപ്പെട്ട ഊരുകളിൽ ഊരുക്കൂട്ടയോഗം വിളിച്ച് ചേർക്കേണ്ടതും, ബന്ധപ്പെട്ട വാർഡ് മെമ്പറും, പട്ടികവർഗ മെമ്പറും, പഞ്ചായത്ത് പ്രസിഡന്റുമാരും ആവശ്യമെങ്കിൽ വികസന പദ്ധതിയുമായി ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥൻമാരും, എസ്.ടി. പ്രൊമോട്ടർമാരും യോഗത്തിൽ പങ്കെടുക്കേണ്ടതുമാണ്. ഇങ്ങനെ ചേരുന്ന ഊരുക്കൂട്ടയോഗങ്ങളിൽ വെച്ച് അതാത് ഗ്രാമപഞ്ചായത്തുകൾക്ക് ജനറൽ വിഭാഗത്തിലും പട്ടികവർഗ ഉപപദ്ധതിയിലും ലഭിക്കുന്ന ഫണ്ടിനെക്കുറിച്ചുള്ള കൃത്യമായ കണക്ക് ഊരുക്കൂട്ടം മുൻപാകെ അറിയിക്കേണ്ടതും പഞ്ചായത്തിന്റെ ചുമതലയാണ്. ഇങ്ങനെ എല്ലാ പട്ടികവർഗ സങ്കേതങ്ങളിലും സമയബന്ധിതമായി ഊരുക്കൂട്ട യോഗങ്ങൾ പൂർത്തീകരിച്ചതിന് ശേഷം മാത്രമേ ഗ്രാമസഭകൾ വിളിച്ച് ചേർക്കാൻ പാടുള്ളൂ. ഇപ്രകാരം ഊരുക്കൂട്ടങ്ങളിൽ വെച്ച് നിർദേശിക്കുന്ന പദ്ധതികൾ ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതും, ഒരു ഊരിൽനിന്ന് ചുരുങ്ങിയത് 5 പേരെങ്കിലും ഊരുമൂപ്പൻമാരോടൊപ്പം പ്രസ്തുത ഗ്രാമസഭയിൽ പങ്കെടുക്കേണ്ടതുമാണ്. ഇങ്ങനെ ലഭിക്കുന്ന പദ്ധതി നിർദേശങ്ങൾ പട്ടികവർഗ വർക്കിംഗ് ഗ്രൂപ്പിന്റെ മുൻപാകെ സമർപ്പിച്ച് അംഗീകാരം വാങ്ങിയ ശേഷമാണ് പദ്ധതി ഗുപാർശകൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനം മുൻപാകെ സമർപ്പിക്കേണ്ടത്. എന്നാൽ ഇത്തരത്തിലുള്ള ചിട്ടയായ ഒരു പ്രവർത്തനം കൃത്യമായി നടക്കാത്തതിന്റെ അഭാവമാണോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണത്തിൽ

മേഖലാടിസ്ഥാനത്തിലുള്ളതും ഫലപ്രദവുമായ യഥാർത്ഥ പദ്ധതി നിർദേശങ്ങളായി ഉയർന്ന് വരാത്തത് എന്ന് പരിശോധിക്കേണ്ട വിഷയമാണ്.

പരിഹാരങ്ങൾ

പട്ടികവർഗ മേഖലയിൽ നടപ്പിലാക്കേണ്ടുന്ന എല്ലാ പദ്ധതി നിർദേശങ്ങളും ഊരുക്കൂട്ടങ്ങളിൽനിന്നും ഉയർന്നു വരേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ആസൂത്രണത്തിന് മുന്നോടിയായി എല്ലാ സങ്കേതങ്ങളിലും സമയബന്ധിതമായി ഊരുക്കൂട്ടയോഗം വിളിച്ച് ത്രിതല പഞ്ചായത്തുകളിലേയ്ക്കും മുകൾതട്ടിലേക്കുമുള്ള (സർക്കാരിന്റെ പ്രത്യേക അനുമതിയോടെ നടപ്പിലാക്കുന്ന പ്രൊജക്ടുകൾ)പദ്ധതി നിർദേശങ്ങൾ സ്വീകരിക്കേണ്ടതും ഇങ്ങനെയുള്ള ഊരുക്കൂട്ടങ്ങളിൽ ഊരിലെ പ്രായപൂർത്തിയായ അംഗങ്ങളിൽ 50% പേരെങ്കിലും പങ്കെടുത്ത് കാര്യം തികയുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഊരുക്കൂട്ടയോഗം ചേരുന്നതിന് ഒരാഴ്ച മുൻപെങ്കിലും കോളനിയിലെ എല്ലാ വീടുകളിലും രേഖാമൂലം അറിയിപ്പ് നൽകേണ്ടതാണ്. ഇപ്രകാരം ഊരുക്കൂട്ടത്തിൽനിന്നും ലഭിക്കുന്ന പദ്ധതികൾ തന്നെയാണ് ഗ്രാമസഭയയിലും ചർച്ച ചെയ്യുന്നതെന്ന് മനസ്സിലാക്കുന്നതിന് ഓരോ ഊരുക്കൂട്ടത്തിൽ നിന്നും ചുരുങ്ങിയത് 5 പേരും, ഊരുമൂപ്പനും ബന്ധപ്പെട്ട എസ്.ടി. പ്രമോട്ടർമാരും നിർബന്ധമായും ഗ്രാമസഭകളിൽ പങ്കെടുക്കേണ്ടതും പങ്കാളികളാകേണ്ടതുമാണ്. ഇപ്രകാരം ഊരുക്കൂട്ടത്തിൽ നിന്നും ഉയർന്ന് വന്ന നിർദേശങ്ങൾ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കേണ്ടുന്ന പദ്ധതികളും, പട്ടികവർഗ വികസന വകുപ്പ് നടപ്പിലാക്കേണ്ടുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് തരം തിരിച്ച് ക്രോഡീകരിക്കുകയും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും, പട്ടികവർഗ വികന വകുപ്പിനും അയച്ചുകൊടുക്കേണ്ടതുമാണ്. തുടർന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഈ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന വേളയിലും ഊരുക്കൂട്ടങ്ങൾ 3 മാസത്തിലൊരിക്കൽ വിളിച്ച് ചേർത്ത് പദ്ധതിയുടെ പുരോഗതി സംബന്ധിച്ച് ഊരുക്കൂട്ടത്തിനെ ബോദ്ധ്യപ്പെടുത്തേണ്ടതുമാണ്.

4.4(ബി) വനിത, വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡേഴ്സ്

വനിത

സ്ത്രീ പദവിയുടെ കാര്യത്തിൽ ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളേക്കാളും ഏറെ മുന്നിലാണ് കേരളം. സ്ത്രീകളുടെ ആയുർദൈർഘ്യം, സാക്ഷരത, സ്ത്രീ-പുരുഷാനുപാതം, മാതൃ-ശിശു മരണ നിരക്ക് എന്നിവയിലെല്ലാം തന്നെ പ്രകടമായ വ്യത്യാസം കേരളവും മറ്റു സംസ്ഥാനങ്ങളും തമ്മിലുണ്ട്. ദീർഘകാലത്തെ സാമൂഹ്യ ഇടപെടലുകളിലൂടെയാണ് കേരളം ഈ നേട്ടങ്ങൾ ആർജിച്ചത്. കേരളീയ നവോത്ഥാനത്തിന്റെ അജണ്ടകളിൽ മുഖ്യമായ ഒന്ന് സ്ത്രീ വിമോചനത്തിനെതിരായ പോരാട്ടമായിരുന്നു. മാറു മറയ്ക്കൽ സമരം, കല്ലുമാല സമരം, അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് എന്ന നാടകം, മൂക്കുത്തി സമരം എന്നിങ്ങനെ ഉജ്ജ്വലമായ നിരവധി ഏടുകൾ ചരിത്രത്തിൽ നിന്നു നമുക്ക് ലഭിക്കും. ശ്രീനാരായണ ഗുരുദേവനും അയ്യങ്കാളിയും വി.ടി. ഭട്ടതിരിപ്പാടും എം.ആർ.ബി.യുമെല്ലാം സ്ത്രീകളുടെ പ്രശ്നങ്ങൾ സമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിൽ മുഖ്യ പങ്ക് വഹിച്ചു.

1956ൽ കേരളം രൂപം കൊണ്ടശേഷം ഇവിടെ അധികാരത്തിൽ വന്ന സർക്കാരുകൾ നടപ്പാക്കിയ ഭൂപരിഷ്കരണം, പൊതു ആരോഗ്യ വിദ്യാഭ്യാസ രംഗങ്ങളെ ശക്തമാക്കുന്ന നടപടികൾ എന്നിവയും സ്ത്രീപദവിയിൽ മുന്നേറുന്നതിന് കേരളത്തെ സഹായിച്ചു. 1998ൽ ആരംഭിച്ച കുടുംബശ്രീ പ്രസ്ഥാനം സ്ത്രീ ശാക്തീകരണത്തിന് ലോകത്തിനാകെ മാതൃകയായി മാറി. 2010ൽ നിലവിൽവന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ 50% സ്ത്രീപങ്കാളിത്തം പ്രാദേശിക ഭരണത്തിൽ ഒരു പുതുചരിത്രത്തിന് വഴിയൊരുക്കി.

എന്നാൽ പുരുഷ മേധാവിത്വ ആശയങ്ങൾ ഇന്നും കേരളീയ സമൂഹത്തിൽ ശക്തമാണ്. 1990 കളിൽ ആരംഭിച്ച സാമ്പത്തിക ഉദാരവൽക്കരണ നടപടികൾ രാജ്യത്തൊട്ടാകെ സാമൂഹ്യ- സാംസ്കാരിക രംഗത്ത് സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ കേരളത്തെയും ബാധിച്ചു. മുതലാളിത്ത സമൂഹത്തിലെ അരാജകത്വ പ്രവണതകൾ, ശക്തമാകുന്ന ഉപഭോഗ സംസ്കാരം, ഇന്റർനെറ്റ് ഉൾപ്പെടെയുള്ള നവമാധ്യമങ്ങളുടെ പ്രചാരം എന്നിവയെല്ലാം സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ വർദ്ധിക്കുന്നതിന് ഇടയാക്കി. സ്ത്രീ ശരീരത്തെ കേവലം ഉപഭോഗ വസ്തുവായി കാണുന്ന മുതലാളിത്ത മൂല്യബോധം ഇന്ന് കൂടുതൽ ശക്തമാവുകയാണ്.

ഇതോടൊപ്പം യാഥാസ്ഥിതിക, പിന്തിരിപ്പൻ ആശയങ്ങളും സമീപകാലത്തായി കേരളത്തിൽ പിടിമുറുക്കുന്നു. സ്ത്രീകളുടെ വസ്ത്രധാരണം, വിദ്യാഭ്യാസം, വിവാഹപ്രായം തുടങ്ങിയ കാര്യങ്ങളിലെല്ലാം സ്ത്രീവിരുദ്ധ ആശയങ്ങൾ അടിച്ചേൽപ്പിക്കപ്പെടുകയാണ്.

തൊഴിൽ മേഖല

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് ദേശീയ ശരാശരിയേക്കാൾ കുറവാണെന്നത് കേരളത്തിലെ സ്ത്രീമുന്നേറ്റത്തിന്റെ തിളക്കം കുറയ്ക്കുന്ന വസ്തുതയാണ്. ഈ പ്രശ്നം ഏറെ രൂക്ഷമായ ജില്ലയാണ് കണ്ണൂർ.

കേന്ദ്ര സർക്കാർ സർവീസിലുള്ള ഉദ്യോഗസ്ഥകൾ

കേന്ദ്രസർക്കാർ സർവീസിൽ കണ്ണൂർ ജില്ലയിൽ 585 സ്ത്രീകൾ ജോലി ചെയ്യുവരുന്നു. സംസ്ഥാന സർക്കാർ സർവീസിൽ 6277 സ്ത്രീകളും അർദ്ധ സർക്കാർ(കേന്ദ്രം) സർവീസിൽ 1028 സ്ത്രീകളും അർദ്ധ സർക്കാർ(സംസ്ഥാനം) 3378 സ്ത്രീകളും ജോലി ചെയ്യുവരുന്നു.

സ്ത്രീ ഉദ്യോഗസ്ഥർ

കേന്ദ്ര സർക്കാർ	– 7%
സംസ്ഥാന സർക്കാർ	– 56%
അർദ്ധ സർക്കാർ കേന്ദ്രം	– 13%
അർദ്ധ സർക്കാർ സംസ്ഥാനം	– 19%
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ	– 5%

തൊഴിൽ സംരംഭങ്ങൾ

ജില്ലയിൽ സ്ത്രീകൾ നടത്തുന്ന എസ്.എസ്.ഐ. യൂണിറ്റുകളുടെ എണ്ണം 2857. സൂക്ഷ്മ സംരംഭങ്ങൾ 1186 എണ്ണവുമാണ്. എസ്.സി വനിത സംരംഭം 91. എസ്.ടി വനിത സംരംഭം 2 എണ്ണവുമാണ്.

ചെറുകിട സംരംഭങ്ങൾ

സ്ത്രീകൾ നടത്തുന്ന സംരംഭങ്ങൾ 34 ആണ്. അതിൽ കൈത്തറി സംരംഭം ഒന്നുമാത്രമാണ്. ഗ്രാമപഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വനിതാ ഉൽപ്പന്ന നിർമാണ യൂണിറ്റുകൾ 786 ആണ്. വനിതാ ഉടമസ്ഥതയിൽ ജില്ലയിൽ 12 ഹോട്ടലുകൾ പ്രവർത്തിക്കുന്നു. വനിതാ ഉടമസ്ഥതയിലുള്ള റെസ്റ്റോറന്റുകൾ 200, വനിത ഉടമസ്ഥതയിലുള്ള ടീസ്റ്റാളുകൾ 58 എണ്ണവുമാണ്.

സ്ത്രീജനസംഖ്യ

കേരളത്തിലെ മറ്റ ജില്ലകളെപ്പോലെ കണ്ണൂർ ജില്ലയിലും സ്ത്രീ ജനസംഖ്യ കൂടുതലാണ്. 2001-ലെ സെൻസസ് പ്രകാരം കണ്ണൂർ ജില്ലയിലെ ആകെ ജനസംഖ്യയിൽ സ്ത്രീകൾ - റൂറൽ- 456335 (51.74%) ഉം അർബൻ - 885222 (53.94%) ഉം ആണ്. ഇരിട്ടി, ഇരിക്കൂർ ബ്ലോക്കുകളൊഴിച്ച് മറ്റെല്ലായിടത്തും ജനസംഖ്യാനുപാതത്തിൽ സ്ത്രീകളാണ് കൂടുതൽ. സ്ത്രീകളുടെ അനുപാതം സംസ്ഥാന തലത്തിൽ ഇത് 1000-1039 ആണ്. പട്ടികജാതി സ്ത്രീകൾ 43090 (51.70%) ഉം പട്ടികവർഗ സ്ത്രീകൾ 21230 (51.32%) ഉം ആണ്. പട്ടികജാതിയിൽപ്പെട്ട സ്ത്രീകൾ ഏറ്റവും കൂടുതൽ തളിപ്പറമ്പ് ബ്ലോക്കിലാണ് (11596). പട്ടികവർഗം കൂടുതൽ പേരാവൂർ ബ്ലോക്കിലും (8913).

ക്രമ നമ്പർ	പ്രായപരിധി	ജനസംഖ്യ
1	0.4 വയസ്സ് വരെ	97074
2	5-9 വയസ്സ് വരെ	97070
3	10-14 വയസ്സ് വരെ	101762
4	15-19 വയസ്സ് വരെ	96274
5	20-24 വയസ്സ് വരെ	104680
6	25-29 വയസ്സ് വരെ	110899
7	30-34 വയസ്സ് വരെ	109958
8	35-39 വയസ്സ് വരെ	110247
9	40-44 വയസ്സ് വരെ	99525
10	45-49 വയസ്സ് വരെ	93962
11	50-54 വയസ്സ് വരെ	75604
12	55-59 വയസ്സ് വരെ	66900
13	60-64 വയസ്സ് വരെ	57029
14	65-69 വയസ്സ് വരെ	40814
15	70-74 വയസ്സ് വരെ	31618
16	75-79 വയസ്സ് വരെ	23047
17	80-ൽ അധികം	26027
18	കൃത്യമായി പ്രായമറിയാത്തവർ	2826

വിദ്യാഭ്യാസ - ആരോഗ്യം

കണ്ണൂർ ജില്ലയിൽ പണ്ട് കാലത്ത് പെൺകുട്ടികൾ വിദ്യാഭ്യാസം ചെയ്യുന്നതിനുള്ള സൗകര്യമോ, വിദ്യാഭ്യാസം ചെയ്യുന്നതിന് താൽപര്യമോ ഉണ്ടായിരുന്നില്ല. ഇന്ന് ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങൾ (ഹൈസ്കൂൾ, വനിതാ കോളേജ്, വനിതാ പോളിടെക്നിക്ക്) പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് മാത്രമായിട്ടുണ്ട്.

സ്ത്രീകൾക്ക് സാധാരണ രോഗങ്ങൾക്ക് പോലും യഥാസമയം ചികിത്സ ലഭിക്കുന്നില്ല. സ്ത്രീകളുടെ രോഗചികിത്സയ്ക്ക് അവസാന പരിഗണനയാണ് ഇന്ന് പല കുടുംബങ്ങളിലും ലഭിക്കുന്നത്. ഗൃഹഭരണത്തിന്റെ ഭാരം പേറി നിൽക്കുന്ന ഗൃഹനാഥ തീരെ വയ്യാതാവുമ്പോൾ മാത്രമാണ് ശയ്യാവലംബയാകുന്നത്. അശാസ്ത്രീയമായ അടുപ്പും അടുക്കള സംവിധാനവും കാരണം ശ്വാസകോശ രോഗങ്ങൾ സ്ത്രീകളിൽ വ്യാപകമാണ്. പോഷക ദാരിദ്ര്യം കൊണ്ടുള്ള രോഗങ്ങൾ പുരുഷന്മാരേക്കാളും സ്ത്രീകളെ ബാധിക്കുന്നതിന് കാരണവും പുരുഷകേന്ദ്രീകൃതമായ സാമൂഹ്യവ്യവസ്ഥയാണ്. സ്ത്രീകളുടെ ചികിത്സയ്ക്കായി പ്രാഥമിക കേന്ദ്രങ്ങളിൽ വനിതാ ഡോക്ടർ അടക്കമുള്ള പ്രത്യേക സംവിധാനങ്ങൾ ഇല്ലെന്നത് ഈ രംഗത്തെ വിവേചനത്തിന്റെ പ്രത്യക്ഷോദാഹരണമാണ്. സ്ത്രീകൾക്കും കുട്ടികൾക്കും മാത്രമായി കണ്ണൂർ ജില്ലയിൽ മാങ്ങാട് ഒരു ആശുപത്രി പ്രവർത്തിക്കുന്നുണ്ട്.

പ്രസവം

വീടുകളിലെ പ്രസവം	– 17
സർക്കാർ ആശുപത്രിയിലെ പ്രസവം	– 11146
സ്വകാര്യ ആശുപത്രിയിലെ പ്രസവം	– 32518
ജനന നിരക്ക്	– 17.59
മരണ നിരക്ക്	– 6.87
ശിശുമരണ നിരക്ക്	– 4.06
ഗർഭസ്ഥ ശിശുമരണ നിരക്ക്	– 5.53
മാതൃ മരണ നിരക്ക്	– 0.11

സാക്ഷരതാ നിരക്കിൽ സ്ത്രീയുടെ നില പുരുഷന്റേതിന് തൊട്ട് താഴെയാണ് (87.65%) എന്നാൽ പുതിയ തലമുറ ആൺ പെൺ ഭേദമില്ലാതെ വിദ്യാലയങ്ങളിൽ എത്തുന്നുണ്ട്. പട്ടികജാതി– പട്ടികവർഗങ്ങളിലൊഴികെ കൊഴിഞ്ഞ്പോക്ക് വലിയൊരു പ്രശ്നമല്ല. ഉന്നതവിദ്യാഭ്യാസ രംഗത്ത് പെൺകുട്ടികൾ ഗണത്തിലും ഗുണത്തിലും മേന്മ പുലർത്തുന്നുണ്ട്. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് അവരുടെ പങ്ക് ആനുപാതികമായി ഉയർന്നുകാണുന്നില്ല. പെൺകുട്ടിയുടെ വിദ്യാഭ്യാസം ഒരു പുരുഷൻ വന്നെത്തുന്നത് വരെ എന്ന ചിന്താഗതിയാണ് മിക്ക കുടുംബങ്ങളിലും ഇന്നും നിലനിൽക്കുന്നത്.

കണ്ണൂർ ജില്ല – സ്ത്രീ സാക്ഷരർ	**–**	**1125478**
നിരക്ഷരർ	**–**	**216079**
സാക്ഷരതാ നിരക്ക്		
പുരുഷൻ	–	97%
സ്ത്രീ	–	93.29%
ആകെ	**–**	**95.10%**
പട്ടികജാതി സാക്ഷരത		
സാക്ഷരർ സ്ത്രീകൾ	–	35589 (90.24%)
നിരക്ഷരർ സ്ത്രീകൾ	–	7501
പട്ടികവർഗ സാക്ഷരത		
സാക്ഷരർ സ്ത്രീകൾ	–	13775 (72.73%)
നിരക്ഷരർ സ്ത്രീകൾ	–	7455

അടുക്കളയിൽ തളച്ചിടപ്പെടുന്ന സ്ത്രീത്വത്തിന് സാമൂഹ്യ രംഗങ്ങളിൽ മുന്നോട്ട് വരാൻ സാധിക്കുന്നില്ല. കുടുംബത്തിന്റെ ഭാരം മുഴുവൻ പേറി, ഭർത്താവിനും കുഞ്ഞുങ്ങൾക്കും വേണ്ടി കത്തിയെരിയുന്ന മെഴുകുതിരിയായി മാറുന്ന കുടുംബിനിക്ക് സാമൂഹ്യപ്രവത്തനങ്ങളെ കുറിച്ച് ചിന്തിക്കാൻ പോലും കഴിയുന്നില്ല. സ്ത്രീകൾ പൊതുരംഗത്ത് വരുന്നതിനോട് അസഹിഷ്ണുത വെച്ച് പുലർത്തുന്ന ഒരു സമൂഹത്തെയാണ് ഇന്ന് കാണാൻ സാധിക്കുന്നത്.

അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എളുപ്പത്തിൽ വശംവദയാകുന്നത് പൊതുവെ സ്ത്രീകളാണ്. തൊഴിൽ രംഗങ്ങളിലും, പൊതുസ്ഥലങ്ങളിലും സഹിക്കേണ്ടിവരുന്ന ചെറുതും വലുതുമായ വാക്കിലും പ്രവൃത്തിയിലുമുള്ള നിന്ദ സ്ത്രീയായി പിറന്നതിൽ സ്വയം ലജ്ജിക്കാൻ പ്രേരിപ്പിക്കുന്നു. ദുർബലമായ ചെറുത്ത് നിൽപ്പപോലും അഹങ്കാരമായി വ്യാഖ്യാനിക്കപ്പെടുന്നു.

കലാസാംസ്കാരിക രംഗങ്ങളിലും കായിക രംഗത്തും ഒരു പരിധിക്കപ്പുറം പോകാൻ സ്ത്രീകൾക്ക് കഴിയുന്നില്ല. വിദ്യാർത്ഥി ജീവിത കാലത്തെ ഒരു നേരമ്പോക്ക് എന്നതിലുപരിയായി ഈ രംഗങ്ങളിലേക്ക്– ഗൗരവമായ കടന്നുകയറ്റത്തിന് ബഹുഭൂരിപക്ഷം വനിതകളും മടി കാണിക്കുന്നു. സ്കൂൾ കോളേജ് തലങ്ങളിൽ മികവ് തെളിയിച്ചവർ, പിൽക്കാലത്ത് ഈ രംഗങ്ങളിൽ അത്യപൂർവമായേ പ്രത്യക്ഷപ്പെടാറുള്ളൂ. ഒരുവേള ഈ അദൃശ്യതയാണ് സ്ത്രീയുടെ വികസന രംഗത്തെ ഏറ്റവും വലിയ പ്രതിസന്ധി. അജ്ഞത, വായനശീലമില്ലായ്മ, ബോധവൽക്കരണത്തിന്റെ അപര്യാപ്തത, മാധ്യമങ്ങളുടെയും കമ്പോളവൽക്കരണത്തിന്റെയും അമിതമായ സ്വാധീനം എന്നിവ സ്ത്രീ നേരിടുന്ന പ്രശ്നങ്ങളാണ്.

കണ്ണൂർ ജില്ലയിൽ സ്ത്രീകൾക്ക് മോട്ടോർ സൈക്കിൾ ഡ്രൈവിങ്ങ് ലൈസൻസ് 3443 പേർക്കും, ത്രീവീലർ ലൈസൻസ് 25 പേർക്കും ഓട്ടോറിക്ഷ ലൈസൻസ് 43 പേർക്കുമുണ്ട്. ലൈറ്റ് മോട്ടോർ വെഹിക്കിൾ ലൈസൻസ് 8125 പേർക്കുമുണ്ട്

വയോജനങ്ങൾ

ഭാരതത്തിലെ വയോജനങ്ങളുടെ ജനസംഖ്യയിൽ വൻ വളർച്ചയാണുണ്ടായിക്കൊണ്ടിരിക്കുന്നത്. വയോജനങ്ങളുടെ എണ്ണം 1957 ൽ 19.8 ദശലക്ഷം ആയിരുന്നത് 2001 ൽ 76 ദശലക്ഷം ആയും 2013ൽ അത് 103.8 ആയും വർദ്ധിച്ചു. 2016ൽ 116 ദശലക്ഷവും 2021ൽ 143ഉം 2026ൽ 173.2 ആയും വയോജന ജനസംഖ്യ ഉയരുമെന്നാണ് പഠനങ്ങൾ കാണിക്കുന്നത്. ഭാരതത്തിൽ പൊതുവെ ജനങ്ങളുടെ ആയുർദൈർഘ്യം വർദ്ധിച്ചുവരുന്നു. ആരോഗ്യ മേഖലയിലുണ്ടായ കുതിച്ചുചാട്ടം ഉയർന്ന ജീവിത സൗകര്യങ്ങൾ ജനങ്ങളുടെ മെച്ചപ്പെട്ട ജീവിത നിലവാരം തുടങ്ങിയവ ആയുർദൈർഘ്യം വർദ്ധിപ്പിക്കുന്നതിന് കാരണമായി തീർന്നിട്ടുണ്ട്.

കേരളത്തിൽ

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ 60 വയസ്സിനുമേൽ പ്രായമായ മുതിർന്ന പൗരന്മാരുടെ എണ്ണം വളരെ കൂടുതലാണ്. കേരളത്തിൽ മുതിർന്ന പൗരന്മാരുടെ ജനസംഖ്യ വർദ്ധന ആകെ ജനസംഖ്യയുടെ 13% ഓളം വരും. ഇത് ദേശീയ ശരാശരിയായ 9% ത്തെക്കാൾ വളരെ കൂടിയ നിരക്കാണ്. 1961 ൽ ആകെ ജനസംഖ്യയുടെ 5.83% ആയിരുന്ന വൃദ്ധജനസംഖ്യ 1991 ൽ 8.92% വും 2000 ൽ 9.76% വും 2011 ൽ 12.85% വും ആയി വർദ്ധിച്ചു. 2021 ആകുമ്പോഴേക്കും മൊത്തം ജനസംഖ്യയുടെ 15.63% ആയും 2026 ൽ 18 മുതൽ 20% വരെ ആയും വൃദ്ധജനസംഖ്യ വർദ്ധിക്കുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കേരളത്തിലെ മുതിർന്ന പൗരന്മാരുടെ ജനസംഖ്യയുടെ പ്രധാന സവിശേഷത അതിൽ നല്ലൊരു ശതമാനവും വിധവകളാണ് എന്നുള്ളതാണ്. 1991 ൽ 25,67,365 ആയിരുന്നു. കേരളത്തിലെ മുതിർന്ന പൗരന്മാരുടെ ജനസംഖ്യ ആയത് 2001 ആയപ്പോൾ 31,54,046 ആയി വർദ്ധിച്ചു. 10 വർഷം കൊണ്ട് 6,86,681 പേരുടെ വർദ്ധനവ്, വളർച്ചാ നിരക്ക് കൂടുതലും 70-80 ന് മുകളിൽ പ്രായമുള്ള വിഭാഗത്തിലാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. ഈ സ്ഥിതി തുടർന്നാൽ 2021-31 ആകുമ്പോഴേക്കും വയോജന സംഖ്യ യുവജന സംഖ്യാ നിരക്കിനെ മറികടക്കുമെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. വൃദ്ധജനങ്ങളിൽ, സ്ത്രീജനങ്ങളിൽ, പുരുഷന്മാരെ അപേക്ഷിച്ച് കേരളത്തിൽ കൂടുതലായി കാണുന്നു.

സാമൂഹ്യ നീതി വകുപ്പ് വഴിയും തദ്ദേശ സ്ഥാപനങ്ങൾ വഴിയും വയോജനങ്ങളുടെ ക്ഷേമത്തിനും സുരക്ഷിതത്വത്തിനുമായി സംസ്ഥാനത്ത് ഒട്ടേറേ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വയോജനങ്ങൾ സമൂഹത്തിലും സ്വന്തം കുടുംബത്തിൽ പോലും നേരിടുന്ന ഒറ്റപ്പെടലുകൾ അവരുടെ മാനസ്സികവും വൈകാരികവുമായി പ്രശ്നങ്ങൾ എന്നിവയ്ക്ക് ഒരു പരിധിവരെയെങ്കിലും പരിഹാരമാക്കുക എന്ന ലക്ഷ്യം വെച്ചുകൊണ്ട് കേരള സർക്കാർ 2013 ൽ വയോജന നയം സംസ്ഥാനത്തിന് ആവിഷ്കരിക്കുകയുണ്ടായി. വയോജനങ്ങളുടെ സമഗ്രമായ ക്ഷേമവും സുരക്ഷിതത്വവും ഉറപ്പ് വരുത്തുകയാണ് ടി നയം കൊണ്ടുദ്ദേശിക്കുന്നത്. വയോജനങ്ങളുടെ ക്ഷേമവുമായി ബന്ധപ്പെട്ട് അവരുടെ അവകാശങ്ങൾ നിയമപരമായി സംരക്ഷിച്ചു കിട്ടുവാൻ ലക്ഷ്യം വെച്ചുകൊണ്ട് മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമം 2007 ൽ പാസ്സാക്കുകയും അത് നടപ്പിൽ വരുത്തുവാനാവശ്യമായ ചട്ടങ്ങൾ 2013 ൽ ഉണ്ടാക്കുകയും ചെയ്തു. അതിൻ പ്രകാരമുള്ള മെയിന്റൻസ് ട്രൈബ്യൂണലുകൾ ആർ.ഡി.ഒ/സബ്കളക്ടർമാരുടെ അദ്ധ്യക്ഷതിൽ സംസ്ഥാനത്ത് രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്. ജില്ലയിൽ ഇത്തരത്തിലുള്ള ഒരു മെയിന്റനൻസ് ട്രൈബ്യൂണൽ തലശ്ശേരിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

ജില്ലയിലെ വയോജനങ്ങളെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ

2016 ലെ സർവേ റിപ്പോർട്ടുകൾ പ്രകാരം കണ്ണൂർ ജില്ലയിലെ വയോജനങ്ങളുടെ

ആകെ ജനസംഖ്യ	–	3,38,085
പുരുഷന്മാർ	–	1,48,771
സ്ത്രീകൾ	–	1,89,314
ജില്ലയിലെ മൊത്തം ജനസംഖ്യ	–	2,834,191
വയോജനങ്ങൾ	–	11.9 %

വയോജന സംഖ്യയിൽ 33% പേർ വിധവകളാണ്. 2.7% പേർ വിഭാര്യർ തൊഴിൽ മേഖലയിൽ 8% പേർ സർക്കാർ ജീവനക്കാരായി വിരമിച്ചവരാണ്.

പ്രൊഫഷണലുകൾ	–	1.09% പേർ
സ്വകാര്യ മേഖലയിൽ	–	8.9% പേർ
കൃഷി	–	23% പേർ
മത്സ്യബന്ധനം	–	1% പേർ

ജില്ലയിൽ 30 വയോജനങ്ങൾ ഭിക്ഷാടനം തൊഴിലാക്കിയവരായി കാണുന്നു.

വയോജനങ്ങൾക്കുവേണ്ടിയുള്ള സംരക്ഷണ നിയമങ്ങളും പദ്ധതികളും നിലവിലുണ്ടെങ്കിലും ആയത് പൂർണമായ തോതിൽ പ്രാവർത്തികമാക്കാനും പരിശോധനയ്ക്ക് വിധേയമാക്കുവാനും ജില്ലയിൽ സാധിച്ചിട്ടില്ല. വയോജന നയത്തിൽ നിർദേശിക്കുന്ന കാര്യങ്ങൾ കൂറ്റമറ്റ രീതിയിൽ നടപ്പിലാക്കിയാൽത്തന്നെ ഇവർ നേരിടുന്ന പ്രശ്നങ്ങൾ ഒരു പരിധി വരെയെങ്കിലും പരിഹരിക്കാവുന്നതാണ്.

കുട്ടികൾ

2013 ലെ കുട്ടികൾക്കായുള്ള ദേശീയ നയം ഇങ്ങനെ പ്രതിപാദിക്കുന്നു

Children are the supremely important asset of the nation

കുട്ടികൾക്കു വേണ്ടി ചെയ്യുന്ന കാര്യങ്ങൾ അടിസ്ഥാന മനുഷ്യാവകാശം എന്ന നിലയിലും ഭാവിയിലേക്ക് മനുഷ്യവിഭവശേഷിയിലേക്കുള്ള നിക്ഷേപം എന്ന നിലയിലും പ്രസക്തമാണെന്ന് നമുക്ക് കാണാം. 0-6 വയസ്സുവരെയുള്ള കുട്ടികളുടെ എണ്ണത്തിലുള്ള ഋണാത്മക വളർച്ചാ നിരക്ക് കണ്ണൂർ ജില്ലയിലും നിലനിൽക്കുന്നു. 2001, 2011 സെൻസസ് പരിശോധിച്ചാൽ നമുക്ക് ഈ കാര്യം വ്യക്തമാകും.

വർഷം	0-6 കുട്ടികൾ
2001	279803
2011	274318

മാത്രവുമല്ല ജില്ലയിലെ സ്ത്രീ പുരുഷ അനുപാതം 1136 ആയിരിക്കുമ്പോൾ 0-6 കുട്ടികളുടെത് 971 ആണെന്നുള്ളത് ജില്ലയെ സംബന്ധിച്ചിടത്തോളം ശ്രദ്ധേയമാണ്.

കുട്ടികൾക്കുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ

കുട്ടികൾക്കുവേണ്ടിയുള്ള പദ്ധതികൾ നിലവിൽ സാമൂഹ്യനീതി വകുപ്പ്, ആരോഗ്യവകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നിവയാണ് പ്രധാനമായും നടപ്പിലാക്കുന്നത്. കുട്ടികളുടെ നാല് പ്രധാന അവകാശങ്ങളായ നിലനിൽപ്പിനുള്ള അവകാശം, വികാസത്തിനുള്ള അവകാശം, സംരക്ഷണത്തിനുള്ള അവകാശം, പങ്കാളിത്തത്തിനുള്ള അവകാശം എന്നിവയുടെ പശ്ചാത്തലത്തിൽ കുട്ടികളുടെ മേഖലയെ കുറിച്ച് താഴെ പറയുന്ന രീതിയിൽ പരിശോധിക്കാം.

നിലനിൽപ്പും വികാസവും

ഒരു വ്യക്തിയുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാലയളവ് ആദ്യത്തെ 1000 ദിവസങ്ങളാണ്. ഗർഭാവസ്ഥ മുതൽ 2 വയസുവരെയുള്ള കാലഘട്ടമാണിത്. ഈ ഘട്ടത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് ഗർഭിണികൾക്കുള്ള പോഷകാഹാര വിതരണം, ആരോഗ്യ പരിശോധനാ പരാമർശ സേവനം, ആരോഗ്യ പോഷണ വിദ്യാഭ്യാസം എന്നിവ ജില്ലയിലെ 2503 അങ്കണവാടി കേന്ദ്രങ്ങളിലൂടെ നടന്നു വരുന്നു. ഏകദേശം 30,000 ഗർഭിണികൾക്ക് ഈ സേവനം പ്രതിമാസം അങ്കണവാടി കേന്ദ്രങ്ങളിലൂടെ നൽകി വരുന്നു.

വെല്ലുവിളികൾ

മാതൃമരണനിരക്ക് ജില്ലയിൽ ഒരു പ്രധാന പ്രശ്നമല്ലെങ്കിലും ഗർഭിണികളിലെ വിളർച്ച ശ്രദ്ധ കേന്ദ്രീകരിക്കേണ്ടുന്ന മേഖലയാണ്.

NHFS4 സർവെ പ്രകാരം ജില്ലയിലെ 20 ശതമാനം ഗർഭിണികളിൽ വിളർച്ച കാണപ്പെടുന്നു. 75 ശതമാനം ഗർഭിണികൾ മാത്രമേ ജില്ലയിൽ കുറഞ്ഞത് 100 ഇരുമ്പ് ഫോളിക് ആസിഡ് ഗുളികകൾ കഴിക്കുന്നുള്ളൂ. എന്നുള്ളതും വസ്തുത ഇതുമായി ചേർത്ത് വായിക്കുമ്പോൾ ഈ രംഗത്തെ ഇടപെടലുകളുടെ പ്രാധാന്യം വ്യക്തമാകുന്നു. ആദിവാസി മേഖലകളിലെ ഗർഭിണികളുടെ കാര്യത്തിലും ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

പ്രതിരോധ കുത്തിവയ്പ്പ്

കുട്ടികളുടെ നിലനിൽപ്പിനും, ശിശുമരണ നിരക്ക് കുറക്കുന്നതിലും പ്രതിരോധ കുത്തിവയ്പ്പ് പ്രധാന പങ്കു വഹിക്കുന്നു. ജില്ലയിലെ ഒരു വയസ്സു പൂർത്തിയാകുന്ന കുട്ടികളിൽ 87 ശതമാനം പേർക്കും ആവശ്യം വേണ്ടുന്ന കുത്തിവയ്പ്പുകൾ ലഭിക്കുന്നതായി NHFS4 സർവെ ഫലം വ്യക്തമാക്കുന്നു.

വർദ്ധിച്ചുവരുന്ന കുത്തിവയ്പ്പ വിരുദ്ധ പ്രചരണങ്ങൾ ഈ രംഗത്ത് 100 ശതമാനം നേട്ടങ്ങൾ കൊയ്യുന്നതിനുള്ള ജില്ലയിലെ പ്രധാന വെല്ലുവിളിയാണ്. അതേ സമയം പട്ടികവർഗ വിഭാഗങ്ങളിലെ കുട്ടികൾക്കിടയിൽ ഈ പ്രശ്നം നിലവിലില്ല എന്നുള്ളത് ജില്ലയെ സംബന്ധിച്ച് ആശ്വാസകരമാണ്.

വിളർച്ച, വിരനിർമാർജനം എന്നീ പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടാൽ മാത്രമേ കുട്ടികളുടെ പൂർണ ആരോഗ്യം ഉറപ്പു വരുത്താൻ സാധിക്കുകയുള്ളൂ. 6മാസം-5വയസ്സ് കുട്ടികളുടെ വിളർച്ച 44 ശതമാനം ഉണ്ടെന്ന് NHFS4 സർവെ കണക്കുകൾ കാണിക്കുന്നു.

ഭക്ഷണ ലഭ്യതയോടൊപ്പം തന്നെ ഏത് തരം ഭക്ഷണം എന്നതിനും എങ്ങനെ കഴിക്കുന്നു എന്നതിനും പ്രസക്തി ഉണ്ടെന്ന് ഈ കണക്കുകൾ കാണിക്കുന്നു. ശരിയായ ദിശയിലുള്ള ആരോഗ്യ പോഷണ വിദ്യാഭ്യാസം ഈ പ്രശ്നം പരിഹരിക്കാൻ അനിവാര്യമാണ്. ഇലക്കറികളുടെ ഉപയോഗം വർദ്ധിപ്പിക്കേണ്ടതും വിളർച്ച തടയുന്നതിന് അനിവാര്യമാണ്.

ഇ.സി.സി.ഇ.

പ്രധാനമായും 2503 അങ്കണവാടികൾ, പ്രൈവറ്റ് നഴ്സറികൾ, പ്രീപ്രൈമറി കേന്ദ്രങ്ങൾ എന്നിവയിലൂടെ നടത്തിവരുന്നു.

ഈ രംഗത്തെ പ്രധാന വെല്ലുവിളികൾ

- സ്വകാര്യമേഖലയെ കുറിച്ചുള്ള കൃത്യമായ വിവരങ്ങളുടെ അഭാവം
- 3R (Reading, Writing, Arithmatic) അധിഷ്ഠിതമായ പഠനരീതി
- മതിയായ ഭൗതിക സൗകര്യങ്ങളുടെ കുറവ്

അങ്കണവാടി കേന്ദ്രങ്ങൾ വിവിധോദ്ദേശ്യ കേന്ദ്രങ്ങളാകുമ്പോൾ ECCE പ്രവർത്തനങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം നൽകാൻ കഴിയാത്ത സ്ഥിതി വിശേഷം ഉറപ്പാക്കാൻ എന്നീ മേഖലകളിൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

കുട്ടികൾക്കായുള്ള സ്ഥാപനങ്ങൾ

ബാലനീതി നിയമപ്രകാരം, CCL(children in conflict with low), CNCP(children with special needs) എന്നിവർക്കായി തലശ്ശേരിയിൽ സർക്കാർ ഉടമസ്ഥതയിൽ 3 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1. Observation Home
2. Childrens Home
3. Girls Home

ഇവയിൽ പെൺകുട്ടികളുടെ ഭവനത്തിൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. 25 കുട്ടികൾ ഉള്ള സ്ഥലത്താണ് 40 കുട്ടികൾ താമസിക്കുന്നത്. ഇവ മാതൃകാ ബാലസദനങ്ങളായി ഉയർത്തേണ്ടതുണ്ട്. ഇവ കൂടാതെ ഓർഫനേജ് കൺട്രോൾ ബോർഡിന് കീഴിലുള്ള സ്വകാര്യ സ്ഥാപനങ്ങളും കുട്ടികൾക്കു വേണ്ടി പ്രവർത്തിക്കുന്നു.

കുട്ടികൾക്കായുള്ള മറ്റു പദ്ധതികൾ

ശിശുസംരക്ഷണം

ഇന്ത്യൻ ഭരണഘടനയുടെ 39 (എഫ്) അനുഛേദം ഇങ്ങനെ പറയുന്നു.That children are given opportunities and facilities to develop in a healthy manner and in conditions of freedom and dignity and that childhood and youth are protected against exploitation and against moral and material abandonment

ജില്ലയിലെ 7.25 ലക്ഷത്തോളം വരുന്ന കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുക എന്നുള്ളത് കണ്ണൂർ ജില്ലയെ സംബന്ധിച്ചിടത്തോളം ഒരു പ്രധാനപ്പെട്ട വെല്ലുവിളിയാണ്.

കുട്ടികളുടെ (0-6) സംരക്ഷണത്തിനായി ബാലനീതി നിയമം അനുശാസിക്കുന്ന പ്രകാരം തലശ്ശേരിയിൽ ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് പ്രവർത്തിക്കുന്നു. ജില്ലാ ശിശു സംരക്ഷണ ഓഫീസർ, 2 സംരക്ഷണ ഓഫീസർമാർ, ഒരു ലീഗൽ കം പ്രൊബേഷൻ ഓഫീസർ, 2 സാമൂഹ്യ പ്രവർത്തകർ, 1 കൗൺസിലർ എന്നിവർ ഇവിടെ പ്രവർത്തിക്കുന്നു. ഈ യൂണിറ്റാണ് ജില്ലാതല ശിശു സംരക്ഷണ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത്. ഇതു പ്രകാരമുള്ള സംരക്ഷണം പ്രധാനമായും നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ, ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികൾ എന്നിവരെ ഉദ്ദേശിച്ചാണ്.

ഇതു കൂടാതെ ചൈൽഡ് ലൈൻ സേവനവും കുട്ടികളുടെ സഹായത്തിനായി 24 മണിക്കൂർ (1098) എന്ന നമ്പറിൽ ലഭ്യമാണ്.

പഞ്ചായത്ത് ബ്ലോക്ക് ജില്ലാ തലത്തിൽ ശിശു സംരക്ഷണ സമിതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭരണ സാരഥികളുടെ അധ്യക്ഷതയിൽ പ്രവർത്തിക്കുന്നു. സ്പോൺസർഷിപ്പ് ആവശ്യമായ കുട്ടികളെ കണ്ടെത്തുക, തങ്ങളുടെ പരിധിയിലെ ശിശു സംരക്ഷണവുമായി ബന്ധപ്പെട്ട വിഷയത്തിൽ ഇടപെടലുകൾ നടത്തുക എന്നിവയാണ് കമ്മിറ്റിയുടെ ചുമതല.

സംയോജിത ശിശു സംരക്ഷണ പദ്ധതി മുഖേന കാവൽ നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്കുള്ള സാമൂഹ്യമാനസിക പിന്തുണ ഉറപ്പാക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. കൂടാതെ ജില്ലയിൽ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ അവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൺ എന്ന പദ്ധതിയും നടപ്പിലാക്കുന്നു.

2017 വർഷത്തിലെ ജില്ലയിൽ കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമ നിയമപ്രകാരമുള്ള 143 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബാല ലൈംഗിക പീഡന വിമുക്ത ജില്ലയായി കണ്ണൂരിനെ 13-ാമത് പഞ്ചവത്സര പദ്ധതിക്കാലത്ത് മാറ്റേണ്ടതുണ്ട്.

ലഹരി ഉപയോഗം

കുട്ടികളിലെ ലഹരി ഉപയോഗം മറ്റു ജില്ലകളിലെ പോലെ കണ്ണൂരിലും വ്യാപകമാണ്. മദ്യം ഉപയോഗിക്കാൻ തുടങ്ങുന്ന പ്രായം 16 വയസ്സാണ് എന്നുള്ളത് പ്രത്യേക ശ്രദ്ധവേണ്ടുന്ന മേഖലയാണ്. കൗമാര ലഹരിരഹിത ജില്ലയായി കണ്ണൂരിനെ മാറ്റേണ്ടതുണ്ട്.

കണ്ണൂർ ജില്ലയിലെ കഴിഞ്ഞ 5 വർഷങ്ങളിൽ പോക്സോ നിയമപ്രകാരം റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെ കണക്കുകൾ					
വർഷം	2013	2014	2015	2016	2017
എണ്ണം	69	65	76	143	143

അംഗപരിമിതർ

അംഗപരിമിതരുടെ പട്ടികയിൽ 22-ഓളം വിഭാഗങ്ങളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സാമൂഹ്യനീതി വകുപ്പ് 2015 ൽ നടത്തിയ അംഗപരിമിത സെൻസസ് പ്രകാരം കേരളത്തിൽ 7,93,937 അംഗപരിമിതർ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. അതിൽ 4,38,853 പേർ പുരുഷന്മാരും 3,53,895 പേർ സ്ത്രീകളുമാണ്. മറ്റുള്ളവർ എന്ന വിഭാഗത്തിൽ 1189 പേരും ഉൾപ്പെടുന്നു.

ജില്ലയിലാകെയുള്ള 27,11,166 ജനസംഖ്യയിൽ 58,535 പേർ അംഗപരിമിതരാണ്. 1000 ജനസംഖ്യയ്ക്ക് 216 അംഗപരിമിതർ എന്ന തോതിലാണ് ജില്ലയിലെ അംഗപരിമിതരുടെ കണക്ക്. അംഗപരിമിത സെൻസസ് പ്രകാരമുള്ള ജില്ലയിലെ കണക്ക് ചുവടെ ചേർക്കുന്നു.

ജില്ലയിൽ നടന്ന അംഗപരിമിത സെൻസസ് 2015 ന്റെ ഒന്നാം ഘട്ടം എന്യുമറേഷനിൽ സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന 2301 അംഗൻവാടി വർക്കർമാർ 2015 ജൂൺ, ജൂലൈ മാസങ്ങളിലായി 5,96,420 വീടുകളും 53 സ്ഥാപനങ്ങളും സന്ദർശിച്ച് അതിൽ 67,612 കുടുംബങ്ങളിലായി 74,653 അംഗപരിമിതരുള്ളതായി കണ്ടെത്തിയിരുന്നു.

രണ്ടാംഘട്ട എന്യുമറേഷൻ ആരോഗ്യ കുടുംബക്ഷേമ വകുപ്പിലെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും ഒന്നാംഘട്ട സെൻസസിൽ കണ്ടെത്തിയ എല്ലാ വീടുകളും 2015 ആഗസ്റ്റ്, സെപ്തംബർ, ഒക്ടോബർമാസങ്ങളിലായി സന്ദർശിച്ച് അംഗപരിമിതരായ എല്ലാ വ്യക്തികളുടെയും വിശദമായ വിവരശേഖരണം നടത്തിയിട്ടുണ്ട്. രണ്ടാംഘട്ട വിവരശേഖരണത്തിൽ, പ്രൈമറി സെൻസസിൽ കണ്ടെത്തിയ 67,612 വീടുകളും 53 സ്ഥാപനങ്ങളും സന്ദർശിക്കുകയും ഇതിൽ വീടുകളിൽ വസിക്കുന്ന 18,886 പേർ അംഗപരിമിതരുടെ നിർവചനത്തിന്റെ പരിധിയിൽ വരുന്നില്ലായെന്നു കണ്ടെത്തി അവരെ ലിസ്റ്റിൽ നിന്നും ഒഴിവാക്കുകയും ചെയ്തു. കൂടാതെ 1230 വീടുകളിൽ നിന്ന് 1280 പേർ അംഗപരിമിതി ഉള്ളവരായി പുതുതായി കണ്ടെത്തി അവരെ അംഗപരിമിതരുടെ ലിസ്റ്റിൽ കൂട്ടിച്ചേർക്കുകയും ചെയ്തു. ജില്ലയിലുള്ള 53 സ്ഥാപനങ്ങളിൽ വസിക്കുന്ന 1468 അംഗപരിമിതരുടെ വിശദവിവരങ്ങൾ കൂടി ഈ സെൻസസിൽ കൂട്ടി ചേർക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം

ആകെ കണ്ടെത്തിയ അംഗപരിമിതരുടെ എണ്ണം 58,535 ആണ്. രണ്ടാംഘട്ട എന്യൂമറേഷനിൽ നിന്ന് ഒഴിവാക്കാനുള്ള കാരണങ്ങളും ഒഴിവാക്കിയവരുടെ എണ്ണവും താഴെ പറയും പ്രകാരമാണ്.

താൽക്കാലിക വൈകല്യം	–	7667
രോഗാവസ്ഥ മാത്രം	–	4284
കാൻസർരോഗം	–	242
പ്രായാധിക്യമുള്ള	–	5077
താമസം മാറി പോയവർ	–	1052
മരണം സംഭവിച്ചവർ	–	544

ജില്ലയിലെ ആകെ ജനസംഖ്യ 25,23,003 ആണ്. ആകെ കണ്ടെത്തിയ 58,535 അംഗപരിമിതരിൽ 26,227 പേർ സ്ത്രീകളും 32,242 പുരുഷന്മാരും 66 പേർ ഭിന്നലിംഗമുള്ളവരുമാണ്. സ്ത്രീ പുരുഷ അനുപാതം 45:55 ആണ്. ജില്ലയിലെ അംഗപരിമിതർ ആകെ ജനസംഖ്യയുടെ 2.16% ആണ്. ഭിന്നശേഷി ഉള്ള 58,535 പേരിൽ 754 പേർ ചലന വൈകല്യം ഉള്ളവരാണ്. ഇത് ജില്ലയിലെ മൊത്തം അംഗപരിമിതരുടെ 30.33% മാണ്.

ഇരുപത്തിരണ്ട തരം അംഗപരിമിതികൾ തരം തിരിച്ച് ഓരോ വിഭാഗത്തിലുള്ളവരുടെ എണ്ണവും ശതമാനവും ചുവടെ ചേർക്കുന്നു.

ക്രമനം	**വൈകല്യം**	**ആളുകളുടെ എണ്ണം**	**ശതമാനത്തിൽ**	**10000 ജനസംഖ്യ പ്രകാരം**
01	ചലന വൈകല്യം	17754	30.23	65
02	മസ്കുലർ ഡിസ്ട്രോഫി	145	0.25	1
03	ക്രോണിക് ന്യൂറോളിക്കൽ ഡിസോർഡർ	190	0.32	1
04	മൾട്ടിപ്പിൾ സ് ക്ലീറോസിസ്	40	0.07	0
05	കുന്	266	0.45	1
06	ഹൃസ്വകായത്വം	576	0.96	2
07	അന്ധത	1529	2.61	6
08	ഗുരുതരമായ കാഴ്ചക്കുറവ്	5719	9.77	21
09	പഠന വൈകല്യം	600	1.03	2
10	സംസാര – ഭാഷാവൈകല്യം	1536	2.62	6
11	ബുദ്ധിപരമായ വെല്ലുവിളികൾ	5443	9.30	26
12	മാനസികരോഗം	6963	11.90	20
13	ഓട്ടിസം	171	0.29	1
14	കേഴ്വി ഇല്ലായ്മ	4418	7.55	16
15	കൃഷ്ഠരോഗ വിമുക്തം	70	0.12	0
16	ഹീമോഫീലിയ	128	022	0
17	താലസിമിയ	49	0.08	0
18	അരിവാൾ രോഗം	14	0.02	0
19	സെറിബ്രൽ പാൾസി	647	1.11	2
20	അപസ്മാരം	1519	2.60	6
21	ബധിരാന്ധത	20	0.03	0
22	ബഹുവൈകല്യം	10739	18.34	40
	ആകെ	**58535**	**100**	**210**

മെഡിക്കൽ ബോഡ് സർട്ടിഫിക്കറ്റുള്ള അംഗപരിമിതരുടെ അംഗപരിമിതിയുടെ തോത് താഴെ പറയും പ്രകാരമാണ്.

- 40 മുതൽ % – 21,635
- 80% വും അതിനുമുകളിലും – 5,237
- ആകെ അംഗപരിമിതരിൽ 4,329 പേർ പൂർണമായും ശയ്യാവലംബരാണ്

- ആകെ അംഗപരിമിതരിൽ 27,045 പേർ വിവാഹിതരാണ്.
- ആകെ അംഗപരിമിതരിൽ തനിച്ചു വസിക്കുന്ന അംഗപരിമിതർ 1446 പേരും കുടുംബമായി വസിക്കുന്നവർ 54,101 പേരും, ബന്ധുക്കളില്ലാത്തവരോടൊപ്പം വസിക്കുന്നവർ 191 പേരും ആണ്.
- ആകെ അംഗപരിമിതരിൽ സഹായ ഉപകരണങ്ങൾ നിർദേശിക്കപ്പെട്ടിട്ടുള്ളവരുടെ എണ്ണം 12,812 ആണ്.
- സഹായ ഉപകരണങ്ങൾ നിർദേശിക്കപ്പെട്ട 12,812 അംഗപരിമിതരിൽ ഉപകരണങ്ങൾ ലഭിച്ചിട്ടുള്ളത് 10,145 പേർക്കാണ്. ഇതിൽ ഉപകരണങ്ങൾ സ്ഥിരമായി ഉപയോഗിക്കുന്നവർ 8,968 ആണ്.
- ബുദ്ധിപരമായ വെല്ലുവിളികൾ, സെറിബ്രൽ പാൾസി, ഓട്ടിസം, ബഹുവൈകല്യം എന്നിവയുള്ള 16,999 പേരിൽ നാഷണൽ ട്രസ്റ്റ് രക്ഷകർതൃ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുള്ളവർ 412 പേർ മാത്രമാണ്.
- ആകെ അംഗപരിമിതരിൽ തുടർ പരിപാലനം ലഭിക്കുന്ന/ ലഭിച്ചിട്ടുള്ള അംഗപരിമിതർ 48,309 ആണ്.
- സ്വന്തമായി വാഹനം ഉള്ളവർ 2073 ആണ്.
- ജില്ലയിലെ അംഗപരിമിതരിൽ 40171 പേരുടെ ആധാർകാർഡ് വിവരങ്ങൾ ലഭ്യമായിട്ടുണ്ട്.

ട്രാൻസ്ജെൻഡേഴ്സ്

ഭിന്നലിംഗക്കാർ എന്ന പൊതുവിളിപ്പേരിൽ അറിയപ്പെടുന്ന ട്രാൻസ്ജെൻഡേഴ്സ് സമൂഹത്തിൽ വളരെയധികം പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നവരാണ്. പൊതു സമൂഹത്തിൽനിന്നും സ്വന്തം കുടുംബത്തിൽ നിന്നുപോലും അകറ്റി നിർത്തപ്പെട്ടിട്ടുള്ളവരാണ് ട്രാൻസ്ജെൻഡേഴ്സ്. സമൂഹത്തോടുള്ള ഭയം, നാണം, വിവേചനം, നിരാശ, സോഷ്യൽ സ്റ്റിഗ്മ, അന്തസ്സോടെ സമൂഹത്തിൽ ജീവിക്കുവാൻ പറ്റാത്ത അവസ്ഥ ഇവയൊക്കെയാണ് പ്രധാനമായും ട്രാൻസ്ജെൻഡേഴ്സ് നേരിടുന്ന വൈകാരിക പ്രശ്നങ്ങൾ.

ട്രാൻസ്ജെൻഡേഴ്സിനെക്കുറിച്ചുള്ള പൊതുസമൂഹത്തിന്റെ കാഴ്ചപ്പാടിൽ മാറ്റം വരുത്തുവാനും അതുവഴി ക്രമേണ അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുവാനുമുള്ള ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നും തുടങ്ങി വരുന്നു എന്നത് നമുക്ക് ആശ്വാസം നൽകുന്ന ഒന്നാണ്. ഒരു ട്രാൻസ്ജെൻഡേഴ്സ് നയം രൂപീകരിച്ച് നടപ്പിലാക്കുന്ന ആദ്യത്തെ സംസ്ഥാനമായി നമ്മുടെ കേരളം മാറിയിരിക്കുകയാണ്.

ട്രാൻസ്ജെൻഡേഴ്സിന്റെ മുഖ്യധാരാവൽക്കരണം ഒരു പരിധി വരെയെങ്കിലും വിജയം കാണണമെങ്കിൽ സമൂഹത്തിന്റെ കൂട്ടായപ്രയത്നം ആവശ്യമാണ്. എല്ലാ തലത്തിലുമുള്ള ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കേണ്ടതുണ്ട്.

കേരളത്തിലെ ട്രാൻസ്ജെൻഡേഴ്സുമായുടെ ഇടയിൽ നടത്തിയ ഒരു സർവേ റിപ്പോർട്ട് പ്രകാരം 2015-16 കാലയളവിൽ കേരളത്തിലെ ട്രാൻസ്ജെൻഡേഴ്സുമായുടെ ആകെ എണ്ണം 1187 ആണ്. ട്രാൻസ്ജെൻഡേഴ്സിന്റെ അവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട് 2014 ഏപ്രിലിൽ ഇന്ത്യയുടെ ബഹു പരമോന്നത നീതിപീഠം അവരെ മൂന്നാംലിംഗക്കാരെന്ന് നാമകരണം ചെയ്ത വിധി പ്രഖ്യാപനം നടത്തിയിട്ടുണ്ട്. ജില്ലയിലെ കണക്കുകൾ സൂചിപ്പിക്കുന്നത് ആകെ 279 ട്രാൻസ്ജെൻഡേഴ്സ് ഉണ്ടെന്നാണ്.

ട്രാൻസ്ജെൻഡേഴ്സിന്റെ ഏരിയ തിരിച്ചുള്ള കണക്കുകൾചുവടെ ചേർക്കുന്നു

നം	ഏരിയ	ട്രാൻസ്ജെൻഡേഴ്സ്
1	കണ്ണൂർ	62
2	പയ്യന്നൂർ	65
3	തലശ്ശേരി	70
4	മംഗലാപുരം	8
5	കാസറഗോഡ്	20
6	കുടക്	4
7	തമിഴ്നാട്	14
8	വയനാട്	6
9	മലപ്പുറം	8
10	കോഴിക്കോട്	26
	ആകെ	279

ട്രാൻസ്ജെൻഡേഴ്സിന്റെ വയസ്സ് തിരിച്ചുള്ള കണക്കുകൾ

വയസ്സ്	ട്രാൻസ്ജെൻഡേഴ്സ്
15–25	8
25–35	132
35–45	134
45–50	4
50ന് മുകളിൽ	1
ആകെ	**279**

ട്രാൻസ്ജെൻഡേഴ്സിനെക്കുറിച്ചുള്ള അവബോധം സമൂഹത്തിൽ സൃഷ്ടിക്കുന്നതിനായ സ്കൂൾ തലം മുതലുള്ള പാഠ്യപദ്ധതികളിൽ ഇവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. ട്രാൻസ്ജെൻഡേഴ്സിനെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുന്നതിനും അവരുടെ വിവിധങ്ങളായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുംവേണ്ടി പ്രത്യേകമായ ഒരു നയം തന്നെ സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

ട്രാൻസ്ജെൻഡേഴ്സ് എന്ന നിലയിൽ അവർ പലവിധ പീഢനങ്ങൾക്കിടയാകാറുണ്ട്. ട്രാൻസ്ജെൻഡേഴ്സ്മാരുടെ ഇടയിൽ സംസ്ഥാനത്ത് നടത്തിയ ഒരു സർവേ പ്രകാരം അവരിൽ 99% വും ആണിൽ നിന്ന് പെണ്ണിലേക്ക് പരിവർത്തനം ചെയ്യപ്പെടുന്നവരാണ്. സ്കൂൾ പഠനം പൂർത്തീകരിക്കാൻ പറ്റാത്ത അവസ്ഥയും, ലിംഗപരമായ വിവേചനവും, വിദ്യാഭ്യാസത്തിനായി പ്രത്യേക സംവരണം ഇല്ലാത്തതും തൊഴില്ലഭ്യതയില്ലാത്തതും തന്മൂലമുള്ള ദാരിദ്ര്യവും അവർ നേരിടുന്ന പ്രശ്നങ്ങളിൽ ചിലത് മാത്രമാണ്. അതുപോലെ തന്നെ മതിയായ ചികിത്സകൾ ആശുപത്രികളിൽ നിന്നും അവർക്ക് ലഭ്യമാകുന്നില്ല. വിവേചനം ഭയന്ന് ഏകദേശം 78% ആളുകളും അവരുടെ ഐഡന്റിറ്റി വ്യക്തമാക്കാൻ കൂട്ടാക്കാറില്ല. 51% ആളുകളും കുടുംബത്തിൽ നിന്നുപോലും അവരുടെ വ്യക്തിത്വം മറച്ച് പിടിക്കുന്നു.

സംസ്ഥാന ട്രാൻസ്ജെൻഡേഴ്സ് പോളിസി അവർക്ക് സമത്വത്തിനുള്ള അവസരം, അഭിപ്രായപ്രകടനത്തിനുള്ള സ്വാതന്ത്ര്യം, അന്തസ്സോടെ സമൂഹത്തിൽ ജീവിക്കുന്നതിന് സ്വാതന്ത്ര്യം, തൊഴിൽ സമത്വത്തിനുള്ള അവകാശം, വിദ്യാഭ്യാസത്തിനുള്ള അവകാശം, ആരോഗ്യ പരിപാലനത്തിനുള്ള അവകാശം തുടങ്ങിയവ ഉറപ്പ് വരുത്തുന്നുണ്ട്. അവ നടപ്പിൽ വരുത്തുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.

എച്ച്.ഐ.വി .ബാധിതർ

എച്ച്.ഐ.വി. ബാധിതരുടെ ഇടയിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡസ്കായ വിഹാൻ എന്ന സംഘടന ജില്ലയിൽ നടത്തിയ സർവെ പ്രകാരം ജില്ലയിൽ 2000ഓളം എച്ച്.ഐ.വി. ബാധിതരുണ്ട്. അതിൽ 557 പേർ കണ്ണൂർ സെന്ററിലും 1000 പേർ കോഴിക്കോട് സെന്ററിലും ബാക്കിയുള്ളവർ കാസറഗോഡ് സെന്ററിലും ചികിത്സ തേടി വരുന്നു.

ഇവരിൽ ട്രാൻസ്ഡെൻഡർ വിഭാഗത്തിൽപ്പെടുന്ന എം.എസ്.എം. കമ്മ്യൂണിറ്റിയിൽ 10പേരും സെക്സുവർക്കേഴ്സിൽ 10 പേരും എച്ച്.ഐ.വി. ബാധിതരാണ്. ജില്ലയിൽ കേരള എയ്ഡ്സ് കണ്ട്രോൾ സൊസൈറ്റിക്ക് പുറമെ വിഹാൻ, ചോല, ഹെൽത്ത് ലൈൻ എന്നീ സന്നദ്ധ സംഘടനകളും എച്ച്.ഐ.വി. മേഖലയിൽ പ്രവർത്തനം നടത്തിവരുന്നുണ്ട്.

അന്യസംസ്ഥാന തൊഴിലാളികൾ

ജില്ലയിൽ കുറെ വർഷങ്ങളായി അന്യസംസ്ഥാന തൊഴിലാളികൾ വിവിധ തൊഴിൽ മേഖലകളിൽ തൊഴിൽ ചെയ്യുവരുന്നുണ്ട്. ഇവർ പ്രധാനമായും ബംഗാൾ, ബീഹാർ, രാജസ്ഥാൻ, ഒറീസ്സ, ആസ്സാം, ചത്തീസ് ഗഡ് എന്നീ സംസ്ഥാനങ്ങളിലുള്ളവരാണ്. കേരളത്തിൽ നിന്ന് ലഭിക്കുന്ന ഉയർന്ന പ്രതിഫലമാണ് ഇവരിവിടെ തൊഴിൽ ചെയ്യുന്നതിനുള്ള പ്രധാന കാരണം. ആദ്യ ഘട്ടത്തിൽ നിർമാണ മേഖലയിലും ഫാക്ടറികളിലും മാത്രമായിരുന്ന ഇത്തരം തൊഴിലാളികൾ പ്രവർത്തിച്ചിരുന്നത്. എന്നാലിപ്പോൾ ഹോട്ടൽ, ബാർബർഷോപ്പ് തുടങ്ങി മറ്റെല്ലാ നാടൻപണികളും ഇവർ ചെയ്യുന്നുണ്ടെങ്കിലും വളപട്ടണം മേഖലയിൽ തടി-പ്ലൈവുഡ് ഫാക്ടറികളിലും, മട്ടന്നൂർ വിമാനത്താവള പദ്ധതി പ്രദേശത്തും ചാലയിലെ കെട്ടിട നിർമാണവുമായി ബന്ധപ്പെട്ടും ഇതര സംസ്ഥാന തൊഴിലാളികൾ കൂടുതലായി ജോലി ചെയ്യുകയും അധിവസിക്കുകയും ചെയ്യുന്നുണ്ട്.

ജില്ലയിലെ ഇത്തരം മേഖലയിലെ തൊഴിലാളികളുടെ കുറവ് ഇതിലൂടെ പരിഹരിക്കാൻ കഴിയുന്നുണ്ടെങ്കിലും ഇതരസംസ്ഥാന തൊഴിലാളികളുടെ താമസ സൗകര്യം, വളരെയേറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. പല സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന തൊഴിലാളികൾ പല സംസ്കാരങ്ങളുള്ളവരാണ്. കേരളത്തിലെ സംസ്കാരത്തിനനുസരിച്ചുള്ള ജീവിത രീതികൾ അവർ അവലംബിക്കാറില്ല. ചെറിയ സൗകര്യങ്ങളുള്ള കെട്ടിടങ്ങളിൽ കൂടുതൽ ആളുകൾ തിങ്ങിപ്പാർക്കുന്നതിനാൽ ശുചിത്വമില്ലായ്മ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. ആയതിനാൽ കുടിവെള്ള സ്രോതസ്സുകൾ മലിനമാവുകയും സാംക്രമിക രോഗങ്ങൾ പിടിപെടാനുള്ള സാധ്യതകളും വർദ്ധിക്കുകയും ചെയ്യുന്നു.

ഇതരസംസ്ഥാന തൊഴിലാളികൾ സ്വമേധയാ ഇവിടെ ജോലിതേടി എത്തുന്നതിനാൽ നിലവിലുള്ള തൊഴിലാളി നിയമങ്ങൾ മാത്രമാണ് ഇവർക്ക് ബാധകമായിട്ടുള്ളത്. ഒരു കമ്പനി മുഖേനയോ, കോണ്ട്രാക്ടർ മുഖേനയോ തൊഴിലാളികളെ കൊണ്ടുവരികയാണെങ്കിൽ Interstate Migrate Workmen Act (Regulation of Employment) പ്രകാരമുള്ള താമസസൗകര്യവും മറ്റ് ആനുകൂല്യങ്ങളും ഉടമ അല്ലെങ്കിൽ കോണ്ട്രാക്ടർ ലഭ്യമാക്കേണ്ടതാണ്. ഇപ്പോഴത്തെ സാഹചര്യത്തിൽ ഇങ്ങനെയൊരു സാധ്യത നിലവിലില്ല.

ഉള്ളടക്കം

ഭാഗം 2

അധ്യായം 5 കേന്ദ്ര-സംസ്ഥാന പദ്ധതികളും, നിർദേശങ്ങളും	1-88
അധ്യായം 6 തദ്ദേശ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതികളും നിർദേശങ്ങളും	89-128
അധ്യായം 7 സംഗ്രഹവും ഉപസംഹാരവും	129-165
അനുബന്ധം	166-304

ഭാഗം 2

അധ്യായം 5

കേന്ദ്ര-സംസ്ഥാന പദ്ധതികളും നിർദേശങ്ങളും

കേന്ദ്ര സംസ്ഥാന സർക്കാരുകൾ ജില്ലയിൽ നടത്തുന്ന വികസന പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് അവ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദേശങ്ങളും ജില്ലയിലെ പ്രാദേശിക സർക്കാരുകൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളും ഈ ഭാഗത്ത് ഉൾപ്പെടുന്നു. ജില്ലാപദ്ധതിയിലെ ജില്ലാ വികസന പരിപ്രേക്ഷ്യവും നിർദേശങ്ങളും പരിഗണിച്ച് വേണം തദ്ദേശ ഭരണ സ്ഥാപനങ്ങൾ തുടർന്നുള്ള വർഷങ്ങളിൽ അവരുടെ പദ്ധതിയും പ്രൊജക്ടുകളും തയ്യാറാക്കി നടപ്പാക്കാൻ. ജില്ലാ പദ്ധതി നിർദേശങ്ങൾ ഗൗരവമായി പരിഗണിക്കാൻ വികസന വകുപ്പുകളും ഏജൻസികളും തയ്യാറാവേണ്ടതാണ്.

ജില്ലാ പദ്ധതിയുടെ രണ്ടാം ഭാഗം എല്ലാ വർഷവും പുതുക്കേണ്ടതാണ്. കേന്ദ്ര സംസ്ഥാന സർക്കാർ വകുപ്പുകളുടേയും പ്രാദേശിക സർക്കാരുകളുടേയും വാർഷിക പദ്ധതികൾ വിലയിരുത്തി വരും വർഷത്തെ പദ്ധതി തയ്യാറാക്കുമ്പോൾ എടുക്കേണ്ട കരുതലുകളെക്കുറിച്ച് ഡി.പി.സി. നൽകുന്ന നിർദേശങ്ങളാണ് ജില്ലാ പദ്ധതിയുടെ രണ്ടാം ഭാഗം. ഇത് തീർച്ചയായും ഒരു വാർഷിക പ്രതിഭാഗമാണ്. എന്നാൽ ജില്ലാ പദ്ധതിയുടെ ഒന്നാം ഭാഗമായ വികസന പരിപ്രേക്ഷ്യം താരതമ്യേന സ്ഥായിയായിട്ടുള്ളതാണ്.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ അവലോകനവും അവ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദേശങ്ങളും

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഒന്നാം വർഷമായ 2017–18 വർഷത്തിൽ സംസ്ഥാന പദ്ധതിയുടെ അടങ്കൽ 26,500 കോടി രൂപയാണ്. മുൻ വർഷത്തെ പദ്ധതി തുകയായ 30,534.17 കോടി രൂപയിൽ സർക്കാർ 13.11 ശതമാനം വർദ്ധനവോടെ 34,538.95 കോടിയാണ് നടപ്പുവർഷത്തെ ആകെ പദ്ധതി അടങ്കൽ. പ്രത്യേക ഘടക പദ്ധതി/ഗിരിവർഗ ഉപപദ്ധതി എന്നിവയ്ക്ക് പ്രതീക്ഷിക്കുന്ന കേന്ദ്രസഹായമായി 28 കോടി രൂപ കൂടി കണക്കിലെടുത്താൽ 2017–18ലെ മൊത്തം പദ്ധതി വിഹിതം 34566.95 കോടി രൂപയായിരിക്കും. തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഉൾപ്പെടെ പ്രത്യേക ഘടക പദ്ധതിയ്ക്കായി 2599.65 കോടി രൂപയും ഗിരിവർഗ ഉപപദ്ധതിയ്ക്കായി 751.08 കോടി രൂപയും സംസ്ഥാന പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

100 ശതമാനം കേന്ദ്ര സഹായം ലഭിക്കുന്നവ, 50 ശതമാനം കേന്ദ്രസഹായം ലഭിക്കുന്നവ എന്നീ രണ്ട് വിഭാഗങ്ങളിലാണ് കേന്ദ്രാവിഷ്കൃത പദ്ധതി ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത്തരം പദ്ധതികൾക്ക് ഈ വർഷം ഉൾപ്പെടുത്തിയിട്ടുള്ള തുക തികച്ചും താൽക്കാലികമാണ്. കേന്ദ്ര പദ്ധതികൾ നടപ്പിലാക്കുന്നതിന് സെക്രട്ടേറിയറ്റിലെ ഭരണ വകുപ്പുകൾ ബന്ധപ്പെട്ട കേന്ദ്ര മന്ത്രാലയത്തിന്റെ അനുവാദം തേടേണ്ടതുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് 2017–18 ലേക്ക് ലഭിക്കാവുന്ന കേന്ദ്രസഹായമനുസരിച്ച് ചെലവുകൾ ക്രമീകരിക്കേണ്ടതുണ്ട്.

മുൻഗണന ആവശ്യമുള്ളതും നടപടിക്രമങ്ങൾ പൂർത്തിയാക്കി നടപ്പാക്കാൻ തയ്യാറായതുമായ പദ്ധതികൾ ഗ്രീൻബുക്കിൽ പ്രതിപാദിക്കുന്ന രീതി 2016–17 വർഷം മുതൽ നടപ്പാക്കിവരുന്നു. ഇതിന്റെ ഫലമായി ഗ്രീൻബുക്കിൽ ഉൾപ്പെട്ട മുൻഗണനാ പദ്ധതികൾ നടപ്പിലാക്കുവാൻ സർക്കാരിന്റെ അനുമതി പൂതുതായി തേടാതെയും ടഷറി നിയന്ത്രണമില്ലാതെയും വകുപ്പുകൾക്ക് ഒരു സാമ്പത്തികവർഷം മുഴുവനും അവസരം ലഭിക്കുന്നതാണ്. 30.01.2017ലെ സ.ഉ. എം.എസ് 6/2017–നമ്പർ ഉത്തരവ് പ്രകാരം വിശദമായ മാനദണ്ഡങ്ങളോടെ 2017–18 വാർഷിക പദ്ധതിയിലെ ഗ്രീൻബുക്ക് തയ്യാറാക്കാൻ സർക്കാർ അനുമതി നൽകി. ഈ മാനദണ്ഡങ്ങൾ അനുസരിച്ച് പദ്ധതി രേഖയോടൊപ്പം ഗ്രീൻബുക്ക് തയ്യാറാക്കി നിയമസഭ മുമ്പാകെ സമർപ്പിക്കേണ്ടതായുണ്ട്. മുന്തിയ പരിഗണന അർഹിക്കുന്നതും ഉടൻ നടപ്പിലാക്കാൻ കഴിയുന്നതുമായ പദ്ധതികൾ ഗ്രീൻബുക്കിൽ ഉൾപ്പെടുത്തുന്നത്, ബജറ്റ് നിയമസഭ അംഗീകരിച്ചതിനുശേഷം ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് ഒരു ജനറൽ ഉത്തരവ് പുറപ്പെടുവിക്കും. അതിനുശേഷം പദ്ധതി തയ്യാറാക്കൽ ഗ്രൂപ്പും സ്പെഷ്യൽ പദ്ധതി തയ്യാറാക്കൽ ഗ്രൂപ്പും അംഗീകരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഭരണവകുപ്പ് മന്ത്രിയുടെ അംഗീകാരത്തോടുകൂടി ഭരണാനുമതി നൽകും. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് വീണ്ടും ധനകാര്യവകുപ്പിന്റെയും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെയും ഉപദേശം ആരായേണ്ടതില്ല.

5.1 ഉത്പാദന മേഖല

5.1(എ) നീർത്തടാധിഷ്ഠിതവികസനം

കേന്ദ്ര സംസ്ഥാന പദ്ധതികൾ – വിശകലനവും നിർദേശങ്ങളും

I. നെൽകൃഷി വികസനം

1. സുസ്ഥിര നെൽകൃഷി വികസനം

പ്രകൃത്യാ തന്നെ നെൽകൃഷിക്ക് അനുകൂല സാഹചര്യമാണുള്ളത്. ഉത്പാദന വർദ്ധനവിന് സാധ്യതയുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് തരിശുനില കൃഷിക്കും ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകി നെൽകൃഷി വികസന പരിപാടികൾ നടപ്പിലാക്കുന്നതിന് പ്രാധാന്യം നൽകുന്നു. നെൽകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം പതിമൂന്നാം പദ്ധതിയുടെ അവസാനത്തോടെ കൈവരിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിലേക്കായി 2017–18 ൽ 2.1498 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനു പുറമെ ആർ.കെ.വി.വൈ. യിൽ നിന്നുള്ള സഹായവും സംസ്ഥാന സഹായവുമായി സംയോജിപ്പിച്ച് വിനിയോഗിക്കാവുന്നതാണ്.

2. പാടശേഖര സമിതി ഗ്രൂപ്പ് ഫാമിങ് ധന സഹായം

പാടശേഖര സമിതികളുടെ ഗ്രൂപ്പ് ഫാമിങ് പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ധന സഹായം നൽകുന്നു. പാടശേഖരങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനും അരിമില്ലുകൾ സ്ഥാപിക്കുന്നതിനും പ്രോത്സാഹനം നൽകുന്നു. ഉത്തമ കൃഷി മുറകളുടെ സർട്ടിഫിക്കേഷൻ നടത്തുന്നതിനുള്ള സഹായവും പാടശേഖരങ്ങൾക്ക് നൽകുന്നതാണ്.

3. തരിശു നില കൃഷി

തരിശു നില കൃഷിക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ എന്നിവയുടെ സജീവ പങ്കാളിത്തത്തോടെ നെൽകൃഷിക്കനുയോജ്യമായ തരിശു നിലങ്ങൾ ഘട്ടം ഘട്ടമായി പ്രൊജക്ട് അടിസ്ഥാനത്തിൽ സുസ്ഥിര നെൽകൃഷിക്കായി ഏറ്റെടുക്കുന്നതാണ്. 2016–17 ൽ അംഗീകരിച്ച പ്രകാരമുള്ള 3 വർഷത്തെ സഹായം തുടരുന്നതാണ്.

4. ഒരുപൂ കൃഷിയെ ഇരുപൂ കൃഷിയാക്കുക

മൊത്തം നെൽകൃഷി വിസ്തൃതി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഒരുപൂ കൃഷിയെ ഇരുപൂ കൃഷിയാക്കിയും, ഇരുപൂ കൃഷിയെ മൂപുകൃഷിയുമാക്കി ഉയർത്തുന്നതിനുള്ള സാധ്യതയും കണ്ടെത്തേണ്ടതാണ്. കരനെൽ കൃഷിക്കും തരിശുനില കൃഷിക്കുമുള്ള കർഷക ഗ്രൂപ്പുരൂപീകരിക്കുന്നതിന് സഹായം നൽകുന്നതാണ്. തരിശു നിലങ്ങൾ കൃഷി യോഗ്യമാക്കുന്നതിന് ഹെക്ടറിന് 25,000 രൂപ കർഷകനും 5,000 രൂപ സ്ഥല ഉടമയ്ക്കും ധനസഹായമായി അനുവദിക്കുന്നതാണ്.

5. കൈപ്പാട് നെൽകൃഷി വികസനം

കൈപ്പാട് പ്രദേശങ്ങൾ നെൽകൃഷിക്കുള്ള പ്രത്യേക കാർഷിക മേഖലയാക്കി മാറ്റുന്നതിനുള്ള കൂടുതൽ ഇടപെടലുകൾ നടത്തുന്നതാണ്. നെൽകൃഷി വികസന ഏജൻസികൾക്കുള്ള സഹായം പ്രൊജക്ട് അടിസ്ഥാനത്തിൽ നൽകുന്നതാണ്. ഒന്നിലധികം പഞ്ചായത്തുകളുടെ വികസനത്തിനായി സംയോജിത പ്രൊജക്ട് അടിസ്ഥാനത്തിൽ ധനഹായം അനുവദിക്കുന്നതാണ്. നെൽകൃഷി വികസന പദ്ധതികൾക്ക് 2017–18 ൽ 216 ലക്ഷം രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

6. റജിസ്റ്റേഡ് സീഡ് ഗ്രോവേഴ്സ് പ്രോഗ്രാം

ഓരോ പ്രദേശത്തിനും അനുയോജ്യമായ സർട്ടിഫൈഡ് വിത്തുകൾ ലഭ്യമാക്കുന്നത് ഉറപ്പാക്കുന്നതിനായി റജിസ്റ്റേഡ് സീഡ് ഗ്രോവേഴ്സ് പ്രോഗ്രാം പുനരാരംഭിക്കുന്നതാണ്. പ്രാദേശികമായുള്ള സംസ്കരണത്തിന് സാധ്യമായ പാടശേഖരങ്ങളിൽ അരിയുടെയും ഉമി കൊണ്ടുള്ള ഉൽപ്പന്നങ്ങളുടെയും വിതരണത്തിനായി മിനി റൈസ് മില്ലുകളും പാർ ബോയിലിങ് യൂണിറ്റുകളും സ്ഥാപിക്കുന്നതാണ്. കൂടാതെ സവിശേഷ അരിയിനങ്ങളുടെ സംസ്കരണത്തിനായി സ്പെഷ്യൽ മിനി റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് തഞ്ചാവൂരിലുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രോപ്പ് പ്രോസസിങ് വികസിപ്പിച്ചെടുത്തിട്ടുള്ള പൈലറ്റ് മിനി പാർ ബോയിലിങ് യൂണിറ്റ് സ്ഥാപിക്കുന്നതിന് സഹായം നൽകുന്നതാണ്.

7. മിനി റൈസ് മില്ലുകൾ

അരി ഉത്പാദനവുമായി ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനും അരി മില്ലുകൾ സ്ഥാപിക്കുന്നതിനും പ്രോത്സാഹനം നൽകുന്നു.

8. കരനെൽകൃഷി

കരനെൽകൃഷി വ്യാപന രംഗത്തുള്ള പ്രോത്സാഹന പദ്ധതികൾക്ക് കർഷകരിൽ നല്ല സ്വീകാര്യതയാണ് ലഭിച്ചുവരുന്നത്. നടപ്പ് വർഷം 210 ഹെക്ടർ കരപ്രദേശത്ത് നെൽകൃഷി ചെയ്തിട്ടുണ്ട്. സാധ്യതയുള്ള പ്രദേശങ്ങളിൽ കരനെൽകൃഷി വ്യാപിപ്പിക്കുവാനുള്ള ഊർജ്ജിത ശ്രമങ്ങൾ നിലവിൽ നടന്നുവരുന്നു. പ്രാദേശികമായി യോജിച്ച വിത്തുകളുടെ ലഭ്യത മുൻകൂട്ടി ഉറപ്പുവരുത്തേണ്ടതുണ്ട്. മുന്നൊരുക്കങ്ങൾ നടത്തുന്ന കാര്യത്തിലുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാകേണ്ടതുണ്ട്. നടീൽ സമയക്രമവും പാലിക്കുന്നതിൽ വീഴ്ച കാണുന്നു.

9. പ്രത്യേക നെല്ലിനങ്ങളുടെ കൃഷി, പരമ്പരാഗത ഇനങ്ങളുടെ പുനരുജ്ജീവനം

കണ്ണൂർ ജില്ലയിൽ നെൽകൃഷിയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് ഉദ്ദേശം 301 ലക്ഷം രൂപയുടെ സംസ്ഥാന പദ്ധതികൾ ഈ വർഷം നടപ്പാക്കി വരുന്നുണ്ട്. ബ്ലോക്ക് തല സംയോജന പരിപാടിയായി കല്യാശ്ശേരി ബ്ലോക്കിൽ നെൽകൃഷി വികസനത്തിന് 50 ലക്ഷം രൂപയുടെ ഒരു പ്രൊജക്ട് വിഭാവനം ചെയ്തിട്ടുണ്ട്. വിവിധ ബ്ലോക്കുകളിൽ മിനി റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്. നെൽകൃഷിയിൽ നൂതന സങ്കേതങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പരിപാടി ഇരിക്കൂർ ബ്ലോക്കിൽ നടപ്പാക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുകയാണ്.

നെൽകൃഷി വികസന പദ്ധതികൾ പ്രകാരം വിവിധ ഘടകങ്ങളായി കർഷകർക്ക് ലഭിക്കുന്ന ധനസഹായം ഉത്പാദനത്തിന് ആനുപാതികമായി ഒറ്റത്തവണയായി ലഭ്യമാക്കേണ്ടതുമാണ്.

തൊഴിലുറപ്പ് പദ്ധതി നിലവിലുള്ള നെൽകൃഷിയുമായി സംയോജിപ്പിച്ചു കൊണ്ട് ചെയ്യുവാനുള്ള അനുമതി ലഭ്യമാക്കിക്കൊണ്ട് നെൽകൃഷി മേഖലയിലെ കർഷകത്തൊഴിലാളി ക്ഷാമം പൂർണമായും പരിഹരിക്കേണ്ടതാണ്

II. നാളികേര വികസനം

1. കേര ഗ്രാമം

2017-18 ൽ ഈ പദ്ധതിക്കായി 301.4 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സംയോജിത വളപ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം, ജൈവ വളപ്രയോഗം, വിളവെടുപ്പ് യന്ത്രങ്ങൾ, നഴ്സറികൾ, ജലസേചന സൗകര്യങ്ങൾ മുതലായ പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള സമിതിയുടെ റജിസ്ട്രേഷൻ, പരിശീലന പരിപാടികൾ, യോഗങ്ങൾ എന്നിവ ഉൾപ്പെടെയുള്ള കൃഷിഭവനുകൾക്കുള്ള പ്രവർത്തന ചിലവും ഉൾപ്പെടുത്തിയിട്ടുണ്ട്. തിരഞ്ഞെടുത്ത പഞ്ചായത്തുകളിലായിരിക്കും പദ്ധതി നടപ്പിലാക്കുക. കുത്തുപറമ്പ്, കൂറ്റ്യാട്ടൂർ, പിണറായി, ചെറുകുന്ന് കൂടാതെ നാളികേര വികസന ബോർഡ്, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, കൃഷി വകുപ്പ് എന്നിവ വഴി നടപ്പിലാക്കുന്ന പദ്ധതികൾ പഞ്ചായത്ത് തലത്തിൽ സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിനുള്ള സഹായവും അധികമായി നൽകുന്നതാണ്. പഞ്ചായത്ത് തല കേര അപ്പെക്സ് സൊസൈറ്റികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി 10 ലക്ഷം രൂപ വീതം വകയിരുത്തുന്നു. ഏറ്റവും കുറഞ്ഞത് 500 ഹെക്ടർ പ്രദേശത്തെങ്കിലും തെങ്ങ് കൃഷിയുള്ള പഞ്ചായത്ത പ്രദേശത്തെ സൊസൈറ്റികൾക്കാണ് സഹായം ഉൾപ്പെടുത്തിയിട്ടുള്ളത്. തേങ്ങ ഉത്പാദിപ്പിക്കുന്ന കൂടുതൽ പ്രദേശങ്ങൾ ഉൾപ്പെടുത്തുന്നതിനായി ആർ.കെ.വി.വൈ. പദ്ധതിയുമായി സംയോജിപ്പിക്കാവുന്നതാണ്.

2. നാളികേര ക്ലസ്റ്ററുകൾ

തിരഞ്ഞെടുത്ത 4-5 പഞ്ചായത്തുകളുടെ നാളികേര കൃഷി വികസനത്തിന്റെ സമഗ്ര വികസനമാണ് പദ്ധതി പ്രകാരം നടപ്പിലാക്കുന്നത്. ഇതിനു പുറമെ 25-50 ഹെക്ടർ വിസ്തൃതിയുള്ള ചെറിയ നാളികേര ക്ലസ്റ്ററുകൾ എല്ലാ പഞ്ചായത്തുകളിലും രൂപീകരിച്ച് നാളികേര വികസന പ്രവർത്തനങ്ങൾ കൂട്ടായ്മയിലൂടെ നടപ്പിലാക്കേണ്ടതുണ്ട്. നിലവിൽ നടപ്പിലാക്കുന്ന കേര ഗ്രാമ നാളികേര വികസന പദ്ധതി പ്രകാരം ഒരു പഞ്ചായത്തിൽ 250 മുതൽ 500 ഹെക്ടർ വരെ തെങ്ങു കൃഷിയുടെ സമഗ്ര വികസനമാണ് നടപ്പിലാക്കുന്നത്.

3. ഉയർന്ന ഉത്പാദനശേഷിയുള്ള കുറിയയിനം മാതൃകാ നാളികേര ഫാമുകളുടെ വികസനം

ഉത്പാദനക്ഷമതയില്ലാത്തതും പ്രായം ചെന്നതും രോഗം ബാധിച്ചതുമായ തെങ്ങുകൾ വെട്ടി മാറ്റി കരിക്കിനും കൊപ്രയ്ക്കും അനുയോജ്യമായ കുറിയ ഇനവും പകുതി പൊക്കമുള്ള ഇനം തൈകളും അടുത്തടുത്ത പ്രദേശത്ത് ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനുള്ള പ്രോത്സാഹനം നൽകുന്നതാണ്.

4. സമഗ്ര കീടരോഗ പരിപാലന പദ്ധതി

കൃഷി വകുപ്പും കേന്ദ്ര തോട്ടവിള ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടും സംയുക്തമായി നാളികേര വികസനത്തിനായി പ്രൊജക്ട് അധിഷ്ഠിത സഹായം നൽകുന്നതാണ്. സമഗ്ര കീടരോഗ പരിപാലന പദ്ധതി പ്രൊജക്ട് രീതിയിൽ ഏറ്റെടുത്ത് പ്രധാനപ്പെട്ട കീടങ്ങളെയും രോഗങ്ങളെയും നിയന്ത്രിക്കുന്നതിനു കുമ്പായിൻ സംഘടിപ്പിക്കുന്നതാണ്.

ഘടകങ്ങൾ തിരിച്ചുള്ള പദ്ധതി വിഹിതം താഴെ കൊടുത്തിരിക്കുന്നു

കേര ഗ്രാമം	301.4 ലക്ഷം രൂപ
ഉയർന്ന ഉത്പാദനശേഷിയുള്ള കുറിയയിനം മാതൃകാ നാളികേര ഫാമുകളുടെ വികസനം	43.0538 ലക്ഷം രൂപ
ആകെ	**344.4538 ലക്ഷം രൂപ**

III. സുഗന്ധ വ്യഞ്ജന വികസനം

സംസ്ഥാനത്തിന്റെ കാർഷിക സമ്പദ് വ്യവസ്ഥയിൽ സുഗന്ധ വ്യഞ്ജന വിളകൾക്ക് മുൻനിര സ്ഥാനമാണുള്ളത്. വിദേശനാണ്യം ഉണ്ടാക്കി തരുന്നതിനു പുറമെ ജൈവ സുഗന്ധ വിളകൾക്കും മൂല്യവർദ്ധിത സുഗന്ധ ദ്രവ്യങ്ങൾക്കും മികവുറ്റ പ്രാധാന്യം സംസ്ഥാന കാർഷിക സമ്പദ് വ്യവസ്ഥയിലുണ്ട്. കുറഞ്ഞ ഉത്പാദന ക്ഷമതയും ഗുണനിലവാരത്തിലുള്ള പോരായ്മയും രോഗങ്ങളും ക്ഷുദ്രകീടങ്ങൾ തുടങ്ങിയവ മൂലമുള്ള കൃഷി നഷ്ടവും വിളവെടുപ്പിനു ശേഷമുള്ള നഷ്ടവും വിലയിലുള്ള ഏറ്റക്കുറച്ചിലുകളും കേരളത്തിന്റെ സുഗന്ധ വ്യഞ്ജനങ്ങളുടെ ഉത്പാദനത്തെയും കൃഷിയെയും സാരമായി ബാധിക്കുന്നുണ്ട്. വിദേശ നാണ്യ സമ്പാദനത്തിനും കർഷകരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തിന്നതിനും സുഗന്ധവിളകളുടെ ഉത്പാദനം ഉയർത്തേണ്ടത് അത്യന്താപേക്ഷിതമായി തീർന്നിരിക്കുകയാണ്.

1. കുരുമുളക് കൃഷി വികസനം

കുരുമുളക് പുനരുജ്ജീവന പദ്ധതിയുടെ ഭാഗമായുള്ള വികേന്ദ്രീകൃത കുരുമുളക് നഴ്സറികൾ പുതിയ കുരുമുളക് തോട്ടങ്ങൾ, നിലവിലുള്ള തോട്ടങ്ങളുടെ പുനരുജ്ജീവനം എന്നിവയ്ക്ക് 2017-18 വർഷത്തിൽ 46.25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

IV. മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലനവും ഉത്പാദന ക്ഷമത ഉയർത്തലും

1. NMSA- നാഷണൽ മിഷൻ ഓൺ സസ്റ്റെയിനബിൾ അഗ്രിക്കൾച്ചർ

കേരളത്തിലെ മണ്ണ് സമ്പത്തിലുണ്ടായ പോഷക മൂലകങ്ങളുടെ കുറവ് പരിഗണിച്ചുകൊണ്ട് കാർഷിക വിളകളുടെ ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് മണ്ണിന്റെ ആരോഗ്യം ഉയർത്തുന്നത് അത്യന്താപേക്ഷിതമാണ്. ഉത്പാദന ക്ഷമത ഉയർത്തുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് മണ്ണ് പരിശോധന മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. സൂക്ഷ്മ മൂലകങ്ങളുടെ പ്രദർശനം ഉൾപ്പെടെ സമഗ്ര മണ്ണ് പരിശോധന നടത്തുന്നതിന് പഞ്ചായത്തുകളെ ദത്തെടുക്കുന്ന പ്രവർത്തനം കൂടുതൽ പഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കേണ്ടതാണ്. ഈ പഞ്ചായത്തുകളിൽ മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ വിജ്ഞാന വ്യാപനം നടപ്പിലാക്കുന്നതാണ്. തിരഞ്ഞെടുക്കുന്ന പഞ്ചായത്തിലെ എല്ലാ കർഷകർക്കും മണ്ണ പരിപോഷണ കാർഡ് വിതരണം ചെയ്യുന്നതാണ്.

മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വിജ്ഞാന വ്യാപനത്തിനു വേണ്ട ജില്ലാ മണ്ണ പരിശോധന ലാബ്, മൊബൈൽ മണ്ണ് പരിശോധന ലാബ് എന്നിവയ്ക്കായി ഓരോ ജില്ലയിലും 3 പഞ്ചായത്തുകൾ വീതം തിരഞ്ഞെടുക്കുന്നതായിരിക്കും.

ആത്മ, ജില്ലാ മണ്ണ പരിശോധന ലാബ്, മൊബൈൽ മണ്ണ് പരിശോധന ലാബ് എന്നിവയുടെ സഹായത്തോടെ തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ മണ്ണ് വിശകലനത്തിന് പ്രത്യേക ഊന്നൽ നൽകുന്നതാണ്. ആത്മ മാത്രമായിരിക്കും പ്രദർശന ഘടകം നടപ്പിലാക്കുന്നത്.

2. ദ്വിതീയ മൂലകങ്ങളുടെയും സൂക്ഷ്മ മൂലകങ്ങളുടെയും ഉപയോഗം

സംസ്ഥാനത്തെ മണ്ണ് പരിശോധന ക്യാമ്പയിൻ അടിസ്ഥാനത്തിൽ ഏറ്റെടുക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്നു. വിള ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി മണ്ണിന്റെ പി.എച്ച്. ശരിയായ അളവിലാക്കുന്നതിന് ഗുണമേന്മയുള്ള ഉത്പാദനോപാധികളും സെക്കന്ററി മൂലകങ്ങളും ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്.

കേരളത്തിൽ മണ്ണിന്റെ അമ്ലതം പ്രധാന പ്രശ്നമാണ്. ഏകദേശം 90% മണ്ണും അമ്ല സ്വഭാവമുള്ളതാണ്. മണ്ണിന്റെ അസിഡിറ്റി ശരിയായ അളവിലാക്കുന്നതിന് വലിയ രീതിയിലുള്ള ഇടപെടൽ ആവശ്യമാണ്. 2017-18 ൽ 86.8 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

മണ്ണിന്റെ വിശകലനം അടിസ്ഥാനമാക്കിയുള്ള നിർദേശങ്ങൾക്കനുസരിച്ച് 2017-18 ൽ ഹെക്ടർ ഒന്നിന് 5,400 രൂപ 1,600 ഹെക്ടറിന് സോയിൽ അമിലിയറന്റ്സ് എന്ന ഘടകത്തിൽ തുക അനുവദിച്ചിട്ടുണ്ട്. ദ്വിതീയ മൂലകങ്ങളുടെയും സൂക്ഷ്മ മൂലകങ്ങളുടെയും കുറവ് പരിഹരിക്കുന്നതിനായി 3600 ഹെക്ടറിലേക്ക് ഹെക്ടറിന് 500 രൂപ നിരക്കിൽ 18 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

V. വിള ആരോഗ്യ പരിപാലനം

സുസ്ഥിര കാർഷിക വികസനത്തിന് കീടരോഗ പരിപാലന തന്ത്രങ്ങൾ ഒരു പ്രധാന ഘടകമാണ്. സംയോജിത കീടരോഗ പരിപാലനത്തിന്റെ മെച്ചപ്പെടുത്തൽ വിള ആരോഗ്യ പരിപാലനത്തിന് വഴി തെളിയിക്കുന്നതാണ്. വിള ആരോഗ്യ പരിപാലനം എന്ന പുതിയ സമീപനം നല്ല സസ്യസംരക്ഷണ പ്രവർത്തനങ്ങളിൽ കൂടി സുസ്ഥിര ജൈവ വ്യവസ്ഥയും ജനങ്ങളുടെ ആരോഗ്യവും സംരക്ഷിക്കുന്നതിന് ഉതകുന്നതാണ്.

വിള ആരോഗ്യ പരിപാലന പദ്ധതി പ്രകാരം, വിള ആരോഗ്യ ക്ലിനിക്കുകൾ ബ്ലോക്ക് തലത്തിൽ സ്ഥാപിക്കുകയും കാർഷിക വിളകൾക്ക് കീട രോഗ ബാധ, മൂലകങ്ങളുടെ അപര്യാപ്തത, ആധിക്യം എന്നിവ മൂലമുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം നിർദേശിക്കുകയും ചെയ്യുന്നു. പദ്ധതി പ്രകാരം 2017-18 വർഷത്തിൽ 55.482 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

VI. ജൈവ കൃഷി-വിഷരഹിത കൃഷി

ജൈവകൃഷി രാജ്യത്ത് സജീവമായിക്കൊണ്ടിരിക്കുന്ന ഒരു മേഖലയാണ്. ജൈവ ഉൽപ്പന്നങ്ങളുടെ കയറ്റുമതി സാദ്ധ്യത ലോകമെമ്പാടും വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. വിവിധ വിളകളുടെ ജൈവകൃഷി, സർക്കാർ ഇതര സംഘടനകൾ, മറ്റ് ഇടപെടലുകൾ, എന്നിവയിലൂടെ സംസ്ഥാനത്ത് നടന്നു വരികയാണ്. മുൻകാലങ്ങളിൽ ചില ഒറ്റപ്പെട്ട ശ്രമങ്ങൾ ഇതിനായി നടന്നുവെങ്കിലും ജൈവകൃഷിയുടെ വികസനത്തിനായി ശ്രദ്ധ കേന്ദ്രീകരിച്ചുള്ള ഒരു നിശ്ചിതമായ ശ്രമം സംസ്ഥാനത്തുണ്ടായിട്ടില്ല. ജൈവ സർട്ടിഫിക്കേഷനായുള്ള സഹായം, ക്ലസ്റ്ററുകളുടെ ശക്തിപ്പെടുത്തൽ, ക്ലസ്റ്ററുകൾക്ക് പ്രോത്സാഹന സഹായം, പച്ചില വളപ്രയോഗം, ജൈവവളങ്ങൾ തയ്യാറാക്കുന്ന മാതൃകാ യൂണിറ്റുകൾ, പങ്കാളിത്ത ഗ്യാരണ്ടി സർട്ടിഫിക്കേഷൻ ഉൾപ്പെടെയുള്ള സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യ ഉത്പാദനം എന്നീ ഘടകങ്ങളോടെ ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് 2017-18 ൽ ഉദ്ദേശിച്ചിരിക്കുന്നു. എക്കോ ഷോപ്പുകൾ തുടങ്ങുന്നതുൾപ്പെടെയുള്ള ജൈവകൃഷിയുടെ സമഗ്ര പ്രൊജക്ട് ആർ.കെ.വി.വൈ. യിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതാണ്. ഉത്തമ കൃഷി മുറകൾക്കായി ക്ലസ്റ്ററുകൾക്കുള്ള സഹായം, ഇക്കോഷോപ്പുകൾക്കുള്ള സഹായം, മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവെക്കുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള അവാർഡ് എന്നിവയാണ് ഈ പദ്ധതിയുടെ ഘടകങ്ങൾ.

VII. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും

ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കൃഷി ഉത്പാദന രംഗത്തെ ഏറ്റവും അത്യന്താപേക്ഷിതവും അടിസ്ഥാനപരവുമായ ആവശ്യകതയാണ്. ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ, വിത്തുകൾ, ജേം പ്ലാസം തുടങ്ങിയവയുടെ അപര്യാപ്തത ഉത്പാദന ക്ഷമതയ്ക്ക തന്നെ വെല്ലുവിളി ഉയർത്തുന്നുണ്ട്. കൃഷിയുടെ ഉത്പാദന ക്ഷമതയ്ക്കും മൊത്തതിലുള്ള കൃഷി ഉത്പാദനത്തിനും ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ലഭ്യത വിപണിയിൽ ഉണ്ടായിരിക്കേണ്ടതാണ്.

കൃഷി ഫാമുകൾ നവീകരിച്ച് ഗുണമേന്മയുള്ള വിത്ത് ഉത്പാദന കേന്ദ്രങ്ങൾ എന്നതിലുപരി ഹൈടെക് ഫാമിങ്ങിനായുള്ള നൂതന കാർഷിക സാങ്കേതിക വിദ്യയുടെ പ്രചരണ കേന്ദ്രങ്ങളാക്കി മാറ്റേണ്ടതാണ്. ഫാമുകളിൽ ഗ്രീൻ ഹൗസ്, ചെറുകിട ജലസേചന സൗകര്യങ്ങൾ, ടിഷ്യുകൾച്ചർ ഹാർഡനിങ് യൂണിറ്റ്, വിത്ത് സംസ്കരണം, വിത്ത് ശേഖരണം തുടങ്ങിയ പരിപാടികൾ നടപ്പാക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. ജില്ലാ ഫാമുകളുടെയും സീഡ് ഫാമുകളുടെയും കാര്യത്തിൽ വകുപ്പ് തല പരിപാടികൾ ഗ്യാപ് ഫില്ലിങ് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 13 പ്രത്യേക ഫാമുകളുടെ കാര്യത്തിൽ എല്ലാം വകുപ്പ് തലത്തിൽ നിർവഹിക്കേണ്ടതും അവ വാണിജ്യപരമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. പുതിയ ഇനം ന്യൂക്ലിയസ് നടീൽ വസ്തുക്കൾ വാങ്ങുന്നതിനായും, പ്രജനന തോട്ടങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും, നടീൽ വസ്തുക്കളുടെ ഉത്പാദനം, അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുക എന്നീ പരിപാടികൾക്കായി പദ്ധതി വിഹിതം വിനിയോഗിക്കാവുന്നതാണ്. പിന്നീട് വിശകലനം ചെയ്യുന്നതായ ഒരംഗീകൃത പ്രൊജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും ഓരോ ഫാമുകൾക്കും വിഹിതം നൽകുന്നത്.

2017-18 വർഷത്തിൽ ഫാമുകളുടെ വികസനത്തിനും നടീൽ വസ്തുക്കളുടെ ഉത്പാദനത്തിനുമായി 70 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

VIII. ദേശീയ ബയോ ഗ്യാസ് വികസന പദ്ധതി

ദേശീയ ബയോ ഗ്യാസ് വികസന പദ്ധതി പ്രകാരം ബയോ ഗ്യാസ് പ്ലാന്റുകൾ അനുവദിക്കുന്നതിന് പൊതു വിഭാഗത്തിനു 9000 രൂപയും പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾക്ക് 10,000/- രൂപയും അനുവദിക്കുന്നു. ദീന ബന്ധു മോഡൽ പ്ലാന്റുകൾക്കാണ് കൃഷി വകുപ്പ് ധനസഹായം അനുവദിക്കുന്നത്.

IX. സബ് മിഷൻ ഓൺ അഗ്രിക്കൾച്ചർ മെക്കനൈസേഷൻ

കാർഷിക യന്ത്രവൽക്കരണത്തിനായി യന്ത്രങ്ങൾ 40% സബ്സിഡി നിരക്കിൽ കർഷകർക്ക് അനുവദിക്കുന്നതാണ്. ഇതിനായി 2017-18 ൽ 58 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

X. പച്ചക്കറി വികസന പദ്ധതി

പച്ചക്കറി കൃഷിയുടെ വ്യാപനത്തിനും പ്രോത്സാഹനത്തിനുമായാണ് പച്ചക്കറി കൃഷി വികസന പദ്ധതി നടപ്പിലാക്കുന്നത്. നിലവിൽ 1,520 ഹെക്ടറിലാണ് ജില്ലയിലെ പച്ചക്കറി കൃഷി. കൃഷി വ്യാപനത്തിനായി സൗജന്യമായി വിത്തും തൈകളും വിതരണം, നഗരത്തിൽ താമസിക്കുന്നവർക്കുള്ള പച്ചക്കറി പ്രോത്സാഹന പദ്ധതികൾ, മാലിന്യ സംസ്കരണത്തിനുതകുന്ന പദ്ധതികൾ, ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് പമ്പ് സെറ്റ്, സൂക്ഷ്മ ജലസേചന പദ്ധതികൾ, വളസേചന പദ്ധതികൾ തുടങ്ങി വിവിധ ഘടകങ്ങളാണ് ഈ പദ്ധതിയിൽ ചെയ്യുന്നത്.

1. കൃഷി വ്യാപനത്തിനു സൗജന്യമായി വിത്തും തൈകളും

സ്കൂൾ വിദ്യാർത്ഥികൾ, വീട്ടമ്മമാർ, കർഷക കൂട്ടായ്മകൾ എന്നിവയിലൂടെ പരമാവധി വീടുകളിൽ പച്ചക്കറി തൈകളും വിത്തുകളും എത്തിക്കുക എന്നതാണ് ലക്ഷ്യം. ഇത്തരത്തിൽ വിതരണം ചെയ്യപ്പെടുന്ന വിത്ത് മുഴുവൻ കൃഷി ചെയ്യുന്ന പക്ഷം നമ്മുടെ ജില്ലാ പച്ചക്കറി ഉത്പാദനത്തിൽ മികച്ച നേട്ടം കൈവരിക്കും. എന്നാൽ ഈ വിത്ത് പൂർണമായി ഉപയോഗപ്പെടുത്തുന്നില്ല. വിത്തിന്റെ ഗുണമേന്മ, യഥാസമയത്ത് വിതരണം ചെയ്യാൻ കഴിയാതിരിക്കുക എന്നിങ്ങനെ പല പോരായ്മകളും ഇതോടനുബന്ധിച്ചുണ്ട്.

2. മാലിന്യ നിർമാർജനവും ജൈവവള നിർമാണവും

പദ്ധതിയുടെ ഒരു പ്രധാന ഘടകമാണ് നഗരങ്ങളിലെ അടുക്കള മാലിന്യം ജൈവവളമാക്കി മാറ്റുന്നതിന് യൂണിറ്റുകൾ സ്ഥാപിക്കുക എന്നത്. മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ, മലിനജല സംസ്കരണ സംവിധാനം എന്നിവ ഇതോടനുബന്ധിച്ച് ചെയ്യാവുന്നതാണ്. ആളുകളുടെ ഇടയിൽ അവബോധം ഇല്ലാത്തത് ഈ ഘടകങ്ങൾ ചെയ്യുന്നതിന് തടസ്സമാകുന്നുണ്ട്.

3. തരിശുഭൂമി പച്ചക്കറി കൃഷി

തരിശായി കിടക്കുന്നതും പച്ചക്കറിക്കൃഷിക്ക് അനുയോജ്യമായതുമായ കൃഷിയിടങ്ങൾ കൃഷിയോഗ്യമാക്കുന്നതിനുള്ള പദ്ധതിയാണിത്. ഹെക്ടറൊന്നിന് 25,000 രൂപ വരെ ആനുകൂല്യം ലഭിക്കും. സ്ഥലം ഉടമക്ക് പാട്ടമായി 5000 രൂപയും നൽകുന്നതിനും വ്യവസ്ഥയുണ്ട്. നിലവിൽ കൃഷി ചെയ്യുന്ന കർഷകർക്ക് ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഹെക്ടറൊന്നിന് 15,000 രൂപ വരെ സഹായം നൽകിവരുന്നുണ്ട്. ഇത് കൂടാതെ ജലസേചനാവശ്യത്തിന് പമ്പ് സെറ്റ്, സസ്യസംരക്ഷണം, വളസേചനം നടത്തുന്നതിന് ഫെർട്ടിഗേഷൻ യൂണിറ്റ് തുടങ്ങിയ വിവിധ ഘടകങ്ങൾ ഈ പദ്ധതിയിൽ കർഷകർക്ക് നൽകുന്നുണ്ട്. കർഷകരുടെ കൂട്ടായ്മകളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതാണ് ഈ ഘടകങ്ങൾ.

4. സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി

വരുംതലമുറയ്ക്ക് കൃഷിയെ സംബന്ധിച്ച ബോധവൽക്കരണം നടത്തുന്നതിനും ജനങ്ങൾക്ക് കൃഷിയിൽ താത്പര്യം ജനിപ്പിക്കുന്നതിനും പരമാവധി തരിശു നിലങ്ങൾ കൃഷിയോഗ്യമാക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെ സർക്കാർ സ്ഥാപനങ്ങൾ, പ്രൈവറ്റ് സ്ഥാപനങ്ങൾ, സ്കൂളുകൾ എന്നിവയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്.

1. എ ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം
2. സംഭരണത്തിന് സീറോ എനർജി ചേമ്പർ
3. കാർഷിക നഴ്സറി ആരംഭിക്കൽ
4. പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ കൃഷിയും വിത്ത് വിതരണവും
5. കാർഷിക വിളകളുടെ സംസ്കരണവും, വിപണനവും
6. ജൈവ കീടരോഗ നിയന്ത്രണമാർഗങ്ങളുടെ ഉത്പാദനം
7. പുതിയ കൃഷി രീതികളെ പരിചയപ്പെടുത്തുന്നതിനുള്ള കൃഷി സമ്പ്രദായങ്ങൾ
8. ബോധവൽക്കരണ പരിപാടികൾ

9. മഴമറകൃഷി
10. ഗ്രോബാഗുകളിലെ കൃഷി
11. തിരിനന
12. തുള്ളി നന സംവിധാനങ്ങൾ
13. റസിഡൻസ് അസോസിയേഷനുകളിലെ കൃഷി പ്രോത്സാഹിപ്പിക്കൽ
14. ദീർഘകാല പച്ചക്കറി വിളകൾ എന്നിവയുടെ പ്രോത്സാഹനം

കൃഷി വകുപ്പ വഴിയും ത്രിതല പഞ്ചായത്തുകൾ മുഖേനയും പച്ചക്കറി കൃഷി പ്രോത്സാഹനത്തിന് ധാരാളം പദ്ധതികൾ ഉണ്ടായിട്ടും നമ്മുടെ ആവശ്യത്തിന്റെ നാലിലൊന്നു മാത്രമേ ഉത്പാദനം സാധ്യമാകുന്നുള്ളൂ. നിലവിലെ പച്ചക്കറി കൃഷിയുടെ വിസ്തൃതി ഇരട്ടിയാക്കിയാൽ ലക്ഷ്യം കൈവരിക്കുക തന്നെ ചെയ്യും. ഇതിന് വിവിധ കർമ പരിപാടികൾ ഇനിയും ആവശ്യമുണ്ട്. പച്ചക്കറിക്കൃഷിക്കു വേണ്ട അടിസ്ഥാന സൗകര്യം ഒരുക്കുകയാണ് ആദ്യം വേണ്ടത്. പ്രധാനമായും ജലസേചന സൗകര്യം വർദ്ധിപ്പിക്കണം. ഇതിന് കേവലം പമ്പ് സെറ്റ് വിതരണം മാത്രമാകില്ല. നിലവിലുള്ള മുഴുവൻ ജലസ്രോതസ്സുകളും പുനരുജ്ജീവിപ്പിച്ച് ജലസേചന യോഗ്യമാക്കണം. തോടുകൾ സംരക്ഷിച്ച് തടയണ കെട്ടി ജലവിതരണ സംവിധാനം കാര്യക്ഷമമാക്കി കർഷകർക്ക് കൃഷിക്കാവശ്യമായ വെള്ളം കൃഷിയിടങ്ങളിൽ എത്തിച്ചു കൊടുക്കണം. മഴക്കാലത്ത് പച്ചക്കറി കൃഷി വ്യാപകമാക്കണം. തരിശു നിലങ്ങൾ കൃഷിയോഗ്യമാക്കാൻ വേണ്ട ജലസേചനം ഉറപ്പ് വരുത്തണം. ശാസ്ത്രീയ കൃഷി രീതികൾ നടപ്പിലാക്കി പരമാവധി ഉത്പാദന ക്ഷമത കൈവരിക്കണം. പരമാവധി വീടുകളിൽ ആവശ്യത്തിന് പച്ചക്കറി ഉത്പാദനം ഉറപ്പാക്കുവാനുള്ള ഉത്പാദനോപാധികൾ ലഭ്യമാക്കണം. വിത്ത് മറ്റ് ഉത്പാദനോപാധികൾ എന്നിവയുടെ യഥാസമയ ലഭ്യത ഉറപ്പുവരുത്തണം. ഇക്കോ ഷോപ്പുകൾ ഈ വിധത്തിൽ ഫലപ്രദമാകണം. പരമ്പരാഗത വിളകളും ദീർഘകാല വിളകളും കൃഷി ചെയ്യുവാൻ പ്രോത്സാഹിപ്പിക്കുന്നത് പുരയിടങ്ങളിൽ നിത്യേന പച്ചക്കറികളുടെ ലഭ്യത ഉറപ്പാകും. കിഴങ്ങുവർഗ കൃഷി മഴക്കാലത്ത് വ്യാപകമാക്കണം. പച്ചക്കറി കൃഷി വികസന പദ്ധതി നടപ്പിലാക്കുക വഴി പച്ചക്കറി മേഖലയിൽ ഒരുപരിധിവരെ സ്വയം പര്യാപ്തത കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. വിഷരഹിത കാർഷിക മുറകൾ അവലംബിച്ചു കൊണ്ട് കൃഷി പ്രചരിപ്പിക്കുക വഴി ഗുണമേന്മയുള്ള വിഷരഹിത പച്ചക്കറികൾ യഥേഷ്ടം ലഭ്യമാക്കുവാനും ഇക്കാര്യത്തിൽ കൃഷിക്കാർക്കും ജനങ്ങൾക്കും അവബോധം ഉണ്ടാക്കുവാനും സാധിച്ചിട്ടുണ്ട്.

വീട്ടു വളപ്പിലെ പച്ചക്കറി കൃഷിക്കായി സ്കൂൾ കുട്ടികൾക്ക് പച്ചക്കറി വിത്തു പാക്കറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതിയിൽ കൃഷിയിൽ താൽപര്യമുള്ള കുട്ടികൾക്ക് മാത്രം വിത്തു വിതരണം ചെയ്ത് കർഷകർക്ക് കൂടുതൽ വിത്ത് പാക്കറ്റുകൾ വിതരണം ചെയ്യുകയാണ് വേണ്ടത്. പച്ചക്കറി തൈകളുടെ വിതരണം ഓരോ കൃഷി ഭവനിലും 10000 വീതം വർദ്ധിപ്പിക്കേണ്ടതാണ്.

പച്ചക്കറി വികസനത്തിനായി വിത്ത്, തൈകൾ എന്നിവ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യുന്നത് സമയം ക്രമീകരിച്ച് 3 വിള സീസണുകളിലായി ആവർത്തനങ്ങൾ വരാത്ത രീതിയിൽ നടപ്പിലാക്കേണ്ടതാണ്.

ആവശ്യക്കാർ കൂടുതലുള്ള ഗ്രോബാഗ് കൃഷിക്ക് പ്രോത്സാഹനം നൽകേണ്ടതാണ്. പ്ലാസ്റ്റിക് ഒഴിവാക്കി കൊണ്ട് കയർ ഭൂവസ്ത്രം, മൺചട്ടി എന്നിവ ഉപയോഗപ്പെടുത്തുകയും ആനുപാതികമായി സബ്സിഡി ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. ഇതോടൊപ്പം തന്നെ മിനി ഡ്രിപ്പ്, തിരി നന സംവിധാനങ്ങൾ കൂടി നൽകേണ്ടതാണ്.

റസിഡൻസ് അസോസിയേഷനുകൾക്ക് ലഭ്യമായ തരിശു സ്ഥലങ്ങളിലും മറ്റ് സ്ഥലങ്ങളിലും അതതു പ്രദേശത്തെ സാദ്ധ്യതകളനുസരിച്ച് പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കേണ്ടതിന് ധനസഹായം നൽകേണ്ടതാണ്.

തൊഴിൽ രഹിതരായ യുവജനങ്ങൾ, കുടുംബശ്രീ, സ്വയം സാഹായ സംഘങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ എന്നിവയുടെ നേതൃത്വത്തിൽ പരമാവധി തരിശ് കൃഷിയോഗ്യമാക്കുകയും തൊഴിലുറപ്പ്, ജനകീയാസൂത്രണം, എന്നിവയുമായി സംയോജിപ്പിച്ചു കൊണ്ട് തരിശുരഹിത ജില്ലയാക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും ചെയ്യേണ്ടതാണ്.

നിലവിൽ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ബ്ലോക്ക് തല ഫെഡറേറ്റഡ് മാർക്കറ്റുകൾ എന്നിവയ്ക്ക് മാർക്കറ്റിങ് സംവിധാനം ഒരുക്കുന്നതിന് വലിയ സബ്സിഡി അനുവദിക്കുന്നതിനു പകരം ഓരോ ക്ലസ്റ്ററുകൾക്കും അവരുടെ നിലവിലെ ആവശ്യകതയനുസരിച്ച് മാർക്കറ്റിങ് സംവിധാനം ഒരുക്കാനുള്ള ധനസഹായമാണ് അനുവദിക്കേണ്ടത്.

പച്ചക്കറികൾ കേട് കൂടാതെ സൂക്ഷിക്കുന്നതിനുള്ള സംവിധാനമായ സിറോ എനർജി കൂൾ ചേമ്പർ വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ അനുവദിക്കേണ്ടതാണ്.

ജൈവകൃഷി, നല്ല കൃഷി രീതികൾ പ്രചരിപ്പിക്കുന്ന പദ്ധതി പ്രകാരം ക്ലസ്റ്ററുകൾക്കും ജൈവ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി ഇക്കോ ഷോപ്പുകൾക്കും ധനസഹായം നൽകുകയും കൃഷി രീതികൾ പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ട്. ക്ലസ്റ്ററുകൾക്കുള്ള ധനസഹായം വർദ്ധിപ്പിക്കേണ്ടതുണ്ട്. ക്ലസ്റ്ററുകളുടെ വിസ്തൃതി 5–10 ഹെക്ടർ ആക്കിയാൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കുന്നതാണ്.
പച്ചക്കറി വികസന പദ്ധതികൾക്കായി 2017–18 വർഷത്തിൽ 498 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

XI. പയറുവർഗ വികസന പദ്ധതി

പോഷക ലഭ്യതയിൽ മുൻപന്തിയിൽ ഉള്ള പയറുവർഗ വിളകളുടെ കൃഷി മൂന്നാം വിള കാലത്ത് പരമാവധി സ്ഥലത്ത് വ്യാപിപ്പിക്കണം. ഇതിനായി വിത്ത് യഥാസമയം നൽകുകയും കൃഷിക്കാവശ്യമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും വേണം. നിലമൊരുക്കലിന് നിലവിൽ സഹായം നൽകുന്നുണ്ട്. അഗ്രോ സർവീസ് സെന്ററുകളേയും കർമസേനയെയും ഫലപ്രദമാക്കി ഉപയോഗിച്ചാൽ പയർവർഗ വിളകളിൽ നല്ലൊരു മുന്നേറ്റം ഉണ്ടാക്കാൻ കണ്ണൂർ ജില്ലയ്ക്ക് കഴിയും.

XII. അഗ്രിക്കൾച്ചർ മാർക്കറ്റിങ്ങ്

1. അഗ്മാർക്ക് നെറ്റ്

കാർഷിക വിളകളുടെ വിവിധ വിപണികളിലെ വില ശേഖരിച്ച് അഗ്മാർക്ക് നെറ്റിൽ ഉൾപ്പെടുത്തുക എന്നതാണ് ഈ പദ്ധതി. കണ്ണൂർ ജില്ലയിൽ 7 മാർക്കറ്റുകളിൽ നിന്നും വില ശേഖരിച്ച് ദിവസേന വില നിലവാരം അപ് ലോഡ് ചെയ്യുന്നുണ്ട്. ഇതു പ്രകാരം ഒരു വിപണിയിലെ ഒരു ഉൽപ്പന്നത്തിന്റെ വില ഇന്ത്യയിൽ എവിടെ നിന്നും കർഷകർക്ക് മനസ്സിലാക്കാനാകും. കാർഷിക വിളകളുടെ വിപണി സാധ്യത കർഷകർക്ക് വിരൽ തുമ്പിൽ ലഭ്യമാകുന്നു എന്നതാണ് ഇതിന്റെ നേട്ടം

എല്ലാ കർഷകരും കമ്പ്യൂട്ടർ സാക്ഷരത നേടിയിട്ടില്ലാത്ത സാഹചര്യത്തിൽ ഈ പദ്ധതിയുടെ ഗുണം വേണ്ടത്ര കർഷകരുടെ ഇടയിൽ എത്തിയിട്ടില്ല. പരമാവധി ബോധവൽക്കരണ പരിപാടികൾ ഈ മേഖലയിൽ ആവശ്യമുണ്ട്. കൂടാതെ കർഷകർക്ക് കൈയെത്തും ദൂരത്ത് ഈ വിവരശേഖരണം നടത്താൻ സാധിക്കും. അക്ഷയ കേന്ദ്രങ്ങൾ, കൃഷി ഭവനുകൾ എന്നിവ വഴി സൗജന്യമായി ഈ വിവരം ലഭ്യമാക്കണം. എല്ലാ സർക്കാർ സ്ഥാപനങ്ങളിലും വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനോടൊപ്പം മൊബൈൽ ഫോൺ സാധ്യതകളെ സംബന്ധിച്ചും കർഷകർക്ക് അറിവ് നൽകണം.

2. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഗുണനിലവാര പരിശോധന

കാർഷികോൽപ്പന്നങ്ങളുടെ ശുദ്ധി പരിശോധിക്കുന്നതിന് ജില്ലയിൽ ഒരു അഗ്മാർക്ക് ലാബ് പ്രവർത്തിക്കുന്നുണ്ട്. ഉൽപ്പന്നങ്ങളുടെ സാമ്പിൾ പരിശോധന നടത്തി അഗ്മാർക്ക് സർട്ടിഫിക്കറ്റ് നൽകുകയാണ് ചെയ്യുന്നത്. നിലവിൽ 9 സ്ഥാപനങ്ങൾ മാത്രമാണ് അഗ്മാർക്ക് ഉൽപ്പന്നങ്ങൾ കണ്ണൂർ ജില്ലയിൽ പുറത്തിറക്കുന്നത്. നിലവിലെ ലാബിൽ ഒരു കെമിസ്റ്റും താൽക്കാലിക ഉദ്യോഗസ്ഥനായ ഒരു ലാബ് അനലിസ്റ്റും ചേർന്ന് 10,000 ക്വിന്റൽ ഉൽപ്പന്നമാണ് പരിശോധന നടത്തുന്നത്. ഇത് തന്നെ താങ്ങാവുന്നതിലും വളരെയധികം ജോലി ഭാരമാണ്. ഉൽപ്പന്നങ്ങളുടെ ഗുണ പരിശോധന നടത്തേണ്ടത് ആവശ്യവുമാണ്. എന്നാൽ അതിനനുസരിച്ചുള്ള ഉദ്യോഗസ്ഥ സംവിധാനം നിർബന്ധമായും ഉണ്ടായിരിക്കേണ്ടതുണ്ട്. കൂടുതൽ ജീവനക്കാരെ നിയമിച്ചാൽ മാത്രമേ കൂടുതൽ ഉൽപ്പന്നങ്ങളുടെ ഗുണനിലവാര പരിശോധന നടത്താനാവൂ.

3. ഉത്സവ വിപണികൾ

2016-17 മുതൽ കേരളത്തിൽ ഓണക്കാലത്തും വിഷുവിനും ഉൽപ്പന്ന ചന്തകൾ നടത്തുകയുണ്ടായി. കണ്ണൂർ ജില്ലയിൽ 5 ഓണ സമൃദ്ധി സ്റ്റാളുകളും 68 വിഷു വിപണികളും പ്രവർത്തിച്ചു. 2017 ലെ ഓണക്കാലത്ത് 62 ഓണസമൃദ്ധി സ്റ്റാളുകളും നടത്തി. മാർക്കറ്റ് വിലയേക്കാൾ 10% അധികം വില നൽകി കർഷകരിൽ നിന്ന് ശേഖരിച്ച പച്ചക്കറികളും പഴവർഗങ്ങളും വിപണിയിലെ വിലയേക്കാൾ 30% കുറച്ചാണ് ഗുണഭോക്താക്കൾക്ക് നൽകിയത്.

ഉത്സവകാലത്ത് വിപണിയിലെ വിലപിടിച്ചു നിർത്താൻ ഈ സംവിധാനം വളരെയധികം സഹായിച്ചിട്ടുണ്ട്. ഇതുവഴി ഉത്പാദകർക്ക് മികച്ച വില ലഭിക്കുകയും ഗുണഭോക്താക്കൾക്ക് ഗുണമേന്മയുള്ള പച്ചക്കറികൾ കുറഞ്ഞ വിലക്ക് ലഭിക്കുകയും ചെയ്തു.

നിലവിലെ ഉദ്യോഗസ്ഥ സംവിധാനം ഉപയോപ്പെടുത്തിയാണ് ഈ വിപണികൾ പ്രവർത്തിച്ചത്. വിവിധ കാർഷിക പ്രവർത്തനങ്ങൾ നടത്തേണ്ട വളരെയധികം സമയം വിപണിയുടെ പ്രവർത്തനങ്ങൾക്കും ആയതിന്റെ വരവുചിലവു കണക്കുകൾക്കുമായി മാറ്റിവെക്കേണ്ടി വന്നിട്ടുണ്ട്. ഭാവിയിൽ ഈ മാർക്കറ്റുകൾ കർഷക ഗ്രൂപ്പുകൾ വഴിയോ സമിതികൾ വഴിയോ നടത്തുന്നതിന് സംവിധാനം ഒരുക്കുന്നത് വികസന ഉദ്യോഗസ്ഥർക്ക് കർഷകരുടെ കൃഷിയിടത്തിൽ കൂടുതൽ സമയം ചെലവഴിക്കുന്നതിന് അവസരമുണ്ടാകും.

4. ആഴ്ച ചന്തകളും ഇക്കോ ഷോപ്പുകളും

2017-18 വർഷത്തിൽ കൃഷി വകുപ്പ് കുടുംബശ്രീ മുഖേന 32 ആഴ്ച്ച ചന്തകളും 18 ഇക്കോ ഷോപ്പുകളും ആരംഭിക്കുന്നുണ്ട്. ഇതിന്റെ പ്രവർത്തനം ആരംഭിച്ചു. കർഷകരുടെ കാർഷിക വിളകൾക്ക് മെച്ചപ്പെട്ട വിപണനം ഇതുകൊണ്ട് സാധ്യമാകുന്നതാണ്.

നിലവിൽ കുടുംബശ്രീ ആഴ്ച ചന്തയുളള പഞ്ചായത്തുകളിൽ ഇത് ആരംഭിക്കേണ്ടതില്ല. എന്നാൽ സാധ്യതയുളള പഞ്ചായത്തുകളിൽ ഒരു ആഴ്ച ചന്ത കൊണ്ടുമാത്രം ആവശ്യം നിറവേറ്റാൻ ആകുന്നില്ല. ഇങ്ങനെയുളള പഞ്ചായത്തുകളിൽ ചന്തകളുടെ എണ്ണം അധികമാക്കാവുന്നതാണ്.

5. സംഘമൈത്രി

ഹരിത സംഘങ്ങളുടെ അപെക്സ് എന്ന രീതിയിലാണ് സംഘമൈത്രി പ്രവർത്തിക്കുന്നത്. നിലവിൽ പേരാവൂർ ബി.എൽ.എഫ്.ഒ. യ്ക്ക് പച്ചക്കറി വിപണനത്തിനായി മാർച്ച് 2018 വരെ കരാർ അടിസ്ഥാനത്തിൽ നൽകിയിരിക്കുകയാണ്. ഇതോടൊപ്പം സംഘമൈത്രി നേരിട്ട് അശ്വാർക്ക് ഉൽപ്പന്നങ്ങൾ വിറ്റുവരുന്നുണ്ട്. നിലവിലെ കരാർ അവസാനിച്ചാൽ സംഘമൈത്രിയെ ജില്ലയിലെ ആഴ്ച ചന്തകളുടെയും ഇക്കോഷോപ്പുകളുടെയും അപെക്സ് ബോഡി എന്ന രീതിയിലേക്ക് മാറുന്നത് കാർഷിക ഉൽപ്പന്നങ്ങളുടെ മെച്ചപ്പെട്ട വിപണനത്തിന് സഹായിക്കും. അതിനാവശ്യമായ ആസൂത്രണം ഉണ്ടാകേണ്ടതുണ്ട്.

നോൺ പ്ലാൻ പദ്ധതികൾ

1. ചെറുകിട നാമമാത്ര കർഷക പെൻഷൻ

ചെറുകിട നാമമാത്ര കർഷകർക്ക് 60 വയസ്സ് തികയുന്ന മുറയ്ക്ക് കർഷക പെൻഷൻ മാസത്തിൽ 1,000 രൂപ നിരക്കിൽ അനുവദിച്ചുവരുന്നു. ഈ ഇനത്തിൽ 2017–18 വർഷത്തിൽ 6080 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

2.നെൽകൃഷി ഉത്പാദന ബോണസ്സ്

ഈ ഇനത്തിൽ ഹെക്ടറിന് 1000 രൂപ നിരക്കിൽ നെൽകൃഷി ചെയ്ത കർഷകർക്ക് ഉത്പാദന ധനസഹായം അനുവദിക്കുന്നു. 2017–18 വർഷത്തിൽ 44 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

3. കാർഷിക വൈദ്യുതി സൗജന്യ പദ്ധതി

ഈ പദ്ധതി പ്രകാരം ചെറുകിട പരിമിത കൃഷിക്കാർക്ക് കാർഷിക വൈദ്യുതി അനുവദിക്കുന്നു. ഈ ഇനത്തിൽ 2017–18 വർഷത്തിൽ 45 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്

4. വിള ഇൻഷുറൻസ് പദ്ധതി

താഴെ പറയുന്ന വിളകൾക്ക് വിള ഇൻഷുറൻസ് പദ്ധതി പ്രകാരം സംരക്ഷണം ഏർപ്പെടുത്തിയിരിക്കുന്നു.

തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ (എത്തൻ, ഞാലിപൂവൻ, കപ്പ, മറ്റിനങ്ങൾ), മരച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയർവർഗങ്ങൾ, നെല്ല്, കിഴങ്ങുവർഗങ്ങൾ (ചേന, മധുരക്കിഴങ്ങ്), കരിമ്പ്, പുകയില

വരൾച്ച, വെളളപ്പൊക്കം, ഉരുൾപൊട്ടൽ, ഭൂമികുലുക്കം/ഭൂകമ്പം, മണ്ണിടിച്ചിൽ, കടലാക്രമണം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ് തുടങ്ങിയ പ്രകൃതിക്ഷോഭം കൊണ്ട് ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും ഈ പദ്ധതിയുടെ സംരക്ഷണം ലഭിക്കുന്നു.

മണ്ണ പര്യവേഷണ മണ്ണസംരക്ഷണവകുപ്പ് നടത്തികൊണ്ടിരിക്കുന്ന കേന്ദ്ര സംസ്ഥാന പദ്ധതികൾ

മണ്ണ പര്യവേഷണ മണ്ണസംരക്ഷണവകുപ്പ് നടത്തി കൊണ്ടിരിക്കുന്ന ഏറ്റവും പ്രധാന പ്രവർത്തനമാണ് നബാർഡിന്റെ സഹായത്തോടെയുള്ള നീർത്തടവികസനം. നീർത്തട തത്വങ്ങളെ അടിസ്ഥാനമാക്കിയുള്ള മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി നടപ്പിലാക്കി ക്കൊണ്ടിരിക്കുന്നത്.

ലക്ഷ്യങ്ങൾ

- നീർത്തടാടിസ്ഥാനത്തിലുള്ള മണ്ണ്–ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
  ഉദാ: കല്ല് കയ്യാല, മൺകയ്യാല, മഴക്കുഴികൾ, വനവൽക്കരണം, തടയണ, കുളങ്ങൾ, പാർശ്വഭിത്തി, മഴവെള്ള സംഭരണികൾ തുടങ്ങിയവ
- വെള്ളപ്പൊക്കവും വരൾച്ചയും നിയന്ത്രിക്കുക.
- കാർഷിക ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക.
- കൃഷിക്കാരുടെ വരുമാനവും ജീവിത നിലവാരവും ഉയർത്തുക.

ജില്ലയിൽ ആർ ഐ ഡി എഫിനു കീഴിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികൾ

ക്രമ നമ്പർ	പദ്ധതിയുടെ പേര്	ആകെ വിസ്തീർണം (ഹെക്ടറിൽ)	കണക്കാക്കിയ തുക (ലക്ഷം)	പദ്ധതി ആരംഭിച്ച വർഷം	പഞ്ചായത്ത്	ഇതുവരെ ചെലവഴിച്ച തുക (ലക്ഷം)	അഭിപ്രായങ്ങൾ
1	അടാക്കാതോട് നീർത്തടം	500	150	2013	കേളകം	114.33	നീർത്തടാധിഷ്ഠിത മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ
2	രാജഗിരി നീർത്തടം	500	165	2014	ചെറുപുഴ	155.4	
3	എടപ്പുഴ-മാഞ്ചോട് നീർത്തടം	405	111.19	2014	ആറളം	101.31	
4	കാഞ്ഞിരക്കൊല്ലി നീർത്തടം	360	148.8	2014	പയ്യാവൂർ	104.41	
5	ചതിർ-മങ്ങൊട്ട നീർത്തടം	490	138	2014	ആറളം	128.1	
6	കോലഞ്ചിതോട് നീർത്തടം	320	96	2014	കൊട്ടിയൂർ	79.59	
7	കഴിക്കൽതോട് നീർത്തടം	330	75	2014	തൃപ്പങ്ങോട്ടൂർ	20.67	
8	രണ്ടാംകടവ് നീർത്തടം	450	180	2014	അയ്യൻകുന്ന്	109.66	
9	നമ്പൂതിരി തോട്	302	256.88	2014	കരിയാട്	181.85	തോട് സംരക്ഷണ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതി
10	മൊന്താൽ	240	142.66	2014	കരിയാട്	116.64	
11	കിടഞ്ഞി	429	260	2015	കരിയാട്	136.43	
12	പൊയ്യമല-ഇല്ലിമുക്ക് നീർത്തടം	450	195	2015	കേളകം	21.63	നീർത്തടാധിഷ്ഠിത മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ
13	അടാംപാറ നീർത്തടം	756	205	2017	എരുവേശ്ശി, പയ്യാവൂർ	18.32	
14	മഞ്ഞത്തോട് നീർത്തടം	370	100	2016	അയ്യൻകുന്ന്	62.81	
15	അമ്പായത്തോട്	400	200	2016	കൊട്ടിയൂർ	32.97	
16	കുറുംബക്കൽ ഗ്രാമം കുളം പുനരുദ്ധാരണം		149.78	2017	മാങ്ങാട്ടിടം,ക്ഷേത്രപറമ്പ് മുൻസിപ്പാലിറ്റി	41.8	

കേന്ദ്ര പദ്ധതിയായ സംയോജിത നീർത്തട വികസന പദ്ധതി (ഐ ഡബ്ല്യു എം പി) ജില്ലയിലെ ചില ബ്ലോക്കുകളിൽ നടന്നു വരുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതിയായ പശ്ചിമഘട്ട വികസന പദ്ധതി (ഡബ്ല്യു ജി ഡി പി) 11 എണ്ണം ജില്ലയിൽ നടന്നു വരുന്നു.

ഈ പദ്ധതിയുടെ മൊത്തം അടങ്കലിന്റെ 80% കേന്ദ്രഗവൺമെന്റ് വിഹിതവും 10% ഗ്രാമ പഞ്ചായത്ത് വിഹിതവും 10% ഗുണഭോക്തൃ വിഹിതവും ആണ്. ഇതിൽ പ്രധാനമായും 3 വിഭാഗം പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടപ്പിലാക്കുന്നത്.

എ) പ്രകൃതി വിഭവ പരിപാലനം (എൻ.ആർ.എം.)

പ്രകൃതി വിഭവങ്ങളായ മണ്ണ്, ജലം, ജൈവ സമ്പത്ത് എന്നിവയെ നീർത്തട വികസന തത്ത്വങ്ങളെ അടിസ്ഥാനമാക്കി പരിപാലിക്കുന്ന പ്രവർത്തനങ്ങളാണ് ഇതിൽ ഏറ്റെടുക്കുന്നത്.

ഉദാ:- കല്ല് കയ്യാല, മൺ കയ്യാല

ബി) ഉത്പാദന മേഖലയുടെ പരിപാലനം (പി.എസ്.എം.)

കാർഷിക അനുബന്ധ മേഖലകളിലെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക, നൂതന സാങ്കേതിക വിദ്യകളുടെ പ്രയോഗം, വൈവിധ്യവൽക്കരണം, മൂല്യവർദ്ധനവ്, വരുമാന വർദ്ധനവ് തുടങ്ങിയവയാണ് ഈ പ്രവൃത്തികൾ കൊണ്ട് ഉദ്ദേശിക്കുന്നത്.

ഉദാ:- സംയോജിത കീട-രോഗ നിയന്ത്രണം, വള പ്രയോഗം, അത്യുത്പാദന ശേഷിയുള്ള വിത്തുകൾ/വിളകൾ, സംസ്കരണം തുടങ്ങിയവ.

സി). ജീവനോപാധികൾ മെച്ചപ്പെടുത്തൽ (എൽ.എസ്.എസ്.)

സമൂഹത്തിലെ ഏറ്റവും നിർദ്ധനരായ ആൾക്കാർക്ക് സ്ഥിരമായി വരുമാനം ലഭിക്കുന്ന സംരംഭങ്ങൾ തുടങ്ങുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

ഉദാ:-ആട്/പശു/തേനീച്ച വളർത്തൽ, കുടിൽവ്യവസായങ്ങൾ തുടങ്ങിയവ

ജില്ലയിൽ ഇതിന് കീഴിൽ നടക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു

ക്രമ നമ്പർ	പദ്ധതിയുടെ പേര്	പഞ്ചായത്ത്	വിസ്തീർണം	അടങ്കൽ (ലക്ഷം)
1	ഉമയംചാൽ	ചെറുപുഴ	496 ഹെക്ടർ	66
2	നിടുമ്പ്രം ചാൽ	കണിച്ചാർ, കോളയാട്	462 ഹെക്ടർ	69.3
3	കുണ്ടലച്ചാപ്പ	കണിച്ചാർ, കോളയാട്	628 ഹെക്ടർ	102
4	പാറക്കാടി	ചെങ്ങളായി	470 ഹെക്ടർ	70.5
5	പരിപ്പായി	ചെങ്ങളായി	610 ഹെക്ടർ	92.49
6	കല്ലൊടി	ആലക്കോട്	340 ഹെക്ടർ	51
7	താളിപ്പാറ	ഉദയഗിരി	420 ഹെക്ടർ	63
8	കയ്പ്പാങ്കഴി	നടുവിൽ	470 ഹെക്ടർ	70.5
9	മാവുച്ചാൽ	നടുവിൽ	440 ഹെക്ടർ	61.8
10	പുതുശ്ശേരിപ്പൊയിൽ	കോളയാട്	462 ഹെക്ടർ	58.5
11	ചെമ്പോച്ചേരി	മലപ്പട്ടം	430 ഹെക്ടർ	42.243

തൊഴിലുറപ്പ പദ്ധതിയുടെ ഭാഗമായും വിവിധ മണ്ണ ജല സംരക്ഷണ പ്രവർത്തനങ്ങൾ എല്ലാ പഞ്ചായത്തുകളിലും നടന്നുവരുന്നു. അത് പോലെ വിവിധ വകുപ്പുകൾ/ഏജൻസികൾ മുഖേനയും ചെറിയതോതിലുള്ള മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

എ. ജലസേചന വകുപ്പിന്റെ കീഴിലുള്ള സംസ്ഥാന പദ്ധതികൾ

1. എം.ഐ. ക്ലാസ്സ്-1:- (50 ഹെക്ടറിൽ കൂടുതൽ ജലസേചനം സാധ്യമാക്കുന്ന പദ്ധതികൾ. റഗുലേറ്ററുകൾ വി.സി.ബി. കൾ മുതലായവ)
2. എം.ഐ ക്ലാസ്സ് -2 :- (50 ഹെക്ടറിൽ താഴെ ജലസേചനം സാധ്യമാക്കുന്ന പദ്ധതികൾ)
3. എം.ഐ. ക്ലാസ്സ് 1 റിപ്പയർ
4. എം.ഐ. ക്ലാസ്സ് 2 റിപ്പയർ
5. കുളങ്ങളുടെ നവീകരണം
6. പദ്ധതികളുടെ സംരക്ഷണം
7. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി
8. വെള്ളപ്പൊക്ക നിയന്ത്രണം
9. വെള്ളപ്പൊക്ക കെടുതി
10. കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ
11. ചെക്ക് ഡാം/റഗുലേറ്ററുകളുടെ നിർമാണം

2017-18 ൽ സ്റ്റേറ്റ് പദ്ധതികളിൽ ഉൾപ്പെട്ട ഫണ്ട്

ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും

1	ചെറുകിട ജലസേചന സംവിധാനങ്ങളുടെ റിപ്പയർ	10 ലക്ഷം രൂപ
2	നബാർഡ് സഹകരണത്തോടെയുള്ള ആർ.ഐ.ഡി.എഫ്.-എം.ഐ.എൻ. 012	500 ലക്ഷം രൂപ
3	മൈനർ ഇറിഗേഷൻ ക്ലാസ്സ് 2 ഹരിതകേരളം എം.ഐ.എൻ. 055	40 ലക്ഷം രൂപ
4	കുളങ്ങളുടെയും ജലസംഭരണികളുടെയും നവീകരണം	50 ലക്ഷം രൂപ
ആകെ		**600 ലക്ഷം രൂപ**

2017-18 സ്റ്റേറ്റ് പദ്ധതി

പേര്	I	II	III	IV	ആകെ ലക്ഷത്തിൽ
മേജർ & മീഡിയം ഇറിഗേഷൻ	259.48	0.25	153.5	0.00	413.23
മൈനർ ഇറിഗേഷൻ	36.29	0.00	2.57	169.70	208.56
കമാന്റ് ഏരിയാ ഡവലപ്പ്മെന്റ്	0	0	4.00	0	4.00
വെള്ളപ്പൊക്ക നിയന്ത്രണവും കടലാക്രമണ നിരോധന പ്രവർത്തനവുമുൾപ്പെടെ	0	0	50.00	0.42	50.42

5. 1 (ബി) മൃഗസംരക്ഷണം, ക്ഷീരവികസനം

2017–18 വർഷത്തെ കേന്ദ്ര പദ്ധതികൾ

പദ്ധതി	ഫിസിക്കൽ	ഫിനാൻഷ്യൽ (രൂപയിൽ)
ആട് വിതരണം (എസ്.സി.)	50 യൂണിറ്റ്	500000
നാഷണൽ ലൈവ് സ്റ്റോക്ക് മിഷൻ (കന്നുകാലി ഇൻഷൂറൻസ്)	1431 യൂണിറ്റ്	935391

കണ്ണൂർ ജില്ലയിലെ 2017–18 വർഷത്തെ വകുപ്പുതല വാർഷിക പദ്ധതി വകയിരുത്തൽ

1. മൃഗസംരക്ഷണ വകുപ്പ്, കണ്ണൂർ

2017–18 വകുപ്പ്തല വാർഷിക പദ്ധതി	2,33,40,640 രൂപ
1. ഗോട്ട് സാറ്റലൈറ്റ്	17.5 ലക്ഷം രൂപ
2. താറാവ്	2.4 ലക്ഷം രൂപ
3. ബയോ വേസ്റ്റ്	3.75 ലക്ഷം രൂപ
4. മിൽക്കി മെഷീൻ	3.25 ലക്ഷം രൂപ
5. ബ്ലോക്ക് തല സെമിനാർ	0.56 ലക്ഷം രൂപ
6. കോഴിയും കൂടും	2.5 ലക്ഷം രൂപ
7. ബ്രൂസല്ലോ വാക്സിനേഷൻ	0.55 ലക്ഷം രൂപ
8. സ്കൂൾ പൗൾട്രി ക്ലബ്ബ്	23.5625 ലക്ഷം രൂപ

2. **ക്ഷീര വികസന വകുപ്പ്, കണ്ണൂർ**

2017–18 വകുപ്പ്തല വാർഷിക പദ്ധതി	4,98,92,194 രൂപ

പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദേശങ്ങൾ

1. കന്നുകുട്ടി പരിപാലന പദ്ധതി (SLBP): ജില്ലയിൽ കൃത്രിമ ബീജാധാനം വഴി ജനിക്കുന്ന മുഴുവൻ കന്നുകുട്ടികളെയും (പെൺവർഗം) കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം എൻറോൾ ചെയ്ത് സബ്സിഡി നിരിക്കിൽ കാലിത്തീറ്റയും പോഷക വസ്തുക്കളും നൽകിക്കൊണ്ട് വളർത്തിയെടുക്കുകയും 28–32 മാസം പ്രായമെത്തുമ്പോൾ സങ്കരവർഗം കറവപശുക്കളാക്കി പാലുത്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനായുള്ള പദ്ധതി.

കറവപ്പശുക്കൾക്ക് ആദ്യ ആറുമാസ കറവക്കാലത്ത് ഉത്പാദന റേഷൻ സബ്സിഡി നിരക്കിൽ അനുവദിക്കുന്നതിന് കൂടി പദ്ധതി ആവിഷ്കരിക്കുകയാണെങ്കിൽ കർഷകർക്ക് സംരക്ഷണച്ചെലവ് കുറയുകയും കറവപ്പശുക്കളെ വിറ്റൊഴിവാക്കുന്നത് ഇല്ലാതാവുകയും ചെയ്യുന്നു. ഇതുവഴി ജില്ലയിൽ പാലുത്പാദനത്തിൽ സ്ഥായിയായ വർദ്ധനവ് ഉണ്ടാവുകയും ചെയ്യും.

2. സ്കൂൾ പൗൾട്രി ക്ലബ്ബ്: മുട്ടയുത്പാദനത്തിൽ വർദ്ധനവ് നേരിടുന്നതിനും മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികൾക്ക് ആഭിമുഖ്യം വളർത്തുന്നതിനും ജില്ലയിലെ എല്ലാ വിദ്യാലയങ്ങളിലൂടെയും സ്കൂൾ പൗൾട്രി ക്ലബ്ബ് ആരംഭിക്കുകയും കോഴിക്കുഞ്ഞുങ്ങളെ വിദ്യാത്ഥികളിലൂടെ മുഴുവൻ കുടുംബങ്ങളിലെത്തിക്കുകയും ചെയ്യാം. ഒരു കുടുംബത്തിന് ആവശ്യമുള്ള മുട്ട വീട്ടിൽ തന്നെ ഉത്പാദിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് പദ്ധതി സഹായകരമാകും.

3. വീട്ടമ്മമാർ/കുടുംബശ്രീകൾ/കർഷകർ/വിദ്യാർത്ഥികൾ എന്നിവർ മുഖേന ഉത്പാദിപ്പിക്കപ്പെടുന്ന മുട്ട ശേഖരിച്ച് വിപണനം ചെയ്യുന്നതിന് സഹകരണ മാതൃകയിൽ വിപണന കേന്ദ്രങ്ങൾ (Sales outlets) ആവിഷ്കരിക്കണം. നിലവിലെ ക്ഷീരസഹകരണ സംഘങ്ങളിലൂടെ പാൽ, പാലുൽപ്പന്നങ്ങൾ എന്നിവയോടൊപ്പം മുട്ട, പച്ചക്കറി എന്നിവ കർഷകരിൽ നിന്നും ശേഖരിച്ച് വിപണനം ശക്തിപ്പെടുത്താവുന്നതുമാണ്.

4. **മിൽക്കിംഗ് മെഷീൻ യൂണിറ്റുകൾ:** അഞ്ചോ അതിൽ കൂടുതലോ കറവപ്പശുക്കളെ സംരക്ഷിക്കുന്ന മുഴുവൻ കർഷകർക്കും മിൽക്കിംഗ് മെഷീൻ യൂണിറ്റ് സ്ഥാപിക്കുവാൻ ധനസഹായം നൽകുന്ന പദ്ധതി വിഭാവനം ചെയ്യുന്നു.

5. **തൊഴുത്ത് നവീകരണ പദ്ധതി:** ബയോഗ്യാസ് പ്ലാന്റ് ഉൾപ്പെടെ സ്ഥാപിച്ചുകൊണ്ട് മാതൃകാ തൊഴുത്തുകൾ നിർമിക്കുന്നതിന് പദ്ധതികളുണ്ടാകണം.

6. **ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്:** തെരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് ആട്ടിൻകൂട് സ്ഥാപിച്ച് ആടു വളർത്തൽ യൂണിറ്റ് സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി. ജില്ലയില് എല്ലാ പഞ്ചായത്തുകളിലും യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം അനുവദിച്ചുകൊണ്ട് പദ്ധതി വിപുലപ്പെടുത്തണം. പ്രാദേശികമായി ആട്ടിൻ കുട്ടികളെ ലഭ്യമാക്കുന്നതിനും കുറഞ്ഞ വരുമാനക്കാർക്ക് ആടുവളർത്തലിൽ ഏർപ്പെടുന്നതിനും പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്. ശ്രദ്ധ ജനുസിൽപ്പെട്ട പ്രത്യേകിച്ച് മലബാറി ആടുകളെ പ്രജനനത്തിനായി വളർത്തി ആട്ടിൻകുട്ടികളെ കർഷകർക്കിടയിൽ വിതരണം ചെയ്യുക.

7. **കറവപ്പശുക്കളുടെ വേനൽക്കാല സംരക്ഷണം:** വേനൽക്കാലത്തെ കഠിനമായ ചൂട് കാരണവും തീറ്റപ്പുല്ലിന്റെയും, പോഷകാഹാരങ്ങളുടെയും കുറവുമൂലവും പാൽ ഉത്പാദനം കുറയുന്നു. കന്നുകാലികൾക്ക് വേനൽക്കാല സംരക്ഷണത്തിന്റെ ഭാഗമായി സാന്ദ്രീകൃത കാലിത്തീറ്റ, വൈക്കോൽ, ധാതുലവണ മിശ്രിതം എന്നിവ സബ്സിഡി നിരക്കിൽ ലഭ്യമാക്കണം.

8. ഉത്പാദന വർദ്ധനവിന് ഫാമുകൾ ആരംഭിക്കുവാൻ സംരംഭകർക്ക് ധനസഹായം നൽകുന്നതിന് സാധ്യതകൾ ആരായണം. പശുവളർത്തൽ ഫാമുകൾ, ഇറച്ചിക്കോഴി ഫാമുകൾ മറ്റു ഫാമുകൾ എന്നീ മേഖലകളിൽ സംരംഭകർക്ക് പ്രോത്സാഹനം നൽകണം.

9. **വെറ്ററിനറി ചികിത്സ-രാത്രികാല സേവനം:** രാത്രികാലങ്ങളിലെ വെറ്ററിനറി ചികിത്സ മുഴുവൻ പ്രദേശങ്ങളിലും ലഭ്യമാക്കുന്നതിന് പാനൂർ, കല്യാശ്ശേരി ബ്ലോക്കുകളിൽ കൂടി രാത്രികാല വെറ്ററിനറി ചികിത്സാ യൂണിറ്റ് സൃഷ്ടിക്കണം.

10. **ആട്ടിൻകുട്ടി വിതരണ പദ്ധതി:** കൊമ്മേരി ഗോട്ട്ഫാമിൽ നിന്നും രണ്ട് മാസത്തിനുമുകളിൽ പ്രായമുള്ള മലബാറി ആട്ടിൻ കുട്ടികളെ മുൻകൂട്ടി ബുക്ക് ചെയ്ത് കർഷകർക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയാണിത്. ആടുവളർത്തലിൽ താൽപര്യമുള്ള കർഷകർക്ക് കുറഞ്ഞ വിലയ്ക്ക് ഗ്രണമേൻയുള്ള ആട്ടിൻ കുട്ടികളെ ലഭിക്കുന്നതോടൊപ്പം മലബാറി ആടുകളുടെ വ്യാപനവും ഈ പദ്ധതിയിലൂടെ സാധ്യമാകുന്നു.

5.1 (സി) മത്സ്യവികസനം

മത്സ്യവകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ

- ഭൂരഹിത-ഭവനരഹിത പുനരധിവാസ പദ്ധതി
- ഭവന അറ്റകുറ്റപ്പണി, സാനിറ്റേഷൻ, പുനവൈദ്യുതീകരണം
- മത്സ്യത്തൊഴിലാളി സമ്പാദ്യ ആശ്വാസ പദ്ധതി
- മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്ന പദ്ധതി
- വിദ്യാതീരം പദ്ധതി
- അക്ഷരസാഗരം പദ്ധതി
- എഡ്യൂഫെസ്റ്റ്
- ആരോഗ്യ ബോധവൽക്കരണ ക്യാമ്പ്
- മത്സ്യത്തൊഴിലാളികൾക്കുള്ള ബോധവൽക്കരണ പരിപാടി
- മത്സ്യത്തൊഴിലാളികൾക്കുള്ള ആരോഗ്യ ഇന്ഷുറൻസ് പരിപാടി
- മത്സ്യത്തൊഴിലാളി കമ്മ്യൂണിറ്റി മോട്ടിവേറ്റർമാർ
- ഫിഷറീസ് ഡിസ്പെൻസറികൾ
- മത്സ്യമാർക്കറ്റ് നിർമാണം, നവീകരണം
- അടിസ്ഥാന സൗകര്യ വികസനം-ഫിഷറീസ് റോഡുകൾ, കുടിവെള്ള പദ്ധതികൾ, അംഗൻവാടികെട്ടിടം, വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ
- കുടിവെള്ള സ്രോതസ്സ് (കിണർ, പൊതുടാപ്പ്, മറ്റുളളവ)
- സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം
- സീ റാഞ്ചിംഗ്
- കേരള കടൽ മത്സ്യബന്ധന നിയന്ത്രണ നിയമം
- ഫിഷറീസ് കൺട്രോൾറൂം
- കടൽരക്ഷാ സേന
- ഹാർബർതല ഫിഷറി മാനേജ്മെന്റ് കൗൺസിൽ
- തീരദേശ ജാഗ്രതാ സമിതി
- സൗജന്യറേഷൻ
- ഹരിതകേരളം-ശുചിത്വ തീരം പദ്ധതി
- മത്സ്യബന്ധന തുറമുഖം, മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കൽ
- ഗവൺമെന്റ് റീജ്യണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, അഴീക്കൽ
- കേരള ഉൾനാടൻ മത്സ്യബന്ധന നിയന്ത്രണ നിയമം 2010
- ഊന്നിവല ലൈസൻസ് നൽകൽ
- സാമൂഹ്യ മത്സ്യകൃഷി-പൊതുജലാശയങ്ങളിൽ മത്സ്യവിത്ത് നിക്ഷേപം
- കോസ്റ്റൽ അക്വാകൾച്ചർ അതോറിറ്റി
- മത്സ്യകർഷക വികസന ഏജൻസി, കണ്ണൂർ
- സൊസൈറ്റി ഫോർ അസിസ്റ്റൻസ് റ്റു ഫിഷർവിമൺ (സാഫ്), കണ്ണൂർ
- സാഫ്
- കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമപദ്ധതികള്
- മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ

ഫിഷറീസ് അസിസ്റ്റന്റ് രജിസ്ട്രാർ കണ്ണൂരിന്റെ അധികാരപരിധിയിൽ വരുന്ന കണ്ണൂർ, ജില്ലയിലെ ഫിഷറിസ് സഹകരണ സംഘങ്ങളെ സംബന്ധിച്ച റിപ്പോർട്ട്.

സംഘങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ

ജില്ലയിലാകെ രജിസ്റ്റർ ചെയ്യപ്പെട്ട 27 സംഘങ്ങളിൽ 16 എണ്ണം നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. മത്സ്യത്തൊഴിലാളികൾക്ക് വിവിധ ക്ഷേമ പദ്ധതികൾ നടപ്പാക്കിവരുന്നു. 7 സംഘങ്ങളുടെ പ്രവർത്തനം നാമമാത്രമായി മന്ദീഭവിച്ച രീതിയിലാണ്. 4 എണ്ണം അഡ്മിനിസ്ട്രേറ്റർ ഭരണത്തിലാണ്.

സംഘങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

1. കുറച്ചു വർഷങ്ങളായി മത്സ്യലഭ്യത കുറഞ്ഞുവരുന്നതിനാൽ വായ്പാ തിരിച്ചടവ് ഇല്ലാത്തത് സഹകരണ സംഘങ്ങളെ പ്രതിസന്ധിയിലാക്കുന്നുണ്ട്. ഈ സാഹചര്യത്തിലും മത്സ്യഫെഡിൽ നിന്നുള്ള വായ്പ തവണയും വിവിധ നിക്ഷേപങ്ങൾക്ക് സ്വന്തം ഫണ്ടിൽ നിന്നും പലിശയും കൃത്യമായി അടക്കുന്നതിന് നിർബന്ധിതരാകുന്നു. നിക്ഷേപം സ്വീകരിച്ച് പ്രവർത്തനങ്ങളിലൂടെ ലാഭമുണ്ടാക്കുന്നതിന് ഇത് തടസ്സമാകുന്നതോടൊപ്പം സംഘത്തിനെ വൻസാമ്പത്തിക തകർച്ചയിലേക്ക് തള്ളിവിടുന്നു.

2. മത്സ്യലേലം പദ്ധതിക്കായി മത്സ്യഫെഡ് പ്രാഥമിക സംഘങ്ങൾക്ക് നൽകുന്ന വർക്കിംഗ് ക്യാപിറ്റൽ വായ്പയ്ക്ക് പലിശയ്ക്ക് പുറമെ ലേല തുകയുടെ ഒരു ശതമാനം കമ്മീഷനും നൽകേണ്ടിവരുന്നു. കൂടാതെ എ.എം.സി. പ്രകാരമുള്ള കമ്മീഷനും നൽകുന്നതിനായി നിർബന്ധിതരായി തീരുന്നു. എന്നാൽ സംഘങ്ങൾ അംഗങ്ങൾക്ക് പലിശരഹിത വായ്പയായി നൽകുന്നതിനാൽ ഒരു ശതമാനം കമ്മീഷൻ മാത്രമേ സംഘങ്ങൾക്ക് ലഭിക്കുന്നുള്ളൂ. ഇതും സംഘത്തിന് അധിക ബാധ്യതയായി തീരുന്നു.

3. കടാശ്വാസ പദ്ധതിയിലൂടെ 2007 നു മുമ്പ് എടുത്ത വായ്പകൾ എഴുതിത്തള്ളിയതുമൂലം സംഘങ്ങൾക്ക് പലിശയിനത്തിൽ ലഭിക്കേണ്ടിയിരുന്ന വൻതുക നഷ്ടമായി. മാത്രവുമല്ല കടാശ്വാസമായി അനുവദിച്ച മുതൽ സംഖ്യ മത്സ്യഫെഡ് ഷെയർ ഇനത്തിൽ വകയിരുത്തുകയും ചെയ്തതു വഴി പ്രാഥമിക സംഘത്തിന് യാതൊരു സാമ്പത്തിക നേട്ടവും ലഭിക്കുകയുണ്ടായില്ല.

പരിഹാര മാർഗങ്ങൾ

1. മത്സ്യലഭ്യത കുറഞ്ഞുവരുന്നതിനാൽ പുതിയ മേഖലകളിൽ വ്യാപാര പ്രവർത്തനങ്ങൾ കണ്ടെത്തി സംഘത്തിന്റെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുക. വറുതി കാലങ്ങളിൽ വായ്പ തിരിച്ചടവിൽ മത്സ്യഫെഡ് ഉദാരമായ സമീപനം സ്വീകരിക്കുക.

2. മത്സ്യലേല പദ്ധതിയ്ക്ക് നൽകുന്ന വർക്കിംഗ് ക്യാപിറ്റൽ വായ്പ പലിശരഹിതമാക്കിക്കൊണ്ട് പലിശയും കമ്മീഷനും നൽകേണ്ടുന്ന സാഹചര്യം ഒഴിവാക്കുക.

3. കടാശ്വാസ പദ്ധതിമൂലം സംഭവിച്ച നഷ്ടം നികത്തുന്നതിന് സർക്കാർഗ്രാന്റ് അനുവദിക്കുക. കടാശ്വാസ പദ്ധതിയിലൂടെ ലഭിച്ച തുക ഷെയർ ഇനത്തിൽ വകയിരുത്തിയത് സംഘങ്ങൾക്ക് തിരികെ നൽകുക.

4. മത്സ്യവിതരണ സംഘങ്ങൾ രൂപീകരിച്ചുകൊണ്ട് ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും മത്സ്യത്തൊഴിലാളികളെ രക്ഷിക്കുക.

5. പ്രാഥമിക സംഘങ്ങൾക്ക് വകുപ്പ് നേരിട്ട് വർക്കിംഗ് ക്യാപ്പിറ്റൽ ഗ്രാന്റ് നൽകുക. ബ്ലൂ റവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി ലഭിച്ച പ്രോജക്ടുകൾക്ക് അംഗീകാരവും ഫണ്ടും അനുവദിക്കുക.

6. പുതിയ പദ്ധതികൾ ആരംഭിക്കുമ്പോൾ സംഘങ്ങൾക്ക് വകുപ്പ് നേരിട്ട് മാനേജീരിയൽ സബ്സിഡി നൽകുക.

7. വായ്പ തിരിച്ചടവ് ഉറപ്പ് വരുത്തുന്നതിന് 5,000/- രൂപയ്ക്ക് മുകളിലുള്ള വായ്പയ്ക്ക് സൊസൈറ്റിക്ക് ഗഹാൻ നിർബന്ധമാക്കുക.

8. ഹാർബർ ഫിഷ് ലാന്റിംഗ് സെന്ററുകളിലെ ടോൾപിരിക്കുന്നതിനുള്ള അവകാശം സംഘങ്ങൾക്ക് മാത്രം നൽകുക.

മത്സ്യഫെഡ്

കേരള സംസ്ഥാന തീരദേശ വികസന കോർപറേഷൻ

തീരദേശ മേഖലയിൽ നിർമാണ പ്രവർത്തനങ്ങളും മറ്റ് സാങ്കേതിക സഹായങ്ങളും നടത്തി വരുന്ന വകുപ്പിന് കീഴിലുള്ള ഏജൻസിയാണ് കേരള സംസ്ഥാന തീരദേശ വികസന കോർപറേഷൻ. ജില്ലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് ഏജൻസിയുടെ കോഴിക്കോട് റിജിയണൽ ഓഫീസ് മുഖേനയാണ്.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

മത്സ്യബന്ധന ഇറമുഖങ്ങ ൾ, തീരദേശ റോഡുകൾ, മത്സ്യവിത്തുത്പാദന കേന്ദ്രങ്ങൾ, ഫിഷറീസ് സ്കൂളുകൾ, മറ്റ് കെട്ടിടങ്ങൾ, പോർട്ടുകൾ, ടൂറിസം പദ്ധതികൾ, ഇറമുഖങ്ങളുടെ പദ്ധതി റിപ്പോർട്ടുകൾ, പോലീസ്-കോസ്റ്റ് ഗാർഡ് കൺസൾട്ടൻസി, ഷിപ്യാർഡ് കൺസൾട്ടൻസി ഇടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

ഹാർബർ എഞ്ചിനീയറിംഗ് ഡിവിഷൻ, കണ്ണൂർ മത്സ്യമേഖലയിലെ പശ്ചാത്തല സൗകര്യങ്ങൾ

മത്സ്യ വിപണന കേന്ദ്രങ്ങൾ

ധർമടം മത്സ്യബന്ധന ഇറമുഖം, തലശ്ശേരി ജനറൽ ഹോസ്പിറ്റൽ പരിസരം, ചാലിൽ ഗോപാലപ്പേട്ട മത്സ്യബന്ധന കേന്ദ്രം, കൂരിച്ചിയിൽ കടപ്പുറം, നൃമാഹി മത്സ്യബന്ധന കേന്ദ്രം, മുഴപ്പിലങ്ങാട് തെറിമ്മൽ മത്സ്യബന്ധന കേന്ദ്രം, അഴീക്കൽ മത്സ്യബന്ധന കേന്ദ്രം, പുതിയങ്ങാടി മത്സ്യബന്ധന കേന്ദ്രം, എട്ടിക്കുളം മത്സ്യബന്ധന കേന്ദ്രം, കോട്ടക്കീൽ മത്സ്യബന്ധന കേന്ദ്രം, പാലക്കോട് മത്സ്യബന്ധന കേന്ദ്രം, ആയിക്കര, കണ്ണൂർ

മത്സ്യബന്ധന ഹാർബറുകൾ

തലായി മത്സ്യബന്ധന ഇറമുഖം, അഴീക്കൽ മത്സ്യബന്ധന ഇറമുഖം, മാപ്പിളബേ മത്സ്യബന്ധന ഇറമുഖം

മത്സ്യം കരക്കടുപ്പിക്കൽ കേന്ദ്രങ്ങൾ

മുഴപ്പിലങ്ങാട് തെറിമ്മൽ മത്സ്യബന്ധന കേന്ദ്രം (പരമ്പരാഗതം), ധർമടം മത്സ്യബന്ധന കേന്ദ്രം, ചാലിൽ ഗോപാലപ്പേട്ട മത്സ്യബന്ധന കേന്ദ്രം, നൃമാഹി മത്സ്യബന്ധന കേന്ദ്രം, പുതിയങ്ങാടി മത്സ്യബന്ധന കേന്ദ്രം, എട്ടിക്കുളം മത്സ്യബന്ധന കേന്ദ്രം, കോട്ടക്കീൽ മത്സ്യബന്ധന കേന്ദ്രം, പാലക്കോട് മത്സ്യബന്ധന കേന്ദ്രം, കിഴുന്നപ്പാറ മത്സ്യബന്ധന കേന്ദ്രം

നെറ്റ്മെന്റിംഗ് യാർഡുകൾ

മുഴപ്പിലങ്ങാട് തെറിമ്മൽ, ധർമടം മത്സ്യബന്ധന കേന്ദ്രം, നൃമാഹി മത്സ്യബന്ധന കേന്ദ്രം, മാപ്പിളബേ മത്സ്യബന്ധന ഇറമുഖം

മത്സ്യബന്ധന സാമഗ്രി വിപണ കേന്ദ്രങ്ങൾ

തലശ്ശേരി പുതിയബസ്റ്റാന്റ് (പ്രൈവറ്റ് സ്ഥാപനം) തലശ്ശേരി കൂരിച്ചിയിൽ, നൃമാഹി മത്സ്യബന്ധന കേന്ദ്രം-കൂരിച്ചിയിൽ മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘം, ആയിക്കര, കണ്ണൂർ

മത്സ്യം ലേല കേന്ദ്രങ്ങൾ

മുഴപ്പിലങ്ങാട് തെറിമ്മൽ മത്സ്യബന്ധന കേന്ദ്രം, ധർമടം മത്സ്യബന്ധന കേന്ദ്രം, ചാലിൽ ഗോപാലപ്പേട്ട മത്സ്യബന്ധന കേന്ദ്രം, നൃമാഹി മത്സ്യബന്ധന കേന്ദ്രം, അഴീക്കൽ ഫിഷിംഗ് ഹാർബർ, പുതിയങ്ങാടി മത്സ്യബന്ധന കേന്ദ്രം, എട്ടിക്കുളം മത്സ്യബന്ധന കേന്ദ്രം, കീഴുന്നപ്പാറ മത്സ്യബന്ധന കേന്ദ്രം

മത്സ്യം ഉണക്ക് കേന്ദ്രങ്ങൾ

ചാലിൽ ഗോപാലപ്പേട്ട

പുതിയതായി ഏർപ്പാടാക്കാവുന്ന പദ്ധതികൾ

പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിലെ ഹാച്ചറി നിർമാണം, പുതിയങ്ങാടിയിൽ ഐസ് പ്ലാന്റ് നിർമാണം.

കണ്ണൂർ ജില്ലയിലെ മത്സ്യമേഖലയിലെ വികസന വിടവുകൾ

ഭവന നിർമാണം : ഭവന പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും ഭൂരിഭാഗം ഗുണഭോക്താക്കളുടെയും സ്ഥലങ്ങൾ കടൽഭിത്തിയിൽ നിന്നും 250 മീറ്ററിനുള്ളിൽ ആയതുകൊണ്ട് കോസ്റ്റൽ റെഗുലേഷൻ സോൺ നിയമത്തിന്റെ പരിധിയിൽ ഇളവ് ലഭിക്കുന്നതിനുള്ള കാലതാമസം കാരണം പദ്ധതി പൂർത്തീകരിക്കാൻ ബുദ്ധിമുട്ടുന്നു. 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 1,512 കുടുംബങ്ങൾ ജില്ലയിൽ നിലവിലുണ്ട്. ഇതിൽ 750 കുടുംബങ്ങൾ സ്വന്തംപേരിൽ ഭൂമിയും വീടും ഇല്ലാത്തവരാണ്. 50 മീറ്ററിനുള്ളിൽ നിലവിൽ താമസിക്കുകയും കൈവശഭൂമി ഉള്ളതുമായ 300നും 400നും ഇടയിൽ കുടുംബങ്ങൾ ഉണ്ട്. വകുപ്പ് മുഖേന അനുവദിക്കുന്ന ഭവന നിർമാണ യൂണിറ്റുകൾ തുലോം കുറവാണ്.

ജില്ലയെ ഒ.ഡി.എഫ്. ആയി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും 310 കുടുംബങ്ങൾക്ക് ടോയിലറ്റ് ഇല്ല/ ഉപയോഗശൂന്യമാണ്. ഇവരിൽ ഭൂരിഭാഗവും (99%) കടൽ ഭിത്തിയിൽ നിന്നും 100 മീറ്ററിനുള്ളിൽ താമസിക്കുന്നവരാണ്. കടൽ ജലനിരപ്പ് സെപ്റ്റിക് ടാങ്കിനേക്കാൾ ഉയരത്തിൽ ആയതുകൊണ്ട് മാലിന്യം തിരിച്ചുവരുമെന്നതിനാൽ മത്സ്യത്തൊഴിലാളികൾ ടോയിലെറ്റ് നിർമിക്കുവാൻ തയ്യാറല്ല. പരിമിതമായ സ്ഥലങ്ങളിലുള്ള ഭവനങ്ങൾ ആയതിനാൽ കുടിവെള്ളവുമായി മാലിന്യം കലരാനുള്ള സാധ്യതയും കൂടുതലാണ്. കുടുംബവീട് ആയതിനാൽ ഉടമസ്ഥാവകാശം മത്സ്യത്തൊഴിലാളിയുടെ പേരിൽ ലഭ്യമല്ലാത്തത് പദ്ധതിയുടെ പൂർണമായ നടത്തിപ്പിന് വിഘാതം സൃഷ്ടിക്കുന്നു.

നിലവിൽ ജില്ലയിലെ ഹാർബർ, ലാന്റിംഗ് സെന്ററുകൾ എന്നിവയോട് ചേർന്നുള്ള പുലിമുട്ടുകൾ പരിശോധിച്ച് അവയുടെ നിർമാണത്തിലെ സാങ്കേതിക പോരായ്മകളും അശാസ്ത്രീയ നിർമിതികളും പരിഹരിച്ച് ശാശ്വത പരിഹാരം കണ്ടെത്തേണ്ടതുണ്ട്. മെക്കനൈസേഷന്റെ ഭാഗമായി നൽകിയ ബോട്ടുകൾക്ക് പകരമായി ജില്ലാ ഓഫീസിൽ ഹാജരാക്കിയ ആധാരം, കടം എഴുതി തള്ളാത്തതിന്റെ പേരിൽ വ്യക്തികൾക്ക് തിരികെ നൽകുവാൻ സാധിച്ചിട്ടില്ല. നിലവിൽ 50 മീറ്ററിനുള്ളിൽ ഉള്ള മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നുണ്ടെങ്കിലും അവർ താമസിക്കുന്ന ഭവനങ്ങൾ വാടകയ്ക്കോ അല്ലെങ്കിൽ കൈമാറ്റം ചെയ്യുന്നതോ പൂർണമായി ഒഴിപ്പിക്കുന്നതിന് നിന്നും തടസ്സം സൃഷ്ടിക്കുന്നുണ്ട്. ഉൾനാടൻ മത്സ്യക്കൃഷിക്ക് ആവശ്യമായ വിത്ത് ലഭ്യത അനുകൂലമായ സമയങ്ങളിൽ ലഭ്യമാകാത്തത് മത്സ്യക്കൃഷിക്ക് സാമ്പത്തിക വിജയം നേടുന്നതിൽ വിഘാതം സൃഷ്ടിക്കുന്നു. ഉൾനാടൻ മത്സ്യക്കൃഷി രീതികൾ ശാസ്ത്രീയമായി നടത്തുന്ന ധാരാളം കർഷകർ ഉണ്ടെങ്കിലും ലാബോറട്ടറി സൗകര്യം ഉത്തരമേഖലയിൽ ലഭ്യമല്ലാത്തത് സാമ്പത്തിക-സമയനഷ്ടം ഉണ്ടാക്കുന്നു. കടലോര മേഖലയിലെ മത്സ്യഭവനുകളുടെ ശോചനീയാവസ്ഥ, അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തത മേഖലയിലെ ജീവനക്കാർക്ക് വളരെയധികം ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു. ഉൾനാടൻ മത്സ്യഗ്രാമങ്ങളിൽ മത്സ്യഭവനുകൾ ഇല്ലാത്തത് ഈ മേഖലയിലെ കാര്യക്ഷമമായ പദ്ധതി നടത്തിപ്പിന് തടസ്സം സൃഷ്ടിക്കുന്നു. പൊതുജലാശയങ്ങൾ കൃഷിക്ക് ഉപയുക്തമായ രീതിയിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പാട്ടത്തിന് ലഭിക്കാത്തത് മത്സ്യക്കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു. ജീവൻരക്ഷാ ഉപകരണങ്ങളുടെ വിതരണപദ്ധതിയിലെ ഭാരിച്ച ഗുണഭോക്തൃവിഹിതം മത്സ്യത്തൊഴിലാളികളെ ഈ പദ്ധതിയിൽ നിന്നും പിന്തിരിപ്പിക്കുന്നു. കോൾഡ് സ്റ്റോറേജ്-ഗുണനിലവാരമുള്ള ഐസ് നിർമാണ യൂണിറ്റ് ജില്ലയിൽ ലഭ്യമല്ല. ഉൾനാടൻ ഫിഷറീസ് ആക്ട് പ്രാദേശിക തലത്തിൽ ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കാത്തത് ഉൾനാടൻ മത്സ്യബന്ധനത്തെ പ്രതികൂലമായി ബാധിക്കുന്നു.

ജില്ലയിൽ 5,900 ഹെക്ടർ ഓരുജലപ്രദേശവും 2,500 ഹെക്ടർ കൈപ്പാട് നിലവും ലഭ്യമാണെങ്കിലും 325 ഹെക്ടറാണ് കൃഷിക്ക് ഉപയുക്തമായിട്ടുള്ളത്. 1,500 ഓളം ഹെക്ടർ കൈപ്പാട് നിലത്തിൽ കണ്ടലിന്റെ സാന്നിധ്യം ഉള്ളതുകൊണ്ട് അതും ജലകൃഷിക്ക് ഉപയുക്തമല്ല.

മത്സ്യമേഖലയിലെ മത്സ്യബന്ധനം, മത്സ്യക്കൃഷി, സഹകരണം, ചെറുകിട തൊഴിൽ സംരംഭം തുടങ്ങി വിവിധ മേഖലകളിൽ മത്സ്യത്തൊഴിലാളികൾക്കും മത്സ്യകർഷകർക്കും വിദ്യാർത്ഥികൾ, വകുപ്പ് ജീവനക്കാർ ഉൾപ്പെടെ വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ആഭിമുഖ്യത്തിലും മറ്റും മെച്ചപ്പെട്ട വിദ്യാഭ്യാസം, സാങ്കേതിക പരിജ്ഞാനം, പരിശീലനം എന്നിവ നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തുന്നതിനായി ജില്ലയിൽ വകുപ്പിന് കീഴിൽ ഒരു പരിശീലന കേന്ദ്രം ആരംഭിക്കേണ്ടതാണ്.

5.1 (ഡി)പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, വനവികസനം

വനസംരക്ഷണത്തിനും വികസനത്തിനുമായിട്ടുള്ള കേന്ദ്ര-സംസ്ഥാന സർക്കാർ ഫണ്ടുകൾ കേന്ദ്ര സർക്കാർ പദ്ധതികൾ

- ഗ്രീൻ ഇന്ത്യ മിഷൻ (ജിം)
- പ്രൊജക്ട് എലഫന്റ്
- നീലഗിരി ബയോസ്ഫിയർ റിസർവ് പ്രൊജക്ട്
- ജൈവ വൈവിധ്യ പരിപാലനം
- മിറ്റിഗേറ്റിങ്ങ് ആന്റ് റസ്യൂഡിങ്ങ് മാൻ ആനിമൽ കോൺഫ്ലിക്ട്
  (എം.ആർ.എം.എ.സി.)
- വനസംരക്ഷണം 34 ഒ.സി
- ആർ.ഡി.എഫ്. (ശീർഷകം 2406-01-101-94)
- കെട്ടിടങ്ങൾ (ശീർഷകം 4406-01-070-97)
- റോഡുകൾ (ശീർഷകം 4406-01-070-99)
- തോട്ടങ്ങൾ (നിർമാണവും പരിപാലനവും)
  (എച്ച്.ഡബ്ലു & ഐ.ആർ.എം.)
- സർവേ ഓഫ് ഫോറസ്റ്റ് ബൗണ്ടറീസ് & ഫോറസ്റ്റ് പ്രൊട്ടക്ഷൻ
  (എസ്.എഫ്.ബി. & എഫ്.ബി.)
- പുഴ-വനം സംരക്ഷണ ഫണ്ട് (ആർ..എഫ്. പി.എഫ്.)
- ഇക്കോ ടൂറിസം (ശീർഷകം 4406-01-800-91)
- കാട്ടുതീ തടയൽ (ശീർഷകം 2406-01-800-90)
- നബാർഡ്
- വി.എസ്.എസ്./എ.വി.എസ്.എസ്. എന്നിവയ്ക്ക് ലഭിക്കുന്ന പ്രത്യേക ഫണ്ടുകൾ.

5.1 (ഇ) വ്യവസായം, വാണിജ്യം, സ്വയം തൊഴിൽ സംരംഭങ്ങൾ

സംസ്ഥാന പദ്ധതികൾ

1. കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം

വ്യവസായ വാണിജ്യ വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങളിലൊന്നാണിത്. സംരംഭകത്വ അവബോധ പരിപാടികൾ, സംരംഭകത്വ വികസന പരിപാടി, നിക്ഷേപ സംഗമം, സാങ്കേതിക ശിൽപ്പശാല, ടെക്നോളജി മാനേജമെന്റ് വികസന പ്രോഗ്രാം, എന്നിവ ഇതിന്റെ ഭാഗമായി ജില്ലാ വ്യവസായ കേന്ദ്രങ്ങൾ നടത്തുന്നു. പരിപാടിയുടെ കാലദൈർഘ്യം വർദ്ധിപ്പിക്കാവുന്നതാണ്.

2. പദ്ധതി റിപ്പോർട്ട്

ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പാ നേടുന്നതിന് ആവശ്യമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാകുന്നതിന് ആവശ്യമായ സഹായങ്ങൾ നൽകുന്നു.

3. ഏക ജാലക ക്ലിയറൻസ് ബോർഡ്/ഗ്രീൻ ചാനൽ കൗണ്ടർ

രണ്ടു ലക്ഷം രൂപവരെ യന്ത്രസാമഗ്രിയിൽ നിക്ഷേപമുള്ള സംരംഭങ്ങൾക്ക് വിവിധ ഏജൻസികളിൽ നിന്ന് ലഭ്യമാക്കേണ്ട ലൈസൻസുകൾ ക്ലിയറൻസുകൾ എന്നിവയ്ക്ക് ഗ്രീൻ ചാനൽ കൗണ്ടറിനെയും 2 ലക്ഷത്തിനു മുകളിൽ നിക്ഷേപം വരുന്ന സംരംഭങ്ങൾക്ക് ഏകജാലക ക്ലിയറൻസ് ബോർഡിനെയും സമീപിക്കാവുന്നതാണ്.

4. വ്യവസായ പ്ലോട്ട്/ഷെഡ്

പ്രോജക്ടിന്റെ ആവശ്യാനുസരണം ലഭ്യതയുള്ള സാഹചര്യത്തിൽ വ്യവസായ പ്ലോട്ടുകൾ ഷെഡുകൾ എന്നിവ ഹയർ പർച്ചേസ്/ലീസ് വ്യവസ്ഥയിൽ അനുവദിക്കുന്നു.

5. സംരംഭക സഹായ പദ്ധതി (Entrepreneur Support Scheme)

ഉത്പാദനമേഖലയിലുള്ള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യസായങ്ങൾക്ക് സ്ഥിരനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ 30% സാമ്പത്തിക സഹായം നൽകുന്നതിന് കേരള സർക്കാർ പദ്ധതി. 3 ഘട്ടങ്ങളിലായി പരമാവധി 30 ലക്ഷം രൂപ വരെ.

6. ഇൻഫർമേഷൻ ടെക്നോളജി സംരംഭങ്ങൾക്ക് സ്റ്റാൻഡേർഡ് ഇൻവെസ്റ്റ്മെന്റ് സബ്സിഡി

ഐ.ടി. സോഫ്റ്റ്വെയർ ഡവലപ്മെന്റ്, ഐ.ടി. സർവീസ്, ഐ.ടി. എനേബിൾഡ് സർവീസ് (പരിശീലന കേന്ദ്രങ്ങൾ ഒഴികെ) ഹാർഡ്വെയർ ഉത്പാദനം നടത്തുന്ന സംരംഭങ്ങൾക്ക് സ്ഥിരനിക്ഷേപത്തിന്റെ 40% തുക പരമാവധി 25 ലക്ഷം രൂപ, ജില്ലാ വ്യവസായ കേന്ദ്രം മുഖേന, ഐ.ടി. മിഷനിൽ നിന്നും ലഭിക്കാൻ അർഹതയുണ്ട്.

7 സംരംഭകത്വ വികസന ക്ലബുകൾ

വിദ്യാർത്ഥികളിൽ സംരംഭകത്വശീലം വികസിപ്പിക്കുന്നതിന് പ്രൊഫഷണൽ കോളേജുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിൽ സംരംഭത്വ വികസന ക്ലബുകൾ സ്ഥാപിക്കുന്നതിന് നേതൃത്വം നൽകുന്നു. 20000/- രൂപ വാർഷിക സഹായം നൽകുന്നു

8 ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ കൗൺസിൽ

സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് മറ്റു സ്ഥാപങ്ങളിൽ നിന്നും അവർക്കു നൽകിയ സേവനങ്ങൾ, ഉൽപ്പന്നങ്ങൾക്ക് ലഭിക്കേണ്ട പ്രതിഫലം വൈകുകയോ നിഷേധിക്കപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ വ്യവസായ വാണിജ്യ ഡയറക്ടേറ്റിൽ പ്രവർത്തിക്കുന്ന കൗൺസിലിനെ സമീപിച്ച് കോടതി നടപടികളില്ലാതെ പരിഹാരം തേടാവുന്നതാണ്.

9 മിനി ഇൻക്യൂബേഷൻ സെന്ററുകൾ

പുതിയ ഉൽപ്പന്ന ആശയങ്ങളുമായി വരുന്ന സംരംഭങ്ങൾക്ക് അവ വികസിപ്പിച്ചു വാണിജ്യ വൽക്കരിക്കുന്നതിനാവശ്യമായ സേവനങ്ങൾ നൽകുന്നു.

10 വാണിജ്യം : വിപണന സഹായങ്ങൾ

വ്യവസായ വകുപ്പ് സംഘടിപ്പിക്കുന്ന വിപണന മേഖലകൾ, വ്യവസായ മെഷിനറി പ്രദർശനം, ഉത്പാദക-ഉപഭോക്തൃ സംഗമം എന്നിവയിൽ സ്ഥാപനങ്ങൾക്ക് പങ്കെടുക്കാവുന്നതാണ്. കേന്ദ്ര-സംസ്ഥാന സ്ഥാപനങ്ങളുടെ ടെണ്ടറുകളിൽ പങ്കെടുക്കുന്നതിന് സംസ്ഥാന സ്റ്റോർ പർച്ചേസ് വകുപ്പ്/നാഷണൽ സ്മോൾ ഇൻഡസ്ട്രീസ് കോർപറേഷൻ തുടങ്ങിയ ഏജൻസികളിൽ രജിസ്റ്റർ ചെയ്യുന്നതിന് സഹായം നൽകുന്നു.

കേന്ദ്ര/സംസ്ഥാന സർക്കാർ സംയുക്ത പദ്ധതികൾ

- **സൂക്ഷ്മ ചെറുകിട വ്യവസായ ക്ലസ്റ്റർ വികസന പദ്ധതി (Cluster Development Programme)**

ഒരേ പ്രദേശത്തു കേന്ദ്രീകരിച്ചു ഒരേ തരം അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിക്കുകയോ ഒരേ തരം ഉൽപ്പന്നങ്ങൾ നിർമിക്കുകയോ ചെയ്യുന്ന സ്ഥാപനങ്ങൾക്ക് സൂക്ഷ്മ ചെറുകിട വ്യവസായ ക്ലസ്റ്റർ പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര-കേരള സർക്കാർ വിവിധ സഹായപദ്ധതികൾ നടപ്പാക്കി വരുന്നു.

A: നിലവിലുള്ള പദ്ധതികൾ

പൊതു വ്യവസായ മേഖല

(I)മലബാർ ഫർണിച്ചർ കൺസോർഷ്യം (Pvt)ലിമിറ്റഡ് പരിയാരം, കണ്ണൂർ

പ്രവർത്തനം : മര ഉരുപ്പടികളുടെ നിർമാണം

പദ്ധതി വിവരങ്ങൾ

പദ്ധതി ചെലവ് അംഗീകരിച്ചത്	: 1164 .74 ലക്ഷം രൂപ
കേന്ദ്ര സർക്കാർ വിഹിതം	: 811.67ലക്ഷം (569.17 ലക്ഷം അനുവദിച്ചു)
സംസ്ഥാന സർക്കാർ വിഹിതം	: 235.38ലക്ഷം (235.38 ലക്ഷം അനുവദിച്ചു)
ഗുണഭോക്തൃ വിഹിതം	: 117.69 ലക്ഷം
ഗുണഭോക്താക്കൾ	– 24 സംരംഭങ്ങൾ

നിലവിലെ അവസ്ഥ : മര വ്യവസായങ്ങൾക്കുള്ള പൊതു സേവന കേന്ദ്രത്തിന്റെ നിർമാണം 90% പൂർത്തിയായി.

(II). നോർത്ത് മലബാർ ഓഫ്സെറ്റ് പ്രിന്റേഴ്സ് കൺസോർഷ്യം (Pvt) ലിമിറ്റഡ് ചൊവ്വ, കണ്ണൂർ

പ്രവർത്തനം : അച്ചടി മേഖല

പദ്ധതി വിവരങ്ങൾ

പദ്ധതി ചെലവ് അംഗീകരിച്ചത്	: 1222.14 ലക്ഷം
കേന്ദ്ര സർക്കാർ വിഹിതം	: 811.67 ലക്ഷം (769.95 ലക്ഷം അനുവദിച്ചു)
സംസ്ഥാന സർക്കാർ വിഹിതം	: 244.43 ലക്ഷം (244.43 ലക്ഷം അനുവദിച്ചു)
ഗുണഭോക്തൃ വിഹിതം	: 122.21 ലക്ഷം
ഗുണഭോക്താക്കൾ	– 24 സംരംഭങ്ങൾ

നിലവിലെഅവസ്ഥ: അച്ചടി മേഖലയ്ക്ക് ആവശ്യമായ പൊതുസേവന കേന്ദ്രത്തിന്റെ നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. 90% പൂർത്തിയായി.

നിർവഹണ ഏജൻസികൾ : കേരള സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ്, കേരള ബ്യുറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (K-Bip) തിരുവനന്തപുരം.

B: (i) കുഞ്ഞിമംഗലം ബെൽ മെറ്റൽ ക്ലസ്റ്റർ, കണ്ണൂർ

നിലവിലെ അവസ്ഥ: ഡയഗ്നസ്റ്റിക് സ്റ്റഡി റിപ്പോർട്ട് തയ്യാറാക്കി നിർവഹണ ഏജൻസിയായ ഹാന്റി ക്രാഫ്റ്റ് ഡവലപ്മെന്റ് കോർപറേഷൻ ഓഫ് കേരള ലിമിറ്റഡ് എന്ന സ്ഥാപനത്തിന് സമർപ്പിച്ചു കഴിഞ്ഞു.

(ii) പ്ലൈവുഡ് ക്ലസ്റ്റർ കണ്ണൂർ: ആലോചന യോഗം ചേർന്നു. വിവര ശേഖരണം സ്റ്റഡി റിപ്പോർട്ട് നിർമാണം ആരംഭിച്ചു.

പ്രധാന മന്ത്രിയുടെ തൊഴിൽദായക പദ്ധതി

(Prime Ministers Employment Generation Programme)

സ്വയം തൊഴിൽ സംരംഭങ്ങൾ ഗ്രാമപ്രദേശങ്ങളിലും പട്ടണങ്ങളിലും സ്ഥാപിച്ചു തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത പദ്ധതി. ഉത്പാദന മേഖലയ്ക്ക് പരമാവധി 25 ലക്ഷം രൂപയും സേവന മേഖലയ്ക്ക് 10 ലക്ഷം വരെയും ബാങ്കുമായി ചേർന്ന് വായ്പ ലഭിക്കുന്നു. പട്ടണങ്ങളിൽ പൊതു വിഭാഗത്തിന് 15% പ്രത്യേക വിഭാഗത്തിന് 25% സബ്സിഡിയും ഗ്രാമപ്രദേശങ്ങളിൽ ഇത് യഥാക്രമം 25%വും 35%വും ആയിരിക്കും. ദേശിയ തലത്തിൽ ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ ആണ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാന തലത്തിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ ഖാദി ഗ്രാമ വ്യവസായ ഡയറക്ടറേറ്റ്, ഖാദി ഗ്രാമ വ്യവസായ ബോർഡ്, ഷെഡ്യൂൾഡ് നാഷണലൈസ്ഡ് ബാങ്ക് മുഖാന്തിരം പദ്ധതി നടപ്പിലാക്കി വരുന്നു.

അഞ്ച് വർഷത്തെ പദ്ധതി വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

വർഷം	ഗുണഭോക്താക്കളുടെ എണ്ണം	സർക്കാർ സഹായം(രൂപ ലക്ഷത്തിൽ)	തൊഴിൽ ലഭിച്ചവരുടെ എണ്ണം
2012-13	69 എണ്ണം	87.58 ലക്ഷം	282
2013-14	55 എണ്ണം	77.39 ലക്ഷം	228
2014-15	55 എണ്ണം	83.33 ലക്ഷം	243
2015-16	67 എണ്ണം	102.03 ലക്ഷം	294
2016-17	30 എണ്ണം	40.08 ലക്ഷം	126

(അവലംബം- ജില്ലാ വ്യവസായ കേന്ദ്രം)

(i-b) കൈത്തറി മേഖലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ

1). കൂത്തുപറമ്പ് കൈത്തറി ക്ലസ്റ്റർ

കൂത്തുപറമ്പ് കൈത്തറി സഹകരണ സംഘം കേന്ദ്രീകരിച്ചു നടപ്പിലാക്കുന്ന ഉൽപ്പന്ന വൈവിധ്യ വത്കരണം, പവർലൂം ഉപകരണങ്ങളുടെ നവീകരണം.

കേന്ദ്ര സർക്കാർ അംഗീകരിച്ച പദ്ധതി ചെലവ് 180.270 ലക്ഷം രൂപ (63.055 ലക്ഷം അനുവദിച്ചു)

ഗുണഭോക്താക്കൾ - 312 നെയ്ത്തുകാർ

2). കാഞ്ഞിരോട് കൈത്തറി ക്ലസ്റ്റർ

കാഞ്ഞിരോട് കൈത്തറി സഹകരണ സംഘം കേന്ദ്രീകരിച്ചു നടപ്പിലാക്കുന്ന ഉൽപ്പന്ന വൈവിധ്യ വത്കരണം, പവർലൂം ഉപകരണങ്ങളുടെ നവീകരണം.

കേന്ദ്ര സർക്കാർ അംഗീകരിച്ച പദ്ധതി ചെലവ് 179 .92 ലക്ഷം രൂപ (61.915 ലക്ഷം അനുവദിച്ചു)

ഗുണഭോക്താക്കൾ - 330 നെയ്ത്തുകാർ

3). പുതിയ പദ്ധതി: ലോക് നാഥ് കൈത്തറി ക്ലസ്റ്റർ

270 ലക്ഷം രൂപയുടെ പദ്ധതി റിപ്പോർട്ട് കൈത്തറി ടെക്സ്റ്റൈൽസ് ഡയറക്ടർ മുഖാന്തിരം കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചു. പിണറായി ക്ലസ്റ്റർ ഡയഗണോസ്റ്റിക് സ്റ്റഡി റിപ്പോർട്ട് തയ്യാറാക്കി കൈത്തറി ടെക്സ്റ്റൈൽസ് ഡയരക്ടർക്ക് സമർപ്പിച്ചു.

നിർവഹണ ഏജൻസി: വീവേഴ്സ് സർവീസ് സെന്റർ, കണ്ണൂർ (കേന്ദ്ര വസ്ത്ര മന്ത്രാലയത്തിന് കീഴിലുള്ള സ്ഥാപനം)

വ്യവസായ വാണിജ്യ വകുപ്പ് ജില്ലയിൽ 2017-18 വർഷം നടപ്പിലാക്കുന്ന പദ്ധതികൾ

പദ്ധതിയുടെ വിശദംശങ്ങൾ	പോരായ്മകൾ, പുതിയ നിർദ്ദേശങ്ങൾ
സംരംഭകത്വ സഹായ പദ്ധതി ഈ പദ്ധതിയിൽ 1,22,49,049/- രൂപ ചെലവഴിച്ചു. ഉത്പാദന മേഖലയിലുള്ള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് കേരള സർക്കാർ നടപ്പിലാക്കുന്ന പദ്ധതി	പദ്ധതിയുടെ ആനുകൂല്യം ഉത്പാദന മേഖലയ്ക്ക് മാത്രം നിജപ്പെടുത്തിയിരിക്കുന്നു. സേവന സംരംഭങ്ങൾക്കും നിശ്ചിത നിരക്കിൽ ആനുകൂല്യം നൽകാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.
കപ്പാസിറ്റി ബിൽഡിങ് പ്രോഗ്രാം വ്യവസായ ബോധവത്കരണപരിപാടികൾ, സാങ്കേതിക ശിൽപശാല, നിക്ഷേപ സംഗമം, സംരംഭകത്വ പരിശീലനങ്ങൾ	പരിശീലന പരിപാടികളുടെ കാല ദൈർഘ്യം വർദ്ധിപ്പിക്കാവുന്നതാണ്. സാങ്കേതികവിദ്യ കൈമാറ്റത്തിനും സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്.
വാണിജ്യ വികസന പ്രവർത്തനം ചെറികിട-ലഘു-സൂക്ഷ്മ ഇടത്തരം സംരംഭങ്ങൾക്ക് അവരുടെ ഉൽപ്പന്ന പ്രദർശന വിപണനത്തിനായി സൗകര്യമൊരുക്കുക	വർഷത്തിൽ ഒരു പ്രാവശ്യം മാത്രമേ നിലവിൽ ഈ ആനുകൂല്യം എല്ലാ മേളകളിലും പ്രദർശനത്തിന് സൗകര്യമൊരുക്കാവുന്നതാണ്..
സർക്കാർ ഓഹരി പങ്കാളിത്തം സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനത്തിന്റെ അടിസ്ഥാനത്തിൽപരമാവധി 5 ലക്ഷം രൂപ വരെ സഹായധനം അനുവദിക്കുന്നു.. തുക പ്രവർത്തന മൂലധനത്തിനായി സംഘങ്ങൾ ഉപയോഗിക്കുന്നു.	നിലവിൽ ഈ ആനുകൂല്യം കൈത്തറി സഹകരണ മേഖലയിൽ മാത്രമാണ് ലഭിക്കുന്നത്. ഇത് പൊതു വ്യവസായ സഹകരണ സംഘങ്ങൾക്കു കൂടി നിബന്ധനകൾ ഇളവ് ചെയ്തുകൊണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

കൈത്തറി പദ്ധതികൾ

1. **സ്കിൽ ഡെവലപ്മെന്റ് ട്രെയിനിങ് (SDP)**

കൈത്തറി മേഖലയിലെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 20 പേർക്ക് വീതം പരിശീലനം നൽകുന്നതിന് ഓരോ സംഘത്തിനും 531000/- രൂപ വീതം നൽകുന്നു. ഈ സാമ്പത്തിക 5 നെയ്ത്ത സംഘങ്ങൾക്ക് 5,31,000/- രൂപ വീതം 26,55,000/- രൂപ നൽകാനുണ്ട്

2. **സ്വയം തൊഴിൽ പദ്ധതി :** കൈത്തറി മേഖലയിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിന്റെ ഭാഗമായുള്ള പദ്ധതി. ഒരു വ്യക്തിക്ക് 100 ചതുരശ്ര അടി വിസ്തീർണമുള്ള വർക്ക് ഷെഡ് ഉണ്ടാകണം. പദ്ധതി ചെലവിന്റെ 40% മാർജിൻ മണി

ഗ്രാന്റായും 30% പ്രവർത്തനമൂലധന ഗ്രാന്റായും ലഭിക്കും. 20% ബാങ്ക് വായ്പ എടുത്ത് ബാക്കി 10% മാത്രം ഗുണഭോക്താവ് കണ്ടെത്തണം.

3. പ്രൊഡക്ഷൻ ഇൻസെന്റീവ്

ദിവസം 150/- രൂപയും ആഴ്ചയിൽ 900/- രൂപയും എന്ന തോതിലാണ് ലഭിക്കുന്നത്. സ്റ്റാൻഡേർഡ് മീറ്ററേജ് കണക്കാക്കിയതിന്റെ അടിസ്ഥാനത്തിൽ അതിൽ കൂടുതൽ ഉത്പാദനം നടത്തിയവർക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്നു.

4. ഇൻകം സപ്പോർട്ട് സ്കീം

ഒരു ദിവസം 150 രൂപയിൽ കൂടുതൽ ലഭിക്കുന്ന നെയ്ത്ത തൊഴിലാളിക്ക് ഇൻകം സപ്പോർട്ട് ലഭിക്കില്ല. ഇൻകം സപ്പോർട്ട് സ്കീം പദ്ധതിയിൽ ഉൾപ്പെട്ടവർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിൽ ഉൾപ്പെടില്ല. ഇവർ വർഷത്തിൽ 100 ദിവസത്തെ പണി ചെയ്തിരിക്കണം

5. യാൺ സബ്സിഡി

(കഴി ന്യൽ സബ്സിഡി/ഡൈസ് & കെമിക്കൽ സബ്സിഡി)

കൈത്തറി നെയ്ത്ത സംഘങ്ങൾക്ക് ആവശ്യമായ ചായങ്ങൾ, രാസ വസ്തുക്കൾ എന്നിവയ്ക്ക് 10% സബ്സിഡി നൽകുന്ന പദ്ധതി.

6. സൗജന്യ യൂണിഫോം പദ്ധതി

ഒന്ന് മുതൽ അഞ്ചു വരെയുള്ള സ്കൂൾ കുട്ടികൾക്ക് സൗജന്യ യൂണിഫോം നൽകുന്ന പദ്ധതി. യൂണിഫോം തുണിത്തരങ്ങൾ നെയ്യുന്ന തൊഴിലാളിക്ക് അവരുടെ ബാങ്ക് അക്കൗണ്ട് വഴി വേതനം നൽകുന്നു. ഈ ഇനത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ ഏകദേശം 6 കോടി രൂപ നൽകിയിട്ടുണ്ട്

7. പ്രോഡക്ട്ട് ഡവലപ്മെന്റ് അസിസ്റ്റൻസ്

സംഘം മുൻ വർഷത്തിൽ ഉത്പാദിപ്പിച്ച ആകെ തുണിത്തരങ്ങളുടെ 2% വരുന്ന തുക തൻ വർഷത്തെ പ്രോഡക്ട്ട് ഡവലപ്മെന്റ് അസിസ്റ്റൻസ് ആയി സംഘത്തിന് നൽകുന്നു.

8. ഡൈ ഹൗസ് നവീകരണത്തിനുള്ള ധനസഹായം

സംഘങ്ങളുടെ നവീകരണത്തിന് പരമാവധി 3 ലക്ഷം രൂപ വരെ അനുവദിക്കുന്നു

9. തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം

തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനു ഒരു തറിക്ക് പരമാവധി 3000/- രൂപ വരെ അനുവദിക്കുന്നു.

10. മാർക്കറ്റ് ഇൻസെന്റീവ്

സംഘങ്ങളുടെ അവസാന മൂന്ന് വർഷത്തെ ശരാശരി സെയിൽസ് ടേൺ ഓവറിന്റെ 10 ശതമാനം തുക സംഘങ്ങൾക്ക് സംസ്ഥാന സർക്കാർ നൽകുന്നു.

11. കയറ്റുമതി വിപണന സഹായം.

കൈത്തറി തുണിത്തരങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി സംഘങ്ങൾ കയറ്റുമതി ചെയ്യുന്ന തുണിത്തരങ്ങളുടെ 20% സബ്സിഡി രൂപത്തിൽ 20 ലക്ഷത്തിൽ കുറഞ്ഞ തുക ഒരു സംഘത്തിന് അനുവദിക്കുന്നു.

12. കൈത്തറി പ്രദർശന വിപണന മേള

പ്രാഥമിക കൈത്തറി സഹകരണ സംഘത്തിനും ഹാൻവീവ്, ഹാൻടെക്സ് മുതലായ സ്ഥാപനങ്ങൾക്കും വിഷു, ഓണം, ക്രിസ്തുമസ്/പുതുവൽസര ഉൽസവ വേളകളിൽ പ്രദർശനത്തിന് ധന സഹായം അനുവദിക്കുന്നു. ഈ കാലഘട്ടങ്ങളിൽ സർക്കാർ റിബേറ്റ് അനുവദിക്കും.

(റിബേറ്റ് വിപണനമേളയുടെ അനുവദിച്ചുകൊണ്ടുള്ള വിപണന മേളയുടെ കാലദൈർഘ്യം 56 ദിവസത്തിൽ നിന്നും 72 ആയി വർദ്ധിപ്പിച്ചാൽ സംഘങ്ങൾക്ക് കൂടുതൽ പ്രയോജനപ്രദമാകും.)

13. കൈത്തറി സംഘങ്ങൾക്കുള്ള റിബേറ്റ്

കൈത്തറി പ്രദർശന മേളയുടെ അനുബന്ധമായി പ്രാഥമിക സഹകരണ സംഘങ്ങൾ, ഹാൻവീവ് തുടങ്ങിയ സ്ഥാപനങ്ങൾ വിൽപനയിലൂടെ നൽകിയ 20% റിബേറ്റ് തുക സർക്കാർ സംഘങ്ങൾക്ക് തിരിച്ചുനൽകും.

(റിബേറ്റ് അനുവദിക്കുന്നതിലെ അനന്തമായ കാലതാമസം, കാലോചിതമായി പരിഷ്കരിക്കാത്ത മാനദണ്ഡങ്ങൾ)

ഖാദി ഗ്രാമ വ്യവസായ മേഖല

കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ കേരളം ഖാദി ഗ്രാമ വ്യവസായ ബോർഡിൽ രണ്ടു പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇത് അഖിലേന്ത്യാ ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ വഴിയാണ് നടപ്പിലാക്കി വരുന്നത്. പ്രധാനമന്ത്രി തൊഴിൽദാന പദ്ധതിയും വർക്ക്ഷെഡ് പദ്ധതിയുമാണ് ഇവ.

സംസ്ഥാന സർക്കാരിന്റെ വിഹിതം ഉപയോഗിച്ച് ഖാദി ഗ്രാമ വ്യവസായ ഉത്പാദന വിപണന മേഖലയിൽ അടിസ്ഥാന സൗകര്യ വികസനം ഉത്പാദന കേന്ദ്രങ്ങളുടെ നവീകരണം പുതിയ യന്ത്ര സാമഗ്രികൾ ലഭ്യമാക്കൽ, അസംസ്കൃത വസ്തുക്കളുടെ ശേഖരണം ചർക്ക നിർമാണ കേന്ദ്രം ആരംഭിക്കൽ, എന്റെ ഗ്രാമം പോലുള്ള സ്വയം തൊഴിൽ സംരംഭങ്ങൾ, ഗ്രാമ വ്യവസായ പാർക്കുകളുടെ നിർമാണം എന്നിവ നടപ്പിലാക്കുന്നു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടപ്പിലാക്കി വരുന്ന സ്വയം തൊഴിൽ പദ്ധതികൾ

1. കെസ്റ്റ്: കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേർഡ് അൺഎംപ്ലോയ്ഡ്.

എംപ്ലോയ്മെന്റ് പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട നടപ്പിലാക്കുന്ന സ്വയം തൊഴിൽ പദ്ധതിയാണിത്. ടി പദ്ധതി പ്രകാരം ജില്ലയിൽ നാളിതുവരെ 551 ഉദ്യോഗാർത്ഥികൾക്ക് 3,86,93,850 രൂപ ബാങ്ക് വായ്പ നൽകിയതിൽ -7738770 രൂപ സർക്കാർ സബ്സിഡിയായി വിതരണം ചെയ്തു.

2. മൾട്ടി പർപ്പസ് സർവീസ് സെന്റേഴ്സ് /ജോബ് ക്ലബ്

എംപ്ലോയ്മെന്റ് എക്സ്ചഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ രണ്ടോ അതിലധികമോ ഉദ്യോഗാർത്ഥികൾക്ക്സ്വയം തൊഴിൽ ചെയ്യുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട നടപ്പിലാക്കുന്ന സംയുക്ത സ്വയം തൊഴിൽ പദ്ധതി.

3. ശരണ്യ

എംപ്ലോയ്മെന്റ് എക്സ്ചഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവു ഉപേക്ഷിക്കുകയോ /ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗത്തിലെ അവിവാഹിതരായ അമ്മമാർ, വിഭിന്ന ശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും നിത്യ രോഗികളുമായ ഭർത്താക്കന്മാരുമുള്ള വനിതകൾ എന്നിവർക്കുമാത്രമായി എംപ്ലോയ്മെന്റ് വകുപ്പ് നേരിട്ട് നടത്തുന്ന സ്വയം തൊഴിൽ പദ്ധതി.

4. കൈവല്യ

എംപ്ലോയ്മെന്റ് എക്സ്ചഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള വിഭിന്ന ശേഷിക്കാർക്കായി എംപ്ലോയ്മെന്റ് വകുപ്പ് നേരിട്ട് നടപ്പാക്കുന്ന സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി.

5. തൊഴിൽ രഹിത വേതനം

ഈ സാമ്പത്തിക വർഷം ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന 8464 പേർക് 13838840 രൂപ തൊഴിൽരഹിത വേതനമായി അനുവദിച്ചു

6. എംപ്ലോയബിലിറ്റി സെന്റർ

എംപ്ലോയബിലിറ്റി സെന്റർ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടനുബന്ധിച്ചു പ്രവർത്തിക്കുന്നു. ജില്ലയിലെ സ്വകാര്യ സ്ഥാപനങ്ങളിലെ ഒഴിവുകൾ നികത്തുന്നതിന് 2014 മുതൽ ആരംഭിച്ചു. ടി സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക്വേണ്ടി ഉദ്യോഗലബ്ധിക്കായി കൗൺസിലിംഗ്, തൊഴിൽ പരിശീലനം, കൂടിക്കാഴ്ചയ്ക്കുള്ള പരിശീലനം, കമ്പ്യൂട്ടർ പരിശീലനം എന്നിവ നൽകി വരുന്നു.

തൊഴിൽ, തൊഴിൽ നൈപുണ്യം

വൊക്കഷണൽ ഗൈഡൻസ് പ്രവർത്തനങ്ങൾ

സംസ്ഥാന വൊക്കഷണൽ ഗൈഡൻസ് (വിജി) ശാക്തീകരണത്തിന്റെ ഭാഗമായി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചഞ്ചിൽ ഗൈഡൻസ് വിഭാഗം പ്രവർത്തിച്ചു വരുന്നു. ജില്ലയിലെ ഹയർ സെക്കന്ററി സ്കൂളുകളിൽ കരിയർ സെമിനാറുകളും എക്സിബിഷനുകളും നടത്തുക, വിവിധ വകുപ്പുകളുടെ സഹകരണത്തോടെ സൗജന്യ മത്സര പരീക്ഷ പരിശീലനം സംഘടിപ്പിക്കുക എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.

കയർമേഖല–സംസ്ഥാന പദ്ധതികൾ

തൊണ്ട് സംഭരണവും ചകിരി ഉത്പാദനവും

തൊണ്ട് സംഭരിച്ച് ചകിരി ഉത്പാദിപ്പിക്കുന്ന സ്ഥാപനങ്ങളിൽ എത്തിക്കുന്നവർക്ക് സർക്കാർ 10 പൈസ മുതൽ 25 പൈസ വരെ തൊണ്ട് ഇൻസെന്റീവ് നൽകുന്നുണ്ട്. തൊഴിലാളികൾസംഭരിക്കുന്ന തൊണ്ടിന് ആനുപാതികമായി പ്രതിദിന വേതനം 20/– രൂപ മുതൽ 25/– രൂപ വരെ നൽകുന്നു. ചകിരി 2 രൂപ മുതൽ 3 രൂപ വരെ സബ്സിഡി നൽകുന്നു. പ്രവർത്തനമൂലധനമായി റിവോൾവിങ്ങ് ഫണ്ട് സംഘങ്ങൾക്ക് കൊടുക്കുന്നു. വാർഷിക മെയിന്റനൻസ് ഗ്രാന്റ്–റീ ഇംമ്പേഴ്സ്മെന്റ് പ്രതിവർഷം 10,000/– രൂപ മുതൽ 50,000/– വരെ സംഘങ്ങൾക്ക് നൽകുന്നു. കയർതൊഴിലാളികൾക്ക് വരുമാനം താങ്ങൽ പദ്ധതി (ഐഎസ്എസ്) പ്രകാരം അവരുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള സർക്കാർ സഹായം നൽകിവരുന്നു. യന്ത്രസഹായത്തോടുകൂടി തൊണ്ട് തല്ലി ചകിരി ഉത്പാദിപ്പിക്കുന്ന പുതിയ യൂണിറ്റ് തുടങ്ങുക. നിലവിലുള്ള ചകിരി ഉത്പാദന യൂണിറ്റുകളെ നവീകരിക്കുക/വികസിപ്പിക്കുക കയർ വ്യവസായ സംഘങ്ങള്/കുടുംബശ്രീ സമാന യൂണിറ്റുകൾ, സ്വകാര്യ കയർ വ്യവസായ യൂണിറ്റുകൾ, വ്യവസായ സംരംഭകർ മുതലായവയ്ക്ക് ആവശ്യമായ ധനസഹായം നൽകുന്നു. പദ്ധതി ചെലവിന്റെ 50% മുതൽ 75% വരെ പരമാവധി 10 ലക്ഷം രൂപ സർക്കാർ ഗ്രാന്റ് നൽകി കയർ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നു.

കുടുബശ്രീ യൂണിറ്റുകൾക്ക്

90% വരെ മെഷീനറിക്ക് തുക നൽകിവരുന്നു. കയർ കോർപ്പറേഷ ൻ വഴി മെഷീനറി സ്ഥാപിച്ചുകൊടുക്കുന്നു. അടിസ്ഥാന സൗകര്യവികസനപദ്ധതിയിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും തൊഴിലാളികളുടെ പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനും വിപുലമായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. പ്രൈവറ്റ് മേഖലയിൽ മാർജിൻ മണി വായ്പയായി പരമാവധി 2,50,000/– രൂപ വരെ 9.5 ശതമാനം പലിശ നിരക്കിൽ നൽകുന്നു. സഹകരണ മേഖലയിൽ പ്രൊഡക്ഷൻ ആന്റ് മാർക്കറ്റിംഗ് സ്കീം(പിഎംഐ) നടപ്പിലാക്കിവരുന്നു.

കേന്ദ്ര സംസ്ഥാന പദ്ധതികൾ

കേന്ദ്ര ഗവൺമെന്റിന് കീഴിലുള്ള കയർ ബോർഡ് വഴി സർക്കാർ ധനസഹായം നൽകി ജില്ലയിൽ പുതിയ കയർ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുവാൻ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

ജില്ലാ പദ്ധതി നിർദേശങ്ങൾ

തൊണ്ട് സംഭരിക്കുന്നതിന് മൊബൈൽ ആപ്പ് സംവിധാനം നടപ്പിൽവരുത്തുവാൻവേണ്ട നടപടികൾസർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി പൈലറ്റ് പ്രോജക്ടായി തളിപ്പറമ്പ് താലൂക്കിനെ തെരെഞ്ഞെടുത്തിട്ടുണ്ട്.

കയർ ഭ്രവസ്തും

രണ്ടാം കയർ വ്യവസായ പുന:സംഘടന പദ്ധതിയുടെ ഭാഗമായ കയർ ഭ്രവസ്തും ഉപയോഗിച്ച് കുളം, തോട് പുഴയോരം, റോഡ്, മണ്ണൊലിപ്പ് തടയൽ, കൃഷി ആവശ്യത്തിന്, കടൽഭിത്തി എന്നിവ സംരക്ഷിക്കുവാൻ തൊഴിലുറപ്പ് പദ്ധതി വഴി സംസ്ഥാന തലത്തിൽ 120 കോടിയുടെ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട് അതിന്റെ ഭാഗമായി 2017-18 ആദ്യഘട്ടം 5.30 കോടി ഭ്രവസ്തും 69 പഞ്ചായത്തുകളിലായി വിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ചകിരി ഉത്പാദനം വർദ്ധിപ്പിക്കുവാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും വേണ്ടി സർക്കാർ തന്നെ മെഷീനറി നിർമിച്ച് 90% ഗ്രാന്റ് നൽകി ഓരോ പഞ്ചായത്തിലും ഒരു കുടുംബശ്രീ യൂണിറ്റ് ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ തന്നെ മാതൃകാ പ്രോജക്ടായി തളിപ്പറമ്പ് താലൂക്കിൽ അമ്മാനപ്പാറ മിനി വ്യവസായ എസ്റ്റേറ്റിൽ സമൃദ്ധി എന്ന പേരിൽ ഒരു യൂണിറ്റ് ആരംഭിച്ചു. 6 തൊഴിലാളികൾക്ക് തൊഴിൽ സൃഷ്ടിക്കുവാൻ കഴിഞ്ഞു.

5.2 സേവന മേഖല

5.2 (എ) ആരോഗ്യം

മോഡേൺ മെഡിസിൻ

ദേശീയ ആരോഗ്യ ദൗത്യം

ഫണ്ട് വിനിയോഗ കണക്ക് (01.04.2016 മുതൽ 31.03.2017 വരെ)

പദ്ധതി/ചെലവ് ഇനം	ചെലവ്
മാതൃ ആരോഗ്യം (ജെ.എസ്.വൈ.ജെ.എസ്.കെ)	1,58,01,339
ശിശു ആരോഗ്യം	83,439
ഫാമിലി പ്ലാനിംഗ്	12,89,690
കൌമാരാരോഗ്യം	2,39,902
സ്കൂൾ ഹെൽത്ത് (ആർ.ബി.എസ്.കെ)	35,10,950
ട്രൈബൽ ആർ.സി.എച്ച് ((Tribel RCH)	1,50,831
മെഡിക്കൽ പാരാ-മെഡിക്കൽ ജീവനക്കാരുടെ ശമ്പളം	4,34,86,289
ട്രെയിനിംഗ് (വിവിധം)	10,24,193
പ്രോഗ്രാം മാനേജ്മെന്റ് (Program Mangagement)	1,17,44,696
ആശാ പ്രോഗ്രാം	5,69,28,478
സ്ഥാപനങ്ങൾക്കുള്ള ഉപാധിരഹിത/എച്ച്.എം.സി.ഫണ്ട്	1,60,27,145
സ്യൂ കൺസ്ട്രക്ഷനും/റിനോവേഷനും	2,99,330
ജില്ലാ ആക്ഷൻ പ്ലാൻ സംബന്ധിച്ച ചെലവ്	32,720
സമഗ്ര ആരോഗ്യ പദ്ധതിയുമായി ബന്ധപ്പെട്ട ചെലവ് (CHP)	8,85,236
ആയുഷ്	3,01,49,521
ബി.സി.സി/ഐ.ഇ.സി	9,12,474
മൊബൈൽ മെഡിക്കൽ യൂണിറ്റ് (Mobile Medical Unit)	3,54,801
പാലിയേറ്റീവ് കെയർ (paliiiative care)	30,96,790
ക്വാളിറ്റി അഷ്വറൻസ് (Quality Assurance)	55,44,145
ഡി.ഇ. ഐ.സി ഉപകരണങ്ങൾ	10,000
ഡ്രഗ്ഗ് വെയർ ഹൌസ് (Drug Ware House)	80,400
ഡെഫ്നസ് കൺട്രോൾ പ്രോഗ്രാം (NPPCD)	4,17,471
ഇമ്യൂണൈസേഷൻ പ്രോഗ്രാം	84,96,056
പൾസ് പോളിയോ ഇമ്യൂണൈസേഷൻ പ്രോഗ്രാം	16,22,150
നഗര ആരോഗ്യ പദ്ധതി	3,04,60,400
ഐ.ഡി.എസ്.പി	6,89,245
എൻ.വി.ബി.ഡി.സി.പി	14,07,979
എൻ .എൽ.ഇ.പി	1,01,738
ആർ.എൻ.ടി.സി പി	55,04,310
എൻ പി സി ബി	8,67,732
മാനസിക ആരോഗ്യ പരിപാടി	12,93,132

കാൻസർ/ഡയബറ്റിസ്/ഹൃദയ രോഗനിയന്ത്രണ പരിപാടി	76,715
പുകയില നിയന്ത്രണ പിരപാടി	65,000
മാനസിക ആരോഗ്യ പരിപാടി (പകൽവീട്) -(CNHP)	23,71,476
ഭ്രമിക	1,81,636
ആരോഗ്യ കിരണം	57,29,462
ആശാ ഓണറേറിയം	3,67,45,000
റുബെല്ല വാക്സിനേഷൻ	1,00,000
മറ്റ പദ്ധതി ചെലവുകൾ	2,38,804
ആകെ	**2,36,78,507**

(അവലംബം-എൻ.എച്ച്.എം)

കേന്ദ്രാവിഷ്കൃത പദ്ധതികളെല്ലാം തന്നെ എൻ എച്ച് എം മുഖേനയാണ് നടപ്പാക്കുന്നത്, വിവിധ സബ് ഹെഡുകളിലായിട്ടാണ് ഫണ്ട് ലഭിക്കുന്നത്. ജില്ലക്ക് ഫ്ലക്സിഫൂളിൽ കൂടുതൽ ഫണ്ട് ലഭിക്കുകയാണെങ്കിൽ ജില്ലയുടെ ആവശ്യത്തിന് അനുസൃതമായ രീതിയിൽ ഉപയോഗിക്കാൻ സാധിക്കുന്നതാണ്.

സംസ്ഥാന പ്ലാൻ ഫണ്ട് വിവരങ്ങൾ 2017-18

ക്രമ നം	പദ്ധതിയുടെ പേര്	ഹെഡ് ഓഫ്അക്കൗണ്ട്	അനുവദിച്ച തുക	റിമാർക്സ്
1	പകർച്ചവ്യാധി നിയന്ത്രണവും പ്രതിരോധവും	2210-06-101-49	46,83,000	കീഴ്ഘടക സ്ഥാപനങ്ങളിലേക്ക് ഫണ്ട് വിഭജിച്ച് നൽകിയിട്ടുണ്ട്.
2	സമഗ്ര കാൻസർ നിയന്ത്രണ പദ്ധതി	2210-06-101-41	18,50,000	32 കീഴ്ഘടക സ്ഥാപനങ്ങളിലേക്ക് ഫണ്ട് വിഭജിച്ച് നൽകിയിട്ടുണ്ട് .
3	ഫിസിക്കൽ മെഡിസിൻ &റീഹാബിലിറ്റേഷൻ യൂണിറ്റ് & ലിംബ് ഫിറ്റിംഗ് യൂണിറ്റ്	2210-01-110-48	12,00,000	ജില്ലാ ആശുപത്രിയിലെ മാസ്റ്റർപ്ലാനുമായി ബന്ധപ്പെട്ട വർക്കുകൾ നടക്കുന്നതിനാൽ 7 ലക്ഷം രൂപ തിരിച്ചടച്ചു. ബാക്കി തുകക്കുള്ള ഉപകരണങ്ങളും സാമഗ്രികളും വാങ്ങിക്കുന്നതിന് അനുബന്ധ കമ്മിറ്റേഷൻ ക്ഷണിച്ചിട്ടുണ്ട്.
4	ജീവിതശൈലി രോഗം	2210-06-101-45	27,16,000	29 കീഴ്ഘടക സ്ഥാപനങ്ങളിലേക്ക് ഫണ്ട് വിഭജിച്ച് നൽകിയിട്ടുണ്ട് .
5	സാന്ത്വന പരിചരണം	2210-01-110-52	4,75,000	12 കീഴ്ഘടക സ്ഥാപനങ്ങളിലേക്ക് ഫണ്ട് വിഭജിച്ച് നൽകിയിട്ടുണ്ട് .
6	നഴ്സിംഗ് വിദ്യാഭ്യാസം	2210-05-105-89	13,18,435	ഫണ്ട് ജില്ലാ നഴ്സിംഗ് സ്കൂളിനു നൽകിയിട്ടുണ്ട്.
7	സ്കൂൾവിദ്യാർഥികളുടെ പോഷകാഹാര നിലവാര നിർണയവും സബ് സെന്റർ തലത്തിലുള്ള ജീവിതശൈലി രോഗ നിർണ്ണയവും	2210-06-200-97	3,30,000	11 കീഴ്ഘടക സ്ഥാപനങ്ങളിലേക്ക് ഫണ്ട്വിഭജിച്ച്നൽകിയിട്ടുണ്ട് .
8	ദന്താരോഗ്യ പരിപാലനം	2210-01-110-70	6,62,561	13 കീഴ്ഘടക സ്ഥാപനങ്ങളിലേക്ക് ഫണ്ട് വിഭജിച്ച് നൽകിയിട്ടുണ്ട് .
9	മെഡിക്കൽ റെക്കോർഡ് ലൈബ്രറി ശക്തിപ്പെടുത്തുന്നതിന്	2210-06-001-98	4,30,000	തുക കണ്ണൂർ ജില്ലാ ആശുപത്രി തലശ്ശേരി ജനറൽ ആശുപത്രി എന്നിവയ്ക്ക് വിഭജിച്ച് നൽകിയിട്ടുണ്ട്.
	ആകെ		**1,36,64,996**	

(അവലംബം-ജില്ലാ ആരോഗ്യവകുപ്പ്)

താഴെ പറയുന്ന പ്രവർത്തനങ്ങൾക്ക് കൂടുതൽ ഫണ്ട് ലഭ്യമാക്കണം.

- കേൻസർ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് ബോധവൽക്കരണത്തിന്
- കേൻസർ ക്യാമ്പുകൾ നന്നായി ആസൂത്രണം ചെയ്ത് നടത്തുന്നതിന്
- താലൂക്ക് തലത്തിൽ കേൻസർ ചികിത്സക്ക് ആവശ്യമായ സജ്ജീകരണങ്ങൾക്ക്
- താലൂക്ക് തലത്തിൽ NCD ക്ലിനിക്ക് ശക്തിപ്പെടുത്താൻ
- NCD സ്ക്രീനിംഗ് ക്യാമ്പുകൾ കൂടുതൽ നടത്താൻ
- NCD ഐ ഇ സി ആവശ്യങ്ങൾക്ക്
- NCD-സ്റ്റാഫ് പരിശീലനം
- ദന്താരോഗ്യ ബോധവൽക്കരണം
- നേത്രചികിത്സയ്ക്കാവശ്യമായ ആധുനിക ഉപകരണങ്ങൾ
- W&C ആശുപത്രിക്ക് ആവശ്യമായ പ്ലാൻഫണ്ട്
- ആശുപത്രികളോടനുബന്ധിച്ച് ഹെൽത്ത് ഫിറ്റ്നസ് സെന്ററുകൾ സ്ഥാപിക്കാൻ
- ഐ ഇ സി -മാസ്സ് മീഡിയ വിഭാഗത്തിന് ആവശ്യമായ ഫണ്ട്

ആയുർവേദം

ഭാരതീയ ചികിത്സാ വകുപ്പ് - കണ്ണൂർ പ്ലാൻപ്രൊജക്ട് ഡീറ്റെയിൽസ്

ക്രമനം	പദ്ധതിയുടെ പേര്	ഹോഡ് ഓഫ് അക്കൌണ്ട്	അനുവദിച്ച തുക	റിമാർക്സ്
1	ഋതു പദ്ധതി	2210-02-101-64	9,51,200	കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗേൾസ് ഹയർസെക്കണ്ടറി സ്കൂളിൽ പദ്ധതി നടപ്പിലാക്കുന്നു. വിദ്യാർത്ഥിനികളുടെ ശാരീരിക പ്രശ്നങ്ങൾപരിഹരിക്കപ്പെടുന്നതിന് ഈ പ്രൊജക്ടകൊണ്ട് ഉദ്ദേശിക്കുന്നു. 500ഓളം കുട്ടികൾക്ക് ടി പദ്ധതി പ്രകാരം വളരെയധികം പ്രയോജനപ്പെട്ടിട്ടുണ്ട്.
2	ജീവനി പദ്ധതി	2210-02-101-65	12,00,000	പദ്ധതി പയ്യന്നൂർ ഗവ. ആയുർവേദ ആശുപത്രിയിൽ നടപ്പിലാക്കുന്നു.
3	പുനർന്നവ പദ്ധതി	2210-02-101-65	12,25,000	ജില്ലാ ആയുർവേദ ആശുപത്രിയിൽ നടപ്പിലാക്കുന്നു. പക്ഷാഘാതം ഉള്ള രോഗികളുടെ ചികിത്സയ്ക്കായി ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നു.
4	കാഷ് ഡി.എ.എച്ച്. കണ്ണൂർ	2210-02-101-66	5,00,000	ജില്ലാ ആയുർവേദ ആശുപത്രിയിൽ നടപ്പിലാക്കുന്നു. സ്ഥാപനം കാഷ് നിലവാരത്തിൽ ഉയർത്തുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ടി തുക പ്രയോജനപ്പെടുത്തുന്നു.
5	മെഡിസിൻ സപ്ലൈ	2210-02-101-66	20,00,000	വകുപ്പിലെ എല്ലാ ആയുർവേദ ഡിസ്പെൻസറികൾക്കും പ്ലാൻഫണ്ട് പ്രകാരം സ്പെഷ്യൽമെഡിസിൻ സപ്ലൈ ചെയ്യുന്നു.
6	കൊട്ടിയൂർ മഹോത്സവം	2210-02-101-66	3,00,000	കൊട്ടിയൂർമഹോത്സവത്തിന്റെ ഭാഗമായി താൽക്കാലിക ഡിസ്പെൻസറിക്ക് ആവശ്യമായ മെഡിസിൻ വിതരണം ചെയ്യുന്നതിന് ടി തുക ഉപയോഗിക്കുന്നു.

7	എംപ്ലോയീസ് ട്രെയിനിംഗ്	2210-02-101-66	1,50,000	വകുപ്പിലെ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിന് ടി തുക ഉപയോഗിക്കുന്നു.
8	കരൾരോഗ മുക്തി	2210-02-101-66	2,90,000	ഡി.എ.എച്ച്. കണ്ണൂർ, ടി.എ.എച്ച്. തളിപ്പറമ്പ്, ജി.എ.എച്ച്. പയ്യന്നൂർ, എന്നീ സ്ഥാപനങ്ങളിൽടി പ്രൊജക്ട് നടപ്പിലാക്കുന്നു. കരൾരോഗ സംബന്ധമായ രോഗികളെ പരിചരിക്കുന്നു.
9	ആയുഷ്യം പദ്ധതി	2210-02-101-66	8,77,200	പരിയാരം ഗവ. ആയുർവേദ ആശുപത്രിയിൽ നടപ്പിലാക്കുന്നു. ജീവിതശൈലീ രോഗങ്ങളെ സംബന്ധിച്ച് ഈ പ്രൊജക്ട് നടപ്പിലാക്കുന്നു.
10	സ്നേഹധാര പദ്ധതി	2210-02-101-66	7,88,800	ജി.എ.ഡി. ശിവപുരം, ചിറക്കൽഎന്നീ സ്ഥാപനങ്ങളിൽനടപ്പിലാക്കുന്നു. കിടപ്പിലായ രോഗികളെ നേരിട്ട് സന്ദർശിച്ച് ആവശ്യമായ സേവനം നൽകുന്നു.
11	വൃദ്ധജന യൂണിറ്റ്	2210-02-101-66	6,50,000	ജില്ലാ ആയുർവേദ ആശുപത്രിയിൽ നടപ്പിലാക്കുന്നു. വൃദ്ധജനങ്ങളുടെ പരിചരണത്തിനായി പ്രത്യേക വാർഡ് പ്രകാരം പദ്ധതി നടപ്പിലാക്കുന്നു.
12	മാനസിക യൂണിറ്റ്	2210-02-101-66	8,50,000	ജില്ലാ ആയുർവേദ ആശുപത്രിയിൽ നടപ്പിലാക്കുന്നു. മാനസികാരോഗ്യം ആയുർവേദത്തിലൂടെ നൽകുന്നതിന് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നു.
13	കൗമാരഭൃത്യ യൂണിറ്റ്	2210-02-101-66	8,50,000	ജില്ലാ ആയുർവേദ ആശുപത്രിയിൽ നടപ്പിലാക്കുന്നു. കൌമാരപ്രായക്കാരായ കുട്ടികൾക്ക് വേണ്ടി പദ്ധതി നടപ്പിലാക്കുന്നു.
14	പ്രസൂതി തന്ത്ര യൂണിറ്റ്	2210-02-101-66	8,50,000	ജില്ലാ ആയുർവേദ ആശുപത്രിയിൽ നടപ്പിലാക്കുന്നു. സ്ത്രീരോഗ വിഭാഗത്തിനുവേണ്ടി പദ്ധതി നടപ്പിലാക്കുന്നു.
15	പഞ്ചകർമ യൂണിറ്റ് (പുതിയത്)	2210-02-101-66	4,40,800	ഇരിണാവ് ആയുർവേദ ആശുപത്രിയിൽ നടപ്പിലാക്കുന്നു. പദ്ധതികൊണ്ട് മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നു. പദ്ധതി പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽതെറാപ്പിസ്റ്റുമാരെ നിയമിച്ചിട്ടുണ്ട്.
16	തെറാപ്പിസ്റ്റ് റെമ്യൂണറേഷൻ	2210-02-101-66	16,63,200	ജില്ലാ ആയുർവേദ ആശുപത്രി, തളിപ്പറമ്പ് താലൂക്ക് ആശുപത്രി, തലശ്ശേരി ആയുർവേദ ആശുപത്രി എന്നിവിടങ്ങളിലെ പഞ്ചകർമ വിഭാഗത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽആയുർവേദ തെറാപ്പിസ്റ്റുമാരെ നിയമിച്ച് രോഗികൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നു.
17	യോഗ യൂണിറ്റ്	2210-02-101-66	4,29,000	ജില്ലാ ആയുർവേദ ആശുപത്രിയിൽ നടപ്പിലാക്കുന്നു. തെരഞ്ഞെടുക്കപ്പെട്ടവർക്ക് സൗജന്യമായി യോഗ ക്ലാസ് നൽകുന്നു.
18	സിദ്ധ യൂണിറ്റ്	2210-02-101-66	8,15,000	ജില്ലാ ആയുർവേദ ആശുപത്രിയിൽ നടപ്പിലാക്കുന്നു
19	സ്പെഷ്യൽ യൂണിറ്റ്	2210-02-101-74	15,75,000	ജില്ലാ ആയുർവേദ ആശുപത്രിയിൽ നടപ്പിലാക്കുന്നു. തലശ്ശേരി സായി, കണ്ണൂർവൊക്കേഷണൽഹയർസെക്കണ്ടറി സ്കൂൾ, ധർമശാല യൂണിവേഴ് സിറ്റിസെന്റർ എന്നിവിടങ്ങളിൽസബ് സെന്റർ പദ്ധതി പ്രകാരം നടപ്പിലാക്കുന്നു.

20	പകർച്ചവ്യാധി പ്രതിരോധം	2210-02-101-76	50,000	പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കുന്ന മെഡിക്കൽക്യാമ്പ് ചിലവിനങ്ങൾക്ക് തുക വിനിയോഗിക്കുന്നു.
21	ഡിസ്പെൻസറി നിലവാരം ഉയർത്തൽ	4210-02-103-94	1,04,50,000	മട്ടന്നൂർഗവ ആയുർവേദ ആശുപത്രി കെട്ടിടത്തിനായി തുക അനുവദിച്ചിരിക്കുന്നു.
22	ഫർണ്ണിച്ചർ വാങ്ങൽ	2210-02-101-66	5,15,942	തിരഞ്ഞെടുത്ത സ്ഥാപനങ്ങൾക്ക് ഫർണ്ണിച്ചർ വാങ്ങുന്നതിന് തുക വിനിയോഗിക്കുന്നു. സ്ഥാപനങ്ങൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് തുക വിനിയോഗിക്കുന്നു.
23	മെയിന്റനൻസ് വർക്ക്	2210-02-101-66	6,25,000	ജി.എ.ഡി. കീഴ്ചാവശ്ശേരി, ജി.എ.ഡി. ചിറക്കൽ, ജി.എ.എച്ച്. ഇരിണാവ് എന്നീ സ്ഥാപനങ്ങളിലെ മെയിന്റനൻസ് വർക്കിന് തുക അനുവദിച്ചിട്ടുണ്ട്. മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് തുക വിനിയോഗിക്കുന്നു.
24	മിഴി പദ്ധതി	നാഷണൽആയുഷ്മിഷന്	15,00,000	ജില്ലാ ആശുപത്രിയിൽകണ്ണ് രോഗ സംബന്ധമായി ചികിത്സ നടപ്പിലാക്കുന്നു.
25	ആയുഷ്ഗ്രാമം പദ്ധതി	നാഷണൽആയുഷ്മിഷന്	10,00,000	തിരഞ്ഞെടുത്ത വില്ലേജുകളിൽപദ്ധതി നടപ്പിലാക്കുന്നു. സ്കൂളുകളിൽഔഷധ കൃഷിത്തോട്ടം, യോഗ ക്ലാസ്, എന്നിവ ടി പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നു.

(അവലംബം-ആരോഗ്യവകുപ്പ്(ആയുർവേദം))

ഹോമിയോ

2017—2018ൽ കണ്ണൂർ ജില്ലാമെഡിക്കൽ ഓഫീസർക്ക് അനുവദിച്ച പ്ലാൻ പ്രൊജക്ട്ഫണ്ട്

പ്രൊജക്ട്	ഹെഡ് ഓഫ്അക്കൗണ്ട്	തുക
കമ്പ്യൂട്ടർ പെരിഫറൻസ്, എ.എം.സി	2210-02-102-75-99-00	2,20,000/-
മോഡൽ ഡിസ്പെൻസറി	2210-02-102-75-34-03	1,50,000/-
നിലവിലുള്ളമോഡൽ ഡിസ്പെൻസറിയുടെപ്രവർത്തനം	2210-02-102-75-34-03	50,000/-
ജില്ലയിലെ ഒരാശുപത്രിയുടെ നവീകരണം	2210-02-102-75-00-24-00	10,00,000/-
ലാബിലേക്ക് റീ ഏജൻസി വാങ്ങൽ	2210-02-102-75-34-03	1,00,000/-
വാഹനസൗകര്യം	2210-02-102-75-00-34-03	3,60,000/-
റീജിയൻ മെഡിക്കൽ സ്റ്റോർ	2210-02-102-75-00-34-03	20,66,000/-
ഹോമിയോപ്പതി സ്ഥാപനങ്ങളുടെ നിർമാണം, അറ്റകുറ്റപണി	2210-02-102-75-00-17-00	28,00,000/-
റീച്ച്ആക്ടിവിറ്റീസ്	2210-02-102-74-00-34-00	2,00,000/-
സദ്ഗമയ	2210-02-102-74-00-34-00	3,50,000/-
അമ്മയുംകുഞ്ഞുംപദ്ധതി	2210-02-102-75-00-34-00	2,66,000/-

സീതാലയം	2210-02-102-74-00-34-00	12,52.070/-
പെയിൻ ആന്റ് പാലിയേറ്റീവ് കെയർ	2210-02-102-74-00-34-00	4,05,000/-
ആയുഷ്ഹോളിസ്റ്റിക്ക് സെന്റർ	2210-02-102-74-00-34-00	12,40,000/-
സി.എം.ഇ.	2210-02-102-74-00-34-00	1,50,000/-
ഐ.ഇ.സിആക്ടിവിറ്റീസ്	2210-02-102-74-00-34-00	50,000/-
ആകെ		**1,06,59,070/-**

(അവലംബം-ആരോഗ്യവകുപ്പ് (ഹോമിയോ))

5.2 (ബി) കുടിവെള്ളം

കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികൾ വഴി കണ്ണൂർ ജില്ലയിൽ നടപ്പിലാക്കുന്ന പ്രധാന കുടിവെള്ള പദ്ധതികൾ

ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി (National Rural Drinking Water programme- NRDWP)

കുടിവെള്ള മേഖലയിൽ നിലവിലുള്ള പ്രധാന പദ്ധതിയാണ് ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി (National Rural Drinking Water programme-NRDWP). മുൻപ് ഈ മേഖലയിൽ നിലവിലുണ്ടായിരുന്ന മൂന്ന് പ്രധാന പദ്ധതികളായ ത്വരിത ഗ്രാമീണ കുടിവെള്ള വിതരണ പദ്ധതി Accelerated Rural Water Supply Programme-ARWSP), സ്വജൽധാര, ഗുണനിലവാര നിർണയ പരിപാടിയായ National Rural Water Quality Monitoring & Surveillance എന്നിവയുടെ സംയോജിത രൂപമാണ് NRDWP.

NRDWP യുടെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

1) പ്രതിദിനം ആളോഹരി 40 ലിറ്റർ കുടിവെള്ള വിതരണം
2) 250 ആളുകൾക്ക് ഒരു ഹാന്റ് പമ്പ് അല്ലെങ്കിൽ ഒരു പൊതുവിതരണ ടാപ്പ്
3) ജനവാസമേഖലയിൽ തന്നെയോ/സമതല പ്രദേശങ്ങളിൽ 1.6 കി.മീറ്ററിനുള്ളിലോ ആയിരിക്കണം ജലസ്രോതസ്സെന്ന് NRDWP നിഷ്കർഷിക്കുന്നു.

NRDWPപദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ പുരോഗമിക്കുന്ന പ്രവൃത്തികളുടെ വിവരം ഇതോടൊപ്പം ചേർക്കുന്നു.

SI.NO	NAME OF SCHEME	CONSTITUENCY
1	WSS TO ERAMAM KUTTOOR	PAYYANUR
2	NRDWP-WSS TO KOTTOYOOR, KELEKAM AND KANICHAR VILLAGES-PHASE I IN IRITTY TALUK OF KANNUR DISTRICT	PERAVOOR
3	10 ARWSS - NRDWP - 19TH SLSSC - 2013 - CARWSS TO IRIKKUR AND ADJOINING VILLAGES - ADDITIONAL COVERAGE TO MALAPPATTAM, SREEKANDAPURAM, KALLIAD AND NUCHIAD VILLAGES.	TALIPARAMBA / IRIKKUR
4	10 ARWSS - NRDWP - 19TH SLSSC - 2013 - ENHANCEMENT COVERAGE IN RURAL AREAS (KOLACHERY, NARATH, MAYYIL, KUTTIATTUR KOODALI, MUNDERI AND KEEZHALLUR PTS.) BY REPLACING OF 500/450/350 MM DIA PREMO/ AC PORTION OF TRANSMISSIN OF KOLACHERY WSS WITH DI PIPES	MATTANUR, TALIPARAMBA, KANNUR, AZHIKODE
5	NRDWP-20TH SLSSC 2014 - WATER SUPPLY SCHEME TO ANJARAKKANDY, PERALASSERY AND ADJOINING PANCHAYATHS IN KANNUR DIST. - ADDITIONAL COVERAGE - LAYING DISTRIBUTION LINE	DHARMADAM , KANNUR, THALASSERY
6	:ARWSS TO TRIPPRANGOTTUR - BALANCE DISTRIBUTION SYSTEM	KUTHUPARAMBA

UIDSSMT (Urban Infrastructural Development Scheme for Small & Medium Town) പദ്ധതി

ചെറുതോ, ഇടത്തരം വലുപ്പമുള്ളതോ ആയ നഗരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായുള്ള UIDSSMT പദ്ധതിയിൽ ഉൾപ്പെടുത്തിയും കണ്ണൂർ ജില്ലയിൽ കുടിവെള്ള പദ്ധതികളുടെ പ്രവൃത്തികൾ നടന്നു വരുന്നുണ്ട്.

ദേശീയ പൊതു മിനിമം പരിപാടിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങളിലൊന്നായിരുന്ന നഗര പുനരുദ്ധാരണത്തിനായി 2005 ഡിസംബർ മൂന്നാം തീയ്യതി ആരംഭിച്ച പദ്ധതിയാണ് ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരുദ്ധാരണ പദ്ധതി (Jawaharlal Nehru National Urban Renewal Mission– JNNURM). പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നതാണ് UIDSSMT.

ഇത്തരം പദ്ധതികളിൽ മൊത്തം തുകയുടെ 80 ശതമാനം കേന്ദ്ര സർക്കാരും 10 ശതമാനം സംസ്ഥാന സർക്കാരും 10 ശതമാനം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വഹിക്കുന്നു.

കുടിവെള്ള മേഖലയിൽ ജില്ലയിൽ UIDSSMTപദ്ധതിയിൽ ഉൾപ്പെടുത്തി തലശ്ശേരിയിൽ 20.04 ലക്ഷം രൂപയുടെയും, പയ്യന്നൂരിൽ 40.19ലക്ഷം രൂപയുടെയും പദ്ധതികൾ പുരോഗമിക്കുന്നു.

1971 ൽ കമ്മീഷൻ ചെയ്ത 36 ദശലക്ഷം ലിറ്റർ ശേഷിയുള്ള തലശ്ശേരി കുടിവെള്ള പദ്ധതിയുടെ മൈലാടി ജല ശുദ്ധീകരണശാലയിലെ സംഭരണി മുതൽ തലശ്ശേരിയിലെ കൊടുവള്ളി സംഭരണിവരെയുള്ള പൈപ്പ് ലൈൻ UIDSSMT ൽ ഉൾപ്പെടുത്തി മാറ്റി സ്ഥാപിച്ചിട്ടുണ്ട്.

AMRUTപദ്ധതി

നഗരങ്ങളിലെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായുള്ള മിഷൻ പദ്ധതിയായ AMRUT പദ്ധതിയിൽ ഉൾപ്പെടുത്തിയും ജില്ലയിൽ കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം നടന്നു വരുന്നു. പ്രസ്തുത പദ്ധതിയിൽ ജനസംഖ്യ 10 ലക്ഷത്തിൽ ചുവടെയുള്ള നഗരങ്ങളിലെ പ്രവർത്തികൾക്ക് 50ശതമാനം തുക കേന്ദ്രഗവൺമെന്റ് സഹായമായി ലഭിക്കുന്നു.

കണ്ണൂർ കുടിവെള്ള പദ്ധതി (വിപുലീകരണം)

കണ്ണൂർ കോർപറേഷൻ, ചിറക്കൽ, അഴീക്കോട്, വളപട്ടണം എന്നീ പഞ്ചായത്തുകൾക്കായുള്ള പദ്ധതിയാണിത്. 30 ദശലക്ഷം ലിറ്റർ (MLD) പ്രതിദിന ശേഷിയുള്ള ഈ കുടിവെള്ള പദ്ധതി 1971ൽ കമ്മീഷൻ ചെയ്തതാണ്. ഇതിന്റെ സോത്രസ്സ് പഴശ്ശിപദ്ധതിയാണ്. കണ്ണൂർ കോർപറേഷൻ ആയതോടെ സമീപ പഞ്ചായത്തുകൾ ഇതോടൊപ്പം ചേർക്കുകയുണ്ടായി. എന്നാൽ കുടിവെള്ള വിതരണം കാര്യക്ഷമമാക്കാൻ ശേഷി വർദ്ധിപ്പിക്കുകയും വിതരണശൃംഖല സ്ഥാപിക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്. ഇതിനായുള്ള പദ്ധതിവികസനമാണ് അമൃത്പദ്ധതിയിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

കിഫ്ബി പദ്ധതി (മട്ടന്നൂർ, ഇരിട്ടി മുൻസിപ്പാലിറ്റികൾക്കുള്ള കുടിവെള്ളപദ്ധതി (പ്രവൃത്തി ആരംഭിച്ചു)

മട്ടന്നൂർ മുൻസിപ്പാലിറ്റി, ഇരിട്ടി മുൻസിപ്പാലിറ്റി എന്നിവയ്ക്ക് പൂർണതോതിലും കൊളച്ചേരി കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുന്ന പഞ്ചായത്തുകളായ കീഴല്ലൂർ, കൊളച്ചേരി, നാറാത്ത്, മുണ്ടേരി, കുറ്റ്യാട്ടൂർ, കൂടാളി, മയ്യിൽ എന്നീ പഞ്ചായത്തുകൾക്കും ആവശ്യമായ ജലലഭ്യത ഉറപ്പുവരുത്തുകയും, കൂടാതെ മാലൂർ പഞ്ചായത്തിനും തില്ലങ്കേരി പഞ്ചായത്തിനും പായം പഞ്ചായത്തിനും ആവശ്യമായ ജലം ശുദ്ധീകരണശാലവരെ എത്തിക്കുകയും ചെയ്യുന്ന പ്രവൃത്തിയാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. കിഫ്ബി സ്കീമിൽ ഉൾപ്പെടുത്തി ഇതിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

കോട്ടയം കുടിവെള്ളപദ്ധതി (പ്രവൃത്തി ആരംഭിച്ചു)

15 MLD ശേഷിയുള്ള പദ്ധതിയായ കുത്തുപറമ്പ്–കോട്ടയം–പാട്യം കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള കോട്ടയം പഞ്ചായത്തിൽ കുടിവെള്ള വിതരണം നടത്തുന്നതിനാവശ്യമായ വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയാണിത്. കോട്ടയം പഞ്ചായത്തിൽ പഴയ റൂറൽ സ്കീമിലുണ്ടായിരുന്ന പൈപ്പുകൾ മാറ്റി അനുയോജ്യമായ പുതിയ പൈപ്പുകൾ സ്ഥാപിക്കുക വഴി ഈ പഞ്ചായത്തിൽ പൂർണതോതിൽ കുടിവെള്ളമെത്തിക്കാൻ സാധിക്കുന്നതാണ്. 100 ലിറ്ററാണ് പ്രതിശീർഷ ഉപഭോഗം കണക്കാക്കിയിട്ടുള്ളത്. കേരള സർക്കാരിന്റെ കിഫ്ബിയിൽപ്പെടുത്തിയാണ് പ്രവൃത്തികൾ നടത്തുന്നത്.

ധർമ്മടം കുടിവെള്ള പദ്ധതി (പ്രവൃത്തി ആരംഭിച്ചു)

ധർമടം പഞ്ചായത്തിലേക്ക് നിലവിലുള്ള തലശ്ശേരി കുടിവെള്ള പദ്ധതിയിൽ നിന്നും ആവശ്യത്തിന് ജലമെത്തിക്കുന്ന പദ്ധതിയാണ് ധർമടം കുടിവെള്ളപദ്ധതി. ഗവൺമെന്റ് ബ്രണ്ണൻകോളേജ് ക്യാമ്പസിൽ 13ലക്ഷം ലിറ്റർ ശേഷിയുള്ള ജലസംഭരണി സ്ഥാപിച്ച് മൂന്നു മേഖലകളാക്കിതിരിച്ചുകൊണ്ട് കുടിവെള്ള ശൃംഖല വ്യാപിപ്പിക്കുന്ന പ്രവൃത്തിയാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. പ്രവൃത്തി പൂർത്തിയാകുന്നതോടെ പഞ്ചായത്തിൽ പൂർണതോതിൽ കുടിവെള്ളവിതരണം സാധ്യമാകുന്നതാണ്. കിഫ്ബി സ്കീമിൽ ഉൾപ്പെട്ട ഈ പദ്ധതിയുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ (പട്ടുവത്തിനും സമീപ പ്രദേശങ്ങൾക്കുമുള്ള കുടിവെള്ളപദ്ധതി – (പ്രവൃത്തി ആരംഭിച്ചു)

പട്ടുവത്തിനും സമീപപ്രദേശങ്ങൾക്കുമുള്ള കുടിവെള്ള പദ്ധതി 90MLD ശേഷിയുള്ളതും 4 മുൻസിപ്പാലിറ്റികളും 14 പഞ്ചായത്തുകളും ഉൾപ്പെടുന്നതുമാണ്. 2011ൽ കമ്മീഷൻ ചെയ്ത ഈ പദ്ധതിയുടെ പൂർണശേഷി ഉപയോഗപ്പെടണമെങ്കിൽ കൂടുതൽ വിതരണശൃംഖല വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു. ആയതിനാൽ നബാർഡിന്റെ സഹായത്തോടെയും, സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തിക്കൊണ്ടും പദ്ധതി വികസിപ്പിക്കുവാനുള്ള പ്രവൃത്തികൾക്ക് രൂപം നൽകുകയും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

പയ്യാവൂർ–ഏരുവേശ്ശി പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ളപദ്ധതി :– (ഭരണാനുമതി ലഭിച്ചത്)

പയ്യാവൂർ, എരുവേശ്ശേരി പഞ്ചായത്തുകൾക്കായി ശ്രീകണ്ഠപുരം പുഴ സ്രോതസ്സായിക്കൊണ്ട് തയ്യാറാക്കിയ ഈ പദ്ധതിയുടെ ശേഷി 11 MLDയാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 42,000 പേർക്ക് പ്രയോജനം ലഭിക്കുന്ന ഈ പദ്ധതി നബാർഡിന്റെ സഹായത്തോടെയാണ് നടപ്പാക്കുന്നത്.

ർബൻമിഷൻ, അമൃത്പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ കുടിവെള്ളമേഖലയിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ താഴെ പറയുന്നവയാണ്.

അമൃത്

	ULB	KWA Circle	KWA Dn	Name of Projects	SAAP	COST (Cr) (Rupees)
				WATER SUPPLY SECTOR		
1	KANNUR	PH CIRCLE KANNUR		Laying Gravity Main from JICA project at Mangattuparamba to Pallikunnu OHSR for Pallikkunnu & Puzhathi Villages.	15–16	23.50
2				Construction of 24LL OHSR at Pallikkunnu for Pallikkunnu & Puzhathi Villages.	15–16	4.05

3				Rehabilitation of existing old distribution network, valves, house service connection and inter–connections with existing lines and providing flow meters etc., including road reformation charges–Phase II at Pallikkunnu.	15–16	15.00
4				Construction of 14L Ltrs OHSR at Thottada – Edakkad zone III.	16–17	3.00
5				Laying of gravity main from water supply to Kannur at Melechowa to sump at Avera to OHSR at Thottada.	16–17	6.80
6				Rehabiltation of existing old distribution network valves, house connections and interconnections at Puzhathi zone.	16–17	16.90
7				Enhancing capacity of treatment plant from 30 MLD to 40 MLD including modernisation of existing treatment plant.	16–17	7.80
8				Increasing the capacity of Raw water Pump sets at Intake and Booster station including electrical installations	17–18	1.25
9				**Laying new distribution line 385km and providing new service connection.**	17–18	16.77
a)				Supplying and laying new distribution line in **Puzhathi and Pallikkunnu area,** providing house service connection and interconnection with existing line.		3.77
b)				Supplying and laying new distribution line in **Elayavoor area,** providing house service connection and interconnection with existing line.		8.00

c)				Supplying and laying new distribution line in **Edakkad area,** providing house service connection and interconnection with existing line.		
10				Rehabilitation of existing old distribution network, valves, house service connection and interconnections with existing lines and providing flow meters etc., including road reformation charges (PWD/ NH/ Corporation)	17-18	20.00
a)				Rehabilitation of existing old distribution network, valves, house service connection and inter-connections with existing lines and providing flow meters etc., including road reformation charges (PWD/NH/Corporation): **Elayavoor**		11.35
b)				Rehabilitation of existing old distribution network, valves, house service connection and inter-connections with existing lines and providing flow meters etc., including road reformation charges (PWD/NH/Corporation): **Edakkad**		

കേന്ദ്ര സംസ്ഥാന പദ്ധതികളുടെ നേട്ടം

പ്രധാന കേന്ദ്ര സംസ്ഥാന കുടിവെള്ള പദ്ധതികൾ വഴി 8,50,000 പേർക്കും ചെറുപദ്ധതികൾ വഴി 1,92,000 പേർക്കും കുടിവെള്ള വിതരണം സാധ്യമാകുന്നുണ്ട്. അത്തരത്തിൽ ജില്ലയിലെ മൊത്തം ജനസംഖ്യയുടെ 40% പേർക്കു നിലവിലുള്ള കേന്ദ്ര സംസ്ഥാന പദ്ധതികളിലൂടെ കുടിവെള്ളം ലഭ്യമാകുന്നുണ്ട്.

കേന്ദ്ര സംസ്ഥാന പദ്ധതികളുടെ പോരായ്മ

ദേശീയ ഗ്രാമീണകുടിവെള്ള പദ്ധതി (National Rural Drinking Water programme- NRDWP) പോലെയുള്ള പ്രധാന കുടിവെള്ള പദ്ധതികൾ 40 ലിറ്റർ പ്രതിദിന ആളോഹരി ഉപയോഗം ലക്ഷ്യമിട്ടുള്ളതാണ്. 100 ലിറ്റർ പഞ്ചായത്ത് തലത്തിലും 150 ലിറ്റർ മുൻസിപ്പാലിറ്റി തലത്തിലും ആളോഹരി പ്രതിദിന ഉപയോഗം ഉറപ്പവരുത്തുവാൻ കുടിവെള്ള പദ്ധതികൾ വിഭാവനം ചെയ്യേണ്ടതാണ്. കുടിവെള്ള പദ്ധതികൾക്ക് ആവശ്യമായ സ്ഥലം സമയബന്ധിതമായി ലഭിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമെ പദ്ധതിയുടെ ലക്ഷ്യം സമയബബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ.

5.2 (സി) ശുചിത്വം

കേന്ദ്രാവിഷ്കൃതം (സ്വച്ഛ്ഭാരത് മിഷൻ)

എല്ലാ ഗ്രാമങ്ങളിലേയും ശുചിത്വ സൗകര്യങ്ങൾ പൂർണമാക്കി സ്വച്ഛ് ഭാരത് എന്ന നേട്ടം കൈവരിക്കുന്നതിന് 2014 ഒക്ടോബർ 2ന് ആരംഭിച്ച പദ്ധതിയാണ് സ്വച്ഛ് ഭാരത് മിഷൻ. ബോധവൽക്കരണം, ആരോഗ്യവിദ്യാഭ്യാസം എന്നീ പ്രവർത്തനങ്ങളിലൂടെ സമൂഹത്തെയും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളേയും പ്രോത്സാഹിപ്പിച്ച് പരിസ്ഥിതി സൗഹൃദവും സുരക്ഷിതവുമായ ശുചിത്വ സൗകര്യങ്ങൾക്കും അനുയോജ്യ സാങ്കേതിക വിദ്യകൾക്കും പ്രോത്സാഹനം നൽകുകയാണ് ഇതിന്റെ ലക്ഷ്യം. സ്വച്ഛ് ഭാരത് മിഷൻപ്രകാരം വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് വകയിരുത്തൽ ചുവടെ പറയും പ്രകാരമാണ്.

ക്രമ നം	ഘടകം	യൂണിറ്റ് കോസ്റ്റ്	ധന സ്രോതസ്സ്		
			കേന്ദ്രം	സംസ്ഥാനം	ഗുണഭോക്താവ്
1	ഐ.ഇ.സി., ശേഷി വികസനം		60%	40%	
2	ഗാർഹിക കക്കൂസ്	15400	12000	3400	
3	പബ്ലിക് ടോയിലറ്റ്	200000	60%	30%	10%
4	ഖര-ദ്രവ മാലിന്യ സംസ്കരണം	ഓരോ മാലിന്യ സംസ്കരണ സംവിധാനത്തിനും സംസ്ഥാന സർക്കാർ അതാത് സമയത്തു നിശ്ചയിക്കുന്ന യൂണിറ്റ് കോസ്റ്റ്	50%	0	50%

2017-18 വർഷത്തിൽ ജില്ലയിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളും സ്വച്ഛ് ഭാരത് മിഷൻ(ഗ്രാമീൺ) ഫണ്ട് 20 ലക്ഷം ഉപയോഗപ്പെടുത്തി ഖരദ്രവമാലിന്യ സംസ്കരണത്തിനു വേണ്ടി പ്രൊജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. പ്രൊജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിലും, ജില്ലാതലത്തിലും ഹരിതകേരള മിഷന്റെ ഭാഗമായി മോണിറ്ററിംഗ് സമിതി രൂപീകരിച്ച് പദ്ധതികൾ വിലയിരുത്തിവരുന്നു. 10% പദ്ധതി വിഹിതം നിർബന്ധമായും ഹരിതകേരളമിഷനുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് വകയിരുത്തണമെന്ന സർക്കാർ നിർദേശം ശുചിത്വ മേഖലയിൽ വൻ മുന്നേറ്റമാണ് ജില്ലയിൽ ഉണ്ടാക്കിയിരിക്കുന്നത്.

സംസ്ഥാനാവിഷ്കൃത പദ്ധതി (ഹരിതകേരള മിഷൻ)

2016-17 വാർഷിക പദ്ധതി മുതൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിന്റെ 10% ശുചിത്വപദ്ധതികൾക്ക് വകയിരുത്തണമെന്ന ഗവൺമെന്റ് നിർദേശം ഈ മേഘലയിൽ വൻ മാറ്റമാണ് സൃഷ്ടിച്ചത്. എന്നാൽ ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഹരിതകേള മിഷൻ ആശയം പൂർണമായും ഉൾക്കൊള്ളാതെ പ്രൊജക്ടുകൾ തയ്യാറാക്കിയത് പോരായ്മയായി കാണുന്നു. ജൈവ മാലിന്യ പരിപാലനത്തിന് ഗാർഹിക കമ്പോസ്റ്റ് സംവിധാനം ഒരുക്കുന്നതിനാണ് ഭൂരിഭാഗം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും 10% പദ്ധതി വിഹിതം വകയിരുത്തിയിട്ടുള്ളത്.

5.2 (ഡി) പാർപ്പിടം, സാമൂഹ്യക്ഷേമം സാമൂഹ്യ സുരക്ഷിതത്വം

പാർപ്പിടം

കേന്ദ്രാവിഷ്കൃത പദ്ധതികൾ

ഐ.എ.വൈ.

മുൻവർഷങ്ങളിൽ കേന്ദ്ര സംസ്ഥാന പദ്ധതികൾ പ്രകാരം ഭവന നിർമാണരംഗത്ത് വമ്പിച്ച മുന്നേറ്റം കൈവരിക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് രണ്ട് ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിന് മൂന്ന് ലക്ഷം രൂപയും പട്ടികവർഗം വിഭാഗത്തിന് മൂന്നര ലക്ഷം രൂപയും ഐ.എ.വൈ. പദ്ധതിയിലൂടെ നൽകി വന്നിരുന്നു. കഴിഞ്ഞ വർഷങ്ങളിൽ ഐ.എ.വൈ. പദ്ധതി പ്രകാരം പൂർത്തിയാക്കിയ വീടുകളുടെ എണ്ണം താഴെപ്പറയുന്നു. ബാക്കി വീടുകൾ നിർമാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

വർഷം	അനുവദിച്ചത്	പൂർത്തീകരിച്ചത്	ബാക്കി
2011–12	879	776	103
2012–13	937	908	29
2013–14	2897	2783	296
2014–15	3559	3263	296
2015–16	3645	3128	517
ആകെ	**11917**	**10808**	**1109**

പി.എം.എ.വൈ. (ജി)

2016–17 വർഷത്തിൽ കേന്ദ്ര സർക്കാർ പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതിപ്രകാരം 2132 വീടുകൾ ജില്ലയ്ക്ക് അനുവദിച്ചെങ്കിലും 619 വീടുകൾ മാത്രമേ ഭവന നിർമാണം തുടങ്ങുവാൻ സാധിച്ചിട്ടുള്ളൂ. ഇതിൽ 247 എണ്ണമാണ് നാളിതുവരെ പൂർത്തിയായത്.

2011 ൽ നടത്തിയ സെക്ക് സർവെയുടെ (Socio Economic Caste Census) അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ കേന്ദ്ര ഗ്രാമവികസന മന്ത്രാലയം തന്നെ അനുവദിച്ചു നൽകുകയായിരുന്നു. നാല് വർഷം മുമ്പ് നടത്തിയ സർവെ ആയതിനാൽ പ്രസ്തുത ഗുണഭോക്തൃ ലിസ്റ്റും ടാർജറ്റും ആവശ്യാധിഷ്ഠിതമല്ല. അർഹതയുള്ള കുടുംബങ്ങൾ പുറത്തും അനർഹർ സെക്ക് പട്ടികയിലും കടന്നുകൂടിയിട്ടുള്ള സ്ഥിതി വിശേഷമാണ് നിലവിലുള്ളത്.

പി.എം.എ.വൈ. (അർബൻ)

നഗര പ്രദേശങ്ങളിലെ ഭവനരഹിതർക്കായി നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന (അർബൻ). ഗുണഭോക്താക്കൾക്ക് ബേങ്ക് മുഖേന വായ്പ നൽകുകയും സബ്സിഡിയായി കേന്ദ്ര വിഹിതം അനുവദിക്കുകയുമാണ് ചെയ്യുന്നത്. 2,67,000 രൂപ വരെയാണ് പരമാവധി സബ്സിഡി ഇക അനുവദിക്കുക.

സംസ്ഥാനാവിഷ്കൃത പദ്ധതികൾ

പട്ടികജാതി വികസന വകുപ്പ് മുഖേനയുള്ള ഭവന പദ്ധതി

1. ഭൂരഹിത പുനരധിവാസ പദ്ധതി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായ കുടുംബങ്ങൾക്ക് ഗ്രാമപ്രദേശത്ത് കുറഞ്ഞത് 5 സെന്റ് ഭൂമിയും, മുൻസിപ്പൽ കോർപറേഷൻ പ്രദേശത്ത് കുറഞ്ഞത് 3 സെന്റ് ഭൂമിയും വാങ്ങുതിന് ഗ്രാമ/മുൻസിപ്പൽ കോർപറേഷനുകളിൽ യഥാക്രമം 3,75,000, 4,50,000, 6,00,000 രൂപ ഗ്രാന്റായി അനുവദിക്കുന്നുണ്ട്.

2. ഭവന നിർമാണ ധനസഹായം

2015–16 സാമ്പത്തിക വർഷം മുതൽ 3,00,000 രൂപ ഭവന നിർമാണ ധനസഹായമായി നൽകുന്നു. 45,000, 90,000, 1,20,000, 45,000 എന്നിങ്ങനെ 4 ഗഡുക്കളായി നിർമാണ പുരോഗതിക്കനുസരിച്ച് ഇക ഓൺലൈനായി ബാങ്ക് വഴി വിതരണം ചെയ്യുന്നു.

3. ദുർബല വിഭാഗങ്ങൾക്കുള്ള പ്രത്യേക പുനരധിവാസ പദ്ധതി

50,000 രൂപയിൽ താഴെ വരുമാനമുള്ള ഭൂരഹിത ഭവനരഹിതരായ വേടൻ, നായാടി, ചക്ലിയ, അരുന്ധതിയാർ, കള്ളാടി എന്നീ ദുർബല സമുദായങ്ങൾക്ക് ഭൂമി വാങ്ങി വീട് വയ്ക്കുന്നതിനുള്ള പ്രത്യേക പദ്ധതി.

4. ഭവന പുനരുദ്ധാരണം/അഡീഷണൽ റൂം ധനസഹായ പദ്ധതി

ഭവന നിർമാണത്തിന് സർക്കാരിൽ നിന്ന് മുൻപ് ധനസഹായം കൈപ്പറ്റിയിട്ടുള്ളവരും എന്നാൽ ക്ഷയോന്മുഖമായ ഭവനത്തിൽ (5 വർഷത്തിനും 25 വർഷത്തിനും ഇടയിൽ പഴക്കമുള്ളവ) താമസിക്കുന്നവരുമായ പട്ടികജാതി കുടുംബത്തിന് ഭവന പുനരുദ്ധാരണത്തിനും പുതുതായി ഒരു മുറി കൂടി നിർമിക്കുന്നതിനും ധനസഹായം നൽകുന്നു.

നിലവിലുള്ള അവസ്ഥ

പട്ടികജാതി വികസന വകുപ്പും, വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങളും നടത്തിവന്ന നിരന്തര പ്രവർത്തനങ്ങളുടെ ഫലമായി ഭവനരഹിതരായ പട്ടികജാതിക്കാരുടെ എണ്ണത്തിൽ കാര്യമായ കുറവ് വന്നിട്ടുണ്ട്. ഭവനരഹിതരായ ആകെ കുടുംബങ്ങളുടെ എണ്ണം 736 ആണ് ജില്ലയിലെ പൂർത്തിയാകാത്ത ഭവനങ്ങളുടെ എണ്ണം 812 ആണ്. മുൻവർഷങ്ങളിൽ വിവിധ ഏജൻസികൾ മുഖേന ഭവന നിർമാണ ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ വലിയൊരു വിഭാഗം കുടുംബങ്ങൾ നിർമാണ പ്രവൃത്തി പൂർത്തീകരിച്ചില്ല. നിർമാണ സാമഗ്രികളുടെ ക്രമാതീതമായ വിലവർദ്ധനവും കൂലിച്ചെലവിലുണ്ടായ വർദ്ധനവും കാരണം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കില്ല. ഗതാഗത സൗകര്യങ്ങളില്ലാത്തിനാൽ നിർമാണ സ്ഥലത്തേയ്ക്ക് നിർമാണ സാമഗ്രികൾ എത്തിക്കുന്നതിന് ഭീമമായ തുക ചെലവഴിക്കേണ്ടിവരുന്നു.

ത്വരിത നഗരവൽക്കരണം കാരണം ഭൂമി വിലയിലുണ്ടായ വർദ്ധനവ് പട്ടികജാതിക്കാർക്ക് വാസയോഗ്യമായ സ്ഥലം കണ്ടെത്തുന്നതിന് തടസ്സം സൃഷ്ടിക്കുന്നു. പട്ടികജാതിക്കാർ പാരമ്പര്യമായി ലഭിച്ചിട്ടുള്ള സ്ഥലങ്ങൾ കൂടുതലും വെള്ളക്കെട്ടുള്ള പ്രദേശങ്ങളോ ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളോ ആണ്.

സമ്പൂർണ ശുചിത്വം ലക്ഷ്യമാക്കി കേന്ദ്രസംസ്ഥാന സർക്കാരുകൾ, ആവിഷ്കരിച്ച പദ്ധതികൾ ഒട്ടൊക്കെ ഫലപ്രദമായി നടപ്പിലാക്കിയത് കാരണം ഈ രംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങൾ സമീപകാലത്ത് കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ഈ മേഖലയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും മാതൃകാപരമാണ്. ബഹുഭൂരിപക്ഷം വീടുകളിലും ഉപയോഗയോഗ്യമായ ടോയിലറ്റ് നിലവിലുണ്ട്. എന്നാൽ സങ്കേതങ്ങളിൽ ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം നിലവിലില്ല എന്നത് പ്രധാന പോരായ്മയാണ്. സങ്കേതങ്ങളിലെ സ്ഥല ദൗർലഭ്യം ഇതിന് പ്രധാന കാരണമാണ്. വീടുകളിൽ അജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ അപര്യാപ്തത നിഴലിക്കുന്നുണ്ട്.

2016– 17 വർഷം വകുപ്പ് അനുവദിച്ച വീടുകളുടെ വിവരം (ബ്ലോക്ക് തലത്തിൽ)

ക്രമ നമ്പർ	ബ്ലോക്ക്	അനുവദിച്ചത്
1	എടക്കാട്	46
2	ഇരിക്കൂർ	59
3	കല്ല്യാശ്ശേരി	46
4	കണ്ണൂർ	75
5	പാനൂർ	21
6	പയ്യന്നൂർ	68
7	തളിപ്പറമ്പ്	76
ആകെ		391

പട്ടികവർഗ വികസന വകുപ്പ മുഖേനയുള്ള ഭവന പദ്ധതി

2015-16, 2016-17 സാമ്പത്തിക വർഷം 777 കുടുംബങ്ങൾക്ക് ത്രിതല പഞ്ചായത്തുകൾ മുഖേനയും പട്ടികവർഗ വികസന വകുപ്പ് മുഖേനയും വീടുകൾ അനുവദിച്ചിട്ടുണ്ട്.

കഴിഞ്ഞ 2 വർഷം ബ്ലോക്ക് പഞ്ചായത്ത് മുഖേന അനുവദിച്ച വീടുകളുടെ വിവരങ്ങൾ.

ക്രമ നമ്പർ	പഞ്ചായത്തിന്റെ പേര്	2015-16 വർഷം അനുവദിച്ച വീടകളുടെ എണ്ണം	നിർമാണം പൂർത്തിയാക്കിയ വീടുകൾ	2016-17 വർഷം അനുവദിച്ച വീടുകൾ	നിർമാണം പൂർത്തീകരിച്ച വീടുകളുടെ എണ്ണം
1	ഇരിക്കൂർ	90	64	3	1
2	ഇരിട്ടി	48	36	1	-
3	കൂത്തുപറമ്പ്	52	36	1	-
4	പയ്യന്നൂർ	47	31	2	1
5	പേരാവൂർ	67	28	6	1
6	തളിപ്പറമ്പ്	81	63	8	4
ആകെ		**385**	**258**	**21**	**7**

കഴിഞ്ഞ 2 വർഷം ഗ്രാമപഞ്ചായത്ത് മുഖേന അനുവദിച്ച വീടുകളുടെ വിവരങ്ങൾ

ക്രമ നം	പഞ്ചായത്തിന്റെ പേര്	2015-16 വർഷം അനുവദിച്ച വീടുകളുടെ എണ്ണം	നിർമാണം പൂർത്തിയാക്കിയ വീടുകൾ	2016-17 വർഷം അനുവദിച്ച വീടുകൾ	നിർമാണം പൂർത്തീകരിച്ച വീടുകളുടെ എണ്ണം
1	തൃപ്പങ്ങോട്ടൂർ	3	3	-	-
2	കണിച്ചാർ	2	2	-	-
3	കേളകം	2	2	2	2
4	കൊട്ടിയൂർ	16	12	2	-
5	മാലൂർ	1	0	1	-
ആകെ		**24**	**19**	**5**	**2**

കഴിഞ്ഞ 2 വർഷം പട്ടികവർഗ വികസന വകുപ്പ് മുഖേന അനുവദിച്ച വീടുകൾ

ക്രമ നമ്പർ	വർഷം	അനുവദിച്ച വീടുകൾ	പൂർത്തിയായ വീടുകൾ
1	2015-16	342	20
2	2016-17	ഇല്ല	ഇല്ല
ആകെ		**342**	**20**

ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകൾ മുഖേനയും വകുപ്പ് മുഖേനയും അനുവദിച്ച ആകെ വീടുകളുടെ ചുരുക്കപ്പട്ടിക ചുവടെ ചേർക്കുന്നു.

ക്രമ നം	സ്ഥാപനങ്ങൾ	2015-16 വർഷം അനുവദിച്ച വീടുകൾ	പൂർത്തിയായത്	2016-17 വർഷം അനുവദിച്ച വീടുകൾ	പൂർത്തിയായത്
1	ഗ്രാമപഞ്ചാത്ത്	24	19	5	2
2	ബ്ലോക്ക് പഞ്ചായത്ത്	385	258	21	7
3	പട്ടികവർഗ വികസന വകുപ്പ്	342	20	-	-
	ആകെ	**751**	**297**	**26**	**9**

2017 വർഷം പട്ടികവർഗ വികസന വകുപ്പ് നടത്തിയ സർവേയിൽ ഭവനരഹിതരായ 646 ഉം, ഭൂരഹിതരായ ഭവനരഹിതർ 697 ഉം ഉൾപ്പെടെ ആകെ 1343 കുടുംബങ്ങൾക്ക് കൂടി ഭൂമിയും വീടും നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

ഫിഷറീസ് വകുപ്പ് മുഖേനയുള്ള ഭവന പദ്ധതി

മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമാണത്തിനായി ധനസഹായം ടി വകുപ്പ മുഖേന വിതരണം ചെയ്തു വരുന്നുണ്ട്. ലൈഫ് മിഷൻ മുഖേന പ്രസ്തുത വീടുകളെല്ലാം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

ന്യൂനപക്ഷ വകുപ്പു മുഖേനയുള്ള ഭവന പദ്ധതി

ന്യൂനപക്ഷ കുടുംബങ്ങൾക്ക് ഭവന നിർമാണത്തിനായി ധനസഹായം ടി വകുപ്പ മുഖേന വിതരണം ചെയ്തു വരുന്നുണ്ട്. ലൈഫ് മിഷൻ മുഖേന പ്രസ്തുത വീടുകളെല്ലാം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

സാമൂഹ്യക്ഷേമം-സുരക്ഷിതത്വം

തടവുപുള്ളികളുടെയും ജയിൽ മോചിതരുടെയും പുനരധിവാസവും ആശ്രിതരെ സഹായിക്കുന്നതിന് വേണ്ടിയുള്ള ധനസഹായ പദ്ധതികളും ജില്ലാ പ്രൊബേഷൻ ഓഫീസുവഴി നടപ്പിലാക്കുന്നുണ്ട്. കൂടാതെ ജെ.ജെ. ഹോമുകളിൽ നിന്നും കാലാവധി പൂർത്തീകരിച്ചു പുറത്തിറങ്ങുന്ന (18 വയസു മുതൽ 21 വരെ) യുവാക്കൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകി പുനരധിവസിപ്പിക്കുന്ന ആഫ്റ്റർ കെയർ ഹോം എന്ന ഒരു സ്ഥാപനം സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ തലശ്ശേരിയിൽ പ്രവർത്തിച്ചു വരുന്നു. 25 പേരെ പാർപ്പിക്കുന്നതിനുള്ള അനുമതിയാണ് നിലവിലുള്ളത്. സ്ഥാപനത്തിന് നടപ്പവർഷം പുതിയ കെട്ടിടം പണി പൂർത്തീകരിച്ചിട്ടുണ്ട്. ഗവൺമെന്റ് ആഫ്റ്റർ കെയർ ഹോം- നടത്തിപ്പ് - 2016-17, 2017-18 വർഷങ്ങളിലെ ധന വിനിയോഗം സംബന്ധിച്ച്,

വർഷം	വരവ്	ചെലവ്
2016-17	419505 (എൻ.പി.)	413281 (എൻ.പി.)
	135521 (പ്ലാൻ)	135521 (പ്ലാൻ)
	555026	548802
2017-18	163484 (എൻ.പി.)	122227 (എൻ.പി.)
	118853 (പ്ലാൻ)	118853 (പ്ലാൻ)
	282337	241080

ഈ സ്ഥാപനത്തിലുള്ള അന്തേവാസികൾക്ക് തൊഴിൽ പരിശീലനം നൽകി അവരെ ജീവിതത്തിൽ പ്രാപ്തരാക്കുക എന്നുള്ളതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. കഴിഞ്ഞ 2 വർഷങ്ങളിലായി ഈ സ്ഥാപനത്തിലെ താമസക്കാരിൽ 3 പേർ വിവിധ തൊഴിൽ പരിശീലനം നേടി പുറത്തു പോയിട്ടുണ്ട്.

5.2(ഇ) വിദ്യാഭ്യാസം, സംസ്കാരം, കായികം യുവജനകാര്യം

കേന്ദ്ര-സംസ്ഥാന പദ്ധതി വിശകലനവും നിർദേശങ്ങളും

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനുവേണ്ടി കേന്ദ്രഗവൺമെന്റ് ആവിഷ്കരിച്ച പദ്ധതികളാണ് സർവശിക്ഷാ അഭിയാനും, രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാനും. സർവശിക്ഷാ അഭിയാൻ ഒന്നു മുതൽ എട്ടാംക്ലാസുവരെയുള്ള കുട്ടികളുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കും ആർ.എം. എസ്. എ 9 മുതൽ 12 വരെയുള്ള കുട്ടികളുടെ ഗുണമേൻമാ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്നു. എസ്.എസ്.എ, ആർ.എം.എസ്.എ. പദ്ധതികളുടെ വിശദമായ അവലോകന റിപ്പോർട്ട് താഴെ കൊടുക്കുന്നു.

ആർ.എം.എസ്.എ

അവധിക്കാല അധ്യാപക പരിശീലനം-എല്ലാ ഹൈസ്കൂൾ അധ്യാപകർക്കും, പ്രധാനാധ്യാപകർക്കും 5ദിവസത്തെ അവധിക്കാല അധ്യാപക പരിശീലനം വിദ്യാഭ്യാസ ജില്ലാതലത്തിൽ ഘട്ടങ്ങളിലായി നടത്തി. പരിശീലനത്തിന്റെ പങ്കാളിത്ത വിവരം താഴെ ചേർക്കുന്നു. അധ്യാപക പരിശീലനത്തിന്റെ ആകെ ചെലവ് 34,76,366/- രൂപയാണ്.

അധ്യാപകപരിശീലനം	പങ്കെടുക്കേണ്ടവർ	പങ്കെടുത്തവർ	ശതമാനം
കണ്ണൂർ ജില്ല	4215	3832	90.91
കണ്ണൂർ വിദ്യാഭ്യാസ ജില്ല	859	797	92.78
തലശ്ശേരി വിദ്യാഭ്യാസ ജില്ല	1792	1675	93.47
തളിപ്പറമ്പ് വിദ്യാഭ്യാസ ജില്ല	1564	1360	86.96

ക്ലസ്റ്റർ പരിശീലനം:- ജില്ലയിൽ ക്ലസ്റ്റർ പരിശീലനം 2017 ആഗസ്റ്റ് 5-നും, 2017 ഒക്ടോബർ 7-നും നടത്തി. പരിശീലനത്തിന്റെ പങ്കാളിത്ത വിവരം താഴെ ചേർക്കുന്നു. ക്ലസ്റ്റർ പരിശീലനം 2017 ആഗസ്റ്റ് 5-ന് ആകെ ചെലവ് 4,53,151/- രൂപയും, 2017 ഒക്ടോബർ 7-ന് ആകെ ചെലവ് 4,43,635/- രൂപയുമാണ്.

ക്ലസ്റ്റർ പരിശീലനം 5/08/2017	പങ്കെടുക്കേണ്ടവർ	പങ്കെടുത്തവർ	ശതമാനം
കണ്ണൂർ ജില്ല	4187	2456	58.66
കണ്ണൂർ വിദ്യാഭ്യാസ ജില്ല	837	555	66.31
തലശ്ശേരി വിദ്യാഭ്യാസ ജില്ല	1799	918	51.03
തളിപ്പറമ്പ് വിദ്യാഭ്യാസ ജില്ല	1551	983	63.38

ക്ലസ്റ്റർ പരിശീലനം7/10/2017	പങ്കെടുക്കേണ്ടവർ	പങ്കെടുത്തവർ	ശതമാനം
കണ്ണൂർ ജില്ല	4015	3263	81.27
കണ്ണൂർ വിദ്യാഭ്യാസജില്ല	815	755	92.94
തലശ്ശേരി വിദ്യാഭ്യാസജില്ല	1714	1335	77.89
തളിപ്പറമ്പ് വിദ്യാഭ്യാസജില്ല	1486	1173	78.94

ഹൈസ്കൂൾ പ്രധാനാധ്യാപകരുടെ നേതൃത്വ പരിശീലനം

സെക്കന്ററി മേഖലയിലെ പ്രധാനാധ്യാപകനെ അക്കാദമിക നേതൃത്വം ഏറ്റെടുക്കുവാൻ പ്രാപ്തരാക്കുന്നതിനായി ആർഎംഎസ്എ വിഭാവനം ചെയ്ത പരിപാടിയാണ് 16 ദിവസം നീണ്ടു നിൽക്കുന്ന School Leadership & Development Programme (SLDP). ഇംഗ്ലണ്ടിലെ എൻ.സി.ടി.എൻ.ന്റെയും, ന്യൂഡൽഹിയിലെ ന്യൂപയുടെയും സഹകരണത്തോടെയാണ് പരിപാടി നടപ്പിലാക്കുന്നത്. 5 ദിവസത്തെ പരിശീലനത്തിനുശേഷം 6 ദിവസത്തെ സ്കൂൾതല അനുഭവമായി ബന്ധപ്പെട്ട ഒരു അക്കാദമിക പ്രൊജക്ട് നടപ്പിലാക്കുകയും, നടപ്പിലാക്കിയ പ്രൊജക്ടിന്റെ ജില്ലാതല സെമിനാർ അവതരണം ജനുവരി ആദ്യവാരം നടക്കുകയും ചെയ്യും. ഇതിൽ ജില്ലയിലെ മികച്ച പ്രൊജക്ടുകളുടെ പുനരവതരണം തിരുവനന്തപുരത്ത് വച്ച് നടക്കും. ഓരോ പ്രധാനാധ്യാപകനും സ്കൂൾതലത്തിൽ സെക്കന്ററി മേഖലയിലെ ആശാവഹമായ മാറ്റങ്ങൾക്ക് തുടക്കം കുറിക്കാൻ ഉതകുന്നതാകും ഈ പരിശീലനം. ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട 30 ഗവൺമെന്റ് & എയ്ഡഡ് പ്രധാനാധ്യാപകർക്ക് ആദ്യഘട്ട പരിശീലനമായ 5 ദിവസം നീണ്ടു നിൽക്കുന്ന നോൺ റസിഡൻഷ്യൽ പരിശീലന പരിപാടി ഒക്ടോബർ 10 മുതൽ 14-വരെ തലശ്ശേരി ഗേൾസ് ഹയർസെക്കണ്ടറി സ്കൂളിൽ നടന്നു. ഒന്നാം ഘട്ടം പരിശീലനമായ 5 ദിവസത്തെ പരിശീലനത്തിന് ആകെ 58,300/- രൂപ ചെലവായി.

കുട്ടികളുടെ ജില്ലാതല പഠനയാത്ര

ജില്ലയിലെ 800 ഹൈസ്കൂൾ കുട്ടികൾക്കായി ആർഎംഎസ്എയുടെ നേതൃത്വത്തിൽ ഒരു ദിവസത്തെ പഠനയാത്ര സംഘടിപ്പിച്ചു. ബ്ലോക്ക് തല ഹൈസ്കൂളുകളെ തരംതിരിച്ച് ഓരോ ബ്ലോക്കിലേയും 50 കുട്ടികൾക്കാണ് പഠനയാത്ര സംഘടിപ്പിച്ചത്. നിലവിൽ പഠനയാത്രകളിൽ പങ്കെടുക്കാത്തവർ പിന്നാക്ക മേഖലയിൽ നിന്നുള്ളവർ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ തുടങ്ങിയവരിലെ പഠനമികവ് പുലർത്തുന്ന കുട്ടികൾക്കാണ് യാത്രയ്ക്ക് മുൻഗണന നൽകിയത്. ഒരു കുട്ടിക്ക് 200രൂപ കണക്കാക്കി ആകെ 1,60,000/- രൂപ ചെലവായി.

നവപ്രഭ പരിശീലന പരിപാടി

വ്യത്യസ്ത കാരണങ്ങളാൽ പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് കൈത്താങ്ങ് നൽകി അവരെ പഠനത്തിന്റെ മുഖ്യധാരയിൽ എത്തിക്കുവാനുള്ള ആർഎംഎസ്എ യുടെ പദ്ധതിയാണ് നവപ്രഭ. പഠനത്തിൽ പിന്നാക്കം നിൽക്കുന്ന ഒമ്പതാം ക്ലാസ്സിലെ കുട്ടികൾക്കായാണ് നവപ്രഭ വിഭാവനം ചെയ്തിട്ടുള്ളത്. പഠന പിന്നാക്കാവസ്ഥ ന്യൂനതയായി പരിഗണിക്കാതെ പഠിതാക്കൾക്ക് കരുതലും സംരക്ഷണവും നൽകി പഠനപ്രവർത്തനങ്ങളിൽ താൽപര്യവും, പഠനപുരോഗതിയും ഉറപ്പാക്കുകയെന്നതാണ് ഈ പദ്ധതിയിലൂടെ ആർഎംഎസ്എ ലക്ഷ്യമിടുന്നത്. മാതൃഭാഷ, ഗണിതം, ഇംഗ്ലീഷ്, ശാസ്ത്രം, എന്നീ വിഷയങ്ങളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. ഒരു കുട്ടിക്ക് 400രൂപ എന്ന കണക്കിലാണ് തുക ഒരു ഹൈസ്കൂളിന് അനുവദിക്കുക. പരിപാടി എല്ലാ ഗവ., എയ്ഡഡ് ഹൈസ്കൂളുകളിലും നടപ്പിലാക്കി വരുന്നു.

എസ്എംഡിസി പരിശീലനം

ആർഎംഎസ്എ-യുടെ പ്രവർത്തനം സ്കൂൾതലത്തിൽ നടപ്പിലാക്കുന്നത് എസ്എംഡിസി സമിതിയിലൂടെയാണ്. സ്കൂൾതല എസ്എംഡിസിയെ ശാക്തീകരിക്കാൻ എല്ലാ വർഷവും എസ്എംഡിസി പരിശീലനം നടത്താറുണ്ട്. ഈ വർഷം ജില്ലയിലെ 100 ഗവണ്മെന്റ് ഹൈസ്കൂളുകളിലേയും 6 എസ്എംഡിസി അംഗങ്ങൾക്ക് എസ്എംഡിസി പരിശീലനം നൽകി. ഇതിനായി ആകെ 1,20,423/- രൂപ ചെലവായി.

സ്വയം പ്രതിരോധ പരിശീലനം

ജില്ലയിൽ എല്ലാ വർഷവും ഒമ്പതാം തരത്തിലെ പെൺകുട്ടികളുടെ ശാക്തീകരണത്തിന് മുൻതൂക്കം നൽകി നടത്തി വരുന്ന പരിപാടിയാണ് സ്വയം പ്രതിരോധ പരിശീലന പരിപാടി. ഈ വർഷം ജില്ലയിലെ 88 ഗവൺമെന്റ് ഹൈസ്കൂളുകളിൽ പരിപാടി നടത്തിപ്പിനായി 8,700/- രൂപ വച്ച് ആകെ 7,65,800/-രൂപ ചെലവായി.

സ്കൂൾ ഗ്രാന്റ്

ജില്ലയിലെ ഹൈസ്കൂളുകളുടെ ശാക്തീകരണത്തിന് അനുവദിക്കുന്ന തുകയാണ് സ്കൂൾ ഗ്രാന്റ്. ഒരു ഹൈസ്കൂളിന് 50,000/- രൂപയാണ് അനുവദിക്കുന്നത്. ഗവ. വിദ്യാലയങ്ങളിലെ കുട്ടികളുടെ സമഗ്രവികസനത്തിനുതകുന്ന പഠനാന്തരീക്ഷം പ്രദാനം ചെയ്യുന്നതിനും അക്കാദമിക പിന്തുണ നൽകുന്നതിനുമായി ഈ തുക വിനിയോഗിക്കാം. ലാബ് ശാക്തീകരണം, ലൈബ്രറി വികസനം, ക്ലാസ്സ്മുറികളുടെ നവീകരണം, പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് ഈ വർഷം വിദ്യാലയങ്ങൾക്ക് തുക അനുവദിച്ചത്. ജില്ലയിലെ 100 ഗവൺമെന്റ് സ്കൂളുകൾക്ക് ആകെ 50,00,000/-രൂപ നൽകി.

സ്കൂളുകളുടെ ശാക്തീകരണം

ഹൈസ്കൂളുകളുടെ ശാക്തീകരണവുമായി ബന്ധപ്പെട്ട് ജില്ലയിൽ നിർമാണ പ്രവർത്തനങ്ങൾക്ക് തുക അനുവദിച്ചു. കുടിവെള്ളം, ടോയിലറ്റ് എന്നിവയുടെ നിർമാണത്തിന് 2010-11, 2011-12 വർഷത്തെ പദ്ധതിയിൽ അനുവദിച്ച ഹൈസ്കൂളുകൾക്ക് 50,000/-, 1,00,000/- രൂപയാണ് അനുവദിച്ചത്. കൂടാതെ സ്കൂളുകളിലെ മേജർ റിപ്പേർ വർക്കുകൾക്കും തുക അനുവദിച്ചു. ഇതു കൂടാതെ സ്കൂളുകളിൽ ലൈബ്രറി മുറി, ആർട്ട് റൂം, സയൻസ് ലാബ്, കമ്പ്യൂട്ടർ റൂം, അഡീഷണൽ ക്ലാസ്സ് മുറി തുടങ്ങിയവയുടെ നിർമാണത്തിന് ആകെ ആവശ്യമായ തുകയുടെ 50% ആദ്യ ഗഡുവായി അനുവദിച്ചു. ജില്ലയിൽ ആർഎംഎസ്എ പദ്ധതിയിലൂടെ ഹൈസ്കൂളായി ഉയർത്തപ്പെട്ട 9 ഹൈസ്കൂളുകൾക്ക് സ്കൂൾ കെട്ടിട നിർമാണത്തിനാവശ്യമായ തുക അനുവദിച്ചു. ഒരു ഹൈസ്കൂളിന് ആകെ ആർഎംഎസ്എ വിഹിതമായി 58.12 ലക്ഷവും, എൽഎസ്ജി വിഹിതമായി 27.88 ലക്ഷം രൂപയുമാണ് കണക്കാക്കുന്നത്. ഇതിൽ ആർഎംഎസ്എ വിഹിതമായി ഒരു ഹൈസ്കൂളിന് 20 ലക്ഷം വച്ച് ആകെ 1,80,000 രൂപ ഒന്നാം ഗഡുവായി അനുവദിച്ചു, രണ്ടാം ഗഡുവായി ഒരു ഹൈസ്കൂളിന് 20 ലക്ഷം വച്ച് ആകെ 1,80,000 രൂപ ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. ഹൈസ്കൂളുകളിൽ നടക്കുന്ന എല്ലാ നിർമാണ പ്രവർത്തനങ്ങളുടേയും ചുമതല അതാത് എൽഎസ്ജിമാർക്കാണ്. ആർഎംഎസ്എയ്ക്ക് നിർമാണ പ്രവർത്തനങ്ങൾക്ക് അനുവദിച്ച തുക അതാത് എൽഎസ്ജിമാർക്ക് കൈമാറി കഴിഞ്ഞു.

നിർദ്ദേശങ്ങൾ

1. സിവിൽവർക്ക് പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് ലഭ്യമാകുന്നില്ല. അത് അനുവദിക്കണം. അധ്യാപക പരിശീലനത്തിനാവശ്യമായ പരിശീലകരെ നിയമിക്കണം. ഇപ്പോൾ പരിശീലനവിഭാഗം ഇല്ല. പ്രൊജക്ട് പ്രത്യേക ഘടന സംവിധാനത്തോടെ സ്വതന്ത്രമായി പുനസംഘടിപ്പിക്കണം, പ്രതിഭാശാലികളെ സൃഷ്ടിക്കുന്നതിനാവശ്യമായ നൂതനപ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ നടപ്പിലാക്കണം. (ന്യൂമാറ്റ്സ് മാതൃകയിൽ വിവിധ സ്കോളർഷിപ്പ് പരീക്ഷകൾ). ഉന്നതപഠനത്തിന് മാർഗ നിർദേശം നൽകുന്ന വിധം ശാസ്ത്രീയമായി ചിട്ടപ്പെടുത്തിയ ഗൈഡൻസ് സെന്റർ ജില്ലാതലത്തിൽ രൂപീകരിക്കണം. കുട്ടികളുടെ മാനസികസമ്മർദങ്ങളേയും പ്രശ്നങ്ങളേയും ലഘൂകരിക്കുന്നതിന് ജില്ലാതലത്തിൽ കൗൺസിലിംഗ് സെന്റർ ആരംഭിക്കണം. സെക്കന്ററി മേഖലയിൽ ജില്ലയിൽ നടക്കുന്ന വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനും ശാക്തീകരിക്കാനും സാധിക്കണം.

2. സർവശിക്ഷാ അഭിയാൻ

സൗജന്യ പാഠപുസ്തക വിതരണം

ക്രമ നമ്പർ	പ്രവർത്തനം	ലക്ഷ്യം		നേട്ടം		മിച്ചം
		Phy	Fin (ലക്ഷത്തിൽ)	Phy	Fin (ലക്ഷത്തിൽ)	
1	സൗജന്യ പാഠപുസ്തകം	179496	355.17	146723	273.27	81.90

സൗജന്യ യൂണിഫോം

ക്രമ നമ്പർ	പ്രവർത്തനം	ലക്ഷ്യം		നേട്ടം		മിച്ചം
		Phy	Fin (ലക്ഷത്തിൽ)	Phy	Fin (ലക്ഷത്തിൽ)	
2	രണ്ടു ജോഡി യൂണിഫോം	38300	153.20	37279	149.12	4.08

സ്കൂൾ ഗ്രാന്റ്

ക്രമ നമ്പർ	പ്രവർത്തനം	ലക്ഷ്യം		നേട്ടം		മിച്ചം
		Phy	Fin (ലക്ഷത്തിൽ)	Phy	Fin (ലക്ഷത്തിൽ)	
3	സ്കൂൾ ഗ്രാന്റ്	1617	91.35	1573	88.61	2.74

ടീച്ചർ ഗ്രാന്റ്

ക്രമ നമ്പർ	പ്രവർത്തനം	ലക്ഷ്യം		നേട്ടം		മിച്ചം
		Phy	Fin (ലക്ഷത്തിൽ)	Phy	Fin (ലക്ഷത്തിൽ)	
4	ടീച്ചർ ഗ്രാന്റ്	11381	56.91	11226	56.13	0.78

മെയിന്റനൻസ് ഗ്രാന്റ്

ക്രമ നമ്പർ	പ്രവർത്തനം	ലക്ഷ്യം		നേട്ടം		മിച്ചം
		Phy	Fin (ലക്ഷത്തിൽ)	Phy	Fin (ലക്ഷത്തിൽ)	
4	മെയിന്റനൻസ് ഗ്രാന്റ്	391	29.33	340	25.50	3.83

1) ജൈവവൈവിധ്യ ഉദ്യാനം

15 ബി.ആർ.സി.കളിലായി ആകെ 30 ജൈവവൈവിധ്യ ഉദ്യാനങ്ങൾക്കായി 20,000/- രൂപ വീതം സാമ്പത്തിക സഹായം നൽകി. ആയതിനായി ജില്ലാതലത്തിൽ പരിശീലനവും നൽകി. വേനൽപച്ച എൽ പി വിഭാഗം ജൂണിൽ നൽകി. 5-8 ക്ലാസുകളിൽ നവംബർ 20-നകം പൂർത്തീകരിച്ചു.

2) ശാസ്ത്രോത്സവം

ജില്ലാതലത്തിൽ ഡയറ്റിന്റെ പിന്തുണയോടെ മൊഡ്യൂൾ തയ്യാറാക്കി, ജില്ലാതല ടൈ ഔട്ട് ഡയറ്റിൽവെച്ച് നടത്തി. 88 പഞ്ചായത്തുകൾക്ക് 5,000/- രൂപ വീതം ലഭ്യമാക്കി. സബ് ജില്ലാതലത്തിൽ ഏകദിന പരിശീലനം നൽകി. എല്ലാ വിദ്യാലയത്തിലെയും ഒരു ടീച്ചർക്ക് മൊഡ്യൂൾ പരിചയം/ പ്രവർത്തന പരിചയം, നവംബർ മാസം അവസാനത്തോടെ വിദ്യാലയങ്ങളിൽ സ്വന്തം നിലയിൽ ഒരു ദിവസം/രണ്ടു ദിവസം ശാസ്ത്രോത്സവം.

3) ഗണിതോത്സവം

നവംബർ 26 - കളിൽ 88 പഞ്ചായത്തുകളിൽ ഓരോ വിദ്യാലയത്തിൽ മൊഡ്യൂൾ ജില്ലയിൽ തയ്യാറാക്കി. ഓരോ ടീച്ചറെ വിളിച്ച് ബി ആർസി യിൽ വെച്ച് മൊഡ്യൂൾ പരിചയം നടത്തി (17/11/17 18/11/17 - 1/2 ദിവസം)

4) അധ്യാപക പഠനക്കൂട്ടായ്മകൾ

അധ്യാപകരുടെ സ്വയം പഠനസന്നദ്ധത വർദ്ധിപ്പിച്ച്കൊണ്ട് ബോധനഗുണത വർധിപ്പിക്കൽ വിവിധ ക്ലാസുകളിൽ/വിഷയങ്ങളിൽ ആയി ആകെ 49 പഠന കൂട്ടായ്മകൾ ഇതിനോടകം നടന്നു.

5) വിദ്യാലയ കൂട്ടുചേരൽ പരിപാടി

2 സ്കൂളുകൾക്ക് പരസ്പരം നൻമകളെ സ്വാംശീകരിക്കാനുള്ള ദ്വിദിന പരിപാടി. മൊഡ്യൂൾ ജില്ലയിൽ തയ്യാറാക്കി. 30 കുട്ടികൾ 2 അധ്യാപകർ 2 പി ടി എ അംഗങ്ങൾ ആദ്യം ഒരു വിദ്യാലയത്തിൽ – ഒരു ദിവസം മുഴുവൻ തിരിച്ച് ഇതേ രീതിയിൽ മറ്റൊരു ദിവസം 5,000/– രൂപവരെ ലഭ്യമാക്കി (8 കി.മീ. പരിധിക്കകത്ത് 3,500/– രൂപ)

6) പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള വിദ്യഭ്യാസം

വൈകല്യമുള്ള കുട്ടികളെ കണ്ടെത്തുന്നതിനുള്ള ഐ ഇ ഡി സി സർവേ (അംഗൻവാടി മുതൽ എട്ടാം ക്ലാസ്സുവരെ) ജൂൺ മാസം നടന്നു.

No of Students Required Aid and Appliances																				
VI	HI	OPH	SI	CP	MD	MR	LD	Autism	Total											
B	G	B	G	B	G	B	G	B	G	B	G	B	G	B	G	B	G	B	G	T
371	336	54	50	122	74	0	0	39	28	11	3	207	138	72	18	3	3	879	650	1529

നവീകരിച്ച ഓട്ടിസം സെന്റർ – ഉദ്ഘാടനം (23/6/2017) നടത്തി. ട്രാൻസ്പോർട്ട് അലവൻസ്– 250 കുട്ടികൾക്കും എസ്കോർട്ട് അലവൻസ്–250 കുട്ടികൾക്കും നൽകി. ഒപ്പം അർഹരായവർക്ക് ഉപകരണവിതരണവും നടത്തി. ഐ ഇ ഡി സി ഉപകരണങ്ങൾ ആവശ്യമായ കുട്ടികളുടെ ലിസ്റ്റ് ക്രോഡീകരിച്ച് ഉപകരണങ്ങളുടെ ലിസ്റ്റ് അലിംകോയ്ക്ക് സമർപ്പിച്ചു. ഉപകരണവിതരണം ലഭ്യമായ ഉപകരണങ്ങളുടെ വിതരണം ഈ മാസം തന്നെ നടക്കും.

ഐ ഇ ഡി സി അനുരൂപീകരണ ശിൽപ്പശാല

ആഗസ്ത് 17, 18, തീയതികളിൽ കണ്ണൂർ പൊളാരിസിൽ വെച്ച് നാലാം ക്ലാസ് ഗണിത വിഷയത്തിന്റെ സംസ്ഥാനതല അനുരൂപീകരണ മൊഡ്യൂൾ നിർമാണ ശിൽപ്പശാല സംഘടിപ്പിച്ചു. ADAPTATION CLASS, തെറാപ്പികൾ, സ്പീച്ച്, ബിഹെവിയറൽ, ഒക്കുപ്പേഷണൽ, ഫിസിയോ തെറാപ്പികൾ ആവശ്യമായ കുട്ടികൾക്ക് നൽകിവരുന്നു.

SSA KANNUR						
No.of Therapies conducted From 2017 April to November						
Sl.No	BRC	Speech	Physio	Behavioural	Occupational	TOTAL
	DISTRICT TOTAL	196	242	2	0	440

7) ഇനിയും പ്രവേശനം നേടാത്ത കുട്ടികളെ വിദ്യാലയത്തിലെത്തിക്കൽ/കൊഴിഞ്ഞുപോയ കുട്ടികളുടെ പഠനം

ഇനിയും പ്രവേശനം നേടാത്ത കുട്ടികളെ കണ്ടെത്താൻ ആദിവാസി മേഖലകളിൽ ഗൃഹസന്ദർശനം നടത്തി, വ്യത്യസ്ത പ്രായത്തിലുള്ള 46 കുട്ടികളെ കണ്ടെത്താനായി, എസ്.എസ്.എയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പ്രാദേശിക പ്രതിഭാ കേന്ദ്രത്തിൽ എത്തിച്ച് ഇവർക്ക് പ്രത്യേക അധ്യയനം നടത്തി വരുന്നു. അടിസ്ഥാന പഠനശേഷി ഉറപ്പിക്കാനുള്ള പ്രവർത്തനം ആരംഭിച്ചു. മഹിളാസമാഖ്യയുമായി ബന്ധപ്പെട്ട് കുട്ടികളെ സ്കൂളുകളിലെത്തിക്കാനുള്ള ശ്രമം നടക്കുന്നു.

8) ഭാരതമേ പഠിക്കൂ ഭാരതമേ വളരൂ

പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ, വ്യത്യസ്ത നിലവാരക്കാരായ കുട്ടികൾക്ക് ആത്മവിശ്വാസം വളർത്തുന്നതിനും, കഴിവുകൾ വികസിപ്പിക്കുന്നതിനും സ്വതന്ത്രവും സ്വാഭാവികവുമായ പഠനാന്തരീക്ഷം ഒരുക്കി. പ്രതിഭാകേന്ദ്രങ്ങൾ: 123, പഠനം നടത്തുന്ന കുട്ടികൾ: 2702. പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളിലെ മൂവായിരത്തോളം വിദ്യാർത്ഥികൾക്ക് ഗുണഫലം സമൂഹത്തിലെ വൈദഗ്ധ്യവും, വിഭവശേഷിയും പ്രയോജനപ്പെടുത്തി, സമൂഹ പങ്കാളിത്തത്തോടെ സംഘടിപ്പിക്കുന്ന പ്രതിഭാകേന്ദ്രങ്ങൾ കുട്ടികളുടെ ജനാധിപത്യ വേദികളായും, പ്രതിഭാപോഷണത്തിനും, സാംസ്കാരിക പഠനത്തിനുമുള്ള ഇടങ്ങളായും മാറുന്നു.

ആരംഭിച്ച കേന്ദ്രങ്ങൾ	കുട്ടികളുടെ എണ്ണം
123	2702

ക്ലാസ് ലൈബ്രറികൾ

ഒന്ന്, രണ്ട് ക്ലാസുകളിലായി ആകെ 1015 ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസിൽ 1198 ഡിവിഷനുകൾക്കും, രണ്ടാം ക്ലാസിൽ 1234 ഡിവിഷനുകൾക്കും ക്ലാസ് ലൈബ്രറിക്കായി 1000/- രൂപ വീതം നൽകി.

എല്ലാ ക്ലാസുകളിലും ക്ലാസ് ലൈബ്രറി സജ്ജീകരിച്ച സ്കൂളുകളുടെ എണ്ണം		
	എൽ.പി.	യു.പി.
ആകെ	410	164

ബി.ആർ.സി. തലം – ചില പ്രവർത്തനങ്ങൾ

ചൊക്ലി ബി.ആർ.സി – പുസ്തകോത്സവം, വായനക്കാർഡ് നിർമാണം, അക്ഷരപ്പൂര, കണ്ണൂർ നോർത്ത് ബി.ആർ.സി.–നിറയുന്ന ലൈബ്രറി വളരുന്ന വിദ്യാലയം, മട്ടന്നൂർ ബി.ആർ.സി.– പുസ്തകപ്പയറ്റ്, പയ്യന്നൂർ ബി.ആർ.സി.–എഴുത്തുകാരനോടൊപ്പം, മാടായി ബി.ആർ.സി. എഴുത്തുകാരനോടൊപ്പം, വായനാവർഷം, പാപ്പിനിശ്ശേരി ബി.ആർ.സി. – പൂർവവിദ്യാർത്ഥിസംഗമം ഒന്നാം ക്ലാസിൽ ഒന്നാന്തരം വായനക്കാർ – ചില ബി.ആർ.സി തല പ്രവർത്തനങ്ങൾ അവധിക്കാല പരിശീലനത്തിൽ രൂപപ്പെടുത്തിയ വായനക്കാർഡുകൾ ചിത്രങ്ങളും മറ്റും ചേർത്ത് ആകർഷകമാക്കി വിദ്യാലയങ്ങൾക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങള്, രക്ഷിതാക്കളുടെ കൂട്ടായ്മയിൽ വായനക്കാർഡുകളുടെ നിർമാണപ്രവർത്തനങ്ങൾ, ബി.ആർ.സി. ലൈബ്രറിയിലെ പുസ്തകങ്ങൾ വിദ്യാലയങ്ങൾക്ക് ലഭ്യമാക്കൽ, പുസ്തക യാത്ര, ഒന്നാം ക്ലാസ്സ് അധ്യാപക കൂട്ടായ്മ വിദ്യാലയങ്ങളിൽ അമ്മവായന പരിപാടി, പ്രധാനാധ്യാപകർക്ക് വായനയുടെ പ്രാധാന്യം, വായനക്കുറിപ്പുകൾ, വിവിധതരം വായനസാമഗ്രികൾ എന്നിവ പരിചയപ്പെടുത്തൽ.

പുസ്തകയാത്ര

ബിആർസികളിൽ നിന്നും ഓരോ പഞ്ചായത്തുകളിലെയും ഓരോ സ്കൂളുകളിൽ ബാനറു കെട്ടിയ വാഹനത്തിൽ പുസ്തകങ്ങൾ എത്തിക്കൽ, ജനപ്രതിനിധികളുടെ സാന്നിധ്യം, പഞ്ചായത്ത് തല രചനാമത്സരം, ബി.ആർ.സി. തല രചനാ മത്സരം, ലൈബ്രറിശാക്തീകരണം, വിദ്യാലയങ്ങളിലെ മികച്ച പ്രവർത്തനങ്ങളുടെ റിപ്പോർട്ടുകൾശേഖരിക്കൽ, മാഗസിൻ രൂപപ്പെടുത്തൽ.

9) പഠനപോഷണ പരിപാടി മലയാളത്തിളക്കം

പൊതുവിദ്യാഭ്യാസ ഡയരക്ടറുടെ നിർദേശപ്രകാരം മലയാളത്തിളക്കം തീവ്രയത്നം പരിപാടിയെന്ന നിലയിൽ സ്കൂളുകളിൽ നടപ്പിലാക്കുന്നതിനു വേണ്ടി യോഗങ്ങൾ ജില്ലയിൽ നടന്നു. സി.ആർ.സി. കോ-ഓഡിനേറ്റർമാരുടെ യോഗം, ജില്ലാതല വിദ്യാഭ്യാസ ഓഫീസർമാരുടെ യോഗം, അധ്യാപക സംഘടനാ പ്രതിനിധികളുടെ യോഗം, മലയാളത്തിളക്കം പരിശീലനം ജില്ലാതല മോണിറ്ററിംഗ് എന്നിവ ഫലപ്രദമായി ഈ പരിപാടി നടപ്പിലാക്കുന്നതിന് സഹായിച്ചു

എൽ.പി വിഭാഗം മലയാളത്തിളക്കം – 27/11/2017 to 30/11/2017	
കണ്ണൂർ ജില്ല	
എൽ.പി വിഭാഗം ഉള്ള ആകെ സ്കൂളുകൾ	1090
എൽ.പി വിഭാഗം മലയാളത്തിളക്കത്തിൽ ഉൾപ്പെടേണ്ട ആകെ സ്കൂളുകൾ	1062
എൽ.പി മലയാളത്തിളക്കം ആവശ്യമില്ലാത്ത സ്കൂളുകൾ	28
എൽ.പി വിഭാഗം മലയാളത്തിളക്കം പൂർത്തിയായ ആകെ സ്കൂളുകൾ	445
3, 4 ക്ലാസ്സുകളിലെ അകെ കുട്ടികളുടെ എണ്ണം	44341
മലയാളത്തിളക്കത്തിൽ പങ്കെടുത്ത കുട്ടികൾ	5603
പരിശീലനത്തിൽ പങ്കെടുത്ത അധ്യാപകരുടെ എണ്ണം	1125
പോസ്റ്റ്ടെസ്റ്റിന് വിധേയരായ കുട്ടികളുടെ എണ്ണം	3326
വായനയിൽ നേട്ടം കൈവരിച്ചവരുടെ എണ്ണം	3055
എഴുത്തിൽ നല്ല പുരോഗതി കൈവരിച്ചവരുടെ എണ്ണം	2718
ശരാശരി നേട്ടം (വായന/എഴുത്ത്) കൈവരിച്ചവരുടെ എണ്ണം	1437
ഇനിയും മെച്ചപ്പെടെണ്ടവർ (CWSN) ഒഴികെ	78
പ്രത്യേക പരിഗണന അർഹിക്കുന്നവർ	94

ചിലയിടങ്ങളിൽ ഒന്നാം ഘട്ടത്തിന്റെ പോസ്റ്റ് ടെസ്റ്റ് പൂർത്തിയാവാനുണ്ട്.

10) അധ്യാപകപരിശീലനം

1) അവധിക്കാല അധ്യാപകപരിശീലനം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് കരുത്തുപകരുന്ന വിധത്തിലുള്ള അധ്യാപക ശാക്തീകരണമായിരുന്നു ഈ വർഷത്തെ അവധിക്കാല അധ്യാപക പരിശീലനത്തിന്റെ പരമ പ്രധാനലക്ഷ്യം. സംസ്ഥാനതലത്തിൽ വികസിപ്പിച്ച മൊഡ്യൂൾ അനുസരിച്ച് എൽ.പി., യു.പി. അധ്യാപകർക്ക് 8 ദിവസം വീതമുള്ള പരിശീലനമാണ് നൽകിയത്.

കണ്ണൂർ	എൽ.പി.			യു.പി.		
	പങ്കെടുക്കേണ്ട അധ്യാപകരുടെ എണ്ണം	പങ്കെടുത്ത അധ്യാപകരുടെ എണ്ണം	ശതമാനത്തിൽ	പങ്കെടുക്കേണ്ട അധ്യാപകരുടെ എണ്ണം	പങ്കെടുത്ത അധ്യാപകരുടെ എണ്ണം	ശതമാനത്തിൽ
അവധിക്കാല അധ്യാപക പരിശീലനം	5391	5079	94%	4023	3730	93%

2) ക്ലസ്റ്റർ

അവധിക്കാല അധ്യാപക പരിശീലനത്തിനുശേഷം രണ്ട് ക്ലസ്റ്റർ ടെയിനിംഗുകൾ ആഗസ്റ്റ്, ഒക്ടോബർ മാസങ്ങളിലായി നടന്നു. ആദ്യ ക്ലസ്റ്ററിനെ അപേക്ഷിച്ച് മികച്ച പങ്കാളിത്തവും ഉള്ളടക്ക സമഗ്രതയുമുണ്ടായി ഒക്ടോബർ മാസത്തെ ക്ലസ്റ്ററിൽ. ടേം മൂല്യനിർണയവിശകലനം, തുടർ പരിഹാര പ്രവർത്തനങ്ങൾ മലയാളത്തിളക്കം, തുടർച്ചയായ വായനക്കാർഡുകളുടെ ഉപയോഗം, ഒആർസി, ഗാന്ധിയൻ വിദ്യാഭ്യാസ സന്ദർശനങ്ങളുടെ സമകാലിക പ്രസക്തി, ഗണിതവിജയം, ശാസ്ത്രസിദ്ധി പ്രീടെസ്റ്റുകൾ, ശാസ്ത്രോത്സവ ഗണിതോത്സവങ്ങളുടെ മൊഡ്യൂൾ സംബന്ധിച്ച സാമാന്യധാരണ, ശ്രദ്ധപരിപാടി തുടങ്ങിയവ ചർച്ച ചെയ്യുകയും പ്രായോഗിക ധാരണകളിൽ എത്തിച്ചേരുകയുമുണ്ടായി.

കണ്ണൂർ	എൽ.പി.			യു.പി.		
	പങ്കെടുക്കേണ്ട അധ്യാപകരുടെ എണ്ണം	പങ്കെടുത്ത അധ്യാപകരുടെ എണ്ണം	ശതമാനത്തിൽ	പങ്കെടുക്കേണ്ട അധ്യാപകരുടെ എണ്ണം	പങ്കെടുത്ത അധ്യാപകരുടെ എണ്ണം	ശതമാനത്തിൽ
ആഗ.05	5481	3682	67.18	4090	2748	67.19
ഒക്.07	5537	5005	90.4	4121	3667	89

11) സമൂഹ പങ്കാളിത്തവും വിഭവ പിന്തുണയും

1) പ്രവേശനോത്സവം

കണ്ണൂർ ജില്ലാതല പ്രവേശനോത്സവം പലതുകൊണ്ടും അവിസ്മരണീയമായി. കൈതപ്രം ആയിരുന്നു ഉദ്ഘാടകൻ. മുൻ ഇന്ത്യൻ ഫുട്ബോൾ ക്യാപ്റ്റൻ കെ.വി. ധനേഷ് മുഖ്യാതിഥിയായി. ബാലതാരം ബേബി നിരഞ്ജന കുരുന്നുകളെ സ്വീകരിച്ചു. ഓരോ കുട്ടിയെയും സ്റ്റേജിൽ ഇരുത്തുമ്പോൾ അവരുടെ വീട്ടിൽ ചെന്ന് നേരത്തെ ചിത്രീകരിച്ച ദൃശ്യങ്ങൾ ബിഗ്സ്ക്രീനിൽ തെളിഞ്ഞു. തൊണ്ണൂറ്റിയേഴാം വയസ്സിൽ സ്വന്തം വിദ്യാലയം പൊതുസമൂഹത്തിന് കൈമാറിയ അധ്യാപക ശ്രേഷ്ഠൻ പാറമ്പള്ളി കൃഷ്ണവാരിയരുടെ സാന്നിധ്യം ചടങ്ങിന് ധന്യത നൽകി. ജെയിംസ് മാത്യു എംഎൽഎ പ്രവേശനോത്സവ സന്ദേശം നൽകി. ഒരു മാസം കൊണ്ട് ജനകീയ കമ്മിറ്റി സ്കൂളിനെ അക്ഷരാർത്ഥത്തിൽ പുതുക്കി ആകർഷകമാക്കിയിരുന്നു. 12 ജനകീയ കലാകാരൻമാർ

സ്കൂൾ മതിൽ കൂട്ടച്ചിത്ര രചനയിലൂടെ ആകർഷകമാക്കിയിരുന്നു. കുറ്റൻ ജലസംഭരണി ഒരുങ്ങുന്നു. ജൈവ കൃഷി, മാലിന്യ സംസ്കരണം എന്നിവ ആരംഭിച്ചു. സ്കൂൾ പുരക്കാൻ അക്ഷീണം പ്രവർത്തിച്ച കുടുംബശ്രീകളെയും ചടങ്ങിൽ ആദരിച്ചു.

2) എസ് എം സി, പി ഇ സി ശാക്തീകരണം

- 2017 ഏപ്രിൽ മുതൽ നവംബർ വരെ നടന്ന പി.ഇ.സി./എം.ഇ.സി. മീറ്റിംഗുകളുടെ വിശദാംശം

ജില്ല	ആകെ പഞ്ചായത്ത് /മുൻസിപ്പാലിറ്റികൾ/ ജില്ലാ പഞ്ചായത്ത്	ആകെ നടന്ന യോഗങ്ങൾ	ആകെ പങ്കാളികൾ				
			എൽ.എസ്.ജി.അംഗങ്ങൾ	പ്രധാനാധ്യാപകർ ആകെ പഞ്ചായത്ത്	ബി.ആർ.സി അംഗങ്ങൾ ആകെ പഞ്ചാ.	മറ്റുള്ളവർ	ആകെ
കണ്ണൂർ	82	282	1965	3493	464	452	6374

ക്രമ നമ്പർ	പ്രവർത്തനം	നടന്ന പരിശീലനങ്ങളുടെ എണ്ണം	ആകെ പങ്കാളിത്തം
1	PTA/Class PTA അംഗങ്ങൾക്കുള്ള പരിശീലനം	36	463
2	PEC അംഗങ്ങൾക്കുള്ള പരിശീലനം	26	628
3	SMC/ PRI അംഗങ്ങൾക്കുള്ള പരിശീലനം	74	2060
4	വിദ്യാലയ വികസന സമിതി ശിൽപ്പശാല	22	522

3) പൊതുവിദ്യാഭ്യാസ സംരക്ഷണസംഗമം

പൊതുവിദ്യാഭ്യാസവും സർവശിക്ഷാ അഭിയാനും – സെമിനാർ

സംസ്ഥാന തലത്തിൽ 21/6/2017 ന് നടത്തിയ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവും സർവശിക്ഷാ അഭിയാനും എന്ന വിഷയത്തിലുള്ള സെമിനാറിന്റെ തുടർച്ച എന്ന നിലയിൽ കണ്ണൂർ ജില്ലയിലും 24/6/2017 ന് സെമിനാർ നടന്നു. ജില്ലയിലെ ബി പി ഒ മാർ ടെയിനർമാർ, സി ആർസി സി മാർ, റിസോഴ്സ് ടീച്ചർമാർ എസ് എസ് എ നിയോഗിച്ച സ്പെഷ്യലിസ്റ്റ് അധ്യാപകർ എന്നിവർ സെമിനാറിൽ പങ്കാളികളായി.

4) കേരളപ്പിറവി ദിനാചരണം

കേരളപ്പിറവി ദിനത്തോടനുബന്ധിച്ച് സർവശിക്ഷാ അഭിയാൻ സംഘടിപ്പിച്ച വായനയും സമൂഹവും എന്ന വിഷയത്തിലുള്ള സെമിനാർ കരിവെള്ളൂർ മുരളി ഉദ്ഘാടനം ചെയ്തു. അടഞ്ഞുകിടക്കുന്ന ലോകത്തെ തുറന്നുകാട്ടുന്ന താക്കോലുകളാണ് പുസ്തകങ്ങളെന്നും, സംസ്കാരത്തെ രൂപപ്പെടുത്തുന്നതിൽ വായന ചെറുതല്ലാത്ത പങ്കുവഹിക്കുന്നുണ്ടെന്നും അദ്ദേഹം പ്രസ്താവിച്ചു. ജനാധിപത്യവും മതനിരപേക്ഷതയും വളർത്തിയെടുക്കാനും സംരക്ഷിക്കാനും പുസ്തകങ്ങൾ പ്രയോജനപ്പെടുത്തണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

5) ഡോക്യുമെന്റേഷൻ, മീഡിയ

ജില്ലയിൽ നടന്ന പ്രവർത്തനങ്ങൾ പ്രമുഖ പത്രങ്ങളിലും മറ്റ മീഡിയകളിലും പ്രസിദ്ധപ്പെടുത്താറുണ്ട്. പ്രധാന പരിപാടികളുടെ ഫോട്ടോകൾ, വീഡിയോ ക്ലിപ്പിങ്ങുകൾ, പത്രവാർത്തകൾ എന്നിവ ജില്ലയിൽ ശേഖരിച്ചിട്ടുണ്ട്. സംസ്ഥാനതല മീഡിയ ശിൽപ്പശാലയിൽ നിർദേശിച്ച പ്രകാരം പുസ്തകവണ്ടി, വിദ്യാലയ കൂട്ടുചേരൽ, പ്രതിഭോത്സവം, ക്ലാസ് ലൈബ്രറി എന്നിവയുടെ വീഡിയോചിത്ര നിർമാണ പ്രവർത്തനം നടന്നു വരുന്നു.

12) സിവിൽ വർക്ക്

2017-18 വർഷം ജില്ലയ്ക്ക് അനുവദിച്ചത്

അനുവദിച്ചത്	അംഗീകരിച്ചത്	ചെലവ്
165.83	165.83	55.539

നിർദേശങ്ങൾ

- ഒരു വർഷം 20 ദിവസത്തെ അധ്യാപക പരിശീലനമാണ് എം എച്ച് ആർ ഡി വിഭാവനം ചെയ്തിരിക്കുന്നത്. 2016-2017 വർഷത്തെ പദ്ധതിയിൽ 15 ദിവസത്തെ പരിശീലനം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അധ്യാപക പരിശീലനങ്ങൾ കൃത്യമായി പൂർത്തിയാക്കാൻ സാധിക്കാറില്ല. പ്രവൃത്തിദിവസങ്ങളിൽ പരിശീലനം നടത്തുന്നില്ല. അവധി ദിവസങ്ങളിൽ പരിശീലനം നടത്തുന്നതിനും സാധിക്കുന്നില്ല. അതത് വിഷയങ്ങളിൽ ഉയർന്ന യോഗ്യതയുള്ള പരിശീലകരുടെ അഭാവവും ഉണ്ട്. അധ്യാപക പരിശീലന പരിപാടികൾ അവധിക്കാലത്ത് നടത്തണം. ക്ലസ്റ്റർതല പരിശീലനങ്ങൾ ശനിയാഴ്ചകളിൽ നടത്തണം. എല്ലാ പരിശീലനങ്ങളും നടന്നു എന്ന് ഉറപ്പാക്കണം.

- അതത് വിഷയങ്ങളിൽ ബിരുദാനന്തരബിരുദവും മതിയായ സർവീസും അഭിരുചിയും ഉള്ളവരെ കണ്ടെത്തി പരിശീലകരായി നിയമിക്കണം.

- പ്രത്യേകപരിഗണന വേണ്ടുന്ന കുട്ടികൾക്കുള്ള ഉപകരണങ്ങൾ ലഭിക്കാൻ കാലതാമസം നേരിടുന്നുണ്ട്. സമയബന്ധിതമായി ലഭിക്കുന്നില്ലെങ്കിൽ അത് ഉപയോഗശൂന്യമാകും. ഉപകരണങ്ങൾ വളരെ പെട്ടെന്ന് തന്നെ ലഭ്യമാക്കണം.

- എയ്ഡഡ് വിദ്യാലയങ്ങളിൽ എസ് എസ് എ ഫണ്ട് അനുവദിക്കാത്തതിനാൽ കെട്ടിടങ്ങളുടെ സ്ഥിതി ശോചനീയമാണ്. ഹൈടെക് ക്ലാസ് മുറികളുമില്ല. ഐ.ഇ.ഡി.സി. കുട്ടികൾക്കും പെൺകുട്ടികൾക്കും വേണ്ട ശുചിമുറികൾ (അഡാപ്റ്റഡ്) ആവശ്യത്തിനില്ല. ആവശ്യത്തിനനുസരിച്ചുള്ള കെട്ടിടങ്ങളും ശുചിമുറികളും ഹൈടെക് ക്ലാസ് മുറികളും അനുവദിക്കണം.

- ടൈബൽ കുട്ടികളുടെ വിദ്യാലയ സാന്നിദ്ധ്യം ഉറപ്പാക്കാൻ വാഹനസൗകര്യം ഏർപ്പെടുത്തണം.

- എം.ജി.എൽ.സി. കൾ അടിയന്തരമായി വിദ്യാലയമായി ഉയർത്തണം.

- അധ്യാപകർക്ക് നൂതനപഠന പ്രവർത്തനങ്ങളിൽ മികവുണ്ടാക്കും വിധം ഗവേഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം.

ക്ലാസ് റൂം ലൈബ്രറി ശാക്തീകരണം

വിദ്യാഭ്യാസ പുരോഗതിയുടെ അടിസ്ഥാനപരമായ പ്രവർത്തനം തന്നെയാണ് വായന. പാഠപുസ്തകങ്ങൾക്കപ്പുറമുള്ള വായനയിലേക്ക് ഓരോ കുട്ടിയും അധ്യാപികയും വിദ്യാലയവും വളരേണ്ടതുണ്ട്. സമൂഹത്തിലേക്കും വായനയുടെ വ്യാപനം നടക്കേണ്ടതുണ്ട്. വിദ്യാലയങ്ങളിലെ ഓരോ ക്ലാസിലും അതതു ക്ലാസിലെ കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉണ്ടാവണം. അവ കുട്ടിക്ക് സ്വതന്ത്രമായി കൈകാര്യം ചെയ്യാൻ പറ്റുന്ന തരത്തിലുള്ളതുമാവണം. പുസ്തകങ്ങൾ നന്നായി സൂക്ഷിക്കുന്നതിനുള്ള ശിശുസൗഹൃദ അലമാരകളുണ്ടാവണം. ജില്ലയിലെ മുഴുവൻ വിദ്യാലയങ്ങളിലും ക്ലാസ്റൂം ലൈബ്രറികൾ തയ്യാറാക്കുന്നതിന് 3 വർഷത്തിനുള്ളിൽ എന്ന കാലപരിധി നിശ്ചയിക്കാവുന്നതാണ്. അതോടൊപ്പം വായനയുടെ ഉയർന്ന തലങ്ങളിലേക്ക് ഓരോ വിദ്യാലയവും മുന്നേറുന്നതിന്റെ അന്വേഷണവും ഉണ്ടാവണം.

5.2 (എഫ്) സഹകരണം

സഹകരണ സംഘങ്ങൾക്ക് അനുവദിച്ചുവരുന്ന സർക്കാർ പദ്ധതികൾ

സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി മൂലധന, പ്രവർത്തന ഗ്രാന്റ്, കമ്പ്യൂട്ടർവൽക്കരണത്തിനുള്ള ധനസഹായം, നീതി സ്റ്റോറും-നീതി മെഡിക്കൽ സ്റ്റോറും നടത്തുന്ന സഹകരണ സംഘങ്ങൾക്ക് ധനസഹായം. സ്കൂൾ/കോളേജ് സഹകരണ സംഘങ്ങൾക്കുള്ള ഫർണിച്ചർ സബ്സിഡി, എസ്.എച്ച്.ജി. ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുള്ള സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം, സ്വന്തം ഫണ്ട് ഉപയോഗിച്ച് കൂടുതൽ ഹ്രസ്വകാല കാർഷികവായ്പാ വിതരണം ചെയ്യുന്ന പ്രാഥമിക കാർഷികവായ്പാ സംഘങ്ങൾക്കുള്ള ധനസഹായം, ആശുപത്രി സംഘങ്ങൾക്ക് ആധുനികവൽക്കരണത്തിന് ഉപകരണങ്ങൾ വാങ്ങുന്നതിനും പാരാമെഡിക്കൽ കോഴ്സുകൾ നടത്തുന്നതിനുമുള്ള ധനസഹായം, ആശുപത്രി സംഘങ്ങൾക്കുള്ള ആംബുലൻസ് സബ്സിഡി എന്നിവ പ്രധാനപ്പെട്ട സർക്കാർ ധനസഹായങ്ങളിൽപ്പെടുന്നു. കൂടാതെ എൻ.സി.ഡി.സി. സ്കീം പ്രകാരം കാർഷിക സംസ്കരണ പ്രവർത്തനങ്ങൾക്കുള്ള ധനസഹായം, ഫാർമേർസ് സർവീസ് സെന്റർ പ്രവർത്തിപ്പിക്കുന്നതിനുള്ള ധനസഹായം, ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് സംഘങ്ങൾക്കുള്ള ധനസഹായം, ടൂറിസം, വികസനത്തിനുള്ള ധനസഹായം, ലേബർകോൺട്രാക്ട് സംഘങ്ങൾക്കുള്ള ധനസഹായം എന്നിവ കൂടി സർക്കാർ ധനസഹായത്തിൽപ്പെടുന്നു.

2016 – 17 വർഷത്തിൽ അനുവദിച്ച സർക്കാർ ധനസഹായം			
ക്രമ നമ്പർ	പദ്ധതി	ഭൗതിക നേട്ടം	അനുവദിച്ച തുക (ലക്ഷത്തിൽ)
1	പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്കുള്ള സർക്കാർ ഓഹരി മൂലധനം	11	10.90
2	അർബൻ സഹകരണ സംഘങ്ങൾക്കുള്ള സർക്കാർ ഓഹരി മൂലധനം	5	05.00
3	പലവക വനിതാ സഹകരണ സംഘങ്ങൾക്കുള്ള സർക്കാർ ഓഹരി മൂലധനം	24	26.265
4	സ്കൂൾകോളേജ് സഹകരണ സംഘങ്ങൾക്കുള്ള ഫർണിച്ചർ ഗ്രാന്റ്	1	0.15
5	കൺസ്യൂമർ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം	1	1.00
6	എംപ്ലോയീസ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം	1	1.00
7	പ്രൈമറി ഹൗസിംഗ് സഹകരണ സംഘങ്ങൾക്കുള്ള സർക്കാർ ഓഹരി മൂലധനം	5	5.00
8	നീതി സ്റ്റോർ നടത്തുന്ന സംഘങ്ങൾക്കുള്ള ധനസഹായം	2	0.80
9	പട്ടികജാതി പട്ടികവർഗ സഹകരണ സംഘങ്ങൾക്കുള്ള ഗ്രാന്റ്	1	20.00
ആകെ		51	70.115

മേൽചേർത്തിട്ടുള്ള ധനസഹായത്തിനു പുറമേ എൻ.സി.ഡി.സി. യുടെ പുനരുദ്ധാരണ പദ്ധതി പ്രകാരം റെയ്ഡ്കോയ്ക്ക് 15 കോടി രൂപയുടെ ധനസഹായത്തിന് അപേക്ഷ സമർപ്പിച്ചതിൽ ഒന്നാം ഗഡു 4.34 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് അനുവദിച്ചു വരുന്ന സർക്കാർ ഓഹരി മൂലധനവും ഗ്രാന്റ് സബ്സിഡി, വായ്പ എന്നീ മറ്റ് ധനസഹായങ്ങളും വേണ്ടത്ര രീതിയിൽ വിനിയോഗിക്കാൻ സാധിക്കുന്നുണ്ടെങ്കിലും വനിതാ സഹകരണ സംഘങ്ങൾക്കും മറ്റ് പലവക സഹകരണ സംഘങ്ങൾക്കും ധനസഹായ തുക പരാമാവധി 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് ബഡ്ജറ്റ് നീക്കിയിരിപ്പ് ഉയർത്തേണ്ടതാണ് എന്ന അഭിപ്രായവും ഉണ്ട്. കണ്ണൂർ ജില്ലയിലെ ഭൂരിപക്ഷം സഹകരണ സംഘങ്ങളും കമ്പ്യൂട്ടർവൽക്കരിച്ചിട്ടില്ല. കമ്പ്യൂട്ടർവൽക്കരിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ഒരു ആവശ്യകതയായതിനാലും സഹകരണ വകുപ്പും സഹകരണ സംഘങ്ങളും തമ്മിൽ വിപുലമായ നെറ്റ് വർക്ക് ശൃംഖല ആവശ്യമുള്ളതിനാലും സഹകരണ വകുപ്പിന്റെ എല്ലാ ഓഫീസുകളിലും സഹകരണ സംഘം ഓഫീസുകളിലും പൂർണമായി കമ്പ്യൂട്ടർവൽക്കരിച്ച് നെറ്റ് വർക്ക് ശൃംഖല വിപുലപ്പെടുത്താൻ ജില്ലയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

കാർഷിക മേഖലയെ ശക്തിപ്പെടുത്താൻ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ സാമ്പത്തിക സഹായം അനുവദിച്ചുകൊണ്ട് നെൽകൃഷി, പച്ചക്കറി കൃഷി എന്നിവ അഭിവൃദ്ധിപ്പെടുത്തേണ്ടതാണ്. തരിശു ഭൂമികളും തരിശ് നെൽപ്പാടങ്ങളും ലീസിനെടുത്തുകൊണ്ട് ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളുടെ സഹായത്തോടു കൂടിയും കേന്ദ്ര സംസ്ഥാന പദ്ധതിയുടെ സഹായത്തോടു കൂടിയും പച്ചക്കറി കൃഷി, നെൽകൃഷി എന്നിവ ഏറ്റെടുക്കാൻ സഹകരണ സംഘങ്ങൾക്ക് സാധിക്കേണ്ടതുണ്ട്.

5.3 പശ്ചാത്തല മേഖല

5.3 (എ) ഊർജ്ജം

ജില്ലയിലെ ഊർജ്ജ മേഖലയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന പദ്ധതികൾ ആർഎപിഡിആർപി, ഡിഡിയുജിജെവൈ, ഐപിഡിഎസ്, ട്രാൻസ് ഗ്രിഡ് 2.0, അനെർട്ട് മുഖേനയുള്ള പദ്ധതികൾ എന്നിവയാണ്.

RAPDRP (റിസ്ട്രക്ച്ചേർസ് അക്സിലറേറ്റഡ് പവർ ഡവലപ്മെന്റ് റീഫോംസ് പ്രോഗ്രാം)

കേന്ദ്രാവിഷ്കൃത പദ്ധതിയാണ് റിസ്ട്രക്ച്ചേർസ് അക്സിലറേറ്റഡ് പവർ ഡവലപ്മെന്റ് റീഫോംസ് പ്രോഗ്രാം. 2000 ൽ ആരംഭിച്ച പ്രവൃത്തിയിൽ കണ്ണൂർ, പാപ്പിനിശ്ശേരി, ചൊക്ലി, പെരിങ്ങത്തൂർ, പയ്യന്നൂർ, തളിപ്പറമ്പ്, മട്ടന്നൂർ എന്നീ ടൗണുകളിൽ 104 കോടി രൂപയുടെ അണ്ടർ ഗ്രൗണ്ട് കേബിൾ ഉൾപ്പെടെയുള്ള പ്രസരണ നഷ്ടം കുറയ്ക്കുന്ന പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ 162 കി. മീ. 11 കെ.വി ഓവർഹെഡ് ലൈൻ, 118 കി.മീ. 11 കെ.വി അണ്ടർ ഗ്രൗണ്ട് കേബിൾ, 308 എണ്ണം വിതരണ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, 220 കി.മീ. 11 കെ.വി റീകണ്ടക്ടറിംഗ്, 295 കി.മീ. എൽ ടി റീകണ്ടക്ടറിംഗ്, 580 കി.മീ. ലൈൻ കൺവേർഷൻ 1,09,000 എണ്ണം കേടായ മീറ്റർ മാറ്റി വയ്ക്കൽ മുതലായ പ്രവൃത്തികൾ ഉൾപ്പെടുന്നു.

ഈ പ്രവൃത്തികളിലൂടെ ജില്ലയിലെ എല്ലാ പ്രധാന ടൗണുകളിലും തടസ്സരഹിതവും ഗുണമേന്മയുമുള്ളതുമായ വൈദ്യുതി നൽകുന്നതിനാണ് മുൻഗണന നൽകിയിരിക്കുന്നത്.

നിലവിൽ കണ്ണൂർ, മട്ടന്നൂർ ടൗണുകളിലെ പ്രവൃത്തികൾ ഒഴികെ മറ്റെല്ലാ ടൗണുകളിലെ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. കണ്ണൂർ, മട്ടന്നൂർ ടൗണുകളിൽ അണ്ടർഗ്രൗണ്ട് കേബിൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് റോഡ് കുഴിക്കുന്നതിനായുള്ള ഏതാനും അനുമതികൾ പി ഡബ്ല്യു ഡി റോഡ് വിഭാഗം നൽകാൻ ബാക്കിയുണ്ട്. കൂടാതെ ഇത്തരം പ്രവൃത്തികൾ നടക്കുമ്പോൾ ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും പൂർണ സഹകരണം ആവശ്യമാണ്. പദ്ധതി 2017 ഡിസംബർ മാസത്തിൽ പൂർത്തിയാക്കേണ്ടതാണ്.

DDUGJY (ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ ജ്യോതി യോജന)

ഒരു കേന്ദ്ര സർക്കാർ പദ്ധതിയാണിത്. ജില്ലയിലെ മുഴുവൻ ഗ്രാമീണ മേഖലകളിലും വൈദ്യുതി എത്തിക്കുക എന്ന ഉദ്ദേശത്തോടെ അനുവദിച്ചിട്ടുള്ള 36.58 കോടിയുടെ പദ്ധതിയാണ്. ബി പി എൽ വിഭാഗത്തിന് സൗജന്യമായി വൈദ്യുതി നൽകുക, 158 കി.മീ. 11 കെ.വി. കണ്ടക്ടർ മാറ്റുക, 38 കി.മീ. 11 കെ.വി പുതിയ ലൈൻ വലിക്കുക, 51 എണ്ണം വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, 271 കി.മീ. എൽടി ലൈൻ വലിക്കുക 1,43,000 എണ്ണം കേടായ മീറ്ററുകൾ മാറ്റുക തുടങ്ങിയ പ്രവൃത്തികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനം സാധ്യമാകുന്ന രിതിയിൽ' സാഗി SAGY' പദ്ധതി ഇതിൽ ഉൾപ്പെടുന്നു.

ഈ പദ്ധതി പൂർത്തീകരിക്കുന്നതോടു കൂടി ജില്ലയിലെ മുഴുവൻ ഗ്രാമപ്രദേശങ്ങളിലും വൈദ്യുതി എത്തിക്കുന്നതിനും കേടായ മുഴുവൻ മീറ്ററുകൾ മാറ്റുന്നതിനും സാധിക്കും. പ്രവൃത്തി 2018 മാർച്ച് 31 നകം പൂർത്തീകരിക്കേണ്ടതുണ്ട്. നിലവിൽ പദ്ധതിയുടെ 35% പൂർത്തീകരിച്ചു കഴിഞ്ഞു.

I PDS (ഇന്റഗ്രേറ്റഡ് പവർ ഡവലപ്മെന്റ് സ്കീം)

ജില്ലയിലെ പ്രധാന നഗരപ്രദേശങ്ങളിലെ പ്രസരണ വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും കേടായ മീറ്ററുകൾ മാറ്റുന്നതിനും വേണ്ടിയുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഇത്. ജില്ലയിൽ 56.45 കോടി രൂപയുടെ പ്രസ്തുത പദ്ധതിയിൽ 11.5 കി. മീറ്റർ 11 കെ.വി ഓവർ ഹെഡ് ലൈനും, 39 കി.മീ. എൽ ടി എ ബി സി ലൈനും, 36 എണ്ണം ട്രാൻസ്ഫോർമറുകളും, 1,70,000 എണ്ണം കേടായ മീറ്ററുകൾ മാറ്റി വയ്ക്കുന്നതുമായ പ്രവൃത്തികളാണ് ഉൾപ്പെട്ടിരിക്കുന്നത്. 2018 ഡിസംബർ മാസത്തിനകം മുഴുവൻ പ്രവൃത്തികളും ചെയ്തു തീർക്കേണ്ടതുണ്ട്. ഈ പദ്ധതിയുടെ പൂർത്തീകരണത്തോടുകൂടി ജില്ലയിലെ പ്രധാന നഗരപ്രദേശങ്ങളിൽ മികച്ചതും സുരക്ഷിതവുമായ വൈദ്യുത ശൃംഖല യാഥാർത്ഥ്യമാകുന്നതാണ്.

ട്രാൻസ് ഗ്രിഡ് 2.0

മലബാർ മേഖലയിലെ വൈദ്യുതി പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന് 2040 വരെയുള്ള വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനുമായി വേണ്ടിയുള്ള പദ്ധതിനടന്നു കൊണ്ടിരിക്കുകയാണ്. ഈ പദ്ധതിയുടെ ഭാഗമായി പുതിയ 400 കെ.വി പ്രസരണ ലൈനുകൾ, നിലവിലുള്ള 110 കെ.വി സബ് സ്റ്റേഷന്റെ

ശേഷി 220 കെ.വി ആയി വർദ്ധിപ്പിക്കൽ, നിലവിലുള്ള 66/110 കെ.വി ലൈനുകൾ 110/220 കെ.വി ലൈനുകളാക്കി ശേഷി വർദ്ധിപ്പിക്കൽ എന്നീ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ജില്ലയിൽ ട്രാൻസ് ഗ്രിഡ് പദ്ധതിയിൽ ഉൾപ്പെടുത്തി തലശ്ശേരി 110 കെ.വി സബ് സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കൽ, കാഞ്ഞിരോട്, മയിലാട്ടി പുതിയ ലൈൻ വലിക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്താനുണ്ട്. ഇതിനാവശ്യമായ സ്ഥലമെടുപ്പ് നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കണം.

വൈദ്യുതി വകുപ്പിൽ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ

ഇന്റർനെറ്റ് അധിഷ്ഠിത സേവനങ്ങൾ

വൈദ്യുത മേഖലയിൽ ഉപഭോക്തൃ സേവനം വർദ്ധിപ്പിക്കുന്നതിനായി വളരെയധികം സാങ്കേതിക വിദ്യകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്.

1. ഊർജ്ജ ദൂത്: വൈദ്യുതി മുടക്കം, വൈദ്യുതി ചാർജ്ജ്, വൈദ്യുതി വിഛേദന അറിയിപ്പ് തുടങ്ങിയ വിവരങ്ങൾ ഉപഭോക്താക്കളെ മുൻകൂട്ടി എസ്എംഎസ് മുഖേന അറിയിക്കുന്നതിനായി ആരംഭിച്ച സംരംഭം.
2. 1912: ഉപഭോക്താക്കളുടെ ഏതുപാരാതിയും സെക്ഷൻ ഓഫിസ് ഭേദമന്യേ രജിസ്റ്റർ ചെയ്യാവുന്ന ടോൾഫ്രി സർവീസ്. ഇത് മൂലം സെക്ഷൻ ഓഫീസിലെ ഫോണുകൾ എൻഗേജ് ആകുന്ന പ്രശ്നം ഒഴിവാക്കാം.
3. ഡിജിറ്റൽ പേയ്മെന്റ്: ഉപഭോക്താക്കൾക്ക് കറണ്ട് ചാർജ്ജ് ഓൺ ലൈനായി അടയ്ക്കാവുന്ന സൗകര്യം. ഇതിനായി മൊബൈൽ ആപ്ലിക്കേഷനുകൾ വരെ ലഭ്യമാണ്.
4. ഓൺലൈൻ അപേക്ഷ: പുതിയ കണക്ഷനുകൾ എടുക്കുന്നതിന് ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.

കൂടാതെ വൈദ്യുതി ലൈനുകളുടെ ജിപിഎസ് മാപ്പിംഗ് അടക്കമുള്ള പ്രവൃത്തികൾ നടന്നുവരുന്നു. വൈദ്യുതി ബോർഡിന്റെ നോർമൽ ഡവലപ്മെന്റ് പദ്ധതിയിലൂടെ ജില്ലയിൽ വിവിധ സ്ഥലങ്ങളിലായി 70 എണ്ണം വിതരണ ട്രാൻസ്ഫോർമറുകൾ 50 കിലോമീറ്റർ 11 കെ.വി. ലൈനും 200 കിലോ മീറ്റർ ലോടെൻഷൻ ലൈനും നിർമിക്കുന്നുണ്ട്. ഇതിലൂടെ ജില്ലയിലെ പ്രധാന പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെടും.

അനെർട്ട്

വാർഷിക പദ്ധതികൾ

ഈ വർഷം നടപ്പിലാക്കികൊണ്ടിരിക്കുന്ന പദ്ധതികൾ

1. ബയോഗ്യാസ് പ്ലാന്റുകൾ എം എൻ ആർ ഇ സബ്സിഡി യോടു കൂടി 1,150 ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ സംസ്ഥാനത്താകമാനം നിർമിക്കുക എന്ന അനെർട്ടിന്റെ പ്രഖ്യാപിത ലക്ഷ്യത്തോട് ചേർന്ന് കണ്ണൂർ ജില്ലയിൽ 100 എണ്ണമെങ്കിലും നിർമിക്കാൻ ശ്രമിക്കുന്നതാണ്. ഒരു മീറ്റർ ക്യൂബ് മുതൽ 6 മീറ്റർ ക്യൂബ് വരെ കപ്പാസിറ്റിയുള്ള ബയോഗ്യാസ് പ്ലാന്റുകൾക്ക് സബ്സിഡി അനുവദിക്കുന്നുണ്ട്. അനെർട്ട് ജില്ലാ ആഫീസുകൾ മുഖേനയാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. ബയോഗ്യാസ് പ്ലാന്റുകളുടെ പ്രവർത്തനം പരിചരണം എന്നിവ സംബന്ധിച്ച് ഗുണഭോക്താക്കൾക്കും പൊതുജനങ്ങൾക്കും അറിവ് നൽകുന്നതിനുവേണ്ടി ആവശ്യമായ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നതാണ്.
2. സൗരകേന്ദ്രീകൃത വൈദ്യുത നിലയങ്ങൾ പ്രധാനമായും രണ്ട് തരത്തിലുള്ളവയാണ്. ബാറ്ററിബാക്കപ്പോടു കൂടിയവയും (സോളാർ സ്മാർട്ട്) കെ.എസ്.ഇ.ബി.യുടെ ഗ്രിഡിലേക്ക് കണക്ട് ചെയ്ത് ഉപയോഗിക്കുന്നവയും. രണ്ട് വിധത്തിലുള്ള പവർ പ്ലാന്റുകളും അനെർട്ട് സബ് സിഡി നൽകി കഴിഞ്ഞ വർഷത്തെപ്പോലെ തന്നെ ഈ വർഷവും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. സോളാർ സ്മാർട്ട് മാത്രം ഈ വർഷം ഇതുവരെ 200 കിലോവാട്ട് സൗരകേന്ദ്രീകൃത വൈദ്യുത നിലയങ്ങൾ സ്ഥാപിക്കുവാനുള്ള അപേക്ഷ ജില്ലാ ഓഫീസിൽ ലഭിച്ചു കഴിഞ്ഞു.

ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

1. അക്ഷയ ഊർജ്ജ സേവനകേന്ദ്രം
2. ജില്ലാതല സംയോജിത അക്ഷയ ഊർജ്ജ കേന്ദ്രങ്ങൾ (ജില്ലാ ആസ്ഥാനത്ത് 6 സെന്റ് സ്ഥലം അനുവദിക്കുമെങ്കിൽ അനെർട്ട് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതാണ്.
3. സ്കൂളുകളിൽ സൗരോർജ്ജ പവർപ്ലാന്റും, ബയോഗ്യാസ് പ്ലാന്റും.
4. സ്കൂളുകളിൽ മെച്ചപ്പെട്ട കമ്മ്യൂണിറ്റി വിറകടുപ്പുകൾ.
5. അക്ഷയ ഊർജ്ജ ഉപകരണങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലൂടെ സബ്സിഡി.
6. സർക്കാർ കെട്ടിടങ്ങളിൽ സൗരവൈദ്യുത നിലയങ്ങൾ.

5.3 (ബി) ഗതാഗതം വാർത്താവിനിമയം വിനോദ സഞ്ചാരം

കേന്ദ്ര-സംസ്ഥാന പദ്ധതികളും നിർദേശങ്ങളും

റോഡ് ഗതാഗതം

കണ്ണൂർ ജില്ലയിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 15,620 ലക്ഷം രൂപ റോഡ് പ്രവൃത്തികൾക്കായി വകയിരുത്തിയിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് 52 റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തി നടന്നുവരുന്നുണ്ട്. കൂടാതെ 510 ലക്ഷം രൂപയുടെ ചുവടെ ചേർത്ത 3 പാലങ്ങളുടെ നിർമാണ പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ച് തുടർപ്രവൃത്തികൾ നടന്നുവരുന്നുണ്ട്.

1. തട്ടാരി പാലം 186 ലക്ഷം
2. മൂന്നാംപാലം 150ലക്ഷം
3. ചാണോക്കുണ്ട് പാലം 174 ലക്ഷം

കേന്ദ്ര റോഡ് ഫണ്ട് ഉപയോഗിച്ച് താഴെ പറയുന്ന ഏഴ് റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ നടന്നു വരുന്നുണ്ട്.

1. ചെറുതാഴം - കുറ്റൂർ പെരിങ്ങോം റോഡ് -1200 ലക്ഷം
2. പനയത്താം പറമ്പ് - അപ്പക്കടവ് റോഡ് -600 ലക്ഷം
3. മുഴപ്പിലങ്ങാട് ബിച്ച് റോഡ് -200 ലക്ഷം
4. ഹാജി റോഡ് - ഇല്ലിപ്പുറം -ചെറുകുന്ന് അമ്പലം - കുവ്വപ്പുറം റോഡ് -740 ലക്ഷം
5. കിണവക്കൽ ചമ്പാട് റോഡ് -500 ലക്ഷം
6. മട്ടന്നൂർ ശിവപുരം - തോലമ്പ്ര - പേരാവൂർ റോഡ് -1000 ലക്ഷം
7. പാനൂർ കുറ്റേരി -കല്ലുവളപ്പ് റോഡ് -600 ലക്ഷം

ദേശീയപാത വിഭാഗം

ജില്ലയിൽ കാലിക്കടവ് മുതൽ മാഹിപാലം വരെ 80.6 കി.മീ. നീളമുള്ള ദേശീയപാത 66 ന്റെ പരിപാലനമാണ് ഈ വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്നത്. കൂടാതെ കേന്ദ്ര റോഡ് ഫണ്ട് ഉപയോഗിച്ച് അംഗീകാരം ലഭ്യമാകുന്ന മുറക്ക് സംസ്ഥാന റോഡ്/പ്രധാന ജില്ലാ റോഡ് എന്നിവയുടെ നവീകരണവും ഈ വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്നുണ്ട്.

2017-18 വാർഷിക പദ്ധതിയിൽപ്പെടുത്തി ദേശീയപാതയിൽ വിവിധ റീച്ചുകളിലായി ഉപരിതലം മെച്ചപ്പെടുത്തുന്നതിന് 6 പദ്ധതികൾ നിർദേശിച്ചിരുന്നുവെങ്കിലും ദേശീയപാത 4 വരിയായി വികസിപ്പിക്കുന്നതിനാൽ പ്രസ്തുത പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടില്ല. കേന്ദ്ര റോഡ് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികൾ തയ്യാറാക്കുന്നത് ജില്ലയിലെ ജനപ്രതിനിധികളുടെ നിർദേശങ്ങളുടെ അടിസ്ഥാനത്തിലാണ്.

ഈ വകുപ്പിനു കീഴിൽ തയ്യാറാക്കുന്ന എല്ലാ പദ്ധതികളും റോഡിന്റെ ഉപരിതലം 5 വർഷം വരെ കേടുപാടുകൾ കൂടാതെ നിലനിൽക്കത്തക്ക രീതിയിലാണ്. 50 മി.മീ. കനത്തിൽ ബിറ്റുമിനസ് മെക്കാഡവും 30 മി.മീ. കനത്തിൽ ബിറ്റുമിനസ് കോൺക്രീറ്റും ചെയ്യുന്ന ആധുനിക രീതിയിലുള്ള സാങ്കേതിക വിദ്യയാണ് എല്ലാ റോഡുകൾക്കും അവലംബിച്ചുവരുന്നത്. ഉയർന്ന ഗുണനിലവാരമുള്ള നാചറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ (എൻ.ആർ.എം.ബി.) ഉപയോഗിച്ചാണ് ബിറ്റുമിനസ് കോൺക്രീറ്റ് ചെയ്തുവരുന്നത്. ഭാവിയിൽ ഉപയോഗ്യശൂന്യമായ പ്ലാസ്റ്റിക്, തുണ്ടുകളാക്കി ബിറ്റുമിന്റെ കൂടെ കലർത്തി മെക്കാഡം ചെയ്യുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്തുവുന്നതാണ്.

ജില്ലയിൽ ദേശീയപാതയിൽ ഉണ്ടാകുന്ന ഗതാഗത തടസ്സം ജനങ്ങൾക്ക് വളരെയേറെ പ്രയാസം സൃഷ്ടിക്കുന്നുണ്ട്. ഇതിനു പരിഹാരമായി ദേശീയപാത നാലുവരിയായി വികസിപ്പിക്കുന്ന പദ്ധതി ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ പുരോഗമിച്ചു വരികയാണ്. പ്രധാനപ്പെട്ട എല്ലാ ടൗണുകളിലും ബൈപ്പാസോടുകൂടിയാണ് നിർദിഷ്ട നാലുവരിപ്പാത നിർമാണം. കൂടാതെ മുഴപ്പിലങ്ങാട് മുതൽ കോഴിക്കോട് ജില്ലയിലെ അഴിയൂർ വരെയുള്ള തലശ്ശേരി മാഹി ബൈപ്പാസ് നിർമാണം ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ ടൗണിനടുത്ത് ഗതാഗത തടസ്സം സൃഷ്ടിക്കുന്ന താഴെചൊവ്വയിലെ ഇടുങ്ങിയ പാലത്തിനു പകരം പുതിയപാലം നിർമാണം ഈ വകുപ്പിനു കീഴിൽ പുരോഗമിച്ചു വരുന്നുണ്ട്.

കേന്ദ്ര റോഡ് ഫണ്ട് ഉപയോഗിച്ച് ജില്ലയിലെ 7 പ്രധാന റോഡുകൾ ഇതിനോടകംതന്നെ നവീകരിച്ചിട്ടുണ്ട്. നിലവിൽ 10 പ്രധാന റോഡുകളുടെ നവീകരണ പ്രവൃത്തി പുരോഗമിച്ചു വരുന്നുണ്ട്. ഒരു പ്രവൃത്തി ആരംഭിക്കേണ്ടതുമുണ്ട്.

കൂടാതെ ജില്ലയിലെ മേലേചൊവ്വ-മട്ടന്നൂർ-വളവുപാറ വഴി കർണാടകയിലെ വിരാജ്പേട്ട വരെയുള്ള റോഡ് ദേശീയപാതയായി തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ കണ്ണൂർ ജില്ലയിലെ ഭാഗം പുനരുദ്ധീകരിക്കുന്നതിനുള്ള പ്രൊജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിന് എൽ & ടി, ഇൻഫ്രാസ്ട്രക്ചർ എഞ്ചിനീയറിംഗ് ലിമിറ്റഡ്, ചെന്നൈ എന്ന കൺസൾട്ടന്റിനെ ചുമതലപ്പെടുത്തി പ്രാരംഭ പ്രവൃത്തികൾ നടന്നു വരുന്നു. ഒരു അന്തർസംസ്ഥാന റോഡും ജില്ലയിലെ വിവിധഭാഗങ്ങളുമായി ബന്ധപ്പെടുത്തുന്നതുമായ ഈ റോഡ് നിർദിഷ്ട അന്താരാഷ്ട്ര വിമാനത്താവളത്തിലേക്കുള്ള ഏറ്റവും പ്രധാനപ്പെട്ട റോഡാണ്.

ജില്ലയിൽ ഗതാഗത പ്രശ്നം പരിഹരിക്കുന്നതിന് തെക്കീബസാറിൽ ഒരു ഫ്ലൈ ഓവർ നിർമിക്കുന്നതിനും മേലെചൊവ്വ അണ്ടർപാസ് നിർമിക്കുന്നതിനും താഴെചൊവ്വ, നടാൽ എന്നിവിടങ്ങളിൽ റെയിൽവെ മേൽപ്പാലം നിർമിക്കുന്നതിനും പദ്ധതികൾ വിഭാവനം ചെയ്യുവരുന്നുണ്ട്. കൂടാതെ മുഴപ്പിലങ്ങാടിൽ നിന്നും ആരംഭിച്ച് രണ്ട്തെങ്ങുവരെ നീളുന്ന തീരദേശപാത നിർമാണവും പരിഗണനയിലുണ്ട്. വികസനോന്മുഖങ്ങളായ ഈ പദ്ധതികളെല്ലാം യാഥാർത്ഥ്യമാകുന്നതോടു കൂടി ജില്ലയിൽ സുഗമമായ ഗതാഗതം പ്രാപ്യമാകുന്നതാണ്.

2018 – 19 വർഷത്തേക്കുള്ള പദ്ധതി നിർദേശങ്ങൾ

സംസ്ഥാന ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികൾ

1.	ദേശീയപാതയിൽ തെക്കീബസാറിൽ ഫ്ലൈ ഓവർ നിർമാണം	–250 കോടി
2.	ദേശീയപാതയിൽ മേലെ ചൊവ്വയിൽ അണ്ടർപാസ് നിർമാണം	–350 കോടി
3.	മുഴപ്പിലങ്ങാട് മുതൽ അഴീക്കൽ ബീച്ച് വരെ തീരദേശ ഹൈവേ നിർമാണം	–44 കോടി
4.	തീരദേശ ഹൈവെ – അഴീക്കൽ – മാട്ടൂൽ സൗത്ത് പാലം നിർമാണം	–70 കോടി
5.	മാട്ടൂൽ സൗത്ത് മുതൽ രണ്ട് തെങ്ങ് വരെ തീരദേശ ഹൈവേ നിർമാണം	–50 കോടി
6.	മീത്തിലെ പീടിക ജംങ്ഷൻ വികസനവും നവീകരണവും ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ	–15 കോടി

കേന്ദ്ര ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികൾ

1.	ദേശീയപാതയിൽ താഴെചൊവ്വയിൽ റെയിൽവെ മേൽപ്പാലം നിർമാണം	–250 കോടി
2.	ദേശീയപാതയിൽ നടാലിൽ റെയിൽവെ മേൽപ്പാലം നിർമാണം	–200 കോടി

കേന്ദ്ര റോഡ് ഫണ്ട് (സി.ആർ.എഫ്.) ഉപയോഗിച്ചുള്ള പദ്ധതികൾ

1.	വാരപ്പീടിക മഞ്ഞളാപുരം റോഡ് നവീകരണം	–15 കോടി
2.	തുക്കരിപ്പൂർ മാത്തിൽ മാതമംഗലം റോഡ് നവീകരണം	–25 കോടി
3.	കൂട്ടുംമുഖം – കാവുമ്പായി – നെടിയേങ്ങ – ചുഴലി – പന്നിയൂർ – പൂവ്വം റോഡ് നവീകരണം	–20 കോടി

വിമാനത്താവളം പ്രവർത്തന സജ്ജമാകുന്നതോടു കൂടി വിവിധ രാജ്യങ്ങളിലെ വികസന മേഖലകളിൽനിന്നും സാമ്പത്തിക ക്രയവിക്രിയങ്ങൾ കണ്ണൂരിലേക്ക് എത്തിച്ചേരും. ഇത് ജില്ലയിലെ ഗതാഗത മേഖലയ്ക്ക് ഉൾപ്പെടെ വൻ മുന്നേറ്റമാണ് ഉണ്ടാക്കുക. ജില്ലയിലെ റോഡ് ശൃംഖലയിൽ ഉൾപ്പെടുന്നത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ദേശീയപാത, സംസ്ഥാനപാത, മലയോര ഹൈവേ, തീരദേശ ഹൈവേ, പ്രധാന ജില്ലാ റോഡുകൾ എന്നിവയും ജില്ലാ പഞ്ചായത്തിന് കീഴിലുള്ള മറ്റ് ജില്ലാ റോഡുകളും വില്ലേജ് റോഡുകളും കോർപറേഷൻ, മുൻസിപ്പാലിറ്റി എന്നിവയുടെ കീഴിലുള്ള ടൗൺ റോഡുകളും പഞ്ചായത്തിന് കീഴിലുള്ള പഞ്ചായത്ത് റോഡുകളുമാണ്. തീരദേശവും സമതലങ്ങളും മലഞ്ചെരുവുകളും അടങ്ങിയ ഭൂപ്രദേശമുള്ള ഈ ജില്ലയിൽ നല്ലൊരു റോഡ് ശൃംഖല നിലവിലുണ്ടെങ്കിലും പല റോഡുകളുടെയും സ്ഥിതി തൃപ്തികരമല്ല. ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള മുഴുവൻ റോഡുകളും ഗതാഗത യോഗ്യമാക്കി നിലനിർത്തുന്നതിനാവശ്യമായ ഫണ്ട് ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കുന്നില്ല.

നിരവധി പുഴകളാലും, ജലാശയങ്ങളാലും സമൃദ്ധമായ ജില്ലയിൽ ജലഗതാഗതത്തിന് വലിയ സാദ്ധ്യതകളാണുള്ളത്. വളപട്ടണം മുതൽ നീലേശ്വരം-കോട്ടപ്പുറം വരെയുള്ള ജലപാത നിലവിൽ ഗതാഗത യോഗ്യമാണ്. മാഹി മുതൽ വളപട്ടണം വരെയുള്ള ഭാഗത്ത് ജലപാത പുതുതായി നിർമിക്കാനുണ്ട്. അഞ്ചരക്കണ്ടി പുഴ, ധർമടം പുഴ, കാട്ടാമ്പള്ളി പുഴ തുടങ്ങിയ പുഴകളും കോർത്തിണക്കിയാണ് ഈ ജലപാത നിർമിക്കുന്നത്.

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളവും അഴീക്കൽ തുറമുഖവും പ്രവർത്തന സജ്ജമാവുന്നതോടെ അടിസ്ഥാന സൗകര്യവികസനവും ടൂറിസം മേഖലയുടെ വികസനവും ജില്ലയിൽ അത്യന്താപേക്ഷിതമാണ്. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലെല്ലാം തന്നെ ടൂറിസ്റ്റുകൾക്ക് താമസ സൗകര്യം ഒരുക്കേണ്ടതാണ്. ആറളം ഫാമിൽ ഫാം ടൂറിസത്തിനുള്ള അനന്ത സാധ്യതകളും നിലനിൽക്കുന്നുണ്ട്.

കണ്ണൂർ നഗര റോഡ് വികസന പദ്ധതി

- കണ്ണൂർ നഗര റോഡ് വികസന പദ്ധതിയുടെ ഭാഗമായി കണ്ണൂർ കോർപറേഷൻ പരിധിയിലെ 47.79 കി.മീ റോഡുകൾ വികസിപ്പിക്കുന്നതിനായി സ്ഥലമെടുപ്പ് അടക്കം 401.467 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ആയത് പൊതുസ്വകാര്യ പങ്കാളിത്തം (പി.പി.പി) മുഖേന ചെയ്യാൻവേണ്ടി കേരളാ റോഡ് ഫണ്ട് ബോർഡിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. കണ്ണൂർ നഗര റോഡ് വികസന പദ്ധതിയിലുൾപ്പെട്ട റോഡുകൾ 5 മീറ്റർ വീതിയിൽ കാര്യേജ് വേയും 2 മീറ്റർ വീതിയിൽ നടപ്പാതയും ഉൾപ്പെട്ടതായിട്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിനാവശ്യമായ സ്ഥലമെടുപ്പ് നടത്തേണ്ടതുണ്ട്. ഇതു കൂടാതെ രണ്ട് ഫ്ലൈ ഓവറുകളും (കാൾടെക്സ് ജംങ്ഷൻ, മേലെ ചൊവ്വ) മൂന്ന് ആർ.ഒ.ബി.കളും (താഴെ ചൊവ്വ, പന്നേൻപാറ, കണ്ണൂർ സൗത്ത്) ഒരു ചെറിയ പാലവും (താഴെ ചൊവ്വ) ഈ പദ്ധതിയിൽപ്പെടുന്നു. കാനാമ്പുഴ പാലത്തിന്റെയും ആയിക്കര പാലത്തിന്റെയും പുനരുദ്ധാരണവും ഇതിന്റെ കൂടെ നടത്തേണ്ടതുണ്ട്. ഈ പദ്ധതിയിൽപ്പെട്ട റോഡുകൾ ഇവയാണ്.
- പുതിയതെരു – ജെ.ടി.എസ് റോഡ് (10.71 കി.മീ)
- ചാലാട് – പള്ളിക്കുന്ന് റോഡ് (4.70 കി.മീ)
- പള്ളിക്കുന്ന് – കുഞ്ഞിപ്പള്ളി റോഡ് (4.70 കി.മീ)
- പൊടിക്കുണ്ട് – കൊറ്റാളി റോഡ് (1.77 കി.മീ)
- മിനി ബൈപ്പാസ് റോഡ് (7.04 കീ.മീ.)
- കക്കാട് – മുണ്ടയാട് റോഡ് (2.81 കി.മീ)
- കണ്ണൂർ – മട്ടന്നൂർറോഡ് (6.75 കി.മീ)
- പ്ലാസ ജംങ്ഷൻ – ജെ.ടി.എസ് റോഡ് (6.45 കി.മീ)
- തയ്യിൽ തെഴുക്കിലെ പീടിക റോഡ് (2.18 കി.മീ)
- ഇന്നർറിംഗ് റോഡ് (3.1 & .99 കി.മീ)
- ജയിൽറോഡ് (.96 കി.മീ)
- കുഞ്ഞിപ്പള്ളി – പുല്ലൂപി റോഡ് (1.65 കി.മീ)

ഇതേ രീതിയിൽ പയ്യന്നൂർ നഗര റോഡ് വികസന പദ്ധതിയും തലശ്ശേരി നഗര റോഡ് വികസന പദ്ധതിയും പ്രാരംഭ ഘട്ടത്തിലാണ്. മറ്റുള്ള പ്രധാന നഗരങ്ങളായ പാനൂർ, കൂത്തുപറമ്പ്, മട്ടന്നൂർ, ഇരിട്ടി, പേരാവൂർ, ഇരിക്കൂർ, ശ്രീകണ്ഠാപുരം, തളിപ്പറമ്പ്, പഴയങ്ങാടി, പിലാത്തറ, എന്നിവടങ്ങളിലും ഭാവിയിൽ ഇത്തരം വികസനം നടത്തേണ്ടതാണ്. ഇതോടൊപ്പം തന്നെ നഗരങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് പ്രത്യേക ഗതാഗത ഇടനാഴികളും പ്രാവർത്തികമാക്കേണ്ടതുണ്ട്.

5.4 പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ

54.(എ) പട്ടികജാതി, പട്ടികവർഗ വികസനം

പട്ടികജാതി വികസനം

പട്ടികജാതി വികസന വകുപ്പ് ഒട്ടേറെ ക്ഷേമ വികസന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെ പ്രധാനമായും 5 വിഭാഗങ്ങളിൽ ഉൾപ്പെടുത്താം.

I. വിദ്യാഭ്യാസ പരിപാടികൾ

II. സാമ്പത്തിക വികസന പരിപാടികൾ

III. സാമൂഹ്യ ക്ഷേമ പരിപാടികൾ

IV. സാംസ്കാരിക പരിപാടികള്

V. നിയമാധിഷ്ഠിത സേവനങ്ങൾ

വിദ്യാഭ്യാസ പരിപാടികൾ

നഴ്സറി സ്കൂളുകൾ

ജില്ലയിൽ കാട്ടാംമ്പള്ളി, വാതിൽമട, വളപട്ടണം എന്നിവിടങ്ങളിലായി 3 നഴ്സറി സ്കൂളുകൾ നടത്തി വരുന്നു. പ്രതിദിന ഫീഡിംഗ് ചാർജ്ജും യൂണിഫോം അടങ്ങുന്ന പഠന സാമഗ്രികളും നൽകുന്നു. ഓരോ നഴ്സറി സ്കൂളിലും 30 കുട്ടികൾക്ക് പ്രവേശനം നൽകുന്നു. ഇതിൽ പൊതു വിഭാഗത്തിൽ നിന്നും 25 ശതമാനം വരെ കുട്ടികൾക്ക് പ്രവേശനം നൽകുന്നുണ്ട്.

പ്രീമെട്രിക് വിദ്യാഭ്യാസം (10 ക്ലാസ്സ് വരെ)

സംസ്ഥാനത്തെ എല്ലാ സർക്കാർ, സർക്കാർ എയ്ഡഡ്, സർക്കാർ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലും പഠിക്കുന്ന പട്ടികജാതി/മറ്റ് അർഹതയുള്ള വിദ്യാർത്ഥികൾക്ക് അധ്യായന വർഷം ആരംഭിച്ച് 15 ദിവസത്തിനുള്ളിൽ സ്കൂൾ പ്രധാനാധ്യാപകർ മുഖേന ലംപ്സംഗ്രാന്റ് നൽകുന്നു.

എ. സ്റ്റൈപ്പെന്റ്

വേടൻ, വേട്ടുവ, നായാടി, അരുന്ധതിയർ, ചക്ലിയൻ, കള്ളാടി എന്നീ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്റ്റൈപെന്റ് നൽകുന്നു.

ബി. 9, 10 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രീമെട്രിക് സ്കോളർഷിപ്പ് കേന്ദ്രസഹായ പദ്ധതി

9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്റ്റൈപ്പെന്റും ഗ്രാന്റും നൽകുന്ന പദ്ധതി.

നിരക്കുകൾ		
	ഹോസ്റ്റലേഴ്സ്	ഡേ സ്കോളർ
സ്കോളർഷിപ്പ് (പ്രതിമാസം)	350	150
ബുക്ക് ഗ്രാന്റ്	1000	750

സി. വൃത്തിഹീനത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായം (കേന്ദ്ര സഹായ പദ്ധതി).

ജാതി മത പരിഗണന കൂടാതെ നൽകുന്ന ഈ ആനുകൂല്യത്തിന്റെ നിരക്ക് ചുവടെ ചേർക്കുന്നു. പ്രതിമാസ സ്റ്റൈപെന്റ് ഒന്നാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെ 110 രൂപ, അഡ്ഹോക്ക് ഗ്രാന്റ് 750 രൂപ (ഡേ സ്കോളേഴ്സ്). ഹോസ്റ്റൽ അന്തേവാസികൾക്ക് – 1000 രൂപ.

ഡി. അൺ എയ്ഡഡ് സ്കൂൾ ട്യൂഷൻ ഫീസ്, റീ ഇംബേഴ്സ്മെന്റ്

അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളിൽ പത്താം ക്ലാസ്സ് വരെ പഠിക്കുന്ന പട്ടികജാതി മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് റീ ഇംബേഴ്സ്മെന്റ് ചെയ്ത് കൊടുക്കുന്നു.

ഇ. ബോർഡിംഗ് സ്കൂളിൽ പഠിക്കുന്നതിനുള്ള സൗകര്യം

പട്ടികജാതി വിഭാഗത്തിൽപ്പെട്ട മിടുക്കരായ വിദ്യാർത്ഥികൾക്ക് ഉന്നത നിലവാരം പുലർത്തുന്ന സ്വകാര്യ ബോർഡിംഗ് സ്കൂളുകളിൽ താമസിച്ച് പഠിക്കുന്നതിന് അഞ്ചാം ക്ലാസ്സ് മുതൽ സൗകര്യം.

ശ്രീ.അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സർച്ച് ആൻഡ് ഡെവലപ്പ്മെന്റ് സ്കോളർഷിപ്പ്

4,7 ക്ലാസ്സുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മികച്ച വിദ്യാർത്ഥികൾക്ക് പത്താം ക്ലാസ്സ് വരെ പ്രതിവർഷം 4,500 രൂപ വീതം സ്കോളർഷിപ്പ്.

മോഡൽ റസിഡൻഷ്യൽ സ്കൂൾ

ജില്ലയിൽ പയ്യന്നൂരിൽ ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

പ്രീമെട്രിക് ഹോസ്റ്റലുകൾ

ജില്ലയിൽ 7 പ്രീമെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

ശ്രീ. അയ്യങ്കാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ, തിരുവനന്തപുരം.

കായിക മേഖലയിൽ മികവ് പുലർത്തുന്നവർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനായി അഞ്ചാം ക്ലാസ്സ് മുതൽ പരിശീലനം നൽകുന്നു. മേഖലാതല സെലക്ഷൻ ട്രയൽസിലൂടെ തെരഞ്ഞെടുക്കുന്നു.

പോസ്റ്റ് മെട്രിക് വിദ്യാഭ്യാസം (പത്താം ക്ലാസിനു ശേഷം)

ലംപ്സംഗ്രാന്റും, സ്റ്റൈപ്പെന്റും

പ്ലസ് വൺ മുതൽ പഠനം നടത്തുന്നവർക്ക് പ്രതിമാസം 500 രൂപ സ്റ്റൈപ്പെന്റ് നൽകുന്നു. 8. കി.മീ. കൂടുതൽ യാത്ര ചെയ്യുവരുന്നവർക്ക് സ്റ്റൈപ്പെന്റ് 600 രൂപയാണ്. ലംപ്സംഗ്രാന്റ് നിരക്ക് ചുവടെ കൊടുക്കുന്നു.

പ്ലസ്ടു, വി.എച്ച്.എസ്.ഇ.	1130 രൂപ
ഡിഗ്രി, തത്തുല്യ കോഴ്സുക ൾ	1190 രൂപ
പി.ജി. തത്തുല്യ കോഴ്സുകൾ	1570 രൂപ
പ്രൊഫഷണൽ കോഴ്സുകൾ	(440 മുതൽ 3130 രൂപ വരെ കോഴ്സ് അനുസരിച്ച്)

അംഗീകൃത ഹോസ്റ്റൽ ലഭ്യമല്ലാത്തവർക്കുള്ള ആനുകൂല്യം

ഹോസ്റ്റൽ സൗകര്യം ഇല്ലാത്ത പ്രൊഫഷണൽ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് ബോർഡിംഗ് ഗ്രാന്റായി പ്രതിമാസം 1500 രൂപ നൽകുന്നു.

റാങ്ക് ജേതാക്കൾക്ക് സ്വർണമെഡൽ

മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ ആദ്യ റാങ്ക് നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ഒരു പവൻ സ്വർണ നാണയം സമ്മാനമായി നൽകുന്നു.

പ്ലസ്ടു, എസ്.എസ്.എൽ.സി പരീക്ഷകളിൽ എല്ലാ വിഷയത്തിനും എ പ്ലസ് നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് അരപവൻ സ്വർണ നാണയം നൽകി അനുമോദിക്കുന്നു.

ക്ഷേത്രപ്രവേശന വിളംബര സ്മാരക സ്കോളർഷിപ്പ്

ഡിഗ്രി, പി.ജി, എൽ.എൽ.ബി, മെഡിക്കൽ എഞ്ചിനീയറിംഗ് പഠനം നടത്തുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നു.

മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം.

എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ബി പ്ലസിന് മുകളിൽ ലഭിച്ച വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷയ്ക്ക് ദീർഘകാല കോച്ചിംഗിന് 20,000 രൂപ വരെ ധനസഹായം നൽകുന്നു.

സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സിൽ പഠിക്കുന്നവർക്ക് ആനുകൂല്യം

വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവയിൽ മെറിറ്റിലോ റിസർവേഷനിലോ അഡ്മിഷൻ നേടുന്നവർക്ക് സർക്കാർ അംഗീകരിച്ച നിരക്കിൽ ഫീസ് ആനുകൂല്യം നൽകുന്നു. കൂടാതെ ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവയും നൽകുന്നു.

എഞ്ചിനിയറിംഗ് മെഡിക്കൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചവർക്ക് പ്രാഥമിക ചെലവിന് ഗ്രാന്റ്

എഞ്ചിനീയറിംഗ്, മെഡിക്കൽ കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് പ്രാഥമിക ചെലവുകൾക്ക് തുക അനുവദിക്കുന്നു.

മെഡിക്കൽ 10,000 രൂപ

എഞ്ചിനിയറിംഗ്. 5,000 രൂപ

പ്രൈമറി എഡ്യുക്കേഷൻ എയ്ഡ്

1 മുതൽ 4 വരെ ക്ലാസ്സുകളിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് യൂണിഫോം, ബാഗ്, കുട എന്നിവ വാങ്ങുന്നതിനായി 2,000 രൂപ നൽകുന്നു.

ലാപ്പ്ടോപ്പ് വാങ്ങുന്നതിന് ധനസഹായം

പട്ടികജാതി വികസന വകുപ്പിൽ നിന്നും വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്ന വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങുന്നതിനായി ധനസഹായം അനുവദിക്കുന്നു.

സ്റ്റെതസ്കോപ്പ് വിതരണം

ഒന്നാം വർഷ എം.ബി.ബി.എസ്., ബി.എ.എം.എസ്., ബി.എച്ച്.എം.എസ്. വിദ്യാർത്ഥികൾക്ക് സൗജന്യമായി സ്റ്റെതസ്കോപ്പ് നൽകി വരുന്നു.

ബിരുദ/ബിരുദാനന്തര, ബിരുദ കലാ-കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന/പരിശീലനോപകരണങ്ങൾ/ ഉപാധികൾ വാങ്ങുന്നതിന് ധനസഹായം

കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികൾ നടത്തുന്ന ബി.എ./ബി.പി.എ., എം.എ., എ.പി.എ. കലാ വിഷയ കോഴ്സുകൾക്ക് (സംഗീത, നൃത്ത, വാദ്യ വിഷയങ്ങൾ) പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് അവരുടെ മെയിൻ, സബ്സിഡിയറി വിഷയങ്ങൾക്ക് പരിശീലനത്തിനാവശ്യമായ ആടയാഭരണങ്ങൾ തുടങ്ങിയവ വാങ്ങുന്നിന് ധനസഹായം നൽകുന്ന പദ്ധതി.

ഗവൺമെന്റ് ഓഫ് ഇന്ത്യാ സ്കോളർഷിപ്പ്

ഇ-ഗ്രാന്റ്സിന് അർഹതയില്ലാത്തതും, 2,50,000 രൂപ വരെ വരുമാനമുള്ള പട്ടികജാതി കുടുംബങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക് തലത്തിൽ കേരളത്തിനകത്തും പുറത്തും അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി.

ഈവനിംഗ് കോഴ്സ് പഠിക്കുന്നവർക്ക് ധനസഹായം

സർക്കാർ, സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ ഈവനിംഗ് കോഴ്സ് പഠിക്കുന്നതിന് കോഴ്സ് ഫീസ് അനുവദിക്കുന്നു.

വിദൂര വിദ്യാഭ്യാസത്തിനുള്ള സഹായം

യൂണിവേഴ്സിറ്റികളുടെ കറസ്പോണ്ടൻസ് കോഴ്സിൽ ചേർന്ന പഠിക്കുന്നവർക്ക് കോഴ്സ് ഫീസ് അനുവദിക്കുന്നു.

സംസ്ഥാനത്തിന് പുറത്ത് പഠനം നടത്തുന്നവർക്കുള്ള ആനുകൂല്യം

കേരളത്തിൽ ഇല്ലാത്ത കോഴ്സുകൾക്ക് സംസ്ഥാനത്തിന് പുറത്ത് അംഗീകൃത സ്ഥാപനങ്ങളിലും, സെൻട്രൽ യൂണിവേഴ്സിറ്റിയിലും മെറിറ്റ്/റിസർവേഷൻ സീറ്റിൽ പ്രവേശനം നേടിയിട്ടുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നു.

ഭാരതത്തിന് വെളിയിൽ പഠിക്കുന്നവർക്കുള്ള ധനസഹായം

വിദേശ പഠനത്തിന് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കണമെന്ന ആവശ്യം ഓരോ അപേക്ഷയുടെയും മെറിറ്റ് പരിഗണിച്ച് യഥാസമയം യുക്തമായ തീരുമാനം സർക്കാർ കൈകൊള്ളുന്നതാണ്.

പാരലൽ കോളേജ് പഠനത്തിനുള്ള ധനസഹായം

സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ പ്ലസ്ടു, ഡിഗ്രി, പി.ജി. കോഴ്സുകളിൽ പ്രവേശനം ലഭിക്കാത്ത പട്ടികജാതി/മറ്റ് അർഹ വിഭാഗം വിദ്യാർത്ഥികൾക്ക് പാരലൽ കോളേജ് പഠനത്തിന് റഗുലർ സ്ഥാപനങ്ങളിൽ പഠിക്കുന്നവരുടെ നിരക്കിൽ ലമ്പ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ അനുവദിക്കുന്നു. കൂടാതെ സ്പെഷൽ ഫീസ്, പരീക്ഷാ ഫീസ് എന്നിവ നൽകുന്നു.

ഇൻഡസ്ട്രിയൽ ടെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ

ഐ.ടി.ഐ–കൾ

വകുപ്പിന് കീഴിൽ കണ്ണൂർ ജില്ലയിലെ മാടായിയിൽ 1 ഐ.ടി.ഐ പ്രവർത്തിക്കുന്നു.

പ്രീ–എക്സാമിനേഷൻ ടെയിനിംഗ് സെന്റർ

വിവിധ മത്സര പരീക്ഷകൾക്ക് പട്ടികജാതി വിഭാഗം ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കുന്നതിന് 4 പ്രീ–എക്സാമിനേഷൻ ടെയിനിംഗ് സെന്ററുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. കണ്ണൂർ ജില്ലയിൽ പ്രീ–എക്സാമിനേഷൻ ടെയിനിംഗ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സിവിൽ സർവീസ് എക്സാമിനേഷൻ ടെയിനിംഗ് സൊസൈറ്റി, തിരുവനന്തപുരം

അഖിലേന്ത്യാ സർവീസുകളിലേക്കുള്ള മത്സര പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്ഥാപിതമായ സ്വയം ഭരണ സ്ഥാപനം.

ബുക്ക് ബാങ്ക് പദ്ധതി

പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടിക വിഭാഗം വിദ്യാർത്ഥികൾക്ക് വിലയേറിയ റഫറൻസ് പുസ്തകങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതി.

പഠനയാത്രാ പര്യടന പദ്ധതി

സംസ്ഥാനത്ത് ഹയർസെക്കണ്ടറി ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകൾ എന്നിവയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന പഠനയാത്രയിൽ പങ്കെടുക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കുള്ള 4000 രൂപ ധനസഹായം നൽകുന്ന പദ്ധതിക്ക് ജില്ലാ പട്ടികജാതി വികസന ആഫീസിൽ നിന്നും തുക അനുവദിക്കുന്നു.

സാമ്പത്തിക വികസന പദ്ധതികൾ

സ്വയം തൊഴിൽ പദ്ധതി

വ്യക്തികൾക്ക് 3,00,000 വരെയുള്ള വായ്പകൾക്കും, ഗ്രൂപ്പുകൾക്ക് 10,00,000 വരെയുള്ള വായ്പകൾക്കും, വായ്പ തുകയുടെ 1/3 സബ്സിഡി പദ്ധതി ബേങ്കുകളുമായി ചേർന്ന് നടപ്പിലാക്കുന്നു.

വക്കീലൻമാർക്ക് ധനസഹായം.

നിയമ വിദ്യാഭ്യാസം കഴിഞ്ഞ് എൻറോൾ ചെയ്ത് വക്കീലായി പരിശീലനം ചെയ്യുന്നതിന് 3 വർഷത്തേക്ക് ധനസഹായം നൽകുന്നു.

സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർക്ക് അപ്രന്റീസ്ഷിപ്പ്

ഐ.ടി.ഐ, ഡിപ്ലോമ, എഞ്ചിനീയറിംഗ് ഡിഗ്രി എന്നിവ പാസ്സായവർക്ക് അപ്രന്റീസ്ഷിപ്പ്

പ്രതിമാസ നിരക്ക്	
ഐ.ടി.ഐ.	2,000
ഡിപ്ലോമ	2,500
എഞ്ചിനീയറിംഗ് ഡിഗ്രി	3,000

ടൂൾകിറ്റ്

വകുപ്പിന്റെ ഐ.ടി.ഐ-കളിൽ വിവിധ ട്രേഡുകൾ പാസ്സായിട്ടുള്ളവർക്ക് പണിയായുധങ്ങൾ വാങ്ങുന്നതിനുള്ള ഗ്രാന്റ് നൽകി വരുന്നു.

സ്വയം പര്യാപ്ത ഗ്രാമങ്ങൾ

ജില്ലയിൽ 7 കോളനികളിൽ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിക്ക് 1കോടി രൂപാ വീതം ഓരോ കോളനിക്കും അനുവദിച്ചിട്ടുണ്ട്. താഴെപ്പറയുന്ന കോളനികളിലാണ് സ്വയം പര്യാപ്ത ഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

ക്രമനം	കോളനിയുടെ പേര്	അനുവദിച്ച തുക	തദ്ദേശ ഭരണ സ്ഥാപനം
1	പാറക്കൽകോളനി.	1,00,00,000	പാപ്പിനിശ്ശേരി
2	തുരുത്തി സെറ്റിൽമെന്റ് കോളനി.	1,00,00,000	പാപ്പിനിശ്ശേരി
3	കേളോത്ത് കോളനി.	1,00,00,000	പയ്യന്നൂർ
4	മൂലക്കീൽ കോളനി.	1,00,00,000	മാടായി
5	ഏഴിലോട് ചക്ലിയ കോളനി.	1,00,00,000	ചെറുതാഴം
6	പാവന്നൂർമൊട്ട വള്ളുവ കോളനി	1,00,00,000	കൂറ്റ്യാട്ടൂർ
7	സമാജ് വാദി കോളനി	1,00,00,000	എടക്കാട്

അംബേദ്കർ ഗ്രാമം പദ്ധതി

ജില്ലയിൽ 6 കോളനികളിൽ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നു. താഴെപ്പറയുന്ന കോളനികളെയാണ് ടി പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. ടി പദ്ധതിക്ക് 1 കോടി രൂപാ വീതമാണ് അനുവദിച്ചിട്ടുള്ളത്.

ക്രമനം	കോളനിയുടെ പേര്	അനുവദിച്ച തുക	തദ്ദേശ ഭരണ സ്ഥാപനം
1	അവേര കോളനി	1,00,00,000	കണ്ണൂർകോർപറേഷൻ
2	വലിയന്നൂർ കോളനി – പള്ളിപ്രം	1,00,00,000	ചേലോറ
3	ധർമടം അംബേദ്കർ കോളനി	1,00,00,000	ധർമടം
4	പുഞ്ചവയൽ കോളനി	1,00,00,000	കണ്ണപുരം
5	കാരന്താട് കോളനി	1,00,00,000	രാമന്തളി
6	വെടിയപ്പൻചാൽ കോളനി	1,00,00,000	ഏഴോം

ജില്ലയിൽ താഴെപ്പറയുന്ന ഒരു കോളനിയിലാണ് ഗാന്ധിഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

ക്രമനം	കോളനിയുടെ പേര്	അനുവദിച്ച തുക	തദ്ദേശ ഭരണ സ്ഥാപനം
1	പാൽച്ചുരം കോളനി	10000000	കൊട്ടിയൂർ

സാമൂഹ്യ ക്ഷേമ പരിപാടികൾ

വിവാഹ ധനസഹായം

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 75,000 രൂപ വിവാഹ ധനസഹായമായി നൽകുന്നു.

മിശ്രവിവാഹിതർക്ക് ധനസഹായം

മിശ്രവിവാഹിതരായ ദമ്പതിമാർക്ക് (ഒരാൾ പട്ടികജാതിയും പങ്കാളി പട്ടിക ഇതര സമുദായത്തിൽപ്പെട്ടതുമായിരിക്കണം) വിവാഹത്തെ തുടർന്ന് ഉണ്ടാകുന്ന സാമൂഹിക പ്രശ്നങ്ങളെ അതിജീവിക്കാനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി 75,000 രൂപ വരെ ഗ്രാന്റായി നൽകുന്നു.

ഭൂരഹിത പുനരധിവാസ പദ്ധതി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായ കുടുംബങ്ങൾക്ക് ഗ്രാമപ്രദേശത്ത് കുറഞ്ഞത് 5 സെന്റ് ഭൂമിയും, മുൻസിപ്പൽ കോർപറേഷൻ പ്രദേശത്ത് കുറഞ്ഞത് 3 സെന്റ് ഭൂമിയും വാങ്ങുന്നതിന് ഗ്രാമ/മുൻസിപ്പൽ കോർപറേഷനുകളിൽ യഥാക്രമം 3,75,000, 4,50,000, 6,00,000 രൂപ ഗ്രാന്റായി അനുവദിക്കുന്നു.

ഭവന നിർമാണ ധനസഹായം

2015-16 സാമ്പത്തിക വർഷം മുതൽ 3,00,000 രൂപ ഭവന നിർമാണ ധനസഹായമായി നൽകുന്നു. 45,000, 90,000, 1,20,000, 45,000 എന്നിങ്ങനെ 4 ഗഡുക്കളായി നിർമാണ പുരോഗതിക്കനുസരിച്ച് ഇത ഓൺലൈനായി ബാങ്ക് വഴി വിതരണം ചെയ്യുന്നു.

ദുർബല വിഭാഗങ്ങൾക്കുള്ള പ്രത്യേക പുനരധിവാസ പദ്ധതി

50,000 രൂപയിൽ താഴെ വരുമാനമുള്ള ഭൂരഹിത ഭവനരഹിതരായ വേടൻ, നായാടി, ചക്ലിയ, അരുന്ധതീയർ, കള്ളാടി എന്നീ ദുർബല സമുദായങ്ങൾക്ക് ഭൂമി വാങ്ങി വീട് വയ്ക്കുന്നതിനുള്ള പ്രത്യേക പദ്ധതി.

പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ച ദുരിതാശ്വാസ നിധി

മാരകമായ രോഗങ്ങൾ ബാധിച്ച, 1 ലക്ഷം രൂപയിൽ താഴെ വാർഷിക കുടുംബവരുമാനമുള്ളവർക്ക് പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 50,000 രൂപ വരെ ചികിത്സാ ധനസഹായമായി അനുവദിക്കുന്നു. ഹൃദയ ശസ്ത്രക്രിയ, ക്യാൻസർ, ഹീമോഫീലിയ മുതലായ ഗുരുതരമായ രോഗം ബാധിച്ചവർക്ക് പരമാവധി 1,00,000 രൂപ വരെ നൽകുന്നു.

ഭവന പുനരുദ്ധാരണം/അഡീഷണൽ റൂം ധനസഹായ പദ്ധതി

ഭവന നിർമാണത്തിന് സർക്കാറിൽ നിന്ന് മുൻപ് ധനസഹായം കൈപ്പറ്റിയിട്ടുള്ളവരും എന്നാൽ ക്ഷയോൻമുഖമായ ഭവനത്തിൽ (5 വർഷത്തിനും 25 വർഷത്തിനും ഇടയിൽ പഴക്കമുള്ളവ) താമസിക്കുന്ന പട്ടികജാതി കുടുംബത്തിന് ഭവനപുനരുദ്ധാരണത്തിന് പുതുതായി ഒരു മുറി കൂടി നിർമിക്കുന്നതിനും ധനസഹായം നൽകുന്നു.

വിജ്ഞാൻ വാടി

പട്ടികജാതി വിദ്യാർത്ഥികളുടേയും യുവാക്കളുടേയും ഉന്നമനം ലക്ഷ്യമാക്കി ആനുകാലിക വിജ്ഞാന സമ്പാദനത്തിനും മത്സര പരീക്ഷകൾക്ക് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനും സഹായകമാകുന്ന കേന്ദ്രങ്ങളാണ് വിജ്ഞാൻവാടികൾ. ജില്ലയിൽ 7 വിജ്ഞാൻവാടികൾ പ്രവർത്തിക്കുന്നു.

ഹോമിയോ ഹെൽത്ത് സെന്റർ

ജില്ലയിൽ ആതുരശുശ്രൂഷ സൗകര്യങ്ങൾ സമീപത്ത് ലഭ്യമല്ലാത്ത 2 പട്ടിജാതി സങ്കേതങ്ങളി ൽ (ചിറക്കൽകോളനി, കല്ലടത്തോട് കോളനി) ഹോമിയോ ഹെൽത്ത് സെന്ററുകൾ പ്രവർത്തിച്ചു വരുന്നുണ്ട്.

വിദേശത്ത് തൊഴിൽനേടുന്നതിന് സാമ്പത്തിക സഹായം

അഭ്യസ്ത വിദ്യരും ഏതെങ്കിലും തൊഴിൽ മേഖലയിൽ നൈപുണ്യവും പരിശീലനവും ലഭിച്ച പട്ടികജാതി യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് യാത്രയ്ക്കും വിസ സംബന്ധമായ ചെലവുകൾക്കുമായി 1,00,000 രൂപ വരെ ധനസഹായം നൽകുന്നു.

സാംസ്കാരിക പരിപാടികൾ

സർഗോത്സവം

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എ ഗ്രേഡ് നേടിയ പട്ടികജാതിയിൽപ്പെട്ട കലാപ്രതിഭകൾക്ക് 10,000 രൂപ പ്രോത്സാഹനമായി നൽകുന്ന പദ്ധതി.

ഡോ.ബി.ആർ. അംബേദ്കർ മാധ്യമ അവാർഡ്

പട്ടിക വിഭാഗത്തിൽ ഉൾപ്പെടുന്ന സമുദായങ്ങളെ സംബന്ധിക്കുന്ന ഏറ്റവും മികച്ച മാധ്യമ റിപ്പോർട്ടുകൾക്കും ഫീച്ചറുകൾക്കും ഡോ.ബി.ആർ അംബേദ്കർ മാധ്യമ അവാർഡ് നൽകുന്നു. അച്ചടി, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലെ മികച്ച റിപ്പോർട്ടുകൾക്കാണ് അവാർഡ്.

സാഹിത്യകൃതികൾ പ്രസിദ്ധീകരിക്കുന്നതിന് ധനസഹായം

പട്ടികജാതി വിഭാഗത്തിൽപ്പെട്ട എഴുത്തുകാരുടെ കൃതികൾ പുസ്തകരൂപത്തിൽ അച്ചടിക്കുന്നതിന് 20,000 രൂപ വരെ ധനസഹായം അനുവദിക്കുന്നു.

നിയമാധിഷ്ഠിത സേവനങ്ങൾ

1995 ലെ പൗരാവകാശ സംരക്ഷണ നിയമം

പട്ടികജാതിക്കാരുടെ പൗരാവകാശങ്ങൾ സംരക്ഷിക്കുന്നതിനും തൊട്ടുകൂടായ്മ അടക്കമുള്ള അനാചാരങ്ങൾക്കെതിരെ ബോധവൽക്കരണം നടത്തുന്നതിനും പൗരാവകാശ സംരക്ഷണ നിയമ പ്രകാരം തുക ചെലവഴിക്കുന്നു. പട്ടികജാതിക്കാരെ സംബന്ധിച്ച് മാധ്യമ റിപ്പോർട്ടുകളിൽ മികച്ചവയ്ക്ക് അവാർഡ്, മികച്ച ദളിത് സാമൂഹ്യ പ്രവർത്തകനുള്ള അവാർഡ് എന്നിവ ഈ നിയമത്തിന്റെ ഭാഗമായി നൽകുന്നു.

1989 ലെ അതിക്രമം തടയൽ നിയമം

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 17 ൽ പറയുന്ന (Abolision of Untouchability) (തൊട്ടുകൂടായ്മ നിർത്തലാക്കൽ) എന്നതിനെ അടിസ്ഥാനമാക്കി ഇന്ത്യൻപാർലമെന്റ് 11.09.1989 ൽ പാസ്സാക്കി 10.01.1990 മുതൽ നിലവിൽ വന്ന നിയമമാണ് പട്ടികജാതി/പട്ടികവർഗ (അതിക്രമങ്ങൾ തടയൽ) നിയമം 1989. നിയമത്തിന്റെ ഫലപ്രദമായ നടത്തിപ്പ് വിലയിരുത്തുന്നതിനായി ജില്ലാ മജിസ്ട്രേറ്റ് (ജില്ലാ കളക്ടർ) അധ്യക്ഷനായിട്ടുള്ള ജില്ലാതല വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തിക്കുന്നു. പ്രസ്തുത കമ്മിറ്റി മൂന്ന് മാസത്തിൽ ഒരിക്കൽ യോഗം ചേരുന്നു.

പട്ടികജാതി പട്ടികവർഗ വികസന കോർപറേഷൻ മുഖേന ജില്ലയിൽ നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ

ക്രമ നം	പദ്ധതിയുടെ പേര്	2014-15		2015-16		2016-17		2017-18 (2017 ഒക്ടോബർ 31 വരെ)	
		ഭൗതികം	സാമ്പത്തികം	ഭൗതികം	സാമ്പത്തികം	ഭൗതികം	സാമ്പത്തികം	ഭൗതികം	സാമ്പത്തികം
1	സ്വയം തൊഴിൽ	177	14812737	186	16259405	170	15885332	81	8255000
2	വിവാഹ വായ്പാപദ്ധതി	88	10950000	71	7015000	70	7785000	33	5235000
3	വിദ്യാഭ്യാസ വായ്പാ പദ്ധതി	2	349000	2	183500	1	245000	1	210000
4	കംപ്യൂട്ടർവായ്പാ പദ്ധതി	1	37100	1	40000	2	80000	0	0
5	കൃഷി ഭൂമി വായ്പാ പദ്ധതി	1	200000	1	200000	0	0	0	0
6	സർക്കാർ ഉദ്യോഗസ്ഥർക്കുള്ള വ്യക്തിഗത വായ്പാ പദ്ധതി	19	1900000	28	2800000	23	2300000	10	1000000
7	സർക്കാർ ഉദ്യോഗസ്ഥർക്കുള്ള ഇരുചക്ര വായ്പാ പദ്ധതി വ്യക്തിഗത വായ്പാ പദ്ധതി	0	0	1	50000	0	0	0	0
8	പെട്രോൾപമ്പ് ഡിലർമാർക്കുള്ള വായ്പാ പദ്ധതി	0	0	2	1500000	0	0	0	0
	ആകെ	**288**	**28248837**	**292**	**28047905**	**266**	**26295332**	**125**	**14700000**

കേരളത്തിലെ പട്ടികജാതി പട്ടികവർഗ വിഭാഗക്കാരെ ന്യതന സംരംഭത്തിൽ ഏർപ്പെടാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യം മുൻനിർത്തി 1972-ൽ രൂപംകൊണ്ട സ്ഥാപനമാണ് കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ വികസന കോർപറേഷൻ. കോർപറേഷന്റെ കണ്ണൂർ ജില്ലാ മാനേജരുടെ വിലാസം താഴെ ചേർക്കുന്നു. ജില്ലാ മാനേജർ, കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ വികസന കോർപറേഷൻ, ടാറ്റ കോംപ്ലക്സ്, തളാപ്പ്, കണ്ണൂർ.6700 002.

2016-17ൽ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ചെലവ് വിവരം

ക്രമനം	വിഷയം/ശീർഷകം	പദ്ധതി വിഹിതം	ചെലവ്
1	ഭ്രരഹിത പുനരധിവാസം	8,39,03,250	8,39,03,250
2	ഭവനരഹിതക്ക് ഭവനം	6,00,00,000	5,99,85,174
3	മോഡണൈസേഷൻ	7,94,935	7,94,300
4	അതിക്രമം തടയൽ	10,00,000	7,80,000
5	കോർപ്പസ് ഫണ്ട്	2,13,45,000	2,09,82,197
6	ദുർബല വിഭാഗങ്ങളുടെ ഉന്നമനം	86,83,500	73,06,500
7	വിവാഹ ധനസഹായം	90,75,000	90,50,000
8	വിദ്യാഭ്യാസ ധനസഹായം	2,18,60,880	1,63,73,571
9	ടോയിലറ്റ്	2,35,000	15,87,500
10	എസ്.സി.എ.ടു/എസ്.സി.പി	22,50,000	18,01,500
11	പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്	3,70,55,767	3,70,55,767
12	ചികിത്സാ സഹായം	84,90,000	84,90,000
13	മിശ്രവിവാഹം	50,00,000	50,00,000
14	അസിസ്റ്റൻസ് ഫോർ ടെയിനിംഗ് ആന്റ് എംപ്ലോയ്മെന്റ്	1,40,12,165	1,24,75,643
15	ഐക്യദാർഢ്യ പക്ഷാചരണം	50,000	49,493
16	സെമിനാർ	50,000	50,000

17	സപ്പോർട്ടിംഗ് എൻജിനീയർ ഹോണറേറിയം	99,000	84,700
	ആകെ	27,40,44,497	26,47,57,095

പട്ടികവർഗ വികസനം

I. **കേന്ദ്രസഹായ പദ്ധതികൾ**

1. **9,10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക്ക് സ്കോളർഷിപ്പ്**

2012-13 ൽ ഇന്ത്യാ ഗവൺമെന്റ് ഗോത്രകാര്യമന്ത്രാലയം വഴി ആരംഭിച്ച ഒരു പദ്ധതിയാണിത്. സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ 100% സഹായവും കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിക്കുന്നു. 2015-16 വർഷം 31,72,500/- രൂപയും, 2016-17 വർഷം 31,74,300/- രൂപയും ഈ ഇനത്തിൽ ചെലവഴിച്ചു. 2015-16 വർഷം 1222 കുട്ടികൾക്കും, 2016-17 വർഷം 1259 കുട്ടികൾക്കും പദ്ധതിയുടെ ഫലം ലഭിച്ചു. ബന്ധപ്പെട്ട സ്കൂൾമേധാവികൾ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. യഥാസമയം അപേക്ഷ സമർപ്പിക്കാൻ സ്ഥാപനമേധാവികൾ ശ്രദ്ധ ചെലുത്തേണ്ടതാണ്.

2. **മാതൃകാ റസിഡൻഷ്യൽ സ്കൂളുകൾ നടത്തുന്നതിനുള്ള ചെലവുകൾ**

മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പിനാവശ്യമായ എസ്റ്റാബ്ലിഷ്മെന്റ് ഉൾപ്പെടെയുള്ള ചെലവുകളും, കെട്ടിടത്തിന്റെ റിപ്പയർ വർക്കുകൾ ചെറിയ നിർമാണ പ്രവർത്തനങ്ങൾ അധിക ഇന്ധനത്തിനുള്ള തുക, പാചകവാതകത്തിനുള്ള തുക, മാലിന്യസംസ്കരണം, ഊർജ്ജപരിപാടികൾ, നവീകരണത്തിനുള്ള പ്രൊജക്ടുകൾ, അധിക കോച്ചിംഗ്, അധികനൈപുണ്യ ആർജ്ജവ പരിപാടി ഉൾപ്പെടെയുള്ള നൈപുണ്യ വികസനം, ഗ്രൂപ്പ് പ്രവർത്തനങ്ങളായ സ്റ്റുഡന്റ് പോലീസ് കേഡറ്റ്, എൻ.സി.സി., എൻ.എസ്.എസ്., സെമിനാറുകൾ, വർക്ക്ഷോപ്പുകൾ നടത്തുന്നതിനുള്ള ചെലവുകൾ, വിവിധ പരിപാടികൾ, വിദ്യാർത്ഥികളുടെ ആരോഗ്യ സംരക്ഷണം, പഠനയാത്ര, കുട്ടികളുടെ സമഗ്ര വികസനം, സഹവാസ ക്യാമ്പ് തുടങ്ങിയ പദ്ധതികൾ 50% കേന്ദ്രഫണ്ടും, 50% സംസ്ഥാന ഫണ്ടും ഉപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. 2015-16 വർഷം 2,32,43,352/- രൂപയും, 2016-17 വർഷം 1,94,49,054/- രൂപയും ചെലവഴിച്ചു.

3. **പട്ടികവർഗ ഉപ പദ്ധതികൾക്കുള്ള പ്രത്യേക കേന്ദ്രസഹായം**

കാലാകാലങ്ങളിൽ കേന്ദ്രഗവൺമെന്റ് പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖയ്ക്ക് വിധേയമായി സ്വയംസഹായ സംഘങ്ങൾ നടത്തുന്ന യൂണിറ്റുകൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് വരുമാന വർദ്ധനവുണ്ടാകുന്ന തൊഴിൽ ഏറ്റെടുത്ത് നടത്തുമ്പോൾ അടിസ്ഥാന സൗകര്യങ്ങളിലുണ്ടാകുന്ന വിടവുകൾ നികത്തുന്നതിനാണ് പട്ടികവർഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായത്തിലൂടെ ശ്രമിക്കുന്നത്. ക്ലസ്റ്റർ സമീപനത്തിലൂടെ അധിക ഉത്പാദനം, മൂല്യ വർദ്ധനവ് എന്നിവ ലക്ഷ്യമിടുന്ന വരുമാനദായക പരിപാടികൾക്ക് മുൻഗണന നൽകിക്കൊണ്ടാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. 2015-16 വർഷം 28,28,365/- രൂപ ചെലവഴിച്ചു. 252 ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചു. 2016-17 വർഷം 68,00,000/- രൂപ ചെലവഴിച്ചു. 276 ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചു.

4. **പട്ടികവർഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ്മെട്രിക്ക് സ്കോളർഷിപ്പുകൾ**

കേരളത്തിനകത്തും പുറത്തുമുള്ള വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക്ക് കോഴ്സുകൾ ചെയ്യാനുള്ള സാമ്പത്തിക സഹായം ഈ പദ്ധതിയിലൂടെ നടപ്പാക്കുന്നു. ഈ സ്കോളർഷിപ്പുകൾ അനുവദിക്കുന്നതും വിതരണം ചെയ്യുന്നതും ഇ-ഗ്രാന്റ്സ് മുഖേനയാണ്(നെറ്റ് ബാങ്കിംഗ്)

* ലംപ്സംഗ്രാന്റ്
* സ്റ്റൈപ്പന്റ്
* ഹോസ്റ്റലുകളുടെ ചെലവുകൾ
* പോക്കറ്റ് മണി

5. **പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമാണം (100% കേന്ദ്രസഹായം)**

പെൺകുട്ടികളുടെ ഹോസ്റ്റലിന് വേണ്ടി കെട്ടിടങ്ങൾ ഘട്ടംഘട്ടമായി നിർമിക്കാൻ ലക്ഷ്യമാക്കുന്ന പദ്ധതിയാണിത്. 2017-18 വർഷം കണ്ണൂർ ജില്ലയിലെ ആറളം പുനരധിവാസ മേഖലയിലൊരു ഹോസ്റ്റൽ നിർമിക്കാനുളള പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

6. ആർട്ടിക്കിൾ 275(1) പ്രകാരം, പട്ടികവർഗക്കാരുടെയും മറ്റ് പരമ്പരാഗതമായി വനത്തിൽ താമസിക്കുന്നവരുടെയും നിയമം (2006) നടപ്പാക്കൽ (വനാവകാശ നിയമം അംഗീകരിക്കൽ)

ആർട്ടിക്കിൾ 275(1) പ്രകാരം 29-07-2008 ലെ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ കത്ത് നമ്പർ 14020/10/2008/എസ്ജി(1) പ്രകാരം 2008-09 വർഷം 15.94 ലക്ഷം രൂപ പട്ടികവർഗക്കാരുടെയും മറ്റ് പരമ്പരാഗതമായി വനങ്ങളിൽ വസിക്കുന്നവരുടെയും നിയമം (2006) നടപ്പിലാക്കുന്നതിനുളള ചെലവുകൾക്കായി സംസ്ഥാന ഗവർമെന്റിന് 2008-09 ൽ നൽകി. ആർട്ടിക്കിൾ 275(1) ഇതിന്റെ വിഹിതം ഭൂമിയുടെ സർവേയും ഭൂമിയുടെ അവകാശം നൽകുന്നതിനും, നിയമപ്രകാരം ഭൂമി വേലികെട്ടി സംരക്ഷിക്കുന്നതിനും, ഈ നിയമപ്രകാരമുളള ഭൂമിയുടെ വികസന പ്രവർത്തനങ്ങൾക്കും ഭൂമിയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമായി ഉപയോഗിക്കുന്നു. കണ്ണൂർ ജില്ലയിൽ ഇതുവരെയായി വനാവകാശ നിയമപ്രകാരം 1031 പേർക്ക് വ്യക്തിഗത അവകാശം നൽകി കഴിഞ്ഞിട്ടുണ്ട്.

കൂടാതെ വിദ്യാഭ്യാസം, വരുമാന വർദ്ധനവ്, ആരോഗ്യം, ജലസേചനം, റോഡുകൾ, പാലങ്ങൾ, വൈദ്യുതീകരണം, കൃഷി, മൃഗസംരക്ഷണം, വാർത്താവിനിമയം, ഗ്രാമീണ മാർക്കറ്റുകൾ, ഭക്ഷ്യസംസ്കരണം, ചെറുകിട വനവിഭവങ്ങളുടെ സംരക്ഷണം, സാങ്കേതിക വൊക്കേഷണൽ മേഖലകളിലുളള മാനവശേഷി വികസനം, ജലസംഭരണം, പുറമ്പോക്കിലുളളവരുടെ പുനരധിവാസം, ആദിവാസികളുടെ ഭൂപരിപാലനം, കായിക വികസനം തുടങ്ങിയ മാനവ വികസന സൂചകങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്ന തരത്തിൽ ഈ മേഖലകളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനുളള പരിപാടികളുമാണ് ഇതിലുൾപ്പെടുത്തിയിരിക്കുന്നത്. 2016-17 വർഷം 41,49,750/- രൂപ ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

II . **സംസ്ഥാനാവിഷ്കൃത പദ്ധതികൾ**

1. സമർത്ഥരായ പട്ടികവർഗ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം

അക്കാദമിക്ക് തലങ്ങളിലും മറ്റും മികച്ച പ്രകടനം കാഴ്ചവെക്കുന്ന പട്ടികവർഗ വിഭാഗത്തിൽപ്പെട്ട മിടുക്കരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്ന ഘടകമാണിത്. എസ്.എസ്.എൽ.സി., പ്ലസ് ടു, ബിരുദം, ബിരുദാനന്തര ബിരുദം, ഗവേഷണം, പ്രൊഫഷണൽ കോഴ്സ് തുടങ്ങിയവയ്ക്ക് കൂടുതൽ മാർക്ക് അല്ലെങ്കിൽ ഗ്രേഡ് കരസ്ഥമാക്കിയവർക്ക് ഈ പദ്ധതി പ്രകാരം പ്രോത്സാഹന ധനസഹായം നൽകുന്നു. കലകളിലും സ്പോർട്സിലും മികച്ച് നിൽക്കുന്നവർക്ക് ക്യാഷ് അവാർഡുകളോ/സ്വർണമെഡലുകളോ പാരിതോഷികമായി നൽകുന്നു. 2015-16 വർഷം 1,48,000/- രൂപ വിനിയോഗിച്ച് 42 വിദ്യാർത്ഥികൾക്കും 2016-17 വർഷം 4,00,000/- രൂപ വിനിയോഗിച്ച് 104 വിദ്യാർത്ഥികൾക്കും ആനുകൂല്യം നൽകിയിട്ടുണ്ട്.

2. അയ്യൻകാളി മെമ്മൊറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് പദ്ധതി

സമർത്ഥരായ പട്ടികവർഗ വിദ്യാർത്ഥികൾക്ക് അവരുടെ സ്കൂൾ പഠന കാലത്ത് സഹായം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. 5 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്നതും വീട്ടിൽപോയി വരുന്നവരുമായ വിദ്യാർത്ഥികളെ ലക്ഷ്യമാക്കിയുളള ഈ പദ്ധതി പഠനത്തിനും, പാഠ്യേതര പ്രവൃത്തികളിലും തുടർച്ചയായി സഹായം ചെയ്യാൻ ഉദ്ദേശിക്കുന്നു. ഓരോ വർഷവും അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന 200 വിദ്യാർത്ഥികളെയാണ് സംസ്ഥാനതലത്തിൽ നടത്തുന്ന ബുദ്ധിശക്തി പരീക്ഷയിലൂടെ തെരഞ്ഞെടുക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ ഉത്തരവ് പ്രകാരമുളള നിരക്ക് അനുസരിച്ച് 5 മുതൽ പത്താം ക്ലാസ്സ് വരെയുള്ള 6 വർഷത്തേക്ക് ഫർണിച്ചറുകളും, ബുക്കുകളും വാങ്ങുന്നതിന് ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ നൽകുന്നു. ഇനത്തിൽ 2015-16 വർഷം 2,00,000/- രൂപയും (32 വിദ്യാർത്ഥികൾക്ക് ഗുണം ലഭിച്ചു). 2016-17 വർഷം 2,95,240/- രൂപയും ചെലവഴിച്ചിട്ടുണ്ട്. (47 വിദ്യാർത്ഥികൾക്ക് ഗുണം ലഭിച്ചു).

3. സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് പഠനയാത്രയ്ക്കുളള ധനസഹായം

പട്ടികവർഗ വിഭാഗത്തിൽപ്പെട്ട +2, ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് പഠനയാത്രയ്ക്കും, വിനോദയാത്രയ്ക്കും വേണ്ടിയുളള സാമ്പത്തിക സഹായം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കൂടാതെ തെരഞ്ഞെടുക്കപ്പെടുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക് ഭാരത ദർശനം/ഇന്ത്യയിൽ എല്ലായിടത്തേക്കുമുളള

പഠനയാത്രയും സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ നടത്താനുള്ള ഉദ്ദേശ്യവും ഈ പദ്ധതിയിലുണ്ട്. 2-015-16 വർഷം 10,000/- രൂപ 2 കുട്ടികൾക്കായി വിതരണം ചെയ്തിട്ടുണ്ട്.

4. **വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം**

അംഗീകൃത യൂണിവേഴ്സിറ്റികളിൽ/സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗക്കാരായ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകാൻ ഈ പരിപാടി ലക്ഷ്യമിടുന്നു. സ്ഥാപനമേധാവി/പ്രിൻസിപ്പാൾ മുഖേന അപേക്ഷ സമർപ്പിക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലാപ്ടോപ്പ് ലഭിച്ചിട്ടില്ല എന്ന് ഉറപ്പാക്കണം. കോഴ്സ് കാലായളവിലൊരിക്കൽ മാത്രമേ ലാപ്ടോപ്പ് നൽകുകയുള്ളൂ. 2015-16 വർഷം 14 കുട്ടികൾക്കും 2016-17 വർഷം 9 കുട്ടികൾക്കും ഗ്രണം ലഭിച്ചു.

5. **ഭവന നിർമാണം**

പുതിയ ഭവനങ്ങൾ നിർമിക്കുന്നതിനും മുൻവർഷം അനുവദിച്ച വീടുകളുടെ സ്പിൽ ഓവർ പ്രവൃത്തികൾ നടത്തുന്നതിനും, ഭവനങ്ങളുടെ പുനരുദ്ധാരണവും ഈ പദ്ധതിയിൽ നടപ്പിലാക്കുന്നു. 2015-16 ൽ 1,52,38,750/- രൂപയും 2016-17 വർഷം 18,97,500/- രൂപയും ഈ ഇനത്തിൽ ജില്ലയിൽ ചെലവഴിച്ചിട്ടുണ്ട്. മുൻവർഷങ്ങളിൽ അനുവദിച്ച വീടുകളുടെ സ്പിൽ ഓവർ പ്രവൃത്തികൾക്കാണ് ഈ തുക വിനിയോഗിച്ചിട്ടുള്ളത്.

2015-16 വർഷം എ.ടി.എസ്.പി. പദ്ധതിയിൽ 292 വീടുകൾ അനുവദിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 3,14,61,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ ഹഡ്കോ ഭവന നിർമാണ പദ്ധതിയിൽ 50 വീടുകൾ അനുവദിക്കുകയും 91,70,000/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

6. **പട്ടികവർഗ ഉപപദ്ധതി പ്രകാരമുള്ള പരിപാടികളിലെ നിർണായകമായ വിടവ് നികത്തല് (കോർപ്പസ് ഫണ്ട്)**

പ്രൊജക്ടാധിഷ്ഠിത സമീപനം ഉൾക്കൊണ്ട് പദ്ധതികൾക്ക് അംഗീകാരം നൽകി നടപ്പിലാക്കുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം. ജില്ലകളിൽ നിന്നും പട്ടികവർഗ വികസന ഡയറക്ടറേറ്റിൽ നിന്നും ലഭിക്കുന്ന പ്രോജക്ടുകളിൽ സ്വയം തൊഴിൽ, നൈപുണ്യവികസനം, ജലവിതരണം, ശുചിത്വം, പട്ടികവർഗ വിഭാഗക്കാർക്കുള്ള വൈദ്യുതീകരണം, എത്തിപ്പെടാൻ പ്രയാസമേറിയ സ്ഥലങ്ങളിലേയ്ക്ക് നടപ്പാതകൾ, പാലങ്ങൾ, റോഡ് എന്നിവ നിർമിച്ച് വിനിമയ സൗകര്യം മെച്ചപ്പെടുത്തുക, സാങ്കേതികവിദ്യ കൈമാറ്റവും വിവരങ്ങൾ നൽകുന്നതിനുമായി ബന്ധപ്പെട്ട പ്രൊജക്ടുകളും, വാർത്താ വിനിമയവും വിദ്യാഭ്യാസവും, ആരോഗ്യ-ശുചിത്വ അഭിവൃദ്ധി, സോഫ്റ്റ് സ്കില്ലുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസത്തിന്റെ വികസനം, വിവിധ പ്രവൃത്തികളിൽ തൊഴിലധിഷ്ഠിത പരിശീലനം, പട്ടികവർഗക്കാർക്ക് വേണ്ടി ഇന്റർനെറ്റ്, ഡി.ടി.പി., ഫോട്ടോസ്റ്റാറ്റ്, ഫാക്സ് സൗകര്യങ്ങൾ പട്ടികവർഗ ഉപപദ്ധതിയിലെ പ്രത്യേക കേന്ദ്രസഹായം ഉപയോഗിച്ചുള്ള പദ്ധതിയിലെ വിടവ് നികത്തൽ, അംഗീകൃത സർക്കാരിതര ഏജൻസികളെയും, ഗവേഷണ സ്ഥാപനങ്ങളെയും ഉപയോഗപ്പെടുത്തി പട്ടികവർഗ വികസന വകുപ്പ് നടപ്പാക്കിയ പരിപാടികളുടെ ഒരു വിലയിരുത്തൽ തുടങ്ങിയ പ്രൊജക്ടുകൾക്ക് തുക നൽകുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. 25,00,000/- രൂപ വരെയുള്ള പദ്ധതികൾ ജില്ലാതല പട്ടികജാതി-പട്ടികവർഗ വികസന സമിതിയുടെ അംഗീകാരത്തോടെയും അതിന് മുകളിലുള്ളവ സംസ്ഥാന വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെയുമാണ് നടപ്പിലാക്കുന്നത്.

7. **എ.ടി.എസ്.പി. പദ്ധതി**

പട്ടികവർഗ സങ്കേതങ്ങളിൽ വസിക്കുന്ന പട്ടികവർഗക്കാരുടെ സാമൂഹ്യ, സാമ്പത്തിക വികസനമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അടിയന്തിരമായി നടപ്പിലാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമുള്ള അടിസ്ഥാന ആവശ്യങ്ങൾ എന്നിവയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പട്ടികവർഗ സങ്കേതങ്ങളിൽ ഭവന രഹിതരായ പട്ടികവർഗക്കാർക്ക് ഭവനം, കുടിവെള്ളം, ശുചിത്വ പരിപാടികൾ ദുർഘട സാഹചര്യങ്ങളിൽ വസിക്കുന്ന പട്ടികവർഗക്കാരുടെ പുനരധിവാസം എന്നിവ അടിസ്ഥാന സൗകര്യവികസനത്തിൽ ഉൾപ്പെടുത്തിയിരുന്നു. 2014-15, 2015-16 വർഷം തെരഞ്ഞെടുത്ത കോളനികൾ ചുവടെ ചേർക്കുന്നു.

2014-15

ക്രമ നം	കോളനി/പഞ്ചായത്ത്	നിർവഹണ ഏജൻസി	നിർവഹണഘട്ടം
1	വിളമന കോളനി (പായം പഞ്ചായത്ത്)	എഫ്.ഐ.ടി. ആലുവ	95% പൂർത്തിയായി
2	കുന്നോത്ത് കോളനി (പായം പഞ്ചായത്ത്)	എഫ്.ഐ.ടി. ആലുവ	90% പൂർത്തിയായി
3	ചതിരൂർ 110 കോളനി (ആറളം	എഫ്.ഐ.ടി. ആലുവ	80 % പൂർത്തിയായി

	പഞ്ചായത്ത്)		
4	മുണ്ടയാംപറമ്പ് കോളനി (അയ്യൻകുന്ന് പഞ്ചായത്ത്)	എഫ്.ഐ.ടി. ആലുവ	90% പൂർത്തിയായി
5	അമ്പലക്കണ്ടി വീർപ്പാട്	നിർമിതികേന്ദ്രം കണ്ണൂർ	പൂർത്തീകരിച്ചു

പദ്ധതി നടപ്പിലാക്കിയതോടെ മേൽ കോളനികളിലെ 448 പേർക്ക് ഗ്രണം ലഭിച്ചു.

2015-16

ക്രമ നം	**കോളനി/പഞ്ചായത്ത്**	**നിർവഹണ ഏജൻസി**	**നിർവഹണഘട്ടം**
1	കോക്കാട് കോളനി(ഉളിക്കൽപഞ്ചായത്ത്)	എഫ്.ഐ.ടി. ആലുവ	പ്രവൃത്തി ആരംഭിച്ചിട്ടില്ല. 2017 ഡിസംബർമാസം വരെ എഫ്.ഐ.ടിക്ക് നിർവഹണ കാലാവധി സർക്കാർ ദീർഘിപ്പിച്ച് കൊടുത്തിട്ടുണ്ട്
2	വളള്യാട് കോളനി (ശ്രീകണ്ഠാപുരം പഞ്ചായത്ത്)	എഫ്.ഐ.ടി. ആലുവ	
3	ഈന്തുംകരി കോളനി (അയ്യൻകുന്ന് പഞ്ചായത്ത്)	എഫ്.ഐ.ടി. ആലുവ	
4	പാറേമൊട്ട (നടുവിൽപഞ്ചായത്ത്)	എഫ്.ഐ.ടി. ആലുവ	
5	കപ്പണ (ആലക്കോട് പഞ്ചായത്ത്)	എഫ്.ഐ.ടി. ആലുവ	
6	വളപ്പ് കോളനി(എരുവേശ്ശി പഞ്ചായത്ത്)	എഫ്.ഐ.ടി. ആലുവ	
7	തലത്തണ്ണി (ഉദയഗിരി പഞ്ചായത്ത്)	എഫ്.ഐ.ടി. ആലുവ	

8. **ഹാംലെറ്റ് വികസന പദ്ധതി**

പട്ടികവർഗക്കാരുടെ സമഗ്ര വികസനത്തിന് ഉതകും വിധം പട്ടികവർഗ സങ്കേതങ്ങൾ വികസിപ്പിക്കുന്നതിനായി ഓരോ പട്ടികവർഗ സങ്കേതത്തിനും ഒരു കോടി രൂപ വീതം വകയിരുത്തിക്കൊണ്ട് പശ്ചാത്തല സൗകര്യങ്ങളായ കുടിവെളളം, വൈദ്യുതി, സോളാർലൈറ്റുകൾ എന്നിവ ലഭ്യമാക്കാനും, ലിങ്ക് റോഡുകൾ, നടപ്പാതകൾ, കമ്മ്യൂണിറ്റി കേന്ദ്രങ്ങൾ, അംഗൻവാടികൾ തുടങ്ങിയവ നിർമിക്കാനുമാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. 2013-14 വർഷം ജില്ലയിലെ 2 കോളനികളിലും 2014-15 വർഷം 3 കോളനികളിലുമാണ് പദ്ധതി നടപ്പിലാക്കിയത്. കോളനികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നിർവഹണ ഏജൻസി	**വർഷം**	**കോളനി**	**പഞ്ചായത്ത്**	**വകയിരുത്തിയ തുക**	**അനുവദിച്ച തുക**	**നിർമാണ പുരോഗതി**
കെയ്ക്കോ	2013-14	കണ്ണവം കോളനി	പാട്യം	10000000	6500000	60% പൂർത്തിയായി
എഫ്.ഐ.ടി	2013-14	വാതിൽമട	പയ്യാവൂർ	10000000	2500000	50% പൂർത്തിയായി
ഹൗസിംഗ് ബോർഡ്	2014-15	കോട്ടയംതട്ട്	നടുവിൽ	9429780	6500000	75% പൂർത്തിയായി
,,	2014-15	വളയംചാൽ	കേളകം	8794150	6500000	75% പൂർത്തിയായി
,,	2014-15	ചെക്യേരി	കോളയാട്	9592710	9000000	90%

						പൂർത്തിയായി

സർക്കാർ ഏജൻസികൾ മുഖേനയാണ് പദ്ധതി നടപ്പിലാക്കിയത്. ഈ ഏജൻസികൾ സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കാത്തത് വലിയ പരാതികൾക്കും, വിമർശനത്തിനും ഇടയാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഓരോ വിഷയ മേഖലയുമായി ബന്ധപ്പെട്ട വികസന പദ്ധതികൾ അതാത് ലൈൻ ഡിപ്പാർട്ടുമെന്റുകൾ മുഖേന നടപ്പിലാക്കുകയും, ജില്ലാതലത്തിൽ പ്രത്യേക മോണിറ്ററിംഗ് സമിതി രൂപീകരിക്കുകയും, കൃത്യമായ ഇടവേളകളിൽ പുരോഗതി വിലയിരുത്തുകയും ചെയ്യുന്നത് ഉചിതമായിരിക്കും.

9. ഭൂരഹിതരായ പട്ടികവർഗക്കാരുടെ പുനരധിവാസം (ടി.ആർ.ഡി.എം.)

ഭൂരഹിതരായ പട്ടികവർഗ കുടുംബങ്ങൾക്ക് കുറഞ്ഞത് 1 ഏക്കർ ഭൂമി മുതൽ 5 ഏക്കർ വരെ ഭൂമി നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. ഒരേക്കറിൽ കുറവ് ഭൂമി കൈവശമുള്ള പട്ടികവർഗ കുടുംബങ്ങൾക്കും ഒരേക്കർ ഉറപ്പാക്കുന്നതിനാവശ്യമായ ഭൂമി ലഭിക്കുന്നതിന് അർഹതയുണ്ട്. പട്ടികവർഗത്തിൽപ്പെട്ട ഭൂമിയില്ലാത്ത ആളുകൾക്ക് ഭൂമി വാങ്ങിക്കുന്നത് കൂടാതെ പുനരധിവസിപ്പിച്ച പട്ടികവർഗക്കാരുടെ നിരവധി വികസന പ്രവർത്തനങ്ങൾ ഈ പദ്ധതിയിലുണ്ട്. പ്രൊജക്ടാധിഷ്ഠിത രീതിയിൽ ഊരുകൂട്ടങ്ങൾ വഴി പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കലിലൂടെ പുനരധിവാസം നടത്തുന്നു. പുനരധിവാസ പ്രവർത്തനത്തിന് രൂപീകരിച്ചിട്ടുള്ള ടൈബൽ മിഷനായ ടി.ആർ.ഡി.എം. പ്രൊജക്ടുകൾ സ്വീകരിക്കുകയും, അവയുടെ അംഗീകാരം സംബന്ധിച്ച വിശകലനം നടത്തുകയും ചെയ്യുന്നു. ഇതിന്റെ പ്രധാന ഘടകങ്ങൾ

- ഭൂരഹിതരായവർക്ക് ഭൂമി നൽകുക.
- അടിസ്ഥാന സൗകര്യങ്ങളായ വീട്, കുടിവെള്ളം, റോഡ്, വൈദ്യുതി എന്നിവയുടെ പുരോഗതി.
- പുനരധിവസിക്കപ്പെട്ട കുടുംബങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിന് വേണ്ടി വനാതിർത്തിയിലുള്ള ചുറ്റുമതിലിന്റെ നിർമാണം.
- കൃഷി, മൃഗ സംരക്ഷണം, ക്ഷീരവികസനം എന്നിവയുള്ള പ്രൊജക്ടുകൾ.
- സ്വയംതൊഴിൽ പരിപാടികൾ.
- ആരോഗ്യപരിപാലനത്തിന് വേണ്ടിയുള്ള വ്യവസ്ഥ.
- വിദ്യാഭ്യാസ മേഖലയിലെ ഇടപെടൽ.

കണ്ണൂർ ജില്ലയിൽ ആദിവാസി പുനരധിവാസ ജില്ലാമിഷനും, അതിന്റെ കീഴിൽ ആറളം ആദിവാസി പുനരധിവാസമിഷൻ സ്പെഷ്യൽ യൂണിറ്റ് ഓഫീസും, ആലക്കോട് പുനരധിവാസ മേഖലാ ഓഫീസും പ്രവർത്തിക്കുന്നു. ജില്ലാതലത്തിൽ ജില്ലാകലക്ടർ ചെയർമാനും, കണ്ണൂർ ഐ.ടി.ഡി.പി. ഓഫീസർ കൺവീനറുമായ മിഷന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടി ആറളം പുനരധിവാസ മേഖലയിലും ആലക്കോട് മേഖലയിലും ഓരോ സൈറ്റ് മാനേജർമാർ പ്രവർത്തിക്കുന്നു. ആറളം മേഖലയിൽ ഇതുവരെയായി 3375 കുടുംബങ്ങൾക്കും, ആലക്കോട് മേഖലയിൽ 292 കുടുംബങ്ങൾക്കും 1 ഏക്കർ വീതം ഭൂമിയും, ചാവശ്ശേരിപ്പറമ്പിൽ 139 കുടുംബങ്ങൾക്ക് 1.10 ഏക്കർ വീതം ഭൂമിയും നൽകിയിട്ടുണ്ട്. തുടർന്ന് ആറളം പുനരധിവാസ മേഖലയിൽ റോഡ്, കുടിവെള്ളം, വൈദ്യുതി, വന്യമൃഗശല്യം തടയുന്നതിന് റെയിൽഫെൻസിംഗ്, കൃഷി അനുബന്ധ പരിപാടികൾ, മൃഗസംരക്ഷണ പരിപാടികൾ തുടങ്ങിയ പ്രവൃത്തികൾ നടത്തുകയും തുടർന്ന് വരികയും ചെയ്യുന്നുണ്ട്. അതുപോലെ ആലക്കോട്, ചാവശ്ശേരി മേഖലകളിൽ വീട്, കുടിവെള്ളം, വൈദ്യുതി, ഭവന റിപ്പയർ, കമ്മ്യൂണിറ്റിഹാൾ, മൃഗസംരക്ഷണ പരിപാടികൾ, കാർഷിക വികസന പദ്ധതികൾ തുടങ്ങിയവയും നടപ്പിലാക്കിയിട്ടുണ്ട്.

10. ഗോത്രസാരഥി പദ്ധതി

14 വയസ്സുവരെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസ അവകാശ നിയമപ്രകാരം നിർബന്ധിത വിദ്യാഭ്യാസം കൊടുക്കാൻ വ്യവസ്ഥ ചെയ്യുന്നു. ഇത് വഴി അവർക്ക് നിയമാനുസൃതമായി ചെലവില്ലാതെ കിട്ടേണ്ട വിദ്യാഭ്യാസം ഉറപ്പാക്കുന്നു. പട്ടികവർഗ സങ്കേതങ്ങൾ ഉൾവനത്തിലും, എത്തിപ്പെടാൻ പറ്റാത്ത സ്ഥലത്തുമായതിനാൽ വാഹന സൗകര്യം ലഭ്യമല്ല. അതുപോലെ വന്യമൃഗങ്ങളുടെ ഭീഷണികൊണ്ടും, സ്കൂളിൽ എത്തിച്ചേരാൻ കഴിയുന്നില്ല. വകുപ്പ് നൽകുന്ന ഹോസ്റ്റൽ സൗകര്യം അപര്യാപ്തമാണ്. ഈ കാര്യങ്ങൾ കണ്ടുകൊണ്ട് അധ്യാപക-രക്ഷാകർതൃ സംഘടനകൾവഴിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെയും വിദ്യാർത്ഥികൾക്ക് ഗതാഗത സൗകര്യം ചെയ്ത് കൊടുക്കുന്ന പദ്ധതിയാണിത്. ഉൾവനങ്ങളിലും, എത്തിച്ചേരാൻ കഴിയാത്ത സ്ഥലങ്ങളിലും താമസിക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ടി മാത്രമേ ഈ സൗകര്യം ഉപയോഗിക്കാവൂ. 2015-

16 വർഷം ഈ ഇനത്തിൽ 80,29,629/- രൂപ ചെലവഴിക്കുകയും 49 വിദ്യാലയങ്ങളിലെ പട്ടികവർഗ കുട്ടികൾക്ക് ഗുണം ലഭിക്കുകയും ചെയ്തിട്ടുണ്ട്. 2016-17 വർഷം 64 വിദ്യാലയങ്ങളിലെ പട്ടികവർഗ കുട്ടികൾക്ക് ഇതിന്റെ ഗുണഫലം ലഭിച്ചിട്ടുണ്ട്.

11. സമഗ്ര പട്ടികവർഗ ആരോഗ്യസംരക്ഷണം

൧ ആശുപത്രികൾ വഴിയുള്ള മെഡിക്കൽ സഹായം

ജില്ലയിലെ തെരഞ്ഞെടുത്ത ആശുപത്രികളിലൂടെ വൈദ്യസഹായം പട്ടികവർഗ വിഭാഗത്തിന് ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. അംഗീകൃത ആശുപത്രികൾ വഴി, വിവിധ രോഗങ്ങളായ സിക്കിൾസെൽ അനീമിയ, ടി.ബി., ക്യാൻസർ, ഹൃദയം, തലച്ചോർ, കിഡ്നി സംബന്ധിച്ച അസുഖങ്ങൾ, ജലജന്യ രോഗങ്ങൾ തുടങ്ങിയ രോഗങ്ങൾ ബാധിച്ച പട്ടികവർഗക്കാർക്ക് സഹായം ചെയ്യുന്നു. രോഗികൾക്ക് മരുന്ന് വാങ്ങുന്നതിനും മെഡിക്കൽ ചെക്കപ്പിനും, ആംബുലൻസ് സർവീസ് സർക്കാർ ആശുപത്രികളിൽ ലഭ്യമാക്കുക തുടങ്ങിയവ ചെയ്യുന്നതോടൊപ്പം രോഗികളുടെ കൂടെ ആശുപത്രിയിൽ നിൽക്കുന്നവർക്ക് പോക്കറ്റ് മണിയും ആവശ്യമുള്ള രോഗികൾക്ക് ആഹാരത്തിന്റെ ചെലവും നൽകുന്നു.

ജില്ലാ മെഡിക്കൽ ഓഫീസർമാർ വഴിയാണ് ജില്ലാ ആശുപത്രിയിലേയ്ക്ക് ഫണ്ട് നൽകുന്നത്. സർക്കാർ ആശുപത്രികൾക്കും പരിയാരം മെഡിക്കൽ കോളേജിനും, മലബാർ ക്യാൻസർ സെന്ററിനും മെഡിക്കൽ സുപ്രണ്ട് വഴിയും തുക നൽകുന്നു.

൨ പട്ടികവർഗക്കാർക്കുള്ള ചികിത്സാ ധനസഹായം

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളതും, മാരകമായ ക്യാൻസർ, ഹൃദയം, വൃക്ക/മസ്തിഷ്ക സംബന്ധമായ അസുഖങ്ങൾകൊണ്ട് കഷ്ടപ്പെടുന്നതുമായ പട്ടികവർഗക്കാർക്ക് ബഹു. വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 1 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നു.

കൂടാതെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികവർഗക്കാർക്ക് അത്യാവശ്യ ഘട്ടങ്ങളിൽ സർക്കാർ ആശുപത്രിയിൽ പോകുന്നതിനും, വാഹന സൗകര്യം പുറത്ത് നിന്ന് മെഡിക്കൽ ചെക്കപ്പ് ചെയ്യേണ്ട സാഹചര്യത്തിൽ ചെക്കപ്പിനും മരുന്ന് വാങ്ങുന്നതിനുമുള്ള ധനസഹായം എന്നിവ ഐ.ടി.ഡി.പി. ആഫീസ് മുഖേന നൽകുന്നു. ധനസഹായം പരമാവധി 5,000/- രൂപയിൽ നിജപ്പെടുത്തണം.

ചികിത്സാ ധനസഹായ പദ്ധതിയിനത്തിൽ 2015-16 വർഷം 31,99,628/- രൂപയും 2016-17 വർഷം 18,19,952/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

12. ഭക്ഷ്യസഹായ പദ്ധതി

പഞ്ചമാസങ്ങളിൽ ദാരിദ്ര്യ നിർമാർജനം ലക്ഷ്യമാക്കി നടപ്പിലാക്കുന്ന പദ്ധതിയാണിത്. ജില്ലയിലെ പണിയ സമുദായത്തിൽപ്പെട്ട കുടുംബങ്ങൾക്കും, ആദിവാസി പുനരധിവാസ മേഖലയിലെ മുഴുവൻ കുടുംബങ്ങൾക്കും പഞ്ച മാസങ്ങളിൽ ഭക്ഷ്യധാന്യങ്ങൾ ഈ പദ്ധതിയിൽ വിതരണം ചെയ്യുന്നു. ജൂൺ മുതൽ സപ്തംബർ മാസം വരെയുള്ള കാലയളവിൽ രണ്ടോ, മൂന്നോ ഘട്ടങ്ങൾ ആയിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. 2015-16 വർഷം 24,20,000/- രൂപയും, 2016-17 വർഷം 1,33,45,146 രൂപയും ചെലവഴിച്ചിട്ടുണ്ട്. 3372 കുടുംബങ്ങൾക്ക് ഓരോ വർഷവും പദ്ധതിയുടെ ഗുണഫലം ലഭിച്ചിട്ടുണ്ട്.

13. സ്വയം തൊഴിൽപദ്ധതി

പട്ടികവർഗ മേഖലയിലെ യുവതീ യുവാക്കളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും, സ്വയംതൊഴിൽ സംവിധാനം വഴി ഉപജീവനമാർഗം കണ്ടെത്താനും ധനസഹായം നൽകുന്നതിന് വേണ്ടിയാണ് ഈ പദ്ധതി. 2017-18 വർഷം ജില്ലയിലെ 47 ഗുണഭോക്താക്കൾക്ക് 12,92,000/- രൂപയുടെ ധനസഹായം നൽകാനുള്ളള പദ്ധതി പുരോഗമിക്കുകയാണ്.

14. നിർദ്ധനരായ പട്ടികവർഗ യുവതികളുടെ വിവാഹത്തിന് ധനസഹായം

നിർദ്ധനരായതും, മാതാവോ, പിതാവോ മരണപ്പെട്ടതും, സാമ്പത്തിക ശേഷി കുറഞ്ഞതുമായ പട്ടികവർഗ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്. വിവാഹത്തിന് 50,000/- രൂപയാണ് നിലവിലുള്ള ധനസഹായം. 2015-16 വർഷം 7,00,000/- രൂപ 14 പെൺകുട്ടികളുടെയും 2016-17 വർഷം 11,00,000/- രൂപ 22 പെൺകുട്ടികളുടെയും വിവാഹത്തിന് ധനസഹായമായി നൽകിയിട്ടുണ്ട്.

15. **ടൈബൽ പ്രൊമോട്ടർമാർ**

പട്ടികവർഗ വികസന പദ്ധതികളുടെ ഗുണഫലങ്ങൾ പട്ടികവർഗ ഗുണഭോക്താക്കളിൽ എത്തിക്കാൻവേണ്ടി തെരഞ്ഞെടുത്ത് നിയമിക്കുന്നവരാണ് പട്ടികവർഗ പ്രൊമോട്ടർമാർ, പട്ടികവർഗ ഗുണഭോക്താക്കളെയും വകുപ്പിനെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ബന്ധിപ്പിക്കുന്ന കണ്ണിയായിട്ടാണ് ഇവർ പ്രവർത്തിക്കുന്നത്. കൂടാതെ തെരഞ്ഞെടുത്ത സർക്കാർ ആശുപത്രികളിൽ, ചികിത്സതേടിയെത്തുന്ന പട്ടികവർഗക്കാരെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ ഹെൽത്ത് പ്രൊമോട്ടർമാരെയും നിയമിച്ചിട്ടുണ്ട്. ജില്ലയിൽ പ്രൊമോട്ടർമാരായും, ഹെൽത്ത് പ്രൊമോട്ടർമാരായും ആകെ 111 പേർ ജോലി ചെയ്യുന്നുണ്ട്. പ്രതിമാസം 9,000/- രൂപ ഹോണറേറിയമായും 625/- രൂപ ടി.എ. ഇനത്തിലുമായി നൽകുന്നു. ഈ ഇനത്തിൽ 2015-16 വർഷം 77,72,792/- രൂപയും 2016-17 വർഷം 1,11,68,671/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

16. **ഊരുക്കൂട്ടങ്ങളുടെ സംഘാടനം**

പട്ടികവർഗക്കാരുടെ ശാക്തീകരണത്തിന് വേണ്ടി ഊരുക്കൂട്ടങ്ങൾ എല്ലാ പട്ടികവർഗ മേഖലയിലും രൂപീകരിക്കേണ്ടതുണ്ട്. ഊരുക്കൂട്ടങ്ങൾ 3 മാസത്തിൽ ഒരിക്കലെങ്കിലും കൂടേണ്ടതും ഇതിന് വരുന്ന ചെലവ് ഓരോ ഊരുക്കൂട്ടത്തിനും 2,500/- രൂപയിൽ നിജപ്പെടുത്തേണ്ടതുമാണ്. ഇതിന് വേണ്ടിയുള്ള ചെലവ് നിർവഹിക്കാനും ഊരുക്കൂട്ടങ്ങളുടെ കാര്യശേഷി മെച്ചപ്പെടുത്തുന്നതിനുമുള്ള ബോധവൽക്കരണ സെമിനാറുകൾ നടത്താനും ഈ പദ്ധതിയിൽ ലക്ഷ്യമിടുന്നു. 2015-16 വർഷം 2,01,885/- രൂപയും, 2016-17 വർഷം 1,16,605/- രൂപയും ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

17. **പരമ്പരാഗത പട്ടികവർഗ വൈദ്യൻമാർക്ക് സാമ്പത്തിക സഹായം**

പരമ്പരാഗത പട്ടികവർഗ വൈദ്യൻമാർക്ക് 10,000/- രൂപ വാർഷിക ഗ്രാന്റായി ഈ ഘടകം വഴി നൽകുന്നു. കിർത്താഡ്സിന്റെ സഹായത്തോടുകൂടി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് ഡി.ബി.റ്റി. രീതിയിൽ കൈമാറ്റം ചെയ്യുന്നു.

18. **സിക്കിൾസെൽ അനീമിയ രോഗികൾക്കുള്ള ധനസഹായം**

സിക്കിൾസെൽ അനീമിയ രോഗികൾക്ക് പ്രതിമാസം 1000/- രൂപ നിരക്കിൽ ധനസഹായം നൽകുന്ന പദ്ധതിയാണിത്. 2015-16 വർഷം 3 ഗുണഭോക്താക്കൾക്കായി 30,000/- രൂപയും 2016-17 വർഷം 4 ഗുണഭോക്താക്കൾക്കായി 90,000/- രൂപയും ഈ പദ്ധതിയിൽ ചെലവഴിച്ചിട്ടുണ്ട്. 2017-18 വർഷം മുതൽ ധനസഹായം പ്രതിമാസം 2,500/- രൂപയായി ഉയർത്തിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

19. **ജനനി ജന്മരക്ഷ**

ഗർഭിണികളായ പട്ടികവർഗ യുവതികൾക്ക് മൂന്നാം മാസം മുതൽ 18 മാസം വരെയുള്ള കാലയളവിൽ കുഞ്ഞിന് ഒരു വയസ്സ് തികയുന്നതുവരെ പ്രതിമാസം 1,000/- രൂപ നിരക്കിൽ ധനസഹായം നൽകുന്നു. ഗർഭിണികൾക്കും, ഗർഭസ്ഥശിശുവിനും പോഷകാഹാരം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഈ ഇനത്തിൽ 2015-16 വർഷം 50,00,000/- രൂപയും 2016-17 വർഷം 44,87,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

20. **അടിയ പണിയ പാക്കേജ്**

അടിയ, പണിയ വിഭാഗത്തിൽപ്പെട്ട പ്രാക്തന ഗോത്രവർഗക്കാരുടെ ഉന്നമനത്തിനായുള്ള ആവശ്യാധിഷ്ഠിത പ്രാദേശിക പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. ഈ വിഭാഗക്കാരുടെ പുനരധിവാസത്തിനുള്ള പാക്കേജ് ആരോഗ്യം, ഭക്ഷണത്തിന് സഹായം, സാമ്പത്തിക വികസനം, വിദ്യാഭ്യാസ ഉന്നമനം മുതലായ പ്രൊജക്ടുകൾക്ക് പ്രത്യേക പരിഗണന നൽകുന്നു. 2015-16 വർഷം 9,77,831/- രൂപയും 2016-17 വർഷം 19,54,740/- രൂപയും ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

21. **കൈതാങ്ങ്**

മാതാപിതാക്കൾ മരണപ്പെട്ടതോ, മാതാപിതാക്കൾ ഉപേക്ഷിച്ചതോ ആയ പട്ടികവർഗ കുട്ടികളുടെ ചുമതല ഏറ്റെടുത്ത് സംരക്ഷണം നൽകുന്ന ബന്ധുക്കൾക്ക് പ്രതിമാസം 1,000/- രൂപ നിരക്കിൽ കുട്ടിക്ക് 18 വയസ്സ് ആകുന്നതുവരെ ധനസഹായം നൽകുന്ന ഒരു പദ്ധതിയാണിത്. 2015-16 വർഷം 1,28,000/- രൂപയും 2016-17 വർഷം 2,00,000/- രൂപയും ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

22. **മാനേജ്മെന്റ് പരിശീലകർക്കുള്ള ഓണറേറിയം**

ജോലിയില്ലാത്ത, വിദ്യാഭ്യസമുള്ളള പട്ടികവർഗ യുവതീയുവാക്കൾക്ക് അപ്രന്റീസ്ഷിപ്പ് നിയമം അനുസരിച്ച് ഒരു വർഷത്തേക്ക്, സമയാസമയങ്ങളിൽ പറയുന്ന യോഗ്യത അനുസരിച്ച് മാനേജ്മെന്റ് പരിശീലനം വകുപ്പ് നൽകുന്നു. 10,000/- രൂപയാണ് പ്രതിമാസ ഓണറേറിയം. 2015-16 വർഷം 4,71,980 രൂപയും 2016-17 വർഷം 8,42,265 രൂപയും ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

23. **ഹോസ്റ്റലുകളിലും മോഡൽ റസിഡൻഷ്യൽ സ്കൂളിലുമുള്ള കൗൺസിലർമാർക്ക് ഓണറേറിയം**

ജില്ലയിലെ 7 പ്രീമെട്രിക്ക് ഹോസ്റ്റലുകളിലും ഒരു മോഡൽ റസിഡൻഷ്യൽ സ്കൂളിലുമായി 3 കൗൺസിലർമാരെ നിയമിക്കുന്നുണ്ട്. സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് പുതിയ സാഹചര്യങ്ങളുമായി പൊരുത്തപ്പെടുന്നതിനുള്ള പ്രശ്നങ്ങൾ, ഇവരെ അന്തർമുഖ സ്വഭാവമുള്ളവരാക്കി തീർക്കാറുണ്ട്. ഇവരുടെ ഇത്തരം മാനസിക പ്രശ്നങ്ങളെ അഭിമുഖീകരിക്കാനായി പട്ടികവർഗ വികസന വകുപ്പ് 2005-06 മുതൽ കൗൺസിലർമാരെ നിയമിക്കുന്നുണ്ട്. കേരള സർക്കാർ അംഗികരിച്ച എം.എസ്.ഡബ്ലു. എം.എ. സൈക്കോളജി അല്ലെങ്കിൽ തത്തുല്യയോഗ്യതയാണ് കൗൺസിലർമാരായി നിയമിക്കപ്പെടാനുള്ള കുറഞ്ഞ യോഗ്യത. ഇവർക്ക് പ്രതിമാസം 18,000/- രൂപ ഓണറേറിയവും, 2,000/- രൂപ ടി.എ. ഇനത്തിലും നൽകുന്നു. ഈ ഇനത്തിൽ 2015-16 വർഷം 4,01,609/- രൂപയും 2016-17 വർഷം 2,16,329/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

24. **മിശ്രവിവാഹിതർക്കുള്ള ധനസഹായ പദ്ധതി**

മിശ്ര വിവാഹം മൂലം പ്രതികൂല സാഹചര്യങ്ങളിൽ ജീവിക്കുന്ന പട്ടികവർഗ ദമ്പതികൾക്ക് മെച്ചപ്പെട്ട ജീവിതം നയിക്കുന്നതിന് വേണ്ടി 50,000/- രൂപ വരെ ധനസഹായം നൽകുന്ന പദ്ധതിയാണിത്. അപേക്ഷയുടെ അർഹത പരിശോധിച്ച് ഗ്രാമപഞ്ചായത്തുകൾ മുഖേന ധനസഹായം അനുവദിക്കുന്നു.

25. **കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ കോർപറേഷനുകൾക്ക് ധനസഹായം**

പട്ടികവർഗ വിഭാഗത്തിൽപ്പെടുന്നവരുടെ സാമ്പത്തിക ഉന്നമന പരിപാടികൾ നടപ്പിലാക്കുന്നതിന് കേന്ദ്ര സംസ്ഥാന പട്ടികജാതി/പട്ടികവർഗ വികസന കോർപറേഷൻ ഓഹരി മൂലധനം നൽകുന്നതിന് ധനസഹായം ഈ പദ്ധതിയിൽ അനുവദിക്കുന്നു. 2014 മുതൽ 2017 വരെയുള്ള കാലയളവിൽ കണ്ണൂർ ജില്ലയിൽ പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിച്ച വിവിധ വായ്പാ പദ്ധതികളുടെ ആകെ തുകയും.

ക്രമ നം	പദ്ധതി	2014-15		2015-16		2016-17		2017-18	
		ഭൗതികം	സാമ്പത്തികം	ഭൗതികം	സാമ്പത്തികം	ഭൗതികം	സാമ്പത്തികം	ഭൗതികം	സാമ്പത്തികം
1	സ്വയം തൊഴിൽ വായ്പാ പദ്ധതി	10	850000	14	1150000	23	2280000	9	1035000
2	വിവാഹവായ്പാ പദ്ധതി	11	1075000	7	700000	5	625000	1	100000
3	സർക്കാർ ഉദ്യോഗസ്ഥർക്കുള്ള വായ്പാ പദ്ധതി	2	200000	4	400000	7	700000	3	300000
	ആകെ	**23**	**2125000**	**25**	**2250000**	**35**	**3605000**	**13**	**1435000**

പട്ടികജാതി പട്ടികവർഗക്കാർക്ക് മേൽ പരാമർശിത പദ്ധതികളിൽ വായ്പ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ കുറച്ചുകൂടി ലഘൂകരിക്കുകയും വായ്പാ തുകയുടെ പരിധി ഉയർത്തുകയും ചെയ്യുകയാണെങ്കിൽ കൂടുതൽ

പേർക്ക് ഈ പദ്ധതി വഴി ആനുകൂല്യങ്ങൾ ലഭിക്കുവാനും കൂടുതൽ മെച്ചപ്പെട്ട ജീവിത നിലവാരം ഈ വിഭാഗങ്ങൾക്ക് ഉണ്ടാക്കിയെടുക്കാനും കഴിയുന്നതാണ്.

26. **അതിക്രമങ്ങൾ തടയുന്നതിനുള്ള സ്കീം നടപ്പാക്കൽ:**

പട്ടികവർഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുക അതിക്രമങ്ങൾക്കിരയാകുന്നവരെ പുനരധിവസിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സൗജന്യ നിമയസഹായം, ധനസഹായം, ആശ്രിതർക്കുള്ള ധനസഹായം, കുട്ടികൾക്കുള്ള സൗജന്യ വിദ്യാഭ്യാസം, വീടുകൾ, കിണറുകൾ, ഭൂമി എന്നിവ നഷ്ടമാകുന്ന കേസ്സുകളിൽ അവ പുന:സ്ഥാപിക്കാനുള്ള ധനസഹായം എന്നിവയാണ് ഇതിലുൾപ്പെടുന്നത്. 2015-16 വർഷം 2,00,000/- രൂപയും 2016-17 വർഷം 5,00,000/- രൂപയും ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

27. **വനാവകാശ നിയമം - 2006**

2007 ജനുവരി 2 ന് ഈ നിയമം കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കി. 1-1-08 ന് നിയമം നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ പ്രസിദ്ധീകരിച്ചു. 2012 ൽ ഈ നിയമത്തിന് ഭേദഗതി ഇന്ത്യാ ഗവൺമെന്റ് പുറപ്പെടുവിച്ചു.

2005 ഡിസംബർ 13 നോ അതിന് മുൻപോ വനഭൂമിയിൽ തലമുറകളായി താമസിച്ചിരുന്നതും, എന്നാൽ അവകാശങ്ങൾ രേഖപ്പെടുത്താൻ കഴിയാത്തവരുമായ വനവാസികളായ പട്ടികവർഗക്കാരുടെയും മറ്റ് പരമ്പരാഗത വനവാസികളുടെയും വനാവകാശങ്ങളും, വനഭൂമിയിലെ ജീവിത വൃത്തിയും അംഗീകരിക്കുന്നതിനും, വനാവകാശങ്ങൾ തെളിവുകളുടെ അടിസ്ഥാനത്തിൽ അംഗീകരിക്കുന്നതിനും നിക്ഷിപ്തമാക്കുന്നതിനും വേണ്ടിയുള്ളതാണ് ഈ നിയമം. 2005 ഡിസംബർ 13 നോ അതിന് മുമ്പോ കൈവശമുണ്ടായിരുന്ന വനഭൂമിയാണ് ഈ നിയമപ്രകാരം ലഭിക്കുക.

പ്രധാനമായും മൂന്ന് തരം വനാവകാശങ്ങളാണ് ഉള്ളത്.

1. **വ്യക്തിഗത ക്ലെയിമുകൾ:-**

വനത്തിൽ സ്ഥിരമായി താമസിക്കുന്നതിന് ഭൂമി കൈവശം വെച്ച് ഉപജീവനത്തിനായി കൃഷി ചെയ്യുന്നതിനുമുള്ള അവകാശം കണ്ണൂർ ജില്ലയിൽ ഇതുവരെയായി 1031 വ്യക്തിഗത അവകാശങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

2. **പൊതു അവകാശങ്ങൾ:**

വന വിഭവ ശേഖരണം, കന്നുകാലികളെ തീറ്റൽ, ജലാശയങ്ങളിൽ നിന്നും മീൻപിടിക്കുക തുടങ്ങിയവ ഈ ഗണത്തിൽപ്പെടും.

3. **വികസനാവശ്യങ്ങൾക്കുള്ള അവകാശങ്ങൾ:**

സ്കൂളുകൾ, ഡിസ്പെൻസറികൾ, അംഗൻവാടികൾ, വൈദ്യുതി ലൈനുകൾ, ടെലി കമ്മ്യൂണിക്കേഷൻ ലൈനുകൾ, ക്ഷുദ്രജല പദ്ധതികൾ, റോഡുകൾ, കമ്മ്യൂണിറ്റി ഹാളുകൾ എന്നിവ ഇതിലുൾപ്പെടുന്നു.

5.4 (ബി) വനിതകൾ, വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡർ എന്നിവരുടെ വികസനം

വനിതകൾ, കുട്ടികൾ

സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള കേന്ദ്ര സംസ്ഥാനവിഷ്കൃത പദ്ധതികൾ

1. സംയോജിത ശിശുവികസന പദ്ധതി

6 വയസ്സുവരെയുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാർ എന്നിവർക്കായുള്ള പദ്ധതി. ജീവിതചക്ര സമീപനപ്രകാരം നടപ്പിലാക്കുന്ന ശിശുമരണനിരക്ക്, രോഗാതുരത കുറയ്ക്കൽ, മാതൃ മരണനിരക്ക് കുറയ്ക്കുക, ശിശുവികാസം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി 1975 മുതൽ നടപ്പിലാക്കിവരുന്നു. ജില്ലയിൽ 1981-82 കാലഘട്ടത്തിൽ നടപ്പിലാക്കിത്തുടങ്ങി. 2503 അങ്കണവാടി കേന്ദ്രങ്ങൾ, 21 പദ്ധതി ഓഫീസുകൾ, ജില്ലാതല സെൽ എന്നിവയിലൂടെ ജില്ലയിലെ 2.75 ലക്ഷത്തോളം വരുന്ന കുട്ടികളിലേക്കും അമ്മമാരിലേക്കും എത്തിച്ചേരുന്നു.

2. **സംയോജിത ശിശുസംരക്ഷണ പദ്ധതി**

ഫലപ്രദമായ സാമൂഹ്യ പങ്കാളിത്തത്തോടെ പ്രത്യേക സംരക്ഷണം ആവശ്യമുള്ള കുട്ടികൾ, നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ എന്നിവർക്ക് നടപ്പിലാക്കുന്ന ജില്ലാ ശിശുസംരക്ഷണ യൂണിറ്റ് പ്രവർത്തനം ജില്ലയിൽ ഏകോപിച്ച് നടപ്പിലാക്കുന്നു. സുരക്ഷിതമല്ലാത്ത ഭവനങ്ങളിലെ കുട്ടികൾ, അന്യസംസ്ഥാനക്കാരായ കുടുംബങ്ങളിലെ കുട്ടികൾ, കഠിനമായ ദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങളിലെ കുട്ടികൾ, HIV/AIDS ബാധിച്ച കുട്ടികൾ, അനാഥർ, മയക്കുമരുന്നിന് അടിമപ്പെട്ട കുട്ടികൾ, കുറ്റവാളികളുടെ കുട്ടികൾ തുടങ്ങിയവരെയും ഈ പദ്ധതി ലക്ഷ്യമിടുന്നു.

3. സൈക്കോ സോഷ്യൽ സർവീസസ് (സംസ്ഥാന പദ്ധതി)

ഗവ: സ്കൂൾ കുട്ടികൾക്ക് മുഴുവൻ സമയ കൗൺസിലറുടെ സേവനം ലഭ്യമാക്കുന്നതിലൂടെ കുട്ടികളുടെ മാനസികാരോഗ്യം, പഠന നിലവാരം തുടങ്ങിയ മേഖലകളിൽ ഇടപെടുന്നു.

4. പ്രധാനമന്ത്രി മാതൃവന്ദനയോജന (CSS)

ഗർഭിണികൾക്ക് പ്രസവ രജിസ്ട്രേഷൻ, ആശുപത്രിയിലെ പ്രസവം, കുട്ടികളുടെ ജനന രജിസ്ട്രേഷൻ, പ്രതിരോധ കുത്തിവെയ്പ് തുടങ്ങിയ കാര്യങ്ങൾ ഉറപ്പാക്കിയാൽ 5,000 രൂപ പണമായി അക്കൗണ്ടിലേക്ക് നൽകുന്ന പദ്ധതി

5. ഗാർഹിക പീഡനത്തിൽ നിന്നും വനിതകളെ സംരക്ഷിക്കുന്ന നിയമം 2005 പ്രകാരമുള്ള വനിതാ സംരക്ഷണ ഓഫീസറുടെ സേവനം

6. വൺ സ്റ്റോപ്പ് സെന്റർ (കേന്ദ്രാവിഷ്കൃതം) (സഖി കേന്ദ്രങ്ങൾ) ശാരീരികവും ലൈംഗികവും വൈകാരികവുമായ പീഡനങ്ങൾക്ക് വിധേയമാകുന്ന സ്ത്രീകൾക്ക് ഒരു കുടക്കീഴിൽ ആവശ്യമായ മുഴുവൻ സേവനവും നൽകുന്ന പദ്ധതി. ജില്ലയിൽ കൂത്തുപറമ്പ് താലൂക്കാശുപത്രിയോടനുബന്ധിച്ച് പ്രവർത്തനം തുടങ്ങാൻ പോകുന്നു.

മംഗല്യ – സംസ്ഥാന പദ്ധതി

വിധവാ പുനർവിവാഹം പ്രോത്സാഹിപ്പിക്കാനായി വിധവകൾക്ക് ധനസഹായം നൽകുന്ന പദ്ധതി

കേന്ദ്ര സംസ്ഥാന പദ്ധതികൾ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

അവിദഗ്ധ കായിക തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള ഏതൊരു ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷം നൂറു ദിവസത്തെ തൊഴിൽ നൽകി അതിലൂടെ അധിക വരുമാനം പ്രദാനം ചെയ്യുതിനുമായി 2005 ൽ കേന്ദ്രസർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. കണ്ണൂർ ജില്ലയിൽ പദ്ധതി 2008 ഏപ്രിൽ 1 ന് ആരംഭിച്ചു. 2014 ൽ ഈ നിയമത്തിന്റെ പട്ടിക 1 ഉം 2 ഉം ഭേദഗതി ചെയ്തുകൊണ്ട് പദ്ധതിയുടെ മുഖ്യലക്ഷ്യങ്ങളിൽ സാരമായ മാറ്റങ്ങൾ വരുത്തി.

അത് പ്രകാരം ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന എല്ലാ കുടുംബങ്ങൾക്കും ഒരു സാമ്പത്തികവർഷം 100 ദിവസത്തിൽ കുറയാത്ത അവിദഗ്ധ കായിക തൊഴിൽ ആവശ്യാനുസരണം ഉറപ്പാക്കുകയും അതുവഴി നിഷ്കർഷിക്കപ്പെട്ട ഗുണമേൻമയുള്ളതും സ്ഥായിയായിട്ടുള്ളതുമായ ഉത്പാദനക്ഷമമായ ആസ്തികളുടെ സൃഷ്ടിയും, കൂടാതെ ദരിദ്രരുടെ ഉപജീവനവുമായി ബന്ധപ്പെട്ട് വിഭവ അടിത്തറ ശക്തിപ്പെടുത്തലും, സമൂഹത്തിലെ വിവിധ

വിഭാഗങ്ങളുടെ ബോധപൂർവമായ ഉൾക്കൊളളലും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ശാക്തീകരണവും ഇതിൽ ഊന്നിപ്പറയുന്നു.

2016 ഡിസംബർ 1 മുതൽ പദ്ധതിയിൽ ജിയോ ടാഗിംഗ് സംവിധാനം നിലവിൽ വന്നു. പദ്ധതിയിൽ പൂർത്തീകരിക്കപ്പെട്ട എല്ലാ പ്രവൃത്തികളുടെയും ചിത്രം ഭുവൻ എൻ.ആർ.ഇ.ജി.എ. എന്ന പ്രത്യേക മൊബൈൽ ആപ്ലിക്കേഷൻ വഴി പകർത്തുകയും പദ്ധതിയുടെ വെബ്സൈറ്റിലേക്ക് അപ്പ്ലോഡ് ചെയ്യുകയും ചെയ്യുന്ന സംവിധാനമാണ് ജിയോ ടാഗിംഗ്. ഇതുവഴി പദ്ധതിയിൽ ഏറ്റെടുത്ത ഏതൊരു പ്രവർത്തിയുടെയും വിശദമായ വിവരങ്ങൾ (പ്രവൃത്തിയുടെ പേര്, ചിത്രം, സ്ഥലം, പ്രവൃത്തി നടത്തിയ കാലയളവ്, തൊഴിൽദിനങ്ങൾ, കൂലി തുടങ്ങിയവ) സാധാരണക്കാർക്ക് പോലും മനസ്സിലാക്കുവാൻ സാധിക്കും.

28/03/2017 ലെ കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ വിജ്ഞാപന പ്രകാരം 2017-18 സാമ്പത്തികവർഷം മുതൽ ഒരു കുടുംബത്തിന് പരമാവധി 50 ദിവസത്തെ അധിക തൊഴിൽ ദിനം നൽകുവാൻ അനുമതി നൽകിയിട്ടുണ്ട്. അതിനാൽ നടപ്പു സാമ്പത്തികവർഷം മുതൽ ഒരു കുടുംബത്തിന് 150 ദിവസം തൊഴിൽ ലഭിക്കുവാൻ അർഹതയുണ്ട്. 2017-18 സാമ്പത്തിക വർഷത്തിലെ ജില്ലയുടെ പ്രവർത്തനങ്ങളെ താഴെ വിശകലനം ചെയ്യുന്നു.

ബഡ്ജറ്റ് പ്രകാരം ഏറ്റെടുക്കേണ്ട തൊഴിൽ ദിനങ്ങൾ	2142000 (വാർഷികം)
ബഡ്ജറ്റ് പ്രകാരം നവംബർമാസം വരെ ഏറ്റെടുക്കേണ്ട തൊഴിൽ ദിനങ്ങൾ	1041976
പൂർത്തീകരിച്ച തൊഴിൽ ദിനങ്ങൾ	1513502
പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് തൊഴിൽ കാർഡ് ലഭ്യമായ കുടുംബങ്ങളുടെ എണ്ണം	199971
തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം	61793
ആകെ ഏറ്റെടുത്ത പ്രവൃത്തികൾ	6715
പൂർത്തീകരിച്ച പ്രവൃത്തികൾ	972
ആകെ ചെലവ്	4477.06 ലക്ഷം രൂപ

ബ്ലോക്ക് അടിസ്ഥാനത്തിൽ അംഗീകരിക്കപ്പെട്ട തൊഴിൽദിനങ്ങളും പൂർത്തീകരിച്ച തൊഴിൽ ദിനങ്ങളും

ക്രമ നമ്പർ	ബ്ലോക്ക്	ലേബർ ബഡ്ജറ്റ്		
		വാർഷികം	നവംബർ വരെ	
			ബഡ്ജറ്റ്	നേട്ടം
1	എടക്കാട്	101917	49578	64421
2	ഇരിക്കൂർ	308011	149833	201841
3	ഇരിട്ടി	352676	171558	293873
4	കല്യാശ്ശേരി	125325	60966	64712
5	കണ്ണൂർ	43497	21158	24239
6	കുഞ്ഞുപറമ്പ്	192830	93802	109461
7	പാനൂർ	84629	41168	56670
8	പയ്യന്നൂർ	163675	79620	108239
9	പേരാവൂർ	312330	151934	291164
10	തളിപ്പറമ്പ്	342874	166789	230104
11	തലശ്ശേരി	114236	55570	68778
	ആകെ	**1513502**	**1041976**	**1513502**

ലേബർബഡ്ജറ്റ്							
വിവരം	യൂണിറ്റ്	2012-13	2013-14	2014-15	2015-16	2016-17	2017-18
സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ	എണ്ണം	3467752	3720678	2101079	3293086	2565113	1491943
	ശരാശരി	37	39	29	37	34	24
പട്ടിക ജാതി വിഭാഗത്തിൽ സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ	എണ്ണം	97914	113308	68109	121297	99181	50296
	ശരാശരി	39	42	26	38	35	23
പട്ടികവർഗ വിഭാഗത്തിൽ സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ	എണ്ണം	116420	121888	103244	152146	135141	96504
	ശരാശരി	50	49	40	49	44	37
വനിതകൾ സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ	എണ്ണം	3324594	2005357	2005357	3115413	2427193	1411926
ആകെ തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം	എണ്ണം	92477	95116	72275	88286	76247	61609
ഒരു കുടുംബത്തിന് ലഭ്യമായ ശരാശരി തൊഴിൽ ദിനം	എണ്ണം	37	39	29	37	34	24
തൊഴിലാളികൾക്ക് ലഭിച്ച ശരാശരി വേതനം	ശരാശരി	152	123	172	163	240	257
നൂറ് തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച തൊഴിലാളികളുടെ എണ്ണം	എണ്ണം	7888	9518	1252	3969	2610	246
ആകെ തൊഴിൽ ലഭിച്ച തൊഴിലാളികളുടെ എണ്ണം	എണ്ണം			78466	97914	83795	65559
തൊഴിൽ ചെയ്ത അംഗപരിമിതരുടെ എണ്ണം	എണ്ണം	90	103	113	130	101	66

2018-19 സാമ്പത്തിക വർഷത്തെയ്ക്കുള്ള ലേബർ ബഡ്ജറ്റും ആക്ഷൻ പ്ലാനും തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് തലത്തിൽ ആരംഭിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങളിൽ കൃഷി, ഇറിഗേഷൻ, എന്നീ വകുപ്പുകളുടെയും ഹരിതമിഷന്റെയും സഹകരണത്തോടെ 71 ഗ്രാമപഞ്ചായത്തുകളുടെയും നീർത്തട മാസ്റ്റർപ്ലാൻ പുതുക്കുകയും തുടർന്നുള്ള വർഷങ്ങളിൽ നീർത്തടാധിഷ്ഠിതമായിട്ടുള്ള പ്രവൃത്തികൾ കണ്ടെത്തി നടപ്പിലാക്കുകയും ചെയ്താൽ മാത്രമേ കൂറ്റമറ്റ രീതിയിൽ ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ സാധിക്കുകയുള്ളു. ഇതിലൂടെ മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ കൂടുതലായി ഉൾപ്പെടുത്തി തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകാൻ കഴിയും.

കുടുംബശ്രീ

ദാരിദ്ര്യ നിർമാർജനം ലക്ഷ്യമിട്ടുകൊണ്ട് 1998-ൽ ആവിഷ്കരിച്ച കുടുംബശ്രീ പ്രസ്ഥാനം നൂതന ആശയങ്ങളുടെ അടിസ്ഥാനത്തിൽ സ്ത്രീകളുടെ കരുത്തുറ്റ സംഘടനാ സംവിധാനമായി ജില്ലയിൽ ശക്തമായി നിലനിൽക്കുന്നു. സാമ്പത്തിക ശാക്തീകരണം വഴി സാമ്പത്തിക സ്വാതന്ത്ര്യം സ്ത്രീകൾക്ക് ലഭിക്കുന്നതിന് കുടുംബശ്രീ വഹിച്ച പങ്ക് മികവുറ്റതാണ്. കുടുംബശ്രീ മൈക്രോ ഫിനാൻസ് മേഖലയിൽ കണ്ണൂർ ജില്ലയിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയത്. ബാങ്ക് ലിങ്കേജ്, സ്ത്രീ സുരക്ഷ ഭീമയോജന, ക്രഡിറ്റ് ലിങ്ക്സ് ഇൻഷുറൻസ് സ്കീം, മാച്ചിങ്ങ് ഗ്രാന്റ് വിതരണം, അയൽക്കൂട്ടങ്ങൾക്കുള്ള പലിശ, സബ്സിഡി വിതരണം, റിവോൾവിംഗ് ഫണ്ട് വിതരണം, കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് വിതരണം, കോർപസ് ഫണ്ട് വിതരണം, ഫിനാൻഷ്യൽ ലിറ്ററസി ക്യാമ്പയിൻ, 100% വായ്പാ തിരിച്ചടവ് ക്യാമ്പയിൻ എന്നിവയാണ് ഈ മേഖലയിലെ മികച്ച പ്രവർത്തനങ്ങൾ.

സംസ്ഥാനത്തെ കേവല ദാരിദ്ര്യം പൂർണമായി ഇല്ലായ്മ ചെയ്യുക എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാരിന്റെ സ്വർണ ജയന്തി സഹകാരി റോസ്ഗാർ യോജന (എസ്.ജെ.എസ്.ആർ.വൈ) പദ്ധതി പ്രകാരം കേരള സർക്കാർ ദേശീയ കാർഷിക ഗ്രാമവികസന ബാങ്കിന്റെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ നടപ്പാക്കിയ സമഗ്ര ദാരിദ്ര്യ നിർമാർജന പദ്ധതിയാണ് കുടുംബശ്രീ. ദരിദ്ര വനിതകളെ സ്വയം സഹായ ലക്ഷ്യമുള്ള ത്രിതല സമൂഹങ്ങളായി സംഘടിപ്പിച്ച് ലഭ്യമായ ആശയ വിഭവ സ്രോതസ്സുകളുടെ ആവശ്യാധിഷ്ഠിത സമന്വയത്തിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ കേവല ദാരിദ്ര്യത്തിന്റെ സമസ്ത പ്രകടിത ബഹുമുഖ രൂപഭാവങ്ങളെയും വരുന്ന ഒരു ദശകത്തിനുള്ളിൽ ഉൻമൂലനം ചെയ്യാനുള്ള ഒരു നൂതന, ഏകോപിത സമൂഹാധിഷ്ഠിത സമഗ്ര ദാരിദ്ര്യ നിർമാർജന സമീപനമാണ് കുടുംബശ്രീ എന്നതാണ് കുടുംബശ്രീയുടെ മിഷൻ സ്റ്റേറ്റ്മെന്റ്. 1998 മെയ് 17 ന് അന്നത്തെ പ്രാധാനമന്ത്രിയായിരുന്ന അഡൽ ബിഹാരി വാജ്പേയ് മലപ്പുറത്ത് കുടുംബശ്രീ പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിച്ചു. 1999 ഏപ്രിൽ 1ന് കുടുംബശ്രീ സംസ്ഥാന ദാരിദ്ര്യ നിർമാർജന മിഷൻ പ്രവർത്തനമാരംഭിച്ചു.

കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ആകെ – 19508

ആകെ കുടുംബശ്രീ അംഗങ്ങൾ – 345197

കുടുംബശ്രീ പദ്ധതികൾ

1. **മൈക്രോ ഫിനാൻസ് പ്രവർത്തനങ്ങൾ**– അയൽക്കൂട്ടത്തിലെ ഏറ്റവും വരുമാനം കുറഞ്ഞ അംഗം നിർദേശിക്കുന്ന തുക പ്രതിവാരം നിക്ഷേപമായി സ്വീകരിക്കുന്നു. ഇങ്ങനെ നിക്ഷേപിക്കുന്ന തുകയിൽ നിന്നും അവരുടെ ആവശ്യങ്ങൾക്കായി തന്നെ വായ്പ അനുവദിക്കുന്നു. ഇങ്ങനെ സ്വരൂപിക്കുന്ന നിക്ഷേപത്തിന് ആനുപാതികമായി ബാങ്ക് ലിങ്കേജ് വായ്പ അനുവദിക്കുന്നു. ബാങ്ക് വായ്പ അനുവദിക്കുന്ന അയൽക്കൂട്ടങ്ങൾക്ക് മാച്ചിംഗ് ഗ്രാന്റും ലിങ്കേജ് വായ്പയും നൽകി വരുന്നു.
2. **ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (സംഘകൃഷി)**– അൽക്കൂട്ട പ്രദേശങ്ങളിലെ കൃഷിയോഗ്യമായ ഭൂമി ഉപയുക്തമാക്കിയുള്ള കൃഷിയിലൂടെ സമൂഹത്തിലെ പാവപ്പെട്ട വനിതകൾക്ക് വരുമാന മാർഗം സൃഷ്ടിക്കുന്ന പ്രവർത്തനമാണ് സംഘകൃഷി. കൃഷിക്കനുസരിച്ചുള്ള ഇൻസന്റീവ് കുടുംബശ്രീ മിഷനിൽ നിന്നും നൽകപ്പെടുന്നു.
3. **കുടുംബശ്രീ മൈക്രോ സംരംഭ പദ്ധതി**– സ്ത്രീ ശാക്തീകരണമാണ് പദ്ധതി ലക്ഷ്യം. സ്വയം തൊഴിൽ സംരംഭങ്ങൾക്കുള്ള സഹായമാണ് പദ്ധതി വഴി നൽകപ്പെടുന്നത്. അൽക്കൂട്ട അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും പദ്ധതി സഹായത്തിന് അർഹതയുണ്ട്. വ്യക്തിഗതമായോ, ഗ്രൂപ്പടിസ്ഥാനത്തിലോ (കുറഞ്ഞത് 3 പേർ, പരമാവധി 10 പേർ) സംരംഭം ആരംഭിക്കാവുന്നതാണ്.

- ഗ്രാമീണ ചെറുകിട സൂക്ഷ്മ സംരംഭ പദ്ധതി–അയൽക്കൂട്ടത്തിൽ അംഗത്വം നേടി കുറഞ്ഞത് 6 മാസമെങ്കിലും പൂർത്തിയാക്കിയ, 18–60 വയസ്സിനിടയിൽ പ്രായമുള്ള വനിതകൾക്ക് വ്യക്തിഗത ഗ്രൂപ്പ് അടിസ്ഥാനത്തിൽ സഹായം നൽകുന്ന പദ്ധതി.

- യുവശ്രീ പദ്ധതി– സ്ത്രീകൾക്ക് മാത്രമായോ, പുരുഷൻമാർക്കോ, ഒരുമിച്ചോ യൂണിറ്റുകൾ ആരംഭിക്കാം. അയൽക്കൂട്ടത്തിൽ അംഗമായിരിക്കണം. പ്രായപരിധി 18–45.

സംരംഭ പ്രവർത്തനം കണ്ണൂർ ജില്ലയിൽ

ക്രമ നമ്പർ	**സെക്ടർ**	**സംരംഭകരുടെ എണ്ണം**
1	തയ്യൽ മേഖല	470
2	ഹോട്ടൽ കാറ്ററിംഗ്	240
3	കറിപൗഡർ	170
4	ധാന്യപ്പൊടി നിർമാണം	220
5	മൃഗസംരക്ഷണ മേഖല	1700
6	ഐ.ടി. മേഖല	70
7	ഹോം ഷോപ്പ്	350
9	ന്യൂട്രീ മിക്സ്	160
10	സാന്ത്വനം	20
11	മറ്റ് മേഖലകൾ	700
ആകെ		**4100**

(ഡിഡിയുജികെവൈ)– കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ കീഴിൽ ദേശീയ ഗ്രാമീണ ഉപജീവന മിഷൻ ആവിഷ്കരിച്ച് കുടുംബശ്രീ വഴി നടപ്പിലാക്കുന്ന പദ്ധതിയാണിത്. 18 നും 35 നും ഇടയിൽ പ്രായമുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന അയൽക്കൂട്ടങ്ങളോ ആയിട്ടുള്ള തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് അവരുടെ അഭിരുചിക്കും വിദ്യാഭ്യാസ യോഗ്യതയ്ക്കുമനുസരിച്ചുള്ള വിവിധ തൊഴിൽ പരിശീലനം നൽകി സ്ഥിരവരുമാനം ഉറപ്പാക്കുകയാണ് പദ്ധതി ലക്ഷ്യം.

4. **ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന**

5. **കുടുംബശ്രീ സാമൂഹ്യ ശാക്തീകരണം**

- ആശ്രയ പദ്ധതി– അടിസ്ഥാനപരമായി അവകാശങ്ങൾ നിഷേധിക്കപ്പെട്ട നിരാലംബരും നിരാശ്രയരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ ഒരു വിഭാഗം ജനങ്ങൾക്ക് സാമൂഹ്യാധിഷ്ഠിത സംവിധാനത്തിലൂടെ സേവനങ്ങൾ എത്തിച്ചുകൊടുക്കുകയും അതുവഴി അവരെ മുഖ്യധാരയിലേക്ക് കൊണ്ടു വരികയും ചെയ്യുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് തദ്ദേശ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കി വരുന്ന പദ്ധതി.

- ബാലസഭ– കുട്ടികൾക്ക് അവരുടെ അവകാശങ്ങൾ മനസിലാക്കുവാനും സാമൂഹ്യ പ്രതിബദ്ധത വളർത്തുവാനുമായി കുടുംബശ്രീ മിഷൻ നടപ്പിലാക്കുന്ന സംവിധാനമാണ് ബാലസഭകൾ.

വാർഡ് തലത്തിൽ ബാലസമിതിയും, പഞ്ചായത്ത് തലത്തിൽ ബാലപഞ്ചായത്തും എന്ന രീതിയിലാണ് ഈ സംവിധാനത്തെ ചിട്ടപ്പെടുത്തിയത്.

- ബഡ്സ്- ശാരീരിക ബൗദ്ധീക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ ശാസ്ത്രീയമായി പുനരധിവസിപ്പിക്കാൻ പഞ്ചായത്ത്/നഗരസഭാതലത്തിൽ ആരംഭിച്ച സ്കൂളാണ് ബഡ്സ്.

പട്ടികവർഗ മേഖലകളിലെ പ്രത്യേക പദ്ധതികൾ

1. ഗോത്ര ബാലസഭ രൂപീകരണവും പ്രത്യേക പ്രവർത്തനങ്ങളും
2. പട്ടികവർഗമേഖലയിൽ പ്രത്യേക മൊബിലൈസേഷൻ ക്യാമ്പുകൾ
3. ഫുട്ബോൾ ടൂർണമെന്റ്
4. സാക്ഷരത പ്രവർത്തനങ്ങൾ
5. പുതുതായി രൂപീകരിക്കുന്ന എൻ.എച്ച്.ജി., ജെ.എൽ.ജി. കൾക്ക് കോർപസ് ഫണ്ട് നൽകുന്നു.
6. എസ്.ടി. ആശ്രയ രൂപീകരണം
7. പൂരക പോഷണ കിറ്റ് വിതരണം
8. ഉപജീവനം വർദ്ധിപ്പിക്കാൻ സംരംഭങ്ങൾ തുടങ്ങുകയും സ്റ്റാർട്ട് അപ്പ് ഫണ്ട് അനുവദിക്കുകയും ചെയ്യുന്നു.

സ്ത്രീ പദവി സ്വയം പഠനം പ്രക്രിയ-

സ്ത്രീകൾ കൈവരിക്കുന്ന നേട്ടങ്ങളുടെയും നേരിടുന്ന പല പ്രശ്നങ്ങളുടെയും അനുഭവങ്ങളുടെയും ഒരു വിലയിരുത്തലാണ് സ്ത്രീ പദവി സ്വയം പഠന പരിപാടി.

പ്രധാന പ്രവർത്തനങ്ങൾ

- സ്നേഹിത ഹെൽപ്പ് ഡസ്ക്-സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള താൽക്കാലിക അഭയകേന്ദ്രം.
- കമ്മ്യൂണിറ്റി കൗൺസിലിംഗ്
- അരക്ഷിതാവസ്ഥാ പഠനം
- ജി.ആർ.സി.-ബ്ലോക്ക് ലവൽ ജന്റർ റിസോർസ് സെന്റർ
- ജെന്റർ കോർണർ
- വിജിലൻസ് ഗ്രൂപ്പ്
- രംഗശ്രീ- കലാഗ്രൂപ്പ്
- കുടുംബശ്രീ അഡ്വക്കേറ്റ്സ്-ജില്ലാ തനതു പരിപാടി
- ജെന്റർ ക്ലബ്-ജില്ലാ തനതു പരിപാടി
- സ്ത്രീപദവീ സ്വയം പഠന പ്രക്രിയ

ഭാവി പ്രവർത്തനങ്ങൾ

- കുടുംബശ്രീ ബസാർ (കുടുംബശ്രീ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നു)
- ഓൺലൈൻ മാർക്കറ്റിംഗ് (കുടുംബശ്രീ ഉൽപ്പന്നങ്ങൾ ഓൺലൈൻ വഴി ലഭ്യമാക്കും)
- പൊതു സേവന കേന്ദ്രം (സംരംഭകരുടെ പൊതുവായ ആവശ്യങ്ങൾ മിതമായ നിരക്കിൽ)
- കെ.എസ്.ആർ.ടി.സി. പദ്ധതികൾ (ടിക്കറ്റ് ബുക്കിംഗ്, ക്ലീനിംഗ് കുടുംബശ്രീ പരിപാടികൾ ഏറ്റെടുത്തു നടപ്പിലാക്കുന്നു)
- പാർക്കിംഗ് മാനേജ്മെന്റ്
- ജിറിയാടിക് കെയർ (പ്രായമായവർക്ക് സംരക്ഷണം)
- എ.ബി.സി. പദ്ധതി (തെരുവുനായ പ്രജനന നിയന്ത്രണ പരിപാടിക്ക് ആവശ്യമായ സേവനങ്ങൾ)
- കൺസ്ട്രക്ഷൻ ഗ്രൂപ്പുകൾ (കെട്ടിട നിർമാണ പ്രവർത്തനത്തിന് പരിശീലനം)
- കൃഷി
- കിണർ റീചാർജ്ജിംഗ്
- മൃഗസംരക്ഷണം (പാലുത്പാദകർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നു)
- കേരള ചിക്കൻ (കോഴി വളർത്തൽ)

സ്റ്റാർട്ട് അപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം

ജില്ലയിൽ ഒരു ബ്ലോക്ക് എന്ന നിലയിൽ ചെറുകിട സംരംഭങ്ങൾ തുടങ്ങുന്ന പദ്ധതി. ജില്ലയിൽ കൂത്തുപറമ്പ് ബ്ലോക്കിലാണ് പദ്ധതി നടപ്പിലാക്കുന്നത്. തെരഞ്ഞെടുക്കുന്ന സി.ആർ.പി.- ഇ.പി. മാർ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഏകദേശം രണ്ടായിരത്തിൽ പരം ചെറുകിട സംരംഭങ്ങൾ (കൃഷി, മൃഗസംരക്ഷണം ഒഴികെ) തുടങ്ങാവുന്നതാണ്.

പരിമിതികൾ

വനിതകളുടെ ഉന്നമനത്തിനായി കഴിഞ്ഞ 20 വർഷക്കാലയളവിൽ ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ധാരാളം പോരായ്മകൾ ഇന്നും നിലനിൽക്കുന്നുണ്ടെന്നത് വസ്തുത തന്നെയാണ്. സ്ത്രീകൾ നിലവിൽ നേരിടുന്ന പ്രശ്നങ്ങളും വെല്ലുവിളികളും വിശകലനം ചെയ്ത് അവ പരിഹരിക്കത്തക്ക രീതിയിലുള്ള പ്രൊജക്ടുകൾ നടപ്പിലാക്കേണ്ടതുണ്ട്.

വയോജനം

സാമൂഹ്യ നീതി വകുപ്പ് വഴിയുള്ള പദ്ധതികൾ

1. വൃദ്ധസദനങ്ങൾ

സംരക്ഷിക്കുവാൻ ആളില്ലാത്ത വയോജനങ്ങളെ പാർപ്പിച്ച് സംരക്ഷണവും പരിചരണവും നൽകുന്നതിന് വേണ്ടി 60 വയസ്സിന് മേൽപ്രായമുള്ള മുതിർന്ന പൗരന്മാർക്കായി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ കണ്ണൂർ അഴീക്കലിൽ ഒരു വയോജനകേന്ദ്രം പ്രവർത്തിച്ചുവരുന്നു. ഇതിന്റെ നടത്തിപ്പു ചുമതല കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന് കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ളതാണ്.

2. പ്രായാധിക്യം മൂലമുണ്ടാകുന്ന കാഴ്ചക്കുറവ്, കേൾവിക്കുറവ്, പല്ലിനുണ്ടാകുന്ന കേടുപാടുകൾ, ശാരീരിക വൈകല്യങ്ങൾ എന്നിവ പരിഹരിക്കുന്നതിനുതകുന്ന തരത്തിലുള്ള ഉപകരണങ്ങൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വയോജനങ്ങൾക്ക് നൽകുന്ന മറ്റൊരു പദ്ധതി വകുപ്പിന്റെ കീഴിൽ ജില്ലയിൽ നടപ്പിലാക്കി വരുന്നുണ്ട്.

3. **വയോമിത്രം**

സാമൂഹ്യ നീതി വകുപ്പിന്റെ സാമൂഹ്യ സുരക്ഷാ മിഷൻ വഴി ജില്ലയിൽ നടപ്പിലാക്കി വരുന്ന ഒരു പദ്ധതിയാണ് വയോമിത്രം. 65 വയസ്സിനു മേൽ പ്രായമുള്ള എല്ലാ പൗരന്മാരുടെയും ആരോഗ്യ സംരക്ഷണം ഉറപ്പ് വരുത്തുകയാണ് പദ്ധതിയുടെ ഉദ്ദേശ്യം. ടി പദ്ധതി ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നത്. നിലവിൽ ജില്ലയിലെ കോർപറേഷൻ, മുൻസിപ്പാലിറ്റി പ്രദേശങ്ങളിലാണ് വയോമിത്രം പദ്ധതിയുടെ സേവനങ്ങൾ ലഭിക്കുന്നത്.

4. വയോ അമൃതം

ആയുർവേദ വകുപ്പിന്റെ സഹകരണത്തോടുകൂടി വൃദ്ധ സദനങ്ങളിലെ താമസക്കാർക്ക് ആരോഗ്യപരിരക്ഷ ഉറപ്പ് വരുത്തിക്കൊണ്ട് വകുപ്പ് വഴി നടപ്പിലാക്കുന്ന നൂതന പദ്ധതിയാണ് വയോ അമൃതം. ജില്ലയിലെ സർക്കാർ വൃദ്ധസദനത്തിൽ ടി പദ്ധതി നടപ്പിലാക്കുന്നു.

5. മന്ദഹാസം

മുതിർന്ന പൗരന്മാർക്ക് സൗജന്യമായി പല്ല് വെച്ച് കൊടുക്കുന്ന പദ്ധതിയാണ് "മന്ദഹാസം". ബി.പി.എൽ. പ്പെട്ട വയോജനങ്ങൾക്ക് പല്ല് സെറ്റ് വെച്ച് പിടിപ്പിക്കുന്നതിനായി 5,000/- രൂപ വരെ പദ്ധതിയിലൂടെ ധനസഹായം ലഭിക്കുന്നു. ഇതിനുള്ള അപേക്ഷകൾ ജില്ലാ സാമൂഹ്യ നീതി ഓഫീസ് വഴി ലഭ്യമാണ്. 2017-2018 വർഷം നാളിതുവരെ 3 അപേക്ഷ മാത്രമാണ് ജില്ലയിൽ ലഭിച്ചിട്ടുള്ളത്.

6. **സായംപ്രഭ**

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വയോജനങ്ങളുടെ ജീവിതാന്ത്യ കാലത്തുള്ള ഒറ്റപ്പെടലുകളിൽ നിന്നും മുക്തരാക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് അവർക്കായി അവരുടെ ആവശ്യങ്ങൾ നിറവേറ്റത്തക്ക രീതിയിൽ വിഭാവനം ചെയ്തുകൊണ്ട് പഞ്ചായത്തുകൾ തോറും ആരംഭിക്കുന്ന പകൽ പരിപാലന കേന്ദ്രങ്ങളാണ് "സായം പ്രഭ" എന്ന പദ്ധതിയിലൂടെ വകുപ്പ് നടപ്പിലാക്കി വരുന്ന കണ്ണൂർ ജില്ലയിൽ ഇത്തരത്തിലുള്ള 6 കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഓരോ സായംപ്രഭ കേന്ദ്രങ്ങളിലും കുറഞ്ഞ് 20 പേരെങ്കിലും ഉണ്ടായിരിക്കണം. ഇത്തരം കേന്ദ്രങ്ങളിൽ അവർക്ക് മറ്റുള്ളവരുമായി ഒത്തുചേരുവാൻ അവസരം ലഭിക്കുന്നതോടൊപ്പം അവരുടെ മാനസികവും ശാരീരികവും വൈകാരികവുമായി ഉല്ലാസത്തിന് അവസരം

ലഭിക്കുന്നു. സൗജന്യ യോഗ പരിശീലനം, മെഡിക്കൽ ക്യാമ്പ്, കൗൺസിലിംഗ്, മെഡിറ്റേഷൻ എന്നിവയും സായംപ്രഭ കേന്ദ്രങ്ങൾ വിഭാവനം ചെയ്യുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതികൾ

സംയോജിത വയോജന സംരക്ഷണ പദ്ധതി ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. വയോജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുവാൻ ലക്ഷ്യം വച്ചുകൊണ്ടുള്ള ടി പദ്ധതിയിൽ വയോജനങ്ങളുടെ ആരോഗ്യ പരിചരണം, താമസം, ആഹാരം എന്നിവ ഉറപ്പ് വരുത്തുന്നു. വയോജനങ്ങളുടെ നാനാവിധത്തിലുള്ള സംരക്ഷണ, പുനരധിവാസ പരിപാടികൾക്കായി ഈ പദ്ധതിയനുസരിച്ച് ധനസഹായം നൽകി വരുന്നു. ഇതനുസരിച്ചുള്ള ധനസഹായം തദ്ദേശ ഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, ചാരിറ്റബിൾ ട്രസ്റ്റുകൾ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് നൽകിവരുന്നു.

അംഗപരിമിതർ

I അംഗപരിമിതരുടെ ക്ഷേമത്തിനായി സാമൂഹ്യനീതി വകുപ്പ് വഴി ജില്ലയിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ

1. **വിദ്യാജ്യോതി :**

അംഗപരിമിതരായ 9 മുതൽ പി.ജി.വരെയും ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിഫോം പഠനോപകരണങ്ങൾ എന്നിവയ്ക്കായി ധനസഹായം ടി പദ്ധതി വഴി ലഭ്യമാകുന്നു. 2017/18 വർഷം മുതൽ ടി പദ്ധതി ജില്ലയിൽ നടപ്പിലാക്കിവരുന്നു. നടപ്പുവർഷത്തിൽ പദ്ധതിയുടെ ആനുകൂല്യത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകൾ സാമൂഹ്യനീതി ആഫീസർ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

2. **വിദ്യാകിരണം:**

അംഗപരിമിതരായ മാതാപിതാക്കളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതിയാണിത്. സംസ്ഥാനത്ത് മൊത്തമായും നടപ്പിലാക്കുന്ന ടി പദ്ധതിയിൻ കീഴിൽ കണ്ണൂർ ജില്ലയിൽ നാളിതുവരെ 350 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ഒന്നാം ക്ലാസ്സു മുതൽ പോസ്റ്റ്ഗ്രാജ്വേഷൻ തലം വരെയുള്ള കുട്ടികൾക്ക് വിവിധ നിരക്കുകളിൽ ധനസഹായം നൽകിവരുന്നു.

3. അംഗപരിമിതർക്ക് സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന ഒരു പദ്ധതിയാണിത്. ജില്ലയിൽ 2017-18 വർഷം ടി പദ്ധതിയുടെ ആനുകൂല്യത്തിനായി 140 അപേക്ഷകൾ ലഭ്യമായിട്ടുണ്ട് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിനായി നടപ്പുവർഷം 3 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

4. അംഗപരിമിതർക്കുള്ള ദുരിതാശ്വാസ നിധി സർജറി ഉൾപ്പെടെയുള്ള വൈദ്യ പരിശോധനയ്ക്കായി പരമാവധി 5000/- രൂപ വരെധനസഹായം നൽകുന്ന പദ്ധതിയാണിത്.

5. അന്ധരായ അഭിഭാഷകർക്ക് സാമ്പത്തിക സഹായം.

ജില്ലയിൽ ആരും തന്നെ പദ്ധതിയുടെ ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിച്ചിട്ടില്ല.

6. സ്വാവലംബൻ - ആരോഗ്യ ഇൻഷുറൻസ് സ്കീം

കേന്ദ്രസർക്കാരും, ന്യൂ ഇന്ത്യ ഇൻഷുറൻസ് കമ്പനിയും ചേർന്ന് സംയുക്തമായി നടപ്പിലാക്കുന്ന ഒരു ആരോഗ്യ ഇൻഷുറൻസ് പദ്ധതിയാണ് സ്വാവലംബൻ. കേരള സാമൂഹ്യ സുരക്ഷാമിഷൻ വഴിയാണ് പദ്ധതി ജില്ലയിൽ നടപ്പിലാക്കിവരുന്നത്.

7. അംഗപരിമിത വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

ഒന്നാം ക്ലാസ് മുതൽ പ്രൊഫഷണൽ തലം വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ പദ്ധതി പ്രകാരം വിവിധ നിരക്കുകളിൽ സ്കോളർഷിപ്പ് നൽകിവരുന്നു.

8. അംഗപരിമിതമായ വനിതകൾക്കും അംഗപരിമിതരുടെ പെൺകുട്ടികൾക്കുമുള്ള വിവാഹ ധന സഹായം

9. അംഗപരിമിതരുടെ കലാകായിക അഭിരുചികൾ പരിപോഷിപ്പിക്കുന്നതിനുള്ള ദിനാചാരണം

എല്ലാ വർഷവും ഡിസംബർ ലോകവികലാംഗദിനമായി കൊണ്ടാടി വരുന്നു. ദിനാചരണത്തിന്റെ ഭാഗമായി ജില്ലയിൽ അംഗപരിമിതരുടെ കലാകായിക മത്സരങ്ങൾ ജില്ലാപഞ്ചായത്തിന്റെ സാമ്പത്തിക സഹായത്തോടു കൂടി സംഘടിപ്പിച്ചുവരുന്നു.

10. അംഗപരിമിതർക്ക് തിരിച്ചറിയൽ കാർഡ് വിതരണം

ടി പദ്ധതി ജില്ലയിൽ കേരള സാമൂഹ്യ സുരക്ഷാമിഷൻ വഴി നടപ്പിലാക്കിവരുന്നു.

11. വിദൂര വിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പ്

ശിശുവികസന പദ്ധതി ആഫീസർമാർ വഴി അപേക്ഷകൾ സ്വീകരിച്ചു ജില്ലാ ആഫീസ് തലത്തിൽ ആനുകൂല്യങ്ങൾ ലഭ്യമാക്കിവരുന്നു.

ടി വിവരിച്ച സ്കീമുകൾക്കായി 2016-17, 17-18 വർഷങ്ങളിൽ ചിലവഴിച്ച തുകയുടെ വിശദാംശങ്ങൾ

ക്രമനം	സ്കീം	201-17ലെ ചെലവ്	2017-18ലെ അലോട്ട്മെന്റ്	2017-18ലെ ചെലവ്
	വിദ്യാജ്യോതി	-	-	-
	വിദ്യാകിരണം	-	6,37,500	-
	സഹായ ഉപകരണങ്ങൾ	-	3,00,000	-
	ദുരിതാശ്വാസനിധി	2,62,000	4,31,000	-
	അന്ധരായ അഡ്വക്കേറ്റ്മാർക്കുള്ള സഹായം	-	-	-
	വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്	11,19,425		65,65,975
	വിവാഹ ധനസഹായം	-	3,90,000	3,90,000
	വികലാംഗദിനാചരണം	48,102	10,000	-
	തൊഴിൽ പരിശീലനം	-	-	-
	വിദൂരവിദ്യാഭ്യാസ ധനസഹായം	-	80,000	-
	തുല്യതാപരീക്ഷ ധനസഹായം	-	23,250	-

കേരള സാമൂഹ്യ സുരക്ഷാമിഷൻ വഴി ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ 2017-18

നം	പദ്ധതി	ഗുണഭോക്താക്കൾ	ചിലവഴിച്ച തുക
1.	ആശ്വാസകിരണം	9183	7,99,76,196
2.	സമാശ്വാസം - I	446	19,25,400
3.	സമാശ്വാസം - II	69	3,32,000
4.	സമാശ്വാസം - III	102	1,32,000
5.	സമാശ്വാസം - IV	ഇല്ല	ഇല്ല
6.	സ്നേഹ സ്പർശം		1,48,03,400

ഇവ കൂടാതെ സംസ്ഥാന തലത്തിൽ വികലാംഗ കമ്മീഷണറേറ്റ്, വികലാംഗ ക്ഷേമ കോർപറേഷൻ എന്നീ ഏജൻസികൾ വഴിയും അംഗപരിമിതരുടെ മേഖലയിൽ ക്ഷേമപ്രവർത്തനങ്ങൾ നടത്തിവരുന്നു. അവരുടെ സേവനവും ജില്ലയിൽ പരമാവധി പ്രയോജനപ്പെടുത്താവുന്നതാണ്.

അംഗപരിമിതരുടെ ക്ഷേമത്തിനായി 2015ൽ സംസ്ഥാന സർക്കാർ ഒരു നയം ആവിഷ്കരിച്ചു നടപ്പിൽ വരുത്തുന്നുണ്ട്. കൂടാതെ ഇത്തരക്കാരുടെ അവകാശ സംരക്ഷണത്തിനായി 2016 RPWD Act നിലവിൽ വന്നു. 1999-ൽ ഈ മേഖലയിൽ ഓട്ടിസം, സെറിബ്രൽ പാൾസി, മെന്റൽ റിട്ടാർഡേഷൻ എന്നിവയുള്ള കുട്ടികളുടെ സംരക്ഷണം ഉറപ്പ് വരുത്തുന്നതിനുള്ള നാഷണൽ ട്രസ്റ്റ് ആക്ട് നിലവിൽ വന്നു. RPWD Act പ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാതല കമ്മിറ്റിയുടെ പ്രവർത്തനം ജില്ലയിൽ മികച്ച രീതിയിൽ നടന്നുവരുന്നുണ്ട്. 2000ൽ ആക്ട് നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ നിലവിൽ വന്നു ഈ മേഖലയിലുള്ള മറ്റൊരു പ്രധാന നിയമമാണ് മെന്റൽ ഹെൽത്ത് ആക്ട്.

ട്രാൻസ്ജെൻഡേഴ്സ്

കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ അവലോകനവും നിർദേശങ്ങളും

ഭിന്നലിംഗക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടാണ് സംസ്ഥാനത്ത് 2015-ൽ ട്രാൻസ്ജെൻഡേഴ്സ് നയം രൂപീകരിച്ചത്.

നയം നടപ്പാക്കുന്നതിന്റെ ഭാഗമായി ഭിന്നലിംഗക്കാരുടെ നൈപുണ്യവികസനവുമായി ബന്ധപ്പെട്ട് പരിശീലന പരിപാടിക്കായി സംസ്ഥാന സാമൂഹ്യനീതി വകുപ്പ് തുക അനുവദിച്ചിട്ടുണ്ട്. കൂടാതെ ട്രാൻസ്ജെൻഡേഴ്സിന് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് അവർക്ക് ഡ്രൈവിംഗ് പരിശീനം നൽകുന്നതിനും, ട്രാൻസ്ജെൻഡേഴ്സ് വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ പ്രോത്സാഹനമായി സ്കോളർഷിപ്പ് നൽകുന്നതിനും, സാമൂഹ്യനീതി വകുപ്പ് വഴി ജില്ലയിൽ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

2017-18 വർഷത്തിൽ ജില്ലയിൽ വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ

ക്രമനം	സ്കീം	അനുവദിച്ച തുക	ചിലവഴിച്ചത്
1	തൊഴിൽ പരിശീലനം		
2	സ്കോളർഷിപ്പ്	6,53,500	48,800
3	ഡ്രൈവിംഗ് പരിശീലനം		

ട്രാൻസ്ജെൻഡേഴ്സ്മാരുടെ ക്ഷേമപ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും ഏകോപിപ്പിക്കുന്ന തിനുമായി ജില്ലാ തലത്തിൽ കലക്ടർമാരുടെ അധ്യക്ഷതയിൽ ജില്ലാതല ട്രാൻസ്ജെൻഡേഴ്സ് ജസ്റ്റീസ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്.

അന്യസംസ്ഥാനത്തൊഴിലാളികൾ

കേന്ദ്രാവിഷ്കൃത പദ്ധതി

കേരള സർക്കാരിന്റെ തൊഴിലും നൈപുണ്യവും വകുപ്പ് കേരളത്തിൽ ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും സുരക്ഷിതത്വവും ഉറപ്പ് വരുത്തുന്ന നൂതന പദ്ധതിയായ "ആവാസ്" നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുവരെ പതിനായിരം തൊഴിലാളികളെ രജിസ്ട്രേഷൻ ചെയ്യുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇന്ത്യയിൽ തന്നെ ആദ്യമായി കുടിയേറ്റ തൊഴിലാളികൾക്കായി ഏർപ്പെടുത്തുന്ന സൗജന്യ ഇൻഷുറൻസ് പദ്ധതിയാണിത്.

കേരളത്തിൽ ജോലി ചെയ്യുന്ന കുടിയേറ്റ തൊഴിലാളികൾക്ക് നേട്ടം ലഭിക്കുന്നു. പ്രതിവർഷം 15,000/- രൂപയുടെ സൗജന്യ ചികിത്സ, അപകട മരണത്തിന് 2,00,000/- രൂപയുടെ ഇൻഷുറൻസ് പരിരക്ഷ, പദ്ധതിയിൽ അംഗമാകുന്നയാൾക്ക് ബയോമെട്രിക് കാർഡ് മുഖേന പണരഹിതമായ ആശുപത്രി സേവനങ്ങൾ എന്നിവ ലഭ്യമാകുന്നു. 2018 ജനുവരി മുതൽ ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്ന തരത്തിൽ കണ്ണൂർ ജില്ലയിലെ തൊഴിലാളികളെ പൂർണമായും സർവെയിലൂടെ കണ്ടെത്തി ബയോമെട്രിക് കാർഡ് ലഭ്യമാക്കുന്നതിനുള്ള ത്വരിത ഗതിയിലുള്ള പ്രവർത്തനങ്ങൾ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്.

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അവരുടെ മേഖലയിലുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലം സന്ദർശിച്ച് പ്രശ്നങ്ങൾ അപഗ്രഥിച്ച് പരിഹാര മാർഗങ്ങൾ സ്വീകരിക്കേണ്ടതുണ്ട്. ആയതിനുള്ള നടപടികൾ യഥാസമയം സ്വീകരിക്കുകയാണെങ്കിൽ ഇപ്പോഴുള്ള പ്രശ്നങ്ങൾ ഒരുപരിധി വരെ പരിഹരിക്കാൻ കഴിയും.

അദ്ധ്യായം 6

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ

പദ്ധതി അവലോകനവും മാർഗ നിർദേശങ്ങളും

കണ്ണൂർ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2017-18 വാർഷിക പദ്ധതി തയാറാക്കുന്നതിന് അവലംബിച്ച രീതി, നടപ്പ വർഷത്തെ ആസൂത്രണ പ്രക്രിയ അവലോകനം

സംസ്ഥാനത്തിന്റെ പതിമൂന്നാം പഞ്ചവത്സര പദ്ധതി രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 2017-18 വാർഷിക പദ്ധതിയുടെ പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. തുടർച്ചാ സാദ്ധ്യതയുള്ള, പരിസ്ഥിതി രക്ഷ ഉറപ്പാക്കുന്ന, സാമൂഹ്യ നീതി മുറുകെ പിടിക്കുന്ന, സാമ്പത്തിക വളർച്ചയുടെ ഒരു ഉയർന്ന പാന്ഥാവിലേക്ക് കേരളത്തെ എത്തിക്കുക എന്നതാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യമെന്ന് ആദ്യ വാർഷിക പദ്ധതി (2017-18) തയ്യാറാക്കുന്നതിനുള്ള മാർഗനിർദേശങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പൊതുജനാരോഗ്യ-പൊതു വിദ്യാഭ്യാസ സൗകര്യങ്ങൾ ലോകോത്തരമാക്കികൊണ്ടും ഉന്നത വിദ്യാഭ്യാസത്തിനും തൊഴിൽ നൈപുണിക്കും ഉയർന്ന പരിഗണന നൽകികൊണ്ടും മനുഷ്യ വിഭവശേഷിയുടെ സാധ്യത വലിയ തോതിൽ ഉയർത്തുന്നതിനും വളർച്ചയോടൊപ്പം പരിസ്ഥിതി രക്ഷ ഉറപ്പാക്കാൻ മണ്ണും ജലവും ഇതര പ്രകൃതി വിഭവങ്ങളും ഒപ്പം കൃഷിയും സംരക്ഷിക്കുന്നതിനും മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനും ഭ്രൂഹിതരും ഭവന രഹിതരും അഗതികളും ഇല്ലാത്ത സാഹചര്യം സൃഷ്ടിക്കുന്നതിനും ജനനം മുതൽ മരണം വരെയുള്ള ജീവിത ചക്രത്തിലെ എല്ലാ ഘട്ടത്തിലും സമൂഹത്തിന്റെ പിൻതുണ ആവശ്യമുള്ളവർക്ക് അത് എത്തിക്കത്തക്ക നിലയിൽ സാമൂഹ്യ സുരക്ഷാ സംവിധാനത്തെ സമഗ്രമായി നടപ്പാക്കുന്നതിനും കേവല ദാരിദ്ര്യം നിർമാർജനം ചെയ്യുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനും ഉതകുന്ന തരത്തിലുള്ള പദ്ധതികൾ രൂപപ്പെടുന്നതിന് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. 9-മത് പദ്ധതി മുതൽ ആസൂത്രണത്തിന് ജനകീയ സ്വഭാവം കൈവരിക്കുകയും ജന ജീവിതത്തിന്റെ സമസ്ത മേഖലകളിലും അടിസ്ഥാനപരമായ മാറ്റം ഉണ്ടാക്കുവാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതത്തിന്റെ 35 ശതമാനത്തോടൊപ്പം ജീവനക്കാരേയും വികേന്ദ്രികരിച്ചത് ആസൂത്രണ പ്രക്രിയക്കും പ്രാദേശിക വികസനത്തിനും ആക്കം കൂട്ടി.

13-മത് പഞ്ചവത്സര പദ്ധതിയുടെ ജില്ലയിലെ ആദ്യ വാർഷിക പദ്ധതികളെ അവലോകനം ചെയ്യുമ്പോൾ പരമ്പരാഗത പദ്ധതികളാണ് ഭ്രൂരിഭാഗം പഞ്ചായത്തുകളും തുടർന്ന് വരുന്നത്. നൂതന പ്രൊജക്ടുകൾ താരതമ്യേന കുറവാണ്.

ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, ജനപങ്കാളിത്തം

കണ്ണൂർ ജില്ലയിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളും 2017-18 വർഷത്തെ ആസൂത്രണ ഗ്രാമസഭ ഏപ്രിൽ, മെയ് മാസങ്ങളിലായി ചേർന്നിട്ടുണ്ട്. ഗ്രാമസഭയിൽ കാറം തികയുന്നുണ്ടെങ്കിലും ജനപങ്കാളിത്തം പൊതുവെ വളരെ കുറവാണ്. ഗ്രാമസഭയിൽ പങ്കെടുക്കുന്നവരിൽ ഭ്രൂരിഭാഗവും സ്ത്രീകളാണ്. ജില്ലയിൽ 71 ഗ്രാമപഞ്ചായത്തുകളിലും ആകെ വോട്ടർമാർ 17,63,398 ൽ ഗ്രാമസഭയിൽ പങ്കെടുത്തവര് 1,98,702 ആണ്. ഇത് മൊത്തം വോട്ടർമാരുടെ 11.26 ആണ്. സ്ത്രീകളുടെ പങ്കാളിത്തം 65% വും പുരുഷൻമാരുടെ പങ്കാളിത്തം വെറും 35% വും ആണ് പങ്കെടുത്ത പട്ടികജാതി അംഗങ്ങൾ 6,602 പേരും പട്ടികവർഗ അംഗങ്ങൾ 2,392 ഉം ആണ്. ജില്ലയിൽ ചെമ്പിലോട്, കണിച്ചാർ, നടുവിൽ ഗ്രാമപഞ്ചായത്തുകളിൽ പുരുഷന്മാരാണ് കൂടുതലായി ഗ്രാമസഭയിൽ പങ്കെടുത്തിട്ടുള്ളത്. ആസൂത്രണ പ്രക്രിയയുടെ ഭാഗമായി വിളിച്ചുചേർത്ത എല്ലാ ഗ്രാമസഭകളിലും ജനപങ്കാളിത്തം മേൽപറഞ്ഞതരത്തിലാണ്. ജില്ലയിലെ ചെമ്പിലോട്, മലപ്പട്ടം, കാങ്കോൽ-ആലപ്പടമ്പ്, പിണറായി, പന്ന്യന്നൂര്, ഇരിക്കൂർ, പെരിങ്ങോം-വയക്കര ഗ്രാമപഞ്ചായത്തുകൾ പൊതുവെ നല്ല പങ്കാളിത്തത്തോടെ ഗ്രാമസഭ നടത്തിയതായി കാണുന്നു. അധികാരം ജനങ്ങളിലേക്ക് എന്നതാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ അന്ത:സത്ത. ജനങ്ങൾ നിർദേശിക്കുന്ന മേഖലകളിൽ പദ്ധതികൾ തയ്യാറാക്കിക്കൊണ്ട് വിവിധ ഘട്ടങ്ങളിലായി വികസനം സാധ്യമാക്കുക എന്ന വിശാലമായ ലക്ഷ്യം ഉയർത്തിക്കൊണ്ടുവരുവാൻ കഴിവുള്ള വോട്ടർമാർ ഓരോ ഗ്രാമസഭകളിലും പങ്കെടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും എല്ലാവർക്കും സൗകര്യപ്രദമായ സമയക്രമം പാലിച്ചുകൊണ്ട് വ്യാപകമായ രീതിയിലുള്ള പ്രചരണ പരിപാടികൾ സംഘടിപ്പിച്ച് ജനങ്ങളെ ഗ്രാമസഭകളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും വേണം.

പദ്ധതി ആസൂത്രണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും 12 എണ്ണം വർക്കിംഗ് ഗ്രൂപ്പുകൾ അനിവാര്യമായി രൂപീകരിക്കേണ്ടതാണെന്നും, കൂടുതൽ വികസന മേഖലകൾ പരിഗണിക്കണമെന്ന് ഭരണസമിതി തീരുമാനിക്കുകയാണെങ്കിൽ കൂടുതൽ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കാവുന്നതാണെന്ന് നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും അപ്രകാരമുള്ള വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇരുപതോ അതിലധികമോ പട്ടികവർഗ കുടുംബങ്ങളോ ഒരു പട്ടികവർഗ ഊരെങ്കിലുമുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾ പട്ടികവർഗ വികസനത്തിന് പ്രത്യേക വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിച്ചിട്ടുണ്ട്. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്നു. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ/അംഗം ചെയർമാനായി രൂപീകരിക്കുന്ന 10-15 അംഗങ്ങളുള്ള വർക്കിംഗ് ഗ്രൂപ്പിൽ ഒരു വിദഗ്ധൻ (ഉപാധ്യക്ഷൻ), ബന്ധപ്പെട്ട മേഖലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള ഉദ്യോഗസ്ഥരിൽ ഏറ്റവും മുതിർന്ന ഉദ്യോഗസ്ഥൻ കൺവീനർ എന്നിവർ ഉൾപ്പെടുന്നു. അതുപ്രകാരം പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി കരട് പ്രൊജക്ട് നിർദേശങ്ങളും ആശയങ്ങളും സമാഹരിക്കുന്നതിനായി ജില്ലയിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളും വർക്കിംഗ് ഗ്രൂപ്പുകൾ യോഗങ്ങൾ

ആവശ്യാനുസരണം ചേർന്നിട്ടുണ്ട്. എന്നാൽ മിക്ക ഗ്രാമപഞ്ചായത്തുകളിലും ശരാശരി 3 യോഗങ്ങൾ ചേർന്നിട്ടുണ്ട്. ചുരുക്കം ഗ്രാമപഞ്ചായത്തുകൾ 4 വർക്കിംഗ് ഗ്രൂപ്പുകൾ ഫലവത്തായി ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. ജില്ലയിലെ 24 ഗ്രാമപഞ്ചായത്തുകൾ ഊരുകൂട്ടം ചേർന്നിട്ടുണ്ട്.

6.1 ഉത്പാദന മേഖല

6.1(എ) നീർത്തടാധിഷ്ഠിത വികസനം

നെൽകൃഷി വികസന പദ്ധതികൾ വഴി വിത്ത്, വളം എന്നീ ഉത്പാദനോപാധികൾ ഗ്രാമ പഞ്ചായത്തുകൾ, മുൻസിപ്പാലിറ്റി, കോർപറേഷൻ എന്നിവ വഴി ജനകീയാസൂത്രണ പദ്ധതി പ്രകാരം കർഷകർക്ക് സബ്സിഡി ഗ്രാമ പഞ്ചായത്തുകൾ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുമായി സംയോജിപ്പിച്ചു കൊണ്ട് കൃഷിക്കാർക്ക് ലഭ്യമാക്കുന്നുണ്ട്.

തെങ്ങ് കൃഷിക്ക് ജൈവ വളങ്ങൾ, ഇടവിള കൃഷിക്ക് ആവശ്യമായ നടീൽ വസ്തുക്കൾ, രോഗം ബാധിച്ച തെങ്ങുകൾ മുറിച്ച് മാറ്റി പകരം അത്യുത്പാദന ശേഷിയുളളതുമായ തെങ്ങിൻ തൈകൾ നൽകൽ എന്നീ പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾ, മുൻസിപ്പാലിറ്റികൾ, കോർപറേഷൻ വഴി നടപ്പിലാക്കി വരുന്നു.

പച്ചക്കറി കൃഷിക്ക് വിത്ത്, തൈകൾ, ജൈവ വളം, തുടങ്ങിയ ഉത്പാദനോപാധികൾ ലഭ്യമാക്കൽ, കൂലിച്ചെലവ്, സബ്സിഡി, മഴ മറകൾ, ഗ്രോബാഗുകൾ വഴി ജൈവ പച്ചക്കറി കൃഷി വ്യാപനം എന്നിവയ്ക്ക് ഗ്രാമ പഞ്ചായത്തുകളും മുൻസിപ്പാലിറ്റികളും കോർപറേഷനും പദ്ധതികൾ നടപ്പിലാക്കുന്നു.

തരിശ് പ്രദേശത്തിന്റെ നെൽകൃഷി എന്നീ പദ്ധതികൾ മിക്ക തദ്ദേശ സ്ഥാപനങ്ങളും തൊഴിലുറപ്പ് പദ്ധതികളുമായി സംയോജിപ്പിച്ചു കൊണ്ട് നടപ്പിലാക്കി വരുന്നുണ്ട്.

കർഷകത്തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനായി പാടശേഖര സമിതികൾ അഗ്രോ സർവീസ് സെന്ററുകൾ കാർഷിക കർമസേനകൾ എന്നിവയ്ക്ക് കാർഷിക യന്ത്രങ്ങൾ ലഭ്യമാക്കിക്കൊണ്ട് കാർഷിക യന്ത്രവൽക്കരണ പദ്ധതികൾ, മറ്റ് അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, ഉപ്പ് വെള്ളം കയറുന്നത് തടയുന്നതിനും ജല സംരക്ഷണം നിർമാണം, നെൽകൃഷി, പച്ചക്കറി കൃഷി എന്നിവയ്ക്ക് കൂലി ചിലവ് സബ്സിഡി, കുമ്മായം കൃഷി വ്യാപനം എന്നിവയ്ക്ക് ബ്ലോക്ക് പഞ്ചായത്തുകൾ ധനസഹായം അനുവദിക്കുന്നു.

നെൽകൃഷി, പച്ചക്കറി കൃഷി, എന്നിവയ്ക്ക് കൂലി ചിലവ് സബ്സിഡി, തേനീച്ച കൃഷി സ്വയം പര്യാപ്തത ഗ്രാമങ്ങൾ, ഫാമുകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ, ഫാമുകളുടെ വികസനം എന്നീ പദ്ധതികൾ ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്നു.

വ്യക്തിഗത പ്രൊജക്ടുകൾ ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ, കോർപറേഷൻ എന്നീ തദ്ദേശ സ്ഥാപനങ്ങളും ജലസേചന ജല നിർഗമന പ്രവർത്തനങ്ങൾ മറ്റ് അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, സംഭരണം, വിപണനം, മൂല്യവർദ്ധന എന്നീ മേഖലകളിൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

. 6.1(ബി) മൃഗസംരക്ഷണം, ക്ഷീരവികസനം

ക്രമ നം.	പദ്ധതികൾ	ആകെ (അടങ്കൽ)
1	ക്ഷീരോത്പാദന മേഖല	19,04,18,890
2	ആടുവളർത്തൽ	3,51,33,882
3	കോഴിവളർത്തൽ	3,62,03,643
4	മൃഗസംരക്ഷണ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം	14,18,282
5	മൃഗാരോഗ്യപത്രിക്ക് മരുന്ന്	59,30,250
6	പേവിഷ നിയന്ത്രണ പദ്ധതി	11,24,400
7	തീറ്റപ്പുൽകൃഷി	3,50,000

8	ഇൻഷുറൻസ്	21,19,650
9	മറ്റുളളവ	27,80,461
	അടങ്കൽ തുക	**27,54,79,458**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിലെ നിർദേശങ്ങൾ

മൂഗസംരക്ഷണ പദ്ധതികളിൽ ഗുണഭോക്തൃാക്കളാകുന്നതിന് ഒരുലക്ഷം രൂപ എന്ന വരുമാന പരിധി നിജപ്പെടുത്തിയിട്ടുളള നിലവിലെ മാനദണ്ഡം ഈ മേഖലയിലെ മുഖ്യധാര കർഷകർക്ക് ആനുകൂല്യം അനുവദിക്കുന്നതിന് വിഘാതമാകുന്നു. ചെറുകിട നാമമാത്ര കർഷകർക്ക് ആനുകൂല്യം നൽകാൻ സാധിക്കുംവിധം മാനദണ്ഡം പരിഷ്കരിക്കപ്പെടുന്നത് ഏറെ പ്രയോജനകരമാകും.

1. ഒരു കുടുംബത്തിനുളള പരമാവധി സബ്സിഡി 30,000/-രൂപ എന്നുളളത് ഉയർത്തണം.
2. മുട്ടക്കോഴി വിതരണ പദ്ധതികൾക്ക് വരുമാനം സംബന്ധിച്ച രേഖ നിഷ്കർഷിക്കപ്പെടുന്ന നിലവിലെ അവസ്ഥ പരിഹരിക്കണം.
3. സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതി: മുഴുവൻ കന്നുകാലികളെയും ഇൻഷുറൻസ് ചെയ്യപ്പെടുന്നതിന് ഒരു സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതി (Master Policy) നടപ്പിലാക്കണം.
4. ക്ഷീരകർഷകർക്ക് ഒരു ലിറ്റർ പാലുത്പാദനത്തിന് 4/-രൂപ നിരക്കിൽ ഇൻസെന്റീവ് നൽകുന്നത് വർഷം മുഴുവൻ നൽകത്തക്ക രീതിയിൽ ക്ഷീരമേഖലയ്ക്ക് ആവശ്യമായ ഫണ്ട്, പദ്ധതി വിഹിതം അനുവദിക്കണം.
5. തീറ്റപ്പുൽകൃഷി ചെയ്യുന്നതിന് തരിശുഭൂമികളിലും കുടുംബശ്രീ യൂണിറ്റുകൾ/സ്വയം സഹായ സംഘങ്ങൾ/ക്ഷീര സംഘങ്ങൾ എന്നിവയ്ക്ക് ധനസഹായം നൽകി ഉത്പാദിപ്പിക്കുന്ന പച്ചപ്പുല്ല്, ക്ഷീര സംഘങ്ങളിലൂടെ ന്യായമായ വിലയ്ക്ക് കർഷകർക്ക് വിതരണം ചെയ്യുന്നതിന് പദ്ധതി രൂപീകരിക്കാവുന്നതാണ്.
6. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും മൂഗസംരക്ഷണ മേഖലയിലെ കർഷകർക്ക് 4% – 7% പലിശ നിരക്കിൽ (കാർഷികാവശ്യത്തിന് അനുവദിക്കുന്ന അതേ പലിശ നിരക്കിൽ) വായ്പ അനുവദിക്കുന്നതിന് നടപടികളുണ്ടാകണം.
7. മൂഗസംരക്ഷണ മേഖലയിലെ കർഷകർക്ക് കുറഞ്ഞ നിരക്കിലുളള വൈദ്യുതി താരിഫ് അനുവദിച്ച് ഉത്പാദനച്ചെലവ് കുറയ്ക്കുന്നതിന് സാധിക്കണം.
8. തൊഴിലുറപ്പുപദ്ധതികളിൽ മൂഗസംരക്ഷണ മേഖലകൂടി ഉൾപ്പെടുത്തണം.
9. ആധുനിക അറവുശാല നിർമാണം നടത്തി പ്രവർത്തനം നടത്തണം.
10. എ.ബി.സി. പദ്ധതി കൂടുതൽ പ്രദേശങ്ങളിലും കേന്ദ്രങ്ങളിലും നടപ്പിലാക്കണം.
11. ജില്ലയിലെ വകുപ്പുതല-ത്രിതല പഞ്ചായത്ത് പദ്ധതികൾ മുഖേന കർഷകർക്ക് കാലിത്തീറ്റ അനുവദിക്കുന്നതിനും പൊതുമാർക്കറ്റിൽ യഥേഷ്ടം ഗുണമേന്മയുളള കാലിത്തീറ്റ ലഭ്യമാക്കുന്നതിനും കേരള സർക്കാർ ഉടമസ്ഥതയിൽ ജില്ലയിൽ കേരളാഫീഡ്സിന്റെ പ്ലാന്റ് സ്ഥാപിച്ച് ഉത്പാദനം ആരംഭിക്കുന്നതിന് സാധ്യതകളാരായണം.
12. 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ കർഷകർക്ക് ഗുണകരമായ രീതിയിൽ കാലാനുസൃതമായി പരിഷ്കരിക്കണം.
13. ആട് വിതരണ പദ്ധതികൾ – സ്ത്രീകൾ ദുർബല ജനവിഭാഗങ്ങൾ, മറ്റ് പിന്നാക്ക വിഭാഗക്കാർ എന്നിവർക്ക് രണ്ട് ആടുകൾ അടങ്ങിയ യൂണിറ്റുകൾ സബ്സിഡി നിരക്കിൽ ഈ പദ്ധതിയിലൂടെ വിതരണം ചെയ്യുന്നു. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഗുണഭോക്താക്കളും അടങ്ങിയ പർച്ചേസ് കമ്മിറ്റികളാണ് ആടുകളെ തിരഞ്ഞെടുക്കുന്നത്. ഈ പദ്ധതിയിൽ ലഭിക്കുന്ന ആടുകളെ മൂന്ന് വർഷത്തേക്ക് കൈമാറ്റം ചെയ്യുകയില്ല എന്ന കരാർ വയ്ക്കുന്നുണ്ടെങ്കിലും പലപ്പോഴും അത് പാലിക്കപ്പെടാറില്ല. നിലവിലുള്ള ആടുകളെ തന്നെ ആവർത്തിച്ച് കൈമാറ്റം ചെയ്യപ്പെടുമെന്നതിനാൽ ആട് സമ്പത്ത് കാലാനുഗതമായി വർദ്ധിക്കാത്ത ഒരു സാഹചര്യം സംജാതമാകുന്നു. പ്രാദേശിക സർക്കാരുകൾ ആട് വിതരണ പദ്ധതികൾക്കാണ് കൂടുതൽ തുക നീക്കിവയ്ക്കുന്നതിന് താൽപര്യം കാണിക്കുന്നത്.
14. കർഷകർക്കായി ബോധവൽക്കരണ ക്ലാസുകൾ, സെമിനാറുകൾ, കന്നുകാലി പ്രദർശനങ്ങൾ, അവർഡുകൾ, മാതൃകകൾ ജനങ്ങളുടെ മുമ്പിലവതരിപ്പിക്കൽ എന്നിവ തുടർച്ചയായി ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തണം.
15. മൂഗസംരക്ഷണ മേഖലയിൽ യന്ത്രവൽക്കരണം മെച്ചപ്പെടുത്തണം.
16. പ്രകൃതിക്ഷോഭ/ദുരന്ത നിവാരണ ധനസഹായ പദ്ധതികൾ.

6.1 (സി) മത്സ്യ വികസനം

വിവിധ ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്ത് എന്നിവ മത്സ്യമേഖലയിൽ വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. കടലോര മേഖലയിലെ മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്കായി ഡിങ്കി വിതരണം, മത്സ്യത്തൊഴിലാളികൾക്ക് ഡിങ്കിയും ഗിൽനെറ്റും, മത്സ്യബന്ധനത്തിനാവശ്യമായ വല വിതരണം, വനിതാ മത്സ്യത്തൊഴിലാളികൾക്കുള്ള ഐസ് ബോക്സ് വിതരണം, മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം എന്നിവ കടലോര മേഖലയിൽ നടപ്പിലാക്കി വരുന്നു. ഉൾനാടൻമേഖലയിൽ മത്സ്യബന്ധനോപകരണ വിതരണം, കല്ലുമ്മേക്കായ കൃഷി, കൂട് കൃഷി, സംരക്ഷണ വല, അലങ്കാര മത്സ്യകൃഷി, മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം, സംയോജിത മത്സ്യകൃഷി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതികളുടെ അവസ്ഥാ വിശകലനം

(പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി)

തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികൾക്ക് ഡിങ്കി നൽകുന്നത് കഴിഞ്ഞ വർഷം വരെ വ്യക്തിഗതമായിരുന്നെങ്കിലും 3 പേരടങ്ങുന്ന ഗ്രൂപ്പുകൾക്കാണ് ഈ വർഷം മുതൽ മാനദണ്ഡ ഭേദഗതി പ്രകാരം നൽകുവാൻ സാധിക്കുക. ഗ്രൂപ്പ് പ്രൊജക്ട് ആയതിനാൽ ഈ വർഷം ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ച മിക്ക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഗുണഭോക്താക്കളുടെ ശക്തമായ എതിർപ്പ് കാരണം നടപ്പിലാക്കുവാൻ സാധിക്കുന്നില്ല. മേൽപദ്ധതി ഒന്നുകിൽ വ്യക്തിഗതമാക്കുകയോ അല്ലെങ്കിൽ 2 പേരടങ്ങുന്ന ഗ്രൂപ്പിന് നൽകുകയോ ചെയ്യുകഴിഞ്ഞാൽ മാത്രമേ ജില്ലയിൽ ഈ പദ്ധതി വിയജകരമായി നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. സമുദ്ര മേഖലയിലെ തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് ഗിൽനെറ്റും ഡിങ്കിയും നൽകുന്ന പദ്ധതിയിൽ മത്സ്യബന്ധനത്തിന് ആവശ്യമായ വല എന്ന് ഭേദഗതി ചെയ്യുകയാണെങ്കിൽ മത്സ്യത്തൊഴിലാളികൾക്ക് ആവശ്യാനുസരണം വലകൾ വാങ്ങാവുന്നതാണ്. മത്സ്യഫെഡ് വ്യാസാ നിലവിൽ ഐസ് ബോക്സിന്റെ വിൽപ്പന നാളിതുവരെ ആരംഭിച്ചിട്ടില്ല. അതുകൊണ്ടു തന്നെ വനിതാ മത്സ്യത്തൊഴിലാളികൾക്കുള്ള ഐസ് ബോക്സ് മത്സ്യഫെഡ് വ്യാസാ സ്റ്റോറിൽനിന്നും വാങ്ങേണ്ടതാണ് എന്നുള്ള നിബന്ധന ഭേദഗതി വരുത്തുന്നത് പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് അനിവാര്യമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ മത്സ്യമേഖലയിൽ നൂതന പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിൽ നിർവഹണ ഉദ്യോഗസ്ഥർക്കൊപ്പം വർക്കിംഗ് ഗ്രൂപ്പുകളുടെ സമയോചിതമായ ഇടപെടലുകളും ക്രിയാത്മക നിർദേശങ്ങളും ഈ മേഖലയിൽ പുതിയ പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് അത്യന്താപേക്ഷിതമാണ്.

6.1(ഇ) വ്യവസായം, വാണിജ്യം, സ്വയംതൊഴിൽ സംരംഭങ്ങൾ

കണ്ണൂർ ജില്ലാ പഞ്ചായത്തും വ്യവസായ കേന്ദ്രവും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതികൾ

എ) പരമ്പരാഗത വ്യവസായ ഉത്പന്ന പ്രദർശന വിപണന മേള	
ജില്ലയിലെ കുടുംബശ്രീ, പരമ്പരാഗത വ്യവസായ സംരംഭങ്ങൾ, കാർഷിക സംരംഭങ്ങൾ, ചെറുകിട/വനിതാ വ്യവസായ സ്ഥാപനങ്ങൾ മുതലായവയുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുവാനും വിൽപ്പന നടത്തുവാനും വിഷു, ഓണം, ക്രിസ്തുമസ് വേളകളിൽ അവസരമൊരുക്കുന്നു. ജില്ലാ പഞ്ചായത്ത് ഈ പദ്ധതിക്ക് വേണ്ടി 44,00,000/-രൂപ വാർഷിക ബജറ്റിൽ വകയിരുത്തുന്നു.	വിപണന മേളകൾ നടത്തുന്നതിന് നിലവിൽ സർക്കാർ അനുമതിയില്ല. മേളകൾ നടത്തുന്നതിനുള്ള അനുമതി വ്യവസ്ഥകളിൽ ഉൾപ്പെ ടുത്താവുന്നതാണ്.
ബി) ഗാർമെന്റ് മെഷിനറി പരിശീലനം	
ജില്ലയിലെ 18-നും 40-നും ഇടയിൽ പ്രായമുള്ള വനിതകൾക്ക് ആധുനിക തയ്യൽ മെഷിനറിയിൽ മൂന്ന് മാസത്തെ സൗജന്യ പരിശീലനം. കണ്ണൂർ, മാതമംഗലം എന്നീ രണ്ട കേന്ദ്രങ്ങളിൽ വെച്ചാണ് പരിശീലനം നൽകി വരുന്നത്.	ജില്ലാ പഞ്ചായത്ത് പദ്ധതി പ്രകാരം പരിശീലനം നടത്തുന്നതിന് നിലവിൽ അനുമതിയില്ല. പരിശീലനത്തിനുള്ള അനുമതി വ്യവസ്ഥകളിൽ ഉൾപ്പെടുത്താവുന്ന താണ്.

ഖാദി ഗ്രാമ വ്യവസായ മേഖല

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴിയുള്ള പദ്ധതികൾ 2017-18

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി 2017-18 വർഷത്തിൽ അഞ്ചു പദ്ധതികൾക്കായി 45 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. എല്ലാ പദ്ധതികളുടെയും നിർവഹണ ഉദ്യോഗസ്ഥർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ്. എല്ലാ പദ്ധതികളും ഉത്പാദന കേന്ദ്രങ്ങളുടെ നവീകരണമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പദ്ധതി നടത്തിപ്പ് പുരോഗതിയിലാണ്.

6.2 സേവന മേഖല

6.2(എ) ആരോഗ്യം

2017-18 വർഷത്തിൽ ആരോഗ്യ മേഖലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ

ഭാഗം 1 – അലോപ്പതി							
ക്രമ നം	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ	ആകെ പദ്ധതികളുടെ എണ്ണം	മരുന്ന് ഉപകരണങ്ങൾ/ ഫർണിച്ചർ	നിർമാണം/നവീകരണം/അറ്റ കുറ്റപ്പണികൾ	ഇലക്ട്രിസിറ്റി/വാട്ടർ/	മറ്റുള്ളവ	ആകെ
1	ഗ്രാമ പഞ്ചായത്ത്	359	6879718	59664993	3000000	10457744	80002455
2	ബ്ലോക്ക് പഞ്ചായത്ത്	71	3092961	27698197	500000	4007345	35298503
3	മുൻസിപ്പാലിറ്റി	99	2166000	47183443	2250000	2115500	53714943
4	ജില്ലാ പഞ്ചായത്ത്	10	7500000	19390000		500000	27390000
5	കോർപറേഷൻ	6	3660400	6375000			10035400
			23299079	160311633	5750000	17080589	206441301

(അവലംബം-ഐകെഎം ഡാറ്റ)

ആരോഗ്യ പ്രൊജക്ടുകളുടെ വിശദാംശങ്ങൾ

ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിലായി 2017-18 വർഷം 359 ആരോഗ്യ പദ്ധതികൾ ഉണ്ട്. അതിന് 8,00,02,455 രൂപ അടങ്കൽ ആയി നീക്കിവെച്ചിട്ടുണ്ട്.

- 11 ബ്ലോക്ക് പഞ്ചായത്തുകൾക്കായി 3,52,98,503 രൂപയുടെ അടങ്കൽ വരുന്ന 71 പദ്ധതികൾ ഉണ്ട്.
- 9 നഗരസഭകളിലായി 99 പദ്ധതികൾക്കായി 5,37,14,943 രൂപ അടങ്കൽ തുകയുണ്ട്.
- കണ്ണൂർ കോർപറേഷനിൽ 6 പദ്ധതികൾക്കായി 1,00,35,400 രൂപ അടങ്കൽനീക്കിവെച്ചിട്ടുണ്ട്.
- ജില്ലാ പഞ്ചായത്തിന് ആരോഗ്യസംബന്ധിയായി 10 പദ്ധതികളാണുള്ളത്. അടങ്കൽ 2,73,90,000 രൂപയാണ്. ഇങ്ങനെ ജില്ലയിൽ മൊത്തം 545 പദ്ധതികൾക്കായി 20,64,41,301 രൂപ വകയിരുത്തിയിട്ടുണ്ട്.

❖ സംസ്ഥാന സർക്കാറിന്റെ ആർദ്രം മിഷൻ സ്ഥാപനങ്ങളിലാവശ്യമായ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനുള്ള പദ്ധതി ഉണ്ടാകണം.

❖ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഹെൽത്ത് സ്റ്റാറ്റസ് റിപ്പോർട്ടിൽ പറയുന്ന പ്രശ്നങ്ങളെ അവലോകനം ചെയ്ത് SDG ലക്ഷ്യം നേടുന്നതിനുതകുന്ന പ്രൊജക്ടുകൾ ഉണ്ടാവണം.

❖

ആയുർവേദം

1. 2017-18 വർഷത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതി തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ ഔഷധസസ്യം, കൃഷി വ്യാപിപ്പിക്കാനുതകുന്നതിനു വേണ്ടിയുള്ള പ്രൊജക്ട് നടപ്പിലാക്കുന്നു.
2. സ്വകാര്യ പങ്കാളിത്തത്തോടെ ഔഷധ സസ്യകൃഷി ഗ്രാമം, ബ്ലോക്ക്, ജില്ലാ എന്നിവ കേന്ദ്രീകരിച്ച് പദ്ധതി നടപ്പിലാക്കുന്നു.

നിലവിലുള്ള പദ്ധതികളുടെ അവലോകനം

നിലവിലുള്ള പ്രൊജക്ടുകൾ വളരെ നല്ലരീതിയിൽ നടന്നു വരുന്നു. ആയത് അടുത്തവർഷം തുടരുന്നതിന് വേണ്ടി ശുപാർശ ചെയ്യുന്നു. ജില്ലാ ആയുർവേദ ആശുപത്രിയിലെ വൃദ്ധജന യൂണിറ്റ് 20 ബെഡ്ഡാക്കാൻ ശുപാർശ ചെയ്യുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരം കണ്ണൂർ ജില്ലയിലെ സർക്കാർ ഹോമിയോ സ്ഥാപനങ്ങൾക്കും ആയുഷ് പ്രൈമറിഹെൽത്ത് സെന്റർ, എസ്.സി. ഡിസ്പെൻസറി ഫണ്ട് വിവരം

ക്രമനമ്പർ	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പേര്	ആകെ പ്രൊജക്ടുകളുടെ എണ്ണം	മരുന്ന് വാങ്ങൽ	സ്ത്രീ സൗഹൃദ കേന്ദ്രം (സ്നീഹാലയം)	പെരിങ്ങൽ ഒ.പി (ജീവിതശൈലി രോഗനിയന്ത്രണം	കൺസൂക്ഷൻ വർക്ക്	മറ്റുള്ളവ	ആകെ തുടങ്ങൽ	റിമാർക്സ്
1.	കണ്ണൂർ കോർപറേഷൻ	5	1				4	17,59,000	മരുന്ന് വാങ്ങൽ 15,00,00/- ഉപകരണങ്ങൾ വാങ്ങൽ 19,000/-കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ 90,000/-റഡാർ സോഫ്റ്റ് വെയർ വാങ്ങൽ 50,000/- ഫർണിച്ചർ വാങ്ങൽ 50,000/-
2	ജില്ലാ പഞ്ചായത്ത്, കണ്ണൂർ	3	1	1			1	28,00,000	മരുന്ന് 10,000,000 സ്ത്രീസൗഹൃദം 15,00,000 കറന്റ് ടെലഫോൺ വെള്ളംചാർജ്ജ് 3,00,000
3.	കണ്ണൂർ മുൻസിപ്പാലിറ്റി	17	6			1	10	21,93,400	മരുന്ന് 10,00,00 വാട്ടർ പ്യൂരിഫയർ þ 3,50,000 ഫർണിച്ചർ - 3,50,000/- കമ്പ്യൂട്ടർ-3,00000 ഗ്ലൂക്കോമീറ്റർ -18400 ബി.എസ്.എൻ.എൽ നെറ്റ്ബിൽ 40,000 കൺസക്ഷൻ 3,50000

4.	കോർപറേഷൻ മുനിസിപ്പാലിറ്റി ഗ്രാമപഞ്ചായത്ത്	3 1 49	3 1 45			1	2	700000 200000 72,52,000	മരുന്ന് – 68,75,000 കൺസക്ഷൻ വർക്ക് 1,80,000 ഫർണിച്ചർ – 1,37,000 കമ്പ്യൂട്ടർ – 60,000
					ആകെ അടങ്കൽ തുക			81,52,000	

(അവലംബം–ആരോഗ്യവകുപ്പ് (ഹോമിയോ)

6.2 (ബി) കുടിവെള്ളം

ബ്ലോക്ക് പഞ്ചായത്ത്									
2017–18 വർഷത്തെ ഫണ്ട് വിനിയോഗം (21/11/2017 വരെ)									
പദ്ധതിയുടെ പേര്	പദ്ധതിയുടെ പേര്	ബ്ലോക്ക്	തദ്ദേശ സ്ഥാപനം	ഏജൻസി	സംസ്ഥാനവിഷ്കൃത പദ്ധതി	കേന്ദ്രാവിഷ്കൃത പദ്ധതി	അവസ്ഥ	ഫണ്ട് വിവരങ്ങൾ	ആകെ എസ്റ്റ്
കുയിലൂർ കുടിവെള്ള പദ്ധതി കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ പടിയൂർ ഗ്രാമപഞ്ചായത്ത്	Extention of pipe line to Kuyiloor Drinking water scheme in Padiyoor Grama Panchayath	ഇരിക്കൂർ	ബ്ലോക്ക് പഞ്ചായത്ത്	ഇല്ല	ഇല്ല	ഇല്ല	Approved	Development Fund(General) – 200000	200000
ചൂളിയാട് ബസ്സ്റ്റോപ്പ് കുടിവെള്ള പദ്ധതി മലപ്പട്ടം ഗ്രാമപഞ്ചായത്ത്	Chooliyadu Bus Stop Drinking Water Scheme, Malapattam Grama Panchayath.	ഇരിക്കൂർ	ബ്ലോക്ക് പഞ്ചായത്ത്	ഇല്ല	ഇല്ല	ഇല്ല	Approved	Development Fund(General) – 1419239	1419239
പടിയൂർ ഗ്രാമപഞ്ചായത്തിലെ പൈശളകുണ്ടം കുടിവെള്ള പദ്ധതിക്ക് ബ്ലോക്ക്പഞ്ചായത്ത് വിഹിതം നൽകൽ	Providing Block Contribution to Padiyur Grama Panchayath for the Paishalakundam Drinking Water Scheme..	ഇരിക്കൂർ	ബ്ലോക്ക് പഞ്ചായത്ത്	ഇല്ല	ഇല്ല	ഇല്ല	Approved	Development Fund(General) – 300000	300000

മലപ്പട്ടം ഗ്രാമപഞ്ചായത്ത് കുടിവെള്ള പദ്ധതിക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ.	Providing Block Contribution to Malapattam Grama Panchayath Drinking Water Scheme	ഇരിക്കൂർ	ബ്ലോക്ക് പഞ്ചായത്ത്	ഇല്ല	ഇല്ല	ഇല്ല	Approved	Development Fund(General) – 1500000	1500000
എ. ഡി. എ. ഓഫീസിൽ കുടിവെള്ള പദ്ധതിയുടെ പുനരുദ്ധാരണം.	Improvement of drinking water facility to ADA office at Irikkur Block Panchayath	ഇരിക്കൂർ	ബ്ലോക്ക് പഞ്ചായത്ത്	ഇല്ല	ഇല്ല	ഇല്ല	Approved	Maintenance Fund – Non-road Assets – 200000	200000
മയ്യിൽ പ്രീമെട്രിക് ഹോസ്റ്റൽ കിണറിൽ മോട്ടോർ, പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി	Providing Motor with Pumpset and accessories to Prematric Hostel at Mayyil.	ഇരിക്കൂർ	ബ്ലോക്ക് പഞ്ചായത്ത്	ഇല്ല	ഇല്ല	ഇല്ല	Approved	Development Fund(S.C.P) – 50000	50000
പെരുവളത്തുപറമ്പ് മിനിവ്യവസായ എസ്റ്റേറ്റിൽ കുഴൽകിണർ നിർമാണം	CONSTRUCTION OF BORE WELL AT PERUVALATHU PARAMBU MINI INDUSTRIAL ESTATE	ഇരിക്കൂർ	ബ്ലോക്ക് പഞ്ചായത്ത്	ഇല്ല	ഇല്ല	ഇല്ല	Approved	Own Fund – 120000	120000
പാറക്കാമല കുടിവെള്ള പദ്ധതി വിപുലീകരണം	Extension Works to Parakkamal Drinking Water Project in Ayyankunnu Grama Panchayath	ഇരിട്ടി	ബ്ലോക്ക് പഞ്ചായത്ത്	ഇല്ല	ഇല്ല	ഇല്ല	Approved	Development Fund(General) – 550000	550000
കൂരാരിവെള്ളുവ കോളനി കുടിവെള്ള പദ്ധതി റിപ്പയർ	Repair works to Koorari Velluva Colony Drinking water Project in Koodali Grama Panchayath	ഇരിട്ടി	ബ്ലോക്ക് പഞ്ചായത്ത്	ഇല്ല	ഇല്ല	ഇല്ല	Approved	Development Fund(S.C.P) – 370000 , Development Fund(General) – 110000	480000
ഗോവിന്ദാം വയൽ കുളം നവീകരണം	Repair works to GOvindam Wayal Kulam in Koodali Gramapanchayath	ഇരിട്ടി	ബ്ലോക്ക് പഞ്ചായത്ത്	ഇല്ല	ഇല്ല	ഇല്ല	Approved	Development Fund(General) – 350000	350000
മണിമരിതിൻ ചാൽ കുടിവെള്ള പദ്ധതി	Manimarithinchal Drinking water Project	ഇരിട്ടി	ബ്ലോക്ക് പഞ്ചായത്ത്	ഇല്ല	ഇല്ല	ഇല്ല	Approved	Development Fund(General) – 300000 , Beneficiary Contribution/Donations	334000

								(Remitted to the Panchayat) – 34000	
മൂന്നാം കുറ്റി കുടിവെള്ള പദ്ധതി	Moonnamkutty Drinking Water Project	ഇരിട്ടി	ബ്ലോക്ക് പഞ്ചായത്ത്	ഇല്ല	ഇല്ല	ഇല്ല	Approved	Development Fund(T.S.P) – 300000 , Receipts from Other LSG's (Grama Panchayats) – 200000	500000
ഉരുപ്പുംകുറ്റി കോളനി കുടിവെള്ള പദ്ധതി	Uruppumkutty Colony Drinking Water Project	ഇരിട്ടി	ബ്ലോക്ക് പഞ്ചായത്ത്	ഇല്ല	ഇല്ല	ഇല്ല	Approved	Development Fund(T.S.P) – 700000	700000
പൂവത്തൂർ എസ് സി കോളനി കിണർ നിർമാണം	Construction of a well at Poovathur SC colony in Koodali GP	ഇരിട്ടി	ബ്ലോക്ക് പഞ്ചായത്ത്	ഇല്ല	ഇല്ല	ഇല്ല	Approved	Development Fund(S.C.P) – 275000	275000
തില്ലങ്കേരി ഇല്ലംകോളനി കുടിവെള്ള പദ്ധതി റിപ്പയർ	Repair works of Thillankeri Illam colony Drinking water project in Thillankeri GP	ഇരിട്ടി	ബ്ലോക്ക് പഞ്ചായത്ത്ത്ത്	ഇല്ല	ഇല്ല	ഇല്ല	Approved	Development Fund(T.S.P) – 240000	240000
പാട്ടയം സെറ്റിൽമെന്റ് കോളനിയിൽ കുടിവെള്ള പദ്ധതി– കൊളച്ചേരി ഗ്രാമപഞ്ചായത്ത്	Drinking Water Supply Project at Pattayam Settlement Colony in Kolacheri G P	എടയ്ക്കാട്	ബ്ലോക്ക് പഞ്ചായത്ത്	ഇല്ല	ഇല്ല	ഇല്ല	Approved	Development Fund(S.C.P) – 550000	550000
അഴീക്കോട് ചെമ്മനശ്ശേരി പാറകുളം നവീകരണത്തിന് വിഹിതം നൽകൽ	CONTRIBUTION TO AZHIKODE CHEMMANASSERI PARA POND RENOVATION	കണ്ണർ	ബ്ലോക്ക് പഞ്ചായത്ത്	ഇല്ല	ഇല്ല	ഇല്ല	Approved	Development Fund(General) – 100000	100000
ചിറക്കൽ ആറാംകോട്ടം ശ്മശാനത്തിന് കുഴൽകിണർ,	Chirakkal aram kottam shamshanam bornwell	കണ്ണർ	ബ്ലോക്ക് പഞ്ചായത്ത്	ഭൂജലവകുപ്പ്	ഇല്ല	ഇല്ല	Approved	Development Fund(S.C.P) – 100000	100000
പെരിങ്ങയിൽ നംഗലം കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ ഏഴോം ഗ്രാമപഞ്ചായത്ത്	Pipe line extension of Peringhayil Naghalam Drinking water supply scheme	കല്ല്യാശ്ശേരി	ബ്ലോക്ക് പഞ്ചായത്ത്	കേരളാവാട്ടർ അതോറിറ്റി	ഇല്ല	ഇല്ല	Approved	Development Fund(S.C.P) – 1700000	1700000
മടക്കര എസ്സി കുടിവെള്ളപദ്ധതി പൈപ്പ് ലൈൻ നീട്ടൽ മാട്ടൂൽ ഗ്രാമപഞ്ചായത്ത്	Pipe Line Extension of Mdakkar SC colony Drinking water scheme	കല്ല്യാശ്ശേരി	ബ്ലോക്ക് പഞ്ചായത്ത്	കേരളാവാട്ടർ അതോറിറ്റി	ഇല്ല	ഇല്ല	Approved	Development Fund(S.C.P) – 200000	200000

ചെറുകുന്ന് കുട്ടക്കുളം കുടിവെള്ളപദ്ധതി പൈപ്പ് ലൈൻ നീട്ടൽ പുനരുദ്ധാരണം ഗാർഹികകണക്ഷൻ	Cherukunnu kattakkulam Drinking water Project maintenance and House connection	കല്ല്യാശ്ശേരി	ബ്ലോക്ക് പഞ്ചായത്ത്	ഇല്ല	ഇല്ല	ഇല്ല	Rejected	Development Fund(S.C.P) - 1455000	1455000
പാലയാട് എസ്.സി. കുടിവെള്ളപദ്ധതി	Palayad SC Drinking water supply scheme	കല്ല്യാശ്ശേരി	ബ്ലോക്ക് പഞ്ചായത്ത്	ഇല്ല	ഇല്ല	ഇല്ല	Rejected	Development Fund(S.C.P) - 1000000	1000000
കണ്ണോം കുളവയൽ കുടിവെള്ള പദ്ധതി	Kannom Kulavayal Drinking Water Project	കല്ല്യാശ്ശേരി	ബ്ലോക്ക് പഞ്ചായത്ത്	കേരളാ വാട്ടർ അതോറിറ്റി	ഇല്ല	ഇല്ല	Approved	Development Fund(S.C.P) - 0	0
കടവിൽ കുടിവെള്ള പദ്ധതി ഇലക്ട്രിക്കൽ ലൈൻ ദീർഘിപ്പിക്കൽ	Electrical line extension to kadavil drinking water project	കൂത്തുപറമ്പ്	ബ്ലോക്ക് പഞ്ചായത്ത്	കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്	ഇല്ല	ഇല്ല	Approved	Development Fund(T.S.P) - 130000	130000
പറമ്പുക്കാവ് കുടിവെള്ള പദ്ധതി (ഒന്നാംഘട്ടം) - കിണർ നിർമാണം	Parambukkavu Drinking Water Scheme (1st Phase)- Constrution of Well .	കൂത്തുപറമ്പ്	ബ്ലോക്ക് പഞ്ചായത്ത്	ഇല്ല	ഇല്ല	ഇല്ല	Returned for Modification	Development Fund(T.S.P) - 500000	500000
പറവൂർ ചെക്ക് ഡാം നിർമാണം	Construction of Chech dam at Paravoor in Kadannappally Panapuzha Grama Panchayath.	തളിപ്പറമ്പ്	ബ്ലോക്ക് പഞ്ചായത്ത്	ഇല്ല	ഇല്ല	ഇല്ല	Returned by LB	Development Fund(General) - 1091000	1091000
സ്വരാജ്മുക്ക് ചെക്ക്ഡാം നിർമാണം	Construction of Check dam at Swarajmukku in Alakode G.P.	തളിപ്പറമ്പ്	ബ്ലോക്ക് പഞ്ചായത്ത്	ഇല്ല	ഇല്ല	ഇല്ല	Send to TS Details Entry	Development Fund(General) - 1000000	1000000
നരിയന്മാവ് കുടിവെള്ള പദ്ധതി	Nariyanmavu Drinking water scheme in NAduvil Grama Panchayath.658	തളിപ്പറമ്പ്	ബ്ലോക്ക് പഞ്ചായത്ത്	ഇല്ല	ഇല്ല	ഇല്ല	Send for Project Approval	Development Fund(General) - 100000 , Beneficiary Contribution/Donations (Remitted to the	150000

								Panchayat) – 50000	
പെരിങ്ങത്തൂർ കുടിവെള്ള പദ്ധതി	Peringathur drinking water sche in Chengalai Grama Panchayath.	തളിപ്പറമ്പ്	ബ്ലോക്ക് പഞ്ചായത്ത്	ഇല്ല	ഇല്ല	ഇല്ല	Send to TS Details Entry	Development Fund(General) – 100000 , Beneficiary Contribution/Donations (Remitted to the Panchayat) – 50000	150000
ചെങ്ങളായി പകൽ വീട് കുടിവെള്ള സംവിധാനം	Chengalai Pakal veedu Drinking water scheme.	തളിപ്പറമ്പ്	ബ്ലോക്ക് പഞ്ചായത്ത്	ഇല്ല	ഇല്ല	ഇല്ല	Send to TS Details Entry	Development Fund(General) – 300000	300000
മുതുകുട പൊതുകിണർ റിപ്പയർ	Repais to Muthukuda public well in Pattuvam G.P.	തളിപ്പറമ്പ്	ബ്ലോക്ക് പഞ്ചായത്ത്	ഇല്ല	ഇല്ല	ഇല്ല	Send to TS Details Entry	Development Fund(General) – 250000	250000
പുളിയൂൽ കുടിവെള്ള പദ്ധതി	Puliyool Water supply system in Pariyaram G.P.	തളിപ്പറമ്പ്	ബ്ലോക്ക് പഞ്ചായത്ത്	ഇല്ല	ഇല്ല	ഇല്ല	Send for Project Approval	Development Fund(General) – 600000 , Beneficiary Contribution/Donations (Remitted to the Panchayat) – 100000 , Receipts from Other LSG's (Grama Panchayats) – 200000	900000
തോളൂർബിയാൽ കുടിവെള്ള പദ്ധതി	Tholoor Biyal Drinking water Scheme in Chengalai G.P	തളിപ്പറമ്പ്	ബ്ലോക്ക് പഞ്ചായത്ത്	ഇല്ല	ഇല്ല	ഇല്ല	Send for Project Approval	Development Fund(General) – 500000 , Beneficiary Contribution/Donation	550000

								s (Remitted to the Panchayat) – 50000	
വായാട്ടുപറമ്പ് കുടിവെള്ള പദ്ധതി വിപുലീകരണം	expansion of Vayattupramba Drinking water scheme in Chapparapadav G.P.	തളിപ്പറമ്പ്	ബ്ലോക്ക് പഞ്ചായത്ത്	ഇല്ല	ഇല്ല	ഇല്ല	Send to TS Details Entry	Development Fund(General) – 200000 , Beneficiary Contribution/Donations (Remitted to the Panchayat) – 20000	220000
അടുക്കം കൊളനി കുടിവെള്ള പദ്ധതി	Drinking water fecility to Adukkam Colony in Kurumathur G.P.	തളിപ്പറമ്പ്	ബ്ലോക്ക് പഞ്ചായത്ത്	ഇല്ല	ഇല്ല	ഇല്ല	Send for Project Approval	Development Fund(S.C.P) – 624243	624243
പുത്തർ കുടിവെള്ള പദ്ധതി	Drinking water fecilities to Puthur kunnu colony in Kadannappally Panapuzha G.P.	തളിപ്പറമ്പ്	ബ്ലോക്ക് പഞ്ചായത്ത്	ഇല്ല	ഇല്ല	ഇല്ല	Send for Project Approval	Development Fund(S.C.P) – 600000	600000
ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിൽ കുടിവെള്ളത്തിനു വേണ്ടി വാട്ടർ പ്യൂരിഫെയർ സ്ഥാപിക്കൽ	Installation Of Waterpurifier In Block Panchayath Office	തളിപ്പറമ്പ്	ബ്ലോക്ക് പഞ്ചായത്ത്	ഇല്ല	ഇല്ല	ഇല്ല	Approved	Maintenance Fund – Non-road Assets – 118000	118000
തളിപറമ്പ് ബ്ലോക്ക്പഞ്ചായത്ത് കോമ്പൌണ്ടിലുള്ള മഴവെള്ള സംഭരണിക്ക് റിപ്പെയർ	Repairs to Rain water harvesting tank in Taliparamba Block Panchayath Compound	തളിപ്പറമ്പ്	ബ്ലോക്ക് പഞ്ചായത്ത്	ഇല്ല	ഇല്ല	ഇല്ല	Approved	Development Fund(General) – 100000	100000
വായാട്ടുപറമ്പ് കുടിവെള്ള പദ്ധതി ബ്ലോക്ക് വിഹിതം നൽകൽ	Vayattuparamba Drinking Water scheme in Chapparapadavu Grama Panchayath	തളിപ്പറമ്പ്	ബ്ലോക്ക് പഞ്ചായത്ത്	ഇല്ല	ഇല്ല	ഇല്ല	Approved	Beneficiary Contribution/Donations (Remitted to the Panchayat) – 150000 , Development Fund(General) –	815887

								665887	
ലെടാക്ക് കുടിവെള്ള പദ്ധതി	Ladak Water supply system in Pariyaram GP	തളിപ്പറമ്പ്	ബ്ലോക്ക് പഞ്ചായത്ത്	ഇല്ല	ഇല്ല	ഇല്ല	Approved	Development Fund(General) – 600000 , Beneficiary Contribution/Donations (Remitted to the Panchayat) – 100000	700000
ചെരിച്ചൽ എസ്.സി. കോളനിയിൽ കുടിവെള്ള പദ്ധതി – രാമന്തളി ഗ്രാമപഞ്ചായത്ത്	Drinking Water Project at SC Colony cherichal – Ramanthali GP	പയ്യന്നൂർ	ബ്ലോക്ക് പഞ്ചായത്ത്	ഇല്ല	ഇല്ല	ഇല്ല	Rejected	Development Fund(S.C.P) – 1000000	1000000
കതിരൂർ അംബേദ്കർ കോളനി കുടിവെള്ള പദ്ധതി	Ambedkar Colony Drinking Water Supply Scheme in Kadirur G.P	പാനൂർ	ബ്ലോക്ക് പഞ്ചായത്ത്	ഇല്ല	ഇല്ല	ഇല്ല	Approved	Development Fund(General) – 124810 , Development Fund(S.C.P) – 124688	249498
കതിരൂർ അംബേദ്കർ കോളനി കിണർ പുനരുദ്ധാരണം	Restoration of Kadirur Ambedkar colony well	പാനൂർ	ബ്ലോക്ക് പഞ്ചായത്ത്	ഇല്ല	ഇല്ല	ഇല്ല	Approved	Development Fund(S.C.P) – 450000 , Development Fund(General) – 40000	490000
വെള്ളർവള്ളി മൺപാത്ര നിർമാണ യൂണിറ്റിന് ജലം ലഭ്യമാക്കൽ (ബോർവെൽ)	Construction of Bore Well for Vellervally Pottery work shed	പേരാവൂർ	ബ്ലോക്ക് പഞ്ചായത്ത്	ഭൂജലവകുപ്പ്	ഇല്ല	ഇല്ല	Approved	Maintenance Fund – Non-road Assets – 78000	78000
കാളികയം–കണിച്ചാർ കുടിവെള്ള പദ്ധതി	Kalikayam Drinking Water Project in Kanichar	പേരാവൂർ	ബ്ലോക്ക് പഞ്ചായത്ത്	ഇല്ല	ഇല്ല	ഇല്ല	Send for Project Approval	Development Fund(General) – 1475500	1475500
ആകെ									23815367

ക്രമ നം	പദ്ധതിയുടെ പേര്	പഞ്ചായത്ത്	ഗുണഭോക്തൃ കുടുംബം	ഗുണഭോക്താക്കളുടെ എണ്ണം	സാങ്കേതികാനുമതി തുക	അഭിപ്രായം
1	Kannur District Hospital WSS				1200000	completed
2	Padiparambu WSS Phase II	കോളയാട്	71	355	2700000	Completed
3	Puthusserithattu WSS Phase II	പായം	126	630	4655000	Completed
4	Meethalparambu WSS Phase II	കരിയാട്	103	515	2600000	completed
5	Elambali WSS Phase II	കണിച്ചാർ	39	195	1220000	Completed &Commissioned .
6	Ambalakandi WSS Phase II	പേരാവൂർ	16	80	4800000	Completed &Commissioned .
7	Chundakkunnu WSS Phase II	ചപ്പാരപ്പടവ്	27	135	1040000	Work Dropped
8	Karingayamkattayal Phase II	ചപ്പാരപ്പടവ്	73	365	1550000	Commissioned
9	Karingayamkattayal completion	ചപ്പാരപ്പടവ്	73	365	1270000	
10	Thallodu Pikkattu parambu Phase II	കോട്ടയം	45	225	1500000	Completed .
11	Koduvallam WSS Phase II	ആറളം	103	515	3300000	
12	Pallipram colony WSS	ചേലോറ	64	320	2400000	Completed
13	Vadakkiniyillam WSS Phase II	മുഴക്കുന്ന്	86	430	2540000	completed
14	Pancharakulam WSS	ഏഴോം	32	160	2135000	completed .
15	Poppu colony Phase II	ഏഴോം	65	325	1755000	completed .
16	Valluvankadavu WSS	കണ്ണപുരം	24	120	1990000	Dropped
17	Kayapoyil Phase II	എരമം കുറ്റൂർ	40	200	1735000	Completed
18	Chalil Phase II	കോളയാട്	46	230	1505000	
19	Chadachikundam Phase II	പടിയൂർ	78	390	2460000	Completed
20	Nelliyattu	കാങ്കോൽ ആലപ്പടമ്പ്	24	120	530000	Balance work Distribution System

22	Pathikkal Phase II	കുന്നോത്തുപറമ്പ്	67	335	3315000	work stopped for estimate revision
23	Karakkunnu WSS	കണ്ണപുരം	15	75	460000	Completed
24	Kattamballichira	കല്ല്യാശ്ശേരി	107	535	3900000	Work Ongoing
26	Poyyammal WSS Phase II	കാങ്കോൽ ആലപ്പടമ്പ്	19	95	960000	Completed
27	Azhekkal Fisheries School	അഴീക്കോട്			680000	Completed
28	Vellachal	മാടായി	30	150	1590000	Completed
29	Malikaparambu	എടക്കാട്	28	140	2600000	Dropped
30	Karayothumchal	ശ്രീകണ്ഠപുരം	41	205	1178000	Dropped

സുവർണധാര പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പഞ്ചായത്തുകളിൽ നടപ്പിലാക്കിയ കുടിവെള്ള പദ്ധതികളുടെ വിശദാംശം മുകളിൽ പട്ടികയിൽ നൽകിയിരിക്കുന്നു.

തദ്ദേശ ഭരണ സ്ഥാപന പദ്ധതികൾ- നിലവിലുള്ള പദ്ധതികളുടെ പോരായ്മ

പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന ഒട്ടുമിക്ക ചെറുപദ്ധതികളും ചെറുപ്രദേശങ്ങൾ ലക്ഷ്യം വെച്ച് നിർമിച്ചവയാണ്. സ്രോതസ്സിന്റെ അഭാവം ഇത്തരം പദ്ധതികളുടെ പോരായ്മയായി കാണുന്നു. ബാക്ടീരിയ നിർമാർജനം ഒഴികെ മറ്റ് മതിയായ ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുവാനും ഇത്തരം പദ്ധതികളിൽ പ്രയാസമാണ്.

ഉറന്ന കിണറോടുകൂടിയ ചെറുകിട പദ്ധതികൾ മിക്കതും കാലം കഴിയുന്തോറും ജലനിരപ്പ് താഴുന്നതുകാരണം വേനൽക്കാലമാകുമ്പോൾ വറ്റിപ്പോകുന്നതായി കാണുന്നു. ശരിയായ പഠനംനടത്തി മാത്രമെ അത്തരം പദ്ധതികൾക്ക് രൂപം കൊടുക്കേണ്ടതുള്ളൂ. കൃത്യമായ അറ്റകുറ്റപ്പണികൾ കാലങ്ങളായി നടത്താത്തതിനാൽ പല ചെറുകിട കുടിവെള്ള പദ്ധതികളും നാശോന്മുഖമായിരിക്കുന്നു.

കുടിവെള്ളമേഖലയ്ക്കുള്ള പദ്ധതിവിഹിതം വർദ്ധിപ്പിക്കുകയും വിവിധവകുപ്പുകളുടെ ഏകോപനം നടത്തുകയും പുതിയ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്താൽ ജില്ലയിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തുവാൻ കഴിയും. പുതിയപദ്ധതികൾ ആവിഷ്കരിക്കുമ്പോൾ നിലവിൽ കുടിവെള്ള വിതരണ ശൃംഖലയിൽ ഉൾപ്പെടാതെ കിടക്കുകയോ, നാമമാത്രമായ രീതിയിൽ കുടിവെള്ള വിതരണം നടത്തുകയോ ചെയ്യുന്ന പഞ്ചായത്തുകൾക്ക് മുൻഗണന നൽകണം.

6.2 (സി) ശുചിത്വം

2017-18 വാർഷിക പദ്ധതി അവലോകനം

ഹരിതകേരള മിഷന്റെ ഭാഗമായി മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഖരദ്രവമാലിന്യ സംസ്കരണ പദ്ധതി തയ്യാറാക്കി ഡി.പി.സി. യുടെ അംഗീകാരം വാങ്ങിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിന്റെ 10% വും ശുചിത്വമിഷന്റെ പ്രത്യേക ധനസഹായമായ 20 ലക്ഷം രൂപയും ഉപയോഗിച്ചാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. 63 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നവംബർ 1 ന് തന്നെ വിവിധ ശുചിത്വപദ്ധതികളുടെ നിർവഹണത്തിന്റെ ഉദ്ഘാടനം നടത്തിയിട്ടുള്ളത് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുമെന്നതിനുള്ള ശുഭസൂചകമാണ്. 2017-18 വാർഷിക പദ്ധതിയിൽ ശുചിത്വപദ്ധതികളുടെ ഇതുവരെയുള്ള പദ്ധതി പുരോഗതി (9.87%) ആശാവഹമല്ല. നിർവഹണ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർത്തുകൊണ്ട് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രൊജക്ടുകളുടെ സംക്ഷിപ്ത വിവരം താഴെ ചേർക്കുന്നു.

പദ്ധതിയുടെ പേര്	പ്രൊജക്ടുകൾ തയ്യാറാക്കിയ ഗ്രാമപഞ്ചായത്തുകൾ	പ്രൊജക്ടുകൾ തയ്യാറാക്കിയ നഗരസഭകൾ	പ്രൊജക്ടുകൾ തയ്യാറാക്കിയ ബ്ലോക്കു പഞ്ചായത്തുകൾ
എം.സി.എഫ്.	52	8	2
ആർ.ആർ.എഫ്.	10	1	6
തുമ്പൂർമുഴി	32	8	
ബയോഗ്യാസ് (സ്ഥാപനതലം)	1	1	
വി.ജി.എഫ്.	8	3	
ഗാർഹിക കമ്പോസ്റ്റിംഗ്	146	36	
ഗാർഹിക ബയോഗ്യാസ് പ്ലാന്റ്	33	3	

തദ്ദേശ സ്വയംഭരണ സ്ഥാപനം	പ്രൊജക്ടുകളുടെ എണ്ണം	പദ്ധതി ചെലവ് (ശതമാനം) 22-11-2017
ബ്ലോക്ക് പഞ്ചായത്ത്	64	30.24
ഗ്രാമ പഞ്ചായത്ത്	623	9.96
ജില്ലാ പഞ്ചായത്ത്	48	0.56
കണ്ണൂർ കോർപറേഷൻ	45	3.96
നഗരസഭ	145	7.35

6.2 (ഡി) പാർപ്പിടം, സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ), (അർബൻ) എന്നിവ ത്രിതല പഞ്ചായത്തുകളുടെ/ നഗരസഭകളുടെ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കി വരുന്നത്.

ലൈഫ് മിഷൻ

ലക്ഷ്യങ്ങൾ

നവകേരളം കർമ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ ഭവനരഹിതർക്കും ഭൂരഹിത ഭവനരഹിതർക്കും അഞ്ച് വർഷത്തിനുള്ളിൽ പാർപ്പിടം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ലൈഫ് മിഷൻ പ്രവർത്തിക്കുന്നത്. മുൻകാലങ്ങളിൽ ഭവന നിർമാണ ധനസഹായം ലഭിച്ചതിൽ നിർമാണം പൂർത്തിയാകാത്തവ പൂർത്തീകരിക്കുക, വാസയോഗ്യമല്ലാത്ത വീടുകളുടെ അറ്റകുറ്റപ്പണി നടത്തുക എന്നതും ലക്ഷ്യം വെക്കുന്നു.

സ്വന്തമായി തൊഴിൽചെയ്ത് ഉപജീവനം നിർവഹിക്കുതിനും സാമൂഹ്യ പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകുന്നതിനും എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടേയും പ്രയോജനം ലഭിക്കുന്നതിനുമുള്ള ശാക്തീകരണ പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമാണ്.

വിവിധ കേന്ദ്രാവിഷ്കൃത/സംസ്ഥാനാവിഷ്കൃത പദ്ധതികളും ത്രിതല പഞ്ചായത്ത് പദ്ധതികളും സംയോജിപ്പിച്ചാണ് ഭവന നിർമാണ പദ്ധതി നടപ്പാക്കുന്നത്.

മൂന്നു തലത്തിലാണ് ലൈഫ് മിഷൻ പ്രവർത്തനങ്ങൾ നടത്തുക.

1. **സ്പിൽ ഓവർ പൂർത്തീകരണം**

വിവിധ പദ്ധതികളിലായി ആരംഭിച്ചതും നിലവിൽ പൂർത്തീകരിക്കാത്തതുമായ വീടുകളുടെ പൂർത്തീകരണമാണ്. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ, പട്ടികജാതി/പട്ടികവർഗ വികസന വകുപ്പുകൾ, ഫിഷറീസ് വകുപ്പ്, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, ഭവന നിർമാണ ബോർഡ് തുടങ്ങിയ ഏജൻസികൾ നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത/സംസ്ഥാനാവിഷ്കൃത പദ്ധതികളടക്കം എല്ലാ സ്കീമുകളിലെയും സ്പിൽഓവർ വീടുകളുടെ വിവരശേഖരണം ലൈഫ് മിഷൻ വെബ് സൈറ്റിൽ ഡാറ്റാ എൻട്രി ചെയ്തിട്ടുണ്ട്. ഈ വീടുകൾക്കെല്ലാം തേർഡ് പാർട്ടി ടെക്നിക്കൽ ഏജൻസികളുടെ സഹായത്തോടെ ഭവനനിർമാണ പൂർത്തീകരണത്തിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ഗുണഭോക്താവിന് സ്വന്തമായി പൂർത്തീകരിക്കാൻ പ്രയാസമുള്ള പക്ഷം ജനകീയ കമ്മറ്റികൾ പോലുള്ള പ്രത്യേക ഏജൻസികൾ മുഖേന നിർമാണം നടത്തുകയും ചെയ്യും. കോർപറേറ്റ് സ്ഥാപനങ്ങളിൽ നിന്നും സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് സമാഹരിക്കുന്നതിനും ശ്രമിക്കുന്നുണ്ട്. 2018 മാർച്ച് 31 നു മുമ്പായി വീടുകൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിൽ വിവിധ വകുപ്പുകൾ/പദ്ധതികൾ/വിഭവസ്രോതസ്സുകൾ തമ്മിലുള്ള സംയോജനം സാധ്യമാക്കും.

2. **ഭൂമിയുള്ള ഭവന രഹിതർക്കുള്ള പദ്ധതി**

ലൈഫ് സർവേ പ്രകാരം കണ്ടെത്തിയ ഭൂമിയുള്ള ഭവനരഹിതർക്ക് അവരുടെ ഭൂമിയിൽ വീട് നിർമിക്കുന്നതിനുള്ള ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. യൂനിറ്റ് കോസ്റ്റ് 4 ലക്ഷം രൂപയാണ്. ഗ്രാമസഭ/വാർഡ്സഭ അംഗീകാരത്തോടുകൂടി അർഹരായ ഗുണഭോക്താക്കളുടെ പട്ടിക അന്തിമമാക്കുന്നതിനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പുരോഗമിച്ചു വരുന്നു. ഇവർക്കാവശ്യമായ ഫണ്ട് കണ്ടെത്തുന്നതിന് ത്രിതല പഞ്ചായത്തുകളുടെയും കേന്ദ്ര/സംസ്ഥാന പദ്ധതികളുടെയും സംയോജനമാണ് ലക്ഷ്യമിടുന്നത്.

3. **ഭൂരഹിത ഭവന രഹിതർക്കുള്ള പദ്ധതി**

ലൈഫ് സർവേ പ്രകാരം കണ്ടെത്തിയ ഭൂമിയില്ലാത്ത ഭവനരഹിതർക്ക് വീട് നൽകുന്നതിന് ഭവന സമുച്ചയങ്ങളാണ് ലൈഫ് പദ്ധതിയിൽ നടപ്പാക്കുന്നത്. ഇതിനായി വിവിധ വകുപ്പുകളുടെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലുള്ള അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഈ ഭൂമിയിൽ ഭവന സമുച്ചയം നിർമിക്കുന്നതിന് ആവശ്യമായ ധനസമാഹരണം നടത്തുന്നതിന് ത്രിതല പഞ്ചായത്തുകളുടെയും കേന്ദ്ര, സംസ്ഥാന പദ്ധതികളുടെയും സംയോജനമാണ് ലക്ഷ്യമിടുന്നത്. കോർപ്പറേറ്റ് സ്ഥാപനങ്ങളിൽ നിന്നും സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് സമാഹരിക്കുന്നതിനും ശ്രമിക്കുന്നുണ്ട്.

മേൽപ്പറഞ്ഞ തരത്തിൽ പാർപ്പിട രംഗത്ത് ജില്ലയിലെ സാധ്യതകളെല്ലാം പരമാവധി പ്രയോജനപ്പെടുത്തി നടപ്പാക്കുന്ന സമഗ്രവും സംയോജിതവുമായ പദ്ധതിയാണ് ലൈഫ് മിഷൻ.

നിഗമനങ്ങളും വികസന കാഴ്ചപ്പാടും

ജില്ലയിലെ ഭവന നിർമാണ രംഗത്തെ പ്രശ്നങ്ങളും സാധ്യതകളും വിശകലനം ചെയ്യുമ്പോൾ തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിലെ സംയോജിത പ്രവർത്തനങ്ങളാണ് ഏറ്റവും പ്രധാനമെന്ന് മനസ്സിലാക്കാൻ സാധിക്കും. ലൈഫ് സർവേ പ്രകാരം ജില്ലയിൽ സ്വന്തമായി ഭൂമിയുള്ളവരെക്കാൾ ഭൂരഹിത ഭവനരഹിതരാണ് കൂടുതൽ. റേഷൻ കാർഡ് ഒറ്റ യൂണിറ്റായി പരിഗണിച്ചതിനാൽ പല കുടുംബങ്ങളും തൽക്കാലം വിടിന് അർഹതയില്ലാതായിട്ടുണ്ട്. ഭാവിയിൽ ഇവരെയും ഭവന നിർമാണത്തിന് ധനസഹായം നൽകാൻ പരിഗണിക്കേണ്ടതുണ്ട്.

വാസയോഗ്യവും സുരക്ഷിതവുമായ വീടുകൾ എല്ലാവർക്കും ലഭ്യമാക്കുക എന്നതായിരിക്കണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രധാന ചുമതല. സ്വന്തമായി വീടുണ്ടാക്കാൻ സാധിക്കുന്നവർക്ക് അനുബന്ധ സൗകര്യങ്ങളായ റോഡ്, വൈദ്യുതി, കുടിവെള്ളം തുടങ്ങിയവ ലഭ്യമാക്കാൻ മുൻഗണന നൽകേണ്ടതുണ്ട്. സാമ്പത്തികമായി പ്രയാസം അനുഭവിക്കുന്നവർക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കിയും ജനകീയ സഹായ സമാഹരണത്തിലൂടെയും നല്ല വീടുകൾ ഉണ്ടാക്കാൻ കഴിയണം.

നിലവിൽ വീടില്ലാത്ത എല്ലാവർക്കും അടുത്ത 5 വർഷത്തിനകം വീടുണ്ടാക്കാനുള്ള സമഗ്ര പരിപാടിയാണ് ആസൂത്രണം ചെയ്യേണ്ടത്. ലൈഫ് മിഷന്റെ ഭാഗമായി ഈ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

സാധ്യതകൾ

ഗ്രാമസഭകൾ വഴി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന സംവിധാനത്തിലൂടെ മാത്രമേ തികച്ചും അർഹരായവർക്ക് ധനസഹായം എത്തുക്കുവാൻ കഴിയൂ. ഭവനരഹിതരിൽ ഭൂരഹിതരും ധാരാളമായുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ മാത്രം ആശ്രയിക്കാതെ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ലൈഫ് മിഷൻ പ്രകാരം അർഹതപ്പെട്ടവർക്കെല്ലാം വീടും സ്ഥലവും നൽകാനുള്ള സുവർണാവസരം സംജാതമായിട്ടുണ്ട്.

മുൻഗണനാക്രമം പരിഹാരനിർദേശം

ഏറ്റവും അവശത അനുഭവിക്കുന്നവർക്ക്, സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിൽ കഴിഞ്ഞുകൂടാൻ വിധിക്കപ്പെട്ടവർക്കായിരിക്കണം മുൻഗണന നൽകേണ്ടത്. തീർത്തും അവശത അനുഭവിക്കുന്ന 10 ശതമാനം ഒഴികെ മറ്റെല്ലാവരും ധനസഹായം നൽകിയാൽ സ്വന്തം നിലയിൽ നിർമാണപ്രവർത്തനം നടത്താൻ കഴിയുന്നവരാണ്. ധനസഹായം നൽകിയാലും സ്വന്തം നിലയിൽ നിർമാണപ്രവർത്തനം പൂർത്തീകരിക്കാൻ സാധിക്കാത്തവരെ പ്രത്യേകം പരിഗണിക്കണം. സന്നദ്ധ പ്രവർത്തനം വഴി മാത്രമേ ഇവരുടെ ഭവനനിർമാണം പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ. സാമൂഹിക സാംസ്കാരിക സ്ഥാപനങ്ങളും സംഘടനകളും സജീവമായി ഇടപെടൽ നടത്തുന്ന ജില്ലയിൽ ഇക്കാര്യത്തിനായി സന്നദ്ധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ താരതമ്യേന എളുപ്പമാണ്. തൊഴിലുറപ്പ് പദ്ധതിപ്രകാരം ഭവനനിർമാണത്തിന് തൊണ്ണൂറ് തൊഴിൽ ദിനങ്ങൾ അനുവദിക്കുവാൻ സാധിക്കുന്നതും നമുക്ക് മുതൽക്കൂട്ടാണ്.

നടന്ന പ്രവർത്തനങ്ങൾ

വിവരശേഖരണം - കുടുംബശ്രീ മുഖേന ലൈഫ് സർവെ

ഉദ്യോഗസ്ഥരെ ഉപയോഗിച്ച് സൂപ്പർ ചെക്കിംഗ് - ഡാറ്റാ എൻട്രി നടത്തി

ലിസ്റ്റ് ഗ്രാമപഞ്ചായത്ത്/മുൻസിപ്പാലിറ്റികൾക്ക് നൽകി

ലിസ്റ്റ് ഡൗൺലോഡ് ചെയ്ത് മലയാളത്തിൽ തർജ്ജമ ചെയ്ത് പ്രസിദ്ധീകരിച്ചു

തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഒന്നാം അപ്പീൽ സ്വീകരിച്ച് തീർപ്പാക്കി

ഈ പട്ടികയിൽ ആക്ഷേപമുള്ളവരിൽ നിന്ന് രണ്ടാം അപ്പീൽ ജില്ലാ കളക്ടർ സ്വീകരിച്ച് അന്വേഷണം നടത്തി തീർപ്പാക്കി.

ഭൂരഹിത ഭവന രഹിതർ

ക്രമ നമ്പർ	തദ്ദേശഭരണ സ്ഥാപനം	എസ്. സി.	എസ്. ടി.	ജനറൽ	ആകെ
ഗ്രാമപഞ്ചായത്ത്					
1	ചിറക്കൽ	13	1	238	252
2	നാറാത്ത്	69	0	146	215
3	മാട്ടൂൽ	6	0	155	161
4	പാപ്പിനിശ്ശേരി	15	1	143	159
5	ധർമടം	5	0	152	157
6	മുഴപ്പിലങ്ങാട്	6	0	140	146
7	ചെങ്ങളായി	9	2	124	135
8	അഴീക്കോട്	10	1	121	132
9	കുഞ്ഞിമംഗലം	11	6	113	130
10	ആറളം	1	24	99	124
11	ചെറുപുഴ	11	9	89	109
12	കുറുമാത്തൂർ	5	1	98	104
13	കതിരൂർ	3	0	92	95
14	ആലക്കോട്	3	5	85	93
15	നടുവിൽ	2	11	78	91
16	പട്ടുവം	8	1	79	88
17	ഉളിക്കൽ	3	1	79	83
18	പിണറായി	1	1	69	71
19	പേരാവൂർ	2	2	67	71
20	പെരിങ്ങോം വയക്കര	5	3	58	66
21	പന്നിയന്നൂർ	0	0	65	65
22	അയ്യൻകുന്ന്	0	1	64	65
23	ന്യൂമാഹി	1	0	63	64
24	മാടായി	10	0	50	60
25	പരിയാരം	1	0	59	60
26	ചൊക്ലി	2	0	57	59
27	കടമ്പൂർ	1	1	57	59
28	കല്ല്യാശ്ശേരി	6	0	52	58
29	പയ്യാവൂർ	3	4	50	57
30	വളപട്ടണം	1	0	54	55
31	ചെറുതാഴം	8	2	43	53
32	മുഴക്കുന്ന്	2	2	48	52
33	കേളകം	2	1	49	52
34	ചപ്പാരപ്പടവ്	3	0	48	51
35	പടിയൂർ കല്ല്യാട്	4	2	37	43
36	കണിച്ചാർ	4	2	36	42
37	ഇരിക്കൂർ	0	1	38	39
38	എരഞ്ഞോളി	1	0	38	39
39	ഉദയഗിരി	4	6	28	38
40	രാമന്തളി	5	1	32	38
41	ചിറ്റാരിപ്പറമ്പ്	0	0	38	38
42	കൊട്ടിയൂർ	8	5	24	37
43	പായം	2	1	32	35

44	കണ്ണപുരം	1	0	32	33
45	കൊളച്ചേരി	5	0	28	33
46	കൂറ്റ്യാട്ടൂർ	2	1	30	33
47	കോളയാട്	3	5	25	33
48	മയ്യിൽ	1	0	31	32
49	മുണ്ടേരി	1	0	27	28
50	കുന്നോത്തുപറമ്പ്	0	0	26	26
51	കരിവെള്ളൂർ പെരളം	3	1	21	25
52	കൂടാളി	0	0	25	25
53	എരുവേശ്ശി	1	0	24	25
54	ചെറുകുന്ന്	3	1	20	24
55	ചെമ്പിലോട്	0	0	24	24
56	കോട്ടയം	0	1	23	24
57	വേങ്ങാട്	1	0	23	24
58	അഞ്ചരക്കണ്ടി	1	0	20	21
59	ഏഴോം	3	0	17	20
60	പെരളശ്ശേരി	1	0	16	17
61	മലപ്പട്ടം	3	1	13	17
62	എരമം കുറ്റൂർ	1	5	11	17
63	മൊകേരി	0	1	13	14
64	കാങ്കോൽ-ആലപ്പടമ്പ്	1	0	13	14
65	മാലൂർ	1	0	12	13
66	തില്ലങ്കേരി	1	1	10	12
67	മാങ്ങാട്ടിടം	0	0	11	11
68	കടന്നപ്പള്ളി-പാണപ്പുഴ	0	0	8	8
69	കീഴല്ലൂർ	2	0	6	8
70	പാടൂം	0	0	7	7
71	തൃപ്രങ്ങോട്ടൂർ	0	1	2	3
		291	116	3805	4212
മുൻസിപ്പാലിറ്റി					
1	തലശ്ശേരി	27	5	753	785
2	തളിപ്പറമ്പ്	24	6	567	597
3	ഇരിട്ടി	6	5	211	222
4	പയ്യന്നൂർ	17	3	138	158
5	ശ്രീകണ്ഠാപുരം	10	2	80	92
6	ആന്തൂർ	9	1	47	57
7	മട്ടന്നൂർ	0	0	52	52
8	പാനൂർ	6	0	46	52
9	കൂത്തുപറമ്പ്	1	0	41	42
		100	22	1935	2057
കോർപറേഷൻ					
1	കണ്ണൂർ കോർപറേഷൻ	117	3	2031	2151
	ആകെ	**508**	**141**	**7771**	**8420**

ഗ്രാമസഭ/വാർഡ് സഭ അംഗീകാരത്തിനായി ലിസ്റ്റ് പ്രസിദ്ധീകരിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ അന്തിമ അംഗീകാരം നൽകണം.

വിവിധ പദ്ധതികളിൽ ആരംഭിച്ചതും പൂർത്തിയാക്കാൻ ബാക്കിയുള്ളതുമായ വീടുകളുടെ വിവരം

സ്പിൽ ഓവർ വീടുകൾ പൂർത്തിയാക്കാൻ കർമ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പട്ടികജാതി/വർഗ വികസന വകുപ്പ്, ഫിഷറീസ്, ത്രിതല പഞ്ചായത്തുകൾ, ഹൗസിംഗ് ബോർഡ് മുതലായ സ്ഥാപനങ്ങൾ/ഏജൻസികൾ അനുവദിച്ച വീടുകളിൽ പൂർത്തീകരിക്കാൻ ബാക്കിയുള്ളവയുടെ വിവര ശേഖരണം നടത്തി. ലൈഫ് മിഷന്റെ വെബ് സൈറ്റിൽ ഡാറ്റാ എൻടി നടത്തി. സ്പിൽ ഓവർ വീടുകളുടെ എണ്ണം താഴെപ്പറയുന്നു

തദ്ദേശ സ്വയംഭരണ സ്ഥാപനം തിരിച്ചുള്ള കണക്ക്

ക്രമ നം	ഗ്രാമ പഞ്ചായത്ത്	ഗുണഭോക്താക്കളുടെ എണ്ണം
1	അഞ്ചരക്കണ്ടി	1
2	അയ്യൻകുന്ന്	1
3	അഴീക്കോട്	6
4	ആറളം	11
5	ആലക്കോട്	4
6	ഇരിക്കൂർ	3
7	ഉദയഗിരി	2
8	ഉളിക്കൽ	4
9	എരഞ്ഞോളി	3
10	എരമം-കുറ്റൂർ	7
11	ഏഴോം	3
12	കുഞ്ഞിമംഗലം	5
13	കടന്നപ്പള്ളി-പാണപ്പുഴ	5
14	കടമ്പൂർ	5
15	കൂടാളി	8
16	കണ്ണപുരം	6
17	കണിച്ചാർ	15
18	കതിരൂർ	7
19	കുന്നോത്തുപറമ്പ്	10
20	കരിവെള്ളൂർ-പെരളം	6
21	കുറുമാത്തൂർ	7
22	കുറ്റ്യാട്ടൂർ	2
23	കല്ല്യാശ്ശേരി	3
24	കാങ്കോൽ-ആലപ്പടമ്പ്	4
25	കീഴല്ലൂർ	4
26	കേളകം	20
27	കൊട്ടിയൂർ	3
28	കൊളച്ചേരി	4
29	കോളയാട്	39
30	ചപ്പാരപ്പടവ്	1

31	ചിറക്കൽ	4
32	ചിറ്റാരിപ്പറമ്പ്	8
33	ചെങ്ങളായി	24
34	ചെറുകുന്ന്	12
35	ചെറുതാഴം	9
36	ചെറുപുഴ	11
37	ചൊക്ളി	3
38	തൃപ്പങ്ങോട്ടൂർ	7
39	തില്ലങ്കേരി	14
40	ധർമടം	7
41	നടുവിൽ	17
42	ന്യൂ മാഹി	2
43	നാറാത്ത്	8
44	പട്ടുവം	3
45	പടിയൂർ	5
46	പന്ന്യന്നൂർ	3
47	പയ്യാവൂർ	3
48	പരിയാരം	3
49	പാട്യം	16
50	പാപ്പിനിശ്ശേരി	8
51	പായം	11
52	പിണറായി	3
53	പെരളശ്ശേരി	1
54	പെരിങ്ങോം-വയക്കര	5
55	പേരാവൂർ	3
56	മുണ്ടേരി	3
57	മയ്യിൽ	14
58	മലപ്പട്ടം	1
59	മുഴക്കുന്ന്	19
60	മുഴപ്പിലങ്ങാട്	4
61	മാങ്ങാട്ടിടം	6
62	മാട്ടൂൽ	4
63	മാടായി	12
64	മാലൂർ	9
65	മൊകേരി	2
66	രാമന്തളി	9
67	വേങ്ങാട്	2
	ആകെ	**474**

ഭവന സമുച്ചയം നിർമിക്കാൻ ആവശ്യമായ ഭൂമി കണ്ടെത്തൽ

ഭൂമിയില്ലാത്ത ഭവന രഹിതർക്ക് ഭവന സമുച്ചയം നിർമിക്കുതിന് വിവിധ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ പക്കലുള്ള ഭൂമി കണ്ടെത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

താലൂക്ക്	സർവെ നം:	വിസ്തീർണം	വകുപ്പ്	വില്ലേജ്
തളിപ്പറമ്പ്	61/7	100.02 സെന്റ്	റവന്യൂ വകുപ്പ്	രാമന്തളി
തളിപ്പറമ്പ്	5	52 സെന്റ്	റവന്യൂ വകുപ്പ്	തിമിരി
തളിപ്പറമ്പ്	222/5	236.4 സെന്റ്	റവന്യൂ വകുപ്പ്	രാമന്തളി
തളിപ്പറമ്പ്	30/3	725 സെന്റ്	മിച്ചഭൂമി	കുറുമാത്തൂർ
തലശ്ശേരി	40/1,41/2 എ	100 സെന്റ്	മൊകേരി ഗ്രാമപഞ്ചായത്ത്	മൊകേരി
തലശ്ശേരി	33/1	140 സെന്റ്	പഴശ്ശി ഇറിഗേഷൻ	കൂടാളി
തലശ്ശേരി	71/63	6.5 സെന്റ്	തലശ്ശേരി നഗരസഭ	തിരുവങ്ങാട്
തലശ്ശേരി	71/6ഉ	23.5 സെന്റ്	തലശ്ശേരി നഗരസഭ	തിരുവങ്ങാട്
കണ്ണൂർ	27/1എ	75 സെന്റ്	കടമ്പൂർ ഗ്രാമപഞ്ചായത്ത്	കടമ്പൂർ
കണ്ണൂർ	17/4	45.6 സെന്റ്	റവന്യൂ വകുപ്പ്	ചിറക്കൽ
തളിപ്പറമ്പ്	103/5	50 സെന്റ്	നഗരസഭ പുറമ്പോക്ക്	കോറോം

ആകെ ലഭ്യമായ ഭൂമി 1554.02 സെന്റ്

സാമൂഹ്യക്ഷേമം/സാമൂഹ്യസുരക്ഷിതത്വം

ടി സേവനമേഖല തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടില്ലാത്തതിനാൽ തന്നെ ഇതിനായുള്ള വകയിരുത്തലുകളും എൽ എസ് ജി കളിൽ ഉണ്ടായിട്ടില്ല. വകുപ്പ് നേരിട്ട് മാത്രമാണ് നിലവിൽ പദ്ധതി നടപ്പിലാക്കുന്നത്.

6.2 (ഇ) വിദ്യാഭ്യാസം, സംസ്കാരം, കായികം, യുവജനകാര്യം

വിദ്യാഭ്യാസമേഖലയിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നടപ്പിലാക്കിയ പദ്ധതികൾ

ജില്ലാപഞ്ചായത്ത്, മുൻസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നിവയുടെ പദ്ധതികളുടെ സംഗ്രഹം.

അക്കാദമിക പ്രവർത്തനങ്ങൾ	വിഹിതം	ഭൗതിക സൗകര്യങ്ങൾ
• ശാസ്ത്രപരിപോഷണം • സമഗ്രവിദ്യാഭ്യാസ പദ്ധതി • ഒന്നാംതരം മെച്ചപ്പെടുത്തൽ • 10–12 ക്ലാസിലെ പഠനനിലവാരം മെച്ചപ്പെടുത്തൽ • പ്രൈമറി ക്ലാസിലെ ഭാഷാ ഗണിത ശേഷി വികസനം	ആർ.എം.എസ്.എ എസ് എസ് എ എസ്.പി.സി	• കെട്ടിടം, ക്ലാസ് റൂം, മേൽക്കൂര നിർമാണം, പഠനമുറി, ചുറ്റതിൽ, റീടെയ്നിങ്ങ് വാൾ, ഗേറ്റ് • ലാബ്, വൈദ്യുതീകരണം, മെയിന്റനൻസ്, പാചകപ്പുര, ഓഡിറ്റോറിയം, ടോയിലറ്റ്, കുടിവെള്ളം-കിണർ, മഴവെള്ളസംഭരണി, വിദ്യാകേന്ദ്രം നിർമാണം, അംഗൻവാടി കെട്ടിടം, വിശ്രമമുറി വനിതകൾക്ക്, കമ്പ്യൂട്ടർവാങ്ങൽ, ഫർണിച്ചർ, കളിസ്ഥലം ഒരുക്കല്, സൈക്കിൾ, ലാപ്ടോപ്പ്, പുസ്തകം, പത്രം, നാപ്കിൻ വെൻഡിങ് മിഷൻ, പ്രഭാതഭക്ഷണം

വിശകലനവും നിർദേശങ്ങളും

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വിദ്യാഭ്യാസമേഖലയിലെ പദ്ധതികൾ മിക്കവാറും ഭൗതികസാഹചര്യങ്ങളുടെ മെച്ചപ്പെടുത്തലിനാണ് ഉപയോഗിച്ചിട്ടുള്ളത്. ചുറ്റുമതിൽ, ഫർണിച്ചറുകൾ. ശുചിമുറികൾ, ഭക്ഷണപ്പുര, സൈക്കിൾ വിതരണം, വൈദ്യുതീകരണം തുടങ്ങിയ ഇനത്തിലുള്ള പ്രവർത്തനങ്ങൾ ഇതിലുണ്ട്. ലാബ്, ലൈബ്രറി ശാക്തീകരണം, ലാപ്ടോപ് വിതരണം എന്നിവയേറ്റെടുത്തവരുമുണ്ട്. അക്കാദമിക പ്രവർത്തനങ്ങളിൽ നേരിട്ടിടപെടുന്ന ചുരുക്കം പ്രവർത്തനങ്ങളുമുണ്ട്. ഉദാ: ഭാഷ, ഗണിതശേഷി വികസനം, വിവിധ ക്ലാസുകളിലെ പഠനനിലവാരം ഉയർത്തുന്ന പ്രവർത്തനങ്ങള്.

- പൊതുവിദ്യാഭ്യസ വകുപ്പ്, സർവശിക്ഷാ അഭിയാൻ, ആർ എം എസ് എ എന്നിവർ നടത്തുന്ന പദ്ധതി പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതില്ല. അത് ആവർത്തനവും സമയനഷ്ടവും ഉണ്ടാക്കുന്നു. അധ്യാപകശാക്തീകരണം, ഭാഷ, ഗണിതശേഷി പ്രവർത്തനങ്ങൾ എന്നിവയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതില്ല. അധ്യാപകരുടെ വിദ്യാലയസാന്നിദ്ധ്യം ഇല്ലാതാക്കുന്ന പ്രവർത്തനങ്ങൾ നടത്തരുത്.

- പ്രവൃത്തിദിവസങ്ങളിൽ ക്യാമ്പുകൾ, ഫെസ്റ്റുകൾ എന്നിവ നടത്തരുത്. ഉച്ചഭക്ഷണം, ശുചിമുറികൾ, ഫർണിച്ചറുകൾ, ലാബ്, ലൈബ്രറി, വൈദ്യുതീകരണം, ഹൈടെക് ക്ലാസ് മുറി സജ്ജീകരണം തുടങ്ങിയ മേഖലകളിൽ ഇടപെടുന്നത് കൂടുതൽ ഗുണകരമാണ്. പദ്ധതിപ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കണം, പൂർത്തീകരിക്കണം.

6.3 പശ്ചാത്തല മേഖല

6.3(എ) ഊർജ്ജം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന പദ്ധതികൾ

ജില്ലയിൽ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുൻസിപ്പാലിറ്റികൾ, കോർപറേഷനുകൾ എന്നിവ മുഖേന നടപ്പ വർഷം 20 കോടി രൂപയുടെ പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ ഊർജ്ജ ഉത്പാദനം, ഊർജ്ജ സംരക്ഷണം, തെരുവ് വിളക്ക്, ഓഫീസ് വൈദ്യുതീകരണം, വീട് വൈദ്യുതീകരണം, വൈദ്യുതി ലൈൻ, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നീ പ്രവർത്തനങ്ങളാണ് ഉൾപ്പെട്ടിരിക്കുന്നത്. 20 ശതമാനത്തോളം പ്രവൃത്തികൾ നിലവിൽ പൂർത്തീകരിച്ച കഴിഞ്ഞു. സമ്പൂർണ വൈദ്യുതീകരണം നടപ്പിലാക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സമഗ്രമായ ഇടപെടൽ ഉണ്ടായിരുന്നു.

സമ്പൂർണ വൈദ്യുതീകരണം പൂർത്തീകരിച്ചതിലൂടെ വീടുകൾക്ക് വയറിംഗിനും മറ്റും വകയിരുത്തിയ തുകയിൽ വലിയൊരു ഭാഗവും ഒഴിവാകാനിടയുണ്ട്.

ജില്ലയിലെ വിവിധ പഞ്ചായത്തുകൾ അവരുടെ പഞ്ചായത്ത് പരിധിയിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനും അതിനാവശ്യമായ ലൈൻ വലിക്കുന്നതടക്കമുള്ള പ്രവൃത്തികൾക്ക് ആവശ്യമായതുക ബോർഡിൽ ഒരോവർഷവും അടക്കുന്നുണ്ട്. അതുമൂലം ജില്ലയിലെ പ്രധാന സ്ഥലങ്ങളിലെല്ലാം തെരുവ് വിളക്കുകൾ സ്ഥാപിക്കാൻ സാധിച്ചിട്ടുണ്ട് എന്നത് വികസനത്തിന്റെ ഒരു ചുവട് വയ്പ്പ് തന്നെയാണ്. കുഞ്ഞുപറമ്പ് മണ്ഡലത്തിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി 40 ലക്ഷം രൂപയുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

ജില്ലയിലെ മുഴുവൻ പ്രദേശങ്ങളിലും തെരുവ് വിളക്കുകൾ യാഥാർത്ഥ്യമാകണമെങ്കിൽ എല്ലാ പഞ്ചായത്തുകളിലും അതിന് പ്രാപ്തമാകുന്ന രീതിയിൽ സ്ട്രീറ്റ് ലൈനുകൾ സ്ഥാപിക്കേണ്ടതുണ്ട്. അത് കണ്ടെത്തി അതിനാവശ്യമായ പ്രവർത്തനങ്ങൾ ഓരോ പഞ്ചായത്തും നടത്തേണ്ടതുണ്ട്. അതോടൊപ്പം നിലവിൽ സ്ഥാപിച്ചുകൊണ്ടിരിക്കുന്ന തെരുവ് വിളക്കുകളുടെ ഗുണനിലവാരം, അറ്റകുറ്റ പണികൾ എന്നിവ കൂടി പരിഗണിച്ചുള്ള പർച്ചേഴ്സ് നടത്തണം.

സോളാർ സാങ്കേതിക വിദ്യയിൽ ചില സ്ഥലങ്ങളിലെങ്കിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. അത് മറ്റ് പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കണം. അതോടൊപ്പം 'AMC' ഉള്ള ഉൽപ്പന്നദാതാക്കളെ കണ്ടെത്തി അവരെ പ്രവൃത്തി ഏൽപ്പിക്കണം. വൈദ്യുതി അപകടം മുൻനിർത്തി മുഴുവൻ ഗാർഹിക ഉപഭോക്താക്കൾക്കും സബ്സിഡി നിരക്കിൽ ELCB ലഭ്യമാക്കുന്ന പദ്ധതി ആവിഷ്കരിക്കണം.

സുരക്ഷയെയും വൈദ്യുതി പ്രസരണ നഷ്ടം, വൈദ്യുതി മുടക്കം, സങ്കീർണമായ വിതരണ ലൈനുകൾ എന്നിവ പരിഹരിക്കുന്നതിനായി പഞ്ചായത്തുകളിലെ പ്രധാന നഗരങ്ങളിലെങ്കിലും എ ബി സി ലൈൻ സ്ഥാപിക്കണം.

ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിന് കൂടിയ ഊർജ്ജ ക്ഷമതയുള്ള ഉപകരണങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്ന പദ്ധതികൾ വിഭാവനം ചെയ്യണം. ഉദാ: എൽഇഡി, സ്റ്റാർറേറ്റിംഗ് ഉള്ള ഉപകരണങ്ങൾ തുടങ്ങിയവ.

ജില്ലയിലെ ജലസ്രോതസ്സുകൾ പരിഗണിക്കുമ്പോൾ വൻകിട ജലവൈദ്യുത പദ്ധതികൾക്ക് സാദ്ധ്യതയില്ല. എന്നാൽ ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് വളരെയധികം സാധ്യതയുണ്ട്. 30 ഓളം പദ്ധതികൾക്കുള്ള സാധ്യതാപഠനം പൂർത്തീകരിച്ചു. അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ/സ്വകാര്യ സംരംഭകർ എന്നിവർ ചെറുകിട മൈക്രോ മിനി പദ്ധതികളിൽ വരുംകാലങ്ങളിൽ പങ്കാളിത്തം ഉണ്ടായാൽ ജില്ലയിലെ വികസനത്തിന് വളരെയധികം ഊർജ്ജം പകരും.

ഉദയഗിരി പഞ്ചായത്തിലെ മൂരിക്കടവ് ചെറുകിട പദ്ധതി ഇത്തരത്തിൽ യാഥാർത്ഥ്യമാക്കേണ്ട ഒരു പദ്ധതിയാണ് (1.5MW, 4.16 മില്ല്യൺ യൂണിറ്റ് കപ്പാസിറ്റി)

6.4 പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ

6.4(എ) പട്ടികജാതി, പട്ടികവർഗ വികസനം

പട്ടികജാതി വികസനം

2017-18 സാമ്പത്തിക വർഷം വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പട്ടികജാതി ഉപപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ

1. സങ്കേതത്തിൽ റോഡ്/നടപ്പാത നിർമാണം/പുനരുദ്ധാരണം
2. സങ്കേതത്തിൽ കുടിവെള്ള പദ്ധതി/നിർമാണം/പുനരുദ്ധാരണം/പൈപ്പ് ലൈൻനീട്ടൽ/ കുടിവെള്ള കണക്ഷൻ സബ്സിഡി
3. ഭവന നിർമാണ ധനസഹായ പദ്ധതി /ഫ്ലാറ്റ് നിർമാണം
4. ഭവന പുനരുദ്ധാരണം/മേൽക്കൂര മാറ്റൽ
5. സങ്കേതങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ
6. സാംസ്കാരിക നിലയം നിർമാണം/പുനരുദ്ധാരണം/അടിസ്ഥാന സൗകര്യം ഒരുക്കൽ, സാമൂഹ്യ പഠന കേന്ദ്ര നിർമാണം.
7. പട്ടികജാതിക്കാരുടെ ശ്മശാനങ്ങൾ നവീകരിക്കൽ
8. ഉന്നത പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകൽ.
9. പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം നൽകൽ
10. പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്.
11. വിവാഹ ധനസഹായം.
12. പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം
13. പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി
14. പട്ടികജാതി വനിതകൾക്ക് മുട്ടക്കോഴി വിതരണം.
15. വയോജനങ്ങൾക്ക് കട്ടിൽ നൽകൽ.
16. പ്രീ-മെട്രിക് ഹോസ്റ്റൽ അറ്റകുറ്റപ്പണി/അടിസ്ഥാന സൗകര്യമൊരുക്കൽ/ദൈനംദിന ചെലവുകൾ വഹിക്കൽ
17. കോളനി സംരക്ഷണ ഭിത്തി നിർമാണം.
18. ആടുവളർത്തൽ/പശുവളർത്തൽ യൂണിറ്റ് ആരംഭിക്കുന്നതിന് ധനസഹായം
19. വീട് വയറിംഗിന് ധനസഹായം
20. സ്വയം തൊഴിൽ ധനസഹായ പദ്ധതി/ഇരുചക്ര വാഹനങ്ങൾ, ഓട്ടോറിക്ഷ, പിക്ക് അപ്പ് വാൻ വാങ്ങുന്നതിന് ധനസഹായം
21. കിണർ നിർമാണത്തിന്/റീ-ചാർജ്ജിംഗിന് ധനസഹായം
22. പട്ടികജാതിക്കാർക്ക് വാട്ടർടാങ്ക് വാങ്ങുന്നതിന് ധനസഹായം.
23. പട്ടികജാതി കുടുംബശ്രീ യൂണിറ്റുകൾക്ക് ഗാർമെന്റ് യൂണിറ്റ് തുടങ്ങുന്നതിന് ധനസഹായം
24. പട്ടികജാതി സംഘങ്ങൾക്ക് വാദ്യോപകരണങ്ങൾ നൽകൽ/വാദ്യോപകരണം പരിശീലനം.
25. പട്ടികജാതി കുടുംബങ്ങൾക്ക് സൗരറാന്തൽ വിതരണം
26. പട്ടികജാതിക്കാർക്ക് തൊഴിൽ പരിശീലന കേന്ദ്രം
27. വിദേശത്ത് തൊഴിൽ തേടുന്നതിന് ധനസഹായം
28. ഫല-പുഷ്പ ഔഷധ സസ്യങ്ങൾക്കുള്ള വിത്തുകളും, തൈയും വിതരണം
29. ജൈവ, നെൽകൃഷി പോഷക പരിപാലനം

2016-17 വർഷം പട്ടിക ജാതി ഉപ പദ്ധതി പ്രകാരം ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികളുടെവിശദാംശങ്ങൾ

ക്രമ നം.	തദ്ദേശഭരണ സ്ഥാപനം	ആകെ പ്രൊജക്ടുകൾ	വകയിരുത്തിയ തുക	ചെലവഴിച്ച തുക	ശതമാനം
1	ജില്ലാപഞ്ചായത്ത്	40	751.75	438.19	58.3
2	ബ്ലോക്ക്പഞ്ചായത്ത്	111	606.34	371.35	61.2
3	നഗരസഭ	166	749.18	273.76	36.5
4	കോർപ്പറേഷൻ	74	500.25	124.65	24.9
5	ഗ്രാമപഞ്ചായത്ത്	812	1714.59	1041.91	60.8
	ആകെ	**1203**	**4322.11**	**2249.86**	**52.05**

2016-17 വർഷം പട്ടിക ജാതി ഉപ പദ്ധതി പ്രകാരം ബ്ലോക്ക്പഞ്ചായത്തുകളിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ

ക്രമ നം.	തദ്ദേശഭരണ സ്ഥാപനം	ആകെ പ്രൊജക്ടുകൾ	വകയിരുത്തിയ തുക	ചെലവഴിച്ച തുക	ശതമാനം
1	പയ്യന്നൂർ	11	58.99	47.89	81.2
2	തളിപ്പറമ്പ	6	107.71	88.55	82.2
3	ഇരിക്കൂർ	18	75.63	51.46	68
4	കണ്ണൂർ	22	100.48	57.97	57.7
5	എടക്കാട്	8	56.94	13.87	24.4
6	തലശ്ശേരി	5	20.99	14.22	67.8
7	കുത്തുപറമ്പ്	4	15.13	2.82	18.6
8	ഇരിട്ടി	7	25.39	15.14	59.6
9	പേരാവൂർ	5	13.64	8.33	61.1
10	കല്യാശേരി	19	115.16	58.97	51.2
11	പാനൂർ	6	16.28	12.13	74.5
	ആകെ	**111**	**606.34**	**371.35**	**61.2**

2016-17 വർഷം പട്ടിക ജാതി ഉപ പദ്ധതിപ്രകാരം നഗരസഭകളിൽ നടപ്പിലാക്കിയ പദ്ധതികളുടെവിശദാംശങ്ങൾ

ക്രമ നം.	തദ്ദേശഭരണ സ്ഥാപനം	ആകെ പ്രൊജക്ടുകൾ	വകയിരുത്തിയ തുക	ചെലവഴിച്ച തുക	ശതമാനം
1	മട്ടന്നൂർ	14	60.82	4.72	7.8
2	തളിപ്പറമ്പ	20	59.97	13.51	22.5
3	കുത്തുപറമ്പ്	19	36.25	14.95	41.3
4	പയ്യന്നൂർ	36	202.16	81.83	40.5
5	തലശ്ശേരി	18	117.58	58.41	49.7
6	ശ്രീകണ്ഠാപുരം	23	102.11	22.19	21.7
7	പാനൂർ	10	18.04	8.22	45.5
8	ഇരിട്ടി	8	18.39	12.5	68
9	ആന്തൂർ	18	133.87	57.43	42.9
	ആകെ	**166**	**749.19**	**273.76**	**36.5**

2016–17 വർഷം പട്ടിക ജാതി ഉപ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ

ക്രമ നം.	തദ്ദേശഭരണ സ്ഥാപനം	ആകെ പ്രൊജക്ടുകൾ	വകയിരുത്തിയ തുക	ചെലവഴിച്ച തുക	ശതമാനം
1	ചെറുതാഴം	8	29.03	26.38	90.90
2	ഏഴോം	15	42.52	34.59	81.30
3	കുഞ്ഞിമംഗലം	15	25.19	9.60	38.10
4	മാടായി	18	62.37	45.70	73.30
5	മാട്ടൂൽ	7	23.39	15.50	66.30
6	രാമന്തളി	16	24.12	15.76	65.30
7	കടന്നപ്പള്ളി	4	12.43	3.64	29.30
8	കരിവെള്ളൂർപെരളം	14	19.48	13.81	70.90
9	കാങ്കോൽആലപ്പടമ്പ	22	25.38	10.66	42.00
10	എരമംകുറ്റൂർ	18	29.65	14.88	50.20
11	പെരിങ്ങോംവയക്കര	14	30.43	26.63	87.50
12	ചെറുപുഴ	21	55.55	45.16	81.30
13	പട്ടുവം	12	26.80	11.93	44.50
14	ചെറുകുന്ന്	13	32.96	23.23	70.50
15	കല്യാശ്ശേരി	13	37.08	17.16	46.30
16	കതണ്ണപുരം	18	29.93	19.72	65.90
17	പാപ്പിനിശ്ശേരി	10	61.01	56.66	92.90
18	ചെങ്ങളായി	23	57.31	23.18	40.40
19	കുറുമാത്തൂർ	10	18.95	11.39	60.10
20	പരിയാരം	19	43.85	26.15	59.60
21	നാറാത്ത്	18	80.29	36.10	45.00
22	ചപ്പാരപ്പടവ്	17	26.17	12.42	47.5
23	നടുവിൽ	20	75.82	45.62	60.20
24	ഉദയഗിരി	18	48.45	24.85	51.30
25	ആലക്കോട്	18	68.21	19.91	29.20
26	എരുവേശ്ശി	17	40.37	14.35	35.60
27	ഇരിക്കൂർ	3	3.61	3.50	97.00
28	മലപ്പട്ടം	8	11.12	9.32	83.80
29	പയ്യാവൂർ	13	34.93	22.55	64.60
30	കൊളച്ചേരി	10	32.44	23.42	72.20
31	കുറ്റ്യാട്ടൂർ	14	27.74	19.86	71.60
32	മയ്യിൽ	15	36.44	22.69	62.30
33	പടിയൂർകല്യാട്	11	13.81	8.98	65.00

34	ഉളിക്കൽ	26	57.02	31.70	55.60
35	ചിറക്കൽ	26	55.76	35.98	64.50
36	വളപട്ടണം	3	2.42	1.71	70.80
37	അഴീക്കോട്	20	82.64	29.46	35.60
38	അഞ്ചരക്കണ്ടി	10	7.73	7.73	100.00
39	കടമ്പൂർ	9	4.47	4.47	100.00
40	മുഴപ്പിലങ്ങാട്	8	10.77	2.53	23.50
41	ചെമ്പിലോട്	7	8.40	8.40	100.00
42	മുണ്ടേരി	12	26.94	18.37	68.20
43	പെരളശ്ശേരി	9	17.64	17.64	100.00
44	ധർമ്മടം	12	14.63	7.74	52.90
45	എരഞ്ഞോളി	8	6.19	4.67	75.40
46	കതിരൂർ	6	13.37	6.37	47.60
47	കോട്ടയം	7	5.21	4.71	90.40
48	പിണറായി	9	11.44	8.57	74.90
49	ചൊക്ലി	12	10.60	9.61	90.70
50	ന്യൂമാഹി	8	4.50	4.15	92.20
51	മൊകേരി	5	3.09	3.09	99.90
52	പന്ന്യന്നൂർ	6	3.17	2.97	93.80
53	തൃപ്രങ്ങോട്ടൂർ	7	10.64	10.64	100.00
54	ചിറ്റാരിപ്പറമ്പ	10	4.80	3.84	79.80
55	കൂന്നോത്ത്പറമ്പ	6	18.02	8.38	46.50
56	മാങ്ങാട്ടിടം	10	11.33	10.29	90.80
57	പാട്യം	9	6.05	5.97	98.70
58	വേങ്ങാട്	9	11.28	9.36	83.00
59	ആറളം	8	5.74	2.74	47.70
60	അയ്യൻകുന്ന്	7	15.56	3.35	21.50
61	കീഴല്ലൂർ	4	7.57	7.40	97.80
62	തില്ലങ്കേരി	5	4.28	1.68	39.20
63	കൂടാളി	9	11.08	8.84	79.80
64	പായം	10	21.24	17.74	83.50
65	കണിച്ചാർ	10	7.86	3.89	49.50
66	കേളകം	4	4.56	2.76	60.50
67	കൊട്ടിയൂർ	6	9.73	4.60	47.30
68	മുഴക്കുന്ന്	6	5.56	3.56	64.10
69	കോളയാട്	5	7.33	4.60	62.90
70	മാലൂർ	4	4.95	1.00	20.20
71	പേരാവൂർ	8	14.23	6.13	43.10
	ആകെ	**812**	**1714.61**	**1041.91**	**60.8**

പ്രധാന പോരായ്മകൾ

പ്രീമെട്രിക് തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ പര്യാപ്തമല്ല. ലംപ്സംഗ്രാന്റ് ഇനത്തിൽ നൽകുന്ന തുക വളരെ തുച്ചമാണ് എന്ന് കാണാവുന്നതാണ്. ഉന്നത വിദ്യാഭ്യാസം നടത്തുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കാവുന്നതാണ് എങ്കിലും മിക്ക തദ്ദേശ ഭരണ സ്ഥാപനങ്ങളും ഇതിനായി ആവശ്യത്തിന് തുക നീക്കി വെച്ചിട്ടില്ല.

പ്രീമെട്രിക് ഹോസ്റ്റലുകൾ ബ്ലോക്ക് പഞ്ചായത്തുകൾക്കും, നഴ്സറി സ്കൂളുകൾ ഗ്രാമപഞ്ചായത്തുകൾക്കും കൈമാറിയിട്ടുണ്ട്. എങ്കിലും മേൽ സ്ഥാപനത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് പദ്ധതി വിഹിതം കൂടുതലായി നീക്കി വയ്ക്കേണ്ടതാണ്.

വകുപ്പിന് കീഴിലുള്ള ഹോസ്റ്റലുകളും നഴ്സറി സ്കൂളുകളിലും കുട്ടികളുടെ എണ്ണം കുറവാണ് എന്നത് പ്രധാന പോരായ്മയാണ്.

മുൻവർഷത്തിൽ വകുപ്പ മുഖേനയും കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേനയും വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴിയും ഭവന നിർമാണ ധനസഹായം കൈപ്പറ്റിയതിൽ നിരവധി പേർ നിർമാണ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.

ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ സംഭവിക്കുന്ന കാലവിളംബം യഥാസമയം പദ്ധതികൾ ആരംഭിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നു.

ത്രിതല പഞ്ചായത്തുകളിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. പദ്ധതികൾക്ക് രൂപം നൽകുന്നതിനും, ഫലപ്രദമായി നിർവഹണം നടത്തുന്നതിലും വർക്കിംഗ് ഗ്രൂപ്പുകൾ നിർണായക പങ്ക് വഹിക്കേണ്ടതാണ്. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളിൽ മറ്റ വകുപ്പകളുമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായുള്ള സംയോജന സാധ്യതകൾ പൂർണമായും പ്രയോജനപ്പെടുത്തിയിട്ടില്ല. പദ്ധതികൾ കൂടുതലും തൊഴിൽ സൃഷ്ടിക്കുന്നതിനോ ആസ്തികൾ സൃഷ്ടിക്കുന്നതിനോ ഉതകുന്നതല്ല. സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള പദ്ധതികൾ വളരെ കുറവാണ് എന്ന് കാണാൻ കഴിയും.

പട്ടികജാതി ഉപപദ്ധതി പ്രകാരം രൂപം നൽകുന്ന നിർമാണ പ്രവൃത്തികളുടെ ഗുണനിലവാരം തൃപ്തികരമല്ല. പട്ടികജാതി ഉപ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന നിർമാണ പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തുന്നതിനായി പ്രത്യേക മോണിറ്ററിംഗ് സമിതി തദ്ദേശ ഭരണ സ്ഥാപനതലത്തിൽ രൂപികരിക്കേണ്ടതാണ്. പട്ടികജാതി വികസന വകുപ്പിന് സ്വന്തമായി എഞ്ചിനീയറിംഗ് വിഭാഗം ഇല്ലാത്തതിനാൽ വകുപ്പ മുഖേന നടപ്പിലാക്കുന്ന നിർമാണ പ്രവൃത്തി നിർവഹണം നടത്തുന്നതിന് മറ്റ ഏജൻസിയുടെ സഹായം തേടേണ്ടി വരുന്നു. ഇത് കാലതാമസം വരുത്തുന്നതിന് ഇടയാക്കുന്നു. സങ്കേതത്തിൽ സ്ഥലലഭ്യത ഇല്ലാത്തത് കാരണം അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രയാസം നേരിടുന്നു.

കുടിവെള്ള പദ്ധതികൾ യഥാസമയം അറ്റകുറ്റപ്പണി നടത്തുന്നതിലും മികച്ച രീതിയിൽ പരിപാലിക്കുന്നതിലും അലംഭാവം കാണിക്കുന്നതായി കണ്ടുവരുന്നു. വകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിൽ പരാജയപ്പെട്ടു. ഗ്രാമസഭയിൽ പട്ടികജാതിക്കാരുടെ പങ്കാളിത്തം കുറവാണ് എന്ന് കണ്ടെത്തിയിട്ടുണ്ട്.

പട്ടികവർഗ വികസനം

2016-17 വർഷത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ അവലോകനം ചെയ്യുകയാണെങ്കിൽ സേവന മേഖലകൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടാണ് കൂടുതൽ പദ്ധതികൾ തയ്യാറാക്കിയിട്ടുളളതും ഫണ്ട് ചെലവഴിച്ചിട്ടുള്ളതുമെന്ന് മനസിലാക്കാം. ഉത്പാദന മേഖലയിൽ പദ്ധതികൾ വളരെ നാമമാത്രമായിട്ടാണ് തയ്യാറാക്കിയിട്ടുളളത്. എന്നാലിതിൽ നിന്നും വിഭിന്നമായി കുത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് ഉത്പാദന മേഖലയിൽ പദ്ധതികൾ തയ്യാറാക്കിയതും ആയതിന് 100% തുക ചെലവഴിച്ചതും അഭിനന്ദനാർഹമാണ്.

കണ്ണൂർ ജില്ലാപഞ്ചായത്ത് 2016-17 വർഷം പട്ടികവർഗ ഉപപദ്ധതിയിൽ 16 പ്രൊജക്ടുകൾ നടപ്പിലാക്കിയതിൽ 5 എണ്ണം സ്പിൽ ഓവർ പദ്ധതികളാണ്. സേവന മേഖലയിൽ മാത്രം നടപ്പിലാക്കിയ ഈ പ്രൊജക്ടുകൾക്കായി 46% തുകയാണ് ചെലവഴിച്ചിട്ടുളളത്.

ബ്ലോക്ക് പഞ്ചായത്തുകളുടെ പട്ടികവർഗ ഉപപദ്ധതിയിൽ ആകെ 37 പ്രൊജക്ടുകളാണ് ഏറ്റെടുത്തത്. സ്പിൽ ഓവർ ഇല്ല. സേവന മേഖലയിൽ 39% തുകയും ഉത്പാദന മേഖലയിൽ 23% തുകയും പശ്ചാത്തല മേഖലയിൽ 99% തുകയുമാണ് ചെലവഴിച്ചിട്ടുളളത്.

ഗ്രാമപഞ്ചായത്ത് തലത്തിൽ ആകെ 416 പ്രൊജക്ടുകളാണ് പട്ടികവർഗ ഉപ പദ്ധതിയിൽ 2016-17 വർഷം തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ സേവന മേഖലയിൽ 58% വും ഉത്പാദന മേഖലയിൽ 49% വും പശ്ചാത്തലത്തിൽ 52% വും തുകയാണ് ചെലവഴിച്ചിട്ടുള്ളത്.

വർഷം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പട്ടിക വർഗ്ഗ ഉപ പദ്ധതി വിഭാഗത്തിൽ 17-2016 നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ

തദ്ദേശ ഭരണ സ്ഥാപനം	മേഖലാടിസ്ഥാനത്തിൽ പദ്ധതികളുടെ എണ്ണവും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും									ആകെ വകയിരുത്തിയ തുക	ആകെ ചെലവഴിച്ച തുക	ശതമാനം
	ഉൽപാദനം			സേവനം			പശ്ചാത്തലം					
	ആകെ പ്രൊജക്ടുകൾ	വകയിരുത്തിയ തുക	ചിലവഴിച്ച തുക	ആകെ പ്രൊജക്ടുകൾ	വകയിരുത്തിയ തുക	ചിലവഴിച്ച തുക	ആകെ പ്രൊജക്ടുകൾ	വകയിരുത്തിയ തുക	ചിലവഴിച്ച തുക			
ജില്ലാ പഞ്ചായത്ത്	1	8.00	0	6	176.78	68.98	0	0	0	184.78	68.98	37.30
ബ്ലോക്ക് പഞ്ചായത്ത്	2	34.00	10.80	28	151.40	87.35	3	11.53	11.47	196.93	109.63	55.57
ഗ്രാമ പഞ്ചായത്ത്	28	29.73	15.54	241	433.08	254.89	51	152.59	92.96	615.41	363.39	59.00
മുനിസിപാലിറ്റി	1	1.50	0	10	14.30	8.56	2	12.60	11.50	28.40	20.06	70.60
കോർപ്പറേഷൻ	0	0	0	7	2.50	0.31	0	0	0	2.50	0.31	12.40

വർഷം ബ്ലോക്ക് പഞ്ചായത്തുകൾ പട്ടിക വർഗ്ഗ ഉപ പദ്ധതി വിഭാഗത്തിൽ 17-2016 നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ

ബ്ലോക്ക് പഞ്ചായത്തിന്റെ പേര്	മേഖലാടിസ്ഥാനത്തിൽ പദ്ധതികളുടെ എണ്ണവും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും									ആകെ വകയിരുത്തിയ തുക	ആകെ ചെലവഴിച്ച തുക	ശതമാനം
	ഉൽപാദനം			സേവനം			പശ്ചാത്തലം					
	ആകെ പ്രൊജക്ടുകൾ	വകയിരുത്തിയ തുക	ചിലവഴിച്ച തുക	ആകെ പ്രൊജക്ടുകൾ	വകയിരുത്തിയ തുക	ചിലവഴിച്ച തുക	ആകെ പ്രൊജക്ടുകൾ	വകയിരുത്തിയ തുക	ചിലവഴിച്ച തുക			
പയ്യന്നൂർ	–	–	–	1	0.045	0.040	–	–	–	0.045	0.40	89.20
തളിപ്പറമ്പ	–	–	–	1	1.031	1.030	–	–	–	1.031	1.030	99.9
ഇരിക്കൂർ	–	–	–	2	15.06	12.30	–	–	–	15.06	12.30	81.70
കണ്ണൂർ	–	–	–	1	0.45	0.45	–	–	–	0.45	0.45	100
എടക്കാട്	–	–	–	1	0.66	0.66	–	–	–	0.66	0.66	100
തലശ്ശേരി	–	–	–	1	0.39	0.39	–	–	–	0.39	0.39	100
കുത്തുപറമ്പ	1	6.00	6.00	2	24.93	16.64	–	–	–	30.93	22.64	73.20

ഇരിട്ടി	–	–	–	9	42.93	15.06	–	–	–	42.93	15.06	35.10
പേരാവൂർ	2	28.00	4.80	7	64.86	39.74	3	11.53	11.47	104.39	56.01	53.65
കല്യാശ്ശേരി	–	–	–	1	0.41	0.41	–	–	–	0.41	0.41	100
പാന്തൂർ	–	–	–	1	0.627	0.627	–	–	–	0.627	0.627	100
ആകെ	3	34.00	10.80	27	151.393	87.347	3	11.53	11.47	196.923	109.977	55.85

വർഷം ബ്ലോക്ക് പഞ്ചായത്തുകൾ പട്ടിക വർഗ്ഗ ഉപ പദ്ധതി 17-2016
വിഭാഗത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ

ഗ്രാമ പഞ്ചായത്തിന്റെ പേര്	മേഖലാടിസ്ഥാനത്തിൽ പദ്ധതികളുടെ എണ്ണവും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും									ആകെ വകയിരുത്തിയ തുക	ആകെ ചെലവഴിച്ച തുക	ശതമാനം
	ഉൽപാദനം			സേവനം			പശ്ചാത്തലം					
	ആകെ പ്രോജക്ടുകൾ	വകയിരുത്തിയ തുക	ചെലവഴിച്ച തുക	ആകെ പ്രോജക്ടുകൾ	വകയിരുത്തിയ തുക	ചെലവഴിച്ച തുക	ആകെ പ്രോജക്ടുകൾ	വകയിരുത്തിയ തുക	ചെലവഴിച്ച തുക			
ആലക്കോട്	–	–	–	1	1.36	0.75	–	–	–	1.36	0.75	55.30
അഞ്ചരക്കണ്ടി	–	–	–	1	0.56	0.56	–	–	–	0.56	0.56	100
ആറളം	–	–	–	11	50.80	38.70	4	17.67	16.67	68.47	55.37	80.87
അയ്യൻകുന്ന്	–	–	–	4	12.85	3.14	5	21.61	17.08	34.46	20.22	58.68
ചപ്പാരപ്പടവ്	–	–	–	1	0.06	0.06	–	–	–	0.06	0.06	100
ചെമ്പിലോട്	–	–	–	1	0.02	0.02	–	–	–	0.02	0.02	100
ചെങ്ങളായി	–	–	–	1	0.16	0.16	–	–	–	0.16	0.16	100
ചെറുകുന്ന്	–	–	–	1	0.24	0.24	–	–	–	0.24	0.24	100
ചെറുതാഴം	–	–	–	1	0.1	0.1	–	–	–	0.10	0.10	100
ചിറക്കൽ	–	–	–	1	0.37	0.37	–	–	–	0.37	0.37	100
ചിറ്റാരിപ്പറമ്പ	4	1.67	1.48	12	22.24	18.16	2	4.90	4.90	28.81	24.54	85.18
ചൊക്ലി	–	–	–	1	0.10	0.10	–	–	–	0.10	0.10	100
എരുവേശ്ശി	–	–	–	1	0.43	0.08	–	–	–	0.43	0.08	18.20
ഏഴോം	–	–	–	1	0.02	0.02	–	–	–	0.02	0.02	100
ഇരിക്കൂർ	1	-0.10	0.10	–	–	–	–	–	–	0.10	0.10	100
കടമ്പൂർ	–	–	–	2	0.24	0.24	–	–	–	0.24	0.24	100
കടന്നപ്പള്ളി പാണപ്പുഴ	–	–	–	1	0.21	0.21	–	–	–	0.21	0.21	100
കതിരൂർ	–	–	–	1	0.35	0.35	–	–	–	0.35	0.35	100
കണിച്ചാർ	4	2.8	2.65	23	47.18	27.59	6	16.20	4.03	66.18	34.27	51.78
കണ്ണപുരം	–	–	–	1	0.27	0.27	–	–	–	0.27	0.27	100
കരിവെള്ളൂർ പെരളം	–	–	–	1	0.08	0.08	–	–	–	0.08	0.08	100
കീഴല്ലൂർ	–	–	–	1	0.60	0.60	–	–	–	0.60	0.60	100

കേളകം	–	–	–	9	20.87	8.63	4	18.84	8.70	39.71	17.33	43.64
കൊളച്ചേരി	–	–	–	1	0.21	0.21	–	–	–	0.21	0.21	100
കോളയാട്	7	14.14	5.23	17	42.37	27.49	17	50.79	31.55	107.30	64.27	59.90
കൂടാളി	–	–	–	1	0.13	0.13	–	–	–	0.13	0.13	100
കൊട്ടിയൂർ	5	4.75	1.36	16	32.37	11.94	2	2.30	0.98	39.42	14.28	36.23
കുന്നോത്തുപറമ്പ	–	–	–	4	0.717	0.713	–	–	–	0.717	0.713	99.40
മാടായി	–	–	–	1	0.29	0.29	–	–	–	0.29	0.29	100
മലപ്പട്ടം	–	–	–	1	0.02	0.02	–	–	–	0.02	0.02	100
മാലൂർ	–	–	–	6	6.98	2.75	–	–	–	6.98	2.75	39.40
മാങ്ങാട്ടിടം	1	0.09	0.09	2	0.07	0.07	–	–	–	0.16	0.16	100
മാട്ടൂൽ	–	–	–	1	0.08	0.08	–	–	–	0.08	0.08	100
മയ്യിൽ	–	–	–	1	0.13	0.13	–	–	–	0.13	0.13	100
മുണ്ടേരി	–	–	–	1	0.10	0.10	–	–	–	0.10	0.10	100
മുഴക്കുന്ന്	–	–	–	16	46.93	16.03	2	4.63	2.48	51.56	18.51	35.90
നടുവിൽ	–	–	–	1	2.92	0.40	–	–	–	2.92	0.40	13.70
പടിയൂർ കല്യാട്	1	1.25	0.32	13	20.21	16.46	1	2.00	1.48	23.46	18.26	77.83
പന്ന്യന്നൂർ	–	–	–	1	0.27	0.27	–	–	–	0.27	0.27	100
പാപ്പിനിശ്ശേരി	–	–	–	1	0.19	0.19	–	–	–	0.19	0.19	100
പരിയാരം	1	0.08	0.08	–	–	–	–	–	–	0.08	0.08	100
പാട്യം	3	2.85	2.24	15	28.15	23.72	–	–	–	31.00	25.96	83.74
പായം	–	–	–	8	22.54	9.51	–	–	–	22.54	9.51	42.20
പയ്യാവൂർ	–	–	–	3	0.47	0.33	3	10.51	4.73	10.98	5.06	46.08
പെരളശ്ശേരി	–	–	–	1	0.48	0.48	–	–	–	0.48	0.48	100
പേരാവൂർ	–	–	–	8	29.15	14.32	1	0.42	0.36	29.57	15.28	51.67
പിണറായി	–	–	–	1	0.16	0.16	–	–	–	0.16	0.16	100
തില്ലങ്കേരി	–	–	–	7	15.52	8.52	–	–	–	15.52	8.52	54.90
തൃപ്രങ്ങോട്ടൂർ	1	2.0	2.01	7	5.84	5.84	–	–	–	7.84	7.84	100
ഉദയഗിരി	–	–	–	1	0.40	0.40	–	–	–	0.40	0.40	100
ഉളിക്കൽ	–	–	–	6	16.60	14.24	–	–	–	16.60	14.24	85.78
വേങ്ങാട്	–	–	–	1	0.10	0.10	–	–	–	0.10	0.10	100
ആകെ	**28**	**29.73**	**15.55**	**219**	**432.507**	**256.923**	**47**	**149.87**	**92.96**	**612.107**	**364.43**	**59.54**

ബ്ലോക്ക് പഞ്ചായത്തുകളും മുൻസിപ്പാലിറ്റികളും, പശ്ചാത്തലമേഖലയിലും, ഗ്രാമപഞ്ചായത്തുകളും ജില്ലാപഞ്ചായത്തും സേവന മേഖലയിലുമാണ് കൂടുതൽ തുക ചെലവഴിച്ചിട്ടുള്ളത്. 70% ന് മുകളിൽ തുക ചെലവഴിച്ച പഞ്ചായത്തുകൾ (പട്ടികവർഗ ജനസംഖ്യ കൂടുതൽ ഉള്ള പഞ്ചായത്തുകൾ) തൃപ്പങ്ങോട്ടൂർ, ചിറ്റാരിപ്പറമ്പ്, പടിയൂർ, ആറളം, പെരിങ്ങോം വയക്കര, മാങ്ങാട്ടിടം തുടങ്ങിയവയാണ്. 2016-17 വർഷം പട്ടികവർഗ ഉപപദ്ധതിയിൽ ചെലവായതുക വളരെ കുറവാണെന്ന് വിശകലനം ചെയ്തതിൽ മനസ്സിലാക്കാൻ കഴിയുന്നതാണ്.

6.4(ബി) വനിതകൾ, വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെന്റർ എന്നിവരുടെ വികസനം

വനിത

പദ്ധതിയുടെ പേര്	മുൻസിപ്പാലിറ്റി	വിഭാഗം
ഹയർസെക്കന്ററി സ്കൂളിലെ പെൺകുട്ടികൾക്ക് സ്വയം പ്രതിരോധവും യോഗ പരിശീലനവും	ശ്രീകണ്ഠാപുരം	കലാസാംസ്കാരിക കായിക വികസനം. യുവജനക്ഷേമം
വനിതകൾക്ക് വാഴക്കന്ന് വിതരണം	പാനൂർ	കൃഷി
വനിതകൾക്ക് കിഴങ്ങുവർഗ കിറ്റ് വിതരണം	പാനൂർ	കൃഷി
ദരിദ്ര്യ യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനം	തലശ്ശേരി	തൊഴിൽ വൈദഗ്ധ്യ പോഷണം
കണ്ടങ്കാളി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന് ഗേൾസ് ടോയിലറ്റ്	പയ്യന്നൂർ	വിദ്യാഭ്യാസം
വനികൾക്ക് വിളക്കുതിരി നിർമാണ പദ്ധതി	ആന്തൂർ	വ്യവസായം തൊഴിൽ തൊഴിൽ സംരംഭങ്ങൾ വിപണന പ്രോത്സാഹനം
പാളിയത്തുവളപ്പ് വനിതാ വ്യവസായ കേന്ദ്രം ഒന്നാം നില നിർമാണം	ആന്തൂർ	വ്യവസായം തൊഴിൽ തൊഴിൽ സംരംഭങ്ങൾ വിപണന പ്രോത്സാഹനം
കുടുംബശ്രീ യൂണിറ്റുകൾക്ക് കാന്റീൻ	ഇരിട്ടി	വ്യവസായം തൊഴിൽ തൊഴിൽ സംരംഭങ്ങൾ വിപണന പ്രോത്സാഹനം
കുടുംബശ്രീ വനിതകൾക്ക് സ്വയം തൊഴിൽ യൂണിറ്റ് തുണി സഞ്ചി നിർമാണം ജൈവവള നിർമാണം	ഇരിട്ടി	വ്യവസായം തൊഴിൽ തൊഴിൽ സംരംഭങ്ങൾ വിപണന പ്രോത്സാഹനം
എസ്.സി. കുടുംബശ്രീ വനിതകൾക്ക് ഗാർമെന്റ്സ് യൂണിറ്റ്	ഇരിട്ടി	വ്യവസായം തൊഴിൽ തൊഴിൽ സംരംഭങ്ങൾ വിപണന പ്രോത്സാഹനം
എസ്.ടി. കുടുംബശ്രീ വനിതകൾക്ക് ഗാർമെന്റ്സ് യൂണിറ്റ്	ഇരിട്ടി	വ്യവസായം തൊഴിൽ തൊഴിൽ സംരംഭങ്ങൾ വിപണന പ്രോത്സാഹനം
വനിതാ കോഫി ബങ്ക്	കൂത്തുപറമ്പ്	വ്യവസായം തൊഴിൽ തൊഴിൽ സംരംഭങ്ങൾ വിപണന പ്രോത്സാഹനം
വനിതാ സ്വയം തൊഴിൽ	തലശ്ശേരി	വ്യവസായം തൊഴിൽ തൊഴിൽ സംരംഭങ്ങൾ വിപണന പ്രോത്സാഹനം
വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം	പയ്യന്നൂർ	വ്യവസായം തൊഴിൽ തൊഴിൽ സംരംഭങ്ങൾ വിപണന പ്രോത്സാഹനം
വനിതകൾക്ക് പരമ്പരാഗത തൊഴിൽ യൂണിറ്റും വിപണനവും	പയ്യന്നൂർ	വ്യവസായം തൊഴിൽ തൊഴിൽ സംരംഭങ്ങൾ വിപണന പ്രോത്സാഹനം
വനിതാ കാറ്ററിംഗ് യൂണിറ്റ്	മട്ടന്നൂർ	വ്യവസായം തൊഴിൽ തൊഴിൽ സംരംഭങ്ങൾ വിപണന പ്രോത്സാഹനം
വനിതാ ലോൺട്രി യൂണിറ്റ്	മട്ടന്നൂർ	വ്യവസായം തൊഴിൽ തൊഴിൽ സംരംഭങ്ങൾ വിപണന പ്രോത്സാഹനം
ഷീ ടാക്സി	മട്ടന്നൂർ	വ്യവസായം തൊഴിൽ തൊഴിൽ സംരംഭങ്ങൾ വിപണന പ്രോത്സാഹനം
വനിതകൾക്ക് തൊഴിൽ സംരംഭ പ്രോത്സാഹനം	മട്ടന്നൂർ	വ്യവസായം തൊഴിൽ തൊഴിൽ സംരംഭങ്ങൾ വിപണന പ്രോത്സാഹനം
ജൂബിലി കോംപ്ലക്സ് സമീപം ഷീ ടോയിലറ്റ് നിർമാണം	തലശ്ശേരി	ശുചിത്വം, മാലിന്യ സംസ്കരണം
സ്കൂളുകളിൽ പെൺകുട്ടികൾക്ക് നാപ്കിൻ വെന്റിംഗ് മെഷീൻ (ഷീ പാഡ്)	പയ്യന്നൂർ	ശുചിത്വം, മാലിന്യ സംസ്കരണം
സ്കൂൾ വിദ്യാർത്ഥികൾക്ക് നാപ്കിൻ അനുബന്ധ സാമഗ്രികൾ (ഷീ പാഡ്)	പയ്യന്നൂർ	ശുചിത്വം, മാലിന്യ സംസ്കരണം
കളരി, കരാട്ടെ പരിശീലനം (പെൺകുട്ടികൾക്ക്)	ഇരിട്ടി	സാമൂഹ്യ ക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം
എസ്.സി. പെൺകുട്ടികൾക്ക് വിവാഹ ധനസഹായം	ഇരിട്ടി	സാമൂഹ്യ ക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം

എസ്.ടി. പെൺകുട്ടികൾക്ക് വിവാഹ ധനസഹായം	ഇരിട്ടി	സാമൂഹ്യ ക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം
വനിതാ ഹോസ്റ്റൽ മെയിന്റനൻസ്	ഇരിട്ടി	സാമൂഹ്യ ക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം
എസ്.സി. പെൺകുട്ടികൾക്ക് വിവാഹ ധനസഹായം	കൂത്തുപറമ്പ്	സാമൂഹ്യ ക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം
മഹിളാ മന്ദിരം അറ്റകുറ്റപ്പണികൾ ചിറക്കൽ വാർഡ്	തലശ്ശേരി	സാമൂഹ്യ ക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം
സ്ത്രീകൾക്കുള്ള യോഗ പരിശീലനം ആയുഷുമായി സഹകരിച്ച്	തലശ്ശേരി	സാമൂഹ്യ ക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം
പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം	തലശ്ശേരി	സാമൂഹ്യ ക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം
സ്ത്രീകൾക്കുള്ള യോഗ പരിശീലനം ആയുഷുമായി സഹകരിച്ച് രണ്ടാം ഘട്ടം	തലശ്ശേരി	സാമൂഹ്യ ക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം
മഹിളാ മന്ദിരത്തിലേക്ക് ആവശ്യമുള്ള ഉപകരണങ്ങൾ വാങ്ങൽ	തലശ്ശേരി	സാമൂഹ്യ ക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം
വനിതകൾക്ക് സ്വയം പ്രതിരോധവും യോഗ പരിശീലനവും	പയ്യന്നൂർ	സാമൂഹ്യ ക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം
എസ്.സി. പെൺകുട്ടികൾക്ക് വിവാഹ ധനസഹായം	പയ്യന്നൂർ	സാമൂഹ്യ ക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം
വനിതാ റിസോർസ് സെന്റർ പ്രവർത്തനം	മട്ടന്നൂർ	സാമൂഹ്യ ക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം

കണ്ണൂർ കോർപറേഷൻ

പദ്ധതിയുടെ പേര്	വിഭാഗം
മണൽ വനിതാ വ്യവസായ കേന്ദ്രം ഇലക്ട്രിക് വയറിംഗ്, ഗ്രിൽ ആന്റ് ബോർഡ് സ്ഥാപിക്കൽ	ഉൽപ്പാദന സേവന മേഖലകളിൽ ഉൾപ്പെടാത്ത പൊതു കെട്ടിടങ്ങൾ
വനിതാ സാംസ്കാരിക നിലയങ്ങൾക്ക് ഫർണിച്ചർ വാങ്ങൽ	ഉത്പാദന സേവന മേഖലകളിൽ ഉൾപ്പെടാത്ത പൊതു കെട്ടിടങ്ങൾ
വനിതകൾക്ക് പച്ചക്കറി ചട്ടി വിതരണം	കൃഷി
ഭവന നിർമാണം വനിത	പാർപ്പിടം, വീട്, വൈദ്യുതീകരണം, ചേരി വികസനം

വയോജനം

തദ്ദേശ ഭരണ സ്ഥാപനങ്ങൾ/പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ എന്നിവ വഴി 2017-18 ൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ. വയോജനങ്ങളുടെ ക്ഷേമം ഉറപ്പ് വരുത്തുന്നതിന് ഉതകത്തക്ക രീതിയിലുള്ള വിവിധ പദ്ധതികൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി ജില്ലയിൽ നടപ്പിലാക്കി വരുന്നുണ്ട്. ടി സ്ഥാപനങ്ങളുടെ വികസന ഫണ്ടിന്റെ 5% തുക വയോജന ക്ഷേമത്തിനായുള്ള പദ്ധതികൾക്കായി നിർബന്ധമായും നീക്കി വെയ്ക്കേണ്ടതാണ്. കണ്ണൂർ ജില്ലയിൽ 2017-18 വർഷം വയോജന ക്ഷേമത്തിനായി വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങൾ നീക്കിവെച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. കണ്ണൂർ ജില്ലാ പഞ്ചായത്ത് നടപ്പുവർഷം വയോജന ക്ഷേമത്തിനായി സ്പിൽ ഓവർ പദ്ധതിയായി 82 ലക്ഷത്തോളം രൂപ വകയിരുത്തിയിട്ടുണ്ട്.

സന്നദ്ധ സംഘടനകൾ നടത്തുന്ന വയോജന കേന്ദ്രങ്ങൾ ജില്ലയിലുണ്ട്. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അനുമതിയോടുകൂടി പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്ക് പലതിനും സാമൂഹ്യനീതി വകുപ്പ് വഴി ധനസഹായം നൽകി വരുന്നുണ്ട്. 2015-16 വർഷത്തേയ്ക്കുള്ള ഗ്രാന്റ് ഇനത്തിൽ 1,40,08,910/- രൂപ ജില്ലയിൽ ചിലവഴിച്ചിട്ടുണ്ട്.

മേൽ വിവരിച്ചവ കൂടാതെ വയോജന സംരക്ഷണ മേഖലയിൽ മുതിർന്ന പൗരന്മാരുടെ ക്ഷേമവും സംരക്ഷണവും ഉറപ്പ് വരുത്തുന്നതിനുള്ള നിയമങ്ങളും ജില്ലയിൽ നടപ്പിലാക്കി വരുന്നു. 2007-ലെ ടി നിയമമനുസരിച്ച് ആർ.ഡി.ഒ/സബ്കളക്ടർമാരെ മെയിന്റനൻസ് ട്രൈബ്യൂണൽമാരായി ഡെസിഗ്നേറ്റ് ചെയ്യുകയും അത്തരത്തിലുള്ള ഒരു മെയിന്റനൻസ് ട്രൈബ്യൂണൽ ജില്ലയിലെ തലശ്ശേരിയിൽ പ്രവർത്തിച്ചു വരുന്നുമുണ്ട്.

പദ്ധതിയുടെ പേര്	മുൻസിപ്പാലിറ്റി	വിഭാഗം
കോടല്ലൂർ വയോജന വിശ്രമ കേന്ദ്രം	ആന്തൂർ	സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം
പട്ടികവർഗക്കാരായ മുതിർന്ന പൗരൻമാർക്ക് കട്ടിൽ	ഇരിട്ടി	സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം
ബിപിഎൽ കുടുംബങ്ങളിലെ 60കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിലും കിടക്കയും	തളിപ്പറമ്പ്	സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം
വട്ടപ്പാറ വയോജന വിശ്രമ കേന്ദ്രത്തിന്റെ ഷട്ടിൽ കോർട്ട് നിർമ്മാണം	തളിപ്പറമ്പ്	സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം
60 വയസ്സു കഴിഞ്ഞവർക്ക് കട്ടിലും കിടക്കയും (എസ്സ്.സി.പി.)	തളിപ്പറമ്പ്	സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം
വട്ടപ്പാറ വയോജന വിശ്രമ കേന്ദ്രം	തളിപ്പറമ്പ്	സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം
എസ് സി വയോജനങ്ങൾക്ക് കട്ടിൽ	പയ്യന്നൂർ	സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം
വൃദ്ധജനങ്ങൾക്ക് പകൽ വിശ്രമ കേന്ദ്രം നിർമിക്കൽ	മട്ടന്നൂർ	സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം
വയോജന പരിപാലന പരിപാടി	മട്ടന്നൂർ	സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം
60 വയസ്സുകഴിഞ്ഞ സ്ത്രീകൾക്ക് കട്ടിൽ(ജനറൽ)	ശ്രീകണ്ഠാപുരം	സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം
60 വയസ്സുകഴിഞ്ഞ സ്ത്രീകൾക്ക് കട്ടിൽ(എസ്.സി.)	ശ്രീകണ്ഠാപുരം	സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം
ചെരിക്കോട് വയോജന വിശ്രമ കേന്ദ്രത്തിൽ ഫർണ്ണിച്ചർ	ശ്രീകണ്ഠാപുരം	സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം
വൃദ്ധജനങ്ങൾക്ക് വിനോദ വിശ്രമ കേന്ദ്രത്തിനായി സ്ഥലം വാങ്ങൽ	ശ്രീകണ്ഠാപുരം	സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം
60 വയസ്സുകഴിഞ്ഞ സ്ത്രീകൾക്ക് കട്ടിൽ(ജനറൽ)	ശ്രീകണ്ഠാപുരം	സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം
60 വയസ്സുകഴിഞ്ഞ സ്ത്രീകൾക്ക് കട്ടിൽ(എസ്.സി.)	ശ്രീകണ്ഠാപുരം	സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം

കണ്ണൂർ കോർപറേഷൻ

പദ്ധതിയുടെ പേര്	വിഭാഗം
വയോജന വിശ്രമ കേന്ദ്രങ്ങൾക്ക് ഫർണ്ണിച്ചർ വാങ്ങൽ	ഉത്പാദന സേവന മേഖലയിൽ ഉൾപ്പെടാത്ത പൊതു കെട്ടിടങ്ങൾ
എടക്കാട് വയോജന വിശ്രമ കേന്ദ്രം പുനരുദ്ധാരണം	സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം
പള്ളിക്കുന്ന് വയോജന വിശ്രമ കേന്ദ്രം പുനരുദ്ധാരണം	സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം
കണ്ണൂർ കോർപറേഷൻ പരിധിയിൽ വൃദ്ധസദനം നിർമാണം	സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം

കട്ടികൾ

- അംഗൻവാടി പോഷകാഹാര പരിപാടി
- അംഗൻവാടികൾക്ക് ഫർണിച്ചർ
- അംഗൻവാടികളിൽ ഗ്യാസ് സ്റ്റൗ, ഗ്യാസ് കണക്ഷൻ ലഭ്യമാക്കൽ
- അംഗൻവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ

അംഗപരിമിതർ

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ അവലോകനം. അംഗപരിമിതരുടെ ക്ഷേമത്തിനായി കണ്ണൂർ ജില്ലാ പഞ്ചായത്ത് 2017-18 വർഷത്തിൽ 3 ലക്ഷം വകയിരുത്തിയിട്ടുണ്ട്. ഭിന്നശേഷിക്കാരുടെ കലാകായിക അഭിരുചികൾ പരിപോഷിപ്പിക്കുന്നതിനാണ് ടി പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. 2017 ഡിസംബർ മാസത്തോട് കൂടി ടി ുക മുഴുവനായും ചിലവഴിക്കുവാൻ സാധിക്കും.

- ഭിന്നശേഷിക്കാർക്ക് ഉപകരണ വിതരണം
- മുച്ചക്ര വാഹന വിതരണം
- മെഡിക്കൽ ക്യാമ്പ്

2016-17 വർഷത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി അംഗപരിമിതർക്കായി നടപ്പാക്കിയ പദ്ധതികളുടെ പഞ്ചായത്ത് തിരിച്ചുള്ള ചിലവഴിച്ച ുകയുടെ വിവരം ചുവടെ ചേർക്കുന്നു.

നം	പഞ്ചായത്ത് / മുൻസിപ്പാലിറ്റി / ബ്ലോക്ക്	ചിലവഴിച്ച ുക
1	നടുവിൽ	6,00,000
2	ചപ്പാരപ്പടവ്	7,20,000
3	ആലക്കോട്	8,00,000
4	ഉദയഗിരി	2,59,475
5	ന്യൂ മാഹി	2,01,600
6	ധർമടം	8,94,675
7	മുഴപ്പിലങ്ങാട്	5,21,392
8	കൂടാളി	1,36,775
9	കൂടാളി	4,00,000
10	തില്ലങ്കേരി	3,38,174
11	കീഴാറ്റൂർ	3,95,900
12	കീഴാറ്റൂർ	78,600
13	മട്ടന്നൂർ മുൻസിപ്പാലിറ്റി	6,00,000
14	ഏരുവേശ്ശി	3,75,000
15	മലപ്പട്ടം	1,31,700
16	മലപ്പട്ടം	1,76,725
17	മയ്യിൽ	7,93,875
18	മയ്യിൽ	79,200
19	ശ്രീകണ്ഠാപുരം നഗരസഭ	7,12,500
20	പയ്യാവൂർ	4,61,400
21	മുണ്ടേരി	-
22	കൊളച്ചേരി	1,89,981
23	കൊളച്ചേരി	4,20,669
24	കങ്കോൽ-ആലപ്പടമ്പ്	4,70,000
25	പെരിങ്ങോം-വയക്കര	6,80,000
26	ചെറുപുഴ	10,89,450
27	എരമം-കുറ്റൂർ	7,97,650
28	ചെറുതാഴം	7,47,212
29	ചെറുതാഴം	72,174
30	ഏഴോം	2,75,000
31	മാട്ടൂൽ	3,40,000
32	മാട്ടൂൽ	1,79,020
33	മാടായി	9,12,500
34	മാടായി	6,94,800
35	കല്യാശ്ശേരി	1,1,48,251
36	കരിവെള്ളൂർ	4,00,000
37	കരിവെള്ളൂർ	9,90,415
38	രാമന്തളി	7,66,530
39	രാമന്തളി	7,00,000
40	കുഞ്ഞിമംഗലം	4,50,000
41	ഐ.സി.ഡി.എസ്.ഇരിട്ടി	29,00,800
42	എടക്കാട് ബ്ലോക്ക്	3,31,250

43	പെരളശ്ശേരി	5,25,000
44	കടമ്പൂർ	4,68,750
45	കണ്ണൂർ കോർപറേഷൻ	2,82,000
46	കണ്ണൂർ കോർപറേഷൻ	6,30,716
47	കണ്ണൂർ കോർപറേഷൻ	1,62,500
48	കണ്ണൂർ ബ്ലോക്ക്	6,82,612
49	ക്ഷുപറമ്പ് മുൻസിപ്പാലിറ്റി	2,27,931
50	കോട്ടയം	4,87,400
51	എരിഞ്ഞോളി	4,98,750
52	അഞ്ചരക്കണ്ടി	4,09,000
53	പിണറായി	6,91,700
54	വേങ്ങാട്	9,95,200
55	കടന്നപ്പള്ളി	4,00,000
56	കടന്നപ്പള്ളി	3,22,000
57	പാണപ്പുഴ	5,50,000
58	ആന്തൂർ നഗരസഭ	7,00,000
59	ചെറുകുന്ന്	3,37,500
60	കണ്ണപുരം	1,73,750
61	കണ്ണപുരം	4,75,000
62	നാറാത്ത്	3,20,650
63	കല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത്	9,87,900
64	ചെങ്ങളായി ഗ്രാമ പഞ്ചായത്ത്	6,35,500
65	പരിയാരം ഗ്രാമ പഞ്ചായത്ത്	7,97,500
66	തളിപ്പറമ്പ് ബ്ലോക്ക്	12,58,200
67	പട്ടുവം	5,75,000
	ജില്ലാ പഞ്ചായത്ത്	3,00,000

ട്രാൻസ്ജെൻഡേഴ്സ്

ഭിന്നലിംഗക്കാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും അവരുടെ മുഖ്യധാരാവത്ക്കരണവും ലക്ഷ്യം വെച്ചുകൊണ്ട് 2017-18 വർഷത്തിൽ കണ്ണൂർ ജില്ലാ പഞ്ചായത്ത് ട്രാൻസ്ജെൻഡേഴ്സുമാരുടെ മുഖ്യധാരാവത്ക്കരണം എന്ന ഒരു നൂതന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. 2 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ള ടി പദ്ധതിയിലൂടെ ജില്ലയിലെ ട്രാൻസ്ജെൻഡേഴ്സുരുടെ അവസ്ഥാ പഠനവും അവരുടെ കലാകായിക അഭിരുചികൾ പരിപോഷിപ്പിക്കലുമാണ് ഉദ്ദേശിക്കുന്നത്. 2017 ഡിസംബർ മാസാവസാനത്തോടു കൂടി ടി പദ്ധതി പൂർത്തീകരിക്കുവാൻ സാധിക്കും. പുതുതായി അഭിമുഖീകരിക്കുന്ന ഒരു സാമൂഹിക പ്രശ്നമെന്ന നിലയിൽ ട്രാൻസ്ജെൻഡേഴ്സുരുടെ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലും ചില പോരായ്മകൾ സംഭവിച്ചിട്ടുണ്ടെങ്കിലും വരും വർഷങ്ങളിൽ ട്രാൻസ്ജെൻഡേഴ്സ് നയം മുന്നോട്ട് വെയ്ക്കുന്ന സംരക്ഷണ പുനരധിവാസ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിൽ വരുത്തുവാൻ വകുപ്പും, അതുപോലെ തന്നെ തദ്ദേശ ഭരണസ്ഥാപനങ്ങളും നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

അധ്യായം 7

പരിപ്രേക്ഷ്യത്തിന്റെയും നിർദേശങ്ങളുടെയും സംഗ്രഹവും ഉപസംഹാരവും

7.1 (എ) നീർത്തടാധിഷ്ഠിത വികസനം

കണ്ണൂരിന്റെ മൊത്തം ഭൂവിസ്തൃതിയിൽ 4,245 ഹെക്ടർ വയൽഭൂമിയും 3,310 ഹെക്ടർ നെൽകൃഷി ചെയ്യാവുന്ന കരഭൂമിയും വർഷങ്ങളായി തരിശിട്ടിരിക്കുകയാണ്. ആകെ സ്ഥലത്തിന്റെ 2% തരിശായിട്ടിരിക്കുകയാണ്. ആകെ സ്ഥലത്തിന്റെ 0.93 ശതമാനമാണ് കണ്ണൂരിന്റെ നെൽകൃഷി വിസ്തൃതി എന്നറിയുമ്പോഴാണ് 2% വരുന്ന തരിശ്ശു നിലത്തിന് പ്രാധാന്യം കൈവരുന്നത്. കൃഷിസ്ഥലമായ 2,00,467 ഹെക്ടറിൽ 19,748 ഹെക്ടറിൽ മാത്രമാണ് ജലസേചന സൗകര്യമുള്ളത് എന്നതും പ്രധാന വെല്ലുവിളിയാണ്. അതായത് ആകെ കൃഷി സ്ഥലത്തിന്റെ 9.85% മാത്രമാണ് ജലസേചന സൗകര്യമുള്ളത്. ജില്ലയിലെ പ്രധാന ജലസേചനപദ്ധതിയായ പഴശ്ശി പ്രൊജക്ടിന്റെ ജലസേചിത വിസ്തൃതി 11,525 ഹെക്ടർ ആണെങ്കിൽ 8,125 ഹെക്ടർ മാത്രമേ നിലവിൽ ജലസേചനം നടത്തുന്നുള്ളു. ഉപയോഗശൂന്യമായി കിടക്കുന്ന കനാലുകൾ കയ്യേറ്റം അവസ്ഥയുണ്ട്.

കാർഷിക മേഖല നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നം വർദ്ധിച്ചു വരുന്ന കീടരോഗബാധയാണ്. കാലാവസ്ഥാ വ്യതിയാനം വിവിധതരത്തിലുള്ള കീടരോഗ ബാധകളായാണ് വിളകളിൽ അനുഭവപ്പെടുന്നത്. ആവശ്യത്തിന് തൊഴിലാളികളെ യഥാസമയം ലഭ്യമാകാത്തതും പ്രശ്നമാണ്. ഉത്പാദന ചിലവിന്റെ ഏറിയ പങ്കും കൂലി ഇനത്തിനാണ്. അതുകൊണ്ട് തന്നെ തൊഴിലുറപ്പ് പദ്ധതിയെ കാർഷിക മേഖലയിൽ ഉപയോഗപ്പെടുത്തുന്നത് ഗുണം ചെയ്യും. ഉത്പാദനോപാധികളുടെ ലഭ്യതയിൽ പ്രത്യേകിച്ച് മികച്ച നടീൽ വസ്തുക്കളുടെ ലഭ്യതയിലും കുറവുണ്ട്. ആവശ്യത്തിന് നടീൽ വസ്തുക്കൾ യഥാസമയം ലഭ്യമാകുന്നില്ല. ഒപ്പം കാർഷിക വിഭവങ്ങൾക്ക് ശക്തമായ വിപണന സൗകര്യവും അനിവാര്യമാണ്. മികച്ച ഉത്പാദനത്തിന്റെ മെച്ചം യഥാർത്ഥ കർഷകന് ലഭ്യമാകേണ്ടതുണ്ട്.

കാർഷിക വിഭവങ്ങളുടെ സംസ്കരണവും വിപണനവും കാര്യമായി നടക്കാത്ത ഒരു ജില്ലയാണ് കണ്ണൂർ. ഓരോ സീസണിലും ചക്ക, മാങ്ങ, കശുമാങ്ങ തുടങ്ങി വിഭവങ്ങൾ തീരെ ഉപയോഗിക്കപ്പെടാതെ പാഴായി പോകുന്നുണ്ട്. കൃത്യമായ സംഭരണ സംവിധാനമില്ലാത്തതിനാൽ ധാരാളം പച്ചക്കറികളും നശിച്ചു പോകുന്നു. ജൈവകൃഷിക്ക് പ്രാധാന്യം ലഭിച്ചുവരുന്ന കാലമാണെങ്കിലും ജൈവകൃഷി ആവശ്യപ്പെടുന്നതിനനുസരിച്ചുള്ള ജൈവവള ലഭ്യത നമുക്കില്ല. പഴയ കൃഷിക്കാർ ഉപയോഗിച്ചിരുന്നതു പോലെ പച്ചില വളങ്ങളോ ചാണകമോ ലഭിക്കുന്നതിനുള്ള സാധ്യതകളും ഇന്നില്ല. ജില്ലയുടെ മലയോര പഞ്ചായത്തുകളിലും പരിസര പ്രദേശങ്ങളിലും വന്യമൃഗശല്യം കാരണം വ്യാപകമായ നാശമാണ് ഉണ്ടാകുന്നത്. യുവജനങ്ങൾ കാർഷിക മേഖലയിൽ നിന്നും അകന്നു നിൽക്കുന്നത് ഭാവിയിൽ തിരിച്ചടിയാകുമെന്ന യാഥാർത്ഥ്യം മുന്നിൽ കണ്ട് യുവജനങ്ങളെ ഈ മേഖലയിലേക്ക് ആകർഷിക്കാൻ തക്ക കൃഷി സമ്പ്രദായങ്ങളും ഉയർന്നു വരണം.

രൂക്ഷമായ മണ്ണൊലിപ്പ്, വെള്ളപ്പൊക്കം, കുടിവെള്ളക്ഷാമം, വരൾച്ച, അനിയന്ത്രിതവും അശാസ്ത്രീയവുമായ മണൽ, കരിങ്കൽ, ചെങ്കൽ ഖനനം, ശാസ്ത്രീയമായ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളുടെ അഭാവം, നെൽവയലുകൾ നികത്തപ്പെടൽ, ജലാശയങ്ങളുടെയും തണ്ണീർത്തടങ്ങളുടെയും നശീകരണം, മലിനീകരണം എന്നിവയാണ് മണ്ണ്-ജലസംരക്ഷണ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. കണ്ണൂർ ജില്ലയിൽ പ്രധാനമായും ഉപ്പ് വെള്ളം കയറുന്നത് അഴീക്കൽ, മാട്ടൂൽ അഴിമുഖം, മാട്ടൂൽ നോർത്ത്, ചൂട്ടാട്, എട്ടിക്കുളം, ധർമടം, പാലക്കോട്, കൊടുവള്ളി, മാഹി, കടലായി എന്നീ സ്ഥലങ്ങളിലാണ്. കണ്ണൂർ ജില്ലയിലെ പ്രധാന നദികളായ വളപട്ടണം, പെരുമ്പ, രാമപുരം, കുപ്പം അഞ്ചരക്കണ്ടി, മാഹി, തലശ്ശേരി എന്നിവയിൽ വേനൽക്കാലങ്ങളിൽ ഉപ്പ് വെള്ളം കയറി കുടിവെള്ളത്തെയും കൃഷിയെയും സാരമായി ബാധിക്കുന്നുണ്ട്.

പദ്ധതി നിർദേശങ്ങൾ- കൃഷി

മേൽത്തട്ട് നിർദേശങ്ങൾ

- കൃഷിയിടങ്ങളെ വന്യമൃഗശല്യത്തിൽ നിന്നും സംരക്ഷിക്കാനുള്ള മാർഗങ്ങൾ നടപ്പാക്കുക- ആനമതിൽ, ഫെൻസിംഗ്, ട്രഞ്ച് മുതലായവ സ്ഥാപിക്കുക.
- ജില്ലയിലേക്കാവശ്യമാകുന്ന മുഴുവൻ വിത്തുകളും നടീൽ വസ്തുക്കളും ഫാമുകളിൽ ലഭ്യമാക്കുന്ന രീതിയിൽ ഫാമുകളെ ശക്തിപ്പെടുത്തുക.
- മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് വിപണന സൗകര്യം എർപ്പെടുത്തുക.
- വിമാനത്താവളത്തോടനുബന്ധിച്ച് കാർഷിക ഉൽപ്പന്ന വിപണനത്തിനും കയറ്റുമതിക്കുമായി ടെസ്റ്റ് കം കോൾഡ് സ്റ്റോറേജ് സംവിധാനം ഒരുക്കുക.

- വിളകളുടെ ഉത്പാദനക്ഷമതാ വർദ്ധനവിനായി സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രോട്ടോക്കോൾ (എസ്.ഒ.പി.) പ്രാദേശികാടിസ്ഥാനത്തിൽ വികസിപ്പിക്കുക.
- കാർഷിക സർവകലാശാല, ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവരുടെ നേതൃത്വത്തിൽ കർഷക പങ്കാളിത്തത്തോടെ ഗുണനിലവാരമുള്ള കുരുമുളക് തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുക.
- കണ്ണൂർ എയർപോർട്ട് സാധ്യത ഉപയോഗപ്പെടുത്തി ഉൽപ്പന്നങ്ങളായ വാഴപ്പഴം, പച്ചക്കറികൾ എന്നിവ കയറ്റുമതി ചെയ്യുന്നതിനായി ഒരു ഉത്പാദന കമ്പനി രൂപീകരിക്കുക. ഫ്ലൈറ്റ് കിച്ചൻ സൗകര്യം വിമാനത്താവളത്തിൽ ലഭ്യമാക്കുക.
- വാഴനാര് ഉൽപ്പന്നങ്ങൾ നിർമിക്കുന്ന ഒരു നിർമാണ കേന്ദ്രം രൂപീകരിക്കുക.

കീഴ്ത്തട്ട് നിർദേശങ്ങൾ

- സാധ്യതകളുടെ അടിസ്ഥാനത്തിൽ വിള അധിഷ്ഠിതമാക്കിയുള്ള വില്ലേജുകൾ (ഗ്രാമങ്ങൾ) സ്ഥാപിക്കുക. പച്ചക്കറി ഗ്രാമം, കുരുമുളക് ഗ്രാമം എന്നിവ.
- കാട്ടാമ്പള്ളി കൈപ്പാട് പ്രത്യേക നെൽകൃഷി മേഖലയായി വികസിപ്പിക്കൽ, നെല്ലധിഷ്ഠിത കൃഷി സമ്പ്രദായം ശക്തിപ്പെടുത്തുക.
- കാർഷികമേഖലയിൽ അടിസ്ഥാന സൗകര്യം, യന്ത്രവൽക്കരണം സംഘടിത രീതിയിൽ നടപ്പിലാക്കുക.
- കശുവണ്ടി, റബ്ബർ തുടങ്ങി കാർഷികോൽപ്പന്നങ്ങളുടെ സംസ്കരണത്തിനും മൂല്യവർദ്ധനവിനുമുള്ള അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതരത്തിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക.
- മയ്യിൽ മാതൃകയിൽ (എഫ്.പി.സി.) കാർഷിക മേഖലയിൽ ഉത്പാദന കമ്പനികൾ രൂപീകരിച്ച് വിത്ത് മുതൽ വിപണനം വരെ എന്ന ആശയം നടപ്പിലാക്കുക.
- കാർഷിക ഉൽപ്പന്നങ്ങളുടെ പ്രാദേശിക വിനിമയം സാധ്യമാക്കുന്നതിനും ജനങ്ങളുടെ കൂട്ടായ്മ ശക്തിപ്പെടുത്തുന്നതിനും കുറുമാത്തൂർ പഞ്ചായത്ത് നടപ്പിലാക്കിയ "ഗ്രാമസമൃദ്ധി" മോഡൽ നടപ്പിലാക്കുക.
- ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്ന രീതിയിൽ പുരയിടകൃഷി പ്രോത്സാഹിപ്പിക്കുക.
- ജില്ലയിൽ പരമാവധി തരിശുഭൂമി കണ്ടെത്തി കൃഷി യോഗ്യമാക്കുക.
- ജൈവവൈവിധ്യ രജിസ്റ്റർ നിർമാണം.
- വിളവെടുപ്പിന് ശേഷം ആവശ്യമായി വരുന്ന സൗകര്യങ്ങൾ (Post harvest facilities), ജൈവവളം എന്നിവയ്ക്ക് സ്ഥായിയായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക.
- പഴകൃഷി, പച്ചക്കറിക്കൃഷി, തോട്ടവിള കൃഷി, ഫാംഫോറസ്ട്രി, പുഷ്പകൃഷി എന്നിവയിലൂടെ ആജീവനം മെച്ചപ്പെടുത്തുക.
- തുണ്ടുവൽക്കരിക്കപ്പെട്ട ഭൂമികളിൽ ഹൈടെക് കൃഷി, മഴമറയിൽ പച്ചക്കറി കൃഷി തുടങ്ങിയവയ്ക്കുള്ള പ്രോത്സാഹനം നൽകുക.
- കാർഷിക ഉൽപ്പന്ന സംഭരണത്തിനും സംസ്കരണത്തിനും വിപണനത്തിനും ആവശ്യമായ ഫെസിലിറ്റേഷൻ സെന്ററുകൾ, അഗ്രോമാർട്ടുകൾ മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക.
- കാർഷിക വിജ്ഞാനം ശക്തിപ്പെടുത്തിക്കൊണ്ട് കാർഷിക സാങ്കേതിക വിദ്യകൾ (എ.ഇ.എസ്.എ, ഇക്കോളജിക്കൽ എഞ്ചിനീയറിംഗ് മുതലായവ) പ്രചരിപ്പിക്കുക.
- യുവജനങ്ങളെ കാർഷിക മേഖലയിൽ നിലനിർത്തുന്നതിനുവേണ്ട പദ്ധതികൾ ആവിഷ്കരിക്കുക.
- തളിപ്പറമ്പ നിയോജകമണ്ഡലത്തിലെ സമൃദ്ധി പദ്ധതിപോലുള്ള സംരംഭക അടിസ്ഥാനത്തിലുള്ള വികസന പദ്ധതികൾ ആവിഷ്കരിക്കുക.
- ബാങ്ക് വായ്പ പ്രയോജനപ്പെടുത്തിക്കൊണ്ട് സമയബന്ധിതമായി സീസൺ അനുസരിച്ചുള്ള കൃഷി ഗ്രൂപ്പുകളെ ഉപയോഗിച്ച് മിഷൻ മോഡിൽ നടത്തണം.
- പൊതു ഞാറ്റടി തയ്യാറാക്കി ഞാറ് എല്ലാ കർഷകർക്കും ലഭ്യമാക്കുക.
- പച്ചക്കറി തൈകളുടെ നിർമാണ യൂണിറ്റ് – ഉത്പാദന മാർഗരേഖ പ്രകാരം ഗുണമേന്മയുള്ള അത്യുത്പാദന ശേഷിയുള്ള പച്ചക്കറി തൈകൾ വർദ്ധിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുക.

- ക്ലസ്റ്ററുകളിൽ പച്ചക്കറികൃഷി മേൽനോട്ടം വഹിക്കുന്നതിന് ഒരു ടീമിന് വേണ്ട പരിശീലനം നൽകി തയ്യാറാക്കുക. സൂക്ഷ്മ മൂലകങ്ങളുടെ ഉപയോഗം, സസ്യ സംരക്ഷണം, വിപണനം, ഉൽപ്പന്ന മൂല്യവർദ്ധന തുടങ്ങിയ കാര്യങ്ങളുടെ മേൽനോട്ടം വഹിക്കണം.
- വളങ്ങൾ, ജൈവകീട രോഗനിയന്ത്രണ ഉപാധികൾ, പന്തൽ നിർമാണ സാമഗ്രികൾ എന്നിവ ക്ലസ്റ്റർ കമ്മിറ്റിയുടെ സഹായത്തോടെ വിതരണം ചെയ്യുക.
- പരമ്പരാഗത കരുമുളക് കർഷകരെ നേതൃകർഷകരാക്കി കരുമുളക് ഗ്രാമം പദ്ധതി ആവിഷ്കരിക്കുക.
- ഓരോ പഞ്ചായത്തിലും 10 മുതൽ 15 പേരടങ്ങുന്ന ഒരു കോക്കനട്ട് ടെക്നീഷൻ ടീം രൂപീകരിക്കുക. സാധ്യതയുള്ള സ്ഥലങ്ങളിൽ സങ്കര വിത്ത് തേങ്ങ ഉത്പാദനത്തിനുള്ള പരിശീലനം കോക്കനട്ട് ടെക്നീഷൻ ടീമിലെ അംഗങ്ങൾക്ക് നൽകുക.
- ക്ലൺ നിർമാണ യൂണിറ്റ്, തേനീച്ച കൃഷി യൂണിറ്റ് എന്നിവ ആരംഭിക്കുക.
- ഓരോ പഞ്ചായത്തിലും 5 മികച്ച കർഷകരെ തിരഞ്ഞെടുത്ത് അവരുടെ കൃഷി സ്ഥലം പുരയിട വിദ്യാലയങ്ങളാക്കി മാറ്റുകയും അവിടെ ശാസ്ത്രീയ കൃഷിരീതികളിൽ പ്രായോഗിക പരിശീലനം നടത്തുകയും ചെയ്യുക.

ജലസേചനം

മേൽത്തട്ട് നിർദേശം

- പഴശ്ശി പദ്ധതി നവീകരണവും കാനാമ്പുഴ പുനരുദ്ധാരണവും.

കീഴ്ത്തട്ട് നിർദേശങ്ങൾ

- ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായി പുഴകളിലും തോടുകളിലും ക്രോസ് ബാർ തടയണകൾ നിർമിക്കുക.
- ശാസ്ത്രീയ മാർഗങ്ങളിലൂടെ ജലസേചന ക്ഷമത വർദ്ധനവ് സാധ്യമാക്കി 'മോർ ക്രോപ് പെർ ഡ്രോപ്' (More crop per drop) തത്വം നടപ്പാക്കുക.
- ജലസംരക്ഷണത്തിന് ഊന്നൽ നൽകിക്കൊണ്ട് പരിസ്ഥിതി സംരക്ഷണത്തിനായി നദീതട നീർത്തട പരിപാടികൾ ആവിഷ്കരിക്കുക.
- കാനാമ്പുഴ മാതൃകയിൽ ചെറിയ പ്രദേശത്ത് നിന്ന് ആരംഭിച്ച് കടലിൽ ചേരുന്ന തോടുകൾ കണ്ടെത്തി നവീകരിക്കുക. ചാലതോട്, കുണ്ടടനാടി തോട് ജലസേചനം.
- വിവിധ വകുപ്പുകൾ ചെയ്ത തടയണകൾ റിപ്പയറിങ്ങിന്റെ അഭാവംമൂലം ഉപയോഗശൂന്യമായി കിടക്കുന്നത് കണ്ടെത്തി പുനരുജ്ജീവിപ്പിക്കുക.
- ഹരിതകേരളം പദ്ധതിയിൽ നടപ്പിലാക്കുന്ന അന്നപൂർണ കൃഷി ജലസമൃദ്ധി പദ്ധതി കൃഷി വകുപ്പ്, തൊഴിലുറപ്പ്, ചെറുകിട ജലസേചന വകുപ്പ് സംയോജനത്തോടെ നടപ്പിലാക്കുക.
- ജലസ്രോതസ്സ് ഉണ്ടായിട്ടും ജലസേചന സൗകര്യം ഇല്ലാത്തതിനാൽ തരിശിട്ട സ്ഥലങ്ങളിൽ പമ്പ്ഹൗസും പൈപ്പ് ലൈനും സ്ഥാപിക്കുക.
- സൂക്ഷ്മ-ചെറുകിട ജലസേചന പ്രവൃത്തികളും തോടുകൾ/കനാൽ എന്നിവയുടെ നിർമാണം, പുനരുദ്ധാരണം, മെയിന്റനൻസ് എന്നീ പ്രവൃത്തികളും സമയബന്ധിതമായി നടത്തുക.
- താഴ്ന്ന പ്രദേശങ്ങളിൽ ഉപ്പ് വെള്ളം കയറുന്നത് തടഞ്ഞ് പാടശേഖരങ്ങൾ സംരക്ഷിക്കുന്നതിന് എർത്തേൺ ബണ്ടുകൾ, മഴവെള്ളം കടലിലേക്ക് ഒഴുകിപ്പോകുന്നത് തടയാൻ തടയണകൾ എന്നിവ വ്യാപകമാക്കണം.
- കാട്ടാമ്പള്ളി പദ്ധതി പുനരുദ്ധാരണവും നവീകരണവും.
- തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തി പ്രധാന ജലസംരക്ഷണ പ്രവർത്തനമായ വരമ്പ് ബലപ്പെടുത്തൽ പ്രവൃത്തി നടത്തുക. ഈ പ്രവർത്തനം വിള വർദ്ധനവിനും ഉപയോഗ്യമാണ്.

മണ്ണ്-ജലസംരക്ഷണം

- കയർ ഭൂവസ്ത്രം വ്യാപകമാക്കുന്നതിന് തൊണ്ട് ശേഖരണ സംവിധാനം നടപ്പാക്കുക.
- കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെയുള്ള ഭൂഗർഭജല വിതാനം ഉയർത്തുന്നതിന് ആവശ്യമായ അടിയണകൾ (Under ground dykes), മൺതടയണകൾ, അണകൾ (സ്റ്റോപ്പ്ഡാം), ചെക്ക്ഡാമുകൾ തുടങ്ങിയ നിർമിതികൾ നടത്തുക.

- കോണ്ടൂർ ട്രഞ്ചുകൾ, തട്ടുതിരിക്കൽ (terracing), കോണ്ടൂർ ബണ്ടുകൾ, കൽത്തടയണകൾ, ഗ്യാബിയോൺ നിർമിതികൾ, നീരുറവ പ്രദേശത്തിന്റെ പരിപോഷണം തുടങ്ങിയ നീർത്തട പരിപാലന പ്രവൃത്തികൾ നടത്തുക.

- കുളങ്ങളുടെയും മറ്റ് ജലസ്രോതസ്സുകളുടെയും ആഴംകൂട്ടൽ ഉൾപ്പെടെ പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം.
- പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസനം ഊർജ്ജിതമാക്കൽ, ഫാം റോഡുകളുടെയും ചിറകളുടെയും നിർമാണവും നവീകരണവും.
- കടലോരങ്ങളിലും കുളങ്ങളുടെ അരികിലും കനാൽ ബണ്ടുകളിലും റോഡുകളുടെ ഓരത്തിലും വനഭൂമിയിലും, മറ്റ് പൊതുഭൂമിയിലും ഫലവൃക്ഷങ്ങൾ അടക്കമുള്ള മരം വച്ച് പിടിപ്പിക്കലും വനവൽക്കരണവും നടത്തുക.
- ഭൂമിയുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഭൂവികസനം, കിണറുകൾ, കുളങ്ങൾ മറ്റ് ജലക്കൊയ്ത്ത് നിർമിതികൾ എന്നിവ ഉൾപ്പെടെ ജലസേചനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക.
- ഒരു തോടിനെ/പുഴയെ പൂർണമായി കണ്ട് കൊണ്ട് അതിന്റെ വൃഷ്ടി പ്രദേശത്തെ ചെറിയ നീർത്തടങ്ങളാക്കി തിരിച്ച് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ മുകളിൽ നിന്ന് താഴേക്ക് (ridge to valley) എന്ന അടിസ്ഥാനത്തിൽ നടപ്പിലാക്കുക.
- തുള്ളി നന, കുടം നന, തിരി നന തുടങ്ങി സദാസമയം മണ്ണിന് ഈർപ്പം നൽകുവാൻ കഴിയുന്നതും ജലം നഷ്ടപ്പെട്ടു പോകാത്തതുമായ നന രീതികൾ അവലംബിക്കുക.
- മണ്ണ് പരിശോധന നടത്തി ആവശ്യമായ കുമ്മായ പ്രയോഗം, ജൈവവളപ്രയോഗം എന്നിവ നടത്തുക.
- വിള ആരോഗ്യ പരിപാലന പരിപാടികൾ ശക്തിപ്പെടുത്തുക. വിഷരഹിത ഉൽപ്പന്നങ്ങളുടെ ഉത്പാദനവും രാസവസ്തുക്കൾ ഒഴിവാക്കിക്കൊണ്ടുള്ള കൃഷി രീതികളും സംബന്ധിച്ച് ബോധവൽക്കരണം നടത്തുക.

സംയോജന സാധ്യതകൾ

കാർഷിക സ്വയംപര്യാപ്ത ഗ്രാമം– ജില്ലയിലെ ഗ്രാമങ്ങൾക്ക് അനുയോജ്യമായ വിളകൾ കണ്ടെത്തി മഞ്ഞൾ, കുരുമുളക്, ഇഞ്ചി, ഉഴുന്ന് തുടങ്ങിയവയിൽ സ്വയംപര്യാപ്തത നേടുന്നതിന് ജില്ലാ പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്, കൃഷി വകുപ്പ് തുടങ്ങിയവയുടെ സംയുക്ത പദ്ധതി നടപ്പാക്കാം. വിത്തിനങ്ങളും സാമ്പത്തിക സഹായവും വകുപ്പ് മുഖേന ലഭ്യമാക്കാം.

പഴം പച്ചക്കറി സംസ്കരണം– ചക്ക, മാങ്ങ, കശുവണ്ടി തുടങ്ങിയവയിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമിക്കുന്നതിനും ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്ത് സംയുക്ത പദ്ധതിയായി സംരംഭങ്ങൾ ആരംഭിക്കണം. കൃഷി വകുപ്പിന് കീഴിൽ കെ.വി.കെ. സഹകരണത്തോടെ ഉൽപ്പന്നങ്ങൾ കൂടുതൽ ലഭ്യമാകുന്ന മലയോര ബ്ലോക്കുകളിൽ പദ്ധതി ആരംഭിക്കാം.

നെൽകൃഷി പ്രോത്സാഹനം–നെൽകൃഷി ചെയ്യുന്ന ജില്ലയിലെ കർഷകർക്ക് കൂലിച്ചെലവ് ഇനത്തിൽ സബ്സിഡി സാമ്പത്തിക സഹായം ജില്ല, ഗ്രാമപഞ്ചായത്തുകൾ സംയോജിപ്പിച്ച് നൽകാം.

കൈപ്പാട് നെൽകൃഷി വികസനം– ജില്ലയിലെ കൈപ്പാട് പ്രദേശങ്ങളിലും ഉപ്പ് വെള്ളം കയറുന്ന പ്രദേശങ്ങളിലും പ്രശ്നങ്ങൾ പരിഹരിച്ച് നെൽകൃഷി ചെയ്യുന്നതിന് സാഹചര്യം ഒരുക്കണം. ഗ്രാമപഞ്ചായത്ത്, ജില്ലാപഞ്ചായത്ത്, കൃഷി വകുപ്പ് എന്നിവ സംയുക്തമായി പദ്ധതി നടത്തണം. കൂലിച്ചെലവ്, വിത്ത് എന്നിവ നെൽകൃഷി പ്രോത്സാഹന പദ്ധതിയിൽ നൽകാം.

പയർ ഗ്രാമം– നിലവിൽ കൃഷിക്ക് സാധ്യതയുള്ള മയ്യിൽ, പട്ടുവം, പരിയാരം, ഏഴോം, ചെറുകുന്ന്, കണ്ണപുരം പഞ്ചായത്തുകളിൽ പദ്ധതി വ്യാപിപ്പിക്കാവുന്നതാണ്. ജില്ലാ പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്, കൃഷി വകുപ്പ് എന്നിവ സംയുക്തമായി നടപ്പാക്കാം.

പുഴ സംരക്ഷണം– ജില്ലയിൽ ഒഴുകുന്ന 8 പ്രധാന പുഴകളെ സംരക്ഷിച്ച് ജലസംരക്ഷണം ഉറപ്പാക്കണം. പുഴയോട് ചേർന്നുള്ള ഗ്രാമപഞ്ചായത്തുകളും ജില്ലാപഞ്ചായത്തും സോഷ്യൽ ഫോറസ്ട്രി വകുപ്പും സഹകരിച്ച് പദ്ധതി നടപ്പാക്കണം. പുഴയോടൊപ്പം അവയുടെ കൈവഴികളും പരിഗണിക്കണം. മാലിന്യം നീക്കം ചെയ്ത് ചെറുതടയണകൾ തീർത്തും തീരത്ത് വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചും ജലസംരക്ഷണം ഉറപ്പാക്കാം.

ക്രമ നമ്പർ	പ്രൊജക്ട്	ഗ്രാമ പഞ്ചായത്ത്	ബ്ലോക്ക് പഞ്ചായത്ത്	ജില്ലാ പഞ്ചായത്ത്	സംസ്ഥാന തലം
1	തരിശുഭൂമി വികസനം	✓	✓	✓	✓
2	കാട്ടാമ്പള്ളി-കൈപ്പാട് നെൽകൃഷി വികസനം	✓	✓	✓	✓
3	സംയോജിത പുരയിട കൃഷി വികസനം	✓	✓	✓	✓
4	സമ്പൂർണ നെൽകൃഷി വികസനം	✓	✓	✓	✓
5	ചെറുകിട ജലസേചന പദ്ധതികൾ			✓	✓
6	കൃഷിയെ ആധുനിക വൽക്കരിക്കൽ (ജൈവ കൃഷി പ്രോത്സാഹനം, ഫാമുകളുടെ വികസനം, ഉൽപ്പന്ന വൈവിധ്യ വൽക്കരണം മുതലായവ)			✓	✓
7	കാർഷിക വിജ്ഞാന വ്യാപനം (നൂതന സാങ്കേതിക വിദ്യകളുടെ വ്യാപനം)	✓	✓	✓	✓
8	ആധുനിക രീതിയിലുള്ള സംഭരണ സംസ്കരണ വിതരണ കേന്ദ്രങ്ങൾ (ഗ്രാമീണ ചന്തകൾ ഉൾപ്പെടെ)	✓	✓	✓	
9	കാർഷിക യന്ത്രവൽക്കരണം		✓		✓
10	പഴം പച്ചക്കറി കൃഷി പ്രോത്സാഹനം	✓	✓	✓	✓
11	ഇടവിള കൃഷി പ്രോത്സാഹനം	✓	✓	✓	

7.1 (ബി) മൃഗസംരക്ഷണം ക്ഷീരവികസനം

2012ലെ കന്നുകാലി സെൻസസ് പ്രകാരം ജില്ലയിൽ 99,781 പന്നികളും, 813 എരുമകളും, 56445 ആടുകളും, 4,663 പന്നികളും, 5,32,066 കോഴികളും 13,707 താറാവുകളുമുണ്ട്. 6,25,000 ലിറ്റർ പാലിന്റെ പ്രതിദിന ആവശ്യകത ഉള്ള ജില്ലയിൽ നിലവിൽ ഉത്പാദനം 4,70,000 ലിറ്ററാണ്. ഇതേ പോലെ പ്രതിദിന ആവശ്യകത 12.62 ലക്ഷം കണക്കാക്കുന്ന മുട്ട 2.86 ലക്ഷം മാത്രമാണ് ഉത്പാദിപ്പിക്കപ്പെടുന്നത്. 64.4 മെട്രിക് ടൺ മാംസം പ്രതിദിനം ഉപയോഗിക്കപ്പെടുന്ന ജില്ലയിൽ അവയുടെ ഉത്പാദനം വെറും 1.19 ടൺ മാത്രമാണ്.

പദ്ധതി നിർദേശങ്ങൾ

മേൽത്തട്ട് നിർദേശങ്ങൾ

- മൃഗചികിത്സയ്ക്കായി ജില്ലാകേന്ദ്രത്തിലും ബ്ലോക്കുതലത്തിലും ഇൻപേഷ്യന്റ് സൗകര്യം ഏർപ്പെടുത്തണം.
- ഫാം ലൈസൻസിംഗ് ചട്ടങ്ങളിൽ (ഫാമുകൾ, അറവുശാലകൾ എന്നിവക്കുള്ളത്) സമഗ്ര മാറ്റങ്ങൾ വരുത്തണം.
- ജില്ലയിൽ ഇപ്പോൾ നിലവിലുള്ള റീജ്യണൽ ഡിസീസ് ഡയഗ്നോസ്റ്റിക് ലബോറട്ടറിയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി അതിനെ ഒരു ഏവിയൻഡിസീസ് ഡയഗ്നോസ്റ്റിക് ലബോറട്ടറിയായി ഉയർത്തണം.

കീഴ്ത്തട്ട് നിർദേശങ്ങൾ

- സഹായപദ്ധതികൾ (ഉദാ: പാലുത്പാദന ബോണസ്സ്) എല്ലാ ക്ഷീര കർഷകർക്കും വർഷം മുഴുവനുമുള്ള ഉത്പാദനത്തിന് കണക്കാക്കി ലഭ്യമാക്കണം.
- സംരംഭകർക്ക് ആവശ്യമായ കോഴിക്കുഞ്ഞുങ്ങളേയും ആട്ടിൻകുട്ടികളേയും ഉത്പാദിപ്പിക്കുന്നതിനായി കൂടുതൽ പാരന്റ് ഫാമുകൾ ആരംഭിക്കണം.
- കോഴി വളർത്തലിന് തൽപരരായ ആളുകൾക്ക് ചുരുങ്ങിയത് 100 മുതൽ 200 കോഴികളെ വരെ കുടുംബശ്രീ പോലുള്ള സംവിധാനങ്ങൾ വഴി വിതരണം ചെയ്യുക.
- ശാസ്ത്രീയ പരിപാലനം സംബന്ധിച്ച് പരിശീലന പരിപാടികൾ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിലൂടെ സംഘടിപ്പിക്കുക.
- അടിസ്ഥാന സൗകര്യവികസനത്തിന്റെ ഭാഗമായി കർഷകർക്ക് കുറഞ്ഞ ചിലവിൽ മരുന്നുകളും മറ്റ് സാമഗ്രികളും ലഭിക്കുന്നതിനായി വെറ്ററിനറി മരുന്ന് കട ജില്ലയിൽ ആരംഭിക്കുക.
- സ്വകാര്യ ഫാമുകൾക്കാവശ്യമായ പ്രോത്സാഹനം നൽകുന്നതിനോടൊപ്പം ഹൈടെക് ഫാമുകൾക്ക് (500 ഉം കൂടുതലും പശുക്കളെ വളർത്തുന്ന ഫാമുകൾ) സഹായം നൽകണം.
- മുഴുവൻ കന്നുകാലികളെയും ഇൻഷുറൻസ് ചെയ്യുന്നതിന് ഒരു സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതി (Master Policy) നടപ്പിലാക്കണം.
- ശാസ്ത്രീയമായ മാംസ സംസ്കരണ യൂണിറ്റ് നിർമാണം – ജില്ലാതലത്തിൽ ആരംഭിക്കുകയും ക്രമേണ താലൂക്ക് തലത്തിൽ വ്യാപിപ്പിക്കുകയും ചെയ്യുക.
- പാലിൽ നിന്നും ചാണകത്തിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമിക്കാനുള്ള യൂണിറ്റുകൾ ആരംഭിക്കണം.
- ജില്ലയിൽ കോഴിക്കുഞ്ഞുങ്ങളെ വിരിയിക്കാനുള്ള ഹാച്ചറികൾ ആരംഭിക്കണം.
- ബ്ലോക്ക് താലൂക്ക് തലത്തിൽ മുട്ടവിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുക.
- ശാസ്ത്രീയമായ അറവുശാല നിർമാണം – ജില്ലാതലത്തിൽ ആരംഭിക്കുകയും ക്രമേണ താലൂക്ക് തലത്തിൽ വ്യാപിപ്പിക്കുകയും വേണം.
- നിലവിലുള്ള മാംസോത്പാദകരെ സംയോജിപ്പിച്ചുകൊണ്ട് സഹകരണ സംഘം രൂപീകരിക്കുക.
- മാംസം ശാസ്ത്രീയമായി സൂക്ഷിക്കുന്നതിനും മാതൃകാ അംഗീകൃത സ്റ്റാളുകൾവഴി വിപണനം നടത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കണം
- അറവുശാലകളിൽ നിന്നും മാംസത്തിന് പുറമേ ഉപോൽപ്പന്നങ്ങളായ എല്ലുപൊടി, രുകൽ എന്നിവ ശേഖരിക്കുന്നതിനുള്ള പദ്ധതി

- കോഴികളുടെ സാറ്റലൈറ്റ് ഫാമുകൾ, തീറ്റ നിർമാണ ഫാക്ടറി, തീറ്റ പരിശോധനാ ലബോറട്ടറി എന്നിവ സ്ഥാപിക്കുക.
- ആടുകളിൽ കൃത്രിമബീജാധാനം പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ കൊമ്മേരി ആടുവളർത്തൽ ഫാമിൽ വികസിപ്പിച്ചെടുക്കുക.
- സ്വന്തമായി കെട്ടിടങ്ങളില്ലാത്ത വെറ്റിനറി സ്ഥാപനങ്ങൾക്ക് കെട്ടിടങ്ങൾ നിർമിച്ചു നൽകുക
- വെറ്റിനറി സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കർഷക സൗഹൃദ സെയിൽസ് കൗണ്ടറുകൾ ആരംഭിക്കുക
- ജില്ലയിലെ വെറ്റിനറി സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഏകീകൃത സ്റ്റാന്റേർഡ് നടപ്പിലാക്കുക (VPC/VH/VD).
- ഫീൽഡ് ലെവൽ രോഗനിർണയ സംവിധാനം (Field Level Diagnostic Kits/Tests) ഏർപ്പെടുത്തുക.
- രാത്രികാല വെറ്റിനറി ഡോക്ടർമാരുടെ സേവനം എല്ലാ ബ്ലോക്കുകളിലേക്കും ആവശ്യമായ മരുന്നും സ്റ്റാഫും സഹിതം പുനഃക്രമീകരിക്കുക.
- അരുമ മൃഗങ്ങൾക്ക് പേവിഷ ബാധ കുത്തിവെപ്പ് നിയമപരമാക്കുക.
- ജില്ലയിലെ എല്ലാ മൃഗാശുപത്രികളിലും 24 മണിക്കൂറും മരുന്നും വാക്സിനുകളും ശീതീകരിച്ച് സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക.
- ആടുകളുടെ വിപണന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി ഇ-ഗോട്ട് പോർട്ടൽ ആരംഭിക്കുക.

<u>സംയോജന സാധ്യതകൾ</u>

- **ശാസ്ത്രീയമായ മാംസ സംസ്കരണ യൂണിറ്റ് നിർമാണം-** താലൂക്കടിസ്ഥാനത്തിൽ ജില്ലാ, ബ്ലോക്ക്, മൃഗസംരക്ഷണ വകുപ്പ് എന്നിവയുടെ സംയുക്ത പദ്ധതിയായി മാംസ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കാം. ജില്ലാതലത്തിൽ ആരംഭിച്ച് ക്രമേണ താലൂക്ക് തലത്തിൽ വ്യാപിപ്പിക്കുന്ന തരത്തിൽ പദ്ധതി നടപ്പാക്കാം.
- **ഹാച്ചറി നിർമാണം, ഗോട്ട് പ്രൊഡക്ഷൻ യൂണിറ്റ്-** കോഴിക്കുഞ്ഞ്, മത്സ്യം, ആട്ടിൻ കുട്ടി തുടങ്ങിയവ വ്യാവസായികാടിസ്ഥാനത്തിൽ വിൽപ്പനയ്ക്കുള്ള ഹാച്ചറികളുടെയും നിർമാണം ജില്ലാ പഞ്ചായത്ത് പദ്ധതിയായി ബ്ലോക്ക് പഞ്ചായത്ത്, മത്സ്യവകുപ്പ് സഹകരണത്തോടെ ആരംഭിക്കാം.
- **ഫാമുകൾ-** കോഴി, ആട്, കാട, പന്നി, പന്നി ഫാമുകൾ തുടങ്ങുന്നതിന് ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളുടെയും വകുപ്പുകളുടെയും സഹകരണത്തോടെ പദ്ധതികൾ നടപ്പാക്കാം.
- **തെരുവ് നായ്ക്കളിലെ ജനനനിയന്ത്രണം-** തെരുവ് നായ്ക്കളിലെ ജനന നിയന്ത്രണത്തിനും പേവിഷ നിർമാർജനത്തിനും ജില്ലാ-ഗ്രാമ-നഗരസഭ തലങ്ങളിൽ പദ്ധതികൾ ആവിഷ്കരിക്കാം.
- **കാലിത്തീറ്റ-മാലിന്യ നിർമാർജനം**- കാലിത്തീറ്റ, ധാതുലവണ മിശ്രിതം, വൈക്കോൽ വിതരണ പദ്ധതികൾക്കും ജൈവ-അജൈവ മാലിന്യ നിർമാർജനത്തിനുമായി ജില്ലാ പഞ്ചായത്ത് സഹകരണത്തോടെ നഗരസഭ-ഗ്രാമപഞ്ചായത്ത് കേന്ദ്രമാക്കി സംവിധാനങ്ങൾ ഒരുക്കാം.
- മുണ്ടയാട് പൗൾട്രി ഫാമിന്റെ ശാക്തീകരണം, ചട്ടുകപ്പാറയിൽ ആധുനിക അറവ് ശാലാ നിർമാണം, തരിശുനിലങ്ങളിൽ തീറ്റപ്പുൽകൃഷി ആരംഭിക്കൽ, ആനിമൽബർത്ത് കൺട്രോൾ പ്രോഗ്രാം, ജില്ലാ വെറ്റിനറി കേന്ദ്രത്തിൽ ന്യായവില വെറ്റിനറി മെഡിക്കൽ ഷോപ്പ് എന്നീ സംരംഭങ്ങൾ ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകളുടെ സംയുക്ത പദ്ധതിയായി ചെയ്യാവുന്നതാണ്.
- കണ്ണൂർ സെൻട്രൽ ജയിലിൽ ഡയറി, ഇറച്ചിക്കോഴി, ആട്, കാട എന്നിവയുടെ മാതൃകാ ഫാമുകൾ ആരംഭിക്കുന്നതിനായി മൃഗസംരക്ഷണ-ജയിൽ വകുപ്പുകളുടെ സഹകരണം പ്രയോജനപ്പെടുത്താവുന്നതാണ്.
- ക്ഷീരവികസനവകുപ്പും മറ്റു വകുപ്പുകളുമായി ചേർന്ന് ആറളം ഫാം, പഴശ്ശി ഇറിഗേഷൻ കനാൽ പരിസരം, ജയിൽ എന്നിവിടങ്ങളിൽ തീറ്റപ്പുൽകൃഷി വ്യാപന സാധ്യതാ സ്ഥലങ്ങൾ കണ്ടെത്താവുന്നതാണ്.

7.1 (സി) മത്സ്യവികസനം

കണ്ണൂർ ജില്ല 82 കി.മീ. ദൈർഘ്യമുളള കടലോരം, 5 വലിയ പുഴകൾ, കൈവഴികൾ, ധാരാളം തോടുകൾ, ഉൾനാടൻ ജലാശയങ്ങൾ എന്നിവയാൽ ജലസമൃദ്ധമാണ്. ജില്ലയിൽ തീരദേശത്താണ് മത്സ്യമേഖലയിലെ മിക്ക പ്രൊജക്ടുകളും നടപ്പിലാക്കി വരുന്നത്. അതോടൊപ്പം തന്നെ ഉൾനാടൻ മേഖലയിലെ മത്സ്യക്കൃഷിക്കും വളരെയധികം പ്രാധാന്യം നൽകി വരുന്നു. ജില്ലയിൽ 11 കടൽ മത്സ്യഗ്രാമങ്ങളിലും ഒരു ഉൾനാടൻ മത്സ്യഗ്രാമത്തിലുമായി 6,623 അംഗീകൃത കടലോര മത്സ്യത്തൊഴിലാളികളും 1,555 ഉൾനാടൻ മത്സ്യത്തൊഴിലാളികളും ഉണ്ട്. 1,625 അംഗീകൃത അനുബന്ധ മത്സ്യത്തൊഴിലാളികളുമുണ്ട്. ജില്ലയിൽ 82 മത്സ്യഗ്രാമങ്ങളുണ്ട്. കടൽത്തീരമുള്ള 9 ജില്ലകളിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ എട്ടാം സ്ഥാനമാണ് കണ്ണൂർ ജില്ലയുടേത്. സംസ്ഥാനത്തെ ആകെ 1,49,296 മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ 4,808 കുടുംബങ്ങളാണ് ജില്ലയിലുള്ളത്.

ഭൂരഹിത-ഭവനരഹിതരായിട്ടുളള മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ജീവിത സാഹചര്യംമൂലം പുറമ്പോക്കിൽ താമസിച്ചുവരികയും ശുചിമുറികളുടെ അഭാവത്തിൽ കടൽത്തീരത്തെ പ്രാഥമിക ആവശ്യങ്ങൾക്കായി ആശ്രയിക്കുകയും ചെയ്യുന്ന പ്രവണത പൂർണമായും ഇല്ലാതായിട്ടില്ല. കടലിൽ മത്സ്യസമ്പത്ത് കുറഞ്ഞുവരുന്നതും തൊഴിൽപരമായ സുരക്ഷിതത്വമില്ലായ്മയും ഇവർ നേരിടുന്ന പ്രധാന വെല്ലുവിളിയാണ്.

പദ്ധതി നിർദേശങ്ങൾ

മേൽത്തട്ട് നിർദേശങ്ങൾ

- ജലാശയങ്ങൾ മത്സ്യക്കൃഷിക്ക് പാട്ടത്തിന് നൽകരുതെന്ന സർക്കുലർ പുനപരിശോധിക്കുക.
- മാപ്പിളബേയിൽ തൊഴിൽ പരിശീലനകേന്ദ്രം ആരംഭിക്കുക.
- മത്സ്യബന്ധന തുറമുഖങ്ങൾ, തീരദേശ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ എന്നിവയെ കുറിച്ച് ശാസ്ത്രീയ പഠനം നടത്തണം.
- കടൽസമ്പത്ത് ശോഷണം നേരിടുന്നതിന് ഉൾനാടൻ മത്സ്യ മേഖലയെ സജ്ജമാക്കണം. മത്സ്യത്തൊഴിലാളികൾക്ക് സംവരണം നൽകണം.
- സമുദ്ര ശാസ്ത്ര പഠന കേന്ദ്രം ആരംഭിക്കുക.
- ഗവ. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ വി.എച്ച്.എസ്.സി. വിഭാഗത്തിൽ പഠനം നടത്തുന്ന മത്സ്യത്തൊഴിലാളി കുട്ടികൾക്കും റെസിഡൻഷ്യൽ സംവിധാനം ഒരുക്കുക.
- മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികളുടെയും യാനങ്ങളുടെയും വിവരങ്ങൾ തക്കസമയത്ത് ശേഖരിക്കുന്നതിനായി ഓൺലൈൻ സംവിധാനം ഒരുക്കുക.
- ആയിക്കര ഫിഷിംഗ് ഹാർബറിൽ നിലവിലുളള ഫിഷിംഗ് ഹാർബർ മാറ്റി പുനർനിർമാണം നടത്തുക. അതോടൊപ്പം ഇപ്പോഴത്തെ ഹാർബർ ഉൾക്കൊളളുന്ന ഭാഗം ഡ്രഡ്ജ് ചെയ്ത മണൽ ഉപയോഗിച്ച് നികത്തി ലഭ്യമാകുന്ന 25 ഏക്കറോളം വരുന്ന സ്ഥലം മത്സ്യസംസ്കരണ വ്യവസായ-കയറ്റുമതി സോൺ ആയി ഉയർത്തുക.

കീഴ്ത്തട്ട് നിർദേശങ്ങൾ

- കടൽ, കായൽ, ജലാശയങ്ങൾ, കുളങ്ങൾ, തോടുകൾ തുടങ്ങി സാധ്യമായ സ്ഥലങ്ങളിൽ കല്ലുമ്മേക്കായ, ഞണ്ട് കൃഷി നടത്തണം.
- താൽപര്യമുള്ള മത്സ്യത്തൊഴിലാളികളെ പങ്കെടുപ്പിച്ച് ആഴക്കടൽ മത്സ്യബന്ധനത്തിന് പരിശീലനം നൽകണം.
- ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ ഏഴിമല, കണ്ണൂർ മാപ്പിളബേ, മുഴപ്പിലങ്ങാട്, മീൻകുന്ന് ബീച്ച്, തലശ്ശേരി എന്നിവിടങ്ങളിൽ മറൈൻ മ്യൂസിയത്തിന്റെ സാധ്യത പ്രയോജനപ്പെടുത്തണം.
- മത്സ്യഭവനുകൾ പ്രാദേശിക മത്സ്യത്തൊഴിലാളി ഇ-സേവന കേന്ദ്രങ്ങളായി മാറണം.
- ചെറുകിട യന്ത്രവൽക്കരണ സംവിധാനങ്ങളെ പ്രോത്സാഹിപ്പിക്കണം.

- ശീതീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തി ആധുനിക സൗകര്യങ്ങളോട് കൂടിയ വിപണന കേന്ദ്രം സ്ഥാപിക്കുക.
- പുലിമുട്ട് നിർമാണം ആവശ്യമായ രീതിയിൽ നീട്ടി ഹാർബർ/ലാന്റിംഗ് സെന്റർ വികസിപ്പിക്കണം. ഡ്രഡ്ജിംഗ് ശാസ്ത്രീയമായി പരിഷ്കരിക്കുക.
- മത്സ്യകൃഷി പരിപോഷിപ്പിക്കുവാനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനുമായി ആധുനിക സംവിധാനങ്ങളോട് കൂടിയ ഒരു ലബോറട്ടറി നിർമിക്കണം.
- സീറാഞ്ചിംഗ്, സാമൂഹ്യ മത്സ്യക്കൃഷി പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വിപുലീകരിക്കുക.
- മത്സ്യമേഖലയിലും മത്സ്യ അനുബന്ധമേഖലയിലും പണിയെടുക്കുന്ന അന്യസംസ്ഥാന തൊഴിലാളി കളുടെ സ്ഥിതി വിവര കണക്ക് ശേഖരിക്കണം.
- ജില്ലയിലെ ഭൂരഹിത-ഭവനരഹിത മത്സ്യത്തൊഴിലാളികൾക്ക് ലൈഫ് പദ്ധതി മുഖേന പാർപ്പിട സൗകര്യം.
- ഭൂമിയില്ലാത്ത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് തീരദേശത്തിനടുത്ത് നിയമ പരിധിക്കു പുറത്തുള്ള സ്ഥലങ്ങളിൽ ഭൂമി കണ്ടെത്തി വിപണി വിലയ്ക്ക് വാങ്ങി നൽകുന്നതിനുള്ള നടപടികൾ ഉണ്ടാകണം.
- ജില്ലയിലെ നിലവിലുള്ള മത്സ്യത്തൊഴിലാളി കോളനി ഗ്രാമങ്ങളും പുനരധിവാസ പദ്ധതിക്ക് കീഴിൽ നിർമിക്കുന്ന പുതിയ കോളനി/ഫ്ലാറ്റ് സമുച്ചയങ്ങളും ആധുനിക രൂപരേഖയുടെ അടിസ്ഥാനത്തിൽ പരിഷ്കരിക്കണം.
- സമൂഹാടിസ്ഥാനത്തിലുള്ള മഴവെള്ള സംഭരണികൾ, കുടിവെള്ള പദ്ധതികൾ എന്നിവ പ്രാദേശിക പ്രത്യേകതകൾക്കനുസരിച്ച് വ്യാപകമായി നടപ്പിലാക്കണം.
- കക്കൂസ്, സെപ്റ്റിക്ക് ടാങ്ക് എന്നിവ ഇല്ലാത്തവർക്ക് ആധുനിക രിതിയിൽ തീരദേശ സൗഹൃദ കക്കൂസ് നിർമിച്ച് നൽകണം.
- ഡ്രൈഡേ സംവിധാനത്തിൽ മാസത്തിൽ ഒരു തവണ ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം, ഇതിനായി പ്രത്യേക ബോധവൽക്കരണം സംഘടിപ്പിക്കണം.
- മത്സ്യഗ്രാമങ്ങൾ കേന്ദ്രീകരിച്ച് തീരദേശ പ്രാഥമിക ആരോഗ്യ ഉപകേന്ദ്രങ്ങൾ/മൊബൈൽ ഡിസ്പെൻസറികൾ സ്ഥാപിക്കണം.
- ഗവ. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ മത്സ്യത്തൊഴിലാളി വിദ്യാർത്ഥി പ്രവേശനം മുതൽ തൊഴിൽ ഉറപ്പ് വരുത്തുന്നതു വരെ ഓൺലൈൻ ട്രാക്കിംഗ് സംവിധാനം നടപ്പിലാക്കണം.
- മത്സ്യഗ്രാമ അടിസ്ഥാനത്തിൽ "മത്സ്യോത്സവം" പരിപാടി കാർണിവൽ രൂപത്തിൽ എല്ലാ വർഷവും ഒരാഴ്ച നീളുന്ന പരിപാടികളോടെ സംഘടിപ്പിക്കണം. സംഘാടനവും ഏകോപനവും മത്സ്യത്തൊഴിലാളി നിയന്ത്രണത്തിലാകാം.
- റേഷൻകാർഡില്ലാത്ത മുഴുവൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും പരമാവധി ആനുകൂല്യ അർഹതാ വിഭാഗം റേഷൻകാർഡ് അനുവദിക്കണം
- തീരമാവേലി സ്റ്റോറുകളുടെ പ്രവർത്തനം വ്യാപിപ്പിക്കുക.
- ക്ഷേമസഹകരണ സംഘങ്ങളെ ആധുനികവൽക്കരിച്ച് ഇ-സംവിധാനം ഉപയോഗിച്ച് മത്സ്യത്തൊഴിലാളി ആനുകൂല്യ വിതരണത്തിന് പ്രപ്തമാക്കുക.
- മത്സ്യത്തൊഴിലാളി വീടുകൾക്ക് സൗജന്യനിരക്കിൽ എൽ.ഇ.ഡി. ബൾബുകൾ ലഭ്യമാക്കണം
- പ്രധാന കേന്ദ്രങ്ങളിൽ സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കണം. തെരുവ് വിളക്കുകൾ പൂർണമായും എൽ.ഇ.ഡി. ആക്കണം
- മത്സ്യത്തൊഴിലാളി കുടുംബത്തിന്റെ വരുമാന വർദ്ധനവ് സാധ്യമാക്കുന്നതിന് വനിതകൾക്കായി സാഫ് മുഖേനയുള്ള ചെറുകിട തൊഴിൽ സംരംഭങ്ങൾ വിപുലപ്പെടുത്തുക.
- സീറാഞ്ചിംഗ്, സാമൂഹ്യ മത്സ്യക്കൃഷി പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വിപുലീകരിക്കുക
- ജില്ലയിൽ കുളങ്ങളുടെ നിർമാണത്തിനും പുന:രുദ്ധാരണത്തിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.
- പ്രകൃതിദുരന്തങ്ങളും മറ്റ് അടിയന്തിര സാഹചര്യങ്ങളും നേരിടുന്നതിനായി ജില്ലാതലത്തിൽ ഫിഷറീസ് വകുപ്പിന് കീഴിൽ ഒരു അടിയന്തിര ദുരന്ത നിവാരണ സേന രൂപീകരിക്കുക
- ശുദ്ധജലത്തിലെയും ഓരുജലത്തിലെയും മീൻകുഞ്ഞുങ്ങളുടെ പരിപാലനത്തിനായി പുതിയങ്ങാടി കേന്ദ്രമാക്കി ഒരു റിയറിംഗ് യൂണിറ്റ് സ്ഥാപിക്കുക.
- അഴീക്കൽ ബോട്ട് ബിൽഡിംഗ് യാർഡ് പുനരുദ്ധാരണം നടത്തി സഹായസംഘങ്ങൾ മുഖേന ബോട്ട്/എഞ്ചിൻ മെയിന്റനൻസ് യാർഡാക്കി മാറ്റുക.

- പഴയങ്ങാടി ഏഴോം കോട്ടക്കീൽ കടവ് എസ്റ്റുറൈൻ ഏരിയ ടൂറിസത്തിനായി പരിഗണിക്കാവുന്നതാണ്.
- മത്സ്യലേല സമ്പ്രദായത്തിൽ ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്നും മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി സർക്കാർ നിയന്ത്രണത്തിൽ ഏകീകൃത ലേല സമ്പ്രദായം നിലവിൽ വരണം/ലേലം/വിപണനം എന്നിവയിൽ ഏർപ്പെടുന്നവർക്ക് ലൈസൻസിംഗ് ഏർപ്പെടുത്തണം.
- മത്സ്യത്തൊഴിലാളികൾക്ക് പുറംകടം ഒഴിവാക്കുന്നതിനും മത്സ്യബന്ധന ഉപകരണം സ്വരൂപിക്കുവാനും മത്സ്യത്തൊഴിലാളികൾക്ക് സഹകരണ സംഘങ്ങൾവഴി പലിശരഹിത വായ്പ അനുവദിക്കുക
- ഉൾനാടൻ മത്സ്യക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഉപേക്ഷിക്കപ്പെട്ട കാറികളിൽ മത്സ്യം വളർത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക
- ആധുനിക ശീതീകരണ സംവിധാനത്തോടുകൂടിയ മത്സ്യവിപണന കേന്ദ്രങ്ങൾ (ഫിഷ് മാർട്ട്) സർക്കാർ ധനസഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്ഥലം/കെട്ടിടം ലഭ്യമാക്കി നടപ്പിൽ വരുത്തുക.

<u>സംയോജന സാധ്യതകൾ</u>

- **ഫ്ലാറ്റ്, പാർപ്പിട സമുച്ചയങ്ങൾ**– ജില്ലയിലെ ഭൂരഹിത-ഭവനരഹിത മത്സ്യത്തൊഴിലാളികൾക്ക് ലൈഫ് പദ്ധതി മുഖേന പാർപ്പിട സൗകര്യം വിവിധ പദ്ധതികളുടെ സംയോജനത്തിലൂടെ നടപ്പാക്കാം. ജില്ലയിൽ നിലവിലുള്ള മത്സ്യത്തൊഴിലാളി കോളനി ഗ്രാമങ്ങൾ ആധുനിക രൂപരേഖയുടെ അടിസ്ഥാനത്തിൽ പരിഷ്കരിക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വകുപ്പുതല പദ്ധതി, ജില്ലാപഞ്ചായത്ത് എന്നിവയുടെ ഫലപ്രദമായ സംയോജനത്തോടെ പദ്ധതി നടപ്പിലാക്കാവുന്നതാണ്.
- **മത്സ്യക്കൃഷി വികസനം**– ജില്ലയിലെ മത്സ്യക്കൃഷി വികസിപ്പിക്കുന്നതിനാവശ്യമായ കുളങ്ങളുടെ നിർമാണം, പുനഃരുദ്ധാരണം, ബണ്ട് നിർമാണം തുടങ്ങിയവ വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ബ്ലോക്ക്തല പദ്ധതികളുടെയും ഏകോപനത്തിലൂടെ നടപ്പാക്കാവുന്നതാണ്.
- **മറൈൻ ടൂറിസം**– ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഉൾപ്പെടുന്ന മത്സ്യഗ്രാമങ്ങളിൽ മറൈൻ ടൂറിസം, അക്വേറിയം, മറൈൻമ്യൂസിയം എന്നിവ ഉൾക്കൊള്ളുന്ന പദ്ധതികൾ തദ്ദേശ/ജില്ല/ സംസ്ഥാന/കേന്ദ്ര പദ്ധതികളുടെ സംയോജനത്തിലൂടെ നടപ്പാക്കാവുന്നതാണ്. മേൽപദ്ധതികളിൽ മത്സ്യമേഖലയിലെ വനിതാശാക്തീകരണം സാധ്യമാക്കാവുന്ന രീതിയിലുള്ള പദ്ധതികൾ ആവിഷ്കരിക്കാം.
- മത്സ്യത്തൊഴിലാളി മേഖലയിൽ അംഗനവാടികളുടെയും സ്കൂളുകളുടെയും വികസനത്തിന് ഫിഷറീസ് വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ സംയോജിച്ച് പ്രത്യേക ഫണ്ട് നീക്കിവെച്ച് ജനപങ്കാളിത്തത്തോടെ പരിപാടികൾ നടത്തി സ്കൂളിനെ മികവിന്റെ കേന്ദ്രങ്ങളാക്കണം.
- മത്സ്യമേഖലയിലെ അനുബന്ധ മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ/പാശ്ചാത്തല സൗകര്യവികസനത്തിനായി തദ്ദേശ സ്വയംഭരണ/ജില്ല/വകുപ്പ് പദ്ധതികളുടെ സംയോജനത്തിലൂടെ പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.
- കണ്ണൂർ തയ്യിൽ മൈതാനപ്പള്ളി, അഴീക്കോട്, നീർക്കടവ്, നൂമാഹി, മാട്ടൂൽ, പാലക്കോട് എന്നിവിടങ്ങളിൽ പുലിമുട്ട് നിർമാണത്തെക്കുറിച്ച് ശാസ്ത്രീയപഠനവും നിർവഹണവും ജില്ലാ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാവുന്നതാണ്.
- താൽപര്യമുള്ള മത്സ്യത്തൊഴിലാളികളെ പങ്കെടുപ്പിച്ച് ആഴക്കടൽ മത്സ്യബന്ധനത്തിന് പരിശീലനം നൽകാനും ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ വാങ്ങുവാനും ഉള്ള പദ്ധതികൾ കേന്ദ്ര/സംസ്ഥാന സർക്കാറുകളുടെ സംയുക്തപദ്ധതി മുഖാന്തിരം നടപ്പിലാക്കാവുന്നതാണ്.
- ജില്ലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വകുപ്പുതല പദ്ധതികളും സംയോജിപ്പിച്ച് ശുദ്ധജല/ ഓരുജല/തദ്ദേശിയ മത്സ്യവിത്തുത്പാദന കേന്ദ്രങ്ങൾ നിർമിക്കുക.

7.1 (ഡി) പരിസ്ഥിതി, കാലാവസ്ഥാവ്യതിയാനം, വനവികസനം

ജില്ലയിൽ "ഹ്യുമിഡ് ട്രോപ്പിക്കൽ" കാലാവസ്ഥയാണ് അനുഭവപ്പെടുന്നത്. വാർഷിക ശരാശരിതാപം 28 ഡിഗ്രി സെൽഷ്യസാണ്. ശരാശരി കൂടിയ താപനില 32 ഡിഗ്രി സെൽഷ്യസും കുറഞ്ഞ താപനില 24 ഡിഗ്രി സെൽഷ്യസുമാണ്. ഇടവപ്പാതി, തുലാവർഷം, വേനൽമഴ എന്നിവയിലായി വർഷം 3,438 മി.മീ മഴ ജില്ലയിൽ ലഭിക്കുന്നു. ജില്ലയുടെ ശരാശരി ആപേക്ഷിക ആർദ്രത 76% മാണ്.

സസ്യജന്തുജാല വൈവിധ്യംകൊണ്ട് സമ്പന്നമായ പശ്ചിമഘട്ടമലനിരകളുടെ വടക്കൻ മേഖല ഉൾപ്പെടുന്ന കണ്ണൂർ ജില്ലയിൽ ആകെ വിസ്തീർണത്തിന്റെ 8.12% മാത്രമാണ് വനപ്രദേശം കേരളത്തിലെ മറ്റു ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ ഇത് തുലോം തുച്ഛമാണ്. ആകെയുള്ള 24384.35 ഹെക്ടർ വനത്തിൽ 8999.58 ഹെക്ടർ റിസർവ് വനങ്ങളും 6038.02 ഹെക്ടർ നിക്ഷിപ്തവനവുമാണ്. 482.12 ഹെക്ടറിലായി പരിസ്ഥിതി ദുർബല പ്രദേശങ്ങളും 236.57 ഹെക്ടറിൽ കണ്ടൽ റിസർവ് വനവും ജില്ലയിലുണ്ട്.

ജില്ലയിലെ പ്രധാനപ്പെട്ട നദികളെല്ലാം തന്നെ പശ്ചിമഘട്ട മലനിരകളിൽ നിന്നും ഉത്ഭവിക്കുന്നു. ഇവയുടെ സംരക്ഷണം കൊണ്ടു മാത്രം ഈ ജില്ലയിലെ വളരെയധികം സ്ഥലങ്ങൾ കൃഷിക്ക് ഉപയുക്തമാക്കുന്നതിനും വിള വർദ്ധനവിനും ഉത്പാദനക്ഷമത കൂട്ടുവാനും സഹായിക്കും. എന്നാൽ നിലവിലുള്ള

വനവിസ്തൃതി കുറഞ്ഞതിനാലും ജനവാസത്താൽ കാടുകൾ തുണ്ടം തുണ്ടമായിപ്പോയതിനാലും ജലസ്രോതസ്സുകൾ പലതും വറ്റിയതിനാലും ചില വന്യജീവികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചതിനാലും വനങ്ങളോട് ചേർന്ന കാർഷിക മേഖലയിലെ കർഷകർക്ക് ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്. ജനസംഖ്യാ വർദ്ധനവും അതോടൊപ്പം ഉണ്ടാകുന്ന മറ്റ് വികസനങ്ങളും കാരണം ജില്ലയിലെ ജല-വായു-പരിസ്ഥിതി മലിനീകരണത്തോതും കൂടി വരുന്ന സ്ഥിതിയാണ്.

പദ്ധതി നിർദേശങ്ങൾ- പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം

മേൽത്തട്ട് നിർദേശങ്ങൾ

- പരിസ്ഥിതിക്ക് വൻതോതിൽ വിഘാതമാവുന്ന ചെങ്കൽ പണകളുടെയും ക്വാറികളുടെ പ്രവർത്തനം നിയന്ത്രിക്കുക.
- ഭാവി വികസനവും ജനസാന്ദ്രതയും കണക്കിലെടുത്ത് എല്ലാ ആശുപത്രികളിലും നഗരങ്ങളിലും മലിന ജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുക.
- ഏകവിള തോട്ടങ്ങളുടെ വ്യാപനം ഒഴിവാക്കുക. കാട്ടുതീ പൂർണമായും ഇല്ലാതാക്കുന്നതിനുള്ള പ്രതിരോധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- പരിസ്ഥിതി നാശത്തിന് കാരണമാകുന്ന തരത്തിലുള്ള ടൂറിസം പദ്ധതികൾ പരിമിതപ്പെടുത്തുക.
- അശാസ്ത്രീയമായ രീതിയിൽ കോൺക്രീറ്റ് ചെയ്ത കനാലുകൾ പുനരാവിഷ്കരിക്കുന്നതിനായി റബ്ബർ തടയണകൾ സ്ഥാപിക്കുക, കയർഭൂവസ്ത്രങ്ങൾ ഉപയോഗിക്കുക.
- മട്ടുപ്പാവുകളിൽ പച്ചക്കറി, കോവൽ, പാഷൻ ഫ്രൂട്ട് എന്നിവ നട്ടുവളർത്തി എയർ കണ്ടീഷൻ മുതലായ ഇലക്ട്രിക് ഉപകരണങ്ങളുടെ ഉപയോഗം നിയന്ത്രിക്കുക. ആയത് കൃഷി വകുപ്പുമായി ബന്ധപ്പെടുത്തി സംയോജിത പ്രൊജക്ട് ആവിഷ്കരിക്കുക.
- തോടുകളും കനാലുകളും പ്രകൃതി സൗഹൃദമായ രീതിയിൽ സംരക്ഷിക്കുക.
- പുഴകൾ സംരക്ഷിക്കുന്നതിനായി പുഴയോര ഗ്രാമസഭകൾ, പുഴയോര സംരക്ഷണ സമിതികൾ രൂപീകരിക്കുക.
- ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായി പുഴകളിലും തോടുകളിലും ക്രോസ് ബാർ തടയണകൾ നിർമിക്കുക. ഇതിനായി ത്രിതല പഞ്ചായത്തുകൾ പ്രത്യേക ഘടക പദ്ധതികൾ ആവിഷ്കരിക്കുക.
- കീടനാശിനികളുടേയും രാസവളങ്ങളുടേയും ഉപയോഗം നിയന്ത്രിക്കുകയും ഇത്തരത്തിലുള്ള കൃഷിക്ക് ഗവൺമെന്റ് സഹായങ്ങൾ നൽകാതിരിക്കുകയും ഇത് സംബന്ധിച്ച് ബോധവൽക്കരണം നടത്തുകയും ചെയ്യുക.
- Human Waste ൽ നിന്ന് ബയോഗ്യാസ് ഉത്പാദിപ്പിക്കാനുള്ള സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി പൊതുസ്ഥാപനങ്ങളിൽ ബയോഗ്യാസ് ഉത്പാദിപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

കീഴ്ത്തട്ട് നിർദേശങ്ങൾ

- പുഴകളുടെയും നീർച്ചാലുകളുടെയും അതിരുകളിൽ കണ്ടൽക്കാടുകളും കൈതച്ചെടികളും വച്ച് പിടിപ്പിച്ച് മണ്ണൊലിപ്പ് തടയുക.
- വൃഷ്ടി പ്രദേശങ്ങളിലും ജലസംഭരണികളുടെ നിർമിതി പ്രദേശങ്ങളിലും ഉള്ള മരങ്ങൾ സംരക്ഷിക്കുകയും മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും ചെയ്യുക
- പുഴകളിൽനിന്നും അനധികൃത മണൽവാരൽ നിർത്തലാക്കുക.
- പുതുതായി കെട്ടിടങ്ങൾ നിർമിക്കുമ്പോൾ വൻതോതിൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്നത് നിർബന്ധമാക്കുക.
- റോഡുകളുടെ ഇരുവശവും വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കലും സംരക്ഷണവും പൊതുജന സഹകരണത്തോടെ നടപ്പാക്കുക.
- പ്ലാസ്റ്റിക് ഉൾപ്പടെയുള്ള മാലിന്യങ്ങൾ വനമേഖലയിൽ നിക്ഷേപിക്കുന്നത് തടയുന്നതിനും നിക്ഷേപിക്കപ്പെട്ടത് നീക്കം ചെയ്യുന്നതിനും കർമസേനയെ നിയോഗിക്കുക.

വനവികസനം

മേൽത്തട്ട് നിർദേശങ്ങൾ

- മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് റെയിൽ ഫെൻസിംഗ് നിർമാണം വ്യാപകമാക്കുക.
- നഗരങ്ങളിൽ ഹരിത ഉദ്യാനങ്ങൾ ഉണ്ടാക്കുക.
- വനമേഖലകളിലെ ജല സ്രോതസ്സുകളുടെ നിലനിൽപ്പിനും പുനരുജ്ജീവനത്തിനും ആവശ്യമായ ചെക്കുഡാമുകള്, തടയണകൾ, കുളങ്ങൾ, ഗള്ളി പ്ലഗ്ഗിങ്ങ് എന്നിവ കൂടുതലായി നിർമിക്കുക.
- സാമൂഹ്യ വനവൽക്കരണത്തിലൂടെ വൈവിദ്ധ്യമാർന്ന വിളകളുടെ വ്യാപനം സാധ്യമാക്കുക.
- വനപ്രദേശത്തിന് ലഭിക്കുന്ന മഴവെള്ളം ടഞ്ചുകളിലൂടെ കുത്തിയൊലിച്ച് പോകുന്നത് തടയുന്നതിന് ടഞ്ചുകൾക്ക് പകരം ബദൽ പ്രതിരോധ മാർഗങ്ങൾ കണ്ടെത്തുക.
- ത്രിതല പഞ്ചായത്തുകളുടെ ഫണ്ടിന്റെ അഞ്ച് ശതമാനം വനവികസനം, വനവൽക്കരണം എന്നിവയ്ക്കായി മാറ്റിവയ്ക്കുക.
- വനാതിർത്തി പ്രദേശങ്ങളിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ത്രിതല പഞ്ചായത്ത് തലത്തിൽ പ്രത്യേക ഫണ്ട് രൂപവൽക്കരിക്കുക.
- നദീതീരങ്ങളിലും മറ്റും മുളകൾക്ക് പുറമെ കൈത, ഈറ്റക്കാട്, നായ്ക്കരിമ്പ് എന്നിവ വച്ചുപിടിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും ത്രിതല പഞ്ചായത്തുകൾ പ്രത്യേക കർമപദ്ധതികൾ രൂപീകരിക്കുക.
- ജനവാസ കേന്ദ്രങ്ങളിൽ എത്തപ്പെടുന്ന പാമ്പുകൾ ഉൾപ്പെടെയുള്ള ചെറു വന്യജീവികളെ സുരക്ഷിതമായി പിടികൂടി അവയുടെ സ്വഭാവിക ആവാസ വ്യവസ്ഥയിൽ വിടുന്നതിന് താൽപ്പര്യമുള്ള ആളുകൾക്ക് പരിശീലനം നൽകി ത്രിതല പഞ്ചായത്തുകളുടെ സഹായത്താൽ നിയോഗിക്കുക.
- വനത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന സ്വകാര്യ കൈവശ ഭൂമികളിൽ ടൂറിസം പ്രവർത്തനങ്ങളും നിർമാണ പ്രവർത്തനങ്ങളും അനുവദിക്കാൻ പാടില്ല.
- കാട്ടിനകത്ത് നടക്കുന്ന ടൂറിസം പ്രവർത്തനങ്ങളുടെ ആഘാതം പഠിക്കുകയും ആയത് കുറക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുകയും ചെയ്യുക.
- National Green Building Code പ്രകാരമുള്ള നിർദേശങ്ങൾ ഉറപ്പു വരുത്തുക. പ്രത്യേകിച്ച് സർക്കാർ, പൊതുസ്ഥാപനങ്ങൾ.
- കരിമ്പം ഫാമിലെ ജൈവ വൈവിധ്യ കേന്ദ്രം പരിപാലിക്കുവാൻ ഫണ്ട് അനുവദിക്കുക. ജൈവ വൈവിധ്യം പഠനവിധേയമാക്കുക.
- കാട്ടുപന്നി, കുരങ്ങ് മുതലായ ജീവികളിൽനിന്നുള്ള കൃഷിനാശം നിയന്ത്രിക്കുവാൻ ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക.
- സ്വകാര്യ വ്യക്തികളുടെ കൈവശത്തിലുള്ള കണ്ടൽക്കാടുകൾ നഷ്ടപരിഹാരം നൽകി ഏറ്റെടുത്ത് കണ്ടൽക്കാടുകൾ പുനരുദ്ധരിക്കാൻ ആവശ്യമായ ധനസഹായം നൽകുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുക.

കീഴ്ത്തട്ട് നിർദേശങ്ങൾ

- വികസന പ്രവർത്തനങ്ങൾ നടത്തുമ്പോൾ നശിപ്പിക്കുന്ന വനത്തിന് പകരമായി കൂടുതൽ മരങ്ങൾ നട്ടു വളർത്തുക.
- വ്യവസായശാലകൾക്ക് ചുറ്റും വനവൽക്കരണം നടപ്പാക്കുക.
- വിറക് ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ പുകയില്ലാത്ത ചൂള, പാചക ഗ്യാസ് എന്നിവയുടെ ഉപയോഗം കൂട്ടുക.
- ഓരോ പഞ്ചായത്തിലും ചുരുങ്ങിയത് അഞ്ച് ഹെക്ടർ എങ്കിലും സ്ഥലം ഏറ്റെടുത്ത് വനവൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുക.
- തടിക്കഷണങ്ങൾ, മുളകൾ മുതലായവ ഉപയോഗിച്ചുള്ള തടയണകളുടെ നിർമാണത്തിന് പ്രാമുഖ്യം കൊടുക്കുക.
- നദീതീരങ്ങളിലും മറ്റും മുളകൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പ്രോത്സാഹന നടപടികൾ സ്വീകരിക്കുക.
- സ്വാഭാവിക വനങ്ങളുടെ നിലനിൽപ്പിനായുള്ള പ്രവർത്തനത്തിന്റെ ഭാഗമായി പ്രാദേശിക നൈസർഗിക മരങ്ങൾ വച്ചുപിടിപ്പിക്കുക.
- ഏകവിള തോട്ടങ്ങൾ വച്ചുപിടിപ്പിക്കാതിരിക്കുക, നിലവിലുള്ളവ മുറിച്ച് മാറ്റി സ്വാഭാവിക വനങ്ങളുടെ വളർച്ചക്ക് പ്രചോദനം നൽകുക.

സംയോജന സാധ്യതകൾ

റെയിൽ ഫെൻസിംഗ് – മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് റെയിൽ ഫെൻസിങ്ങ് നിർമാണം വ്യാപകമാക്കുക. ഗ്രാമപഞ്ചായത്ത്, ഡിപ്പാർട്ട്മെന്റ്, ജില്ലാപഞ്ചായത്ത് സംയുക്തമായി പദ്ധതികൾ നടപ്പാക്കാം.
ബയോഗ്യാസ് പ്ലാന്റ് – Human Waste ൽനിന്ന് ബയോഗ്യാസ് ഉത്പാദിപ്പിക്കാനുള്ള സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി പൊതുസ്ഥാപനങ്ങളിൽ ബയോഗ്യാസ് ഉത്പാദിപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.
ക്രോസ് ബാർ തടയണകൾ – ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായി പുഴകളിലും തോടുകളിലും ക്രോസ് ബാർ തടയണകൾ നിർമിക്കുക. ഇതിനായി ത്രിതല പഞ്ചായത്തുകൾ പ്രത്യേക ഘടക പദ്ധതികൾ ആവിഷ്കരിക്കുക.

7.1(ഇ) വ്യവസായം, വാണിജ്യം, സ്വയം തൊഴിൽ സംരംഭങ്ങൾ

വ്യാവസായികമായി വളർന്നു കൊണ്ടിരിക്കുന്ന ജില്ലയാണ് കണ്ണൂർ. കേരളത്തിന്റെ വ്യവസായ ഭൂപടത്തിൽ കണ്ണൂർ ജില്ലയ്ക്ക് ഗണനീയമായ സ്ഥാനമുണ്ട്. തുണി, വസ്ത്ര നിർമാണം, ഭക്ഷ്യ സംസ്കരണം, കെട്ടിട നിർമാണ സാമഗ്രികൾ, പ്ലാസ്റ്റിക്, എഞ്ചിനീയറിംഗ്, മരാധിഷ്ഠിത വ്യവസായങ്ങൾ, പ്ലൈവുഡ്, കൂപ്പിവെള്ളം, പേപ്പർ ഉൽപ്പന്നങ്ങൾ, അച്ചടി എന്നീ ആധുനിക മേഖലയും, കൈത്തറി, കയർ, വെങ്കല ഉൽപ്പന്നങ്ങൾ, കളിമൺ തുടങ്ങിയ പരമ്പരാഗത മേഖലയും ജില്ലയിൽ ശ്രദ്ധേയമായി പ്രവർത്തിക്കുന്നു. കണ്ണൂർ കൈത്തറി ലോക ശ്രദ്ധയാകർഷിച്ചപ്പോൾ കണ്ണൂർ ഹോം ഫർണിഷിംഗ് ഉൽപ്പന്നങ്ങൾക്ക് ഭൗമ സൂചിക സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. വ്യവസായ മേഖലയിൽ 9,181 സംരംഭങ്ങൾ ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതുവഴി ഏതാണ്ട് 819.10 കോടി രൂപയുടെ നിക്ഷേപവും 43,451 പേർക്കു തൊഴിൽ ലഭ്യതയും ഉറപ്പാകുന്നു.

പദ്ധതി നിർദേശങ്ങൾ

മേൽത്തട്ട് നിർദേശങ്ങൾ

- യന്ത്രത്തറിക്ക് പരമ്പരാഗത വ്യവസായത്തിന്റെ പരിഗണന നൽകി സാമ്പത്തിക പദ്ധതികൾ ആസൂത്രണം ചെയ്യുക. കൈത്തറി, യന്ത്രത്തറി മേഖലകൾക്ക് മാത്രമായി ജില്ലാതലത്തിൽ ഒരു ആഫീസ് സംവിധാനമുണ്ടാക്കുക.

- പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ ജില്ലാ കേന്ദ്രത്തിൽ എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്റർ ആരംഭിക്കുക.

- ഓട്ടോ മൊബൈൽ ബോഡി നിർമാണ യൂണിറ്റ് ആരംഭിക്കുക.

- കൈത്തറി തൊഴിലാളികളെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുവാനുള്ള നിർദേശം.

- സ്ഥലപരിധി കണക്കിലെടുത്ത് ഭവന നിർമാണ മേഖലയിൽ ഫ്ലാറ്റുകൾ നിർമിക്കുന്നത് പരിഗണിക്കാവുന്നതാണ്.

- പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് പരിശീലനവും, ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനുള്ള ധനസഹായവും നൽകുക.

- കണ്ണൂരിന്റെ തനത് ഉൽപ്പന്നങ്ങളായ കൈത്തറി, കയർ, പ്ലൈവുഡ്, കരകൗശല വസ്തുക്കൾ എന്നിവ പ്രദർശിപ്പിക്കുന്നതിന് സ്ഥിരം പ്രദർശന വിപണന കേന്ദ്രം ജില്ലയിൽ ഒരുക്കുക.

- സ്ഥല ലഭ്യത വളരെ കുറഞ്ഞ സാഹചര്യത്തിൽ 3 ഏക്കർ മുതൽ വിസ്തീർണമുള്ള വ്യവസായ എസ്റ്റേറ്റുകൾക്കു അംഗീകാരം നൽകാവുന്നതാണ്.

- വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിൽ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്കുള്ള ഒരു കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുക.

- കേരള കാഷ്യു ഡെവലപ്മെന്റ് കോർപറേഷന്റെ കീഴിൽ ജില്ലയിൽ ഒന്നോ രണ്ടോ കശുവണ്ടി ഫാക്ടറികൾ സ്ഥാപിക്കാനുള്ള തീരുമാനങ്ങൾ സർക്കാർ തലത്തിൽ കൈക്കൊള്ളുക.

- വ്യവസായ വകുപ്പ്, വ്യവസായ മന്ത്രാലയം നൽകുന്ന സഹായങ്ങളെക്കുറിച്ചു അവബോധം ഉണ്ടാക്കുന്ന ഒരു ഹെൽപ് ഡെസ്ക്, നൂതന ഉൽപ്പന്നങ്ങൾക്ക് സംരംഭകർക്കാവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിന് ഇൻക്യുബേഷൻ സെന്റർ എന്നിവ സ്ഥാപിക്കുക.

- മത്സ്യത്തിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമിക്കാനും അവ സൂക്ഷിച്ചു വെക്കാനുമുള്ള സംവിധാനങ്ങൾ പൊതു – സ്വകാര്യ പങ്കാളിത്തത്തോടെ നിർമിക്കുക

- പാഴ്വസ്തുക്കളും ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക്കുകളും കൊണ്ട് വുഡ് പ്ലാസ്റ്റിക് കോംപോസിറ്റ്സ് നിർമിക്കാനുള്ള ഒരു സംരംഭം ജില്ലയിൽ ആരംഭിക്കുക.

- നാനോലൂം പോലുള്ള ആധുനിക തറികൾ സ്ഥാപിച്ച് ഉത്പാദനക്ഷമത വർദ്ധിപ്പിക്കുക.

- ജില്ലാ സഹകരണ യാൺ സൊസൈറ്റിയെ ശക്തിപ്പെടുത്താനായി ഗവണ്മെന്റ് ഗ്രാന്റായി വർക്കിംഗ് ക്യാപിറ്റൽ അനുവദിക്കുക.

- സഹകരണ സംഘങ്ങളുടെ ഭരണസമിതി അംഗങ്ങൾക്കും ഓഫീസ് ഭാരവാഹികൾക്കും കാലാകാലങ്ങളിൽ ഓറിയന്റേഷൻ കോഴ്സുകൾ നിയമപരമായി നിർബന്ധമാക്കണം.

- ബീഡി തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി മേഖലയിൽ നിലവിൽ ലഭിക്കുന്ന വേതനത്തിന് അനുസൃതമായി പെൻഷൻ പദ്ധതി ആവിഷ്കരിക്കുക.

- യന്ത്രത്തറി മേഖലകൾക്ക് മാത്രമായി ജില്ലാതലത്തിൽ ഒരു ആഫീസ് സംവിധാനമുണ്ടാക്കുക.

- പവർലൂം മേഖലയിലെ തൊഴിലാളികൾക്ക് ക്ഷേമനിധി നടപ്പിലാക്കുക.

- ജില്ലയിലുള്ള പ്രവർത്തനരഹിതമായ പവർലൂം സഹകരണ സംഘങ്ങളുടെ ഭൂമി ഉപയോഗപ്പെടുത്തി പുനരുജ്ജീവന പദ്ധതിയും, വികസന പദ്ധതികളും നടപ്പിലാക്കുക.

- കിൻഫ്ര, കെ.എസ്.ഐ.ഡി.സി. മുതലായ ഏജൻസികളുടെ ഉടമസ്ഥതയിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ പ്രവാസികൾക്ക് ഒരു നിശ്ചിത ശതമാനം സംവരണം ചെയ്യാനുള്ള വ്യവസ്ഥകൾ ആവിഷ്കരിക്കുക

കീഴ്ഘട്ട് നിർദേശങ്ങൾ

- സ്കൂൾ വിദ്യാർത്ഥികൾക്ക് സർക്കാർ യൂണിഫോം തുണി സൗജന്യമായി നൽകുന്ന പദ്ധതിയിൽ പവർലൂം സ്ഥാപനങ്ങൾക്കും പങ്കാളിത്തം നൽകുക.
- ഓരോ മണ്ഡലവും കേന്ദ്രീകരിച്ചും വിവിധ മേഖലകളിൽ പരിശീലനം സിദ്ധിച്ച തൊഴിലാളികളെ ഉൾപ്പെടുത്തി ലേബർ ബാങ്ക് രൂപീകരിക്കാവുന്നതാണ്.
- പ്ലാസ്റ്റിക് മാലിന്യങ്ങൾ പുനരുപയോഗം ചെയ്യാനും അറവു മാലിന്യങ്ങൾ സംസ്കരിച്ചു വളമാക്കാനും ബ്ലോക്ക് – താലൂക്ക് തലത്തിൽ സംസ്കരണ കേന്ദ്രങ്ങൾ നിർമിക്കാവുന്നതാണ്.
- കണ്ണൂർ ജില്ലയുടെ തനതു ശൈലിയിലുള്ള ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുവാൻ നേരിട്ടും ഓൺലൈൻ മുഖാന്തിരവും വിൽപ്പന ചെയ്യാനുള്ള സംവിധാനം ഒരുക്കുക.
- സംസ്ഥാന സർക്കാർ പദ്ധതിയായ നാനോ ഹൗസ് ഹോൾഡ് സ്കീമിന്റെ പ്രയോജനം ഗ്രാമ ബ്ലോക്ക് തലത്തിൽ ഗുണഭോക്താക്കളിലെത്തിക്കുക.
- സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവയ്ക്ക് ആവശ്യമായ തുണി യന്ത്രത്തറി മേഖലയിൽ നിന്നും ശേഖരിക്കുക.
- പ്രവാസി പുനരധിവാസ പദ്ധതിയുടെ ഭാഗമെന്നോണം മുൻ പ്രവാസികൾക്ക് പുതിയ വ്യവസായസംരംഭങ്ങൾ തുടങ്ങുന്നതിനായി ജില്ലാ വ്യവസായ ബാങ്കിന്റെ സഹായം ലഭ്യമാക്കുക.

<u>സംയോജന സാധ്യതകൾ</u>

- **ലഘു എഞ്ചിനീയറിംഗ്–** ലഘു എഞ്ചിനീയറിംഗ് – സ്റ്റീൽ ഫർണിച്ചർ നിർമാണം, ഫാബ്രിക്കേഷൻ അനുബന്ധ വ്യവസായങ്ങൾ ലഘു-സൂക്ഷ്മ മേഖലയിൽ നിർണായക സ്വാധീനമുള്ളതാണ്. ഈ മേഖലയ്ക്ക് ആവശ്യമായ പൊതു സേവന കേന്ദ്രം ജില്ലാതലത്തിൽ ആരംഭിക്കാവുന്നതാണ്. കേന്ദ്ര സർക്കാരിന്റെ ക്ലസ്റ്റർ വികസന പദ്ധതിയിൽ നടപ്പിലാക്കാവുന്നതാണ്.
- **ഓട്ടോ മൊബൈൽ ബോഡി നിർമാണം** – ജില്ലയിൽ ചെറുതും വലുതുമായ ബോഡി നിർമാണ വർക് ഷോപ്പുകൾ പ്രവർത്തിച്ചിരുന്നു. കേന്ദ്ര – സംസ്ഥാന – സ്വകാര്യ പങ്കാളിത്തത്തോടെ വാഹന ബോഡി നിർമാണത്തിനുള്ള ഒരു പൊതുസേവന കേന്ദ്രം ജില്ലയിൽ നിർമിച്ചാൽ ഈ മേഖലയുടെ വൻകുതിപ്പിന് അതു വഴിയൊരുക്കും.

- **ടെസ്റ്റിംഗ് ലാബ്, കോൾഡ് സ്റ്റോറേജ്** – കണ്ണൂർ വിമാനത്താവളം യാഥാർഥ്യമായിവരുന്ന സാഹചര്യത്തിൽ കാർഷികാധിഷ്ഠിത വിഭവങ്ങൾ, ഇണിത്തരങ്ങൾ എന്നിവയുടെ കയറ്റുമതിക്ക് സാധ്യത വർദ്ധിക്കും. നിലവിൽ ഉൽപ്പന്നങ്ങൾ സൂക്ഷിക്കാനുള്ള ശീതീകരിച്ച സംഭരണ ശാലകൾ ജില്ലയിലില്ല. സമാനമായി ഭക്ഷ്യ വസ്തുക്കൾ, പ്ലൈവുഡ്, ടെക്സ്റ്റൈൽസ് മുതലായ ഉൽപ്പന്നങ്ങൾ പരിശോധിക്കാനുള്ള ലാബ് സൗകര്യവും കണ്ണൂരിൽ ഇല്ല. സ്വകാര്യ മേഖല, ജില്ലാപഞ്ചായത്ത് സംയുക്ത പങ്കാളിത്തത്തോടു കൂടി പദ്ധതി നടപ്പാക്കാം.
- **ഉൽപ്പന്നങ്ങളുടെ പ്രദർശന വിപണന കേന്ദ്രം** – കണ്ണൂരിന്റെ തനതായ ഉൽപ്പന്നങ്ങളായ കൈത്തറി, കയർ, പ്ലൈവുഡ്, കരകൗശല വസ്തുക്കൾ, മറ്റുള്ളവ പ്രദർശിപ്പിക്കുന്നതിനു ഒരു സ്ഥിരം സംവിധാനം ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തി ജില്ലയിൽ ഒരുക്കാവുന്നതാണ്.
- **കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനവ്** – കാർഷികാധിഷ്ഠിത ഭക്ഷ്യ സംസ്കരണ മേഖലയ്ക്ക് പ്രത്യേകം പാക്കേജുകൾ അനുവദിച്ചുകൊണ്ട് ഊന്നൽ മേഖലയായി സർക്കാർ പ്രഖ്യാപിക്കുകയും 10 വർഷത്തേക്ക് പ്രത്യേകം സാമ്പത്തിക ആനുകൂല്യങ്ങളും മുൻഗണനയും നൽകുകയും ചെയ്യേണ്ടതാണ്. വിവിധ ഗവേഷണ സ്ഥാപങ്ങളുടെ സാങ്കേതിക വിദ്യകൾ നേരിട്ട് സംരംഭകർക്ക് നൽകുവാൻ ആവശ്യമായ നടപടികൾ ഉണ്ടാകേണ്ടതാണ്. വ്യവസായ വകുപ്പ്/കൃഷി വകുപ്പ്/അനുബന്ധ ഗവേഷണ സ്ഥാപങ്ങൾ ഒരു സംയുക്ത സമിതി രൂപീകരിച്ചു ന്യായമായ തീരുമാനങ്ങൾ കൈക്കൊള്ളാവുന്നതാണ്.
- സർക്കാർ/ത്രിതല പഞ്ചായത്ത് തലത്തിൽ ഫണ്ട് കണ്ടെത്തി കൈത്തറി സംഘങ്ങളുടെ പണിശാലകൾ പുതുക്കി പുതുതലമുറയെ ഈ രംഗത്തേക്ക് ആകർഷിച്ചു കൂടുതൽ തൊഴിലും ഉത്പാദനവും സാമ്പത്തിക വികസനവും സാധ്യമാക്കാവുന്നതാണ്.
- **പൊതു സേവന കേന്ദ്രം** – സർക്കാർ/ത്രിതല പഞ്ചായത്ത് ധനസഹായത്തോടെ ഹാൻവീവിന്റെ ഉടമസ്ഥതയിൽ ചിറക്കൽ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഹാൻവീവ് പ്രോസസിംഗ് സെന്റർ യന്ത്ര സാമഗ്രികൾ, മലിന ജലം ശുദ്ധീകരിക്കുന്ന സംവിധാനം എന്നിവ ആധുനികവൽക്കരിച്ചു 3 ഷിഫ്റ്റ് സേവന പ്രവർത്തനം നടപ്പിലാക്കുകയും ചെയ്താൽ ജില്ലയിലെ സ്വകാര്യ/സഹകരണ സ്ഥാപനങ്ങൾക്ക് നെയ്ത തുണിയുടെ അന്തിമ മിനുക്കുപണികൾ (ചായം മുക്കൽ ഉൾപ്പെടെ) അവിടെ നടത്താൻ കഴിയും.

7.2 (എ) ആരോഗ്യം

പ്രാഥമികവും ദ്വിതീയവും തൃതീയവുമായ തലങ്ങളിൽ ഗുണനിലവാരമുള്ള ആരോഗ്യ സേവനങ്ങൾ നൽകിക്കൊണ്ടും അവയിൽ കാലാനുസൃതമായ നവീകരണം വരുത്തിക്കൊണ്ടും മാത്രമേ നമുക്ക് ജില്ലയിലെ മുഴുവൻ ജനങ്ങളുടേയും ആരോഗ്യപരിരക്ഷ സാധ്യമാവുകയുള്ളൂ. നിലവിലുള്ള ജനസംഖ്യാ വർദ്ധനവിന്റെ തോതനുസരിച്ച് 2050 ആകുമ്പോഴേക്കും കണ്ണൂർ ജില്ലയുടെ ജനസംഖ്യ ഏകദേശം 32 ലക്ഷത്തോളം എത്തുമെന്ന് അനുമാനിക്കുന്നു. പഞ്ചായത്തുകൾ അടിസ്ഥാനത്തിലുള്ള (മുൻസിപ്പാലിറ്റിയും കോർപറേഷനും ഒഴികെ) മരണങ്ങളുടെ വിശദാംശങ്ങൾ പരിശോധിച്ചാൽ ഏറ്റവും കൂടുതൽ ശതമാനം ആളുകൾ മരണപ്പെട്ടത് ഹൃദയ-ശ്വാസകോശ സംബന്ധമായ രോഗങ്ങൾ മൂലവും കാൻസർ രോഗബാധമൂലവുമാണെന്ന് കാണുന്നു. മൊത്തം മരണങ്ങളുടെ 5% മരണം ആത്മഹത്യയാവുന്നതും 4.8% അപകടമാവുന്നതും വളരെ ഗൗരവത്തോടെ കാണേണ്ടിയിരിക്കുന്നു. ജീവിതശൈലീ രോഗങ്ങളുടെ വർധനവ്, കാൻസർ, റോഡപകടങ്ങൾ എന്നിവ ശ്രദ്ധാപൂർവം നിരീക്ഷിക്കേണ്ടതാണ്. ജീവിതശൈലീ രോഗങ്ങളായ രക്തസമ്മർദം, പ്രമേഹം, ഹൃദ്രോഗം തുടങ്ങിയ രോഗങ്ങളുടെ വ്യാപ്തി നല്ല രീതിയിൽ നിലനിൽക്കുന്നുവെന്നത് ഈ മേഖലകളിലെ ഇടപെടലിന്റെ ആവശ്യകത സൂചിപ്പിക്കുന്നു.

ജില്ലയിൽ സർക്കാർ മേഖലയിൽ 9 ആയുർവേദ ആശുപത്രികളും 62 ഡിസ്പെൻസറികളും 32 എൻ.എച്ച്.എം. താൽക്കാലിക ഡിസ്പെൻസറികളും നിലവിലുണ്ട്. പൊതുജനാരോഗ്യരംഗത്ത് മികച്ച മുന്നേറ്റം നടത്തിക്കൊണ്ടിരിക്കുന്ന വൈദ്യശാസ്ത്രമാണ് ഹോമിയോപ്പതി. കണ്ണൂർ ജില്ലയിൽ ഹോമിയോപ്പതി രംഗത്ത് ഏറെ മാറ്റങ്ങൾ സൃഷ്ടിക്കാൻ ഇതിനോടകം സാധിച്ചിട്ടുണ്ട്. നിരവധി സ്ഥാപനങ്ങളിലൂടെയും ഔട്ട് റീച്ച് പ്രവർത്തനങ്ങളിലൂടെയും ഈ വൈദ്യശാസ്ത്രത്തിന്റെ സേവനം ലക്ഷക്കണക്കിന് ആളുകൾക്ക് ലഭ്യമാകുന്നുണ്ട്. കണ്ണൂർ ജില്ലയിലെ ഹോമിയോപ്പതി ഫെർട്ടിലിറ്റി സെന്റർ ഇതിനോടകം രാജ്യശ്രദ്ധനേടിയിട്ടുണ്ട്.

പദ്ധതി നിർദേശങ്ങൾ- അലോപ്പതി

മേൽത്തട്ട് നിർദേശങ്ങൾ

- ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന്റെ സൗകര്യത്തോടുകൂടിയ ഒരു സ്ഥാപനം കണ്ണൂർ ജില്ലയിൽ സ്ഥാപിക്കണം.
- ഡയാലിസിസ് സെന്ററുകൾ സഹകരണ മേഖലയുടെ സഹായത്തോടെ സ്ഥാപിക്കണം.
- ജില്ലാ/താലൂക്ക് ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി/സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക.
- പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുക.
- ഹൃദ്രോഗ ചികിത്സ, വൃക്കരോഗ ചികിത്സ തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ജില്ലാ ആശുപത്രിയിലും ഏർപ്പെടുത്തുക.
- തലശ്ശേരി ജനറൽ ആശുപത്രി, കണ്ണൂർ ജില്ലാ ആശുപത്രി, പയ്യന്നൂർ താലൂക്ക് ആശുപത്രി, തളിപ്പറമ്പ് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി എന്നിവിടങ്ങളിൽ ട്രോമകെയർ സംവിധാനം ഏർപ്പെടുത്തുക.
- റീജിയണൽ പബ്ലിക് ഹെൽത്ത് ലാബ് മികവുറ്റതാക്കുക.
- ജില്ലാ താലൂക്ക് ജനറൽ ആശുപത്രികളിൽ പാത്തോളജി ലാബുകൾ, ജില്ലാടിസ്ഥാനത്തിൽ മരുന്നുകളുടെ ഗുണമേന്മ പരിശോധനാ ലാബുകൾ, ഹോർമോൺ ടെസ്റ്റിങ്ങ് സംവിധാനം ഏർപ്പെടുത്തുക.
- ജല ഗുണനിലവാര പരിശോധന, ഭക്ഷ്യ സുരക്ഷാ പരിശോധന എന്നിവ നടത്തുന്നതിന് അനാലിറ്റിക്കൽ ലാബ് സംവിധാനം ഒരുക്കുക.
- പിന്നാക്ക പ്രദേശങ്ങളിലെ ജനങ്ങളുടെ ആരോഗ്യപരിശോധനയ്ക്ക് സഞ്ചരിക്കുന്ന ലബോറട്ടറി, ജില്ലയിൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ സ്ഥാപിക്കുന്നത് ഗുണകരമായിരിക്കും.
- പ്രാണിജന്യരോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഫലപ്രദമായി ഇടപെടാൻ പറ്റുന്ന രീതിയിൽ ആവശ്യമായ വിദഗ്ധജീവനക്കാരേയും ആധുനിക ഉപകരണങ്ങളും ലഭ്യമാക്കുക.
- വിവിധ സ്പെഷ്യാലിറ്റികളിൽ പാരാമെഡിക്കൽ വിദഗ്ധന്മാരെ സൃഷ്ടിക്കുന്നതിനായി പാരാമെഡിക്കൽ കോളേജുകളും ഇൻസ്റ്റിറ്റ്യൂട്ടുകളും സ്ഥാപിക്കണം.
- പാലിയേറ്റീവ് കെയറിന് ജില്ല, താലൂക്ക്, ജനറൽ ആശുപത്രികളിൽ ടെർമിനൽ കെയർ സെന്റർ സ്ഥാപിക്കണം.
- എല്ലാ വൈദ്യശാസ്ത്രശാഖകളേയും ഉൾപ്പെടുത്തി ഡി അഡിക്ഷൻ സെന്ററുകൾ ബ്ലോക്ക് അടിസ്ഥാനത്തിൽ സ്ഥാപിക്കണം.
- കാൻസർ രോഗികളുടെ എണ്ണം കൂടിവരുന്നതിനാൽ നേരത്തെയുള്ള രോഗനിർണയത്തിന് സ്ഥിരം സംവിധാനം സി.എച്ച്.സി. തലത്തിൽ ലഭ്യമാക്കണം.

കീഴ്ത്തട്ട് നിർദേശങ്ങൾ

- കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ അവശ്യ സൗകര്യവും സാഹചര്യങ്ങളും ഒരുക്കിയാൽ താലൂക്ക്, ജില്ലാ ആശുപത്രികളിലെ തിരക്ക് ഒരുപരിധി വരെ കുറക്കാൻ കഴിയും.
- പ്രസവസൗകര്യമുള്ള ആശുപത്രികളിൽ മെച്ചപ്പെട്ട ഭൗതിക സൗകര്യവും വിഭവശേഷിയും വർദ്ധിപ്പിക്കുക.
- ജില്ലാ ആശുപത്രികളിൽ ഓങ്കോളജി വിഭാഗം പ്രവർത്തന സജ്ജമാക്കുക. താലൂക്ക് ആശുപത്രികൾ, സി.എച്ച്.സി.കൾ തുടങ്ങിയ സ്ഥാപനങ്ങളിൽ കാൻസർ പ്രാഥമിക പരിശോധനക്കുള്ള സംവിധാനങ്ങൾ ഒരുക്കുക.
- അടിയന്തിര ഘട്ടങ്ങളിൽ (പകർച്ചവ്യാധികൾ, അപകടങ്ങൾ, ദുരന്തങ്ങൾ, മേളകൾ തുടങ്ങിയ സന്ദർഭങ്ങൾ) ജില്ല കേന്ദ്രീകരിച്ച് സഞ്ചരിക്കുന്ന മെഡിക്കൽ ടീം സംവിധാനം ഏർപ്പെടുത്തുക.
- ഭിന്നശേഷിയുള്ളവരുടെ ജീവിത ഗുണമേന്മ ഉറപ്പാക്കുന്നതിനുള്ള ആരോഗ്യ സംരക്ഷണ പദ്ധതികളും സഹായ ഉപകരണങ്ങൾ നൽകുന്നതിനുള്ള പദ്ധതികളും ഉണ്ടാവേണ്ടതുണ്ട്.
- ജില്ലയിൽ ആദിവാസി-മത്സ്യത്തൊഴിലാളി മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള ആരോഗ്യ അനുബന്ധപ്രവർത്തനങ്ങൾ നടത്തുക.

ആയുർവേദം

മേൽത്തട്ട് നിർദേശങ്ങൾ

- പയ്യന്നൂർ ഗവ. ആയുർവേദ ആശുപത്രിക്ക് കൂടുതൽ പേവാർഡുകൾ നിർമിച്ച് 100 ബെഡ്ഡുകളോടുകൂടിയ (ആയുർവേദ ടൂറിസവുമായി ബന്ധപ്പെടുത്തി) ഹൈടെക് ആശുപത്രിയായി ഉയർത്തുക.
- ആയുർവേദ സ്ഥാപനങ്ങളില്ലാത്ത പഞ്ചായത്തുകളിൽ (ചെറുപുഴ, ചെറുതാഴം, മാടായി, കുറുമാത്തൂർ, ഉദയഗിരി, കടന്നപ്പള്ളി, പാണപ്പുഴ, അഴീക്കോട്, അയ്യംകുന്ന്, കൊട്ടിയൂർ) ആയുർവേദ സ്ഥാപനങ്ങൾ തുടങ്ങുക.
- ജില്ലാതലത്തിൽ ഔഷധത്തോട്ടം ആരംഭിക്കുന്നതിനായി മിനിമം 5 ഏക്കർ സ്ഥലമെങ്കിലും ലഭിക്കുന്നതിന് നടപടി സ്വീകരിക്കുക.
- മട്ടന്നൂർ വിമാനത്താവളത്തിനടുത്ത് ആയുർവേദ ടൂറിസവുമായി ബന്ധപ്പെട്ട് ഒരു ആയുർവേദ ഗ്രാമം തുടങ്ങാനുള്ള നടപടിക്ക് ശുപാർശ ചെയ്യുന്നു.
- തൃശ്ശൂർ ജില്ലയിൽ ആരംഭിച്ച രീതിയിലുള്ള സ്പോർട്സ് ആയുർവേദ ആശുപത്രി കണ്ണൂർ ജില്ലയിൽ ആരംഭിക്കാവുന്നതാണ്.
- ശിശു സംരക്ഷണത്തിനായി ആയുർവേദവുമായി ബന്ധപ്പെടുത്തി ആശുപത്രി തുടങ്ങാവുന്നതാണ്.
- ആയുർവേദ ടൂറിസവുമായി ബന്ധപ്പെട്ട് കൂടുതൽ സൗകര്യമുള്ള, കുടുംബസമേതം താമസിച്ച് ചികിത്സിക്കുന്ന ഒറ്റയായ പേവാർഡുകളും പരിഗണിക്കാവുന്നതാണ്. ഇത് വിദേശികളും സ്വദേശികളുമായ ടൂറിസ്റ്റുകൾക്ക് ഫലപ്രദമായിരിക്കും. പുതിയ കെട്ടിടങ്ങൾക്ക് KASH നിലവാരം ഉറപ്പുവരുത്തണം.
- ആയുർവേദ മേഖലയിൽ മാനസിക രോഗചികിത്സക്ക് കോട്ടക്കൽ മോഡൽ സ്ഥാപനം തുടങ്ങണം.

ഹോമിയോപ്പതി

മേൽത്തട്ട് നിർദേശങ്ങൾ

- ഡിസ്പെൻസറികളിലെ സ്റ്റാഫ് പാറ്റേൺ ഏകീകരിക്കുക.
- ഏല്ലാ താലൂക്കുകളിലും കിടത്തി ചികിത്സാ സൗകര്യത്തോടുകൂടിയ ഹോമിയോ ആശുപത്രികൾ സ്ഥാപിക്കണം.
- പ്രോജക്ടുകൾ, ക്യാമ്പുകൾ, ഔട്ട് റീച്ച് പ്രവർത്തനങ്ങൾ, പദ്ധതി പ്രവർത്തനങ്ങൾ എന്നിവയ്ക്കായി മെഡിക്കൽ ഓഫീസർമാരെ നിയമിക്കുക.
- ജനനി വന്ധ്യതാ നിവാരണ കേന്ദ്രം സെന്റർ ഓഫ് എക്സലൻസ് ആക്കി ഉയർത്തുവാൻ ഉപകരണങ്ങൾ, തസ്തികകൾ, ഭൗതിക സാഹചര്യങ്ങൾ എന്നിവ മികവുറ്റതാക്കുക.
- ജില്ലയിൽ ഒരു കാൻസർ സ്പെഷ്യാലിറ്റി കേന്ദ്രം ആരംഭിക്കാൻ നടപടി സ്വീകരിക്കുക.
- എല്ലാ പഞ്ചായത്തുകളിലും സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.
- എല്ലാ ബ്ലോക്കുകളിലും കിടത്തിചികിത്സ സൗകര്യമുള്ള ഹോമിയോ ആശുപത്രി സ്ഥാപിക്കണം.
- ഹോമിയോ രംഗത്ത് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി സ്ഥാപിക്കണം.

കീഴ്ത്തട്ട് നിർദേശങ്ങൾ

- ആറളം ഹോമിയോ ആശുപത്രി പട്ടിക ഗോത്ര വിഭാഗ പ്രദേശത്ത് ആയതിനാൽ ആശുപത്രിയുടെ വികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി പ്രവർത്തനം മെച്ചപ്പെടുത്തുക.

<u>സംയോജന സാധ്യതകൾ</u>

സമ്പൂർണ സാന്ത്വന പരിചരണ ജില്ല – ഗൃഹകേന്ദ്രീകൃത സാന്ത്വന പരിചരണം, വ്യക്തികൾക്ക് ഉപകരണങ്ങളും മരുന്നും, സാന്ത്വന പരിചരണ ക്ലിനിക്ക് തുടങ്ങിയവ സംഘടിപ്പിച്ച് ഊർജ്ജിതമായ പാലിയേറ്റീവ് പ്രവർത്തനങ്ങൾ ജില്ലാ, ഗ്രാമപഞ്ചായത്ത്, നഗരസഭ, ആരോഗ്യവകുപ്പ് സംയുക്തമായി ആവിഷ്കരിക്കണം.
സമഗ്ര കാൻസർ – രോഗനിയന്ത്രണം – ഏർളി ഡിറ്റക്ഷൻ യൂണിറ്റുകൾ, സാമ്പിൾ - ട്രാൻസ്പോർട്ടിംഗ് ചെലവ്, ബോധവൽക്കരണ പ്രവർത്തനം, സി.എച്ച്.സി., ടി.എച്ച്. തലത്തിൽ ഡിറ്റക്ഷൻ ക്ലിനിക്ക് തുടങ്ങിയവ ഉൾപ്പെടെ ജില്ലാ കാൻസർ കെയർ യൂണിറ്റിന്റെ ശാക്തീകരണം.

സാംക്രമിക രോഗനിയന്ത്രണ പരിപാടി – മാലിന്യസംസ്കരണം, ഇതരസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ഹെൽത്ത് കാർഡ് വിതരണവും, കൊതുക് നിയന്ത്രണപ്രവർത്തനങ്ങൾ, ജലശുദ്ധീകരണ പ്രവർത്തനങ്ങൾ, ബോധവൽക്കരണം എന്നിവ തദ്ദേശസ്ഥാപനങ്ങളും വിവിധ വകുപ്പുകളും ചേർന്ന് നടപ്പാക്കണം.

വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്– ഇൻസെക്ടിസൈഡ്, ലാർ വിസൈഡ് വിതരണം**,** അനലിറ്റിക്കൽ ലാബ് ഉൾപ്പെടെ ജില്ലയിൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, പിന്നാക്ക പ്രദേശങ്ങളിലെ ജനങ്ങളുടെ ആരോഗ്യപരിശോധനയ്ക്ക് സഞ്ചരിക്കുന്ന ലബോറട്ടറി എന്നിവ ജില്ലാ, ഗ്രാമപഞ്ചായത്തുകളുടെയും ആരോഗ്യവകുപ്പിന്റെയും സഹകരണത്തോടെ നടത്തുന്നത് ഗുണകരമായിരിക്കും.

ദുരന്ത ലഘൂകരണ പദ്ധതി –ടോമകെയർ സംവിധാനം ഒരുക്കൽ, പ്രാദേശിക സേന രൂപീകരണം, മുന്നറിയിപ്പ് ബോർഡുകൾ, ബോധവൽക്കരണം, പ്രാഥമിക ചികിത്സയ്ക്കുള്ള ഉപകരണങ്ങൾ വാങ്ങി നൽകൽ.

മാതൃശിശു സംരക്ഷണ പരിപാടി –മൊബിലിറ്റി സപ്പോർട്ട്, പോഷകാഹാര കിറ്റുകൾ, ഗർഭിണികളുടെ പരിശോധനക്കുള്ള റീഏജന്റ് ഉപകരണങ്ങൾ ലഭ്യമാക്കൽ, ലാപ്രോസ്കോപ്പി, അൾട്രാ സൗണ്ട് ഉപകരണങ്ങൾ ലഭ്യമാക്കൽ.

ആയുർവേദ ഗ്രാമം– മട്ടന്നൂർ വിമാനത്താവളവുമായി ബന്ധപ്പെട്ട് ആയുർവേദഗ്രാമം– ആയുർവേദത്തിന്റെ എല്ലാ സാധ്യതകളും നിലനിർത്തി, 5 ഏക്കറിൽ കുറയാത്ത സ്ഥലത്ത് ഔഷധത്തോട്ടം സ്ഥാപിക്കുക. സ്ഥിരം യോഗാസെന്ററും കൂടാതെ കുടുംബസമേതം താമസിച്ച് ചികിത്സിക്കാവുന്ന പേ വാർഡുകളും നിർമിക്കാവുന്നതാണ്. ആയുർവേദ ഗ്രാമത്തിൽ ഒരു പ്രകൃതി ചികിത്സാകേന്ദ്രവും ആരംഭിക്കാവുന്നതാണ്.

സെന്റർ ഓഫ് എക്സലൻസ് – ജില്ലാ ഹോമിയോ ആശുപത്രിയിലെ ജനനി വന്ധ്യതാ നിവാരണ കേന്ദ്രം സെന്റർ ഓഫ് എക്സലൻസ് ആക്കി ഉയർത്തുക. കേന്ദ്രത്തിന് ആവശ്യമായ വസ്തു, റഫറൻസ് സംവിധാനം എന്ന നിലയിലും ഗവേഷണ സ്ഥാപനം കൂടിയായും മാറുന്ന തരത്തിൽ സൗകര്യങ്ങൾ, ഉപകരണങ്ങൾ, തസ്തികകൾ മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ നടപ്പിലാക്കണം.

7.2 (ബി) കുടിവെള്ളം

തെക്കുപടിഞ്ഞാറൻ കാലവർഷം, വടക്കുകിഴക്കൻ കാലവർഷം എന്നീ പ്രധാന വർഷപാതങ്ങൾ മുഖേന കണ്ണൂർ ജില്ലയ്ക്ക് ഒരു വർഷം ലഭിക്കുന്ന മഴയുടെ അളവ് ഏകദേശം 3438മി. മീറ്റർ ആണ്. ഇന്ന് നമുക്ക് ലഭ്യമായ ഭൂജല സമ്പത്തിന്റ അതായത് 5332.44 മില്യൺ ഘനമീറ്റർ 31.3.1992 ലെ കണക്കനുസരിച്ച് വളരെ കുറച്ചുമാത്രമാണ് നാം ഉപയോഗപ്പെടുത്തുന്നത്. എന്നിരുന്നാലും തീരെ അശാസ്ത്രീയമായ ഭൂജല ഉപയോഗം മൂലം ജില്ലയിൽ പൊതുവെ ഭൂജലനിരപ്പ് ക്രമാതീതമായി താണുകൊണ്ടിരിക്കുന്ന അവസ്ഥയാണ് ഇന്നുള്ളത് എന്ന് വകുപ്പ് നടത്തിയ പഠനം തെളിയിക്കുന്നു. ഇതിനു പരിഹാരമായി ഭൂജല പര്യവേഷണവും, ഉപയോഗവും ശാസ്ത്രീയമായിത്തന്നെ നടപ്പാക്കേണ്ടതുണ്ട്.

ജില്ലയിലെ 41 ഗ്രാമപഞ്ചായത്തുകളിലും 9 മുൻസിപ്പാലിറ്റികളിലും കണ്ണൂർ കോർപറേഷനിലുമായി കുടിവെള്ള വിതരണത്തിനായി വാട്ടർ അതോറിറ്റിക്ക് ശുദ്ധീകരണ ശാലയോടുള്ള 9 പ്രധാന പദ്ധതികളാണുള്ളത്. ഇതുകൂടാതെ 90 പ്രാദേശിക ചെറുകിട കുടിവെള്ള പദ്ധതികൾ 21 പഞ്ചായത്തുകളിലായി ലഭ്യമാകുന്നുണ്ട്. പ്രധാന പദ്ധതികളുടെ മൊത്തം ശേഷി പ്രതിദിനം 250 ദശലക്ഷം ലിറ്ററാണ്. ജില്ലയിൽ 84,000 കുടിവെള്ള കണക്ഷനുകളും 7,550 പൊതു ടാപ്പുകളുമാണ് നിലവിലുള്ളത്. പ്രധാന കുടിവെള്ള പദ്ധതികൾ വഴി 8,50,000 പേർക്കും

ചെറുപദ്ധതികൾ വഴി 1,92,000 പേർക്കും കുടിവെള്ള വിതരണം സാധ്യമാകുന്നുണ്ട്, അതായത് ജില്ലയിലെ മൊത്തം ജനസംഖ്യയുടെ 40% പേർക്കുമാത്രമേ നിലവിലുള്ള പദ്ധതികളിലൂടെ കുടിവെള്ളം ലഭ്യമാകുന്നുള്ളൂ.

തദ്ദേശവകുപ്പ് 21 പഞ്ചായത്തുകളിലായി 10280 പേർക്കും ഭൂഗർഭജലവകുപ്പ് 28പഞ്ചായത്തുകൾ വഴി ജലം 39, 500പേർക്കും സുജൽധാര പദ്ധതിയിലൂടെ 16 പഞ്ചായത്തുകളിലായി 37, 190 പേർക്കും നൽകി വരുന്നുണ്ട്. കൂടാതെ ജലനിധി 10 പഞ്ചായത്തുകളിലായി 83, 715 പേർക്കായി വിതരണം നടത്തുന്നുണ്ട്. കൂടുതൽ ജലസേചനപദ്ധതികൾ വഴി ജില്ലയിലെ മുഴുവൻ ആളുകൾക്കും കുടിവെള്ളമെത്തിക്കുന്നതിനുള്ള പ്രവർത്തനമാണ് നടപ്പാക്കേണ്ടത്.

പദ്ധതി നിർദേശങ്ങൾ

മേൽത്തട്ട് നിർദേശങ്ങൾ

- റോഡുകളുടെ നിർമാണവും വികസനവും നടത്തുമ്പോൾ കുടിവെള്ള പൈപ്പ് പോലുള്ള യൂട്ടിലിറ്റി സംവിധാനങ്ങൾക്ക് പ്രത്യേക സ്ഥലം ഏർപ്പെടുത്തുക
- നിലവിലുള്ള ജലവിതരണ പദ്ധതികളിലെ കാലപ്പഴക്കം കൊണ്ട് തകരാറായ പൈപ്പുകൾ മാറ്റിസ്ഥാപിക്കുക.

കീഴ്ത്തട്ട് നിർദേശങ്ങൾ

- ഉപരിതല ജലത്തിന്റെ ഒഴുക്ക് നിയന്ത്രിക്കുന്നതിനായി കോണ്ടൂർ ബണ്ടുകൾ നിർമിക്കുക.
- ശുദ്ധജല ദൗർലഭ്യം നേരിടുന്ന സ്ഥലങ്ങളിൽ മഴവെള്ളം ശേഖരിച്ചുവെക്കുവാനായി റൂഫ് വാട്ടർ ഹാർവെസ്റ്റിംഗ് സംവിധാനം നിർമിക്കുക. ഭൂജലത്തിന്റെ ഒഴുക്ക് നിയന്ത്രിക്കുന്നതിനായി ഭൂഗർഭ അണകൾ നിർമിക്കുക.
- പറമ്പുകളിൽ മഴക്കുഴികൾ നിർമിച്ച് മഴവെള്ളം വാർന്നിറങ്ങാനുള്ള സംവിധാനം ഉണ്ടാക്കുക.
- ഉയർന്ന പ്രദേശങ്ങളും നീളമുള്ള ചെരിവുകളും ഖണ്ഡം ഖണ്ഡമാക്കി തിരിച്ച് വെള്ളമൊഴുക്കിന്റെ വേഗത കുറക്കുക. ഇതുവഴി വെള്ളപ്പൊക്കം പൂർണമായി ഒഴിവാക്കാം.
- ഉപരിതല ജലപ്രവാഹം കുറയ്ക്കുന്ന തരത്തിൽ ജലസംരക്ഷണ മാർഗങ്ങൾ സ്ഥാപിക്കുക.
- ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾ മനസിലാക്കി അതിനനുയോജ്യമായ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- സർക്കാർ സർക്കാരിതിര സ്ഥാപനങ്ങളെ ഏകോപിച്ചുകൊണ്ട് സമഗ്ര വാട്ടർഷെഡ് വികസനപദ്ധതിക്ക് രൂപം നൽകുക.
- മലമ്പ്രദേശങ്ങളിൽ പ്രകൃത്യാ ഉള്ള ഉറവകൾ നവീകരിച്ചും റൂഫ് വാട്ടർ ഹാർവെസ്റ്റിംഗ് പ്രവർത്തനം നടത്തിയും ജലസംരക്ഷണം ഉറപ്പാക്കുക.

7.2 (സി) ശുചിത്വം

വ്യക്തി ശുചിത്വത്തിനു പുറമേ ഗാർഹിക ശുചിത്വവും സമൂഹശുചിത്വവും കൈവരിച്ചാലേ സമ്പൂർണ ശുചിത്വവും അതുവഴി ജനങ്ങൾക്കെല്ലാം ആരോഗ്യപൂർണമായ ജീവിതവും പ്രാപ്യമാവുകയുള്ളൂ. സമൂഹത്തെ മൊത്തം ഒരു യൂണിറ്റായി കരുതി ശുചിത്വപ്രവർത്തനങ്ങളെ സമഗ്രവീക്ഷണത്തോടെ ആവിഷ്കരിക്കുകയും ജനങ്ങളുടെ പൂർണ പങ്കാളിത്തത്തോടും സഹകരണത്തോടുംകൂടി അവ നടപ്പാക്കുകയും ചെയ്താലേ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കാനാവൂ. കണ്ണൂർ ജില്ല 2016 ഒക്ടോബർ 1 ന് സമ്പൂർണ വെളിയിട വിസർജ്ജ്യമുക്ത ജില്ലയായി പ്രഖ്യാപിച്ചിരുന്നു. അതുകൊണ്ടു തന്നെ 100% വീടുകൾക്കും കക്കൂസ് സംവിധാനം നിലവിലുണ്ട്. എന്നാൽ പൊതു ശൗചാലയങ്ങളുടെ കുറവും കക്കൂസ് മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ജില്ലയിൽ സംവിധാനമില്ല എന്നതും വലിയ പോരായ്മയായി നിലനിൽക്കുന്നു. പ്ലാസ്റ്റിക് വസ്തുക്കൾ അലക്ഷ്യമായി വലിച്ചെറിയപ്പെടുന്നത് വേർതിരിച്ച് സംസ്കരിക്കുന്നതിനും സംവിധാനങ്ങൾ ആവശ്യമാണ്.

ജില്ലയിൽ പ്രതിദിനം 1471 ടൺ ജൈവ മാലിന്യങ്ങളും 261.1 ടൺ അജൈവമാലിന്യങ്ങളും ഉണ്ടാകുന്നുണ്ടെന്നാണ് കണക്ക്. നിലവിലെ ജൈവമാലിന്യ സംവിധാനങ്ങൾ പൂർണമായും പ്രവർത്തന സജ്ജമാകയാൽ 821 ടൺ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കാം. ഗ്രാമീണ മേഖലയിലെ ജൈവമാലിന്യങ്ങളുടെ വലിയൊരു ഭാഗം വളർത്തുമൃഗങ്ങൾക്ക് തീറ്റയായി നൽകുന്നുണ്ട്. കുറച്ചു ഭാഗം കാർഷിക വിളകൾക്ക് വളമായും ഉപയോഗിക്കുന്നു. എങ്കിലും ഉത്പാദിപ്പിക്കപ്പെടുന്ന ജൈവമാലിന്യങ്ങളുടെ 60% മാത്രമേ ഏതെങ്കിലും തലത്തിൽ ശാസ്ത്രീയമായി സംസ്കരിക്കപ്പെടുന്നുള്ളൂ. ബാക്കി പൊതുസ്ഥലങ്ങളിലും, ജലാശയങ്ങളിലും എത്തിപ്പെടുന്നു.

ഇലക്ട്രോണിക് മാലിന്യത്തിൽ ഉൾപ്പെടുന്ന ഉപയോഗശൂന്യമായ കമ്പ്യൂട്ടറുകൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ, ഫോണുകൾ, ടെലിവിഷനുകൾ, റഫ്രിജറേറ്ററുകൾ, വിനോദത്തിനുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ അലക്ഷ്യമായ് വലിച്ചെറിയപ്പെടുന്നത് വലിയ പാരിസ്ഥിതിക ആരോഗ്യ പ്രശ്നങ്ങൾക്കാണ് ഇടയാക്കുക. കണ്ണൂർ കളക്ടേറ്റിലെ 176 ടൺ ഇ-മാലിന്യം ക്ലീൻകേരള കമ്പനിക്ക് പുന:ചക്രമണത്തിനായി നൽകിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി ജില്ലയിലെ മുഴുവൻ സ്ഥാപനങ്ങളിലും, വീടുകളിലും ഇ-മാലിന്യം ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് അവബോധം ഉണ്ടാക്കി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി ശരിയായ ഒരു മാലിന്യസംസ്കരണ സംവിധാനം നമുക്ക് രൂപപ്പെടുത്താൻ സാധിക്കണം.

പദ്ധതി നിർദേശങ്ങൾ

മേൽത്തട്ട് നിർദേശങ്ങൾ

- ജല ഗുണനിലവാര പരിശോധന, ഭക്ഷ്യ സുരക്ഷാ പരിശോധന എന്നിവ നടത്താനാവശ്യമായ അനലിറ്റിക്കൽ ലാബ് സംവിധാനം ഒരുക്കുക.

കീഴ്ത്തട്ട് നിർദേശങ്ങൾ

- തീരദേശ മേഖലയിൽ സെപ്റ്റിക്ക് ടാങ്ക് കക്കൂസ് ഇല്ലാത്തവർക്ക് ആധുനിക രിതിയിൽ തീരദേശ സൗഹൃദ കക്കൂസ് നിർമിച്ച് നൽകുക.
- എല്ലാ ബ്ലോക്ക് പരിധിയിലും നഗരസഭാ പരിധിയിലും ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിക്കൽ.
- അറവു മാലിന്യം സംസ്കരിക്കുന്നതിന് താലൂക്കടിസ്ഥാനത്തിൽ ശാസ്ത്രീയ അറവുശാല സ്ഥാപിക്കൽ.
- പ്ലാസ്റ്റിക് സംസ്കരണത്തിന് ഷ്രെഡിംഗ് യൂണിറ്റുകളും റീസൈക്ലിംഗ് യൂണിറ്റുകളും സ്ഥാപിക്കൽ.
- ജില്ലയിൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കൽ.
- മാലിന്യസംസ്കരണം-പ്ലാസ്റ്റിക് ശേഖരണ സംവിധാനങ്ങൾ വിപുലപ്പെടുത്തണം. വേസ്റ്റ് ബിന്നുകൾ സ്ഥാപിക്കണം.
- കാട്ടാമ്പള്ളി പുഴയിൽ അറവു മാലിന്യങ്ങൾ ഇടുന്നത് അപ്രോച്ച് റോഡിനിരുവശവും മാലിന്യക്കൂളമുണ്ടാക്കുന്നതും കമ്പിലിൽ റോഡരികിൽ അറവ് കേന്ദ്രം പ്രവർത്തിക്കുന്നതും പരിശോധിച്ച് ഉചിതമായ നടപടിവേണം.
- ശാസ്ത്രീയമായ സംസ്കരണത്തിന് വിധേയമാകാത്ത റിജക്ടുകൾ (സാനിറ്ററി നാപ്കിൻ തുടങ്ങിയവ) സംസ്കരിക്കുന്നതിന് ലാന്റ് ഫില്ലിംഗിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുക.
- ഹോസ്പിറ്റലിൽ നിന്നുണ്ടാകുന്ന ബയോമെഡിക്കൽ വെയ്സ്റ്റ് പരിപാലിക്കുന്നതിനുള്ള സംവിധാനം എല്ലാ ഹോസ്പിറ്റലുകളിലും സ്ഥാപിക്കുക.
- എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഉറവിട മാലിന്യസംസ്കരണ സംവിധാനം.
- എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും അജൈവ മാലിന്യ ശേഖരണത്തിനായി എം.സി.എഫ്. കേന്ദ്രങ്ങൾ സ്ഥാപിക്കുക.
- എല്ലാ പട്ടണങ്ങളിലും ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ആധുനിക പൊതു ശൗചാലയ സമുച്ചയം സ്ഥാപിക്കുക.
- എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ദ്രവ മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കുക.

സംയോജന സാധ്യതകൾ

സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് – കണ്ണൂർ ജില്ലയിൽ 25 ഓളം ടൂറിസ്റ്റ് കേന്ദ്രങ്ങളുണ്ട്. എന്നാൽ ഇത്തരം കേന്ദ്രങ്ങളിൽ ആവശ്യത്തിന് ടോയിലറ്റുകളോ, മാലിന്യ ശേഖരണ സംവിധാനങ്ങളോ നിലവിലില്ല. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഇത്തരം സംവിധാനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്.

ഗ്യാസ് ക്രിമിറ്റോറിയം – ശാസ്ത്രീയമായി ശവം സംസ്കരിക്കപ്പെടുന്നതിന് ആധുനിക രീതിയിലുള്ള ഗ്യാസ് ക്രിമറ്റോറിയങ്ങൾ ബ്ലോക്ക് അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾ പദ്ധതി നടപ്പാക്കേണ്ടതുണ്ട്.

ഖരമാലിന്യ സംസ്കരണം – ഗാർഹിക തലത്തിൽ ഖരമാലിന്യ സംസ്കരണം നടപ്പാക്കുന്ന പ്രൊജക്ടിൽ കമ്പോസ്റ്റ് സംവിധാനങ്ങൾ, ബയോഗ്യാസ് പ്ലാന്റുകൾ.

പ്ലാസ്റ്റിക് സംസ്കരണ യൂണിറ്റ് – ഉപയോഗശേഷം വലിച്ചെറിയപ്പെടാതെ പ്ലാസ്റ്റിക് വസ്തുക്കൾ കൃത്യമായി സംസ്കരിക്കുന്നതിന് ഷ്രെഡിംഗ് യൂണിറ്റുകളും റീസൈക്ലിംഗ് യൂണിറ്റുകളും വേണം. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിങ്ങനെ ഘട്ടമായി പ്ലാസ്റ്റിക് ശേഖരണയൂണിറ്റ്, ഷ്രെഡിംഗ്, റീസൈക്ലിംഗ് യൂണിറ്റുകൾ ജില്ലയിൽ സ്ഥാപിക്കണം.

7.2 (ഡി) പാർപ്പിടം

നവകേരളം കർമ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ ഭവനരഹിതർക്കും ഭൂരഹിത ഭവന രഹിതർക്കും അഞ്ച് വർഷത്തിനുള്ളിൽ പാർപ്പിടം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ലൈഫ് മിഷൻ പ്രവർത്തിക്കുന്നത്. മുൻകാലങ്ങളിൽ ഭവന നിർമാണ ധനസഹായം ലഭിച്ചതിൽ നിർമാണം പൂർത്തിയാകാത്തവ പൂർത്തീകരിക്കുക, വാസയോഗ്യമല്ലാത്ത വീടുകളുടെ അറ്റകുറ്റപ്പണി നടത്തുക എന്നതും ലക്ഷ്യം വെക്കുന്നു. സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവഹിക്കുതിനും സാമൂഹ്യ പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകുന്നതിനും എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടേയും പ്രയോജനം ലഭിക്കുന്നതിനുമുള്ള ശാക്തീകരണ പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമാണ്.

സാമൂഹ്യ സുരക്ഷിതത്വ മേഖലയിൽ സംസ്ഥാന സർക്കാരിന്റെ സാമൂഹ്യ നീതി വകുപ്പ വഴി തടവുകാർ, ജയിൽ മോചിതർ, പ്രൊബേഷണർമാർ എന്നിവരുടെ കുടുംബങ്ങളെ സഹായിക്കുവാനുളള വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നുണ്ട്.

പദ്ധതി നിർദേശങ്ങൾ- സാമൂഹ്യക്ഷേമം സാമൂഹ്യസുരക്ഷിതത്വം

മേൽത്തട്ട് നിർദേശം

- ജയിൽ മോചിതരായവർക്ക് പ്രത്യേകം ഷെൽട്ടർ ഹോമുകളും, തൊഴിൽ സംരംഭങ്ങളും തുടങ്ങുന്നതിനുള്ള സഹായങ്ങൾ ഏർപ്പെടുത്തുക (ബാങ്ക് ലോൺ ഉൾപ്പെടെ).

കീഴ്ത്തട്ട് നിർദേശം

- തലശ്ശേരിയിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ആഫ്റ്റർ കെയർഹോമിൽ (ആൺകുട്ടികൾ) കെട്ടിടം.

7.2 (ഇ) വിദ്യാഭ്യാസം

വിദ്യാഭ്യാസ അവകാശ നിയമം അനുശാസിക്കുംവിധം ജില്ലയിൽ വിദ്യാലയ ലഭ്യതയുണ്ട്. എന്നാൽ വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യം നിയമം അനുശാസിക്കും വിധമില്ല. കുട്ടികളുടെ വിദ്യാലയ പ്രവേശനം 99 ശതമാനത്തിനുമുകളിലാണ്. ഗവൺമെന്റ്, പ്രൈമറി വിദ്യാലയങ്ങളിൽ തൃപ്തികരമായ രീതിയിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണ്. സർവശിക്ഷാ അഭിയാനം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും പൊതു വിദ്യാഭ്യാസ മേഖലയിൽ സാമ്പത്തിക സഹായം നൽകുന്നുണ്ട്. മികച്ച കെട്ടിടങ്ങൾ, ആവശ്യത്തിന് ഫർണിച്ചറുകൾ, വൈദ്യുതി, കുടിവെള്ളം, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള പ്രത്യേക ശുചിമുറികൾ, പൊടിവിമുക്തമായ ക്ലാസ് മുറികൾ എന്നിവയെല്ലാം ഗവൺമെന്റ് വിദ്യാലയങ്ങളുടെ പ്രത്യേകതയാണ്.

ഗവൺമെന്റ് വിദ്യാലയങ്ങളെ അപേക്ഷിച്ച് എയ്ഡഡ് വിദ്യാലയങ്ങൾ ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിൽ നിരവധി പരിമിതികൾ നേരിടുന്നുണ്ട്. മാനേജർമാരുടെ താൽപര്യം എയ്ഡഡ് വിദ്യാലയങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്രധാനമാണ്. നിർദേശ പ്രകാരമുളള കെട്ടിട സൗകര്യങ്ങൾ, ക്ലാസ് മുറി, ലാബ്, ലൈബ്രറി, പാചകപ്പുര, ശുചിമുറികൾ, കളിസ്ഥലം എന്നിവയിലെല്ലാം വലിയ പ്രശ്നങ്ങൾ നില നിൽക്കുന്നുണ്ട്. ഭൂരിഭാഗം ഗവൺമെന്റ് എയ്ഡഡ് വിദ്യാലയങ്ങളിലും കുട്ടികളുടെ ഹാജർ തൃപ്തികരമാണെങ്കിലും ആദിവാസി/പിന്നാക്ക മേഖലകളിൽ ഹാജർ നിലയിൽ പ്രശ്നങ്ങളുണ്ട്. ഇത് കുട്ടികളുടെ പഠന നിലവാരത്തെ സാരമായി ബാധിക്കുന്നു.

കണ്ണൂർ യൂണിവേഴ്സിറ്റിയും അതിന്റെ കീഴിലുള്ള ഗവൺമെന്റ്, എയ്ഡഡ്, അൺ എയ്ഡഡ് വിഭാഗങ്ങളിൽപ്പെടുന്ന അൻപതിലധികം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമാണ് ജില്ലയിലുള്ളത്. അഖിലേന്ത്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി എന്ന സ്ഥാപനം ജില്ലയിലാണ്. എന്നാൽ ഉന്നത വിദ്യാഭ്യാസരംഗത്ത് ആവശ്യമായ സൗകര്യങ്ങളില്ലാത്ത ജില്ലയാണ് കണ്ണൂർ.

ജില്ലയിലെ സാംസ്കാരിക മേഖലയിൽ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട സംഘടനയാണ് ഗ്രന്ഥശാലാ പ്രസ്ഥാനം. നിലവിൽ ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത 920 ലൈബ്രറികളുണ്ട്. ഇതിന് പുറമെ 634 ലൈബ്രറികൾ പുതുതായി സ്ഥാപിക്കണം. 1554 വാർഡു കളാണ് ജില്ലയിൽ നിലവിലുള്ളത്. 71 പഞ്ചായത്തുകളിലായി 1210 വാർഡ്, 11 മുൻസിപ്പാലിറ്റിയിൽ 289, കണ്ണൂർ കോർപറേഷനിൽ 55 ഡിവിഷൻ. ഈ തരത്തിൽ 634 ലൈബ്രറികൾക്ക് പുതുതായി അഫിലിയേഷൻ നൽകണം. പ്രദേശത്തെ എൽ.പി., യു.പി. സ്കൂൾ ലൈബ്രറികളെ ഇവയുമായി ബന്ധിപ്പിക്കാനും സാധിക്കണം.

ആദിവാസി മേഖലയിൽ 16 ബദൽ വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സാധാരണ വിദ്യാലയങ്ങളിലേതുപോലെ, യോഗ്യതയുള്ള അധ്യാപകരല്ല ഇവിടങ്ങളിലെ പഠനപ്രവർത്തനങ്ങൾ ക്ക നേതൃത്വം വഹിക്കുന്നത്. അതുകൊണ്ടു തന്നെ മറ്റു വിദ്യാലയങ്ങളിൽ ലഭിക്കുന്ന പഠനാനുഭവങ്ങൾ ഇവിടെ ലഭിക്കുന്നതായി കാണുന്നില്ല.

പദ്ധതി നിർദേശങ്ങൾ-വിദ്യാഭ്യാസം

മേൽത്തട്ട് നിർദേശങ്ങൾ

- നിയമപഠന കേന്ദ്രം ആരംഭിക്കുക.
- സമുദ്രശാസ്ത്ര പഠനം, ടൂറിസം ആന്റ് ട്രാവൽ മാനേജ്മെന്റ്, സൈബർ ഫോറൻസിക്, റേഡിയേഷണൽ ഫിസിക്സ്, പോളിമർ കെമിസ്ട്രി തുടങ്ങി കോഴ്സുകൾ ആരംഭിക്കുക.
- മെഡിക്കൽ ആന്റ് നഴ്സിംഗ് കോഴ്സുകൾ പുതുതായി ആരംഭിക്കണം.
- ഐ.ടി. ഇൻസ്റ്റിറ്റ്യൂട്ട്, ഓട്ടോമൊബൈൽ കോഴ്സുകൾ ആരംഭിക്കുക.
- ഓൾ ഇന്ത്യാ പരീക്ഷാ പരിശീലനത്തിനും ഗൈഡൻസിനുമായി സെന്റർ ഓഫ് എക്സലൻസ് മാതൃകയിൽ ജില്ലയിലെ പ്രധാന കേന്ദ്രങ്ങളിൽ സെന്ററുകൾ ആരംഭിക്കുക.
- പ്രകൃതി ചികിത്സാ പരിശീലന കേന്ദ്രം തുടങ്ങാം.
- പ്രീ പ്രൈമറി അധ്യാപക പരിശീലനകേന്ദ്രം സ്ഥാപിക്കുക.
- മലയോര മേഖല കേന്ദ്രീകരിച്ച് സ്പോർട്സ് സ്കൂളുകൾ (ചെറുപുഴ, മണത്തണ) ആരംഭിക്കുക.
- പ്ലാനറ്റേറിയം, സയൻസ് പാർക്കുകൾ എന്നിവ സ്ഥാപിക്കുക.
- ആറളം പോലുള്ള ടൈബൽ മേഖലകളിൽ റസിഡഷ്യൽ സ്കൂളുകൾ സ്ഥാപിക്കണം.

കീഴ്ത്തട്ട് നിർദേശങ്ങൾ

- ജില്ലയിൽ ഒരു കരിയർ ഗൈഡൻസ് കേന്ദ്രം ആരംഭിക്കുക.
- എം.പി., എം.എൽ.എ. എൽ.എസ്.ജി. ഫണ്ടുകൾ വിദ്യാഭ്യാസ വകുപ്പിന്റെ ഏതേത് മേഖലകളിലെന്ന് നിജപ്പെടുത്തുക.
- പൊതുവിദ്യാഭ്യാസ നിലവാരമുയർത്തുന്നതിന് നടപടി വേണം, അല്ലെങ്കിൽ ഇ-വേസ്റ്റ് കേന്ദ്രമായി മാറും.
- ജില്ലാ കേന്ദ്രത്തിൽ Early childhood care and learning Centre സ്ഥാപിക്കുക.
- ആദിവാസി/തീരദേശമേഖലകളിലെ പ്രീ സ്കൂൾ പ്രായത്തിലുള്ള കുട്ടികൾക്കു വേണ്ടി പ്രത്യേക പാക്കേജ് തയ്യാറാക്കണം.
- ജില്ലയിലെ പ്രീപ്രൈമറി വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ഏകോപനം (അംഗൻവാടികളും പ്രീപ്രൈമറി വിദ്യാലയങ്ങളും) സംബന്ധിച്ച് വിശദമായ ഗവേഷണാത്മക പഠനം.
- ജില്ലയിലെ മുഴുവൻ അംഗൻവാടി-പ്രീപ്രൈമറി അധ്യാപകർക്കും ആയമാർക്കും ശാസ്ത്രീയ പരിശീലനം.
- വിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്ന പ്രീപ്രൈമറിവിഭാഗത്തിന് മാത്രമായി ശിശുസൗഹൃദ ക്ലാസ് മുറികളുടെ നിർമാണം
- ജില്ലയിലെ എല്ലാ പൊതു വിദ്യാലയങ്ങളിലും മികച്ച ലബോറട്ടറികൾ നിർമിച്ചു നൽകുക.
- എല്ലാ പ്രൈമറി അധ്യാപകർക്കും ഐ.സി.ടി. പരിശീലനം ലഭ്യമാക്കുക
- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും (ഭിന്നശേഷിക്കാരുൾപ്പെടെ) അവരുടെ എണ്ണത്തിന് ആനുപാതികമായി ശുചിമുറികൾ.
- ജില്ലയിലെ എല്ലാ പൊതു വിദ്യാലയങ്ങളിലും ഹൈടെക് ക്ലാസ് മുറികൾ (കമ്പ്യൂട്ടർ. എൽ.സി.ഡി. പ്രൊജക്ടർ, അനുബന്ധ സാമഗ്രികൾ എന്നിവയുടെ വിതരണം).
- എല്ലാ ഹൈസ്കൂളുകളിലും ഭോജനശാല നിർമാണം.
- എല്ലാ ഹൈസ്കൂൾ ക്ലാസുമുറികളും സ്മാർട്ട് ക്ലാസ് മുറികളാക്കുക.
- കുട്ടികൾ നേരിടുന്ന പഠന വൈകാരിക പ്രശ്നങ്ങൾ, കൗമാര പ്രശ്നങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിന് ആ മേഖലയിൽ പരിജ്ഞാനമുള്ളവരുടെ സേവനം എല്ലാ ഹൈസ്കൂളുകളിലും ലഭ്യമാക്കുക.
- ആദിവാസി-പിന്നാക്ക മേഖലയിലെ വിദ്യാലയങ്ങളിൽ കുട്ടികളുടെ 100% ഹാജർ ഉറപ്പാക്കലും വാഹനസൗകര്യം ഏർപ്പെടുത്തലും.
- അധ്യാപക വിദ്യാർത്ഥികൾക്കായി ജില്ലാതല കായികമേള സംഘടിപ്പിക്കുക.

- ജില്ലയിലെ എല്ലാ ഐ.ടി.ഐ. കളിലും വിദ്യാലയ വികസനപദ്ധതി, അക്കാദമിക് മാസ്റ്റർപ്ലാൻ ഇവ 6 മാസത്തിനകം സാധ്യമാക്കുക.
- ഇതര സംസ്ഥാനത്തൊഴിലാളികൾക്കായി പ്രത്യേക വിദ്യാഭ്യാസപദ്ധതി ആവിഷ്കരിക്കുക.
- ട്രാൻസ്ജെൻഡേഴ്സിനായി പ്രത്യേക വിദ്യാഭ്യാസ പദ്ധതി ആവിഷ്കരിക്കുക.
- ഭിന്നശേഷിക്കാർക്കുവേണ്ടി തൊഴിൽ നൈപുണിയും ജീവിതനൈപുണിയും വർദ്ധിപ്പിക്കുന്നതിനുള്ള ജില്ലാകേന്ദ്രം, ജില്ലാതല പുനരധിവാസ കേന്ദ്രം ആരംഭിക്കുക.
- ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ പഠനത്തിന് അനുകൂല്യസാഹചര്യം ഒരുക്കുന്നതിനും ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനും റിസോർസ് അധ്യാപകരെ ആവശ്യത്തിന് നിയമിക്കണം. തെറാപ്പി സെന്ററുകൾ ഉണ്ടാകണം.
- പെൺകുട്ടികൾക്കുള്ള ടോയിലറ്റുകൾ, ഷീപാഡ് വെന്റിങ് മെഷിൻ എന്നിവ വിദ്യാലയങ്ങളി ലുണ്ടാകണം.

സംസ്കാരം

മേൽത്തട്ട് നിർദേശങ്ങൾ

- താവക്കരയിലെ സെൻട്രൽ ലൈബ്രറി അന്താരാഷ്ട്ര നിലവാരത്തിലാക്കുക.
- ക്ഷേത്രകലാ അക്കാദമി, കൽപിത സർവകലാശാല ആക്കുക.

കീഴ്ത്തട്ട് നിർദേശങ്ങൾ

- ക്ഷേത്ര കലയിൽ പരിശീലനം നൽകുന്നതിന് ജില്ലയിൽ പ്രത്യേക കേന്ദ്രം വേണം.
- കലാ സാംസ്കാരിക പഠന കേന്ദ്രം (Cultural consortium) ആരംഭിക്കുക.
- ജില്ലയിലെ എല്ലാ ലൈബ്രറികളെയും ബന്ധിപ്പിച്ച കൊണ്ട് നെറ്റ് വർക്ക് സംവിധാനം
- എല്ലാ വാർഡിലും ഒരു വായനശാല (പുതുതായി 634 ലൈബ്രറികൾ സ്ഥാപിച്ച് അഫിലിയേഷൻ നൽകൽ)
- ഹൈസ്കൂളുകളിലും ഹയർസെക്കന്ററികളിലും ലൈബ്രറികളുമായി ഗ്രന്ഥശാലകളെ ബന്ധിപ്പിക്കുക
- കണ്ണൂർ ടൗൺ സ്കയറിനെ ദിവസവും സാംസ്കാരിക പരിപാടികൾ അരങ്ങേറുന്ന ഇടമായി മാറ്റുക

യുവജനകാര്യം

കീഴ്ത്തട്ട് നിർദേശങ്ങൾ

- ജീവിത നൈപുണി (ലൈഫ് സ്കിൽ), യോഗാ, കലാ-കായിക പ്രവർത്തനങ്ങൾ വ്യക്തിത്വവികാസം എന്നിവ പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുക.
- നീന്തൽ പരിശീലനത്തിന് സൗകര്യം ഒരുക്കുക.
- സംരംഭകത്വ വികസനത്തിന് പരിശീലനം നൽകുക.
- വിവാഹപൂർവ കൗൺസിലിംഗ് സെന്റർ ആരംഭിക്കുക.
- കളരിപ്പയറ്റ്, കരാട്ടെ തുടങ്ങി ആയോധന കലകൾക്ക് പരിശീലന കേന്ദ്രം.

സംയോജന സാധ്യതകൾ

കരിയർ ഗൈഡൻസ് കേന്ദ്രം – ഓൾ ഇന്ത്യാ പരീക്ഷാ പരിശീലനത്തിനും ഗൈഡൻസിനുമായി സെന്റർ ഓഫ് എക്സലൻസ് മാതൃകയിൽ ജില്ലയിലെ പ്രധാന കേന്ദ്രങ്ങളിൽ സെന്ററുകൾ ആരംഭിക്കുക. ജില്ലാ പഞ്ചായത്തും ഗ്രാമപഞ്ചായത്തുകളും സംയുക്ത പദ്ധതിയായി കേന്ദ്രം ആരംഭിക്കാം.

ടൂറിസം ആന്റ് ട്രാവൽ മാനേജ്മെന്റ് കോഴ്സ് – മലബാറിന്റെ ടൂറിസം വികസന സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്താൻ പറ്റുന്നതരത്തിലുള്ള കോഴ്സുകൾ കേരളത്തിലില്ല. Indian Institute of Tourism & Travel management പോലൊരു സ്ഥാപനം ടൂറിസം വികസന സാധ്യതകളുടെ പശ്ചാത്തലത്തിൽ കണ്ണൂരിൽ ആരംഭിക്കേണ്ടതാണ്. ഇതിൽ ബിരുദാനന്തര ഗവേഷണ കോഴ്സുകളായിരിക്കണം ഉണ്ടാകേണ്ടത്. കേന്ദ്ര സംസ്ഥാന സംയുക്ത സംരംഭമായി തുടങ്ങിയാൽ കേന്ദ്ര ഫണ്ടും ലഭ്യമാകും.

ഐടി ഇൻസ്റ്റിറ്റ്യൂട്ട് – കണ്ണൂരിൽ ഒരു ഐ.ടി. അനുബന്ധ പഠന വികസന ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നത് വളരെയെറെ ഉപകാരപ്പെടും. ഐടി, ഫിസിക്സ്, ഗണിതം ഇവയിൽ സ്വതന്ത്രമായി ഗവേഷണവും പഠനവും നടത്താനും തുടർന്ന് ആവശ്യമാണെങ്കിൽ സംയുക്തമായി ഗവേഷണ പഠനങ്ങൾ നടത്താനും പറ്റുന്നതരത്തിലുള്ള സംവിധാനം അഭികാമ്യമാണ്. ഇതിനുതകുന്ന റസിഡൻഷ്യൽ ക്യാമ്പുകളായിരിക്കും നല്ലത്.

ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങൾ – സമുദ്രശാസ്ത്രപഠനം, സൈബർ ഫോറൻസിക് കോഴ്സുകൾ, റേഡിയേഷൻ ഫിസിക്സ്, പോളിമർ കെമിസ്ട്രി തുടങ്ങി വൈവിധ്യമാർന്നതും സാധ്യതകൾ ഉള്ളതുമായ ഉന്നത വിദ്യാഭ്യാസ കോഴ്സുകൾക്ക് ജില്ലയിലെ വിദ്യാർത്ഥികൾക്ക് അവസരം നൽകുന്നതിന് സൗകര്യം ഉണ്ടാകണം.

വായനാപരിപോഷണം– എല്ലാ വാർഡുകളിലും ലൈബ്രറികൾ സ്ഥാപിച്ച് അഫിലിയേഷൻ നൽകണം. പ്രദേശത്തെ എൽ.പി., യു.പി. സ്കൂൾ ലൈബ്രറികളെ ഇവയുമായി ബന്ധിപ്പിക്കാനും സാധിക്കണം. ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂളുകളിൽ ലൈബ്രേറിയൻമാരുടെ നിയമനം നടത്തണം .

7.2 (എഫ്) സഹകരണം

കണ്ണൂർ ജില്ലയിൽ ആകെ 2,265 സംഘങ്ങളിൽ ഭൂരിഭാഗവും വായ്പാ മേഖലയിൽ പ്രവർത്തിക്കുന്ന സംഘങ്ങളാണ്. സഹകരണവകുപ്പിന് കീഴിൽ വ്യത്യസ്തമേഖലകളിലായി 1,405 സഹകരണസംഘങ്ങൾ പ്രവർത്തിച്ച് വരുന്നു. വ്യവസായ വകുപ്പിൻകീഴിൽ 250 ഉം കയർ വികസന വകുപ്പിന് കീഴില് 63ഉം ക്ഷീരവികസന വകുപ്പിൻകീഴിൽ 225ഉം ഫിഷറീസ് വകുപ്പിൻകീഴിൽ 27 ഉം ഖാദി ഗ്രാമവ്യവസായ വകുപ്പിൽ 295 ഉം സഹകരണ സംഘങ്ങളാണ് പ്രവർത്തിച്ച വരുന്നത്.

വായ്പാ സഹകരണ സംഘങ്ങൾക്ക് പുറമെ റബ്ബർ കർഷകരെ സഹായിക്കുന്നതിന് റബ്കോ, കർഷകർക്ക് മിതമായ നിരക്കിൽ കാർഷിക ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് രൂപീകൃതമായ റെയ്ഡ്കോ, കേരള ദിനേശ് ബീഡി സഹകരണ സംഘം, പരിയാരം മെഡിക്കൽകോളേജ് സഹകരണ സംഘം, പയ്യന്നൂർ സഹകരണ ആശുപത്രി, എ.കെ.ജി. സഹകരണ ആശുപത്രി (കണ്ണൂർ), ഇന്ദിരാഗാന്ധി സഹകരണ ആശുപത്രി (തലശ്ശേരി), തലശ്ശേരി സഹകരണ ആശുപത്രി, കോഫീ ഹൗസ്, വിസ്മയ പാർക്ക്, വെജ്കോ, മിറ്റ്കോ എന്നിവയും നല്ലനിലയിൽ പ്രവർത്തിച്ച വരുന്നുണ്ട്. കൂടാതെ വിദ്യാഭ്യാസ മേഖലയിൽ നല്ലനിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ ഉണ്ട്. കണ്ണൂർ ജില്ലയിൽ 535 സഹകരണ സംഘങ്ങൾക്ക് മാത്രമാണ് സ്വന്തമായി കെട്ടിടം ഉള്ളത്. കൂടാതെ 654 സംഘങ്ങളിൽ കംപ്യൂട്ടറൈസേഷൻ നടപ്പിലാക്കിയിട്ടുണ്ട്.

പദ്ധതി നിർദേശങ്ങൾ

മേൽത്തട്ട് നിർദേശങ്ങൾ

- വ്യായാമത്തിനായി പഞ്ചായത്തുകൾ തോറും ഒന്നോ അതിലധികമോ ഇൻഡോർ സ്റ്റേഡിയങ്ങളും വ്യായാമ കേന്ദ്രങ്ങളും നേരിട്ടോ, അനുബന്ധ സ്ഥാപനങ്ങളായോ നടത്തുക.
- വിമാനത്താവളം കേന്ദ്രമാക്കി എല്ലാവിധ കൺസ്യൂമർ ആഡംബര വസ്തുക്കളും വിപണനം നടത്താൻ സാധിക്കുന്ന കൊമേഴ്സ്യൽ കോംപ്ലക്സ് ആരംഭിക്കുക.
- ജീവൻരക്ഷാ മരുന്നുകളുടെ ഉത്പാദന–വിപണന കേന്ദ്രങ്ങൾ ആരംഭിക്കുക.

കീഴ്ത്തട്ട് നിർദേശങ്ങൾ

- ജില്ലയിലെ ടൂറിസ്റ്റ കേന്ദ്രങ്ങളിൽ വൈവിധ്യമാർന്ന സംരംഭങ്ങൾ ആരംഭിക്കുക. ഉദാ: ബീച്ച് റിസോർട്ട്, ഹൗസ് ബോട്ട് സർവീസ്, വടകര ക്രാഫ്റ്റ് വില്ലേജ് മാതൃകയിലുള്ള സംരംഭങ്ങൾ.
- ജൈവ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക.

സംയോജന സാധ്യതകൾ

വ്യായാമ കേന്ദ്രങ്ങൾ – ജില്ലയിലെ മിക്കവാറും പഞ്ചായത്തുകളിലും വ്യായാമത്തിനായി സ്വതന്ത്രമായി നടക്കുന്നതിനുപോലും സൗകര്യമില്ലാത്ത അവസ്ഥയുണ്ട്. ഈ സാഹചര്യത്തിൽ വ്യായാമത്തിനായി പഞ്ചായത്തുകൾതോറും ഒന്നോ അതിലധികമോ ഇൻഡോർ സ്റ്റേഡിയങ്ങളും, വ്യായാമ കേന്ദ്രങ്ങളും ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് നേരിട്ടോ, അനുബന്ധ സ്ഥാപനങ്ങളായോ നടത്തുന്നത് ഉപകാരപ്രദമാകും.

മാംസ സംസ്കരണ – മാലിന്യ സംസ്കരണ പ്ലാന്റ്– ശുചിത്വമുള്ള മാംസ വിപണന കേന്ദ്രങ്ങൾ സഹകരണ മേഖലയിൽ ആരംഭിക്കുന്നതിന് സാധ്യത ഉള്ളവയാണ്. മാടായി പഞ്ചായത്തിലെ പഴയങ്ങാടി കേന്ദ്രമാക്കി പഞ്ചായത്തിന്റെയും സഹകരണ സ്ഥാപനങ്ങളുടെയും സഹായത്തോടുകൂടി മാംസസംസ്കരണ പ്ലാന്റും അതിനോടനുബന്ധിച്ച് തന്നെ മാലിന്യ നിർമാർജന പ്ലാന്റും സ്ഥാപിക്കാനാകും.

വിമാനത്താവള കൊമേഴ്സ്യൽ കോംപ്ലക്സ് – മട്ടന്നൂർ മുൻസിപ്പാലിറ്റി മറ്റ് സമീപ ഗ്രാമപഞ്ചായത്തുകൾ, ഈ പ്രദേശങ്ങളിലെ സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ സംയുക്ത സഹായത്തോടെ മട്ടന്നൂർ വിമാനത്താവളം കേന്ദ്രമാക്കി കൊമേഴ്സ്യൽ കോംപ്ലക്സ് കെട്ടിപ്പടുക്കേണ്ടതാണ്. പ്രസ്തുത വ്യാപാര ശൃംഖലയിലൂടെ എല്ലാവിധ കൺസ്യൂമർ ആഡംബര വസ്തുക്കളും വിപണനം നടത്താൻ സാധിക്കണം.

ജൈവ പച്ചക്കറി കൃഷി – മുൻസിപ്പാലിറ്റി സമീപ ഗ്രാമപഞ്ചായത്തുകൾ എന്നിവ സംയുക്തമായി സഹകരണ സംഘങ്ങളുടെ ധനസഹായത്തോടുകൂടി ജൈവ പച്ചക്കറികൃഷി നടത്താനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. ആയതിനുള്ള പശ്ചാത്തല സൗകര്യങ്ങൾ മുൻസിപ്പാലിറ്റികൾ മുൻകൈ എടുത്ത് ഒരുക്കാൻ സാധിക്കേണ്ടതാണ്.

ജീവൻരക്ഷാ മരുന്ന് വിതരണ കേന്ദ്രങ്ങൾ – ജില്ലാ ബ്ലോക്ക് ഗ്രാമ പഞ്ചായത്തിന്റെയും സഹകരണ സ്ഥാപനങ്ങളുടെയും സഹായത്തോടുകൂടി പരിയാരം കേന്ദ്രമാക്കി ജീവൻരക്ഷാ മരുന്നുകളുടെ ഉത്പാദനവും കണ്ണൂർ ജില്ലയിലെ പ്രധാനപ്പെട്ട സ്ഥലങ്ങളിലെല്ലാം ആയതിന്റെ വിപണന കേന്ദ്രങ്ങളും ആരംഭിച്ചു കഴിഞ്ഞാൽ ജീവൻരക്ഷാ മരുന്നുകൾ ന്യായമായ വിലക്ക് പൊതുജനങ്ങൾക്ക് വിതരണം ചെയ്യാൻ സാധിക്കും.

7.3 (എ) ഊർജ്ജം

കണ്ണൂർ ജില്ലയിൽ പ്രധാനമായും ഒരു ചെറുകിട വൈദ്യുതി നിലയമാണ് പ്രവർത്തിക്കുന്നത്. ഇരിട്ടി ബാരാപോളിൽ അയ്യങ്കുന്ന് പഞ്ചായത്തിലുള്ള പ്രസ്തുത നിലയത്തിൽ 15 മെഗാവാട്ട് ആണ് സ്ഥാപിതശേഷി. 5 മെഗാവാട്ടിന്റെ മൂന്ന് ജനറേറ്ററുകൾ അവിടെ പ്രവർത്തിക്കുന്നുണ്ട്. മഴക്കാലത്തെ ജലസമ്പത്ത് ഉപയോഗപ്പെടുത്തി പരിസ്ഥിതി സൗഹാർദമായ രീതിയിൽ ടഞ്ച് വിയർ സാങ്കേതിക വിദ്യയിൽ നിർമിച്ചിട്ടുള്ളതാണ് പ്രസ്തുത നിലയം. മൈക്രോ ഇനത്തിൽപ്പെടുത്താവുന്ന ഏതാനും പദ്ധതികൾ പോത്തൻ പാറ, ചപ്പാരപ്പടവ്, കണിച്ചാർ എന്നീ സ്ഥലങ്ങളിൽ നിലവിലുണ്ട്. കൂടാതെ 7.5MWന്റെ പഴശ്ശി സാഗർ പദ്ധതി പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ്.

ജില്ലയിലെ ജല സ്രോതസ്സുകൾ പരിഗണിക്കുമ്പോൾ വൻകിട ജലവൈദ്യുത പദ്ധതികൾക്ക് സാധ്യതയില്ല. എന്നാൽ ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് വളരെയധികം സാധ്യതയുമുണ്ട്. 20 ഓളം പദ്ധതികൾക്കുള്ള സാധ്യതാപഠനം പൂർത്തീകരിച്ച് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ജില്ലയിൽ ചെറുകിട സൗരോർജ്ജ പദ്ധതികൾക്കും വൻ സാധ്യതയാണുള്ളത്.

പദ്ധതി നിർദ്ദേശങ്ങൾ

മേൽത്തട്ട് നിർദ്ദേശങ്ങൾ

- പുതിയതായി നിർമിക്കുന്ന വീടുകളിൽ 2000 സ്കയർ ഫീറ്റിൽ കൂടുതൽ ഉള്ള വീടുകൾക്ക് 25% ലോഡ് സോളാർ ഉത്പാദിപ്പിക്കുന്നതിനുള്ള നിയമം ഉണ്ടാക്കണം. (മേൽക്കൂര അതിനനുസരിച്ച് ക്രമീകരിക്കണം).
- ജില്ലയിലെ മുഴുവൻ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലും സോളാർ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ സോളാർ പദ്ധതികൾ പ്രോത്സാഹിപ്പിക്കുക.
- സോളാർ സംവിധാനങ്ങൾ, കാറ്റിന്റെ സാധ്യത പഠനം എന്നിവ നടത്തി മാതൃകാ പദ്ധതികൾ നടപ്പാക്കുക.
- ജില്ലയിലെ എല്ലാ ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷനുകളിലും എർത്ത് ലീക്കേജ് സർക്യൂട്ട് ബ്രേക്കർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുക.
- ആധുനിക സാങ്കേതിക വിദ്യയിൽ അണ്ടർ ഗ്രൗണ്ട് (UG) കേബിളുകളും, ABC കണ്ടക്ടറുകളും സ്ഥാപിച്ചാൽ അപകടം കുറച്ചുകൊണ്ടുവരാൻ സാധിക്കും.

- മാർക്കറ്റിൽ ലഭിക്കുന്ന ഇലക്ട്രിക്കൽ ഉപകരണങ്ങളുടെയും ELCB, MCB പോലുള്ള സുരക്ഷാ ഉപകരണങ്ങളുടെയും ഗുണനിലവാരം ഉറപ്പുവരുത്താൻ നടപടികൾ വേണം.

- ഇടതടവില്ലാതെ വൈദ്യുതി വിതരണം സാധ്യമാകുന്ന 'റിംഗ് മെയിൻ യൂണിറ്റുകൾ' സ്ഥാപിക്കണം.

- കുറഞ്ഞ സ്ഥല സൗകര്യത്തിൽ പ്രവർത്തിക്കുന്ന 'ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ **GIS**" മാതൃകയിൽ കണ്ണൂർ ടൗണിൽ ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കുക.

- സർക്കാർ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന ഇലക്ട്രിക്കൽ പ്രവൃത്തികൾ (സോളാർ സ്ട്രീറ്റ് ലൈറ്റ്, ലൈനുകൾ മുതലായവ) പൂർത്തീകരിച്ച കഴിഞ്ഞാൽ അതിന്റെ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുന്നതിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടേറ്റ്/KSEBL പോലുള്ള സ്ഥാപനങ്ങളെ ചുമതലപ്പെടുത്തണം

- സബ്സിഡി നൽകുന്ന സോളാർ ഉപകരണങ്ങൾക്ക് നിശ്ചിത കാലത്തേക്ക് ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് AMC ഏർപ്പാടാക്കണം.

- സോളാർ ബോധവൽക്കരണത്തിനും, വിശദീകരണങ്ങൾക്കുമായി ANERT, C-DIT തുടങ്ങിയ സ്ഥാപനങ്ങൾ മുഖേന പരിശീലന പരിപാടികൾ സംഘടിപ്പിക്കണം.

- ജില്ലയിൽ വൈദ്യുതോത്പാദനത്തിന് അനുയോജ്യമായ രിതിയിൽ കാറ്റ് ലഭിക്കുന്ന പ്രദേശങ്ങളെക്കുറിച്ച് ഒരു പഠനം നടത്തുക (അഴീക്കോട് കടപ്പുറം പഠന വിധേയമാക്കുക).

- വൻകിട വ്യവസായ/വാണിജ്യ സ്ഥാപനങ്ങൾക്ക് എനർജി ഓഡിറ്റിംഗ് നിർബന്ധിതമാക്കണം.

- ജില്ലയിലെ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി കുറഞ്ഞ നിരക്കിൽ/സബ്സിഡി നിരക്കിൽ എൽ.ഇ.ഡി ബൾബുകൾ വിതരണം ചെയ്യുന്ന പദ്ധതികൾ വേണം.

<u>സംയോജന സാധ്യതകൾ</u>

റിംഗ് മെയിൻ യൂണിറ്റുകൾ (RMU) – സംസ്ഥാനത്ത് തിരുവനന്തപുരം, ഏറണാകുളം, കോഴിക്കോട് ജില്ലകളിൽ ഇടതടവില്ലാതെ വൈദ്യുതി വിതരണം സാധ്യമാകുന്ന 'റിംഗ് മെയിൻ യൂണിറ്റുകൾ' (RMU) നിലവിലുണ്ട്. ഇത്തരം ശൃംഖലകളിൽ ഒരു ലൈൻ ഓഫാകുമ്പോൾ/തകരാറിലാകുമ്പോൾ ഉടൻ തന്നെ ആ ഭാഗം ഒഴിവാക്കി മറ്റൊരു ലൈനിലൂടെ വൈദ്യുതി ബന്ധം പുന:സ്ഥാപിക്കാവുന്നതാണ്. ഇത്തരത്തിൽ ഒരു പദ്ധതി ജില്ലാ ആസ്ഥാനമായ കണ്ണൂർ ടൗണിൽ പ്രാബല്യത്തിൽ വരുത്തണം.

യൂട്ടിലിറ്റി ഡക്ടുകൾ – പുതിയതായി കേബിൾ സ്ഥാപിക്കുമ്പോൾ നിലവിലുള്ള റോഡരികിൽ കുഴിക്കേണ്ടി വരുന്നത് വികസനത്തെ സാരമായി ബാധിക്കാറുണ്ട്. റോഡുകൾ നിർമിക്കുമ്പോഴും വീതി കൂട്ടുമ്പോഴും 'യൂട്ടിലിറ്റി ഡക്ടുകൾ' അതോടൊപ്പം നിർമിക്കുകയാണെങ്കിൽ ഇത്തരത്തിൽ റോഡ് കുഴിക്കേണ്ട സാഹചര്യം ഒഴിവാക്കാവുന്നതാണ്. കേബിൾ, പൈപ്പ് മുതലായവ സ്ഥാപിക്കുന്നതിന് വേണ്ടി ചിലവാകുന്ന തുക ഇത്തരത്തിൽ വരുന്ന സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കിയാൽ സാമ്പത്തികമായി ബുദ്ധിമുട്ട് ഉണ്ടാകില്ല. കണ്ണൂർ എയർപോർട്ട് റോഡ് നവീകരണത്തിൽ ഈരീതിയിൽ പ്ലാനിംഗ് നടത്താവുന്നതാണ്.

ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ (GIS) – നിലവിൽ കണ്ണൂർ ടൗണിലേക്ക് വൈദ്യുതി നൽകുന്നത് 110 കെ.വി ചൊവ്വ, 110 കെ.വി മുണ്ടയാട്, അഴീക്കോട് 33 കെ.വി കണ്ണൂർ, പുതിയതെരു എന്നീ സബ്സ്റ്റേഷനുകളിൽ നിന്നാണ്. ഇവയെല്ലാം കണ്ണൂർ ടൗണിന് പുറത്തുള്ള പ്രദേശങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. ആധുനിക സാങ്കേതിക വിദ്യയിലൂടെ കുറഞ്ഞ സ്ഥല സൗകര്യത്തിൽ പ്രവർത്തിക്കുന്ന 'ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ **GIS**" മാതൃകയിൽ കണ്ണൂർ ടൗണിൽ ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കുകയാണെങ്കിൽ വരുന്ന 30 വർഷത്തേക്ക് കണ്ണൂരിന് ആവശ്യമായി വരുന്ന ഊർജ്ജം നൽകുന്നതിനും അതുവഴി ദീർഘകാലത്തേക്ക് വികസന സാധ്യതകൾ തുറക്കുന്നതിനും വഴിയൊരുക്കും. GIS സബ്സ്റ്റേഷൻ നിർമിക്കുന്നതിനാവശ്യമായ സാധ്യതാപഠനം നടത്തി സ്ഥലം കണ്ടെത്തേണ്ടതുണ്ട്.

7.3 (ബി) ഗതാഗതം, വാർത്താവിനിമയം

വിനോദസഞ്ചാരം

വിമാനത്താവളം പ്രവർത്തന സജ്ജമാകുന്നതോടുകൂടി വിവിധ രാജ്യങ്ങളിലെ വികസന മേഖലകളിൽനിന്നും സാമ്പത്തിക ക്രയവിക്രയങ്ങൾ കണ്ണൂരിലേക്ക് എത്തിച്ചേരും. ഇത് ജില്ലയിലെ ഗതാഗത മേഖലയ്ക്ക് ഉൾപ്പെടെ വൻ മുന്നേറ്റമാണ് ഉണ്ടാക്കുക. ജില്ലയിലെ റോഡ് ശൃംഖലയിൽ ഉൾപ്പെടുന്നത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ദേശീയപാത, സംസ്ഥാനപാത, മലയോര ഹൈവേ, തീരദേശ ഹൈവേ, പ്രധാന ജില്ലാ റോഡുകൾ എന്നിവയും ജില്ലാ പഞ്ചായത്തിന് കീഴിലുള്ള മറ്റ് ജില്ലാ റോഡുകളും വില്ലേജ് റോഡുകളും കോർപറേഷൻ, മുൻസിപ്പാലിറ്റി എന്നിവയുടെ കീഴിലുള്ള ടൗൺ റോഡുകളും പഞ്ചായത്തിന് കീഴിലുള്ള പഞ്ചായത്ത് റോഡുകളുമാണ്. തീരദേശവും സമതലങ്ങളും മലഞ്ചെരുവുകളും അടങ്ങിയ ഭൂപ്രദേശമുള്ള ഈ ജില്ലയിൽ നല്ലൊരു റോഡ് ശൃംഖല നിലവിലുണ്ടെങ്കിലും പല റോഡുകളുടെയും സ്ഥിതി തൃപ്തികരമല്ല. ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള മുഴുവൻ റോഡുകളും ഗതാഗത യോഗ്യമാക്കി നിലനിർത്തുന്നതിനാവശ്യമായ ഫണ്ട് ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കുന്നില്ല.

നിരവധി പുഴകളാലും, ജലാശയങ്ങളാലും സമൃദ്ധമായ ജില്ലയിൽ ജലഗതാഗതത്തിന് വലിയ സാധ്യതകളാണുള്ളത്. വളപട്ടണം മുതൽ നീലേശ്വരം – കോട്ടപ്പുറം വരെയുള്ള ജലപാത നിലവിൽ ഗതാഗത യോഗ്യമാണ്. മാഹി മുതൽ വളപട്ടണം വരെയുള്ള ഭാഗത്ത് ജലപാത പുതുതായി നിർമിക്കാനുണ്ട്. അഞ്ചരക്കണ്ടി പുഴ, ധർമടം പുഴ, കാട്ടാമ്പള്ളി പുഴ തുടങ്ങിയ പുഴകളും കോർത്തിണക്കിയാണ് ഈ ജലപാത നിർമിക്കുന്നത്.

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളവും അഴീക്കൽ തുറമുഖവും പ്രവർത്തന സജ്ജമാവുന്നതോടെ അടിസ്ഥാന സൗകര്യവികസനവും ടൂറിസം മേഖലയുടെ വികസനവും ജില്ലയിൽ അത്യന്താപേക്ഷിതമാണ്. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലെല്ലാം തന്നെ ടൂറിസ്റ്റുകൾക്ക് താമസ സൗകര്യം ഒരുക്കേണ്ടതാണ്. ആറളം ഫാമിൽ ഫാം ടൂറിസത്തിനുള്ള അനന്ത സാധ്യതകളും നിലനിൽക്കുന്നുണ്ട്.

പദ്ധതി നിർദേശങ്ങൾ– ഗതാഗതം

മേൽത്തട്ട് നിർദേശങ്ങൾ

- ടൂറിസ്റ്റ് സാധ്യതകൾ മുന്നിൽ കണ്ട് പുഴകളെ തമ്മിൽ ബന്ധിപ്പിച്ച് ബോട്ട് ക്രൂയിസ് ഒരുക്കുക.
- കണ്ണൂർ നഗരത്തിൽ നിന്ന് എയർപോർട്ട് വരെ പുതിയ റെയിൽപ്പാത നിർമിക്കുക.
- തലശ്ശേരി – മൈസൂർ റെയിൽപ്പാത നിർമാണം.
- കണ്ണൂർ സിവിൽസ്റ്റേഷന് ഒരു ബഹുനിലകെട്ടിടം പണിത് പുറത്തുള്ള ഓഫീസുകൾ ബന്ധിപ്പിക്കുക.
- റെയിൽവേ സ്റ്റേഷൻ പ്രധാന കവാടം കിഴക്ക് ഭാഗത്തേക്ക് മാറ്റുന്നത് ഉചിതമാകും.
- ഗതാഗതകുരുക്ക് രൂക്ഷമാകുന്ന മേലെ ചൊവ്വ, താഴെ ചൊവ്വ, പുതിയതെരു, കൊടുവള്ളി, നടാൽ, തളിപ്പറമ്പ്, തലശ്ശേരി മാർക്കറ്റ് ഭാഗങ്ങളിൽ മേൽപാലങ്ങളോ സബ് വേകളോ സ്ഥാപിക്കുക.
- റെയിൽവെസ്റ്റേഷനിലെ മേൽപ്പാലങ്ങളുടെ വീതി കൂട്ടുന്നതിനായുള്ള പ്രവൃത്തികൾ നടപ്പിലാക്കുക.
- റെയിൽവെസ്റ്റേഷനിൽ പുതിയ പ്ലാറ്റ്ഫോം നിർമിക്കുക

കീഴ്ത്തട്ട് നിർദേശങ്ങൾ

- പുതിയ റോഡുകൾ വരുമ്പോൾ ടെലികോം കേബിളുകൾക്കായി duct സംവിധാനം ഏർപ്പെടുത്തുന്നത് വഴി ഭാവിയിൽ റോഡുകൾ കുഴിക്കുന്നതു ഒഴിവാക്കാവുന്നതാണ്.
- എയർടാക്സി സംവിധാനം ഏർപ്പെടുത്തുക. ഗതാഗതകുരുക്കിനും ടൂറിസം വികസനത്തിനും സഹായിക്കും.
- ജില്ലയിലെ സംസ്ഥാന പാതകൾ 10 മീറ്റർ വീതിയിലെങ്കിലും വികസിപ്പിക്കുക.
- ഗതാഗതകുരുക്കിന് അടിയന്തിര പരിഹാര നിർദേശങ്ങൾ നൽകുന്നതിനായി പി.ഡബ്ല്യു.ഡി/എൻ.എച്ച്. മോട്ടോർവാഹന വകുപ്പ്, പൊലീസ് എന്നിവരെ ഉൾപ്പെടുത്തി ഒരു വിദഗ്ധ സമിതി രൂപീകരിക്കുക.

- നിർദിഷ്ട തീരദേശ പാതയിൽ നിന്നും നിർദിഷ്ട ജലപാതയിലെ ബോട്ടുജെട്ടികളിൽ നിന്നും ദേശീയ പാതയിലേക്കുള്ള ലിങ്ക് റോഡുകൾ നിർമിക്കുക.
- ദേശീയ പാതയിൽ 15 കിലോമീറ്റർ ദൂരപരിധിയിലെങ്കിലും അത്യാധുനിക സൗകര്യങ്ങളോടുകൂടിയ വഴിയോര വിശ്രമ കേന്ദ്രം സ്ഥാപിക്കുക.
- പൊട്ടിപ്പൊളിഞ്ഞ ഫുട്പാത്ത് നവീകരിക്കുക. മാൻഹോളുകൾ ഉണ്ടാക്കി ഡ്രെയിനേജ് സംവിധാനം പരിഷ്കരിക്കുക.
- നഗരത്തിൽ ഒഴിഞ്ഞു കിടക്കുന്ന സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലം സംബന്ധിച്ച് സ്പേസ് മാനേജ്മെന്റ് സ്റ്റഡി നടത്തുക.
- പഴയ ബസ്റ്റാന്റ് പരിസരത്തെ സ്റ്റെപ്പുകൾ ആവശ്യമാണോയെന്ന് പരിശോധിച്ച് സ്ഥലം ഉപയോഗപ്രദമാക്കുക.
- ഗ്രാമീണ റോഡുകളിൽ ടോയിലറ്റുകളും വിശ്രമകേന്ദ്രങ്ങളും വേണം.
- ജില്ലയെ കൂടുതൽ സ്ത്രീ സൗഹൃദമാക്കുന്നതിന്റെ മുന്നോടിയായി പ്രാധാന റൂട്ടുകളിൽ രാവിലെയും വൈകുന്നേരവും സ്ത്രീകൾക്ക് മാത്രമായി പിങ്ക് സർവീസുകൾ ആരംഭിക്കുന്നതാണ്.
- പുതുതായി പ്രവർത്തനമാരംഭിക്കുന്ന കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തെ ജില്ലാ ആസ്ഥാനവും ജില്ലയിലെ പ്രധാന കേന്ദ്രങ്ങളുമായും ബന്ധിപ്പിച്ചുകൊണ്ട് എ.സി. ലോ ഫ്ലോർ ബസ്സ് സർവീസ് ഏർപ്പെടുത്തുക.
- കണ്ണൂർ ജില്ലയിൽ നിലവിലുള്ള 14 ബോട്ട്ജെട്ടികൾ ആധുനികവൽക്കരിക്കുക

വാർത്താവിനിമയം

കീഴ്ത്തട്ട് നിർദേശങ്ങൾ

- ബി.എസ്.എൻ.എൽ ന്റെ 3 ജി, 4 ജി സേവനങ്ങൾ ഗ്രാമ മേഖലകളിൽ വ്യാപകമാക്കുക.
- ഐ.ടി. @ സ്കൂൾ പദ്ധതി സ്വകാര്യ സ്കൂളുകൾ, പാരലൽ കോളജുകൾ എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കുക.
- റോഡുകളിൽ പ്രവൃത്തികൾ നടക്കുമ്പോൾ എല്ലാ സേവനദാദാക്കളെയും അറിയിക്കുന്നതിന് ഒരു സ്ഥിരസംവിധാനം ഉണ്ടാക്കുക.

വിനോദസഞ്ചാരം

മേൽത്തട്ട് നിർദേശങ്ങൾ

- വിമാനത്താവളം വരുന്നതോടെ കാക്കണ്ണൻപാറ കലാഗ്രാമം ഫൈൻ ആർട്സ് കോളേജ് തലത്തിൽ ഉയർത്തുന്നതിന് സാധ്യതകൾ പ്രയോജനപ്പെടുത്തണം.
- മുഴപ്പിലങ്ങാട്, ചാൽബീച്ച്, പയ്യാമ്പലം തുടങ്ങി ജില്ലയിലെ ശ്രദ്ധേയമായ ബീച്ചുകളുടെ സൗകര്യങ്ങൾ വികസിപ്പിക്കണം.

കീഴ്ത്തട്ട് നിർദേശങ്ങൾ

- പറശ്ശിനിക്കടവ് മുത്തപ്പൻ ക്ഷേത്രം, തളിപ്പറമ്പ് രാജ രാജേശ്വര ക്ഷേത്രം, മാടായിക്കാവ്, കൊട്ടിയൂർ മഹാശിവക്ഷേത്രം തുടങ്ങിയ തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി തീർത്ഥാടന ടൂറിസം പ്രോത്സാഹിപ്പിക്കുക.
- ജില്ലയിൽ ഫാം ടൂറിസത്തിനുള്ള സാധ്യതകൾ വികസിപ്പിക്കുന്നതിന് കോളയാട് ആട് ഫാം, ആറളം ഫാം തുടങ്ങിയവ പരിഗണിക്കാവുന്നതാണ്.
- ജില്ലയിലെ ടൂറിസം കേന്ദ്രങ്ങളിലേക്ക് ടൂർ ഓപ്പറേറ്റ് ചെയ്യുന്നതിനായി മിനി ബസ് ഏർപ്പെടുത്തി സഞ്ചാരികളെ ടൂറിസ്റ്റ് കേന്ദ്രത്തിൽ എത്തിക്കുക.
- ജില്ലയിൽ സീ പോർട്ടിന്റെ വികസനം സഞ്ചാരികളുടെ വരവിനേയും അതുവഴി ടൂറിസത്തിന്റെ വളർച്ചയ്ക്കും പ്രധാന നാഴികക്കല്ലായിരിക്കും.
- ഡിടിപിസിയുടെ നേതൃത്വത്തിൽ വാരാന്ത്യ ടൂർ പാക്കേജുകൾ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് തുടങ്ങുക. തെരഞ്ഞെടുക്കപ്പെട്ട അക്ഷയ കേന്ദ്രങ്ങളിൽ ബുക്കിങ്ങ് ഏർപ്പെടുത്താം.

കെട്ടിടങ്ങൾ

മേൽത്തട്ട് നിർദേശം

- കണ്ണൂർ സിവിൽസ്റ്റേഷൻ/താലൂക്ക് ഓഫീസ് കോമ്പൗണ്ടിലായി ഒരു ബഹുനില കെട്ടിടം പണിതാൽ ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ലീഗൽമെട്രോളജി, കണ്ണൂർ വാണിജ്യനികുതി ഓഫീസുകൾ, ലേബർ ഓഫീസുകൾ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ഓഫീസ് എന്നിവ സ്ഥിരം സംവിധാനത്തിലേക്ക് മാറ്റാവുന്നതാണ്.

സംയോജന സാധ്യതകൾ

എയർടാക്സി സംവിധാനം – ഗതാഗതകുരുക്കിനും ടൂറിസം വികസനത്തിനും സഹായിക്കും. ടൂറിസം വകുപ്പും സ്വകാര്യ കമ്പനികളും ചേർന്ന് പദ്ധതി നടപ്പാക്കാം.
ബോട്ട് ക്രൂയിസ്– ടൂറിസം വകുപ്പും ജില്ലാപഞ്ചായത്തും ചേർന്ന് നടപ്പാക്കാം. പ്രധാന പുഴകൾ കേന്ദ്രീകരിച്ച് ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് തുടങ്ങുക.
സീ പോർട്ടിന്റെ വികസനം – മനോഹരമായ കടൽത്തീരങ്ങൾ കൂടുതൽ ഉള്ള ജില്ലയിൽ സീ പോർട്ട് മുതൽക്കൂട്ടാകും.
കാക്കണ്ണൻ പാറ ഫൈൻ ആർട്സ് കോളേജ്– കാക്കണ്ണൻ പാറ കലാഗ്രാമം ഫൈൻആർട്സ് കോളേജ് തലത്തിലേക്ക് ഉയർത്തുന്നതിന് വിവിധ വകുപ്പുകൾ ജില്ലാ പഞ്ചായത്തുമായി ചേർന്ന് പദ്ധതി നടപ്പാക്കാം.

7.4 (എ) പട്ടികജാതി, പട്ടികവർഗ വികസനം

കണ്ണൂർ ജില്ലയിലെ ആകെ ജനസംഖ്യയിൽ 3.3 ശതമാനം പട്ടികജാതിക്കാരാണ്. സമീപജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ കണ്ണൂർ ജില്ലയിലെ പട്ടികജാതിക്കാർ മെച്ചപ്പെട്ട ജീവിത നിലവാരം പുലർത്തുന്നവരാണ് എന്ന് കാണാൻ കഴിയും. എന്നാൽ സാമൂഹ്യ, വിദ്യാഭ്യാസ, സാമ്പത്തിക രംഗങ്ങളിൽ ജില്ലയിലെ മുഖ്യധാരാ സമൂഹം കൈവരിച്ചിട്ടുള്ള പുരോഗതി ആർജിക്കുവാൻ പട്ടികജാതി വിഭാഗക്കാൾക്ക് കഴിഞ്ഞിട്ടില്ല എന്നത് സത്വര ശ്രദ്ധ പതിയേണ്ടുന്ന വസ്തുതയാണ്. ആകെ 612 സങ്കേതങ്ങളിലായി 36,510 പട്ടികജാതി കുടുംബങ്ങൾ ജില്ലയിലുണ്ട്. ജീവിത ശൈലി രോഗങ്ങൾ ഇതര സമുദായങ്ങളേക്കാൾ നേരിയ തോതിൽ കുറവാണെങ്കിലും ദീർഘകാലചികിത്സാ ആവശ്യമുള്ളവർക്കും കിടപ്പുരോഗികൾക്കും പ്രത്യേക പരിചരണം നൽകുന്നതിനുള്ള സംവിധാനങ്ങൾ ഒന്നുംതന്നെ ഇല്ല എന്നത് പ്രധാന പോരായ്മയാണ്. ജില്ലയിലെ സങ്കേതങ്ങളിൽ വലിയൊരു ഭാഗം സ്ഥിതിചെയ്യുന്നത് ഭൂഗർഭ ജലവിതാനം കുറഞ്ഞ പ്രദേശങ്ങളിലാണ്. തീരപ്രദേശങ്ങളിലുള്ള സങ്കേതങ്ങളിൽ ഓരുജലത്തിന്റെ ആധിക്യവും കാണപ്പെടുന്നു.

ജില്ലയിലെ ഇരിട്ടി, പേരാവൂർ, കൂത്തുപറമ്പ്, തളിപ്പറമ്പ്, പയ്യന്നൂർ ബ്ലോക്കുകളുടെ പരിധിയിൽ വരുന്ന 32 ഗ്രാമപഞ്ചായത്തുകളിലെയും മട്ടന്നൂർ, ശ്രീകണ്ഠാപുരം, ഇരിട്ടി മുൻസിപ്പാലിറ്റികളുടെയും കീഴിൽ വരുന്ന 440 കോളനികളിലായിട്ടാണ് കണ്ണൂർ ജില്ലയിലെ പട്ടികവർഗക്കാർ അധിവസിക്കുന്നത്. പണിയൻ, കുറിച്യർ, കരിമ്പാലൻ, മാവിലൻ, മലവേട്ടുവൻ തുടങ്ങിയ വിഭാഗങ്ങളാണ് ജില്ലയിലെ പ്രധാനപ്പെട്ട പട്ടികവർഗ സമുദായങ്ങൾ. 2016-ൽ പട്ടികവർഗ വികസന വകുപ്പ് നടത്തിയ സർവേ പ്രകാരം ജില്ലയിൽ 11,982 പട്ടികവർഗ കുടുംബങ്ങളിലായി 42,886 ആളുകളാണ് ഉള്ളത്. ഇതിൽ കുറുമർ, കാട്ടുനായ്ക്കൻ, അടിയാൻ എന്നീ പട്ടികവർഗ വിഭാഗങ്ങൾ ആദിവാസി പുനരധിവാസത്തിന്റെ ഭാഗമായി വയനാട് ജില്ലയിൽ നിന്നും പുനരധിവസിക്കപ്പെട്ടതും, കാണിക്കാരൻ, മലവേട്ടുവൻ തുടങ്ങിയ സമുദായങ്ങൾ ജോലിയുടെ ഭാഗമായി ജില്ലയിൽ കുടിയേറിയവരുമാണ്. മേൽപ്പറഞ്ഞ സർവേ റിപ്പോർട്ടുകൾ പരിശോധിച്ചാൽ 2016 ൽ പട്ടികവർഗ ജനസംഖ്യാ അനുപാതത്തിൽ 3.7%ത്തിന്റെ വർദ്ധനവ് ജില്ലയിൽ ഉണ്ടായിട്ടുള്ളതായി മനസ്സിലാക്കാം. മദ്യം, മയക്കുമരുന്നുകൾ, പുകയില ഉൽപ്പന്നങ്ങൾ തുടങ്ങിയവയുടെ ഉപയോഗം കൂടുന്നതും ആധുനിക ചികിത്സയോടുള്ള വൈമുഖ്യം, അറിവില്ലായ്മ എന്നിവയും മേഖലയിൽ രോഗികളുടെ എണ്ണം വർദ്ധിക്കുന്നതിന് കാരണമാകുന്നു. വിദ്യാസമ്പന്നരായ പട്ടികവർഗക്കാർ പോലും തൊഴിലവസരം വേണ്ട രീതിയിൽ ഉപയോഗപ്പെടുത്താത്തതും ഇവരുടെ സാമൂഹ്യസ്ഥിതി മെച്ചപ്പെടുന്നതിന് വിഘാതമാകുന്നുണ്ട്.

പദ്ധതി നിർദേശങ്ങൾ– പട്ടികജാതി വികസനം

മേൽത്തട്ട് നിർദേശങ്ങൾ

- ജില്ലയിലെ പട്ടികജാതി വിദ്യാർത്ഥികൾക്കായി പോസ്റ്റ് മെട്രിക്ക് ഹോസ്റ്റൽ ആരംഭിക്കണം.

കീഴ്ത്തട്ട് നിർദേശങ്ങൾ

- ഉന്നത വിദ്യാഭ്യാസം നടത്തുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ കൂടുതൽ തുക നീക്കിവെക്കേണ്ടതുണ്ട്.
- പ്രീമെട്രിക് ഹോസ്റ്റലുകൾ, നഴ്സറിസ്കൂളുകൾ എന്നീ സ്ഥാപനത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് പദ്ധതി വിഹിതം കൂടുതലായി നീക്കി വെക്കണം.
- സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കുക.
- പട്ടികജാതി ഉപപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന നിർമാണ പ്രവൃത്തികൾ മോണിറ്ററിംഗ് നടത്തുന്നതിനായി പ്രത്യേക മോണിറ്ററിംഗ് സമിതി തദ്ദേശഭരണ സ്ഥാപനതലത്തിൽ രൂപീകരിക്കേണ്ടതാണ്.
- ഗ്രാമസഭയിൽ പട്ടികജാതിക്കാരുടെ പങ്കാളിത്തം ഉറപ്പവരുത്തുക.
- ജില്ലയിലെ പട്ടികജാതിക്കാരെ സംബന്ധിച്ച് സമഗ്ര സർവേ നടത്തണം.
- മുഴുവൻ പട്ടികജാതി കുടുംബങ്ങളെയും സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിക്ക് കീഴിൽ കൊണ്ടുവരിക.
- ജില്ലയിൽ ഒരു മൊബൈൽ മെഡിക്കൽ യൂണിറ്റ് ആരംഭിക്കുക.
- വരുമാനദായകമായ സംരംഭങ്ങൾ തുടങ്ങുന്നതിനും നിലവിലുള്ള സംരംഭങ്ങളുടെ വിപുലീകരണത്തിനും ധനസഹായം ലഭ്യമാകുന്ന പദ്ധതികൾ കൂടുതലായി ആവിഷ്കരിക്കരിക്കേണ്ടതുണ്ട്. സ്വയം തൊഴിൽ സംരംഭകർക്ക് ധനസഹായം അനുവദിക്കുന്നതിന് സബ്സിഡി നിബന്ധനയിൽ ഇളവ് നൽകേണ്ടതുണ്ട്.
- പ്രൊഫഷണൽ യോഗ്യത നേടിയ വിദ്യാർത്ഥികൾക്ക് മികച്ച സ്ഥാപനത്തിൽ തൊഴിൽ നേടുന്നതിന് പ്രാപ്തരാക്കുന്ന പരിശീലന പരിപാടികൾ പട്ടികജാതി വികസന വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കേണ്ടതാണ്.
- ഗ്രാമങ്ങളിൽ പട്ടികജാതിക്കാരുടെ പങ്കാളിത്തം നേടുന്നതിന് ഫലപ്രദമായ ഇടപെടലുകൾ ഉണ്ടാകണം.

പട്ടികവർഗ വികസനം

മേൽത്തട്ട് നിർദേശങ്ങൾ

- പട്ടികവർഗ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസം നൽകുക എന്ന കാഴ്ചപ്പാടോടെ ഒരു പോളിടെക്നിക് അല്ലെങ്കിൽ ഐ.ടി.ഐ ആറളം ആദിവാസി പുനരധിവാസ മേഖലയിൽ അനുവദിക്കുക.
- കേളകം പഞ്ചായത്തിൽ ആൺകുട്ടികൾക്കുള്ള പ്രീമെട്രിക് ഹോസ്റ്റൽ നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ ഹോസ്റ്റലിന് സ്വന്തമായി ഭൂമി വാങ്ങി കെട്ടിടം പണിയുക.
- പട്ടികവർഗക്കാർക്കായുള്ള സംവരണത്തിൽ സമുദായങ്ങളുടെ എണ്ണം അടിസ്ഥാനമാക്കി പ്രത്യേകമായി സംവരണം ഏർപ്പെടുത്തുക. ഗ്രാമപഞ്ചായത്ത് തലത്തിൽ പി.എസ്.സി/യു.പി.എസ്.സി/ബാങ്ക് ടെസ്റ്റ് എന്നിവയ്ക്കുള്ള കോച്ചിംഗ് നടത്താൻ വേണ്ടി ഗ്രാമപഞ്ചായത്തുകൾക്ക് അനുവാദം നൽകുക.
- പട്ടികവർഗക്കാരുടെ തനതുകലകളും പാരമ്പര്യ കലാരൂപങ്ങളും സംരക്ഷിക്കുന്നതിന് വേണ്ടി ശ്രീകണ്ഠാപുരത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന കലാഗ്രാമത്തിന്റെ ഭാഗമായി ആദിവാസി കലാഗ്രാമം സ്ഥാപിക്കുക. എസ്.ടി. പ്രമോട്ടർമാരുടെ സേവനം മെച്ചപ്പെടുത്തുക, പട്ടികവർഗവികസന വകുപ്പിന്റെയും ത്രിതല പഞ്ചായത്തുകളുടെയും പദ്ധതികൾ സംബന്ധിച്ച് സമയബന്ധിതമായി വിവരങ്ങൾ പട്ടികവർഗക്കാർക്കിടയിൽ എത്തിക്കുന്നതിന് പരിശീലനപരിപാടികൾക്കായി ജില്ലാ തലത്തിൽ ഒരു ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുക.
- മാവിലൻ, കരിമ്പാലൻ, മലവേട്ടുവൻ എന്നീ സമുദായങ്ങളെ 2002ലെ പ്രത്യേക സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പട്ടികജാതിയിൽ നിന്നും പട്ടികവർഗത്തിലേക്ക് ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ഇതിന് ആനുപാതികമായി ഈ വിഭാഗങ്ങൾ താമസിക്കുന്ന പഞ്ചായത്തുകൾക്ക് ടി.എസ്.പി ഫണ്ട് വിഹിതം അനുവദിച്ചിട്ടില്ല. 2011ലെ സെൻസസിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗക്കാർ താമസിക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് ടി.എസ്.പി വിഹിതം അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കുക.
- ആറളം പുനരധിവാസമേഖലയിൽ ഒരു ആയുർവേദ ഹോസ്പിറ്റലോ ഡിസ്പെൻസറിയോ അനുവദിക്കുക.
- പട്ടികവർഗക്കാർ താമസിക്കുന്ന ഭൂപ്രദേശത്തിന്റെ പ്രത്യേകതകൾ പരിഗണിച്ച് തയ്യാറാക്കുന്ന യഥാർത്ഥ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഭവനനിർമാണ ഗ്രാന്റ് ഉയർത്തുകയും വീടിന്റെ വിസ്തീർണം നിലവിലുള്ളതിൽ നിന്നും ഉയർത്തുകയും ചെയ്യുക.

കീഴ്ഘട്ട് നിർദേശങ്ങൾ

- പട്ടികവർഗ കോളനികളിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾ പിന്നീട് ശരിയായ രീതിയിൽ മെയിന്റനൻസ് നടക്കുന്നില്ല. പട്ടികവർഗ കോളനികളിലെ കുടിവെള്ള പദ്ധതികളുടെ മെയിന്റനൻസും ആവർത്തനചെലവുകളും ഗ്രാമപഞ്ചായത്ത് തലത്തിലുള്ള പദ്ധതികളിൽ വകയിരുത്തണം.
- ഭൂരഹിതരായ പട്ടികവർഗ കുടുംബത്തിന് ഭൂമി വാങ്ങി നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വാങ്ങി നൽകാൻ കഴിയുന്ന ഭൂമിയുടെ പരിധി 25 സെന്റായി ഉയർത്തണം.
- എക്സൈസ് വകുപ്പ് മുഖേന പട്ടികവർഗകോളനികൾ കേന്ദ്രീകരിച്ച് ബോധവൽക്കരണപരിപാടികളും സെമിനാറുകളും സംഘടിപ്പിക്കുകയും മദ്യം, മയക്കുമരുന്ന് ലഭ്യമാക്കുന്നവർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുക.
- പട്ടികവർഗ വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാലയങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് പ്രഭാതഭക്ഷണ വിതരണത്തിന് പദ്ധതി നടപ്പിലാക്കുക.
- എല്ലാ പട്ടികവർഗ കോളനികളിലും മെഡിക്കൽ ക്യാമ്പുകൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കാനുള്ള പദ്ധതികൾ നടപ്പിലാക്കുക.
- ഗ്രാമപഞ്ചായത്ത് തലത്തിൽ പട്ടികവർഗക്കാരുടെ സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാസപരവും ആരോഗ്യപരവുമായ വിവരങ്ങൾ ക്രോഡീകരിക്കുന്നതിന് വേണ്ടി സർവെ പ്രവർത്തനങ്ങൾ നടത്തുകയും വിവരങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്യുക.
- പട്ടികവർഗ കോളനികളിലെ കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിന് ശാസ്ത്രീയമായി എസ്റ്റിമേറ്റ് തയ്യാറാക്കുകയും നിശ്ചിത വർഷത്തേക്ക് എ.എം.സി. ഉൾപ്പെടെയുള്ള ഫണ്ട് വകയിരുത്തുകയും ചെയ്യണം. കൂടാതെ വൻകിട കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ വഴി കോളനികളിൽ കുടിവെള്ളമെത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക.
- പട്ടികവർഗ സങ്കേതങ്ങളുടെ സമഗ്രവികസനം സാധ്യമാക്കുന്നതിന് ഗതാഗതസൗകര്യം വളരെ പ്രധാനപ്പെട്ട വിഷയമാണ്. നബാർഡിന്റെ ആർ.ഐ.ഡി.എഫ്. ഫണ്ട് ഉപയോഗിച്ച് ആലക്കോട്, ആറളം ആദിവാസി പുനരധിവാസമേഖലകളിലും മറ്റ് കോളനികളിലും ഗുണനിലവാരമുള്ള റോഡ് നിർമിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- നിശ്ചിത യോഗ്യതയുള്ള പട്ടികവർഗക്കാർക്ക് സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ സ്ഥിരം ജോലി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക. ഇത്തരം നടപടികളിലൂടെ പട്ടികവർഗക്കാർക്ക് ഉന്നതവിദ്യാഭ്യാസത്തോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കാൻ കഴിയുന്നതാണ്.
- പട്ടികവർഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് വേണ്ടി നടപ്പിലാക്കുന്ന "ഗോത്രസാരഥി പദ്ധതി" നടത്തിപ്പിന് ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകുക.
- ആർദ്രം മിഷനിൽ ഉൾപ്പെടുത്തി പട്ടികവർഗ മേഖലകളിലെ എല്ലാ പ്രൈമറി ഹെൽത്ത് സെന്ററുകളും കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുകയും അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിച്ച് കിടത്തി ചികിത്സക്കുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക.
- പട്ടികവർഗക്കാർക്കായുള്ള സംവരണത്തിൽ പണിയ സമുദായക്കാർക്ക് പ്രത്യേകമായി സംവരണം ഏർപ്പെടുത്തുക.
- ആറളം പുനരധിവാസമേഖലയിൽ വളയഞ്ചാൽ, ഓടന്തോട് എന്നീ സ്ഥലങ്ങളിൽ 2 കോൺക്രീറ്റ് പാലം നിർമിക്കുക.
- ആറളം ഫാം ഗവൺമെന്റ് ഹൈസ്കൂളിനെ ഹയർസെക്കണ്ടറി സ്കൂളായി ഉയർത്തുക.
- പ്രൈമറി വിദ്യാഭ്യാസം നിർബന്ധമാക്കുന്നതിന്റെ ഭാഗമായി ആറളം പുനരധിവാസമേഖലയിൽ കൂടുതൽ അംഗൻവാടികളുള്ള ബ്ലോക്ക്-9ലും 13ലും ഓരോ എൽ.പി സ്കൂളും സ്ഥാപിക്കുക.

- എല്ലാ പട്ടികവർഗ കോളനികളിലെയും കുട്ടികളുടെ കായിക അഭിരുചികൾ വളർത്തിയെടുക്കുന്നതിനും പരിശീലനത്തിനുമായി സ്പോർട്സ് ക്ലബ്ബുകൾ സ്ഥാപിക്കുക.

സംയോജന സാധ്യതകൾ (പട്ടികജാതി)

- പട്ടികജാതിക്കാരുടെ കാർഷിക ഗ്രൂപ്പുകൾക്കും വ്യക്തികൾക്കും കൃത്യതാ കൃഷിയിൽ പരിശീലനം നൽകുന്നതിനും കൃഷി സംരംഭങ്ങൾ ആരംഭിക്കുന്നതിനും ധനസഹായം നൽകുന്ന പദ്ധതി ആവിഷ്കരിക്കാവുന്നതാണ്. കൃഷി വകുപ്പും തദ്ദേശ സ്ഥാപനങ്ങളും ചേർന്ന് പദ്ധതി നടപ്പാക്കാം.
- ക്ഷീരവികസന വകുപ്പുമായി ചേർന്ന് പാലിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പദ്ധതി രൂപപ്പെടുത്താവുന്നതാണ്. ധനകാര്യസ്ഥാപനങ്ങളുടെയും തദ്ദേശ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ നടപ്പാക്കാം.
- പട്ടികജാതിക്കാർക്ക് സൂക്ഷ്മ ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് മുഖേന പദ്ധതി ആവിഷ്കരിക്കാവുന്നതാണ്. പരിശീലന പരിപാടികൾ പട്ടികജാതി വികസന വകുപ്പിന്റെയും, കേന്ദ്ര പദ്ധതികളുടെയും ഫണ്ട് വിഹിതം വിനിയോഗിക്കാം.
- ജില്ലയിൽ പെൺകുട്ടികൾക്കായി പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിലവിലില്ല. ഹോസ്റ്റൽ കെട്ടിടത്തിന് വേണ്ടി സ്ഥലം പട്ടികജാതി വികസന വകുപ്പിൽനിന്നും ലഭ്യമാവുന്ന തുക വിനിയോഗിച്ച് വാങ്ങാവുന്നതാണ്. കെട്ടിട നിർമാണത്തിന് കേന്ദ്രസഹായം ലഭ്യമാക്കാം.
- ജില്ലാ പഞ്ചായത്തും ആരോഗ്യവകുപ്പും പട്ടികജാതി വികസന വകുപ്പും സംയുക്തമായി ഒരു മൊബൈൽ മെഡിക്കൽ യൂണിറ്റ് ആരംഭിക്കാം. ജീവിതശൈലീ രോഗങ്ങളും മാരകരോഗങ്ങളും ആരംഭദിശയിൽ തന്നെ കണ്ടെത്തുന്നതിന് ഫലകരമാകും.
- എംപ്ലോയ്മെന്റ് വകുപ്പുമായി ചേർന്ന് പട്ടികജാതിക്കാർക്ക് മാത്രമായി ഒരു എംപ്ലോയബിലിറ്റി സെന്റർ ആരംഭിക്കാവുന്നതാണ്.
- ജില്ലയിലെ മുഴുവൻ സങ്കേതങ്ങളിലും കുടിവെള്ളം ലഭ്യമാക്കുന്നതിനായി സമഗ്ര പദ്ധതി തയ്യാറാക്കാവുന്നതാണ്. ഇതിനാവശ്യമായ തുക താഴെ കൊടുത്ത വിധം കണ്ടെത്താവുന്നതാണ്.
  (1) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ.
  (2) പട്ടികജാതി വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട്.
  (3) എം.പി-മാരുടെ പ്രാദേശിക വികസന നിധി
  (4) കേന്ദ്രാവിഷ്കൃത പദ്ധതികൾ (നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർപ്രോഗ്രാം).
- പട്ടികജാതി വികസന വകുപ്പും, തദ്ദേശ ഭരണ സ്ഥാപനങ്ങളും മറ്റ് വിവിധ ഏജൻസികളും നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച് അറിവ് പകർന്ന് നൽകുന്നതിനും, ആസൂത്രണ സംവിധാനങ്ങൾ, സംരഭകത്വ വികസനം തുടങ്ങിയ കാര്യങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി ബൃഹത്തായ ഒരു ബോധവൽക്കരണ പരിപാടിക്ക് രൂപം നൽകാവുന്നതാണ്. പട്ടികജാതി വികസന വകുപ്പും, തദ്ദേശ ഭരണ സ്ഥാപനങ്ങളും സംയുക്തമായി കിലയുടെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കുന്നത് ഉചിതമായിരിക്കും

സംയോജന സാധ്യതകൾ (പട്ടികവർഗം)

പ്രീമെട്രിക് ഹോസ്റ്റലുകളുടെ നിർമാണം- ജില്ലയിലെ കോളയാട് പഞ്ചായത്തിലെ ചെമ്പുക്കാവ് എന്ന സ്ഥലത്ത് പട്ടികവർഗ വികസന വകുപ്പിന്റെ കൈവശമുള്ള സ്ഥലത്ത്, പ്രീമെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുന്നതിനും, കേളകം പഞ്ചായത്തിലെ നാനാനിപൊയിൽ എന്ന സ്ഥലത്ത് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലിന് സ്വന്തമായി കെട്ടിടം പണിയുന്നതിനും ഭൂമി വാങ്ങുന്നതിനും പട്ടികവർഗവികസന വകുപ്പിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും, ജില്ലാ പഞ്ചായത്തിന്റെയും ഫണ്ട് ഉപയോഗിച്ച് സംയോജിത പദ്ധതികൾ തയ്യാറാക്കാവുന്നതാണ്.

അഗതി മന്ദിരം- ആറളം പുനരധിവാസമേഖലയിൽ ഇപ്പോൾ നിർമിച്ച് കൊണ്ടിരിക്കുന്ന പി.എച്ച്.സി.ക്ക് സമീപത്തായി വാർദ്ധക്യ കാലത്ത് മക്കളാൽ ഉപേക്ഷിക്കപ്പെടുന്നതും പരിപാലിക്കാൻ ആരുമില്ലാത്തതുമായ പട്ടികവർഗക്കാരെ സംരക്ഷിക്കുന്നതിന്, ഒരു അഗതി മന്ദിരം സ്ഥാപിക്കുന്നതിന് പട്ടികവർഗവികസന വകുപ്പിന്റെയും ജില്ലാ പഞ്ചായത്തിന്റെയും ഫണ്ട് സംയോജിപ്പിച്ച് കൊണ്ട് പദ്ധതികൾ തയ്യാറാക്കാവുന്നതാണ്.

സാമൂഹ്യ പഠനമുറി - പട്ടികവർഗവിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടി പട്ടികവർഗ വികസന വകുപ്പ് നടപ്പിലാക്കുന്ന സാമൂഹ്യപഠനമുറി എന്ന പദ്ധതി കൂടുതൽ കോളനികളിലേക്ക് വ്യാപിപ്പിക്കുന്നതിന്

വേണ്ടി ജില്ലാ പഞ്ചായത്തിന്റെയും ഗ്രാമപഞ്ചായത്തിന്റെയും ഫണ്ട് ഉപയോഗിച്ച് സംയോജിത പദ്ധതികളാക്കി മാറ്റാവുന്നതാണ്.

തൊഴിൽ പരിശീലനകേന്ദ്രം – പട്ടികവർഗ യുവതീയുവാക്കളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന്റെ ഭാഗമായി ചെറുകിട തൊഴിൽ പരിശീലനകേന്ദ്രം ആരംഭിക്കുന്നതിന് ഉചിതമായിരിക്കും. ആറളം ആദിവാസി പുനരധിവാസമേഖലയിൽ പൊതുആവശ്യത്തിനായുള്ള സ്ഥലം ലഭ്യമാണ്. ആയതിനാൽ ജില്ലാ പഞ്ചായത്തിന്റെയും പട്ടികവർഗവികസന വകുപ്പിന്റെയും ഫണ്ട് ഉപയോഗിച്ച് ഒരു തൊഴിൽ പരിശീലന കേന്ദ്രം സ്ഥാപിച്ച് തൊഴിൽ പരിശീലന പരിപാടികൾ നടപ്പിലാക്കാവുന്നതാണ്.

പട്ടികവർഗ സങ്കേതങ്ങളുടെ സമഗ്രവികസനം – സങ്കേതങ്ങളുടെ സമഗ്രവികസനം സാധ്യമാക്കുന്നതിന് ഗതാഗതസൗകര്യം വളരെ പ്രധാനപ്പെട്ട വിഷയമാണ്. ഗ്രാമപഞ്ചായത്തുകൾക്ക് പട്ടികവർഗമേഖലകളിൽ റോഡ് നിർമാണത്തിന് ഫണ്ട് ചെലവഴിക്കാൻ സാധ്യമല്ലാത്തതിനാലും മറ്റ് ഫണ്ടുകളുടെ അപര്യാപ്തതയും കാരണം റോഡ് നിർമാണം നടത്താൻ കഴിയുന്നില്ല. നബാർഡിന്റെ ആർ.ഐ.ഡി.എഫ്. ഫണ്ട് ഉപയോഗിച്ച് ആലക്കോട്, ആറളം ആദിവാസി പുനരധിവാസമേഖലകളിലും മറ്റ് കോളനികളിലും ഗുണനിലവാരമുള്ള റോഡ് നിർമിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

7.4(ബി) വനിത, കുട്ടികൾ, വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡർ

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് ദേശീയ ശരാശരിയേക്കാൾ കുറവാണെന്നത് കേരളത്തിലെ സ്ത്രീമുന്നേറ്റത്തിന്റെ തിളക്കം കുറയ്ക്കുന്ന വസ്തുതയാണ്. ഈ പ്രശ്നം ഏറെ രൂക്ഷമായ ജില്ലയാണ് കണ്ണൂർ. കേരളത്തിലെ മറ്റ ജില്ലകളെപ്പോലെ കണ്ണൂർ ജില്ലയിലും സ്ത്രീ ജനസംഖ്യ കൂടുതലാണ്. 2001-ലെ സെൻസസ് പ്രകാരം കണ്ണൂർ ജില്ലയിലെ ആകെ ജനസംഖ്യയിൽ സ്ത്രീകൾ റൂറൽ 4,56,335 (51.74%) ഉം അർബൻ 8,85,222 (53.94%) ഉം ആണ്. കുട്ടികളുടെ എണ്ണമാകട്ടെ ആകെ ജനസംഖ്യയുടെ 25ശതമാനം വരും .

വയോജനങ്ങളുടെ കാര്യത്തിൽ, ജില്ലയുടെ ആകെ ജനസംഖ്യയിൽ 3,38,085 പേർ വയോജനങ്ങളാണ്. ഇതിൽ 1,48,771 പേർ പുരുഷന്മാരും 1,89, 314പേർ സ്ത്രീകളുമാണ്. 1000 ജനസംഖ്യയ്ക്ക് 216പേർ എന്ന കണക്കിലാണ് ജില്ലയിലെ ഭിന്നശേഷിക്കാരുടെ എണ്ണം. ഇത്തരത്തിൽ58, 535 ഭിന്നശേഷിക്കാർ ജില്ലയിലുണ്ട്. ജില്ലയിലെ ഭിന്നലിംഗക്കാരുടെ എണ്ണം 279ആണ്.

കണ്ണൂർ ജില്ലയിൽ കുറെ വർഷങ്ങളായി അന്യ സംസ്ഥാന തൊഴിലാളികൾ വിവിധ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുവരുന്നുണ്ട്. ഇവർ പ്രധാനമായും ബംഗാൾ, ബീഹാർ, രാജസ്ഥാൻ, ഒറീസ്സ, ആസ്സാം, ചത്തീസ്ഗഡ് എന്നീ സംസ്ഥാനങ്ങളിലുള്ളവരാണ്. ജില്ലയിലെ തൊഴിലാളികളുടെ കുറവ് പരിഹരിക്കാൻ കഴിയുന്നുണ്ടെങ്കിലും ഇതര സംസ്ഥാന തൊഴിലാളികളുടെ താമസ സൗകര്യം വളരെയേറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. സ്വമേധയാ ജോലി തേടി എത്തുന്നതിനാൽ നിലവിലുള്ള തൊഴിലാളികളുടെ കൃത്യമായ കണക്കും ലഭ്യമല്ല.

പദ്ധതി നിർദേശങ്ങൾ– വനിത

മേൽത്തട്ട് നിർദേശങ്ങൾ

- രാത്രി കാലങ്ങളിൽ ജില്ലയിൽ എത്തുന്ന വനിതകൾക്ക് ഷീ ലോഡ്ജ് സൗകര്യം.
- ജില്ലയെ സ്ത്രീ സൗഹൃദമാക്കുന്നതിന്റെ മുന്നോടിയായി പ്രധാന റൂട്ടുകളിൽ രാവിലെയും വൈകുന്നേരവും സ്ത്രീകൾക്ക് മാത്രമായി പിങ്ക് സർവീസുകൾ ആരംഭിക്കാവുന്നതാണ്.
- വിമാനത്താവളം വരുന്നതോടെ ഷീ ടാക്സി സംവിധാനം വേണം.

കീഴ്ത്തട്ട് നിർദേശങ്ങൾ

- സ്ത്രീകൾക്ക് സ്വയം രക്ഷയ്ക്കായി കായിക പരിശീലനം നൽകുക.
- വനിതകളുടെ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക പദവിയുയർത്താൻ തൊഴിൽ സംരംഭങ്ങൾ കണ്ടെത്തുക.

വയോജനങ്ങൾ

മേൽത്തട്ട് നിർദേശങ്ങൾ

- ജില്ലയിലെ എല്ലാ വയോജനങ്ങൾക്കും ഹെൽത്ത് കാർഡ് വിതരണം ചെയ്യുന്നതിന് പദ്ധതി രൂപീകരണം.
- എല്ലാ പകൽ വീടുകളുടെയും പ്രവർത്തനം കാര്യക്ഷമമാക്കുക. യോഗ, മെഡിറ്റേഷൻ, ഫിസിയോതെറാപ്പി സൗകര്യങ്ങൾ ഏർപ്പെടുത്തുക.
- വയോമിത്രം പദ്ധതി എല്ലാ പഞ്ചായത്തുകളിലേക്കും വ്യാപിക്കുക. യൂണിറ്റി ലാബ്, ഫിസിയോതെറാപ്പി എന്നിവ കൂടി ഉൾപ്പെടുത്തുക.
- വയോമിത്രം പദ്ധതിയിൽ ആവശ്യമായ മരുന്നുകൾക്ക് ഫണ്ട് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽപ്പെടുത്തി വാങ്ങുവാൻ നടപടിയുണ്ടാക്കണം.
- വയോജനങ്ങൾക്ക് നൽകി വരുന്ന ക്ഷേമ പെൻഷനുകൾക്കുള്ള തുക വർദ്ധിപ്പിക്കുന്നതിനു നടപടിയുണ്ടാക്കുക.
- സീനിയർ സിറ്റിസൺ മെയിന്റനൻസ് തുക നിലവിൽ നൽകി വരുന്ന പരമാവധി തുകയായ 10,000/- രൂപ എന്നത് വർദ്ധിപ്പിക്കുക.
- വയോജനങ്ങളുടെ പ്രശ്നങ്ങൾ ചർച്ചചെയ്യ പരിഹരിക്കുന്നത് പ്രത്യേകമായി ഒരു കമ്മീഷൻ രൂപീകരിക്കുക.
- എല്ലാ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലും സേവനങ്ങൾക്കായി വയോജനങ്ങൾക്ക് പ്രത്യേക ക്യൂ സംവിധാനം ഏർപ്പെടുത്തുക.

കീഴ്ത്തട്ട് നിർദേശങ്ങൾ

- വയോജനക്ഷേമ പ്രവർത്തനങ്ങളെ സംബന്ധിച്ചും അവരെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെകുറിച്ചും കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി സ്കൂൾ കോളേജ് തലങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക. ഇതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ തുക മാറ്റിവെയ്ക്കുക.
- വാർദ്ധക്യ പെൻഷൻ വാങ്ങുന്ന എല്ലാവർക്കും കണ്ണട, ഇയർഫോൺ, ഊന്നുവടികൾ എന്നിവ വാങ്ങുന്നതിനുള്ള പദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾക്കൊള്ളിക്കുക.

കുട്ടികൾ

മേൽത്തട്ട് നിർദേശങ്ങൾ

- തദ്ദേശ സ്വയംഭരണ സ്ഥാപനതല ശിശു സംരക്ഷണ കമ്മറ്റി പ്രവർത്തനം ഊർജ്ജിതമാക്കുക.
- ശൈശവ വിവാഹരഹിത ജില്ലയാക്കാൻ നിയമം നടപ്പാക്കുക.
- കുട്ടികൾക്കായുള്ള പ്രധാന അവകാശങ്ങൾ സംരക്ഷിക്കുന്നതിലൂടെ -13മത് പഞ്ചവത്സരക്കാലത്ത് ബാലസൗഹൃദജില്ലയായി പ്രഖ്യാപിക്കേണ്ടതാണ്.
- അനീമിയ തടയാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക.
- ബാല ശിശുപീഡനങ്ങൾ കുറച്ചുകൊണ്ടുവരാനുള്ള നടപടികൾ ഏകോപിതമായി സ്വീകരിക്കുക. കേസുകളുടെ മാപ്പിങ്ങ് നടത്തി പ്രാദേശികമായ ഇടപെടലുകൾ നടത്തുക.
- ശിശുസംരക്ഷണ നിയമങ്ങളെ പോക്സോ, ജെ.ജെ. എന്നിവയെക്കുറിച്ച് മുഴുവൻ അധ്യാപകർക്കും പരിശീലനം നൽകുക.
- മുഴുവൻ സർക്കാർ എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകളിലും കൗൺസിലർമാരുടെ സേവനം ലഭ്യമാക്കുക.

കീഴ്ത്തട്ട് നിർദേശങ്ങൾ

- സ്ഥല സൗകര്യം ലഭ്യമായ മുഴുവൻ അംഗൻവാടികളിലും ഔഷധ വൃക്ഷങ്ങൾ/സസ്യങ്ങൾ നട്ടുപിടിപ്പിക്കുക.
- കെട്ടിടമില്ലാത്ത മുഴുവൻ അംഗൻവാടികൾക്കും കെട്ടിടവും മാലിന്യ നിർമാർജന സംവിധാനവും നിർമിക്കുക.
- കുട്ടികൾക്കായി എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലങ്ങൾ ഒരുക്കുക.
- നിലവിലുള്ള സ്വന്തമായി കുടിവെള്ള സൗകര്യമില്ലാത്ത അംഗനവാടികളിൽ കുടിവെള്ള സൗകര്യം ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുക.

- കുട്ടികൾക്ക് കളിക്കാനായി ഇറസ്സായ സ്ഥലങ്ങൾ എല്ലാ വാർഡുകളിലും കണ്ടെത്തുക.

ഭിന്നശേഷിയുള്ളവർ

മേൽത്തട്ട് നിർദേശങ്ങൾ

- സർക്കാറും വിവിധ ഏജൻസികളും വഴി നടപ്പിലാക്കുന്ന പദ്ധതികളെകുറിച്ച് ജനങ്ങൾക്ക് യഥാസമയം ബോധവൽക്കരണം നൽകണം.
- അംഗപരിമിതർക്കുള്ള സ്കീമുകൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്ന തരത്തിൽ ക്രമീകരിക്കുക.

ട്രാൻസ്ജെൻഡർ

മേൽത്തട്ട് നിർദേശങ്ങൾ

- ട്രാൻസ്ജെൻഡേഴ്സിനായി ഡെ ഷെൽട്ടറുകൾ തുടങ്ങുക.
- സർക്കാറുമായി ബന്ധപ്പെട്ട എല്ലാ അപേക്ഷാ ഫോറങ്ങളിലും ഭിന്നലിംഗം കൂടി ഉൾപ്പെടുത്തുക.
- ജില്ലയിലെ ട്രാൻസ്ജെൻഡർമാരെ കണ്ടെത്തി അവരുടെ നീഡ് ബേസ്ഡ് സർവെ നടത്തി അതിനനുസരിച്ചുള്ള ക്ഷേമപദ്ധതികൾ നടപ്പിൽ വരുത്താവുന്നതാണ്.
- ജില്ലയിലെ ട്രാൻസ്ജെൻഡേഴ്സുമാരുടെ സ്ഥിതിവിവരം സംബന്ധിച്ച ഒരവസ്ഥാ പഠന റിപ്പോർട്ട് / ബേസിക് ഡാറ്റാ വിവരം തയ്യാറാക്കുക.
- സംസ്ഥാന തലത്തിൽ തന്നെ ട്രാൻസ്ജെൻഡേഴ്സ് ഡേ (പ്രൈഡ് ഡേ) ആചരിക്കുക.
- ട്രാൻസ്ജെൻഡർമാരുടെ പ്രശ്നങ്ങളെ സംബന്ധിച്ചും അവരുടെ അവസ്ഥയെ സംബന്ധിച്ചുമുള്ള ബോധവൽക്കരണത്തിനായി സ്കൂൾ പാഠ്യപദ്ധതിയിൽ വിഷയം ഉൾപ്പെടുത്തുക.
- ട്രാൻസ്ജെൻഡർമാരുടെ ഇടയിൽ നിന്നും ഒരു സെലിബ്രിറ്റി അംബാസിഡറെ നിയോഗിക്കുക.
- ജില്ലാതല ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ് കാലാകാലങ്ങളിൽ യോഗം ചേർന്ന് ഇവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുവാൻ നടപടിയെടുക്കുക.

സംയോജന സാധ്യതകൾ

ഔഷധ വൃക്ഷങ്ങൾ/സസ്യങ്ങൾ – സ്ഥലസൗകര്യം ലഭ്യമായ മുഴുവൻ അംഗൻവാടികളിലും ഔഷധ വൃക്ഷങ്ങൾ/സസ്യങ്ങൾ നട്ടുപിടിപ്പിക്കുക. മുരിങ്ങ, പപ്പായ, ആര്യവേപ്പ്, കറിവേപ്പ്, ചാമ്പ എന്നിവ ഗ്രാമപഞ്ചായത്തുകളുടെയും കൃഷിവകുപ്പിന്റെയും സഹകരണത്തോടെ നട്ടുപിടിപ്പിക്കാം.

അംഗൻവാടികൾക്ക് കെട്ടിടം – കെട്ടിടമില്ലാത്ത മുഴുവൻ അംഗൻവാടികൾക്കും കെട്ടിടവും മാലിന്യ നിർമാർജന സംവിധാനവും നിർമിക്കുക. വിവിധ വകുപ്പുകളും ഗ്രാമപഞ്ചായത്തും സംയുക്തമായി പദ്ധതി നടപ്പാക്കാം .

അംഗപരിമിതർക്കുള്ള സഹായ ഉപകരണം– എം.എൽ.എ. ഫണ്ട്, വകുപ്പ് നേരിട്ട്, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, വികലാംഗക്ഷേമ കോർപറേഷൻ വഴി പദ്ധതികൾ സംയോജിപ്പിച്ച് ഏജൻസികൾ വഴി നടപ്പാക്കാം .

തൊഴിൽ പരിശീലനം –ട്രാൻസ്ജെൻഡർ ക്ഷേമവുമായി ബന്ധപ്പെട്ട് ട്രാൻസ്ജെൻഡർമാർക്കുള്ള തൊഴിൽ പരിശീലനം, സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാനുള്ള വായ്പാ പദ്ധതികൾക്ക് ബാങ്കുകളുടെ സഹകരണം, കലാകായിക അഭിരുചി പ്രോത്സാഹനം എന്നിവയ്ക്കായി സംസ്ഥാന സർക്കാർ ഫണ്ടും, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വകയിരുത്തലും സംയോജിപ്പിച്ച് ജില്ലയിൽ നടപ്പിലാക്കാവുന്നതാണ്.

സ്ത്രീ സൗഹൃദ ജില്ല – ജില്ലയെ സ്ത്രീ സൗഹൃദമാക്കുന്നതിന്റെ മുന്നോടിയായി രാത്രി കാലങ്ങളിൽ ജില്ലയിൽ എത്തുന്ന വനിതകൾക്ക് താമസ സൗകര്യം, സ്ത്രീകൾക്ക് മാത്രമായി സുരക്ഷിതമായ യാത്രാ സൗകര്യങ്ങൾ, തൊഴിൽ സാധ്യത ലക്ഷ്യമിട്ട് ഷീ ടാക്സി സംവിധാനം എന്നിവ വിവിധ വകുപ്പുകളുമായി യോജിച്ച് നടപ്പാക്കാം.

അനുബന്ധം

അനുബന്ധം:1

ജില്ലയിലെ ജനസംഖ്യാ താരതമ്യം (ആൺ-പെൺ) 1901 മുതൽ 2011 വരെ

വർഷം	ജനസംഖ്യ	ആൺ	പെൺ
1901	5,29,623	2,57,078	2,72,545
1911	5,65,261	2,71,947	2,93,314
1921	5,78,680	2,72,795	3,05,885
1931	6,62,715	3,14,678	3,48,037
1941	7,43,322	3,52,213	3,91,109
1951	9,04,470	4,36,154	4,68,316
1961	11,77,948	5,75,192	6,02,756
1971	15,52,809	7,63,868	7,88,941
1981	19,30,726	9,46,553	9,84,173
1991	22,51,727	10,98,838	11,52,889
2001	24,08,956	11,52,817	12,56,139
2011	25,23,003	11,81,446	13,41,557

അനുബന്ധം:2

1901 മുതലുള്ള ജില്ലയിലെ നഗര-ഗ്രാമ ജനസംഖ്യാ പട്ടിക

വർഷം	ഗ്രാമം	നഗരം
1901	4,73,929	55,694
1911	5,07,046	58,215
1921	5,23,399	55,281
1931	5,98,130	64,585
1941	6,72,353	70,969
1951	8,21,999	82,471
1961	9,66,755	2,11,193
1971	13,41,834	2,10,975
1981	13,18,067	6,12,659
1991	11,06,251	11,45,476
2001	11,96,058	12,12,898
2011	8,82,017	16,40,986

അനുബന്ധം 3

ജനസംഖ്യ: ഗ്രാമം/നഗരം (സംസ്ഥാനത്തിനാനുപാതികമായി)

വർഷം	ജനസംഖ്യ 1000 എണ്ണത്തിന് ആനുപാതികമായി			
	ഗ്രാമം		നഗരം	
	കണ്ണൂർ	കേരളം	കണ്ണൂർ	കേരളം
1901	929	929	71	71
1911	921	926	79	74
1921	928	913	72	87
1931	926	904	74	96
1941	927	891	73	101
1951	909	865	91	135
1961	831	849	169	151
1971	863	838	137	162
1981	766	813	234	187
1991	490	736	510	264
2001	495	740	505	260
2011	350	523	650	477

അനുബന്ധം 4

കണ്ണൂർ ജില്ലയിലെ ജനസംഖ്യ എസ്റ്റിമേറ്റ് ചെയ്തത് (2017 മുതൽ 2021 വരെ)

ബ്ലോക്ക്	പഞ്ചായത്തിന്റെ പേര്	വിസ്തൃതി ചതുരശ്ര കി.മീ.	ജനസംഖ്യ 2011	Mid 2017	Mid 2018	Mid 2019	Mid 2020	Mid 2021
കൂത്തുപറമ്പ്	തൃപ്പങ്ങോട്ടൂർ	32.39	29,911	31,349	31,582	31,817	32,054	32,292
	കോട്ടയം മലബാർ	8.43	19,176	20,328	20,516	20,706	20,898	21,091
	പാട്യം	27.88	30,502	31,486	31,644	31,803	31,963	32,124
	കുന്നോത്തുപറമ്പ്	29.77	39,392	41,257	41,559	41,864	42,171	42,480
	ചിറ്റാരിപ്പറമ്പ്	33.81	23,878	24,925	25,094	25,265	25,437	25,610
	മാങ്ങാട്ടിടം	33.31	34,652	37,207	37,627	38,052	38,482	38,917
	ആകെ	**165.59**	**1,77,511**	**1,86,552**	**1,88,022**	**1,89,507**	**1,91,005**	**1,92,514**
പേരാവൂർ	കൊട്ടിയൂർ	155.87	16,768	16,133	16,035	15,938	15,841	15,745
	കേളകം	77.92	16,506	16,092	16,028	15,964	15,900	15,837
	കണിച്ചാർ	51.96	15,570	15,475	15,460	15,445	15,430	15,415
	പേരാവൂർ	34.1	23,558	23,960	24,024	24,088	24,152	24,217
	മുഴക്കുന്ന്	31.04	21,807	22,248	22,318	22,389	22,460	22,531
	മാലൂർ	41.38	22,314	23,007	23,119	23,231	23,344	23,457
	കോളയാട്	33.15	19,790	20,445	20551	20657	20764	20871
	ആകെ	**425.42**	**1,36,313**	**1,37,360**	**1,37,535**	**1,37,712**	**1,37,891**	**1,38,073**

ഇരിട്ടി	ആറളം	77.93	29,328	31,267	31,585	31,906	32,230	32,557
	അയ്യൻകുന്ന്	122.8	22,436	21,892	21,807	21,723	21,639	21,555
	പായം	31.21	28,196	28,617	28,684	28,751	28,818	28,886
	തില്ലങ്കേരി	25.06	14,583	15,203	15,303	15,404	15,506	15,608
	കീഴല്ലൂർ	29.02	20,440	21,311	21,452	21,594	21,737	21,881
	കൂടാളി	40.27	30,239	31,400	31,587	31,775	31,965	32,156
	ആകെ	**326.29**	**1,45,222**	**1,49,690**	**1,50,418**	**1,51,153**	**1,51,895**	**1,52,643**
പാന്തൂർ	കതിരൂർ	12.3	31,087	32,485	32,711	32,939	33,168	33,399
	മൊകേരി	10.53	19,684	20,242	20,332	20,422	20,512	20,603
	ചൊക്ലി	11.98	28,415	29,895	30,136	30,378	30,622	30,868
	പന്ന്യന്നൂർ	10.02	22,308	23,279	23,436	23,594	23,753	23,913
	ആകെ	**44.83**	**1,01,494**	**1,05,901**	**1,06,615**	**1,07,333**	**1,08,055**	**1,08,783**
തലശ്ശേരി	എരഞ്ഞോളി	10.08	25,818	26,608	26,735	26,863	26,991	27,120
	പിണറായി	20.04	33,706	35,338	35,603	35,870	36,139	36,410
	ന്യൂമാഹി	5.08	16,303	16,002	15,955	15,908	15,861	15,814
	ധർമടം	10.66	30,804	31,885	32,059	32,234	32,410	32,587
	വേങ്ങാട്	28.09	38,606	40,491	40,797	41,105	41,416	41,729
	അഞ്ചരക്കണ്ടി	15.47	23,030	23,782	23,903	24,025	24,147	24,270
	മുഴപ്പിലങ്ങാട്	7.19	23,709	24,895	25,088	25,282	25,478	25,675
	ആകെ	**96.61**	**191,976**	**1,99,001**	**2,00,140**	**2,01,287**	**2,02,442**	**2,03,605**
കണ്ണൂർ	അഴീക്കോട്	16.05	47,323	48,204	48,345	48,486	48,628	48,770

	ചിറക്കൽ	13.56	45,601	47,126	47,371	47,618	47,866	48,115
	പാപ്പിനിശ്ശേരി	15.24	35,134	36,371	36,570	36,770	36,971	37,173
	വളപട്ടണം	2.04	7,955	7,712	7,674	7,636	7,599	7,562
	ആകെ	**46.89**	**1,36,013**	**1,39,413**	**1,39,960**	**1,40,510**	**1,41,064**	**1,41,620**
കല്യാശ്ശേരി	ചെറുതാഴം	32.18	29,348	31,510	31,866	32,226	32,590	32,958
	ഏഴോം	18.95	19,261	19,781	19,864	19,948	20,032	20,116
	മാടായി	16.71	35,888	36,481	36,576	36,671	36,766	36,861
	ചെറുകുന്ന്	15.37	16,111	16,187	16,199	16,211	16,223	16,235
	കണ്ണപുരം	14.39	18,459	18,421	18,415	18,409	18,403	18,397
	മാട്ടൽ	12.82	27,806	28,948	29,133	29,319	29,506	29,694
	കല്യാശ്ശേരി	15.73	31,122	33,219	33,563	33,910	34,261	34,616
	നാറാത്ത്	17.24	26,769	27,816	27,985	28,155	28,326	28,498
	ആകെ	**143.39**	**2,04,764**	**2,12,363**	**2,13,601**	**2,14,849**	**2,16,107**	**2,17,375**
എടക്കാട്	ചെമ്പിലോട്	20.99	34,319	36,450	36,798	37,150	37,505	37,863
	മുണ്ടേരി	20.42	37,029	39,496	39,901	40,310	40,723	41,140
	കടമ്പൂർ	7.95	18,979	20,032	20,203	20,376	20,550	20,726
	പെരളശ്ശേരി	19.4	29,107	29,993	30,135	30,278	30,422	30,566
	കൊളച്ചേരി	20.72	27,943	29,284	29,501	29,720	29,941	30,163

	ആകെ	**89.48**	**1,47,377**	**1,55,255**	**1,56,538**	**1,57,834**	**1,59,141**	**1,60,458**
തളിപ്പറമ്പ്	കടന്നപ്പള്ളി- പാണപ്പുഴ	53.75	21,785	22,187	22,251	22,315	22,380	22,,445
	പട്ടുവം	16.85	15,659	16,082	16,150	16,218	16,286	16,355
	കുറുമാത്തൂർ	50.79	31,023	34,502	35,086	35,680	36,284	36,898
	ചെങ്ങളായി	67.33	30,559	31,739	31,929	32,121	32,314	32,508
	നടുവിൽ	87.97	31,190	31,095	31,080	31,065	31,050	31,035
	ആലക്കോട്	77.7	34,878	34,070	33,944	33,819	33,694	33,570
	ഉദയഗിരി	51.8	18,804	17,894	17,754	17,616	17,479	17,343
	ചപ്പാരപ്പടവ്	69.99	31,622	32,900	33,106	33,314	33,523	33,733
	പരിയാരം	54.77	32,878	35,889	36,389	36,896	37,410	37,931
	ആകെ	**530.95**	**2,48,398**	**2,56,358**	**2,57,689**	**2,59,044**	**2,60,420**	**2,61,818**
പയ്യന്നൂർ	കുഞ്ഞിമംഗലം	15.44	18,965	19,601	19,703	19,806	19,910	20,014
	കരിവെള്ളൂർ- പെരളം	22.23	21,105	22,017	22,164	22,312	22,461	22,611
	രാമന്തളി	29.92	25,711	28,421	28,874	29,335	29,803	30,278
	എരമം-കുറ്റൂർ	75.14	27,830	28,328	28,407	28,487	28,567	28,647
	പെരിങ്ങോം- വയക്കര	76.98	29,374	33,138	33,775	34,424	35,086	35,760
	ചെറുപുഴ	75.64	30,733	30,019	29,908	29,797	29,687	29,577
	കാങ്കോൽ- ആലപ്പടമ്പ്	42.07	19,325	20,517	20,712	20,909	21,108	21,309
	ആകെ	**337.42**	**1,73,043**	**1,82,041**	**1,83,543**	**1,85,070**	**1,86,622**	**1,88,196**
ഇരിക്കൂർ	കുറ്റ്യാട്ടൂർ	35.1	25,925	26,833	26,979	27,126	27,274	27,423

	മയ്യിൽ	33.08	29,649	31,028	31,251	31,476	31,703	31,931
	ഇരിക്കൂർ	11.22	13,820	14,721	14,868	15,017	15,167	15,319
	മലപ്പട്ടം	19.3	9,628	9,609	9,606	9,603	9,600	9,597
	പടിയൂർ കല്യാട്	55.4	21,524	22,160	22,262	22,365	22,468	22,572
	ഉളിക്കൽ	73.37	35,429	36,158	36,274	36,391	36,508	36,626
	പയ്യാവൂർ	67.34	22,998	22,846	22,822	22,798	22,774	22,750
	എരുവശ്ശി	49.09	19,216	19,235	19,238	19,241	19,244	19,247
	ആകെ	**343.9**	**1,78,189**	**1,82,590**	**1,83,300**	**1,84,017**	**1,84,738**	**1,85,465**
മുൻസിപ്പാലിറ്റികൾ	കൂത്തുപറമ്പ് മുൻ.	16.76	29,619	29,676	29,685	29,694	29,703	29,712
	തലശ്ശേരി മുൻ.	23.96	92,558	88,484	87,857	87,235	86,617	86,004
	മട്ടന്നൂർ മുൻ.	54.32	47,078	48,916	49,213	49,512	49,812	50,114
	പാനൂർ	29.00	57,730	60,253	60,662	61,072	61,485	61,901
	ഇരിട്ടി	46.79	40,369	42,391	42,719	43,050	43,384	43,720
	പയ്യന്നൂർ മുൻ.	54.63	72,111	74,327	74,683	75,041	75,401	75,762
	തളിപ്പറമ്പ് മുൻ.	14.64	43,634	45,632	45,956	46,282	46,610	46,941
	ആന്തൂർ	28.44	28,831	30,151	30,365	30,581	30,798	31,016
	ശ്രീകണ്ഠാപുരം.	69.00	33,489	33,679	33,709	33,739	33,769	33,799
മുൻ. കോർപറേഷൻ	കണ്ണൂർ	78.10	2,32,486	2,37,350	2,38,192	2,39,053	2,39,934	2,40,836
കന്റോൺമെന്റ്	കണ്ണൂർ	1.79	4,798	4,855	4,864	4,873	4,882	4,891

അനുബന്ധം 5

ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള കാർഷികവിഭവങ്ങളുടെ സ്ഥലവിവര കണക്കുകളുടെ പട്ടിക

ക്രമ നമ്പർ		ആകെ വിസ്തൃതി	കൃഷിയോഗ്യമായ തരിശ്	മറ്റ് കാർഷികേതര ഉപയോഗം	സ്ഥിരമായ കൃഷിക്കുപയുക്തമല്ലാത്ത തരിശ്	താൽക്കാലിക കൃഷിക്കുപയുക്തമല്ലാത്ത തരിശ്	നിലവിലുള്ള തോട്ടം പ്രദേശം	നെല്ല്			തെങ്ങ്	കമുക്	റബ്ബർ	കശുമാവ്	കുരുമുളക്
								വിരിപ്പ്	മുണ്ടകൻ	പുഞ്ച					
1	കണ്ണൂർ ജില്ല	671241	61682.43	26576.02	3079.33	13419.15	6917.68	1675.83	6244.1	4876.64	35.1	181881.7	19345.19	195801.59	4370.35	43847.34
	ബ്ലോക്കുകൾ															
1	**കല്ല്യാശ്ശേരി ബ്ലോക്ക്**															
	ചെറുതാഴം	7951.31	793.82	495.74	34.19	880.16	356.4	0	152.85	556.79	0	1937.78	170.67	218.88	58.67	481.07
	മാടായി	4128.03	605.85	340.53	300.45	605.59	109.56	0	74.28	3	0	1443.87	92.95	20	12.38	56.56
	ഏഴോം	4671.17	545.4	205.58	9.02	600.79	280.35	0	334.92	59.12	0	932.68	60.47	80.95	19.7	163.68
	നാറാത്ത്	4257.74	483.99	167.55	0.08	285	22.11	161.48	110.4	27.29	0	1552	59	6	19	93
	കല്യാശ്ശേരി	3889.4	618.96	206.31	0	172	87.79	0	148.44	29.11	0	1655.04	104	0	18.5	97
	ചെറുകുന്ന്	3788.79	448.78	248.61	0	247.6	98.44	708.95	234.36	0	0	846.69	22.57	0	11.78	23.03
	മാട്ടൂൽ	3173.88	442.69	153.06	0	189.79	70.03	0	41.32	0	0	1133.03	31.97	0	7.43	27.85
	കണ്ണപുരം	3544.37	408.42	176.98	0.2	238.37	95.69	1	253.61	27.49	0	1746.14	43.98	0	15.35	37.89
	കല്യാശ്ശേരി ബ്ലോക്ക്		4347.91	1994.36	343.94	3219.3	1120.37	871.43	1350.18	702.8	0	11247.23	585.61	325.83	162.81	980.08
2	**കണ്ണൂർ ബ്ലോക്ക്**															
	വളപട്ടണം	502.75	235.34	33.25	0	32.57	3.71	0	0	0	0	60.33	0.3	0	0.21	0.36
	പാപ്പിനിശ്ശേരി	3772.34	1059.76	92.5	3.67	316.52	54	0	96.55	21.2	0	1121.62	10.66	1.81	6.87	8.74
	അഴീക്കോട്	3939.39	853.19	208.35	0.21	198.79	70.75	0	77	1.65	0	1527.08	52.61	0	14.37	51.04
	ചിറക്കൽ	3331.7	784.05	252.77	0	343.97	85.07	0	7.8	0.84	0	874.09	41.87	0	17.08	38.13
	ബ്ലോക്ക് -കണ്ണൂർ	0	2932.34	586.87	3.88	891.85	213.53	0	181.35	23.69	0	3583.12	105.43	0	38.53	98.27

3	**എടക്കാട് ബ്ലോക്ക്**															
	കടമ്പൂർ	2383.08	468.69	84.84	1.39	88.16	11.93	0	1.86	1.8	0	1178.2	42.6	0	21.45	119.64
	ചെമ്പിലോട്	5205.4	981.63	321.1	0.4	40.44	25.25	0	0.5	15.4	0	2408.6	86.67	3.01	53.65	192.75
	മുണ്ടേരി	5047.73	920.5	287.42	0	294.02	16.59	0	63.26	163	0	2200.94	73.52	7.3	40.63	176.14
	പെരളശ്ശേരി	4786.31	922.88	142.35	7.17	138.72	78.18	0	42.4	62.55	0	2185.59	80.6	0	21.75	208.25
	കൊളച്ചേരി	5120.4	521.44	254.16	0	6.7	399.36	0	153	62	0.2	1738.23	164.16	3.04	12.33	498.72
	ബ്ലോക്ക് -എടക്കാട്	0	3815.14	1089.87	8.96	568.04	531.31	0	261.02	304.75	0.2	9711.56	447.55	13.35	149.81	1195.5
4	**തളിപ്പറമ്പ് ബ്ലോക്ക്**															
	കടന്നപ്പള്ളി-പാണപ്പുഴ	13257.72	1068.07	625.68	110.13	545.14	80.37	0	104.51	170.1	0	2150.54	980.98	3021.15	348.15	1606.19
	പട്ടുവം	4153.71	369.63	151.98	65.19	719.71	46.78	0	365.4	35	0	882.46	66.75	39.13	18.36	203
	കുറുമാത്തൂർ	12506.8	341.06	87.97	43.52	104.27	47.79	0	220	80	0	1133.3	1167.58	7054.96	3.03	710.15
	ചെങ്ങളായി	16653.85	1472.23	868.6	187.42	228.73	89.93	0	96.1	96	0	2615.78	295.94	8103.26	51.39	1009.67
	നടുവിൽ	18749.2	647.82	417.1	78.24	28.7	29.45	0	5	0	0	5373.22	972.62	8582.34	85.7	698.06
	ആലക്കോട്	19665.5	1066.02	489.43	25.1	14.43	61.86	0	0.5	0	0	5996.49	992.29	8610.5	62.39	265.61
	ഉദയഗിരി	14047.1	464.95	191.65	26.09	14.43	36.04	0	2.5	0	0	3255.11	600	7462.54	60	70
	ചപ്പാരപ്പടവ്	16047.56	387.98	182.14	138.07	178.63	182.92	0	24	2.97	0	2924.32	1446.06	8014.25	43.29	900.42
	പരിയാരം	13524.48	763.68	278.65	76.61	190.18	115.94	0	500	128	0	1572.66	322.66	5744.86	17.58	1010.52
	ബ്ലോക്ക് -തളിപ്പറമ്പ്	0	6581.44	3293.2	750.37	2024.22	691.08	0	1318.01	512.07	0	25903.88	6844.88	56632.99	689.89	6473.62
5	**പയ്യന്നൂർ ബ്ലോക്ക്**															
	കുഞ്ഞിമംഗലം	3791.04	566.56	168.95	9.21	267.33	117.24	67.1	192.3	17.3	0	1268.95	22.39	1.25	12.19	105.41
	കരിവെള്ളൂർ പെരളം	5523	416.23	143.71	1.94	17.5	520.94	0	248	390	0	2304.1	430.67	141.54	42.42	128.7
	രാമന്തളി	4936.92	385.74	83.67	7.65	18.97	96.35	6.73	115.5	28	0	2393.3	282.39	107.41	15.18	402.32
	എരമം കുറ്റൂർ	17995	944.43	781.32	446.82	498.32	177.74	0.25	35.66	160	1.3	2890.1	892.23	7167.8	120.95	1821.7
	പെരിങ്ങോം	18569.4	1579.9	1390	961.87	977.09	373.98	0	0.9	39.71	0	3308.2	710.31	6171.5	97.04	1261.2
	ചെറുപുഴ	18777.1	830.02	477.31	60.2	142.42	96.58	0	2	0	0	4165.7	1446.2	8888.8	25.59	520.25
	കാങ്കോൽ-ആലപ്പടമ്പ്	10385.6	653.33	517.8	95.8	96.78	646.49	0	190.3	271	0	2311.1	307.56	3703.3	12.22	320.41
	ബ്ലോക്ക് -പയ്യന്നൂർ	0	5376.2	3562.7	1583.5	2018.4	2029.3	74.08	784.66	906.01	1.3	18641	4091.7	26182	325.59	4560

6	**ഇരിക്കൂർ ബ്ലോക്ക്**															
	കുറ്റ്യാട്ടൂർ	8628.61	483.84	398.21	4.87	88.68	275.49	0	151	200	6	3126.53	108.23	1342.8	49.01	1247.33
	മയ്യിൽ	8176.56	733.57	630.34	0	529.75	156.55	0	310	300	0	2292.13	164.97	648.21	32.68	722.19
	ഇരിക്കൂർ	2788.94	200.63	77.15	0.15	23.46	43.52	0	4	5	0	694.66	22.58	509.57	2.25	410.47
	മലപ്പട്ടം	4788.11	259.44	129.45	1.05	33.16	69.6	0	17	100	0	977.16	59.24	1554.1	6.47	449.89
	പടിയൂർ	13616.3	475.21	216.2	2.43	103	24.04	0	15	50	0	4142.02	220.6	5137.85	62.05	933.99
	ഉളിക്കൽ	17630.9	762.96	259.85	19.26	13.74	19.43	0	16	58.09	0	2907.08	199.89	8118.51	68.16	2626.02
	പയ്യാവൂർ	14953.5	290.37	107.34	25.8	40.11	49.59	0	1	1.55	0	1440.43	360.79	10602.89	20.88	854.86
	എരുവശ്ശി	11838.2	647.63	247.24	24.99	138.42	6.66	0	0.65	4.37	0	1186.34	251.01	7837.79	16.82	243.92
	ബ്ലോക്ക്- ഇരിക്കൂർ	0	3853.65	2065.78	78.55	970.32	644.88	0	514.65	719.01	6	16766.35	1387.31	35751.72	258.32	7488.67
7	**തലശ്ശേരി ബ്ലോക്ക്**															
	അഞ്ചരക്കണ്ടി	3819.9	538.74	339.38	25.11	144.83	34.31	0	40.2	9.63	0	1997.21	25.27	3.92	22.45	189.97
	മുഴപ്പിലങ്ങാട്	1777.6	312.45	153.26	7.69	51.74	10.25	3.4	23.63	0	0	936.76	0.24	0	3.31	29.5
	എരഞ്ഞോളി	2487	475	117	1	10	2	123.89	3	1	0	1164	77	0	31	24
	ന്യൂ മാഹി	1114.9	288	112	0	3	1	0.87	0	0	0	523	27	0	8	7
	പിണറായി	4961.93	826	305	1	13	12	25.36	61	12	0	2451	140	0	62	32
	ധർമടം	2638.73	461	203	1	25	10	20.58	30	2	0	1223	63	0	15	12
	വേങ്ങാട്	6917.2	1003	320	2	15	10	0	53	40	0	3882	146	14	87	265
	ബ്ലോക്ക് -തലശ്ശേരി	0	3904.19	1549.64	37.8	262.57	79.56	174.1	210.83	64.63	0	12176.97	478.51	19.66	228.75	559.46
8	**പേരാവൂർ**															
	കൊട്ടിയൂർ	8406.69	340	227	5	0	0	0	0	0	0	1415	90	4721	105	576
	കേളകം	9563.67	459	307	3	0	20	0	2	2	0	1360	106	5494	99	911
	കണിച്ചാർ	8974.74	437	284	4	8	8	0	0	24	1	1349	134	5219	64	618
	പേരാവൂർ	8381.47	528	197	5	5	12	0	12	44	4	1351	140	4163	85	755
	മുഴക്കുന്ന്	7704.94	312	247	10	45	20	0	10	40	5	1262	146	3520	72	574
	മാലൂർ	9443.01	414	292	7	20	3	0	52	47	2	1822	164	4704	58	768
	കോളയാട്	8216.93	407	216	3	11	3	0	4	15	0.5	1788	168	3640	128	971

	ബ്ലോക്ക് - പേരാവൂർ	0	2897	1770	37	89	66	0	80	172	12.5	10347	948	31461	611	5173
9	**ഇരിട്ടി**															
	ആറളം	20706.8	1192	274	4	170	25	0	24	75	0	4606	198	9311	112	2683
	അയ്യൻകുന്ന്	15324.8	686	204	32	110	25	0	0	0	0	2312	98	9200	105	1282
	പായം	12303.65	694	386	6	115	13	0	38	24	3	2299	167	6915	86	318
	തില്ലങ്കേരി	6223.73	309	229	5	60	20	0	45	90	2	1185	82	2677	101	679
	കീഴല്ലൂർ	6002.96	567	532	12	235	30	0	35	26	0	2014	72	545	33	1071
	കൂടാളി	9966.19	800	528	14	40	26	0	104	106	0	3517	141	1616	49	2012
	ഇരിട്ടി	0	4248	2153	73	730	139	0	246	321	5	15933	758	30264	486	8045
10	**പാനൂർ**															
	കതിരൂർ	3037.5	521	160	0	18	20	0	20	3	0	1340	93	0	39	33
	മൊകേരി	2604.61	382	109	2	11	6	0	20	0	0	1218	71	0	38	38
	ചൊക്ലി	2960.36	442	140	0	21	2	38.19	10	1	0	1494	104	0	53	36
	പന്ന്യന്നൂർ	2482.41	343	100	0	13	2	0	0.5	10	0	1370	90	0	35	22
	പാനൂർ	0	1688	509	2	63	30	38.19	50	14	0	5422	358	0	165	129
11	**കുത്തുപറമ്പ്**															
	തൃപ്പങ്ങോട്ടൂർ	8203.41	1112	297	5	57	95	0	18	0	0	4430	172	80	77	425
	കോട്ടയം	2084.93	309	149	1	6	5	0	2.5	0.4	0	1050	58	0	30	30
	പാട്യം	7313.92	897	259	4	13	2	0	8	0	0	3421	181	79	107	765
	കുന്നോത്തുപറമ്പ്	7386.68	1111	379	8	17	3	0	36	4	0	3691	231	28	93	369
	ചിറ്റാരിപ്പറമ്പ്	8559.73	861	296	3	22	3	0	12	10	0	2857	392	923	157	939
	മാങ്ങാട്ടിടം	8259.21	933	308	2	19	3	0	30	25	1	4125	189	90	104	823
	ബ്ലോക്ക് - കുത്തുപറമ്പ്	0	5223	1688	23	134	111	0	106.5	39.4	1	19574	1223	1200	568	3383
	മുൻസിപ്പാലിറ്റികൾ															
1	തളിപ്പറമ്പ്	4504.77	1529.87	233.75	15.14	409.14	85.99	18	75	98	0	509.67	75.92	23.92	7.65	194.67
2	പയ്യന്നൂർ	13544.38	2547.56	1050.59	75.11	1013.58	555.27	0	518	321	0	4402.48	276.31	455.45	22.81	151.58
3	ആന്തൂർ	6135.44	103.43	462.01	0	194.4	142.1	23	320.2	198	0	1819.49	175.37	90	61.91	397.48

4	ശ്രീകണ്ഠാപുരം	16732.22	845.63	585.37	12.09	53.1	148.81	0	0	170	8.6	3216.66	511.82	7607.29	50.32	1115.06
5	ഇരിട്ടി	11556.53	1218	554	5	27	12	390.58	50	95	0.5	3529	148	2757	126	1109
6	കുഞ്ഞുപറമ്പ്	4160.07	839	183	4	20	0	0	24	12	0	2049	133	8	49	295
7	മട്ടന്നൂർ	13368.75	1059	1027	23	46	2	0	78	84	0	3904	223	3006	95	1907
8	പാനൂർ	7162.77	1191	321	2	12	4	0	6.5	25	0	4412	189	2	33	26
9	തലശ്ശേരി	6014.44	1713	469	1	25	15	80.35	1	1	0	2655	144	0	99	12
	മുൻസിപ്പാലിറ്റികൾ ആകെ		11046.49	4885.72	137.34	1800.22	965.17	80.35	1072.7	1004	9.1	26497.3	1876.42	13949.66	544.69	5207.79
കോർപറേഷൻ																
1	കണ്ണൂർ കോർപറേഷൻ	19732.88	5769.1	1427.86	0	648.22	296.46	6.1	67.7	93.28	0	6077.81	240.76	0.05	141.95	553.98

അനുബന്ധം : 6

കഴിഞ്ഞ പത്ത് വർഷത്തെ മാസം തിരിച്ചുള്ള കൂടിയ താപനില

വർഷം	ജനുവരി	ഫെബ്രുവരി	മാർച്ച്	ഏപ്രിൽ	മെയ്	ജൂൺ	ജൂലായ്	ആഗസ്റ്റ്	സെപ്റ്റംബർ	ഒക്ടോബർ	നവംബർ	ഡിസംബർ
2006	35.2	36.41	37.94	36	34.8	30	29.5	30.2	32.19	32.5	32.91	34.2
2007	34.44	35.53	36.10	36.8	35.45	30.68	28.36	28.9	29.5	31.2	33.34	34.4
2008	33.86	34.68	34.78	34.4	33.5	30.15	29.75	29.3	30.5	32.2	34.3	34.5
2009	34.7	35.82	36.4	35.45	34.17	31.2	28.26	30	30	33	32.8	33.19
2010	33.25	34.71	36.58	36.3	33.7	30.4	27.2	28	29.7	30.3	30.67	31.2
2011	34.16	35.56	36.54	35.47	34.86	28.56	27.76	29.09	29.57	29.57	33.19	34.40
2012	33.89	36.02	35.72	36.02	35.11	29.43	29.05	28.74	30.44	32.8	32.45	34.89
2013	34.27	35.5	36.52	37.04	35.6	29.1	28.3	29.5	31.01	31.74	34.17	34.42
2014	35.13	35.34	37.57	37.47	34.98	31.52	29.38	39.42	30.74	32.66	33.93	33.74
2015	33.88	36.41	36.78	36.42	33.80	30.36	29.86	31.5	32.96	33.28	33.75	36.02
2016	37.34	37.78	38.93	39.53	36.94	30.52	32.73	32.91	33.59	35.08	35.45	37.52

കഴിഞ്ഞ പത്തുവർഷത്തെ കുറഞ്ഞ താപനില

വർഷം	ജനുവരി	ഫെബ്രുവരി	മാർച്ച്	ഏപ്രിൽ	മെയ്	ജൂൺ	ജൂലായ്	ആഗസ്റ്റ്	സെപ്റ്റംബർ	ഒക്ടോബർ	നവംബർ	ഡിസംബർ
2006	21.9	21.35	25.76	24.92	26.04	24.8	24.8	24.6	25.5	25.1	25.2	22.5
2007	22.38	22.17	25.6	26.8	26.4	25.78	26	24.9	25.42	24.6	22.83	22.88
2008	21.8	21.95	24.2	26.4	25.9	25.3	24.9	24.7	30.5	25	24.3	23.2
2009	22.46	24.13	26	27.21	26.7	25.5	24.78	26.49	25.6	25	25.29	21.9
2010	23.29	24.5	23.29	25.5	27.2	25.9	25	25.29	25.5	25.3	24.6	23.2
2011	22.19	21.8	24.67	25.48	26.30	25.07	24.89	25.21	24.96	24.96	24.36	22.65
2012	22.38	23.23	25.14	26.18	27.55	25.57	25.76	25.27	25.1	25.47	23.8	23.74
2013	23.15	24.35	25.59	26.55	27.2	24.6	24.4	24.9	25.08	24.87	24.82	22.21
2014	22.68	23.27	24.72	27.2	25.4	25.72	24.87	24.74	24.47	25.66	24.22	23.9
2015	22.17	22.92	25.77	26.57	26.24	25.51	25.08	24.97	25.06	25.34	24.56	23.94
2016	23.02	24.26	26.43	28.03	26.3	25.09	25.13	24.94	24.29	24.01	24.25	21.66

(അവലംബം-കുരുമുളക് ഗവേഷണ കേന്ദ്രം, പന്നിയൂർ, **WEATHER DATA FROM 2006-2017**)

അനുബന്ധം:7

കഴിഞ്ഞ 10 വർഷത്തെ മഴ ലഭ്യതയുടെ മാസം തിരിച്ചുള്ള കണക്ക്

വർഷം	ജനുവരി	ഫെബ്രുവരി	മാർച്ച്	ഏപ്രിൽ	മെയ്	ജൂൺ	ജൂലായ്	ആഗസ്റ്റ്	സെപ്തംബർ	ഒക്ടോബർ	നവംബർ	ഡിസംബർ	ആകെ
2006	3	–	–	–	777.6	878.6	921.2	700.6	586.2	326.8	79.2	–	4273.2
2007	–	–	–	43	137.6	1048.9	1342.8	846	812.4	296.1	103.8	–	4630.6
2008	–	–	329.8	71.4	130.5	769.9	607.8	478.5	433.9	443.9	3.4	7.4	3276.5
2009	–	–	10.2	117.9	234.2	509.8	1610.8	314.3	302.6	122.2	386.8	88.8	3697.6
2010	21.4	–	–	72.6	172.8	957.4	1188.2	591.2	357.3	299.7	328.6	0.5	3989.7
2011	17	–	–	174.2	41.5	1144.4	1007.9	753.1	555.1	222.3	113.8	3.4	4032.7
2012	–	1	11.2	48.2	68	688.1	584.6	911.8	360.1	182.9	107	2.2	2965.1
2013	–	27	46.1	3.4	162.7	1457	1332	496.3	277.6	281.5	93.8	11.6	4189
2014	–	0.6	–	7.8	180.1	646	1158.2	1096.5	334.35	290.2	133.8	70.5	3918.05
2015	23.8	–	17.6	94	205.7	749.3	830.4	493.7	412	477.1	158	45	3506.6
2016	–	–	–	1	176.4	768.6	859.7	560.5	172	109.6	45.5	17.6	2710.9

(അവലംബം–കുരുമുളക് ഗവേഷണ കേന്ദ്രം, പന്നിയൂർ)

മഴ ലഭിച്ച ദിനങ്ങളുടെ കണക്ക്

വർഷം	ജനുവരി	ഫെബ്രുവരി	മാർച്ച്	ഏപ്രിൽ	മെയ്	ജൂൺ	ജൂലായ്	ആഗസ്റ്റ്	സെപ്തംബർ	ഒക്ടോബർ	നവംബർ	ഡിസംബർ
2006	1	–	–	–	11	19	30	22	19	18	6	–

2007	–	–	–	3	7	24	31	23	27	19	3	–
2008	–	–	11	9	7	28	23	18	19	17	1	1
2009	–	–	3	11	12	21	31	23	18	7	11	4
2010	1	–	–	9	12	22	27	28	23	18	16	1
2011	1	–	–	7	5	28	31	29	21	16	9	1
2012	–	1	2	9	1	26	31	28	19	15	9	1
2013	–	4	3	2	7	30	30	28	22	18	5	2
2014	–	1	–	2	10	25	31	28	20	18	10	3
2015	1	–	8.8	7	13	26	26	22	17	17	14	4
2016	–	–	–	1	18	28	26	26	28	10	7	2

(അവലംബം–കൃഷിമുളക ഗവേഷണ കേന്ദ്രം, പന്നിയൂർ)

അനുബന്ധം:8

ജില്ലയിലെ പൊതു–സ്വകാര്യ കുളങ്ങളുടെ/പുഴകളുടെ എണ്ണം

ജില്ലയിലെ കുളങ്ങളുടെ/പുഴകളുടെ എണ്ണം				
ക്രമ നമ്പർ	തദ്ദേശ ഭരണ സ്ഥാപനം	കുളങ്ങളുടെ എണ്ണം		
		സ്വകാര്യ	പൊതു	ആകെ
1	ആലക്കോട്	29	5	34
2	അഞ്ചരക്കണ്ടി	7	2	9
3	ആന്തൂർ	0	0	0
4	ആറളം	0	0	0
5	അഴീക്കൽ	15	6	21
6	അഴീക്കോട്	20	4	24
7	ചപ്പാരപ്പടവ്	4		4
8	ചെമ്പിലോട്	0	0	0
9	ചെങ്ങളായി	9	2	11
10	ചെറുകുന്ന്	46	2	48
11	ചെറുകുന്ന്	4		4
12	ചെറുതാഴം	1		1
13	ചിറക്കൽ	26		26
14	ചിറ്റാരിപ്പറമ്പ്	11		11
15	ചൊക്ലി	8		8
16	ധർമടം	4	4	8
17	എരമം–കുറ്റൂർ	8	2	10
18	എരഞ്ഞോളി	19	5	24
19	എരുവേശി	25	8	33
20	ഏഴോം	1		1
21	ഇരിക്കൂർ	6	5	11
22	ഇരിട്ടി (M)	19	2	21
23	കടമ്പൂർ	1		1
24	കടന്നപ്പള്ളി –പാണപ്പുഴ	1		1

25	കല്ല്യാശ്ശേരി	29	4	33
26	കണിച്ചാർ	11		11
27	കാങ്കോൽ-ആലപ്പടമ്പ്	53	12	65
28	കണ്ണപുരം	32	6	38
29	കണ്ണൂർ മുൻസിപ്പാലിറ്റി	83	8	91
30	കരിവെള്ളൂർ-പെരളം	20	6	26
31	കതിരൂർ	17		17
32	കീഴല്ലൂർ	5		5
33	കേളകം	5	2	7
34	കൊളച്ചേരി	20	1	21
35	കോളയാട്	7	1	8
36	കൂടാളി	5	6	11
37	കോട്ടയം	8	1	9
38	കൊട്ടിയൂർ	0		
39	കുഞ്ഞിമംഗലം	0		
40	കുന്നോത്തുപറമ്പ്	7	1	8
41	കുറുമാത്തൂർ	21	3	24
42	കൂത്തുപറമ്പ്	16	1	17
43	കുറ്റ്യാട്ടൂർ	2	1	3
44	മാടായി	5		5
45	മലപ്പട്ടം	5	7	12
46	മാലൂർ	21		21
47	മാങ്ങാട്ടിടം	10	2	12
48	മട്ടന്നൂർ മുൻസിപ്പാലിറ്റി	14	2	16
49	മാട്ടൂൽ	14	2	16
50	മയ്യിൽ	18		18
51	മൊകേരി	9		9
52	മുണ്ടേരി	0		
53	മുഴക്കുന്ന്	6	2	8
54	മുഴപ്പിലങ്ങാട്	7		7
55	നടുവിൽ	29	2	31
56	നാറാത്ത്	28	1	29
57	ന്യൂമാഹി	0		
58	പടിയൂർ-കല്യാട്	12	5	17
59	പന്ന്യന്നൂർ	15		15
60	പാനൂർ മുൻസിപ്പാലിറ്റി	29	1	30
61	പാപ്പിനിശ്ശേരി	15		15
62	പരിയാരം	10	1	11
63	പാട്യം	11		11
64	പട്ടുവം	0		
65	പായം	6	1	7
66	പയ്യന്നൂർ	19	2	21

67	പയ്യാവൂർ	15	3	18
68	പെരളശ്ശേരി	20	2	22
69	പേരാവൂർ	10		10
70	പെരിങ്ങോം-വയക്കര	30		30
71	പിണറായി	17		17
72	രാമന്തളി	0		
73	ശ്രീകണ്ഠാപുരം	14	7	21
74	തളിപ്പറമ്പ് മുൻസിപ്പാലിറ്റി	23	6	29
75	തലശ്ശേരി മുൻസിപ്പാലിറ്റി	17		17
76	തില്ലങ്കേരി	10	2	12
77	തൃപ്പങ്ങോട്ടൂർ	0		
78	ഉദയഗിരി	10		10
79	ഉളിക്കൽ	6	8	14
80	വളപട്ടണം	17	1	18
81	വേങ്ങാട്	13		13
	ആകെ	**1090**	**157**	**1247**

(അവലംബം-മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്)

അനുബന്ധം : 9

കണ്ണൂർ ജില്ലയിലെ ജനസംഖ്യ കണക്ക്

Name B/GP	No. HH	Total P	P M	P F	SC P	SC M	SC F	ST P	ST M	ST F	LIT P	LIT M	LIT F	ILL P	ILL M	ILL F	T W P	T W M	T W F	M W P	M W M	M W F
പയ്യന്നൂർ	**69157**	**307131**	**144121**	**163010**	**14328**	**6911**	**7417**	**2515**	**1195**	**1320**	**256423**	**122397**	**134026**	**50708**	**21724**	**28984**	**104196**	**75066**	**29130**	**87403**	**66012**	**21391**
രാമന്തളി	5082	25711	12526	13185	1208	577	631	52	24	28	20542	10066	10476	5169	2460	2709	8889	6913	1976	7290	5857	1433
കരിവെള്ളൂർ-പെരളം	5410	21105	9800	11305	921	445	476	23	11	12	18267	8704	9563	2838	1096	1742	8621	5429	3192	7232	4849	2383
കാങ്കോൽ-ആലപ്പടമ്പ്	4809	19325	9221	10104	1162	559	603	79	37	42	16434	8057	8377	2891	1164	1727	7762	5259	2503	6097	4394	1703
എരമം-കുറ്റൂർ	7011	27830	13158	14672	670	326	344	256	122	134	23183	11304	11879	4647	1854	2793	11147	7537	3610	9592	6792	2800
പെരിങ്ങോം-വയക്കര	6881	29374	14809	14565	1198	589	609	254	129	125	24475	12725	11750	4899	2084	2815	12143	9144	2999	10538	8314	2224
ചെറുപുഴ	7502	30733	15004	15729	790	374	416	1558	729	829	26368	12974	13394	4365	2030	2335	11551	8550	3001	9677	7531	2146
കടന്നപ്പള്ളി-പാണപ്പുഴ	5307	21785	10246	11539	585	273	312	75	37	38	18073	8799	9274	3712	1447	2265	8308	5690	2618	6266	4548	1718
മാട്ടൂൽ	4564	27806	12464	15342	833	396	437	66	34	32	22526	10080	12446	5280	2384	2896	5571	4556	1015	4934	4137	797
കുഞ്ഞിമംഗലം	4533	18965	8438	10527	1103	515	588	25	7	18	16045	7258	8787	2920	1180	1740	6169	4187	1982	5399	3883	1516
ചെറുതാഴം	7074	29348	13571	15777	1565	751	814	41	21	20	25012	11782	13230	4336	1789	2547	9944	7104	2840	8427	6275	2152
ഏഴോം	4297	19261	8716	10545	1729	845	884	33	15	18	16307	7463	8844	2954	1253	1701	5667	4100	1567	4536	3552	984
മാടായി	6687	35888	16168	19720	2564	1261	1303	53	29	24	29191	13185	16006	6697	2983	3714	8424	6597	1827	7415	5880	1535
തളിപ്പറമ്പ്	**79781**	**354208**	**166664**	**187544**	**18084**	**8763**	**9321**	**8014**	**3940**	**4074**	**296578**	**142257**	**154321**	**57630**	**24407**	**33223**	**118670**	**86710**	**31960**	**97787**	**76026**	**21761**
ചപ്പാരപ്പടവ്	7191	31622	15322	16300	1086	534	552	363	181	182	26170	13059	13111	5452	2263	3189	11647	8305	3342	9646	7271	2375
ആലക്കോട്	8548	34878	17179	17699	846	413	433	2021	988	1033	30016	14977	15039	4862	2202	2660	13466	9918	3548	11464	9023	2441
ഉദയഗിരി	4597	18804	9307	9497	196	95	101	1741	864	877	16336	8171	8165	2468	1136	1332	7062	5429	1633	5547	4662	885
നടുവിൽ	7524	31190	15280	15910	254	126	128	3147	1520	1627	26384	13089	13295	4806	2191	2615	11778	8600	3178	8857	6977	1880
കുറുമാത്തൂർ	6790	31023	14655	16368	923	473	450	50	28	22	25288	12254	13034	5735	2401	3334	10221	7484	2737	8844	6821	2023
പരിയാരം	7441	32878	15591	17287	1526	711	815	71	34	37	26804	13112	13692	6074	2479	3595	11736	8324	3412	10010	7588	2422
പട്ടുവം	3300	15659	7214	8445	1288	627	661	56	47	9	12606	6049	6557	3053	1165	1888	4934	3501	1433	3750	2854	896
ചെങ്ങളായി	6719	30559	14609	15950	1923	973	950	272	135	137	25112	12391	12721	5447	2218	3229	10351	7834	2517	8760	6879	1881
ചെറുകുന്ന്	3418	16111	7153	8958	1158	556	602	40	22	18	13546	6056	7490	2565	1097	1468	4633	3324	1309	3344	2595	749
കണ്ണപുരം	4531	18459	8220	10239	1299	597	702	23	12	11	15998	7225	8773	2461	995	1466	5971	4140	1831	4921	3666	1255
നാറാത്ത്	5348	26769	12035	14734	3063	1472	1591	75	39	36	21767	9971	11796	5002	2064	2938	7899	5642	2257	6476	5021	1455
പാപ്പിനിശ്ശേരി	7225	35134	15988	19146	3025	1460	1565	68	32	36	29766	13672	16094	5368	2316	3052	9748	7516	2232	8073	6532	1541
കല്ല്യാശ്ശേരി	7149	31122	14111	17011	1497	726	771	87	38	49	26785	12231	14554	4337	1880	2457	9224	6693	2531	8095	6137	1958

ഇരിക്കൂർ	**53697**	**239621**	**114952**	**124669**	**7861**	**3907**	**3954**	**6706**	**3297**	**3409**	**199927**	**97942**	**101985**	**39694**	**17010**	**22684**	**82123**	**60421**	**21702**	**65179**	**51413**	**13766**
ശ്രീകണ്ഠാപുരം	7960	33489	16186	17303	1712	832	880	726	361	365	28176	13946	14230	5313	2240	3073	11734	8770	2964	9353	7421	1932
എരുവേശ്ശി	4694	19216	9519	9697	272	144	128	1107	528	579	16469	8258	8211	2747	1261	1486	7747	5447	2300	6144	4834	1310
പയ്യാവൂർ	5698	22998	11373	11625	203	90	113	1855	928	927	19701	9832	9869	3297	1541	1756	8911	6422	2489	7090	5509	1581
ഉളിക്കൽ	8392	35429	17457	17972	504	248	256	1887	957	930	30117	15033	15084	5312	2424	2888	14087	10105	3982	10356	8138	2218
പടിയൂർ കല്ല്യാട്	4921	21524	10526	10998	535	260	275	985	464	521	17908	9043	8865	3616	1483	2133	7930	5710	2220	6166	4682	1484
മലപ്പട്ടം	2250	9628	4497	5131	481	242	239	27	11	16	8003	3859	4144	1625	638	987	3343	2392	951	2521	1971	550
മയ്യിൽ	6387	29649	13810	15839	1433	722	711	31	16	15	24387	11560	12827	5262	2250	3012	9275	6705	2570	7862	6075	1787
ഇരിക്കൂർ	2327	13820	6690	7130	151	75	76	20	7	13	10861	5466	5395	2959	1224	1735	3712	3116	596	2845	2457	388
